# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

2019 ജൂലൈ 2, ചൊവ്വ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി-ഇൻ-ചാർജ്
**ശ്രീ. സി. ജോസ്**

ചീഫ് എഡിറ്റർ
**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

704/2021

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

*പേജ്*


| | | | |
|---|---|---|---|
| **I** | **ചോദ്യോത്തരങ്ങൾ** | | |
| | 1.വാങ്മൂലം നൽകിയ ഉത്തരങ്ങൾ | .. | 1 |
| | 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ | .. | 33 |
| | (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ | .. | 33 |
| | (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ | .. | 100 |
| **II** | **അറിയിപ്പ്** | | |
| | ചീഫ് വിപ്പ് നിയമനം | .. | 418 |
| **III** | **പ്രത്യേക പരാമർശം** | | |
| | റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുന്നതിലുണ്ടായ കാലതാമസം | .. | 418 |
| **IV** | **പ്രമേയം** | | |
| | സമ്മേളന ദിവസം റദ്ദ് ചെയ്യുന്നത് സംബന്ധിച്ച് - മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) | .. | 419 |
| **V** | **അടിയന്തരപ്രമേയം** | .. | 419 |
| | സ്വാശ്രയ മെഡിക്കൽ ഫീസ് (അവതരണാനുമതി നിഷേധിച്ചു) | | |
| **VI** | **ശ്രദ്ധ ക്ഷണിക്കൽ** | | |
| | 1. ചെല്ലാനം ഫിഷിംഗ് ഹാർബർ - ശ്രീ. കെ. ജെ. മാക്സി | .. | 442 |
| | 2. പ്രവാസികൾക്ക് വോട്ടവകാശം -ഡോ. എം. കെ. മുനീർ | – | 447 |
| **VII** | **സബ്മിഷൻ** | | |
| | 1. ചിറയ്ക്കൽപടി-ഉളിക്കടവ് റോഡ് -ശ്രീ. കെ. വി. വിജയദാസ് | .. | 450 |
| | 2. അപ്രോച്ച് റോഡ് -ശ്രീ. സി. മമ്മൂട്ടി | .. | 451 |
| | 3. പാലങ്ങളുടെ പുനർനിർമ്മാണം - ശ്രീ. അനൂപ് ജേക്കബ് | .. | 453 |

പേജ്

4. പ്രളയ ദുരിതാശ്വാസ അപേക്ഷകൾ .. 454

-ശ്രീ. പി. ടി. തോമസ്

5. പാർശ്വഭിത്തി നിർമ്മാണം .. 456

- ശ്രീ. പി. കെ. ബഷീർ

6. പ്രത്യേക എഞ്ചിനീയറിംഗ് വിഭാഗം .. 457

- ശ്രീ. അനിൽ അക്കര

7. ചിറ്റാരി-കണ്ടിവാതുക്കൽ റോഡ് .. 459

- ശ്രീ. ഇ. കെ. വിജയൻ

8. ഓട്ടോറിക്ഷ-ടാക്സി തൊഴിലാളി ക്ഷേമനിധി .. 461

- ശ്രീ. രാജു എബ്രഹാം

9. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് .. 462

- ശ്രീ. വി. ജോയി

10. കായികാദ്ധ്യാപക നിയമനം .. 463

- ശ്രീ. കോവൂർ കുഞ്ഞുമോൻ

**VIII റിപ്പോർട്ട് സമർപ്പണം**

1. സബ്ജക്ട് കമ്മിറ്റി I-ന്റെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശ കളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും .. 465

2. സബ്ജക്ട് കമ്മിറ്റി II-ന്റെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളി ന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും .. 466

3. സബ്ജക്ട് കമ്മിറ്റി III-ന്റെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളി ന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും .. 466

*പേജ്*


4. സബ്ജക്ട് കമ്മിറ്റി VII-ന്റെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും .. 466

5. സബ്ജക്ട് കമ്മിറ്റി XI-ന്റെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും .. 467

6. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുപ്പത്തിയേഴ് മുതൽ നാൽപ്പത്തിയൊന്ന് വരെയുള്ള റിപ്പോർട്ടുകൾ .. 467

7. പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് .. 467

8. സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പത്താമത് റിപ്പോർട്ട് .. 467

**IX ക്രമപ്രശ്നം**

കിഫ്ബിയുമായി ബന്ധപ്പെട്ട ധനവിനിയോഗം .. 468
-ശ്രീ. എം. ഉമ്മർ

**X നിയമനിർമ്മാണകാര്യം**

2019-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും – 472

**XI വ്യക്തിപരമായ വിശദീകരണം**

പ്രീ-മെട്രിക് സ്കോളർഷിപ്പുമായി ബന്ധപ്പെട്ട ആരോപണം 546

**നിയമനിർമ്മാണകാര്യം (തുടർച്ച)** – 550

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

*2019 ജൂലൈ 2, ചൊവ്വ*

വാല്യം 176] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 19

നിയമസഭ 2019 ജൂലൈ മാസം 2-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ.......

നക്ഷത്രചിഹ്നമിട്ട 511-ാം നമ്പർ ചോദ്യവുമായി നക്ഷത്രചിഹ്നമിട്ട 519-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. പി. ഉബൈദുള്ള നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് രണ്ട് ചോദ്യങ്ങൾക്കും ഒരുമിച്ച് മറുപടി പറയാവുന്നതാണ്.

### സമഗ്ര ജലനയം

1 (*511) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. ആർ. രാജേഷ്:
ശ്രീ. കാരാട്ട് റസാഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സന്ദർശനം നടത്തിയ ഐക്യരാഷ്ട്രസഭയുടെ യു.എൻ.ഡി.പി. സംഘവും നെതർലാൻഡ്സ് സംഘവും മുന്നോട്ടുവച്ച റിവർ ബേസിൻ കൺസർവേഷൻ ആന്റ് മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കണമെന്ന നിർദ്ദേശം ജലവിഭവ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രളയാനന്തര പശ്ചാത്തലത്തിൽ പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസെസ്സ്മെന്റ് (പി.ഡി.എൻ.എ.), സംയോജിത ജലവിഭവ പരിപാലനം (ഇന്റഗ്രേറ്റഡ് വാട്ടർ റിസോഴ്സസ് മാനേജ്മെന്റ്) എന്നീ തത്വങ്ങളുടെ അടിസ്ഥാനത്തിലുള്ള ജല മാനേജ്മെന്റിന്റെ സാധ്യതകൾ ആരാഞ്ഞിട്ടുണ്ടോ;

(സി) പ്രളയാനന്തര സാഹചര്യം കണക്കിലെടുത്ത് നിലവിലെ ജല ലഭ്യതയുടെയും ജലദുരുപയോഗത്തിന്റെയും ജല മലിനീകരണത്തിന്റെയും കൂടി പശ്ചാത്തലത്തിൽ ജലസ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ടുള്ള ഒരു സമഗ്ര ജലനയത്തിന് രൂപം നൽകാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ,

(എ) ഉണ്ട്. സംസ്ഥാനത്തിന്റെ ജലസ്രോതസ്സുകളായ നദികളെയും അണക്കെട്ടുകളെയും ശരിയായ രീതിയിൽ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി, സംയോജിത ജലവിഭവ പരിപാലനം (Integrated Water Resources Management) എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ ഒരു River Basin Conservation and Management Authority (RBCMA) രൂപീകരിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ആദ്യപടിയായി RBCMA ആക്ടിന് രൂപം നൽകുന്നതിനായി 3-5-2019-ലെ സ.ഉ. (സാധാ) നമ്പർ 306/2019/WRD പ്രകാരം സംസ്ഥാന തലത്തിൽ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ ആദ്യയോഗം 1-6-2019-ൽ ജലവിഭവ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടുകയും ഈ ആവശ്യത്തിന് കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ഡോ. സുധീർ കെ. പി. ചെയർമാനായും ജലവിഭവ വകുപ്പ് സെക്രട്ടറി കോ-ചെയർമാനായും ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ഡ്രാഫ്റ്റിംഗ് കമ്മിറ്റിയുടെ ആദ്യയോഗം 20-6-2019-ൽ ചേരുകയുണ്ടായി.

(ബി) പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസെസ്സ്മെന്റ് (പി.ഡി.എൻ.എ.) റിപ്പോർട്ടിലെ പ്രധാന നിർദ്ദേശം ഇന്റഗ്രേറ്റഡ് വാട്ടർ റിസോഴ്സസ് മാനേജ്മെന്റ് (ഐ.ഡബ്ല്യൂ.ആർ.എം.) തത്വത്തെ അടിസ്ഥാനമാക്കിയുള്ള സുസ്ഥിര വികസനമാണ്. പ്രളയത്തെ തുടർന്ന് നാശനഷ്ടം സംഭവിച്ച സംസ്ഥാനത്തിന്റെ സമ്പൂർണ്ണ പുനർനിർമ്മാണമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതിന് ആദ്യം വേണ്ടത് ജലവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കുന്നതിന് Institutional Arrangement രൂപീകരിക്കലാണ്. ഇതിനായി River Basin Conservation and Management Authority (RBCMA) രൂപീകരിക്കുന്നതിന്

സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ജലവിഭവ വകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനും ബന്ധപ്പെട്ട വകുപ്പുകളിലെ സെക്രട്ടറിമാർ അംഗങ്ങളുമായുള്ള ഒരു State Level Committee (SLC)-ക്ക് രൂപം കൊടുത്തിട്ടുമുണ്ട്.

(സി) സംസ്ഥാനത്ത് ജലനയം നിലവിൽ വന്നത് 2008-ലാണ്. അതിനുശേഷം കേന്ദ്രഗവൺമെന്റ് 2012-ൽ ദേശീയ ജലനയം പ്രസിദ്ധീകരിക്കുകയും ഇത് നിലവിൽ വരുത്തുന്നതിനായി National Water Framework Law തയ്യാറാക്കുകയും ചെയ്തു. ദേശീയതലത്തിൽ ഇത്തരം ഒരു മാറ്റം വന്നതുകാരണം 2008-നുശേഷം ജലവിഭവശേഷി ആസൂത്രണത്തിലും വിനിയോഗത്തിലും സംസ്ഥാനത്തുണ്ടായ മാറ്റം കണക്കിലെടുത്ത് 2008-ലെ സംസ്ഥാന ജലനയം പരിഷ്കരിക്കുവാൻ ഗവൺമെന്റ് തീരുമാനിക്കുകയും പുതിയ ജലനയം തയ്യാറാക്കുന്നതിലേക്കായി 14-11-2017-ലെ G.O.(Rt)No.922/2017/WRD പ്രകാരം ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തു. ഇത്തരത്തിൽ ജലനയം രൂപീകരിക്കുവാനുള്ള നടപടി പുരോഗമിക്ക വേയാണ് 2018-ലുണ്ടായ മഹാപ്രളയം മറ്റെല്ലാ മേഖലകളെയും എന്നപോലെ ജലവിഭവ മേഖലയേയും സാരമായി ബാധിച്ചത്. പ്രളയാനന്തര അവലോകനത്തിന്റെ അടിസ്ഥാനത്തിൽ പ്രളയത്തിന്റെ അനുഭവംകൂടി കണക്കിലെടുത്ത് ദുരന്ത പ്രതിരോധശേഷിയുള്ളതും കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കാൻ പ്രാപ്തമായതും ശുദ്ധജല വിതരണരംഗത്തും ശുചിത്വ മേഖലയിലും സേവനത്തിന്റെ ഗുണനിലവാരവും കാര്യക്ഷമതയും സാമ്പത്തിക സുസ്ഥിരതയും സുതാര്യതയും ഉറപ്പുവരുത്തുവാൻ പോന്നതുമായ ഒരു വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ പോളിസി തയ്യാറാക്കുന്നതിനായി ഒരു സംസ്ഥാനതല കമ്മിറ്റി 30-4-2019-ലെ G.O.(Rt)No. 303/2019/WRD പ്രകാരം രൂപീകരിച്ചിട്ടുണ്ട്. 2019 ഡിസംബർ 31-നകം കമ്മിറ്റിയുടെ ശിപാർശകൾ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. നിലവിൽ ദേശീയ ഹരിത ട്രിബ്യൂണൽ എല്ലാ ജലാശയങ്ങളേയും ടാഗ് (UID-Unique Identification Number) ചെയ്ത് മാലിന്യമുക്തമാക്കുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വളരെയധികം മലിനമായ കരമനയാറിനേയും കിള്ളിയാറിനേയും സ്വീവേജ് മലിനീകരണത്തിൽനിന്നും സംരക്ഷിക്കുവാൻ മറ്റ് വകുപ്പുകൾക്കൊപ്പം വിവിധ പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റിയും ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കു വാനായി കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട്, വാട്ടർ (പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ) ആക്ട് എന്നീ നിയമങ്ങൾ നിലവിലുണ്ട്. ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കുള്ള ശിക്ഷാനടപടികൾ കർക്കശമാക്കുന്നതിനായി 2003-ലെ കേരള ജലസേചനവും ജലസംരക്ഷണ നിയമവും ഭേദഗതി ചെയ്തിട്ടുണ്ട്.

## ജലസംരക്ഷണ-ജലസുരക്ഷാ പദ്ധതികൾ

2 (*519) ശ്രീ. ടി. എ. അഹമ്മദ് കബീർ:

ശ്രീ. പി. കെ. അബ്ദു റബ്ബ്:

ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാന സർക്കാർ ജലസംരക്ഷണ-ജലസുരക്ഷാ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ജല ഉപയോഗം കുറയ്ക്കുന്നതിനായി സ്പ്രിംഗ്ലർ ജലസേചനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുമോ;

(സി) സംസ്ഥാനത്തെ ജലലഭ്യത, ഉപയോഗം, ഭാവിയിലെ ആവശ്യകത എന്നിവ ഉൾപ്പെടുത്തി ജല ബഡ്ജറ്റ് തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) ജലസംരക്ഷണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുതലത്തിൽ നീർത്തടപ്ലാനുകളും ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നീർത്തട മാസ്റ്റർ പ്ലാനുകളും രൂപപ്പെടുത്തുന്ന പ്രവർത്തനം വിവിധ വകുപ്പുകളുടെയും ജനപ്രതിനിധികളുടെയും സന്നദ്ധപ്രവർത്തകരുടെയും സഹകരണത്തോടെ തയ്യാറാക്കിവരുന്നു. ഇതിനകം 843 തദ്ദേശഭരണ സ്ഥാപനങ്ങളിൽ നീർത്തട പ്ലാൻ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതോടൊപ്പം നീർത്തടപ്ലാനുകളുടെ മുൻഗണനാക്രമത്തിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികളും നിർവ്വഹിച്ചുവരുന്നു.

നദികളിൽ ലഭ്യമാകുന്ന ജലം കൂടുതൽ കാലം നിലനിർത്തുന്നതിനും ആവർത്തിച്ചുണ്ടാകുന്ന വരൾച്ചയുടെ പശ്ചാത്തലത്തിൽ തടയണകൾ, റെഗുലേറ്ററുകൾ എന്നിവ വഴി നദികളെത്തന്നെ ജലസംഭരണികളാക്കി മാറ്റി ജലം സംരക്ഷിക്കുവാനുമുള്ള സമീപനമാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്. കൂടാതെ പ്രാദേശികമായ സാഹചര്യം വിലയിരുത്തി താത്കാലിക തടയണ നിർമ്മാണം, ഗ്യാലറി, ലീഡിംഗ് ചാനൽ എന്നിവയിലെ മണ്ണും ചെളിയും നീക്കം ചെയ്യൽ തുടങ്ങി അത്യാവശ്യ ജലസംരക്ഷണ പ്രവൃത്തികൾ ആവശ്യാനുസരണം നടപ്പിലാക്കിവരുന്നു. മഴവെള്ളത്തിന്റെയും ജലപരിപോഷണത്തിന്റെയും സന്ദേശം ജനങ്ങളിലെത്തിക്കുവാൻ ചുവരെഴുത്തുകൾ, പോസ്റ്ററുകൾ, ലഘുലേഖകൾ എന്നിവ മുഖാന്തരമാണ് സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നത്. പത്രങ്ങളിലൂടെയും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയും സാമൂഹിക മാധ്യമങ്ങളായ ഫെയ്സ് ബുക്ക്, വാട്സ് ആപ്പ്

എന്നിവ വഴിയും ജലസംരക്ഷണത്തിന്റെയും മഴവെള്ള സംഭരണത്തിന്റെയും ആവശ്യകത ജനങ്ങളിലേക്ക് എത്തിക്കുന്നുണ്ട്. കേരളം വേനൽക്കാലത്ത് നേരിടുന്ന ജലക്ഷാമം മുന്നിൽക്കണ്ട് തദ്ദേശ സ്വയംഭരണം, റവന്യൂ, ആരോഗ്യം, കൃഷി എന്നീ വകുപ്പുകളുടെയും ജലവിഭവ വികസന വിനിയോഗകേന്ദ്രം, ഹരിത കേരളം മിഷൻ എന്നിവയുടെയും സഹകരണത്തോടെ ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ കേരള വാട്ടർ അതോറിറ്റി, ജലസേചന വകുപ്പ്, ഭൂജല വകുപ്പ്, ജലനിധി എന്നിവ സംയുക്തമായി നടപ്പിലാക്കുന്ന സംസ്ഥാനതല ബോധവൽക്കരണ പ്രചാരണ പരിപാടിയാണ് 'ജലം ജീവാമൃതം'. ജലസമൃദ്ധ കേരളം ലക്ഷ്യമാക്കി നടപ്പാക്കുന്ന 'ജലം ജീവാമൃതം' പദ്ധതിയുടെ ഭാഗമായി ഇത്തരം സന്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കൈപ്പുസ്തകം തയ്യാറാക്കി വിതരണം ചെയ്തു. ജലസുരക്ഷയുടെ ഭാഗമായി അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകളെ ഏതെങ്കിലും രീതിയിൽ മലിനപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട അധികാരികളെ അറിയിച്ച് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. സ്രോതസ്സുകൾക്ക് സമീപം വേലികെട്ടിയും പരസ്യ ബോർഡുകൾ സ്ഥാപിച്ചും ഒരു പരിധിവരെ മലിനീകരണം തടയുവാൻ സാധിക്കുന്നുണ്ട്. ദേശീയ ഹരിത ട്രിബ്യൂണൽ എല്ലാ ജലാശയങ്ങളുടെയും ടാഗ് ചെയ്ത് മലിനവിമുക്തമാക്കുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വളരെയധികം മലിനമായ കരമനയാറിനേയും കിള്ളിയാറിനേയും സ്വീവേജ് മലിനീകരണത്തിൽ നിന്നും സംരക്ഷിക്കുവാൻ വിവിധ പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്.

ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധി ഉപമിഷൻ വഴി നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണം, ശുദ്ധീകരണം, കിണറുകളുടെ ശുദ്ധീകരണം, മഴവെള്ള റീചാർജിംഗ്, ക്വാറികൾ പോലെയുള്ള മനുഷ്യ പ്രവർത്തനങ്ങളാലുണ്ടായ ജലസംഭരണികളിലെ ജലം ഭാവി ഉപയോഗത്തിനായി ശുചിയായി സൂക്ഷിക്കുക, ജല ആഡിറ്റിംഗും ജല ബഡ്ജറ്റിംഗും നടപ്പിലാക്കുക, മുഴുവൻ ജലസ്രോതസ്സുകളുടെയും സമഗ്ര പരിപാലനം ഉറപ്പാക്കുക, വൃഷ്ടിപ്രദേശ പരിപാലനം അടക്കം ശാസ്ത്രീയമായി ആസൂത്രണം ചെയ്യുന്നതിന് സഹായകരമായ രീതിയിൽ നീർത്തട പ്ലാനുകൾ തയ്യാറാക്കി പ്രാവർത്തികമാക്കുക എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നുണ്ട്. മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളിലും നീർത്തട നടത്തം ഉൾപ്പെടെയുള്ള വിവരശേഖരണം പൂർത്തിയാക്കി. 843 തദ്ദേശഭരണ സ്ഥാപനങ്ങളിൽ നീർത്തട പ്ലാനുകൾ പൂർത്തിയായി. ജല ഉപമിഷൻ പ്രവർത്തന നിർവ്വഹണത്തിന് സഹായകരമായ രീതിയിൽ ജലസംരക്ഷണ ഉപദൗത്യ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖയും അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ പ്ലാനുകളിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ നിർവ്വഹണം വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്.

ഭൂജല വകുപ്പ് ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി പ്ലാൻ പദ്ധതിയായ "ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും" പദ്ധതിയിൻകീഴിൽ മേൽക്കൂര വഴിയുള്ള മഴവെള്ള കൊയ്ത്തിലൂടെ തുറന്ന കിണർ റീചാർജ്, റീചാർജ് പിറ്റ്/റീചാർജ് ഷാഫ്റ്റ് തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. അനുയോജ്യമായ പ്രദേശങ്ങളിൽ മൈക്രോ വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ ചെറിയ തടയണകളുടെ നിർമ്മാണം, അടിയണകളുടെ നിർമ്മാണം തുടങ്ങിയവയുടെ ഫീസിബിലിറ്റി സ്റ്റഡി ജില്ലകളിൽ നടന്നുവരുന്നു. ഇത്തരത്തിൽ ജില്ലകളിൽനിന്നും ലഭ്യമായിട്ടുള്ള പ്രൊപ്പോസലുകളിൻമേൽ അനുമതിക്കായുള്ള സൂക്ഷ്മപരിശോധനാ വകുപ്പിൽ പുരോഗമിച്ചുവരുന്നു. കുഴൽക്കിണറുകൾ വഴി കൃത്രിമ ഭൂജല സംപോഷണ സാധ്യതകൾ പരിശോധിക്കുന്നതിനായി ഓരോ ജില്ലയിലും 4 കുഴൽക്കിണറുകൾ വീതം തെരഞ്ഞെടുത്ത് കൃത്രിമ ഭൂജല പരിപോഷണ പദ്ധതികൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കാലാകാലങ്ങളിൽ ഭൂജല സമ്പത്ത് കണക്കാക്കുന്നതിന്റെ അടിസ്ഥാനത്തിൽ തരംതിരിക്കപ്പെട്ടിട്ടുള്ള അമിതചൂഷിത, അതീവ ഗുരുതര ബ്ലോക്കുകളിലെ ഭൂജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് പ്രാധാന്യം നൽകി കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. കൂടാതെ ഭൂജല-വിനിയോഗം, പരിപാലനം എന്നിവ ലക്ഷ്യമാക്കി ബോധവൽക്കരണ പരിപാടികൾ വിവിധ ജില്ലകളിൽ നടപ്പിലാക്കിവരുന്നു. നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി ജലവിതാന നിരീക്ഷണ, വിശകലന പഠനങ്ങൾ നടത്തുകയും സമഗ്ര ഭൂജല വികസനം ലക്ഷ്യമിട്ടുള്ള വാട്ടർ ബഡ്ജറ്റിംഗ് സിസ്റ്റം നടപ്പിലാക്കുവാനും ഉദ്ദേശിക്കുന്നു.

(ബി) സ്പ്രിംഗ്ലർ, ഡ്രിപ് തുടങ്ങിയ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതുവഴി ജലഉപയോഗ കാര്യക്ഷമത 85-90 ശതമാനംവരെ വർദ്ധിപ്പിക്കാൻ സാധിക്കുമെന്നതിലുപരി ഉൽപ്പാദനവും നേടാൻ സാധിക്കും. ഇക്കാര്യങ്ങൾ പരിഗണിച്ച് ഡ്രിപ് ഇറിഗേഷൻ പോലെയുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

ജലഉപയോഗം പരമാവധി കുറയ്ക്കുന്നതിന്റെ ഭാഗമായി സൂക്ഷ്മ ജലസേചന സംവിധാനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ ഹരിത കേരളം മിഷന്റെ ഭാഗമായി നടത്തിയിട്ടുണ്ട്. ഹരിത കേരളം മിഷന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ തയ്യാറാക്കിയ നീർത്തട മാസ്റ്റർ പ്ലാനുകളിൽ സൂക്ഷ്മ ജലസേചനം വഴി ജലഉപയോഗം കുറയ്ക്കുന്നതിനുവേണ്ടി പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. ജലവിഭവ മാനേജ്മെന്റിന്റെ പ്രധാന ഘടകങ്ങളിലൊന്നാണ് വാട്ടർ ബഡ്ജറ്റിംഗ്. സുസ്ഥിര ജലവിഭവ ലഭ്യത, പരിസ്ഥിതി സംരക്ഷണം, പൊതുജലസുരക്ഷ, ജലഉപയോഗകാര്യക്ഷമത വർദ്ധിപ്പിക്കൽ തുടങ്ങിയ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ജല ബഡ്ജറ്റിംഗ് സഹായകരമാണ്. ജല ബഡ്ജറ്റിന് രണ്ട് ഘടകങ്ങളാണുള്ളത്. (i) നിക്ഷേപം (input) (ii) output. ഇതിൽ മഴവെള്ളം, ജലസേചനം, ഭൂജലം എന്നിവ നിക്ഷേപവും ബാഷ്പീകരണം (സസ്യങ്ങൾ മുഖേനയും മണ്ണിൽനിന്നും), ഉപരിതല ഉൽപ്പന്നങ്ങളുടെ (output) ഭാഗത്തും വരുന്നവയാണ്. ഹരിത കേരളം മിഷന്റെ ഉപമിഷനായി 'ജലസമൃദ്ധി'-യുടെ ഭാഗമായി ഗ്രാമപഞ്ചായത്തുതല നീർത്തടപ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ അടുത്തഘട്ടമായി ജല ബഡ്ജറ്റിംഗ് പൂർത്തിയാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ കോട്ടയം ജില്ലയിലെ അഞ്ച് ബ്ലോക്കുകളിൽ ജലബഡ്ജറ്റിംഗ് പൂർത്തിയായിവരുന്നു.

ഓരോ പ്രദേശത്തേയും ജലലഭ്യത പരിഗണിച്ച് ജലലഭ്യത കുറഞ്ഞ സ്ഥലത്തേക്ക് അധികജലം ലഭ്യമായ സ്ഥലങ്ങളിൽനിന്നും ജലം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ഇതിന്റെ ഭാഗമായി നടപ്പിലാക്കാൻ കഴിയും. കൃഷി ആവശ്യത്തിനായി സൂക്ഷ്മ ജലസേചന പരിപാടികളിലൂടെ ജലഉപയോഗം പരിമിതപ്പെടുത്തുക, ജലദൗർബല്യമുള്ള ഇടങ്ങളിൽ ജലഉപയോഗം കുറഞ്ഞ കൃഷിരീതികളും വിളകളും പരിഗണിക്കുക എന്നിവയൊക്കെ ഇതിന്റെ ഭാഗമായി നടത്താവുന്നതാണ്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, 2018-ലുണ്ടായിട്ടുള്ള പ്രളയാനന്തര അവലോകനത്തിന്റെ അടിസ്ഥാനത്തിൽ നമ്മൾ ഉദ്ദേശിച്ച ജലനയം രൂപീകരിക്കുന്നതിനുള്ള ശ്രമത്തെക്കുറിച്ച് അങ്ങയുടെ മറുപടിയിൽ വിശദമാക്കിയിട്ടുണ്ട്. ജലനയം പരിഷ്കരിക്കുന്നതിനുവേണ്ടി രൂപീകരിച്ച കമ്മിറ്റിയുടെ പരിഗണനാ വിഷയങ്ങൾ എന്തൊക്കെയാണെന്ന് അറിയാൻ താല്പര്യപ്പെടുന്നു; ഒപ്പം അതിലുള്ള അംഗങ്ങൾ ആരൊക്കെയാണ്; വിദഗ്ദ്ധരായ എത്ര അംഗങ്ങളുണ്ട്; അതോടൊപ്പം നമ്മൾ രൂപീകരിക്കുന്ന ജലനയം പൂർണ്ണതയിലെത്തിക്കാൻ പൊതുജനങ്ങൾ, ഈ രംഗത്തെ സംഘടനകൾ, വിദഗ്ദ്ധർ എന്നിവരിൽനിന്നൊക്കെ അഭിപ്രായങ്ങൾ സമാഹരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, 2008-ൽ ഒരു ജലനയം രൂപീകരിച്ചിട്ടുണ്ട്. അതിനുശേഷം 2012-ൽ കേന്ദ്ര ഗവൺമെന്റ് ഒരു ജലനയം രൂപീകരിച്ചിട്ടുണ്ട്. ഇപ്പോൾ വകുപ്പ് പുതിയ രണ്ടുമൂന്ന് നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. അതിലൊന്ന് വാട്ടർ

കൺസർവേഷൻ, മൈക്രോ ഇറിഗേഷൻ, പൈപ്പിലൂടെ വെള്ളം നൽകൽ തുടങ്ങിയവ സംയോജിപ്പിച്ചുകൊണ്ടൊരു ജലനയം ആവിഷ്കരിക്കലാണ്. ആരൊക്കെയാണ് കമ്മിറ്റിയിലെ മെമ്പർമാരെന്നുള്ളത് മുമ്പ് പറഞ്ഞിരുന്നു. അവർതന്നെയാണ് ഇവിടെയും മെമ്പർമാർ. അതിൽ വിദഗ്ദ്ധരെ എപ്പോൾ വേണമെങ്കിലും നിയമിക്കാനുള്ള അധികാരം കമ്മിറ്റിക്കുണ്ട്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ജലമലിനീകരണം നമ്മുടെ നാട്ടിലെ പ്രധാന പ്രശ്നമാണ്, അത് തടയുന്നതിന് നിരവധി നിയമങ്ങളുണ്ട്. പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട്, വാട്ടർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ ആക്ട് എന്നീ നിയമങ്ങൾ നിലവിലുണ്ട്. ഈ നിയമങ്ങളൊക്കെ ഉണ്ടെങ്കിലും മലിനീകരണം അവിരാമം തുടരുകയാണ്. ഈ നിയമങ്ങളൊക്കെ ഉണ്ടായിട്ടും അതിനെ ഫലപ്രദമായ രീതിയിൽ പ്രതിരോധിക്കാനാകുന്നില്ല എന്നതാണ് വസ്തുത. ജലമലിനീകരണം തടയുന്നതിന് നിലവിലുള്ള നിയമങ്ങളുടെ ദൗർബല്യങ്ങൾ പരിഹരിക്കാവുന്ന വിധത്തിൽ കർശന വ്യവസ്ഥകൾ കൊണ്ടുവരാനും ഫലപ്രദമായ രീതിയിൽ വാട്ടർ സപ്ലൈ ആന്റ് സ്വീവറേജ് ആക്ട് ഭേദഗതി ചെയ്യാനും തയ്യാറാകുമോ; ഇല്ലെങ്കിൽ അങ്ങനെ ഒരു പദ്ധതിയുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇതുകൂടാതെ പ്രധാനപ്പെട്ട ഒരു നിർദ്ദേശമിപ്പോൾ വന്നിട്ടുണ്ട്. River Basin Conservation and Management Authority രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. അതിനൊരു കമ്മിറ്റിയേയും നിയമിച്ചിട്ടുണ്ട്. ഈ കമ്മിറ്റി രൂപീകൃതമാകുമ്പോൾ എല്ലാം പരിഗണിച്ചുകൊണ്ടായിരിക്കും അതോറിറ്റി രൂപീകരിക്കുന്നത്. അതിൽ എല്ലാ സംരക്ഷണവും ഉണ്ടാകും.

ശ്രീമതി വീണാ ജോർജ്ജ്: സർ, 2009-ൽ പമ്പാ റിവർ ബേസിൻ അതോറിറ്റി രൂപീകൃതമായെങ്കിലും bye law രൂപീകരിക്കാത്തതിനാൽ നിലവിൽ ആ സമിതി പ്രവർത്തിക്കുന്നുണ്ടായിരുന്നില്ല. പുതിയ റിവർ ബേസിൻ കൺസർവേഷൻ ആന്റ് മാനേജ്മെന്റ് അതോറിറ്റി വരുമ്പോൾ പമ്പാ റിവർ ബേസിൻ അതോറിറ്റി ഇതിന്റെ ഭാഗമാകുമോ, അത് എങ്ങനെയായിരിക്കും? അതോടൊപ്പം പുതിയ കുടിവെള്ള പദ്ധതികൾക്ക് സോഴ്സ് ഇല്ലായെന്നുള്ള ഉത്തരമാണ് നമുക്ക് ലഭിക്കുന്നത്. വെള്ളമില്ലായെന്നുള്ള വലിയൊരു യാഥാർത്ഥ്യത്തിൽ നിൽക്കുമ്പോൾ 3000 മില്ലീമീറ്റർ മഴ ലഭിക്കുന്ന കേരളം 600 മില്ലീമീറ്റർ മഴ ലഭിക്കുന്ന രാജസ്ഥാന് തുല്യമായി കുടിവെള്ളക്ഷാമം അനുഭവിക്കുകയാണ്. പത്തനംതിട്ട ജില്ലയിലെ 27 പഞ്ചായത്തുകളിൽ

അതിരൂക്ഷമായ കുടിവെള്ളക്ഷാമമാണുള്ളത്. മഴവെള്ളം സംഭരിച്ചേ മതിയാകൂ. ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ മഴവെള്ള സംഭരണം കർശനമായി നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, പമ്പാ റിവർ ബേസിൻ ആക്ട് വരുന്നതോടുകൂടി അതെല്ലാം കവർ ചെയ്യുന്ന ഒരു അതോറിറ്റിയായിരിക്കും രൂപീകരിക്കുന്നത്. 3000 മില്ലീമീറ്റർ മഴ പെയ്താലും മൂന്ന് മാസം കഴിച്ച് 100 ദിവസംപോലും മഴ നിൽക്കില്ല. ബാക്കിയുള്ള സമയത്തൊന്നും മഴ കിട്ടാത്തൊരു അവസ്ഥയാണ്. മഴ പെയ്യുമ്പോൾ ധാരാളം വെള്ളം ഒഴുകിപ്പോകുകയും അത് കഴിഞ്ഞാൽ വെള്ളമില്ലാത്തൊരു അവസ്ഥയുമാണ് സംജാതമാകുന്നത്. കഴിഞ്ഞ 30 കൊല്ലമായി ഒറ്റ ഡാംപോലും കേരളത്തിലുണ്ടായിട്ടില്ല. പുതിയൊരു പദ്ധതി തുടങ്ങാൻ ശ്രമിച്ചാൽ അപ്പോൾ പാരിസ്ഥിതിക പ്രശ്നം ഉന്നയിച്ചുകൊണ്ട് തടസ്സം നിൽക്കുകയാണ്. ഇടുക്കിയിൽ പൂയംകുട്ടി ഉൾപ്പെടെ ധാരാളം പദ്ധതികൾ വരാനുണ്ട്. അതുപോലെ ബാണാസുരസാഗർ ഡാമുണ്ട്. വരൾച്ചയുടെ വെളിച്ചത്തിൽ നമുക്കതിനെക്കുറിച്ചൊരു പുനരാലോചന വേണം. കൂടുതൽ തടയണകളും റെഗുലേറ്ററുകളും കൊണ്ടുവന്ന് ആ പ്രശ്നങ്ങൾ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, നമുക്ക് ലഭ്യമായ കണക്കുകളുടെയും വിവരങ്ങളുടെയും അടിസ്ഥാനത്തിൽ, അതിഭീകരമായ മഴ പെയ്തതിന്റെ ഭാഗമായാണ് കഴിഞ്ഞ പ്രളയമെന്ന് മനസ്സിലാക്കാം. അതൊന്നുമില്ലാതെ സാധാരണ മഴ ലഭ്യമാകുമ്പോൾ പ്രളയമുണ്ടാകുന്ന സ്ഥലങ്ങളാണ് ആലപ്പുഴ ജില്ലയിലെ കുട്ടനാടും ഓണാട്ടുകരയും. അവിടെ ഏറ്റവും പ്രതീക്ഷയോടുകൂടി ഉറ്റുനോക്കുന്ന ഒരു പദ്ധതിയാണ് ഗവൺമെന്റ് പ്രഖ്യാപിച്ച 'റൂം ഫോർ റിവർ'. സമുദ്രനിരപ്പിൽനിന്ന് താഴെയുള്ള കുട്ടനാട് പോലെയുള്ള സ്ഥലങ്ങൾ പ്രതീക്ഷയോടുകൂടി കാണുന്ന പ്രസ്തുത പദ്ധതിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്ങനെയാണ് 'റൂം ഫോർ റിവർ' പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി നെതർലന്റിൽ പോയതിനുശേഷം അത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് തന്നിരുന്നു. ധാരാളം കാര്യങ്ങളുള്ളതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് പറയുന്നില്ല. അതിന്റെ അടിസ്ഥാനത്തിൽ ഈ ജലനയത്തിൽ അതുംകൂടി ഉൾപ്പെടുന്നുണ്ട്. എങ്ങനെ നമുക്ക് കുട്ടനാടിനെ രക്ഷിക്കാൻ കഴിയും എന്ന രീതിയിൽ കൃത്യമായൊരു പ്ലാൻ തയ്യാറാക്കും.

ശ്രീ. കാരാട്ട് റസാഖിനുവേണ്ടി ശ്രീമതി യു. പ്രതിഭ: സർ, ജലസ്രോതസ്സുകളാൽ സമ്പന്നമാണ് നമ്മുടെ നാടെങ്കിലും ഇന്ന് നാം അനുഭവിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധി ജലസ്രോതസ്സുകളുടെ മലിനീകരണമാണ്. വിസർജ്ജ്യമാലിന്യമടക്കം ജലാശയങ്ങളിലേക്ക് തള്ളുന്ന അവസ്ഥയാണ് ഇന്ന് കേരളത്തിലുള്ളത്. ഇതേപ്പറ്റി വ്യാപകമായ പരാതികളും കിട്ടുന്നുണ്ട്. പരമാവധി മൂന്ന് വർഷം തടവും രണ്ട് ലക്ഷം രൂപ പിഴയുമൊക്കെ അതിന് ചുമത്തുന്നുണ്ട്. ഇത് കർശനമായി നടപ്പാക്കുന്നതിനുവേണ്ടി ഇടപെടുമോ; വിസർജ്ജ്യമാലിന്യം സുരക്ഷിതമായി സംസ്കരിക്കാൻ കൂടുതൽ സംവിധാനങ്ങൾ ഒരുക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, നേരത്തെ സൂചിപ്പിച്ചതുപോലെ പല നിയമങ്ങളും പല വകുപ്പുകളിലും നിലവിലുണ്ടെങ്കിലും അത് ശക്തമായി നടപ്പാക്കാൻ പ്രയാസമുണ്ട്. ജലവിഭവ വകുപ്പിന്റെ 2003-ലെ ആക്ടിൽ റൂൾസ് കൊണ്ടുവന്നിട്ടില്ല. റൂൾസ് കൊണ്ടുവരാനുള്ള നടപടിക്രമം സ്വീകരിച്ചിട്ടുണ്ട്. എന്തായാലും ഈ ആക്ടിനെ മലിനീകരണത്തിനെതിരായ ശക്തമായ ഒരു ആക്ടാക്കി കൊണ്ടുവരണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്.

ശ്രീ. ടി. എ. അഹമ്മദ് കബീറിനുവേണ്ടി ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, മഴ ഇങ്ങനെ മാറിനിന്നാൽ വെള്ളം കിട്ടാതെ വലയുന്നൊരു പ്രതിസന്ധി അഭിമുഖീകരിക്കേണ്ടിവരുമെന്ന് കഴിഞ്ഞ ആഴ്ച ബഹുമാനപ്പെട്ട മന്ത്രിതന്നെ സഭയിൽ പറഞ്ഞതാണ്. ഗൾഫ് നാടുകളൊക്കെ മഴ ലഭിക്കാത്ത പ്രദേശങ്ങളാണ്. പക്ഷേ, അവിടെ ഒരിക്കലും ജലക്ഷാമം അനുഭവപ്പെടാറില്ല. ഡീസാലിനേഷൻ പ്ലാന്റ് ഉള്ളതുകൊണ്ടാണ് അവിടെ ജലക്ഷാമം ഇല്ലാത്തത്. ഡീസാലിനേഷൻ പ്ലാന്റ് കേരളത്തിൽ സ്ഥാപിക്കുന്നതുവഴി ജലക്ഷാമം ഇല്ലാതാക്കാൻ കഴിയും. സർക്കാർ അത്തരത്തിലുള്ള ഒരാലോചന നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ പ്ലാന്റ് സ്ഥാപിക്കാനുള്ള ചെലവ് എത്രയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, സംസ്ഥാനത്തെ ഇറിഗേഷൻ ഡാമുകളിലെ 30-6-2019-ലെ ജലനിലവാരം പരിശോധിച്ചാൽ കഴിഞ്ഞ വർഷം ജൂൺ 30-ന് ഉണ്ടായിരുന്ന സ്റ്റോറേജുമായി താരതമ്യപ്പെടുത്തുമ്പോൾ 48.46 ശതമാനത്തിനും താഴെയാണ്. ആകെ സംഭരണശേഷിയുടെ 28 ശതമാനമേ ഉള്ളൂ. അതിൽ ഡെഡ് സ്റ്റോറേജ് പോയാൽ ബാക്കി ഒന്നോ ഒന്നരയോ ആഴ്ചയ്ക്കുള്ള വെള്ളം മാത്രമേ ഡാമുകളിലുണ്ടാവുകയുള്ളൂ. ഉപ്പുവെള്ളം ശുദ്ധീകരിക്കുന്ന കാര്യം നമുക്ക് പ്രായോഗികമായി പ്രയാസമുണ്ടാക്കുന്നതും വളരെയധികം ചെലവ് വരുന്നതുമാണ്. അല്ലാതെ തന്നെ നമുക്ക് വെള്ളം ധാരാളമുണ്ട്. ആ വെള്ളം കൺസർവേഷൻ

നടത്തി ഉപയോഗിക്കാൻ കഴിയുമെങ്കിൽ വലിയ മാറ്റമുണ്ടാക്കാൻ സാധിക്കും. അത്തരം ഒരു രീതിയിലേക്ക് പോകേണ്ട ആവശ്യമില്ല. മഴക്കാലത്ത് ലഭിക്കുന്ന വെള്ളം സംഭരിച്ചുവയ്ക്കാനുള്ള മാർഗ്ഗം ആസൂത്രണം ചെയ്താൽ ഡീസാലിനേഷൻ പ്ലാന്റ് സ്ഥാപിക്കുന്നതിനേക്കാൾ കുറഞ്ഞ ചെലവിൽ നമുക്ക് നടപ്പാക്കാൻ കഴിയും.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, കുടിവെള്ളം, ജലസേചനം എന്നീ ആവശ്യങ്ങൾക്കുള്ള വെള്ളം വർഷംതോറും കുറഞ്ഞുവരികയാണ്. ഭൂഗർഭ ജലനിരപ്പ് വളരെയേറെ താഴ്ന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് കടൽവെള്ളം ശുദ്ധീകരിക്കുന്നതിനുള്ള പദ്ധതി ആരംഭിക്കാൻ ഉദ്ദേശ്യമുണ്ടോ; അത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കടൽവെള്ളം ശുദ്ധീകരിക്കുന്നതിനുള്ള ചെലവ് വളരെ കൂടുതലാണ്. നമുക്ക് ധാരാളം മഴ ലഭിക്കുന്നതുകൊണ്ട് ആ ജലം സംഭരിച്ച് വെള്ളം ഇല്ലാത്ത സമയത്ത് ഉപയോഗിക്കുന്നതായിരിക്കും കേരളത്തിന് നല്ലതെന്ന് തോന്നുന്നു. എന്തായാലും ചെലവും മറ്റും പരിശോധിച്ച് ഏതാണ് നല്ലതെന്നുനോക്കി ചെയ്യാം.

ശ്രീ. പി. ഉബൈദുള്ള: സർ, ഉപയോഗശൂന്യമായ ട്യൂബ്‌ലൈറ്റ്, സി.എഫ്.എൽ., എൽ.ഇ.ഡി. തുടങ്ങിയ ഇലക്ട്രോണിക്സ് മാലിന്യങ്ങൾ സംസ്ഥാനത്തെ ജലാശയങ്ങളിലും തടാകങ്ങളിലും തോടുകളിലുമൊക്കെ കൊണ്ടുപോയി തള്ളുകയാണ്. അതോടൊപ്പം കൃഷിക്ക് ഉപയോഗിക്കുന്ന കീടനാശിനി മഴ വരുന്നതോടുകൂടി ഒന്നിച്ച് ഒലിച്ചുവന്ന് ജലാശയങ്ങളിൽ അടിയുന്ന സ്ഥിതി നിലവിലുണ്ട്. ഇതിൽ അടങ്ങിയിട്ടുള്ള മെർക്കുറി ഉൾപ്പെടെയുള്ള കെമിക്കൽ പ്രശ്നങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് ശ്രദ്ധിച്ചിട്ടുണ്ടോ? ഇത് വലിയ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഇത്തരം വിഷയങ്ങളിൽ ഇതിനുമുമ്പ് ഗവൺമെന്റ് ഒരു പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വിശദമായ പഠനം നടത്തിയിട്ടില്ല. അതെല്ലാം പരിഗണനയിൽ വച്ചുകൊണ്ടുള്ള ഒരു നയമായിരിക്കും രൂപീകരിക്കുക. അതിന് ഒരു പ്രത്യേക വർക്ക്ഷോപ്പ് നടത്താനുള്ള ഉദ്ദേശ്യമുണ്ട്. അപ്പോൾ ഇതെല്ലാം നമുക്ക് ഉന്നയിക്കാം. അതിനനുസരിച്ചുള്ള ഒരു നയമുണ്ടാക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. വി. വിജയദാസ്: സർ, കേരളത്തിലെ ഏറ്റവും വലിയ നദിയും പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ ജനങ്ങൾക്ക് കുടിവെള്ളം നൽകുകയും ചെയ്യുന്ന ഭാരതപ്പുഴ ഇന്ന് കാട് കയറി, കയ്യേറ്റങ്ങളാൽ വീർപ്പുമുട്ടി, മാലിന്യ നിക്ഷേപവാഹിനിയായി മാറിയിരിക്കുകയാണ്. ഈ ദുഃസ്ഥിതിയെ സംബന്ധിച്ച്

ബഹുമാനപ്പെട്ട സ്പീക്കർ മുൻകയ്യെടുത്ത് നിരവധി പ്രവർത്തനങ്ങൾ അവിടെ നടത്തിയ കാര്യം ഇവിടെ സാന്ദർഭികമായി സൂചിപ്പിക്കുകയാണ്. ഭാരതപ്പുഴ സംരക്ഷിക്കാനും കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് നല്ല ജലസ്രോതസ്സാക്കി മാറ്റാനും നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, തീർച്ചയായും. ബഹുമാനപ്പെട്ട സ്പീക്കർ ചെയ്ത ഒരു മാതൃകയുണ്ട്. എവിടെനിന്നാണ് ഭാരതപ്പുഴ ഉത്ഭവിക്കുന്നത്? അത് തമിഴ്നാട്ടിലെ ആനമലയിൽനിന്നാണ്. ആ പ്രദേശം ഉൾപ്പെടെ ശുദ്ധീകരിച്ചാൽ മാത്രമേ ശരിയാകുകയുള്ളൂ. തമിഴ്നാട്ടിൽ ഭാരതപ്പുഴയുടെ തീരത്ത് ഡൈ (dye) ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്. നമ്മൾ തടസ്സം പറഞ്ഞതിനുശേഷം അത് തൽക്കാലം നിർത്തിവച്ചിട്ടുണ്ടെങ്കിലും അവിടത്തെ മാലിന്യംകൂടി മലിനജലമായി വരുന്നുണ്ട്. കൃത്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന്റെയും സെൻട്രൽ വാട്ടർ കമ്മീഷന്റെയും അനുമതിയോടുകൂടി അതിനെ തടയാനുള്ള നടപടിക്കുവേണ്ടി ശ്രമിക്കുന്നുണ്ട്.

മി. സ്പീക്കർ: ഭാരതപ്പുഴയുടെ ഉപതോടുകൾ പുനരുദ്ധരിക്കാനുള്ള പദ്ധതിയായിരുന്നു പാലക്കാട് ജില്ലാ പഞ്ചായത്ത് ആലോചിച്ചത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഹരിത കേരളം മിഷന്റെ ഭാഗമായി 5400 കുളങ്ങളാണ് പാലക്കാട് ജില്ലയിലുള്ളത്. അതിൽ തോടുകളും പഴയ തടയണകളും സ്വകാര്യ അണക്കെട്ടുകളും ഉണ്ട്. അതെല്ലാം ഉൾപ്പെടുത്തി ഒരു വലിയ പദ്ധതിക്ക് ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ രൂപം നൽകുന്നുണ്ട്. അത് പ്രാവർത്തികമായാൽ ഗ്രൗണ്ട് വാട്ടറിലും മറ്റും വലിയ മാറ്റമുണ്ടാക്കാൻ സാധിക്കും.

ശ്രീ. അൻവർ സാദത്ത്: സർ, നേരത്തെ ഇവിടെ പ്രളയത്തിന്റെ കാര്യം സൂചിപ്പിക്കുകയുണ്ടായി. പ്രളയം വന്നുകഴിഞ്ഞപ്പോൾ തോടുകളും പുഴകളും അരുവികളുമൊക്കെ ഗതിമാറി ഒഴുകുന്ന സാഹചര്യമുണ്ടായതായി കാണാൻ സാധിച്ചു. അതിനുകാരണം നമ്മുടെ തോടുകളിലും പുഴകളിലും കയ്യേറ്റം ഉണ്ടാകുന്ന സാഹചര്യമുണ്ടായതാണ്. അതുകൊണ്ട് അതിന്റെ പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തി തോടുകളുടെയും പുഴകളുടെയുമൊക്കെ യഥാർത്ഥ വീതി കണക്കാക്കുന്ന സാഹചര്യമുണ്ടാക്കിക്കഴിഞ്ഞാൽ കൂടുതൽ വെള്ളം വരുമ്പോൾ സ്വാഭാവികമായും തോടുകളിലൂടെ ഒഴുകാനുള്ള സാഹചര്യമുണ്ടാകും. പല തോടുകളുടെയും പുഴകളുടെയും കയ്യേറ്റം ഒഴിപ്പിച്ച് യഥാർത്ഥ വീതിയിലേക്ക് കൊണ്ടുവരാൻ നല്ലൊരു തുക ആവശ്യമായി വരും. സ്വാഭാവികമായും പഞ്ചായത്തുകൾക്കോ ജില്ലാ പഞ്ചായത്തുകൾക്കോ മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾക്കോ അതിന് സാധിക്കില്ല. അതുകൊണ്ട് ഗവൺമെന്റ് ഇത്തരം സാഹചര്യങ്ങൾ മുൻകൂട്ടി കണ്ട് അതിനുവേണ്ടി പ്രത്യേക തുക അനുവദിക്കണം.

ഇക്കാര്യം ജനപ്രതിനിധികൾ ആവശ്യപ്പെടുന്നതാണ്. ലോകബാങ്കായാലും മറ്റുള്ള സംവിധാനങ്ങളായാലും നമുക്ക് ഫണ്ട് ഇപ്പോൾ അനുവദിക്കുന്നുണ്ട്. അതിൽനിന്നും ഇതിനുവേണ്ടി സ്പെഷ്യൽ ഫണ്ട് അനുവദിച്ച്, കഴിഞ്ഞ പ്രളയത്തിൽ പുഴ ഗതിമാറി ഒഴുകിയ സാഹചര്യമുണ്ടായത് ഒഴിവാക്കാൻ സത്വര നടപടിയെടുക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, റവന്യൂ വകുപ്പുമായി ചേർന്ന് കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനുള്ള ഒരു തീവ്രശ്രമം നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. റീബിൽഡ് കേരളയിൽ ഇതെല്ലാം ഉൾപ്പെടുത്തുന്നുണ്ട്. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് അത് ചെയ്യാവുന്നതാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ജലക്ഷാമം രൂക്ഷമായി വരുന്ന സാഹചര്യത്തെ നേരിടാൻ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച കിണർ റീചാർജിംഗ് പദ്ധതി എവിടെയെല്ലാം നടപ്പാക്കാൻ കഴിഞ്ഞു; അതുവഴി ഭൂഗർഭ ജലനിരപ്പ് ഉയർന്നിട്ടുണ്ടോ എന്നത് സംബന്ധിച്ച് സർക്കാരിന് വ്യക്തമായ കണക്കുകളുണ്ടോ? അച്ചൻകോവിലാറിന്റെയും കല്ലടയാറിന്റെയും തീരങ്ങൾ ഇടിഞ്ഞ് കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ ഒരുപാട് നാശനഷ്ടമുണ്ടായി. ആ തീരങ്ങളിൽ മണ്ണിടിഞ്ഞതുകൊണ്ട് വീടുകളെല്ലാം അപകടത്തിലായിരിക്കുകയാണ്. അവ സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഓപ്പൺ വെല്ലിലെ ജലവിതാനം താഴ്ന്നതായി റിപ്പോർട്ടുണ്ട്. എന്നാൽ കുഴൽക്കിണറിലെ ജലവിതാനത്തിൽ ചെറിയൊരു താഴ്ച മാത്രമേ റിപ്പോർട്ട് ചെയ്തിട്ടുള്ളൂ. ഓപ്പൺ വെല്ലിലാണ് ജലക്ഷാമം വന്നിരിക്കുന്നത്. മണൽ ഒലിച്ച് പോയതിനാൽ ജലത്തിന്റെ നീരുറവ് ഇല്ലാത്ത ഒരവസ്ഥ വന്നതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. പമ്പ-അച്ചൻകോവിലാറിൽ ഉള്ള പ്രശ്നമെന്തെന്നാൽ ട്വിൻ കല്ലാർ പദ്ധതി ഇല്ലാതാക്കി എന്നതാണ്. അത് ഉണ്ടായിരുന്നെങ്കിൽ പ്രളയത്തിലും നാശനഷ്ടം ഉണ്ടാകുമായിരുന്നില്ല, കുട്ടനാട്ടിലും എപ്പോഴും വെള്ളം കിട്ടുന്ന സാഹചര്യമുണ്ടാകുമായിരുന്നു. ട്വിൻ കല്ലാർ പദ്ധതി പ്രാവർത്തികമാക്കുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കുന്നുണ്ട്. കല്ലടയാറിന്റെ തീരത്ത് പണം കിട്ടുന്ന മുറയ്ക്ക് സംരക്ഷണഭിത്തി കെട്ടുന്നതാണ്. അതിന് 'റീബിൽഡ് കേരള'യിൽ പണം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ജലനയമാണല്ലോ നമ്മൾ ചർച്ച ചെയ്യുന്നത്. നമുക്ക് കിട്ടേണ്ട ജലംകൂടി വാങ്ങിയെടുക്കേണ്ട നടപടികളുണ്ടാകണ്ടേ? കാവേരി ട്രിബ്യൂണൽ അവാർഡ് പ്രകാരം 4.6 ലക്ഷം മെട്രിക് ലിറ്റർ ജലം നമുക്ക് ലഭിക്കേണ്ടത് ശിരുവാണി പുഴയിൽ അണകെട്ടിയിട്ടാണ്. മണ്ണാർക്കാട് താലൂക്കിൽ ശിരുവാണി-ഭവാനി പുഴകളിൽനിന്നാണ് കാവേരി ട്രിബ്യൂണലിന്റെ അവാർഡ്

പ്രകാരമുള്ള ജലം സ്വീകരിക്കേണ്ടത്. അതിന് 45 കൊല്ലം മുമ്പ് അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ട് എന്ന പദ്ധതിയുണ്ടാക്കി. കോടിക്കണക്കിന് രൂപയുടെ ആസ്തിയും കെട്ടിടങ്ങളും ഓഫീസും ഉണ്ട്. കൂടാതെ അതിന് ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇപ്പോഴും അവിടെ പ്രവർത്തിക്കുന്നുണ്ട്. പക്ഷേ, പദ്ധതി മാത്രം ആരംഭിച്ചില്ല. ഒരു ഘട്ടത്തിൽ പരിസ്ഥിതി ആഘാത പഠനത്തിന് കേന്ദ്രം അനുമതി നൽകിയപ്പോൾ തമിഴ്നാട്ടിൽനിന്നും വലിയ ബഹളമുണ്ടായി. ഇപ്പോഴും ആഘാത പഠനത്തിനുള്ള അനുമതി നിലനിൽക്കുന്നുണ്ടോ; ഈ ഗവൺമെന്റിന് ആ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ ഉദ്ദേശ്യമുണ്ടോ? ഇല്ലെങ്കിൽ അത് ഒഴിവാക്കണം. കാരണം അവിടെ റോഡിന് അനുമതി ലഭിക്കില്ല. എന്ത് ചോദിച്ചാലും അനുമതിയില്ല. ധാരാളം ആളുകൾ ജീവിക്കുന്നുണ്ട്. പദ്ധതി വരാൻ പോകുന്നു എന്നുപറഞ്ഞ് റോഡിന്റെ പണികൾക്കൊന്നും അനുമതി നൽകാറില്ല. അപ്പോൾ ആ പദ്ധതി ഉണ്ടെങ്കിൽ അത് ആവശ്യമുള്ളതാണ്. അത് അനുവദിച്ചാലുണ്ടാകുന്ന ഗുണങ്ങൾ അനേകമാണ്; ഇറിഗേഷൻ ഉണ്ട്, ഇലക്ട്രിസിറ്റിയുണ്ട്, കുടിവെള്ളമുണ്ട്. പാലക്കാട് ജില്ലയിലെ മുഴുവൻ കുടിവെള്ള പ്രശ്നത്തിന് പരിഹാരമാകുന്ന ഒരു പദ്ധതിയാണിത്. അതിനെക്കുറിച്ചുള്ള ഗവൺമെന്റ് നിലപാട് വ്യക്തമാക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കാവേരി ട്രിബ്യൂണൽ അവാർഡ് പ്രകാരമുള്ള വെള്ളം നമുക്ക് വാങ്ങണം. അതിൽ 6 TMC ജലം അട്ടപ്പാടിക്കുള്ളതാണ്. അതിൽ 2.5 TMC ജലം AVIP (അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതി) ക്കുള്ളതാണ്. അത് അടിയന്തരമായി നടപ്പാക്കാനുള്ള ഡി.പി.ആർ. തയ്യാറായിട്ടുണ്ട്. ഇനി പരിസ്ഥിതി വകുപ്പിന്റെ അനുമതി മാത്രമേ ആവശ്യമുള്ളൂ. തമിഴ്നാടിന് നമ്മുടെ റിപ്പോർട്ട് അയച്ചുകൊടുത്തതിൽ അവർ ആദ്യം തടസ്സം പറഞ്ഞെങ്കിലും ഇപ്പോൾ എതിർപ്പ് പറഞ്ഞിട്ടില്ല. മിക്കവാറും അത് നടപ്പാക്കാൻ തന്നെയാണ് ഉദ്ദേശ്യം. അതുമാത്രമല്ല, അവിടെ ആറോ ഏഴോ ചെറിയ പദ്ധതികളുമുണ്ട്. അതുംകൂടി നടപ്പാക്കാനുള്ള ഡി.പി.ആർ. തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഏകദേശം ഒരു മാസത്തിനുള്ളിൽ അതിന്റെ പ്രവർത്തനം തുടങ്ങാൻ സാധിക്കുമെന്നാണ് തോന്നുന്നത്.

ശ്രീ. എം. നൗഷാദ്: സർ, കൊല്ലം ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് കായലുകളാണ് അഷ്ടമുടിയും ശാസ്താംകോട്ടയും. ഇത് രണ്ടും ഇന്ന് വല്ലാത്ത ദുരവസ്ഥയിലാണ്. ഇതിനെ സംരക്ഷിക്കുന്നതിന് ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; അതിന്റെ സ്ഥിതിയെന്താണ്? അതോടൊപ്പം കടൽകയറുന്ന ഒരു സ്ഥിതിവിശേഷം ഇന്ന് വ്യാപകമായിട്ടുണ്ട്. കേരളത്തിന്റെ തീരപ്രദേശത്ത് മുഴുവൻ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് എത്ര കോടി രൂപ ചെലവ് വരും? അങ്ങനെയൊരു ഭിത്തി നിർമ്മിച്ചാൽ തീരം സംരക്ഷിക്കപ്പെടും. ഇപ്പോൾ തീരദേശ

ഹൈവേ നിർമ്മിക്കുകയാണ്. തീരദേശ ഹൈവേ നിർമ്മിക്കുമ്പോൾ വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട് വീടുകൾ ഒഴിപ്പിക്കേണ്ടതായി വരുന്നുണ്ട്. തീരം സംരക്ഷണഭിത്തി കെട്ടി സംരക്ഷിച്ചാൽ അത്തരം ഒഴിപ്പിക്കൽ ഒഴിവാക്കാൻ കഴിയും. അപ്പോൾ ഇത് രണ്ടിന്റെയും ചെലവ് കണക്കാക്കിയിട്ടുണ്ടോ; ഏതാണ് കൂടുതൽ ഇക്കണോമിക്കൽ എന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, തീരദേശം മുഴുവനായും സംരക്ഷണഭിത്തി നിർമ്മിക്കണമെങ്കിൽ ഏകദേശം 960 കോടി രൂപ വേണമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. തീരദേശ റോഡിന്റേത് ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച് പ്രായോഗികമാണോ എന്ന് പരിശോധിക്കാവുന്നതാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, കഴിഞ്ഞ പ്രളയത്തിൽ ബാവലിപ്പുഴയിൽ ഏറെ നാശനഷ്ടമുണ്ടായി. ഇത് വയനാടിന്റെ മലയോര മേഖലകളിൽനിന്നും ആരംഭിച്ച് അറബിക്കടലിൽ എത്തിച്ചേരുന്ന ഒന്നാണ്. ഇത് എന്റെ നിയോജകമണ്ഡലമായ പേരാവൂരിലാണ്. അതുപോലെ, അമ്പായത്തോട്ടിലെ ഉരുൾപൊട്ടലിൽ വലിയ നാശനഷ്ടങ്ങളുണ്ടായി. ചാനലുകളൊക്കെ ലോകം മുഴുവൻ കാണിച്ചത് ആ ഉരുൾപൊട്ടലിന്റെ ചിത്രങ്ങളായിരുന്നു. ആ പുഴയുടെ ഇരുകരകളിലുമുള്ള ഭൂമി ഒഴുകിപ്പോയി. പുഴ ഗതിമാറി ഒഴുകി. അതിൽ മണ്ണും കല്ലും തടികളുമൊക്കെ വന്ന് അടിഞ്ഞിരിക്കുകയുമാണ്. വലിയ ദുരവസ്ഥയാണ് ഇപ്പോഴുള്ളത്. ഇനി വീണ്ടും മഴ വരാൻ പോകുകയാണ്. അങ്ങനെയുള്ള ഈ പ്രദേശത്ത് നവീകരണത്തിനുള്ള നല്ല പദ്ധതികൾ വേണം.

ഇന്ന് കണ്ണൂരിന്റെ കുടിവെള്ള പ്രശ്നത്തിന് പഴശ്ശി ജലസേചന പദ്ധതി മാത്രമാണ് ഉപകരിക്കുന്നത്. പുതിയ കുടിവെള്ള സൗകര്യം കൂടി ഉപയോഗപ്പെടുത്തി നിലവിലുള്ള പദ്ധതികൾക്ക് പുറമേ പുതിയ ഡാമുകൾ വിവിധോദ്ദേശ്യ പദ്ധതികൾക്കായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; ബാവലിപ്പുഴയുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പുഴയുടെ സംരക്ഷണത്തിന് ലോകബാങ്കിൽ നിന്നും റീബിൽഡ് കേരളയിൽ എത്ര രൂപ ലഭിക്കാൻ സാധ്യതയുണ്ടെന്ന് പരിശോധിക്കുന്നുണ്ട്. പുതിയ പദ്ധതികൾ എവിടെയെല്ലാം കൊണ്ടുവരാൻ സാധിക്കുമെന്നതിനെക്കുറിച്ച് ഒരു പ്ലാൻ തയ്യാറാക്കുന്നുണ്ട്. അത് തയ്യാറാക്കിയശേഷമേ അതിനെക്കുറിച്ച് പറയാൻ സാധിക്കുകയുള്ളൂ.

<u>ശ്രീ. യു. ആർ. പ്രദീപ്</u>: സർ, കേരളത്തിൽ ജലവിഭവ വകുപ്പിന് കീഴിൽ ധാരാളം കുടിവെള്ള പദ്ധതികളുണ്ട്. അത്തരം പദ്ധതികളിൽ ഏറ്റവും കൂടുതൽ സ്ഥിതിചെയ്യുന്നത് പുഴയുമായി ബന്ധപ്പെട്ടാണ്. ഇവിടെ വർഷങ്ങൾക്കുമുമ്പ് നിർമ്മിച്ച പമ്പ് ഹൗസുകൾ ഇന്ന് അപകടകരമായ അവസ്ഥയിലാണുള്ളത്. അതിൽ പണിയെടുക്കുന്ന ജീവനക്കാർക്കും വലിയ ബുദ്ധിമുട്ടാണുള്ളത്. പ്രത്യേകിച്ച് അവിടത്തെ വയറിംഗ് എല്ലാം വല്ലാത്ത അവസ്ഥയിലാണ്. അത്തരത്തിലുള്ള പമ്പ് ഹൗസുകൾ കണ്ടെത്തി സംരക്ഷിക്കാൻ പ്രത്യേക പദ്ധതി തയ്യാറാക്കാൻ കഴിയുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, കുറേയേറെ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. അതിൽ മിക്കവാറും പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ടെന്നാണ് തോന്നുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ജലനയം രൂപീകരിക്കുന്ന സമയത്ത് നമ്മൾ സ്വീകരിക്കേണ്ട ചില മുൻകരുതലുകളുണ്ട്. കേരളത്തിൽ ജലനയം ഇതിനുമുമ്പ് പലതവണ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ വെള്ളപ്പൊക്കത്തിന്റെ ഫ്ലഡ് മാപ്പിംഗ് നടത്തണം. ഫ്ലഡ് മാപ്പിംഗ് നടത്തി അതിന്റെ ഒരു ലൈൻ അറിഞ്ഞെങ്കിൽ മാത്രമേ ജലം പരമാവധി എവിടെവരെ പോകും എന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. നദീകേന്ദ്രീകൃതമായി വേണം ജലനയത്തിന്റെ പ്രധാനപ്പെട്ട ഒരു ഭാഗം തയ്യാറാക്കേണ്ടത്. വരൾച്ചയുണ്ടാകുമ്പോഴും ഈ മാപ്പിംഗ് സിസ്റ്റം ആവശ്യമായി വരുന്നതാണ്.

സംസ്ഥാനത്തെ ഏറ്റവും ഭീകരമായ പ്രശ്നം വരൾച്ച വരുന്നതോടുകൂടി എല്ലാ സ്ഥലത്തും ഭൂഗർഭ ജലത്തിനുവേണ്ടിയുള്ള കുഴൽക്കിണറുകൾ കുഴിക്കുന്നു എന്നതാണ്. ജലനിരപ്പ് അപ്പോൾ താഴ്ന്നുപോകുകയാണ്. നേരത്തെ സംസ്ഥാനത്ത് നാല് ബ്ലോക്കുകളിൽ മാത്രമാണ് ജലനിരപ്പ് താഴ്ന്നുപോയത്. ഇന്നിപ്പോൾ സംസ്ഥാനത്ത് മറ്റ് പല പ്രദേശങ്ങളിലേക്ക് അത് വ്യാപിച്ചുവരികയാണ്. ഇങ്ങനെയുള്ള fluctuating situations എങ്ങനെ അഭിമുഖീകരിക്കുമെന്നതിനെക്കുറിച്ച് ആലോചിക്കണം. അതോടൊപ്പം ജലനയവുമായി ബന്ധപ്പെട്ട ടൂറിസം, വാട്ടർ ട്രാൻസ്പോർട്ട് തുടങ്ങിയ ഡിപ്പാർട്ട്മെന്റുകളെ കൂട്ടിച്ചേർത്ത് സമഗ്ര സർവ്വേ നടത്തുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ; ആ സമഗ്ര സർവ്വേക്കുശേഷം ഒരു പ്രഖ്യാപനമുണ്ടാകുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ജലനയം രൂപീകരിക്കുന്ന കമ്മിറ്റിയുടെ ശ്രദ്ധയിൽ ഇതെല്ലാം കൊണ്ടുവരാം. ഏത് മേഖലയിൽ ഏത് വിദഗ്ദ്ധരെ ഉൾപ്പെടുത്തണമെന്ന് പറഞ്ഞാൽ അവരെ ഉൾപ്പെടുത്തി പരിശോധിക്കുമെന്നാണ്

എനിക്ക് പറയാനുള്ളത്. പിന്നെ ഭൂഗർഭ ജലത്തിന്റെ അമിത ഉപയോഗം തടയാൻ കുഴൽക്കിണറുകൾക്ക് നിയന്ത്രണം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. കൃഷിക്ക് കുഴൽക്കിണറുകൾ അനുവദിക്കുന്നുണ്ട്. മറ്റുള്ളവയ്ക്ക് അനുവദിക്കുമ്പോൾ പല നിയന്ത്രണങ്ങളുമുണ്ട്. കൃഷിക്ക് കുഴൽക്കിണറുകൾ അനുവദിക്കുമ്പോൾ അതിൽ മൈക്രോ ഇറിഗേഷന് പ്രാധാന്യം കൊടുത്തുകൊണ്ട് നടത്തണമെന്ന നിബന്ധനയുണ്ട്. അങ്ങനെ വെള്ളത്തിന്റെ ഉപയോഗം വളരെയധികം കുറയ്ക്കാൻ സാധിക്കും. അതുപോലെ ഇലക്ട്രിസിറ്റി ചാർജ്ജും വളരെയധികം കുറയ്ക്കാൻ കഴിയും. ആ രീതിയിലുള്ള ആലോചന ഗവൺമെന്റിനുണ്ട്. ഫ്ലഡ് മാപ്പിംഗ് നടന്നുവരികയാണ്. ഏകദേശം അത് പൂർത്തിയാകുന്ന നിലയിലാണ്.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, നമുക്ക് മഴ ഈ വർഷം ലഭിച്ചത് വളരെ കുറവാണ്. ജില്ലകളിൽ ഏറ്റക്കുറച്ചിലുകൾ കാണുന്നുണ്ട്. ഇപ്പോഴും പല മേഖലകളിലും വളരെ ദൂരത്തുനിന്നും വെള്ളം ശേഖരിക്കേണ്ട അവസ്ഥയാണുള്ളത്. പുഴകളിലും കുളങ്ങളിലും വെള്ളമില്ല; കിണറുകളിൽ തീരെ വെള്ളമില്ല. ഇതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ ഒരു ജലനയം രൂപീകരിക്കുന്നുവെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ, വിവിധ ജില്ലകളെ ബന്ധിപ്പിച്ചുകൊണ്ടോ അല്ലെങ്കിൽ പത്തോ ഇരുപതോ പഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ടോ ഉള്ള കുടിവെള്ള പദ്ധതി പ്രായോഗികമല്ലാത്ത രീതിയിലേക്ക് വരികയാണ്. ഒരു നല്ല പഠനം നടത്തി മൂന്നോ നാലോ പഞ്ചായത്തുകൾ ചേർത്ത് സോഴ്സ് കണ്ടെത്തി കുടിവെള്ള പദ്ധതികൾക്ക് രൂപം നൽകാത്തിടത്തോളം കാലം നമുക്ക് വേണ്ട രീതിയിൽ വെള്ളം നൽകാൻ കഴിയില്ല. ഇപ്പോൾ വടകരയിൽ വെള്ളം നൽകുന്നത് വാണിമേൽ പുഴയിൽനിന്നാണ്. കഴിഞ്ഞ രണ്ട് മൂന്ന് വർഷങ്ങളായി വാണിമേൽ പുഴ വറ്റിവരണ്ട് കിടക്കുകയാണ്. അപ്പോൾ വടകരയിലേക്കും അതിന്റെ പ്രാന്തപ്രദേശങ്ങളിലേക്കും വെള്ളമെത്താത്ത സാഹചര്യം വരും. അതിനൊരു പരിഹാരം കാണുന്ന അവസ്ഥ സൃഷ്ടിക്കാത്തിടത്തോളംകാലം അതിഭീകരമായ നിലയിലേക്കാണ് കേരളം പോകുന്നത്. അതിനെ മറികടക്കാൻ നമുക്ക് കഴിയില്ലേ; അതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, അങ്ങ് പറഞ്ഞതിൽ പ്രധാനപ്പെട്ട ഒരു കാര്യം സോഴ്സ് ഉണ്ടെങ്കിൽ മാത്രമേ നമുക്ക് പദ്ധതി ആവിഷ്കരിക്കാൻ സാധിക്കുകയുള്ളൂ എന്നാണ്. അതുകൊണ്ട് സോഴ്സ് എവിടെയാണുള്ളതെന്ന് കണ്ടുപിടിച്ചാൽ തീർച്ചയായും അങ്ങനെയുള്ള ചെറിയ കുടിവെള്ള പദ്ധതികൾ പ്രാവർത്തികമാക്കാൻ കഴിയും. കേന്ദ്ര ഗവൺമെന്റ് ഗ്രാമീണ പ്രദേശങ്ങളിലേക്ക് പൈപ്പിലൂടെ കുടിവെള്ളം എത്തിക്കാനുള്ള ഒരു പദ്ധതി ആസൂത്രണം ചെയ്യുന്നുണ്ട്.

തീർച്ചയായും നമ്മൾ അതിനനുസരിച്ചുള്ള പദ്ധതികൾ സമർപ്പിച്ചാൽ അതിൽനിന്നും ആനുകൂല്യം ലഭിക്കുമെന്നാണ് തോന്നുന്നത്. അക്കാര്യം പ്രത്യേകം ശ്രദ്ധിച്ച് ചെയ്യാൻ സാധിക്കുമെന്നാണ് എനിക്ക് തോന്നുന്നത്.

**മയക്കുമരുന്ന് കടത്ത് തടയാൻ നടപടി**

3 (*512) ഡോ. എം. കെ. മുനീർ:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. കെ. എം. ഷാജി:
ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓൺലൈൻ ഭക്ഷ്യവിതരണ ശൃംഖലകളുടെയും ഓൺലൈൻ സേവനങ്ങളുടെയും മറവിൽ മയക്കുമരുന്ന് ഉല്പന്നങ്ങളുടെ കൈമാറ്റം നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഇതുസംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള കൈമാറ്റം കണ്ടെത്തി കുറ്റക്കാരെ പിടികൂടാൻ എന്തെല്ലാം പദ്ധതികളാണ് വകുപ്പ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കാമോ;

(സി) അന്തർസംസ്ഥാന ബസ് സർവ്വീസുകളിൽ മയക്കുമരുന്ന് ഉല്പന്നങ്ങളുടെ പരിശോധനയ്ക്കും കൊറിയർ, പാഴ്സൽ സർവ്വീസ് ഏജൻസികളെ നിരീക്ഷിക്കാനും നിലവിൽ സംവിധാനമുണ്ടാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ,

(എ) കണ്ടെത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടത്തിയ പരിശോധനകളിൽ 3 കേസ് രജിസ്റ്റർ ചെയ്ത് 14 പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഓൺലൈൻ ഭക്ഷണ വിതരണ ശൃംഖലകളുടെ ഡെലിവറി ജീവനക്കാർ മയക്കുമരുന്ന് ഉല്പന്നങ്ങളുടെ കൈമാറ്റം നടത്തുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ഓൺലൈൻ ഭക്ഷണവിതരണം നടത്തുന്ന വാഹനങ്ങൾ പരിശോധിക്കുകയും ഓൺലൈൻ സേവനങ്ങൾ നൽകുന്ന കമ്പനികളുടെ ഓഫീസും ഗോഡൗണുകളും നിരീക്ഷിച്ചുവരികയും ചെയ്യുന്നു. ഓരോ സ്ഥാപനത്തിലും വിതരണം നടത്തുന്ന ഡെലിവറി ബോയ്സിന്റെ പേര്, മൊബൈൽ നമ്പർ, വിതരണത്തിന് ഉപയോഗിക്കുന്ന വാഹനത്തിന്റെ നമ്പർ എന്നിവ ശേഖരിച്ച് രഹസ്യ നിരീക്ഷണം നടത്തിയും സംശയം തോന്നുന്ന വ്യക്തികളെയും വാഹനങ്ങളും പരിശോധന

നടത്തിയും മയക്കുമരുന്ന് വിതരണം നടത്തുന്നില്ലെന്ന് ഉറപ്പുവരുത്തുന്നു. ടോൾ ഫ്രീ നമ്പർ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ വിവിധ എക്സൈസ് ഓഫീസുകളിലെ ഫോൺ നമ്പരുകൾ പരസ്യപ്പെടുത്തുകയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും തദ്ദേശഭരണ സ്ഥാപനങ്ങളിലും സ്ഥാപിച്ചിട്ടുള്ള പരാതിപ്പെട്ടികളിലൂടെയും മറ്റും പരാതികൾ സ്വീകരിച്ച് കർശന നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. കൂടാതെ ജില്ലകളിലെ പോലീസ് മേധാവികളുമായി ഈ വിഷയം ചർച്ച ചെയ്ത് കൂട്ടായ പ്രവർത്തനം നടത്തിവരുന്നു.

(സി) ഉണ്ടാക്കിയിട്ടുണ്ട്. അന്തർ സംസ്ഥാന ബസ് സർവ്വീസുകളിൽ മയക്കുമരുന്ന് ഉല്പന്നങ്ങളുടെ കടത്ത് തടയുന്നതിനായി നിരന്തര പരിശോധന നടത്തുകയും ചെക്ക്പോസ്റ്റുകളിലെ വാഹന പരിശോധന കർശനമാക്കുകയും ചെയ്തിട്ടുണ്ട്. അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹന പരിശോധന നടത്തുകയും വാഹനങ്ങൾ ആകസ്മിക പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തുവരുന്നു. കൊറിയർ/പാഴ്സൽ സർവ്വീസ് ഏജൻസികളുടെ ഓഫീസും ഗോഡൗണുകളും നിരന്തരം നിരീക്ഷിക്കുകയും സംശയമുണ്ടാകുന്ന കേസ്സുകളിൽ പരിശോധന നടത്തുകയും ചെയ്തുവരുന്നു. കൂടാതെ എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകൾ ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് എന്നീ വിഭാഗങ്ങളെ ഉപയോഗിച്ച് പ്രത്യേക പരിശോധനയും നിരീക്ഷണവും നടത്തിവരുന്നു.

ഡോ. എം. കെ. മുനീർ: സർ, ഇന്ന് സമൂഹത്തിൽ ആഴത്തിൽ ചൂഴ്ന്ന് നിൽക്കുന്ന അതിഭയാനകമായ ഒരു സാഹചര്യമാണ് ലഹരി വസ്തുക്കളുടെ വിപണനം. പ്രത്യേകിച്ചും സ്കൂൾ വിദ്യാർത്ഥികൾക്കാണ് ഇത് വിറ്റഴിക്കാൻ ശ്രമിക്കുന്നത്. ഓൺലൈൻ സർവ്വീസുകൾ എവിടെയും ലഭ്യമാകുന്നതുകൊണ്ട് കുട്ടികൾ ഭക്ഷ്യവസ്തുക്കൾ ആവശ്യപ്പെടുന്നതോടൊപ്പം ലഹരി വസ്തുക്കൾ സ്കൂളുകളിൽ വിതരണം ചെയ്യുന്നതിനുള്ള സംവിധാനങ്ങളും ഈ ഓൺലൈൻ സർവ്വീസുകളിലൂടെ സാധ്യമാകും. ആ സാഹചര്യത്തിൽ കുപ്രസിദ്ധമായിട്ടുള്ള ലഹരി വസ്തുക്കൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രത്യേകിച്ച് കൊച്ചി, കോഴിക്കോട് തുടങ്ങിയ നഗരങ്ങളിൽ വ്യാപകമായിട്ടുള്ളതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ലഹരി വസ്തുക്കൾ പിടിച്ചെടുക്കുകയും ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ വന്നിട്ടുണ്ടെന്നുള്ളതും പരിശോധിക്കാൻ തയ്യാറാകുമോ? വിദേശത്തുനിന്ന് ഇതുപോലെ വന്നിട്ടുള്ള പാഴ്സൽ സർവ്വീസിൽ മയക്കുമരുന്ന് പിടിച്ചതിന്റെ പേരിൽ രണ്ടുമൂന്ന് കുട്ടികൾ കേസ്സിൽ ഉൾപ്പെട്ടിട്ടുണ്ട്, ഇതുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് കൃത്യമായി പറയാമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, മയക്കുമരുന്നിന്റെ വിതരണം ഗൗരവമുള്ള പ്രശ്നം തന്നെയാണ്. ഈ പ്രശ്നം കേരളത്തിൽ ഇപ്പോൾ വന്നുചേർന്നതല്ല. മുമ്പും എല്ലാ സന്ദർഭങ്ങളിലുമുണ്ടായിരുന്നു. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ നമുക്കിത് പുറത്തുകൊണ്ടുവരാൻ കഴിയുന്നത്. സ്കൂളുകളെ പ്രത്യേക നിരീക്ഷണത്തിന് വിധേയമാക്കിയിട്ടുണ്ട്. സ്കൂളുകളുടെ പരിസരത്ത് ലഹരി പദാർത്ഥങ്ങൾ, വിൽപ്പന നടത്തുന്ന കേന്ദ്രങ്ങൾ എന്നിവ കണ്ടെത്തിയാൽ കർശന നടപടി സ്വീകരിക്കുകയും അത്തരം സ്ഥാപനങ്ങളെ ഒരു കാരണവശാലും പിന്നീട് പ്രവർത്തിപ്പിക്കാൻ അനുവദിക്കില്ലെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ പ്രഖ്യാപിച്ചിട്ടുണ്ട്. സ്കൂളുകളിലെ ലഹരിവിരുദ്ധ ക്ലബ്ബുകൾ, സ്റ്റുഡന്റ്സ് പോലീസ്, എൻ.എസ്.എസ്. യൂണിറ്റുകൾ, എൻ.സി.സി., സ്കൗട്ട്സ് തുടങ്ങിയ എല്ലാ സംവിധാനങ്ങളും ലഹരി പദാർത്ഥങ്ങൾ തടയുന്നതിനുവേണ്ടി ഉപയോഗിച്ചുവരുന്നുണ്ട്. ഇതിനെതിരെ കർശന നിലപാട് സ്വീകരിക്കുന്നുണ്ട്. അതിവിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. 'വിമുക്തി' എന്ന പ്രസ്ഥാനം ഇതിന് നേതൃത്വം നൽകി പ്രവർത്തിച്ചുവരികയാണ്.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 2019 മേയ് വരെ 53753 അബ്കാരി കേസ്സുകളും 18868 NDPS (Narcotic Drugs and Psychotropic Substances) കേസ്സുകളും 215516 COTPA (Cigarettes and Other Tobacco Products Act) കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുവഴി നിരവധി ലഹരിപദാർത്ഥങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്. ഈ കാര്യങ്ങളിലെല്ലാം കർശന നിലപാടാണ് സ്വീകരിച്ചുവരുന്നത്. സമീപകാലത്ത് ഹാഷിഷ് ഓയിൽ, കഞ്ചാവ് എന്നിവ വലിയ തോതിൽ പിടികൂടുന്ന നില വന്നിട്ടുണ്ട്. എല്ലാ നിലയിലും ലഹരി പദാർത്ഥങ്ങൾ തടയുന്നതിനുള്ള സമീപനമാണ് സ്വീകരിക്കുന്നത്. പിടിച്ചെടുത്ത സാധനങ്ങളുടെ ലിസ്റ്റ് എന്റെ കയ്യിലുണ്ട്. ആവശ്യമാണെങ്കിൽ ഞാൻ വായിക്കാം, വേണമെങ്കിൽ മേശപ്പുറത്തും വയ്ക്കാം.

ഡോ. എം. കെ. മുനീർ: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കേസ്സുകളുടെ എണ്ണത്തിൽനിന്ന് അതിന്റെ ഗൗരവം ബോധ്യമാകുന്നുണ്ട്. അത് ശരിയായിരിക്കാം. പിടിച്ചെടുക്കാനുള്ള മാർഗ്ഗങ്ങൾ ശക്തമാക്കിയതു കൊണ്ടായിരിക്കാം ഇത്രയും കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നത്. നമ്മുടെ സ്കൂളുകളെ നിരീക്ഷണത്തിൽ വയ്ക്കേണ്ടതുണ്ട്. സാമൂഹ്യനീതി, എക്സൈസ്, ആരോഗ്യം, പോലീസ് എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ORC (Our Responsibility to Children) എന്ന ഒരു സ്കീം രൂപീകരിച്ചിരുന്നു. എക്സൈസ് വകുപ്പ് സ്വന്തമായ നിലയ്ക്ക് കാര്യങ്ങൾ ചെയ്യുന്നുണ്ടെങ്കിലും ORC ശക്തമാക്കുന്നതിന് സംസ്ഥാന തലത്തിലും എല്ലാ ജില്ലകളിലും അതിനുവേണ്ടിയുള്ള

സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അത് ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാം. ഇപ്പോഴത്തെ കേന്ദ്ര ഗവൺമെന്റിന്റെ നിയമപ്രകാരം മരുന്നെന്ന നിലയ്ക്ക് ഒരു കിലോഗ്രാം വരെ മയക്കുമരുന്നുകൾ കയ്യിൽ സൂക്ഷിക്കാം. ആ നിയമം മാറ്റുന്നതിനും അതോടൊപ്പം ORC ശക്തിപ്പെടുത്തുന്നതിനും നടപടിയെടുക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. എല്ലാ ലഹരി പദാർത്ഥങ്ങളും ഒരു കിലോഗ്രാം വരെ കൈവശം വയ്ക്കാൻ സാധിക്കില്ല. കഞ്ചാവ് മാത്രമാണ് ഒരു കിലോഗ്രാംവരെ കൈവശം വയ്ക്കാൻ അനുവാദമുള്ളത്. നിലവിലുള്ള NDPS നിയമപ്രകാരം ഇങ്ങനെയൊരു സാഹചര്യമുണ്ട്. ആ നിയമത്തിൽ ഭേദഗതി വരുത്തണമെന്ന് ഞാൻ പലപ്പോഴും സഭയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ലഹരി പദാർത്ഥങ്ങളുടെ എത്ര ചെറിയ അളവ് കണ്ടെടുത്താലും പെട്ടെന്ന് ജാമ്യം കിട്ടി തിരിച്ചുവരുന്ന ഒരു സ്ഥിതിയുണ്ടാകാൻ പാടില്ല. അതിനനുസൃതമായുള്ള നിലപാടെടുക്കണം. കേരളത്തിൽ നിലവിലുള്ള നിയമങ്ങൾ എങ്ങനെ ഉപയോഗിക്കാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് നമുക്ക് പരിശോധിക്കാൻ കഴിയുന്നതാണ്. വിവിധ വകുപ്പുകളുടെ ഏകോപനം ഇക്കാര്യത്തിൽ കൊണ്ടുവരുന്നതിന് ഗവൺമെന്റ് സന്നദ്ധമാണ്. അതിനുള്ള വിപുലമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഇന്ത്യയിൽ ഏറ്റവും കൂടുതൽ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതിൽ ഒരു സ്ഥലം കൊച്ചിയാണെന്ന് പത്ര വാർത്തകളിലൊക്കെ കാണുന്നുണ്ട്. അവിടെ കൊക്കെയിൻ, ആംഫിറ്റാമിൻ, എൽ.എസ്.ഡി. (Lysergic Acid Diethylamide), ഹാഷിഷ് തുടങ്ങിയ സാധനങ്ങൾ വരുന്നത് ഓൺലൈൻ വഴിയാണെന്നും ഓൺലൈൻ വ്യാപാരത്തിനു വേണ്ടി നിയമവിധേയമല്ലാത്ത ബിറ്റ്കോയിൻ ഉപയോഗിക്കുന്നുണ്ടെന്നും കേട്ടിരുന്നു. സ്കൂളുകളിൽ ചെറിയ കുട്ടികൾ പറഞ്ഞാൽ അനുസരിക്കുന്നതുകൊണ്ട് അവരെ ഒരു സ്ഥലത്ത് പിടിച്ചിരുത്തിയാൽ ഇരിക്കും. അവരോട് ഇതിനെക്കുറിച്ച് ഒരുപാട് പ്രസംഗിക്കുന്നതുപോലെ, അത്ര ഗൗരവമായി കോളേജുകളിൽ ബോധവൽക്കരണം എത്തിച്ചേരുന്നില്ല. മുതിർന്ന ആളുകൾക്കിടയിലും കോളേജ് വിദ്യാർത്ഥികൾക്കിടയിലും വ്യാപകമായ ബോധവൽക്കരണത്തിനുള്ള ശക്തമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. കോളേജ് വിദ്യാർത്ഥികളെ ഇതിനായി ഉപയോഗിക്കുന്നുണ്ട്. ലഹരിക്കെതിരെ പ്രചരണം ശക്തിപ്പെടുത്തുന്നതിന് പ്രത്യേകിച്ച് യുവാക്കൾക്ക്

താല്പര്യമുള്ള സ്പോർട്സ് പ്രധാനമായി ഉപയോഗിച്ചുവരുന്നുണ്ട്. മിനി മാരത്തോൺ കേരളത്തിലുടനീളം സംഘടിപ്പിച്ചുവരികയാണ്. നാല് ജില്ലകളിൽ ഇപ്പോൾ നടത്തിക്കഴിഞ്ഞു. എല്ലാ ജില്ലകളിലും നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. രാവിലെ അഞ്ച് മണിക്ക് ആയിരക്കണക്കിന് ചെറുപ്പക്കാരാണ് ഇതിന് വന്നുചേരുന്നത്. കേരളത്തിന് പുറത്തുള്ളവരും ഇക്കാര്യങ്ങൾ മനസ്സിലാക്കി എത്തിച്ചേരുന്നുണ്ട്. അതുകൊണ്ട് എല്ലാ തലത്തിലുമുള്ള വിദ്യാർത്ഥികളെയും കേന്ദ്രീകരിച്ചുള്ള ശ്രമം നടത്തുന്നുണ്ട്. യുവാക്കളിൽ ഈ അപകടം വരാതിരിക്കാൻ സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരികയാണ്. വിമുക്തിയുടെ പ്രവർത്തനം വ്യാപിപ്പിക്കുമ്പോൾ ഈ മേഖലയിൽ കുറച്ചുകൂടി ഫലപ്രദമായി കാര്യങ്ങൾ ചെയ്യാൻ സാധിക്കും.

ശ്രീ. കെ. എം. ഷാജി: സർ, പ്രവാസികൾ നാട്ടിൽവന്ന് തിരിച്ചുപോകുമ്പോൾ അവിടെ എന്തെങ്കിലും കൊടുക്കണമെന്ന് പറഞ്ഞ് അവരുടെ കയ്യിൽ മയക്കുമരുന്ന് ഏൽപ്പിക്കുന്നത് ഡ്രഗ് മാഫിയയുടെ മറ്റൊരു രീതിയാണ്. ഈ നിരപരാധികളെ അവിടെ ചെല്ലുമ്പോൾ പോലീസ് പിടികൂടുന്നു. മാരകമായ ശിക്ഷയാണ് അവിടെ നൽകുന്നത്. ഇപ്പോഴും ധാരാളം നിരപരാധികൾ അവിടെ ജയിലിലുണ്ട്. അതുകൊണ്ട്, പ്രവാസികളെക്കൂടി ബോധവൽക്കരിക്കാൻ കഴിയുന്ന തരത്തിലുള്ള എന്തെങ്കിലും ഇടപെടലുകൾ നടത്താനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ബോധവൽക്കരണ പ്രവർത്തനങ്ങളിൽ നിന്നും പ്രവാസികളെ മാറ്റിനിർത്തുന്നില്ല. അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ച ചില പ്രശ്നങ്ങളുണ്ടാകാം. നല്ല രീതിയിൽ ജാഗ്രത പുലർത്തുകയെന്നത് തന്നെയാണ് പ്രധാനം. ഗവൺമെന്റ് തലത്തിലുള്ള പരിശോധന എക്സൈസ് ഡിപ്പാർട്ട്മെന്റിലെ എൻഫോഴ്സ്മെന്റിനെയും മറ്റ് വകുപ്പുകളെയും ഉപയോഗിച്ച് കൂടുതൽ കർശനമാക്കാനും വ്യാപിപ്പിക്കാനുമുള്ള നടപടി സ്വീകരിക്കും. Uber eats വഴി ലഹരി പദാർത്ഥങ്ങൾ കൊടുക്കുന്നത് സംബന്ധിച്ച പ്രശ്നമുണ്ട്; ഇത് ആരെങ്കിലും പ്രതീക്ഷിക്കുന്നതാണോ; ഭക്ഷണ സാധനങ്ങൾ ചെറിയ പായ്ക്കറ്റുകളിലാക്കി എത്തിക്കുകയല്ലേ; അതോടൊപ്പം ലഹരി പദാർത്ഥങ്ങൾ കൊണ്ടുപോകുന്നുവെന്ന് പറയുന്നത് എത്ര ഭയാനകമായ സ്ഥിതിയാണ്. ഇതിന്റെ ഗൗരവസ്ഥിതി മനസ്സിലാക്കി എല്ലാ മേഖലകളിലും എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ പ്രവാസികളെ ഉപദ്രവിക്കാതെ അവരുടെ കാര്യങ്ങൾ പരിഗണിച്ചുകൊണ്ടുള്ള നിലപാട് സ്വീകരിക്കുകയും പരിശോധന കൂടുതൽ വിപുലപ്പെടുത്താനുള്ള നടപടി സ്വീകരിക്കുകയും ചെയ്യും.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, വളരെ ഗൗരവവും മാരകവുമായ ഒരു അവസ്ഥാവിശേഷത്തിലൂടെയാണ് നമ്മൾ പോകുന്നത്. പെൺകുട്ടികളിലും ഡ്രഗ്സിന്റെ ഉപയോഗം വർദ്ധിച്ചുവരുന്നുവെന്നുള്ള നിരവധി റിപ്പോർട്ടുകൾ വരികയാണ്. ഒരു സമൂഹത്തെ പൂർണ്ണമായും നശിപ്പിക്കുന്ന തരത്തിൽ, പലരും പിടിക്കപ്പെടുമ്പോൾ എന്റെ മകൾ അത് ചെയ്യുകയില്ലെന്ന് പറയുന്ന രക്ഷിതാക്കൾപോലും ഞെട്ടിപ്പോകുന്ന തരത്തിലുള്ള പല സംഭവങ്ങളും അടുത്തകാലത്തുണ്ടായിട്ടുണ്ട്. നമുക്കൊരു സ്പെഷ്യൽ ഡ്രൈവ് വച്ച്, വമ്പിച്ച മുന്നേറ്റത്തിലൂടെ ഒരു നിശ്ചിത കാലയളവിൽ എല്ലാവരെയും കൂട്ടിയിണക്കി ഒരു നീക്കം നടത്തിയാൽ മാത്രമേ ഇത് അവസാനിപ്പിക്കാൻ കഴിയുകയുള്ളൂ. ഇവിടെ പറയുന്നതുപോലെ, ഭക്ഷണങ്ങളിലും ചില പാർലറുകളിലുമൊക്കെ വിതരണം ചെയ്യുന്നതുവഴി കുട്ടികൾ അറിയാതെ ഇതിൽപ്പെടുകയും അതിനുശേഷം അത് കിട്ടാതെ വരുമ്പോൾ പണത്തിനുവേണ്ടി മോശപ്പെട്ട തരത്തിൽ നീങ്ങുന്ന അവസ്ഥയിലേക്ക് പോകുന്ന, പലരും ചതിക്കപ്പെടുന്ന നിരവധി സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് പൂർണ്ണമായും ഉച്ചാടനം ചെയ്യുന്നതിനുള്ള ഒരു സ്പെഷ്യൽ ഡ്രൈവ് പ്രത്യേകമായി ആവിഷ്കരിച്ച് നടപ്പാക്കാനും മതസംഘടനകളെയും സന്നദ്ധ സംഘടനകളെയും എല്ലാവരെയും കൂട്ടിയോജിപ്പിക്കാനുള്ള പ്രത്യേക സംവിധാനം ഏർപ്പെടുത്താനും തയ്യാറാകുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, പെൺകുട്ടികളിലും ഇത് വ്യാപിക്കുന്നുവെന്ന കാര്യത്തിൽ തർക്കമില്ല, പൊതുവായി പരിശോധന നടത്തിയതാണ്. കുട്ടികളെ ശിക്ഷിക്കുകയെന്നതല്ല, അവരെ തിരുത്തി കൊണ്ടുവരികയെന്നുള്ളതാണ് ഗവൺമെന്റ് ഇപ്പോൾ സ്വീകരിച്ച നിലപാട്. കുട്ടികളുടെ കാര്യത്തിൽ ശിക്ഷിച്ചാൽ അത് കൂടുതൽ അപകടത്തിലേക്ക് പോകും. എന്നാൽ ലഹരി പദാർത്ഥങ്ങളുടെ ഉറവിടത്തിന്റെ വേരറുക്കുകതന്നെ ചെയ്യും, അതിലൊരു വിട്ടുവീഴ്ചയുമില്ല. അങ്ങനെയുള്ള സമീപനമാണ് സ്വീകരിക്കുന്നത്. എല്ലാ ജനവിഭാഗങ്ങളെയും പങ്കാളികളാക്കിയുള്ള പ്രചരണത്തിനാണ് രൂപം നൽകിയിരിക്കുന്നത്. ചില പ്രത്യേക പദ്ധതികൾ ഗവൺമെന്റ് ആലോചനയിലുണ്ട്. വരാൻ പോകുന്ന ഏതാനും മാസങ്ങൾക്കുള്ളിൽ കേരളത്തിൽ പ്രാവർത്തികമാക്കത്തക്ക നിലയിലുള്ള പദ്ധതികളെക്കുറിച്ചും ഗവൺമെന്റ് ആലോചിച്ചുവരികയാണ്.

<u>ശ്രീ. എം. സ്വരാജ്</u>: സർ, ഒരു കിലോഗ്രാമിൽ കുറവ് കഞ്ചാവുമായി പിടിക്കപ്പെടുന്ന പ്രതികൾ സ്റ്റേഷൻ ജാമ്യത്തിലിറങ്ങുന്ന സാഹചര്യത്തെ സംബന്ധിച്ച് ഇതിനോടകം സഭയിൽ ചോദ്യോത്തരവേളയിൽ പരാമർശിച്ചതാണ്. അത് കേന്ദ്ര നിയമമാണ്. ആ നിയമം ആവിഷ്കരിക്കുന്ന സമയത്ത് ഔഷധ നിർമ്മാണത്തിനും മറ്റുമായി കഞ്ചാവ് ഉപയോഗിക്കപ്പെടുന്ന ഒരു

സ്ഥിതിയുണ്ടായിരുന്നതിനാലാണ് അങ്ങനെ വന്നത്. പക്ഷേ, ഇപ്പോൾ അത് പ്രസക്തമല്ല, കേന്ദ്ര നിയമം മാറുന്നുമില്ല. ഈ സാഹചര്യത്തിൽ എന്തുകൊണ്ട് സംസ്ഥാനത്ത് പഴുതടച്ച ഒരു നിയമനിർമ്മാണം സാധ്യമായിക്കൂടാ? പ്രത്യേകിച്ച് സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് ഇതിന്റെ വിപണനം നടക്കുന്ന പശ്ചാത്തലത്തിൽ നമുക്കൊരു പുതിയ സംസ്ഥാന നിയമം ആവശ്യമാണ്. ഫലപ്രദമായി ഈ വെല്ലുവിളി നേരിടാൻ പുതിയ സംസ്ഥാന നിയമത്തിന്റെ സാധ്യതകൾ പരിശോധിക്കുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, കേന്ദ്ര നിയമമായാലും സംസ്ഥാന നിയമമായാലും അതനുസരിച്ച് പ്രവർത്തിക്കാൻ ഗവൺമെന്റ് ബാധ്യസ്ഥമാണ്. അതിനനുസൃതമായ നിലപാടാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഇതിനകത്ത് എല്ലാ പഴുതുകളുമടച്ചുള്ള നിയമനിർമ്മാണം സാധ്യമാണോയെന്നുള്ളത് തീർച്ചയായും പരിശോധിക്കും.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്, കർണാടകയിൽനിന്നും മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് മയക്കുമരുന്നും കഞ്ചാവും കടത്തുമ്പോൾ കണ്ടെത്തുന്നതിനുവേണ്ടി റെയ്ഡ് നടത്തുന്നുവെന്നാണ്. വയനാട് വഴി മറ്റ് ജില്ലകളിലേക്കും കർണാടക, തമിഴ്നാട് മേഖലയിലേക്കും കടത്തിക്കൊണ്ട് പോകുന്നതായി പല കേസ്സുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മുത്തങ്ങ, കർണാടകയുമായി ബന്ധപ്പെട്ടുള്ള ചെക്ക് പോസ്റ്റുകൾ എന്നിവിടങ്ങളിൽ റെയ്ഡ് നടക്കുന്നുണ്ട്. നൂൽപ്പുഴ, താളൂർ എന്നിവിടങ്ങളിൽ തമിഴ്നാട് ചെക്ക്പോസ്റ്റുണ്ട്. കർണ്ണാടകയിലെ ബാബലിയിലും തോൽപ്പെട്ടിയിലും കേരള ചെക്ക്പോസ്റ്റുണ്ട്. ബൈരക്കുപ്പ എന്ന സ്ഥലം മുള്ളൻകൊല്ലി പഞ്ചായത്തിന്റെ ബൗണ്ടറിയാണ്. അവിടെ തോണി മാർഗ്ഗമാണ് കടത്തിക്കൊണ്ടുവരുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ശ്രീ. രമേശ് ചെന്നിത്തല ആഭ്യന്തര വകുപ്പുമന്ത്രിയായിരിക്കുമ്പോൾ ജനങ്ങളുടെയും അവിടെയുള്ള വിദ്യാർത്ഥികളുടെയും പരാതിയനുസരിച്ച് പോലീസിന്റെയും എക്സൈസ് വകുപ്പിന്റെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പെരിക്കല്ലൂരിൽ ഒരു എയ്ഡ് പോസ്റ്റ് സ്ഥാപിച്ചിരുന്നു. അതിനുശേഷം കുറച്ച് മാറ്റങ്ങളൊക്കെയുണ്ടായിരുന്നു. ഇപ്പോൾ വീണ്ടും പുതിയ കേസ്സുകൾ റിപ്പോർട്ട് ചെയ്യുകയാണ്. ആ എയ്ഡ് പോസ്റ്റ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടൻതന്നെ നിർത്തലാക്കി. അത് പുനഃസ്ഥാപിച്ച് ഇത്തരം കേസ്സുകൾ പിടിക്കപ്പെടുന്നതിനുള്ള സാഹചര്യമൊരുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, കേരളത്തിൽ 5 മേജർ ചെക്ക് പോസ്റ്റുകളും 36 മൈനർ ചെക്ക്പോസ്റ്റുകളും പ്രവർത്തിക്കുന്നുണ്ട്. അതിൽ വയനാട്ടിലുള്ള ചെക്ക്പോസ്റ്റുകളും ഉൾപ്പെടും. ചെക്ക്പോസ്റ്റുകളിലെല്ലാം ജാഗ്രതയോടെ പരിശോധനകൾ നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയതിനുപുറമേ കൂടുതൽ വാഹനങ്ങൾ ഉപയോഗിക്കുന്നത് സംബന്ധിച്ചും ആലോചിച്ചിട്ടുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ച എയ്ഡ് പോസ്റ്റിന്റെ കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അക്കാര്യം പരിശോധിച്ചശേഷം ആവശ്യമായ നടപടി സ്വീകരിക്കും.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, സാധാരണയുള്ള മയക്കുമരുന്നിൽനിന്നും വ്യത്യസ്തമായി ഇപ്പോൾ ന്യൂജെൻ മയക്കുമരുന്നുകളും സിന്തറ്റിക് ഡ്രഗ്സും എത്തിയിട്ടുണ്ട്. ഇതിൽ പലതും നമുക്ക് പെട്ടെന്ന് പിടിക്കപ്പെടാത്ത രീതിയിലും ചിലത് നാവിനടിയിൽ ചെറിയ സ്റ്റാമ്പായി ഒട്ടിച്ച് കഴിഞ്ഞാൽ 8-9 മണിക്കൂർ അതിന്റെ വീര്യം നിൽക്കുന്ന രീതിയിലുമുള്ളവയാണ്. സാധാരണഗതിയിൽ വിതരണക്കാരെയും അത് കടത്തുന്ന ആളുകളെയും ഇടനിലക്കാരെയും പിടിക്കാനുള്ള സംവിധാനങ്ങളാണുള്ളത്. എന്നാൽ ഇതുപയോഗിക്കുന്ന ആളുകളെ ഡിക്റ്റെറ്റ് ചെയ്യാൻ അതായത്, കള്ള് കുടിച്ച് വാഹനമോടിച്ചാൽ പിടിക്കാനുള്ള സംവിധാനമുള്ളതുപോലെ മയക്കുമരുന്ന് ഉപയോഗിക്കുന്നവരെ കണ്ടെത്തി അതിലൂടെ അവർക്ക് എങ്ങനെയാണ് ഇത് ലഭിക്കുന്നതെന്ന് കണ്ടെത്താനുള്ള സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ അത്തരത്തിലുള്ള സംവിധാനം, കിറ്റുകളടക്കമുള്ളത് നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച നിർദ്ദേശങ്ങൾ പരിശോധിക്കാവുന്നതാണ്. ഇപ്പോൾ ഏത് തരത്തിലുള്ള ലഹരിപദാർത്ഥമായാലും അത് പിടിച്ചെടുക്കുന്നതിന് അങ്ങേയറ്റം കഠിന ശ്രമമാണ് എക്സൈസ് ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥർ നടത്തിക്കൊണ്ടിരിക്കുന്നത്. അവരെ മറികടന്ന് പോകാൻ കഴിയാത്ത നിലയിൽ പഴുതടച്ചുള്ള പരിശോധനയാണ് നടത്തുന്നത്. ആധുനിക പരിശോധന വേണമെന്നാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചിട്ടുള്ളത്. തീർച്ചയായും അതിന്റെ സാധ്യതകൾ എത്രത്തോളമുണ്ടെന്ന് പരിശോധിക്കാം. ലഭ്യതയ്ക്കനുസരിച്ച് മാത്രമേ പരിശോധിക്കാൻ കഴിയുകയുള്ളൂ. അതിനനുസൃതമായ പരിശോധനയ്ക്ക് ഗവൺമെന്റ് സന്നദ്ധമാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയിൽ, പതിനെണ്ണായിരത്തോളം NDPS കേസ്സുകൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുപറഞ്ഞു. കഴിഞ്ഞ വർഷം 7573 NDPS

കേസ്സുകളാണ് രജിസ്റ്റർ ചെയ്തത്. ഏഴായിരത്തോളം ആളുകളെ അറസ്റ്റ് ചെയ്തിട്ടുമുണ്ട്. ബാറുകൾ തുടങ്ങുന്നതിന് ഗവൺമെന്റ് പറഞ്ഞ പ്രധാനപ്പെട്ട ഒരു ന്യായീകരണം, മദ്യത്തിന്റെ ലഭ്യത കുറയുന്നതുകൊണ്ട് മയക്കുമരുന്നിന്റെ ഉപയോഗം വർദ്ധിക്കാൻ കാരണമായി എന്നാണ്. അത് ബഹുമാനപ്പെട്ട മന്ത്രിയും എക്സൈസ് കമ്മീഷണറും പറഞ്ഞിട്ടുണ്ട്. പക്ഷേ, ബാറുകൾ തുടങ്ങി വീണ്ടും മദ്യം ലഭ്യമായതിനുശേഷവും മയക്കുമരുന്ന് ഉപഭോഗത്തിൽ കുറവ് കാണുന്നില്ല, അതേ നിലയിൽ നിൽക്കുന്നുവെന്നതാണ് വസ്തുത. ഗവൺമെന്റ് ബാർ തുറക്കാൻ വേണ്ടി കണ്ടെത്തിയ ഒരു ന്യായീകരണമായി മാത്രമാണ് ഇപ്പോഴത് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. ജനങ്ങളുടെ കണ്ണിൽ പൊടിയിടുന്നൊരു സമീപനമായിരുന്നു ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായത്. NDPS ആക്ടിനെക്കുറിച്ച് അങ്ങ് പറഞ്ഞു. കേരളത്തിൽ നിയമനിർമ്മാണം കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കുന്നത് നല്ല കാര്യമാണ്. NDPS ആക്ട് ഭേദഗതി ചെയ്യണമെന്ന് പഞ്ചാബ് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് സംബന്ധിച്ച് കേന്ദ്രഗവൺമെന്റിന്റെ സമീപനം എന്താണ്; അതോടൊപ്പം ഓൺലൈൻ ഫാർമസികളെ നിയന്ത്രിക്കാൻ എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിക്കുന്നുണ്ടോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, നിരവധി ചോദ്യങ്ങളാണ് ചോദിച്ചത്. NDPS ആക്ടിന്റെ സമീപനം പലപ്പോഴും ഈ സഭയിൽ ഞാൻ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇതിൽ ഭേദഗതി വരുത്തുന്നതിനുള്ള സ്റ്റേറ്റ് ഗവൺമെന്റിന്റെ നിർദ്ദേശം കേന്ദ്രത്തിന് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. വകുപ്പുമന്ത്രിയെന്നുള്ള നിലയിൽ ഡൽഹിയിൽ ബന്ധപ്പെട്ട മന്ത്രിമാരെ കണ്ട് ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. പക്ഷേ, അനുകൂലമായ നടപടിയൊന്നും കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഒരു കാര്യം ശാന്തമായി ആലോചിക്കുന്നത് നല്ലതാണ്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് സ്വീകരിച്ച മദ്യനയം ശരിയായിരുന്നോ? അത് ശരിയല്ലെന്നുള്ള പല വാർത്തകളും പലരുടെയും പ്രതികരണങ്ങളും വന്നിട്ടുണ്ട്. അതിൽനിന്ന് വ്യത്യസ്തമായ ഒരു നിലപാട് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിച്ചുവെന്നുള്ളത് ശരിയാണ്. അതിന്റെ ഭാഗമായാണ് ത്രീ സ്റ്റാർ മുതലുള്ള ബാർ ഹോട്ടലുകൾക്ക് ലൈസൻസ് കൊടുക്കാനും ബാർ അനുവദിക്കാനും തീരുമാനിച്ചത്. മദ്യത്തിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട് ഒരു ചോദ്യത്തിനുള്ള ഉത്തരമായി ഞാൻ ഈ സഭയിൽ പറഞ്ഞിട്ടുള്ള കാര്യമാണ്. ബിവറേജ് വിൽപ്പനയുടെ നില പരിശോധിക്കുന്ന സമയത്ത് കെയ്സുകളുടെ എണ്ണം കുറയുകയാണ് ചെയ്തിട്ടുള്ളത്. എല്ലാവരെയും മദ്യം കഴിപ്പിക്കാനല്ല. പക്ഷേ,

ഇതിന്റെ ലഭ്യതയുമായി ബന്ധപ്പെട്ട് നിൽക്കുന്ന പ്രശ്നങ്ങൾ വരുമ്പോൾ ഇത് ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് നാനാതരത്തിലുള്ള പ്രശ്നങ്ങളുണ്ട്. അതിനെല്ലാം പരിഹാരം കാണത്തക്ക നിലയിലുള്ള നിലപാടാണ് സ്വീകരിക്കുന്നത്.

ശ്രീ. വി. ജോയി: സർ, ഒരു തലമുറയെത്തന്നെ നശിപ്പിക്കുന്ന പ്രവണതയെ സംബന്ധിച്ചാണ് ഇവിടെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ഇതിൽ നമ്മുടെ നാട്ടിൽ കാണുന്ന ഒരു പ്രത്യേകത, യുവാക്കൾ പണം കണ്ടെത്തുന്നതിനുവേണ്ടി പെട്ടെന്ന് ആശ്രയിക്കുന്ന ഒരു മാർഗ്ഗമായി മയക്കുമരുന്ന് കച്ചവടം വരികയാണ്. ഇതിനൊരു പരിഹാരമെന്ന നിലയിൽ ഇതിന്റെ ഉറവിടം കണ്ടെത്തി വ്യാപനം തടയുന്നതിന് പ്രത്യേക സ്ക്വാഡ് രൂപീകരിക്കാൻ സാധിക്കുമോ; അങ്ങനെ രൂപീകരിച്ചിട്ടുണ്ടോയെന്നുള്ള കാര്യം അറിയിക്കാമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഇതിന്റെ ഉറവിടം കണ്ടെത്തുന്നതിനുള്ള എല്ലാ ശ്രമങ്ങളും നടത്തുന്നുണ്ട്. ഉറവിടം കണ്ടെത്തിക്കഴിഞ്ഞാൽ അത് പൂർണ്ണമായും തകർക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. അത്തരത്തിലുള്ള ഒരു സമീപനമെടുത്താണ് മുന്നോട്ട് പോകുന്നത്.

## വനസംരക്ഷണം കാര്യക്ഷമമാക്കുന്നതിന് നടപടി

4 (*513) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനസംരക്ഷണം കാര്യക്ഷമമാക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യയുടെ പ്രയോജനം വിപുലപ്പെടുത്തിക്കൊണ്ടുള്ള വനപരിപാലന വിവര സമ്പ്രദായവും ഭൗമ വിവര സാങ്കേതിക സംവിധാനവും സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(ബി) പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകളുടെ സംരക്ഷണത്തിന് പ്രത്യേകം പദ്ധതിയുണ്ടോ; പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; വനസംരക്ഷണത്തിന് ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് വനാശ്രിത ജനവിഭാഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(സി) വ്യാവസായിക ആവശ്യത്തിനായുള്ള മുള, തടിയുൽപ്പന്നങ്ങൾ എന്നിവയുടെ ലഭ്യത ഉറപ്പാക്കുന്നതിന് ഇവ നട്ടുവളർത്തുന്നതിനും കൈകാര്യം ചെയ്യുന്നതിനും കേരള വനം വികസന കോർപ്പറേഷൻ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ഡി) പരിസ്ഥിതിക്ക് ഹാനികരമായ മരങ്ങൾ മുറിച്ചുമാറ്റി പകരം തദ്ദേശീയ മരങ്ങൾ നടാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ,

(എ) വനസംരക്ഷണം കാര്യക്ഷമമാക്കുന്നതിനായി താഴെ പറയുന്ന ആധുനിക സാങ്കേതികവിദ്യകളുടെ പ്രയോജനം വനം വകുപ്പ് ഉപയോഗപ്പെടുത്തി വരുന്നുണ്ട്:

1. ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത കാൾ സെന്റർ.
2. ജി.പി.എസ്. ട്രാക്കിംഗ് സംവിധാനം.
3. ജി.ഐ.എസ്.-ന്റെ സഹായത്തോടെ MSTrlPES (Monitoring System for Tigers-Intensive Protection and Ecological Status) എന്ന മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ചുള്ള പട്രോളിംഗ് പ്രവർത്തനങ്ങൾ 2019 ജനുവരി മുതൽ പെരിയാർ ടൈഗർ റിസർവ്വിൽ നടപ്പാക്കി വരുന്നുണ്ട്.
4. വനത്തിനുള്ളിൽ ക്യാമറാ സർവയലൻസ് സ്ഥാപിക്കൽ.
5. ഡിജിറ്റൽ വയർലെസ് സംവിധാനം.
6. ഡെറാഡൂൺ ആസ്ഥാനമായ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ വികസിപ്പിച്ച ഉപഗ്രഹ സഹായത്തോടെയുള്ള ഫയർ അലെർട്ട് സംവിധാനം ഉപയോഗിച്ചുള്ള കാട്ടുതീ പ്രതിരോധം.
7. മൊബൈൽ കണക്റ്റിവിറ്റി.
8. വനം വകുപ്പ് രേഖകൾ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിനുള്ള ഒരു മോഡേൺ റിക്കോർഡ് റൂം കോഴിക്കോട് മരത്തോട്ടം ഫോറസ്റ്റ് കോംപ്ലക്സിൽ സ്ഥാപിച്ച് 2018 സെപ്റ്റംബർ മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി സാമൂഹ്യ വനവൽക്കരണ വിഭാഗം വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി സ്വകാര്യ വ്യക്തികൾക്ക് കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് ഏക്കറിന് 4000 രൂപ എന്ന നിരക്കിൽ 24-12-2016-ലെ ജി.ഒ.(ആർ.റ്റി.) 485/16 പ്രകാരം ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

2006-07 വർഷം മുതൽ Conservation and Management of Mangroves (60% CSS) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം വേമ്പനാട്, കണ്ണൂർ മേഖലകളിൽ കണ്ടൽ സംരക്ഷണ പ്രവൃത്തികൾ നടത്തിവരുന്നു. ടി പദ്ധതി പ്രകാരം വനം വകുപ്പ് കണ്ടൽ തൈകളും തീരദേശ പ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന അനുബന്ധ തൈകളായ കാറ്റാടി, രാമച്ചം, പൂവരശ് എന്നിവയും ഉൽപ്പാദിപ്പിച്ച് നേരിട്ട് നട്ടുപിടിപ്പിക്കുന്നതോടൊപ്പം പൊതുജനങ്ങൾക്ക് വിതരണവും ചെയ്യുന്നു. കൂടാതെ, കണ്ടൽച്ചെടി നടുന്നവർക്കും സംരക്ഷിക്കുന്നവർക്കും പ്രോൽസാഹനമായി പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തി കുടിവെള്ള വിതരണം, ഗ്യാസ് കണക്ഷൻ, ബയോ ഗ്യാസ് പ്ലാന്റ് നിർമ്മാണം, മീൻകുഞ്ഞുങ്ങളുടെ വിതരണം എന്നീ പ്രവൃത്തികളും നടത്തിവരുന്നു.

കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടർ കണ്ടൽ വനങ്ങൾ വന നിയമം സെക്ഷൻ 19 പ്രകാരം റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിച്ചുവരുന്നുണ്ട്. തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ യഥാക്രമം 3.3853, 20.78, 2.82, 54.6952 ഹെക്ടർ കണ്ടൽ വനങ്ങൾ (ആകെ 81.6805 ഹെക്ടർ) വന നിയമം സെക്ഷൻ 4 പ്രകാരം ' പ്രൊപ്പോസ്ഡ് ' റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. നിലവിലുള്ള നിയമ നടപടി ക്രമങ്ങൾക്കനുസൃതമായി കണ്ടൽക്കാടുള്ള മറ്റ് ഭൂമികൾ റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നുണ്ട്.

വനസംരക്ഷണ, വനവൽക്കരണ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ 1996 മുതൽ പങ്കാളിത്ത വന പരിപാലനം നടപ്പിലാക്കിവരുന്നു. വനാശ്രിത സമൂഹങ്ങളെ ഉൾപ്പെടുത്തി ടെറിട്ടോറിയൽ വനം ഡിവിഷനുകളിൽ വനസംരക്ഷണ സമിതികളും വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവയുൾപ്പെടുന്ന സംരക്ഷിത മേഖലകളിൽ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്തൊട്ടാകെ 400 വനസംരക്ഷണ സമിതികളും 190 ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും പ്രവർത്തിക്കുന്നുണ്ട്. വനങ്ങളിൽ കാട്ടുതീ, കുറ്റകൃത്യങ്ങൾ എന്നിവ തടയുന്ന പ്രവർത്തനങ്ങളിലും വി.എസ്.എസ്./ഇ.ഡി.സി. (Vana Samrakshana Samithies and Eco-development Committees) കളുടെ സജീവ പങ്കാളിത്തം ഉണ്ടാകുന്നുണ്ട്.

വനസംരക്ഷണം ജനപങ്കാളിത്തത്തിലൂടെ നടപ്പിലാക്കുക, ഇതുവഴി വനാശ്രിത സമൂഹത്തിന്റെ ജീവിതോപാധി വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ രൂപീകരിച്ചിട്ടുള്ള വനസംരക്ഷണ സമിതികളുടെ പ്രവർത്തനം

കാര്യക്ഷമമാക്കുന്നതിനായി വനവൽക്കരണ പരിപാടികളായ ഗ്രീൻ ഇന്ത്യ മിഷൻ, ദേശീയ വനവൽക്കരണ പരിപാടി, നാഷണൽ ബാംബൂ മിഷൻ സ്കീം, നാഷണൽ മെഡിസിനൽ പ്ലാന്റ്സ് ബോർഡ് പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. ഇവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും സർക്കാർ, സർക്കാരിതര ഏജൻസികളിൽനിന്നും വനവൽക്കരണ പരിപാടികൾക്കുള്ള ഫണ്ട് നേരിട്ട് സ്വീകരിക്കുന്നതിനുമായി സംസ്ഥാന വനവികസന ഏജൻസി (State Forest Development Agency, Kerala) രൂപീകരിച്ചിട്ടുണ്ട്.

(സി) കേരള വനവികസന കോർപ്പറേഷൻ വ്യാവസായിക ആവശ്യത്തിനായുള്ള യൂക്കാലിപ്റ്റസ്, മുള, അക്കേഷ്യ തുടങ്ങിയ ഇനം തോട്ടങ്ങൾ നട്ടുവളർത്തിയിട്ടുണ്ട്. ഇവയിൽ മുറിക്കാൻ പാകമാകുന്നവ വ്യാവസായിക ആവശ്യങ്ങൾക്കായി ഇ-ലേലം മുഖേന വിറ്റഴിച്ചുവരുന്നുണ്ട്.

(ഡി) യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം എന്നീ വിദേശീയ ഇനം സസ്യതോട്ടങ്ങളുടെ വ്യാപ്തി ഘട്ടംഘട്ടമായി കുറച്ചുകൊണ്ടുവന്ന് തദ്ദേശീയ മരങ്ങൾ നട്ടുപിടിപ്പിച്ച് സ്വാഭാവിക വനവൽക്കരണം നടപ്പിലാക്കുവാനുള്ള പദ്ധതിക്ക് വനം വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിൽ സ്വാഭാവിക വനവൽക്കരണത്തിനായി 12-20 വർഷം നീണ്ടുനിൽക്കുന്ന ഒരു പദ്ധതിക്ക് രൂപം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ നോഡൽ ഓഫീസറായി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സ്)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വനംവകുപ്പ് നട്ടുവളർത്തിയ യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ പ്ലാന്റേഷനുകൾ വെട്ടിമാറ്റുന്ന മുറയ്ക്ക് ടി സ്ഥലത്ത് തദ്ദേശീയ വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ച് സ്വാഭാവിക വനമാക്കുന്നതിനുള്ള നടപടികൾ ഘട്ടം ഘട്ടമായി സ്വീകരിക്കുന്നതാണ്. 2018 മുതൽ യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ എന്നീ വിദേശീയ മരങ്ങളുടെ നടീൽ വനം വകുപ്പ് നിർത്തലാക്കിയിട്ടുണ്ട്.

ശ്രീ. ഐ. ബി. സതീഷ്: സർ, വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്. ഇത്തരത്തിൽ ഉൽപ്പാദിപ്പിക്കുന്ന വൃക്ഷത്തൈകൾ സൗജന്യമായി നട്ട് പരിപാലിക്കാൻ സന്നദ്ധതയുള്ള സന്നദ്ധ സംഘടനകൾക്ക് സൗജന്യമായി വിതരണം ചെയ്യാനാകുമോ; ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട് തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി സംയോജിത സാമൂഹ്യ വനവൽക്കരണ പദ്ധതി നടപ്പാക്കാൻ കഴിയുമോ?

ശ്രീ. കെ. രാജു: സർ, സാമൂഹ്യ വനവൽക്കരണ പരിപാടി സംസ്ഥാനത്ത് വളരെ മെച്ചപ്പെട്ട നിലയിൽ നടത്തിവരുന്ന ഒന്നാണ്. അതിന്റെ ഭാഗമായി പരിസ്ഥിതി ദിനത്തിൽത്തന്നെ 64 ലക്ഷത്തോളം വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു. അത് സന്നദ്ധ സംഘടനകൾക്കും വിദ്യാർത്ഥികൾക്കും മറ്റ് സാമൂഹ്യ പ്രസ്ഥാനങ്ങൾക്കും സൗജന്യമായാണ് നൽകിയത്. ക്യാബിനറ്റ് തീരുമാനമനുസരിച്ചാണ് സൗജന്യമായി തൈകൾ വിതരണം നടത്തിയിട്ടുള്ളത്. 'ഗോൾഡൻ ട്രീ' എന്ന പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ചോദ്യോത്തരവേളയിൽ ഞാൻ മറുപടി പറഞ്ഞതാണ്. അങ്ങനെയൊരു പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്നില്ല. എന്നാൽ ഒരു വർഷം പ്രായമായ വൃക്ഷത്തൈകളുടെ വില വാങ്ങി അത് വിതരണത്തിനുവേണ്ടി കൊടുക്കാൻ ഇപ്പോൾ തയ്യാറാണ്. എങ്കിലും വനവൽക്കരണത്തിന്റെ ഭാഗമായി പഞ്ചായത്തുകൾക്ക് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വനവൽക്കരണ പരിപാടി അവർക്ക് ഏറ്റെടുക്കാം. തൊഴിലുറപ്പ് പദ്ധതിയിൽ ഡി.പി.ആർ. തയ്യാറാക്കുമ്പോൾത്തന്നെ അംഗീകാരം വാങ്ങി ഈ പദ്ധതി നടപ്പിലാക്കാൻ തയ്യാറായി അവർ മുന്നോട്ടുവന്നാൽ ഇപ്പോൾ വനം വകുപ്പിന്റെ കൈവശമുള്ള ഇത്തരം തൈകൾ അവർക്ക് നൽകുന്നതിനെ സംബന്ധിച്ച് ആലോചിച്ച് ആവശ്യമായ തീരുമാനമെടുക്കാവുന്നതാണ്. അതുപോലെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്നതുകൊണ്ട് തകരാറില്ലെന്ന് മാത്രമല്ല, വനവൽക്കരണമെന്ന സദുദ്ദേശ്യപരമായ ആശയത്തിന് അത് നല്ലതുമാണ്.

ശ്രീ. ഐ. ബി. സതീഷ്: സർ, കേരളത്തിലെ വനാതിർത്തിയും സ്വകാര്യഭൂമിയും പൂർണ്ണമായും ജണ്ടയിട്ട് വേർതിരിക്കുന്ന നടപടി എത്രകാലംകൊണ്ട് പൂർത്തിയാക്കാനാകും; അതിന്റെ പുരോഗതി വിശദീകരിക്കാമോ?

ശ്രീ. കെ. രാജു: സർ, 2017-18-വരെയുള്ള കണക്കെടുത്തതിൽ സംസ്ഥാനത്തെ വനാതിർത്തി ഉദ്ദേശം 16,845 കി.മീറ്ററാണ്. പ്രകൃത്യാലുള്ളതുൾപ്പെടെ ഇതിൽ 14,204 കിലോമീറ്ററോളം വനാതിർത്തി വേർതിരിച്ച് കഴിഞ്ഞിട്ടുണ്ട്. 2017 മാർച്ച് മാസത്തിൽ അവശേഷിക്കുന്നതായി കണക്കാക്കിയ 2641 കിലോമീറ്റർ വനാതിർത്തി സർവ്വേ ചെയ്ത് ജണ്ടയിട്ട് തിരിക്കാൻ ഊർജ്ജിത നടപടി സ്വീകരിച്ചുവരികയാണ്. നിലവിലുള്ള 36 വനം ഡിവിഷനുകളിൽ റാന്നി, മറയൂർ, ചാലക്കുടി, വാഴച്ചാൽ, ഇടുക്കി വൈൽഡ് ലൈഫ്, പറമ്പിക്കുളം വൈൽഡ് ലൈഫ്, ആറളം വൈൽഡ് ലൈഫ് എന്നീ ഏഴ് വനം ഡിവിഷനുകളിൽ ഇതിനോടകംതന്നെ വനാതിർത്തി നിർണ്ണയം പൂർത്തീകരിച്ചിട്ടുണ്ട്. ഇവ ഒഴികെയുള്ള 29 വനം ഡിവിഷനുകൾ അടുത്ത 3

വർഷത്തിനുള്ളിൽ വനാതിർത്തി ജണ്ട തിരിച്ച് സംരക്ഷിക്കുന്നതിനാവശ്യമായ സർവ്വേ നടപടികളും ജണ്ട സ്ഥാപിക്കൽ ഉൾപ്പെടെയുള്ള കർമ്മ പദ്ധതിയും തയ്യാറാക്കാൻ നടപടി സ്വീകരിച്ചുവരികയാണ്.

ശ്രീ. ജെയിംസ് മാത്യു: സർ, ആവാസ വ്യവസ്ഥയുടെ നിലനിൽപ്പിന് ഏറ്റവും പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉത്തരത്തിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ, ഏക്കറിന് 4,000 രൂപ വീതം കണ്ടൽവനം ഉൾക്കൊള്ളുന്ന പ്രദേശത്തെ സ്വകാര്യ വ്യക്തികൾക്ക് കൊടുക്കാൻ തീരുമാനിച്ചാലും കണ്ടൽ വനപ്രദേശം റിസർവ് ഫോറസ്റ്റോ, പ്രൊപ്പോസ്ഡ് റിസർവ് ഫോറസ്റ്റോ ആക്കി മാറ്റിയാലും അത് സംരക്ഷിക്കാൻ പര്യാപ്തമായ നിയമമില്ല എന്നുള്ളതാണ് വസ്തുത. ഒരേക്കറിന് താഴെയുള്ള സ്വകാര്യ ഭൂമിയിൽ കണ്ടൽ നിബിഡമായി വളരുന്നുണ്ടെങ്കിൽപ്പോലും അത് മുറിക്കുന്നതിന് നിയമപരമായി നിലവിൽ യാതൊരു തടസ്സവുമില്ല. അത് പ്രൊപ്പോസ്ഡ് റിസർവ് ഫോറസ്റ്റായാലും റിസർവ് ഫോറസ്റ്റായി പ്രഖ്യാപിച്ചാലും കണ്ടൽവനങ്ങൾ മുറിക്കുന്നതിനെതിരെ ഒരു കേസ് ചാർജ് ചെയ്താൽ അത് കോടതിയിൽ നിലനിൽക്കുകയില്ല. ഒരു സ്വകാര്യ വ്യക്തിക്ക് അയാളുടെ ഭൂമിയിൽ വളർന്നുവരുന്ന കണ്ടൽ മുറിക്കാൻ നിലവിലുള്ള നിയമപ്രകാരം അവകാശമുണ്ട്. നിലവിൽ അതിനുപരിയായി നിയമമില്ല. ഇതിന് നിർബന്ധമായും ഒരു നിയമം ഉണ്ടാകുകതന്നെ വേണം. അതിന് അങ്ങ് മുൻകയ്യെടുക്കുമോ?

ശ്രീ. കെ. രാജു: സർ, പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകളെ സംരക്ഷിക്കുന്നതിന് വിവിധ പദ്ധതികൾ വനം വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. വേമ്പനാട്, കണ്ണൂർ ഭാഗങ്ങളിലെ കണ്ടൽക്കാട് സംരക്ഷണത്തിനായുള്ള പദ്ധതി 2006-07 മുതൽ കേന്ദ്ര സഹായത്തോടെ സാമൂഹ്യ വനവൽക്കരണ വിഭാഗം നടപ്പിലാക്കിവരുന്നുണ്ട്. സ്വകാര്യ വ്യക്തികൾക്ക് സ്വകാര്യ ഭൂമിയിലെ കണ്ടൽ സംരക്ഷിക്കുന്നതിനായി ഏക്കറിന് 4,000 രൂപ നിരക്കിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകിവരുന്നുണ്ട്. കണ്ടൽക്കാടുകൾ ഉൾപ്പെടുന്ന പ്രദേശം റിസർവ് ഫോറസ്റ്റായി പ്രഖ്യാപിക്കാം. സ്വകാര്യ വ്യക്തികൾ വനം വകുപ്പിന് വിട്ടുതരാൻ തയ്യാറാണെങ്കിൽ അത്തരം ഭാഗങ്ങൾ റിസർവായി പ്രഖ്യാപിച്ച് അതിന്റെ പൂർണ്ണ സംരക്ഷണം വനംവകുപ്പിന് ഏറ്റെടുത്ത് നടത്താൻ കഴിയും. അതുപോലെ പ്രൊപ്പോസ്ഡ് റിസർവ് എന്നുള്ള നിലയിൽ പ്രഖ്യാപിക്കപ്പെട്ടാൽ അത്തരം സ്ഥലത്തും വനംവകുപ്പിന്റേതായിട്ടുള്ള നിയന്ത്രണങ്ങൾ നടത്താൻ കഴിയും. പക്ഷേ, സ്വകാര്യ ഭൂമിയിൽ വനം വകുപ്പ് ഇങ്ങനെ കൂടുതൽ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നത് പൊതുവിൽ നമ്മുടെ സമൂഹം ഇഷ്ടപ്പെടുന്നില്ല. എന്നാൽ കണ്ടൽക്കാടുകളും മറ്റും സംരക്ഷിക്കുന്നതിന്റെയും അത്

വ്യാപിപ്പിക്കേണ്ടതിന്റെയും ആവശ്യകത കണക്കിലെടുത്ത് ഇത് പ്രോൽസാഹിപ്പിക്കുന്നതിനായി സർക്കാർ നിരവധി പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ട്.

മി. സ്പീക്കർ: ഓർഡർ... ഓർഡർ..... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഗ്രാമ കുടിവെള്ള പദ്ധതി

5 (*514) ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. കെ. ബാബു:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷകാലത്ത് ആവശ്യത്തിലേറെ മഴ ലഭിക്കുന്നുണ്ടെങ്കിലും ശരിയായ ജലവിനിയോഗ സംവിധാനമില്ലാത്തതുകൊണ്ട് കുടിവെള്ളക്ഷാമവും വിളനഷ്ടവും ആവർത്തിക്കുന്നത് പരിഹരിക്കാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) നബാർഡിന്റെ സഹായത്തോടെ നടപ്പാക്കുന്ന ഗ്രാമ കുടിവെള്ള പദ്ധതികളുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) കെ.ആർ.ഡബ്ല്യൂ.എസ്.എ. വഴി നടപ്പാക്കുന്ന മഴക്കൊയ്ത്ത് പദ്ധതിയും ഭൂഗർഭ റീചാർജ്ജ് പദ്ധതിയും കാര്യക്ഷമമാക്കാൻ വേണ്ട ഇടപെടൽ നടത്തുമോ; ഏജൻസി നടപ്പാക്കുന്ന കമ്മ്യൂണിറ്റി മാനേജ്ഡ് ജലവിതരണ പദ്ധതികളുടെ സുസ്ഥിരത ഉറപ്പാക്കാൻ പദ്ധതിയുണ്ടോ;

(ഡി) റെഗുലേറ്ററുകൾ നിർമ്മിച്ച് നദികളെത്തന്നെ ജലസംഭരണികളാക്കാനായുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) കാലവർഷത്തിൽ ലഭിക്കുന്ന മഴ പ്രയോജനപ്പെടുത്തി കുടിവെള്ള സ്രോതസ്സുകൾ ജലസമൃദ്ധമാക്കുക എന്ന ലക്ഷ്യത്തോടെ വാട്ടർ അതോറിറ്റി കുടിവെള്ള സ്രോതസ്സുകളായ തുറന്ന കിണറുകൾക്ക് സമീപം മഴക്കുഴികൾ നിർമ്മിക്കുകയും സാധ്യമായ സ്ഥലങ്ങളിലെല്ലാം അതോറിറ്റിയുടെ ഓഫീസുകളിൽ മേൽക്കൂരയിൽനിന്നുള്ള മഴവെള്ളസംഭരണം നടത്തുകയും ചെയ്യുന്നുണ്ട്. നദികളിൽ സാധ്യമായ സ്ഥലങ്ങളിൽ ചെക്കുഡാമുകളും റെഗുലേറ്ററുകളും നിർമ്മിച്ച് മഴവെള്ളം പരമാവധി സംഭരിക്കുന്നതിനായി ആവശ്യകതയനുസരിച്ച് താത്കാലിക തടയണകളും സ്ഥിരം ചെക്കുഡാമുകളും റെഗുലേറ്ററുകളും ചെയ്തുവരുന്നു. 2016-17-ൽ ഹരിത കേരളം ദൗത്യത്തിന്റെ ഭാഗമായി ശാസ്താംകോട്ട പ്ലാന്റിൽ മഴവെള്ളം സംഭരിക്കുവാനും നിലവിലുള്ള ഉപയോഗശൂന്യമായ കിണർ റീചാർജ് ചെയ്ത് ഉപയോഗയോഗ്യമാക്കുകയും ചെയ്തു. അതോറിറ്റിയുടെ കേന്ദ്ര കാര്യാലയമായ സെൻട്രൽ കൺട്രോൾ യൂണിറ്റിൽ മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം ശേഖരിച്ച് ഉപയോഗിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജല അതോറിറ്റിയുടെ ജലശുദ്ധീകരണശാല, ഓഫീസ് കോമ്പൗണ്ട് എന്നിവിടങ്ങളിൽ പരമാവധി വൃക്ഷങ്ങൾ നട്ടും മഴക്കുഴികൾ നിർമ്മിച്ചും അത് പരിപാലിച്ചും ഭൂഗർഭജലവിതാനം ഉയർത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നദികളിൽ ലഭ്യമാകുന്ന ജലം കൂടുതൽ കാലം നിലനിർത്തുന്നതിനും ആവർത്തിച്ചുണ്ടാകുന്ന വരൾച്ചയുടെ പശ്ചാത്തലത്തിൽ തടയണകൾ, റെഗുലേറ്ററുകൾ എന്നിവ വഴി നദികളെത്തന്നെ ജലസംഭരണികളാക്കി മാറ്റി കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുവാനുള്ള സമീപനം കൈക്കൊള്ളാറുണ്ട്. ഹരിത കേരള മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തുതല ജലവിഭവാസൂത്രണം നടത്തുന്നതിന് നീർത്തടപ്ലാനുകൾ തയ്യാറാക്കുന്ന പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ഇതിനകം 843 തദ്ദേശഭരണസ്ഥാപനങ്ങൾ നീർത്തട പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. റിഡ്ജ് ടു വാലി സമീപനത്തോടുകൂടി ഏറ്റെടുക്കേണ്ട പ്രവൃത്തികൾ പട്ടികപ്പെടുത്തിയിട്ടുണ്ട്. അതിൻപ്രകാരമുള്ള പ്രവൃത്തികൾക്കാണ് ജലസേചന വകുപ്പ് മുൻഗണന നൽകി നടപ്പിലാക്കുന്നത്. കൃഷിക്ക് ഉപയോഗിക്കുന്ന ജലത്തിന്റെ അളവിൽ കാര്യക്ഷമത വർദ്ധിപ്പിച്ച് ജലം ലാഭിക്കാനായി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ സംസ്ഥാനത്ത് വ്യാപകമായി നടപ്പിലാക്കാനുള്ള പദ്ധതികളും തയ്യാറാക്കിവരുന്നു.

202 കി. മീ. പുഴകൾ പുനരുജ്ജീവിപ്പിക്കുകയും 18138 കി. മീ. നീർച്ചാലുകൾ, തോടുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുകയും 48936 കിണറുകൾ റീചാർജ് ചെയ്യുകയും 4625 കിണറുകൾ നവീകരിക്കുകയും 13738 കുളങ്ങൾ നിർമ്മിക്കുകയും

15381 കുളങ്ങൾ നവീകരിക്കുകയും 147239 ഏക്കർ വൃഷ്ടി പ്രദേശ പരിപാലനം നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഫലമായി ജലപരിപോഷണം സാധ്യമാക്കുകയും ഭൂജല നിരപ്പ് ഉയരുകയും, ഇത് കിണറുകളിലെ ജലലഭ്യത വർദ്ധിപ്പിക്കുന്നതിന് കാരണമാകുകയും ചെയ്തിട്ടുണ്ട്. ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുകവഴി ഭൂജലത്തിന്റെ ഗുണനിലവാരത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്.

കെ.ആർ.ഡബ്ല്യൂ.എസ്.എ.-യുടെ ഭാഗമായി പ്രവർത്തിക്കുന്ന 'മഴകേന്ദ്രം' മഴവെള്ള സംഭരണം-ഭൂജല പരിപോഷണം പദ്ധതിയുടെ ഭാഗമായി 34 ഗ്രാമ പഞ്ചായത്തുകളിലെ 7100 കുടുംബങ്ങൾക്ക് മഴവെള്ളം സംഭരിച്ച് കുടിവെള്ളമായി ഉപയോഗിക്കുന്നതിന് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 840 സർക്കാർ വിദ്യാലയങ്ങളിലും പദ്ധതി നടപ്പിലാക്കി. ഈ സാമ്പത്തിക വർഷവും മഴവെള്ള കൊയ്ത്തിനും ഭൂഗർഭജല സംപോഷണത്തിനും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. 20 ഗ്രാമപഞ്ചായത്തുകളിലും വിവിധ സർക്കാർ സ്ഥാപനങ്ങളിലും പദ്ധതി നടപ്പി ലാക്കാനുള്ള തയ്യാറെടുപ്പുകൾ പുരോഗമിക്കുന്നു. വിവിധ ജലസേചന പദ്ധതികളുടെ അണക്കെട്ടുകളിൽ ശേഖരിക്കുന്ന ജലം കൃഷിക്ക് ആവശ്യമാകുന്ന സമയത്ത് അതാത് താലൂക്കുകളിൽ ഉൾപ്പെടുന്ന പാടശേഖര സമിതികൾ, ജനപ്രതിനിധികൾ, ജില്ലാ ഭരണാധികാരികൾ മുതലായവരുടെ യോഗം വിളിച്ചുചേർത്ത് കാർഷിക കലണ്ടറിന് അനുസൃതമായി ജില്ലാതല പ്രോജക്ട് അഡ്വൈസറി കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് ജലവിതരണം നടത്തുന്നത്. കൂടാതെ കനാലുകളിൽ നിന്നുള്ള ജലനഷ്ടം ഒഴിവാക്കുന്നതിനായി പൂർത്തീകരിച്ച പദ്ധതികളുടെ അറ്റകുറ്റ പ്പണികൾക്കായി എല്ലാ വർഷവും ബഡ്ജറ്റിൽ വകയിരുത്തുന്ന തുക ഉപയോഗപ്പെടുത്തി കനാലുകളുടെ അറ്റകുറ്റപ്പണികൾ നടത്താറുണ്ട്. അതുപോലെ ഭാഗികമായി പൂർത്തീകരിച്ചതും പ്രവൃത്തികൾ നടന്നുവരുന്നതുമായ പദ്ധതികൾക്ക് അതാത് വർഷം അംഗീകരിച്ച ആക്ഷൻ പ്ലാനിൽ വകയിരുത്തിയ തുക ഉപയോഗപ്പെടുത്തി പ്രവൃത്തികൾ നടത്തിവരുന്നു. നിർമ്മാണത്തിലിരിക്കുന്നതും ഭാഗികമായി പൂർത്തീകരിച്ചതും ജലസേചനം നടത്തിവരുന്നതുമായ കാരാപ്പുഴ പദ്ധതിയുടെ പ്രവൃത്തികൾക്കായി 872.32 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരു ത്തിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗപ്പെടുത്തി പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാഡാ പ്രവൃത്തികൾക്കായി 10 കോടി രൂപ വകയിരുത്തിയത് ഉപയോഗപ്പെടുത്തി മലമ്പുഴ, മംഗലം, ചേരാമംഗലം, പോത്തുണ്ടി, ചിറ്റൂർപ്പുഴ എന്നീ പദ്ധതികളിൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തു വാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൂർത്തീകരിച്ച പദ്ധതികളുടെ പുനരുദ്ധാര ണത്തിനായി നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ തുക ഉപയോഗപ്പെടുത്തി

പ്രവൃത്തികൾ നിർവ്വഹിക്കുന്നുണ്ട്. കനാലുകളിലൂടെ ജലസേചനം നടത്തുന്നതിന്റെ ഭാഗമായി പ്രസ്തുത കനാലുകൾ കടന്നുപോകുന്ന ഭാഗങ്ങൾക്ക് സമീപമുള്ള കിണറുകൾ, കുളങ്ങൾ മുതലായ സ്രോതസ്സുകളിൽ റീചാർജ് മുഖേന ജലവർദ്ധനവ് ഉണ്ടാകുവാനും അതുവഴി കുടിവെള്ളക്ഷാമത്തിന് ഒരു പരിധിവരെ സഹായകരമാകുന്നതാണ്.

(ബി) നബാർഡ് ധനസഹായത്തോടെ നടപ്പാക്കുന്ന ഗ്രാമ കുടിവെള്ള പദ്ധതികളുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് ചീഫ് സെക്രട്ടറി തലത്തിലും സെക്രട്ടറി തലത്തിലും റിവ്യൂ മീറ്റിംഗുകൾ നടത്തിവരുന്നു. കൂടാതെ NABARD ഇടപെട്ട് ഫീൽഡുതല സന്ദർശനം എല്ലാ ജില്ലകളിലും നടത്താറുണ്ട്. ഇതിൻപ്രകാരം ഫീൽഡ് ഓഫീസർ തലത്തിലും കേരള ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർ തലത്തിലും ടെക്നിക്കൽ മെമ്പർ, ചീഫ് എഞ്ചിനീയർ എന്നീ തലത്തിലും വിവിധ പദ്ധതികളുടെ വിശദമായ മോണിട്ടറിംഗ് നടത്തിവരുന്നു. വിവിധ ട്രാഞ്ചേകളിലുള്ള പ്രവൃത്തികളിന്മേൽ കരാറുകാർ പൂർത്തിയാക്കിയ ബില്ലുകൾ ലഭിക്കുന്ന മുറയ്ക്ക് ബിൽ തുക നിർദ്ദിഷ്ട മാതൃകയിലുള്ള ക്ലെയിമുകൾ മുഖേന സംസ്ഥാന സർക്കാർ വഴി നബാർഡിൽ സമർപ്പിച്ചുവരുന്നു. പദ്ധതികളുടെ സുഗമമായ നടത്തിപ്പിനായി താൽക്കാലികമായി ബാങ്കിൽനിന്നും ഓവർഡ്രാഫ്റ്റ് സൗകര്യം ലഭ്യമാക്കി കരാറുകാരുടെ ബില്ലുകൾ തീർത്തുവരികയും സർക്കാരിൽ നിന്നും കേന്ദ്ര/സംസ്ഥാന ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഈ തുക തിരിച്ച് അടയ്ക്കുകയും ഇതുമൂലം പദ്ധതി പ്രവൃത്തികൾ തടസ്സം കൂടാതെ നടപ്പിലാക്കാനും ശ്രമിക്കാറുണ്ട്.

ഇപ്പോൾ നടന്നുവരുന്ന പദ്ധതികളിൽ റോഡ് കട്ടിംഗുമായി ബന്ധപ്പെട്ട വിഷയങ്ങളും അതിന്റെ എസ്റ്റിമേറ്റിലുള്ള വർദ്ധനവും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിലേക്കായി പദ്ധതികളുടെ പ്രത്യേക മീറ്റിംഗും ഡിപ്പാർട്ട്മെന്റ് തലത്തിലും സർക്കാർ തലത്തിലും നടത്തി പദ്ധതിയുടെ പുരോഗതി ഉറപ്പാക്കാറുണ്ട്. റോഡ് കട്ടിംഗിന് PWD-യിൽനിന്നും അനുവാദം ലഭിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുക്കുവാനായി ജില്ലാ തലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ റോഡ് കട്ടിംഗ് വിഷയത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയിൽ തീരുമാനമുണ്ടാകാത്ത വിഷയങ്ങൾ സെക്രട്ടറിതല കമ്മിറ്റിയിൽ ഉന്നയിക്കുവാനും ഉചിതമായ തീരുമാനം കൈക്കൊള്ളാനും അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി ACS (LSGD) യും Principal Secretary (PWD) യും ചേരുന്ന ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ഓരോ മാസവും ഈ എംപവേർഡ് കമ്മിറ്റി നടന്നുവരുന്നു.

കുടിവെള്ള വിതരണത്തിനായി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനും മറ്റും പലപ്പോഴും NH, PWD, Forest, Railway, തദ്ദേശഭരണ സ്ഥാപനങ്ങൾ, KSEBL എന്നിവിടങ്ങളിൽനിന്നുള്ള അനുവാദം ലഭിക്കുന്നതിനായി കാലതാമസം നേരിടാറുണ്ട്. ഇത് പരിഹരി ക്കുന്നതിനായി വകുപ്പുമേധാവികളുമായും മന്ത്രിമാരുടെ തലത്തിലും മറ്റു ഉന്നത ഉദ്യോഗസ്ഥ തലത്തിലും ചർച്ചകൾ/യോഗങ്ങൾ നടത്തി പ്രസ്തുത വിഷയങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ പ്രശ്നം പരിഹരിക്കാറുണ്ട്. അതത് ജനപ്രതിനിധികൾ, ബന്ധപ്പെട്ട ഏജൻസികൾ എന്നിവരുമായി ജില്ലാ കളക്ടർ തലത്തിലും സർക്കാർ തലത്തിലും അവലോകനയോഗങ്ങൾ നടത്തി വേണ്ട നടപടികൾ കൈക്കൊള്ളാറുണ്ട്.

(സി) 2019-20 സാമ്പത്തിക വർഷം സംസ്ഥാനത്തെ ആറ് ജില്ലകളിലെ 10 ഗ്രാമപഞ്ചായത്തുകളിൽ മഴവെള്ളം സംഭരിച്ചുള്ള കിണർ റീചാർജിംഗ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഈ പഞ്ചായത്തുകളിലെ 8500 കുടുംബങ്ങളിലെ തുറന്ന കിണറുകൾക്കാണ് കിണർ റീചാർജിംഗ് സംവിധാനം ഏർപ്പെടുത്തുന്നത്. മഴക്കൊയ്ത്ത് പദ്ധതിയുടെ ഭാഗമായി ഏഴ് ജില്ലകളിലെ പത്ത് ഗ്രാമപഞ്ചായത്തുകളിൽ 1000 വ്യക്തിഗതകുടുംബങ്ങൾക്ക് 10000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കാൻ സഹായകരമായ സംഭരണികൾ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതികൾ എല്ലാ വർഷവും സംസ്ഥാനം നേരിടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഒരു പ്രധാന മാർഗ്ഗമായി കണക്കാക്കാവുന്നതാണ്. ഘട്ടം ഘട്ടമായി സംസ്ഥാനമൊട്ടാകെ പദ്ധതി വ്യാപിപ്പിക്കുവാനും ലക്ഷ്യമിടുന്നു.

ജലനിധി ഒന്നാംഘട്ടത്തിൽ നടപ്പാക്കിയ പദ്ധതികളുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിനായി 2019-20 സാമ്പത്തിക വർഷത്തിൽ 649 പദ്ധതികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുവേണ്ടി 55 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 210 പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നിർവ്വഹണഘട്ടത്തിലും ബാക്കിയുള്ള 439 പദ്ധതികൾ ഭരണാനുമതി നൽകുന്ന ഘട്ടത്തിലുമാണ്.

(ഡി) നദികളിൽ അനുയോജ്യമായ ഇടങ്ങൾ കണ്ടെത്തി (നദികളുടെ കരകൾ ഉയർന്നതും ശക്തവുമായ ഇടങ്ങൾ) റെഗുലേറ്ററുകളും തടയണകളും നിർമ്മിച്ച് ചെറു സംഭരണികളാക്കി മാറ്റുന്നതിനായി കിഫ്ബി, സംസ്ഥാന ബഡ്ജറ്റ്, നബാർഡ് ഫണ്ടുകൾ പ്രയോജനപ്പെടുത്തി റെഗുലേറ്ററുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ ഇരുപതോളം നദികളിലായി 28 റെഗുലേറ്ററുകൾ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ 16 എണ്ണത്തിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ ഒരു പദ്ധതിയുടെ

സാങ്കേതികാനുമതി 11-6-2019-ൽ 25.70 കോടി രൂപയ്ക്ക് ടെക്നിക്കൽ കമ്മിറ്റി നൽകുകയും ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയുമാണ്. രണ്ടാമത്തെ പദ്ധതിക്ക് 12.065 കോടി രൂപയ്ക്ക് കിഫ്ബി ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇതിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ ജൂലൈ മാസത്തോടുകൂടി പൂർത്തിയാകുന്നതാണ്. കിഫ്ബി 3 പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ടുകൾക്ക് സാങ്കേതിക അവലോകന റിപ്പോർട്ട് നൽകുകയും ആയതിന് കെ.ഐ.ഐ.ഡി.സി. മറുപടി കിഫ്ബിയിലേക്ക് സമർപ്പിക്കുകയുമുണ്ടായി. കിഫ്ബിയുടെ പരിഗണനയിലാണ്. കിഫ്ബിയിൽ നിന്നും ലഭിച്ച മൂന്ന് പദ്ധതികളുടെ സാങ്കേതിക അവലോകന റിപ്പോർട്ടുകൾക്ക് കെ.ഐ.ഐ.ഡി.സി. മറുപടി തയ്യാറാക്കി വരികയാണ്. നാല് പദ്ധതികളുടെ സാങ്കേതിക അവലോകന റിപ്പോർട്ട് കിഫ്ബിയിൽ തയ്യാറായിവരുന്നു. നാല് പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ജലസേചന വകുപ്പിൽ തയ്യാറായിവരുന്നു. ബാക്കിയുള്ള പദ്ധതികളുടെ വിശദമായ പ്രോജക്ടുകൾ തയ്യാറാക്കുന്നത് വിവിധ ഘട്ടങ്ങളിലായി ജലസേചന വകുപ്പിൽ തയ്യാറാക്കിവരുന്നു.

ഇതിനുപുറമേ ജലസേചന വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ചെങ്ങണാംകുന്ന് റെഗുലേറ്റർ-കം-ബ്രിഡ്ജ്, കൂട്ടക്കടവ് റെഗുലേറ്റർ, പാലായി വളവ് റെഗുലേറ്റർ, ബാവിക്കര റെഗുലേറ്റർ, മലങ്കര, പാലക്കടവ് റെഗുലേറ്റർ, ചമതച്ചാൽ RCB, ചിറ്റാരിക്കടവ് RCB എന്നീ പ്രധാന റെഗുലേറ്ററുകളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു.

ജലനിധിയുടെ രണ്ടാം ഘട്ടത്തിൽ വേങ്ങര പഞ്ചായത്തിൽ ബക്കിക്കയം പണ്ടികശാലയിൽ കടലുണ്ടിപ്പുഴയുടെ കുറുകെ ഒരു റെഗുലേറ്റർ നിർമ്മാണം പൂർത്തീകരിച്ചു. ഇതു മുഖേന തെന്നല പെരുമണ്ണക്ലാരി, ഓഴൂർ, വേങ്ങര, പരപ്പൂർ, ഊരകം, എടരിക്കോട് എന്നീ ജലനിധി പഞ്ചായത്തുകളിൽ 22107 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ റെഗുലേറ്റർ തിരൂരങ്ങാടി, കണ്ണമംഗലം, ഒതുക്കുങ്ങൽ, എ.ആർ. നഗർ, കോട്ടയ്ക്കൽ എന്നീ പഞ്ചായത്തുകൾക്ക് പ്രയോജനം ലഭ്യമാകുന്നതാണ്. ജലനിധിക്കുവേണ്ടി ഇറിഗേഷൻ വകുപ്പാണ് റെഗുലേറ്റർ നിർമ്മാണം നടത്തിയത്.

പാലക്കാട്, വയനാട്, പത്തനംതിട്ട, കാസർഗോഡ് എന്നീ നാല് ജില്ലകളിൽ പൈലറ്റ് പദ്ധതിയായി ബന്ധാരകളുടെ നിർമ്മാണം നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്വയംതൊഴിൽ പദ്ധതികൾ

6 (*515) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. സജി ചെറിയാൻ:
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടപ്പാക്കിവരുന്ന സ്വയംതൊഴിൽ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമിട്ട് നടപ്പാക്കിവരുന്ന ശരണ്യ പദ്ധതിയിൽ ഏതെല്ലാം വിഭാഗത്തിലുള്ളവരെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി പ്രകാരം സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം ധനസഹായമാണ് നൽകിവരുന്നതെന്ന് അറിയിക്കാമോ;

(ഡി) അസംഘടിത മേഖലയിൽ തൊഴിൽരഹിതർ ഗ്രൂപ്പായി സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്നതിനായി മൾട്ടി പർപ്പസ് സർവ്വീസ് സെന്ററുകളും ജോബ് ക്ലബ്ബുകളും രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നിലവിൽ കെസ്റു (കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്), മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ്ക്ലബ്ബ്, ശരണ്യ, കൈവല്യ എന്നീ നാല് സ്വയംതൊഴിൽ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ എന്നീ വിഭാഗത്തിലുള്ള വനിതകളെയാണ് ശരണ്യ പദ്ധതി ആരംഭിച്ച സമയത്ത് ഉൾപ്പെടുത്തിയിരുന്നത്. 28-1-2016-ലെ സ.ഉ.(പി) നമ്പർ 18/2016/തൊഴിൽ പ്രകാരം ഭിന്നശേഷിക്കാരായ വനിതകളെയും ശയ്യാവലംബരും

നിത്യരോഗികളുമായ (അക്യൂട്ട് കിഡ്നി പ്രോബ്ലം, കാൻസർ, മാനസികരോഗം, ഹീമോഫീലിയ തുടങ്ങിയവ) ഭർത്താക്കന്മാരുള്ള വനിതകളെയും ശരണ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ശരണ്യ പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് പരമാവധി 50,000 രൂപ (അൻപതിനായിരം രൂപ മാത്രം) വരെയാണ് സാധാരണഗതിയിൽ പലിശരഹിത വായ്പ അനുവദിക്കുന്നത്. എന്നാൽ പ്രോജക്ട് പരിശോധിച്ച്, ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. 50,000 രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് 3% ഫ്ലാറ്റ് നിരക്കിൽ പലിശ ഈടാക്കുന്നതാണ്. വായ്പാ തുകയുടെ 50% പരമാവധി 25,000 രൂപ സബ്സിഡിയായി അനുവദിക്കുന്നതാണ്. സംരംഭം നല്ല രീതിയിൽ നടത്തിക്കൊണ്ടുപോകുകയും ആദ്യ വായ്പയുടെ 50 ശതമാനമെങ്കിലും തിരിച്ചടച്ചവർക്ക്, സംരംഭം വിപുലീകരിക്കുന്നതിന് ആദ്യ വായ്പ തുകയുടെ 80% കവിയാത്ത തുക തുടർവായ്പയായി (ഒരിക്കൽ മാത്രം) കുറഞ്ഞ പലിശ നിരക്കിൽ അനുവദിക്കുന്നതാണ്.

(ഡി) രൂപീകരിച്ചിട്ടുണ്ട്. 29-10-2007-ലെ ജി.ഒ.(പി) 143/07/തൊഴിൽ നമ്പർ പ്രകാരം മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ് പദ്ധതി എന്ന സ്വയംതൊഴിൽ പദ്ധതി നിലവിൽവന്നിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പ അനുവദിക്കുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിലും പ്രവൃത്തി കാര്യക്ഷമതാ പരിശീലനം സിദ്ധിച്ചവർക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകാവുന്നതാണ്. പ്രായപരിധി 21-നും 45-നും മധ്യേയുള്ളതും (പിന്നാക്ക സമുദായത്തിൽപ്പെട്ടവർക്ക് 3 വർഷവും പട്ടികജാതി/പട്ടികവർഗ്ഗ/ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് 5 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കും.) കുടുംബ വാർഷിക വരുമാനം 1,00,000 രൂപയിൽ കവിയാത്തവർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓരോ ജോബ് ക്ലബ്ബിലും തെരഞ്ഞെടുക്കുന്ന തൊഴിൽ അനുസരിച്ച് 2 പേരിൽ കുറയാത്ത അംഗങ്ങൾ വീതം ഉണ്ടായിരിക്കണം. ഒരു ജോബ് ക്ലബ്ബിന് പരമാവധി 10 ലക്ഷം രൂപ വരെ വായ്പ അനുവദിക്കാവുന്നതാണ്. പദ്ധതി ചെലവിന്റെ 25% (പരമാവധി 2 ലക്ഷം രൂപ) സബ്സിഡിയായി അനുവദിക്കുന്നതാണ്. വായ്പ അനുവദിക്കുന്ന മുറയ്ക്ക് സബ്സിഡി തുക ജോബ് ക്ലബ്ബുകളുടെ ലോൺ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതാണ്. പദ്ധതി ആരംഭിച്ച് നാളിതുവരെ 14 ജില്ലകളിലായി 868 ജോബ് ക്ലബ്ബുകൾ ആരംഭിച്ചിട്ടുണ്ട്.

## ട്രൈബൽ യൂണിവേഴ്സിറ്റി

7 (*516) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആദിവാസി വിദ്യാർത്ഥികൾക്ക് നഴ്സറിതലം മുതൽ ബിരുദാനന്തര ബിരുദം വരെ പഠനവും ഗവേഷണവും നടത്താൻ വിഭാവനം ചെയ്ത ട്രൈബൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിനായി സ്ഥലം തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഇതിനോടനുബന്ധിച്ച് ട്രൈബൽ ഹോസ്റ്റൽ സ്ഥാപിക്കുവാൻ ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ&ബി) കേരളത്തിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നഴ്സറി തലം മുതൽ ബിരുദാനന്തര ബിരുദം വരെ പഠനവും ഗവേഷണവും നടത്താൻ കേരളത്തിൽ ഒരു ട്രൈബൽ യൂണിവേഴ്സിറ്റി ആരംഭിക്കുവാൻ 2012-ൽ നിർദ്ദേശം ഉണ്ടായിരുന്നു. എന്നാൽ ഇത് സ്ഥാപിക്കുന്നത് സംബന്ധിച്ച് ചർച്ചകളോ, വ്യക്തമായ പഠനമോ നടത്തിയിരുന്നില്ല. കൂടാതെ ഇതുസംബന്ധിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കിയിരുന്നില്ല.

വയനാട് ജില്ലയിലെ പെരിയ എന്ന സ്ഥലത്ത് സ്ഥലം ലഭ്യമാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം വിലയ്ക്ക് വാങ്ങാൻ ശ്രമിച്ചെങ്കിലും വസ്തു ഉടമയുടെ താത്പര്യക്കുറവുമൂലം നടന്നില്ല. പിന്നീട് മക്കിമല എന്ന സ്ഥലത്ത് സ്ഥലം കണ്ടെത്തിയിരുന്നെങ്കിലും ടി സ്ഥലം തിരുനെല്ലി മോഡൽ റസിഡൻഷ്യൽ സ്കൂളിനുവേണ്ടി കൈമാറുകയും 14-7-2015-ന് നിർമ്മാണം ആരംഭിക്കുകയും ചെയ്തിരുന്നു. കോഴിക്കോട് യൂണിവേഴ്സിറ്റിയുടെ കീഴിൽ പട്ടികവർഗ്ഗ പഠനത്തിനായുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രൈബൽ സ്റ്റഡീസ് അടക്കം നിരവധി സ്ഥാപനങ്ങൾ വിദ്യാഭ്യാസരംഗത്ത് സ്ഥാപിക്കപ്പെടുകയുണ്ടായി. ടി സാഹചര്യത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്കായി പ്രത്യേകമായി ഒരു

യൂണിവേഴ്സിറ്റി ആവശ്യമാണോ എന്നും അത് സ്ഥാപിക്കേണ്ട സ്ഥലത്തെപ്പറ്റിയും വ്യക്തമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കാത്ത സാഹചര്യത്തിൽ ടി നിർദ്ദേശം തൽക്കാലം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയായിരുന്നു.

(സി) ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിച്ചിട്ടില്ല.

## പട്ടികജാതി-പട്ടികവർഗ്ഗ വ്യവസായ സംരംഭകർ

8 (*517) ശ്രീമതി ഗീതാ ഗോപി:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ വ്യവസായ സംരംഭകരാകുന്നതിലൂടെ സമൂഹത്തിലെ ജാതി ഉച്ചനീചത്വം വലിയൊരളവുവരെ കുറയ്ക്കാൻ കഴിയുമെന്നതിനാൽ പ്രസ്തുത വിഭാഗത്തിൽപ്പെട്ട സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത വ്യവസായ സംരംഭകർക്ക് പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) സ്റ്റാർട്ട് അപ്പ് ഡ്രീംസ് എന്ന പേരിൽ നടപ്പാക്കുന്ന പദ്ധതിയുടെ വിശദവിവരങ്ങൾ അറിയിക്കുമോ;

(ഡി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള സ്റ്റാർട്ടപ്പുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുമോ എന്നറിയിക്കുമോ;

(ഇ) പട്ടികജാതി വികസന കോർപ്പറേഷൻ നടത്തുന്ന വ്യവസായ സംരംഭക പ്രോൽസാഹന നടപടികൾ അറിയിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ&ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യവസായ സംരംഭകരെ ബിസിനസ്സിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി സ്റ്റാർട്ട് അപ്പ് ഡ്രീംസ് എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

സ്റ്റാർട്ട് അപ്പ് ഡ്രീംസിൽ എൻറോൾ ചെയ്ത് പ്രവർത്തിച്ചുവരുന്ന സ്റ്റാർട്ടപ്പുകൾക്ക് സീഡ് ലോൺ ലഭ്യമാക്കുന്നതിന് റിവോൾവിംഗ് ഫണ്ട് പട്ടികജാതി വികസന വകുപ്പ് മുഖേന നൽകിവരുന്നു.

പട്ടികവർഗ്ഗ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വ്യക്തികൾക്കും സ്വയംസഹായ സംഘങ്ങൾക്കും പട്ടികവർഗ്ഗ വികസന വകുപ്പ് ധനസഹായം ചെയ്തുവരുന്നു. വ്യക്തിഗത വ്യവസായ സംരംഭങ്ങളേക്കാൾ, ഗ്രൂപ്പധിഷ്ഠിത സംരംഭങ്ങൾക്കാണ് വകുപ്പ് ധനസഹായം നൽകുന്നത്. ഗ്രൂപ്പധിഷ്ഠിത സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് വകുപ്പ് ചുവടെ സൂചിപ്പിക്കുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

1. ഗോത്രജീവിക

തൊഴിൽരഹിതരായ പട്ടികവർഗ്ഗ യുവാക്കൾക്ക് നിർമ്മാണ മേഖലയിൽ പരിശീലനം നൽകി തൊഴിലുറപ്പ് വരുത്തുന്ന പദ്ധതിയാണ് ഗോത്രജീവിക.

2. പട്ടികവർഗ്ഗ വനിതകൾക്കായുള്ള വസ്ത്രനിർമ്മാണ ശാല: അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് (ATAP):

അട്ടപ്പാടിയിൽ ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ 6 മാസത്തെ പരിശീലനം പൂർത്തീകരിച്ച 291 പട്ടികവർഗ്ഗ യുവതികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനായി അട്ടപ്പാടിയിൽ വസ്ത്രനിർമ്മാണശാല അടാപ്പ് എന്ന പേരിൽ സ്ഥാപനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

3. മില്ലറ്റ് വില്ലേജ് - അട്ടപ്പാടി

അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വികസന വകുപ്പും കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് മില്ലറ്റ് വില്ലേജ് പദ്ധതി.

4. ഗോത്ര രശ്മി

ഇടുക്കി ജില്ലയിലെ ആദിവാസി ഗോത്ര വിഭാഗങ്ങൾക്ക് ജീവിത നൈപുണ്യ വിദ്യാഭ്യാസ പദ്ധതിയിലൂടെ നേതൃരംഗത്തേക്ക് കടന്നുവരുന്നതിന് നേതൃത്വപരമായ പാടവം സൃഷ്ടിക്കുകയാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഇതിലൂടെ 60 ഗോത്ര രശ്മിഗ്രൂപ്പുകൾ രൂപീകരിച്ച് കാർഷിക സംരംഭകത്വത്തിന് സജ്ജരാക്കിയിട്ടുണ്ട്.

5. മലയടി ഗിരിജൻ സൊസൈറ്റി

മലയടി ഗിരിജൻ ഹാന്റ്ലൂം വീവേഴ്സ് ഇൻഡസ്ട്രിയൽ സഹകരണ സംഘം ക്ലിപ്തം പ്രവർത്തിക്കുന്നു. തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ ഉൾപ്പെട്ട ആദിവാസി മേഖലകൾ മുഴുവൻ സംഘത്തിന്റെ പരിധിയിലാണ്. കൈത്തറി നെയ്ത്ത് വ്യവസായം പരിപോഷിപ്പിക്കുന്നതിനും ഗിരിജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

6. അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി

കാർഷിക വ്യാവസായിക പുരോഗതി ലക്ഷ്യംവെച്ചുകൊണ്ട് അട്ടപ്പാടിയിൽ ആരംഭിച്ച അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി കാർഷിക വിളകളായ കോഫി, ഏലക്കായ, മഞ്ഞൾ, ഇഞ്ചി എന്നിവ കൃഷി ചെയ്ത് അത് വ്യാവസായിക അടിസ്ഥാനത്തിൽ വിപണനം ചെയ്തുവരുന്നു.

7. പ്രിയദർശിനി തേയിലത്തോട്ടം മാനന്തവാടി, വയനാട്

പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ നൽകുന്നതിനായി പ്രവർത്തിച്ചുവരുന്ന ഒരു വ്യാവസായിക സംരംഭമാണ് മാനന്തവാടി പ്രിയദർശിനി തേയിലത്തോട്ടം. പ്രസ്തുത സൊസൈറ്റി തേയില ഫാക്ടറിയിൽ തേയില ഉൽപ്പാദനം നടത്തി വിപണനം ചെയ്യുന്നു. 300 പട്ടികവർഗ്ഗ കുടുംബങ്ങൾ ഈ സ്ഥാപനത്തിൽ തൊഴിൽ ചെയ്യുന്നുണ്ട്.

8. ഗദ്ദിക

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സൊസൈറ്റികളായോ, കലാസംരംഭങ്ങളായോ, വ്യക്തിപരമായോ ആരംഭിച്ചിട്ടുള്ള സ്ഥാപനങ്ങളിലൂടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും ആയത് വിറ്റഴിക്കുന്നതിനുമുള്ള അവസരമൊരുക്കുകയും പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ സാംസ്കാരിക പൈതൃകം ഉയർത്തിപ്പിടിക്കുന്ന തരത്തിലുള്ള നാടൻ കലാമേളകൾ, വംശീയവൈദ്യ ചികിത്സയും അവരുടെ ഗോത്രരീതിയിലുള്ള നാടൻഭക്ഷ്യരീതിയും അവർക്കുള്ള പവലിയനുകൾ, മെഗാ ഷോകൾ തുടങ്ങിയവ സംഘടിപ്പിക്കുക എന്നതാണ് ഗദ്ദിക 2019-20 എന്ന പ്രദർശന വിപണനമേള ലക്ഷ്യം വയ്ക്കുന്നത്.

9. ക്ഷീരവ്യവസായ സംരംഭങ്ങൾ

പട്ടികവർഗ്ഗക്കാർക്ക് സ്ഥിരം വരുമാനം ലഭിക്കുക എന്ന ലക്ഷ്യംവച്ച് മിൽമയുമായി സഹകരിച്ച് വിവിധ ക്ഷീരവ്യവസായ യൂണിറ്റുകൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്. പാലും, പാലുല്പന്നങ്ങളും ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുക എന്നതാണ് പ്രസ്തുത ക്ഷീര വ്യവസായ സംരംഭത്തിന്റെ ലക്ഷ്യം.

10. പട്ടികവർഗ്ഗ സഹകരണ ഫെഡറേഷനുള്ള ധനസഹായം

പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വനവിഭവശേഖരണത്തിനും വിപണനത്തിനുമായി പ്രവർത്തിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന്റെ പ്രവർത്തനങ്ങൾക്കായി ധനസഹായം നൽകുന്നുണ്ട്. പട്ടികവർഗ്ഗ ഫെഡറേഷന്റെ കീഴിലുള്ള ആയുർധാര എന്ന സ്ഥാപനം വാങ്ങുന്ന അസംസ്കൃത സാധനങ്ങൾ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിൽ നിന്ന് വാങ്ങുന്നതിലൂടെ ആ സംഘങ്ങൾക്ക് പ്രയോജനം ലഭിക്കുന്നു. ഇതിനു പുറമേ വകുപ്പുകളുടെയും പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെയും വിവിധ സ്വയം തൊഴിൽ പദ്ധതികൾ നിലവിലുണ്ട്.

(സി) കേരള സ്റ്റാർട്ടപ്പ് മിഷന്റെ കീഴിൽ തിരുവനന്തപുരം മണ്ണന്തലയിൽ പട്ടികജാതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ട്പ്പ് ഡ്രീംസിൽ സംരംഭക പരിശീലനവും ഇൻക്യുബേഷനും നടന്നുവരുന്നു. എൻറോൾ ചെയ്ത് പ്രവർത്തിച്ചുവരുന്ന സ്റ്റാർട്ടപ്പുകൾക്ക് പലിശരഹിത സീഡ് ലോൺ ലഭ്യമാക്കുന്നതിന് റിവോൾവിംഗ് ഫണ്ട് ഇനത്തിൽ 2018-19 സാമ്പത്തിക വർഷം മുതൽ 5 വർഷത്തേക്ക് 2 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

(ഡി) ഏത് ജില്ലയിൽനിന്നുള്ള സംരംഭകരെയും സ്റ്റാർട്ടപ്പ് ഡ്രീംസിൽ പരിശീലിപ്പിക്കുന്നതാണ്.

(ഇ) കേരള സംസ്ഥാന/പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കാനുതകുന്ന വിധത്തിൽ 50,000 രൂപ മുതൽ 50 ലക്ഷം രൂപ വരെ പദ്ധതിത്തുകയുള്ള വിവിധ സ്വയംതൊഴിൽ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നുണ്ട്. ഇവയിൽ വായ്പാത്തുക 5 ലക്ഷത്തിന് താഴെ വരുന്ന പദ്ധതികൾക്ക് 6 ശതമാനവും 5 ലക്ഷമോ അതിനു മുകളിലോ പദ്ധതിത്തുകയുള്ളവയ്ക്ക് 8 ശതമാനവും പലിശ നിരക്കാണ് ബാധകമായിട്ടുള്ളത്. വ്യവസായ സംരംഭകർക്ക് പദ്ധതികളെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനായി 2018-19 സാമ്പത്തിക വർഷം നാഷണൽ സ്മാൾ ഇൻഡസ്ട്രീസ് കോർപ്പറേഷനുമായി ചേർന്ന് വിവിധ സ്ഥലങ്ങളിൽ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി പട്ടികജാതിയിൽപ്പെട്ട മികച്ച സംരംഭകരെ ആദരിക്കുകയുമുണ്ടായി. മാത്രമല്ല സ്റ്റാർട്ടപ്പ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി 6 ശതമാനം പലിശ നിരക്കിൽ പരമാവധി 50 ലക്ഷം രൂപ വായ്പ അനുവദിക്കുന്നതുമാണ്.

## മാളുകളിലെ തൊഴിൽ നിയമ ലംഘനങ്ങൾ

9 (*518) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ഡോ. എം. കെ. മുനീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാളുകളിൽ തൊഴിൽ നിയമങ്ങൾ ലംഘിക്കുന്നതായ റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ തൊഴിൽ വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പരിശോധനയിൽ നിയമലംഘനം നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; അറിയിക്കുമോ;

(ഡി) മാളുകളിൽ തൊഴിൽ നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഉണ്ട്.

(ബി&സി) തൊഴിൽ വകുപ്പ് പരിശോധന നടത്തിയിട്ടുണ്ട്. തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സംസ്ഥാന വ്യാപകമായി 15-6-2019-ന് മാളുകളിൽ സ്പെഷ്യൽ ഡ്രൈവ് പരിശോധന നടത്തിയിരുന്നു. 139 സ്ഥാപനങ്ങളിൽ നടത്തിയ പരിശോധനയിൽ നിയമ ലംഘനങ്ങൾ കണ്ടെത്തിയ 136 സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) തൊഴിൽ വകുപ്പിലെ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാരുടെ നേതൃത്വത്തിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. മിനിമം വേതനം നൽകാത്ത കേസ്സുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നു.

കൂടാതെ മാളുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214, 180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്. ഹെൽപ്പ് ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതാത് ഇൻസ്പെക്ടർമാർ യഥാസമയം അതിന്മേൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## പഠനം ഉപേക്ഷിക്കുന്ന പട്ടികവിഭാഗ വിദ്യാർത്ഥികൾ

10 (*520) ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. പി. കെ. ബഷീർ:

ശ്രീ. അബ്ദുൽ ഹമീദ്. പി.:

ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ കോഴ്സ് പൂർത്തിയാക്കാതെ പഠനം ഉപേക്ഷിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇപ്രകാരം പഠനം ഉപേക്ഷിക്കുന്ന വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ചില വിദ്യാർത്ഥികൾ കോഴ്സ് പൂർത്തിയാക്കാതെ പഠനം ഉപേക്ഷിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനും പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും പരാജയപ്പെട്ട പേപ്പറുകളിൽ വിജയിക്കുന്നതിനും പട്ടികജാതി വികസന വകുപ്പിന്റെ നേതൃത്വത്തിൽ IHRD-യുടെ നിയന്ത്രണത്തിലുള്ള മോഡൽ ഫിനിഷിംഗ് സ്കൂൾ മുഖേന Remedial Coaching നൽകുന്ന പദ്ധതി 2017-18 മുതൽ നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സംസ്ഥാനത്തെ 12 ഗവ./എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ കേന്ദ്രീകരിച്ച്

എഞ്ചിനീയറിംഗ് (Btech)-ന് പഠിച്ചുകൊണ്ടിരിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നൽകുന്ന പദ്ധതിക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

എം.ബി.ബി.എസ്., ബി.വി.എസ്‌സി. എന്നീ പ്രൊഫഷണൽ കോഴ്സുകൾക്ക് സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഒരിക്കൽ പരാജയപ്പെട്ടതിനുശേഷം വീണ്ടും പഠിക്കേണ്ടി വരുമ്പോൾ ഒരേ ക്ലാസ്സിൽ മൂന്ന് പ്രാവശ്യം വരെ റിപ്പീറ്റ് ചെയ്യുന്നതിന് ലംപ്സം ഗ്രാന്റ് ഒഴികെയുള്ള ആനുകൂല്യം അനുവദിക്കുന്നുണ്ട്. സ്വാശ്രയ മേഖലയിൽ പഠിച്ച് എം.ബി.ബി.എസ്. കോഴ്സിന് വിജയിക്കാത്തവർക്ക് മൂന്ന് പ്രാവശ്യം പരീക്ഷ യെഴുതുന്നതിന് 50 ശതമാനം നിരക്കിൽ ഫീസ് ആനുകൂല്യവും ലംപ്സം ഗ്രാന്റ് ഒഴികെയുള്ള മറ്റ് ആനുകൂല്യങ്ങളും അനുവദിച്ചുവരുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ബി-ടെക് കോഴ്സ് പൂർത്തിയാക്കാത്തതോ പരീക്ഷയിൽ പരാജയപ്പെട്ടവരോ ചില വിഷയങ്ങളിൽ പരീക്ഷകൾ എഴുതുവാൻ ബാക്കിയുള്ളവരോ ആയ വിദ്യാർത്ഥികൾക്ക് ഐ.എച്ച്.ആർ.ഡി. മോഡൽ ഫിനിഷിംഗ് സ്കൂൾ മുഖേന പ്രത്യേക കോച്ചിംഗ് നൽകി പരീക്ഷ എഴുതിക്കുന്നതിന് 89,23,000 രൂപയുടെ സമുന്നതി പദ്ധതി ആരംഭിച്ചിട്ടുണ്ട്.

## ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം

11 (*521) ശ്രീ. പി. ടി. തോമസ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കിവരുന്ന ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോഗ്രാമിൽ (ഡ്രിപ്) നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്;

(ബി) ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ഡാമുകളുടെ ഡാം ബ്രേക്കിംഗ് അനാലിസിസ് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ കരട് എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഇത് അംഗീകാരത്തിനായി കേന്ദ്ര ജലകമ്മീഷന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ ഡാമുകളുടെ ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് മാന്വൽ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) ഡാമുകളുടെ ജലനിരപ്പ് നിരന്തരം നിരീക്ഷണ വിധേയമാക്കുന്നതിനും അവ തുറന്നുവിടുന്നതിന് മുമ്പ് വ്യക്തമായ മുന്നറിയിപ്പ് നൽകുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) ഡാമുകളുടെ പ്രധാന അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 2012-ൽ കേന്ദ്ര ജലകമ്മീഷന്റെ മേൽനോട്ടത്തിൽ ലോക ബാങ്ക് സഹായത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട്, ഡാമുകളുടെ പുനരുദ്ധാരണ പണികൾ, Institutional Strengthening, Project Management എന്നീ 3 Components ആണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീൻകര, കാഞ്ഞിരപ്പുഴ, മലങ്കര, ചിമ്മിണി, പഴശ്ശി ബാരേജ്, പെരിയാർ വാലി (ഭൂതത്താൻ കെട്ട്), മൂലത്തറ റെഗുലേറ്റർ, കല്ലട, വാഴാനി, പീച്ചി, നെയ്യാർ, വാളയാർ, കുറ്റ്യാടി തുടങ്ങിയ 16 ഡാമുകൾ/ബാരേജുകൾ/ റെഗുലേറ്ററുകളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഡാമുകളുടെ അടിസ്ഥാന സൗകര്യവികസനം, കാര്യക്ഷമത എന്നിവ പരമാവധി പുനഃസ്ഥാപിച്ച് സുരക്ഷിതമായി നിർത്തുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. ഇതിലേക്കായി 360 കോടി രൂപയുടെ ഭരണാനുമതി 29-1-2016-ലെ സ.ഉ.(കൈ) നമ്പർ 7/2016/ജ.വി.വ പ്രകാരം നൽകുകയുണ്ടായി. 2018 ജൂണിൽ അവസാനിക്കേണ്ടിയിരുന്ന DRIP പദ്ധതി രണ്ട് വർഷം കൂടി നീട്ടി 2020 ജൂണിൽ പൂർത്തീകരിക്കേണ്ടതാണ്. ഇതിൽ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ പണികളും എല്ലാ ഡാമുകളുടെയും സർവ്വെയലൻസ്, ഇൻസ്ട്രുമെന്റേഷൻ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്.

Institutional Strengthening-ൽ തിരുവനന്തപുരത്തെ Dam Safety Head Quarters നിർമ്മാണവും കാര്യാലയത്തിന് ആവശ്യമായ ഉപകരണങ്ങൾ, വാഹനങ്ങൾ എന്നിവ വാങ്ങുന്നതിനും ഉദ്യോഗസ്ഥർക്ക് ആവശ്യമായ ട്രെയിനിംഗുകൾ നടത്താനുമുള്ള അനുമതിയും ഉൾപ്പെടുന്നു.

Project Management-ൽ പദ്ധതിയുടെ പുരോഗതി വിലയിരുത്തൽ (Physical and Financial) വാർഷിക പദ്ധതിയുടെ രൂപരേഖ നിർമ്മിക്കൽ, 3rd പാർട്ടി കൺസ്ട്രക്ഷൻ സൂപ്പർവിഷൻ, ഗുണമേന്മ ഉറപ്പുവരുത്തൽ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ഡാമുകളുടെ Emergency Action Plan (EAP) Operation and Maintenance Manual ട്രെയിനിംഗുകൾ എന്നിവ CWC നൽകുന്നു. ഡാമുകളെ സംബന്ധിച്ച ഒരു ഡാറ്റാ ബാങ്ക് Dam Health And Rehabilitation Monitoring Application (DHARMA) എന്ന CWC-യുടെ പോർട്ടലിൽ പ്രസിദ്ധീകരിക്കാനായി തയ്യാറാക്കിവരുന്നു. ഇത് ഏകദേശം 80% പൂർത്തിയാക്കിയിട്ടുണ്ട്.

കൂടാതെ DRIP PHASE-I ൽ ഉൾക്കൊള്ളിക്കാൻ കഴിയാതിരുന്ന (പമ്പ, മംഗലം, കാരാപ്പുഴ) പ്രവൃത്തികളും ബാക്കി ഡാമുകളും ഉൾപ്പെടുത്തി 165.9 കോടി രൂപയുടെ പുനരുദ്ധാരണ പ്രൊപ്പോസൽ DRIP PHASE II-ൽ ഉൾക്കൊള്ളിക്കാൻ Central Water Commission-ന് സമർപ്പിച്ചിട്ടുണ്ട്. ഇതിന് തത്വത്തിൽ അംഗീകാരം ലഭിക്കുകയുണ്ടായി. നിർദ്ദേശങ്ങൾ നൽകാനുള്ള വിദഗ്ദ്ധരുടെ ഒരു പാനൽ (Dam Safety Review Panel) ന് സർക്കാരിൽ നിന്ന് അനുമതി നൽകിയിട്ടുണ്ട്. ടി സംഘം ഡാമുകൾ സന്ദർശിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതാണ്.

(ബി&സി) ജലവിഭവ വകുപ്പിന്റെ കീഴിലുള്ള 16 ഡാമുകളിൽ 14 ഡാമുകളുടെ ഡാം ബ്രേക്ക് അനാലിസിസ് (Inundation Map) CWC നൽകിയതിൽ 8 ഡാമുകളുടെ (നെയ്യാർ, മലങ്കര, മലമ്പുഴ, കുറ്റ്യാടി, വാളയാർ, പോത്തുണ്ടി, വാഴാനി, പഴശ്ശി) കരട് എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ 4 എണ്ണം കേന്ദ്ര ജലകമ്മീഷന് സമർപ്പിച്ചു. 4 എണ്ണം പൂർത്തിയായി സമർപ്പിക്കാൻ നടപടികൾ എടുത്തുവരുന്നു. 6 ഡാമുകളുടെ (പീച്ചി, ചീമേനി, കല്ലട, കാഞ്ഞിരപ്പുഴ, ചിറ്റൂർ, മീൻകര) EAP തയ്യാറാക്കൽ അന്തിമഘട്ടത്തിലാണ്. നെയ്യാർ, മലങ്കര, മലമ്പുഴ, കുറ്റ്യാടി എന്നീ ഡാമുകളുടെ EAP ഡാം സേഫ്റ്റി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ വേണ്ടി കേന്ദ്ര ജല കമ്മീഷനിൽ സമർപ്പിച്ചിട്ടുണ്ട്.

(ഡി) നെയ്യാർ, കല്ലട, മലങ്കര, പെരിയാർവാലി, പീച്ചി, ചിമ്മിനി, ചുള്ളിയാർ, മണിയാർ, മലമ്പുഴ, വാഴാനി, കുറ്റ്യാടി എന്നിവയുടെ ഡ്രാഫ്റ്റ് ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് മാന്വൽ തയ്യാറാക്കിയിട്ടുണ്ട്. അവ കേന്ദ്ര ജല കമ്മീഷനിൽ സമർപ്പിക്കാനുള്ള നടപടികൾ എടുത്തുവരുന്നു. ബാക്കിയുള്ള 8 എണ്ണത്തിന്റെ (വാളയാർ, പഴശ്ശി, കാഞ്ഞിരപ്പുഴ, മീങ്കര, പോത്തുണ്ടി, മൂലത്തറ, കാരാപ്പുഴ, മംഗലം) ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് മാന്വൽ തയ്യാറാക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് കേന്ദ്ര ജല കമ്മീഷന് സമർപ്പിച്ച് അംഗീകാരം വാങ്ങുന്നതാണ്.

(ഇ) ജലസേചന വകുപ്പിന് കീഴിലുള്ള ഡാമുകളിൽ എല്ലാ ദിവസവും നിരന്തരമായി നിരീക്ഷിക്കുകയും വിശദമായ ജലനിരപ്പും ജലസംഭരണശേഷിയും രേഖപ്പെടുത്താറുമുണ്ട്. ഓരോ ഡാമും പ്രവർത്തിക്കേണ്ട നിലവിലുള്ള റൂപരേഖ അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. നിലവിലുള്ള റൂപരേഖ അനുസരിച്ച് ഓരോ ഡാമിലും എത്ര അളവിൽ ജലം നിറയ്ക്കാവുന്നതാണെന്നും ഏതളവിൽ ജലം തുറന്നു വിടേണ്ടതാണെന്നുമുള്ള മാനദണ്ഡങ്ങളുണ്ട്. ഇതനുസരിച്ചാണ് ഡാമുകൾ പ്രവർത്തിക്കുന്നത്.

## അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി

12 (*522) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ നിറവേറ്റുന്നതിനും സാമ്പത്തിക സാമൂഹ്യ വികസന പ്രവർത്തനങ്ങൾക്കുമായി അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം എത്ര സങ്കേതങ്ങളുടെ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നുവെന്ന് അറിയിക്കാമോ; ഭൂരഹിത പട്ടികഗോത്ര വർഗ്ഗക്കാരുടെ പുനരധിവാസത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാ മാണെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടികഗോത്ര വർഗ്ഗക്കാരുടെ സാംസ്കാരികത്തനിമ നിലനിർത്തി ക്കൊണ്ടുതന്നെ സാംസ്കാരികോദ്ഗ്രഥനം സാധ്യമാക്കുന്നതിന് ഉപയുക്തമായ രീതിയിലാണോ കൊച്ചിയിലെ ആദിവാസി സാംസ്കാരിക സമുച്ചയം സ്ഥാപിച്ചിരിക്കുന്നത്; വിശദമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം 2017-18 വർഷം 101 കോളനികളെ തെരഞ്ഞെടുത്തിരുന്നു. അതിൽ 42 കോളനികളിലെ നിർമ്മാണ പ്രവർത്തനത്തിനുള്ള മൊബിലൈസേഷൻ അഡ്വാൻസ് അനുവദി ച്ചിട്ടുണ്ട്. 36 കോളനികളിൽ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിനായി ആദിവാസി പുനരധിവാസ വികസന മിഷൻ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഭൂരഹിതരായിട്ടുള്ള 10943 കുടുംബങ്ങൾക്ക് ഭൂമി നൽകി പുനരധിവസിപ്പിക്കുക എന്നതാണ് ടി.ആർ.ഡി.എം.-ന്റെ പ്രധാന ലക്ഷ്യം. ഇതിലേക്കായി നിക്ഷിപ്ത വനഭൂമി, വനാവകാശനിയമപ്രകാരം ആർ.ഒ.ആർ. രേഖ നൽകുക, വിലകൊടുത്ത് ഭൂമി വാങ്ങി നൽകുക എന്നിവയിലൂടെ ലക്ഷ്യം കൈവരിക്കാനാണുദ്ദേശിക്കുന്നത്.

സംസ്ഥാനത്ത് നാളിതുവരെ 9781 പേർക്ക് 11378 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. അതിൽ റവന്യൂ ഭൂമി, പ്രോജക്ട് ഭൂമി, നിക്ഷിപ്ത വനഭൂമി എന്നിവ ഉൾപ്പെടുന്നു. ഇതിനു പുറമേ വനാവകാശ നിയമപ്രകാരം 25825 പേർക്ക് 34565.76 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖ നൽകിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം 430 പേർക്ക് 163.73 ഏക്കർ ഭൂമി വിതരണം നടത്തി (ഇതിൽ വയനാട് ജില്ലയിൽ 147 പേർക്ക് 10 സെന്റ് വീതം 14.7 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്). വനാവകാശനിയമപ്രകാരം 830 പേർക്ക് 1493 ഏക്കർ ഭൂമിയുടെ കൈവശാവകാശരേഖ നൽകി. കൂടാതെ 1593 കുടുംബങ്ങൾക്ക് 1326.46 ഏക്കർ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്തു.

2013-ൽ ആരംഭിച്ച ഭൂമി വാങ്ങി നൽകുന്ന പദ്ധതി (ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം) നടപ്പിലാക്കിയതിൽ വ്യാപക പരാതികൾ ഉണ്ടായതിനെ തുടർന്ന് ഈ സർക്കാർ പദ്ധതി പുനഃപരിശോധിച്ച് ഭൂമി വാങ്ങി നൽകുന്ന പദ്ധതി സുതാര്യമായി അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ലഭിക്കണമെന്ന ഉദ്ദേശ്യത്തോടെ ലാന്റ് ബാങ്ക് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ജില്ലാ കളക്ടർമാർ മുഖേന നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് വിൽപ്പനയ്ക്ക് തയ്യാറുള്ളവരിൽനിന്നും കണ്ടെത്തുന്ന ഭൂമി രണ്ട് തലങ്ങളിലുള്ള ഫീൽഡ് പരിശോധന നടത്തി വിലനിർണ്ണയം നടത്തി വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വാങ്ങി ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതാണ് ഈ പദ്ധതി. ടി പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതിയിൻകീഴിൽ വിവിധ ജില്ലകളിൽ (കണ്ണൂർ, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ഒഴികെ) 690 ഭൂ ഉടമകളിൽ നിന്നും 1674.77 ഏക്കർ ഭൂമി വിൽപ്പനയ്ക്ക് തയ്യാറാണെന്നുള്ള ഓഫറുകൾ ലഭിച്ചിട്ടുണ്ട്. ടി ഭൂമിയിൽ വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വാങ്ങി വിതരണം ചെയ്യുന്നതിനുള്ള തുടർനടപടി നടന്നുവരുന്നു. ടി പദ്ധതിയിൻകീഴിൽ വയനാട് ജില്ലയിൽ 2018-19 സാമ്പത്തിക വർഷം 147 പേർക്ക് 10 സെന്റ് വീതം ഭൂമി വാങ്ങി നൽകിയിട്ടുണ്ട്.

(ബി) അതെ.

കേരളത്തിലെ പട്ടികഗോത്രസമൂഹങ്ങളുടെ സാംസ്കാരികത്തനിമ വിളിച്ചോതുന്ന പരമ്പരാഗത കലാരൂപങ്ങൾ സംരക്ഷിക്കുകയും അവ അതിന്റെ പൂർണ്ണതയിൽ ലോകത്തിന് മുന്നിൽ കാട്ടിക്കൊടുക്കുകയുമെന്നത് ആദിവാസി സാംസ്കാരിക സമുച്ചയത്തിന്റെ പ്രാഥമിക ലക്ഷ്യങ്ങളിൽ ഒന്നാണ്. ആദിവാസികളുടെ സാംസ്കാരിക ചരിത്രത്തിൽ നിന്നും അന്യം നിന്നുപോയ പല നാടൻ കലാരൂപങ്ങൾക്കും പ്രത്യേക പ്രാധാന്യം നൽകി അവയുടെ പകിട്ട് നഷ്ടപ്പെടാതെ പൊതു വേദികളിൽ കൊണ്ടുവന്ന് കൂടുതൽ പ്രചാരം നൽകുന്നതിന് ഇതിലൂടെ സാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗക്കാർ ശേഖരിക്കുന്നതും ഉൽപ്പാദിപ്പിക്കുന്നതുമായ ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനും കൂടിയുള്ള ഒരു സ്ഥിരം വേദിയായി സാംസ്കാരികസമുച്ചയം മാറ്റണമെന്നുള്ള ലക്ഷ്യവും ഉണ്ട്. കേരളത്തിലെ ഗോത്രവർഗ്ഗജനതയുടെ കലയും സംസ്കാരവും പാരമ്പര്യ തൊഴിലുകളും സമന്വയിപ്പിക്കുക വഴി ഒരു പൈതൃക ടൂറിസം കേന്ദ്രമായി സാംസ്കാരിക സമുച്ചയം ലോക ഭൂപടത്തിൽ ഇടംപിടിക്കുമെന്നും പ്രതീക്ഷിക്കുന്നു. ഗോത്രവർഗ്ഗ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായുള്ള സ്ഥിരം സംവിധാനം സ്ഥാപിക്കുക വഴി പട്ടികവർഗ്ഗ മേഖലയിൽ ഒരു തൊഴിൽ സംരംഭം തുറന്ന് നൽകാൻ ഇതിലൂടെ കഴിയുമെന്നതും പ്രധാന നേട്ടമാകും. പട്ടികവർഗ്ഗക്കാരുടെ തനത് കലകൾ അവതരിപ്പിക്കുന്നതിനുള്ള വേദിയായി ഇപ്പോൾ ഗദ്ദിക എന്ന സാംസ്കാരിക പരിപാടി മാത്രമാണുള്ളത്. വർഷത്തിൽ രണ്ട് തവണ നടക്കുന്ന ഇത്തരം ഗോത്രകലാമേളകളിൽ മാത്രം കലാരൂപങ്ങൾ ഒതുങ്ങി പോകുന്നത് ഒഴിവാക്കുന്നതിന് ഗോത്ര സാംസ്കാരിക കേന്ദ്രത്തിന്റെ പ്രവർത്തനം വഴി സാധിക്കും. ഇത്തരത്തിൽ പട്ടികഗോത്രവർഗ്ഗക്കാരുടെ സാംസ്കാരികത്തനിമ നിലനിർത്തി സാംസ്കാരികോദ്ഗ്രഥനം സാധ്യമാക്കുന്നതിനായിട്ടാണ് സാംസ്കാരിക സമുച്ചയം സ്ഥാപിച്ചിരിക്കുന്നത്.

## വൻകിട, ഇടത്തരം ജലസേചന പദ്ധതികളുടെ അവലോകനം

13 (*523) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന വൻകിട, ഇടത്തരം ജലസേചന പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) ഇതിനായി രൂപം നൽകിയ പ്രത്യേക ഉന്നതതല സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തൊക്കെയാണ്;

(സി) ജല അതോറിറ്റി ശുചീകരിച്ച് വിതരണം ചെയ്യുന്ന വെള്ളത്തിന്റെ നല്ലൊരു ശതമാനം പാഴാകുന്ന സാഹചര്യം പരിഗണിച്ച് അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജലവിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെങ്കിലും കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) ഉണ്ട്.

(ബി) ഉണ്ട്. പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ അനുബന്ധം ആയി ചേർക്കുന്നു.*

(സി) ശുചീകരിച്ച് വിതരണചെയ്യുന്ന വെള്ളം പാഴാകാതിരിക്കാൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. പ്രധാന ലൈനുകളിലും ഉപലൈനുകളിലും പുറമേ കാണാത്ത രീതിയിൽ ഉണ്ടാകുന്ന ചോർച്ച കണ്ടെത്തുന്നതിനായി ലീക്ക് ഡിറ്റക്ഷൻ ആൻഡ് സർവ്വെയലൻസ് സ്ക്വാഡുകൾ കേരള വാട്ടർ അതോറിറ്റിയിൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി സ്റ്റേറ്റ് പ്ലാൻ 2017-18-ൽ ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

2. കൂടാതെ ഗ്രൗണ്ട് മൈക്രോഫോൺ ഉപയോഗിച്ച് ചോർച്ച കണ്ടെത്തി പരിഹരിക്കുന്നുണ്ട്.

3. പ്രധാന ലൈനുകളിൽ സംശയിക്കപ്പെടുന്ന ലീക്കുകൾ കണ്ടെത്തുവാനായി ഫ്ലോ മീറ്ററുകൾ ഉപയോഗിച്ചുള്ള മെഷർമെന്റുകളും അടിയന്തര സാഹചര്യങ്ങളിൽ ഉപയോഗപ്പെടുത്താറുണ്ട്.

4. പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന വിവരങ്ങളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ ലീക്കുകൾ കണ്ടെത്തി പരിഹരിക്കുന്നു.

5. ജലവിതരണ ശൃംഖലയിലെ ചോർച്ച വഴിയുള്ള ജലനഷ്ടം കുറയ്ക്കുന്നതിന് വിതരണശൃംഖലയിലെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നടത്തിവരുന്നു. ഇതിനായി എല്ലാ ഡിവിഷൻ ഓഫീസുകളുടെ കീഴിലും റണ്ണിംഗ് കോൺട്രാക്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

6. തിരുവനന്തപുരം നഗരത്തിൽ ജലച്ചോർച്ച അടിയന്തരമായി പരിഹരിക്കുന്നതിലേക്കായി 2010 മുതൽ ബ്ലൂ ബ്രിഗേഡ് സംവിധാനവും പ്രവർത്തിച്ചുവരുന്നു.

7. ജലമോഷണം തടയുന്നതിനുവേണ്ടി ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. അമൃത്, കിഫ്ബി എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി കാലപ്പഴക്കമുള്ള പൈപ്പുകൾ മാറ്റി സ്ഥാപിച്ചുവരുന്നു.

(ഡി) എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ലക്ഷ്യമിട്ട് കേരള വാട്ടർ അതോറിറ്റിയിൽ നബാർഡ്, സ്റ്റേറ്റ് പ്ലാൻ, എൻ.ആർ.ഡി.ഡബ്യൂ.പി, അമൃത്, കിഫ്ബി മുതലായ ശീർഷകങ്ങളിലായി വിവിധ ജലവിതരണ പദ്ധതികൾ നടത്തിവരുന്നു. പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ സ്ഥലലഭ്യത ഉറപ്പാക്കുന്നതിനുവേണ്ടി ജനപ്രതിനിധികളുടെയും സർക്കാർ വകുപ്പുകളുടെയും തലത്തിൽ അവലോകന യോഗങ്ങൾ നടത്തി പരിഹാര നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ റോഡ് കട്ടിംഗുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ അനുമതി ലഭിക്കുന്നതിനുള്ള കാലതാമസവും അതിന്റെ എസ്റ്റിമേറ്റിലുള്ള വർദ്ധനവും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. നബാർഡ്, കേന്ദ്രാവിഷ്കൃത പദ്ധതികൾ, കിഫ്ബി, അമൃത് എന്നീ ശീർഷകങ്ങളിൽ നടക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തിവരുന്നു. പുതിയ പദ്ധതികളുടെ ജോലിഭാരം കണക്കിലാക്കി താൽക്കാലികമായി പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ച് പദ്ധതികൾ സമയബന്ധിതമായി തീർപ്പാക്കിവരുന്നു. കൂടാതെ പദ്ധതികളുടെ സുഗമമായ നടത്തിപ്പിനായി താൽക്കാലികമായി ബാങ്കിൽനിന്നും ഓവർ ഡ്രാഫ്റ്റ് സൗകര്യം ലഭ്യമാക്കി കരാറുകാരുടെ ബില്ലുകൾ തീർത്തുവരികയും സർക്കാരിൽനിന്നും കേന്ദ്ര/സംസ്ഥാന ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഈ തുക തിരിച്ച് അടയ്ക്കുകയും ഇതുമൂലം പദ്ധതി പ്രവൃത്തികൾ തടസ്സം കൂടാതെ നടപ്പിലാക്കിവരുന്നു.

**മയക്കുമരുന്നുകളുടെ വ്യാപനം നിയന്ത്രിക്കുന്നതിന് നടപടി**

14 (*524) <u>ശ്രീ. വി. ജോയി:</u>
<u>ശ്രീ. എ. എൻ. ഷംസീർ:</u>
<u>ശ്രീ. പി. ടി. എ. റഹീം:</u>
<u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്നുകളുടെ ഉറവിടം കണ്ടെത്തി അവയുടെ വ്യാപനം തടയുന്നതിന് എക്സൈസ് സ്പെഷ്യൽ സ്ക്വാഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ആധുനിക യന്ത്രോപകരണങ്ങൾ ഉൾപ്പെടെ സ്ഥാപിച്ചുകൊണ്ട് ചെക്ക്പോസ്റ്റുകളെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ലഹരിക്കടിമപ്പെട്ടവരെ അതിൽനിന്ന് പിന്തിരിപ്പിക്കാനും ലഹരിയുടെ വിപത്തിനെക്കുറിച്ച് ബോധവൽക്കരണം ശക്തിപ്പെടുത്തി ലഹരിവർജ്ജന പ്രവർത്തനം ഫലപ്രദമാക്കുന്നതിനും കൊല്ലം ജില്ലയിലെ വിമുക്തി സേന മാതൃക സംസ്ഥാനത്താകെ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ലഹരിക്കടിമപ്പെട്ടവർക്ക് കൗൺസിലിംഗിനും ലഹരി വിമുക്തി ചികിത്സയ്ക്കും ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തെല്ലാമാണ് എന്നറിയിക്കാമോ;

(ഇ) അശാസ്ത്രീയ ലഹരിവിമുക്തി ചികിത്സാരീതി പിന്തുടരുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) മയക്കുമരുന്നുകളുടെ ഉറവിടം കണ്ടെത്തി അവയുടെ വ്യാപനം തടയുന്നതിന് 14 ജില്ലകളിലും ഓരോന്നുവീതം എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡും ഇടുക്കി ജില്ലയിൽ അടിമാലി കേന്ദ്രീകരിച്ച് ഒരു നാർകോട്ടിക് എൻഫോഴ്സ്മെന്റ് സ്ക്വാഡും നിലവിൽ പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ സ്പിരിറ്റും മറ്റ് മയക്കുമരുന്നുകളും കണ്ടു പിടിക്കുന്നതിനായി സംസ്ഥാനമൊട്ടാകെ കേസ് എടുക്കുവാനുള്ള അധികാര ത്തോടുകൂടി എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഒരു സ്പെഷ്യൽ സ്ക്വാഡും ദക്ഷിണമേഖല, മദ്ധ്യമേഖല, ഉത്തരമേഖല എന്നിവ കേന്ദ്രീകരിച്ച് എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ മൂന്ന് മേഖലാ സ്പെഷ്യൽ സ്ക്വാഡുകളും രൂപീകരിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ ആകെയുള്ള 41 ചെക്ക്പോസ്റ്റുകളിൽ പ്രധാനപ്പെട്ട 14 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സി.സി.ടി.വി. സംവിധാനം ഏർപ്പെടുത്തി. 20 ചെക്ക് പോസ്റ്റുകൾ കംമ്പ്യൂട്ടർവൽക്കരിച്ചു. 27 ചെക്ക്പോസ്റ്റുകളിൽ മോട്ടോർ ബൈക്കുകൾ വിതരണം ചെയ്തു. 25 ചെക്ക്പോസ്റ്റുകളിൽ സോളാർ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചു. എല്ലാ ചെക്ക്പോസ്റ്റുകളിലും 1 കെ.വി. ഇൻവെർട്ടറുകൾ, ഡിജിറ്റൽ എൽ.ഇ.ഡി സൈൻബോർഡ് എന്നിവ സ്ഥാപിച്ചു.

(സി) വിമുക്തി സേന എന്ന ആശയം സംസ്ഥാനത്തുടനീളം പ്രായോഗികമാക്കുന്നത് ഗുണകരമായിരിക്കുമെന്നുള്ളതുകൊണ്ട് സംസ്ഥാന തലത്തിൽ ഒരു പ്രത്യേക ഘടനയോടുകൂടി വിമുക്തി സേന രൂപീകരിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

(ഡി) ലഹരിക്കടിമപ്പെട്ടവർക്കും ലഹരിയുടെ പാതയിലേക്ക് വഴുതിപോകാൻ ഇടയുള്ളവർക്കും പരിചരണവും കരുതലും ആവശ്യമാണെന്ന ഉത്തമ ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നുണ്ട്.

ലഹരിക്ക് അടിമപ്പെട്ടവരെ സാധാരണ ജീവിതത്തിലേക്ക് തിരികെ യെത്തിക്കുന്നതിനായി വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് പതിനാല് ജില്ലകളിലും സർക്കാർ ആശുപത്രികളിൽ ഡീ-അഡിക്ഷൻ സെന്ററുകൾ പ്രവർത്തനം നടത്തിവരുന്നുണ്ട്.

(ഇ) അശാസ്ത്രീയ ലഹരിവിമുക്തി ചികിത്സാരീതി പിന്തുടരുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നിയമപരമായ നടപടികൾ സ്വീകരിക്കുന്ന കാര്യം മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധിക്കുന്നതാണ്.

### തൊഴിലന്വേഷകരെ സഹായിക്കാനുള്ള പദ്ധതികൾ

15 (*525) <u>ശ്രീ. സി. കൃഷ്ണൻ:</u>
<u>ശ്രീ. റ്റി. വി. രാജേഷ്:</u>
<u>ശ്രീ. ആർ. രാജേഷ്:</u>
<u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത നാൽപ്പത് ലക്ഷത്തിനടുത്തുവരുന്ന തൊഴിലന്വേഷകരിൽ പ്രതിവർഷം ഉദ്ദേശം പതിമൂവായിരത്തോളം പേർക്കു മാത്രമേ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ താൽക്കാലികാടിസ്ഥാനത്തിലുള്ള വിവിധ ഒഴിവുകളിൽ നിയമനം നൽകാൻ സാധ്യതയുള്ളൂ എന്ന സ്ഥിതിയിൽ തൊഴിലന്വേഷകർക്ക് ആഗോളവൽകൃത തൊഴിൽ കമ്പോളത്തിലെ സ്വദേശത്തും വിദേശത്തുമുള്ള സാധ്യതകൾ പരിചിതമാക്കുന്നതിനും പരിശീലനം ഉൾപ്പെടെ ആവശ്യമായ മറ്റു സഹായങ്ങൾ ലഭ്യമാക്കുന്നതിനും നടത്തുന്ന പ്രവർത്തനം അറിയിക്കാമോ;

(ബി) ഭിന്നശേഷിക്കാർ, തൊഴിൽരഹിതരായ വിധവകൾ, മുതിർന്ന പൗരന്മാർ തുടങ്ങിയ ദുർബ്ബല വിഭാഗത്തിൽപ്പെട്ടവർക്ക് സാമ്പത്തിക സ്വാശ്രയത്വം കൈവരിക്കുന്നതിനുള്ള സ്വയംതൊഴിൽ-സംരംഭ സഹായ പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) വിവിധ തൊഴിലുകളിൽ വൈദഗ്ദ്ധ്യമുള്ളവർക്ക് ബാങ്കുവായ്പാ സഹായത്തോടെ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വിവിധോദ്ദേശ്യ തൊഴിൽ ക്ലബ്ബുകൾക്കായി നൽകി വരുന്ന സഹായം എന്തെല്ലാമാണ്;

(ഡി) അഭ്യസ്തവിദ്യരായ യുവതീയുവാക്കളുടെ തൊഴിൽ ശേഷിയും സാധ്യതയും വർദ്ധിപ്പിക്കുന്നതിന് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളെ ശാക്തീകരിക്കാനുള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) തൊഴിലന്വേഷകർക്ക് ആഗോളവത്കൃത തൊഴിൽ കമ്പോളത്തിലെ സ്വദേശത്തും വിദേശത്തുമുള്ള സാധ്യതകൾ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് ഒഡെപെക്-മായി സഹകരിച്ച് പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ എംപ്ലോയ്മെന്റ് വകുപ്പ് ഒഡെപെക്-മായി സഹകരിച്ച് സംസ്ഥാന വ്യാപകമായി നഴ്സിംഗ് വിദ്യാർത്ഥികൾക്കായി IELTS ഏകദിന സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് വകുപ്പ് നടപ്പാക്കി വരുന്ന സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് ശാക്തീകരണം, കരിയർ ഡെവലപ്മെന്റ് സെന്റർ, മോഡൽ കരിയർ സെന്റർ എന്നീ പദ്ധതികൾ മുഖേന സ്വദേശത്തുള്ള തൊഴിൽ സാധ്യതകൾ സംബന്ധിച്ച് ഉദ്യോഗാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിന്, കരിയർ ഗൈഡൻസ് ക്ലാസ്സുകൾ, കരിയർ സെമിനാറുകൾ, വർക്ക് ഷോപ്പുകൾ, കൗൺസിലിംഗുകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നുണ്ട്. പൊതു-സ്വകാര്യ മേഖലയിലെ തൊഴിലുകൾക്ക് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതിന് ഇന്റർവ്യൂ പരിശീലനം, ഗ്രൂപ്പ് ചർച്ചകൾ, മത്സരപ്പരീക്ഷാ പരിശീലന പരിപാടികൾ തുടങ്ങിയ നിരവധി കരിയർ വികസന പരിശീലനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. സ്വകാര്യ മേഖലയിലെ തൊഴിലുകൾ നേടിയെടുക്കുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ മൃദു നൈപുണ്യ പരിശീലനങ്ങൾ നൽകി വരുന്നുണ്ട്.

വിദേശത്ത് തൊഴിൽ സാധ്യത പരിചിതമാക്കുന്നതിന് ഒ.ഡി.ഇ.പി.സി പരിശീലന പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. വികസിത രാജ്യങ്ങളിലേക്ക് തൊഴിലന്വേഷകർക്ക് ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം അനിവാര്യമാണ്. ഇതിനുള്ള പരിശീലന പരിപാടികൾ ഇപ്പോൾ നൽകിവരുന്നുണ്ട്. കൂടാതെ ചില തസ്തികകളിലേക്ക് അതാത് രാജ്യങ്ങളിലെ നിയമങ്ങൾക്ക് വിധേയമായി ആവശ്യമായ പരിശീലന പരിപാടികൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും നൽകിവരുന്നു.

(ബി) <u>കൈവല്യ</u>

ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതരായ ഉദ്യോഗാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുന്നതിനും സാമ്പത്തിക സ്വാശ്രയത്വം കൈവരിക്കുന്നതിനുംവേണ്ടി കേരള സർക്കാർ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന 2016-ൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയാണ് കൈവല്യ.

കൈവല്യ പദ്ധതിക്ക് താഴെപ്പറയുന്ന നാല് ഘടകങ്ങൾ ഉണ്ട്:

1. വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ്
2. കപ്പാസിറ്റി ബിൽഡിംഗ്
3. മൽസര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി
4. സ്വയം തൊഴിൽ വായ്പ പദ്ധതി

<u>ശരണ്യ</u>

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താക്കന്മാരുള്ള വനിതകൾ എന്നീ അശരണരായ വനിതകൾക്ക് മാത്രമായി എംപ്ലോയ്മെന്റ് വകുപ്പ് നടത്തുന്ന പദ്ധതിയാണ് ശരണ്യ.

<u>നവജീവൻ</u>

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിക്കുള്ളിലുള്ള മുതിർന്ന പൗരന്മാർക്ക് സാമ്പത്തിക സ്വാശ്രയത്വം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ വകുപ്പ് നേരിട്ട് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സ്വയം തൊഴിൽ പുനരധിവാസ പദ്ധതിയാണ് നവജീവൻ.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള, തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പ അനുവദിക്കുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണ് മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ് എന്നത്. പ്രായപരിധി 21-നും 45-നും മധ്യേയുള്ളതും (പിന്നാക്ക

സമുദായത്തിൽപ്പെട്ടവർക്ക് 3 വർഷവും പട്ടികജാതി/പട്ടികവർഗ്ഗ/ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് 5 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കും.) കുടുംബ വാർഷിക വരുമാനം 1,00,000 രൂപയിൽ കവിയാത്തവർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓരോ ജോബ് ക്ലബ്ബിലും തെരഞ്ഞെടുക്കുന്ന തൊഴിൽ അനുസരിച്ച് 2 പേരിൽ കുറയാത്ത അംഗങ്ങൾ വീതം ഉണ്ടായിരിക്കണം. ഒരു ജോബ് ക്ലബ്ബിന് പരമാവധി 10 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. പദ്ധതി ചെലവിന്റെ 25% (പരമാവധി 2 ലക്ഷം രൂപ) സബ്സിഡിയായി അനുവദിക്കുന്നതാണ്. വായ്പ അനുവദിക്കുന്ന മുറയ്ക്ക് സബ്സിഡി തുക ജോബ് ക്ലബ്ബുകളുടെ ലോൺ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതാണ്.

(ഡി) അഭ്യസ്തവിദ്യരായ യുവതീയുവാക്കളുടെ തൊഴിൽ ശേഷിയും സാധ്യതയും വർദ്ധിപ്പിക്കുന്നതിന് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളെ ശാക്തീകരിക്കുന്നതിന് പ്ലാൻ പദ്ധതി വിഹിതം ലഭ്യമാക്കുന്നുണ്ട്. പ്രസ്തുത പദ്ധതി വിഹിതം വിനിയോഗിച്ച് വി.ജി. യൂണിറ്റുകൾ മുഖേന കരിയർ സെമിനാറുകൾ, കരിയർ എക്സിബിഷനുകൾ, വിവിധ മത്സര പരീക്ഷാ പരിശീലന പരിപാടികൾ തുടങ്ങിയവ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത പദ്ധതി ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ നൈപുണ്യ പരിശീലനം നൽകുന്നതിന് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകളും കരിയർ വികസന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് വി.ജി. യൂണിറ്റുകളുടെ എക്സ്റ്റെൻഷൻ സെന്ററുകളായി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം കരിയർ ഡെവലപ്മെന്റ് സെന്ററുകളും ആരംഭിച്ചിട്ടുണ്ട്. നമ്മുടെ രാജ്യത്തെ ഏറ്റവും വലിയ തൊഴിൽദായകരായ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ തൊഴിലന്വേഷകർക്ക് പ്രാപ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോയോടൊപ്പം മോഡൽ കരിയർ സെന്ററും ആരംഭിച്ചിട്ടുണ്ട്. കൂടാതെ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് മേഖലാടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറുകളും സംഘടിപ്പിച്ചുവരുന്നുണ്ട്. വിദൂര ഗ്രാമീണ മേഖലകളിലെ ഉദ്യോഗാർത്ഥികൾ ഉൾപ്പെടെയുള്ളവർക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ലഭ്യമാക്കുന്ന ഓൺലൈൻ പരീക്ഷാ പരിശീലനം, വൺ ടൈം രജിസ്ട്രേഷൻ തുടങ്ങിയ വിവിധ സേവനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് എംപ്ലോയ്മെന്റ് വകുപ്പ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ സഹകരണത്തോടെ ജില്ലാ ആസ്ഥാനങ്ങളിൽ പി.എസ്.സി. ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## പാലുല്പാദനം കൂട്ടാനുള്ള നടപടികൾ

16 (*526) ശ്രീ. എം. വിൻസെന്റ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലികളുടെ പ്രത്യുല്പാദനക്ഷമതയിൽ കാര്യമായ ഇടപെടൽ നടത്തിയാൽ പാലുല്പാദനം കൂട്ടാൻ കഴിയുമെന്നതിനാൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) പശുവളർത്തൽ ലാഭകരമാക്കുവാനും ഡെയറി ഫാമുകൾ ആധുനികവൽക്കരിക്കുവാനും വകുപ്പ് നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ്;

(സി) പരമ്പരാഗത രീതിയിൽ നിന്നും സംസ്ഥാനത്തെ ക്ഷീരകർഷകർ മാറിത്തുടങ്ങിയ സാഹചര്യത്തിൽ അവരോടൊപ്പം സഞ്ചരിക്കുന്നതിനും അവർക്ക് വേണ്ട മാർഗ്ഗനിർദ്ദേശം നൽകുന്നതിനും വകുപ്പ് തയ്യാറെടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) കന്നുകാലികളുടെ പ്രത്യുല്പാദനക്ഷമത വർദ്ധനവിനുവേണ്ടി പ്രജനന പരിപാടികളുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

- വിത്തുകാളകളുടെ ജനിതക മേന്മ തെളിയിക്കുന്നതിനുള്ള " സന്തതി പരിശോധനാ പദ്ധതി" സംസ്ഥാനത്തെ വടക്കൻ ജില്ലകളായ കോഴിക്കോട്, വയനാട്, കണ്ണൂർ എന്നിവിടങ്ങളിലേക്ക് വ്യാപിപ്പിക്കുകയും ഇവിടെ നിന്നും മേൽത്തരം വിത്തുകാളക്കുട്ടികളെ ഉൽപ്പാദിപ്പിച്ച് ഇവയെ സംസ്ഥാനത്തെ കന്നുകാലി പ്രജനന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്യുന്നു.
- 'സന്തതി പരിശോധനാ പദ്ധതി'യിൽ വിത്തുകാളകളെ തെരഞ്ഞെടുക്കുന്നതിനുള്ള Selection Model-ൽ, പ്രത്യുല്പാദന ക്ഷമതയുമായി ബന്ധപ്പെട്ട ഉരുക്കളുടെ ശാരീരിക ഘടന (Type Characters), ആദ്യപ്രസവം നടക്കുന്നതിനുള്ള പ്രായം (Age at first calving) എന്നിവയും മാനദണ്ഡങ്ങളാക്കിയിട്ടുണ്ട്.

- കന്നുകാലി പ്രജനന നയം നിഷ്കർഷിക്കുന്ന രീതിയിൽ ജനിതക മേന്മയുള്ള വിത്തുകാളകളെ കേന്ദ്ര കൃഷി മന്ത്രാലയം അംഗീകരിച്ചിട്ടുള്ള എൻ.ഡി.ഡി.ബി. ഉൾപ്പടെയുള്ള സംസ്ഥാനത്തിന് പുറത്തുള്ള ഏജൻസികളിൽ നിന്നും വാങ്ങി അവയുടെ ബീജം ഗാഢശീതീകരിച്ച് സംസ്ഥാനത്തിനകത്തു വിതരണം ചെയ്തുവരുന്നു.

- 2008-ലെ കന്നുകാലി പ്രജനന നയം സമൂലമായി പുനരവലോകനം ചെയ്യുകയും പുതിയ കന്നുകാലി പ്രജനനനയം അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പുതിയ കന്നുകാലി പ്രജനന നയത്തിനനുസൃതമായി പ്രജനന പരിപാടികൾ നടന്നുവരുന്നു.

- വളരെ ഉയർന്ന ജനിതക ശേഷിയുള്ള അഞ്ച് ഹോൾസ്റ്റീൻ ഫ്രീഷ്യൻ വിത്തുകാളകളെ ജർമ്മനിയിൽ നിന്നും നാല് വിത്തുകാളകളെ ഡെൻമാർക്കിൽ നിന്നും മാട്ടുപ്പെട്ടി ഫാമിൽ ഇറക്കുമതി ചെയ്ത് അവയുടെ ബീജമാത്രകൾ സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തുവരുന്നു.

- കാനഡയിൽനിന്നും ഉയർന്ന ജനിതക മേന്മയുള്ള വിത്തുകാളകളുടെ 40000 ഗാഢശീതീകരിച്ച ബീജമാത്രകൾ ഇറക്കുമതി ചെയ്ത് സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തുവരുന്നു.

- പശുക്കുട്ടികളെ മാത്രം ഉൽപ്പാദിപ്പിക്കുന്ന ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ ഉപയോഗിച്ചുള്ള കൃത്രിമ ബീജാദാനത്തിനായി കാനഡയിൽ നിന്നും ലിംഗനിർണ്ണയം നടത്തിയ 16000 ബീജമാത്രകൾ ഇറക്കുമതി ചെയ്ത് കർഷകർക്ക് വിതരണം ചെയ്യുന്നു. കേരളത്തിലങ്ങോളമിങ്ങോളം ഏകദേശം 302 കൃത്രിമ ബീജാദാന കേന്ദ്രങ്ങളിലെ വെറ്ററിനറി ഡോക്ടർമാരുടെ മേൽനോട്ടത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ബി) പശുവളർത്തൽ ലാഭകരമാക്കുന്നതിന് ഡെയറി ഫാം ആധുനികവത്ക്കരിക്കേണ്ടത് അനിവാര്യമാണെന്ന് ബോധ്യമുള്ളതിനാൽ കഴിഞ്ഞ മൂന്ന് വർഷമായി ഡെയറി ഫാം ആധുനികവൽക്കരിക്കുന്നതിനുള്ള പദ്ധതികൾക്ക് പ്രാധാന്യം നൽകിയിട്ടുണ്ട്. ഇതിനായി പ്രധാനമായും താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി പ്രകാരമുള്ള 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ്, കിടാരി പാർക്കുകൾ എന്നിവയിൽ ഡെയറി ഫാമുകളുടെ യന്ത്രവത്കരണത്തിനായി പ്രത്യേക സഹായമാണ് നൽകുന്നത്. തൊഴുത്തിന്റെ ശുചിത്വം വർദ്ധിപ്പിച്ച് കർഷകരുടെ

ജോലി ഭാരം ലഘൂകരിക്കുന്നതിനും തൊഴുത്ത് ശുചിയാക്കുന്നതിനുള്ള സംവിധാനങ്ങൾ, പശുക്കളുടെ ആരോഗ്യ സംരക്ഷണത്തിനായി ശുദ്ധജലത്തിന്റെ ലഭ്യത പൂർണ്ണമായും ഉറപ്പുവരുത്തുന്ന വാട്ടർ ബൗൾ സിസ്റ്റം, ചാണകം യഥാസമയത്ത് നീക്കം ചെയ്യുന്നതിനായി വീൽ ബാരോ, പുല്ല് മുറിച്ചുകൊടുക്കുന്നതിനായി ചാഫ് കട്ടർ, തൊഴുത്ത് അണുവിമുക്തമാക്കുന്നതിനായുള്ള സ്പ്രേയറുകൾ, തൊഴുത്ത് എപ്പോഴും ശുചിയായി സൂക്ഷിക്കുന്നതിനുള്ള സംവിധാനം കൂടാതെ കറവ എളുപ്പത്തിലാക്കുന്നതിനും കറവക്കാരുടെ കുറവ് പരിഹരിക്കുന്നതിനുമായി കറവയന്ത്ര വിതരണം എന്നിവയും ഇതിൽ ഉൾപ്പെടുന്നു. ക്ഷീരവികസന വകുപ്പിന്റെ Strategic Rural Empowerment Programme (SREP) പദ്ധതി പ്രകാരം ശാസ്ത്രീയവും യന്ത്രവത്കരണത്തിൽ ഊന്നിക്കൊണ്ടുമുള്ള തൊഴുത്ത് നിർമ്മിക്കുന്നതിന് ഒരു ലക്ഷം രൂപ വരെ സഹായം നൽകുന്നുണ്ട്. കൂടാതെ ക്ഷീരകർഷകരുടെ ആവശ്യങ്ങൾ അടിസ്ഥാനപ്പെടുത്തി അവർ ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 50,000 രൂപ വരെ ധനസഹായം നൽകുന്ന അവശ്യാധിഷ്ഠിത പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്.

(സി) ക്ഷീരകർഷകരുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്. ഒന്ന് മുതൽ രണ്ട് പശുക്കൾ വരെ വളർത്തുന്ന പരമ്പരാഗത ക്ഷീരകർഷകരിൽ നിന്നു മാറി കൂടുതൽ പശുക്കളെ വളർത്തുന്ന ഡയറി ഫാമുകളാണ് ഇപ്പോൾ കൂടുതലായി ഈ രംഗത്തേക്ക് കടന്നുവരുന്നവർ നടത്തുന്നത്. ഇത് മുന്നിൽ കണ്ട് യന്ത്രവത്കരണത്തിനും വലിയ ഡെയറി ഫാമുകൾ തുടങ്ങുമ്പോൾ പാൽ വിപണനത്തിനും വേണ്ട സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ക്ഷീരമേഖലയിലേക്ക് കടന്നുവരുന്ന പുതിയ സംരംഭകർക്ക് അവശ്യം വേണ്ട സംരംഭകത്വ പരിശീലനങ്ങൾ നൽകുന്നതിനുപുറമേ അവർക്ക് ഡെയറി ഫാം തുടങ്ങുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ശാസ്ത്രീയ അവബോധവും ഫൈനാൻസിംഗിനു വേണ്ട സഹായവും ചെയ്തുകൊടുക്കുന്നുണ്ട്.

ക്ഷീരവികസന വകുപ്പ് കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി സംസ്ഥാനത്തെ ക്ഷീരകർഷക സംഗമത്തോടനുബന്ധിച്ച് സംസ്ഥാനത്തിന്റെ എല്ലാ ബ്ലോക്കുകളിലും നിന്നുള്ള തെരഞ്ഞെടുത്ത നാല് കർഷകരെയും ഈ മേഖലയിലെ വിദഗ്ധരെയും പങ്കെടുപ്പിച്ച് ക്ഷീരകർഷക പാർലമെന്റ് സംഘടിപ്പിച്ചുവരുന്നുണ്ട്. ഇതിൽ കർഷകർ ഉന്നയിക്കുന്ന ആവശ്യങ്ങളും പ്രശ്നങ്ങളും ചർച്ച ചെയ്ത് അടുത്ത വർഷങ്ങളിലെ വാർഷിക പദ്ധതിയിൽ ഈ നിർദ്ദേശങ്ങൾക്ക് അനുസൃതമായ പദ്ധതികളും ഉൾക്കൊള്ളിക്കുന്നുണ്ട്.

കൂടാതെ കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ കൂടുതൽ വരുമാനം ലഭിക്കത്തക്ക രീതിയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിൽക്കുന്നതിന് പ്രത്യേക പാലുല്പന്ന നിർമ്മാണ പരിശീലന പരിപാടികളും ക്ഷീരപരിശീലനകേന്ദ്രങ്ങളിൽ വച്ച് നൽകുന്നുണ്ട്.

**നവീന ജലസേചന പദ്ധതികൾ**

17 (*527) ശ്രീ. സി. ദിവാകരൻ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചനത്തിന് പ്രാമുഖ്യം നൽകുന്നതിനും കൂടുതൽ കൃഷിസ്ഥലങ്ങളിൽ ജലസേചന സൗകര്യം ഉറപ്പാക്കുന്നതിനുമായി സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) കാഡയുടെ പ്രവർത്തനം വിശദമാക്കുമോ; കാഡ ചാനലുകളുടെ നവീകരണത്തിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(സി) ചെറുകിട ജലസേചന പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) ഡ്രിപ്പ് ഫെർട്ടിഗേഷൻ, മൈക്രോ ഇറിഗേഷൻ, പ്രിസിഷൻ ഫാമിംഗ് തുടങ്ങിയ ജലവിനിയോഗക്ഷമത കൂടിയ നവീന ജലസേചന പദ്ധതികൾ പ്രോത്സാഹിപ്പിക്കുമോ; വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) ജലസേചനത്തിന് പ്രാമുഖ്യം നൽകുന്നതിനും കൂടുതൽ കൃഷിസ്ഥലങ്ങളിൽ ജലസേചന സൗകര്യം ഉറപ്പാക്കുന്നതിനുമായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. കൃഷിക്ക് ജലം ആവശ്യമാകുന്ന സമയങ്ങളിൽ അതാത് താലൂക്കുകളിൽ ഉൾപ്പെടുന്ന പാടശേഖരസമിതികൾ, ജനപ്രതിനിധികൾ, ജില്ലാ ഭരണാധികാരികൾ മുതലായവരുടെ യോഗം ചേർന്ന് കാർഷിക കലണ്ടറിന് അനുസൃതമായി ജില്ലാതല പ്രോജക്ട് അഡ്വൈസറി കമ്മിറ്റിയുടെ അംഗീകാരത്തോടെ ജലവിതരണം നടത്തിവരുന്നു.

2. കനാലിൽ നിന്നുള്ള ജലനഷ്ടം ഒഴിവാക്കുന്നതിന് പൂർത്തീകരിച്ച പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്കായി എല്ലാ വർഷവും ബഡ്ജറ്റിൽ വകയിരുത്തി തുക ഉപയോഗപ്പെടുത്തിവരുന്നു.

3. ജലസംരക്ഷണവും വിതരണവും കൂടുതൽ ശാസ്ത്രീയവും കാര്യക്ഷമവുമാക്കുന്നതിനായി നീർത്തടാടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. 843 ഗ്രാമപഞ്ചായത്തുകളിൽ ഇതിനോടകംതന്നെ സമഗ്ര നീർത്തടപ്ലാൻ തയ്യാറാക്കി പൂർത്തീകരിച്ചുകഴിഞ്ഞു.

4. ഗ്രാമപഞ്ചായത്തിനകത്തുവരുന്ന വിവിധ ജലസ്രോതസ്സുകളുടെ സ്ഥിതി വിലയിരുത്തി റിഡ്ജ് ടു വാലി സമീപനത്തോടെ മുൻഗണനാക്രമം നിശ്ചയിച്ച് പ്രവൃത്തികൾ ഏറ്റെടുത്തുവരുന്നു.

5. പ്രാദേശിക ജലലഭ്യത വർദ്ധിപ്പിക്കുന്നതിനായി പരമ്പരാഗത ജലസ്രോതസ്സുകൾ ശുചിയാക്കി സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പ്രാധാന്യം നൽകുന്നു.

6. ഓരുവെള്ളക്കയറ്റം കാരണം കൃഷിയിടങ്ങൾ നശിക്കാതിരിക്കുന്നതിനായി തടയണകൾ നിർമ്മിക്കുക, നീരൊഴുക്ക് സ്ഥായിയാക്കുന്നതിനായി റെഗുലേറ്ററുകൾ/ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ആസൂത്രണം ചെയ്യുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഗുണഭോക്താക്കളായ കർഷകരുടെ ആവശ്യപ്രകാരം തയ്യാറാക്കുന്ന പദ്ധതികൾ അവരുടെ സജീവ പങ്കാളിത്തത്തോടെ ശാസ്ത്രീയമായ രീതിയിൽ നടപ്പിലാക്കുകയെന്നുള്ളതാണ് കാഡയുടെ ലക്ഷ്യം. ഓരോ സ്പൗട്ടുകളിലെയും ആയക്കെട്ടിലെ തെരഞ്ഞെടുക്കപ്പെട്ട കർഷകരെ ഉൾപ്പെടുത്തി കർഷക സമിതികളും കനാൽ കമ്മിറ്റികളും പ്രോജക്ട് കമ്മിറ്റികളും ചേർന്നതാണ് കാഡായുടെ പ്രവർത്തനഘടകം. കാഡാ ചാനലുകളുടെ നവീകരണം അതാത് പ്രോജക്ടുകളുടെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയാണ് ഇപ്പോൾ നടത്തിവരുന്നത്. കാഡാ പ്രവൃത്തികൾക്കായി 2018-19 സാമ്പത്തിക വർഷത്തിൽ 9 കോടി രൂപ വകയിരുത്തി പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയിട്ടുണ്ട്. കൂടാതെ 2019-20 സാമ്പത്തിക വർഷത്തിൽ കാഡാ പ്രവൃത്തികൾക്കായി 10 കോടി രൂപ വകയിരുത്തിട്ടുള്ള DPR സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ചെറുകിട ജലസേചന പദ്ധതികൾ കാര്യക്ഷമമാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

1. കുളങ്ങളുടെ ശുചീകരണം/സംഭരണശേഷി വർദ്ധിപ്പിക്കൽ
2. തോടുകളിൽ ചെറുതടയണകളുടെ നിർമ്മാണം
3. ഓരുവെള്ളക്കയറ്റം തടയുന്നതിനായുള്ള ബണ്ടുകൾ/തടയണകൾ എന്നിവയുടെ നിർമ്മാണം

4. വി.സി.ബി.-കളുടെ നിർമ്മാണം

5. മുൻകാലങ്ങളിൽ നിർമ്മിച്ച ചെറുകിട ജലസേചന നിർമ്മിതികളുടെ അറ്റകുറ്റപ്പണികൾ

6. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും അവയുടെ അറ്റകുറ്റപ്പണികളും

7. ഹരിതകേരള മിഷന്റെ ഉപമിഷനായ 'ജലസമൃദ്ധി' പദ്ധതിയുടെ ഭാഗമായി നീർച്ചാലുകൾ/ചെറുപുഴകൾ/തോടുകൾ എന്നിവയുടെ പുനരുദ്ധാരണവും കൃഷിക്കാവശ്യമായ ജലം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും

(ഡി) ഡ്രിപ്പ് ഫെർട്ടിഗേഷൻ, മൈക്രോ ഇറിഗേഷൻ, പ്രിസിഷൻ ഫാമിംഗ് തുടങ്ങിയ ജലവിനിയോഗക്ഷമത കൂടിയ നവീന ജലസേചന പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ജലസേചനം, കൃഷി വകുപ്പുകളിലെ ഉദ്യോഗസ്ഥർ സംയുക്തമായി യോഗം ചേർന്ന് കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി വ്യാപിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

## കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക്

18 (*528) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കെ. എൻ. എ. ഖാദർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് വിലയിരുത്തിയിട്ടുണ്ടോ; ഇത് ദേശീയ ശരാശരിയുമായി എപ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു; വിശദീകരിക്കുമോ;

(ബി) കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് കുറയ്ക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഉയർന്ന വിദ്യാഭ്യാസ യോഗ്യതകളും സാങ്കേതിക വിദ്യാഭ്യാസ യോഗ്യതകളും നേടിയിട്ടുള്ള നിരവധി പേർ കേരളത്തിൽ തൊഴിൽ ലഭ്യമാകാതെ അന്യനാടുകളിലേക്ക് പോകുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; ഇവർക്ക് കേരളത്തിൽത്തന്നെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന്റെ തൊഴിലില്ലായ്മ നിരക്ക് ഉയർന്നുനിൽക്കുന്നതായാണ് സ്ഥിതി വിവരക്കണക്കുകൾ രേഖപ്പെടുത്തുന്നത്. കേരളത്തിന്റെ ജനസംഖ്യ 2011-ലെ സെൻസസ് പ്രകാരം 3.34

കോടിയായാണ് കണക്കാക്കിയിരിക്കുന്നത്. നിലവിലെ കണക്കനുസരിച്ച് കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന തൊഴിൽരഹിതരുടെ എണ്ണം 3563477 ആണ്. 2017-18-ലെ കണക്കുപ്രകാരം ശരാശരി ദേശീയ തൊഴിലില്ലായ്മ നിരക്ക് 6.1 ആണ്. കേരളത്തിൽ തൊഴിലില്ലായ്മ നിരക്ക് ജനസംഖ്യയുടെ 10.67 ശതമാനമാണ്. എന്നാൽ ദേശീയ തലത്തിൽ ത്രിപുര (19.7), സിക്കിം (18.1) തുടങ്ങിയ സംസ്ഥാനങ്ങളിൽ കേരളത്തിനെക്കാൾ കൂടുതൽ തൊഴിലില്ലായ്മ രേഖപ്പെടുത്തിയിട്ടുണ്ട്. 2015-ൽ കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് 12.5 ശതമാനമായിരുന്നത് നിലവിൽ 10.67 ശതമാനമായി കുറഞ്ഞിട്ടുണ്ട്.

(ബി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് നടപ്പാക്കിവരുന്ന വിവിധ കരിയർ- നൈപുണ്യ വികസന പദ്ധതികളായ എംപ്ലോയബിലിറ്റി സെന്റർ, കരിയർ ഡെവലപ്മെന്റ് സെന്റർ, മോഡൽ കരിയർ സെന്റർ എന്നിവ മുഖേന തൊഴിലന്വേഷകർക്ക് ആവശ്യമായ തൊഴിൽ മാർഗ്ഗനിർദ്ദേശങ്ങൾ, മത്സരപ്പരീക്ഷാ പരിശീലന പരിപാടികൾ, നൈപുണ്യ പരിശീലനങ്ങൾ, മോക്ക് ഇന്റർവ്യൂകൾ തുടങ്ങി വിവിധ പരിശീലനങ്ങൾ നൽകിവരുന്നു. ഇപ്രകാരമുള്ള പരിശീലനങ്ങളിലൂടെ പൊതു സ്വകാര്യ മേഖലയിലെ വിവിധ ജോലികൾ നേടിയെടുക്കുന്നതിന് തൊഴിലന്വേഷകരെ പ്രാപ്തരാക്കി, കേരളത്തിലെ തൊഴിലില്ലായ്മാ നിരക്ക് ഒരു പരിധി വരെ കുറയ്ക്കുവാൻ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ശ്രമിച്ചിട്ടുണ്ട്. ഇതിനുപുറമേ സ്വകാര്യ മേഖലയിലെ നിലവിലുള്ള തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനു എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്ററുകൾ എന്നിവ മുഖേന ജോബ് ഫെയർ/പ്ലെയ്സ്മെന്റ് ഡ്രൈവ്, മേഖലാടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറുകളും സംഘടിപ്പിച്ചുവരുന്നുണ്ട്.

തൊഴിലില്ലായ്മയുടെ തോത് ഒരു പരിധിവരെ കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നിലവിൽ നടപ്പാക്കി വരുന്ന സ്വയം തൊഴിൽ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

<u>കെസ്റു:- (കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്)</u>

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന വ്യക്തിഗത/സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 2180 സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 3,97,59,482 രൂപ സബ്സിഡിയിനത്തിൽ അനുവദിച്ചിട്ടുണ്ട്.

<u>മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ്</u>

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് വായ്പ അനുവദിക്കുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന സംയുക്ത സ്വയം തൊഴിൽ പദ്ധതിയാണിത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 219 ജോബ് ക്ലബ്ബുകൾ ആരംഭിക്കുന്നതിന് 3,39,86,219 രൂപ സബ്സിഡിയിനത്തിൽ അനുവദിച്ചിട്ടുണ്ട്.

<u>ശരണ്യ</u>

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യ രോഗികളുമായ ഭർത്താക്കന്മാരുള്ള വനിതകൾ എന്നീ അശരണരായ വനിതകൾക്ക് മാത്രമായി എംപ്ലോയ്മെന്റ് വകുപ്പ് നടത്തുന്ന പദ്ധതിയാണിത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 11,768 വനിതാ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 58,51,00,000 രൂപ പലിശ രഹിത വായ്പ ഇനത്തിൽ അനുവദിച്ചിട്ടുണ്ട്.

<u>കൈവല്യ</u>

ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്താൻ കേരള സർക്കാർ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന 'കൈവല്യ' എന്ന പേരിൽ ഒരു സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി 2016 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(സി) നൂതനങ്ങളായ തൊഴിലവസരങ്ങൾ കണ്ടെത്തി ആയതിന് തൊഴിലന്വേഷകരെ പ്രാപ്തരാക്കുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ നൈപുണ്യ പരിശീലനം നൽകുന്നതിന് എംപ്ലോയബിലിറ്റി

സെന്ററുകളും കരിയർ സംബന്ധമായ എല്ലാ പ്രശ്നങ്ങൾക്കും ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് കരിയർ ഡെവലപ്മെന്റ് സെന്ററുകളും മോഡൽ കരിയർ സെന്ററുകളും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനു പുറമേ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്ററുകൾ എന്നിവ മുഖേന ജോബ്ഫെയർ/പ്ലേസ്മെന്റ് ഡ്രൈവും മേഖലാടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറുകളും സംഘടിപ്പിച്ചുവരുന്നുണ്ട്.

### പട്ടികവിഭാഗത്തിൽപ്പെട്ടവർക്ക് ഭവനനിർമ്മാണ ധനസഹായം

19 (*529) ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. രാജു എബ്രഹാം:
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണസാമഗ്രികളുടെ വിലക്കയറ്റംകൊണ്ടും കൂലിയിലെ വർദ്ധനവുകൊണ്ടും വീടുനിർമ്മാണം പൂർത്തീകരിക്കാനാകാതെ പോയ പട്ടികജാതിയിൽപ്പെട്ടവർക്ക് ഒന്നര ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(ബി) സമാനസാഹചര്യത്തിൽ വീടുനിർമ്മാണം പൂർത്തീകരിക്കാൻ കഴിയാതെ പോയ പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ടവരുണ്ടോ; എങ്കിൽ അവർക്കും ധനസഹായം ലഭ്യമാക്കുമോ;

(സി) പുതിയ ഭവനനിർമ്മാണപദ്ധതികളും പണിതീരാത്ത വീടുകളുടെ പൂർത്തീകരണവും ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ പോലുള്ള സർക്കാർ ഏജൻസികളെ ഏൽപ്പിക്കുന്നതിനെക്കുറിച്ച് പരിശോധിക്കുമോ;

(ഡി) പട്ടികജാതി - പട്ടികവർഗ്ഗത്തിൽപ്പെട്ട ഭവനരഹിതർക്കെല്ലാം വീടുനൽകുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-3-2016-നുള്ളിൽ പൂർത്തീകരിക്കാത്ത 12183 വീടുകൾ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റിന്റെയടിസ്ഥാനത്തിൽ യഥാർത്ഥ നിർമ്മാണച്ചെലവ് അനുവദിച്ചിട്ടുണ്ട്. 2016-17-ൽ ജനറൽ ഹൗസിംഗ്, ഹഡ്കോ, വനബന്ധു കല്യാൺയോജന പദ്ധതികളിലുൾപ്പെട്ടതും എന്നാൽ നിർമ്മാണം പൂർത്തീകരിക്കാത്തതുമായ വീടുകൾക്കുള്ള ധനസഹായം 27-12-2018-ലെ സ.ഉ.(സാധാ)നമ്പർ 1274/2018/പ.ജ.പ.വ.വി.വ. പ്രകാരം 4 ലക്ഷം രൂപയായും വിദൂര സങ്കേതങ്ങളിലെ ഭവനനിർമ്മാണ സഹായം 6 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് അനുവദിക്കുന്ന വീടുകളുടെ നിർമ്മാണം അവർ സ്വന്തം നിലയിൽ പൂർത്തീകരിക്കുന്നു. നിർമ്മാണത്തിന്റെ ഓരോ ഘട്ടവും പട്ടികജാതി വികസന ഓഫീസർ പരിശോധിച്ച് ധനസഹായം ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് മുഖേന വിതരണം ചെയ്യുന്നു.

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വീടുകളുടെ നിർമ്മാണം ഗോത്രജീവിക പദ്ധതിയിൽ പരിശീലനം സിദ്ധിച്ച യുവാക്കൾ രൂപീകരിച്ച സ്വയംസഹായ സംഘങ്ങൾ മുഖേന നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഭവനനിർമ്മാണ പദ്ധതി

| പട്ടികജാതി വികസന വകുപ്പ് | | |
|---|---|---|
| വർഷം | അനുവദിച്ച വീടുകൾ | പൂർത്തീകരിച്ചത് |
| 2016-17 | 14906 | 11181 |
| 2017-18 | 8895 | 5664 |
| 2018-19 (പ്രളയത്തിൽ നഷ്ടപ്പെട്ടത്) | 245 | 4 |
| സ്പിൽ ഓവർ പൂർത്തീകരണം ലൈഫ് മിഷൻ 2017-18 | 16360 | 9269 |
| ലൈഫ് മിഷൻ പുതിയത് | 7467 | നടന്നുവരുന്നു. |

ശേഷിക്കുന്നവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

പട്ടികവർഗ്ഗ വികസന വകുപ്പ്

| വർഷം | പദ്ധതി | അനുവദിച്ച വീടുകൾ | പൂർത്തീകരിച്ചത് |
|---|---|---|---|
| 2016-17 | ജനറൽ ഹൗസിംഗ് | 1875 | 110 |
| | ഹഡ്കോ | 2980 | 97 |
| | വനബന്ധു കല്യാൺ യോജന | 1854 | 80 |
| | ആകെ | 6709 | 287 |
| 2018-19 | ലൈഫ് മിഷൻ വഴി സ്പിൽ ഓവർ പൂർത്തീകരണം | 12183 | 10267 |

**കുട്ടനാട്ടിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി**

20 (*530) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രളയത്തിൽ കുട്ടനാട്ടിലെ ഭൂരിപക്ഷം കിണറുകളും ഉപയോഗശൂന്യമാകുകയോ മലിനപ്പെടുകയോ ചെയ്ത സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ കുട്ടനാട്ടിൽ ശുദ്ധജലം ലഭ്യമാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) തോട്ടപ്പള്ളി സ്പിൽവേയുടെ അഴിമുഖത്ത് അടിഞ്ഞ് കൂടിയ മണൽത്തിട്ട നീക്കം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) കുട്ടനാട് പാക്കേജിന്റെ ഭാഗമായി കുട്ടനാട്ടിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എന്തെങ്കിലും പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ടോ; അതിന്റെ നിലവിലെ സ്ഥിതി എന്താണെന്നറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) കുട്ടനാട്ടിൽ ജലവിതരണം നടത്തുന്നത് നീരേറ്റുപുറത്തുള്ള (പ്രതിദിനം 14 ദശലക്ഷം ലിറ്റർ ശേഷിയുള്ള) ശുദ്ധീകരണ ശാലയിൽനിന്നും തിരുവല്ല-കുട്ടനാട് വാട്ടർ സപ്ലൈ സ്കീമിന്റെ ജല ശുദ്ധീകരണ ശാലയിൽ നിന്നും (6 MLD) 26 ട്യൂബ് വെല്ലുകളിൽ നിന്നും (6 MLD) ആണ്. കൂടാതെ 8 റിവേഴ്സ് ഓസ്മോസിസ് (R.O.) പ്ലാന്റുകൾ വഴിയും കുടിവെള്ള വിതരണം നടത്തുന്നുണ്ട്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

- പ്രളയാനന്തരം ബഹുമാനപ്പെട്ട സുരേഷ് ഗോപി എം.പി.യുടെ ഫണ്ടിൽ ഉൾപ്പെടുത്തി ഒരു R.O. പ്ലാന്റ്.
- പിരമൽ ഫൗണ്ടേഷന്റെ (പ്രളയത്തിനുശേഷം) 10 R.O പ്ലാന്റുകൾ
- തെലുങ്കാന ഗവൺമെന്റ് നൽകിയ 4 R.O പ്ലാന്റുകളും (ഓരോ യൂണിറ്റും 10000 ലിറ്റർ പ്രതിദിനശേഷി) മണിക്കൂറിൽ 15000 ലിറ്റർ ശുദ്ധജലം ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്ന ഉയർന്ന ശേഷിയുള്ള അൾട്രാ ഫിൽറ്ററും (കൈനകരി ഗ്രാമപഞ്ചായത്തിൽ) പ്രളയാനന്തരം ജല അതോറിറ്റി സ്ഥാപിച്ചിട്ടുണ്ട്.
- ബഹുമാനപ്പെട്ട എ. കെ. ആന്റണി എം.പി.യുടെ ഫണ്ടിൽ ഉൾപ്പെടുത്തി 5 R.O. പ്ലാന്റുകളുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നു.
- 8 ട്യൂബ് വെല്ലുകൾ പുതുതായി സ്ഥാപിക്കുന്നതിന് ഫ്ലഡ്സിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ തുടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

കുട്ടനാട് പ്രദേശത്തെ തകഴി, വീയപുരം, എടത്വ, തലവടി, മുട്ടാർ, വെളിയനാട്, നീലംപേരൂർ, രാമങ്കരി, ചമ്പക്കുളം, പുളിങ്കുന്ന്, കാവാലം, നെടുമുടി, കൈനകരി എന്നീ 13 പഞ്ചായത്തുകളിലെ ശുദ്ധജല വിതരണം ലക്ഷ്യമിട്ട് 13-ാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടെയുള്ള 70 കോടി രൂപയുടെ പദ്ധതിയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

കുട്ടനാട് കുടിവെള്ള പദ്ധതിക്കായുള്ള 289 കോടി രൂപയുടെ പ്രൊപ്പോസൽ കിഫ്ബി ധനസഹായം നൽകുന്നതിനായി അംഗീകരിച്ചിട്ടുണ്ട്. അടിയന്തരമായി പദ്ധതി പൂർത്തീകരണത്തിനായുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. പദ്ധതി പൂർത്തീകരണ കാലയളവിൽ ബദൽ സംവിധാനമായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

9 കോടി രൂപ ചെലവിൽ MPLADS പദ്ധതിയിൽപ്പെടുത്തി (എല്ലാ M.P മാരുടെയും സഹായത്തോടുകൂടി) ആവശ്യമായ സ്ഥലങ്ങളിൽ ജില്ലാ കളക്ടർ മുഖേന റിവേഴ്സ് ഓസ്മോസിസ് (R.O.) പ്ലാന്റുകൾ സ്ഥാപിക്കുന്നതും പരിഗണനയിലുണ്ട്.

ഭൂജല വകുപ്പ് മുഖേന നെടുമുടി പഞ്ചായത്തിലെ പള്ളൂരാംഭാഗം (അടങ്കൽ തുക 14 ലക്ഷം രൂപ), തകഴി പഞ്ചായത്തിലെ കരുമാടി ഹൈസ്കൂളിന് സമീപം (അടങ്കൽ തുക 8.85 ലക്ഷം രൂപ) എന്നിവിടങ്ങളിലെ കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. കുട്ടനാട്ടിൽ ശുദ്ധജലം ലഭ്യമാക്കുന്നതിന് ജലവിതരണ പദ്ധതികളുടെ സ്രോതസ്സിൽ അടിഞ്ഞുകൂടിയ ചെളിയും മാലിന്യവും നീക്കം ചെയ്ത് പ്രളയപൂർവ്വ സ്ഥിതിയിലാക്കിയിട്ടുണ്ട്. സ്രോതസ്സുകൾ വൃത്തിയാക്കി വിതരണ കുഴലുകൾ സൂപ്പർ ക്ലോറിനേറ്റ് ചെയ്ത് അണുവിമുക്തമാക്കിയതിനുശേഷം ശുദ്ധീകരിച്ച ജലം വിതരണം ചെയ്തുവരുന്നു. ശുദ്ധീകരണ ശാലയിൽനിന്നും ശുദ്ധീകരിച്ച ജലവും ശുദ്ധീകരണ ശാലകൾ ഇല്ലാത്ത പദ്ധതികളിൽ ബ്ലീച്ചിംഗ് പൗഡർ ചേർത്ത് അണുവിമുക്തമാക്കിയ ജലവുമാണ് വിതരണം ചെയ്തുവരുന്നത്. കൂടാതെ കേടായ വിതരണക്കുഴലുകൾ മാറ്റിയും ലീക്കുകൾ പരിഹരിച്ചും ജലവിതരണം കാര്യക്ഷമമാക്കി നടത്തിവരുന്നു. പ്രളയത്തെത്തുടർന്ന് 3606.865 കിലോ ലിറ്റർ ജലം വാട്ടർ അതോറിറ്റിയും 11786.9 കിലോ ലിറ്റർ ജലം പഞ്ചായത്തുകൾ വഴിയും ടാങ്കർ ലോറികളിൽ 19-8-.2018 മുതൽ 30-.10-.2018 വരെ കുട്ടനാട്ടിൽ വിതരണം ചെയ്തു.

ഭൂജല വകുപ്പ് മുഖേന പ്രളയബാധിത പ്രദേശത്തെ ഉപയോഗശൂന്യമാകുകയും മലിനപ്പെടുകയും ചെയ്ത കുഴൽക്കിണറുകൾ വൃത്തിയാക്കി ശുദ്ധജലം ഉറപ്പുവരുത്തിയിട്ടുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്. തോട്ടപ്പള്ളി പൊഴിമുഖത്ത് അടിഞ്ഞുകൂടിയിട്ടുള്ള മൺചിറ നീക്കം ചെയ്യുന്നതിന് താൽപ്പര്യപത്രം ക്ഷണിക്കുകയും കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ് (KMML) എന്ന പൊതുമേഖലാ സ്ഥാപനത്തിനെ ചുമതലപ്പെടുത്തി 31-5-2019-ലെ സ.ഉ.(സാധ.) നമ്പർ 385/2019/ജ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. കരാർ ഉടമ്പടി ഒപ്പ് വച്ച് മണൽ നീക്കം ചെയ്യുന്ന പ്രവൃത്തി തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കാലവർഷാരംഭത്തിൽ തന്നെ പൊഴിമുഖം അടച്ചുകൊണ്ട് രൂപപ്പെടുന്ന മണൽതിട്ട മുറിച്ചുവിടുന്ന പ്രവൃത്തി ഈ വർഷവും നടപ്പിലാക്കിവരുന്നു.

(ഡി) ഉണ്ട്. കുട്ടനാട്ടിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കാനായി പതിമൂന്നാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 70 കോടി രൂപയുടെ ധനസഹായത്തോടെ ഒരു ബൃഹത് പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. അതിൽ പാക്കേജ് I- ട്രാൻസ്മിഷൻ സിസ്റ്റം I- എടത്വ മുതൽ വീയപുരം വരെയും കിടങ്ങറ മുതൽ നീലംപേരൂർ വരെയും ജലവാഹിനി കുഴൽ ഇടുന്ന പ്രവൃത്തി പൂർത്തീകരിച്ചു. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

കുട്ടനാട് കുടിവെള്ള പദ്ധതിക്കായുള്ള 289 കോടി രൂപയുടെ പ്രൊപ്പോസൽ കിഫ്ബി ധനസഹായം നൽകുന്നതിനായി അംഗീകരിച്ചിട്ടുണ്ട്. അടിയന്തരമായി പദ്ധതി പൂർത്തീകരണത്തിനായുള്ള പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**പാൽ, മുട്ട, മാംസം ഉല്പാദനത്തിൽ സ്വയംപര്യാപ്തത**

21 (*531) ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(ബി) കോഴി കർഷകർ നേരിടുന്ന മുഖ്യപ്രശ്നങ്ങളായ കുഞ്ഞുങ്ങൾ, കോഴിത്തീറ്റ എന്നിവയ്ക്കായി അയൽസംസ്ഥാനങ്ങളിലെ സ്വകാര്യ വ്യവസായികളെ ആശ്രയിക്കേണ്ടിവരുന്നതും സംഘടിത ശ്രമത്തിലൂടെ അയൽ സംസ്ഥാന വ്യാപാരികൾ കോഴി ഇറച്ചിക്ക് വിലയിടിച്ച് കർഷകരെ പ്രതിസന്ധിയിലാക്കുന്നതും തടയാൻ ഫലപ്രദമായ ഇടപെടൽ സാധ്യമാണോ; ഇറച്ചിക്കോഴി മേഖലയിൽ കുടുംബശ്രീയുടെ സഹകരണത്തോടെ നടത്തിവരുന്ന പ്രവർത്തനം അറിയിക്കാമോ;

(സി) മൃഗപരിപാലനം വ്യാപിപ്പിക്കുന്നതിന് അനിവാര്യമായ കാര്യക്ഷമമായ മൃഗചികിത്സാ സേവനങ്ങൾ ലഭ്യമാക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനം അറിയിക്കാമോ;

(ഡി) മൃഗപരിപാലന രംഗത്തെ ഗവേഷണത്തിനും വിജ്ഞാനവ്യാപനത്തിനും കോഴിത്തീറ്റ, കാലിത്തീറ്റ തുടങ്ങിയവയുടെ ഉല്പാദന വർദ്ധനവിനും ഉള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടത്തിവരുന്നു:

a) ഗോവർദ്ധിനി പദ്ധതി-കന്നുകുട്ടി പരിപാലന പദ്ധതി- പശുക്കുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ ഉൾപ്പെടെ നൽകുന്ന പദ്ധതികൾ

b) മൃഗസംരക്ഷണ ആവശ്യങ്ങൾക്കായി കർഷകർ എടുത്തിട്ടുള്ള ലോണുകൾക്കുള്ള പലിശ സബ്സിഡി പദ്ധതി

c) ആട് വളർത്തൽ യൂണിറ്റുകൾ

d) ഗോസമൃദ്ധി-സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി

e) രാത്രികാല അടിയന്തര വെറ്ററിനറി സേവനം പദ്ധതി

f) കറവയന്ത്രം സ്ഥാപിക്കുന്ന പദ്ധതി

g) ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കൽ പദ്ധതി

h) കർഷക പരിശീലന പരിപാടികൾ

i) വെറ്ററിനറി സേവനം

j) 2018-19-ൽ പുതിയതായി ആരംഭിച്ച അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് (എ.ആർ.ഡി) പദ്ധതിയുടെ കീഴിൽ മാംസാവശ്യത്തിനായി മൂരിക്കുട്ടി വളർത്തൽ പദ്ധതി

a) <u>കോഴി വളർത്തൽ പദ്ധതി</u>

2016-17, 2017-18, 2018-19 വർഷങ്ങളിൽ കെപ്കോയിൽനിന്നും വിവിധ പദ്ധതികളിലൂടെ 12,14,290 മുട്ടക്കോഴികളെ 1,55,771 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതേ കാലയളവിൽ 18,12,460 കിലോ ബ്രോയിലർ കോഴിയിറച്ചിയും, 22,664 കിലോ നാടൻ കോഴിയിറച്ചിയും മാംസ സംസ്കരണ ശാലയിലൂടെ സംസ്കരിച്ച് വിപണനം നടത്തിയിട്ടുണ്ട്.

കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി യഥാക്രമം 6.76 ലക്ഷം, 9.19 ലക്ഷം, 8.11 ലക്ഷം കോഴിമുട്ടകളും 5.63 ലക്ഷം, 7.78 ലക്ഷം, 6.28 ലക്ഷം എന്നിങ്ങനെ

കോഴിക്കുഞ്ഞുങ്ങളെയും വിവിധ ഫാമുകളിൽ നിന്ന് വിതരണം ചെയ്യുകയുണ്ടായി. വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന മീറ്റ് ടെക്നോളജി യൂണിറ്റ് പ്രതിവർഷം ഏകദേശം 100 ടൺ വിവിധയിനം ഇറച്ചി ഉത്പാദിപ്പിച്ച് വിവിധ വിപണന കേന്ദ്രങ്ങളിലൂടെ പൊതുജനങ്ങൾക്ക് വിൽപ്പന നടത്തിവരുന്നു. മാത്രമല്ല മൊത്തം ഇറച്ചി ഉത്പാദനത്തിന്റെ ഏകദേശം 10 മുതൽ 20% വരെ ഇറച്ചി മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റുന്നുണ്ട്. പന്നി വളർത്തൽ, കോഴിവളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും മാംസോല്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിനും മീറ്റ് ടെക്നോളജി യൂണിറ്റിലെ ആവശ്യത്തിനായി കർഷകരിൽ നിന്നും നേരിട്ട് മൃഗങ്ങളെ വാങ്ങിവരുന്നുണ്ട്.

(ബി) കോഴി ഇറച്ചിയുടെ ഉൽപ്പാദനത്തിൽ നമുക്ക് സ്വയം പര്യാപ്തത കൈവരിക്കാൻ കഴിഞ്ഞാൽ ഈ സാഹചര്യം ഒഴിവാക്കാൻ സാധിക്കുന്നതാണ്. ഈ ലക്ഷ്യം സാധിക്കുന്നതിനുവേണ്ടി കേരളത്തിൽ ഇറച്ചിക്കോഴി വളർത്തൽ പ്രോൽസാഹിപ്പിക്കുവാനും, വ്യാപിപ്പിക്കുവാനും മൃഗസംരക്ഷണ വകുപ്പും സർക്കാർ സംരംഭമായ കേരള പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ, കുടുംബശ്രീയും മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യയും നടപടികൾ സ്വീകരിച്ചുവരുന്നു.

<u>കുടുംബശ്രീ</u>

സർക്കാർ കുടുംബശ്രീയുമായി സഹകരിച്ച് കേരള ചിക്കൻ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. അതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ കഠിനംകുളത്ത് പാരന്റ് സ്റ്റോക്ക് ഫാം തുടങ്ങി.

കോഴിക്കുഞ്ഞുങ്ങളും തീറ്റയും കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകി 2 -2.5 മാസമാകുമ്പോൾ തിരിച്ചെടുത്ത് ഇറച്ചിയാക്കി കുടുംബശ്രീ കേരള ചിക്കൻ എന്ന പേരിൽ വിൽക്കുന്നു.

<u>എം.പി.ഐ.</u>

കുടുംബശ്രീയും എം.പി.ഐ. യുമായി ഉണ്ടാക്കിയ ധാരണ പ്രകാരം കോട്ടയം/എറണാകുളം ജില്ലകളിലെ കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും കിലോയ്ക്ക് 85 രൂപ വില പ്രകാരം കോഴികളെ വാങ്ങുന്നതാണ്. ഇതിനുപുറമേ എം.പി.ഐ-യ്ക്ക് സ്വന്തമായുള്ള കോഴി ഫാമിൽ ഒരു ബാച്ചിൽ 7500 കോഴികളെ വളർത്തുന്നു. ദിനംപ്രതി 1500 കോഴികളെ സംസ്കരിച്ച് വിതരണം ചെയ്തുവരുന്നു.

<u>മൃഗസംരക്ഷണ-കെപ്കോ-കുടുംബശ്രീ കോഴി വളർത്തൽ പദ്ധതി</u>

കെപ്കോ ഉത്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമായ ഇറച്ചിക്കോഴി ക്കുഞ്ഞുങ്ങളെ 40 രൂപ നിരക്കിൽ കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകി വളർത്തിയെടുത്ത് 40- 45 ദിവസം പ്രായവും 2 കിലോ തൂക്കവും ഉണ്ടാകുമ്പോൾ

കിലോയ്ക്ക് 85 രൂപ നിരക്കിൽ കെപ്കോ തിരിച്ചെടുത്ത് പ്രോസെസ്സ് ചെയ്യുന്നു. 1000 ഇറച്ചിക്കോഴികൾ വീതമുള്ള 10 യൂണിറ്റുകൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. പൈലറ്റ് പ്രോജക്ട് എന്ന നിലയ്ക്ക് ഇപ്പോൾ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

ഇത്തരം നടപടികളിലൂടെ ആവശ്യമായ ഇറച്ചിക്കോഴികളെ നമുക്കുതന്നെ ഉൽപ്പാദിപ്പിക്കാൻ സാധിക്കുമെന്ന് പ്രത്യാശിക്കുന്നു. ഈ ലക്ഷ്യം നേടിയാൽ ഇറച്ചിക്കോഴികൾക്ക് വേണ്ടി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന അവസ്ഥ ഒഴിവാക്കാൻ കഴിയും

(സി) 2019-20 സാമ്പത്തിക വർഷത്തിൽ മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും എന്ന പദ്ധതിയിൽ 3114 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ആവർത്തനച്ചെലവുകൾ ഒഴികെയുള്ള മൃഗചികിത്സാ സേവനങ്ങൾക്കുള്ള ധനസഹായം എന്ന ഘടകത്തിന് 275 ലക്ഷം രൂപയും പ്രവർത്തനച്ചെലവുകൾക്ക് 45 ലക്ഷം രൂപയും വെറ്ററിനറി പോളീക്ലിനിക്കുകളുടെയും ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളുടെയും ശാക്തീകരണം എന്ന ഘടകത്തിന് 200 ലക്ഷം രൂപയും അനുവദിച്ചിരിക്കുന്നു. ഈ ഘടകങ്ങളിൽ ഉൾപ്പെടുത്തി കെട്ടിടം, ഉപകരണങ്ങൾ എന്നിവയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നു.

മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും എന്ന പദ്ധതിയിൽ സംസ്ഥാന ബഡ്ജറ്റിൽ മരുന്നു സംഭരണത്തിനായി പ്രത്യേക ഘടകം ഉള്ളതിൽ 2019-20-ൽ 1500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് അടിസ്ഥാനത്തിൽ ആവശ്യാനുസരണം തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി മരുന്നുകൾ സംഭരിക്കാൻ വ്യവസ്ഥയുണ്ട്.

രാത്രികാല അടിയന്തര വെറ്ററിനറി സേവനം പദ്ധതിയിലൂടെ മൃഗാശുപത്രികളുടെ പ്രവർത്തന സമയത്തിനുശേഷവും അടിയന്തര ഘട്ടങ്ങളിൽ കർഷകരുടെ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം ലഭ്യമാക്കുന്നു.

സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ ആശുപത്രികളുടെ കീഴിൽ ഇ-വെറ്റ് കണക്ട് എന്ന പദ്ധതി 2015 മുതൽ നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ കീഴിൽ മൃഗചികിത്സ, വെറ്ററിനറി ആമ്പുലൻസ് സേവനം, മൃഗപ്രജനനം, കർഷക പരിശീലനവുമായി ബന്ധപ്പെട്ട വിവരങ്ങൾ തുടങ്ങിയ മേഖലകളിൽ വിദഗ്ദ്ധ ഉപദേശം കർഷകർക്ക് നൽകിവരുന്നു. ഇതിനായി 24 മണിക്കൂർ കോൾസെന്റർ സേവനവും ലഭ്യമാക്കിവരുന്നു.

(ഡി) മൃഗപരിപാലന രംഗത്തെ ഗവേഷണത്തിനായി സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 1113 ലക്ഷം രൂപയാണ് Kerala Veterinary and Animal Science University-ക്ക് 2019-20 സാമ്പത്തിക വർഷം നീക്കി വച്ചിരിക്കുന്നത്. താഴെ നൽകിയിരിക്കുന്ന ഗവേഷണ വിഷയങ്ങൾക്കാണ് തുക അനുവദിച്ചിരിക്കുന്നത്:

| Sl No. | ഗവേഷണ പദ്ധതിയുടെ പേര് | തുക |
|---|---|---|
| 1 | ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കൽ | 75 ലക്ഷം |
| 2 | തീറ്റയുടെ പോഷക സമൃദ്ധി | 103.5 ലക്ഷം |
| 3 | ജനിതക വിഭവശേഷി വർദ്ധിപ്പിക്കലും പരിപാലിക്കലും | 86.78 ലക്ഷം |
| 4 | കോഴി വളർത്തൽ ഗവേഷണം | 83.72 ലക്ഷം |
| 5 | പ്രത്യുൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് | 28 ലക്ഷം |
| 6 | ബയോ ടെക്നോളജി ഗവേഷണം | 104.5 ലക്ഷം |
| 7 | രോഗ ഗവേഷണം | 129.5 ലക്ഷം |
| 8 | അരുമ മൃഗങ്ങൾ | 24.5 ലക്ഷം |
| 9 | പാൽ, മാംസ സംസ്കരണവും മൂല്യ വർദ്ധിത പ്രവർത്തനങ്ങളും | 156.5 ലക്ഷം |
| 10 | ജന്തു ജന്യ രോഗങ്ങൾ | 19 ലക്ഷം |
| 11 | വിജ്ഞാന വ്യാപനവും സാമ്പത്തിക വിഷയങ്ങളും | 50 ലക്ഷം |
| 12 | മാലിന്യ സംസ്കരണം | 28 ലക്ഷം |
| 13 | നൂതന വിഷയങ്ങളിലെ ഗവേഷണം | 12 ലക്ഷം |
| 14 | മേൽനോട്ട വിലയിരുത്തൽ സെൽ | 12 ലക്ഷം |
| 15 | പുതിയ ഗവേഷണ സ്ഥാപനങ്ങളുടെയും കേന്ദ്രങ്ങളുടെയും ശാക്തീകരണം | 200 ലക്ഷം |
|  | ആകെ | 1113 ലക്ഷം |

കോഴിത്തീറ്റ, കാലിത്തീറ്റ തുടങ്ങിയവയുടെ ഉല്പാദന വർദ്ധനവിനുള്ള വിശദാംശം

നിലവിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡിന് തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകര (650 മെട്രിക് ടൺ/ദിവസം), കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി (300 മെട്രിക് ടൺ/ദിവസം), കോഴിക്കോട് ജില്ലയിലെ തിരുവാങ്ങൂർ (300 മെട്രിക് ടൺ/ദിവസം) എന്നീ സ്ഥലങ്ങളിൽ കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകളുണ്ട്. പ്രസ്തുത യൂണിറ്റുകളിൽനിന്ന് കാലിത്തീറ്റ ഉല്പാദിപ്പിച്ച് ക്ഷീരകർഷകർക്കായി വിപണനം നടത്തിവരുന്നു. കൂടാതെ ഇടുക്കി ജില്ലയിലെ അരീക്കുഴിയിൽ 500 മെട്രിക് ടൺ പ്രതിദിന ഉല്പാദനശേഷിയുള്ള കാലിത്തീറ്റ യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. 2019 ആഗസ്റ്റ് മാസത്തോടെ നിർമ്മാണം പൂർത്തീകരിച്ച് ഇവിടെനിന്ന് വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദനം തുടങ്ങാനാകുമെന്ന് പ്രതീക്ഷിക്കുന്നു. അതോടെ കേരള ഫീഡ്സിന്റെ പ്രതിദിന കാലിത്തീറ്റ ഉല്പാദന ശേഷി 1750 മെട്രിക് ടൺ ആകും. ഒപ്പം കേരളത്തിലെ ക്ഷീരകർഷകർക്ക് ഗുണനിലവാരമുള്ള കാലിത്തീറ്റ ന്യായമായ വിലയ്ക്ക് യഥേഷ്ടം നൽകാൻ കേരള ഫീഡ്സ് ലിമിറ്റഡിന് സാധിക്കും.

കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ മണ്ണുത്തി യൂണിറ്റിന് കീഴിൽ വരുന്ന സെന്റർ ഫോർ അഡ്വാൻസ് സ്റ്റഡീസ് ഇൻ പൗൾട്രി സയൻസ് നടത്തിവരുന്ന റിവോൾവിംഗ് ഫണ്ട് പൗൾട്രി പ്രോജക്ടിലൂടെ 5 കിലോ കോഴിത്തീറ്റ പാക്കറ്റുകൾ കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി യഥാക്രമം 3208.04 ടൺ, 2861.7 ടൺ, 2136.7 ടൺ എന്നിങ്ങനെ വിതരണം ചെയ്യുകയുണ്ടായി.

**പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ പദ്ധതി വിഹിതം**

22 (*532) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എം. ഉമ്മർ:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സാമ്പത്തികവർഷം പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ പദ്ധതി വിഹിതം യഥാക്രമം 20%, 14% വീതം കുറയ്ക്കാൻ ഇടയാക്കിയ സാഹചര്യം വിശദമാക്കാമോ;

(ബി) കഴിഞ്ഞ സാമ്പത്തികവർഷം വകയിരുത്തിയ തുക പൂർണ്ണമായും അർഹരായവർക്ക് നൽകുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രളയാനന്തര കേരളം കെട്ടിപ്പടുക്കുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വികസന ഫണ്ട് വെട്ടിക്കുറയ്ക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശം ആരാണ് മുന്നോട്ട് വച്ചതെന്നറിയിക്കാമോ; വിശദമാക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഈ സാമ്പത്തിക വർഷം (2019-20) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ പദ്ധതി വിഹിതം കുറവ് ചെയ്യാൻ തീരുമാനിച്ചിട്ടില്ല.

(ബി) കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നുള്ള അർഹതാ സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നത്.

പട്ടികവർഗ്ഗ വികസന വകുപ്പിൽ ഊരുകൂട്ടങ്ങളാണ് ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തുന്നത്. എല്ലാ ഗുണഭോക്താക്കൾക്കും ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) മുഖേന ബാങ്ക് അക്കൗണ്ട് വഴിയാണ് ധനസഹായം അനുവദിക്കുന്നത്.

ഇതിനുപുറമേ സോഷ്യൽ ആഡിറ്റ് സമ്പ്രദായവും നിലവിലുള്ളതിനാൽ പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യങ്ങൾ അവർക്കുതന്നെ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന തുക അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് തന്നെ ചെലവഴിക്കുന്നുവെന്ന് കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായി സ്ഥലം എം.എൽ.എ.-മാർ ഉൾപ്പെടുന്ന കമ്മിറ്റിയും ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മിറ്റിയും നിലവിലുണ്ട്.

(സി) 2018-19 വർഷം സംസ്ഥാന പദ്ധതിയിൽ പൊതുവെ 20% വെട്ടിക്കുറവ് വരുത്തുന്നതിന്റെ ഭാഗമായി പട്ടികജാതി വികസന വകുപ്പ് 20 ശതമാനവും പട്ടികവർഗ്ഗ വികസന വകുപ്പ് 14 ശതമാനവും കുറവ് പദ്ധതിയിൽ വരുത്തിയിട്ടുണ്ട്. എന്നാൽ വിദ്യാഭ്യാസം, ആരോഗ്യം, ഭവന നിർമ്മാണം എന്നീ മേഖലകളിലെ പദ്ധതികളിൽ ഒരു കുറവും വരുത്തിയിട്ടില്ല. എസ്.സി.പി. റ്റി.എസ്.പി, എന്നിവയിൽ പൊതുവേ 20% കുറവ് വരുത്തുന്നതിനായി മറ്റു പദ്ധതികളിൽ ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ട്.

## തോട്ടം തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ നടപടി

23 (*533) ശ്രീ. അനിൽ അക്കര:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികൾ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ അടിസ്ഥാന പ്രശ്നം ശുചിത്വമുള്ളതും സുരക്ഷിതവുമായ താമസ സൗകര്യത്തിന്റെ അഭാവമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തോട്ടം മേഖലയിൽ ഭൂരഹിത, ഭവനരഹിതരായി ഇപ്പോഴും പതിനായിരക്കണക്കിന് ആളുകൾ ഉണ്ടെന്ന കാര്യം സർക്കാർ ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) പ്രവർത്തനം നിലച്ച തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്;

(ഡി) പ്രവർത്തനം നിലച്ച തോട്ടം മേഖലയിലെ ദുരിതപൂർണ്ണമായ ജീവിതം നയിക്കുന്ന തൊഴിലാളികൾക്ക് പ്രത്യേക പരിഗണനയും ശ്രദ്ധയും നൽകി അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് തൊഴിൽ വകുപ്പ് പ്രത്യേക ശ്രദ്ധ പതിപ്പിക്കുമോ; വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ&ബി) ഉണ്ട്. തോട്ടം മേഖലയിലെ ഭൂരഹിത/ഭവനരഹിത തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകുന്ന വിഷയം സർക്കാർ ഗൗരവമായി പരിശോധിച്ച് മേൽ നടപടികൾ സ്വീകരിച്ചുവരികയാണ്. ഇത്തരം തൊഴിലാളികൾക്ക് ലൈഫ് പദ്ധതി മുഖേന വീട് വച്ച് നൽകുന്നതിനുള്ള പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഭവനരഹിതരും സ്വന്തമായി സ്ഥലമുള്ളതുമായ തോട്ടം തൊഴിലാളികൾക്ക് 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്വതന്ത്ര ഭവനങ്ങളും സ്വന്തമായി സ്ഥലമില്ലാത്ത തൊഴിലാളികൾക്ക് 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അപ്പാർട്ട്മെന്റ് കോംപ്ലക്സുകളും നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഭവനം ഫൗണ്ടേഷൻ മുഖേന നടപ്പിലാക്കുന്ന " Own your Own House" പദ്ധതിയുടെ ഭാഗമായി ലൈഫ് പദ്ധതിയിൽ

ഉൾപ്പെട്ടിട്ടുള്ള സ്വന്തമായി ഭൂമിയുള്ള തോട്ടം തൊഴിലാളികൾക്ക് വീടു വച്ച് നൽകുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിയുടെ ആദ്യ ഘട്ടമായി ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട തോട്ടം മേഖലയിലെ സ്വന്തമായി ഭൂമിയുള്ള തൊഴിലാളികൾക്ക് ഇടുക്കി ജില്ലയിൽ കുറ്റ്യാർവാലിയിൽ സ്വതന്ത്ര ഭവനങ്ങളുടെ പണി പുരോഗമിച്ചുവരുന്നു. സ്വന്തമായി ഭൂമിയില്ലാത്ത തൊഴിലാളികൾക്ക് അപ്പാർട്ട്മെന്റുകൾ നിർമ്മിക്കുന്നതിനായി സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) സംസ്ഥാനത്ത് നിലവിൽ 13 തോട്ടങ്ങൾ പ്രവർത്തന രഹിതമാണ്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ബന്ധപ്പെട്ട തോട്ടം ഉടമകളുമായും തൊഴിലാളി സംഘടനാനേതാക്കളുമായും തൊഴിൽ വകുപ്പുമന്ത്രി നിരവധിഘട്ട ചർച്ചകൾ നടത്തിയിട്ടുണ്ട്. തുടർന്ന് പൂട്ടിക്കിടക്കുന്ന ഈ തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പ്രവർത്തനം നിലച്ച തോട്ടം മേഖലയിൽ ജീവിത പ്രയാസമനുഭവിക്കുന്ന തൊഴിലാളികൾക്ക് പ്രത്യേക പരിഗണനയും ശ്രദ്ധയും നൽകി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് തൊഴിൽ വകുപ്പ് പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖേന വിദ്യാഭ്യാസം, വിവാഹം, മരണാനന്തര സഹായം എന്നിങ്ങനെ വിവിധ ഇനങ്ങളിലായി ധനസഹായം നൽകിവരുന്നു. പ്ലാന്റേഷൻ ക്രൈസിസ് റിലീഫ് മെഡിക്കൽ ടീം തോട്ടം മേഖലകളിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ച് ചികിത്സാസഹായം നൽകിവരുന്നുണ്ട്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ഓണക്കിറ്റുകളും എല്ലാ വർഷവും ഓണം എക്സ്ഗ്രേഷ്യ ധനസഹായമായി 2,000 രൂപ വീതവും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ വിരമിച്ച തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി ലഭ്യമാക്കുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിച്ച് അപേക്ഷകൾ സമാഹരിക്കുകയും പേമെന്റ് ഓഫ് ഗ്രാറ്റുവിറ്റി നിയമപ്രകാരമുള്ള നിയന്ത്രണാധികാരികളായ ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർ മുമ്പാകെ ഗ്രാറ്റുവിറ്റി കേസ്സുകൾ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

## ജലസേചന പദ്ധതികൾക്ക് വിതരണ ശൃംഖല

24 (*534) ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. വി. ജോയി:
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ പണി പൂർത്തീകരിച്ചിട്ടുള്ളതും പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നതുമായ ജലസേചന പദ്ധതികൾക്ക് വിതരണ ശൃംഖല സ്ഥാപിച്ച് പദ്ധതികളുടെ പ്രയോജനം പൂർണ്ണമായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി വിശദമായ സർവ്വേ നടത്തി വിതരണ ശൃംഖലകൾക്കായുള്ള എഞ്ചിനീയറിംഗ് റിപ്പോർട്ടുകൾ തയ്യാറാക്കാൻ അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾക്ക് നിലവിൽ എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്നറിയിക്കാമോ;

(ഡി) ഇതിനായി നബാർഡ് എന്തെല്ലാം സഹായമാണ് നൽകുന്നതെന്നും നബാർഡിന്റെ അനുമതി ലഭിച്ച് ഉല്പാദന ഘടകങ്ങൾ പൂർത്തിയാക്കിയ പദ്ധതികളുടെ വിതരണ ശൃംഖല പൂർത്തീകരിക്കുന്നതിന് നടപ്പുസാമ്പത്തിക വർഷം എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) നിലവിൽ ഉത്പാദന ഘടകങ്ങളുടെ പണി പൂർത്തിയായതും മറ്റ് ഘടകങ്ങളുടെ പണികൾ പൂർത്തീകരിച്ചതോ പുരോഗമിച്ചു വരുന്നതോ ആയ പ്രവൃത്തികളുടെ വിതരണ ശൃംഖല സ്ഥാപിച്ച് പദ്ധതികളുടെ പ്രയോജനം പൂർണ്ണമായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് 2016 മുതൽ നാളിതുവരെ സ്റ്റേറ്റ് പ്ലാൻ, നബാർഡ്, കിഫ്ബി, അമൃത് എന്നിവ മുഖേന 3588.62 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇവയിൽ വിതരണ ശൃംഖലകൾ മാത്രം സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ, വിതരണ ശൃംഖലകൾ കൂടി ഉൾപ്പെടുത്തിയിട്ടുള്ള വൻകിട പദ്ധതികൾ, കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ ഫ്ലൂറൈഡ് ബാധിത പ്രദേശങ്ങളിലേക്ക് വിതരണശൃംഖല സ്ഥാപിച്ച് നീതി ആയോഗിന്റെ ഫണ്ടിൽ ഉൾപ്പെടുത്തി 18.99 കോടി രൂപയുടെ ഭരണാനുമതി

ലഭ്യമാക്കിയിട്ടുണ്ട്. അട്ടപ്പാടി മേഖലയിലെ 84813 പേർക്ക് പ്രതിദിനം ആളോഹരി 100 ലിറ്റർ നിരക്കിൽ കുടിവെള്ളം ലഭ്യമാകുന്ന വിധത്തിലാണ് അഗളി, പുതൂർ, ഷോളയാർ ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടിയുള്ള നബാർഡ് ധനസഹായത്താൽ നടപ്പാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ട പ്രവൃത്തികൾ 20-5-2020-ഓടുകൂടി പൂർത്തീകരിക്കുന്നതാണ്. ഇതിന്റെ വിതരണ ശൃംഖലയ്ക്കായി ഫണ്ട് കണ്ടെത്തേണ്ടതുണ്ട്. കൂടാതെ ഉത്പാദന ഘടകങ്ങൾ പൂർത്തിയായ ജലവിതരണ പദ്ധതികൾക്ക് വിതരണ ശൃംഖല സ്ഥാപിച്ച് പദ്ധതികളുടെ പ്രയോജനം പൂർണ്ണമായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേരള വാട്ടർ അതോറിറ്റി അഞ്ച് വർഷത്തെ ഒരു ഇൻവെസ്റ്റ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഈ വിഭാഗത്തിൽപ്പെട്ട 128 പദ്ധതികൾക്ക് വിതരണ ശൃംഖലകൾ സ്ഥാപിക്കുന്നതിനായി 11340 കോടി രൂപയുടെ പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്. ഈ പ്രവൃത്തികളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽ 18 പദ്ധതികളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി ആർ.കെ.ഐ.-യുടെ സാമ്പത്തിക അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ 128 പദ്ധതികളുടെയും വിതരണ ശൃംഖല സ്ഥാപിക്കുന്നതിന് ആവശ്യമായ സർവ്വേയും പഠനങ്ങളും നടത്തി പുതുക്കിയ മാനദണ്ഡപ്രകാരം വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് (ഡി.ഇ.ആർ.) തയ്യാറാക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് അനുസരിച്ചുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഈ ഡി.ഇ.ആർ. തയ്യാറാക്കുന്നതിനുള്ള കാലാവധിയും പ്ലാനിൽ തീർച്ചപ്പെടുത്തിയിട്ടുണ്ട്. ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ തുക അപര്യാപ്തമായതിനാൽ മറ്റ് ധനസ്രോതസ്സുകളിൽ നിന്ന് തുക കണ്ടെത്തിവരുന്നു.

(സി) വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾക്ക് 2016 മുതൽ നാളിതുവരെ സ്റ്റേറ്റ് പ്ലാൻ, നബാർഡ്, കിഫ്ബി, അമൃത് തുടങ്ങിയവയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| നമ്പർ | പദ്ധതി | 2016-17 (ലക്ഷത്തിൽ) | 2017-18 (ലക്ഷത്തിൽ) | 2018-19 (ലക്ഷത്തിൽ) | 2019-20 (ലക്ഷത്തിൽ) |
|---|---|---|---|---|---|
| 1 | സ്റ്റേറ്റ് പ്ലാൻ | 9458.69 | 20736.83 | 14748.85 | 9919.66 |
| 2 | നബാർഡ് | 4376 | | 16552.00 | |
| 3 | കിഫ്ബി | 29710.00 | | 122026.40 | 70317.50 |
| 4 | അമൃത് | 23759.00 | 37257.00 | | |
| 5 | നീതി ആയോഗ് | 515.00 | 184.75 | 1200.00 | |
| | ആകെ | 67818.69 | 58178.58 | 154527.25 | 80237.00 |

(ഡി) 2018-19-ൽ നബാർഡിൽ താഴെപ്പറയുന്ന പദ്ധതികൾക്ക് 165.52 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു:

1. തൃക്കോവിൽവട്ടം, നെടുമ്പന പഞ്ചായത്തുകളിലേക്കുള്ള വിതരണ ശൃംഖല സ്ഥാപിക്കൽ (ഫേസ് 2 പാർട്ട്- 1)- 12.92 കോടി രൂപ
2. നെടുമ്പ്രം, നിരണം, കടപ്ര, പെരിങ്ങറ കുടിവെള്ള പദ്ധതിയിൽനിന്നും നിരണം, കടപ്ര പഞ്ചായത്തുകളിലേക്കുള്ള വിതരണശൃംഖല സ്ഥാപിക്കൽ - 20 കോടി രൂപ
3. എരുമേലി പഞ്ചായത്തിലെ സോൺ ഒന്നിലേക്കും നാലിലേക്കുമുള്ള വിതരണശൃംഖല സ്ഥാപിക്കൽ - 12.60 കോടി രൂപ
4. സീതത്തോട് പഞ്ചായത്തിലേക്കും പെരുനാട് പഞ്ചായത്തിലെ നിലയ്ക്കൽ, പ്ലാപ്പള്ളി പ്രദേശത്തേക്കുള്ള കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടം - 120 കോടി രൂപ. കൂടാതെ നടപ്പ് സാമ്പത്തിക വർഷം നബാർഡ് പദ്ധതികൾക്കായി ബഡ്ജറ്റിൽ 80 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

## പ്രാക്തന ഗോത്രവർഗ്ഗ ഭാഷയും സംസ്കാരവും സംരക്ഷിക്കുന്നതിന് നടപടി

25 (*535) <u>ശ്രീ. പി. വി. അൻവർ:</u>
<u>ശ്രീ. പുരുഷൻ കടലുണ്ടി:</u>
<u>ശ്രീ. എസ്. രാജേന്ദ്രൻ:</u>
<u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാക്തന ഗോത്രവർഗ്ഗത്തിൽപ്പെട്ടവരുടെ ഭാഷയും സംസ്കാരവും തനത് കലാരൂപങ്ങളും അന്യം നിന്നുപോകാതിരിക്കുന്നതിനും അവയെ പരിപോഷിപ്പിക്കുന്നതിനുമായി ഈ സർക്കാർ നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഫോക്ക്‌ലോർ അക്കാദമിയുടെ പ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും അക്കാദമിയെ ഔപചാരികവും അനൗപചാരികവുമായ ഗവേഷണങ്ങൾക്ക് പ്രാപ്തമാക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത മേഖലയിലെ കലാരൂപങ്ങളെ പൊതുസമൂഹത്തിന്റെ മുന്നിൽ അവതരിപ്പിക്കുന്നതിനും അവരുമായി ആശയവിനിമയം സാധ്യമാക്കുന്നതിനും ഉതകുന്ന എന്തെല്ലാം പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വിവരിക്കുമോ;

(ഡി) ലോക നിലവാരത്തിലുള്ള ഫോക്ക് ലോർ മ്യൂസിയം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) സംസ്ഥാനത്തെ പ്രത്യേക ദുർബ്ബല ഗോത്രജനതയുടെ ഭാഷ, സംസ്കാരം, തനത് കലാരൂപങ്ങൾ എന്നിവ രേഖപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ കിർത്താഡ്സ് നടപ്പിലാക്കിവരുന്നുണ്ട്. 2017-18 വർഷത്തിൽ കാട്ടുനായിക്കൻ സമുദായത്തിലെ കുട്ടികളുടെ പഠനത്തിനായി പ്രീപ്രൈമറി, പ്രൈമറിതലത്തിൽ ഭാഷാ പഠന സഹായിയും (പ്രൈമർ), കുറുമ്പർ സമുദായത്തിന്റെ തനത് ഭാഷയ്ക്ക് വ്യാകരണ നിഘണ്ടുവും തയ്യാറാക്കിയിട്ടുണ്ട്. കൊറഗ ജനതയുടെ ഭാഷയിൽ ഭാഷാപഠന സഹായിയും (പ്രൈമർ) പൂർത്തീകരിച്ചിട്ടുണ്ട്.

പ്രത്യേക ദുർബ്ബല ഗോത്രവിഭാഗത്തിൽപ്പെട്ട ചോലനായിക്കൻ സമുദായക്കാരുടെയും മലപ്പുറം ജില്ലയിലെ കാട്ടുനായിക്കരുടെയും കൊറഗരുടെയും സവിശേഷ സാംസ്കാരിക സവിശേഷതകൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള നടപടി 2017-18 സാമ്പത്തികവർഷം നടത്തിയിട്ടുണ്ട്. 2018-19 വർഷത്തിൽ കുറുമ്പരുടെ മിത്തുകൾ, ഗോത്രപാട്ടുകൾ, ഗോത്രകഥകൾ, വാമൊഴി സാഹിത്യം, കൊറഗരുടെ ആഭരണം, വസ്ത്രധാരണം, മെയ്യലങ്കാരം (പച്ചകുത്തൽ, നെറ്റിച്ചൊട്ട, പല്ലുകൊത്തൽ, ദൈവികമെയ്യെഴുത്തുകൾ, മുഖത്തെഴുത്ത്), കാടരുടെ ഗോത്രാഭരണം, വസ്ത്രധാരണം, മെയ്യലങ്കാരം (പച്ചകുത്തൽ, നെറ്റിച്ചൊട്ട, പല്ലുകൊത്തൽ, ദൈവിക മെയ്യെഴുത്തുകൾ, മുഖത്തെഴുത്ത്), കാട്ടുനായിക്കരുടെ ഗോത്രനിർമ്മിതികൾ (വാസസ്ഥലങ്ങൾ) എന്നിവ കിർത്താഡ്സ് മ്യൂസിയത്തിൽ പ്രദർശനത്തിന് തയ്യാറാക്കിയിട്ടുണ്ട്.

ചോലനായിക്കരുടെയും വയനാട്ടിലെ കാട്ടുനായിക്കരുടെയും ഭക്ഷ്യ അറിവുകൾ, ജീവനോപാധികൾ തുടങ്ങിയവയും മറ്റ് ഗോത്ര സമൂഹങ്ങളുടെ സമാന വിവരങ്ങളും ക്രോഡീകരിച്ച് 'തനത് ഭക്ഷണവും ഗോത്രജീവനോപാധികളും' എന്ന പുസ്തകവും, കൊറഗർ, കാട്ടുനായിക്കൻ, കുറുമ്പർ എന്നീ പ്രത്യേക ദുർബ്ബല ഗോത്രജനതയുടെയും മറ്റ് ഗോത്രസമുദായങ്ങളുടെയും വാമൊഴി പാട്ടുകൾ ശേഖരിച്ച് കടല് തൈ പൂമരം എന്ന പുസ്തകവും 2018-ൽ കിർത്താഡ്സ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2017 മാർച്ചിൽ സംസ്ഥാനത്തെ പ്രത്യേക ദുർബ്ബല പട്ടികവർഗ്ഗ ജനതയുടെ ഉൾപ്പെടെയുള്ള ഗോത്ര കലാരൂപങ്ങളുടെ പ്രോത്സാഹനവും സംരക്ഷണവും ലക്ഷ്യമിട്ട് 'ഇന്ത്യയിലെ ഗോത്രകലകൾ' എന്ന പേരിൽ ഒരു അന്താരാഷ്ട്ര

സെമിനാർ സംഘടിപ്പിക്കുകയും ആയതിലെ പ്രബന്ധങ്ങൾ 'ട്രൈബൽ ആർട്ട് ആന്റ് സൊസൈറ്റി' എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. വയനാട് ജില്ലയിലെ കാട്ടുനായിക്കൻ ഗോത്രവിഭാഗത്തിന്റെ കലകളെക്കുറിച്ചുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന 'ഗോത്രതാളം, വാല്യം ഒന്ന് ', 2017-ലും കുറുമ്പർ, കാടർ ഗോത്രജനതയുടെ കലകളെക്കുറിച്ചുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന 'ഗോത്രതാളം, വാല്യം രണ്ട്' 2018-ലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഗദ്ദിക, പൂതനംതിറയും, പടയണി, മുടിയേറ്റ്, തെയ്യംതിറ, പൂരക്കളി, മംഗലംകളി, എരുതുകളി, കുത്തിയോട്ടം തുടങ്ങിയ കലാരൂപങ്ങളും, ഞാറ്റുപാട്ടുകൾ, വടക്കൻപാട്ടുകൾ, തെക്കൻപാട്ടുകൾ, കെന്ത്രോൻ പാട്ടുകൾ, കണ്ണേറ്റുപാട്ടുകൾ, നാട്ടറിവുപാട്ടുകൾ തുടങ്ങിയ അനേകം പാട്ടുകളും, പ്രാക്തന കലകളും അനുഷ്ഠാനങ്ങളും സംരക്ഷിക്കുന്നതിനും ഫോക് ലോർ അക്കാദമി ആദിവാസി ഗോത്രസമ്മേളനങ്ങൾ വഴി പൊതു സമൂഹത്തിന് മുമ്പാകെ പ്രദർശിപ്പിക്കുന്നതിനുള്ള അവസരം നൽകുന്നു. ഗോത്രകലകൾ, നാട്ടുകലകൾ തുടങ്ങിയവ വരുംതലമുറയ്ക്കായി ഫോക് ലോർ അക്കാദമി ഡോക്യുമെന്റ് ചെയ്ത് സൂക്ഷിക്കുന്നുമുണ്ട്.

(ബി) നാടൻകലകളുടെ പരിരക്ഷണത്തിനും പഠനത്തിനും വേണ്ടി വിഭാവനം ചെയ്തിട്ടുള്ളതാണ് ഫോക് ലോർ അക്കാദമി. കലാരൂപങ്ങൾ തനിമയോടെ നിലനിർത്തി ചരിത്രവിദ്യാർത്ഥികൾക്കും നരവംശ ശാസ്ത്ര ഗവേഷകർക്കും ഫോക് ലോർ അക്കാദമി പ്രദർശനത്തിന് ലഭ്യമാക്കുന്നുണ്ട്. ഫോക് ലോർ പഠനത്തിനും ഗവേഷണത്തിനും ഉതകുംവിധം ഫോക് ലോർ അക്കാദമിയുടെ വിപുലമായ ഒരു ഉപകേന്ദ്രം കോട്ടയം ജില്ലയിലെ വെള്ളാവൂരിലെ മണിമലയിൽ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. തെക്കൻ കേരളത്തിലെ പടയണി, മുടിയേറ്റ്, കുത്തിയോട്ടം, അമ്പത്തീരടിപാട്ടും പടവെട്ടും തുടങ്ങിയ കലാരൂപങ്ങളെ പരിശീലിപ്പിക്കുവാനും മറ്റ് ഗവേഷണ പ്രവർത്തനങ്ങൾക്കും ഈ പഠന കേന്ദ്രത്തെ പ്രയോജനപ്പെടുത്തുവാൻ കഴിയും.

(സി) പ്രത്യേക ദുർബ്ബല ഗോത്ര വിഭാഗങ്ങളുടേത് ഉൾപ്പെടെയുള്ള കലാരൂപങ്ങൾ പൊതുസമൂഹത്തിന് മുമ്പിൽ അവതരിപ്പിക്കുന്നതിന് കഴിയുന്ന രീതിയിൽ അവയെ ചിട്ടപ്പെടുത്തുന്നതിനായി കിർത്താഡ്സ് ശില്പശാലകൾ നടത്താറുണ്ട്. വർഷംതോറും സംസ്ഥാനത്തെ രണ്ട് ജില്ലകളിൽ വച്ച് കിർത്താഡ്സ്, പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ 'ഗദ്ദിക' ഉൽപ്പന്ന പ്രദർശന വിപണനമേളയും നാടൻ കലാമേളയും സംഘടിപ്പിക്കുന്നുണ്ട്. പ്രത്യേക ദുർബ്ബല ഗോത്ര

ജനതയുൾപ്പെടെയുള്ള പട്ടികവർഗ്ഗ ജനസമൂഹങ്ങളുടെ കലകളെ പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുന്നതിനും അവരുമായി ആശയവിനിമയം നടത്തുന്നതിനും ഇതുവഴി അവസരം ലഭിക്കുന്നുണ്ട്.

പ്രാക്തന കലകൾ, അന്യം നിന്നുപോകുന്ന കലകൾ ബഹുജനങ്ങളുടെ കൂട്ടായ്മകളുടെ മുമ്പിൽ അവതരിപ്പിക്കുന്നതിന് ഫോക് ലോർ അക്കാദമി അവസരം ഒരുക്കുന്നുണ്ട്. കേരളത്തിലുടനീളമുള്ള ലൈബ്രറികൾ രൂപീകരിക്കുന്ന ഫോക് ലോർ ക്ലബ്ബുകൾ, സ്കൂൾ, കോളേജ് ഫോക് ലോർ ക്ലബുകൾ, ഉത്സവക്കൂട്ടായ്മകൾ എന്നിവയെല്ലാം വഴിയാണ് ഈ കലാരൂപങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നത്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**മണ്ണും മാലിന്യവും നീക്കം ചെയ്യുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ**

26 (*536) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ ചെക്ക് ഡാമുകൾ, റെഗുലേറ്ററുകൾ, ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം എന്നിവയിൽ അടിഞ്ഞ് കൂടിയിട്ടുള്ള മണ്ണും മാലിന്യവും നീക്കം ചെയ്യുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) പ്രളയംമൂലം നദികളിൽ അടിഞ്ഞുകൂടിയ മണ്ണ് നീക്കി ജലത്തിന്റെ ഒഴുക്ക് സുഗമമാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) എം.ജി.എൻ.ആർ.ഇ.യുടെ കീഴിൽ നൂറ്റമ്പത് തൊഴിൽ ദിവസങ്ങൾ അധികമായി അനുവദിച്ചത് ഉപയോഗിച്ച് ഡീസിൽറ്റിംഗ് ജോലികൾ ഏറ്റെടുത്ത് നടത്തുവാൻ സാധിച്ചിട്ടുണ്ടോ;

(ഡി) പ്രളയത്തിൽ ഡാമുകളിലും നദികളിലും അടിഞ്ഞുകൂടിയ മണൽ, വീട് നഷ്ടപ്പെട്ടവർക്ക് ലൈഫ് പദ്ധതിയിൽ വീട് നിർമ്മിക്കുന്നതിന് ചുരുങ്ങിയ നിരക്കിൽ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ&ബി) 2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ അതിരൂക്ഷമായ പ്രളയത്തിനോടനുബന്ധിച്ച് വിവിധ നിർമ്മിതികളിൽ (ചെക്ക് ഡാം,

റെഗുലേറ്ററുകൾ, ലിഫ്റ്റ് ഇറിഗേഷൻ) അടിയന്തരമായി മാറ്റേണ്ട തടസ്സങ്ങളെല്ലാം നീക്കം ചെയ്ത് പുഴകളിലൂടെയുള്ള നീരൊഴുക്ക് ഒരുപരിധിവരെ സുഗമമാക്കുകയും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ പുഴകൾ, തോടുകൾ എന്നിവയുടെ തീരങ്ങൾ സംരക്ഷിക്കുന്നതിനും തോടുകളിൽ അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യുന്നതിനും നിർമ്മിതികളുടെ അറ്റകുറ്റപ്പണികൾ തുടങ്ങിയ അടിയന്തര പ്രവൃത്തികൾ എസ്.ഡി.ആർ.എഫ്, പ്ലാൻ ഫണ്ട്, നോൺ പ്ലാൻ ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

(സി) കനാലുകളിലെ ഡീസിൽറ്റിംഗ് പദ്ധതികൾക്കായി ലഭ്യമാക്കിയിട്ടുള്ള എസ്റ്റിമേറ്റ് അടിസ്ഥാനമാക്കി അതാത് പഞ്ചായത്തുകൾ എം.ജി.എൻ.ആർ.ഇ. ജി.എസ്.-ൽ ഉൾപ്പെടുത്തി ചെയ്യുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട വർക്ക് പ്ലാൻ തയ്യാറാക്കുന്നത് എം.ജി.എൻ.ആർ.ഇ.ജി.എസ്. അധികൃതരാണ്.

(ഡി) പരിശോധിക്കാവുന്നതാണ്.

## എക്സൈസ് ചെക്ക് പോസ്റ്റുകളുടെ ആധുനികവൽക്കരണം

27 (*537) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽനിന്നും അയൽ സംസ്ഥാനങ്ങളിൽനിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്ന കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കുമരുന്ന് ഉല്പന്നങ്ങളുടെ വിപണനം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) എക്സൈസ് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതാണ് ഇത്രയധികം ലഹരി ഉല്പന്നങ്ങൾ സംസ്ഥാനത്ത് എത്തുന്നതിന് കാരണമെന്ന ആക്ഷേപമുള്ളതിനാൽ മാറുന്ന കാലത്തിന് അനുസൃതമായി ചെക്ക് പോസ്റ്റുകളെ കൂടുതൽ ആധുനികവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) അന്താരാഷ്ട്ര ബന്ധമുള്ള മയക്കുമരുന്ന് കേസ്സുകളിൽ അന്താരാഷ്ട്ര അന്വേഷണ ഏജൻസികളുടെ സഹകരണം തേടാറുണ്ടോ; വിശദാംശം നൽകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കളുടെ വ്യാപനവും ഉപഭോഗവും തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹനപരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. സംസ്ഥാനവുമായി അതിർത്തി പങ്കിടുന്ന തമിഴ്നാട്-കർണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, വനം, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. എന്നീ വിഭാഗങ്ങളുമായി ചേർന്ന് സംയുക്ത പരിശോധനകളും ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ വാഹന പരിശോധനയും നടത്തുന്നുണ്ട്. കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങളും കേന്ദ്രീകരിച്ച് രഹസ്യനിരീക്ഷണങ്ങൾ നടത്തി മയക്കുമരുന്നുകളുടെ ഉപഭോഗം, വിൽപ്പന എന്നിവ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകൾ, ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് എന്നിവയും പരിശോധനകൾ നടത്തിവരുന്നു.

(ബി) എക്സൈസ് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതേയവസരത്തിൽ ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഒട്ടേറെ ആധുനികവൽക്കരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അയൽ സംസ്ഥാനങ്ങളിൽനിന്നുള്ള മയക്കുമരുന്ന് കടത്ത് തടയാൻ ചെക്ക്പോസ്റ്റുകളിലെ വാഹനപരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. എക്സൈസ് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കാൻ 14 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സി.സി.റ്റി.വി. ക്യാമറ സംവിധാനം ഏർപ്പെടുത്തുകയും പ്രധാനപ്പെട്ട 20 എക്സൈസ് ചെക്ക്പോസ്റ്റുകൾ കമ്പ്യൂട്ടർവത്കരിക്കുകയും ചെയ്തിട്ടുണ്ട്. എക്സൈസ് ചെക്ക്പോസ്റ്റുകളിലെ ഉപയോഗത്തിനായി 27 മോട്ടോർ ബൈക്കുകൾ അനുവദിക്കുകയും എല്ലാ ചെക്ക്പോസ്റ്റുകളിലും 1 കെ.വി. ഇൻവർട്ടർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. ആവശ്യമായ ഘട്ടങ്ങളിൽ കേന്ദ്രസർക്കാരിന്റെ നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ, സെൻട്രൽ ഐ.ബി. എന്നീ ഏജൻസികളുടെ സഹകരണത്തോടുകൂടിയാണ് കേസന്വേഷണങ്ങൾ നടത്തിവരുന്നത്.

## വനം വകുപ്പ് ഡിപ്പോകളിലെ ക്രമക്കേട്

28 (*538) ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ ഡിപ്പോകളിൽനിന്നും ചന്ദനത്തടി ഉൾപ്പെടെയുള്ള വിലപിടിപ്പുള്ള തടികൾ കടത്തിക്കൊണ്ടുപോകുന്നതായ പരാതികൾ ഉണ്ടായിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തെല്ലാമാണ്; ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) ക്രമക്കേടുകളുടെ ഫലമായി സർക്കാരിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഇത് ഈടാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

വനവും മൃഗസംരക്ഷണവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) വനം വകുപ്പിന്റെ പെരുമ്പാവൂർ ടിംബർ സെയിൽസ് ഡിവിഷന്റെ കീഴിലുള്ള വിട്ടൂർ സർക്കാർ തടി ഡിപ്പോയിൽ നിന്നും തടികൾ ലോറികളിൽ കയറ്റിക്കൊണ്ട് പോയി എന്നാരോപിച്ച് 8-10-2013-ന് ഒരു പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയിന്മേൽ വനം വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ട്.

കോട്ടയം ടിംബർ സെയിൽസ് ഡിവിഷന്റെ കീഴിലുള്ള പാറാമ്പുഴ തടി ഡിപ്പോയിൽ പ്രളയത്തിന്റെ മറവിൽ തടി ഡിപ്പോയിൽനിന്നും തടികൾ കടത്തുന്നുവെന്നത് സംബന്ധിച്ച് പരാതി ലഭിക്കുകയും വനം വിജിലൻസ് അന്വേഷണം നടത്തിയിട്ടുള്ളതുമാണ്.

വനം വകുപ്പിന്റെ ഡിപ്പോകളിൽനിന്നും ചന്ദനത്തടി ഉൾപ്പെടെയുള്ള വിലപിടിപ്പുള്ള തടികൾ കടത്തിക്കൊണ്ടുപോകുന്നതായി വനം വകുപ്പിന് മറ്റ് പരാതികൾ ലഭിച്ചിട്ടില്ല. എന്നാൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 22-2-2019-ൽ "ഓപ്പറേഷൻ ബഗീര" എന്ന പേരിൽ വനം വകുപ്പിന്റെ തടി ഡിപ്പോകളിൽ മിന്നൽ പരിശോധന നടത്തിയിട്ടുണ്ട്.

(ബി) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 22-2-2019-ൽ നടത്തിയ പരിശോധന സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിൽ കാര്യമായ അഴിമതികളോ ക്രമക്കേടുകളോ കണ്ടെത്തിയിട്ടില്ല. കൂടാതെ സർക്കാരിന് യാതൊരുവിധ നഷ്ടവും സംഭവിച്ച ഒരു കാര്യവും VACB-യുടെ പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. പ്രസ്തുത റിപ്പോർട്ട് പ്രകാരം തൃശ്ശൂർ ജില്ലയിലെ ചെട്ടിക്കുളം തടി ഡിപ്പോയിൽ ചില്ലറ വിൽപ്പനയ്ക്കായി വച്ചിരുന്ന തടികൾ വില നിർണ്ണയ കമ്മിറ്റി സമയബന്ധിതമായി മൂല്യനിർണ്ണയം നടത്തുന്നില്ലെന്നും പ്രസ്തുത അപാകത പരിഹരിച്ച് തേക്ക് തടികൾ ഉടൻ തന്നെ മൂല്യനിർണ്ണയം നടത്തി ലേലത്തിന് സജ്ജമാക്കണമെന്നും ശിപാർശ ചെയ്തിരുന്നു. മേൽ ശിപാർശ പരിശോധിച്ച് സാധ്യമായ തുടർനടപടികൾ സ്വീകരിക്കുവാനും വിവരം റിപ്പോർട്ട് ചെയ്യുവാനും തൃശ്ശൂർ സെൻട്രൽ സർക്കിൾ ഫോറസ്റ്റ് കൺസർവേറ്റർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

തലക്കോട് ഗവൺമെന്റ് ടിംബർ ഡിപ്പോയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധനയിൽ ഡിപ്പോയിൽ സൂക്ഷിച്ചിരിക്കുന്ന തടികളുടെ അളവും സ്റ്റോക്ക് രജിസ്റ്ററിലെ അളവും ഫിസിക്കലായി വെരിഫിക്കേഷൻ നടത്തിയപ്പോൾ വ്യത്യാസമുള്ളതായി കാണുന്നതായും കൂടാതെ ശ്രീമതി അംബിക കെ. എസ്., താജ് ടിംബർ, പെരിമ്പല്ലിശ്ശേരി എന്നയാൾ ലേലത്തിൽ വിജയിക്കുകയും എന്നാൽ ലേലത്തുക പൂർണ്ണമായി അടയ്ക്കുന്നതിന് പരാജയപ്പെട്ടതിനാൽ ലേലം റദ്ദ് ചെയ്ത് പുനർ ലേലം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ലായെന്നും കൂടാതെ ടി ഡിപ്പോയിലെ ക്ലാർക്കും ഡിപ്പോ വാച്ചറും പരിശോധനാവേളയിൽ ഓഫീസിൽ ഹാജരുണ്ടായിരുന്നില്ല എന്നും മേൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ കോട്ടയം ടിംബർ സെയിൽസ് ഡി.എഫ്.ഒ., തലക്കോട് ഡിപ്പോ ഓഫീസർ, ക്ലർക്ക്, ഡിപ്പോ വാച്ചർ എന്നിവരെ സ്ഥലം മാറ്റിയതിനുശേഷം കർശന വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ശിപാർശ ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ മേൽ വസ്തുതകൾ വിശദമായി പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ കൈക്കൊള്ളുവാൻ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മറയൂർ ഫോറസ്റ്റ് റെയിഞ്ചാഫീസിലും അതിനോടനുബന്ധിച്ചുള്ള മറയൂർ സാൻഡൽ ഡിപ്പോയിലും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പരിശോധന നടത്തിയതിൽ ചന്ദന ഡിപ്പോയിലെ സ്റ്റോക്ക് വിവരങ്ങൾ രേഖപ്പെടുത്തുന്ന

സ്റ്റോക്ക് രജിസ്റ്ററുകൾ ഫോറസ്റ്റ് കോഡ് സെക്ഷൻ 7.2.2(VI)-ൽ വിവക്ഷിക്കുന്ന പ്രകാരം പേജ് നമ്പരുകൾ തിട്ടപ്പെടുത്തി ഓഫീസ് മേലധികാരി സർട്ടിഫൈ ചെയ്തിട്ടില്ലെന്നും ക്ലാസ് VI-ൽപ്പെട്ട Bagradad ചന്ദനത്തിന് STA (Subject to approval) നിശ്ചയിക്കുന്നത് സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ ലഭ്യമാക്കിയിട്ടില്ലെന്നും STA Rate ഉദ്യോഗസ്ഥരുടെ വിവേചനാധികാരം ഉപയോഗിച്ച് നിർണ്ണയിക്കുന്നത് ക്രമക്കേടിന് വഴിവച്ചേക്കാമെന്നതിനാൽ ഇക്കാര്യത്തിൽ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് ഉചിതമായിരിക്കും എന്നും ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത ശിപാർശകൾ വിശദമായി പരിശോധിച്ച് ആയത് പ്രായോഗിക തലത്തിൽ നടപ്പിലാക്കുവാൻ ആകുമോ എന്നും നടപടികളിൽ ഉണ്ടായ പോരായ്മകൾ പരിഹരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനും കോട്ടയം ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കോതമംഗലം ഗവൺമെന്റ് ടിംബർ ഡിപ്പോയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധനയിൽ ലേലം കഴിഞ്ഞ ലോട്ടുകൾ നിശ്ചിത സമയത്തുതന്നെ ഡിപ്പോയിൽ നിന്ന് കൊണ്ടുപോകുവാനും താമസിച്ച് കൊണ്ടുപോകുന്ന തടികൾക്ക് നിലവിലുള്ള നിസ്സാരമായ തറവാടക പുതുക്കി ഉയർന്ന വാടക ഈടാക്കുവാനും മൂന്ന് മാസത്തിനുമേൽ താമസം നേരിടുന്ന കേസ്സുകളിൽ ലേലം റദ്ദ് ചെയ്ത് പുനർലേലം ചെയ്യുവാനും കൂടാതെ പൊതുജനങ്ങൾക്ക് അവരുടെ സ്വന്തം ആവശ്യങ്ങൾക്കായി തടി ലേലം കൊള്ളുന്നതിന് അവർക്ക് മാത്രമായി ഒരു ദിവസത്തെ ലേലം തീരുമാനിക്കുന്നതിന് നിർദ്ദേശം നൽകുവാനും ഡിപ്പോയിലെ രജിസ്റ്ററുകൾ പരിപാലിക്കുന്നതിനുള്ള അപാകതയ്ക്ക് ഡിപ്പോ ഓഫീസറിൽനിന്നും വിശദീകരണം വാങ്ങി രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുവാനും ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത ശിപാർശകൾ പരിശോധിച്ച് പ്രായോഗികമായി നടപ്പിലാക്കാനാവുമോ എന്നുള്ള വിവരം അറിയിക്കുവാൻ കോട്ടയം ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

വനം വകുപ്പിന്റെ പെരുമ്പാവൂർ ടിംബർ സെയിൽസ് ഡിവിഷന്റെ കീഴിലുള്ള വീട്ടൂർ സർക്കാർ തടി ഡിപ്പോയിൽ നിന്നും തടികൾ ലോറിയിൽ കയറ്റിക്കൊണ്ടുപോയി എന്നാരോപിച്ച് ലഭിച്ച പരാതിയിൽ വനം വിജിലൻസ് അന്വേഷണം നടത്തിയതിൽ 0.200 $M^3$, 0.210 $M^3$ എന്നീ അളവുകളിലുള്ള രണ്ടുകഷ്ണം തേക്ക് തടികൾ വീട്ടൂർ തടി ഡിപ്പോയിൽനിന്നും നഷ്ടപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. ആയതിന് വീട്ടൂർ ഗവൺമെന്റ് ടിംബർ ഡിപ്പോയിൽ രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കോട്ടയം ടിംബർ സെയിൽസ് ഡിവിഷന്റെ കീഴിലുള്ള പാറാമ്പുഴ തടി ഡിപ്പോയിൽ നിന്നും പ്രളയത്തിന്റെ മറവിൽ തടികൾ കടത്തുന്നുവെന്നത് സംബന്ധിച്ച പരാതി വനം വിജിലൻസ് അന്വേഷണം നടത്തിയതിൽ പരാതിയിലെ ആരോപണങ്ങൾ അന്വേഷണത്തിൽ തെളിയിക്കപ്പെട്ടിട്ടില്ല.

(സി) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി റിപ്പോർട്ട് ലഭിച്ചവയിൽ സർക്കാരിന് ഏതെങ്കിലും തരത്തിലുള്ള നഷ്ടം സംഭവിച്ചിട്ടുള്ളതായി പരാമർശിച്ചിട്ടില്ല.

വനം വകുപ്പിന്റെ പെരുമ്പാവൂർ ടിംബർ സെയിൽസ് ഡിവിഷന്റെ കീഴിലുള്ള വിട്ടൂർ സർക്കാർ തടി ഡിപ്പോയിൽനിന്നും തടികൾ നഷ്ടപ്പെട്ടത് സംബന്ധിച്ച് വനം വിജിലൻസ് അന്വേഷണം നടത്തിയതിൽ 30,000 രൂപയുടെ സർക്കാർ നഷ്ടം രേഖപ്പെടുത്തുകയും ടി സർക്കാർ നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിനും ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്കനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥിരമായ ജീവനോപാധി

29 (*539) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. അനിൽ അക്കര:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥിരമായ ജീവനോപാധി ലഭ്യമാക്കുന്നതിന് വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത കാർഷിക നൈപുണ്യം പരിപോഷിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങളുടെ ജനസംഖ്യാനുപാതികമായി ചെലവഴിക്കേണ്ട പദ്ധതിവിഹിതം സംസ്ഥാനം മാറ്റിവയ്ക്കുന്നുവെന്ന് അവകാശപ്പെടുമ്പോഴും അതനുസരിച്ചുള്ള അഭിവൃദ്ധി പ്രസ്തുത വിഭാഗങ്ങൾക്ക് ഉണ്ടാകാത്ത കാര്യം ഗൗരവമായി പരിശോധിക്കുമോ;

(ഡി) ഈ വിഭാഗങ്ങൾക്കായി നടപ്പിലാക്കുന്ന പദ്ധതികൾ കാലാകാലങ്ങളിൽ അവലോകനം ചെയ്യുന്നതിനും അതിലെ ന്യൂനതകൾ പരിഹരിക്കുന്നതിനും എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥിരമായ ജീവനോപാധി ലഭ്യമാക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാർക്ക് സുസ്ഥിരമായ ജീവനോപാധി ഉറപ്പുവരുത്തുന്നതിനായി തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസത്തിനുപുറമേ അധികമായി 100 ദിവസം കൂടി തൊഴിൽ നൽകുന്നതിനായി 'കേരള ട്രൈബൽ പ്ലസ് ' എന്ന പദ്ധതി ആരംഭിച്ചു. ടി പദ്ധതിയിലൂടെ 23096 കുടുംബങ്ങൾക്ക് 100 ദിവസത്തിന് മുകളിൽ തൊഴിൽ ലഭ്യമാക്കുന്നതിനും തൊഴിലാളികൾക്ക് വേതനം ആഴ്ചയിൽ നൽകുന്നതിനുള്ള നടപടിയും വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

നൈപുണ്യ വികസനത്തിലൂടെയും പരമ്പരാഗത തൊഴിൽ പ്രോത്സാഹനത്തിലൂടെയും പട്ടികവർഗ്ഗക്കാരുടെ മാനവശേഷി വർദ്ധിപ്പിച്ച് ആധുനികവും പരമ്പരാഗതവുമായ മേഖലകളിൽ തൊഴിൽ കണ്ടെത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-19 വരെ ഇത്തരത്തിൽ അഭ്യസ്തവിദ്യരായ 3428 പേർക്ക് വിവിധ മേഖലയിൽ നൈപുണ്യ വികസന പരിശീലനം നൽകി തൊഴിൽ ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിച്ചു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തൊഴിൽരഹിതരായവരെ രജിസ്റ്റർ ചെയ്യുന്നതിന് സഹായിക്കുന്നതിനുള്ള സ്പെഷ്യൽ ഡ്രൈവ് തൊഴിൽ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു.

2019-ൽ ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ജോബ് ഫെയർ സംഘടിപ്പിച്ചു. 2019-20 വർഷത്തിൽ എല്ലാ ജില്ലകളിലും കരിയർ ഗൈഡൻസ് ജോബ് ഫെയർ നടത്തുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തീകരിച്ചു.

പരമ്പരാഗത കാർഷിക നൈപുണ്യങ്ങൾ പരിപോഷിപ്പിക്കുന്നതിനായി, മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, മിൽമ, കുടുംബശ്രീ എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കിവരുന്നു.

പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഐ.റ്റി. മേഖലയിൽ ഡെസ്ക് ടോപ് എഞ്ചിനീയറിംഗ്, ഹാർഡ്‌വെയർ/സോഫ്റ്റ്‌വെയർ എന്നിവയിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിനായി സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് മണ്ണന്തലയിൽ പ്രവർത്തനം തുടങ്ങി.

അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ജീവനോപാധിയും ഉറപ്പുവരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷം വകുപ്പിന്റെ ഫണ്ട് ഉൾപ്പെടുത്തി അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന മില്ലറ്റ് വില്ലേജ് എന്ന പദ്ധതി 6.87 കോടി രൂപയ്ക്ക് അഗളി, ഷോളയൂർ, പുതൂർ എന്നീ 3 പഞ്ചായത്തുകളിൽ നടപ്പാക്കി. ആദ്യഘട്ട വിളവെടുപ്പ് കഴിഞ്ഞു. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 70 ഊരുകളിലായി 760 ഹെക്ടർ കൃഷി ഇറക്കി രണ്ടാംഘട്ട വിളവെടുപ്പിന് തയ്യാറായിവരുന്നു. ചെറു ധാന്യങ്ങൾ വിവിധ ഊരുകളിൽനിന്നും സംഭരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നമാക്കി വിപണനം നടത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മിൽമ മുഖേന ക്ഷീര വികസനവുമായി ബന്ധപ്പെട്ട് 500 പട്ടികവർഗ്ഗക്കാർക്ക് മലപ്പുറം, എറണാകുളം, കാസർഗോഡ്, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, വയനാട്, കോഴിക്കോട്, കോട്ടയം എന്നീ ജില്ലകളിൽ ജീവനോപാധി പ്രവർത്തനങ്ങൾ നടപ്പിലാക്കി.

പട്ടികവർഗ്ഗ വികസന വകുപ്പ് കുടുംബശ്രീ സുസ്ഥിര വികസന പദ്ധതിയിൽ 5132 അയൽക്കൂട്ടങ്ങൾ വഴി 87800 കുടുംബങ്ങളെ ശക്തിപ്പെടുത്തുന്നതിനും ജീവനോപാധി ലഭ്യമാക്കുന്നതിനുമുള്ള പരിപാടികൾ നടപ്പിലാക്കി. ഇതിലൂടെ അയൽക്കൂട്ടങ്ങൾക്ക് 10000 രൂപ വീതം കോർപ്പസ് ഫണ്ട്, ജോയിന്റ് ലൈവ്‌ലിഹുഡ് ഗ്രൂപ്പുകൾക്ക് 2000 രൂപ വീതം കോർപ്പസ് ഫണ്ട് എന്നിവ നൽകുകയും 46 സ്വയംസഹായ സംഘങ്ങളും 26 വ്യക്തിഗത സംരംഭങ്ങളും ആരംഭിക്കുകയും ചെയ്തു.

അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്ര നിർമ്മാണത്തിൽ 6 മാസത്തെ പരിശീലനം പൂർത്തീകരിച്ച 291 പട്ടികവർഗ്ഗ യുവതികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനായി 'അടാപ്പ്' എന്ന പേരിൽ അട്ടപ്പാടിയിൽ വസ്ത്ര നിർമ്മാണത്തിനായി അപ്പാരൽ പാർക്ക് ആരംഭിച്ചു. വകുപ്പിന്റെ കീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂൾ/ഹോസ്റ്റലുകളിലെ കുട്ടികളുടെ യൂണിഫോം ഉൾപ്പെടെയുള്ള വസ്ത്രങ്ങളുടെ നിർമ്മാണം ഈ ഗ്രൂപ്പാണ് നടത്തിവരുന്നത്.

തൊഴിൽരഹിതരായ പട്ടികവർഗ്ഗ യുവാക്കൾക്ക് നിർമ്മാണ മേഖലയിൽ പരിശീലനം നൽകി തൊഴിലുറപ്പ് വരുത്തുന്ന ഗോത്ര ജീവിക പദ്ധതിയിൽ ഉൾപ്പെടുത്തി 1170 തൊഴിൽ രഹിതരെ കണ്ടെത്തി അവർക്ക് നിർമ്മാണ മേഖലയിൽ മേസ്തിരി, കാർപെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ് തുടങ്ങിയ 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി രൂപീകരിച്ച 53 സ്വയം സഹായ സംഘങ്ങൾ ലൈഫ് മിഷൻ ഉൾപ്പെടെയുള്ള ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിവരികയാണ്.

(ബി) പട്ടികവർഗ്ഗക്കാരുടെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ഭൂമിയിൽ കൃഷിയും അനുബന്ധപ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2019-20 സാമ്പത്തിക വർഷം പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. മണ്ണ് സംരക്ഷണം, ജലസേചനം, അത്യാധുനിക വിത്തിനങ്ങൾ വികസിപ്പിച്ചെടുക്കൽ, പച്ചക്കറി കൃഷി, പുഷ്പകൃഷി, ഭക്ഷ്യ വാണിജ്യ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അട്ടപ്പാടിയിൽ വിജയം വരിച്ച മില്ലറ്റ് വില്ലേജും ഇതേ ലക്ഷ്യം സാക്ഷാത്കരിക്കുന്ന പദ്ധതിയാണ്.

പട്ടികജാതിക്കാരുടെ കാർഷിക നൈപുണ്യം പരിപോഷിപ്പിക്കുന്നതിന് ഓർഗാനിക് ഫാമിംഗിൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

അതിനുപുറമേ എസ്.സി.എ. റ്റു എസ്.സി.എസ്.പി. പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാതല കമ്മിറ്റി അംഗീകരിച്ച കാർഷിക പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്.

(സി) പട്ടികവർഗ്ഗ വികസന വകുപ്പ് എല്ലാ മേഖലകളിലുമുള്ള വികസന വിടവുകൾ വിശദമായി പരിശോധിച്ച് പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക വികസനത്തിന് അഭിവൃദ്ധി ഉണ്ടാകുന്നതിനുതകുന്ന ധാരാളം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. വിദ്യാഭ്യാസത്തിലെ ഉയർച്ചയും തൊഴിൽ മേഖലയിലുണ്ടായ വളർച്ചയും ശ്രദ്ധേയമാണ്. കൂടുതൽ നേട്ടങ്ങൾ കൈവരിക്കുവാൻ നിരവധി പദ്ധതികൾ ആവിഷ്കരിച്ചുവരികയാണ്.

പട്ടികജാതി വിഭാഗക്കാരുടെ അഭിവൃദ്ധിക്കായി പൊതുവേ പദ്ധതി വിഹിതത്തിന്റെ 10% തുക ജനസംഖ്യാനുപാതികമായി സംസ്ഥാനം മാറ്റി വയ്ക്കുന്നുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് പട്ടികജാതിക്കാരുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ സാംസ്കാരിക ഉന്നമനം ലക്ഷ്യമിട്ട് ഒട്ടേറെ പദ്ധതികൾ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്നു. വിദ്യാഭ്യാസം, തൊഴിൽ മുതലായ മേഖലകളിൽ വലിയ നേട്ടം ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നടപ്പാക്കുന്ന എല്ലാ പദ്ധതികളുടെയും അവലോകനം യഥാവിധി നടത്തുന്നതിനും പദ്ധതികളിലെ നടത്തിപ്പിൽ ഉണ്ടാകുന്ന ന്യൂനതകൾ പരിഹരിക്കുന്നതിനും ചുവടെ പറയുന്ന സംവിധാനം നിലവിലുണ്ട്:

- സംസ്ഥാനതലത്തിൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അവലോകന യോഗങ്ങൾ
- ഡയറക്ടറേറ്റ് തലത്തിൽ പ്രതിമാസ അവലോകനയോഗങ്ങൾ
- ജില്ലാതല വികസന സമിതി യോഗങ്ങൾ
- സ്ഥാപനങ്ങളുടെ മേൽനോട്ടത്തിന് ഉപദേശക സമിതികൾ

## വനം വകുപ്പിന്റെ തോട്ടങ്ങളുടെ പരിപാലനം

30 (*540) ശ്രീ. എൽദോ എബ്രഹാം:
ശ്രീ. സി. ദിവാകരൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ കീഴിൽ നിലവിലുള്ള തോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ വിശദമാക്കുമോ;

(ബി) ദീർഘകാലം നിലനിൽക്കുന്ന ഇനങ്ങളായ ഈട്ടി, കമ്പകം, വെള്ളകിൽ തുടങ്ങിയവയുടെ തൈകൾ നട്ട് പരിപാലിക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(സി) നിലവിലുള്ള തോട്ടങ്ങളിലെ തേക്ക് ഉൾപ്പെടെയുള്ള വൻമരങ്ങൾ മുറിച്ചു മാറ്റുന്നത് സംബന്ധിച്ച നിബന്ധനകൾ വ്യക്തമാക്കുമോ;

(ഡി) പ്രകൃതിക്ക് ഹാനികരമല്ലാത്തതും പെട്ടെന്ന് വളരുന്ന ഇനത്തിൽപ്പെട്ടതുമായ കട്ടികുറഞ്ഞ തടിയുള്ള മരങ്ങളുടെ തോട്ടങ്ങൾ വച്ച് പിടിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ കീഴിൽ നിലവിലുള്ള തോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഒന്നാം വർഷം മൂന്ന് തവണയും, തോട്ട പരിചരണത്തിന്റെ ഭാഗമായി രണ്ടാം വർഷം മൂന്ന് തവണയും, മൂന്നാം വർഷം ഒരു തവണയും കള നീക്കം ചെയ്യുന്നു. ഇതുകൂടാതെ ആവശ്യമുള്ള തോട്ടങ്ങളിൽ സ്പെഷ്യൽ വീഡിംഗും നടത്തിവരുന്നു. കൃത്യമായ ഇടവേളകളിൽ പ്രായം കുറഞ്ഞ തോട്ടങ്ങളിൽ വളപ്രയോഗവും നടത്തിവരുന്നു. നടുന്ന തൈകൾക്ക് ചുറ്റും പ്ലാറ്റ്ഫോം നിർമ്മിക്കുന്നതും നശിച്ചുപോയ തൈകൾക്ക് പകരം പുതിയ തൈകൾ നട്ടുപിടിപ്പിക്കുന്നതും ഉൾപ്പെടെയുള്ള മാർഗ്ഗങ്ങളും സ്വീകരിച്ചുവരുന്നു. പ്രായമായ തേക്ക് തോട്ടങ്ങളിൽ ഇത്തിൾക്കണ്ണികൾ വെട്ടിമാറ്റുന്നു. കേന്ദ്ര സർക്കാരിന്റെ അംഗീകാരമുള്ള വർക്കിംഗ് പ്ലാനിൽ നിഷ്കർച്ചിട്ടുള്ള പ്രകാരം തേക്ക് തോട്ടങ്ങളിൽ തിന്നിംഗ് (ഇടവെട്ടൽ) നടത്തിവരുന്നു.

കൂടാതെ ഫയർ സീസണിൽ പ്ലാന്റേഷനുകളെ കാട്ടുതീയിൽ നിന്ന് സംരക്ഷിക്കുന്നതിന് ഫയർലൈൻ നിർമ്മാണം നടത്തിയും ഫയർ ഗ്യാംഗിനെ വിന്യസിച്ചും സംരക്ഷണ പ്രവൃത്തി നടത്തിവരുന്നു. തോട്ടങ്ങളുടെ വളർച്ച കുറവാണെന്നു കണ്ടാൽ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ സമീപിച്ച് ബന്ധപ്പെട്ട ശാസ്ത്രജ്ഞരുടെ ഉപദേശം തേടുകയും അവർ നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗങ്ങൾ നടപ്പാക്കുകയും ചെയ്യുന്നു. മേൽ മാർഗ്ഗങ്ങളിലൂടെ തോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് പരിശ്രമം നടത്തിവരുന്നു.

(ബി) അക്കേഷ്യ ഉൾപ്പെടെയുള്ള തോട്ടങ്ങൾ മുറിച്ചു മാറ്റുമ്പോൾ പകരം ദീർഘകാലം നിലനിൽക്കുന്ന ഹാർഡ് വുഡ് സ്പീഷീസിൽപ്പെടുന്ന വീട്ടി, കമ്പകം, വെള്ളകിൽ തുടങ്ങിയവ വനം വകുപ്പിന്റെ പല തോട്ടങ്ങളിൽ നട്ട് പരിപാലിച്ചുവരുന്നു. മറ്റ് സർക്കിളുകളിൽ ഇവയ്ക്ക് മാത്രമായി ഇപ്പോൾ തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നില്ല.

(സി) 60 വർഷം പ്രായം പൂർത്തിയാകുന്ന മുറയ്ക്കാണ് തേക്ക് തോട്ടങ്ങൾ അടച്ചുമുറിക്ക് പാകമാകുന്നത്. ഓരോ വനം ഡിവിഷന്റെയും കേന്ദ്ര സർക്കാർ അംഗീകൃത വർക്കിംഗ് പ്ലാനിൽ/മാനേജ്മെന്റ് പ്ലാനിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരവും ഫോറസ്റ്റ് കോഡിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരവുമാണ് തോട്ടങ്ങളിലെ തേക്ക് ഉൾപ്പെടെയുള്ള വൻമരങ്ങൾ മുറിച്ചുമാറ്റുന്നത്.

നദികൾ, തോടുകൾ മറ്റ് നീർച്ചാലുകളുടെ 20 മീറ്റർ പരിധിയിലും ചരിവ് കൂടിയ പ്രദേശങ്ങളിലും മരങ്ങൾ മുറിച്ചു മാറ്റാറില്ല.

(ഡി) അക്കേഷ്യ, വാറ്റിൽ, യൂക്കാലി തുടങ്ങിയ ഇനങ്ങൾ മുറിച്ചുമാറ്റുന്ന പ്രദേശങ്ങളിൽ പ്രകൃതിക്ക് ഹാനികരമല്ലാത്തതും പെട്ടെന്ന് വളരുന്ന ഇനത്തിൽപ്പെട്ടതുമായ തദ്ദേശീയ മരങ്ങൾ നടുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഓരോ ഡിവിഷന്റെയും കേന്ദ്ര സർക്കാർ അംഗീകൃത വർക്കിംഗ് പ്ലാനിൽ എപ്രകാരം നിഷ്കർച്ചിരിക്കുന്നു എന്നതുകൂടി കണക്കിലെടുത്താണ് പെട്ടെന്ന് വളരുന്ന ഇനത്തിൽപ്പെട്ടതും കട്ടികുറഞ്ഞ തടിയുള്ളതുമായ ഇനങ്ങൾ (ഉദാ: കുമ്പിൾ, ഫലവൃക്ഷങ്ങൾ, മുള, നെല്ലി, ഞാവൽ തുടങ്ങിയവ) നട്ടുപിടിപ്പിച്ചുവരുന്നത്.

2018 വർഷം മുതൽ യൂക്കാലിപ്റ്റസ്, അക്കേഷ്യ, വാറ്റിൽ എന്നീ വിദേശവൃക്ഷങ്ങളുടെ നടീൽ വനം വകുപ്പ് നിർത്തലാക്കിയിട്ടുള്ളതാണ്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ആറന്മുള വാസ്തുവിദ്യാ ഗുരുകുലം

1(5588) ശ്രീമതി. വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള വാസ്തുവിദ്യാ ഗുരുകുലത്തിൽ ഏതൊക്കെ കോഴ്സുകളാണ് നടത്തുന്നത്; അറിയിക്കുമോ;

(ബി) വാസ്തുവിദ്യാ ഗുരുകുലത്തിൽ പുറത്തുപോയുള്ള സ്ഥല പരിശോധനകൾക്കും കൺസൾട്ടേഷനുകൾക്കും എത്രത്തോളം വരുമാനം കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ലഭ്യമായിട്ടുണ്ട് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഭാരതീയ വാസ്തുവിദ്യയുടെ ആധാരഗ്രന്ഥങ്ങളായ മയമതം, മാനസാരം, വിശ്വകർമ്മ പ്രകാശിക, ശില്പരത്നം, സമരാംഗണസൂത്രധാര എന്നിവയും പ്രകരണ ഗ്രന്ഥങ്ങളായ മനുഷ്യാലയചന്ദ്രിക, തന്ത്രസമുച്ചയം എന്നിവയും അടിസ്ഥാനപ്പെടുത്തി ശാസ്ത്രീയമായി തയ്യാർ ചെയ്ത സിലബസിനെ ആധാരമാക്കിയുള്ള വാസ്തുവിദ്യാ കോഴ്സുകളും പുരാണ ഇതിഹാസ കഥാസന്ദർഭങ്ങളെയും ചരിത്ര സംഭവങ്ങളെയും സമകാലിക സാമൂഹിക സാംസ്കാരിക വിഷയങ്ങളെയും ആസ്പദമാക്കിയുള്ള ചുമർചിത്രരചനാ കോഴ്സുകളും ഉൾപ്പെടെ പന്ത്രണ്ട് അംഗീകൃത അക്കാദമിക് കോഴ്സുകൾ നടത്തുന്നു.

1. പാരമ്പര്യ വാസ്തുശാസ്ത്രത്തിൽ പി.ജി. ഡിപ്ലോമ

(Post-Graduate Diploma in Traditional Architecture)

(കോഴ്സ് ദൈർഘ്യം - 1 വർഷം)

2. പാരമ്പര്യ വാസ്തുശാസ്ത്രത്തിൽ ഡിപ്ലോമ – കറസ്പോണ്ടൻസ് കോഴ്സ്

( Diploma in Traditional Architecture -Correspondence Course)

(കോഴ്സ് ദൈർഘ്യം - 1 വർഷം)

3. പാരമ്പര്യ വാസ്തുശാസ്ത്രത്തിൽ സർട്ടിഫിക്കറ്റ് കോഴ്സ്

(Certificate Course in Traditional Architecture)

(കോഴ്സ് ദൈർഘ്യം - 1 വർഷം)

4. പാരമ്പര്യ വാസ്തുശാസ്ത്രത്തിൽ ഹ്രസ്വകാല സർട്ടിഫിക്കറ്റ് കോഴ്സ്

(Short Term Certificate Course in Traditional Architecture)

(കോഴ്സ് ദൈർഘ്യം - 4 മാസം)

5. ചുമർ ചിത്ര രചനയിൽ സർട്ടിഫിക്കറ്റ് കോഴ്സ്

(Certificate Course in Mural Painting)

(കോഴ്സ് ദൈർഘ്യം - 1 വർഷം)

6. ദ്വിവത്സര ഡിപ്ലോമ മ്യൂറൽ കോഴ്സ്-സ്റ്റൈപ്പന്റോടുകൂടി

(Two year Diploma Course in Mural Painting)

(കോഴ്സ് ദൈർഘ്യം - 2 വർഷം)

7. അവധിക്കാല മ്യൂറൽ കോഴ്സ് - നിറച്ചാർത്ത്

(കോഴ്സ് ദൈർഘ്യം - 25 പ്രവൃത്തി ദിവസം)

8. അഡ്വാൻസ്ഡ് പി.ജി. ഡിപ്ലോമ കോഴ്സ് - വാസ്തുവിദ്യ

(കോഴ്സ് ദൈർഘ്യം - 1 വർഷം)

9. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ എപ്പിഗ്രാഫി

(Certificate Course in Epigraphy)

(കോഴ്സ് ദൈർഘ്യം - 4 മാസം)

10. ഡിപ്ലോമ ഇൻ എപ്പിഗ്രാഫി

(Diploma in Epigraphy)

(കോഴ്സ് ദൈർഘ്യം - 1 വർഷം)

11. ചുമർചിത്രരചനയിൽ തൊഴിലധിഷ്ഠിത ഹ്രസ്വകാല കോഴ്സ്

(Short Term Vocational Course in Mural Painting)

(കോഴ്സ് ദൈർഘ്യം - 4 മാസം)

12. ദാരുശില്പകലയിൽ ത്രിവത്സര ഡിപ്ലോമ കോഴ്സ്

(Diploma in wooden Sculpture)

(കോഴ്സ് ദൈർഘ്യം -3 വർഷം)

(ബി) വാസ്തുവിദ്യാ ഗുരുകുലത്തിൽ പുറത്തുപോയുള്ള സ്ഥല പരിശോധനകൾക്കും കൺസൽട്ടേഷനുകൾക്കും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ലഭ്യമായിട്ടുള്ള വരുമാനം.

| | | |
|---|---|---|
| തച്ചുശാസ്ത്രപരമായ സേവനം (ജി.എസ്.ടി. ഉൾപ്പെടെ) | - | 16,30,603 രൂപ |
| മ്യൂറൽ വിഭാഗം | - | 5,59,050 രൂപ |

**ട്രൈബൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം**

2 (5589) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രൈബൽ സ്കൂളുകളുടെ അടിസ്ഥാനസൗകര്യവികസനത്തിനായി പിന്നോക്കക്ഷേമ വകുപ്പിൻകീഴിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകാമോ;

(ബി) ഈ സർക്കാർ കാലയളവിൽ എത്ര പൊതുവിദ്യാലയങ്ങൾക്കാണ് പട്ടികജാതി-പട്ടികവർഗ്ഗ വികസനവകുപ്പിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി ധനസഹായം അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ട്രൈബൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന പദ്ധതികൾ ഒന്നും നടപ്പിലാക്കുന്നില്ല. എന്നാൽ പട്ടികവർഗ്ഗ വികസന വകുപ്പ് അതിന്റെ വിവിധ പദ്ധതികളിൽപ്പെടുത്തി ട്രൈബൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് സ്കൂൾ

കെട്ടിടങ്ങളുടെ പുനരുദ്ധാരണം, സ്കൂളുകൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകൽ, പോഷകാഹാര വിതരണം, സ്മാർട്ട് ക്ലാസ്സ് റൂം ഏർപ്പെടുത്തുക എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 7 സ്കൂളുകൾക്ക് വിവിധ ആവശ്യങ്ങൾക്കായി ധനസഹായം അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## വീടുകളുടെ നിർമ്മാണപുരോഗതി

3 (5590) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി -പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹായത്താൽ ആലത്തൂർ മണ്ഡലത്തിൽ എത്ര വീടുകൾ നിർമ്മിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇത്തരം വീടുകളുടെ കണക്ക് മണ്ഡലത്തിലെ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ; ഇവയുടെ നിർമ്മാണപുരോഗതി അറിയിക്കാമോ ?

### ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽ 274 വീടുകളും പട്ടികവർഗ്ഗ വിഭാഗത്തിൽ 25 വീടുകളും അനുവദിച്ച് നൽകിയിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

പട്ടികജാതി വികസന വകുപ്പ്

| ക്രമ നമ്പർ | പഞ്ചായത്ത് | അനുവദിച്ച വീടുകൾ |
|---|---|---|
| 1 | മേലാർകോട് | 24 |
| 2 | വണ്ടാഴി | 18 |
| 3 | തേങ്കുറിശ്ശി | 54 |
| 4 | കുഴൽമന്ദം | 40 |
| 5 | ആലത്തൂർ | 28 |
| 6 | എരുമയൂർ | 59 |
| 7 | കിഴക്കഞ്ചേരി | 51 |
| | ആകെ | 274 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിന് അനുവദിച്ച 274 വീടുകളിൽ 194 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ്

| ക്രമ നമ്പർ | പഞ്ചായത്ത് | അനുവദിച്ച വീടുകൾ |
|---|---|---|
| 1 | വണ്ടാഴി ഗ്രാമപഞ്ചായത്ത് | 3 |
| 2 | കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് | 19 |
| 3 | വടക്കഞ്ചേരി ഗ്രാമ പഞ്ചായത്ത് | 1 |
| 4 | തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത് | 1 |
| 5 | മേലാർകോട് ഗ്രാമപഞ്ചായത്ത് | 1 |
| | ആകെ | 25 |

പട്ടികവർഗ്ഗ വിഭാഗത്തിന് അനുവദിച്ച 25 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

**മലൈപണ്ടാര വിഭാഗത്തിൽപ്പെട്ടവരുടെ സംവരണം**

4 (5591) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ തോന്നയ്ക്കൽ താമസിക്കുന്ന മലൈപണ്ടാര വിഭാഗത്തിൽപ്പെട്ട നിരവധിപേർക്ക് സ്വന്തമായി ഭൂമിയും വീടും ഇല്ലാതെ ഇപ്പോഴും വാടക വീടുകളിൽ കഴിയുന്ന കാര്യം സർക്കാർ പരിശോധിക്കുമോ; വ്യക്തമാക്കുമോ;

(ബി) മലൈപണ്ടാരങ്ങൾക്ക് കേരളത്തിൽ സംവരണം ഏർപ്പെടുത്തിയെങ്കിലും ഇവർക്ക് ആയത് ലഭിക്കുന്നില്ലെന്ന കാര്യം പരിശോധിക്കുമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് റവന്യൂ അധികൃതരിൽനിന്നും റിപ്പോർട്ട് വാങ്ങിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) മേൽവിഷയങ്ങൾ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) തിരുവനന്തപുരം ജില്ലയിലെ തോന്നയ്ക്കലിൽ പട്ടികവർഗ്ഗ മലൈപണ്ടാര വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ താമസിക്കുന്നില്ല. തോന്നയ്ക്കലിൽ മലൈപണ്ടാരം എന്ന് അവകാശപ്പെടുന്ന കുടുംബങ്ങൾ തമിഴ്നാട്ടിൽനിന്നും കുടിയേറിയ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട വീരശൈവരാണെന്നും ടി കുടുംബക്കാർ മലൈപണ്ടാര വിഭാഗത്തിൽപ്പെട്ടവരല്ലെന്നും കിർത്താഡ്സിന്റെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ മലൈപണ്ടാര വിഭാഗത്തിൽപ്പെട്ടതായി റവന്യൂ വകുപ്പിന്റെ ജാതി സർട്ടിഫിക്കറ്റ് ഉള്ള കുടുംബങ്ങൾക്ക് പട്ടികവർഗ്ഗക്കാർക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്.

**പട്ടികജാതി വികസന ഓഫീസർമാരുടെ തസ്തികകൾ**

5 (5592) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ജില്ലകളിൽ പട്ടികജാതി വികസന ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് വകുപ്പ് ഡയറക്ടർ ക്രോഡീകരിച്ച ശിപാർശകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നല്കുമോ;

(ബി) ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) മലപ്പുറം ജില്ലയിലെ പത്ത് നഗരസഭകളിൽ കൂടി പട്ടികജാതി വികസന ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ-സി) ധനവകുപ്പിന്റെ വ്യയനിയന്ത്രണ നിർദ്ദേശങ്ങൾക്കനുസൃതമായി വിവിധ ജില്ലകളിൽ ബ്ലോക്ക്/നഗരസഭാ പട്ടികജാതി വികസന ആഫീസർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച ക്രോഡീകരിച്ച ശിപാർശ സമർപ്പിക്കുവാൻ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും ആയത് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീടുകൾ**

6 (5593) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന വകുപ്പ് മുഖേനയും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും പ്രസ്തുത വിഭാഗങ്ങൾക്കായി നിർമ്മിച്ചുനൽകിയിട്ടുള്ള വീടുകളുടെ എണ്ണം ജില്ല തിരിച്ച് അറിയിക്കാമോ;

(ബി) ഇപ്രകാരം വീട് നിർമ്മിച്ചുനൽകുന്നതിനുള്ള തുക എത്ര പ്രാവശ്യം ഈ സർക്കാർ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിയുടെ ധനസഹായം 4 ലക്ഷം രൂപയായി 9-2-2018-ലെ സ.ഉ.15/2018/പ.ജ.പ.വ.വി.വ. പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. 7-11-2018-ലെ സ.ഉ.(കൈ)നമ്പർ 78/2018/പ.ജ.പ.വ.വി.വ. പ്രകാരം ദുർബല വിഭാഗത്തിൽപ്പെട്ട വേടൻ, നായാടി, കള്ളാടി, ചക്ലിയൻ/അരുന്ധതിയാർ വിഭാഗക്കാർക്കുള്ള ഭവന നിർമ്മാണ ധനസഹായ തുക 6 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2016-17 വർഷം പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അനുവദിച്ച ഭവനങ്ങളുടെ ധനസഹായം 27-12-2018-ലെ സർക്കാർ ഉത്തരവ് 1274/2018/പ.ജ.പ.വ.വി.വ. പ്രകാരം 4 ലക്ഷം രൂപ യൂണിറ്റ് നിരക്കായും വിദൂരസ്ഥിത സങ്കേതങ്ങളിലെ ഭവന നിർമ്മാണ ധനസഹായം 6 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. 2018-19 മുതൽ അനുവദിക്കുന്ന ഭവനങ്ങൾക്ക് സങ്കേതങ്ങൾക്കുള്ളിൽ 6 ലക്ഷം രൂപയും സങ്കേതത്തിന് പുറത്ത് താമസമുള്ള പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 4 ലക്ഷം രൂപയും അതീവദുർഘട പ്രദേശങ്ങളിൽ 20% വരെ അധികമായും ധനസഹായം അനുവദിക്കുന്നതിന് 16-3-2018-ലെ സ.ഉ.(കൈ)നമ്പർ 34/2018/ത.സ്വ.ഭ.വ. പുറപ്പെടുവിച്ചിട്ടുണ്ട്.

## വാൽസല്യനിധി പദ്ധതിയുടെ പ്രവർത്തനപുരോഗതി

7 (5594) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാൽസല്യനിധി പദ്ധതിയുടെ നാളിതുവരെയായിട്ടുള്ള പ്രവർത്തനപുരോഗതിയുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തനപുരോഗതിയെക്കുറിച്ച് കൃത്യമായ അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വാൽസല്യനിധി പദ്ധതിയിൽ നാളിതുവരെയായി സംസ്ഥാനത്തൊട്ടാകെ 2825 പട്ടികജാതി പെൺകുട്ടികളുടെ പേരിൽ ആദ്യ ഗഡുവായ 39,000 രൂപ വീതം LIC of India -യിൽ നിക്ഷേപിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉണ്ട്. 2017-18 സാമ്പത്തിക വർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 2555 പെൺകുട്ടികളുടെ പേരിലും 2018-19 സാമ്പത്തിക വർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 270 പെൺകുട്ടികളുടെ പേരിലും ആദ്യ ഗഡുവായ 39,000 രൂപ LIC of India-യിൽ നിക്ഷേപിച്ചിട്ടുണ്ട്. 1-4-2017-നുശേഷം ജനിച്ച അർഹരായ എല്ലാ പെൺകുട്ടികളെയും ടി പദ്ധതിയിൽ ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

**അട്ടപ്പാടിയിലെ ശിശുമരണനിരക്ക് കുറയ്ക്കുന്നതിന് പദ്ധതികൾ**

8 (5595) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോഷകാഹാരക്കുറവും മതിയായ ആരോഗ്യപരിരക്ഷയും ലഭിക്കാത്തതുമൂലം അട്ടപ്പാടിയിൽ ശിശുമരണങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അട്ടപ്പാടിയിലെ ശിശുമരണനിരക്ക് കുറയ്ക്കുന്നതിന് ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; അത് ഫലപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അട്ടപ്പാടിയിലെ ശിശുമരണനിരക്ക് കുറയ്ക്കുന്നതിന് ഈ സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികൾ:

- ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി പട്ടികവർഗ്ഗ വികസനം, സാമൂഹ്യനീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയുമാണ് പ്രധാനമായും പദ്ധതികൾ നടപ്പിലാക്കിവരുന്നത്. പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.
- അട്ടപ്പാടിയിൽ പാചകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി.
- പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മില്ലറ്റ് വില്ലേജ് പദ്ധതി.
- സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി.

- ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ജനനീ ജന്മരക്ഷാ പദ്ധതി.
- സിക്കിൾസെൽ അനീമിയ രോഗികൾക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി.
- അലോപ്പതി ഒ.പി. ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ന്യൂട്രീഷ്യൻ റിഹാബിലിറ്റേഷൻ സെന്ററുകൾ.
- വനിതാ ശിശുവികസന വകുപ്പിനുകീഴിൽ കുട്ടികൾക്കും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും പോഷകാഹാര വിതരണം.
- വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി.
- അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ട്. കൂടാതെ 24 മണിക്കൂർ കാഷ്വാലിറ്റി-ലാബ്, മരുന്ന് വിതരണ സംവിധാനങ്ങളും ഐ.സി.യു. സംവിധാനവും ലഭ്യമാണ്. സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തീയറ്റർ, രക്ത ബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി. ചികിത്സയും ലഭ്യമാണ്.
- പ്രതിമാസ കുത്തിവെയ്പ്പ് നൽകൽ, നവജാത ശിശു സംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾസെൽ അനീമിയ ക്ലിനിക്, കൗൺസലിംഗ്, മാനസികരോഗ, ക്ഷയരോഗ-അരിവാൾ രോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരകരോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റും ഈ ആശുപത്രിയിൽ നടത്തിവരുന്നു.
- പോഷകാഹാരക്കുറവുള്ള കുട്ടികളെയും ഗർഭിണികളെയും കണ്ടെത്തുന്നതിനായും ചികിത്സിക്കുന്നതിനായും പ്രത്യേക സ്ക്രീനിംഗ് ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കുട്ടികൾക്കും ഗർഭിണികൾക്കുമായി അയൺ ഫോളിക് ആസിഡ് ടാബ്‌ലെറ്റ് വിതരണവും കൃത്യമായി നടത്തിവരുന്നുണ്ട്.
- അട്ടപ്പാടിയിലെ ശിശുമരണനിരക്ക് കുറയ്ക്കുന്നതിന് ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. അട്ടപ്പാടിയിലെ ആരോഗ്യ മേഖലയിൽ പട്ടികവർഗ്ഗ വികസന വകുപ്പും മറ്റ് വകുപ്പുകളും സംയോജിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ ഫലമായി ശിശുമരണ നിരക്ക് 2013-ലെ 31-ൽ നിന്നും 2018-ൽ 13 ആയി കുറഞ്ഞിട്ടുണ്ട്.

## കേന്ദ്രസർക്കാരിന്റെ കമ്മിറ്റഡ് ലയബിലിറ്റി മാനദണ്ഡങ്ങൾ

9 (5596) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ കമ്മിറ്റഡ് ലയബിലിറ്റി നിശ്ചയിക്കുന്നതിന് പുതിയ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളതിനാൽ പുതിയ പദ്ധതികൾക്കും നിലവിലുള്ള പദ്ധതികൾക്കും ഫണ്ട് ലഭിക്കുന്നില്ലെന്ന കാര്യം വകുപ്പ് പരിശോധിച്ചിട്ടുണ്ടോ ;

(ബി) നിലവിൽ ഏതെല്ലാം പദ്ധതികൾക്ക് ഇത്തരത്തിൽ ഫണ്ട് ലഭിക്കുന്നില്ലെന്ന കാര്യം അറിയിക്കുമോ;

(സി) പുതിയ മാനദണ്ഡങ്ങൾ നിശ്ചയിച്ചതുമൂലം പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന് ഉണ്ടായ നഷ്ടം നിശ്ചയിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേന്ദ്രാവിഷ്കൃത (100% CSS) പദ്ധതിയിൽ മുൻവർഷങ്ങളിലെ ഏറ്റവും ഉയർന്ന ചെലവാണ് കമ്മിറ്റഡ് ലയബിലിറ്റിയായി നിശ്ചയിക്കുന്നത്. കമ്മിറ്റഡ് ലയബിലിറ്റിയിൽ അധികമായി വരുന്ന തുക മാത്രമേ കേന്ദ്രസർക്കാർ അനുവദിക്കുന്നുള്ളൂ. ഇത് കേന്ദ്ര വിഹിതത്തിൽ വലിയ കുറവ് വരുത്തുന്നുണ്ട്. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനാണ് ഏറ്റവും കുറഞ്ഞ വിഹിതം ലഭിക്കുന്നത്. അതിനാൽ സംസ്ഥാന സർക്കാർ പദ്ധതിക്കാവശ്യമായ മൊത്തം തുകയും ചെലവഴിക്കേണ്ടി വരുന്നുണ്ട്. പദ്ധതിക്ക് തടസ്സമില്ലാത്ത രീതിയിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നുണ്ട്.

(ബി) കമ്മിറ്റഡ് ലയബിലിറ്റി നിശ്ചയിച്ച നിലവിലുള്ള പദ്ധതികളിൽ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്, വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള സ്കോളർഷിപ്പ് എന്നീ പദ്ധതികളിൽ 2019-20-ൽ ഫണ്ട് ലഭിച്ചിട്ടില്ല.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് 2018-19-ൽ 150 കോടി രൂപ ആവശ്യപ്പെട്ട സ്ഥാനത്ത് 2019-20 വർഷം 1.2 കോടി രൂപ മാത്രമാണ് കേന്ദ്ര ധനസഹായമായി അനുവദിച്ചത്.

പട്ടികവർഗ്ഗ വികസന വകുപ്പിൽ നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് പദ്ധതികൾക്ക് തുക അനുവദിച്ചുവരുന്നു.

(സി) തിട്ടപ്പെടുത്തിവരികയാണ്.

## ദുരിതാശ്വാസനിധിയിൽ നിന്ന് ചികിത്സാധനസഹായം

10 (5597) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ചികിത്സാധനസഹായമായി കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ എന്ത് തുക അനുവദിച്ചു; എത്ര പേർക്ക്; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ചികിത്സാ ധനസഹായമായി കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ പട്ടികജാതിയിൽപ്പെട്ട 878 പേർക്ക് 1,47,07,667 രൂപയും (ഒരു കോടി നാൽപ്പത്തി ഏഴ് ലക്ഷത്തി ഏഴായിരത്തി അറുന്നൂറ്റി അറുപത്തി ഏഴ് രൂപ മാത്രം), പട്ടികവർഗ്ഗ വിഭാഗക്കാരായ 63 പേർക്ക് 1,89,791 രൂപയും (ഒരു ലക്ഷത്തി എൺപത്തൊമ്പതിനായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റിയൊന്ന് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | | ചെലവഴിച്ച തുക | |
|---|---|---|---|---|
| | പട്ടികജാതി വിഭാഗം | പട്ടികവർഗ്ഗ വിഭാഗം | പട്ടികജാതി വിഭാഗം | പട്ടികവർഗ്ഗ വിഭാഗം |
| 2016-17 | 405 | 14 | 57,86,000 | 51,850 |
| 2017-18 | 264 | 33 | 42,25,000 | 81,250 |
| 2018-19 | 173 | 16 | 38,21,667 | 56,691 |
| 2019-20 | 36 | - | 8,75,000 | - |
| ആകെ | 878 | 63 | 1,47,07,667 | 1,89,791 |

## നീറ്റ്, എഞ്ചിനീയറിംഗ് പ്രവേശനപരീക്ഷയിൽ പരിശീലനം

11 (5598) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നീറ്റ്, എഞ്ചിനീയറിംഗ് പ്രവേശനപരീക്ഷയിൽ പരിശീലനം നൽകുന്ന പദ്ധതി നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഓരോ ജില്ലയിലും ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഈ പരിശീലനത്തിന് അർഹത നേടാൻ വേണ്ട യോഗ്യതകളും മാനദണ്ഡങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷയിൽ പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. സംസ്ഥാനത്തെ പ്രശസ്തമായ പരിശീലന സ്ഥാപനങ്ങളിൽ താമസ-ഭക്ഷണ സൗകര്യത്തോടുകൂടി 100 പേർക്ക് ഒരു മാസത്തെ ക്രാഷ് കോഴ്സ്, 80 പേർക്ക് 10 മാസത്തോളം നീണ്ടുനിൽക്കുന്ന റിപ്പീറ്റിംഗ് കോഴ്സ് എന്നിവ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തരം നടത്തിവരുന്നു. 2018-19 വർഷം 10 മാസക്കാലം നീണ്ടുനിന്ന പരിശീലന പരിപാടിയിൽ 80 വിദ്യാർത്ഥികൾ പങ്കെടുക്കുകയും ആയതിൽ 70 വിദ്യാർത്ഥികളും 2019 വർഷം ഒരു മാസത്തെ ക്രാഷ് പരിശീലന പരിപാടിയിൽ പങ്കെടുത്ത 97 വിദ്യാർത്ഥികളിൽ 44 വിദ്യാർത്ഥികളും നീറ്റ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയിട്ടുണ്ട്. കൂടാതെ വകുപ്പിന് കീഴിൽ സയൻസ് ബാച്ച് നിലവിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ എല്ലാ +1, +2 വിദ്യാർത്ഥികൾക്കും പരീക്ഷാ പരിശീലനം നൽകിവരുന്നു.

(ബി) എസ്.റ്റി പ്രൊമോട്ടർമാർ മുഖേനയും പ്രാദേശിക പത്രങ്ങൾ മുഖേനയും വ്യാപക പ്രചരണം നടത്തി 2020-ലെ നീറ്റ്/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് മുമ്പായി 10 മാസത്തോളം നീണ്ടുനിൽക്കുന്ന പ്രവേശന പരീക്ഷയ്ക്ക് ജില്ലാതലത്തിൽ +2 സയൻസ്, കണക്ക് വിഷയങ്ങളെടുത്ത് വിജയിച്ച വിദ്യാർത്ഥികളിൽനിന്നും അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രവേശന പരീക്ഷാ കമ്മീഷണർ നിശ്ചയിച്ചിരിക്കുന്ന പൊതു മാനദണ്ഡങ്ങൾക്ക് പുറമേ പട്ടികവർഗ്ഗ വികസന വകുപ്പ് നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് അർഹതയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കാണ് ടി പരിശീലനത്തിന് അർഹതയുള്ളത്. പ്രത്യേക ദുർബ്ബല ഗോത്ര വിഭാഗത്തിൽ പ്പെട്ടവർക്ക് പ്രത്യേക പരിഗണന നൽകിവരുന്നുണ്ട്. +2 സയൻസ് ബാച്ചുകളിലെ അവസാന വർഷ വിദ്യാർത്ഥികളിൽ നിന്നും NEET, KEAM തുടങ്ങിയ പൊതു പ്രവേശന പരീക്ഷകൾക്ക് അപേക്ഷ നൽകിയ 100 വിദ്യാർത്ഥികളെയാണ് ഒരു മാസത്തെ ക്രാഷ് കോഴ്സിനായി തെരഞ്ഞെടുക്കുന്നത്. +2 സയൻസ് വിഷയങ്ങളെടുത്ത് വിജയികളായവരിൽ +2 പരീക്ഷയിലും പ്രവേശന പരീക്ഷയിലും ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിലാണ് റിപ്പീറ്റ് കോഴ്സിലേക്ക് തെരഞ്ഞെടുക്കുന്നത്. മതിയായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ലഭിക്കാത്തപക്ഷം മുൻവർഷം പരിശീലനം നൽകിയ വിദ്യാർത്ഥികളിൽനിന്നും താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് ഒരിക്കൽക്കൂടി അവസരം നൽകിവരുന്നുണ്ട്.

## മലപ്പുറം മണ്ഡലത്തിൽ പട്ടികജാതി/പിന്നാക്ക സമുദായക്ഷേമ വകുപ്പുകളുടെ പദ്ധതികൾ

12 (5599) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലപ്പുറം നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ്, പിന്നോക്ക സമുദായക്ഷേമ വകുപ്പ് ഫണ്ടുകൾ ഉപയോഗിച്ച് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വകുപ്പുകൾ വഴി അടിയന്തര പ്രധാന്യത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളേതെല്ലാമാണ്; വിശദീകരിക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലപ്പുറം നിയോജക മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ടുകൾ ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

പിന്നാക്ക വിഭാഗ വികസന വകുപ്പിനെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പുമുഖേന 2019-20 സാമ്പത്തിക വർഷം മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും അടിസ്ഥാന സൗകര്യങ്ങളിൽ പിന്നാക്കം നിൽക്കുന്നതുമായ കോളനികളെ വികസന പ്രവർത്തനങ്ങൾക്കായി അംബേദ്കർ ഗ്രാമം പദ്ധതി, ഭവന നിർമ്മാണ പൂർത്തീകരണത്തിനുള്ള പുതിയ പദ്ധതി, പഠനമുറികളുടെ നിർമ്മാണം, സ്കിൽ ഡെവലപ്മെന്റ് മുതലായ പദ്ധതികളും അടിയന്തര സ്വഭാവത്തോടെ നടപ്പാക്കിവരികയാണ്.

**പട്ടികജാതി ഗോത്രവർഗ്ഗ കമ്മീഷൻ നൽകുന്ന നിർദ്ദേശങ്ങൾ**

13 (5600) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ഗോത്രവർഗ്ഗ കമ്മീഷൻ നൽകുന്ന നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) 2017-18 -ൽ പ്രസ്തുത കമ്മീഷൻ എത്ര ശിപാർശകളാണ് നൽകിയത്; അതിൽ എത്ര ശിപാർശകൾ നടപ്പിലാക്കി; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**പട്ടികജാതി വിഭാഗങ്ങളുടെ വികസന ഫണ്ട്**

14 (5601) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗങ്ങളുടെ വികസന ഫണ്ടിൽനിന്ന് ഏതെല്ലാം പദ്ധതികളാണ് വെട്ടിക്കുറച്ചത്; വ്യക്തമാക്കുമോ;

(ബി) ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീടുവെയ്ക്കുന്നതിന് വേണ്ടി നീക്കിവച്ചതിൽനിന്നും 100 കോടി രൂപ വെട്ടിക്കുറച്ചുവഴി പട്ടികജാതിക്കാരുടെ വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കില്ലെന്ന കാര്യം പരിശോധിക്കുമോ;

(സി) പട്ടികജാതി വിഭാഗങ്ങൾക്കായി നീക്കിവച്ച 1491 കോടിരൂപയിൽ നിന്നും എത്ര തുക സർക്കാർ തിരിച്ചുപിടിച്ചു; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിഭാഗങ്ങളുടെ ഉന്നമനത്തിന് വിഘാതം സൃഷ്ടിക്കുന്ന തരത്തിൽ തുക വെട്ടിക്കുറച്ച കാര്യം സർക്കാർ പരിശോധിക്കുമോ; അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗങ്ങളുടെ വികസന ഫണ്ടിൽനിന്ന് ഒരു പദ്ധതിയും വെട്ടിക്കുറച്ചിട്ടില്ല.

(ബി) 100 കോടി രൂപ വെട്ടിക്കുറച്ചു എന്നത് സാങ്കേതികമായ ഒരു നടപടിക്രമം മാത്രമായിരുന്നു. സംസ്ഥാന പദ്ധതിയിൽ പൊതുവെ 20% കുറവ് വരുത്തിയതിന്റെ ഭാഗമായാണ് ചില പദ്ധതികളിൽ ക്രമീകരണങ്ങൾ വരുത്തിയത്. 2018-19 സാമ്പത്തിക വർഷം ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതിപ്രകാരം 3887 പേർക്കായി 15,471.80 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

(സി) സംസ്ഥാനപദ്ധതിയിൽനിന്ന് പട്ടികജാതി വികസന വകുപ്പിന് നീക്കിവച്ച 1491 കോടിരൂപയിൽ നിന്നും 296.53 കോടി രൂപയുടെ പ്ലാൻ കട്ട് വരുത്തുകയുണ്ടായി.

(ഡി) സംസ്ഥാനം നേരിടുന്ന സാമ്പത്തികമാന്ദ്യം കാരണമാണ് എല്ലാ വകുപ്പുകളുടെയും പദ്ധതിവിഹിതത്തിൽനിന്നും ഒരു നിശ്ചിതവിഹിതം വെട്ടികുറയ്ക്കേണ്ടി വന്നത്.

**പട്ടികജാതി വകുപ്പിനുകീഴിലെ സിവിൽ സർവ്വീസ് പരിശീലനകേന്ദ്രം**

15 (5602) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിന് കീഴിൽ മണ്ണന്തലയിൽ പ്രവർത്തിച്ചിരുന്ന സിവിൽ സർവ്വീസ് പരിശീലന കേന്ദ്രം അടച്ചുപൂട്ടിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പരിശീലനകേന്ദ്രം അടച്ചുപൂട്ടുന്നതിനെതിരെ സിവിൽ സർവ്വീസ് പരീക്ഷയിൽ റാങ്ക് നേടിയ ധന്യ സുരേഷ് പരാതി നൽകിയിരുന്നുവോ;

(സി) പ്രസ്തുത പരിശീലനകേന്ദ്രത്തിൽ മികച്ച അദ്ധ്യാപകരെ കൊണ്ടുവരുവാനോ, പഠനനിലവാരം ഉയർത്തുവാനോ തയ്യാറായില്ല എന്ന ആക്ഷേപം വസ്തുതാപരമാണോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നൽകിവരുന്ന തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിലെ പരിശീലന കേന്ദ്രമായ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS) അടച്ചുപൂട്ടിയിട്ടില്ല. ടി സ്ഥാപനം ഇപ്പോഴും ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു.

കേരള സർക്കാരിന്റെ തന്നെ സംരംഭമായ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി മുഖേനയാണ് 2018-19 മുതൽ പരിശീലനം നടത്തിവരുന്നത്. സ്വകാര്യ സ്ഥാപനങ്ങളിൽ പരിശീലനം നേടുന്നതിനായി പുതുതായി ആരംഭിച്ച ' ലക്ഷ്യ ' യുടെ പ്രവർത്തനം നടത്തുന്നതും ICSETS തന്നെയാണ്.

(ബി) ഇല്ല.

(സി) വസ്തുതാപരമല്ല.

സ്ഥാപനം നേരിട്ട് പരിശീലനം നടത്തിയ സമയത്ത് എല്ലാ വിഷയങ്ങൾക്കും മികച്ച അദ്ധ്യാപകരെയാണ് ക്ലാസ്സ് എടുക്കുന്നതിനായി നിയോഗിച്ചിരുന്നത്. ICSETS -ലെ പരീക്ഷാ പരിശീലനത്തെക്കുറിച്ചും പഠന നിലവാരത്തെക്കുറിച്ചും വിദ്യാർത്ഥികളിൽ നിന്ന് നിരന്തരമായ പരാതികൾ ഉയർന്നുവന്നതിനെ തുടർന്നാണ് കൂടുതൽ മെച്ചപ്പെട്ട പരിശീലനം നല്കുന്നതിനായി കേരള സർക്കാർ സംരംഭമായ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി മുഖേന പരിശീലനം നല്കുവാൻ സർക്കാർ തീരുമാനിച്ചത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാൻ ഇതുമൂലം കഴിഞ്ഞിട്ടുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗക്ഷേമ വകുപ്പുകൾ മുഖേന വിതരണം ചെയ്ത ചികിത്സ/വിവാഹ ധനസഹായങ്ങൾ

16 (5603) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗക്ഷേമ വകുപ്പുകൾ മുഖേന നിലമ്പൂർ താലൂക്കിൽ വിതരണം ചെയ്ത ചികിത്സ/വിവാഹ ധനസഹായങ്ങൾ എത്രയെന്ന് ബ്ലോക്ക് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) ഇക്കാലയളവിൽ പിന്നോക്ക വിഭാഗങ്ങൾക്കായി നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഏതെല്ലാമെന്നും പൂർത്തീകരിച്ചവ, പൂർത്തീകരിക്കുവാനുള്ളവ എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കാമോ; ഇവയിൽ മുടങ്ങിക്കിടക്കുന്ന പദ്ധതികൾ ഏതൊക്കെ; പ്രസ്തുത തടസ്സങ്ങൾ നീക്കാൻ സ്വീകരിച്ച നടപടി എന്നിവ വിശദമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ് മുഖേന നിലമ്പൂർ താലൂക്കിൽ വിതരണം ചെയ്ത ചികിത്സ/വിവാഹ ധനസഹായങ്ങളുടെ എണ്ണം ബ്ലോക്ക് അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ബ്ലോക്ക് | വിവാഹം | | ചികിത്സ | |
|---|---|---|---|---|---|
| | | പട്ടിക ജാതി വിഭാഗം | പട്ടിക വർഗ്ഗ വിഭാഗം | പട്ടിക ജാതി വിഭാഗം | പട്ടിക വർഗ്ഗ വിഭാഗം |
| 1 | കാളികാവ് | 338 | 10 | 291 | 798 |
| 2 | നിലമ്പൂർ | 269 | 19 | 207 | 3030 |
| 3 | വണ്ടൂർ | 320 | 8 | 608 | 392 |
| 4 | അരിക്കോട് | - | 4 | - | 66 |

(ബി) ബാധകമല്ല.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വീട് പണിയാൻ ധനസഹായം**

17 (5604) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ ഉൾപ്പെടാത്തതും നിലവിൽ ജീർണ്ണിച്ച കെട്ടിടങ്ങളിൽ താമസിച്ചുവരുന്നവരുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് പുതിയ വീട് വയ്ക്കുന്നതിനും വീട് അറ്റകുറ്റപ്പണികൾ നടത്തി വാസയോഗ്യമാക്കുന്നതിനും ധനസഹായം നൽകുന്നതിന് നിലവിൽ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനാവശ്യമായ അടിയന്തരനടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ലൈഫ് പദ്ധതിയിൽ ഉൾപ്പെടാത്ത കുടുംബങ്ങൾക്ക് പുതിയ വീട് വയ്ക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി രൂപീകരിച്ചിട്ടില്ല. എന്നാൽ ഭവന പൂർത്തീകരണത്തിനും പുനരുദ്ധാരണത്തിനുമായി വീടൊന്നിന് പരമാവധി 1,50,000 രൂപ വരെ അനുവദിക്കുന്ന പുതിയ പദ്ധതി ഈ വർഷം ആരംഭിച്ചിട്ടുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകർക്കായി പലിശരഹിത വായ്പ

18 (5605) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകർക്കായി പലിശരഹിത വായ്പ നൽകുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ അർഹതാ മാനദണ്ഡങ്ങളും തിരിച്ചടവ് വ്യവസ്ഥകളും വിശദമാക്കാമോ;

(സി) കഴിഞ്ഞ സാമ്പത്തികവർഷം ഇത്തരത്തിൽ എത്ര പേർക്ക് വായ്പ അനുവദിച്ചു എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) ബാധകമല്ല.

## പ്രളയബാധിതരായ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സഹായം

19 (5606) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയദുരിതമനുഭവിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് എന്തെങ്കിലും പ്രത്യേകസഹായം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് സർക്കാർ വാഗ്ദാനം ചെയ്ത അയ്യായിരം രൂപയും പതിനായിരം രൂപയും പോലും ലഭിച്ചിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(സി) പ്രളയത്തിൽ വീടും ജീവനോപാധികളും നഷ്ടപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചുനൽകുന്നതിനും പുനരധിവസിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രളയദുരിതമനുഭവിച്ച പട്ടികജാതി വിഭാഗങ്ങൾക്ക് വകുപ്പിൽനിന്നും ആശ്വാസധനസഹായമായി 83872 കുടുംബങ്ങൾക്ക് 5,000 രൂപ വീതം അനുവദിച്ച് നൽകിയിട്ടുണ്ട്.

കാലവർഷക്കെടുതിമൂലം ദുരിതമനുഭവിച്ച അർഹരായ 3430 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അടിയന്തര ധനസഹായമായി 10,000 രൂപ വീതം നൽകിയിട്ടുണ്ട്. ഭക്ഷ്യേതര വസ്തുക്കൾ ജില്ലാതല ഉദ്യോഗസ്ഥർ മുഖേന വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ എറണാകുളം ജില്ലയിൽ 43 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അവരുടെ ജീവനോപാധികളായിരുന്ന മരംവെട്ട് യന്ത്രം, ചെണ്ട, തയ്യൽമെഷീനുകൾ, കളിമൺപാത്ര നിർമ്മാണ യൂണിറ്റ്, തട്ടുകട, ഓട്ടോറിക്ഷ, വള്ളം പണിയുന്ന ഉപകരണങ്ങൾ, സ്വയംതൊഴിലിനുള്ള പണിയായുധങ്ങൾ എന്നിവ നഷ്ടപ്പെട്ടിരുന്നു.

(ബി) അർഹതപ്പെട്ട എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും വകുപ്പിൽനിന്നും അയ്യായിരം രൂപയും പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 10,000 രൂപയും വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) പട്ടികജാതി വികസന വകുപ്പ്

2018 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിലും കാലവർഷക്കെടുതിയിലും വീട് പൂർണ്ണമായും തകർന്ന് വാസയോഗ്യമല്ലാതായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് പുനർനിർമ്മിക്കുന്നതിനായി വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതിപ്രകാരം 4 ലക്ഷം രൂപ ധനസഹായം നൽകുന്നു. ടി ധനസഹായ തുക 15%, 30%, 40%, 15% എന്ന നിരക്കിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നു. ആയതുപ്രകാരം 245 പേരെ ധനസഹായത്തിനായി തെരഞ്ഞെടുക്കുകയും 168 പേർക്ക് 1-ാം ഗഡുവും 121 പേർക്ക് 2-ാം ഗഡുവും 66 പേർക്ക് 3-ാം ഗഡുവും അനുവദിച്ച് നൽകിയിട്ടുണ്ട്. 22 പേർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി 3,64,80,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ്

കാലവർഷക്കെടുതിമൂലം 639 പട്ടികവർഗ്ഗക്കാർക്ക് വീട് നഷ്ടപ്പെട്ടിരുന്നു. ആയതിൽ 480 പട്ടികവർഗ്ഗക്കാർക്ക് വീട് അനുവദിക്കുകയും ഭവനനിർമ്മാണം ആരംഭിക്കുന്നതിനായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിൽ 180 പേർ ഭവന നിർമ്മാണം ആരംഭിക്കുകയും 4 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാകുകയും ചെയ്തിട്ടുണ്ട്. ഭൂമി നഷ്ടപ്പെട്ട പട്ടികവർഗ്ഗക്കാർക്ക് ലാൻഡ് ബാങ്ക് പദ്ധതിയിൽപ്പെടുത്തി ഭൂമി വാങ്ങി നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പൂർണ്ണമായും തകർന്ന കോളനികളെ പുനരധിവസിപ്പിക്കുന്നതിനായി അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിന് ബന്ധപ്പെട്ട ജില്ലാകളക്ടർമാർക്കും പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മലപ്പുറം ജില്ലയിലെ മതിൽമൂല, ചെട്ടിയാംപാറ എന്നീ കോളനികളിലെ 25 കുടുംബങ്ങൾക്കും മറ്റ് കോളനികളിലെ 9 കുടുംബങ്ങളും ഉൾപ്പെടെ 34 കുടുംബങ്ങൾക്ക് 10 ഹെക്ടർ നിക്ഷിപ്ത വനഭൂമി അനുവദിക്കുകയും ആയതിൽ നിന്നും 50 സെന്റ് വീതം ഭൂമി ഓരോ ഗുണഭോക്താവിനും അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ വയനാട് ജില്ലയിൽ സ്ഥിരമായി പ്രളയം ബാധിച്ചിരുന്ന പ്രദേശത്ത് താമസിച്ചിരുന്ന 147 കുടുംബങ്ങൾക്ക് 14.7 ഏക്കർ ഭൂമി വാങ്ങി നൽകിയിട്ടുണ്ട്.

**പട്ടികജാതിക്കാരുടെ സാമൂഹ്യപിന്നാക്കാവസ്ഥ**

20 (5607) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരുടെ സാമൂഹ്യപിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് ഈ സർക്കാർ പുതുതായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദ്യാഭ്യാസരംഗത്ത് പട്ടികജാതി വിഭാഗങ്ങളുടെ മുന്നേറ്റത്തിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ മോഡൽ റസിഡൻഷ്യൽ കോളേജ് ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ഡി) പട്ടികജാതി യുവാക്കൾക്ക് സൈന്യത്തിൽ പ്രവേശനം ലഭിക്കുവാൻ പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് കോഴ്സ് നടപ്പിലാക്കിയിട്ടുണ്ടോ; ഇതിലൂടെ കഴിഞ്ഞ രണ്ട് വർഷം എത്രപേർക്ക് വിവിധ സൈനികവിഭാഗങ്ങളിൽ സെലക്ഷൻ കിട്ടി വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതിക്കാരുടെ സാമൂഹ്യ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് ഈ സർക്കാർ പുതുതായി ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. പഠനമുറി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് എല്ലാ പഠന സൗകര്യങ്ങളോടും കൂടിയ ഒരു മുറി അവരുടെ വീടിനോട് ചേർന്ന് നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ സഹായം നൽകുന്നതാണ് ഈ പദ്ധതി.

2. വാത്സല്യനിധി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ജനനം മുതൽ സുരക്ഷ നൽകുന്നതിനും അവരുടെ സമഗ്ര വികസനത്തിനുമായിട്ടുള്ള ഇൻഷ്വറൻസ് ലിങ്ക്ഡ് പദ്ധതിയാണ്.

3. വർക്കിംഗ് വിമൺസ് ഹോസ്റ്റൽ

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി എല്ലാ ജില്ലകളിലും ഹോസ്റ്റലുകൾ നിർമ്മിക്കുന്ന പദ്ധതി.

4. നഴ്സിംഗ് അപ്രന്റീസ്ഷിപ്പ്

നഴ്സിംഗ് പഠനം പൂർത്തീകരിച്ച പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് സർക്കാർ ആശുപത്രികളിൽ 15,000 രൂപ ധനസഹായത്തോടെ താലൂക്ക്/ജില്ലാ ജനറൽ ആശുപത്രികളിൽ നഴ്സായി രണ്ട് വർഷത്തേക്ക് പരിശീലനം നൽകുന്ന പദ്ധതി.

5. അംബേദ്കർ ഗ്രാമം പദ്ധതി

30 പട്ടികജാതി കുടുംബങ്ങൾ ഉൾപ്പെട്ട കോളനികളിൽ 50 ലക്ഷം രൂപവരെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ഡോ.അംബേദ്കർ ഗ്രാമവികസന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

6. ഹെൽത്ത് കെയർ സ്കീം

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള സമഗ്ര ആരോഗ്യസുരക്ഷാപദ്ധതി.

7. ഭവന പൂർത്തീകരണത്തിന് 1.5 ലക്ഷം രൂപ അനുവദിക്കുന്ന പദ്ധതി.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദ്യാഭ്യാസരംഗത്ത് പട്ടികജാതി വിഭാഗങ്ങളുടെ മുന്നേറ്റത്തിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. പട്ടികജാതി വിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം 25% വർദ്ധിപ്പിച്ചു.

2. ലാപ്ടോപ് ധനസഹായം പദ്ധതിയിൽ പുതുതായി Polytechnic, B.Sc Computer Science, MBBS, BAMS, BHMS, BVSC & AH, MBA, B.Arch M.Sc. Electronics, M.Phil, Ph.D കോഴ്സുകളെക്കൂടി ഉൾപ്പെടുത്തി.

3. B.Tech. വിദ്യാർത്ഥികൾക്ക് പഠന നിലവാരം മെച്ചപ്പെടുത്തുവാൻ റെമഡിയൽ കോച്ചിംഗ് നൽകുന്ന പദ്ധതി നടപ്പിലാക്കി. ടി പദ്ധതി IHRD-യുടെ നിയന്ത്രണത്തിലുള്ള മോഡൽ ഫിനിഷിംഗ് സ്കൂൾ വഴി 2017-18 മുതൽ നടപ്പിലാക്കിവരുന്നു.

4. നൃത്ത/സംഗീത വിഷയങ്ങളിൽ ബിരുദ/ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വാദ്യോപകരണങ്ങളും ആടയാഭരണങ്ങളും വാങ്ങുവാൻ ധനസഹായം നൽകി പദ്ധതി നടപ്പിലാക്കി.

5. 5 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷാരംഭത്തിൽ വന്ന ചെലവ് കണ്ടെത്തുന്നതിനായി 2,000 രൂപ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കി.

6. വിദേശ പഠന ധനസഹായത്തിന് പ്രത്യേക മാർഗ്ഗരേഖ പുറത്തിറക്കി.

7. സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നവരും ഹോസ്റ്റൽ അന്തേവാസികളുമായവർക്ക് നൽകുന്ന താമസഭക്ഷണചെലവ് 3500 രൂപയിൽനിന്നും 4,500 രൂപയായി വർദ്ധിപ്പിച്ചു.

8. പട്ടികജാതി വിദ്യാർത്ഥികളുടെ പഠനത്തിന്റെ ഉയർച്ചയ്ക്കായി പഠനമുറി പണിയുന്നതിന് 2 ലക്ഷം രൂപ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കി.

9. പട്ടികജാതി വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ ഐ.റ്റി.ഐ. കെട്ടിടങ്ങൾ പണികഴിപ്പിച്ചിട്ടുണ്ട്. ആധുനിക രീതിയിലുള്ള 3DM Visual Teaching Aid നടപ്പിലാക്കി. പോഷകാഹാരം, ഉച്ചഭക്ഷണം എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു.

(സി) ഇല്ല. പട്ടികജാതി വകുപ്പ് കുഴൽമന്ദം എം.ആർ.എസ്.-നോട് അനുബന്ധിച്ച് കോളേജ് ആരംഭിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിനായി താത്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്.

(ഡി) പട്ടികജാതി യുവതീയുവാക്കൾക്ക് സൈന്യത്തിൽ പ്രവേശനം ലഭിക്കുന്നതിലേക്കായി പ്രീ-റിക്രൂട്ട്മെന്റ് ട്രെയിനിംഗ് കോഴ്സ് നടപ്പിലാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം ടി പദ്ധതി നടപ്പിലാക്കിയിട്ടില്ല. 2017-18-ൽ നടപ്പിലാക്കിയ പദ്ധതിയിലൂടെ സൈന്യത്തിൽ 2 പേർക്കും പോലീസ് സേനയിലേക്ക് 2 പേർക്കും പ്ലേസ്മെന്റ് ലഭ്യമാക്കിയിട്ടുണ്ട്.

## ഷീ സ്മാർട്ട് കഫേ

21 (5608) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിന് കീഴിൽ ആരംഭിച്ചിട്ടുള്ള ഷീ സ്മാർട്ട് കഫെയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; ഇതുസംബന്ധിച്ച് ഇവർക്ക് ട്രെയിനിംഗ് നൽകുന്നത് ആരാണ്; ട്രെയിനിംഗ് പൂർത്തിയാക്കിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകളുള്ള ഷീ സ്മാർട്ട് കഫേ സൗകര്യങ്ങൾ എവിടെയെല്ലാമാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) ഷീ സ്മാർട്ട് കഫേ ആരംഭിച്ചിട്ടുള്ള സ്ഥലങ്ങളിൽ ട്രെയിനിംഗ് പൂർത്തിയാക്കിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകളെ ഒഴിവാക്കി പുരുഷന്മാരെ ഉൾപ്പെടുത്തിയാണ് പ്രവർത്തിക്കുന്നത് എന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പുരുഷന്മാരെ ഒഴിവാക്കി സ്ത്രീകൾക്ക് മാത്രമായി ആരംഭിച്ചിട്ടുള്ള ഷീ സ്മാർട്ട് കഫേകളിൽ ട്രെയിനിംഗ് പൂർത്തിയാക്കിയ പട്ടികജാതി വിഭാഗത്തിൽപെട്ട വനിതകളെ ഉൾപ്പെടുത്തുമോ;

(സി) ഷീ സ്മാർട്ട് കഫേകളിൽ പ്രവർത്തിക്കുന്നതിനായി ട്രെയിനിംഗ് പൂർത്തിയാക്കിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് സ്റ്റൈപ്പെന്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതികൾക്ക് റെസ്റ്റോറന്റ് മാനേജ്മെന്റിൽ സംരംഭകത്വ പരിശീലനം നൽകി സ്ഥിര വരുമാനം ഉറപ്പുവരുത്തുക, പ്രൊഫഷണൽ ട്രെയിനിംഗും മെന്ററിംഗും നൽകി മികവുറ്റ സംരംഭകരാക്കുക, പട്ടികജാതി സ്ത്രീകളുടെ ഉന്നമനവും ശാക്തീകരണവും ഉറപ്പാക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെയാണ് ഷീ സ്മാർട്ട് കഫേ പദ്ധതി ആരംഭിച്ചത്.

സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരള എന്ന സ്ഥാപനമാണ് ഇവർക്ക് ട്രെയിനിംഗ് നൽകിയത്.

നിലവിൽ നന്ദാവനത്തും മണ്ണന്തലയിലുമാണ് ഓരോ ഷീ സ്മാർട്ട് കഫേ വീതം പ്രവർത്തിച്ചുവരുന്നത്. രണ്ട് കഫേകൾ കൂടി ഇനി പ്രവർത്തനമാരംഭിക്കാൻ എസ്.ആർ.സി. നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇത് പട്ടികജാതി വനിതകൾക്ക് മാത്രമുള്ള പദ്ധതിയാണ്. പദ്ധതിപ്രകാരം പുരുഷന്മാരെ ഷീ സ്മാർട്ട് കഫേകളിൽ നിയോഗിച്ചിട്ടില്ല.

(സി) സ്റ്റൈപ്പെന്റ് വിതരണം ചെയ്യുന്നതിന് ആവശ്യമായ തുക എസ്.ആർ.സി.-ക്ക് അനുവദിച്ചിട്ടുണ്ട്.

## വീട് പൂർത്തീകരണത്തിനുള്ള പദ്ധതി

22 (5609) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വീട് പൂർത്തീകരണത്തിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) വീട് റിപ്പയറിംഗ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ, റിപ്പയറിംഗ് ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകൾ മുഖേന പട്ടികജാതി വിഭാഗക്കാർക്ക് അനുവദിച്ച ഭവന നിർമ്മാണ ധനസഹായ തുക പൂർണ്ണമായി കൈപ്പറ്റി കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തീകരിക്കാത്തവർക്കും നിർദ്ദിഷ്ട മേൽക്കൂര നിർമ്മിക്കാത്തതിനാൽ അവസാന ഗഡു ലഭിക്കാത്തവർക്കും സ്വന്തം നിലയിൽ നിർമ്മാണം ആരംഭിച്ചിട്ടും പണി പൂർത്തീകരിക്കുന്നതിന് കഴിയാത്തവർക്കും തദ്ദേശഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർ/ഓവർസിയർ/അംഗീകൃത ബിൽഡിംഗ് സൂപ്പർവൈസറിൽനിന്നുള്ള വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി ഒന്നര ലക്ഷം രൂപ വരെ പ്രത്യേക ധനസഹായം അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതിയിൽ ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവരെയാണ് പരിഗണിക്കുന്നത്. 10 വർഷത്തിനുള്ളിൽ ധനസഹായം കൈപ്പറ്റിയവർക്കാണ് ധനസഹായത്തിന് അർഹതയുള്ളത്. ധനസഹായ തുക 30%, 50%, 20% എന്ന നിരക്കിൽ ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു. പത്രപ്പരസ്യത്തിലൂടെ അപേക്ഷ ക്ഷണിച്ചാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പുതിയ ഭവനങ്ങളുടെ നിർമ്മാണം, മുൻവർഷങ്ങളിൽ അനുവദിച്ച ഭവനങ്ങളുടെ പൂർത്തീകരണം, പുനരുദ്ധാരണം തുടങ്ങിയവയ്ക്കായി ധനസഹായം അനുവദിച്ചുവരുന്നു. ലൈഫ് മിഷൻ ഒന്നാംഘട്ട പദ്ധതിയിൽപ്പെടുത്തി പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണമാണ് നടപ്പിലാക്കുന്നത്. ആയതിലേക്ക് എസ്റ്റിമേറ്റിന്റെ യഥാർത്ഥ നിർമ്മാണ ചെലവ് അനുവദിച്ച് നൽകുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 2016-17 വർഷം അനുവദിച്ച വീടുകൾക്കുള്ള ധനസഹായം 3.50 ലക്ഷം രൂപയിൽനിന്നും 4 ലക്ഷം രൂപയായും വിദൂരസ്ഥിത സങ്കേതങ്ങളിലെ ഭവന നിർമ്മാണ ധനസഹായം 6 ലക്ഷം രൂപയും അനുവദിച്ച് നൽകുന്നുണ്ട്. നിർമ്മാണത്തിലിരിക്കുന്ന വീടുകൾ പൂർത്തീകരിക്കുവാൻ ഇത് ഉപകരിക്കും.

(ബി&സി) പട്ടികജാതി വികസന വകുപ്പിൽനിന്നും വീട് റിപ്പയറിംഗിന് തുക അനുവദിക്കുന്നില്ല.

പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പട്ടികവർഗ്ഗ വികസന വകുപ്പും വിവിധ സർക്കാർ ഏജൻസികളും മുൻവർഷങ്ങളിൽ അനുവദിച്ചതും നിലവിലെ മാനദണ്ഡപ്രകാരം പണി പൂർത്തിയാക്കി 6 വർഷം പൂർത്തിയായ ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പൂർത്തീകരിക്കാത്ത വീടുകൾ വാസയോഗ്യമാംവിധം പൂർത്തീകരിക്കുന്നതിനും പരമാവധി ഒന്നര ലക്ഷം രൂപ വരെ അനുവദിച്ചുനൽകുന്നുണ്ട്.

## വാത്സല്യ ക്ഷേമനിധി പദ്ധതി

23 (5610) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ വാത്സല്യ ക്ഷേമനിധി പദ്ധതി പ്രകാരം എത്ര പേർക്ക് ആനുകൂല്യം ലഭിക്കുമെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽനിന്ന് പട്ടികജാതി വിഭാഗത്തിൽപ്പെട്ട 39 പെൺകുട്ടികളുടെ പേരിൽ വാത്സല്യനിധി ആദ്യഗഡുവായ 39,000 രൂപ വീതം എൽ.ഐ.സി. ഓഫ് ഇന്ത്യയിൽ ഇൻഷ്വറൻസ് ആനുകൂല്യത്തിനായി നിക്ഷേപിച്ചിട്ടുണ്ട്.

## ആലത്തൂർ മണ്ഡലത്തിൽ പ്ലാൻ ഫണ്ടിൽനിന്ന് പദ്ധതികൾ

24 (5611) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ 2018-19-ലെ പ്ലാൻ ഫണ്ടിൽനിന്ന് ആലത്തൂർ മണ്ഡലത്തിൽ പദ്ധതികൾ അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

### ഉത്തരം

(എ) അനുവദിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പിലെ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 2018-19-ലെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ നടപടി പുരോഗമിക്കുന്നു

1. കൊടുമ്പാല മോട്ടോർ ഷെഡ് നിർമ്മാണം - 3,40,000 രൂപ.
2. പൂച്ചാടി കോളനി നടപ്പാത - 2,15,000 രൂപ.

## ആലത്തൂർ മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹധനസഹായം

25 (5612) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പെൺകുട്ടികൾക്ക് വിവാഹധനസഹായപദ്ധതി പ്രകാരം തുക അനുവദിച്ചുവെന്നും ഓരോരുത്തർക്കും എത്ര തുക വീതം സഹായം നൽകിയെന്നും വ്യക്തമാക്കുമോ;

(ബി) ധനസഹായം നൽകാൻ ഇനിയും അപേക്ഷകൾ ബാക്കിയുണ്ടോ; വിശദവിവരം നൽകുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ആലത്തൂർ മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 322 പെൺകുട്ടികൾക്ക് വിവാഹധനസഹായ പദ്ധതി പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. 172 പേർക്ക് 50,000 രൂപ വീതവും 150 പേർക്ക് 75,000 രൂപ വീതവുമായി മൊത്തം 1,98,50,000 രൂപ (ഒരു കോടി തൊണ്ണൂറ്റി എട്ടു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ധനസഹായം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. അവശേഷിക്കുന്ന 59 പേർക്ക് ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.റ്റി.ഐ. വിദ്യാർത്ഥികൾക്ക് തൊഴിലവസരങ്ങൾ

26 (5613) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.റ്റി.ഐ. വിദ്യാർത്ഥികൾക്ക് രാജ്യത്തിനകത്തും വിദേശത്തും തൊഴിലവസരങ്ങൾ ഒരുക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) വിദേശ തൊഴിൽദാതാക്കളുമായി സർക്കാർ നേരിട്ട് ബന്ധപ്പെട്ട് ഇവർക്ക് തൊഴിൽ ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ടോ;

(സി) എത്ര പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇതുമൂലം തൊഴിൽ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വിഭാഗങ്ങൾക്കായി 2019-ൽ നടത്തിയ തൊഴിൽമേളകളിലൂടെ എത്ര പേർക്ക് തൊഴിൽ ലഭിച്ചുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാങ്കേതികവും തൊഴിലധിഷ്ഠിതവുമായ പരിശീലനം നൽകുന്നതിനും വ്യാവസായിക രംഗത്ത് വിദേശത്തും സ്വദേശത്തും സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ തൊഴിൽ നേടുവാനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും പ്രാപ്തരാക്കുന്നത് ലക്ഷ്യംവച്ചുകൊണ്ടാണ് വകുപ്പിലെ ഐ.റ്റി.ഐ.-കളിലെ പരിശീലന പരിപാടി സജ്ജീകരിച്ചിട്ടുള്ളത്. ഐ.റ്റി.ഐ.-കളിൽ നിന്നും വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് തൊഴിൽ കണ്ടെത്തുന്നതിന് ഉദ്യോഗാർത്ഥികളെ സഹായിക്കുന്നതിനായി കഴിഞ്ഞ മൂന്ന് വർഷമായി സംസ്ഥാനതലത്തിൽ വകുപ്പ് തൊഴിൽ മേള സംഘടിപ്പിക്കുന്നുണ്ട്.

ട്രെയിനിംഗ് & എംപ്ലോയ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ഐ.ടി.ഐ. പാസ്സായ വിദ്യാർത്ഥികൾക്ക് സ്കിൽ അപ്ഗ്രഡേഷൻ പരിശീലനം നല്കി വിദേശത്ത് പ്ലേസ്മെന്റ് ലഭ്യമാക്കിവരുന്നു.

(ബി) പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ വിദേശ തൊഴിൽ ദാതാക്കളുമായി നേരിട്ട് ചർച്ച ചെയ്ത് ധാരണയിലെത്തിയിട്ടുണ്ട്. ട്രെയിനിംഗ് ആന്റ് എംപ്ലോയ്മെന്റ് ശീർഷകത്തിൽ ഉൾപ്പെടുത്തി ഐ.റ്റി.ഐ. പാസ്സായ വിദ്യാർത്ഥികൾക്ക് ഓയിൽ & റിഗ് മേഖലയിൽ തൊഴിൽ സാധ്യതയുള്ള പൈപ്പ് ഫാബ്രിക്കേറ്റർ/ഫിറ്റർ, ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ എന്നീ കോഴ്സുകളിൽ പരിശീലനം നടത്തി വിദേശത്ത് പ്ലേസ്മെന്റ് ലഭ്യമാക്കുന്ന പദ്ധതി നിലവിലുണ്ട്. വകുപ്പിനുകീഴിലുള്ള ഐ.റ്റി.ഐ.-കളിൽ പഠനം നടത്തിയ 88 പേർ ടി കോഴ്സിൽ പരിശീലനം നേടുകയും അവരിൽ 21 പേർക്ക് പ്ലേസ്മെന്റ് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

(സി) വകുപ്പിന്റെ ട്രെയിനിംഗ് ആന്റ് എംപ്ലോയ്മെന്റ് ശീർഷകത്തിൽ ഉൾപ്പെടുത്തി ഐ.റ്റി.ഐ. പാസ്സായ വിദ്യാർത്ഥികൾക്ക് ഓയിൽ & റിഗ് മേഖലയിൽ തൊഴിൽ സാധ്യതയുള്ള പൈപ്പ് ഫാബ്രിക്കേറ്റർ/ഫിറ്റർ, ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ എന്നീ കോഴ്സുകളിൽ പരിശീലനം നടത്തി വിദേശത്ത് പ്ലേസ്മെന്റ് ലഭ്യമാക്കിവരുന്നു. വകുപ്പിനുകീഴിലുള്ള ഐ.റ്റി.ഐ.-കളിൽ പഠനം നടത്തിയ 88 പേർ ടി കോഴ്സിൽ പരിശീലനം നേടുകയും അവരിൽ 21 പേർക്ക് പ്ലേസ്മെന്റ് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

(ഡി) 2019-ൽ നടത്തിയ ഐ.റ്റി.ഐ. തൊഴിൽ മേളയിൽ 96 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

## വെഞ്ച്വർ ക്യാപിറ്റൽ ഫണ്ട്

27 (5614) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ബി. സത്യൻ:
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി യുവജനങ്ങളിൽ സംരംഭകത്വം പ്രോൽസാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി സംസ്ഥാനത്ത് വെഞ്ച്വർ ക്യാപിറ്റൽ ഫണ്ട് എന്ന പേരിൽ കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഈ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയ്ക്കായി സംരംഭകരെ തെരഞ്ഞെടുക്കുമ്പോൾ സ്ത്രീ സംരംഭകർക്ക് മുൻഗണന നൽകുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പും കേരള സ്റ്റാർട്ടപ്പ് മിഷനും സംയുക്തമായി സ്റ്റാർട്ടപ്പ് ഡ്രീംസ് എന്ന പേരിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ സംരംഭകർക്കായി തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിൽ ഒരു ഇൻക്യുബേഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്. ബിസിനസ്സ് മേഖലയിൽ താല്പര്യമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവസംരംഭകരെ കണ്ടെത്തുകയും അവരെ പ്രോത്സാഹിപ്പിക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സ്റ്റാർട്ടപ്പ് ഡ്രീംസിൽ എൻറോൾ ചെയ്ത് പ്രവർത്തിച്ചുവരുന്ന സ്റ്റാർട്ടപ്പുകൾക്ക് പലിശരഹിത സീഡ് ലോൺ ലഭ്യമാക്കുന്നതിന് റിവോൾവിംഗ് ഫണ്ട് ഇനത്തിൽ 2018-19 സാമ്പത്തിക വർഷം മുതൽ 5 വർഷത്തേക്ക് പ്രതിവർഷം 4 സ്റ്റാർട്ടപ്പുകൾക്ക് 10 ലക്ഷം രൂപ വീതം 40 ലക്ഷം എന്ന പ്രകാരം 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി ജനവിഭാഗങ്ങളുടെ ഇടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വെഞ്ച്വർ ക്യാപിറ്റൽ ഫണ്ട് എന്ന പദ്ധതിക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. എന്നാൽ ടി പദ്ധതിക്ക് അനുയോജ്യമായതും നിബന്ധനകൾക്കനുസൃതവുമായ പ്രൊപ്പോസലുകൾ ലഭ്യമായിട്ടില്ല.

(സി) നിർമ്മാണ മേഖലയിലും സേവന മേഖലയിലും ആസ്തി സൃഷ്ടിക്കുന്ന യൂണിറ്റുകളെ ഈ പദ്ധതിയിൽനിന്നും ധനസഹായം ലഭ്യമാക്കുന്നതിന് പരിഗണിക്കുന്നതാണ്. ഫലപ്രദമായ മാനേജ്മെന്റ് നിയന്ത്രണത്തിലുള്ളതും കഴിഞ്ഞ ഒരു വർഷകാലമായി 60 ശതമാനത്തിലധികം ഓഹരി ഉടമകളായിട്ടുള്ള പട്ടികജാതി സംരംഭകരുള്ള കമ്പനികൾ ധനസഹായത്തിന് അർഹരാണ്.

(ഡി) അർഹരായ സംരംഭകരെ പരിഗണിക്കുന്നതാണ്.

## ഒറ്റപ്പാലം മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേനയുള്ള പദ്ധതികൾ

28 (5615) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന 2016-2017, 2017-2018, 2018-2019 സാമ്പത്തികവർഷങ്ങളിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ വിവിധ ഗ്രാമപഞ്ചായത്തുകളിലായി എത്ര പദ്ധതികൾ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഓരോന്നിനും അനുവദിക്കപ്പെട്ട തുക, നിർമ്മാണപുരോഗതി, പൂർത്തീകരിച്ചതിന്റെ വിശദാംശം എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ ?

### ഉത്തരം

(എ) 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ വിവിധ ഗ്രാമപഞ്ചായത്തുകളിലായി നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

കോർപ്പസ് ഫണ്ട്

| പഞ്ചായത്ത് | പ്രവൃത്തികളുടെ എണ്ണം | | |
|---|---|---|---|
| | 2016-17 | 2017-18 | 2018-19 |
| അമ്പലപ്പാറ | 5 | - | - |
| കരിമ്പുഴ | 6 | - | 2 |
| പൂക്കോട്ട്കാവ് | - | - | 2 |
| ശ്രീകൃഷ്ണപുരം | 7 | - | - |
| തച്ചനാട്ടുകര | 9 | - | - |

അംബേദ്കർ കോളനി

| പഞ്ചായത്ത് | കോളനി |
|---|---|
| അമ്പലപ്പാറ | അമരമംഗലം |
| ലക്കിടി പേരൂർ | കരിരുപറമ്പ് |

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

| പഞ്ചായത്ത് | പദ്ധതി | 2016-17 | 2017-18 | 2018-19 |
|---|---|---|---|---|
| കടമ്പഴിപ്പുറം | ലൈഫ് മിഷൻ | - | 9 വീടുകൾ | - |
| കരിമ്പുഴ | | - | 1 വീട് | - |
| ശ്രീകൃഷ്ണപുരം | | - | 1 വീട് | - |

(ബി) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

പട്ടികവർഗ്ഗ വികസന വകുപ്പിൽ പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി 34,62,500 രൂപയാണ് അനുവദിച്ചിട്ടുള്ളത്. 11 വീടുകളുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്.

### പട്ടികജാതി വിഭാഗങ്ങൾക്കായി ഭവനനിർമ്മാണം

29 (5616) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലും, 2017-18-ലും പട്ടികജാതി വികസന വകുപ്പ് ഭവനനിർമ്മാണത്തിനായി എന്തു തുകയാണ് അനുവദിച്ചത്;

(ബി) അതിലൂടെ ഓരോ വർഷവും എത്ര വീടുകൾ പുതുതായി നിർമ്മിക്കുവാൻ സാധിച്ചു;

(സി) ലൈഫ് മിഷന്റെ രണ്ടാം ഘട്ടത്തിൽ 2018-19 -ൽ പട്ടികജാതി വിഭാഗങ്ങൾക്കായി എത്ര പുതിയ വീടുകളാണ് അനുവദിച്ചത് എന്നറിയാമോ; അതിൽ എത്രയെണ്ണം പണി പൂർത്തിയായി;

(ഡി) ഇതിനായി പട്ടികജാതി വകുപ്പിന്റെ വിഹിതമായി എന്ത് തുകയാണ് 2018-19 -ൽ നൽകിയത്?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) വകുപ്പ് നടപ്പാക്കുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതിക്കായി 2016-17 വർഷം 232,35,94,800 രൂപയും 2017-18 വർഷം 384,36,23,036 രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി)

| വർഷം | അനുവദിച്ചത് | പൂർത്തീകരിച്ചത് |
|---|---|---|
| 2016-17 | 14906 | 11181 |
| 2017-18 | 8895 | 5664 |

(സി) ലൈഫ് മിഷൻ 2-ാം ഘട്ടത്തിൽ 2018-19-ൽ പട്ടികജാതി വിഭാഗങ്ങൾക്കായി 7624 പുതിയ വീടുകൾ അനുവദിച്ചു. ഇതിൽ 1758 എണ്ണം പൂർത്തീകരിച്ചു.

(ഡി) ഒരു വീടിന് ഒരു ലക്ഷം രൂപയാണ് വകുപ്പിന്റെ വിഹിതമായി നൽകുന്നത്. പട്ടികജാതി വികസന വകുപ്പിന്റെ വിഹിതമായി 2018-19 വർഷം 61.30 കോടി രൂപ ലൈഫ് മിഷന് അനുവദിച്ചുനൽകിയിട്ടുണ്ട്.

## പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനായി ചെലവാക്കിയ തുക

30 (5617) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-19 വർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനായി എത്ര തുക ചെലവാക്കിയിട്ടുണ്ട്; ഇനം തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

2018-19 അദ്ധ്യയന വർഷം പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതി ഇനത്തിൽ 44651.14 ലക്ഷം രൂപ പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനായി ചെലവഴിച്ചിട്ടുണ്ട്. ഇനം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹധനസഹായ പദ്ധതി

31 (5618) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹധനസഹായ പദ്ധതി പ്രകാരം എത്ര പേർക്ക് സഹായം അനുവദിച്ചിട്ടുണ്ട്; ഒരോരുത്തർക്കും എത്ര രൂപ വീതം സഹായം നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) അർഹതപ്പെട്ട ഏതെങ്കിലും അപേക്ഷകർക്ക് ധനസഹായവിതരണം നടത്താൻ ബാക്കിയുണ്ടോ; എങ്കിൽ അടിയന്തരമായി ധനസഹായം നൽകുന്നതിന് നടപടി സ്വീകരിയ്ക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹ ധനസഹായ പദ്ധതിപ്രകാരം 168 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. 82 പേർക്ക് 50,000 രൂപ വീതവും 86 പേർക്ക് 75,000 രൂപ വീതം മൊത്തം 1,05,50,000 രൂപ (ഒരു കോടി അഞ്ച് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ധനസഹായം നൽകിയിട്ടുണ്ട്.

(ബി) 24 പേർക്ക് ധനസഹായം വിതരണം ചെയ്യാനുണ്ട്. ടി ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനുള്ള അടിന്തര നടപടി സ്വീകരിച്ചുവരുന്നു.

## പട്ടികജാതി പട്ടികവർഗ്ഗക്കാരായ മിശ്രവിവാഹിതർക്ക് ധനസഹായം

32 (5619) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതർക്ക് ധനസഹായം അനുവദിക്കുന്നതിന് നിലവിലുള്ള പദ്ധതികൾ ഏതെല്ലാമെന്നും പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

## ഉത്തരം

മിശ്രവിവാഹംമൂലം ദുരിതമനുഭവിക്കുന്ന ദമ്പതിമാർക്ക് (ഒരാൾ പട്ടികജാതിയും പങ്കാളി പട്ടികേതര സമുദായത്തിൽപ്പെട്ടതുമായിരിക്കണം) തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 75,000 രൂപ ധനസഹായം അനുവദിച്ചിരുന്നു. വിവാഹശേഷം 3 വർഷത്തിനകം അപേക്ഷിക്കണം. അപേക്ഷ സമർപ്പിക്കുന്നതിലുണ്ടാകുന്ന ഒരു വർഷം വരെയുള്ള കാലതാമസം മാപ്പാക്കുന്നതിന് പട്ടികജാതി വികസന ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. വരുമാനം, സഹവാസ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. രണ്ടുപേരുടെയും കൂടി പ്രതിവർഷ വരുമാന പരിധി 1,00,000 രൂപയായിരിക്കണം.

പട്ടികവർഗ്ഗ വികസന വകുപ്പിൽ മിശ്രവിവാഹ ധനസഹായ പദ്ധതി നിലവിലുണ്ട്. മിശ്രവിവാഹം ചെയ്തതുമൂലം ദുരിതമനുഭവിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ജീവനോപാധി പ്രവർത്തനങ്ങൾക്കായി 50,000 രൂപ ധനസഹായം അനുവദിച്ച് നൽകിവരുന്നുണ്ട്.

### മിശ്രവിവാഹ ധനസഹായ പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ

1. മിശ്രവിവാഹിതരിൽ ഒരാൾ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരായിരിക്കണം.

2. മിശ്രവിവാഹിതർക്ക് ധനസഹായത്തിനുള്ള വാർഷിക കുടുംബ വരുമാന പരിധി 40,000 രൂപയാണ്.

3. വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുശേഷവും 3 വർഷത്തിനുള്ളിലും മിശ്രവിവാഹ ധനസഹായത്തിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

4. മിശ്രവിവാഹ ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലാവധി 6 മാസം വരെ ന്യായമായ കാരണങ്ങളാൽ ദീർഘിപ്പിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

5. അപേക്ഷ സമർപ്പിക്കുന്നതിന് 6 മാസത്തിന് മുകളിൽ ന്യായമായ കാരണങ്ങളാൽ ഉണ്ടാകുന്ന കാലതാമസം മാപ്പാക്കുന്നതിനുള്ള അധികാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാരിൽ നിക്ഷിപ്തമായിരിക്കും.

ഹാജരാക്കേണ്ട പ്രമാണങ്ങൾ

- ദമ്പതികളുടെ ജാതി തെളിയിക്കുന്നതിന് തഹസിൽദാരിൽനിന്നുള്ള സർട്ടിഫിക്കറ്റ്
- ദമ്പതികളുടെ വരുമാനം തെളിയിക്കുന്നതിന് തഹസിൽദാർ നൽകിയ സർട്ടിഫിക്കറ്റ്
- ദമ്പതികൾ കഴിഞ്ഞ ഒരു വർഷത്തിലധികമായി ഒരുമിച്ച് താമസിക്കുന്നു എന്ന് കാണിച്ച് ഒരു ഗസറ്റഡ് ഉദ്യോഗസ്ഥനോ പാർലമെന്റ് മെമ്പറോ, ലെജിസ്ലേറ്റീവ് മെമ്പറോ നൽകുന്ന സർട്ടിഫിക്കറ്റ് എന്നിവയാണ് മിശ്രവിവാഹ ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ.

## പെരിന്തൽമണ്ണ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

33 (5620) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തിൽ എന്തെല്ലാം പദ്ധതികൾ പട്ടികജാതി വകുപ്പ് പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ട് ;

(ബി) ഓരോ പദ്ധതിപ്രകാരം എത്ര ഗുണഭോക്താക്കൾക്ക് സഹായം നൽകാൻ കഴിഞ്ഞിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2018-19 വർഷത്തിൽ പട്ടികജാതി വികസന വകുപ്പ് പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് |
|---|---|
| 1 | ഭൂരഹിത പുനരധിവാസം |
| 2 | മിശ്രവിവാഹ ധനസഹായം |
| 3 | ചികിത്സാ ധനസഹായം |
| 4 | ദുർബ്ബല വിഭാഗ പുനരധിവാസം |
| 5 | വിവാഹ ധനസഹായം |

| | |
|---|---|
| 6 | ലംപ്സംഗ്രാന്റ് |
| 7 | അയ്യൻകാളി സ്കോളർഷിപ്പ് |
| 8 | പ്രൈമറി വിദ്യാഭ്യാസ സഹായം (1-8) |
| 9 | വിദേശ ധനസഹായം |
| 10 | വിഷൻ എൻട്രൻസ് ധനസഹായം |
| 11 | വെള്ളപ്പൊക്കദുരിതാശ്വാസ ധനസഹായം |
| 12 | സ്പെഷ്യൽ ഇൻസെന്റീവ് |
| 13 | റിപ്പയർ, സ്പിൽ ഓവർ (ഭവനം) |
| 14 | പഠനമുറി |

(ബി)

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | ഭൂരഹിത പുനരധിവാസം | 29 |
| 2 | മിശ്രവിവാഹ ധനസഹായം | 1 |
| 3 | ചികിത്സാ ധനസഹായം | 210 |
| 4 | ദുർബ്ബല വിഭാഗ പുനരധിവാസം | 1 |
| 5 | വിവാഹ ധനസഹായം | 59 |
| 6 | ലംപ്സംഗ്രാന്റ് | 146 സ്കൂൾ |
| 7 | അയ്യൻകാളി സ്കോളർഷിപ്പ് | 17 |
| 8 | പ്രൈമറി വിദ്യാഭ്യാസ സഹായം (1-8) | 4778 |
| 9 | വിദേശ ധനസഹായം | 1 |
| 10 | വിഷൻ എൻട്രൻസ് ധനസഹായം | 8 |
| 11 | വെള്ളപ്പൊക്കദുരിതാശ്വാസ ധനസഹായം | 28 |
| 12 | സ്പെഷ്യൽ ഇൻസെന്റീവ് | 277 |
| 13 | റിപ്പയർ, സ്പിൽ ഓവർ (ഭവനം) | 1 |
| 14 | പഠനമുറി | 58 |

## കൽപ്പറ്റയിലെ പട്ടികവിഭാഗങ്ങൾക്കുള്ള ചികിത്സാധനസഹായം

34 (5621) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും കൽപ്പറ്റ മണ്ഡലത്തിലെ പട്ടികജാതി,പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എത്രപേർക്ക് എത്ര തുകയുടെ ചികിത്സാധനസഹായം വിതരണം ചെയ്തു എന്നതിന്റെ കണക്ക് വർഷം, വിഭാഗം എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 4-3-2016 -ലെ സ.ഉ.(സാധാ)671/2016 നമ്പർ ഉത്തരവ് പ്രകാരം അനുവദിക്കപ്പെട്ട ചികിത്സാ ധനസഹായം ബന്ധപ്പെട്ട അപേക്ഷകർക്ക് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ചികിത്സാ ധനസഹായവുമായി ബന്ധപ്പെട്ട നടപടികൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്ന കാര്യം ആലോചിക്കുന്നുണ്ടോ;വിശദമാക്കാമോ?

### ഉത്തരം

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വിതരണം ചെയ്ത തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

| വർഷം | എണ്ണം | | തുക | |
|---|---|---|---|---|
| | SC | ST | SC | ST |
| 2016-17 | 51 | 956 | 5,78,000 | 24,99,993 |
| 2017-18 | 78 | 639 | 13,96,000 | 32,06,375 |
| 2018-19 | 88 | 981 | 16,50,000 | 37,41,222 |
| 2019-20 | 11 | 111 | 1,41,000 | 2,10,310 |
| ആകെ | 228 | 2687 | 37,65,000 | 96,57,900 |

(ബി) 4-3-2016-ലെ സ.ഉ.(സാധാ)നമ്പർ 671/2016/പ.ജ.പ.വ.വി.വ. പ്രകാരം ചികിത്സാ ധനസഹായം അനുവദിക്കപ്പെട്ട ശ്രീ. വിപീഷ് കെ. വി. കുടത്തുമൂല വീട്, പേരൂർ പി.ഒ., വയനാട് എന്ന വ്യക്തിക്ക് തുക അനുവദിക്കുകയും 30-8-2016-ൽ ടിയാൻ 1,00,000 രൂപയുടെ ചെക്ക് കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.

(സി) പട്ടികജാതി വികസന വകുപ്പിൽ ചികിത്സാ ധനസഹായ പദ്ധതി പൂർണ്ണമായും ഓൺലൈൻ മുഖേനയാണ് നടപ്പിലാക്കിവരുന്നത്.

പട്ടികവർഗ്ഗ വികസന വകുപ്പിൽ ഓൺലൈൻ സംവിധാനമായ ടി-ഗ്രാന്റ്സ് ഭേദഗതി വരുത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി**

35 (5622) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ അംബേദ്ക്കർ ഗ്രാമം പദ്ധതിയിൽ ഏതെങ്കിലും പട്ടികജാതി കോളനികളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പേരുവിവരവും പഞ്ചായത്തും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ അല്ലാതെ ഈ മണ്ഡലത്തിൽ 2018-19, 2019-20 വർഷങ്ങളിൽ മറ്റേതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി കോളനി നവീകരണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(സി) എങ്കിൽ കോളനികളുടെ പേരുവിവരവും അനുവദിച്ച തുകയും വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) 2018-19 സാമ്പത്തിക വർഷം അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽനിന്നും കോളനികളെ തെരഞ്ഞെടുത്തിട്ടില്ല. ടി സാമ്പത്തിക വർഷം കേരളത്തിലുണ്ടായ പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ പ്രളയക്കെടുതി നേരിട്ടതും പുനർനിർമ്മാണം ആവശ്യമായതുമായ കോളനികളെ മാത്രമാണ് തെരഞ്ഞെടുത്തിട്ടുള്ളത്. 2019-20 സാമ്പത്തിക വർഷത്തെ കോളനികളെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രാരംഭ സർവ്വേ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.

## പട്ടികജാതിക്കാരുടെ ഭൂവുടമസ്ഥത

36 (5623) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരുടെ ഭൂവുടമസ്ഥത മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പുറമ്പോക്ക് ഭൂമി, മിച്ചഭൂമി എന്നിവ പട്ടികജാതിയിലെ ഭൂരഹിതകുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പട്ടികജാതിക്കാർ കൈവശം വച്ചുവരുന്ന പുറമ്പോക്ക് ഭൂമിക്ക് പട്ടയം നൽകിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) പട്ടികജാതി വികസന വകുപ്പ് ഭൂമി വാങ്ങാൻ ധനസഹായം നല്കുന്ന പദ്ധതികളിൽ പട്ടികജാതി കുടുംബങ്ങൾക്ക് തങ്ങൾക്കിഷ്ടമുള്ള പ്രദേശത്ത് ഭൂമി കണ്ടുപിടിക്കുന്നതിനുള്ള സ്വാതന്ത്ര്യം നല്കിയിട്ടുണ്ടോ; ആയതിന്റെ മാനദണ്ഡങ്ങൾ അറിയിക്കുമോ;

(ഇ) ഇത്തരത്തിൽ വാങ്ങാനുദ്ദേശിക്കുന്ന ഭൂമിയുടെ വിപണിവില ധനസഹായമായി നല്കുമോ; വ്യക്തമാക്കുമോ; ആയതിനുള്ള നിബന്ധനകൾ അറിയിക്കുമോ?

ഉത്തരം

(എ) സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതിക്കാരായ കുടുംബങ്ങൾക്ക് അർഹതയുടെ അടിസ്ഥാനത്തിൽ ഭൂരഹിത പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്നു. ഗുണഭോക്താവിന്റെ ഇഷ്ടാനുസരണം കണ്ടെത്തുന്ന ഭൂമി അവരുടെ പേരിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ ഉടമയുടെ പേരിൽ തുക അനുവദിച്ചു നൽകുന്നു.

(ബി&സി) പുറമ്പോക്ക് ഭൂമി, മിച്ചഭൂമി എന്നിവയുടെ വിതരണം റവന്യൂ വകുപ്പിന്റെ കീഴിലാണ് നടത്തിവരുന്നത്. ഇത്തരത്തിലുള്ള ഭൂമിയുടെ വിതരണത്തിനായി അർഹരായ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ പട്ടികജാതി വികസന വകുപ്പ് ശിപാർശ ചെയ്ത് റവന്യൂ വകുപ്പിന് കൈമാറുന്നു. പുറമ്പോക്ക് ഭൂമിയിൽ പട്ടയം നൽകിയതിന്റെ വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(ഡി) ഉണ്ട്. വഴി സൗകര്യത്തോടുകൂടിയ വാസയോഗ്യമായ കര ഭൂമിയായിരിക്കണം. വൈദ്യുതി, കുടിവെള്ളം, ഗതാഗത സൗകര്യം എന്നിവയ്ക്ക് തടസ്സം ഇല്ലാത്ത സ്ഥലമായിരിക്കണം ഇപ്രകാരം വാങ്ങുന്നത്.

(ഇ) ഭൂരഹിതരായ കുടുംബങ്ങൾക്ക് ഗ്രാമപ്രദേശത്ത് കുറഞ്ഞത് 5 സെന്റ് ഭൂമിയും മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശത്ത് കുറഞ്ഞത് 3 സെന്റ് ഭൂമിയും വാങ്ങുന്നതിന് ഗ്രാമ/മുനിസിപ്പൽ/കോർപ്പറേഷനുകളിൽ യഥാക്രമം 3,75,000, 4,50,000, 6,00,000 രൂപ ധനസഹായമായി അനുവദിക്കുന്നു. ടി തുകയ്ക്ക് പുറമേയുള്ള തുക ഗുണഭോക്താവ് കണ്ടെത്തേണ്ടതാണ്.

## ചെറുകോട് ട്രൈബൽ സ്കൂളിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് നടപടി

37 (5624) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വിളപ്പിൽ പഞ്ചായത്തിൽ ഉൾപ്പെടുന്ന ചെറുകോട് ട്രൈബൽ സ്കൂളിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചെറുകോട് ട്രൈബൽ സ്കൂളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ 2-ഉം ജനറൽ വിഭാഗത്തിൽ 23 വിദ്യാർത്ഥികളുമാണ് പഠനം നടത്തിവരുന്നത്. ടി സ്കൂളിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികളുടെ എണ്ണം 50 ശതമാനത്തിൽ കുറവായതിനാൽ ടി.എസ്.പി. ഫണ്ട് വിനിയോഗിക്കുവാൻ നിർവ്വാഹമില്ല.

## പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനമുറികൾ

38 (5625) ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ വീടിനോട് ചേർന്ന് പഠനമുറികൾ സ്ഥാപിക്കുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തികവർഷം എത്ര പഠനമുറികൾ സ്ഥാപിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള സാമൂഹ്യപഠനമുറികളിലെ ഫെസിലിറ്റേറ്റർമാരുടെ പ്രതിഫലവ്യവസ്ഥ വിശദീകരിക്കാമോ;

(ഡി) ഇത്തരം പഠനമുറികളുടെയും സാമൂഹ്യപഠനമുറികളുടെയും പ്രവർത്തനപുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വകുപ്പ് നടപ്പാക്കുന്ന പഠനമുറി പദ്ധതി പ്രകാരം 2018-19 വർഷം 4653 പുതിയ പഠനമുറികളുടെ നിർമ്മാണം ആരംഭിച്ചു. ഇതിൽ 495 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു. മറ്റുള്ളവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പുരോഗതിയിലാണ്.

(സി) സാമൂഹ്യ പഠനമുറിയിൽ ഫെസിലിറ്റേറ്റർമാരായി നിയമിക്കുന്നവർക്ക് 15,000 രൂപയാണ് പ്രതിഫലമായി അനുവദിക്കുന്നത്.

(ഡി) പട്ടികജാതി വകുപ്പ് നടപ്പാക്കുന്ന പഠനമുറി പദ്ധതിപ്രകാരം 2017-18 വർഷം അനുവദിച്ച 6623 പഠനമുറികളിൽ 4680 പഠനമുറികളും 2018-19 വർഷം അനുവദിച്ച 4653 പഠനമുറികളിൽ 495 പഠനമുറികളും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി 2017-18 വർഷം 56,53,11,250 രൂപയും 2018-19 വർഷം 120,50,10,000 രൂപയും ചെലവഴിച്ചിട്ടുണ്ട്.

നിലവിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 100 സാമൂഹ്യ പഠനമുറികൾ പ്രവർത്തിച്ചുവരുന്നു. ആയതിൽ ആകെ 2972 വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നു. സാമൂഹ്യ പഠനമുറികളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ സ്കൂളിലെ ഹാജർ നിലവാരം ഉയർന്നിട്ടുണ്ട്. ഇത് വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് കാരണമായിട്ടുണ്ട്. സാമൂഹ്യ പഠന മുറികളുടെ പ്രവർത്തനത്തെ തുടർന്ന് സ്കൂളുകളിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കുറയുകയും കോളനികളിൽ അക്ഷരാഭ്യാസമില്ലാത്ത വിദ്യാർത്ഥികളുടെ എണ്ണം ഗണ്യമായി കുറയുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്ക് പാഠ്യവിഷയങ്ങളിൽ ഉള്ള പ്രാവീണ്യം വർദ്ധിക്കുന്നതിനോടൊപ്പംതന്നെ പാഠ്യേതര വിഷയങ്ങളിലും താല്പര്യമുണർത്തുന്നതിന് സാമൂഹ്യ പഠനമുറികൾ ഉപകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ ഊരുകളിലെ സാക്ഷരതാ നിലവാരം ഉയർത്തുന്നതിന് സാമൂഹ്യപഠനമുറികൾ

നിർണ്ണായക പങ്ക്‌വഹിക്കുന്നുണ്ട്. എസ്.എസ്.എൽ.സി., പ്ലസ് ടു വിജയശതമാനം ഉയർത്തുന്നതിനും ടി പരീക്ഷകൾ വിജയിച്ച വിദ്യാർത്ഥികൾക്ക് പ്ലസ് വൺ, ഡിഗ്രി പ്രവേശനം ലഭിക്കുന്നതിനുമുള്ള ഏകജാലക പ്രവേശനത്തിന് സഹായിക്കുന്നതിനും സാമൂഹ്യ പഠനമുറികൾ സഹായിച്ചിട്ടുണ്ട്.

**കോതമംഗലത്തെ ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾ**

39 (5626) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കോതമംഗലം മണ്ഡലത്തിലെ ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം എത്രയായിരുന്നുയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്രപേർക്ക് ഭൂമി ലഭ്യമാക്കിയെന്ന് വ്യക്തമാക്കാമോ ;

(സി) ഈ കുടുംബങ്ങൾക്ക് എത്ര സെന്റ് സ്ഥലമാണ് നല്കിയതെന്നും ഇതിനുവേണ്ടി എത്ര തുക ചെലവഴിച്ചെന്നും വ്യക്തമാക്കാമോ ;

(ഡി) ഇവരിൽ എത്ര കുടുംബങ്ങൾക്ക് ഭൂമിയുടെ കൈവശരേഖയും വനാവകാശരേഖകളും നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) അവശേഷിക്കുന്ന മുഴുവൻ കുടുബങ്ങൾക്കും ഭൂമി വാങ്ങി നല്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കോതമംഗലം മണ്ഡലത്തിൽ 38 ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങളാണ് ഉണ്ടായിരുന്നത്.

(ബി) ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം നാല് കുടുംബങ്ങൾക്കും നേര്യമംഗലത്ത് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന സർക്കാർ ഭൂമിക്കുള്ള പട്ടയം 20 കുടുംബങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്. ശേഷിക്കുന്ന ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം ഭൂമി വാങ്ങി നൽകുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഭൂമി വാങ്ങി നൽകൽ പദ്ധതി പ്രകാരം നാല് കുടുംബങ്ങൾക്ക് 25 സെന്റ് ഭൂമി വീതവും ആദിവാസി പുനരധിവാസ പദ്ധതി പ്രകാരം 20 കുടുംബങ്ങൾക്ക് 10 സെന്റ് ഭൂമി വീതവും അനുവദിച്ചിട്ടുണ്ട്. ഭൂമി വാങ്ങി നൽകൽ പദ്ധതിക്കായി 36,80,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) നേര്യമംഗലത്ത് ഭൂമി അനുവദിച്ച 20 കുടുംബങ്ങൾക്ക് പട്ടയവും 4 കുടുംബങ്ങൾക്ക് ഭൂമി പ്രമാണം ചെയ്തും നൽകിയിട്ടുണ്ട്.

(ഇ) ഭൂമി വാങ്ങി വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം അർഹരായ എല്ലാ ഭൂരഹിത കുടുംബങ്ങൾക്കും ഭൂമി അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതി**

40 (5627) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ മഴക്കാലത്ത് സ്ഥിരമായി വെള്ളപ്പൊക്കഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ ;

(ബി) ഇതിനായി എത്ര ഏക്കർ ഭൂമിയാണ് വാങ്ങിയത്; എന്ത് തുക ചെലവഴിച്ചു;

(സി) പ്രസ്തുത ഭൂമി പട്ടികവർഗ്ഗ വിഭാഗത്തിന് വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര കുടുംബങ്ങൾക്കെന്ന് വ്യക്തമാക്കുമോ;

(ഡി) ലൈഫ് മിഷൻ പദ്ധതിയിലൂടെയാണോ ഇവർക്ക് വീട് വച്ച് നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വയനാട് ജില്ലയിൽ മഴക്കാലത്ത് സ്ഥിരമായി വെള്ളപ്പൊക്കഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഇതിനായി വയനാട് ജില്ലയിൽ 14.7 ഏക്കർ ഭൂമി 3,38,61,941 രൂപ ചെലവഴിച്ച് വാങ്ങി 147 ഗുണഭോക്താക്കൾക്കായി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത ഭൂമി 147 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ഡി) ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നൽകുന്നതിന് കാലതാമസം നേരിടുകയാണെങ്കിൽ റ്റി.ആർ.ഡി.എം. പദ്ധതി പ്രകാരം വീട് അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന രോഗികളുടെ ചികിത്സ

41 (5628) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് വൃക്ക മാറ്റിവയ്ക്കൽ ചികിത്സയ്ക്ക് മന്ത്രിയുടെ ചികിത്സാസഹായനിധിയിൽ നിന്നും എത്ര രൂപയാണ് പരമാവധി അനുവദിക്കുന്നത്;

(ബി) ഇതിന് വരുമാനപരിധി നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(സി) വൃക്ക മാറ്റിവയ്ക്കൽ ചികിത്സയ്ക്ക് മുഖ്യമന്ത്രിയുടെ ചികിൽസാസഹായം ലഭിച്ച രോഗിക്ക് വകുപ്പുമന്ത്രിയുടെ ചികിത്സാനിധിയിൽനിന്നും സഹായം അനുവദിക്കുമോ;

(ഡി) അനുവദിക്കില്ലെങ്കിൽ വൃക്ക മാറ്റിവയ്ക്കൽ പോലുള്ള കൂടുതൽ ചെലവ് വരുന്ന ചികിത്സകൾക്ക് കൂടുതൽ ധനസഹായം അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് വൃക്ക മാറ്റിവയ്ക്കൽ ചികിത്സയ്ക്കായി പരമാവധി 1,00,000 രൂപ (ഒരു ലക്ഷം) വരെ മന്ത്രിയുടെ ചികിത്സാ സഹായനിധിയിൽ നിന്നും അനുവദിക്കുന്നു.

എന്നിരുന്നാലും രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ചികിത്സയ്ക്ക് വേണ്ടിവരുന്ന ചെലവ് സംബന്ധിച്ച് ആശുപത്രി അധികൃതർ നൽകുന്ന എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ടി തുകയോ സർക്കാർ അനുമതിയുടെ അടിസ്ഥാനത്തിൽ കൂടുതൽ തുകയോ (ആവശ്യമാണെങ്കിൽ) അനുവദിക്കുന്നുണ്ട്.

(ബി) ഉണ്ട്. വരുമാന പരിധി 1,00,000 രൂപയാണ്.

(സി&ഡി) വൃക്ക മാറ്റിവയ്ക്കൽ പോലെ ഗുരുതരമായ രോഗം ബാധിച്ച പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായം ലഭിച്ചാലും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നുണ്ട്.

## ഇരട്ടക്കുട്ടികൾ മരണപ്പെട്ട ആദിവാസി യുവതി

42 (5629) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാസം തികയാതെ പ്രസവിച്ച ആദിവാസി യുവതിയുടെ ഇരട്ടക്കുട്ടികൾ വെള്ളറടയിൽ മരണപ്പെട്ട സാഹചര്യം പരിശോധിക്കുകയുണ്ടായോ;

(ബി) വാഹനങ്ങൾക്ക് സഞ്ചരിക്കാൻ കഴിയാത്ത വിധം തകർന്ന റോഡിന്റെ ദുരവസ്ഥ കാരണം യഥാസമയം യുവതിക്ക് ചികിത്സ ലഭ്യമാക്കാനായില്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നാട്ടുകാർ കമ്പുകൾ വലിച്ചുകെട്ടിയ കസേരയിലിരുത്തി അഞ്ച് കിലോമീറ്ററിലധികം കാട്ടിലൂടെ ചുമന്നും പിന്നീട് വള്ളത്തിൽ കിടത്തിയുമാണ് ആശ എന്ന യുവതിയെ റോഡ് വരെ എത്തിച്ചതെന്ന കാര്യം പരിശോധിക്കുകയുണ്ടായോ;

(ഡി) അതീവ ഗുരുതരമായ ഈ സാഹചര്യത്തെ സർക്കാർ എങ്ങനെയാണ് നോക്കിക്കാണുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) പരിശോധിക്കുകയുണ്ടായി. അമ്പൂരി ഗ്രാമപഞ്ചായത്ത് പുരവിമല കാണി സെറ്റിൽമെന്റിലെ കുടുംബവീട്ടിൽ വച്ചാണ് 18-6-2019-ന് ആശ എന്ന യുവതിയുടെ പ്രസവം നടന്നിരിക്കുന്നത്. ടിയാൾ പ്രായപൂർത്തിയാകും മുൻപേ മറ്റൊരു ആദിവാസി യുവാവുമായി ഒരുമിച്ച് തൊട്ടടുത്ത് തമിഴ്നാട് സംസ്ഥാനത്തെ കന്യാകുമാരി ജില്ലയിലെ മോതിരമല എന്ന സ്ഥലത്താണ് കഴിഞ്ഞുവന്നത്. പ്രസവത്തിന് വേണ്ടിയാണ് പുരവിമലയിലെ വീട്ടിലേക്ക് എത്തിയത്. ആശയ്ക്ക് പ്രായപൂർത്തിയാകാത്തതുകൊണ്ട് പ്രസവം അവർ രഹസ്യമാക്കി വച്ചതായി അന്വേഷണത്തിൽനിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്.

(ബി&സി) അമ്പൂരി ടൗണിൽ വേഗത്തിൽ എത്തുന്നതിന് ഈ ഭാഗത്തെ ജനങ്ങൾ ഉപയോഗിക്കുന്നത് പുരവിമലയിൽനിന്നും ഏകദേശം ഒന്നര കിലോമീറ്റർ കടവ് വരെയുള്ള മൺപാതയാണ്.

ആശയ്ക്ക് അടിയന്തര ചികിത്സ ലഭ്യമാക്കുന്നതിനുവേണ്ടി എസ്.റ്റി. പ്രമോട്ടറും ആരോഗ്യ വകുപ്പ് ജീവനക്കാരും കൂടി 2 കിലോമീറ്ററോളം ദൂരം കസേരയിൽ ഇരുത്തി കടവ് വരെ എത്തിക്കുകയും അവിടെനിന്നും വള്ളത്തിൽ അമ്പൂരി ടൗണിലേക്ക് എത്തിക്കുകയും ചെയ്തു.

(ഡി) പ്രസവം വരെ യുവതി തമിഴ്നാട്ടിൽ ആയിരുന്നതും ടിയാൾ ഗർഭിണിയാണെന്ന വിവരം അറിയിക്കാതിരുന്നതുകൊണ്ടുമാണ് സർക്കാർ സംവിധാനങ്ങൾക്ക് യഥാസമയം ഇടപെടാൻ കഴിയാതിരുന്ന സാഹചര്യം ഉണ്ടായത്. നിലവിൽ ആദിവാസി മേഖലകളിലെ ജനങ്ങളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിന് കാര്യക്ഷമമായ ഇടപെടലുകളുടെ ഭാഗമായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മൊബൈൽ മെഡിക്കൽ യൂണിറ്റിലെ ഡോക്ടറും സംഘവും പ്രദേശത്ത് ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ മായം സി.എച്ച്.സി.-യിലെ ഡോക്ടർ മാസത്തിലൊരിക്കൽ ഈ പ്രദേശത്ത് ക്യാമ്പ് സംഘടിപ്പിച്ചുവരുന്നു.

**ദുരിതാശ്വാസനിധിയിൽനിന്ന് ചികിത്സാധനസഹായം**

43 (5630) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ സുൽത്താൻ ബത്തേരി നിയോജകമണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചികിത്സാധനസഹായമായി എന്ത് തുക അനുവദിച്ചു; ഓരോ വർഷവും എത്ര പേർക്ക് ചികിത്സാധനസഹായം നൽകി; വ്യക്തമാക്കുമോ?

ഉത്തരം

സുൽത്താൻബത്തേരി നിയോജകമണ്ഡലത്തിൽ 2016-17, 2017-18, 2018-19 വർഷങ്ങളിലായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട 166 പേർക്കായി 26,78,500 രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 6396 പേർക്കായി 1,43,10,659 രൂപയും താഴെ പറയുംപ്രകാരം അനുവദിച്ചിട്ടുണ്ട്.

| വർഷം | എണ്ണം | | തുക | |
|---|---|---|---|---|
| | പട്ടികജാതി | പട്ടികവർഗ്ഗം | പട്ടികജാതി | പട്ടികവർഗ്ഗം |
| 2016-17 | 33 | 1776 | 5,82,500 | 44,95,000 |
| 2017-18 | 76 | 2371 | 10,51,000 | 50,00,000 |
| 2018-19 | 57 | 2249 | 10,45,000 | 48,15,659 |
| ആകെ | 166 | 6396 | 26,78,500 | 1,43,10,659 |

## പ്രീമെട്രിക് ഹോസ്റ്റലുകളുടെ ശോച്യാവസ്ഥ

44 (5631) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മിക്ക പട്ടികവർഗ്ഗ പ്രീമെട്രിക് ഹോസ്റ്റലുകളും അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാതെ ശോച്യാവസ്ഥയിലാണെന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ;

(ബി) വയനാട് ജില്ലയിലെ വിവിധ പട്ടികവർഗ്ഗ പ്രീമെട്രിക് ഹോസ്റ്റലുകൾ നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു;

(സി) പ്രീമെട്രിക് ഹോസ്റ്റലിലെ കുക്ക്മാർക്ക് 24 മണിക്കൂർ ജോലി സമയവും 60% മെസ് ഫീയും നൽകുമ്പോൾ മറ്റ് തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് 30% മെസ് ഫീയും 8 മണിക്കൂർ ജോലിയുമാണ് നിലനിൽക്കുന്നതെന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ കുക്ക്മാർക്ക് മെസ് ഫീ കുറയ്ക്കുന്ന കാര്യം ആലോചിക്കുമോ;

(ഡി) പ്രീമെട്രിക് ഹോസ്റ്റലിൽ എക്സ്ട്രാ കരിക്കുലർ ആക്ടിവിറ്റിക്ക് പരിശീലനം നൽകാൻ ആലോചിക്കുന്നുണ്ടോ;

(ഇ) ട്രൈബൽ ഹോസ്റ്റലിൽ സ്ഥിരമായ ട്യൂട്ടർ തസ്തിക അനുവദിക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. പട്ടികവർഗ്ഗ പ്രീമെട്രിക് ഹോസ്റ്റലുകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ ശോച്യാവസ്ഥ നിലവിലില്ല.

(ബി) വയനാട് ജില്ലയിലെ വിവിധ പട്ടികവർഗ്ഗ പ്രീമെട്രിക് ഹോസ്റ്റലുകളിൽ അതത് സമയത്തെ ആവശ്യങ്ങളനുസരിച്ച് പ്രവൃത്തികൾ ചെയ്യുവാൻ നടപടി സ്വീകരിച്ചുവരുന്നു. ഹോസ്റ്റലുകളിലെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുക, മഴവെള്ള സംഭരണി, ശുചിത്വ സംവിധാനങ്ങൾ, കിണർ എന്നിവയുടെ നിർമ്മാണം, വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് സി.സി.ടി.വി., മിനിമാസ്റ്റ് ലൈറ്റ് എന്നിവ ഇതിന്റെ ഭാഗമായി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. നാപ്കിൻ വെൻഡിംഗ് മെഷീൻ, ഇൻസിനറേറ്റർ എന്നിവ എല്ലാ പെൺകുട്ടികളുടെ ഹോസ്റ്റലിലും സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലുകളുടെ അടുക്കളയിൽ സ്റ്റീംവേയ്ഡ് കുക്കിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. കുട്ടികളുടെ

മാനസികശേഷി വർദ്ധിപ്പിക്കുക, വ്യക്തിത്വ വികസനം, പരീക്ഷയിൽ മികച്ച വിജയം കൈവരിക്കുന്നതിന് മാനസികമായി പ്രാപ്തരാക്കുക എന്നിവയ്ക്കായി സ്റ്റുഡന്റ് കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഹോസ്റ്റലുകളിൽ ട്യൂട്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

എല്ലാ ജീവനക്കാരിൽനിന്നും ഒരേ നിരക്കിലാണ് മെസ് ചാർജ്ജ് ഈടാക്കുന്നത്.

(ഡി) പ്രീമെട്രിക് ഹോസ്റ്റലുകളിലെ സ്ഥലസൗകര്യങ്ങളനുസരിച്ചുള്ള എക്സ്ട്രാ കരിക്കുലർ ആക്ടിവിറ്റിക്ക് സൗകര്യം ചെയ്തിട്ടുണ്ട്. അതിന് പുറമേ കളിക്കളം എന്ന പേരിൽ സ്പോർട്സ് മേളയും സർഗ്ഗോത്സവം കലാമേളയും നടത്തിവരുന്നുണ്ട്.

(ഇ) പാർട്ട്ടൈം ട്യൂട്ടർമാരുടെ സേവനമാണ് പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള ഹോസ്റ്റലുകളിൽ നിലവിലുള്ളത്. കൂടാതെ വിദ്യാർത്ഥികൾക്ക് സമീപ പ്രദേശങ്ങളിലുള്ള നിലവാരമുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ ചേർന്ന് പഠനം നടത്തുന്നതിന് ട്യൂട്ടോറിയൽ ഗ്രാന്റ് അനുവദിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ട്യൂട്ടർമാരുടെ സ്ഥിരം തസ്തിക സൃഷ്ടിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## നെടുമങ്ങാട് താലൂക്കിൽ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കൈവശാവകാശരേഖ

45 (5632) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിൽ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കൈവശാവകാശരേഖ നൽകിയെന്ന് അറിയിക്കാമോ;

(ബി) അതിന്റെ വില്ലേജ് തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെടുമങ്ങാട് താലൂക്കിൽ കൈവശാവകാശരേഖ നൽകിയിട്ടില്ല.

## പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭൂമി പ്രശ്നം പരിഹരിക്കുന്നതിന് ലാന്റ് ബാങ്ക്

46 (5633) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റ്റി.ആർ.ഡി.എം. പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭൂമി പ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി ലാന്റ് ബാങ്ക് രൂപീകരിക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്;

(ബി) ഇതിനകം എത്ര ഏക്കർ ഭൂമി ഈ പദ്ധതിയിലേക്ക് വില്പനയ്ക്ക് ഓഫർ ലഭിച്ചു; അതിൽ എത്ര ഏക്കർ സ്ഥലം വാങ്ങുവാൻ തീരുമാനിച്ചു;

(സി) ഇപ്രകാരം വാങ്ങുന്ന ഭൂമി പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിന് യോഗ്യമാണോ എന്ന് പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്;

(ഡി) വാങ്ങുന്ന ഭൂമി ഏതെങ്കിലും തരത്തിൽ വാസയോഗ്യമല്ലാത്തതാണെന്ന് പിന്നീട് കണ്ടെത്തിയാൽ അതിന് ഉത്തരവാദികളായവർക്ക് എതിരെ കർശന നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) റ്റി.ആർ.ഡി.എം. പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭൂമി പ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഭൂമി വാങ്ങുന്നതിന് (കണ്ണൂർ, പാലക്കാട് ജില്ലയിൽ അട്ടപ്പാടി ഒഴികെ) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 690 ഭൂവുടമകളിൽനിന്നും 1675 ഏക്കർ വിൽപ്പനയ്ക്ക് തയ്യാറാണെന്ന ഓഫർ ലഭിച്ചിട്ടുണ്ട്. ഇതിൽ 1394 ഏക്കർ ഭൂമി പഞ്ചായത്തുതല സമിതി (ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി, വില്ലേജ് ഓഫീസർ, റേഞ്ച് ഓഫീസർ എന്നിവർ അടങ്ങിയ) പരിശോധിച്ച് 734 ഏക്കർ ഭൂമി വാസയോഗ്യമാണെന്നും 633 ഏക്കർ ഭൂമി അനുയോജ്യമല്ലായെന്നുമുള്ള റിപ്പോർട്ട് ജില്ലാ കളക്ടർമാർക്ക് സമർപ്പിച്ചിട്ടുണ്ട്. ജില്ലാതല സമിതി (ജില്ലാ കളക്ടർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ജില്ലാ സർവ്വേ സൂപ്രണ്ട്, ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർ, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, വസ്തു ഉൾപ്പെടുന്ന പഞ്ചായത്ത് സെക്രട്ടറി എന്നിവർ അടങ്ങിയ) ഒരിക്കൽക്കൂടി ഫീൽഡ് പരിശോധിച്ച് വിലനിർണ്ണയം നടത്തുന്നതാണ്. ജില്ലാതലത്തിൽ നിശ്ചയിക്കുന്ന വില സംസ്ഥാനതലത്തിൽ

ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ SLEC-യുടെ അംഗീകാരം നേടിയ ശേഷമാണ് ഭൂമി വാങ്ങി നൽകുന്നത്. എറണാകുളം ജില്ലയിലെ 7.2 ഏക്കർ, വയനാട് ജില്ലയിലെ 54.54 ഏക്കർ എന്നിവ വാങ്ങുന്നതിനുള്ള ശിപാർശ SLEC-യുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിക്കായി 1675 ഏക്കർ വിൽപ്പനയ്ക്ക് ഓഫർ ലഭിച്ചിട്ടുണ്ട്. ആദ്യഘട്ട ഫീൽഡ് പരിശോധന നടത്തിയ പഞ്ചായത്തുതല സമിതി 734 ഏക്കർ ഭൂമി ശിപാർശ ചെയ്തിട്ടുണ്ട്. ജില്ലാതല സമിതി പരിശോധിച്ച് വിലനിർണ്ണയം നടത്തിയ എറണാകുളം ജില്ലയിൽ 7.2 ഏക്കർ വയനാട് ജില്ലയിൽ 54.54 എന്നിവ SLEC-യുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

(സി) 3-3-2018-ലെ സ.ഉ (എം.എസ്)നമ്പർ 21/2018/പ.ജ.പ.വ.വി.വ. ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് ഭൂമി വാങ്ങുന്നത്. വിൽപ്പനയ്ക്ക് ഓഫർ ലഭിക്കുന്ന ഭൂമി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, വില്ലേജ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി, റേഞ്ച് ഓഫീസർ എന്നിവരടങ്ങുന്ന പഞ്ചായത്തുതല സമിതിയുടെ സംയുക്ത പരിശോധനയ്ക്കുശേഷം വാങ്ങുന്നതിന് അനുയോജ്യമാണോ എന്ന് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകണം. ആയതിനുശേഷം ജില്ലാ കളക്ടർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ജില്ലാ സർവ്വേ സൂപ്രണ്ട്, പട്ടികവർഗ്ഗ വികസന വകുപ്പിലെ പി.ഒ./റ്റി.ഡി.ഒ, ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറി എന്നിവരടങ്ങുന്ന സ്ക്രൂട്ടണി കമ്മിറ്റി സ്ഥലം പദ്ധതി ആവശ്യത്തിന് അനുയോജ്യമാണോ എന്ന് പരിശോധിക്കുകയും അർഹമെന്ന് കണ്ടെത്തുന്ന സ്ഥലങ്ങൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ പ്രസിദ്ധപ്പെടുത്തുകയും ജില്ലാ കളക്ടർ അദ്ധ്യക്ഷനും ജില്ലാ രജിസ്ട്രാർ, ജില്ലാ സർവ്വേ സൂപ്രണ്ട്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പ്രോജക്ട് ഓഫീസർ, തഹസിൽദാർ എന്നിവർ അംഗങ്ങളായ പർച്ചേസ് കമ്മിറ്റി ജില്ലാതല സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വില നിശ്ചയിച്ചുമാണ് ഭൂമി വാങ്ങുന്നത്.

(ഡി) വാസയോഗ്യമായ ഭൂമി വാങ്ങി നൽകുന്നതിന് 3-3-2018-ലെ സ.ഉ (എം.എസ്.) നമ്പർ 21/2018/പ.ജ.പ.വ.വി.വ. പ്രകാരം മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിലല്ലാതെ വാസയോഗ്യമല്ലാത്ത ഭൂമി വാങ്ങി നൽകുന്ന സ്ഥിതിവിശേഷം ഉണ്ടാകാൻ ഇടയില്ല.

## മലപ്പുറം ജില്ലയിലെ കോട്ടാശ്ശേരി കോളനിയുടെ വികസനം

47 (5634) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കോട്ടാശ്ശേരി കോളനിയിൽ പൊതുവായ ആവശ്യത്തിന് വേണ്ടി നീക്കിവച്ച ഭൂമി എത്രയെന്ന് അറിയിക്കാമോ;

(ബി) പൊതുവായ ആവശ്യത്തിന് നീക്കിവച്ച ഈ ഭൂമിയിൽ ഏതെങ്കിലും തരത്തിലുള്ള നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ സ്ഥലത്ത് കളിസ്ഥലം, നീന്തൽക്കുളം, ഹോസ്റ്റൽ എന്നിവ നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ഡി) ഇല്ലെങ്കിൽ പൊതുവായ ആവശ്യത്തിന് നീക്കിവച്ച ഈ സ്ഥലം ഉപയോഗപ്പെടുത്തി കോളനി നിവാസികൾക്ക് സൗകര്യങ്ങൾ ഏർപ്പെടുത്താൻ ശ്രമിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) കോട്ടാശ്ശേരി കോളനിയിൽ പൊതു സ്ഥലം ഇല്ല. ഏകദേശം മൂന്ന് ഏക്കർ സ്ഥലം അഗ്രികൾച്ചറൽ കോളനൈസേഷൻ സൊസൈറ്റിയുടെ കീഴിലുണ്ട്. ഈ സൊസൈറ്റിയുടെ പേരിൽ പട്ടയം ലഭിച്ച സ്ഥലമാണിത്.

(ബി-ഡി) ബാധകമല്ല.

## അംബേദ്കർ ഗ്രാമം പദ്ധതി

48 (5635) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈക്കം മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി വഴി ഏതെല്ലാം കോളനികളുടെ നവീകരണം നടത്തുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ കോളനിയിലും എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്ന് വിശദീകരിക്കുമോ ;

(സി) അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കുവാൻ മാനദണ്ഡപ്രകാരം യോഗ്യമായ എത്ര കോളനികൾ വൈക്കം നിയോജകമണ്ഡലത്തിൽ ഉണ്ട് എന്ന് വ്യക്തമാക്കുമോ ; അവയുടെ വിശദവിവരങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈക്കം മണ്ഡലത്തിൽ നിന്നും താഴെ പറയുന്ന കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്.

അംബേദ്കർ ഗ്രാമം പദ്ധതി (2016-17)

1. മുച്ചൂർക്കാവ് കട്ടമട കോളനി

2. കാവിമറ്റം കോളനി

2018-19-ൽ പ്രളയാനന്തര പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് തെരഞ്ഞെടുത്തിട്ടുള്ള കോളനികൾ ചുവടെ ചേർക്കുന്നു:

1. ഈട്ടുപ്പുറം സൗത്ത് കോളനി

2. അക്കരപ്പാടം OLH കോളനി

3. ഐ.എച്ച്.ഡി.പി. ചാലപ്പറമ്പ്

4. 110 അംബേദ്കർ കോളനി

5. ഐ.എച്ച്.ഡി.പി. കോളനി

(ബി)

1) മുച്ചൂർക്കാവ് കട്ടമട കോളനി

ഭവന പുനരുദ്ധാരണം (37 പേർക്ക്), റോഡ് കോൺക്രീറ്റിംഗ്, കലുങ്ക് നിർമ്മാണം, സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, ലൈബ്രറി കെട്ടിടത്തിന്റെ നിർമ്മാണം.

2) കാവിമറ്റം കോളനി - കിണർ നിർമ്മാണം, റോഡ് നിർമ്മാണം, ഭവന പുനരുദ്ധാരണം (39 പേർക്ക്) ഡ്രെയിനേജ് നിർമ്മാണം

3) ഈട്ടുപ്പുറം സൗത്ത് കോളനി - ഭവന പുനരുദ്ധാരണം, ടോയ്‌ലെറ്റ് പുനർനിർമ്മാണം

4) ഐ.എച്ച്.ഡി.പി. ചാലപ്പറമ്പ്-ഭവന പുനരുദ്ധാരണം, ടോയ്‌ലെറ്റ് പുനർനിർമ്മാണം

5) ഐ.എച്ച്.ഡി.പി. കോളനി- ഭവന പുനരുദ്ധാരണം, ടോയ്‌ലെറ്റ് പുനരുദ്ധാരണം, കിണർ പുനരുദ്ധാരണം

6) 110 അംബേദ്കർ കോളനി- ഭവന പുനരുദ്ധാരണം, ടോയ്‌ലെറ്റ് പുനരുദ്ധാരണം

7)അക്കരപ്പാടം ഒ.എൽ.എച്ച് കോളനി -ഭവന പുനരുദ്ധാരണം, റോഡ് പുനരുദ്ധാരണം, ടോയ്‌ലെറ്റ് പുനരുദ്ധാരണം

(സി) അംബേദ്കർ ഗ്രാമം പദ്ധതിയുടെ മാനദണ്ഡപ്രകാരം യോഗ്യമായ 8 കോളനികൾ വൈക്കം നിയോജകമണ്ഡലത്തിൽ ഉണ്ട്. ആയതിന്റെ പേര് വിവരം ചുവടെ ചേർക്കുന്നു:

1. ഈട്ടുപ്പുറം സൗത്ത് കോളനി
2. അക്കരപ്പാടം OLH കോളനി
3. ഐ.എച്ച്.ഡി.പി. ചാലപ്പറമ്പ്
4. 110 അംബേദ്കർ കോളനി
5. ഐ.എച്ച്.ഡി.പി. കോളനി
6. കപ്പോളച്ചിറ കോളനി
7. കുറിഞ്ഞിക്കാട്ട് മണ്ണാറംകണ്ടം കോളനി
8. കോടിയാട് കോളനി

**അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതി**

49 (5636) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന കൊണ്ടോട്ടി മണ്ഡലത്തിലെ മാനീരി കോളനിയിലെ പ്രവർത്തനപുരോഗതി അറിയിക്കാമോ;

(ബി) ഇതുവരെ ഏതെല്ലാം പ്രവൃത്തികളുടെ എത്ര ശതമാനം പൂർത്തിയായെന്ന് അറിയിക്കാമോ;

(സി) എസ്റ്റിമേറ്റിൽ ഉൾപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഏതെങ്കിലും രീതിയിലുള്ള തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന കാലയളവ് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) കൊണ്ടോട്ടി മണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള മാനീരി കോളനിയിലെ പന്ത്രണ്ടാം കോണി-തേനക്കാപ്പ് ശ്മശാനം റോഡിന്റെ പാർശ്വഭാഗങ്ങൾ കെട്ടി ഭൂമി നിരത്തൽ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. 40% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി&ഡി) പദ്ധതിയുമായി ബന്ധപ്പെട്ട് തടസ്സങ്ങളൊന്നുമില്ലാത്തതിനാൽ 2019-20-ൽ തന്നെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കാൻ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതി**

50 (5637) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലയിൽ പുതുതായി കോളനികൾ നവീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ ;

(ബി) മഞ്ചേരി നിയോജകമണ്ഡലത്തിൽ ഫീസിബിലിറ്റി ഉള്ള എത്ര പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുണ്ട് എന്ന വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയ മണ്ഡലത്തിലെ കോളനികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) <u>പട്ടികജാതി വികസന വകുപ്പ്</u>

ഉണ്ട്. 2019-20 സാമ്പത്തിക വർഷം മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും അടിസ്ഥാന സൗകര്യത്തിൽ പിന്നാക്കം നിൽക്കുന്നതുമായ കോളനികളെയാണ് അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നത്. അതനുസരിച്ച് നടപ്പുവർഷം മലപ്പുറം ജില്ലയിൽനിന്നും ടി പദ്ധതിപ്രകാരം അനുയോജ്യമായ കോളനികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ്

2019-20 വർഷം അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിലുൾപ്പെടുത്തി മലപ്പുറം ജില്ലയിൽ അടിസ്ഥാന സൗകര്യങ്ങളിൽ പിന്നാക്കം നിൽക്കുന്ന കോളനികൾ നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. കോളനികൾ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നതിന് നിലമ്പൂർ ഐ.ടി.ഡി. പ്രോജക്ട് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മഞ്ചേരി നിയോജകമണ്ഡലത്തിൽ ഫീസിബിൾ ആയ 20 പട്ടികജാതി കോളനികളും 3 പട്ടികവർഗ്ഗ കോളനികളുമാണ് ഉള്ളത്. വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(സി) അംബേദ്കർ ഗ്രാമവികസന പദ്ധതി നടപ്പിലാക്കിയ മണ്ഡലത്തിലെ ഏറാഞ്ചേരി കോളനിയിൽ റീട്ടെയിനിംഗ് വാൾ, ഡ്രെയിനേജ് എന്നിവയുടെ പ്രവൃത്തികൾ പൂർത്തിയാക്കുകയും മറ്റ് പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിച്ചിട്ടുമുണ്ട്. കൂടാതെ ആമയൂർ ചക്കിങ്ങൽ കണ്ടി കോളനിയിൽ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട കിണറിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. മറ്റ് പദ്ധതികളുടെ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

## പട്ടികജാതി വിഭാഗത്തിലുള്ള കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

51 (5638) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിലുള്ള കുട്ടികൾക്ക് എന്തെല്ലാം വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി ഓരോ വർഷവും ശരാശരി എത്ര തുക ചെലവഴിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ് വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. പ്രീമെട്രിക് തലത്തിൽ ലംപ്സംഗ്രാന്റ്
2. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസത്തിന് ഫീസ്, ഹോസ്റ്റൽ ചെലവ്, സ്റ്റൈപ്പെന്റ്
3. 1 മുതൽ 8 വരെയുള്ളവർക്ക് 2000 രൂപ വീതം പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്.
4. റസിഡൻഷ്യൽ സ്കൂളുകളിൽ താമസിച്ച് പഠിക്കുന്നതിനുള്ള അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ്.
5. 9, 10 ക്ലാസ്സുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ് (കേന്ദ്ര പദ്ധതി)
6. പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്കുള്ള ഗവൺമെന്റ് ഓഫ് ഇന്ത്യാ സ്കോളർഷിപ്പ്.
7. പ്രൊഫഷണൽ കോഴ്സുകളടക്കം ഉയർന്ന വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ.
8. ലാപ്ടോപ് ധനസഹായം, മെഡിക്കൽ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങൽ ധനസഹായം.
9. പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം (മെഡിക്കൽ /എഞ്ചിനീയറിംഗ് കോഴ്സുകൾ)
10. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ആനുകൂല്യം.
11. അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്.
12. മെഡിക്കൽ എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി.
13. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരിശീലനത്തിന് ധനസഹായം.
14. ഉന്നത വിജയം നേടുന്നവർക്ക് പ്രത്യേക പ്രോത്സാഹനസമ്മാനം.
15. ബുക്ക് ബാങ്ക് സ്കീം
16. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ/എം.ആർ.എസ്.
17. പ്രീമെട്രിക് ഹോസ്റ്റൽ/പോസ്റ്റ്മെട്രിക് ഹോസ്റ്റൽ
18. ഐ.റ്റി.ഐ.-കൾ
19. പി.ഇ.റ്റി.സി.

20. ക്രെസ്റ്റ് വഴി നൽകുന്ന മികവ് നേടുന്നതിനുവേണ്ടിയുള്ള പരിശീലനം
21. നഴ്സറി സ്കൂൾ
22. ICSETS വഴി നൽകുന്ന സിവിൽ സർവ്വീസ് പരിശീലനം
23. പാരലൽ കോളേജ് വിദ്യാഭ്യാസ ധനസഹായം
24. മെഡിക്കൽ കോളേജ്, പാലക്കാട്
25. പഠനമുറി നിർമ്മിക്കാൻ ധനസഹായം
26. വിദേശ പഠനസഹായം

(ബി) ഓരോ വർഷവും പദ്ധതിയിനത്തിൽ ചെലവഴിക്കുന്ന ശരാശരി തുക 420 കോടി രൂപയാണ്.

**പട്ടികജാതി വിദ്യാർത്ഥികൾക്ക് സൗജന്യമായി ലാപ്ടോപ്പ് നൽകുന്ന പദ്ധതി**

52 (5639) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് സൗജന്യമായി ലാപ്ടോപ് നൽകുന്ന പദ്ധതി പ്രകാരം പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ എത്ര വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്; ഏതെങ്കിലും അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകാത്ത സാഹചര്യം നിലവിലുണ്ടോ;

(ബി) പദ്ധതി സംബന്ധിച്ച് വിദ്യാർത്ഥികൾക്ക് കാര്യമായ അവബോധമില്ലാത്തത് മൂലമാണ് അർഹതപ്പെട്ട പല വിദ്യാർത്ഥികളും അപേക്ഷ സമർപ്പിക്കാത്തതെന്ന് കരുതുന്നുണ്ടോ; എങ്കിൽ പദ്ധതി സംബന്ധിച്ച് ആവശ്യമായ പ്രചാരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ലാപ്ടോപ് ധനസഹായ പദ്ധതി സ്ഥാപന മേധാവികൾ മുഖേനയാണ് നടപ്പിലാക്കുന്നത്. അർഹരായ വിദ്യാർത്ഥികളുടെ പട്ടിക സ്ഥാപനമേധാവി ലഭ്യമാക്കുമ്പോൾ ആയത് പരിശോധിച്ച് തുക പട്ടികജാതി വികസന വകുപ്പ് അനുവദിച്ച് നൽകുകയാണ് ചെയ്തുവരുന്നത്. പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ 2 വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി 7 പട്ടികജാതി വിദ്യാർത്ഥികൾക്ക് 2018-19 വർഷം ലാപ്ടോപ് ധനസഹായം അനുവദിച്ചിട്ടുണ്ട്. ധനസഹായത്തിന് അപേക്ഷിച്ചിട്ടുള്ള അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ആനുകൂല്യം നൽകാത്ത സാഹചര്യം നിലവിലില്ല.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ

53 (5640) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമവുമായി ബന്ധപ്പെട്ട് സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ അർഹരായവർക്ക് യഥാസമയം ലഭ്യമാകുന്നില്ല എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മെഡിക്കൽ-എഞ്ചിനീയറിംഗ് കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായത്തിനായി മഞ്ചേരി മണ്ഡലത്തിലെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അപേക്ഷകരുടെ വിശദാംശം നൽകുമോ; അതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) മഞ്ചേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന എത്ര വിദ്യാർത്ഥികളാണ് 2018-19 വർഷം പ്രസ്തുത സഹായങ്ങൾ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നൽകുന്ന ആനുകൂല്യങ്ങൾ അർഹരായ വിദ്യാർത്ഥികൾക്ക് യഥാസമയം ലഭിക്കാറുണ്ട്. കൃത്യസമയത്ത് അപേക്ഷ സമർപ്പിക്കാത്തതോ, അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ ഹാജരാക്കാത്തതോ ആയ വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം ലഭിക്കുവാൻ താമസം നേരിടുന്നത്.

(ബി&സി) പ്രാരംഭ ചെലവ് ധനസഹായത്തിനായി 2018-19 വർഷം മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ പഠിക്കുന്ന ആരതി സജി, അശ്വതി. എ. പി. എന്നീ വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിക്കുകയും ആനുകൂല്യം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽനിന്നും 2018-19 അദ്ധ്യയന വർഷം അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

**പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ കൊഴിഞ്ഞുപോക്ക്**

54 (5641) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ പ്രൈമറി ക്ലാസ്സുകളിൽ നാലാം ക്ലാസ്സുവരെ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾ ഇടയ്ക്കുവച്ച് പഠനം നിർത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഗോത്രബന്ധു പദ്ധതി ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കിയത്; പ്രസ്തുത ജില്ലകളിൽ ഇതിന്റെ ഫലമായി കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ടോ;

(സി) പദ്ധതി വിജയപ്രദമെങ്കിൽ കൂടുതൽ ജില്ലകളിലേക്ക് അത് വ്യാപിപ്പിക്കുന്നതിനും അപ്പർ പ്രൈമറി തലത്തിൽക്കൂടി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗവൺമെന്റ് സ്കൂളുകളിൽ 1.68 ശതമാനവും എയ്ഡഡ് സ്കൂളുകളിൽ 1.14 ശതമാനവുമാണ് കൊഴിഞ്ഞുപോക്കിന്റെ നിരക്ക്.

(ബി) വയനാട് ജില്ല, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക് എന്നിവിടങ്ങളിലെ തെരഞ്ഞെടുത്ത സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 'ഗോത്രബന്ധു' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഫലമായി കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. 2016-17 വർഷം വയനാട് ജില്ലയിൽ 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിൽ പഠിച്ചിരുന്ന 359 വിദ്യാർത്ഥികൾ ഇടക്കു പഠനം നിർത്തിയിരുന്നു. ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി 2017-18 വർഷത്തിൽ കൊഴിഞ്ഞുപോക്ക് 321 ആയും 2018-19 വർഷത്തിൽ 111 ആയും കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

(സി) 2017-18 അദ്ധ്യയന വർഷം മുതൽ വയനാട് ജില്ലയിൽ പ്രൈമറി ക്ലാസ്സുകൾ ഉള്ള 234 സർക്കാർ/എയ്ഡഡ് സ്കൂളുകളിലായി 241 പേരെയും 2018-19 വർഷം മുതൽ പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിലെ പ്രൈമറി ക്ലാസ്സുകൾ ഉള്ള 21 സർക്കാർ/എയ്ഡഡ് സ്കൂളുകളിലായി 26 പേരെയും ഗോത്രബന്ധു പദ്ധതി പ്രകാരം മെന്റർ ടീച്ചർമാരായി നിയമിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ മറ്റ് ജില്ലകളിലെ പ്രൈമറി ക്ലാസ്സുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളിൽ ടി പദ്ധതി നടപ്പിലാക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

ഗോത്രബന്ധു പദ്ധതി അപ്പർ പ്രൈമറി തലത്തിൽകൂടി നടപ്പിലാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ പ്രീമെട്രിക് ഐ.ടി.ഐ.-കൾ**

55 (5642) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര മണ്ഡലത്തിൽ പട്ടികജാതി വകുപ്പിന്റെ എത്ര പ്രീമെട്രിക് ഐ.ടി.ഐ.-കൾ ഉണ്ടെന്നും അവിടെയുള്ള വിദ്യാർത്ഥികളുടെ എണ്ണം എത്ര വീതമാണെന്നും വെളിപ്പെടുത്തുമോ;

(ബി) ഈ മണ്ഡലത്തിലെ പ്രീമെട്രിക് ഐ.ടി.ഐ.-കളിൽ ഹോസ്റ്റൽ സൗകര്യം ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യവികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊട്ടാരക്കര മണ്ഡലത്തിൽ കുളക്കട ഐ.ടി.ഐ. മാത്രമാണ് നിലവിലുള്ളത്. ഇലക്ട്രീഷ്യൻ, ഡി/സിവിൽ എന്നീ രണ്ട് ട്രേഡുകളിലായി 84 വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നല്കിവരുന്നുണ്ട്. നിലവിൽ ഇലക്ട്രീഷ്യൻ ട്രേഡിൽ 32 പേരും സിവിൽ ട്രേഡിൽ 34 പേരും പഠനം നടത്തിവരുന്നു.

(ബി) ഇല്ല.

(സി) കുളക്കട ഐ.ടി.ഐ.-യിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 38 ലക്ഷം രൂപയുടെ ഭരണാനുമതി ഉത്തരവ് നല്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കമ്പ്യൂട്ടർ ലാബ്, ലൈബ്രറി എന്നിവ നിർമ്മിക്കുന്നതിനായി 28,50,000 രൂപ അനുവദിച്ചിട്ടുണ്ട്. ഐ.ടി.ഐ.-യിലെ ജനറൽ കമ്പ്യൂട്ടർ ലാബ് 2,36,557 രൂപ ചെലവഴിച്ച് നവീകരിച്ചിട്ടുണ്ട്.

## പട്ടികജാതി വകുപ്പിന്റെ തൊഴിൽദായക പരിശീലന പരിപാടികൾ

56 (5643) ശ്രീ. കെ. ആൻസലൻ:
ശ്രീ. പി. ഉണ്ണി:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന തൊഴിൽദായക പരിശീലന പരിപാടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ; പ്രതിവർഷം എത്ര പേർക്ക് ഈ പരിപാടിയിലൂടെ പരിശീലനം നൽകാൻ സാധിക്കുന്നുണ്ടെന്നതിന്റെ കണക്ക് ലഭ്യമാണോയെന്നറിയിക്കുമോ;

(ബി) പട്ടികജാതി വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ.-കളുടെ നിലവാരം ഉയർത്തുന്നതിന് പദ്ധതിയുണ്ടോ;

(സി) പട്ടികജാതിക്കാർക്ക് വിദേശതൊഴിൽ നേടുന്നതിന് പട്ടികജാതി വികസന വകുപ്പ് പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനുമായി സംയോജിച്ച് നൽകുന്ന വിദേശ തൊഴിൽ വായ്പാ സബ്സിഡി പദ്ധതിയുടെ മാനദണ്ഡങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) പട്ടികജാതി യുവജനങ്ങൾക്ക് കമ്പ്യൂട്ടർ അധിഷ്ഠിത തൊഴിൽ ലഭിക്കുന്നതിന് വിവിധ കോഴ്സുകൾ കെൽട്രോൺ, സി-ഡിറ്റ്, സൈബർശ്രീ എന്നീ സ്ഥാപനങ്ങൾ മുഖേന നടത്തിവരുന്നു. ഹൗസ് കീപ്പിംഗ്/ഫുഡ് ആന്റ് ബിവറേജസ് സർവ്വീസസ് പരിശീലനം, ഓട്ടോ ഡയഗണോസിസ് ആന്റ് റിപ്പയർ പരിശീലനം, Tinkering & Painting കോഴ്സ്, Sales Executive പരിശീലനം, Solar Panel Technician എന്നീ ഒട്ടേറെ പരിശീലന പദ്ധതികൾ നടത്തിവരുന്നു.

പട്ടികജാതിക്കാർക്ക് വിദേശത്ത് Oil & Rig മേഖലയിൽ തൊഴിൽ ലഭ്യമാകുന്ന കോഴ്സുകൾ, നഴ്സിംഗ് മേഖലയിൽ തൊഴിൽ സാധ്യതയുള്ള NEP/FNEP/IELTS കോഴ്സുകൾ എന്നിവ നടത്തി പ്ലേസ്മെന്റ് ലഭ്യമാക്കിവരുന്നു. കൂടാതെ ആയുർവേദ പഞ്ചകർമ്മ, നഴ്സിംഗ്, ഫാർമസി കോഴ്സുകൾ, ഗ്രാഫിക് & വെബ് ഡിസൈനിംഗ് കോഴ്സുകൾ എന്നിവ നടത്തിവരുന്നു. സംസ്ഥാനത്തെ പട്ടികജാതിക്കാർക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ ലഭ്യമാകുന്ന നിരവധി പരിശീലന പദ്ധതികളിലൂടെ പ്രതിവർഷം 7000-ത്തോളം ഗുണഭോക്താക്കൾക്ക് പരിശീലനം നൽകുന്നുണ്ട്.

പട്ടികജാതി വികസന വകുപ്പിന് കീഴിൽ 44 ഐ.ടി.ഐ.-കൾ പ്രവർത്തിച്ചുവരുന്നു. ഇവിടെ ഇലക്ട്രീഷ്യൻ, ഇലക്ട്രോണിക് മെക്കാനിക്, മെക്കാനിക് മോട്ടോർ വെഹിക്കിൾ, ഡി/സിവിൽ, കാർപ്പെന്റർ, പ്ലംബർ, സർവ്വേയർ, പെയിന്റർ ജനറൽ, വെൽഡർ, സ്വീയിംഗ് ടെക്നോളജി, ഡ്രൈവർ-കം-മെക്കാനിക് എന്നീ ട്രേഡുകളിൽ പരിശീലനം നൽകിവരുന്നു.

വകുപ്പിന്റെ 44 ഐ.റ്റി.ഐ.-കളിലായി പരമാവധി 2094 പേർക്ക് പരിശീലനം നേടുന്നതിനും വിജയകരമായി പരിശീലനം പൂർത്തീകരിക്കുന്നവർക്ക് അഖിലേന്ത്യാ പരീക്ഷ എഴുതി എൻ.സി.വി.റ്റി. സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനും അതുവഴി സർക്കാർ, അർദ്ധസർക്കാർ പൊതുമേഖല, സ്വകാര്യ സ്ഥാപനങ്ങളിൽ തൊഴിൽ നേടുന്നതിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും സാധിക്കുന്നുണ്ട്.

(ബി) വകുപ്പിന്റെ കീഴിൽ 44 ഐ.റ്റി.ഐ.-കൾ പ്രവർത്തിക്കുന്നു. ഇതിൽ 41 എണ്ണം 1992-ലും 3 എണ്ണം 2010-ലും ആരംഭിച്ചവയാണ്. പ്രസ്തുത ഐ.റ്റി.ഐ.-കളിൽ ആദ്യകാലത്ത് ആരംഭിച്ച ട്രേഡുകൾക്കും പുതുതായി ആരംഭിച്ച ട്രേഡുകൾക്കും മുഴുവൻ NCVT അംഗീകാരം ലഭ്യമായിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആവശ്യമായിടത്തെല്ലാം പുതിയ കെട്ടിട നിർമ്മാണങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ, പഠനോപകരണ സംഭരണം തുടങ്ങിയവയ്ക്കുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഇതിനുപുറമേ വകുപ്പിന്റെ ഐ.ടി.ഐ.കളുടെ നവീകരണം ലക്ഷ്യം വച്ചുകൊണ്ട് നിലവിൽ ഏകവത്സര കോഴ്സുകളായ കാർപ്പെന്റർ, പ്ലംബർ എന്നീ ട്രേഡുകൾ പരിശീലിപ്പിക്കുന്ന ഐ.ടി.ഐ.-കളിൽ പ്രസ്തുത കോഴ്സുകളുടെ അഡീഷണൽ ബാച്ചുകൾ ആരംഭിക്കുന്നതിനും നിലവിൽ കെട്ടിട അനുബന്ധ സൗകര്യങ്ങൾ ഉള്ള ഐ.ടി.ഐ.-കളിൽ വിവിധ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പിന്റെ ഐ.ടി.ഐ.-കൾ നവീകരിക്കുന്നതിന്റെ ഭാഗമായി മിക്കവാറും എല്ലാ ഐ.ടി.ഐ.-കളിലും കെട്ടിട അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനും പുതിയ സിലബസ് പ്രകാരമുള്ള പഠനോപകരണങ്ങൾ സംഭരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 3-Dimensional Curriculam കൂടെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമേ എല്ലാ ഐ.ടി.ഐ.-കളിലും ട്രെയിനികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനായി ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയുള്ള കമ്പ്യൂട്ടർ ലാബുകൾ സജ്ജമാക്കിയിട്ടുണ്ട്.

(സി) വിദേശ തൊഴിൽ വായ്പ സബ്സിഡി പദ്ധതിയുടെ നിബന്ധനകൾ ചുവടെ ചേർക്കുന്നു:

1. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനപരിധി - 3.50 ലക്ഷം രൂപ
2. പ്രായപരിധി - 18-50
3. വായ്പാ പലിശ നിരക്ക് - 6% p.a
4. വിദേശ തൊഴിൽ ദാതാവിൽനിന്നും ലഭിച്ച വാഗ്ദാന പത്രിക, തൊഴിൽ/കരാർ വിസ, പാസ്സ്പോർട്ട് എന്നിവയുടെ കോപ്പി സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.
5. വിദേശത്ത് പോകാനുള്ള വിമാനയാത്രാ ചെലവ്, മറ്റ് അനുബന്ധ ചെലവുകൾ വിസാ സംബന്ധമായ ചെലവുകൾ എന്നിവയ്ക്കായി വായ്പാതുക വിനിയോഗിക്കാവുന്നതാണ്.
6. അർഹരായ അപേക്ഷകർക്ക് വിദേശത്ത് അനുയോജ്യമായ തൊഴിൽ നേടുന്നതിനായി NORKA ROOTS, ODEPEC എന്നീ സർക്കാർ ഏജൻസികളുടെ സഹായം ലഭിക്കുന്നതാണ്.
7. കോർപ്പറേഷൻ ജില്ലാ മാനേജരും ജില്ലാ പട്ടികജാതി വികസന ഓഫീസറും സംയുക്തമായി അപേക്ഷകരെ തെരഞ്ഞെടുക്കുന്നതാണ്.

**ഒന്നാം റാങ്ക് നേടിയ പട്ടികവിഭാഗ ഉദ്യോഗാർത്ഥിയുടെ നിയമനം**

57 (5644) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥി ജി.സി.ഡി.എ.-യുടെ ടൗൺ പ്ലാനിംഗ് ഓഫീസർ തസ്തികയിലേക്ക് പി.എസ്.സി. നടത്തിയ ജനറൽ റിക്രൂട്ട്മെന്റിൽ ഒന്നാം റാങ്ക് നേടിയിട്ടും പ്രസ്തുത ഉദ്യോഗാർത്ഥിക്ക് നിയമനം ലഭിക്കാത്തത് സംബന്ധിച്ച് വകുപ്പുമന്ത്രിക്ക് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ആയതിൻമേൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ; പ്രസ്തുത പരാതിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിൽ പട്ടികജാതി ഗോത്രവർഗ്ഗ കമ്മീഷനിൽ കേസ് ഉണ്ടോ; വിശദമാക്കാമോ; ആയതിൻമേൽ സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചു; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ ജി.സി.ഡി.എ. സെക്രട്ടറിക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(സി) ഉണ്ട്. വിശാല കൊച്ചി വികസന അതോറിറ്റി (ജി.സി.ഡി.എ.)യിൽ ടൗൺ പ്ലാനിംഗ് ഓഫീസർ തസ്തികയ്ക്ക് പ്രവൃത്തി പരിചയം നിർബന്ധിത യോഗ്യതയായി ഉൾപ്പെടുത്തിയിരുന്നു. 5-7-1988-ലെ 23514/ബി.പി.ഇ/87/പി.എൽ.ജി. നമ്പർ സർക്കുലർ പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പ്രവൃത്തി പരിചയത്തിൽ ഇളവനുവദിച്ച് നിയമനത്തിനായി പി.എസ്.സി. ശിപാർശ ചെയ്തു. എന്നാൽ പ്രസ്തുത തസ്തിക സൂപ്പർവൈസറി വിഭാഗത്തിലുള്ളതായതിനാൽ പ്രവൃത്തി പരിചയം അനിവാര്യമാണെന്ന നിലപാട് സ്വീകരിച്ച് ജി.സി.ഡി.എ. നിയമനം നൽകിയില്ല. പ്രസ്തുത നിലപാടിനെതിരെ പരാതിക്കാരൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത അന്യായത്തിന്മേൽ പരാതിക്കാരന് താൽക്കാലിക നിയമനം നൽകണമെന്ന കോടതി വിധിന്യായം സംബന്ധിച്ച പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന പട്ടികജാതി/പട്ടികഗോത്രവർഗ്ഗ കമ്മീഷൻ സ്വമേധയാ കേസെടുത്തിരുന്നു. മേൽ പരാമർശിച്ച വിവരങ്ങൾ ഉൾപ്പെടുത്തി ടി വിഷയത്തിന്മേൽ സർക്കാർ കമ്മീഷനിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും കൂടാതെ 22-6-2019-ന് സാക്ഷി വിസ്താരത്തിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. കമ്മീഷനിൽ നിന്നും തുടർ ഉത്തരവുകളൊന്നും ലഭ്യമായിട്ടില്ല.

## ഹിന്ദു-കടൈയൻ വിഭാഗത്തിന് സാക്ഷ്യപത്രം

58 (T*5645) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മങ്കട വില്ലേജിൽ ഹിന്ദു-കടൈയൻ വിഭാഗത്തിൽപ്പെട്ടവരുണ്ടോ;വിശദാംശം നൽകുമോ;

(ബി) ഹിന്ദു-കടൈയൻ വിഭാഗം എസ്.സി. വിഭാഗത്തിൽ ഉൾപ്പെട്ടുന്നവരാണോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഭാഗക്കാരെ മുൻകാലങ്ങളിൽ എസ്.എസ്.എൽ.സി.-യിൽ അടക്കം എസ്.സി.വിഭാഗമായി രേഖപ്പെടുത്തിയിട്ടുള്ളത് ജില്ലാ ഭരണകൂടത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 2014 -ൽ ഈ വിഭാഗക്കാരെ എസ്.സി.വിഭാഗത്തിൽ ഉൾപ്പെടുത്തി സാക്ഷ്യപത്രം അനുവദിച്ചിട്ടും നിലവിൽ ഈ വിഭാഗങ്ങൾക്ക് സാക്ഷ്യപത്രം നൽകാത്തതിന്റെ കാരണം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

---

T* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) പെരിന്തൽമണ്ണ താലൂക്കിലെ മങ്കട വില്ലേജിൽ പട്ടികജാതിയിൽ ഉൾപ്പെട്ട ഹിന്ദു-കടൈയൻ വിഭാഗക്കാർ ഇല്ല. എന്നാൽ പ്രാദേശികമായി "കടൈയൻ" എന്നറിയപ്പെടുന്നവരും കത്തി, പണിയായുധങ്ങൾ എന്നിവ മൂർച്ച കൂട്ടുന്നത് കുലത്തൊഴിലായി സ്വീകരിച്ചുവരുന്നതുമായ ആൾക്കാർ മങ്കട വില്ലേജിൽ അധിവസിക്കുന്നുണ്ട്. ഇവർ ഒ.ബി.സി. വിഭാഗത്തിലാണ് ഉൾപ്പെടുന്നത്.

(ബി) കേരളത്തിലെ പട്ടികജാതി പട്ടികയിൽ 25-ാമതായി ചേർത്തിരിക്കുന്ന ജാതിയാണ് 'കടൈയൻ'.

(സി&ഡി) ഉണ്ട്. 2014-ൽ പെരിന്തൽമണ്ണ തഹസിൽദാർ പെരിന്തൽമണ്ണ താലൂക്ക് പരിധിയിൽ ഉൾപ്പെട്ടിരുന്നതും പ്രാദേശികമായി "കടൈയൻ" എന്നറിയപ്പെട്ടിരുന്നതുമായ വിഭാഗത്തിന് "ഹിന്ദു-കടൈയൻ" പട്ടികജാതി സാക്ഷ്യ പത്രം അനുവദിച്ചിരുന്നു. എന്നാൽ പെരിന്തൽമണ്ണ താലൂക്ക് പരിധിയിൽ ഉൾപ്പെട്ടവർ ഹിന്ദു-കടൈയൻ വിഭാഗത്തിൽപ്പെട്ടവരല്ലെന്നും ഇവർ പണിയായുധങ്ങൾ മൂർച്ച കൂട്ടി കടയൽ തൊഴിലാക്കിയവരാണെന്നും കിർത്താഡ്സിന്റെ പഠനത്തിൽ കണ്ടെത്തി. ഇവർ ഒ.ബി.സി. വിഭാഗത്തിലാണെന്ന് റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് മുൻപ് നൽകിയ പട്ടികജാതി സാക്ഷ്യപത്രം റദ്ദ് ചെയ്യുകയാണുണ്ടായത്.

## കായംകുളം മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികൾ

59 (5646) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ കായംകുളം മണ്ഡലത്തിൽ പട്ടികജാതി വകുപ്പ് കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികൾ, ഓരോ പ്രവൃത്തിയുടേയും അടങ്കൽ തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

2016 മുതൽ നാളിതുവരെ കായംകുളം മണ്ഡലത്തിൽ പട്ടികജാതി വകുപ്പ് കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

| കോളനി | പ്രവൃത്തികൾ | തുക | റിമാർക്സ് |
|---|---|---|---|
| | 2016-17 | | |
| പുത്തൻതറ | ഓട, റോഡ് കോൺക്രീറ്റിംഗ് | 3,20,000 | പൂർത്തീകരിച്ചു |
| മൂലേച്ചിറ | റോഡ് റീ-ടാറിംഗ് | 6,10,000 | പൂർത്തീകരിച്ചു |
| 2018-19 | | | |
| പൂവടിത്തറ | റോഡ് കോൺക്രീറ്റിംഗ് | 25,00,000 | എഗ്രിമെന്റ് വച്ചിട്ടുണ്ട് |
| മേനക്കോട്ട് | കുളം-പാർശ്വഭിത്തി, ഡ്രെയ്നേജ്, നടപ്പാത കോൺക്രീറ്റിംഗ് | 3,90,000 | എഗ്രിമെന്റ് വച്ചിട്ടുണ്ട് |

## ആലത്തൂർ മണ്ഡലത്തിൽ കോർപ്പസ് ഫണ്ട്

60 (5647) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം നൽകാമോ?

### ഉത്തരം

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി ചേർക്കുന്നു.*

പട്ടികവർഗ്ഗ വികസന വകുപ്പ് ടി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പദ്ധതി | വർഷം | പുരോഗതി വിവരം |
|---|---|---|---|
| 1 | മാത്തൂർ പ്രീമെട്രിക് ഹോസ്റ്റൽ വേസ്റ്റ് പിറ്റ് നിർമ്മാണം | 2017-18 | പൂർത്തിയായി |
| 2 | പൂച്ചാടി കോളനി നടപ്പാത നിർമ്മാണം | 2018-19 | പുരോഗതിയിലാണ് |
| 3 | കൊട്ടമ്പാല കോളനി മോട്ടോർ സ്ഥാപിക്കൽ | 2018-19 | പുരോഗതിയിലാണ് |

**പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിലെ ഇടിഞ്ഞാർ-വിട്ടിക്കാവ്-കിടാരക്കുഴി റോഡ് നവീകരണം**

61 (5648) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിലെ ഇടിഞ്ഞാർ-വിട്ടിക്കാവ്-കിടാരക്കുഴി റോഡ് നവീകരിക്കുന്നതിന് 2019-20 വർഷത്തെ എസ്.ടി. കോർപ്പസ് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് തീരുമാനമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

വാമനപുരം നിയോജകമണ്ഡലത്തിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിലെ ഇടിഞ്ഞാർ-വിട്ടിക്കാവ്-കിടാരക്കുഴി റോഡ് നവീകരണത്തിന് 2019-20 വർഷത്തെ എസ്.ടി. കോർപ്പസ് ഫണ്ടിൽനിന്നും 125 ലക്ഷം രൂപ ചെലവഴിക്കുന്നതിന് 7-6-2019-ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിൽ തീരുമാനമായിട്ടുണ്ട്.

**ചെങ്ങന്നൂർ മണ്ഡലത്തിൽ കോർപ്പസ് ഫണ്ടിൽ പദ്ധതികൾ**

62 (5649) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷം ചെങ്ങന്നൂർ മണ്ഡലത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ആരെയാണ് ഈ പദ്ധതികളുടെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) 2018-19 വർഷം ചെങ്ങന്നൂർ മണ്ഡലത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. വടക്കേചരുവിൽ കോളനി - പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ- 2,50,000 രൂപ
2. മാലിത്തറ കോളനി - റോഡ് നിർമ്മാണം 10,00,000 രൂപ
3. കുഴിവേലിത്തറ കോളനി-റോഡ് നിർമ്മാണം -20,00,000 രൂപ
4. മുട്ടുംപാട്ട് കരിപ്പുറം കോളനി - റോഡ് ടാറിംഗ് 25,00,000 രൂപ

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് പദ്ധതികളൊന്നും ഏറ്റെടുത്തിട്ടില്ല.

(ബി) വടക്കേചരുവിൽ കോളനി - പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി കേരള വാട്ടർ അതോറിറ്റിയെയും മാലിത്തറ കോളനി-റോഡ് നിർമ്മാണം, കുഴിവേലിത്തറ കോളനി- റോഡ് നിർമ്മാണം, മുട്ടുംപാട്ട് കരിപ്പുറം കോളനി-റോഡ് ടാറിംഗ് എന്നീ പദ്ധതികളുടെ നിർവ്വഹണ ഏജൻസിയായി അസി. എക്സി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി. ഡിവിഷൻ, ചെങ്ങന്നൂർ ബ്ലോക്കിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) എല്ലാ പ്രവൃത്തികളും ടെണ്ടർ കഴിഞ്ഞ് എഗ്രിമെന്റ് ആയിട്ടുണ്ട്.

## പ്രാക്തന ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി പദ്ധതികൾ

63 (5650) ശ്രീ. പി. കെ. ബഷീർ:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാക്തന ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ജനസംഖ്യ സർവ്വേ നടത്തിയിട്ടുണ്ടെങ്കിൽ ഓരോ വിഭാഗത്തിന്റെയും ജില്ല തിരിച്ചുള്ള വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രാക്തന ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി 2016-17, 2017-18, 2018-19 കാലയളവിൽ ചെലവഴിച്ച തുക എത്രയാണ്; ഏതെല്ലാം പ്രവൃത്തികൾക്കാണ് പ്രസ്തുത തുക ചെലവഴിച്ചത്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളുടെ നാളിതുവരെയായിട്ടുള്ള പ്രവർത്തന പുരോഗതിയുടെ വിശദാംശം നൽകുമോ;

(ഡി) മലപ്പുറം ജില്ലയിൽ മാത്രമുള്ള പ്രാക്തന ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നാളിതുവരെ നടപ്പിലാക്കിയ പദ്ധതികൾ, ചെലവഴിച്ച തുക, പ്രവർത്തനപുരോഗതി, അവലോകന റിപ്പോർട്ട് ഇവ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ വികസന വകുപ്പ് 2013-ൽ പ്രസിദ്ധീകരിച്ച സാമൂഹ്യ സാമ്പത്തിക സർവ്വേ പ്രകാരം പ്രത്യേക ദുർബ്ബല ഗോത്ര വിഭാഗങ്ങളുടെ ജനസംഖ്യ ചുവടെ ചേർക്കുന്നു:

| ജില്ല | പ്രാക്തന ഗോത്ര വിഭാഗം | ജനസംഖ്യ |
|---|---|---|
| കോഴിക്കോട് | കാടർ | 126 |
| | കാട്ടുനായിക്കൻ | 119 |
| പാലക്കാട് | കാടർ | 766 |
| | കാട്ടുനായിക്കൻ | 787 |
| | കുറുമ്പർ | 2251 |
| മലപ്പുറം | കാട്ടുനായിക്കൻ | 2034 |
| | ചോലനായിക്കൻ | 409 |
| തൃശ്ശൂർ | കാടർ | 1082 |
| കാസർഗോഡ് | കൊറഗ | 1644 |
| വയനാട് | കാട്ടുനായിക്കൻ | 17051 |
| ഇടുക്കി | കാട്ടുനായിക്കൻ | 4 |
| ആകെ | | 26273 |

(ബി&സി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ഡി) മലപ്പുറം ജില്ലയിൽ പ്രത്യേക ദുർബ്ബല ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**ആദിവാസികൾക്ക് പരമ്പരാഗതമായി ലഭിച്ചുവന്ന ആനുകൂല്യങ്ങൾ**

64 (5651) ശ്രീ. എം. ഉമ്മർ:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസികൾക്ക് പരമ്പരാഗതമായി ലഭിച്ചുവന്ന ഏതെല്ലാം ആനുകൂല്യങ്ങൾ റദ്ദാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) മലപ്പുറം ജില്ലയിലെ മലമുത്തൻ എന്ന ആദിവാസി വിഭാഗത്തിന് പ്രസ്തുത സമുദായത്തിന്റെ ആനുകൂല്യം നൽകുന്നുണ്ടോ; വിശദമാക്കാമോ;

(സി) നിലവിൽ ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇവർക്ക് പട്ടികവർഗ്ഗ വിഭാഗത്തിന് നൽകിവരുന്ന ആനുകൂല്യങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗക്കാർക്ക് പരമ്പരാഗതമായി ലഭിച്ചുവന്ന ആനുകൂല്യങ്ങൾ ഒന്നുംതന്നെ റദ്ദാക്കിയിട്ടില്ല.

(ബി & സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**ബോയൻ സമുദായക്കാരെ പട്ടികജാതി സമുദായത്തിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം**

65 (5652) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സ്ഥിരതാമസക്കാരായ ബോയൻ സമുദായക്കാരെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ ബോയൻ സമുദായക്കാരെ പട്ടികജാതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ വിഷയത്തിൽ പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ കിർത്താഡ്സ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പഠനറിപ്പോർട്ട് പരിശോധിച്ച് മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭവനനിർമ്മാണം

66 (5653) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ വെട്ടിക്കവല, കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തുകളിൽപ്പെടുന്ന തദ്ദേശസ്ഥാപനങ്ങളിൽ എത്ര പട്ടികജാതി/വർഗ്ഗവിഭാഗത്തിൽപ്പെടുന്ന ആളുകളുടെ ഭവനനിർമ്മാണം (വിവിധ സർക്കാർ വകുപ്പുകളുടെ ധനസഹായത്തോടെയുള്ളത്) പൂർത്തീകരിക്കാതെ മുടങ്ങിപ്പോയ നിലയിൽ ഉണ്ടെന്ന വിവരം ലഭ്യമാണോ; എങ്കിൽ പ്രസ്തുത വിവരം തദ്ദേശസ്ഥാപനങ്ങൾ തിരിച്ച് നൽകുമോ;

(ബി) സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ മുടങ്ങിപ്പോയ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ ധനസഹായം നൽകാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ കൊട്ടാരക്കര മുനിസിപ്പൽ പ്രദേശത്ത് താമസിക്കുന്ന ഒരു പട്ടികവർഗ്ഗ കുടുംബത്തിന് വീട് അനുവദിച്ചിരുന്നുവെങ്കിലും പൂർത്തീകരിച്ചിരുന്നില്ല. ആയത് ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ വെട്ടിക്കവല, കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തുകളിൽപ്പെടുന്ന പട്ടികജാതി വിഭാഗക്കാർക്ക് അനുവദിച്ച വീടുകളിൽ 75 വീടുകൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

| വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് | | പൂർത്തീകരിക്കാനുള്ള വീടുകളുടെ എണ്ണം |
|---|---|---|
| 1 | ഉമ്മന്നൂർ പഞ്ചായത്ത് | 15 |
| 2 | മൈലം പഞ്ചായത്ത് | 19 |
| 3 | കുളക്കട പഞ്ചായത്ത് | 16 |
| കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് | | |
| 4 | നെടുവത്തൂർ പഞ്ചായത്ത് | 4 |
| 5 | പൂയപ്പള്ളി പഞ്ചായത്ത് | 4 |
| 6 | എഴുകോൺ പഞ്ചായത്ത് | 6 |
| 7 | കരീപ്ര പഞ്ചായത്ത് | 2 |
| 8 | വെളിയം പഞ്ചായത്ത് | 3 |
| 9 | കൊട്ടാരക്കര മുനിസിപ്പാലിറ്റി | 6 |
| ആകെ | | 75 |

(ബി) പട്ടികജാതി വികസന വകുപ്പ് മുഖേന അനുവദിച്ച വീടുകളിൽ നിർമ്മാണം പൂർത്തീകരിക്കാതെ അവശേഷിക്കുന്ന കുടുംബങ്ങൾക്ക് നിർമ്മാണം പൂർത്തീകരിക്കുന്നതിനായി തുടർന്നുള്ള ഗഡുക്കൾ സ്പിൽ ഓവറായി അനുവദിച്ച് നൽകുന്നുണ്ട്. 2007-08 മുതൽ 2015-16 വരെ അനുവദിച്ച വീടുകളിൽ പണി പൂർത്തീകരിക്കാത്ത വീടുകൾക്ക് ലൈഫ് മിഷൻ മാനദണ്ഡ പ്രകാരം ധനസഹായം അനുവദിക്കുന്നുണ്ട്. ഇതിനുപുറമേ ഭവന പൂർത്തീകരണത്തിനായി സർക്കാർ പ്രഖ്യാപിച്ച പുതിയ പദ്ധതിയിൽ 1.50 ലക്ഷം രൂപ വരെ സഹായവും നൽകുവാൻ വ്യവസ്ഥയുണ്ട്.

പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മുൻവർഷങ്ങളിൽ അനുവദിച്ചതും 31-3-2016-നുള്ളിൽ പൂർത്തീകരിക്കാത്തതുമായ 12183 വീടുകൾ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി യഥാർത്ഥ നിർമ്മാണ ചെലവ് അനുവദിച്ച് 10267 വീടുകൾ പൂർത്തീകരിച്ചു. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

## ഇന്ത്യൻ ഖാസി ആക്ട്

67 (5654) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ ഖാസി ആക്ട് അനുസരിച്ച് സംസ്ഥാനത്ത് ഖാസിമാരെ നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പരിധിയിൽ ആരെയൊക്കെയാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള മലബാർ മേഖലയിൽ ഇന്ത്യൻ ഖാസി ആക്ട് അനുസരിച്ച് ഖാസിമാരെ നിശ്ചയിച്ചിട്ടുണ്ട്.

(ബി) ഹാജി. പി.കെ.എം. അബ്ദുൽറഹ്മാൻ മഖ്ദൂമി (G.O. (P) No.232/90/Law dt 13-11-1990, S.R.O.No.104/91) തിരൂർ താലൂക്ക് മലപ്പുറം ജില്ല

ശ്രീ. കെ.വി. ഇമ്പിച്ചമ്മദ് ഹാജി (G.O. (P) No.10/2010/Law dt 22-11-2010, S.R.O.No.1078/2010) കോഴിക്കോട് താലൂക്ക്

ഹാജി. പി. വി. അബ്ദുൽ അസീസ് മൗലവി (G.O. (P) No.208/2012/Law dt 29-9-2012, S.R.O.No.685/2012) കൂട്ടായി തിരൂർ താലൂക്ക്

ശ്രീ. സയ്യിദ് ഇബ്രാഹീം ഖലീൽ അൽ ബുഖാരി തങ്ങൾ (G.O. (P) No.8/2019/Law dt 6-3-2019, S.R.O.No.178/2019) തിരൂരങ്ങാടി മുനിസിപ്പാലിറ്റി ഡിവിഷൻ നമ്പർ. 9, 10, 24 - 31 തിരൂരങ്ങാടി വില്ലേജ്, തിരൂരങ്ങാടി താലൂക്ക് മലപ്പുറം ജില്ല.

## പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന പുതിയ പദ്ധതികൾ

68 (5655) ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. എം. നൗഷാദ്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന പുതിയ പദ്ധതികൾ ഏതെല്ലാമാണ്; ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ എത്ര തുകയാണ് വായ്പയായി നൽകിയതെന്ന്, മുൻ സർക്കാരിന്റെ കാലത്ത് നൽകിയ വായ്പയുമായി താരതമ്യപ്പെടുത്തി അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടത്തിയ സാമൂഹ്യ പ്രതിബദ്ധതാ പദ്ധതിയെക്കുറിച്ച് അറിയിക്കാമോ;

(സി) പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷന്റെ പ്രധാന പദ്ധതികളെക്കുറിച്ച് അറിയിക്കാമോ; കോർപ്പറേഷനിൽനിന്ന് വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ സാമ്പത്തിക സ്ഥിതിയില്ലാതെ കുടിശ്ശിക വരുത്തിയവരുടെ കടം എഴുതിത്തള്ളുന്ന കാര്യം പരിശോധിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നിലവിൽ നടപ്പിലാക്കിവരുന്ന വിവിധ വായ്പാ പദ്ധതികൾക്ക് പുറമേ ഈ സർക്കാർ നിലവിൽ വന്നതിനുശേഷം താഴെ പറയുന്ന വായ്പാ പദ്ധതികൾ കൂടി പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

* <u>വിദേശത്ത് നിന്ന് മടങ്ങിയെത്തുന്നവർക്കായിട്ടുള്ള പ്രവാസി പുനരധിവാസ വായ്പ</u>

<table>
<tr><td rowspan="2">റി-ടേൺ വായ്പാ പദ്ധതി (പ്രവാസ ജീവിതത്തിന് ശേഷം നാട്ടിൽ സ്ഥിര താമസമാക്കുന്നതിന് വേണ്ടി മടങ്ങി വരുന്നവർക്കുള്ള പദ്ധതി)</td><td>20 ലക്ഷം രൂപ</td><td>പലിശ നിരക്ക് 6 മുതൽ 8% വരെ</td></tr>
<tr><td colspan="2"><u>പ്രത്യേക ആനുകൂല്യം</u><br>പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡി<br>വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങളിൽ 3% പലിശ സബ്സിഡി.</td></tr>
</table>

* പ്രൊഫഷണലുകൾക്ക് സ്റ്റാർട്ടപ്പ് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സ്റ്റാർട്ടപ്പ് വായ്പ

| | |
|---|---|
| പരമാവധി തുക | 20 ലക്ഷം രൂപ |
| പ്രായപരിധി | 18 – 40-നും മദ്ധ്യേ |
| പലിശ നിരക്ക് | 6 മുതൽ 8% വരെ |
| പ്രത്യേക ആനുകൂല്യം | |
| ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടവർക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് സബ്സിഡി | വായ്പാ തുകയുടെ 20% (പരമാവധി 2 ലക്ഷം) |

* ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് വേണ്ടിയുള്ള എന്റെ വീട് വായ്പ

| | | |
|---|---|---|
| എന്റെ വീട് (ഭവന നിർമ്മാണ വായ്പാ പദ്ധതി 1 (1,20,000 രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 7.50% |
| എന്റെ വീട് (ഭവന നിർമ്മാണ വായ്പാ പദ്ധതി 2 (3,00,000 രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 10 ലക്ഷം രൂപ | 8.00% |

ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നീ ഏജൻസികളിൽനിന്നും ലഭിച്ച വായ്പാ തുകയും കോർപ്പറേഷന്റെ തനത് ഫണ്ടും ഉപയോഗിച്ച് സ്വയം തൊഴിൽ വായ്പ, വിദ്യാഭ്യാസ വായ്പ, വിവാഹ വായ്പ, വാഹന വായ്പ, വ്യക്തിഗത വായ്പ, സുവർണ്ണശ്രീ വായ്പ, മൈക്രോ ക്രെഡിറ്റ് വായ്പ, പ്രവർത്തന മൂലധന വായ്പ, ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ തുടങ്ങിയ 17-ഓളം വായ്പാ പദ്ധതികളിലായി കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ 165493 ഗുണഭോക്താക്കൾക്കായി 1148.27 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെയുള്ള കണക്കുകൾ പ്രകാരം കോർപ്പറേഷൻ വിവിധ പദ്ധതികളിലുൾപ്പെടുത്തി 134008 ഗുണഭോക്താക്കൾക്ക് 1277.79 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 5 വർഷം വിതരണം ചെയ്ത തുകയെക്കാൾ 130 കോടി രൂപ അധികമായി ഈ സർക്കാരിന്റെ കാലത്ത് 3 വർഷം കൊണ്ട് വിതരണം ചെയ്യുവാൻ സാധിച്ചു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോർപ്പറേഷൻ നടപ്പിലാക്കിയ സാമൂഹിക പ്രതിബദ്ധതാ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. പ്ലസ് ടു -വിന് എല്ലാ വിഷയങ്ങൾക്കും എ-പ്ലസ് കരസ്ഥമാക്കിയ മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ട 1025 വിദ്യാർത്ഥികൾക്ക് 2016-17 സാമ്പത്തിക വർഷത്തിലും 1915 വിദ്യാർത്ഥികൾക്ക് 2017-18 സാമ്പത്തിക വർഷത്തിലും 5000 രൂപ വച്ച് ആകെ 1,47,00,000 രൂപ സ്കോളർഷിപ്പായി നൽകിയിട്ടുണ്ട്.
2. 2018-19 കാലയളവിൽ പ്രളയാനന്തര കേരളത്തിൽ പുനർ നിർമ്മിതിക്കായി 50 ലക്ഷം രൂപ കോർപ്പറേഷന്റെ സി.എസ്.ആർ. ഫണ്ടിൽനിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകുകയുണ്ടായി.
3. ഇതോടൊപ്പം ദേശീയ ഏജൻസിയായ പിന്നാക്ക വിഭാഗ ധനകാര്യ കോർപ്പറേഷന്റെ (NBCFDC) സാമൂഹിക പ്രതിബദ്ധതാ പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ കാവശ്ശേരിയിലുള്ള മൺപാത്ര തൊഴിലാളികളുടെ തൊഴിൽ നവീകരണത്തിനും ആധുനികവൽക്കരണത്തിനുമായുള്ള പദ്ധതിയും, ദേശീയ ഏജൻസിയായ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ (NMDFC) സാമൂഹിക പ്രതിബദ്ധതാ പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ നീലേശ്വരത്തുള്ള 100 വിധവകൾക്ക് തയ്യൽ പരിശീലനവും യന്ത്രസാമഗ്രികളുടെ വിതരണവും കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

(സി) പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

<u>പദ്ധതികൾ</u>

1. കൃഷിഭൂമി വായ്പ
2. ഭവന നിർമ്മാണ വായ്പ
3. ഭവന പുനരുദ്ധാരണ വായ്പ
4. വിവാഹ വായ്പ
5. ഭൂരഹിത ഭവനരഹിത വായ്പ
6. വ്യക്തിഗത വായ്പ

7. സർക്കാർ/അർദ്ധ സർക്കാർ ജീവനക്കാർക്കുള്ള വ്യക്തിഗത വായ്പ
8. സർക്കാർ ഉദ്യോഗസ്ഥർക്കുള്ള വാഹന വായ്പ
9. ഉയർന്ന വരുമാനക്കാർക്കുള്ള വ്യക്തിഗത വായ്പ
10. ഉയർന്ന വരുമാനക്കാർക്കുള്ള വ്യവസായ വായ്പ
11. സ്വയംതൊഴിൽ വായ്പ
12. വിദ്യാഭ്യാസ വായ്പ
13. വിദ്യാഭ്യാസ പ്രോത്സാഹന സമ്മാനം
14. മെഡിക്കൽ /എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനം
15. പുനർജ്ജനി

വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## വേട്ടുവ കൗണ്ടർ സമുദായത്തെ പിന്നാക്ക സമുദായ ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ നടപടികൾ

69 (5656) ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേട്ടുവ കൗണ്ടർ സമുദായത്തെ പിന്നാക്കസമുദായ ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) സംസ്ഥാന സർക്കാർ സാമൂഹികമായും സാമ്പത്തികമായും എന്തെല്ലാം ആനുകൂല്യങ്ങളാണ് വേട്ടുവ കൗണ്ടർ സമുദായത്തിന് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കേരള സംസ്ഥാന പിന്നാക്കവിഭാഗ കമ്മീഷൻ വേട്ടുവ കൗണ്ടർ സമുദായത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് വേട്ടുവ കൗണ്ടർ സമുദായത്തെ സംബന്ധിച്ചുള്ള കണക്കുകൾ ജില്ല തിരിച്ച് നൽകുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) പിന്നാക്ക വിഭാഗ കമ്മീഷന്റെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ സർക്കാരിന് തീരുമാനം എടുക്കാൻ കഴിയുകയുള്ളു.

(സി) ഇല്ല.

(ഡി) ജാതി തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

## പെന്തക്കോസ്ത് ക്രിസ്ത്യാനികളെ ക്രിസ്ത്യൻ മതന്യൂനപക്ഷമായി പ്രഖ്യാപിക്കുന്നതിന് നടപടി

70 (5657) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പെന്തക്കോസ്ത് ക്രിസ്ത്യാനികളെ ക്രിസ്ത്യൻ മതന്യൂനപക്ഷമായി പ്രഖ്യാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പെന്തക്കോസ്ത് വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ തൊഴിൽ മേഖലകളിൽ നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

(സി) പെന്തക്കോസ്ത് വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് വസ്തു വാങ്ങാനും ഭവനം പണിയാനും ധനസഹായം ലഭിക്കുന്ന പദ്ധതികൾ ഉണ്ടെങ്കിൽ വിശദമാക്കുമോ;

ഉത്തരം

(എ) കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള മുസ്ലിം, ക്രിസ്ത്യൻ, ബുദ്ധ, ജൈന, സിഖ്, പാഴ്സി എന്നീ ആറ് മതങ്ങളെയാണ് മതന്യൂനപക്ഷമായി ന്യൂനപക്ഷ ക്ഷേമ വകുപ്പ് അംഗീകരിക്കുന്നത്. അതിൽ ഓരോ മതത്തിന്റെയും ഉപ-പിരിവുകൾ ഈ വകുപ്പിൽ കൈകാര്യം ചെയ്യുന്നില്ല. ആയതിനാൽ സംസ്ഥാനത്തെ പെന്തക്കോസ്ത് ക്രിസ്ത്യാനികളെ ക്രിസ്ത്യൻ മതന്യൂനപക്ഷമായി പ്രഖ്യാപിക്കുന്നതിന് ന്യൂനപക്ഷ ക്ഷേമ വകുപ്പിൽനിന്നും നടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി&സി) പെന്തക്കോസ്ത് വിഭാഗങ്ങൾക്ക് പ്രത്യേകമായ ആനുകൂല്യങ്ങളൊന്നും ഈ വകുപ്പിൽനിന്നും നൽകുന്നില്ല.

## പെരുങ്കടവിളയിൽ ചികിത്സാധനസഹായം

71 (5658) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പാറശ്ശാല മണ്ഡലത്തിലെ പെരുങ്കടവിള ബ്ലോക്കിൽ എത്രപേർക്കാണ് പിന്നാക്കക്ഷേമ വകുപ്പിന്റെ ചികിത്സാധനസഹായം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ആകെ അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നുള്ള വിവരം ലഭ്യമാക്കുമോ ;

(സി) പെരുങ്കടവിള ബ്ലോക്കിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വരുടെ ആരോഗ്യസംരക്ഷണത്തിനായി ഈ കാലയളവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പിന്നാക്ക വിഭാഗ വികസന വകുപ്പിൽ ചികിത്സാ ധനസഹായ പദ്ധതികളൊന്നും നിലവിൽ നടപ്പിലാക്കുന്നില്ല.

(ബി) ബാധകമല്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെരുങ്കടവിള ബ്ലോക്കിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 321 ഗുണഭോക്താക്കൾക്ക് ചികിത്സാ ധനസഹായമായി 56,63,500 രൂപ അനുവദിച്ചിട്ടുണ്ട്. പെരുങ്കടവിള ബ്ലോക്ക് ഉൾപ്പെടെ എല്ലാ പ്രദേശത്തേയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ബഹു. വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും നെടുമങ്ങാട് ഐ.റ്റി.ഡി.പി. മുഖേന അടിയന്തിര ചികിത്സാ ധനസഹായമായി 5000 രൂപ വരെയും വകുപ്പ് അദ്ധ്യക്ഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 25,000 രൂപ വരെയും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1,00,000 രൂപ വരെയും നൽകിവരുന്നുണ്ട്. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നെടുമങ്ങാട് ഡിസ്ട്രിക്ട് ഹോസ്പിറ്റൽ, വിതുര താലൂക്ക് ഹോസ്പിറ്റൽ, മെഡിക്കൽ കോളേജ്, എസ്.എ.ടി., ശ്രീചിത്ര, ആർ.സി.സി. തുടങ്ങിയ ആശുപത്രികളിൽ സൗജന്യ ചികിത്സ നൽകിവരുന്നു. കൂടാതെ തിരുവനന്തപുരം മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കൃത്യമായ ഇടവേളകളിൽ മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നു.

**കടച്ചിക്കൊല്ലൻ സമുദായത്തിൽപ്പെട്ട ജനങ്ങളുടെ പിന്നാക്കാവസ്ഥ**

72 (5659) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കടച്ചിക്കൊല്ലൻ സമുദായത്തിൽപ്പെട്ട ജനങ്ങളുടെ പിന്നാക്കാവസ്ഥ സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഈ സമുദായത്തിലുള്ളവരുടെ പ്രധാന തൊഴിൽ മേഖല എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) കടച്ചിക്കൊല്ലൻ സമുദായക്കാർക്ക് നിലവിൽ ഒ.ബി.സി. സർട്ടിഫിക്കറ്റ് അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രധാനമായും കത്തികൾ, പണിയായുധങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം.

(സി) കടച്ചിക്കൊല്ലൻ സമുദായത്തെ സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ആംഗ്ലോ ഇന്ത്യൻ ക്ഷേമത്തിനായി എം.എൽ.എ., എം.പി. ഫണ്ട്**

73 (5660) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആംഗ്ലോ ഇന്ത്യൻ സമൂഹം നേരിടുന്ന വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 24-1-2017-ൽ വിളിച്ചുചേർത്ത യോഗത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത യോഗതീരുമാനങ്ങളിലൊന്നായ ആംഗ്ലോ ഇന്ത്യൻ പ്രതിനിധികളായ എം.എൽ.എ.-യുടെയും എം.പി.-യുടെയും ഫണ്ടിൽനിന്നും നിശ്ചിത ശതമാനം തുക സോഷ്യൽ മാപ്പിംഗിലൂടെ ആംഗ്ലോ ഇന്ത്യൻ ഗുണഭോക്താക്കളുടെ ക്ഷേമത്തിനായി ലഭ്യമാക്കണമെന്ന ശിപാർശയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ആംഗ്ലോ ഇന്ത്യൻ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 24-1-2017-ൽ നടന്ന യോഗ തീരുമാനങ്ങളിൽ ഐറ്റം നമ്പർ 1, 2 പ്രകാരം വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ആംഗ്ലോ ഇന്ത്യൻ സമൂഹം വിവിധ തലങ്ങളിൽ സമർപ്പിച്ചിരുന്ന അപേക്ഷകൾ കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന് കൈമാറിയിരുന്നു. അതോടൊപ്പം പ്രസ്തുത വിഭാഗത്തിന് ആർട്സ്/ സയൻസ് കോളേജുകളിൽ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ സംവരണം അനുവദിക്കുന്നതിനെപ്പറ്റി പഠിക്കുന്നതിനായും കമ്മീഷനെ ചുമതലപ്പെടുത്തിയിരുന്നു. ഇക്കാര്യങ്ങളിൽ നടപടി സ്വീകരിക്കുന്നതിന് കേരളത്തിലെ ജാതി/ സമുദായങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ സർവ്വേ റിപ്പോർട്ടും, സർക്കാർ, സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ ജാതികൾക്കുള്ള പ്രാതിനിധ്യത്തെക്കുറിച്ചുള്ള വിവരങ്ങളും അത്യന്താപേക്ഷിതമാണ്. ടി വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടികൾ കമ്മീഷൻ സ്വീകരിച്ചുവരുന്നു.

3-ാമത്തെ ഐറ്റത്തിൽ പറയുന്ന സ്കൂൾ അപ്ഗ്രഡേഷൻ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം V ചട്ടം 2, 2 എ-യിൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച് വിദ്യാഭ്യാസ ആവശ്യകതയുള്ള പ്രദേശങ്ങൾ കണ്ടെത്തി തുടർനടപടികൾ കൈക്കൊണ്ട് മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. നടപടിക്രമങ്ങൾ പാലിക്കാതെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് നിലവിൽ അനുമതി നൽകാൻ നിർവ്വാഹമില്ല.

4-ാമത്തെ ഇനമായ എം.എൽ.എ. ഫണ്ട് വിനിയോഗം ഏതെങ്കിലും പ്രത്യേക ജാതി/മത/സമൂഹത്തിന്റെ ക്ഷേമത്തിന് മാത്രമായി വിനിയോഗിക്കാൻ കഴിയില്ല. എന്നാൽ 12-5-2017-ലെ സ.ഉ.(അച്ചടി) നമ്പർ 63/2017/ധന സ.ഉ.(അച്ചടി) നമ്പർ 75/2017/ധന എന്നിവ പ്രകാരം ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് എയ്ഡഡ് സ്കൂളുകളിൽ ടോയ്ലെറ്റുകളും പാചകപ്പുരയും നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആംഗ്ലോ ഇന്ത്യൻ പ്രതിനിധി എം.എൽ.എ.-യുടെ ഫണ്ടിൽനിന്നും ഫണ്ട് ആ വിഭാഗങ്ങൾക്ക് ചെലവഴിക്കണമെന്ന ആവശ്യം പരിഗണിക്കുന്നതിന് ജാതി സെൻസസ്, സോഷ്യൽ മാപ്പിംഗ് എന്നിവ ആവശ്യമാണ്. ഈ വിവരം ലഭ്യമല്ലാത്തതിനാൽ തുടർ നടപടി സാധ്യമായിട്ടില്ല.

5-ാമത്തെ ഇനമായ ആംഗ്ലോ ഇന്ത്യൻ സാംസ്കാരിക നിലയം പണിയുന്ന ആവശ്യത്തിലേക്കായി എറണാകുളം ജില്ലയിൽ 25 സെന്റിൽ കുറയാത്ത റവന്യൂ ഭൂമി കണ്ടെത്തി വിവരം സർക്കാരിൽ അറിയിക്കാൻ എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ കൊച്ചി താലൂക്ക്, പുതുവൈപ്പ് വില്ലേജിൽ സർവ്വേ നമ്പർ 300/1-ൽ 50 സെന്റ് റവന്യൂ ഭൂമിയും സർവ്വേ 335/4-ൽ 10.50 ആർ ഭൂമിയും ഉള്ളതായി എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി ഭൂമിയിൽ അനുയോജ്യമായത് കണ്ടെത്തി ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് സാംസ്കാരിക വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

6-ാമത്തെ ഇനമായ കൊല്ലം ജില്ലയിലെ തങ്കശ്ശേരി പ്രദേശത്തെ പോർച്ചുഗീസ് സെമിത്തേരിയുടെ സംരക്ഷണം സംബന്ധിച്ച വിഷയത്തിൽ പുരാവസ്തു വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു. മാളയിലെ ജൂത സെമിത്തേരിയും ജൂത സിനഗോഗും പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ഭിന്നശേഷി ജീവനക്കാർക്കായി സംവരണം**

74 (5661) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എൽ.പി. (സിവിൽ) നമ്പർ 7541 ഓഫ് 2009 -ന് മേലുള്ള സിവിൽ അപ്പീൽ നമ്പർ 9090 (2013) -ൽ സുപ്രീംകോടതി പുറപ്പെടുവിച്ച വിധി പ്രകാരം സംസ്ഥാന സർവ്വീസിൽ എല്ലാ വകുപ്പുകളിലും ഓരോ തസ്തികകളുടെയും കേഡർ സ്ട്രെങ്ത്തിന്റെ മൂന്നു ശതമാനം ഭിന്നശേഷി ജീവനക്കാർക്കായി സംവരണം ചെയ്യണം എന്ന ഉത്തരവ് പാലിക്കുന്നതിന് ഡിപ്പാർട്ട്മെന്റ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) റിട്ട് പെറ്റീഷൻ (സിവിൽ ) No.521 of 2008 -ന് മേലുള്ള സിവിൽ അപ്പീൽ നമ്പർ 5389 (2016) -ലെ സുപ്രീംകോടതിയുടെ വിധി പ്രകാരം സംസ്ഥാന സർവ്വീസിലെ എല്ലാ വകുപ്പുകളിലും ഓരോ തസ്തികകളുടെയും കേഡർ സ്ട്രെങ്ത്തിന്റെ മൂന്ന് ശതമാനം സംവരണം ഭിന്നശേഷി ജീവനക്കാർക്കായി സംവരണം ചെയ്യണം എന്നത് പ്രൊമോഷൻ തസ്തികകളിലും, നേരിട്ടുള്ള നിയമനത്തിനും പ്രാവർത്തിക മാക്കണമെന്ന ഉത്തരവ് പാലിക്കുന്നതിന് ഡിപ്പാർട്ട്മെന്റ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ബഹു. സുപ്രീംകോടതിയുടെ SLP(Civil)No.14889/2009-ലെയും Civil Appeal No.9096/2013-ലെയും വിധിന്യായത്തിന്റെയും വിവിധ കോടതി വിധികളുടെയും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായത്തിന്റെയും കേന്ദ്ര സർക്കാരിന്റെ ഓഫീസ് മെമ്മോറാണ്ടത്തിന്റെയും വെളിച്ചത്തിൽ സർക്കാർ/അർദ്ധസർക്കാർ/സ്വയംഭരണ സ്ഥാപനങ്ങൾ/യൂണിവേഴ്സിറ്റികൾ/ സർക്കാരിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള സഹായം ലഭിക്കുന്ന സ്ഥാപനങ്ങൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ നിയമനങ്ങളിൽ നിലവിൽ ഭിന്നശേഷിക്കാർക്കായുള്ള 100 പോയിന്റ് റിസർവ്വേഷൻ റോസ്റ്ററിലെ 33, 66, 99 എന്നീ ഔട്ട് ഓഫ് ടേണുകൾക്ക് പകരമായി 1, 34, 67 എന്നീ ഔട്ട് ഓഫ് ടേണുകൾ നിശ്ചയിച്ചും Persons with Disabilities Act, 1995 നിലവിൽ വന്ന തീയതിയായ 7-2-1996 മുതൽ അംഗപരിമിതർക്ക് കേഡർ സ്ട്രെംഗ്തിന്റെ 3% സംവരണത്തിന് അംഗീകാരം നൽകിയും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇല്ല. പ്രസ്തുത കേസ്സിലെ കക്ഷികൾക്ക് മാത്രമാണ് മേൽ വിധി ബാധകമാക്കിയിട്ടുള്ളത്.

## സർക്കാർ/അർദ്ധസർക്കാർ ഉദ്യോഗങ്ങളിൽ അഭിഭാഷകർക്കുള്ള അവസരങ്ങൾ

75 (5663) ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/അർദ്ധ സർക്കാർ ഉദ്യോഗങ്ങളിൽ ഏതാനും തസ്തികകൾ അഭിഭാഷകർക്കായി നീക്കിവയ്ക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിയമബിരുദവും ബിരുദാനന്തര ബിരുദവും നേടിയ ബഹുഭൂരിപക്ഷം അഭിഭാഷകരുടേയും ജീവിതസാഹചര്യങ്ങൾ ഒട്ടും മികച്ചതല്ലെന്നതും, യോഗ്യതയും അർഹതയുമുള്ള അവർക്ക് സർക്കാർ മേഖലയിൽ ആവശ്യമായ തസ്തികകൾ പോലും ഇന്ന് ലഭ്യമാകാത്ത സാഹചര്യവും പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഈ വിഷയത്തിൽ ഇതുവരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇവർക്കായി നിയമ വകുപ്പ് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## പ്രേംനസീറിന്റെ സ്മരണ

76 (5664) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഖ്യാത സിനിമാനടനായിരുന്ന പ്രേംനസീറിന്റെ സ്മരണ നിലനിർത്തുന്നതിനായി എന്തെങ്കിലും കലാസ്ഥാപനങ്ങളോ സാംസ്കാരിക സ്ഥാപനങ്ങളോ സർക്കാരിന്റെ അധീനതയിൽ സംസ്ഥാനത്ത് എവിടെയെങ്കിലും സ്ഥാപിക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഇല്ല. വിഖ്യാത സിനിമാനടനായിരുന്ന പ്രേംനസീറിന് സ്മാരകം നിർമ്മിക്കുന്നതിനായി സ്വന്തമായി സ്ഥലവും അടിസ്ഥാന സൗകര്യവും ലഭ്യമാക്കി വിശദമായ പ്ലാനും എസ്റ്റിമേറ്റും സഹിതം അപേക്ഷിക്കുവാൻ പ്രേംനസീർ ഫൗണ്ടേഷൻ ഭാരവാഹികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഫിലിം ഫെസ്റ്റിവൽ നടത്താൻ സ്ഥിരം വേദി

77 (5665) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫിലിം ഫെസ്റ്റിവൽ നടത്താൻ എത്ര കോടി രൂപ മുതൽ മുടക്കിയാണ് തിരുവനന്തപുരത്ത് സ്ഥിരം വേദി നിർമ്മിക്കുന്നതെന്നും ആയത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വിശദമാക്കുമോ?

ഉത്തരം

കിഫ്ബി ഫണ്ടിൽനിന്നും 100 കോടി രൂപ കണ്ടെത്തി അന്താരാഷ്ട്ര ചലച്ചിത്ര മേള സംഘടിപ്പിക്കുന്നതിനായി സ്ഥിരം വേദി നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി തലസ്ഥാന നഗരിയിൽ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു.

## സാംസ്കാരിക വകുപ്പിന് കീഴിലുള്ള അക്കാദമികളുടെ പ്രവർത്തനം

78 (5666) പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. എസ്. ശർമ്മ:
ശ്രീ. ജെയിംസ് മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന് കീഴിലുള്ള വിവിധ അക്കാദമികളുടെ പ്രവർത്തനം തൃപ്തികരമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കേന്ദ്ര-സാഹിത്യ അക്കാദമിയുടെ മാതൃകയിൽ കേരള സാഹിത്യ അക്കാദമിയെ പുനഃസംഘടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; എങ്കിൽ അത് വഴി ലക്ഷ്യമാക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(സി) നിലവിലെ സാഹചര്യത്തിൽ പ്രാദേശിക-സാഹിത്യ സമിതികൾ, കലാ - സാംസ്കാരിക സമിതികൾ എന്നിവയുടെ പ്രവർത്തനങ്ങൾക്ക് സർക്കാർ സഹായം നൽകുന്നതിന് മാനദണ്ഡങ്ങൾ തടസ്സമായതിനാൽ അവ പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) വിവിധ അക്കാദമികളും സാംസ്കാരിക കേന്ദ്രങ്ങളും സമാന സ്വഭാവമുള്ള കലാപരിപാടികൾ സംഘടിപ്പിക്കുന്നതിന് പകരം അതത് മേഖലയുമായി ബന്ധപ്പെട്ട പരിപാടികൾക്ക് പ്രാമുഖ്യം നൽകുന്നതിനും പ്രസ്തുത മേഖലയിൽ ഗവേഷണാത്മക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ;

(ഇ) ഓരോ അക്കാദമിയും അവരവരുടെ മേഖലയിലെ പ്രാദേശിക സമിതികളുമായി ചേർന്ന് സംയുക്ത പരിപാടികൾ ഏറ്റെടുക്കുന്നതിനും പ്രസ്തുത സമിതികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം നേടിക്കൊടുക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. വിവിധ അക്കാദമികളുടെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട്, അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ട്, നിയമസഭാ സമിതിക്ക് മുമ്പാകെ സമർപ്പിക്കുന്ന വാർഷിക പ്രവർത്തന റിപ്പോർട്ട്, വാർഷിക ഭരണ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ അക്കാദമികളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നു. കൂടാതെ സാംസ്കാരിക സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ഗ്രാന്റിന്റെ വിനിയോഗ സർട്ടിഫിക്കറ്റും യഥാസമയം ലഭ്യമാക്കി സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. അക്കാദമികളുടെ പ്രവർത്തനം തൃപ്തികരമാണോയെന്ന് പരിശോധിക്കുവാനും സർക്കാർ നിലപാടുകൾ അക്കാദമികളെ വിവിധ ഘട്ടങ്ങളിൽ അറിയിക്കുന്നതിനുമാണ് സർക്കാർ പ്രതിനിധികളെ അക്കാദമികളുടെ ഭരണസമിതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുന്ന വിവിധ സാംസ്കാരിക സംഘടനകൾക്ക്/ സമിതികൾക്ക്/ സ്ഥാപനങ്ങൾക്ക് ധനസഹായങ്ങൾ അനുവദിക്കുന്നതിന് നിലവിൽ അവലംബിച്ചു വരുന്ന മാനദണ്ഡങ്ങൾ ഒരു തടസ്സവും സൃഷ്ടിക്കുന്നില്ല. എന്നാൽ പ്രസ്തുത മാനദണ്ഡങ്ങൾക്ക് കാലോചിതമായ മാറ്റങ്ങൾ അനിവാര്യമാണെന്ന് വിലയിരുത്തുന്നതിന്റെ അടിസ്ഥാനത്തിൽ ടി മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സാംസ്കാരിക വകുപ്പിന് കീഴിലുള്ള അക്കാദമികളുടെയും സാംസ്കാരിക കേന്ദ്രങ്ങളുടെയും പ്രവർത്തനലക്ഷ്യങ്ങൾ വിഭിന്നമാണ്. അതുകൊണ്ടുതന്നെ സമാനസ്വഭാവമുള്ള പരിപാടികൾ സംഘടിപ്പിക്കുന്നത് വിരളവുമാണ്. എന്നാൽ ചില മേഖലകളിൽ അക്കാദമികൾ സഹകരിച്ച് പ്രവർത്തിക്കുന്നതുകൊണ്ട് പരിപാടികൾ കൂടുതൽ ഫലപ്രദമാവുന്നതും ചെലവുകൾ ഗണ്യമായ തോതിൽ കുറയുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണത്തിന് കേരള സംഗീത നാടക അക്കാദമിയിൽ നടത്തുന്ന ഇറ്റ് ഫോക് പരിപാടിയുടെ കൊളോക്യം-സെമിനാർ സെഷനുകൾ ഏറ്റെടുത്ത് നടത്തുന്നത് കേരള സാഹിത്യ അക്കാദമിയാണ്. ഇത് രണ്ട് അക്കാദമികളുടെയും പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കുന്നുണ്ട്.

ഫോക് ലോർ പഠനത്തിനും ഗവേഷണത്തിനും ഉതകുംവിധം വിപുലമായ ഒരു ഉപകേന്ദ്രം കോട്ടയം ജില്ലയിലെ വെള്ളാവൂരിലെ മണിമലയിൽ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. തെക്കൻ കേരളത്തിലെ പടയണി, മുടിയേറ്റ്, കുത്തിയോട്ടം, അമ്പത്തീരടിപാട്ടും പടവെട്ടും തുടങ്ങിയ കലാരൂപങ്ങളെ പരിശീലിപ്പിക്കുവാനും മറ്റു ഗവേഷണ പ്രവർത്തനങ്ങൾക്കും ഈ പഠനകേന്ദ്രത്തെ പ്രയോജനപ്പെടുത്തുവാൻ കഴിയും.

സിനിമാമേഖലയിൽ ഗവേഷണാത്മക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിക്ക് കീഴിൽ സെന്റർ ഫോർ ഇന്റർനാഷണൽ ഫിലിം റിസർച്ച് & ആർക്കൈവ്സ് (CIFRA) പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ഇ) കേരള സംഗീത നാടക അക്കാദമിയും കേരള ഫോക് ലോർ അക്കാദമിയും പ്രാദേശിക സമിതികളുമായി ചേർന്ന് സംയുക്ത പരിപാടികൾ ഏറ്റെടുത്ത് നടത്തിവരാറുണ്ട്. വിവിധ അക്കാദമികൾ ശിപാർശ ചെയ്യുന്ന പ്രാദേശിക സമിതികൾക്ക് സംസ്ഥാന സർക്കാർ പരിശോധിച്ച് സാമ്പത്തിക സഹായം നൽകുന്നുണ്ട്. കൂടാതെ സാംസ്കാരിക സ്ഥാപനങ്ങളും/ സമിതികളുടെ കേന്ദ്ര ഗ്രാന്റിനായുള്ള അപേക്ഷകൾ പരിശോധിച്ച് കേന്ദ്രസർക്കാരിലേക്ക് ശിപാർശ ചെയ്യാറുണ്ട്.

## സിനിമയുമായി ബന്ധപ്പെട്ട നിയമ ഭേദഗതികൾ

79 (5667) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമയുമായി ബന്ധപ്പെട്ട നിയമങ്ങൾ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ നിയമത്തിൽ എന്തൊക്കെ ഭേദഗതികളാണ് വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഇക്കാര്യത്തിൽ സിനിമയുമായി ബന്ധപ്പെട്ട സംഘടനകളുമായി എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഏതൊക്കെ സംഘടനകളുമായെന്നും വ്യക്തമാക്കുമോ;

(ഡി) ഏതെങ്കിലും സംഘടനകളുടെ ഭാഗത്തുനിന്ന് നിയമ ഭേദഗതി സംബന്ധിച്ച നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഇ) ഇക്കാര്യത്തിൽ സംഘടനകളുമായി ചർച്ചകൾ നടന്നിട്ടില്ലെങ്കിൽ അവരുമായി ചർച്ച നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ & ബി) സിനിമാ മേഖലയുടെ സമഗ്ര പരിഷ്കരണത്തിനായി സാംസ്കാരിക വകുപ്പിന്റെ ചുമതലയിൽ സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത അതോറിറ്റി രൂപീകരിക്കുന്നതിനുള്ള കരട് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 20-1-2018-ലെ സ.ഉ. (സാധാ)നമ്പർ 30/2018/ സാം.കാ.വ, 25-5-2018-ലെ സ.ഉ. (സാധാ) നമ്പർ 363/2018/സാം.കാ.വ എന്നിവ പ്രകാരം വിദഗ്ധ സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി സർക്കാരിലേക്ക് ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു.

(സി & ഡി) നിലവിൽ ചർച്ചകൾ നടത്തിയിട്ടില്ല.

(ഇ) കരട് നിർദ്ദേശങ്ങളുടെ പരിശോധന പൂർത്തിയാക്കിയതിനുശേഷം ചർച്ചകൾ നടത്തുന്ന കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

**സിനിമയുമായി ബന്ധപ്പെട്ട നിയമങ്ങൾ**

80 (5668) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമയുമായി ബന്ധപ്പെട്ട നിയമങ്ങൾ സംസ്ഥാനത്തെ ആഭ്യന്തര വകുപ്പിന്റെ ചുമതലയിൽപ്പെടുന്നവയാണോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയമങ്ങൾ ആഭ്യന്തര വകുപ്പിന്റെ ചുമതലയിലാണെങ്കിൽ അവ സാംസ്കാരിക വകുപ്പിന്റെ ചുമതലയിലേക്ക് മാറ്റുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) കേരള സർക്കാരിന്റെ കാര്യനിർവ്വഹണ ചട്ടങ്ങളിലെ ചട്ടം (4) പ്രകാരം 1958-ലെ സിനിമാ റെഗുലേഷൻ ആക്ട്, 1988-ലെ സിനിമാ റെഗുലേഷൻ റൂൾ എന്നിവ നിലവിൽ ആഭ്യന്തര വകുപ്പിന് കീഴിലാണ്. ആയത് സാംസ്കാരിക വകുപ്പിന് കീഴിലേക്ക് മാറ്റുന്നതിന് മന്ത്രിസഭ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(ബി&സി) അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ടിലെ ഒരു ശിപാർശയായ സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരണവുമായി ബന്ധപ്പെട്ട് പ്രസ്തുത നിയമങ്ങൾ ആഭ്യന്തര വകുപ്പിൽനിന്നും സാംസ്കാരിക വകുപ്പിന് കീഴിലേക്ക് മാറ്റുന്നതിനായി കാര്യനിർവ്വഹണ ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാൻ മന്ത്രിസഭ തീരുമാനമെടുക്കുകയും ബഹു. കേരള ഗവർണറുടെ അംഗീകാരം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. കാര്യനിർവ്വഹണ ചട്ടങ്ങളിൽ ഭേദഗതി വരുത്തി നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## മതചിഹ്നങ്ങളെ അവഹേളിച്ച കാർട്ടൂണിന് അവാർഡ്

81 (5669) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകമെമ്പാടുമുള്ള ക്രൈസ്തവ മത വിശ്വാസികൾ ആദരവോടെ കാണുന്ന മതചിഹ്നങ്ങളെ അവഹേളിക്കുന്ന തരത്തിൽ വരച്ച കെ. കെ. സുഭാഷിന്റെ വിശ്വാസം രക്ഷതി എന്ന കാർട്ടൂണിനെ ഈ വർഷത്തെ ലളിത കലാ അക്കാദമി പുരസ്കാരം നൽകുന്നതിനായി തെരഞ്ഞെടുത്ത നടപടി സംബന്ധിച്ച് സർക്കാർ നിലപാട് വ്യക്തമാക്കുമോ;

(ബി) പൊതുസമൂഹത്തിന്റെ ഉയർന്നുവന്ന പ്രതിഷേധം കണക്കിലെടുത്ത് അവാർഡ് നിർണ്ണയം പുനഃപരിശോധിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) സർക്കാരിന്റെ തീരുമാനത്തോട് ലളിതകലാ അക്കാദമി യോജിക്കാത്ത നിലപാടാണ് കൈക്കൊള്ളുന്നതെങ്കിൽ ആയതിനെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത അവാർഡിനെതിരെ പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഈ വർഷത്തെ ലളിതകലാ അക്കാദമിയുടെ കാർട്ടൂൺ പുരസ്കാരം ലഭിച്ച കെ. കെ. സുഭാഷിന്റെ വിശ്വാസം രക്ഷതി എന്ന കാർട്ടൂണിനെ സംബന്ധിച്ച് ചില വിമർശനങ്ങൾ ഉയർന്നു വന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രത്യേക മത പ്രതീകങ്ങളെ അവഹേളിക്കുന്ന രീതിയിലും പ്രകോപനപരവുമായാണ് പ്രസ്തുത കാർട്ടൂണിൽ ചിത്രീകരിച്ചിട്ടുള്ളത് എന്നതാണ് ആക്ഷേപത്തിന്റെ കാതലായ ഭാഗം.

ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലുമായി ബന്ധപ്പെട്ട വിഷയമാണ് കാർട്ടൂണിന്റെ പ്രമേയം. അത്തരത്തിൽ ഒരു പ്രമേയത്തെ അധികരിച്ച് ഒരു രചന നിർവ്വഹിക്കുന്നതിനുള്ള ആവിഷ്കാര സ്വാതന്ത്ര്യത്തിൽ സർക്കാർ ഇടപെടുന്നില്ല. പക്ഷേ, ക്രിസ്തീയ മതാചാര പ്രകാരമുള്ള ചില മതചിഹ്നങ്ങളെ അധിക്ഷേപകരമായി ചിത്രീകരിക്കുന്ന ചില ഭാഗങ്ങൾ കൂടി പ്രസ്തുത കാർട്ടൂണിൽ ഉള്ളതായി കാണുന്നുണ്ട്. ഇതിനോട് സർക്കാർ യോജിക്കുന്നില്ല. വ്യത്യസ്ത മത വിഭാഗങ്ങളിൽ വിശ്വസിക്കുന്നവർ ഒത്തൊരുമയോടുകൂടി സമാധാനപരമായി ജീവിച്ചുപോരുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. ഒരു മതത്തിന്റെയും വിശ്വാസങ്ങളെ ഹനിക്കുകയോ അപകീർത്തിപ്പെടുത്തുകയോ ചെയ്യുന്ന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. അത്തരം നീക്കങ്ങൾ ഏത് ഭാഗത്ത് നിന്നുണ്ടായാലും അതിനോട് സർക്കാർ യോജിക്കുന്നില്ല.

(ബി) ഉണ്ട്. പകർപ്പ് അനുബന്ധം* ആയി ചേർക്കുന്നു.

(സി) സർക്കാർ തീരുമാനത്തോട് യോജിക്കാത്ത നിലപാട് ലളിതകലാ അക്കാദമിക്ക് ഉള്ളതായി അറിയിച്ചിട്ടില്ല.

(ഡി) 45 പരാതികൾ കേരള ലളിതകലാ അക്കാദമിയിൽ ലഭിച്ചതായി അറിയിച്ചിട്ടുണ്ട്.

## കലാഭവൻ മണി സ്മാരകം

82 (5670) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അനശ്വര നടൻ കലാഭവൻ മണിയുടെ ഓർമ്മയ്ക്കായി ചാലക്കുടിയിൽ കലാഭവൻ മണി സ്മാരകം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ?

ഉത്തരം

2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ കലാഭവൻ മണിയുടെ സ്മരണാർത്ഥം സ്മാരകം നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ പ്രഖ്യാപിച്ചിരുന്നു. മേൽ പദ്ധതി കേരള ഫോക് ലോർ അക്കാദമി മുഖാന്തിരം നടപ്പിലാക്കുന്നതിനായി 31-3-2017-ലെ സ.ഉ. (സാധാ) നമ്പർ 288/2017/സാം.കാ.വ. പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിക്കായി സ്ഥലവും അടിസ്ഥാന സൗകര്യവും ലഭ്യമാക്കി വിശദമായ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രൊപ്പോസൽ ലഭ്യമാക്കുവാൻ കേരള ഫോക് ലോർ അക്കാദമിക്ക് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത പദ്ധതിക്ക് അനുയോജ്യമായ സ്ഥലം ചാലക്കുടിയിൽ കണ്ടെത്തി സർക്കാരിൽ റിപ്പോർട്ട് ചെയ്യുവാൻ തൃശ്ശൂർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി പദ്ധതിക്ക് സ്ഥലവും അടിസ്ഥാന സൗകര്യവും ലഭ്യമാകുന്ന മുറയ്ക്ക് മേൽ പദ്ധതിയിന്മേൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

## ചെങ്ങന്നൂരിൽ ഓപ്പൺ ആഡിറ്റോറിയം

83 (5671) <u>ശ്രീ. സജി ചെറിയാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടരങ്ങ് എന്ന പേരിലുള്ള പദ്ധതിയിൽ ചെങ്ങന്നൂരിൽ കല്ലിശ്ശേരി പഴയ പാലത്തിന് സമീപമുള്ള പ്രദേശത്ത് ഓപ്പൺ ആഡിറ്റോറിയം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം സാംസ്കാരിക വകുപ്പിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിനായി സ്വീകരിച്ച നടപടികളും തുടർ നടപടിയും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ഗ്രാമീണ മേഖലയിലും ചെറു പട്ടണങ്ങളിലും കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് മതിയായ പൊതു ഇടങ്ങൾ ലഭ്യമല്ലാത്തിടത്ത് പാതയോരങ്ങളോ, പൊതു ഇടങ്ങളോ കണ്ടെത്തി രംഗവേദികൾ സ്ഥാപിക്കുന്ന ഒരു പദ്ധതിയാണ് 'നാട്ടരങ്ങ്'. ഈ പദ്ധതിയിൻകീഴിൽ ഒരു തുറന്ന സ്റ്റേജ്, ചമയമുറി, ഗാർഡൻ ബെഞ്ചുകൾ എന്നിവ നിർമ്മിക്കുകയും, ശില്പങ്ങളും, ചുമർ ചിത്രങ്ങളും ഉപയോഗിച്ച് സൗന്ദര്യവത്കരണം നടത്തുകയും ചെയ്യുന്നു. നിർദ്ദിഷ്ട സ്ഥലത്ത് നാട്ടരങ്ങിനായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് തടസ്സമില്ലായെന്ന ഒരു നിരാക്ഷേപപത്രം ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട റോഡ്സ് & ബ്രിഡ്ജസ് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട തദ്ദേശ ഭരണാധികാരികൾ ഈ നാട്ടരങ്ങിന്റെ പരിപാലന ചുമതലയും ഏറ്റെടുക്കേണ്ടതുണ്ട്. ഇത് രണ്ടും ലഭിച്ചാലുടൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## കെ.എസ്.എഫ്.ഡി.സി.-യുടെ തിയേറ്ററുകൾ

84 (5672) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഡി.സി.-യുടെ എത്ര തിയേറ്ററുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) 2016-ന് ശേഷം കെ.എസ്.എഫ്.ഡി.സി.-യുടെ എത്ര പുതിയ തിയേറ്ററുകൾ പ്രവർത്തനം ആരംഭിച്ചുവെന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) ഈ സാമ്പത്തിക വർഷം എത്ര പുതിയ തിയേറ്ററുകൾ ആരംഭിക്കുവാൻ കെ.എസ്.എഫ്.ഡി.സി. ഉദ്ദേശിക്കുന്നുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും ഓരോന്നിനുമായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും എന്നത്തേയ്ക്ക് ഇവയുടെ പ്രവർത്തനം തുടങ്ങുവാൻ സാധിക്കുമെന്നും വിശദമാക്കുമോ ;

(ഡി) ഗ്രാമപ്രദേശങ്ങളിൽ കെ.എസ്.എഫ്.ഡി.സി.-യുടെ പുതിയ തിയേറ്ററുകൾ സ്വകാര്യ പങ്കാളിത്തത്തോടെ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) നിലവിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി കെ.എസ്.എഫ്.ഡി.സി.-ക്ക് 17 തിയേറ്ററുകൾ പ്രവർത്തിക്കുന്നുണ്ട്. അവ ചുവടെപ്പറയുന്ന സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | - | കൈരളി, നിള, ശ്രീ, ലെനിൻ സിനിമാസ്, കലാഭവൻ തിയേറ്റർ |
| ആലപ്പുഴ | - | കൈരളി, ശ്രീ |
| ചേർത്തല | - | കൈരളി, ശ്രീ |
| നോർത്ത് പറവൂർ | - | കൈരളി, ശ്രീ |
| തൃശ്ശൂർ | - | കൈരളി, ശ്രീ |
| കോഴിക്കോട് | - | കൈരളി, ശ്രീ |
| ചിറ്റൂർ | - | കൈരളി, ശ്രീ |

(ബി) 2016-നുശേഷം നോർത്ത് പറവൂർ ചിത്രാഞ്ജലി തിയേറ്റർ നവീകരിച്ച് കൈരളി, ശ്രീ എന്നിങ്ങനെ രണ്ട് തിയേറ്ററുകളായും ചിറ്റൂർ ചിത്രാഞ്ജലി തിയേറ്റർ നവീകരിച്ച് കൈരളി, ശ്രീ എന്നിങ്ങനെ രണ്ട് തിയേറ്ററുകളായും തിരുവനന്തപുരം തമ്പാനൂർ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലിൽ ലെനിൻ സിനിമാസ് എന്ന പേരിൽ ഒരു പുതിയ തിയേറ്ററും പ്രവർത്തനം ആരംഭിക്കുകയുണ്ടായി.

(സി) ഈ സാമ്പത്തിക വർഷം താഴെപ്പറയുന്ന നാല് സ്ഥലങ്ങളിലായി 9 തിയേറ്ററുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനാണ് കെ.എസ്.എഫ്.ഡി.സി. ഉദ്ദേശിക്കുന്നത്.

| പുതുതായി തിയേറ്റർ തുടങ്ങുവാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ | കിഫ്ബി പദ്ധതി പ്രകാരം തിയേറ്റർ നിർമ്മാണത്തിനായി വകയിരുത്തിയിരിക്കുന്ന തുക |
|---|---|
| കായംകുളം - 3 സ്ക്രീനുകൾ | 15.03 കോടി |
| പയ്യന്നൂർ - 2 സ്ക്രീനുകൾ | 11.35 കോടി |
| അളഗപ്പനഗർ -2 സ്ക്രീനുകൾ | 9.40 കോടി |
| പേരാമ്പ്ര - 2 സ്ക്രീനുകൾ | 11.35 കോടി |

ടി തിയേറ്ററുകളുടെ പ്രവർത്തനം 2020 ജൂൺ മാസത്തോടെ ആരംഭിക്കത്തക്ക രീതിയിലുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.

(ഡി) ഗ്രാമ പ്രദേശങ്ങളിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ തിയേറ്ററുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി നിലവിൽ കെ.എസ്.എഫ്.ഡി.സി. ആരംഭിച്ചിട്ടില്ല.

## സിനിമാരംഗത്ത് സമഗ്ര മാറ്റം

85 (5673) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിനിമാരംഗത്ത് സമഗ്രമായ മാറ്റം കൊണ്ടുവരുന്നതിനും ആശാസ്യമല്ലാത്ത പ്രവണതകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനായി പ്രത്യേക നിയമനിർമ്മാണം നടത്തേണ്ടതുണ്ടോ; ഉണ്ടെങ്കിൽ ആയതിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സിനിമാരംഗത്ത് സമഗ്ര മാറ്റം കൊണ്ടുവരുന്നതിനും ആശാസ്യമല്ലാത്ത പ്രവണതകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിനുമായി ചലച്ചിത്ര നിർമ്മാണം, വിതരണം, പ്രദർശനം തുടങ്ങി എല്ലാ മേഖലകളെയും ഉൾക്കൊള്ളിച്ചു കൊണ്ട് സാംസ്കാരിക വകുപ്പിന്റെ ചുമതലയിൽ സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് ശിപാർശകൾ സമർപ്പിക്കുന്നതിനായി 20-1-2018-ലെ സ.ഉ. (സാധാ)നമ്പർ .30/2018/സാം.കാ.വ. 25-5-2018-ലെ സ.ഉ. (സാധാ) നമ്പർ 363/2018/സാം.കാ.വ. എന്നിവ പ്രകാരം വിദഗ്ദ്ധ സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്.

(ബി) ഉണ്ട്. സാംസ്കാരിക വകുപ്പിന്റെ ചുമതലയിൽ സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണത്തിന്റെ ഭാഗമായി നിലവിൽ സർക്കാരിന്റെ കാര്യനിർവ്വഹണ ചട്ടങ്ങൾ പ്രകാരം ആഭ്യന്തര വകുപ്പിന്റെ കീഴിലുള്ള സിനിമാട്ടോഗ്രാഫ് ആക്ട്, സിനിമാ റെഗുലേഷൻ ആക്ട് എന്നിവ സാംസ്കാരിക വകുപ്പിന്റെ കീഴിലേക്ക് മാറ്റുന്നതിനായി കാര്യനിർവ്വഹണ ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാൻ മന്ത്രിസഭ തീരുമാനമെടുക്കുകയും ബഹു. കേരള ഗവർണറുടെ അംഗീകാരം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. കാര്യനിർവ്വഹണ ചട്ടങ്ങളിൽ ഭേദഗതി വരുത്തി നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിച്ചു വരുന്നു.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുള്ള തിയേറ്റർ നിർമ്മാണം

86 (5674) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഡി.സി. എവിടെയെല്ലാമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് തിയേറ്ററുകൾ നിർമ്മിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം തിയേറ്ററുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിയേറ്റർ നിർമ്മാണ പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ കായംകുളം, അളഗപ്പനഗർ, പയ്യന്നൂർ എന്നിവിടങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ അനുവദിച്ച സ്ഥലത്തും, പേരാമ്പ്രയിൽ ജലവിഭവ വകുപ്പ് അനുവദിച്ച സ്ഥലത്തുമാണ് തിയേറ്റർ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ബി) കായംകുളം, അളഗപ്പനഗർ, പേരാമ്പ്ര, പയ്യന്നൂർ എന്നിവിടങ്ങളിലെ തിയേറ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയായാലുടൻ തിയേറ്റർ നിർമ്മാണ ജോലികൾ ആരംഭിക്കുന്നതാണ്.

**വനം വകുപ്പ് അപേക്ഷകൾ ഓൺലൈനാക്കാൻ നടപടി**

87 (5675) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിലേക്ക് സമർപ്പിക്കേണ്ട ഏതെല്ലാം അപേക്ഷകളാണ് ഓൺലൈൻ സംവിധാനത്തിലൂടെ സ്വീകരിക്കുന്നത് എന്ന് വിശദമാക്കുമോ;

(ബി) ലാന്റ് എൻ.ഒ.സി., മില്ല് എൻ.ഒ.സി. എന്നിവയ്ക്കായി സമർപ്പിക്കുന്ന അപേക്ഷകൾ ഓൺലൈൻ മുഖാന്തരമാണോ സ്വീകരിക്കുന്നത്;

(സി) അല്ലെങ്കിൽ, ഇത്തരം അപേക്ഷകൾ ഓൺലൈൻ സംവിധാനത്തിലാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) വനം വകുപ്പിലേക്ക് സമർപ്പിക്കുന്ന താഴെപ്പറയുന്ന അപേക്ഷകളാണ് ഓൺലൈൻ സംവിധാനത്തിലൂടെ സ്വീകരിക്കുന്നത്:

1. വന്യജീവി ആക്രമണംമൂലമുണ്ടാകുന്ന വിളനാശം, ജീവഹാനി, പരിക്ക്, കന്നുകാലികളുടെ നഷ്ടം, വസ്തുവകകളുടെ നാശം, വീടിനുണ്ടാകുന്ന നാശനഷ്ടങ്ങൾ എന്നിവയ്ക്കുള്ള നഷ്ടപരിഹാരത്തിനുള്ള അപേക്ഷ.
2. മില്ല്, തടിയധിഷ്ഠിത വ്യവസായങ്ങൾക്കുള്ള എൻ.ഒ.സി.-ക്കുള്ള അപേക്ഷ.
3. വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ മരങ്ങൾ മുറിച്ച് നീക്കുന്നതിനുള്ള അപേക്ഷ.

(ബി) ലാൻഡ് എൻ.ഒ.സി.-യുടെ അപേക്ഷകൾ ഓൺലൈൻ സംവിധാനത്തിലൂടെ സ്വീകരിക്കുന്നില്ല. മില്ല് എൻ.ഒ.സി.-ക്കുള്ള അപേക്ഷ സർക്കാരിന്റെ ഓൺലൈൻ സംവിധാനമായ K.Swift (Single Window interface for Fast & Transparent Clearance) മുഖാന്തരം സമർപ്പിക്കുവാൻ സാധ്യമാണ്.

(സി) ലാൻഡിന്റെ എൻ.ഒ.സി. അപേക്ഷകൾ പ്രാദേശികമായി മാത്രം വരുന്നതും നിയമപ്രശ്നങ്ങൾ ഉൾപ്പെടുന്നതുമാകയാൽ ആയവ ഓൺലൈൻ സംവിധാനത്തിലാക്കുവാൻ നിലവിൽ സാധ്യമല്ല.

## കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ

88 (5676) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം മുമ്പെങ്ങുമില്ലാത്ത വിധം കാട്ടുതീ ഉണ്ടായിട്ടുണ്ടോ; ഇതിലൂടെ എത്ര ഏക്കർ വനമാണ് നഷ്ടമായത് എന്നറിയിക്കാമോ;

(ബി) കാട്ടുതീയിൽ ഏറ്റവും കൂടുതൽ വനം നഷ്ടപ്പെട്ടത് ഏത് ഫോറസ്റ്റ് ഡിവിഷനിലാണ്;

(സി) കാട്ടുതീമൂലം നശിക്കുന്ന വനമേഖലയുടെ വിസ്തീർണ്ണം ഓരോ വർഷവും കൂടിവരുന്ന സാഹചര്യത്തിൽ കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ഈ വർഷം മുമ്പെങ്ങുമില്ലാത്ത വിധം കാട്ടുതീ ഉണ്ടായിട്ടില്ല. 1788.78 ഹെക്ടർ സ്ഥലത്താണ് 2018-19 ഫയർ സീസണിൽ (ഡിസംബർ 2018 മുതൽ മേയ് 2019 വരെ) കാട്ടുതീ ബാധിച്ചത്.

(ബി) ഈസ്റ്റേൺ സർക്കിളിന് കീഴിലുള്ള മണ്ണാർക്കാട് ഫോറസ്റ്റ് ഡിവിഷനിലാണ് കാട്ടുതീയിൽ ഏറ്റവും കൂടുതൽ വനം നഷ്ടപ്പെട്ടത്.

(സി) കാട്ടുതീമൂലം നാശമുണ്ടാകുന്ന വന മേഖലയുടെ വിസ്തീർണ്ണത്തിൽ ഓരോ വർഷവും വർദ്ധനവ് ഉണ്ടാകുന്നു എന്ന് പറയാനാവില്ല. 2016-17-ൽ 2989.68 ഹെക്ടർ ആയിരുന്നത് 2017-18-ൽ 1059.16 ഹെക്ടർ ആയി കുറഞ്ഞു. സംസ്ഥാനത്ത് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിവരുന്നു. പ്രതിരോധത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു:

- വ്യക്തമായ കാട്ടുതീ പ്രതിരോധ പ്രവൃത്തികൾ വിഭാവനം ചെയ്യുന്ന 'ഫയർ മാനേജ്മെന്റ് പ്ലാൻ' സർക്കിൾ തലത്തിൽ തയ്യാറാക്കി.
- കാട്ടുതീ തടയുന്നത് ലക്ഷ്യമാക്കി മുൻകൂട്ടിത്തന്നെ വനമേഖലകളെ Highly Fire Prone, Moderately Fire Prone, Low Fire Prone എന്നിങ്ങനെ തരം തിരിച്ച് ഓരോ വനപ്രദേശത്തിനും ആവശ്യമുള്ള കാട്ടുതീ പ്രതിരോധ പ്രവൃത്തികൾ വിഭാവനം ചെയ്തു.

- കാട്ടുതീ പ്രതിരോധ മുൻകരുതൽ പ്രവൃത്തികളായ മുൻകൂട്ടി കത്തിക്കൽ (early burning), നിയന്ത്രിത കത്തിക്കൽ (control burning), ഫയർലൈൻ തെളിക്കൽ തുടങ്ങിയവ നടത്തി.
- കാട്ടുതീ ഉണ്ടായാൽ മൊബൈലിൽ വിവരം ലഭിക്കുന്ന തരത്തിൽ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ രൂപീകരിച്ചിട്ടുള്ള ഫയർ അലെർട്ട് സിസ്റ്റത്തിൽ വനം വകുപ്പ് ജീവനക്കാർ രജിസ്റ്റർ ചെയ്ത് ഈ സേവനം ഉപയോഗപ്പെടുത്തുന്നു.
- സ്ഥിരമായുള്ളതും താല്ക്കാലികമായിട്ടുള്ളതുമായ ഫയർ വാച്ച് ടവറുകൾ സ്ഥാപിച്ചു.
- കാട്ടുതീ ഉണ്ടായിക്കഴിഞ്ഞാൽ അടിയന്തിരമായി നിയന്ത്രിക്കുന്നതിന് ഫയർഗ്യാംഗുകളെ വിന്യസിക്കൽ, ഫയർ വാച്ചർമാരെ നിയോഗിക്കൽ തുടങ്ങിയവ നടത്തി.
- കാട്ടുതീ ഉണ്ടായിക്കഴിഞ്ഞാൽ അടിയന്തിരമായി എത്തുന്നതിന് വാഹന സൗകര്യം, വിവരം കൈമാറാൻ വയർലെസ്സ് സംവിധാനം, ടെലിഫോൺ, റോഡ് നെറ്റ്‌വർക്ക് എന്നിവ പ്രയോജനപ്പെടുത്തി.
- കാട്ടുതീ ഉണ്ടെന്ന റിപ്പോർട്ട് ലഭിച്ചാൽ ഉദ്യോഗസ്ഥൻ അടിയന്തിരമായി സ്ഥലത്തെത്തി വേണ്ട മുൻകരുതലുകളും തീ നിയന്ത്രണ വിധേയമാക്കാൻ വേണ്ട സത്വര നടപടിയും സ്വീകരിച്ചു.
- സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ സഹായത്തോടെ ജനങ്ങളെ ബോധവാൻമാരാക്കുന്ന പ്രോഗ്രാമുകളായ റാലികൾ, തെരുവു നാടകങ്ങൾ, ഫിലിം ഷോകൾ, എഫ്.എം. റേഡിയോയിലൂടെയുള്ള സന്ദേശങ്ങൾ, പോസ്റ്ററുകൾ, ബാനറുകൾ തുടങ്ങിയവ സംഘടിപ്പിച്ചു.
- ജനപങ്കാളിത്തത്തോടുകൂടിയ കാട്ടുതീ പ്രതിരോധ പ്രവർത്തനത്തിന് വി.എസ്.എസ്. / ഇ.ഡി.സി. തുടങ്ങിയവയുടെ സഹായം ഉറപ്പുവരുത്തി.
- ഫ്രണ്ട്‌ലൈൻ സ്റ്റാഫുകൾക്ക് ഫയർ & റെസ്ക്യൂ സർവ്വീസസിന്റെ സഹായത്തോടെ പരിശീലനം നൽകി.
- ജലലഭ്യത ഉറപ്പ് വരുത്തുന്നതിലേക്കായി ചെക്ക് ഡാം, വാട്ടർഹോൾ, ഗള്ളി പ്ലഗ്ഗിംഗ്, മഴക്കുഴികൾ എന്നിവയുടെ നിർമ്മാണവും പരിപാലനവും നടത്തുന്നു.
- കാട്ടുതീ നിയന്ത്രിക്കുന്നതിന് രണ്ട് ഫോറസ്റ്റ് ഫയർ ടെണ്ടർ വെഹിക്കിൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

- ജില്ലാതല ക്രൈസിസ് മാനേജ്മെന്റ് ടീമിന് രൂപം നൽകി.
- അഗ്നി പ്രതിരോധ സാമഗ്രികളായ ഫയർ സ്യൂട്ട്, ഷൂസ്, ഗ്ലൗസ്, ഫയർ ബീറ്റർ തുടങ്ങിയവ വാങ്ങി നൽകുകയുണ്ടായി.
- കാട്ടുതീ പ്രതിരോധ പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫയർ മോണിറ്ററിംഗ് സെൽ വനം വകുപ്പ് ആസ്ഥാനത്ത് പ്രവർത്തിപ്പിച്ചു.
- സ്റ്റേറ്റ് തലത്തിൽ കാര്യക്ഷമമായി കാട്ടുതീ പ്രതിരോധിക്കുന്നതിനും പരിചരണത്തിനുമായി ഫയർ & റെസ്ക്യൂ വകുപ്പ്, പോലീസ് വകുപ്പ് തുടങ്ങിയ വകുപ്പുകളെ ഉൾപ്പെടുത്തി വനമേധാവി ചെയർമാനായ ഒരു "സ്റ്റേറ്റ് ഫോറസ്റ്റ് ക്രൈസിസ് മാനേജ്മെന്റ് സെൽ" രൂപീകരിച്ചിട്ടുണ്ട്.
- കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്കായി Fire extinguisher, Fire blower, Power saw, Gum boot, Safety helmet, Gloves, Search light, Sleeping bag, Fire beater, Weed cutter, Sprayer, Chain saw, Fire racker, Knapsac sprayer pump with hose, Billhooks, Jacket തുടങ്ങിയ ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.

**ഓപ്പറേഷൻ ബഗീര**

89 (5677) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ ഇരുപത്തിയെട്ട് തടി ഡിപ്പോകളിലും ചന്ദന ഡിപ്പോകളിലും വിജിലൻസ് വിഭാഗം ഓപ്പറേഷൻ ബഗീര എന്ന പേരിൽ മിന്നൽ പരിശോധന നടത്തുകയുണ്ടായോ;

(ബി) ക്യാഷ് ബുക്കിൽ രേഖപ്പെടുത്താത്ത തുക പരിശോധനയിൽ കണ്ടെത്തുകയുണ്ടായോ; യഥാസമയം ഡ്യൂട്ടിക്ക് ഹാജരാകാത്ത ജീവനക്കാരുണ്ടെന്ന് പ്രസ്തുത പരിശോധനയിൽ ബോധ്യപ്പെട്ടിരുന്നോ; ലേലം ചെയ്തശേഷം ഡിപ്പോയിൽനിന്ന് മാറ്റാത്ത തടികൾ, ലേലം ചെയ്യാതെ ഡിപ്പോയിൽ കെട്ടിക്കിടന്ന് നശിച്ച തടികൾ എന്നിവ പരിശോധനയിൽ കണ്ടെത്തുകയുണ്ടായോ; വിശദാംശം നൽകുമോ;

(സി) വനം വകുപ്പ് ഉദ്യോഗസ്ഥരും ഇടനിലക്കാരും ഒത്തുചേർന്നുള്ള ക്രമരഹിതമായ നടപടികളിലൂടെ സർക്കാരിന് ഭീമമായ നഷ്ടം വരുത്തുന്നതായി കണ്ടെത്തുകയുണ്ടായോ;

(ഡി) എങ്കിൽ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ വസ്തുതകളും സ്വീകരിച്ച നടപടികളും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വനം വകുപ്പിന്റെ തടി ഡിപ്പോകളിലും ചന്ദന ഡിപ്പോകളിലും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ വിഭാഗം 22-2-2019-ൽ "ഓപ്പറേഷൻ ബഗീര" എന്ന പേരിൽ മിന്നൽ പരിശോധന നടത്തിയിട്ടുണ്ട്.

(ബി) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പരിശോധന സംബന്ധിച്ച് വനം വകുപ്പിന് ലഭ്യമായ റിപ്പോർട്ടുകൾ പ്രകാരം ക്യാഷ് ബുക്കിൽ രേഖപ്പെടുത്താത്ത തുക പരിശോധനയിൽ കണ്ടെത്തിയതായി പരാമർശിച്ചിട്ടില്ല. തലക്കോട് ഗവൺമെന്റ് തടി ഡിപ്പോയിലെ ക്ലാർക്കും ഡിപ്പോ വാച്ചറും പരിശോധനാ വേളയിൽ ഓഫീസിൽ ഹാജരുണ്ടായിരുന്നില്ല. കൂടാതെ ബാവലി സർക്കാർ തടി ഡിപ്പോ ഓഫീസർ ഹാജരില്ലായെന്ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ബാവലി ഡിപ്പോയിൽ ഡിപ്പോ ഓഫീസറുടെ തസ്തിക ഇല്ലാത്തതും കുപ്പാടി സർക്കാർ തടി ഡിപ്പോ ഓഫീസർക്ക് ബാവലി ഡിപ്പോയുടെ അധികച്ചുമതല നൽകിയിരിക്കുകയാണെന്നും പരിശോധനാവേളയിൽ തന്നെ വിജിലൻസിനെ അറിയിച്ചിട്ടുള്ളതാണ്. തലക്കോട് സർക്കാർ തടി ഡിപ്പോയിൽ ശ്രീമതി അംബിക. കെ. എസ്., താജ് ടിംബർ, പെരിമ്പല്ലിശ്ശേരി എന്നയാൾ ലേലത്തിൽ വിജയിക്കുകയും എന്നാൽ ലേലത്തുക പൂർണ്ണമായി അടയ്ക്കുന്നതിന് പരാജയപ്പെട്ടതിനാൽ തടികൾ ഡിപ്പോയിൽ നിന്ന് മാറ്റിയിട്ടില്ലായെന്ന് വിജിലൻസ് പരിശോധനാവേളയിൽ കണ്ടെത്തിയിട്ടുമുണ്ട്. ലേലം ചെയ്യാതെ തടികൾ ഡിപ്പോയിൽ കെട്ടിക്കിടന്ന് നശിക്കുന്നതായി പരിശോധനാ റിപ്പോർട്ടിൽ പരാമർശിക്കുന്നില്ല.

(സി) വനം വകുപ്പ് ഉദ്യോഗസ്ഥരും ഇടനിലക്കാരും ഒത്തുചേർന്നുള്ള ക്രമരഹിതമായ നടപടികളിലൂടെ സർക്കാരിന് നഷ്ടം വരുത്തുന്നതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

(ഡി) വിജിലൻസിന്റെ പരിശോധനയിൽ വനം വകുപ്പിന് ലഭിച്ച റിപ്പോർട്ടുകളിലെ കണ്ടെത്തലുകൾ പ്രകാരം ആയവ വിശദമായി പരിശോധിച്ച് കഴമ്പുണ്ടെങ്കിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുവാനും പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്നവ വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കും ബന്ധപ്പെട്ട സർക്കിൾ ഫോറസ്റ്റ് കൺസർവേറ്റർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

### റോഡുകളുടെ വികസനത്തിന് തടസ്സമായി നിൽക്കുന്ന മരങ്ങൾ

90 (5678) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ വികസനത്തിന് തടസ്സമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിലെ കാലതാമസം വികസന പ്രവർത്തനങ്ങൾ വൈകുന്നതിന് ഇടയാക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വനം വകുപ്പ് തീരുമാനിക്കുന്ന വിലയ്ക്ക് മരങ്ങൾ ലേലത്തിലെടുക്കാൻ ആരും സന്നദ്ധരാവുന്നില്ല എന്നത് ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) തീരെ വില കിട്ടാത്തതും ഉപയോഗപ്രദമല്ലാത്തതുമായ മരങ്ങൾ വികസന പ്രവർത്തനങ്ങൾക്കായി മുറിച്ചുനീക്കാൻ പൊതുമരാമത്ത് വകുപ്പിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) റോഡ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് മരം മുറിക്കുന്നതിന് കരാറുകാരനെ അനുവദിക്കുന്നതിനും ലേല നടപടികൾ പിന്നീട് സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പിന് നിർദ്ദേശം നൽകാൻ സന്നദ്ധമാവുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റോഡുകളുടെ വികസനത്തിന് തടസ്സം നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അതാത് ജില്ലയിലെ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ കൺവീനർ ആയിട്ടുള്ള, G.O.(Rt) No.68/2010/F&WLD പ്രകാരം രൂപീകരിച്ച ട്രീ കമ്മിറ്റി പ്രസ്തുത അപേക്ഷ പരിശോധിച്ച്, കമ്മിറ്റിയുടെ നിർദ്ദേശങ്ങൾക്ക് വിധേയമായി അനുവാദം നൽകി വരുന്നുണ്ട്.

(ബി) 10-2-2010-ലെ G.O.(Rt) No.68/2010/F&WL പ്രകാരമാണ് പൊതുസ്ഥലങ്ങളിൽ നിൽക്കുന്ന മരങ്ങൾ മുറിക്കുവാൻ അനുവാദം നൽകുന്നത്. അനുമതി നൽകുന്ന മരത്തിന്റെ വില നിർണ്ണയം നടത്തുന്നത് എൻ.ആർ. നായർ വോളിയം ടേബിൾ പ്രകാരമാണ്. നിൽപ്പു മരത്തിന്റെ വിലയാണ് ഇപ്രകാരം നിർണ്ണയിക്കുന്നത്. ശാസ്ത്രീയമായി ഇപ്രകാരം നിർണ്ണയിച്ച വില കുറച്ചു കൊടുക്കുവാൻ വനം വകുപ്പിന് അധികാരമില്ല. വനം വകുപ്പ് നിശ്ചയിച്ച തുകയ്ക്ക് ലേലം നടന്നില്ലെങ്കിൽ തുടർ ലേലം നടത്താവുന്നതും വനം വകുപ്പ് നിർണ്ണയിച്ച വില ലഭിക്കാത്ത പക്ഷം ലേലം നടത്തുന്ന ഉദ്യോഗസ്ഥന് ആയതിനുള്ള കാരണം വ്യക്തമാക്കി ലേലം സ്ഥിരപ്പെടുത്താവുന്നതുമാണ്.

(സി) മരങ്ങൾ മുറിക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിരിക്കുന്നത് വനേതര പ്രദേശങ്ങളിലെ അനാവശ്യമായ മരംമുറികൾ ഒഴിവാക്കുന്നതിന് വേണ്ടിയാണ്. ആയതിനാൽ ഈ വിഷയം വനം വകുപ്പിന്റെ പരിഗണനയിൽ ഇല്ല. പരിസ്ഥിതി കമ്മിറ്റി അപേക്ഷയുടെ അടിസ്ഥാനത്തിൽ ഒരു മരം മുറിക്കുവാൻ അനുമതി നൽകുന്നത് കേവലം സാമ്പത്തിക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല, മറിച്ച് പാരിസ്ഥിതിക മൂല്യം കണക്കിലെടുത്താണ്.

(ഡി) ലേല നടപടികൾ പൂർത്തിയാക്കാതെ മരം മുറിക്കുവാൻ കരാറുകാരനെ അനുവദിച്ചാൽ അത് ക്രമക്കേടുകൾ നടക്കാനുള്ള സാഹചര്യം സൃഷ്ടിക്കാൻ സാധ്യതയുണ്ട്. കൂടാതെ മുറിച്ചിട്ട തടികൾ പിന്നീട് ലേലം ചെയ്യാൻ അനുവദിച്ചാൽ അത് മരങ്ങൾ നഷ്ടപ്പെടുവാനും ഗുണനിലവാരം കുറയുവാനും അതുവഴി സർക്കാരിന് നഷ്ടം ഉണ്ടാകുവാനും സാധ്യത കൂടുതലാണ്.

**ബയോസ്ഫിയർ റിസർവ്വുകൾ**

91 (5679) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ബയോസ്ഫിയർ റിസർവ്വുകളും അവയുടെ ഗുണഫലങ്ങളും സംബന്ധിച്ചുള്ള വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഭൂപ്രകൃതിയുടെ സംരക്ഷണത്തിലും സുസ്ഥിര ഉപയോഗത്തിലുമുള്ള ബയോസ്ഫിയറുകളുടെ പങ്ക് വ്യക്തമാക്കുമോ;

(സി) നീലഗിരി ബയോസ്ഫിയർ റിസർവ്വിൽ ഏതൊക്കെ വനമേഖലകളാണ് ഉൾപ്പെടുന്നതെന്നും അവിടെ നടപ്പാക്കുന്ന പദ്ധതികളും സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(ഡി) അഗസ്ത്യമേഖല ബയോസ്ഫിയർ റിസർവ്വിൽ ഉൾപ്പെടുന്ന പ്രദേശങ്ങളും അവിടെ നടപ്പാക്കുന്ന പദ്ധതികളും സംബന്ധിച്ച വിവരം അറിയിക്കാമോ?

ഉത്തരം

(എ) കേരളത്തിൽ അഗസ്ത്യമല, നീലഗിരി എന്നീ 2 ബയോസ്ഫിയർ റിസർവ്വുകൾ നിലവിലുണ്ട്. ഒറ്റപ്പെട്ട് കിടക്കുന്ന വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ, ദേശീയോദ്യാനങ്ങൾ തുടങ്ങിയ സംരക്ഷിത വനപ്രദേശങ്ങളെക്കാൾ സുസ്ഥിരവും ദീർഘകാലാടിസ്ഥാനത്തിലെ നേട്ടങ്ങൾക്കുമായാണ് വിശാല ഭൂമേഖലകളെ

(landscapes) ബയോസ്ഫിയർ റിസർവുകൾ ആയി പ്രഖ്യാപിച്ച് പരിപാലന-സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. ബയോസ്ഫിയർ പദ്ധതി നടപ്പാക്കുന്നതു വഴി തദ്ദേശ ജനവാസികളുടെ വനാശ്രിതത്വം കുറയ്ക്കുന്നതിനും ജനപങ്കാളിത്തത്തോടെ മെച്ചപ്പെട്ട വനസംരക്ഷണം ഉറപ്പാക്കുവാനും സാധിക്കുന്നു. കൂടാതെ, വനസംരക്ഷണം ലക്ഷ്യമാക്കി ജനസമൂഹങ്ങൾക്ക് പരിസ്ഥിതി സൗഹൃദപരമായ തൊഴിൽ നൈപുണ്യങ്ങളും, തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും അതിലൂടെ മെച്ചപ്പെട്ട ജീവിത സാഹചര്യം സൃഷ്ടിക്കുവാനും സാധിക്കുന്നു. ഇതിലുപരിയായി വിശാലമായ ഭൂമേഖലകളെ ഒന്നാക്കി സംരക്ഷിക്കുന്നതുവഴി അത്തരം ഇടങ്ങളുടെ പാരിസ്ഥിതിക സേവനങ്ങൾ (Ecosystem Services) ഉറപ്പാക്കാനും മെച്ചപ്പെടുത്താനും കഴിയുന്നു. അങ്ങനെ വനങ്ങളിൽ നിന്നും ഉത്ഭവിക്കുന്ന പുഴകളുടെ ഒഴുക്കും ജലലഭ്യതയും ഉറപ്പാക്കാനും ആശ്രിതസമൂഹത്തിന് ജലസേചനമൊരുക്കാനും ഊർജ്ജം ഉത്പ്പാദിപ്പിക്കാനും കാർബൺ ആഗിരണം ചെയ്യുന്നതുവഴി അന്തരീക്ഷ താപനില നിയന്ത്രിക്കാനും കാലാവസ്ഥാ വ്യതിയാനം ചെറുക്കാനും സാധിക്കുന്നു.

(ബി) ബയോസ്ഫിയർ റിസർവുകളിൽ പ്രകൃതി വിഭവങ്ങളുടെ സംരക്ഷണവും സുസ്ഥിര ഉപയോഗവും തദ്ദേശ ജനങ്ങളുടെ ഉന്നമനവും ലക്ഷ്യം വയ്ക്കുന്ന പ്രവർത്തനങ്ങളാണ് പ്രധാനമായും നടപ്പിലാക്കുന്നത്. സംരക്ഷിത വന മേഖലകളോടു ചേർന്നുകിടക്കുന്ന വനാശ്രിത സമൂഹത്തിന്റെ ഉന്നമനത്തിനായും വനാശ്രയത്വം ലഘൂകരിക്കുന്നതിനുമായി ബയോസ്ഫിയർ റിസർവ് പദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങളിൽ കരകൗശല വസ്തുക്കളുടെ നിർമ്മാണം, ജൈവ കൃഷി പ്രോത്സാഹിപ്പിക്കൽ, കൃഷി ഉൽപ്പന്നങ്ങളുടെ വിതരണം, തൊഴിൽ പരിശീലന പരിപാടികൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും വിപണനവും, ഊർജ്ജ സംരക്ഷണത്തിനായി പാരമ്പര്യേതര ഊർജ്ജ ഉപാധികളുടെ വിതരണം (ഉദാ: സൗരോർജ്ജ വിളക്കുകൾ, പാചക വാതക കണക്ഷനുകൾ ലഭ്യമാക്കൽ), കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു.

(സി) നീലഗിരി ബയോസ്ഫിയർ റിസർവിന്റെ മൊത്തം വിസ്തീർണ്ണം 5520.40 ച.കി.മീ. ആണ്. ഇതിൽ കേരളത്തിലുൾപ്പെടുന്ന പ്രദേശത്തിന്റെ വിസ്തൃതി 1455.40 ച.കി.മീ. ആണ്. വയനാട് വന്യജീവി സങ്കേതം, സൈലൻവാലി ദേശീയ ഉദ്യാനം, നിലമ്പൂർ (നോർത്ത്, സൗത്ത്) പ്രദേശം, മണ്ണാർക്കാട്, പാലക്കാട്, കോഴിപ്പാറ, പുഞ്ചക്കൊല്ലി, കരുളായ് റെയിഞ്ച് (ഒഴികെ), കോഴിക്കോട്, വയനാട് (സൗത്ത്) എന്നീ വന ഡിവിഷനുകളാണ് നീലഗിരി ബയോസ്ഫിയർ റിസർവിൽ ഉൾപ്പെടുന്നത്. വനോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിന് സഹായിക്കുന്ന പ്രവൃത്തികൾ,

വനാശ്രിത സമൂഹത്തിന്റെ ജീവനോപാധി വർദ്ധിപ്പിക്കുന്നതിനുള്ള നൂതന പദ്ധതികൾ നടപ്പിലാക്കൽ, വാസസ്ഥലം മെച്ചപ്പെടുത്തുന്ന പദ്ധതികൾ, ഇക്കോട്ടൂറിസം വികസിപ്പിക്കൽ, പ്രദേശവാസികളുടെ സാമൂഹിക സാമ്പത്തിക ഉന്നമനം, സംരക്ഷണ നടപ്പാതകളുടെ അറ്റകുറ്റപ്പണികൾ മുതലായവയാണ് നടപ്പിലാക്കുന്ന പ്രധാന പ്രവൃത്തികൾ.

(ഡി) അഗസ്ത്യമല ബയോസ്ഫിയർ റിസർവിന്റെ മൊത്തം വിസ്തീർണ്ണം 3500.00 ച.കി.മീ. ആണ്. ഇതിൽ കേരളത്തിൽ ഉൾപ്പെടുന്ന പ്രദേശത്തിന്റെ വിസ്തൃതി 1828.00 ച.കി.മീ. ആണ്. അഗസ്ത്യമേഖല ബയോസ്ഫിയർ റിസർവിന്റെ ഉന്നമനത്തിനായി അഗസ്ത്യമല ബയോസ്ഫിയർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.

നെയ്യാർ, പേപ്പാറ, ശെന്തരുണി വന്യജീവി സങ്കേതങ്ങളും അച്ചൻകോവിൽ, തെന്മല, കോന്നി, പുനലൂർ, തിരുവനന്തപുരം ഡിവിഷനുകളും അഗസ്ത്യവനം ബയോളജിക്കൽ പാർക്കും ഉൾപ്പെടുന്നതാണ് അഗസ്ത്യമല ബയോസ്ഫിയർ റിസർവ്. വനോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിന് സഹായിക്കുന്ന പ്രവൃത്തികൾ, വനാശ്രിത സമൂഹത്തിന്റെ ജീവനോപാധി വർദ്ധിപ്പിക്കുന്നതിനുള്ള നൂതനപദ്ധതികൾ നടപ്പിലാക്കൽ, വാസസ്ഥലം മെച്ചപ്പെടുത്തുന്ന പദ്ധതികൾ, ഇക്കോ ടൂറിസം വികസിപ്പിക്കൽ, പ്രദേശവാസികളുടെ സാമൂഹിക സാമ്പത്തിക ഉന്നമനം, സംരക്ഷണ നടപ്പാതകളുടെ അറ്റകുറ്റപ്പണികൾ മുതലായവയാണ് വിഭാവനം ചെയ്യുന്ന പ്രധാന പ്രവൃത്തികൾ.

## വനങ്ങൾക്കുള്ളിലെ റസ്റ്റ് ഹൗസുകളും ഇൻസ്പെക്ഷൻ ബംഗ്ലാവുകളും

92 (5680) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു-സ്വകാര്യ പങ്കാളിത്തം, ഇക്കോ ടൂറിസം വികസനം തുടങ്ങിയ കാര്യങ്ങൾ പറഞ്ഞ് വനങ്ങൾക്കുള്ളിലെ റസ്റ്റ് ഹൗസുകളും ഇൻസ്പെക്ഷൻ ബംഗ്ലാവുകളും സ്വകാര്യ സംരംഭകർക്ക് കൈമാറുവാൻ പാടില്ലെന്ന സുപ്രീംകോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വനങ്ങൾക്കുള്ളിലെ റസ്റ്റ് ഹൗസുകളും ഇൻസ്പെക്ഷൻ ബംഗ്ലാവുകളും സംബന്ധിച്ച മാർഗ്ഗരേഖ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ഉന്നത സമിതി തയ്യാറാക്കിയത് ലഭ്യമായിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണ്; അതിനനുസൃതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) മേൽ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല.

**വനവിസ്തൃതി വർദ്ധിപ്പിക്കാൻ നടപടി**

93 (5681) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വനവിസ്തൃതി വർദ്ധിപ്പിക്കാൻ സർക്കാർ ചെയ്തുവരുന്ന കാര്യങ്ങൾ വ്യക്തമാക്കാമോ;

(ബി) 2016-19 കാലയളവിൽ കേരളത്തിൽ വനവിസ്തൃതിയിൽ വർദ്ധനവാണോ കുറവാണോ രേഖപ്പെടുത്തിയിട്ടുള്ളത്; വിശദാംശം അറിയിക്കാമോ;

(സി) മലപ്പുറം ജില്ലയിലെ വനവിസ്തൃതിയുടെ കഴിഞ്ഞ പത്ത് വർഷത്തെ കണക്ക് അറിയിക്കാമോ;

(ഡി) വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനുവേണ്ടി പുതിയ സംരക്ഷിത കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ജനസാന്ദ്രത ഏറ്റവും കൂടുതലായ കേരളത്തിൽ വനഭൂമിയുടെ വിസ്തൃതിയിലെ അനുപാതം വർദ്ധിപ്പിക്കുന്നത് പ്രായോഗികമല്ല. ആകയാൽ, വനേതര ഭൂമികളിലെ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനായി വനം വകുപ്പിലെ സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഹരിത കേരളം, എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോര സംരക്ഷണം, Institutional Plantation, കണ്ടൽ വനവൽക്കരണം തുടങ്ങിയ വിവിധ പദ്ധതികൾ സ്കൂൾ - കോളേജ് വിദ്യാർത്ഥികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, വിവിധ പരിസ്ഥിതി - സാമൂഹ്യ സംഘടനകൾ, മാധ്യമ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവരുടെ സജീവ പങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്നു.

കണ്ടൽ വനവൽക്കരണത്തിന്റെ ഭാഗമായി conservation and Management of Mangrove (60% CSS) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം വനം വകുപ്പ് കണ്ടൽ തൈകളും തീരദേശ പ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന അനുബന്ധ തൈകളായ കാറ്റാടി, രാമച്ചം, പൂവരശ് എന്നിവയും ഉൽപ്പാദിപ്പിച്ച് നേരിട്ട് നട്ടുപിടിപ്പിക്കുകയും, നട്ടുപിടിപ്പിക്കുന്നതിനായി പൊതുജനങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ, കണ്ടൽ ചെടി നടുന്നവർക്കും സംരക്ഷിക്കുന്നവർക്കും പ്രോൽസാഹനമായി പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തി കുടിവെള്ള വിതരണം, ഗ്യാസ് കണക്ഷൻ, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം, മീൻകുഞ്ഞുങ്ങളുടെ വിതരണം എന്നീ പ്രവൃത്തികളും നടത്തിവരുന്നു. കണ്ടൽ കാടുകളുടെ സംരക്ഷണത്തിനായി കണ്ടൽ സംരക്ഷണ സമിതി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. ഈ സർക്കാരിന്റെ കാലത്ത് കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടർ കണ്ടൽ വനങ്ങൾ വനനിയമം സെക്ഷൻ 19 പ്രകാരം റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിച്ചുവരുന്നുണ്ട്. കൂടാതെ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ യഥാക്രമം 3.3853, 20.78, 2.82, 54.6952 ഹെക്ടർ കണ്ടൽ വനങ്ങൾ (ആകെ 81.6805 ഹെക്ടർ) വനനിയമം സെക്ഷൻ 4 പ്രകാരം പ്രൊപ്പോസ്ഡ് റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. നിലവിലുള്ള നിയമ നടപടി ക്രമങ്ങൾക്കനുസൃതമായി കണ്ടൽക്കാടുള്ള മറ്റു ഭൂമികൾ റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

വനവൽക്കരണ വനസംരക്ഷണ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ 1996 മുതൽ പങ്കാളിത്ത വന പരിപാലനം നടപ്പിലാക്കിവരുന്നു. വനാശ്രിത സമൂഹങ്ങളെ ഉൾപ്പെടുത്തി ടെറിട്ടോറിയൽ വനം ഡിവിഷനുകളിൽ വന സംരക്ഷണ സമിതികളും വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവയുൾപ്പെടുന്ന സംരക്ഷിത മേഖലകളിൽ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്തൊട്ടാകെ 400 വനസംരക്ഷണ സമിതികളും 190 ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും പ്രവർത്തിക്കുന്നുണ്ട്. പങ്കാളിത്ത വനപരിപാലനത്തിന്റെ ഭാഗമായി ഗ്രീൻ ഇന്ത്യ മിഷൻ, ദേശീയ വനവൽക്കരണ പരിപാടി, നാഷണൽ ബാംബൂ മിഷൻ സ്കീം, നാഷണൽ മെഡിസിൻ പ്ലാന്റ്സ് ബോർഡ് പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു.

ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ സ്റ്റേറ്റ് ഫോറസ്റ്റ് റിപ്പോർട്ട് 2017 പ്രകാരം സംസ്ഥാനത്ത് വൃക്ഷാവരണത്തിൽ (Forest Cover) 1043 ച.കി.മീ. വർദ്ധനവുണ്ടായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരം രാജ്യത്ത് വനാവരണം വർദ്ധിപ്പിക്കുന്ന സംസ്ഥാനങ്ങളിൽ കേരളത്തിന് മൂന്നാം സ്ഥാനമാണുള്ളത്.

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഈ വർഷം 64 ലക്ഷം വൃക്ഷത്തൈകൾ സംസ്ഥാനത്തുടനീളം വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ, ഈ വർഷം ഒരു കൊല്ലം പ്രായമായ 3.28 ലക്ഷം തദ്ദേശീയ വൃക്ഷത്തൈകളും വനം വകുപ്പ് ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയ തൈകൾ വനം വകുപ്പ് നേരിട്ടും ഇതര വകുപ്പുകൾ/സ്ഥാപനങ്ങളുമായി സഹകരിച്ചും വനം വകുപ്പും ഹരിത കേരള മിഷനും സംയുക്തമായി നടപ്പിലാക്കുന്ന 'പച്ചത്തുരുത്ത് ' പദ്ധതി മുഖേനയും നട്ടുപിടിപ്പിച്ചുവരികയാണ്.

(ബി) 2016-19 കാലയളവിൽ കേരളത്തിൽ വന വിസ്തൃതിയിൽ വ്യത്യാസം വന്നിട്ടില്ല. വന വിസ്തൃതി എന്നത് റിസർവ് വനം/വന്യജീവി സങ്കേതങ്ങൾ, പ്രൊപ്പോസ്ഡ് റിസർവുകൾ, നിക്ഷിപ്ത വനങ്ങൾ, പരിസ്ഥിതി ദുർബല പ്രദേശങ്ങൾ എന്നിവയുടെ ആകെ തുകയാണ്. ഇതിൽ 2016-19 കാലയളവിൽ വർദ്ധനവോ, കുറവോ ഉണ്ടായിട്ടില്ല.

ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ സ്റ്റേറ്റ് ഫോറസ്റ്റ് 2017-ലെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 'ഫോറസ്റ്റ് കവർ ' (വന ആവരണം) 1043 ച.കി.മീ. വർദ്ധനവുണ്ടായിട്ടുണ്ട്. വനത്തിന് വെളിയിലുള്ള കൊമേഴ്സ്യൽ പ്ലാന്റേഷനുകളുടെ വിസ്തൃതിയിലുണ്ടായ വർദ്ധനവാണ് വന ആവരണത്തിൽ വർദ്ധനവുണ്ടാകാൻ കാരണം. പ്രസ്തുത റിപ്പോർട്ട് പ്രകാരം വനാവരണം വർദ്ധിപ്പിക്കുന്ന സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളത്തിന് മൂന്നാം സ്ഥാനമാണുള്ളത്.

(സി) മലപ്പുറം റവന്യൂ ജില്ല ഉൾപ്പെടുന്ന നിലമ്പൂർ നോർത്ത്/ നിലമ്പൂർ സൗത്ത് വനം ഡിവിഷനുകളിലെ വന വിസ്തൃതിയുടെ കഴിഞ്ഞ പത്ത് വർഷത്തെ കണക്ക് അനുബന്ധമായി* ചേർക്കുന്നു.

(ഡി) തൃശ്ശൂർ ജില്ലയിൽ ചേറ്റുവയിൽ 3.3853 ഹെക്ടർ പ്രദേശം പക്ഷി സങ്കേതമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

## നെല്ലിയാമ്പതി എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിന് നടപടി

94 (5682) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിൽ പാട്ടക്കരാർ വ്യവസ്ഥ ലംഘിച്ച, രണ്ടായിരം ഏക്കർ വരുന്ന ഏഴ് എസ്റ്റേറ്റുകൾ ഏറ്റെടുക്കുമെന്ന സർക്കാരിന്റെ പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും നിയമോപദേശം തേടിയിട്ടുണ്ടോ; എങ്കിൽ ലഭിച്ച നിയമോപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) നടപ്പിലാക്കുന്നതിന് സാധിച്ചിട്ടില്ല. നെല്ലിയാമ്പതിയിൽ പാട്ടക്കാരാർ വ്യവസ്ഥ ലംഘിച്ച രാജാക്കാട്, മോങ്ക്‌വുഡ്, ചെറുനെല്ലി, കാരപ്പാറ (എ), കാരപ്പാറ (ബി), അലക്സാണ്ട്രിയ, ബ്രൂക്ക്‌ലാന്റ് എന്നീ ഏഴ് എസ്റ്റേറ്റുകളുടെ പാട്ടക്കരാർ റദ്ദ് ചെയ്തിട്ടുള്ളതും ആയത് ഏറ്റെടുക്കുവാൻ ഉത്തരവായിട്ടുള്ളതുമാണ്. എന്നാൽ പാട്ടക്കരാർ റദ്ദ് ചെയ്തതിനെതിരെ എസ്റ്റേറ്റ് ഉടമകൾ ബഹു. കേരള ഹൈക്കോടതിയിൽ കേസ്സുകൾ ഫയൽ ചെയ്യുകയും ടി കേസ്സുകളിൽ ബഹു. ഹൈക്കോടതി 'സ്റ്റേ' ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. എസ്റ്റേറ്റുകാർ ഫയൽ ചെയ്ത കേസ്സുകൾ താഴെ കൊടുക്കുന്നു:

1. രാജാക്കാട് - WP(C) 8904/12, 9013/12, 10248/12
2. മോങ്ക്‌വുഡ് - WP(C) 10120/12, 10122/12, 10124/12
3. ചെറുനെല്ലി - WP(C) 15128/12, 16128/12, 16716/12, 16597/12, 16134/12
4. കാരപ്പാറ- A - WP(C) 23984/13
5. കാരപ്പാറ- B (Kairali) - WP(C) 23958/13
6. അലക്സാണ്ട്രിയ A & B – WP(C) 22988/14, 23386/14, 23007/14, 23643/14
7. ബ്രൂക്ക് ലാന്റ് - WP(C) 22920/14

മേൽ കേസ്സുകളും സ്റ്റേകളും നിലവിലുള്ളതിനാലാണ് ടി എസ്റ്റേറ്റുകൾ ഏറ്റെടുക്കുവാൻ കഴിയാത്തത്.

(ബി) നിയമോപദേശങ്ങൾ തേടിയിട്ടില്ല. നെല്ലിയാമ്പതിയിൽ പാട്ടക്കരാർ വ്യവസ്ഥ ലംഘിച്ച ഏഴ് എസ്റ്റേറ്റുകളുടെ പാട്ടക്കരാർ റദ്ദ് ചെയ്ത ഉത്തരവിനെതിരെ എസ്റ്റേറ്റ് ഉടമകൾ ഫയൽ ചെയ്ത കേസ്സുകൾക്ക് ബഹു. ഹൈക്കോടതി 'സ്റ്റേ' ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി കേസ്സുകളിൽ 'സ്റ്റേ' ഒഴിവാക്കി കിട്ടാനും, 'Early posting' നടത്തുന്നതിനും അഡ്വക്കേറ്റ് ജനറൽ ഓഫീസിൽനിന്നും ഹർജി ഫയൽ ചെയ്തിട്ടുണ്ട്. ബഹു. ഹൈക്കോടതിയിൽ ടി കേസ്സുകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ മറ്റ് നിയമോപദേശങ്ങൾക്ക് പ്രസക്തിയില്ലാത്തതാണ്.

## മറയൂർ ചന്ദനക്കാടുകളിൽനിന്ന് മുറിച്ചുകടത്തിയ ചന്ദനം

95 (5683) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറയൂർ ചന്ദനക്കാടുകളിൽനിന്ന് മുറിച്ചുകടത്തിയ ചന്ദനം ആന്ധ്രാപ്രദേശ്-തമിഴ്നാട് അതിർത്തിയിലെ ചന്ദന ഫാക്ടറിയിൽനിന്ന് മറയൂർ വനപാലക സംഘം കണ്ടെത്തുകയുണ്ടായോ;

(ബി) എങ്കിൽ ഏത് ഫാക്ടറിയിൽനിന്നാണ് ഇത് കണ്ടെടുത്തത്; എന്തെല്ലാം വസ്തുക്കൾ എത്ര അളവിലാണ് കണ്ടെടുത്തത്; ഇതിന് എത്ര രൂപ വിലമതിക്കും; വിശദമാക്കുമോ;

(സി) മറയൂരിൽനിന്ന് കടത്തുന്ന ചന്ദനം വർഷങ്ങളായി ഈ ഫാക്ടറിയിൽ നൽകുന്നതായ റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ഡി) കേരളത്തിൽ നിന്നെത്തിയ ഫോറസ്റ്റ് ഉദ്യോഗസ്ഥസംഘത്തെ ആന്ധ്ര ഫോറസ്റ്റ് ഉദ്യോഗസംഘം തടഞ്ഞുവയ്ക്കുകയുണ്ടായോ; വിശദാംശം അറിയിക്കുമോ;

(ഇ) ഇതുസംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; വിശദാംശം നൽകുമോ?

### ഉത്തരം

(എ) മറയൂർ ചന്ദനക്കാടുകളിൽനിന്ന് മുറിച്ചുകടത്തിയ ചന്ദനം ആന്ധ്രാപ്രദേശ് - തമിഴ്നാട് അതിർത്തിയിലെ ചന്ദന ഫാക്ടറിയിൽ നിന്ന് മറയൂർ വനപാലക സംഘം കണ്ടെത്തിയിട്ടുണ്ട്.

(ബി) ആന്ധ്രാപ്രദേശിലുള്ള സഫ ആരോമാറ്റിക് എന്ന പേരിലുള്ളതും നിലവിൽ പ്രവർത്തനരഹിതവുമായ ഫാക്ടറിയിൽനിന്നുമാണ് ഇത് കണ്ടെടുത്തത്. 403 കി.ഗ്രാം ചന്ദന കാതലിന്റെ ചിപ്സും 316 കി.ഗ്രാം ചന്ദനപ്പൊടിയും 20 കി.ഗ്രാം ചന്ദനതടി കഷ്ണങ്ങളുമടക്കം ആകെ 739 കി.ഗ്രാം ചന്ദനമാണ് റെയ്ഡിൽ കണ്ടെത്തിയത്. ഇതിന് ഏകദേശം 30 ലക്ഷം രൂപ വില മതിക്കുന്നുണ്ട്.

(സി) മറയൂരിൽനിന്നും കടത്തുന്ന ചന്ദനം വർഷങ്ങളായി ഈ ഫാക്ടറിയിൽ നൽകുന്നതായ റിപ്പോർട്ടുകൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല. ചന്ദനക്കടത്തുമായി ബന്ധപ്പെട്ട് മറയൂർ ചന്ദന ഡിവിഷനിൽ, മറയൂർ റെയ്ഞ്ചിൽ നാച്ചിവയൽ ഫോറസ്റ്റ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ഒ.ആർ.1/19 (എൻ.) കേസ്സിൽ അറസ്റ്റ് ചെയ്ത പ്രതികളിൽനിന്നും ലഭിച്ച വിവരം അനുസരിച്ചാണ് ചന്ദനം മേൽപ്പറഞ്ഞ ഫാക്ടറിയിലേക്ക് കൊണ്ടുപോയതായി അറിയുവാൻ കഴിഞ്ഞത്.

(ഡി) കേരളത്തിൽ നിന്നെത്തിയ ഫോറസ്റ്റ് ഉദ്യോഗസ്ഥ സംഘത്തെ ആന്ധ്രാപ്രദേശ് ഫോറസ്റ്റ് ഉദ്യോഗസ്ഥ സംഘം തടഞ്ഞുവയ്ക്കുകയുണ്ടായിട്ടില്ല. മറയൂർ ചന്ദന ഡിവിഷനിലെ മറയൂർ റെയിഞ്ച് ഫോറസ്റ്റ് സ്റ്റാഫും ആന്ധ്രാപ്രദേശിലെ ചിറ്റൂർ ഈസ്റ്റ് ഡിവിഷന് കീഴിലുള്ള ചിറ്റൂർ ഈസ്റ്റ് റെയിഞ്ച് ഫോറസ്റ്റ് സ്റ്റാഫും സംയുക്തമായാണ് റെയ്ഡ് നടത്തിയത്.

(ഇ) മറയൂർ ഡിവിഷനിലെ മറയൂർ റെയിഞ്ചിൽ നാച്ചിവയൽ ഫോറസ്റ്റ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒ.ആർ. 5/18 (എൻ.), ഒ.ആർ.1/19 (എൻ.) എന്നീ കേസ്സുകളുടെ അന്വേഷണത്തിന്റെ ഭാഗമായാണ് ടി റെയ്ഡ് നടത്തുവാൻ സാധിച്ചത്. ടി റെയ്ഡുമായി ബന്ധപ്പെട്ട് പുതുതായി കേസ്സുകളൊന്നും കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടില്ല. ചന്ദനം കണ്ടെത്തി പിടിച്ചതുമായി ബന്ധപ്പെട്ട് ആന്ധ്രാപ്രദേശിലെ ചിറ്റൂർ ഈസ്റ്റ് ഡിവിഷന് കീഴിലുള്ള ചിറ്റൂർ ഈസ്റ്റ് റെയിഞ്ചിൽ അനധികൃതമായി ചന്ദനം സൂക്ഷിച്ചതിന് ഫാക്ടറി ഉടമയ്ക്കെതിരെ ഒ.ആർ.27/19-20 എന്ന കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**കാട്ടുതീ നിയന്ത്രണം**

96 (5684) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന നശീകരണത്തിനുള്ള പ്രധാന കാരണങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) 2016-19 കാലഘട്ടത്തിൽ കാട്ടുതീമൂലം എത്ര ഹെക്ടർ വനമാണ് കത്തി നശിച്ചതെന്ന് അറിയിക്കാമോ;

(സി) കാട്ടുതീയുടെ നിയന്ത്രണത്തിനായി ഫയർ ട്രെയിനിംഗ് സെന്റർ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്; പ്രസ്തുത സെന്ററിൽ ആവശ്യമായ ഉദ്യോഗസ്ഥരെ ഇക്കാര്യത്തിനായി നിയോഗിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) വനം വകുപ്പിലെ ജീവനക്കാർക്ക് കാട്ടുതീ നേരിടുവാൻ എന്തൊക്കെ പരിശീലനമാണ് നിലവിൽ നൽകുന്നത്;

(ഇ) അതിനായുള്ള ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കാട്ടുതീമൂലമാണ് വനനശീകരണം കൂടുതലും സംഭവിക്കുന്നത്. കാലാവസ്ഥാ വ്യതിയാനം, മണ്ണൊലിപ്പ്, മറ്റ് പ്രകൃതിക്ഷോഭങ്ങൾ എന്നിവയിലൂടെയും വനനശീകരണം സംഭവിക്കുന്നുണ്ട്. കൂടാതെ, അനധികൃതമായ കന്നുകാലിമേച്ചിൽ, വിറകിനും മറ്റുമായി കാട്ടുതടികൾ ശേഖരിക്കൽ, അനധികൃതമായ കടന്നുകയറ്റത്തിലൂടെയുള്ള കാട് കത്തിക്കൽ, കൃഷിക്കും മറ്റുമായുള്ള വനം കയ്യേറ്റം എന്നിവയിലൂടെയും വനനശീകരണം സംഭവിച്ചിട്ടുണ്ട്.

(ബി) 2016-17 ഫയർ സീസണിൽ 2989.68 ഹെക്ടറും, 2017-18 ഫയർ സീസണിൽ 1059.16 ഹെക്ടറും, 2018-19 ഫയർ സീസണിൽ 1788.78 ഹെക്ടറും കത്തി നശിച്ചിട്ടുണ്ട് (ഡിസംബർ മുതൽ തൊട്ടടുത്ത കലണ്ടർ വർഷം മേയ് വരെയാണ് ഫയർ സീസൺ).

(സി) വനം വകുപ്പിന്റെ കീഴിൽ അരിപ്പ സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിയന്ത്രണത്തിൽ ഫയർ ട്രെയിനിംഗ്-കം-ഡിപ്പോ സെന്റർ നിലവിലുണ്ട് ടി. ട്രെയിനിംഗ് സെന്ററിൽ റെയിഞ്ച് ഫോറസ്റ്റ് ആഫീസർ-1, സെക്ഷൻ ഫോറസ്റ്റ് ആഫീസർ-1, അറ്റൻഡർ-1 എന്ന ക്രമത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

(ഡി) വനം വകുപ്പിലെ ജീവനക്കാർക്ക് കാട്ടുതീ നേരിടുവാൻ അരിപ്പ സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രത്യേക ട്രെയിനിംഗ് നൽകുന്നില്ല. എന്നിരുന്നാലും വനം വകുപ്പിലെ ഫ്രണ്ട്ലൈൻ സ്റ്റാഫുകൾക്ക് ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസിന്റെ സഹായത്തോടെ പരിശീലനം നൽകാറുണ്ട്.

(ഇ) കാട്ടുതീ പ്രതിരോധത്തിനായി ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്കായി Fire extinguisher, Fire blower, Power saw, Gum boot, Safety helmet, Gloves, Search light, Sleeping bag, Fire beater, Weed cutter, Sprayer, Chain saw, Fire racker, Knapsac sprayer pump with hose, Billhooks, Jacket തുടങ്ങിയ ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.

കൂടാതെ കാട്ടുതീ നിയന്ത്രിക്കുന്നതിന് രണ്ട് ഫോറസ്റ്റ് ഫയർ ടെൻഡർ വെഹിക്കിൾ വാങ്ങുന്നതിനുള്ള നടപടിക്രമം പൂർത്തീകരിച്ചുവരുന്നു.

**സാമൂഹ്യവനവൽക്കരണ പദ്ധതികൾ**

97 (5685) ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃക്ഷാവരണത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന ഫോറസ്റ്റ് സർവ്വേ ഓഫ് ഇൻഡ്യയുടെ സ്ഥിതിവിവര കണക്ക് ഉത്തേജനമാക്കി സാമൂഹ്യ വനവൽക്കരണ പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കാൻ പദ്ധതിയുണ്ടോ;

(ബി) സ്വകാര്യ ഭൂമിയിൽ വൃക്ഷം നട്ടുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(സി) കാർബൺ ന്യൂട്രൽ വയനാട് പദ്ധതി പ്രാവർത്തികമാക്കുന്നതിന് വനം വകുപ്പ് നടത്തുന്ന പ്രവർത്തനം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ആഗോള താപനത്തെ ചെറുക്കുന്നതിനായി സാമൂഹ്യവനവൽക്കരണ വിഭാഗം 'ഹരിത കേരളം' പദ്ധതി മുഖേന 2009-10 മുതൽ 2018-19 വരെ 712.04 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്തിട്ടുള്ളതാണ്. വനേതര പ്രദേശത്ത് ഇന്ന് നാം കാണുന്ന വൃക്ഷച്ചാർത്തുകൾ ബഹുഭൂരിപക്ഷവും സാമൂഹിക വനവൽക്കരണവിഭാഗം വിതരണം ചെയ്തിട്ടുള്ള വൃക്ഷത്തൈകളാണ്. 2016, 2017 വർഷങ്ങളിൽ സംസ്ഥാനത്ത് വിതരണം ചെയ്ത തൈകളുടെ അതിജീവനശതമാനം 14 ജില്ലകളിലെ തിരഞ്ഞെടുത്ത 20 കോളേജുകളിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ സഹകരണത്തോടുകൂടി തിട്ടപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ 2016-ൽ വിതരണം ചെയ്ത തൈകളിൽ 55.24 ശതമാനവും 2017 കാലഘട്ടത്തിൽ വിതരണം ചെയ്ത തൈകളിൽ 62.53 ശതമാനവും അതിജീവിച്ചിട്ടുണ്ട് എന്ന് സർവ്വേയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുണ്ട്. കേരളത്തിന്റെ വൃക്ഷാവരണത്തിൽ 1043 sq.km വർദ്ധനവ് ഉണ്ടായി എന്ന് ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ 2017-ലെ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ഇത് വനം വകുപ്പ് നടപ്പിലാക്കുന്ന വിവിധ സാമൂഹ്യ വനവൽക്കരണ പ്രവർത്തനങ്ങളുടെ വിജയമാണ്. ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ കൂടുതൽ തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനും നട്ടുപിടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുതാണ്.

(ബി) സംസ്ഥാനത്തെ സ്വകാര്യഭൂമികളിൽ തടി ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോൽസാഹന ധനസഹായം നൽകുന്ന പദ്ധതി 2012 മുതൽ നടപ്പിലാക്കിവരുന്നുണ്ട്. 17-2-2012-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 99/12/വനം, 29-9-2012-ലെ ജി.ഒ. (ആർ.റ്റി) 486/12/വനം എന്നിവ പ്രകാരമാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.

ഈ പദ്ധതി പ്രകാരം തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നിങ്ങനെ പത്തിനം വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നവർക്ക് തൈകളുടെ എണ്ണം അനുസരിച്ച് മൂന്ന് തലങ്ങളിലായാണ് ധനസഹായം നൽകുന്നത്. 50 തൈകൾ മുതൽ 200 തൈകൾ വരെ തൈ ഒന്നിന് 50 രൂപ നിരക്കിലും, 201 തൈകൾ മുതൽ 400 എണ്ണം തൈകൾ വരെ തൈ ഒന്നിന് 40 രൂപ നിരക്കിലും, 401 മുതൽ 625 എണ്ണം തൈകൾക്ക് തൈ ഒന്നിന് 30 രൂപ നിരക്കിലുമാണ് ധനസഹായം നൽകുന്നത്.

ഈ പദ്ധതിയിലൂടെ സംസ്ഥാനത്ത് നാളിതുവരെ നൽകിയ ധനസഹായത്തിന്റെ വിവരം ചുവടെ ചേർക്കുന്നു:

| വർഷം | വിതരണം ചെയ്ത തുക |
|---|---|
| 2012-13 | 14,57,585 രൂപ |
| 2013-14 | 9,37,998 രൂപ |
| 2014-15 | 16,26,240 രൂപ |
| 2015-16 | 11,38,394 രൂപ |
| 2016-17 | 17,70,413 രൂപ |
| 2017-18 | 8,07,825 രൂപ |
| 2018-19 | 3,09,805 രൂപ |

(സി) വയനാട് മീനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന കാർബൺ ന്യൂട്രൽ പദ്ധതിയിൽ വയനാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ സഹകരിച്ച് പ്രവർത്തിക്കുന്നു. മീനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ ആവശ്യപ്രകാരം വൃക്ഷത്തൈ വിതരണവും ബോധവൽക്കരണ ക്ലാസ്സുകളും വനം വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. 2017-18-ൽ 2400 വൃക്ഷത്തൈകളും, 2018-19-ൽ 1483 വൃക്ഷത്തൈകളും, 2019-20-ൽ 2000 വൃക്ഷത്തൈകളും കാർബൺ ന്യൂട്രൽ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി മീനങ്ങാടി ഗ്രാമപഞ്ചായത്തിന് വിതരണം ചെയ്തിട്ടുണ്ട്. കാർബൺ ന്യൂട്രൽ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് സംഘടിപ്പിക്കുന്ന വിവിധ പരിപാടികളിൽ സോഷ്യൽ ഫോറസ്ട്രി ഡിവിഷനും ഭാഗഭാക്കാവുന്നു. ആയതിന്റെ മുന്നോടിയായി മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ കാർബൺ ന്യൂട്രൽ പ്രോട്ടോക്കോൾ രൂപീകരണ ശിൽപ്പശാലയിൽ വയനാട് സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് കൺസർവേറ്റർ വിഷയം അവതരിപ്പിക്കുകയും നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട എല്ലാ കമ്മിറ്റികളിലും അസിസ്റ്റന്റ് കൺസർവേറ്റർ മെമ്പർ ആണ്.

## കണ്ടൽക്കാടുകളുടെ സംരക്ഷണം

98 (5686) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) ഇവിടെ പുതിയതായി കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ;

(സി) സ്വകാര്യ വസ്തുവിലെ കണ്ടൽവനങ്ങൾ സംരക്ഷിക്കുന്നതിന് ധനസഹായം നൽകുമോ; വിശദമാക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായി പ്രത്യേക പദ്ധതികൾ നടപ്പാക്കിയിട്ടില്ല.

(ബി) കണ്ടൽ വച്ചുപിടിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി ഇല്ല. എന്നാൽ സന്നദ്ധസംഘടനകളുടെയും വിദ്യാർത്ഥികളുടെയും സഹായത്തോടെ മുൻവർഷങ്ങളിലും, ഈ വർഷവും പള്ളിക്കലാർ, കന്നേറ്റി, ചാമ്പക്കടവ് എന്നീ ഭാഗങ്ങളിൽ കണ്ടൽത്തൈകൾ നട്ടിട്ടുള്ളതാണ്.

(സി) സ്വകാര്യ വ്യക്തികൾക്ക് സ്വകാര്യ ഭൂമിയിലെ കണ്ടൽ സംരക്ഷിക്കുന്നതിനായി ഏക്കറിന് 4000 രൂപ നിരക്കിൽ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(ആർ.റ്റി.) 485/16 തീയതി 24-12-2016-ലെ മാനദണ്ഡങ്ങൾ അനുസരിച്ച് ധനസഹായം നൽകിവരുന്നുണ്ട്.

**അക്കേഷ്യ കാടുകൾക്ക് പകരം സ്വാഭാവിക വനം**

99 (5687) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതിക്ക് ദോഷമുണ്ടാക്കുന്ന അക്കേഷ്യ കാടുകൾ വെട്ടിമാറ്റി പകരം സ്വാഭാവിക വനം വച്ചുപിടിപ്പിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഇപ്രകാരം സ്വാഭാവിക വനം വച്ചുപിടിപ്പിക്കുന്നത് എന്നറിയിക്കാമോ;

(സി) ഇത്തരം സ്വാഭാവിക വനങ്ങളിൽ വച്ചുപിടിപ്പിക്കുന്ന മരങ്ങൾ പക്ഷികൾക്കും മൃഗങ്ങൾക്കും ഉപയോഗപ്രദമാകുന്നവയാണെന്ന് ഉറപ്പാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കുമോ?

ഉത്തരം

(എ) സാമൂഹ്യവനവൽക്കരണ വിഭാഗം റോഡ് അരികത്തും പൊതുസ്ഥലങ്ങളിലും, സർക്കാർ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ വച്ചുപിടിപ്പിച്ചതും, റൊട്ടേഷൻ പ്രായം കഴിഞ്ഞതുമായ അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റി പകരം തദ്ദേശീയമായ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനായി 'ഓപ്പറേഷൻ ജന്മഭൂമി' എന്ന പേരിലുള്ള പദ്ധതി നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

കൂടാതെ സാമൂഹ്യവനവൽക്കരണ വിഭാഗം 2012-ൽ പുനലൂർ സോഷ്യൽ ഫോറസ്ട്രി റെയിഞ്ചിലെ പത്തുപറയിൽ അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റിയ 5.70 ഹെക്ടർ സ്ഥലത്തും, 2013-ൽ ആറ്റിങ്ങൽ സോഷ്യൽ ഫോറസ്ട്രി റെയിഞ്ചിലെ ഇളമ്പ്രക്കോടിൽ അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റിയ 20.80 ഹെക്ടർ സ്ഥലത്തും തദ്ദേശീയമായ വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ച് ജൈവവൈവിദ്ധ്യ സംരക്ഷണം ഉറപ്പാക്കുക, പ്രദേശത്തെ മണ്ണ്-ജല സംരക്ഷണ പ്രക്രിയയ്ക്ക് സഹായകരമാക്കുക, വന്യജീവികൾക്ക് യോജിച്ച ആവാസ വ്യവസ്ഥ ഒരുക്കുക, പൊതുജനങ്ങൾക്ക് വിശിഷ്യാ തദ്ദേശവാസികൾക്ക് വനത്തെ നേരിട്ട് അറിയാനും പ്രകൃതി പഠനത്തിനുമുള്ള അവസരം ഒരുക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളുള്ള 'വനദീപ്തി' നടപ്പിലാക്കി സ്വാഭാവിക വനമാക്കി പുനരുജ്ജീവിപ്പിച്ചിട്ടുള്ളതാണ്.

(ബി) കൊല്ലം സോഷ്യൽ ഫോറസ്ട്രി ഡിവിഷനുകീഴിൽ പുനലൂർ സോഷ്യൽ ഫോറസ്ട്രി റെയിഞ്ച് 2012-ൽ പത്തുപറ എന്ന സ്ഥലത്ത് അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റിയ 5.70 ഹെക്ടർ സ്ഥലത്ത് വനദീപ്തി പദ്ധതി പ്രകാരം തദ്ദേശീയമായി വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ച് സ്വാഭാവിക വനമായി പുനരുജ്ജീവിപ്പിച്ച് ടി സ്ഥലം പുനലൂർ വനം ഡിവിഷന് കീഴിലുള്ള പത്തനാപുരം റെയിഞ്ചിന് കൈമാറിയിട്ടുണ്ട്. തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷനുകീഴിൽ ആറ്റിങ്ങൽ സോഷ്യൽ ഫോറസ്ട്രി റെയിഞ്ച് 2013-ൽ ഇളമ്പ്രക്കോട് എന്ന സ്ഥലത്ത് അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റിയ 20.80 ഹെക്ടർ സ്ഥലത്ത് വനദീപ്തി പദ്ധതി പ്രകാരം തദ്ദേശീയമായി വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ച് സ്വാഭാവിക വനമായി പുനരുജ്ജീവിപ്പിച്ച്, ടി സ്ഥലം തിരുവനന്തപുരം വനം ഡിവിഷനുകീഴിലുള്ള പാലോട് റെയിഞ്ചിന് കൈമാറിയിട്ടുണ്ട്.

(സി) ഏകവിളത്തോട്ടങ്ങൾമൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങൾ ഒഴിവാക്കുന്നതിലേക്കായി തദ്ദേശീയ വൃക്ഷത്തൈകൾ ഉപയോഗിച്ച് സ്വാഭാവിക വനം പുനർജ്ജനിപ്പിക്കുക, ഈ പ്രദേശത്തെ ജൈവവൈവിദ്ധ്യ സംരക്ഷണം ഉറപ്പാക്കുക, ചുറ്റുമുള്ള പ്രദേശത്തെ മണ്ണ്-ജല സംരക്ഷണ പ്രക്രിയയ്ക്ക് സഹായകരമാക്കുക, വന്യജീവികൾക്ക് യോജിച്ച ആവാസ വ്യവസ്ഥ ഒരുക്കുക, പൊതുജനങ്ങൾക്ക് വിശിഷ്യാ തദ്ദേശവാസികൾക്ക് വനത്തെ നേരിട്ട് അറിയാനും പ്രകൃതി പഠനത്തിനുമുള്ള അവസരം ഒരുക്കുക, ഭാവിയിൽ ഇക്കോ ടൂറിസം സെന്ററാക്കി മാറ്റുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെയാണ് സോഷ്യൽ ഫോറസ്ട്രി വിഭാഗം 'വനദീപ്തി' പദ്ധതി നടപ്പിലാക്കിയത്.

## വനവൽക്കരണ പരിപാടികൾ

100 (5688) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യവനവൽക്കരണ പരിപാടിയുടെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്നത്; വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതികൾമൂലം സംസ്ഥാനത്ത് വനവിസ്തൃതി വർദ്ധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കഴിഞ്ഞ 10 വർഷത്തിനിടയിൽ സംസ്ഥാനത്ത് വനവിസ്തൃതിയിൽ ഉണ്ടായ കുറവ്/വർദ്ധനവ് എത്രയാണെന്ന് അറിയിക്കുമോ;

(സി) മൂന്ന് കോടി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കിയോ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് നാഷണൽ ഹൈവേ വികസനത്തിനും മറ്റ് പ്രധാന റോഡുകളുടെ വികസനത്തിനായും മരങ്ങൾ മുറിച്ചുനീക്കിയതിന് പകരം മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) സാമൂഹ്യവനവൽക്കരണ വിഭാഗം വനത്തിനുപുറത്തുള്ള വനവൽക്കരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഇതിലേക്കായി ഹരിത കേരളം, എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോരസംരക്ഷണം, Institutional Plantation, കണ്ടൽ വനവൽക്കരണം തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഈ പദ്ധതികൾ എല്ലാം തന്നെ ഫലപ്രദവും അതുവഴി വൃക്ഷസമ്പത്ത് വർദ്ധിക്കാനും ഇടയായിട്ടുണ്ട്. വനേതര പ്രദേശത്ത് ഇന്ന് നാം കാണുന്ന വൃക്ഷച്ചാർത്തുകൾ ബഹുഭൂരിപക്ഷവും സാമൂഹിക വനവൽക്കരണ വിഭാഗം വിതരണം ചെയ്തിട്ടുള്ള വൃക്ഷത്തൈകളാണ്.

പ്രാദേശിക അടിസ്ഥാനത്തിൽ നടത്തിയ പഠനങ്ങളിൽ വനം വകുപ്പ് വിവിധ പദ്ധതികൾ മുഖേന വിതരണം ചെയ്യുന്ന വൃക്ഷത്തൈകളിൽ ഗണ്യമായ അതിജീവനം കണ്ടുവരുന്നുണ്ട്. കേരളത്തിന്റെ വൃക്ഷാവരണത്തിൽ 1043 sq.km വർദ്ധനവ് ഉണ്ടായി എന്ന് ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ 2017-ലെ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്.

(ബി) കേരള വനം വകുപ്പിന്റെ വർഷാവർഷ ഭരണ റിപ്പോർട്ടുകൾ പ്രകാരം കേരളത്തിലെ വന വിസ്തൃതി സംബന്ധിച്ച കണക്കുകൾ ചുവടെ കൊടുക്കുന്നു:

| വർഷം | വിസ്തൃതി |
|---|---|
| 2008-09 | 11309.4754 |
| 2009-10 | 11309.4754 |
| 2010-11 | 11309.4754 |
| 2011-12 | 11309.4754 |
| 2012-13 | 11309.4754 |
| 2013-14 | 11309.4754 |
| 2014-15 | 11309.4754 |
| 2015-16 | 11309.4754 |
| 2016-17 | 11524.411 |

2017-18 വർഷത്തെ കണക്കുകൾ പ്രസിദ്ധീകരണത്തിന് തയ്യാറായിക്കൊണ്ടിരിക്കുന്നു.

(സി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം മൂന്ന് കോടി വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിക്കുന്നതിന് 48 കോടി രൂപ ചെലവ് വരുന്നതാണ്. 2018-19 സാമ്പത്തിക വർഷത്തിൽ സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന് 14 കോടി രൂപ തൈ ഉൽപ്പാദനത്തിനായി അനുവദിച്ചതിൽ 11.15 കോടിരൂപ ലഭ്യമായി. ആ തുക ഉപയോഗിച്ച് 2018-19 വർഷത്തിൽ 67.28 ലക്ഷം തൈകൾ ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചു.

(ഡി) സംസ്ഥാനത്ത് നാഷണൽ ഹൈവേ വികസനത്തിനും മറ്റ് പ്രധാന റോഡുകളുടെ വികസനത്തിനായും മരങ്ങൾ മുറിച്ചുനീക്കിയതിന് പകരമായി പത്തിരട്ടി മരങ്ങൾ വച്ചുപിടിപ്പിക്കണമെന്ന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകാറുണ്ട്. കഴക്കൂട്ടം-മുക്കോല ബൈപാസ് നിർമ്മാണത്തിനായി മുറിച്ചുമാറ്റിയ വൃക്ഷങ്ങൾക്കുപകരം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI) അനുവദിച്ച തുക ഉപയോഗിച്ച് കഴക്കൂട്ടം സൈനിക സ്കൂൾ ക്യാമ്പസ് ഗ്രീൻ ഫീൽഡ് സ്റ്റേഡിയം എന്നിവിടങ്ങളിൽ 21.8 ഹെക്ടർ സ്ഥലത്ത് 34000 തദ്ദേശീയ വൃക്ഷത്തൈകൾ നട്ടുവളർത്തി പരിപാലിച്ച് വരുന്നുണ്ട്. കോഴിക്കോട്ട് വെങ്ങളം-രാമനാട്ടുകര നാഷണൽ ഹൈവേ വീതി കൂട്ടുന്നതിന്റെ ഭാഗമായി മുറിച്ചുമാറ്റുന്ന 2354 മരങ്ങളുടെ പത്തിരട്ടി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിനായി ദേശീയ പാതാ അതോറിറ്റി 80 ലക്ഷം രൂപ കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി ഡിവിഷന് കൈമാറിയിട്ടുള്ളതും, കോഴിക്കോട് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ തുടർ നടപടി സ്വീകരിച്ചുവരികയുമാണ്.

## ഫലവൃക്ഷത്തൈ വിതരണം

101 (5689) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് മുഖേന വൃക്ഷത്തൈ വിതരണം നടത്തുമ്പോൾ വലിയ വൃക്ഷത്തൈകൾക്ക് പകരം വീട്ടുപറമ്പുകളിലേക്ക് ആവശ്യമായ ഫലവൃക്ഷങ്ങൾ കൂടുതലായി ഉൾപ്പെടുത്തുവാൻ നടപടി കൈക്കൊള്ളുമോ; നിലവിൽ അവ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്ലാവ്, മാവ് തുടങ്ങിയ നല്ലയിനം ഫലവൃക്ഷത്തൈകൾ കുറഞ്ഞ വിലയിൽ വനം വകുപ്പ് മുഖേന വീടുകളിലേക്ക് വിതരണം ചെയ്യുന്ന പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(സി) ഫലവൃക്ഷത്തൈകൾ കുറഞ്ഞവിലയിൽ വിതരണം ചെയ്ത് വ്യാപകമാക്കാനുള്ള പദ്ധതികൾ ആലോചനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) സാമൂഹ്യവനവൽക്കരണ വിഭാഗം നിലവിൽ വിതരണത്തിനായി ചെറിയ കൂടത്തൈകളാണ് തയ്യാറാക്കിവരുന്നത്. ഇപ്രകാരം വിതരണം ചെയ്യുന്ന തൈകളിൽ ഫലവൃക്ഷത്തൈകൾക്ക് മുൻഗണന നൽകുന്നുണ്ട്. 2018-19 വർഷത്തിൽ ആകെ ഉൽപ്പാദിപ്പിച്ചിട്ടുള്ള 64 ലക്ഷം വൃക്ഷത്തൈകളിൽ 44.24 ശതമാനവും ഫലവൃക്ഷത്തൈകളാണ്. പ്ലാവ്, മാവ്, ബദാം, കുടംപുളി, നെല്ലി, ഞാവൽ, പേര, സപ്പോട്ട, മാതളം എന്നീ ഫലവൃക്ഷങ്ങൾ ഉൾപ്പെട്ട 24 ഇനങ്ങളാണ് സാമൂഹ്യവനവൽക്കരണ വിഭാഗം തയ്യാറാക്കി വിതരണം ചെയ്തിട്ടുള്ളത്.

(ബി) ഇത്തരമൊരു പദ്ധതി നിലവിലില്ല. എന്നാൽ പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് സർക്കാർ ഉത്തരവ് പ്രകാരം സൗജന്യമായാണ് തൈകൾ വിതരണം ചെയ്യുന്നത്. ഇപ്രകാരം വിതരണം ചെയ്യപ്പെടുന്ന തൈകളിൽ പ്ലാവ്, മാവ് തുടങ്ങി വിവിധ ഇനം ഫലവൃക്ഷങ്ങൾ ഉൾപ്പെട്ടിട്ടുള്ളതാണ്.

(സി) നിലവിൽ ഇത്തരം പദ്ധതികൾ ആലോചനയിലില്ല. എന്നാൽ പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് സർക്കാർ ഉത്തരവ് പ്രകാരം സൗജന്യമായാണ് തൈകൾ വിതരണം ചെയ്യുന്നത്. ഇപ്രകാരം വിതരണം ചെയ്യപ്പെടുന്ന തൈകളിൽ പ്ലാവ്, മാവ് തുടങ്ങി വിവിധ ഇനം ഫലവൃക്ഷങ്ങൾ ഉൾപ്പെട്ടിട്ടുള്ളതാണ്.

## വച്ചുപിടിപ്പിക്കുന്ന വൃക്ഷത്തൈകളുടെ സംരക്ഷണം

102 (5690) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വനവത്കരണ പദ്ധതിയുമായി ബന്ധപ്പെട്ട് വിതരണം ചെയ്യുന്ന വൃക്ഷത്തൈകൾ പരിപാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ബി) പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി വഴിയോരങ്ങളിലും സർക്കാർ ഓഫീസുകളിലും വച്ചുപിടിപ്പിച്ചിട്ടുള്ള വൃക്ഷങ്ങൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സാമൂഹ്യവനവൽക്കരണ വിഭാഗം വനവൽക്കരണത്തിനായി ഹരിത കേരളം, എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോരസംരക്ഷണം, Institutional Plantation, കണ്ടൽ വനവൽക്കരണം തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മേൽ പദ്ധതികൾ പ്രകാരം നല്ലയിനം വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മതസംഘടനകൾ, യുവജന സംഘടന, രാഷ്ട്രീയ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവർക്കായി വിതരണം ചെയ്തുവരുന്നു. ഈ പദ്ധതികൾ എല്ലാം ഫലപ്രദവും, അതുവഴി വൃക്ഷസമ്പത്ത് വനേതരപ്രദേശങ്ങളിൽ വർദ്ധിക്കാനിടയായിട്ടുമുണ്ട്. ഇപ്രകാരം വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ സംരക്ഷണവും, പരിപാലനവും സ്ഥലത്തിന്റെ ഉടമസ്ഥതയിലുള്ള വകുപ്പുകളിലും സംഘടനകളിലും വ്യക്തികളിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്. എന്നാൽ വിദ്യാർത്ഥികൾക്കും, തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകുന്ന തൈകളുടെ അതിജീവനം ഉറപ്പാക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പും, തദ്ദേശ സ്വയംഭരണ വകുപ്പും എല്ലാ കൊല്ലവും സർക്കുലറുകൾ ഇറക്കുന്നുണ്ട്. സ്കൂൾ തലത്തിൽ അദ്ധ്യാപകർ, പി.റ്റി.എ. പ്രതിനിധി, വിദ്യാർത്ഥി പ്രതിനിധി, വാർഡ് മെമ്പർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും, കോളേജ് തലത്തിൽ പ്രിൻസിപ്പലിന്റെ പ്രതിനിധിയും, പരിസ്ഥിതി പ്രവർത്തകർ, പഞ്ചായത്ത് പ്രസിഡന്റ്/നോമിനി, എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ്, ക്ഷേമകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ എന്നിവരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ, സ്കൂൾ ഹെഡ്മാസ്റ്റർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, പൊതുപ്രവർത്തകർ എന്നിവർ അംഗങ്ങളായ

15-ൽ കൂടാത്ത അംഗസംഖ്യയുള്ള കമ്മിറ്റിയുമാണ് നട്ടുപിടിപ്പിച്ച തൈകളുടെ നിലനിൽപ്പും വളർച്ചയും വിലയിരുത്തുന്നതിനും അതിജീവന ശതമാനം ഉറപ്പിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. ഇപ്രകാരമുള്ള കമ്മിറ്റികൾ പഞ്ചായത്ത് തലത്തിലും സ്കൂൾ, കോളേജ് തലങ്ങളിലും രൂപീകരിച്ച് നടപ്പിലാക്കാനുള്ള സംവിധാനം വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിതരണം ചെയ്ത തൈകളുടെ എണ്ണം, നടീൽ, അതിജീവനം എന്നിവ സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്റ്ററുകൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം പരിശോധനാ വിധേയമാക്കി തുടർ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.

2016, 2017 വർഷങ്ങളിൽ സംസ്ഥാനത്ത് വിതരണം ചെയ്ത തൈകളുടെ അതിജീവന ശതമാനം 14 ജില്ലകളിലെ തെരഞ്ഞെടുത്ത 20 കോളേജുകളിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ സഹകരണത്തോടുകൂടി തിട്ടപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ 2016-ൽ വിതരണം ചെയ്ത തൈകളിൽ 55.24 ശതമാനവും 2017 കാലഘട്ടത്തിൽ വിതരണം ചെയ്ത തൈകളിൽ 62.53 ശതമാനവും അതിജീവിച്ചിട്ടുണ്ട് എന്ന് സർവ്വേയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുണ്ട്.

(ബി) വഴിയോരത്തണൽ പദ്ധതി പ്രകാരം വഴിയോരങ്ങളിൽ വച്ചുപിടിപ്പിക്കുന്ന വൃക്ഷത്തൈകൾ കന്നുകാലികളിൽനിന്നും മറ്റും സംരക്ഷിക്കുന്നതിനായി ട്രീ ഗാർഡ് സംരക്ഷണം നൽകുകയും, കാലാകാലങ്ങളിൽ കളകൾ നീക്കം ചെയ്യുകയും പരിപാലനത്തിന് സന്നദ്ധസംഘടനകൾ, ക്ലബ്ബുകൾ, ഫീൽഡ് സ്റ്റാഫുകൾ എന്നിവരുടെ സേവനം ഉറപ്പുവരുത്തുകയും ചെയ്യുന്നു. നശിച്ചുപോയ വൃക്ഷത്തൈകൾക്ക് പകരം പുതിയവ നട്ടുപിടിപ്പിക്കുന്നതിന് (കാഷ്വാലിറ്റി റീപ്ലേസ്മെന്റ്) നടപടി സ്വീകരിക്കാറുണ്ട്. നട്ടുപിടിപ്പിച്ചിരിക്കുന്ന വൃക്ഷത്തൈകളുടെ സംരക്ഷണ ചുമതല റോഡിന്റെ ഉടമസ്ഥതയുള്ള പൊതുമരാമത്ത് വകുപ്പ്, തദ്ദേശീയ പാതാ അതോറിറ്റി തുടങ്ങിയവർക്കാണ്. വനം വകുപ്പ് നേരിട്ട് വിവിധ സ്ഥാപനങ്ങളിൽ നട്ടുപിടിപ്പിക്കുന്ന തൈകളുടെ പരിപാലനം ആദ്യത്തെ രണ്ട് വർഷം വനം വകുപ്പ് നേരിട്ടും തുടർ പരിപാലനം വനം വകുപ്പുമായി MoU - ൽ ഏർപ്പെടുന്ന പ്രസ്തുത സ്ഥാപനത്തിലും നിക്ഷിപ്തമായിരിക്കും.

**കുളങ്ങളുടെ നവീകരണത്തിനായി വനം വകുപ്പ് പദ്ധതി**

103 (5691) <u>ശ്രീമതി പി. അയിഷാ പോറ്റി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളങ്ങളുടെ നവീകരണത്തിനായി വനം വകുപ്പ് പദ്ധതി തയ്യാറാക്കിയിരുന്നോ;

(ബി) പ്രസ്തുത പദ്ധതിയിൽപ്പെടുത്തി നവീകരിക്കുന്നതിനായി കൊട്ടാരക്കര നിയോജകമണ്ഡലത്തിൽനിന്നും നിർദ്ദേശിച്ച കുളം ഏതായിരുന്നു;

(സി) പ്രസ്തുത പദ്ധതിയുടെ നിലവിലുള്ള സ്ഥിതി എന്താണ്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതികളായ IFM, IDWH, പ്രോജക്ട് എലിഫന്റ് മുതലായ സ്കീമുകളിലും സംസ്ഥാന സർക്കാർ പ്ലാൻ പദ്ധതികളിൽ വരുന്ന ഫോറസ്റ്റ് പ്രൊട്ടക്ഷൻ തുടങ്ങിയ സ്കീമുകളിലും ഉൾപ്പെടുത്തി വന പ്രദേശങ്ങളിലുള്ള കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കിവരുന്നു.

(ബി & സി) വന പ്രദേശങ്ങളിലുള്ള കുളങ്ങളുടെ നവീകരണ പ്രവൃത്തികൾ മാത്രമാണ് വനം വകുപ്പ് നടപ്പിലാക്കിവരുന്നത്. കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ പരിധിയിൽ റിസർവ് വന പ്രദേശങ്ങൾ ഉൾപ്പെട്ടിട്ടില്ല. അതിനാൽ, വനം വകുപ്പിൽ നിർദ്ദേശങ്ങളൊന്നും ലഭിച്ചിരുന്നില്ല.

**നെല്ലിയാമ്പതി ഫോറസ്റ്റ് ഫ്ലയിംഗ് സ്ക്വാഡ് റെയ്ഞ്ചർ**

104 (5692) <u>ശ്രീ. പി. ടി. തോമസ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി ഫോറസ്റ്റ് ഫ്ലൈയിംഗ് സ്ക്വാഡ് റെയ്ഞ്ചർ ആയി ജോലി നോക്കുന്ന ടി. സനൽകുമാർ എന്ന ഉദ്യോഗസ്ഥൻ പ്രസ്തുത തസ്തികയിൽ നിയമിതനായത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇദ്ദേഹം എന്നാണ് വനം വകുപ്പിൽ ജോലിയിൽ പ്രവേശിച്ചതെന്നും ഏത് തസ്തികയിലാണെന്നും ഇതുവരെ ഏതെല്ലാം ഓഫീസുകളിൽ ഏതെല്ലാം തസ്തികകളിൽ ഏതെല്ലാം കാലയളവിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(സി) ഇദ്ദേഹത്തിനെതിരെ വകുപ്പുതലത്തിലോ അല്ലാതെയോ ഏതെങ്കിലും കേസ്സുകളോ പരാതികളോ ഓരോ ഓഫീസിലും ഉണ്ടായിട്ടുണ്ടോയെന്നും എങ്കിൽ അതിന്മേൽ എന്തെങ്കിലും ശിക്ഷാനടപടിക്ക് വിധേയനായിട്ടുണ്ടോയെന്നും അറിയിക്കുമോ;

(ഡി) ഇദ്ദേഹത്തിനെതിരെ ഇപ്പോൾ വകുപ്പുതലത്തിലോ അല്ലാതെയോ ഏതെങ്കിലും കേസ്സോ/പരാതിയോ നിലവിലുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) നെല്ലിയാമ്പതി ഫോറസ്റ്റ് ഫ്ലയിംഗ് സ്ക്വാഡ് റെയ്ഞ്ചർ ആയി ടി. സനൽകുമാർ എന്ന പേരിൽ ഒരു ഉദ്യോഗസ്ഥൻ ജോലി നോക്കുന്നില്ല. നിലവിൽ അവിടെ ജോലി നോക്കുന്ന ഉദ്യോഗസ്ഥന്റെ പേര് ടി. സനിൽകുമാർ എന്നാണ് 24-7-2013-ലാണ് ശ്രീ. ടി. സനിൽകുമാർ റെയ്ഞ്ചർ തസ്തികയിൽ നിയമിതനായത്.

(ബി) സർവ്വീസ് ബുക്കിലെ രേഖകൾ പ്രകാരം 20-10-1998-ൽ ഇടവണ്ണ ഫോറസ്റ്റ് സ്റ്റേഷനിൽ ഫോറസ്റ്റർ തസ്തികയിലാണ് ടിയാൻ ജോലിയിൽ പ്രവേശിച്ചത്. ശ്രീ. ടി സനിൽകുമാർ ഇതുവരെ സേവനമനുഷ്ഠിച്ച തസ്തികകളുടേയും, ഓഫീസുകളുടേയും വിശദാംശം ചുവടെച്ചേർക്കുന്നു:

| തസ്തിക | ഡിവിഷൻ |
|---|---|
| ഫോറസ്റ്റർ | നിലമ്പൂർ നോർത്ത് ഡിവിഷൻ (20-10-1998 മുതൽ 3-4-2000 വരെ ഇടവണ്ണ റേഞ്ച്) |
| ഫോറസ്റ്റർ | കേരള ഫോറസ്റ്റ് സ്കൂൾ, വാളയാറിൽ ഫോറസ്റ്റർ ട്രെയ്നി (10-4-2000 മുതൽ 5-4-2001 വരെ) |
| ഫോറസ്റ്റർ | നിലമ്പൂർ നോർത്ത് ഡിവിഷൻ (7-4-2001 മുതൽ 16-9-2004 വരെ വഴിക്കടവ് റേഞ്ച്) |
| ഫോറസ്റ്റർ | നിലമ്പൂർ സൗത്ത് ഡിവിഷൻ (27-9-2004 മുതൽ 3-11-2007 വരെ കരുളായി റേഞ്ച്) |
| ഡെപ്യൂട്ടി റെയ്ഞ്ചർ | മണ്ണാർക്കാട് ഡിവിഷൻ (14.11.2007 മുതൽ 29.06.2012 വരെ അഗളി റേഞ്ച്) |
| ഡെപ്യൂട്ടി റെയ്ഞ്ചർ | അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ, ഇരവികുളം നാഷണൽ പാർക്ക് (06.07.2012 മുതൽ 30.07.2013 വരെ ഇരവികുളം റേഞ്ച്) |
| റെയ്ഞ്ച് ഓഫീസർ | ഫ്ലയിംഗ് സ്ക്വാഡ് ഡിവിഷൻ, കോതമംഗലം (07.08.2013 മുതൽ 21.04.2014 വരെ മൂന്നാർ റേഞ്ച്) |
| റെയ്ഞ്ച് ഓഫീസർ | സസ്പെൻഷൻ (22.04.2014 മുതൽ 04.09.2015 വരെ) |
| റെയ്ഞ്ച് ഓഫീസർ | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, വന്യ ജീവി വിഭാഗം (07.09.2015 മുതൽ 14.09.2016 വരെ) |

| | |
|---|---|
| റെയ്ഞ്ച് ഓഫീസർ | സെൻട്രൽ നഴ്സറി, നിലമ്പൂർ നോർത്ത് (16-9-2015 മുതൽ 24-11-2016 വരെ) |
| റെയ്ഞ്ച് ഓഫീസർ | നിലമ്പൂർ റെയിഞ്ച് (25-11-2016 മുതൽ 5-8-2017 വരെ) |
| റെയ്ഞ്ച് ഓഫീസർ | മാനന്തവാടി റെയിഞ്ച് (11-8-2017 മുതൽ 6-4-2018 വരെ) |
| റെയ്ഞ്ച് ഓഫീസർ | സോഷ്യൽ ഫോറസ്ട്രി, മൂന്നാർ, ഇടുക്കി (16-4-2018 മുതൽ 13-2-2019 വരെ) |
| ആർജ്ജിതാവധി - 20 ദിവസം - 14-2-2019 മുതൽ 5-3-2019 വരെ | |
| റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ | സോഷ്യൽ ഫോറസ്ട്രി, മൂന്നാർ, ഇടുക്കി (5-3-2019 മുതൽ 8-3-2019 വരെ) |
| റെയ്ഞ്ച് ഓഫീസർ | നെല്ലിയാമ്പതി ഫ്ലയിംഗ് സ്ക്വാഡ്, പാലക്കാട് ഫ്ലയിംഗ് സ്ക്വാഡ് ഡിവിഷൻ (11-3-2019 മുതൽ തുടരുന്നു.) |

(സി) ഇടുക്കി ജില്ലയിലെ കുറിഞ്ഞിമല വന്യജീവി സങ്കേതത്തിൽ ഉൾപ്പെട്ട കൊട്ടക്കമ്പൂർ, വട്ടവട വില്ലേജുകളിൽപ്പെടുന്ന സ്ഥലത്തെ യൂക്കാലിപ്റ്റസ് മരങ്ങൾ മുറിച്ചുമാറ്റാൻ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുമായി കൂട്ടുചേർന്ന് സർക്കാരിന് നഷ്ടം ഉണ്ടാക്കുവാനിടയായെന്ന കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അന്നത്തെ മൂന്നാർ ഫ്ലയിംഗ് സ്ക്വാഡ് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീ. ടി സനിൽകുമാറിനെ അച്ചടക്ക നടപടിക്ക് വിധേയനാക്കി 22-4-2014-ൽ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്യുകയും തുടർന്ന് 4-9-2015-ലെ ഉത്തരവ് പ്രകാരം സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തു. ടിയാന് സർക്കാർ 2-2-2016-ൽ കഠിനശിക്ഷയുള്ള കുറ്റപത്രം നൽകി അച്ചടക്കനടപടി ആരംഭിച്ചുവെങ്കിലും ടി വിഷയത്തിൽ നടത്തിയ ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ ടിയാൻ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറായി ചാർജ് എടുക്കുന്നതിനു മുമ്പാണ് ടി മരംമുറി നടന്നതെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ശ്രീ. ടി. സനിൽകുമാറിനെ പൂർണ്ണമായി കുറ്റവിമുക്തനാക്കിയിട്ടുള്ളതാണ്. ശ്രീ. ടി. സനിൽകുമാർ, ഫോറസ്റ്റർ തസ്തികയിൽ ജോലിനോക്കിവരവേ 3-7-2001-ന് 7030 നമ്പർ ഹൈദരാബാദ് - എറണാകുളം എക്സ്പ്രസ് ട്രെയിനിൽ ടിക്കറ്റില്ലാതെ യാത്ര ചെയ്തത് റെയിൽവേ അധികൃതർ കണ്ടെത്തുകയും പാലക്കാട് ഈസ്റ്റേൺ സർക്കിൾ ഫോറസ്റ്റ് കൺസർവേറ്റർ ടിയാന് കുറ്റപത്രം നൽകുകയും ടിയാന്റെ വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ തടഞ്ഞുവച്ചുകൊണ്ട് 2005-ൽ ഉത്തരവായിട്ടുണ്ട്.

(ഡി) നിലവിൽ ശ്രീ. ടി സനിൽകുമാറിനെതിരേ കേസ്/ പരാതികൾ ഇല്ല.

## തേക്ക് തോട്ടങ്ങളിൽ ഇലതീനി പുഴുക്കളുടെ നിയന്ത്രണം

105 (5693) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ തേക്ക് തോട്ടങ്ങളിൽ ഇലതീനി പുഴുക്കളുടെ ആക്രമണംമൂലം നഷ്ടം സംഭവിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇലതീനി പുഴുക്കളെ ജൈവരീതിയിൽ നിയന്ത്രിക്കുവാൻ കെ.എഫ്.ആർ.ഐ. വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യ വനം വകുപ്പിന്റെ തേക്ക് തോട്ടങ്ങളിൽ ഉപയോഗിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് 1985-ൽ പ്രസിദ്ധീകരിച്ച റിസർച്ച് റിപ്പോർട്ട് പ്രകാരം ഇലതീനി പുഴുക്കളുടെ ആക്രമണത്താൽ തേക്കിന്റെ വളർച്ചയിൽ 44% കുറവ് സംഭവിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) 2011-ൽ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യ 2011-ൽ വനം വകുപ്പിന് കൈമാറിയിട്ടുണ്ട്. ഈ സാങ്കേതിക വിദ്യ വനം വകുപ്പിന്റെ തേക്ക് തോട്ടങ്ങളിൽ ഉപയോഗിക്കുന്നില്ല.

തേക്ക് തോട്ടങ്ങളിൽ സീസണലായി ഇലതീനി പുഴുക്കളുടെ ശല്യം കാണപ്പെടുന്നുണ്ടെങ്കിലും മരുന്ന് പ്രയോഗം ഇല്ലാതെതന്നെ ആയത് അവസാനിക്കുന്നതായാണ് കണ്ടുവരുന്നത്. ആയതിനാൽ മേൽപ്പറഞ്ഞ സാങ്കേതിക വിദ്യയുടെ പ്രയോഗം ആവശ്യമായി വരുന്നില്ല.

ഇലതീനി പുഴുക്കളുടെ ആക്രമണം 3 വർഷത്തിൽ താഴെ പ്രായമായ തേക്ക് തോട്ടങ്ങളുടെ വളർച്ചയെ പ്രതികൂലമായി ബാധിക്കുന്ന രീതിയിൽ ഉണ്ടാകുന്നതായി കാണുന്നപക്ഷം അവ നിയന്ത്രിക്കുന്നതിനായി കെ.എഫ്.ആർ.ഐ.-യുമായി ചർച്ച ചെയ്ത് ഫീൽഡുതലത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുകയാണ് ചെയ്തുവരുന്നത്.

കെ.എഫ്.ആർ.ഐ. വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യ വനം വകുപ്പിന്റെ തേക്കുതോട്ടങ്ങളിൽ വ്യാപകമായ രീതിയിൽ പ്രയോഗിക്കുവാൻ പ്രായോഗികമായി ബുദ്ധിമുട്ടുകളുണ്ട്. അതിനാൽ അത് പരിഗണിക്കുവാൻ നിവൃത്തിയില്ല.

## അമ്പൂരി തൊട്ടുമല സെറ്റിൽമെന്റിലെ റോഡിന് വനം വകുപ്പിന്റെ അനുമതി

106 (5694) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പൂരി ഗ്രാമപഞ്ചായത്തിലെ തൊട്ടുമല സെറ്റിൽമെന്റിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം അനുമതി ലഭിച്ച ഏഴ് കോടി രൂപ അടങ്കൽ തുകയുള്ള റോഡിന്റെ നിർമ്മാണം വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതുമൂലം തടസ്സപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിച്ച് അമ്പൂരിയിലെ പന്ത്രണ്ടോളം സെറ്റിൽമെന്റ് കോളനികളിലായി താമസിക്കുന്ന ആദിവാസി വിഭാഗക്കാർക്ക് സഞ്ചാര സ്വാതന്ത്ര്യം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ)അമ്പൂരി ഗ്രാമപഞ്ചായത്തിലെ തൊട്ടുമല സെറ്റിൽമെന്റിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം അനുമതി ലഭിച്ച ഏഴ് കോടി രൂപ അടങ്കൽ തുകയുള്ള റോഡിന്റെ നിർമ്മാണം വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതുമൂലം തടസ്സപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നെയ്യാർ വന്യജീവി സങ്കേതത്തിലെ തൊട്ടുമല വാർഡിൽ പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജന പദ്ധതി പ്രകാരം റോഡ് നിർമ്മാണത്തിനായി അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള യൂസർ ഏജൻസിയുടെ ഓൺലൈൻ അപേക്ഷ ലഭിച്ചിട്ടില്ല. എന്നാൽ, ടി പദ്ധതി പ്രകാരം ടി വാർഡിലെ ചാക്കപ്പാറ – പിയണിപ്പാറ റോഡ് ബിറ്റുമിൻ കോൾഡ് മിക്സ് ഉപയോഗിച്ച് ടാർ ചെയ്യണമെന്നുള്ള അപേക്ഷ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റ് (PIU), ഡിസ്ട്രിക്ട് പഞ്ചായത്ത്, പട്ടം, തിരുവനന്തപുരം സമർപ്പിച്ചിട്ടുണ്ട്. അപേക്ഷ പരിശോധിച്ചതിൽ പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള 17-1-2011-ലെ F.No.5-3/2007-FC നമ്പർ ഗൈഡ്ലൈൻ പ്രകാരമുള്ള general exemption ഫോറസ്റ്റ് ക്ലിയറൻസുമായി ബന്ധപ്പെട്ടതാണ്. പ്രസ്തുത റോഡ് നെയ്യാർ വന്യജീവി സങ്കേതത്തിലൂടെയാണ് കടന്നുപോകുന്നത്. വൈൽഡ് ലൈഫ് ക്ലിയറൻസിനുള്ള exemption ടി ഗൈഡ്ലൈനിൽ സൂചിപ്പിച്ചിട്ടില്ല. ആയതിനാൽ,

വൈൽഡ് ലൈഫ് ക്ലിയറൻസ് ലഭിക്കുന്നതിനായി forestclearance.nic.in എന്ന website മുഖേന പ്രൊപ്പോസൽ സമർപ്പിക്കുവാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 2-4-2019-ന് ബി4-485/2018 കത്ത് പ്രകാരം അറിയിപ്പ് നൽകിയിട്ടുണ്ട്. ഇപ്രകാരമുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ലാത്തതാണ്.

(ബി) മേൽ പ്രകാരമുള്ള പ്രൊപ്പോസൽ ലഭ്യമായാൽ മാത്രമേ തുടർ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(സി) നെയ്യാർ വന്യജീവി സങ്കേതത്തിലെ തൊട്ടുമല വാർഡിൽ പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജന പദ്ധതി പ്രകാരം റോഡ് നിർമ്മാണത്തിനായി അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള യൂസർ ഏജൻസിയുടെ ഓൺലൈൻ അപേക്ഷ ലഭിച്ചിട്ടില്ല. എന്നാൽ, ടി പദ്ധതി പ്രകാരം ടി വാർഡിലെ ചാക്കപ്പാറ - പിയണിപ്പാറ റോഡ് ബിറ്റുമിൻ കോൾഡ് മിക്സ് ഉപയോഗിച്ച് ടാർ ചെയ്യണമെന്നുള്ള അപേക്ഷ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റ് (PIU), ഡിസ്ട്രിക്ട് പഞ്ചായത്ത്, പട്ടം, തിരുവനന്തപുരം സമർപ്പിച്ചിട്ടുണ്ട്. അപേക്ഷ പരിശോധിച്ചതിൽ പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള 17-1-2011-ലെ F.No.5-3/2007-FC നമ്പർ ഗൈഡ്‌ലൈൻ പ്രകാരമുള്ള general exemption ഫോറസ്റ്റ് ക്ലിയറൻസുമായി ബന്ധപ്പെട്ടതാണ്. പ്രസ്തുത റോഡ് നെയ്യാർ വന്യജീവി സങ്കേതത്തിലൂടെയാണ് കടന്നുപോകുന്നത്. വൈൽഡ് ലൈഫ് ക്ലിയറൻസിനുള്ള exemption ടി ഗൈഡ്‌ലൈനിൽ സൂചിപ്പിച്ചിട്ടില്ല. ആയതിനാൽ, വൈൽഡ് ലൈഫ് ക്ലിയറൻസ് ലഭിക്കുന്നതിനായി forestclearance.nic.in എന്ന website മുഖേന പ്രൊപ്പോസൽ സമർപ്പിക്കുവാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 2-4-2019-ന് ബി4-485/2018 കത്ത് പ്രകാരം അറിയിപ്പ് നൽകിയിട്ടുണ്ട്. ഇപ്രകാരമുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ലാത്തതാണ്.

## കൊച്ചി മംഗളവനത്തിന്റെ സംരക്ഷണം

107 (5695) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരത്തിന്റെ ശ്വാസകോശമായ മംഗളവനത്തിന്റെ സംരക്ഷണത്തിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മംഗളവനം പക്ഷിസങ്കേതത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനുമായി മുഴുവൻ സമയ വനപാലകരെ നിയോഗിച്ചിട്ടുണ്ട്. വാച്ചർമാരെ നിയോഗിച്ച് മംഗളവനവും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നു. പക്ഷിസങ്കേതത്തിലെ ജലാശയങ്ങൾ വൃത്തിയാക്കി പക്ഷികളുടെ ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നു. ജലാശയങ്ങളുടെ ഓരങ്ങളിൽ കണ്ടൽത്തൈകൾ നട്ട് പരിപാലിക്കുകയും ജലാശയങ്ങളുടെ നീരൊഴുക്ക് പരിപോഷിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. മംഗളവനത്തിന്റെ സംരക്ഷണത്തിനായി ഇക്കോ സെൻസിറ്റീവ് സോണിന്റെ കരട് വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. മംഗളവനത്തിലെ ആവാസവ്യവസ്ഥയെ പരിപോഷിപ്പിക്കുന്ന ചെടികൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. മംഗളവനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും, പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചും അവബോധന ക്ലാസ്സുകളും നടത്തിവരുന്നു.

**പൊന്തംപുഴ വനഭൂമി കേസ്**

108 (5696) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്തംപുഴ വനഭൂമി കേസ്സിൽ ഹൈക്കോടതിയിൽ സർക്കാർ ഭാഗം വാദിച്ചത് ഏത് അഭിഭാഷകനാണ്;

(ബി) പ്രസ്തുത കേസ്സിൽ സർക്കാർ റിവ്യൂ പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിവ്യൂ കേസ്സിൽ സർക്കാരിനെ പ്രതിനിധീകരിക്കുവാൻ ഏത് അഭിഭാഷകനെയാണ് നിയോഗിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പൊന്തംപുഴ വനഭൂമി കേസ്സിൽ ഹൈക്കോടതിയിൽ സർക്കാർ ഭാഗം വാദിച്ചത് ടി കേസ്സിന്റെ നടത്തിപ്പിനായി സർക്കാർ പ്രത്യേകം നിയമിച്ച സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ ശ്രീ. എം. പി. പ്രകാശ് ആണ്.

(ബി) പ്രസ്തുത കേസ്സിൽ സർക്കാർ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിരുന്നു. പ്രസ്തുത റിവ്യൂ കേസ്സിൽ സർക്കാരിനെ പ്രതിനിധീകരിക്കുവാൻ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ ശ്രീ. എം. പി. പ്രകാശിനെയാണ് നിയോഗിച്ചിരുന്നത്. ടി റിവ്യൂ പെറ്റീഷൻ 9-10-2018-ൽ ഹൈക്കോടതി തള്ളിയിട്ടുള്ളതാണ്. ഇതിനെതിരെ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള എസ്.എൽ.പി. നമ്പർ 2291/19-ൽ സർക്കാരിനുവേണ്ടി ഹാജരാകുവാൻ സീനിയർ അഭിഭാഷകനായ ശ്രീ. കെ. വി. വിശ്വനാഥനെ നിയമിച്ച് 11-6-2019-ലെ സ.ഉ.(സാധാ)നമ്പർ 212/2019/വനം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

**മറയൂരിൽ റാപ്പിഡ് റെസ്പോൺസ് ടീം**

109 (5697) ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറയൂരിൽ ചന്ദനമോഷണം വർദ്ധിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; കഴിഞ്ഞ ഒരു വർഷം എത്ര ലക്ഷം രൂപയുടെ ചന്ദനമാണ് മോഷ്ടിക്കപ്പെട്ടത്; അറിയിക്കുമോ;

(ബി) മറയൂർ ഫോറസ്റ്റ് ഡിവിഷനിലെ സ്റ്റാഫ് സ്ട്രെങ്ത് കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) മറയൂരിൽ വന്യമൃഗ ഭീഷണി വർദ്ധിക്കുന്ന സാഹചര്യത്തിൽ അവിടെ റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) മറയൂർ ചന്ദന ഡിവിഷനിൽ ചന്ദനമോഷണം വർദ്ധിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല. കഴിഞ്ഞ ഒരു വർഷം 55,500 രൂപയുടെ ചന്ദന മോഷണമാണ് ഉണ്ടായിട്ടുള്ളത്.

(ബി) മറയൂർ ചന്ദന ഡിവിഷനിൽ സ്റ്റാഫ് സ്ട്രെംഗ്ത് കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) മൂന്നാറിൽ റാപ്പിഡ് റെസ്പോൺസ് ടീം നിലവിലുണ്ട്. ആവശ്യമായി വരുന്ന സാഹചര്യത്തിൽ ടി ടീമിന്റെ സേവനം മറയൂരിലും ഉപയോഗിക്കുന്നതാണ്.

**പമ്പയിൽ അടിഞ്ഞുകൂടിയ മണലിന്റെ വിനിയോഗം**

110 (5698) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ആഗസ്റ്റിലുണ്ടായ മഹാപ്രളയത്തിൽ എത്ര ക്യൂബിക് അടി മണലാണ് പമ്പയിൽ അടിഞ്ഞു കൂടിയത്; ഇത് എന്ത് ചെയ്യാനാണ് ഉദ്ദേശിച്ചിരിക്കുന്നത് എന്നറിയിക്കാമോ;

(ബി) ദേവസ്വം ബോർഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മണൽ വിട്ടുനൽകാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര അളവ് മണലാണ് വിട്ടുനൽകുന്നത്; മണൽ എടുക്കുന്നതിന് ദേവസ്വം ബോർഡിനോട് എന്തെങ്കിലും നിബന്ധനകൾ വച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പമ്പയിൽ അടിഞ്ഞുകൂടിയ മണലിന് ആവശ്യക്കാർ എത്താത്ത സാഹചര്യത്തിൽ അത് എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) 90000 $M^3$ (3178350 ക്യൂബിക് അടി) മണൽ പമ്പ-ത്രിവേണി മേഖലയിൽ അടിഞ്ഞുകൂടിയതായി കണക്കാക്കിയിട്ടുണ്ട്

ഇപ്രകാരം അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിനായി F.No.8-2/2019-FC dated 26-2-2019 പ്രകാരം Ministry of Environment Forest & Climate Change അനുമതി നൽകിയിട്ടുണ്ട്.

മേൽ 90000 $M^3$ മണലിൽ 55000 $M^3$ മണൽ E-auction മുഖാന്തരം പൊതു ലേലത്തിൽ വിൽക്കുന്നതിനും, 15000 $M^3$ ചില്ലറ വിൽപ്പനയിലൂടെ വിൽക്കുന്നതിനും 20000 $M^3$ മണൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് സൗജന്യമായി നൽകുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) ഉണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 20000 $M^3$ മണൽ സൗജന്യമായി സർക്കാർ അനുവദിച്ചിട്ടുണ്ട്. മണൽ എടുക്കുന്നതിന് ദേവസ്വം ബോർഡിന് നിബന്ധനകൾ വച്ചിട്ടില്ലാത്തതാണ്. എന്നാൽ, നീക്കം ചെയ്യുന്നതിനായി ഫോറസ്റ്റ് പാസ് നൽകി ഉപയോഗിക്കേണ്ടതാണ്.

(സി) പൊതു മേഖലയിൽ (ഇ-ലേലത്തിൽ) 2 പേർ 1000 $M^3$ മണൽ വീതം വാങ്ങിയിട്ടുണ്ട്. ഇ-ലേലം മുഖേനയുള്ള പൊതുലേലം തുടരുന്നതാണ്. ചില്ലറ വില്പനയ്ക്കായി മണൽ പമ്പയിൽ നിന്നും നീക്കം ചെയ്യുന്നത് ഉടൻ ആരംഭിക്കുന്നതാണ്.

**അനങ്ങൻമല ഇക്കോ ടൂറിസം പദ്ധതിക്ക് വനം വകുപ്പ് സഹകരണം**

111 (5699) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ അനങ്ങൻമല ഇക്കോടൂറിസം പദ്ധതിയുടെ വികസനത്തിന് വനം വകുപ്പ് എതിർപ്പ് അറിയിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ;

(ബി) ധാരാളം സഞ്ചാരികളുടെ ശ്രദ്ധയാകർഷിക്കുന്ന പ്രസ്തുത പദ്ധതിയുടെ വികസനത്തിന് വനം വകുപ്പ് സഹകരണം നൽകുമോ എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) അനങ്ങൻമല ഇക്കോ ടൂറിസം പദ്ധതി ഇപ്പോൾ നടന്നുവരുന്നുണ്ട്. ആയതിന്റെ വികസനത്തിനായി ഡി.ടി.പി.സി. ഒരു പദ്ധതി നിർദ്ദേശിച്ചിരുന്നു. ആയതിൽ വനേതര പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിരുന്നതിനാൽ കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭ്യമാക്കിയാൽ മാത്രമേ വനം വകുപ്പിന്റെ അനുമതി നൽകുവാൻ കഴിയുകയുള്ളൂ എന്നറിയിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള വന നിയമങ്ങൾക്ക് വിധേയമായി വനം വകുപ്പ് സഹകരണം നൽകുന്നതാണ്.

**കാസർഗോഡ് വനപ്രദേശങ്ങളിലൂടെ കടന്നുപോകുന്ന റോഡുകൾ**

112 (5700) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര ഏക്കർ വനപ്രദേശം ഉണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വനപ്രദേശങ്ങളിലൂടെ കടന്നുപോകുന്ന റോഡുകളെക്കുറിച്ചുള്ള വിശദാംശം പഞ്ചായത്ത് തിരിച്ച് നൽകുമോ;

(സി) ഈ റോഡുകൾ ഏത് വകുപ്പിന്റെ കീഴിലാണെന്ന് അറിയിക്കാമോ;

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ വനം വകുപ്പിന്റെ അധീനതയിലുള്ള റോഡുകളിൽ നടത്തിയ നവീകരണ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ; ഓരോ റോഡിനും ചെലവായ തുകയും ഏത് ഫണ്ടിൽ നിന്നാണ് തുക ചെലവഴിച്ചതെന്നും വ്യക്തമാക്കാമോ;

(ഇ) ഇതുവരെ അറ്റകുറ്റപ്പണി നടത്താത്ത റോഡുകളുടെ പുനർനിർമ്മാണത്തിന് ഗ്രാമപഞ്ചായത്ത് സന്നദ്ധമാണെങ്കിൽ ആയതിന് അനുമതി നൽകുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രസ്തുത വനപ്രദേശങ്ങളിലൂടെ കടന്നുപോകുന്ന റോഡുകളെക്കുറിച്ചുള്ള വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(സി) ഈ റോഡുകൾ വനം വകുപ്പിന്റെ കീഴിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ വനം വകുപ്പിന്റെ അധീനതയിലുള്ള റോഡുകളിൽ നടത്തിയ നവീകരണ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ഇ) 1980-ലെ കൺസർവേഷൻ ആക്ട് പ്രകാരമുള്ള നടപടികൾക്ക് വിധേയമായി റോഡുകളുടെ പുനർനിർമ്മാണത്തിന് അനുമതി നൽകാവുന്നതാണ്.

**വന്യജീവി സംരക്ഷണകേന്ദ്രങ്ങളുടെ പരിപാലനം**

113 (5701) ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വന്യജീവി സംരക്ഷണകേന്ദ്രങ്ങളും ആയതിന്റെ പരിപാലനവും സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(ബി) കേരളത്തിലെ ദേശീയ ഉദ്യാനങ്ങളും അവയുടെ പരിപാലനവും സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

(സി) സംസ്ഥാനത്ത് കമ്മ്യൂണിറ്റി റിസർവുകൾ നിലവിലുണ്ടോ; ആയതിന്റെ സ്ഥാപിത ഉദ്ദേശ്യലക്ഷ്യങ്ങൾ അറിയിക്കുമോ;

(ഡി) സംസ്ഥാനത്തെ ടൈഗർ റിസർവുകളെയും എലിഫന്റ് റിസർവുകളെയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ഇ) വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്കായുള്ള സംസ്ഥാനവിഹിതം സംബന്ധിച്ച വിശദാംശങ്ങളും അവ ഏതൊക്കെ കാര്യങ്ങൾക്കാണ് ചെലവിടുന്നതെന്നും വ്യക്തമാക്കുമോ?

**ഉത്തരം**

(എ) സംസ്ഥാനത്ത് താഴെ പറയുന്ന 15 വന്യജീവി സങ്കേതങ്ങൾ ഉണ്ട്.

1. നെയ്യാർ വന്യജീവി സങ്കേതം
2. വയനാട് വന്യജീവി സങ്കേതം
3. ഇടുക്കി വന്യജീവി സങ്കേതം, വാഴാനി
4. പീച്ചി വന്യജീവി സങ്കേതം, വാഴാനി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

5. പേപ്പാറ വന്യജീവി സങ്കേതം

6. ചെന്തുരുണി വന്യജീവി സങ്കേതം

7. ചിമ്മിണി വന്യജീവി സങ്കേതം

8. ആറളം വന്യജീവി സങ്കേതം

9. ചിന്നാർ വന്യജീവി സങ്കേതം

10. തട്ടേക്കാട് പക്ഷി സങ്കേതം

11. മംഗളവനം പക്ഷി സങ്കേതം

12. കുറിഞ്ഞിമല സങ്കേതം

13. ചൂലന്നൂർ മയിൽ സങ്കേതം

14. മലബാർ വന്യമൃഗ സങ്കേതം.

15. കൊട്ടിയൂർ വന്യജീവി സങ്കേതം

1972-ലെ വന്യ ജീവി (സംരക്ഷണ) നിയമത്തിന്റെ വ്യവസ്ഥകൾ പ്രകാരവും, അംഗീകൃത മാനേജ്മെന്റ് പ്ലാനുകളിലെ നിർദ്ദേശങ്ങൾക്കനുസൃതവുമായിട്ടാണ് വന്യജീവി സംരക്ഷണ കേന്ദ്രങ്ങളുടെ പരിപാലനം ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ " ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് (IDWH)" മുഖേനയാണ് ഇവയുടെ പരിപാലനത്തിനുള്ള തുക വകയിരുത്തുന്നത്.

(ബി) കേരളത്തിൽ 6 ദേശീയോദ്യാനങ്ങളാണ് നിലവിലുള്ളത്.

1. ഇരവികുളം ദേശീയോദ്യാനം

2. സൈലന്റ്‌വാലി ദേശീയോദ്യാനം

3. ആനമുടി ദേശീയോദ്യാനം

4. മതികെട്ടാൻമല ദേശീയോദ്യാനം

5. പാമ്പാടുംചോല ദേശീയോദ്യാനം

6.പെരിയാർ ദേശീയോദ്യാനം

1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ വ്യവസ്ഥകൾ പ്രകാരവും, അംഗീകൃത മാനേജ്മെന്റ് പ്ലാനുകളിലെ നിർദ്ദേശങ്ങൾക്കനുസൃതമായിട്ടാണ് ദേശീയോദ്യാനങ്ങളുടെ പരിപാലനം ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ " ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് (IDWH)" മുഖേനയാണ് ഇവയുടെ പരിപാലനത്തിനുള്ള തുക വകയിരുത്തുന്നത്.

(സി) ഉണ്ട്. സംസ്ഥാനത്തെ ഒരു കമ്മ്യൂണിറ്റി റിസർവാണ് 2007-ൽ രൂപീകൃതമായ കടലുണ്ടി-വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ്. വനങ്ങൾക്ക് പുറമേയുള്ള ജൈവവൈവിദ്ധ്യ പ്രാധാന്യ മേഖലകളെ തദ്ദേശവാസികളായ ജനങ്ങളുടെ പങ്കാളിത്തത്തോടെയും സഹകരണത്തോടെയും സംരക്ഷിക്കുക എന്നതാണ് കമ്മ്യൂണിറ്റി റിസർവുകളുടെ സ്ഥാപിത ഉദ്ദേശ്യലക്ഷ്യം. തദ്ദേശവാസികൾ അംഗങ്ങളായുള്ള കമ്മ്യൂണിറ്റി റിസർവ് മാനേജ്മെന്റ് കമ്മിറ്റിയാണ് കമ്മ്യൂണിറ്റി റിസർവിന്റെ പ്രവർത്തനങ്ങൾ നിശ്ചയിക്കുന്നതും, നടപ്പിലാക്കുന്നതും.

(ഡി) സംസ്ഥാനത്ത് നിലവിൽ പെരിയാർ, ആനമുടി, നിലമ്പൂർ, വയനാട് എന്നീ 4 എലിഫന്റ് റിസർവുകളും, പെരിയാർ, പറമ്പിക്കുളം എന്നീ 2 കടുവാ സങ്കേതങ്ങളുമാണ് ഉള്ളത്. അവയെ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി *ചേർക്കുന്നു.

(ഇ) സംസ്ഥാനത്തെ 15 വന്യജീവി സങ്കേതങ്ങളുടെയും പെരിയാർ ഉൾപ്പെടെ 6 ദേശീയോദ്യാനങ്ങളുടെയും 2 ടൈഗർ റിസർവുകളുടെയും, ഒരു കമ്മ്യൂണിറ്റി റിസർവ്വിന്റെയും വികസന സംരക്ഷണ പ്രവർത്തനങ്ങളും ദൈനംദിന പ്രവർത്തനങ്ങളും കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേനയാണ് നടപ്പിലാക്കിവരുന്നത്. പ്രോജക്ട് ടൈഗർ ഒഴികെ മറ്റു പദ്ധതികൾക്കുള്ള കേന്ദ്ര-സംസ്ഥാന വിഹിതം 60:40 അനുപാതത്തിലാണ്. പ്രോജക്ട് ടൈഗറിൽ നോൺ റിക്കറിംഗ് പ്രവർത്തനങ്ങൾക്ക് 60 ശതമാനവും, റിക്കറിംഗ് പ്രവർത്തനങ്ങൾക്ക് 50 ശതമാനവും ആണ് കേന്ദ്ര വിഹിതം. കൂടാതെ 100% സംസ്ഥാന വിഹിതം വിനിയോഗിച്ചുകൊണ്ട് ജൈവവൈവിദ്ധ്യ സംരക്ഷണം (CBD), പരിസ്ഥിതി വികസന പരിപാടി (EDP), മനുഷ്യ-മൃഗ സംഘർഷ ലഘൂകരണമാർഗ്ഗങ്ങൾ (MRMAC) എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു.

**വനങ്ങളിലെ തടയണകൾ**

114 (5702) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2019 വരെയുള്ള ഓരോ വർഷത്തിലും വനം വകുപ്പ് കേരളത്തിലെ വനങ്ങളിൽ എത്ര തടയണകൾ വീതം നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) മേൽപ്പറഞ്ഞ കാലയളവിൽ ഓരോ വർഷവും യഥാക്രമം ഏതൊക്കെ ഡിവിഷനുകളിൽപ്പെട്ട ഏതൊക്കെ റെയിഞ്ചുകളിൽ എത്ര തടയണകൾ വീതം നിർമ്മിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഇപ്രകാരം തടയണകൾ നിർമ്മിക്കുന്നതിലൂടെ വേനൽക്കാലത്ത് വന്യമൃഗങ്ങൾക്ക് കുടിവെള്ള ലഭ്യത വർദ്ധിപ്പിക്കുവാൻ കഴിയുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2011 മുതൽ 2019 വരെയുള്ള ഓരോ വർഷത്തിലും വനം വകുപ്പ് കേരളത്തിലെ വനങ്ങളിൽ തടയണകൾ നിർമ്മിച്ചിട്ടുള്ള വിവരം സർക്കിൾ തലത്തിൽ അനുബന്ധമായി* ചേർക്കുന്നു.

(ബി) മേൽപ്പറഞ്ഞ കാലയളവിൽ ഓരോ വർഷവും നിർമ്മിച്ച തടയണകളുടെ വിവരം സർക്കിൾ, ഡിവിഷൻ, റെയിഞ്ച് തലത്തിൽ ഇതോടൊപ്പം അനുബന്ധമായി* ചേർക്കുന്നു.

(സി) തടയണകൾ നിർമ്മിക്കുന്നതിലൂടെ വേനൽക്കാലത്ത് വന്യമൃഗങ്ങൾക്ക് കുടിവെള്ള ലഭ്യത വർദ്ധിപ്പിക്കുവാൻ കഴിയുന്നുണ്ട്.

## വരയാടുകളുടെ സെൻസസ്

115 (5703) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വനങ്ങളിൽ മൃഗങ്ങളുടെ സെൻസസ് നടത്തിയതിന്റെ ഏറ്റവും പുതിയ കണക്കുകൾ ലഭ്യമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിലെ പൊന്മുടിയ്ക്കടുത്തുള്ള വരയാട് മൊട്ടയിൽ, വരയാടുകളുടെ സെൻസസ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) കേരളത്തിലെ വന്യമൃഗങ്ങളുടെ ഏറ്റവും ഒടുവിൽ നടന്ന സെൻസസിലെ ലഭ്യമായ കണക്കുകൾ ചുവടെ ചേർക്കുന്നു:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| ഇനം | അവസാനം കണക്കെടുപ്പ് നടത്തിയ വർഷം | എണ്ണം |
|---|---|---|
| കാട്ടാന | 2017 | 5706 |
| കടുവ | 2014 | 136 |
| വരയാട് | 2016 | 1420 |
| കാട്ടുപോത്ത് | 2011 | 17860 |
| മ്ലാവ് | 2011 | 32148 |
| പുള്ളിമാൻ | 2011 | 11398 |
| കാട്ടുപന്നി | 2011 | 48034 |

(ബി) ഉണ്ട്. 2016-ൽ നടത്തിയ കണക്കെടുപ്പ് പ്രകാരം പൊൻമുടിയിലെ വരയാട് മൊട്ടയിൽ 36 വരയാടുകളാണുള്ളത്.

**വംശനാശഭീഷണി നേരിടുന്ന വന്യജീവിയിനങ്ങൾ**

116 (5704) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വംശനാശഭീഷണി നേരിടുന്ന വന്യജീവിയിനങ്ങളുടെ എണ്ണത്തിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ വർദ്ധനവ് വന്നിട്ടുണ്ടോ;

(ബി) ഏതെല്ലാം വന്യജീവികളാണ് വംശനാശഭീഷണി നേരിടുന്നതെന്നും അതീവ വംശനാശഭീഷണി നേരിടുന്നതെന്നും വെളിപ്പെടുത്താമോ;

(സി) വംശനാശ ഭീഷണിയിൽനിന്ന് ഇവയെ സംരക്ഷിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2017-2019 കാലയളവിൽ നടത്തിയ കണക്കെടുപ്പിൽ വംശനാശ ഭീഷണി നേരിടുന്ന കടുവയുടെയും വരയാടുകളുടെയും എണ്ണത്തിൽ ചെറിയ തോതിലുള്ള വർദ്ധനവ് ഉള്ളതായി കാണുന്നു.

(ബി) അന്താരാഷ്ട്ര തലത്തിൽ IUCN എന്ന സംഘടനയാണ് വംശനാശ ഭീഷണി നേരിടുന്ന ജീവികളുടെ Red List തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നത്. ഇതനുസരിച്ച് കേരളത്തിൽ കാണുന്ന ഏഷ്യൻ ആന, കടുവ, വരയാട്,

സിംഹവാലൻ കുരങ്ങ്, കാട്ടുപട്ടി, ഈനാംപേച്ചി, മലബാർ വെരുക്, കാട്ടു ചുണ്ടെലി, കാട്ടു നച്ചെല്ലി, സിലോൺ നച്ചെലി, നെല്ലെലി തുടങ്ങിയ ഇനം സസ്തനികൾ, ചുട്ടിക്കഴുകൻ, ഇന്ത്യൻ കഴുകൻ, കാതില്ലാക്കഴുകൻ എന്നീ പക്ഷികൾ, 3 ഇനം ഉരഗങ്ങൾ, 11 ഇനം ഉഭയജീവികൾ, 9 ഇനം മത്സ്യങ്ങൾ എന്നിവ വംശനാശ ഭീഷണി നേരിടുന്നുണ്ട്. അവയിൽ മലബാർ വെരുക്, ചുട്ടിക്കഴുകൻ, ഇന്ത്യൻ കഴുകൻ, കാതില്ലാക്കഴുകൻ, സിസ്പാറ ഡേ ജെക്കോ എന്ന ഇനം പല്ലി, 11-ഓളം ഇനം തവളകൾ, 9 ഇനം മത്സ്യങ്ങൾ എന്നിവ അതീവ വംശനാശ ഭീഷണി നേരിടുന്നു.

(സി) വംശനാശ ഭീഷണി നേരിടുന്ന വന്യജീവി സംരക്ഷണാർത്ഥം തുടർച്ചയായ ഫീൽഡ് പരിശോധന, വനത്തിനുള്ളിൽ ആന്റി പോച്ചിംഗ് ക്യാമ്പുകൾ സ്ഥാപിച്ച് നിരീക്ഷണം നടത്തുക, പട്രോളിംഗ് ശക്തമാക്കുക എന്നിവ ചെയ്തുവരുന്നുണ്ട്. വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട് കർശനമായി നടപ്പാക്കിയും വന്യജീവി വേട്ട തടഞ്ഞും സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നു. കൂടാതെ കാട്ടുതീമൂലം ആവാസവ്യവസ്ഥയ്ക്ക് നാശം വരാതിരിക്കുവാൻ ഫലപ്രദമായ കാട്ടുതീ നിയന്ത്രണ മാർഗ്ഗങ്ങളും അവലംബിച്ചു വരുന്നു. കാടിനുള്ളിൽ തടയണകൾ നിർമ്മിക്കുകയും, നിലവിലുള്ള തടയണകൾ, വാട്ടർ ഹോളുകൾ, വയലുകൾ എന്നിവയുടെ പരിപാലനവും വഴി വന്യജീവികൾക്ക് കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നു. വന്യജീവികളുടെ ആവാസവ്യവസ്ഥയുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനായി വിദേശ അധിനിവേശ കളകൾ നീക്കം ചെയ്യുകയും ആവാസവ്യവസ്ഥ പുനഃസ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വനവികസന ഏജൻസികൾ രൂപീകരിച്ച് തദ്ദേശീയരായവരേയും ആദിവാസികളേയും ഉൾപ്പെടുത്തി പങ്കാളിത്ത വനസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ആനകിടങ്ങ്, ആനപ്രതിരോധ മതിൽ, സൗരോർജ്ജ വേലി എന്നിവ നിർമ്മിച്ചുവരുന്നു. കൂടാതെ, പൊതുജന പങ്കാളിത്തത്തോടെ ജനജാഗ്രതാ സമിതികളും എസ്.എം.എസ്. വഴിയുള്ള മുന്നറിയിപ്പ് സംവിധാനവും നടപ്പിലാക്കിവരുന്നു. പൊതുജനങ്ങൾക്കായുള്ള പ്രകൃതി പഠന ക്ലാസ്സുകളും ബോധവൽക്കരണ പരിപാടികളും വനസംരക്ഷണ പ്രവർത്തനങ്ങളിലേർപ്പെട്ടിട്ടുള്ള ജീവനക്കാരുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലന പരിപാടികളും സംഘടിപ്പിക്കുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ, വന്യജീവി സർവ്വേ, ഗവേഷണ പഠനങ്ങൾ എന്നിവയും നടത്തിവരുന്നുണ്ട്.

വംശനാശഭീഷണി നേരിടുന്ന ഏഷ്യൻ ആനകൾക്കും അവയുടെ സങ്കേതങ്ങൾക്കും സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി കേന്ദ്ര സഹായത്തോടെ പ്രോജക്ട് എലിഫന്റ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. കടുവകളുടെ

സംരക്ഷണത്തിനായി പെരിയാർ, പറമ്പിക്കുളം എന്നീ കടുവാ സങ്കേതങ്ങളിൽ പ്രോജക്ട് ടൈഗർ പദ്ധതി നടപ്പിലാക്കിവരുന്നു. വംശനാശ ഭീഷണി നേരിടുന്ന കഴുകന്റേയും (Vulture), വരയാടുകളുടെയും പരിപാലനത്തിനായി കേന്ദ്ര സഹായത്തോടെ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ്-റിക്കവറി പ്രോഗ്രാം ഫോർ വൾച്ചർ ഇൻ വയനാട്, റിക്കവറി പ്രോഗ്രാം ഫോർ നീലഗിരി താർ എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു.

**കാട്ടാനകളുടെ സംരക്ഷണം**

117 (5705) ശ്രീ. കെ. ബി. ഗണേഷ് കുമാർ:

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-19 എന്നീ മൂന്ന് വർഷക്കാലയളവിൽ കേരളത്തിലെ വനങ്ങളിൽ യഥാക്രമം ഓരോ വർഷവും എത്ര കാട്ടാനകൾ വീതം ചരിഞ്ഞിട്ടുള്ളതായാണ് ഔദ്യോഗികമായി കണക്കാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ കേരളത്തിലെ വനങ്ങളിൽ വെള്ളം കിട്ടാത്ത കാരണത്താൽ ഏതെങ്കിലും കാട്ടാന ചരിഞ്ഞതായി വനം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എവിടെയെന്നും വ്യക്തമാക്കുമോ;

(സി) വനത്തിനുള്ളിൽ ആന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുവാൻ മേൽപ്പറഞ്ഞ ഓരോ വർഷങ്ങളിലും വനം വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്നും അതിന്റെ ഗുണഫലങ്ങൾ ഉണ്ടായിട്ടുണ്ടോയെന്നും വിശദമാക്കുമോ;

(ഡി) കാടിനുള്ളിൽ കൂടുതൽ തടയണകൾ നിർമ്മിച്ചും സിമന്റ് ടാങ്കുകൾ നിർമ്മിച്ച് ലോറിയിൽ വെള്ളം എത്തിച്ചും വന്യജീവികൾക്ക് കുടിവെള്ളം നൽകുന്ന പദ്ധതി വനം വകുപ്പ് നടപ്പിലാക്കിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ യഥാക്രമം ഏത് വർഷം, എവിടെയൊക്കെ എന്നും വിശദമാക്കുമോ?

ഉത്തരം

(എ) 2016-17, 2017-18, 2018-19 വർഷങ്ങളിൽ കാട്ടാനകൾ ചരിഞ്ഞിട്ടുള്ള വിവരം ചുവടെ ചേർക്കുന്നു:

| വർഷം | എണ്ണം |
|---|---|
| 2016-17 | 127 |
| 2017-18 | 115 |
| 2018-19 | 107 |

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018-19 കാലയളവിൽ പുനലൂർ ഡിവിഷനിലെ പത്തനാപുരം റെയിഞ്ചിന്റെ പരിധിയിൽ വരുന്ന ഉപ്പുകുഴി, പാറാവള്ളിച്ചാൽ എന്ന സ്ഥലത്ത് 28-3-2019-ന് ഒരു കാട്ടാന നിർജ്ജലീകരണംമൂലം ചരിഞ്ഞിട്ടുണ്ട്.

(സി) വനത്തിനുള്ളിൽ വന്യമൃഗങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുവാൻ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ചെക്ക് ഡാമുകൾ, കുളങ്ങൾ എന്നിവ നിർമ്മിക്കുകയും നവീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ വേനൽക്കാലത്ത് മൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പാക്കാനും മൃഗങ്ങൾ ജലത്തിനുവേണ്ടി നാട്ടിലേക്കിറങ്ങുന്നത് ഒരു പരിധി വരെ ഒഴിവാക്കാനും സാധിച്ചിട്ടുണ്ട്.

(ഡി) സിമന്റ് ടാങ്കുകൾ നിർമ്മിച്ച് ലോറിയിൽ വെള്ളം എത്തിച്ച് വന്യജീവികൾക്ക് കുടിവെള്ളം നൽകുന്ന പദ്ധതി വനം വകുപ്പ് നടപ്പിലാക്കിയിട്ടില്ല. എന്നാൽ തടയണകൾ നിർമ്മിച്ച് വന്യജീവികൾക്ക് കുടിവെള്ളം എത്തിക്കുന്നുണ്ട്. കാടിനുള്ളിൽ നിർമ്മിച്ച തടയണകളുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

## റെയിൽ ഫെൻസിംഗ്

118 (5706) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, മലപ്പുറം ജില്ലകളുടെ അതിർത്തി പ്രദേശത്ത് കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യമൃഗശല്യം സംബന്ധിച്ച് നാട്ടുകാരുടെ ഭീമഹർജിയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) വന്യമൃഗശല്യം തടയുന്നതിന് റെയിൽ ഫെൻസിംഗ് നടപ്പിലാക്കിയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) കൂടുതൽ മേഖലകളിലേക്ക് റെയിൽ ഫെൻസിംഗ് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട്, മലപ്പുറം ജില്ലകളുടെ അതിർത്തി പ്രദേശത്ത് കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യമൃഗശല്യം സംബന്ധിച്ച് നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റാഫീസർ മുൻപാകെ 1-6-2019-ൽ നാട്ടുകാർ സമർപ്പിച്ച ഭീമഹർജിയിൽ, പ്രതിനിധികളുമായി ചർച്ച നടത്തുകയും വനം വകുപ്പിന് സാധ്യമായ എല്ലാ പ്രതിരോധ മാർഗ്ഗങ്ങളും സ്വീകരിക്കുന്നതാണെന്ന് അറിയിക്കുകയും ചെയ്തു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രശ്നബാധിത മേഖലകളിൽ സൗരോർജ്ജ കമ്പിവേലി, ആന പ്രതിരോധ കിടങ്ങ് എന്നിവ നിർമ്മിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിലവിൽ നിലമ്പൂർ നോർത്ത് ഡിവിഷനിൽ 86.79 കി.മീ. സൗരോർജ്ജ കമ്പിവേലി, 6.54 കി.മീ. ആന പ്രതിരോധ കിടങ്ങ്, 2.38 കി.മീ. ആന പ്രതിരോധ മതിൽ എന്നിവ നിർമ്മിച്ചിട്ടുണ്ട്. നാട്ടിലിറങ്ങുന്ന കാട്ടാനകളെ തുരത്തുന്നതിന് ദ്രുതകർമ്മ സേനയുടേയും, വാച്ചർമാരുടെയും സേവനങ്ങൾ ഉപയോഗിച്ചുവരുന്നുണ്ട്. പ്രസ്തുത ഹർജിയിൽ ആവശ്യപ്പെട്ട പ്രകാരം വെറ്റിലപ്പാറ വില്ലേജിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽപ്പെട്ട കോന്നൂർക്കണ്ടി, കുന്താനിക്കാട്, മരത്തോട് എന്നീ പ്രദേശങ്ങളിൽ സൗരോർജ്ജവേലി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. വന്യജീവി ആക്രമണംമൂലം നഷ്ടം സംഭവിക്കുന്നവർക്ക് സമയബന്ധിതമായി നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

(ബി) വയനാട് വൈൽഡ് ലൈഫ് ഡിവിഷനിലെ കുറിച്യാട് റെയിഞ്ചിലെ കുപ്പാടി ഫോറസ്റ്റ് സ്റ്റേഷനിൽപ്പെട്ട സത്രംകുന്ന് മുതൽ മൂടക്കൊല്ലി വരെ 10 കി.മീ. നീളത്തിൽ റെയിൽ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കോഴിക്കോട്, മലപ്പുറം ജില്ലകളിൽ റെയിൻ ഫെൻസിംഗ് നടപ്പിലാക്കിയിട്ടില്ല.

വനാതിർത്തിയിൽ റെയിൽ ഫെൻസിംഗ് നിർമ്മിക്കുന്നത് സംബന്ധിച്ച സാധ്യതകൾ പരിശോധിച്ചിരുന്നു. എന്നാൽ, ഇത് വളരെയേറെ ചെലവ് കൂടിയ പദ്ധതിയാണ്. ഒരു കിലോമീറ്റർ നീളത്തിൽ റെയിൽ ഫെൻസിംഗ് നിർമ്മിക്കുന്നതിന് ഏകദേശം ഒരു കോടി എൺപത് ലക്ഷം രൂപ ചെലവ് വരും. നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്, കല്ലിന്റെ ദൗർലഭ്യം എന്നിവ റെയിൽ ഫെൻസിംഗ് നിർമ്മിക്കുന്നതിന് പ്രായോഗിക തടസ്സങ്ങളാണ്. റെയിൽ ഫെൻസിംഗിനെക്കാൾ ചെലവ് കുറഞ്ഞ ക്രാഷ് ഗാർഡ് റോപ് ഫെൻസിംഗ് നിർമ്മിക്കുന്ന നടപടിയാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്.

### വന്യജീവി ആക്രമണംമൂലമുള്ള കാർഷിക നഷ്ടം

119 (5707) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യജീവികളുടെ ആക്രമണംമൂലം കാർഷികമേഖലകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇപ്പോൾ നൽകിവരുന്ന നഷ്ടപരിഹാര തുക എത്രയാണ്; പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

വന്യജീവികളുടെ ആക്രമണംമൂലം കാർഷികമേഖലകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് 1980-ലെ ദി കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്

പ്രകാരമാണ് നഷ്ടപരിഹാരം നൽകിവരുന്നത്. 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 17/2018/വനം പ്രകാരം പുതുക്കിയ നിരക്കിൽ നഷ്ടപരിഹാരം നൽകിവരുന്നു. വന്യജീവി ആക്രമണംമൂലം കാർഷിക മേഖലയിൽ ഉണ്ടാകുന്ന നഷ്ടത്തിന്റെ 100% (പരമാവധി 1 ലക്ഷം രൂപ) നഷ്ടപരിഹാരമായി നൽകുന്നുണ്ട്. കൂടാതെ, 8-1-2015-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 02/2015/വനം പ്രകാരം കൃഷിനാശം സംഭവിച്ച ഓരോ വിളയ്ക്കുമുള്ള നഷ്ടപരിഹാരം നൽകുന്നതിന് നിശ്ചയിച്ച മാനദണ്ഡങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

നഷ്ടപരിഹാരത്തിനായുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നഷ്ടപരിഹാരം നൽകിവരുന്നു. കാലതാമസം ഒഴിവാക്കാൻ ഇ -ഡിസ്ട്രിക്ട് മുഖാന്തരം ഓൺലൈൻ ആയിട്ടാണ് ഇത്തരം അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നത്. നഷ്ടപരിഹാരം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച തീരുമാനമെടുത്തിട്ടില്ല.

## എടപ്പറ്റയിൽ വന്യമൃഗങ്ങളുടെ ശല്യം

120 (5708) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ വന്യമൃഗങ്ങളുടെ ശല്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ആക്രമണം തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ വനമേഖലയിൽ നടത്തിയ വിവിധ പ്രവൃത്തികളുടെ ലിസ്റ്റും ചെലവഴിച്ച തുകയും ഇനം തിരിച്ച് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സൈലന്റ്‌വാലി നാഷണൽ പാർക്ക് ബഫർ സോണിൽ നിന്നും ഇറങ്ങുന്ന കാട്ടാനകൾ കാളികാവ് റെയിഞ്ച് പരിധിയിലെ പറയൻമേട് നിക്ഷിപ്ത വനഭൂമിയിൽ തമ്പടിക്കുകയും അവിടെനിന്ന് എടപ്പറ്റ ഗ്രാമപഞ്ചായത്തിൽ വരുന്ന വനാതിർത്തിയോട് ചേർന്ന ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങി കൃഷിനാശം ഉണ്ടാക്കുന്നുമുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ ജനവാസ മേഖലയിലേക്ക് കാട്ടാനകൾ ഇറങ്ങുന്നത് പരിഹരിക്കുന്നതിനായി മൂന്ന് കിലോമീറ്ററോളം സോളാർ പവർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, ഇത്തരം കാട്ടാനകളെ കാട്ടിലേക്ക് തിരികെ അയയ്ക്കുന്നതിനായി ദിവസവേതന ജോലിക്കാരെ നിയോഗിച്ചുവരികയും ചെയ്യുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ ജനവാസ വനമേഖലയിലേക്ക് കാട്ടാനകൾ ഇറങ്ങുന്നത് തടയുന്നതിനായി മുനാടി മുതൽ വീട്ടിക്കുന്ന വരെ മൂന്ന് കിലോമീറ്റർ ദൂരം സോളാർ ഫെൻസിംഗ് ചെയ്യുന്നതിന് 5,08,800 രൂപ ചെലവഴിച്ചിട്ടുണ്ട്.

## കാട്ടുമൃഗങ്ങളുടെ ആക്രമണം

121 (5709) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങി മനുഷ്യരെ ആക്രമിച്ച എത്ര സംഭവങ്ങൾ കഴിഞ്ഞ 3 വർഷത്തിനിടെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇതിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്നും എത്ര പേർക്ക് ഗുരുതരമായി പരിക്കേറ്റിട്ടുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര പേർക്ക് വനം വകുപ്പ് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; ആകെ എത്ര രൂപ ഈ മൂന്ന് വർഷത്തിനിടെ ചെലവാക്കി എന്ന് പറയാമോ;

(സി) ആക്രമണത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകാൻ കാലതാമസം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ആക്രമണത്തിന് ഇരയാകുന്നവർക്ക് അടിയന്തരമായി നഷ്ടപരിഹാരം നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ 3 വർഷത്തിനിടെ കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങി മനുഷ്യരെ ആക്രമിച്ച വിവരങ്ങൾ (പാമ്പ് ഉൾപ്പെടെ) ജില്ല തിരിച്ചുള്ളത് അനുബന്ധമായി* ചേർക്കുന്നു.

(ബി&സി) 2019-ൽ ലഭിച്ച ചില അപേക്ഷകളിന്മേൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികളുടെ ഭാഗമായി അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ബാക്കി എല്ലാപേർക്കും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നഷ്ടപരിഹാരം നൽകിവരുന്നു. ആകെ നഷ്ടപരിഹാരമായി 851.94 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നടപടിക്രമത്തിൽ കാലതാമസം ഒഴിവാക്കുന്നതിനായി ഇ-ഡിസ്ട്രിക്ട് എന്ന ഓൺലൈൻ പോർട്ടൽ മുഖേനയാണ് നഷ്ടപരിഹാരം നൽകിവരുന്നത്.

(ഡി) വന്യജീവികളുടെ ആക്രമണം നേരിട്ടവർക്ക് 1980-ലെ ദി കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം നഷ്ടപരിഹാരം നല്കിവരുന്നു. 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/2018/വനം പ്രകാരം തുക വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ വന്യജീവി ആക്രമണംമൂലമുള്ള മരണത്തിന്, അനന്തരാവകാശികൾക്ക് 10 ലക്ഷം രൂപയും (5 ലക്ഷം രൂപ അനന്തരാവകാശിക്ക് മരിച്ച ആളുമായുള്ള ബന്ധം തെളിയിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ ആദ്യ ഗഡുവായും ബാക്കി തുക അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും നല്കുന്നു). വനത്തിന് പുറത്തുവച്ചുള്ള പാമ്പുകടിമൂലമുള്ള മരണത്തിന് 2 ലക്ഷം രൂപയാണ് നഷ്ടപരിഹാരമായി നൽകുന്നത്.

**അറവുമാടുകളുടെ പരിശോധന**

122 (5710) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പുറത്തുനിന്നും മാംസാഹാരത്തിനായി അറവുമാടുകളെ കൊണ്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഏതെല്ലാം ചെക്ക്പോസ്റ്റുകൾ വഴിയാണ് ഇവയെ കൊണ്ടുവരുന്നത്; ഇവിടെ ആവശ്യമായ പരിശോധനകൾ നടത്തുന്നുണ്ടോ;

(സി) ഇതിനായി എന്തെങ്കിലും ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടെന്നുമുള്ള വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ 417599 കന്നുകാലികളെ വിവിധ ചെക്ക്പോസ്റ്റുകളിലൂടെ കടത്തി വിട്ടിട്ടുണ്ട്.

(ബി) ചെമ്മണാംപതി, ഗോപാലപുരം, കോഴിപ്പാറ, മീനാക്ഷിപുരം, മുതലമട, മട്ടത്തുകാട്, വാളയാർ, സുൽത്താൻബത്തേരി, കുഞ്ചത്തൂർ, കാർട്ടികുളം, ഇരിട്ടി, കുമിളി, ബോഡിമെട്ട്, കമ്പംമെട്ട്, തെന്മല, വഴിക്കടവ്, പെർള, പാറശ്ശാല എന്നീ 18 റിന്റർപെസ്റ്റ് ചെക്ക് പോസ്റ്റുകളിലൂടെയാണ് മൃഗങ്ങളെ സംസ്ഥാനത്തേക്ക് കടത്തിവിടുന്നത്. ചെക്ക്പോസ്റ്റുകളിൽ അതിർത്തി കടന്നുവരുന്ന മൃഗങ്ങളുടെ ആരോഗ്യപരിശോധന നടത്തിവരുന്നുണ്ട്.

(സി) സംസ്ഥാനത്തെ 18 ചെക്ക്പോസ്റ്റുകളിൽ തിരുവനന്തപുരം (പാറശ്ശാല), പാലക്കാട് (വാളയാർ) എന്നിവിടങ്ങളിൽ മാത്രമാണ് വെറ്ററിനറി സർജന്റെ മേൽനോട്ടത്തിൽ മൃഗങ്ങളുടെ പരിശോധന നടത്തിവരുന്നത്. ബാക്കിയുള്ള 16 ചെക്ക്പോസ്റ്റുകളിൽ ഫീൽഡ് ഓഫീസറുടെ മേൽനോട്ടത്തിൽ മൃഗങ്ങളുടെ പരിശോധന നടത്തിവരുന്നു.

അതിർത്തി കടന്ന് ചെക്ക്പോസ്റ്റിലൂടെ വരുന്ന മൃഗങ്ങളുടെ ഭൗതിക പരിശോധനയിലൂടെയും ഓരോ കൺസൈന്മെന്റിനോടൊപ്പവും കേന്ദ്ര മൃഗക്ഷേമ മന്ത്രാലയം നിഷ്കർഷിച്ചിട്ടുള്ള ആരോഗ്യ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലുമാണ് മൃഗങ്ങളെ കടത്തിവിടുന്നത്.

അത്യാവശ്യ ഘട്ടങ്ങളിൽ കുളമ്പുരോഗം ഉൾപ്പെടെയുള്ള രോഗങ്ങളുടെ സാന്നിധ്യം അറവുമാടുകളിലുണ്ടോ എന്ന് മനസ്സിലാക്കുന്നതിനായി കിറ്റുകൾ ഉപയോഗിച്ചുള്ള പ്രാഥമിക പരിശോധന നടത്താറുണ്ട്. ഇതിനായുള്ള പരിശീലനം സമയാസമയങ്ങളിൽ ഉദ്യോഗസ്ഥർക്ക് മൃഗസംരക്ഷണ വകുപ്പിൽനിന്നും നൽകിവരുന്നു.

ചെക്ക്പോസ്റ്റുകൾ കടന്നുവരുന്ന മൃഗങ്ങളുടെ സീറം സാമ്പിളുകൾ റാന്റം കളക്ഷൻ നടത്തി വിവിധ മൃഗരോഗങ്ങളുടെ സാന്നിധ്യം നിരീക്ഷിക്കുന്നതിനും അവയുടെ വ്യാപനം തടയുന്നതിനും റിന്റർപെസ്റ്റ് ലാബ് വഴി പരിശോധന നടത്തുകയും ചെയ്യുന്നു.

## നാട്ടാന പരിപാലന ചട്ടം ഭേദഗതി

123 (5711) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടാന പരിപാലന ചട്ടം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രധാനമായും എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ആന ഉടമസ്ഥർ, ഉൽസവം നടത്തിപ്പുകാർ, ബന്ധപ്പെട്ട സംഘടനകൾ എന്നിവരുമായി ഇത്തരത്തിലുള്ള ഭേദഗതി സംബന്ധിച്ച് ചർച്ച നടത്തുകയോ അഭിപ്രായങ്ങൾ ആരായുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരുമായെന്ന് വിശദമാക്കുമോ;

(സി) ചർച്ച നടത്തിയിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ അഭിപ്രായ രൂപീകരണം നടത്തുവാൻ വേണ്ടി ബന്ധപ്പെട്ടവരുമായി വിശദമായ ചർച്ച നടത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ എന്നത്തേയ്ക്ക് ഇക്കാര്യങ്ങൾ ചർച്ച ചെയ്യാൻ കഴിയുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉദ്ദേശിക്കുന്നുണ്ട്. 2012-ലെ കേരള നാട്ടാന പരിപാലന ചട്ടത്തിൽ ചില പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആനകൾക്കാവശ്യമായ വ്യായാമം ലഭ്യമാക്കൽ, ആനകളുടെ ശാസ്ത്രീയ ഭക്ഷണ രീതി, കൃത്യമായ ഇടവേളകളിലുള്ള ആരോഗ്യ നിരീക്ഷണം/പരിപാലന നടപടികൾ, മദപ്പാട് സമയത്തുള്ള പ്രത്യേക പരിചരണം, വിശ്രമമില്ലാതെയുള്ള എഴുന്നള്ളിപ്പുകൾ ഒഴിവാക്കൽ, നാട്ടാന പീഡനങ്ങൾക്കുള്ള ശിക്ഷകൾ, ആനകളുടെ ജീവശാസ്ത്രപരമായ സവിശേഷതകൾകൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിപാലന രീതികൾ എന്നിവ ഉൾപ്പെടുത്തി 2012-ലെ നാട്ടാന പരിപാലന നിയമം സമഗ്രമായി പുതുക്കി പുതിയ ചട്ടങ്ങൾ രൂപീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

(ബി-ഡി) 2012- ലെ നാട്ടാന പരിപാലന ചട്ടം സമഗ്രമായി പുതുക്കുന്നതിന് മുന്നോടിയായ കരട് ചട്ടങ്ങൾ തയ്യാറാക്കുകയും, ആയതിന്മേൽ തിരുവിതാംകൂർ, കൊച്ചി, ഗുരുവായൂർ, മലബാർ ദേവസ്വം ബോർഡുകൾ, തൃശ്ശൂർ പാറമേക്കാവ്, തിരുവമ്പാടി ക്ഷേത്ര ഭാരവാഹികൾ, കേരള ആന ഉടമസ്ഥ സംഘടന, വിവിധ ആന വിദഗ്ദ്ധർ, വനം വകുപ്പ് ഉദ്യോഗസ്ഥർ, വെറ്ററിനറി ഡോക്ടർമാർ എന്നിവരുമായി ചീഫ് വൈൽഡ് ലൈഫ് വാർഡൻ 18-3-2019-ന് ചർച്ച നടത്തിയിരുന്നു. മേൽ യോഗത്തിന്റെ മിനിട്സ് ചീഫ് വൈൽഡ് ലൈഫ് വാർഡൻ സർക്കാരിന് ലഭ്യമാക്കുകയുണ്ടായതിനെതുടർന്ന് യോഗത്തിലുണ്ടായ നിർദ്ദേശങ്ങളുടെ /അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ നാട്ടാന പരിപാലന ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ ചീഫ് വൈൽഡ് ലൈഫ് വാർഡന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മാതൃകാ മൃഗസംരക്ഷണഗ്രാമം പദ്ധതി**

124 (5712) <u>ശ്രീമതി വീണാ ജോർജ്ജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃക മൃഗസംരക്ഷണഗ്രാമം പദ്ധതിയിൽ എന്തൊക്കെ കാര്യങ്ങൾ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(ബി) ആറന്മുളയിലെ കന്നുകാലികളുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള എണ്ണം ലഭ്യമാക്കാമോ;

(സി) നാടൻ പശുവിനങ്ങളായ വെച്ചൂർ, കാസർകോഡ് കുള്ളൻ, സഹിവാൾ തുടങ്ങിയ ഇനങ്ങളുടെ ബീജങ്ങൾ സംരക്ഷിക്കുന്നതിനും ക്ഷീരകർഷകരുടെ ആവശ്യങ്ങൾക്കനുസരിച്ച് പശുക്കൾക്ക് കുത്തിവയ്ക്കുന്നതിനും നിലവിൽ എന്ത് ക്രമീകരണങ്ങളാണ് ഉള്ളതെന്നറിയിക്കാമോ;

(ഡി) പത്തനംതിട്ട ജില്ലയിൽ പ്രസ്തുത സംവിധാനങ്ങൾ മൃഗസംരക്ഷണ വകുപ്പ് എപ്രകാരം നടപ്പാക്കുന്നുവെന്ന് വിവരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ മൃഗസംരക്ഷണ മേഖലയിലുള്ള പദ്ധതികൾ നടപ്പിലാക്കി മാതൃകാ മൃഗസംരക്ഷണ ഗ്രാമമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണിത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. അതാത് മേഖലാടിസ്ഥാനത്തിൽ രൂപം കൊള്ളുന്ന പ്രോജക്ടുകൾക്ക് മൃഗസംരക്ഷണ വകുപ്പിന്റെ സഹായമായി ഒരു പഞ്ചായത്തിന് 5 ലക്ഷം രൂപ ധനസഹായം നൽകിവരുന്നു. 2019-2020-ൽ 20 പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കും.

(ബി) അനുബന്ധമായി* ചേർക്കുന്നു.

(സി&ഡി) കേരളത്തിൽ തനത് നാടൻ ഇനങ്ങളായ വെച്ചൂർ, കാസർഗോഡ് കുള്ളൻ, ഇതര സംസ്ഥനങ്ങളിലെ തനത് ജനസ്സുകളായ സഹിവാൾ, ഗിർ, റാത്തി, റെഡ് സിന്ധി എന്നിവയുടെ വിത്തുകാളകൾ കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ ബുൾ സ്റ്റേഷനുകളിൽ ലഭ്യമാണ്. ഇവയുടെ ഗാഢശീതീകരിച്ച ബീജം ആവശ്യാനുസരണം മൃഗസംരക്ഷണ വകുപ്പിന്റെ ബീജാധാനകേന്ദ്രങ്ങളിലെല്ലാം ബോർഡ് എത്തിക്കുന്നുണ്ട്. അതാത് തനത് ജനസ്സുകളിൽപ്പെട്ട പശുക്കളിൽമാത്രം ഈ ബീജം ഉപയോഗിച്ച് പ്രജനനം ഉറപ്പുവരുത്തുവാൻ ഫീൽഡ് തലത്തിൽ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

വടശ്ശേരിക്കര, കോഴഞ്ചേരി ഐ.സി.ഡി.പി. വാകയാർ, പുല്ലാട്, പള്ളിക്കൽ, പുലികീഴ്, ഒതറ, കോന്നി, കിടങ്ങന്നൂർ, DVC പത്തനംതിട്ട എന്നീ വെറ്ററിനറി ഹോസ്പിറ്റലുകളിലും ചെറുകുളഞ്ഞി, റാന്നി അങ്ങാടി, ചിട്ടൂർ, കരിയന്നൂർ, കൊറ്റനാട്, കക്കുടുമൺ, ഏനാത്ത്, ICDP, പെരിങ്ങനാട്, കൊടുമൺ, കൊറ്റങ്ങൽ എന്നീ വെറ്ററിനറി ഡിസ്പെൻസറികളിലും ഈ സൗകര്യം ലഭ്യമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കൂടാതെ നാടൻ ഇനങ്ങളുടെ ബീജമാത്രകൾ കർഷകരുടെ ആവശ്യാനുസരണം കൂടുതൽ സ്ഥാപനങ്ങളിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## യുവാക്കൾക്കിടയിൽ മൃഗസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

125 (5713) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവാക്കൾക്കിടയിൽ മൃഗസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സ്വയംതൊഴിൽ കണ്ടെത്തുന്നതിനും സഹായകമാകുന്ന തരത്തിൽ എന്തെങ്കിലും പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) ഇതിലേക്കായി സ്ഥിരം പരിശീലനകേന്ദ്രങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇന്ററസ്റ്റ് സബ്‌വെൻഷൻ, കൊമേഴ്സ്യൽ ഗോട്ടറി, മിൽക്കിംഗ് മെഷീൻ, കർഷക പരിശീലന പ്രവർത്തനങ്ങൾ എന്നിവ യുവാക്കൾക്കിടയിൽ മൃഗസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സ്വയംതൊഴിൽ കണ്ടെത്തുന്നതിനുമായുള്ള പദ്ധതികളാണ്.

1. മൃഗസംരക്ഷണ ആവശ്യങ്ങൾക്കായി കർഷകർ എടുത്തിട്ടുള്ള ലോണുകൾക്കുള്ള പലിശ സബ്സിഡി പദ്ധതി.

മൃഗസംരക്ഷണ മേഖലയിൽ കർഷകർ എടുക്കുന്ന ലോണുകൾക്ക് പലിശ ഇനത്തിൽ 5,000 രൂപ പരിധി നിശ്ചയിച്ച് സബ്സിഡി നൽകുന്ന പദ്ധതിയാണിത്. സംസ്ഥാനമൊട്ടാകെ പ്രതിവർഷം ചുരുങ്ങിയത് 5000 പേർക്കെങ്കിലും പദ്ധതികൊണ്ട് ആശ്വാസം ലഭിക്കും.

2. കൊമേഴ്സ്യൽ ഗോട്ടറി-ആട് വളർത്തൽ യൂണിറ്റുകൾ

വ്യവസായിക അടിസ്ഥാനത്തിൽ 20 ആടുകൾ അടങ്ങുന്ന (19 പെണ്ണാടും ഒരു മുട്ടനാടും) യൂണിറ്റുകൾ സ്ഥാപിക്കാൻ ഒരു യൂണിറ്റിന് ഒരു ലക്ഷം രൂപയുടെ ധനസഹായം ലഭിക്കും. ഇത്തരത്തിൽ സംസ്ഥാനമൊട്ടാകെ 150 യൂണിറ്റുകൾ സ്ഥാപിക്കും.

3. <u>മിൽക്കിംഗ് മെഷീൻ</u>

ക്ഷീരകർഷകർ അഭിമുഖീകരിക്കുന്ന മുഖ്യ പ്രശ്നമായ കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് മുഖേന കറവയന്ത്രം സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. 5-ൽ കൂടുതൽ പശുക്കളുള്ള തെരഞ്ഞെടുത്ത കർഷകർക്ക് 25,000 രൂപ വീതം ധനസഹായം നല്കുന്നു.

4. <u>കർഷക പരിശീലന കേന്ദ്രങ്ങൾ</u>

വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 8 ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററുകൾ ഒരു ഡക്ക് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഒരു പൗൾട്രി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ വഴി നൽകുന്ന പരിശീലനം യുവാക്കൾക്കിടയിൽ മൃഗസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സ്വയം തൊഴിൽ കണ്ടെത്തുന്നതിനും സഹായകമാകുന്നു.

(സി) കുടപ്പനക്കുന്ന്, കൊട്ടിയം, തലയോലപ്പറമ്പ്, ആലുവ, മലമ്പുഴ, മുണ്ടയാട്, വാഗമൺ, സുൽത്താൻബത്തേരി എന്നീ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററുകളും ചെങ്ങന്നൂർ പൗൾട്രി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഡക്ക് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, മഞ്ഞാടി എന്നീ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും സ്ഥിരം പരിശീലന കേന്ദ്രങ്ങളായി സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു.

**മുട്ട ഉൽപ്പാദകരുടെ പ്രശ്നങ്ങൾ**

126 (5714) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയ്ക്ക് കഴിഞ്ഞ ഒരു വർഷമായി ഉണ്ടായ വിലവർദ്ധനവ് വിശദമാക്കുമോ; തീറ്റയുടെ വില വർദ്ധനവിന് ആനുപാതികമായി പാൽ, മുട്ട എന്നിവയുടെ വില വർദ്ധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ മുട്ട ഉൽപ്പാദകർക്ക് വിപണനം ചെയ്യാനാകാത്ത വിധം താഴ്ന്ന വിലയിൽ അയൽ സംസ്ഥാനങ്ങളിലെ മുട്ട ഉൽപ്പാദകർ വിൽപ്പനയിലേർപ്പെടുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) തെരുവോരങ്ങളിൽ മുട്ടക്കോഴിക്കുഞ്ഞുങ്ങൾ എന്ന പേരിൽ പൂവൻ കുഞ്ഞുങ്ങളെ വിറ്റ് തട്ടിപ്പ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അംഗീകൃതമല്ലാത്ത ഉൽപ്പാദന കേന്ദ്രങ്ങൾ, വാക്സിനേഷൻ പോലും ചെയ്യാതെ കോഴിക്കുഞ്ഞുങ്ങളെ വിറ്റഴിക്കുന്നത് തിരിച്ചറിയാനോ തടയാനോ എന്തെങ്കിലും മാർഗ്ഗം നിലവിലുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ) അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതക്കുറവും വിലവർദ്ധനവും കാരണം കഴിഞ്ഞ വർഷം കോഴിത്തീറ്റയ്ക്കും കാലിത്തീറ്റയ്ക്കും വില വർദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷം ഉണ്ടായ വിലവർദ്ധനവ് അനുബന്ധമായി ചേർക്കുന്നു.* തീറ്റയുടെ വിലവർദ്ധനവിന് ആനുപാതികമായി പാലിന്റെ വില വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്ത് ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന മുട്ടയ്ക്ക് വില വർദ്ധിച്ചിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) നിലവിലില്ല.

**പുറത്തുനിന്ന് എത്തുന്ന കോഴിയിറച്ചി**

127 (5715) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തേക്ക് അതിർത്തി കടന്നെത്തുന്ന കോഴിയിറച്ചി ഏതെല്ലാം സ്ഥലങ്ങളിൽ പരിശോധന നടത്തിയതിനുശേഷമാണ് ഉപഭോക്താക്കളിൽ എത്തുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

സംസ്ഥാനത്തേക്ക് അതിർത്തി കടന്നെത്തുന്ന കോഴിയിറച്ചി അതിർത്തിയിൽ പരിശോധന നടത്തുന്നതിനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല. എന്നാൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ മരടിലുള്ള SLMAP എന്ന സ്ഥാപനത്തിൽ കോഴിയിറച്ചിയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം ഉണ്ട്.

**ഗുണനിലവാരമുള്ള കോഴിയിറച്ചി ലഭ്യമാക്കാൻ നടപടി**

128 (5716) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണനിലവാരമുള്ള കോഴിയിറച്ചി ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്താണെന്ന് അറിയിക്കുമോ;

(ബി) ഗുണനിലവാരമുള്ള കോഴിയിറച്ചിയുടെ ലഭ്യതക്കുറവുമൂലം ആരോഗ്യ രംഗത്തുണ്ടാകുന്ന പ്രശ്നങ്ങളെയും ബുദ്ധിമുട്ടുകളെയും കുറിച്ച് മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കേരളത്തിൽ ഗുണനിലവാരമുള്ള കോഴിയിറച്ചി ലഭ്യമാക്കുവാനായി ഇറച്ചി കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുവാനും, വ്യാപിപ്പിക്കുവാനും മൃഗസംരക്ഷണ വകുപ്പും, സർക്കാർ സംരംഭമായ കെപ്കോയും, കുടുംബശ്രീയും, എം.പി.ഐ.-യും ചുവടെ പ്രതിപാദിച്ചിട്ടുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>കുടുംബശ്രീ</u>

സർക്കാർ കുടുംബശ്രീയുമായി സഹകരിച്ച് കേരള ചിക്കൻ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

<u>എം.പി.ഐ.</u>

കുടുംബശ്രീയുമായി ഉണ്ടാക്കിയ ധാരണ പ്രകാരം, കോട്ടയം/എറണാകുളം ജില്ലകളിലെ കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും കിലോയ്ക്ക് 85 രൂപ വില പ്രകാരം 2 മാസം പ്രായമുള്ള കോഴികളെ എം.പി.ഐ. വാങ്ങുന്നതാണ്. ഗുണനിലവാരമുള്ള കോഴിയിറച്ചി ലഭ്യമാക്കുവാനായി എം.പി.ഐ.-ക്ക് സ്വന്തമായുള്ള കോഴി ഫാമിൽ ഒരു ബാച്ചിൽ 7500 കോഴികളെ വളർത്തുന്നു. പ്രതിദിനം 1500 കോഴികളെ സംസ്കരിച്ച് വിതരണം ചെയ്തുവരുന്നു.

<u>കെപ്കോ</u>

ഗുണമേന്മയുള്ള കോഴിക്കുഞ്ഞുങ്ങളെ മിതമായ നിരക്കിൽ കേരളത്തിലെ കർഷകർക്ക് ലഭ്യമാക്കുവാൻ കെപ്കോയുടെ ബ്രോയിലർ ബ്രീഡിംഗ് ഫാമിന്റെയും, ഹാച്ചറിയുടെയും നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. തിരുവനന്തപുരത്തെ കുടപ്പനക്കുന്നിലും തൃശ്ശൂർ ജില്ലയിലെ മാളയിലും കൊല്ലം ജില്ലയിലെ കൊട്ടിയത്തും പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രങ്ങളിൽ നിന്നും കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് കർഷകർക്ക് മിതമായ നിരക്കിൽ വിതരണം ചെയ്യുന്നു. ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്കായി രണ്ട് പദ്ധതികൾ കൂടി കെപ്കോ നടപ്പിലാക്കുന്നു.

1. കോൺട്രാക്ട് ഫാമിംഗ്

2. മൃഗസംരക്ഷണ-കെപ്കോ-കുടുംബശ്രീ കോഴിവളർത്തൽ പദ്ധതി

<u>മൃഗസംരക്ഷണ വകുപ്പ്</u>

മൃഗസംരക്ഷണ വകുപ്പിന്റെ ആയൂർ തോട്ടത്തറ ഹാച്ചറിയിൽ ബ്രോയിലർ ബ്രീഡിംഗ് ഫാം പ്രവർത്തനം തുടങ്ങുമ്പോൾ ഓരോ ആഴ്ചയിലുമായി 40000 ഗുണമേന്മയുള്ള കോഴിക്കുഞ്ഞുങ്ങളെ കേരളത്തിലുടനീളം കർഷകർക്ക് വിതരണം ചെയ്യാൻ സാധിക്കും. ഈ ഉദ്ദേശ്യത്തോടെ ആരംഭിച്ച ചെറ്റച്ചൽ ജേഴ്സിഫാം ഹാച്ചറി, മലപ്പുറം എടവണ്ണ ഹാച്ചറി എന്നിവയുടെ നിർമ്മാണം പുരോഗതിയിലാണ്.

(ബി) ഉണ്ട്, കുടുംബശ്രീ ചിക്കൻ ഫാമുകളിൽ നിന്നും ചിക്കൻ സാമ്പിളുകൾ ശേഖരിച്ച് മൃഗസംരക്ഷണ വകുപ്പിന്റെ മരടിലുള്ള സ്റ്റേറ്റ് ലബോറട്ടറി ഫോർ മറൈൻ ആന്റ് അഗ്രി പ്രോഡക്ട്സ് ലാബിൽ ആന്റിബയോട്ടിക് റെസിഡ്യൂ പരിശോധിച്ച് വരുന്നു. ഡി.എൻ.എ. ബേസ്ഡ് ടെക്നിക് ഉപയോഗിച്ച് ഏതു മൃഗത്തിന്റെ ഇറച്ചിയാണെന്ന് തിരിച്ചറിയുന്നതിനുമുള്ള പരിശോധനയും നടത്തിവരുന്നു.

കൂടാതെ, ആന്റിമൈക്രോബിയൽ റെസിസ്റ്റൻസിനെയും ആന്റിബയോട്ടിക് ഉപയോഗം നിയന്ത്രിക്കുന്നതിനെയും കുറിച്ച് കർഷകർക്ക് മൃഗസംരക്ഷണ വകുപ്പ് ട്രെയിനിംഗ് നൽകിവരുന്നു.

**മൃഗചികിത്സാ സംവിധാനങ്ങൾ**

129 (5717) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യമുള്ള പക്ഷി-മൃഗസമ്പത്താണ് മൃഗസംരക്ഷണ മേഖലയിലെ ഉല്പാദനത്തിന്റെ അടിസ്ഥാനം എന്നിരിക്കെ ഇത്തരം പക്ഷി-മൃഗാദികളുടെ പരിപാലനത്തിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) പൊതുജനാരോഗ്യത്തിന് ഭീഷണിയായ ജന്തുജന്യരോഗങ്ങളായ പക്ഷിപ്പനി, നിപ വൈറസ് ബാധ, പേവിഷബാധ, കുരങ്ങ് പനി എന്നിവ നേരിടുന്നതിന് രോഗാണു വാഹകരായ പക്ഷി-മൃഗാദികൾക്കായി ആധുനിക രോഗനിർണ്ണയ ചികിത്സാസൗകര്യങ്ങൾ ഉള്ള പ്രാദേശിക റഫറൽ ചികിത്സാ കേന്ദ്രങ്ങൾ സംസ്ഥാനത്ത് ആവശ്യത്തിനുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) വിദഗ്ധചികിത്സയ്ക്ക് ആശ്രയിക്കാൻ കഴിയുന്ന താലൂക്ക് തലത്തിലുള്ള വെറ്ററിനറി പോളിക്ലിനിക്കുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പക്ഷിമൃഗാദികളുടെ പരിപാലനത്തിനായി മൃഗസംരക്ഷണ വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കന്നുകുട്ടി പരിപാലന പദ്ധതിയിലൂടെ സബ്സിഡി നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കി ആരോഗ്യമുള്ള പശുക്കളെ

വളർത്തിയെടുക്കുന്നതിനും ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതിയിലൂടെ പശുക്കൾക്ക് ഇൻഷ്വറൻസ് പരിരക്ഷയും മൃഗാശുപത്രികളിലൂടെ ചികിത്സയും ബ്ലോക്കുതലത്തിൽ നടപ്പാക്കിവരുന്ന അടിയന്തര മൃഗചികിത്സാ പദ്ധതിയിലൂടെ രാത്രികാല മൃഗചികിത്സാ സേവനവും ജന്തുരോഗ നിയന്ത്രണ പദ്ധതിയിലൂടെ പ്രധാന സാംക്രമിക രോഗങ്ങൾക്കുള്ള പ്രതിരോധ കുത്തിവെയ്പും നല്കിവരുന്നു. കൂടാതെ മൃഗസംരക്ഷണ പരിശീലന കേന്ദ്രങ്ങൾ വഴി കർഷകർക്ക് മൃഗപരിപാലനത്തിൽ പരിശീലനവും നല്കിവരുന്നു.

(ബി) പക്ഷിപ്പനി, നിപ വൈറസ് ബാധ മുതലായ രോഗങ്ങൾ നിർണ്ണയിക്കുവാനുള്ള സൗകര്യങ്ങൾ നിലവിൽ സംസ്ഥാനത്ത് ഇല്ല. ഇതിനായുള്ള സാങ്കേതിക വിദ്യയും സാമ്പത്തിക സ്രോതസും ലഭ്യമായാൽ സംസ്ഥാന ജന്തുരോഗ നിർണ്ണയ കേന്ദ്രത്തിനോടനുബന്ധിച്ച് ബി.എസ്.എൽ.2 ലബോറട്ടറികൾ ആരംഭിക്കുന്നത് ഉചിതമായിരിക്കും. കുരങ്ങ് പനി രോഗനിർണ്ണയം നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാന ജന്തുരോഗ നിർണ്ണയ കേന്ദ്രത്തിൽ ലഭ്യമാണ്. പേവിഷബാധ നിർണ്ണയത്തിനായി സംസ്ഥാനത്ത് 5 പ്രാദേശിക ലബോറട്ടറികളിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്

(സി) 2019-20-ലെ ബഹു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ കന്നുകാലികളുടെ എണ്ണം കൂടുതലുള്ള പഞ്ചായത്തുകളിൽ ആധുനിക രോഗനിർണ്ണയ സൗകര്യങ്ങളോടുകൂടിയ 25 വെറ്ററിനറി ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിനും, തെരഞ്ഞെടുക്കപ്പെട്ട മൃഗാശുപത്രികളെ വെറ്ററിനറി പോളിക്ലിനിക്കുകളായി ഉയർത്തുന്നതിനും ഉദ്ദേശിക്കുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്.

**കെപ്കോ പദ്ധതികൾ**

130 (5718) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെപ്കോ വഴി നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യാർത്ഥികൾക്ക് കോഴിക്കുഞ്ഞ് വിതരണം ചെയ്യുന്ന 'കുഞ്ഞ് കൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി ഈ വർഷം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണ് എന്നറിയിക്കാമോ;

(സി) ഈ വർഷം പദ്ധതി നടപ്പിലാക്കുന്നതിന് എല്ലാ ജില്ലയിലെയും സ്കൂളുകളെ പരിഗണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ മുട്ടയുല്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തെ മുൻനിർത്തി കെപ്കോ നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1) <u>കെപ്കോ ആശ്രയ പദ്ധതി</u>

തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിലെ ഓരോ വിധവകൾക്കും ഇതുവഴി 10 കോഴികളും 10 കിലോ തീറ്റയും 50 രൂപയുടെ മരുന്നും നൽകുന്നു.

2) <u>കെപ്കോ വനിതാമിത്രം പദ്ധതി</u>

തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിലെ കുടുംബശ്രീ യൂണിറ്റിൽപ്പെട്ട 1000 വനിതാ ഗുണഭോക്താക്കൾക്ക് 10 കോഴികളും 10 കിലോ തീറ്റയും മരുന്നും വിതരണം ചെയ്യുന്നു. ഇതിനായി ഓരോ ഗുണഭോക്താവും 250 രൂപ വീതം ഗുണഭോക്തൃ വിഹിതമായി അടയ്ക്കേണ്ടതാണ്.

3) <u>കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി</u>

സ്കൂൾ കുട്ടികളിൽ സമ്പാദ്യശീലം വളർത്തുക, തൊഴിലിന്റെ മഹത്വം ബോധ്യപ്പെടുത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെ യു.പി. വിഭാഗത്തിലെ 6, 7 സ്റ്റാൻഡേർഡുകളിലെയും ഹൈസ്കൂൾ വിഭാഗത്തിലെ 8, 9 സ്റ്റാൻഡേർഡുകളിലെ ഓരോ കുട്ടിക്കും 5 കോഴിയും 5 കിലോ തീറ്റയും മരുന്നും സൗജന്യമായി നൽകുന്നു.

4) <u>കെപ്കോ നഗരപ്രിയ പദ്ധതി</u>

നഗര പ്രദേശങ്ങളിലെ മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കുക, അടുക്കള മാലിന്യങ്ങൾ നൽകി മുട്ടയുല്പാദന ചെലവ് കുറയ്ക്കുക, മാലിന്യ സംസ്കരണത്തിന് ഒരു പരിധിവരെ സഹായിക്കുക, കോഴിവളം പച്ചക്കറി കൃഷിക്ക് ഉപയോഗപ്പെടുത്തി പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുക, എന്നിവ ലക്ഷ്യമാക്കി കോർപ്പറേഷൻ/മുനിസിപ്പാലിറ്റി എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ടുള്ള നൂതന പദ്ധതിയാണിത്. ഇതുവഴി തെരഞ്ഞെടുപ്പെടുന്ന ഓരോ ഗുണഭോക്താവിനും 5 കോഴിയും ആധുനിക രീതിയിലുള്ള കൂടും 5 കിലോ തീറ്റയും മരുന്നും നൽകുന്നതാണ് ഈ പദ്ധതി. ഇതിനായി ഗുണഭോക്താക്കൾ നിശ്ചിത തുക ഗുണഭോക്തൃ വിഹിതമായി അടയ്ക്കേണ്ടതുണ്ട്.

(ബി) ഇല്ല. ഈ പദ്ധതിക്ക് ഭരണാനുമതി നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ വർഷം എല്ലാ ജില്ലകളിലുമുള്ള സ്കൂളുകളെ പരിഗണിക്കുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

**കന്നുകാലി സെൻസസിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ**

131 (5719) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ കന്നുകാലി സെൻസസ് സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; ഇതിനായി നിയോഗിച്ച ഉദ്യോഗസ്ഥർ എത്രയെന്നും ഇത് എന്നാണ് പൂർത്തിയാക്കേണ്ടതെന്നും അറിയിക്കുമോ;

(ബി) മൃഗസംരക്ഷണ വകുപ്പിലെ ഫീൽഡുതല ഉദ്യോഗസ്ഥരെയെല്ലാം മേൽപ്രവൃത്തിക്കായി നിയോഗിച്ചത്, സംസ്ഥാനത്തെ വെറ്ററിനറി സബ് സെന്ററുകളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചുവെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(സി) ഇതിന് പരിഹാരമായി ഇപ്രകാരമുള്ള സെൻസസിന് താല്ക്കാലിക ജീവനക്കാരെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇവരുടെ സേവനം ഉപയോഗപ്പെടുത്താൻ നിർദ്ദേശം നൽകാമോ?

**ഉത്തരം**

(എ) ദേശീയ കന്നുകാലി സെൻസസ് സംസ്ഥാനത്ത് വകുപ്പിലെ എല്ലാ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരേയും ഉൾപ്പെടുത്തി ഔദ്യോഗികമായി 2019 മാർച്ച് 1 മുതൽ ആരംഭിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം 1894 (1578 എന്യൂമറേറ്റർമാർ, 316 സൂപ്പർവൈസർമാർ) ഉദ്യോഗസ്ഥരെയാണ് സെൻസസിന് നിയോഗിക്കുവാൻ നിർദ്ദേശം നൽകിയിട്ടുള്ളത്. എന്നാൽ കന്നുകാലി സെൻസസിന്റെ ജോലിഭാരം കണക്കിലെടുത്ത് 2510 എന്യൂമറേറ്റർമാരെയും 1194 സൂപ്പർവൈസർമാരെയും ഉൾപ്പെടുത്തി ആകെ 3704 ഉദ്യോഗസ്ഥരെ സംസ്ഥാനത്ത് നിയോഗിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാർ മാനദണ്ഡപ്രകാരം കന്നുകാലി സെൻസസിന്റെ വിവരശേഖരണം മൂന്നുമാസ കാലയളവിൽ പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ നിശ്ചിത കാലയളവിനുള്ളിൽ സെൻസസ് പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ 2019 ജൂൺ 30 വരെ വിവരശേഖരണത്തിനായി സമയം അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) മൃഗസംരക്ഷണ വകുപ്പിൽ 5 വർഷം കൂടുന്തോറും നടന്നുവരുന്ന പ്രക്രിയയാണ് കന്നുകാലി സെൻസസ്. ഇതിലേക്ക് നിയോഗിക്കപ്പെടുന്ന ഫീൽഡുതല ഉദ്യോഗസ്ഥരുടെ സബ്സെന്ററിലെ ജോലികൾ അവരുടെ അഭാവത്തിൽ അതാത് സബ്സെന്ററുകളുടെ മേൽനോട്ടം വഹിക്കുന്ന വെറ്ററിനറി സർജ്ജന്മാരാണ് ചെയ്യുന്നത്. ആയതിനാൽ മേൽ പ്രവൃത്തി സബ്സെന്ററുകളുടെ പ്രവർത്തനത്തെ യാതൊരു വിധത്തിലും ബാധിക്കുന്നില്ല. സബ്സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്.

(സി) കന്നുകാലി സെൻസസിന്റെ വിവരശേഖരണം സംബന്ധിച്ച അന്തിമ തീരുമാനങ്ങൾ കൈകൊള്ളുന്നത് കേന്ദ്ര സർക്കാരാണ്.

## കല്ലാമം ക്ഷീരോല്പാദക സഹകരണ സംഘത്തിൽ ഐ.സി.ഡി.പി. ഉപകേന്ദ്രം

132 (5720) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കല്ലാമം ക്ഷീരോല്പാദക സഹകരണ സംഘത്തിൽ ഐ.സി.ഡി.പി. ഉപകേന്ദ്രം അനുവദിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; ഇതുസംബന്ധിച്ച് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് നൽകിയ നിർദ്ദേശം പാലിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ പ്രവർത്തനരഹിതമായി കിടക്കുന്ന ഏതെങ്കിലും ഐ.സി.ഡി.പി. ഉപകേന്ദ്രങ്ങളിൽ ഒരെണ്ണം കല്ലാമം ക്ഷീരോല്പാദക സഹകരണ സംഘത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി ഉടൻ സ്വീകരിക്കുമോ;

(സി) ഐ.സി.ഡി.പി. ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അനുമതി ആവശ്യമാണോ; എങ്കിൽ ആവശ്യമായ അനുവാദം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ&ബി) പത്തിൽ താഴെ ഇൻസെമിനേഷൻ നടക്കുന്ന ഐ.സി.ഡി.പി. സബ്സെന്ററുകൾ ഉണ്ടെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനുമതിയോടെ പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കല്ലാമം ക്ഷീരോല്പാദക

സംഘത്തിന്റെ വാടകരഹിത കെട്ടിടത്തിലേക്ക് മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നിർദ്ദേശപ്രകാരം തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസർ സ്വീകരിച്ചുവരുന്നു.

(സി) ആവശ്യമില്ല.

## മുല്ലശ്ശേരി വെറ്ററിനറി ഹോസ്പിറ്റൽ

133 (5721) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി വെറ്ററിനറി ഹോസ്പിറ്റലിനെ വെറ്ററിനറി പോളിക്ലിനിക്കാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

സംസ്ഥാനത്തെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ഇക്കാര്യം തൽക്കാലം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

## ക്ഷീരവികസന വകുപ്പ് പദ്ധതികൾ

134 (5722) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ക്ഷീര സഹകരണ സ്ഥാപനങ്ങൾ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിയ പുതിയ പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) ക്ഷീരവികസന വകുപ്പ് കേന്ദ്ര സർക്കാരിന്റെ ഏതെല്ലാം പദ്ധതികളാണ് കേരളത്തിൽ നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 3673 ക്ഷീരസഹകരണ സ്ഥാപനങ്ങൾ നിലവിലുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1. തീറ്റപ്പുൽകൃഷി വികസന പദ്ധതി

2. കാലിത്തീറ്റ സബ്സിഡി

3. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം

   a) ക്ഷീര ഗ്രാമ പദ്ധതി

   b) ഡെയറി സോൺ

   c) അവശ്യാധിഷ്ഠിത സഹായം

   d) യന്ത്രവൽക്കരണം

   e) കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം

   f) ഹീഫർ പാർക്ക്

4. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം

5. സമഗ്ര ഇൻഷ്വറൻസ് പദ്ധതി

6. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി

കൂടാതെ, ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, അപകട മരണത്തിനുള്ള ധനസഹായം ക്ഷീരകർഷകർക്കുള്ള അവാർഡ് എന്നിവയും നൽകിവരുന്നു.

സംസ്ഥാനത്ത് ആദ്യമായി ക്ഷീരകർഷകർക്കായി 5 കോടി രൂപയുടെ കടാശ്വാസ പദ്ധതി നടപ്പാക്കുകയും ക്ഷീരകർഷകരുടെ പ്രധാന പ്രശ്നമായ വർദ്ധിച്ച തീറ്റച്ചെലവ് കുറയ്ക്കുന്നതിനായി തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനായി സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യവ്യക്തികൾ വശം തരിശായി കിടക്കുന്ന സ്ഥലം കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടത്തി കർഷകർക്ക് തീറ്റപ്പുല്ല് ക്ഷീരസംഘങ്ങൾ മുഖേന ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി. ഉരുക്കളെയും കർഷകരെയും കുടുംബാംഗങ്ങളെയും ഉൾപ്പെടുത്തി സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കാലിത്തീറ്റ/മിൽക്ക് ഇൻസെന്റീവ് ഉൾപ്പെടെ കർഷകർക്ക് ആവശ്യമായ പദ്ധതികൾ പ്രാദേശിക തലത്തിൽ നടപ്പിലാക്കിവരുന്നുണ്ട്.

(സി) നിലവിൽ കേന്ദ്ര സർക്കാരിന്റെ പദ്ധതികൾ ഒന്നുംതന്നെ കേരളത്തിൽ ക്ഷീരവികസന വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്നില്ല.

## ക്ഷീരഗ്രാമം പദ്ധതി

135 (5723) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ആരംഭിച്ച ക്ഷീരഗ്രാമം പദ്ധതി കൂടുതൽ പഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) രോഗ പ്രതിരോധശേഷിയും ഔഷധഗുണവും കൂടുതലുള്ള പാലുൽപ്പാദിപ്പിക്കുന്ന വയനാടൻ കുള്ളൻ എന്നറിയപ്പെടുന്ന നാടൻ പശുക്കളുടെ എണ്ണം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ അവയെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുന്ന കാര്യം ആലോചിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തരിശുനിലങ്ങളിൽ തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; ഇത്തരത്തിൽ എത്ര ഹെക്ടർ തരിശുഭൂമിയിൽ തീറ്റപ്പുൽകൃഷി വ്യാപിപ്പിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ക്ഷീരഗ്രാമം പദ്ധതി 2018-2019 സാമ്പത്തിക വർഷത്തിൽ 10 ഗ്രാമപഞ്ചായത്തുകളിലാണ് നടപ്പിലാക്കിയത്. നടപ്പുസാമ്പത്തിക വർഷത്തിലും 10 ഗ്രാമ പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനാണ് നടപടി സ്വീകരിച്ചുവരുന്നത്.

(ബി) ക്ഷീര വികസന വകുപ്പിന്റെ ഗോദാനം പദ്ധതിയിൽ വയനാടൻ കുള്ളൻ പശുക്കളെ വാങ്ങി സംരക്ഷിക്കുന്നതിന് ധനസഹായം നൽകുന്നുണ്ട്.

രാജ്യത്തെ നാടൻ പശുക്കളുടെ ഇനങ്ങളെ അംഗീകരിക്കുന്നത് കേന്ദ്ര സർക്കാരിന്റെ ഏജൻസി ആയ നാഷണൽ ബ്യൂറോ ഓഫ് അനിമൽ ജനറ്റിക് റിസോഴ്സസ് ആണ്. ഇതിൻപ്രകാരം വെച്ചൂർ പശുക്കളെ കേരളത്തിലെ നാടൻ പശു ഇനമായി അംഗീകരിച്ചിട്ടുണ്ട്. വെച്ചൂർ പശുക്കളെ സംരക്ഷിക്കാനായി മൃഗസംരക്ഷണ വകുപ്പ്, കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്, കേരള വെറ്ററിനറി യൂണിവേഴ്സിറ്റി എന്നിവ മുഖേന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. വയനാടൻ കുള്ളൻ ഇനത്തിൽപ്പെട്ട പശുക്കളെ സംരക്ഷിക്കുന്നതിനായി നിലവിൽ മൃഗസംരക്ഷണ വകുപ്പ് പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. എന്നാൽ വയനാടൻ കുള്ളൻ എന്നറിയപ്പെടുന്ന നാടൻ പശുക്കളെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

(സി) സർക്കാർ/പൊതുമേഖലാ സ്വകാര്യ വ്യക്തികൾ വശം തരിശായി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി ക്ഷീരസഹകരണ സംഘങ്ങളുടെ സഹായത്തോടെ തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്ന പദ്ധതിയാണ് നടപ്പിലാക്കിവരുന്നത്. ഒരു ഹെക്ടർ സ്ഥലത്ത് പുൽക്കൃഷി ചെയ്യുന്നതിന് 93,007 രൂപയുടെ ധനസഹായമാണ് നൽകുന്നത്. 2017-18 -ലാണ് പദ്ധതി ആരംഭിച്ചത്. ഈ പദ്ധതി പ്രകാരം 162 ഹെക്ടർ തരിശായി കിടന്ന സ്ഥലത്ത് തീറ്റപ്പുൽക്കൃഷി നടത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്.

**പാലിൽ മായം ചേർക്കൽ**

136 (5724) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലിൽ മായം ചേർക്കുന്നതുമായി ബന്ധപ്പെട്ട് കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ; 2018-ൽ ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

ക്ഷീരവികസന വകുപ്പിന് പാലിൽ മായം ചേർക്കുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനുള്ള അധികാരം നിലവിലില്ല. നിശ്ചിത ഗുണനിലവാരം ഇല്ലാത്തതോ മായം കലർത്തിയതോ ആയ പാൽ സാമ്പിളുകൾ കണ്ടെത്തിയാൽ ടി സാമ്പിളുകളെ സംബന്ധിച്ച വിവരം ഭക്ഷ്യസുരക്ഷാ വകുപ്പിനെ അറിയിക്കുകയാണ് ചെയ്യുന്നത്.

സംസ്ഥാനത്തൊട്ടാകെ മാർക്കറ്റിൽ ലഭ്യമായ പാലിന്റെ സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. പ്രസ്തുത പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ പ്രോസിക്യൂഷൻ/ അഡ്ജ്യൂഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

2018 ജനുവരി മുതൽ പരിശോധനയ്ക്കായി ശേഖരിച്ച സാമ്പിളുകളിൽ 7 എണ്ണം ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയതിനാൽ ഇവയ്ക്കെതിരെ അഡ്ജ്യൂഡിക്കേഷൻ നടപടിയും ശ്രീലക്ഷ്മി, കൊല്ലം എന്ന ബ്രാൻഡ് പാലിൽ ലാബ് പരിശോധനയിൽ Maltodextrin എന്ന രാസപദാർത്ഥത്തിന്റെ സാന്നിധ്യം കണ്ടെത്തിയതിനാൽ പ്രോസിക്യൂഷൻ നടപടിയും ഭക്ഷ്യസുരക്ഷാ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

## ക്ഷീരവികസന വകുപ്പ് ചെക്ക്പോസ്റ്റുകൾ

137 (5725) ശ്രീമതി. പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിൽനിന്നും കർണാടകയിൽനിന്നുമുള്ള വരവ് പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ക്ഷീരവികസന വകുപ്പ് ചെക്ക്പോസ്റ്റുകൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) പരിശോധനയിൽ മോശം പാൽ കണ്ടെത്തിയാൽ കേസ്സെടുക്കുന്നതിനുള്ള അധികാരം ക്ഷീര ചെക്ക്പോസ്റ്റുകളിൽ വിന്യസിച്ചിരിക്കുന്ന ഉദ്യോഗസ്ഥർക്ക് ഉണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) തമിഴ്നാട്, കർണാടക എന്നിവിടങ്ങളിൽനിന്ന് സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ്, (കൊല്ലം) എന്നിവിടങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പാൽ പരിശോധനാ ചെക്ക്പോസ്റ്റ് പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിൽ പാൽ പരിശോധനാ ചെക്ക്പോസ്റ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ചും പരിശോധനകൾ നടത്തുന്നുണ്ട്.

സംസ്ഥാനത്തൊട്ടാകെ മാർക്കറ്റിൽ ലഭ്യമായ പാലിന്റെ സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ, ഓണം, റംസാൻ, ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയ ആഘോഷവേളകളിലും ഉത്സവ സീസണുകളിലും പ്രത്യേക ഭക്ഷ്യസുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. ഉത്സവ വേളകളിൽ ക്ഷീരവികസന വകുപ്പിന്റെ സഹകരണത്തോടെ ചെക്ക്പോസ്റ്റുകളിൽ പരിശോധന നടത്തുന്നുണ്ട്.

പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ പ്രോസിക്യൂഷൻ/അഡ്ജ്യൂഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) പാൽ സാമ്പിളിൽ മായം കണ്ടെത്തിയാൽ കേസ്സെടുക്കുന്നതിനുള്ള അധികാരം നിലവിൽ ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥർക്ക് ഇല്ല. സാമ്പിൾ എടുക്കുന്നത് സംബന്ധിച്ച് അധികാരം ലഭിക്കുന്നതിനുള്ള നടപടികൾ പരിശോധിക്കുകയാണ്.

## ഡെയറി ഫാം സംരംഭകർ

138 (5726) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീര കർഷകർക്കായി എന്തെല്ലാം ആനുകൂല്യങ്ങളാണ് വകുപ്പുതലത്തിൽ നൽകുന്നത് എന്നറിയിക്കാമോ;

(ബി) അഞ്ചിൽ കൂടുതൽ പശുക്കളെ വളർത്തുന്ന കർഷകരെ ഡെയറി ഫാം സംരംഭകരായാണോ പരിഗണിക്കുന്നതെന്നും ഇവർ ഏതെല്ലാം വകുപ്പുകളിൽ നിന്നാണ് അനുവാദം വാങ്ങേണ്ടതെന്നും അറിയിക്കാമോ;

(സി) ഡെയറി ഫാം ആരംഭിക്കുന്നവർ വാങ്ങേണ്ട എല്ലാ സർട്ടിഫിക്കറ്റുകളും ഇവർ വാങ്ങേണ്ടതുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ഡി) സംസ്ഥാനത്തെ ക്ഷീരകർഷകരിൽ എത്ര പശുക്കളിൽ കൂടുതൽ വളർത്തുന്നവരെയാണ് ഡെയറി ഫാം ഉടമകളായി കണക്കാക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ക്ഷീരകർഷകർക്കായി നൽകുന്ന പ്രധാനപ്പെട്ട ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

- ഒരു പശു, രണ്ട് പശു, 5 പശു, 10 പശു, 5 കിടാരി, 10 കിടാരി അടങ്ങിയ ഡെയറി ഫാമുകൾ ആരംഭിക്കുന്നതിനുള്ള സഹായം.
- കറവയന്ത്രങ്ങൾ വാങ്ങുന്നതിനുള്ള സഹായം.
- കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനുള്ള സഹായം.
- ചാഫ് കട്ടർ, വീൽ ബാരോ എന്നിവ വാങ്ങുന്നതിനുള്ള സഹായം.
- ക്ഷീരകർഷകർക്ക് ആവശ്യമായ അവശ്യാധിഷ്ഠിത സഹായം.
- തീറ്റപ്പുൽക്കൃഷി ചെയ്യുന്നതിനുള്ള സഹായം.
- തീറ്റപ്പുൽക്കൃഷിക്ക് ജലസേചന സൗകര്യം ഒരുക്കുന്നതിനുള്ള കിണർ, മോട്ടോർ പമ്പ് എന്നിവ സ്ഥാപിക്കുന്നതിനുള്ള സഹായം
- മഴവെള്ള സംഭരണി സ്ഥാപിക്കുന്നതിനുള്ള സഹായം
- സമഗ്ര ഇൻഷ്വറൻസ് പദ്ധതി

- ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, അവശതാ പെൻഷൻ, കുടുംബ പെൻഷൻ, ചികിത്സാ സഹായം, വിവാഹ ധനസഹായം, മരണാനന്തര സഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, ക്ഷീരകർഷക അവാർഡുകൾ എന്നിവയ്ക്കുള്ള സഹായം നൽകുന്നു.
- ക്ഷീരവികസന വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സഹായത്തോടെ ഭൂരിഭാഗം പഞ്ചായത്തുകളിലും ക്ഷീര കർഷകർ സംഘത്തിൽ അളക്കുന്ന ഒരു ലിറ്റർ പാലിന് 4 രൂപ വരെ മിൽക്ക് ഇൻസെന്റീവ് നൽകുന്നു.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് വിനിയോഗിച്ച് ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥർ നിർവ്വഹണ ഉദ്യോഗസ്ഥരായി പ്രാദേശിക ആവശ്യങ്ങൾ കണക്കിലെടുത്ത് നിരവധി പദ്ധതികളും കർഷകർക്കായി നടപ്പിലാക്കുന്നു.

(ബി) 6-ൽ കൂടുതൽ പശുക്കളെ വളർത്തുന്ന കർഷകർക്ക് തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും ലൈസൻസ് ആവശ്യമാണ്.

(സി) 6-ൽ കൂടുതൽ പശുക്കളെ വളർത്തുന്ന കർഷകർക്ക് ലൈസൻസ് നിർബന്ധമാണ്.

(ഡി) ഫാമുകളായി തരംതിരിക്കുന്നതിന് പ്രത്യേകിച്ച് മാനദണ്ഡങ്ങളൊന്നും നിലവിലില്ല.

**ക്ഷീരകർഷക പെൻഷൻ**

139 (5727) <u>ശ്രീ. സി. കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യ സുരക്ഷാപെൻഷൻ ലഭിക്കുന്നവർക്ക് ക്ഷീരകർഷക പെൻഷൻ ലഭിക്കുന്നതിന് നിലവിൽ തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

6-2-2017 മുതൽ പുതിയ അപേക്ഷകർക്ക് ഏതെങ്കിലും ഒരു ബോർഡ് പെൻഷനോ, സാമൂഹ്യ സുരക്ഷാ പെൻഷനോ മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ. സാമൂഹ്യസുരക്ഷാ പെൻഷൻ വാങ്ങിവരുന്ന ഗുണഭോക്താക്കൾക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ ലഭിക്കാൻ അർഹത ഉണ്ടാകുന്നപക്ഷം ബോർഡ് പെൻഷൻ ലഭിക്കുന്നതായിരിക്കും. എന്നാൽ ഒരാൾക്ക് ഒരു പെൻഷൻ മാത്രമേ അർഹതയുള്ളൂ എന്നതിനാൽ ഇത്തരത്തിൽ ബോർഡ് പെൻഷൻ അനുവദിക്കുന്ന അവസരത്തിൽ ഗുണഭോക്താവിന് നിലവിൽ വാങ്ങിവരുന്ന സാമൂഹ്യസുരക്ഷാ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതായിരിക്കും.

## ആറളത്ത് സ്പെഷ്യൽ ഡെയറി വില്ലേജ്

140 (5728) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാവൂർ നിയോജകമണ്ഡലത്തിലെ ആറളം പഞ്ചായത്തിൽ സ്പെഷ്യൽ ഡെയറി വില്ലേജ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ സ്പെഷ്യൽ ഡെയറി വില്ലേജ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) നിലവിലുണ്ട്. ആറളം ഫാമിൽ സ്പെഷ്യൽ ഡയറി വില്ലേജ് സ്ഥാപിക്കുന്നതിന് 38.92 കോടി രൂപയുടെ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്.

## കോതമംഗലം മണ്ഡലത്തിൽ ക്ഷീരഗ്രാമം പദ്ധതി

141 (5729) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് വേണ്ടി ആരംഭിച്ചിട്ടുള്ള ക്ഷീരഗ്രാമം പദ്ധതി കോതമംഗലം മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഏറെ ക്ഷീര കർഷകരുള്ള കോതമംഗലം മണ്ഡലത്തിൽ ക്ഷീരഗ്രാമം പദ്ധതി കൂടുതൽ പഞ്ചായത്തുകളിൽ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) കോതമംഗലം മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(ബി) ക്ഷീരഗ്രാമം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | സബ്സിഡി തുക (രൂപയിൽ) |
|---|---|---|
| 1 | ഒരു പശുയൂണിറ്റ് | 35,000 |
| 2 | രണ്ട് പശുയൂണിറ്റ് | 69,000 |
| 3 | അഞ്ച് പശു യൂണിറ്റ് | 1,84,000 |
| 4 | 10 പശു യൂണിറ്റ് | 3,83,000 |
| 5 | കോമ്പോസിറ്റ് ഡെയറി യൂണിറ്റ് (1 പശു+1 കിടാരി) | 53,000 |
| 6 | കോമ്പോസിറ്റ് ഡെയറി യൂണിറ്റ് (2 പശു+2 കിടാരി) | 1,50,000 |
| 7 | കറവയന്ത്രം | 25,000 |
| 8 | അവശ്യാധിഷ്ഠിത ധനസഹായം | 50,000 |
| 9 | കാലിത്തൊഴുത്ത് | 50,000 |
| 10 | ധാതുലവണ മിശ്രിതം | 100 Per Kg. |

(സി) നിലവിൽ ആലോചനയിലില്ല.

**കോഴിക്കോട് ജില്ലയിലെ ക്ഷീരഗ്രാമം പദ്ധതി**

142 (5730) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്ന പ്രദേശങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കൂടുതൽ പ്രദേശങ്ങളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിൽ 2018-19 വർഷത്തിൽ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കി.

(ബി) നിലവിൽ ആലോചനയിലില്ല.

## ജലസ്രോതസ്സുകൾ നശിപ്പിക്കുന്നവർക്കെതിരെ നടപടി

143 (5731) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലസ്രോതസ്സുകൾ യഥാസമയം പരിപാലിക്കാതെയും, ജനങ്ങളുടെ അതിക്രമത്താലും മറ്റു ഇടപെടലുകളുടെയും ഫലമായി മലിനമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ അമ്പത് ശതമാനത്തിലേറെ മലിനമായി കിടക്കുന്ന പ്രധാന ജലസ്രോതസ്സുകൾ ഉൾപ്പെടെയുള്ളവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഇവയെ സംരക്ഷിക്കാനും നിലനിർത്താനും സംരക്ഷണം-വിനിയോഗം-പരിപാലനം എന്നിവ ഉറപ്പുവരുത്താനുമായി സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്നു വ്യക്തമാക്കുമോ;

(ഡി) ജലസ്രോതസ്സുകളെ നശിപ്പിക്കുന്ന പ്രവൃത്തികളിലേർപ്പെടുന്നവരെ കണ്ടെത്തി മാതൃകാപരമായ ശിക്ഷ ഉറപ്പുവരുത്താൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു;

(ഇ) കഴിഞ്ഞ പത്ത് വർഷകാലയളവിൽ ജലസ്രോതസ്സുകളെ നശിപ്പിക്കുന്ന പ്രവൃത്തികളിലേർപ്പെട്ട എത്ര പേർക്കെതിരെ നടപടികൾ സ്വീകരിച്ചുവെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ ജലസ്രോതസ്സുകൾ മലിനീകരണത്തിനും കയ്യേറ്റത്തിനും വിധേയമാകുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നഗരവൽക്കരണം, ഭൂവിനിയോഗത്തിൽ വന്ന മാറ്റം, ഭൂമിയുടെ തുണ്ടുവൽക്കരണം, അശാസ്ത്രീയമായ കൃഷിരീതികൾ, ജീവിതശൈലിയിൽ വന്ന മാറ്റം എന്നിവ ജലസ്രോതസ്സുകൾക്ക് മേൽ വലിയ സമ്മർദ്ദമാണ് ചെലുത്തുന്നത്. കുളങ്ങൾ, തടാകങ്ങൾ എന്നിവയുടെ പൂർണ്ണനിയന്ത്രണാധികാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ്.

(ബി) കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് പഠനമനുസരിച്ച് കണ്ടെത്തിയ ഇന്ത്യയിലെ 351 പൊല്യൂട്ടട് റിവർ സ്ട്രെച്ചുകളിൽ 21 എണ്ണം കേരളത്തിൽ ഉൾപ്പെടുന്നു. ഇതിൽ കരമന നദിയുടെ സ്ട്രെച്ച് priority 1-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ ഭാരതപ്പുഴ, കടമ്പ്രയാർ, കീച്ചേരി, മണിമല, പമ്പ

എന്നീ നദികളുടെ സൂചികകൾ priority IV-ലും ഭവാനി, ചിത്രപ്പുഴ, കടലുണ്ടി, കല്ലായി, കരുവന്നൂർ, കവ്വായി കുപ്പം, കുറ്റ്യാടി, മോർഗൽ, പെരിയാർ, പെരുവമ്പ, പുഴയ്ക്കൽ, രാമപുരം, തിരൂർ, ഉപ്പള എന്നീ നദികളുടെ സൂചികകൾ priority V-ലും ഉൾപ്പെടുന്നു.

(സി) ജലസ്ത്രോതസ്സുകളുടെ സംരക്ഷണം ലക്ഷ്യമിട്ട് വിവിധ പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് നിർവ്വഹിച്ചുവരുന്നു. ജലസ്രോതസ്സുകളുടെ ശുചീകരണം, സംഭരണശേഷി വർദ്ധിപ്പിക്കൽ, പാർശ്വ സംരക്ഷണം എന്നീ പ്രവൃത്തികൾ നിർവ്വഹിക്കുന്നു. ഇതോടൊപ്പം ഇത്തരം പ്രവൃത്തികൾ കൂടുതൽ ശാസ്ത്രീയമായി നിർവ്വഹിക്കുന്നതിന് സമഗ്രനീർത്തടാധിഷ്ഠിത പരിപാലനം ആവശ്യമാണ്. ഇത് ലക്ഷ്യമിട്ട് കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നീർത്തടപ്ലാനും ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നീർത്തട മാസ്റ്റർ പ്ലാനും തയ്യാറാക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. റിഡ്ജ്-ടു-വാലി സമീപനത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ മുൻഗണനാ ക്രമത്തിൽ പട്ടികപ്പെടുത്തിയിട്ടുണ്ട്. ഇത് നിർവ്വഹിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. എന്നാൽ വിവിധ ഏജൻസികളുടെ ഏകോപനത്തോടുകൂടിയ പ്രവർത്തനം സാധ്യമാക്കിയാൽ മാത്രമേ ജലസ്രോതസ്സുകളുടെ സമഗ്രവും സുസ്ഥിരവുമായ പരിപാലനം സാധ്യമാക്കാൻ കഴിയൂ.

(ഡി) ജലസ്രോതസ്സുകൾ നശിപ്പിക്കുക, മലിനപ്പെടുത്തുക തുടങ്ങിയ പ്രവൃത്തികളിൽ ഏർപ്പെടുന്നവർക്കെതിരെ താഴെപ്പറയുന്ന നിയമങ്ങളനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

1. ജലമലിനീകരണ നിയന്ത്രണ നിയമം, 1974
2. കേരള പഞ്ചായത്തീരാജ് നിയമം, 1994
3. കേരള നഗരപാലികാ നിയമം, 1994
4. കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമം, 2018
5. കേന്ദ്ര തണ്ണീർത്തട നോട്ടിഫിക്കേഷൻ, 2017

ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജലം (മലിനീകരണ നിവാരണവും നിയന്ത്രണവും) നിയമം, 1974 പ്രകാരം മലിനീകരണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തിവരുന്നു. വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം പുറത്തുവിടുന്ന സ്വീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലമലിനീകരണത്തിന് കാരണമാകുമെന്നതിനാൽ ഈ സ്ഥാപനങ്ങളെ ജല നിയമ പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ

മോണിറ്റർ ചെയ്യും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു. ഇപ്രകാരം മലിനീകരണത്തിന് കാരണമാകാവുന്ന വ്യവസായ സ്ഥാപനങ്ങൾക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എതിരെ നിലവിലെ ജലനിയമപ്രകാരം നടപടി സ്വീകരിക്കുവാൻ സാധിക്കും. ഇത്തരം സ്ഥാപനങ്ങളെ അടച്ചുപൂട്ടുന്നതിനും നഷ്ടപരിഹാരം ഈടാക്കുന്നതിനും ടി നിയമത്തിൽ വ്യവസ്ഥയുണ്ട്.

ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കെതിരെ തദ്ദേശഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, ആരോഗ്യം, ഭക്ഷ്യ സുരക്ഷ, പോലീസ് എന്നീ വകുപ്പുകൾ ചേർന്ന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു.

ജലമലിനീകരണം തടയുന്നതിനായി ശിക്ഷാനടപടികൾ ശക്തമാക്കിക്കൊണ്ടുള്ള കേരള ജലസേചന-ജലസംരക്ഷണ (ഭേദഗതി) നിയമം 2018 (Act 16 of 2018) നിലവിലുണ്ട്. ഇതനുസരിച്ച് ശിക്ഷയുടെ കാലാവധി ചുരുങ്ങിയത് ഒരു വർഷവും പരമാവധി മൂന്ന് വർഷവുമായി വർദ്ധിപ്പിക്കുകയും പിഴ പരമാവധി രണ്ട് ലക്ഷം രൂപയാക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) തദ്ദേശസ്വയംഭരണം, റവന്യൂ വകുപ്പുകളാണ് ജലസ്രോതസ്സുകൾ നശിപ്പിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നത്.

**വരൾച്ചയും ഭൂജല സംരക്ഷണവും**

144 (5732) <u>ശ്രീ. രാജു എബ്രഹാം:</u>
<u>ശ്രീ. വി. കെ. സി. മമ്മത് കോയ:</u>
<u>ശ്രീ. കെ. ഡി. പ്രസേനൻ:</u>
<u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദീതീരങ്ങളിലുള്ള കിണറുകളിൽപോലും വേനൽ ആരംഭത്തിൽത്തന്നെ ജലശോഷണം അനുഭവപ്പെടുന്ന സാഹചര്യത്തിൽ പുഴകളുടെ ഒഴുക്ക് നിലനിർത്തിക്കൊണ്ടുതന്നെ ജലം സംഭരിക്കുന്ന ഗോവൻ മോഡൽ ഭണ്ഡാരകളും തടയണകളും നിർമ്മിച്ച് ഉപരിതലത്തിലും ഭൂഗർഭത്തിലും ജലസംഭരണം സാധ്യമാക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ;

(ബി) ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിനും ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും പദ്ധതിപ്രകാരം നടത്തിവരുന്ന പ്രധാന പ്രവർത്തനം അറിയിക്കാമോ;

(സി) നഗരങ്ങളിലുൾപ്പെടെ കിണർ നിർമ്മാണം പ്രോത്സാഹിപ്പിക്കാൻ പരിപാടിയുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ ഭൂതപ്പുഴ, ഭവാനി നദീതടങ്ങൾ, കാസർഗോഡ് ജില്ലയിലെ ചന്ദ്രഗിരി നദീതടം, വയനാട് ജില്ലയിലെ പനമരം നദീതടം, പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിൽ നദീതടം എന്നിവിടങ്ങളിൽ 175 കോടി രൂപ ചെലവിൽ പൈലറ്റ് പദ്ധതിയായി ബന്ധാരകൾ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള അനുമതി 18-8-2018-ലെ സർക്കാർ ഉത്തരവ് സാധാ. നമ്പർ 609/2018 ജ.വി.വ. പ്രകാരം നൽകിയിട്ടുണ്ട്. അതനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഭൂജലവകുപ്പ് ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിനായി ' ഭൂജല സംരക്ഷണവും കൃത്രിമ ഭൂജലസംപോഷണവും' എന്ന പ്ലാൻ പദ്ധതിയിൻകീഴിൽ മേൽക്കൂര വഴിയുള്ള മഴവെള്ള കൊയ്ത്തിലൂടെ തുറന്ന കിണർ റീ ചാർജ്, റീചാർജ് പിറ്റ്/റീചാർജ് ഷാഫ്റ്റ് തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. അനുയോജ്യമായ പ്രദേശങ്ങളിൽ മൈക്രോ വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ ചെറിയ തടയണകളുടെ നിർമ്മാണം, അടിയണകളുടെ നിർമ്മാണം തുടങ്ങിയവയുടെ നിർമ്മാണത്തിനുള്ള ഫീസിബിലിറ്റി സ്റ്റഡി എന്നിവ ജില്ലകളിൽ നടന്നുവരുന്നു. കുഴൽക്കിണറുകൾ വഴി കൃത്രിമ ഭൂജല സംപോഷണ സാധ്യതകൾ പരിശോധിക്കുന്നതിനായി ഓരോ ജില്ലയിലും 4 വീതം കുഴൽക്കിണറുകൾ തെരഞ്ഞെടുത്ത് കൃത്രിമ ഭൂജലപരിപോഷണ പദ്ധതികൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാലാകാലങ്ങളിൽ ഭൂജല സമ്പത്ത് കണക്കാക്കുന്നതിന്റെ അടിസ്ഥാനത്തിൽ തരംതിരിക്കപ്പെട്ടിട്ടുള്ള അമിതചൂഷിത (over exploited), അതീവ ഗുരുതര (critical), ഗുരുതര (semi-critical) ബ്ലോക്കുകളിലെ പ്രദേശങ്ങളിലെ ഭൂജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് പ്രാധാന്യം നൽകിക്കൊണ്ടാണ് കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നത്.

2018-19 സാമ്പത്തിക വർഷത്തിൽ ഭൂജല സംരക്ഷണവും കൃത്രിമഭൂജല സംപോഷണവും പദ്ധതിയിൻകീഴിൽ മേൽക്കൂര വഴി മഴവെള്ള കൊയ്ത്തിലൂടെ തുറന്ന കിണർ/റീചാർജ് പിറ്റ് വഴിയുള്ള 76 ഭൂജല സംപോഷണ പദ്ധതികൾ വിവിധ ജില്ലകളിലും 5 കുഴൽകിണർ റീചാർജ് പദ്ധതി കാസർഗോഡ് ജില്ലയിലും പൂർത്തീകരിച്ചിട്ടുണ്ട്. 2019-20 സാമ്പത്തികവർഷം ഭൂജല വകുപ്പിന് 450 ലക്ഷം രൂപ ഭൂജലസംപോഷണ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. വിവിധ

ജില്ലകളിൽനിന്നും 340 ലക്ഷത്തോളം രൂപയുള്ള വിവിധ ഭൂജലസംപോഷണ പദ്ധതികളുടെ പ്രൊപ്പോസലുകൾ ഇതുവരെ അനുമതിക്കായി ഭൂജല വകുപ്പിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 50-ഓളം പ്രൊപ്പോസലുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ബാക്കി പ്രൊപ്പോസലുകളുടെ സൂക്ഷ്മ പരിശോധന പുരോഗമിച്ചുവരുന്നു.

(സി) കിണർ നിർമ്മാണം പ്രോത്സാഹിപ്പിക്കാൻ നിലവിൽ പ്രത്യേക പദ്ധതികളില്ല.

## ചേലക്കര മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ

145 (5733) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-19 സാമ്പത്തിക വർഷം മൈനർ ഇറിഗേഷൻ വകുപ്പ് ചേലക്കര നിയോജകമണ്ഡലത്തിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; അവയുടെ പേരുവിവരവും അനുവദിച്ച തുകയും ഗ്രാമപഞ്ചായത്ത് തലത്തിൽ വ്യക്തമാക്കാമോ?

ഉത്തരം

വിശദാംശം അനുബന്ധമായി *ചേർക്കുന്നു.

## പമ്പ ഇറിഗേഷൻ പ്രോജക്ട് അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസ് പുനഃസ്ഥാപിക്കുന്നതിന് നടപടി

146 (5734) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരയിലുണ്ടായിരുന്ന പമ്പ ഇറിഗേഷൻ പ്രോജക്ടിന്റെ ഭാഗമായുള്ള അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസുകൾ നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഓഫീസുകളുമായി ബന്ധപ്പെട്ട് മാവേലിക്കര മണ്ഡലത്തിലെ ജനങ്ങൾ കോഴഞ്ചേരിയിലുള്ള ഓഫീസുമായി ബന്ധപ്പെടുന്നതിന്റെ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി പി.ഐ.പി. (പമ്പ ഇറിഗേഷൻ പ്രോജക്ട്)യുടെ അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസ് മാവേലിക്കരയിൽ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 28-1-2017-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ/6/2017/ജ.വി.വ. പ്രകാരം പി.ഐ.പി. സബ്ഡിവിഷൻ മാവേലിക്കര, പി.ഐ.പി. സെക്ഷൻ നമ്പർ 1, 2, 3 മാവേലിക്കര എന്നീ ഓഫീസുകൾ നിർത്തലാക്കുകയുണ്ടായി.

(ബി) ഉണ്ട്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

**കുട്ടനാട് പാക്കേജ്**

147 (5735) <u>ശ്രീമതി ഇ. എസ്. ബിജിമോൾ:</u>
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u>
<u>ശ്രീ. മുല്ലക്കര രത്നാകരൻ:</u>
<u>ശ്രീ. വി. ആർ. സുനിൽ കുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജ് അവലോകനം ചെയ്തിട്ടുണ്ടോ; കുട്ടനാട് പാക്കേജിന്റെ നിലവിലെ അവസ്ഥ അറിയിക്കുമോ;

(ബി) വെള്ളപ്പൊക്ക നിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ കെ.ഇ.എൽ.-1, കെ.ഇ.എൽ.-2, കെ.ഇ.എൽ.-4 എന്നീ സ്കീമുകളുടെ നിലവിലെ അവസ്ഥ അറിയിക്കുമോ;

(സി) വിവിധ കെ.ഇ.എൽ. സ്കീമിൽപ്പെട്ട പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) കുട്ടനാട്ടിലെ ജലാശയങ്ങളിലെ മലിനീകരണം കുറയ്ക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഇ) കുട്ടനാട്ടിൽ കുടിവെള്ളക്ഷാമം ഉണ്ടാകില്ലെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

<u>കുട്ടനാട് പാക്കേജിന്റെ നിലവിലെ അവസ്ഥ</u>

(i) ഫ്ളഡ് മാനേജ്മെന്റ് പ്രോഗ്രാമിൽ (FMP) നടപ്പാക്കിയ പ്രവൃത്തികൾ

കേന്ദ്രാവിഷ്കൃത സ്കീമുകളായ കെ.ഇ.എൽ1, കെ.ഇ.എൽ2, കെ.ഇ.എൽ3, കെ.ഇ.എൽ4 എന്നിവയും തണ്ണീർമുക്കം ബണ്ടിന്റെയും തോട്ടപ്പള്ളി സ്പിൽവേയുടെയും നവീകരണ പ്രവർത്തനങ്ങളും, കുട്ടനാട് നിയോജക

മണ്ഡലത്തിൽ ഉൾപ്പെട്ട കുട്ടനാട് താലൂക്കിലെ 397 പാടശേഖരങ്ങളിലെയും വീയപുരം പഞ്ചായത്തിലെ 14 പാടശേഖരങ്ങളിലെയും വെള്ളപ്പൊക്ക ലഘൂകരണ പ്രവർത്തനങ്ങളുമാണ് കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നത്. ഈ പദ്ധതികളുടെ നിലവിലെ അവസ്ഥ ചുവടെ ചേർക്കുന്നു:

കെ.ഇ.എൽ.-1

എഫ്.എം.പി- കേരളത്തിലെ കുട്ടനാട് മേഖലയിലെ നെടുമുടി പഞ്ചായത്തിൽ പെട്ട 14 പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ. ഈ സ്കീം 31-3-2016-ൽ പൂർത്തീകരിച്ചു.

കെ.ഇ.എൽ. -2

എഫ്.എം.പി-കേരളത്തിലെ കുട്ടനാട് മേഖലയിലെ കായൽ ഭാഗത്തെ 4 പാടശേഖരങ്ങളുടെയും ഗ്രൂപ്പ് 9-ൽപ്പെട്ട 5 പാടശേഖരങ്ങളുടെയും വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ. ഈ സ്കീം 30-9-2016-ൽ പൂർത്തീകരിച്ചു.

കെ.ഇ.എൽ.-3

എഫ്.എം.പി.-കേരളത്തിലെ കുട്ടനാട് മേഖലയിലെ ഫേസ് 1-ൽപ്പെട്ട (ഗ്രൂപ്പ് 2, 5, 7, 8, 10, 19) 231 പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ. ആകെ 57 പ്രവൃത്തികൾ അറേഞ്ച് ചെയ്തതിൽ 46 പ്രവൃത്തികൾ പൂർത്തീകരിച്ചു. 4 പ്രവൃത്തികൾ ടെർമിനേറ്റ് ചെയ്യുകയും 5 പ്രവൃത്തികൾ ഫോർക്ലോസ് ചെയ്യുകയും ചെയ്തു. ബാക്കി 2 പ്രവൃത്തികൾ പൂർത്തീകരണാവസ്ഥയിലാണ്. ആയത് 30-9-2019-നുള്ളിൽ പൂർത്തീകരി ക്കുന്നതാണ്.

കെ.ഇ.എൽ.-4

ഓണാട്ടുകര മേഖലയിലെ 12 നീർത്തടങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ 5 നീർത്തടങ്ങളിലെ 21 പ്രവൃത്തികൾ അറേഞ്ച് ചെയ്തതിൽ 9 പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കിയുള്ളവ 30-9-2019-നുള്ളിൽ പൂർത്തീകരിക്കുന്നതാണ്.

5. കുട്ടനാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കുട്ടനാട് താലൂക്കിലെ 397 പാടശേഖരങ്ങളിലെയും വീയപുരം പഞ്ചായത്തിലെ 14 പാടശേഖരങ്ങളിലെയും വെള്ളപ്പൊക്ക ലഘൂകരണ പ്രവൃത്തികൾ.

ഇതിൽ 57 പ്രവൃത്തികൾ അറേഞ്ച് ചെയ്തതിൽ, 54 പ്രവൃത്തികൾ നടപ്പിലാക്കി. 52 പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചു. 2 പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്.

6. <u>തണ്ണീർമുക്കം ബണ്ടിന്റെ നവീകരണ പ്രവൃത്തികൾ</u>- ഇതിൽ 99.5 ശതമാനം മെക്കാനിക്കൽ പ്രവൃത്തികളും സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ 95 ശതമാനവും പൂർത്തീകരിച്ചു. കോഫർഡാം നീക്കം ചെയ്യുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു.

7. <u>തോട്ടപ്പള്ളി സ്പിൽവേയുടെയും ലീഡിംഗ് ചാനലിന്റെയും നവീകരണ പ്രവർത്തനങ്ങൾ</u>- സ്പിൽവേ ഷട്ടറുകൾ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ലീഡിംഗ് ചാനലിന്റെ ആഴം കൂട്ടുന്ന പ്രവൃത്തി മെക്കാനിക്കൽ വിഭാഗം ഭാഗികമായി നടപ്പിലാക്കിയിട്ടുണ്ട്.

(ii) <u>13-ാം ധനകാര്യകമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികൾ</u> - പട്ടണക്കാട് പ്രദേശത്തെ റെഗുലേറ്ററിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്:

1. ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് പ്രദേശത്തെ നാശോന്മുഖമായ റെഗുലേറ്ററിന്റെ പുനരുദ്ധാരണം.

(i) പട്ടണക്കാട് പ്രദേശത്തെ അന്ധകാരനഴി റെഗുലേറ്ററിന്റെ ഷട്ടറുകളുടെ പുനരുദ്ധാരണം മെക്കാനിക്കൽ വിഭാഗം നടത്തിയിട്ടുണ്ട്.

(ii) എഴുപുന്ന പഞ്ചായത്തിലെ പെണ്ണടി റെഗുലേറ്റർ പൂർത്തീകരിച്ചു.

(iii) കുത്തിയതോട് പഞ്ചായത്തിലെ പുല്ലുവേലി റെഗുലേറ്റർ ഇതുമായി ബന്ധപ്പെട്ട പ്രവൃത്തിക്ക് ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

(iv) പുല്ലൻചിറ പുത്തൻചിറ തോട്ടിലെ സ്ലൂയിസിന്റെ നിർമ്മാണം പൂർത്തീകരിച്ചു.

ഈ പ്രവൃത്തിക്ക് എല്ലാംകൂടി മൊത്തം 4.89 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

2. എ.സി. കനാൽ നവീകരണം.

13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി എ.സി. കനാലിൽ ഉൾപ്പെട്ട മനയ്ക്കൽചിറ മുതൽ ഒന്നാംകര വരെയുള്ള ഭാഗത്തെ കനാൽ വിപുലീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചു. ശേഷിക്കുന്ന ഭാഗമായ ഒന്നാംകര മുതൽ പള്ളാത്തുരുത്തി വരെയുള്ള 8.55 കി.മീ. കനാൽ വിപുലീകരണം 27-10-2018-ൽ

ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന മീറ്റിംഗിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാനും പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപ് വിശദമായ പഠനം നടത്തുന്നതിനായി ഒരു പഠന ഏജൻസിയെ ചുമതലപ്പെടുത്തുവാനും നിർദ്ദേശിച്ചു. ആയതിനായി WAPCOS എന്ന പഠന ഏജൻസി 27-4-2019-ന് സൈറ്റിൽ പ്രാഥമിക പരിശോധന നടത്തിയിട്ടുണ്ട്.

3. <u>തലയാഴം പഞ്ചായത്തിലെ കരിയാർ നദിക്കു കുറുകെയുള്ള ബ്രിഡ്ജ്-കം-റെഗുലേറ്ററിന്റെ നിർമ്മാണം</u>-

ഓരുവെള്ള നിയന്ത്രണത്തിന്റെ ഭാഗമായി കരിയാർ നദിക്കു കുറുകെ 27.86 കോടി രൂപ മുടക്കി നിർമ്മിച്ച ബ്രിഡ്ജ്-കം-റഗുലേറ്ററിന്റെ പണികൾ പൂർത്തീകരിച്ചു.

13-ാം ധനകാര്യ കമ്മീഷൻ പ്രവൃത്തികൾക്കെല്ലാം കൂടി 39.08 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

(സി) കെ.ഇ.എൽ. സ്കീമിൽപ്പെട്ട പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. KEL-1 ഉം KEL-2 ഉം പൂർത്തീകരിച്ചിട്ടുണ്ട്. KEL-3 യിലും KEL-4 ലും നടപ്പിലാക്കിവരുന്ന എല്ലാ പ്രവൃത്തികളും 30-9-2019-ഓടെ പൂർത്തീകരിക്കാവുന്നതാണ്.

(ഡി) കുട്ടനാടിലെ ജലാശയങ്ങളുടെ മലിനീകരണം തടയുന്നതിൽ തോട്ടപ്പള്ളി സ്പിൽവേ, തണ്ണീർമുക്കം ബണ്ട് എന്നിവ പ്രധാന പങ്കുവഹിക്കുന്നു. കൂടാതെ കുട്ടനാട്ടിൽ ഓരുവെള്ളം കയറുന്നത് തടയുവാനായി വിവിധ പ്രദേശങ്ങളിൽ ഓരുമുട്ടുകളും സ്ഥാപിച്ചുവരുന്നു.

(ഇ) നിലവിൽ കുട്ടനാട്ടിൽ ജലവിതരണം നടത്തുന്നത് നീരേറ്റുപുറത്തുള്ള (പ്രതിദിനം 14 ദശലക്ഷം ലിറ്റർ ശേഷിയുള്ള) ശുദ്ധീകരണ ശാലയിൽനിന്നും, തിരുവല്ല-കുട്ടനാട് വാട്ടർ സപ്ലൈസ്കീമിന്റെ ജല ശുദ്ധീകരണ ശാലയിൽനിന്നും (6MLD) 26 ട്യൂബ് വെല്ലുകളിൽനിന്നും (6MLD) ആണ്.

കൂടാതെ നിലവിൽ 8 റിവേഴ്സ് ഓസ്മോസിസ് (R.O.) പ്ലാന്റുകൾ വഴിയും കുടിവെള്ള വിതരണം നടത്തുന്നുണ്ട്. എം.പി. ഫണ്ടുപയോഗിച്ചും ചില സ്ഥാപനങ്ങളുടെയും മറ്റ് സംസ്ഥാന സർക്കാരിന്റെയും ഫണ്ടുപയോഗിച്ചും 15 R.O. പ്ലാന്റുകൾ കൈനകരി പഞ്ചായത്തിൽ പ്രളയാനന്തരം ജല അതോറിറ്റി സ്ഥാപിച്ചു . നിലവിലുള്ള ട്യൂബ് വെല്ലുകൾ കൂടാതെ 8 ട്യൂബ് വെല്ലുകൾ പുതുതായി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇതോടൊപ്പം കുട്ടനാട് പ്രദേശത്തെ തകഴി, വീയപുരം, എടത്വ, തലവടി, മുട്ടാർ, വെളിയനാട്, നീലംപേരൂർ, രാമങ്കരി, ചമ്പക്കുളം, പുളിങ്കുന്ന്, കാവാലം നെടുമുടി, കൈനകരി എന്നീ 13 പഞ്ചായത്തുകളിലെ ശുദ്ധജല വിതരണം ലക്ഷ്യമിട്ട് 13-ാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടെയുള്ള 70 കോടി രൂപയുടെ പദ്ധതിയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

കുട്ടനാട്ടിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തിയ 289 കോടി രൂപയുടെ കുട്ടനാട് കുടിവെള്ള പദ്ധതി രണ്ടാംഘട്ടത്തിൽ 30MLD ജല ശുദ്ധീകരണശാലയും 13 പഞ്ചായത്തുകളിൽ ഉന്നതതല ജലസംഭരണികളും 39 കിലോമീറ്റർ ട്രാൻസ്മിഷൻ ലൈനുകളും 895 കിലോമീറ്റർ വിതരണ ശൃംഖലയും വിഭാവനം ചെയ്തിട്ടുണ്ട്. കുട്ടനാട് താലൂക്കിൽ ഉൾപ്പെടുന്ന രണ്ട് ലക്ഷത്തോളം വരുന്ന ജനങ്ങൾക്ക് പ്രയോജനം ചെയ്യുന്നതാണ് ഈ പദ്ധതി. 2020 മുതൽ 2050 വരെയുള്ള 30 വർഷത്തേക്കാണ് പദ്ധതിയുടെ ഡിസൈൻ. ഒരാൾക്ക് പ്രതിദിനം 100 ലിറ്റർ വെള്ളം ലഭിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കിഫ്ബി ധനസഹായം അംഗീകരിച്ചിട്ടുണ്ട്. രണ്ട് വർഷത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതി യാഥാർത്ഥ്യമാകുന്നതോടുകൂടി കുട്ടനാട്ടിലെ 13 പഞ്ചായത്തുകളായ തകഴി, വീയപുരം, എടത്വ, തലവടി, മുട്ടാർ, വെളിയനാട്, നീലംപേരൂർ, രാമങ്കരി, ചമ്പക്കുളം, പുളിങ്കുന്ന്, കാവാലം, നെടുമുടി, കൈനകരി എന്നിവിടങ്ങളിൽ കുടിവെള്ളം ലഭ്യമാകുന്നതാണ്. കൂടാതെ ഈ കാലയളവിൽ ഇടക്കാല സംവിധാനമായി 9 കോടി രൂപ ചെലവിൽ MPLAD പദ്ധയിൽപ്പെടുത്തി (എല്ലാ M.P മാരുടെയും സഹായത്തോടുകൂടി) ആവശ്യമായ സ്ഥലങ്ങളിൽ ജില്ലാ കളക്ടർ മുഖേന റിവേഴ്സ് ഓസ്മോസിസ് (R.O.) പ്ലാന്റുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

## ചാലക്കുടി മണ്ഡലത്തിലെ പുതിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

148 (5736) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി പുതിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്നറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ചാലക്കുടി മണ്ഡലത്തിൽ കുടിവെള്ളത്തിനും ജലസേചനത്തിനും സഹായകരമാകുന്ന വിവിധ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ആരംഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ അനുമതി നൽകുന്നതിനും ആവശ്യമായ തുക അനുവദിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്വീകരിക്കുന്നുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ പ്ലാൻ സ്കീമിൽ 4702-00-101-97-ന്യൂ എൽ.ഐ. സ്കീം എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വിവിധ ജില്ലകളിലായി പുതിയ എൽ.ഐ. സ്കീമുകളുടെ നിർമ്മാണത്തിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പരിശോധിച്ചുവരുന്നു.

(ബി) ചാലക്കുടി മണ്ഡലത്തിലെ പീലാർമൂഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി 2019 മാർച്ച് 2-ന് ഉദ്ഘാടനം ചെയ്തു. ചാലക്കുടി മണ്ഡലത്തിലെ മറ്റൊരു പദ്ധതിയായ കാടുകുറ്റി പഞ്ചായത്തിലെ തോട്ടത്തിൽ കടവ് ചെറാലക്കുന്ന് ഡ്രിങ്കിംഗ് വാട്ടർ പ്രോജക്ട് ആന്റ് ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ സിവിൽ പ്രവൃത്തികൾ 95 ശതമാനം പൂർത്തീകരിച്ചു.

കൂടാതെ ചാലക്കുടി മണ്ഡലത്തിൽ ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ചാലിൻചിറ, വലിയചിറ, താങ്ങുചിറ, തട്ടുപാറ എന്നീ നാല് ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾക്കായി 125 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഈ പദ്ധതികൾ നടപ്പിലാക്കുക വഴി 102.81 ഹെക്ടർ കൃഷി ഭൂമിക്ക് ജലസേചന സൗകര്യം ഒരുക്കുവാൻ സാധിക്കും.

**തൃക്കാക്കര മണ്ഡലത്തിൽ ജലസേചന വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

149 (5737) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര നിയോജകമണ്ഡലത്തിൽ 2017-18, 2018-19 വർഷങ്ങളിൽ ജലസേചന വകുപ്പ് നടപ്പിലാക്കിയ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ളതും അല്ലാത്തതുമായ പദ്ധതികൾ (മേജർ & മൈനർ) എന്തെല്ലാമാണ്; ഇനം തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതിയും പുരോഗതിയും എസ്റ്റിമേറ്റ് തുകയും വിശദമാക്കുമോ?

ഉത്തരം

(എ&ബി) 2017-18, 2018-19 കാലയളവിൽ തൃക്കാക്കര നിയമസഭാ നിയോജകമണ്ഡലത്തിൽ മേജർ ഇറിഗേഷൻ മുഖാന്തരം പ്രവൃത്തികളൊന്നും ഏറ്റെടുത്തിട്ടില്ല. മൈനർ ഇറിഗേഷൻ മുഖാന്തരം ഏറ്റെടുത്ത പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോതമംഗലത്തെ മൈനർ ഇറിഗേഷൻ പദ്ധതികൾ

150 (5738) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വിഭാഗത്തിന്റെ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്നും, ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(ബി) 2019-20-ലെ മൈനർ ഇറിഗേഷൻ പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി കോതമംഗലം മണ്ഡലത്തിൽ നിന്നും എത്ര നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടെന്നും, അവ ഏതെല്ലാമാണെന്നും ഓരോ പ്രവൃത്തിയ്ക്കുമായി നിർദ്ദേശിച്ചിട്ടുള്ള തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) 2019-20-ലെ പ്രൊപ്പോസലുകൾക്ക് വേഗത്തിൽ അംഗീകാരം ലഭ്യമാക്കി പ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) മൈനർ ഇറിഗേഷൻ വിഭാഗത്തിൽ കോതമംഗലം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളും നിലവിലെ സ്ഥിതിയും അനുബന്ധമായി* ചേർക്കുന്നു.

(ബി) ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് 500 ലക്ഷം രൂപയാണ് നിർദ്ദേശിച്ചിട്ടുള്ളത്. ആവോലിച്ചാൽ എൽ.ഐ.എസ്. പദ്ധതിക്കായി 2019-20 ബഡ്ജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ മുൻഗണനയും പരിഗണിച്ച് ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## പറമ്പിക്കുളം-ആളിയാർ കരാർ

151 (5739) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം ഈ വർഷം എത്ര ടി.എം.സി. ജലമാണ് കേരളത്തിന് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കരാർ പ്രകാരം കേരളത്തിന് ഓരോ വർഷവും എത്ര വെള്ളമാണ് ലഭിക്കേണ്ടതെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത കരാർ പുതുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽനിന്നും 26-6-2019 വരെ കേരളത്തിന് ലഭിച്ച ജലത്തെ സംബന്ധിച്ച കണക്കുകൾ താഴെ കൊടുക്കുന്നു.

<u>മണക്കടവ് വിയർ</u> - 7.611 ടി.എം.സി.(ഇതിൽ 0.361 ടി.എം.സി. ജലം) പറമ്പിക്കുളം ഗ്രൂപ്പ് അധിക നീരൊഴുക്കിന്റെ വിഹിതമാണ്.

<u>കേരള ഷോളയാർ പവർ ഹൗസ്</u> -9.979 ടി.എം.സി.

പെരിയാർ നദീതടത്തിൽ നീരാറിൽനിന്നും 0.540 ടി.എം.സി. ജലം കേരളത്തിന് ലഭിച്ചിട്ടുണ്ട്.

(ബി) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം ഒരു ജലവർഷത്തിൽ (ജൂലൈ 1 മുതൽ ജൂൺ 30 വരെ) മണക്കടവ് വിയറിൽ പ്രളയജലം ഒഴികെ, കേരളത്തിന് 7.25 ടി.എം.സി. ജലം നൽകേണ്ടതാണ്. കൂടാതെ കേരള ഷോളയാർ റിസർവോയറിലെ ജലനിരപ്പ് സെപ്റ്റംബർ 1 -നും ഫെബ്രുവരി 1-നും സമ്പൂർണ്ണ ജലനിരപ്പായ +2663 അടിയിൽ നിലനിർത്തേണ്ടതും സെപ്റ്റംബർ 2-നും ജനുവരി 31-നും ഇടയിലുള്ള കാലയളവിൽ, കേരള ഷോളയാർ ജലസംഭരണി പൂർണ്ണജലസംഭരണ നിരപ്പിന് 5 അടി താഴെയായി (അതായത് +2658 അടി) നിർത്തേണ്ടതുണ്ട്. ഒരു ജലവർഷത്തിൽ കേരള ഷോളയാർ പവർഹൗസിൽ 12.3 ടി.എം.സി. ജലം കേരളത്തിന് ലഭ്യമാക്കേണ്ടതുണ്ട്. കൂടാതെ പറമ്പിക്കുളം ഗ്രൂപ്പ് ഓഫ് ഡാമുകളുടെയും ലോവർ നീരാർ ഡാമിന്റെയും തനതു നീരൊഴുക്ക് 16.35 ടി.എം.സി.യിൽ കൂടുതൽ ആവുകയാണെങ്കിൽ 2.5 ടി.എം.സി. വരെ ജലം കേരളത്തിന് ചിറ്റൂർ പുഴയിലേക്കും ബാക്കി ജലം ചാലക്കുടി പുഴയിലേക്കും അർഹതപ്പെട്ടതാണ്. ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള അപ്പർ നീരാർ വിയറിലെ തനതു നീരൊഴുക്കും കേരളത്തിന് അർഹതപ്പെട്ടതാണ്.

(സി) 29-5-1970-ൽ ഒപ്പിട്ട പറമ്പിക്കുളം-ആളിയാർ കരാറിന് 9-11-1958 മുതൽ മുൻകാല പ്രാബല്യമുണ്ട്. 30 വർഷം പൂർത്തിയായ 1988-ൽ തന്നെ കരാർ പുനരവലോകന ചർച്ചകൾ തുടങ്ങിയിരുന്നു. ഇതിനോടകം നിരവധി പുനരവലോകന ചർച്ചകൾ നടത്തിയിട്ടുണ്ടെങ്കിലും അധിക ജലം പങ്കുവയ്ക്കുന്നതുൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ ധാരണയാവാത്തതിനാൽ

കരാർ പുനരവലോകനം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല. ഏറ്റവും ഒടുവിൽ 19-1-2018-ന് തമിഴ്നാടുമായി നടത്തിയ സെക്രട്ടറിതല ചർച്ചയിലും ഈ വിഷയം കേരളം ഉന്നയിക്കുകയുണ്ടായി. ഇതിനുപുറമേ ഇതേ ആവശ്യം ഉന്നയിച്ച് കേരള ചീഫ് സെക്രട്ടറി തമിഴ്നാട് ചീഫ് സെക്രട്ടറിക്ക് 4-1-2019-ൽ കത്തയച്ചിരുന്നുവെങ്കിലും അതിൽ അനുകൂലമായ പ്രതികരണമൊന്നും തമിഴ്നാടിൽ നിന്ന് ഉണ്ടായിട്ടില്ല. കരാർ പുനരവലോകനത്തിന് തമിഴ്നാടിനെ പ്രേരിപ്പിക്കണമെന്നാവശ്യപ്പെട്ട് 2-2-2019-ന് കേരള ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കേന്ദ്രജല കമ്മീഷനും കത്തയച്ചിട്ടുണ്ട്.

28-1-2019-ന് ചേർന്ന 101-ാമത് ജെ.ഡബ്ല്യൂ.ആർ. ബോർഡ് യോഗത്തിൽ, പറമ്പിക്കുളം ആളിയാർ കരാർ പുനരവലോകനം എത്രയും പെട്ടെന്ന് ചെയ്യണമെന്ന് കേരളം തമിഴ്നാടിനോട് ആവശ്യപ്പെട്ടിരുന്നു. കരാർ പുനരവലോകനം കാലതാമസം കൂടാതെ ചെയ്യേണ്ടതിന്റെ ആവശ്യകത ഇരു സംസ്ഥാന ഗവൺമെന്റുകളെയും അറിയിക്കാൻ ബോർഡ് യോഗം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ അപ്രകാരം ചെയ്യുകയുണ്ടായി. കേരളത്തിന്റെ താൽപ്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിച്ചുകൊണ്ട് പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽനിന്നും കൂടുതൽ ജലം നേടിയെടുക്കുന്നതിനുള്ള സാധ്യതകളാണ് കേരളം ആരായുന്നത്. കരാർ പുനരവലോകന ചർച്ചകൾ പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## സംരക്ഷണ ഭിത്തികളുടെ പുനർനിർമ്മാണം

152 (5740) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര നിയോജകമണ്ഡലത്തിൽ പ്രളയത്തിൽ തകർന്ന പുഴകളുടെ സൈഡ് ഭിത്തികളുടെയും സംരക്ഷണ ഭിത്തികളുടെയും പുനർനിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ ആവശ്യത്തിലേക്കായി സർക്കാർ അനുവദിച്ച ഫണ്ടുകളുടെ വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം പ്രവൃത്തികളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടതെന്നും ഇവയിൽ ഏതെല്ലാം പൂർത്തീകരിച്ചെന്നും വ്യക്തമാക്കുമോ; ഇനി പൂർത്തീകരിക്കാനുള്ളവ ഏതൊക്കെയെന്നും എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നും അറിയിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) പ്രളയത്തിൽ തകർന്ന വേങ്ങര നിയോജകമണ്ഡലത്തിലെ മാണിക്കോത്ത് കടവിൽ ഡി.ടി.പി.സി. ഇക്കോ വില്ലേജിന് സമീപം കടലുണ്ടിപ്പുഴയുടെ വലതുകര ബലപ്പെടുത്തുന്നതിനുള്ള പുനരുദ്ധാരണവും കേടുപാടുകൾ തീർക്കലും എന്ന പ്രവൃത്തിക്കായി എസ്.ഡി.ആർ.എഫ്.-ൽ 20.20 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി ടെണ്ടർ നടപടി സ്വീകരിച്ചുവരുന്നു.

(സി) ആർ.എം.എഫി-ൽ ഉൾപ്പെടുത്തി ചുവടെ പറയുന്ന പ്രവൃത്തികളുടെ ഡി.പി.ആർ. പരിശോധിച്ചുവരുന്നു.

1) തിരൂരങ്ങാടി താലൂക്കിൽ പറപ്പൂർ വില്ലേജിൽ ഇരിങ്ങല്ലൂർ അംശം കുഴിപ്പുറം പാലത്തിന് മുകൾഭാഗത്ത് കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം.

2) പറപ്പൂർ പഞ്ചായത്തിൽ വാർഡ് ഒന്നിൽ ഇല്ലിപുലാക്കലിൽ കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം.

3) വേങ്ങര നിയോജകമണ്ഡലത്തിൽ ഒതുക്കുങ്ങൽ പഞ്ചായത്തിൽ മറ്റത്തൂർ പാണക്കാട് ബ്രിഡ്ജിന് സമീപം കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം.

4) വേങ്ങര മണ്ഡലത്തിലെ ഒതുക്കുങ്ങൽ പഞ്ചായത്തിൽ മറ്റത്തൂർ മൂലപ്പറമ്പിൽ കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം.

5) വേങ്ങര മണ്ഡലത്തിൽ വേങ്ങര പഞ്ചായത്തിൽ വാർഡ് 13-ൽ മാണമാട് പാലത്തിന് മുകൾഭാഗത്ത് മാഞ്ഞമാട് കടവിൽ കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം.

എ.ആർ. നഗർ ഗ്രാമ പഞ്ചായത്തിലെ മൂഴിക്കൽ കോളനിയിൽ റി.സ.നമ്പർ 14/226 പി.എം. ജാഫറിന്റെ വീടിന് സമീപം കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം.

7) എ.ആർ. നഗർ ഗ്രാമ പഞ്ചായത്തിലെ വാർഡ് 19, മമ്പുറം പുതിയ പാലത്തിന് മേൽഭാഗത്ത്-കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം.

8) എ.ആർ. നഗർ ഗ്രാമ പഞ്ചായത്തിലെ വാർഡ് 19, മൂഴിക്കലിൽ 293 സി. നമ്പർ വീടിനു സമീപം കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം.

മേൽ പ്രവൃത്തികൾക്ക് RMF-ൽ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്. കൂടാതെ വേങ്ങര പഞ്ചായത്തിലെ തേർക്കയം പാലത്തിന് താഴെയായി തേർക്കയം ഭാഗത്ത് കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണത്തിനായി പര്യവേക്ഷണ പ്രവൃത്തികളുള്ള എസ്റ്റിമേറ്റ് IDRB-യിൽ സാമ്പത്തിക അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

താഴെപ്പറയുന്ന പ്രവൃത്തികളിൽ പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തികളുടെ പ്രാധാന്യവും കണക്കിലെടുത്തു തുടർ നടപടി സ്വീകരിക്കുന്നതാണ്.

1) ഒതുക്കുങ്ങൽ പഞ്ചായത്തിൽ ഒന്നാം വാർഡിൽ കൈപ്പറ്റ, ഉമ്മിണിക്കടവ് പാലത്തിന് താഴ്ഭാഗത്ത് കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം.

2) ഒതുക്കുങ്ങൽ പഞ്ചായത്തിൽ മറ്റത്തൂർ തോട്ടക്കാടിൽ കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം.

3) പറപ്പൂർ പഞ്ചായത്തിൽ കുമൻകല്ല് പാലത്തിന് സമീപം കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം.

4) ഒതുക്കുങ്ങൽ പഞ്ചായത്തിൽ മറ്റത്തൂർ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന് താഴ്ഭാഗത്ത് കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം.

5) ഊരകം പഞ്ചായത്തിൽ പാണ്ടിക്കടവ് ഭാഗത്ത് കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം.

6) ഊരകം പഞ്ചായത്തിലെ വാർഡ് 16-ൽ ചാലിൽകുണ്ട് വേരേങ്ങൽമൂഴി ഭാഗത്ത് കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം.

## കായലുകളും നദികളും സംരക്ഷിക്കാൻ പദ്ധതി

153 (5741) <u>ശ്രീ. എൻ. വിജയൻ പിള്ള:</u>
<u>ശ്രീ. എം. മുകേഷ്:</u>
<u>ശ്രീ. കെ. സുരേഷ് കുറുപ്പ്:</u>
<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യം, ചെളി, മണൽ എന്നിവ അടിയുന്നതുകൊണ്ടും നീരൊഴുക്കിന്റെ കുറവുകൊണ്ടും കയ്യേറ്റം കൊണ്ടും നിലനിൽപ്പ് ഭീഷണി നേരിടുന്ന ശാസ്താംകോട്ട, അഷ്ടമുടി, വേമ്പനാട് കായലുകളെ സംരക്ഷിക്കാൻ ഇറിഗേഷൻ ഡിസൈൻ ആന്റ് റിസർച്ച് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന പദ്ധതികൾ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(ബി) നദികളിലെ ജലവിതാനം, നീരൊഴുക്ക്, മഴയുടെ അളവ് തുടങ്ങിയ വിവരശേഖരണത്തിനും അവയുടെ വിശകലനത്തിനും അതിന്റെയടിസ്ഥാനത്തിൽ നദീ സംരക്ഷണ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടത്തിവരുന്ന പ്രവർത്തനം അറിയിക്കാമോ;

(സി) രൂക്ഷമായി മലിനീകരിക്കപ്പെട്ട നദികളെ പുനരുജ്ജീവിപ്പിക്കുന്നതിനായി നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ്; റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നടത്തുന്ന നദീതീര സംരക്ഷണ പദ്ധതി എത്ര പ്രയോജനകരമായിട്ടുണ്ടെന്ന് പരിശോധിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന് കീഴിൽ കേരളത്തിൽ മലിനീകരണ ഭീഷണി നേരിടുന്ന 11 പുഴകളുടേയും (മീനച്ചിൽ, പെരിയാർ, ഭാരതപ്പുഴ, മണിമല, മൂവാറ്റുപുഴ, ചാലക്കുടിപ്പുഴ, കല്ലട, പമ്പ, അച്ചൻകോവിൽ, കല്ലായി, വളപട്ടണം) 3 റാംസർ തടാകങ്ങളുടെയും (അഷ്ടമുടി, വേമ്പനാട്, ശാസ്താംകോട്ട) പുനരുജ്ജീവനത്തിനായുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുവേണ്ടി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാനായി കൺസൽട്ടൻസി നൽകുന്നതിനുള്ള പ്രവൃത്തി ഐ.ഡി.ആർ.ബി. പരിശോധിച്ചു വരികയായിരുന്നു. അതിനിടയിൽ, കേരള പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിന് കീഴിൽ ഗവൺമെന്റ് ഓഫ് ഇന്ത്യ (കേന്ദ്ര ഗവൺമെന്റ്) ഫണ്ടിംഗിൽ കേരളത്തിലെ മൂന്ന് റാംസർ തടാകങ്ങളുടെയും (അഷ്ടമുടി, വേമ്പനാട്, ശാസ്താംകോട്ട) പുനരുജ്ജീവനത്തിനായുള്ള ഒരു മാനേജ്മെന്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കുന്ന പദ്ധതി നടന്നുവരുന്നതിനാൽ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിലെ കൺസൽട്ടൻസിയിൽ നിന്നും റാംസർ തടാകങ്ങളുടെയും (അഷ്ടമുടി, വേമ്പനാട്, ശാസ്താംകോട്ട) അവയിലേക്ക് നിർഗ്ഗമിക്കുന്ന പുഴകളുടെയും (പമ്പ, അച്ചൻകോവിൽ, മണിമല, മൂവാറ്റുപുഴ, ചാലക്കുടിപ്പുഴ, കല്ലട) ഒഴിവാക്കുവാൻ തീരുമാനിക്കുകയുണ്ടായി. മറ്റ് അഞ്ച് നദികളുടെയും (മീനച്ചിൽ, പെരിയാർ, ഭാരതപ്പുഴ, കല്ലായി, വളപട്ടണം) പുനരുജ്ജീവനത്തിനായുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുവാനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള കൺസൾട്ടൻസി നൽകുന്നതിനുള്ള പ്രവൃത്തി ഐ.ഡി.ആർ.ബി. ഉടൻതന്നെ ആരംഭിക്കുന്നതാണ്.

(ബി) ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള ഹൈഡ്രോളജി വിഭാഗത്തിൽ മഴയുടെ അളവ്, നദികളിലെ നീരൊഴുക്ക്, ജലവിതാനം എന്നിവ ശാസ്ത്രീയമായി അളന്ന് രേഖപ്പെടുത്തുന്നുണ്ട്. നാഷണൽ ഹൈഡ്രോളജി പ്രോജക്ട് എന്ന കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതി പ്രകാരം ഈ പ്രവൃത്തികൾ ആധുനികവൽക്കരിച്ചിട്ടുണ്ട്. ഈ അടിസ്ഥാന വിവരങ്ങൾ SWDES എന്ന സോഫ്റ്റ്വെയറിൽ ശേഖരിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ ജലവിഭവവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് ഈ ശേഖരിച്ച വിവരങ്ങൾ ഉപയോഗപ്രദമാണ്. ചെക്ക് ഡാമുകൾ, കുടിവെള്ള പദ്ധതികൾ, പാലങ്ങളുടെ നിർമ്മാണം എന്നിവയ്ക്ക് ഈ രേഖപ്പെടുത്തിയ അളവുകൾ വിവിധ ഏജൻസികൾ ഉപയോഗിക്കുന്നുണ്ട്.

നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ കീഴിൽ തൽസമയ അടിസ്ഥാന വിവര ഏറ്റെടുക്കൽ സംവിധാനം (Real Time Data Acquisition System) സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ സംവിധാനം പ്രാവർത്തികമാകുമ്പോൾ പ്രളയ/വരൾച്ചാ സാഹചര്യം കൂടുതൽ കൃത്യതയോടെ വിശകലനം ചെയ്യുവാൻ സാധിക്കുന്നതാണ്.

(സി) മലിനീകരിക്കപ്പെട്ട നദികളെ ഗുണനിലവാരമുള്ള നീരൊഴുക്കുള്ള നദികളാക്കി/ജലസ്രോതസ്സുകളാക്കി മാറ്റുന്നതിന് രണ്ട് വിധത്തിലുള്ള ഇടപെടലുകളാണ് നടത്തിവരുന്നത്. ഒന്നാമത്തേത്, പൊതുജനങ്ങളുടെയും തദ്ദേശഭരണസ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും ജനപ്രതിനിധികളുടെയും ഏകോപനത്തോടുകൂടി ജനകീയമായി പുഴകളും ജലസ്രോതസ്സുകളും പുനരുജ്ജീവിക്കുകയും തുടർന്ന് അവ സംരക്ഷിച്ച് നിലനിർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്നതാണ്. രണ്ടാമത്തേത്, സർക്കാർ വകുപ്പുകൾ/ഏജൻസികൾ/തദ്ദേശഭരണസ്ഥാപനങ്ങൾ മുഖേനയുള്ള വിവിധ ഇടപെടലുകളാണ്. ഇതിന്റെ ഭാഗമായി നദികളിലും മറ്റ് ജലസ്രോതസ്സുകളിലും ജലലഭ്യതയും നീരൊഴുക്കും വർദ്ധിപ്പിക്കുന്നതിനും സുസ്ഥിരമായി നിലനിർത്തുന്നതിനുമുള്ള വിവിധ പ്രവൃത്തികൾ - റെഗുലേറ്ററുകൾ, തടയണകൾ നിർവ്വഹിക്കുന്നു. ഇതിനുപുറമേ ശാസ്ത്രീയമായ ജലവിഭവ സംരക്ഷണവും വിനിയോഗവും സാധ്യമാക്കുന്നതിന് നീർത്തടാടിസ്ഥാനത്തിലുള്ള ആസൂത്രണവും നടത്തിവരുന്നു. ഇതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും നീർത്തടപ്ലാനുകൾ തയ്യാറാക്കി അതിൻപ്രകാരമുള്ള പ്രവൃത്തികളും ഏറ്റെടുത്ത് നിർവ്വഹിക്കുന്നുണ്ട്.

ജലസേചന വകുപ്പിന് ലഭ്യമാകുന്ന ബഡ്ജറ്റ് വിഹിതം, റിവർ മാനേജ്മെന്റ് ഫണ്ട് (റവന്യൂ വകുപ്പ്) എന്നിവ വിനിയോഗിച്ചും പ്രവൃത്തിയുടെ പ്രാധാന്യം അനുസരിച്ചും ഉള്ള നദീതീര സംരക്ഷണ പ്രവൃത്തികളാണ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത്. പൊതു ആവശ്യവും നിർദ്ദേശങ്ങളും മുൻനിർത്തിയാണ് പ്രസ്തുത ഫണ്ട് ഉപയോഗിച്ച് സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതും നിർവ്വഹിക്കുന്നതും. റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നിർവ്വഹണം നടത്തിയിട്ടുള്ള പ്രവൃത്തികൾ പൊതുവിൽ പ്രയോജനകരമാണ്.

**പെരിങ്ങാട് പുഴയുടെ പുനരുജ്ജീവനം**

154 (5742) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവറട്ടി പഞ്ചായത്ത് ഉൾപ്പെടുന്ന പെരിങ്ങാട് പുഴയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചത്; പുനരുജ്ജീവന പ്രവർത്തനങ്ങളുടെ ഭാഗമായി നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത പുനരുജ്ജീവന പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ഹരിത കേരളം മിഷൻ തൃശ്ശൂർ ജില്ലാ കോ-ഓർഡിനേറ്ററുടെ നേതൃത്വത്തിൽ ജനകീയ പിന്തുണയോടെ 2018 ഡിസംബർ 8-ന് പെരിങ്ങോട് പുഴയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ ആരംഭിച്ചു. പുഴയോരത്ത് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും കണ്ടൽ ചെടികൾ വച്ചുപിടിപ്പിക്കുകയും ചെയ്തു. ഇതുകൂടാതെ തൃശ്ശൂർ ജില്ലയിൽ മുല്ലശ്ശേരി കെ.എൽ.ഡി.സി. കനാലിന് കുറുകെ ഇടിയഞ്ചിറ റെഗുലേറ്ററിന് താഴത്ത് പെരിങ്ങോട്ടുപുഴയിൽ മഹാപ്രളയംമൂലം അടിഞ്ഞുകൂടിയ മണ്ണ് നീക്കംചെയ്യാൻ ആവശ്യമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പീച്ചിയിലെ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്. റിപ്പോർട്ട് ലഭ്യമായതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കോണോത്തുപുഴ സംരക്ഷിക്കുന്നതിന് നടപടി**

155 (5743) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ കോണോത്തുപുഴ മാലിന്യ മുക്തമാക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ഏതെങ്കിലും പ്രൊപ്പോസൽ നിലവിലുണ്ടോ;

(ബി) വളരെയധികം പരിഗണന അർഹിക്കുന്നതും പ്രാധാന്യമുള്ളതുമായ ഈ പദ്ധതി നടപ്പിലാക്കുന്നത് അനുഭാവപൂർവ്വം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) സമയബന്ധിതമായി ഈ നടപടികൾ പൂർത്തീകരിക്കുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ-സി) തൃപ്പൂണിത്തുറ മണ്ഡലത്തിലെ കോണോത്തുപുഴ മാലിന്യമുക്തമാക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കായി 17 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 2019-20 വർഷത്തെ വർക്ക് ബഡ്ജറ്റിൽ അപ്പെൻഡിക്സ് വോല്യം-2 ക്രമ നമ്പർ 1349 പ്രകാരം ടി പദ്ധതിക്ക് 100 രൂപയുടെ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും അംഗീകാരം ലഭിക്കുന്ന മുറയ്ക്കും സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കാവുന്നതാണ്.

### കേച്ചേരിപ്പുഴയുടെ പുനരുജ്ജീവനത്തിനായി കൈക്കൊണ്ട നടപടികൾ

156 (5744) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പത്ത് പഞ്ചായത്തുകളും ഒരു നഗരസഭയും ചേർന്ന പ്രദേശത്തുകൂടി ഒഴുകുന്ന 72 കി.മീറ്റർ നീളമുള്ള കേച്ചേരിപ്പുഴയുടെ പുനരുജ്ജീവനത്തിനായി കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

വാഴാനി കേച്ചേരിപ്പുഴയുടെ കാഞ്ഞിരക്കോട് മുതൽ പാത്രമംഗലം വരെയുള്ള സംരക്ഷണ പ്രവൃത്തികളുടെയും ഒമ്പത് തടയണകളുടെയും പര്യവേക്ഷണ പ്രവൃത്തികൾ പൂർത്തീകരിച്ചു. പര്യവേക്ഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ എടുത്തുവരുന്നു. ഇതുകൂടാതെ NGT-യുടെ ഉത്തരവ് പ്രകാരം നദീഭാഗങ്ങൾ മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി ജില്ലാതല സാങ്കേതിക സമിതി (DLTC) തയ്യാറാക്കിയ കേച്ചേരിപ്പുഴയുടെ പുലിയന്നൂർ മുതൽ കേച്ചേരിഭാഗം വരെ മാലിന്യമുക്തമാക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ അംഗീകാരത്തിനായി സംസ്ഥാനതല നദീ പുനരുജ്ജീവന സമിതിക്ക് (RRC) സമർപ്പിച്ചിട്ടുണ്ട്.

### കല്ലട ജലസേചന പദ്ധതി

157 (5745) ശ്രീമതി. പി. അയിഷാ പോറ്റി:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. ആന്റണി ജോൺ:
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലട ജലസേചന പദ്ധതിയുടെ പ്രയോജനം വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ ജലസേചനത്തിന് പുറമേ കൊല്ലം കോർപ്പറേഷൻ പരിധിയിലും സമീപ പഞ്ചായത്തുകളിലെയും കുടിവെള്ളക്ഷാമം അതിജീവിക്കാൻ വേണ്ട ജലം ലഭ്യമാക്കുന്നതിനു കൂടി പദ്ധതിക്ക് സാധ്യമായിട്ടുണ്ടോ;

(ബി) തൃശ്ശൂർ, എറണാകുളം ജില്ലകളിലെ വിവിധ പ്രദേശങ്ങളിലെ ജലസേചനത്തിനും കുടിവെള്ള ക്ഷാമം പരിഹരിക്കാനും ഉപയുക്തമായ ഇടമലയാർ ഇറിഗേഷൻ പ്രോജക്റ്റിന്റെ ഇടതുകര ലിങ്ക് കനാൽ പൂർത്തീകരിക്കാനുള്ള പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തിയാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(സി) പാലക്കാട് ജില്ലയിലെ മഴനിഴൽ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(ഡി) കാഡയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വിശകലനം ചെയ്തിട്ടുണ്ട്. കല്ലട ജലസേചന പദ്ധതിയുടെ ഭാഗമായ തെന്മല ഡാമിന്റെ ഇടതുവലതുകര കനാലുകളിലൂടെ ജലസേചനം നടത്തുന്നതുമൂലം 3 ജില്ലകളിലെ (കൊല്ലം, പത്തനംതിട്ട, ആലപ്പുഴ) 92 പഞ്ചായത്തുകളിൽ ജലസേചനം, കുടിവെള്ളം എന്നിവയ്ക്ക് ഫലപ്രദമായ പരിഹാരം കാണുവാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷം (2018) കൊല്ലം കോർപ്പറേഷനും അനുബന്ധ പഞ്ചായത്തുകൾക്കും കുടിവെള്ളം ലഭ്യമാക്കിയിരുന്നു. ശാസ്താംകോട്ട തടാകത്തിലെ ജലദൗർലഭ്യംമൂലം കല്ലട ജലസേചന പദ്ധതിയുടെ വലതുകര കനാലിന്റെ ബ്രാഞ്ച് കനാലായ ശാസ്താംകോട്ട ബ്രാഞ്ച് കനാലിന്റെ ചവറ ഡിസ്ട്രിബ്യൂട്ടറിയിൽ നിന്ന് കേരള വാട്ടർ അതോറിറ്റിക്ക് ജലവിതരണം ആരംഭിച്ചതുമുതൽ ജലം കൊടുത്തിട്ടുണ്ട്. ആയതുമൂലം കൊല്ലം കോർപ്പറേഷനും അനുബന്ധ പഞ്ചായത്തുകൾക്കും കുടിവെള്ളത്തിന്റെ ക്ഷാമത്തിന് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) സാമ്പത്തിക/സാങ്കേതിക പ്രായോഗികത പരിശോധിച്ച് നടപടിയെടുക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്.

(സി) ചിറ്റൂർപുഴ പദ്ധതി ഡിവിഷന്റെ പരിധിയിൽ ഉൾപ്പെടുന്ന മൂലത്തറ വലതുകര കനാൽ ദീർഘിപ്പിക്കൽ പദ്ധതി പാലക്കാട് ജില്ലയിലെ മഴനിഴൽ പ്രദേശമായ കൊഴിഞ്ഞാമ്പാറ മേഖലയിലെ ജലക്ഷാമം പരിഹരിക്കാൻ വിഭാവന ചെയ്തിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ടമായി കോരയാർ മുതൽ വരട്ടയാർ വരെയും രണ്ടാംഘട്ടമായി വരട്ടയാർ മുതൽ വേലന്താവളം വരെയും ദീർഘിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ചുമതല കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ (KIIDC) ഡെവലപ്മെന്റ് കോർപ്പറേഷനാണ്. നിലവിൽ പദ്ധതിക്കായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.

ജലനിധി പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി പാലക്കാട് ജില്ലയിൽ മഴനിഴൽ പ്രദേശങ്ങളിൽ താഴെപ്പറയുന്ന വിവിധ ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| അഗളി | - | 50 | എണ്ണം |
| പുതൂർ | - | 34 | എണ്ണം |
| ഷോളയാർ | - | 24 | എണ്ണം |
| കൊഴിഞ്ഞാമ്പാറ | - | 2 | എണ്ണം |

കൂടാതെ അട്ടപ്പാടി മേഖലയിലെ ഐ.സി.ഡി.എസ്. പ്രോജക്ടിന്റെ കീഴിലുള്ള 175 അങ്കണവാടികളിൽ കുടിവെള്ള വിതരണം പുനഃസ്ഥാപിക്കുന്നതിന്റെ ഭാഗമായി 46 അങ്കണവാടികൾക്ക് കുഴൽ കിണറുകളും 6 അങ്കണവാടികളിൽ തുറന്ന കിണറുകളും ബാക്കിയുള്ള 103 അങ്കണവാടികളിൽ നിലവിലുള്ള പദ്ധതികളിൽ നിന്നും കുടിവെള്ളം എത്തിക്കുന്നതിനാവശ്യമായ പദ്ധതികൾ 2017-18 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) കാഡാ ഫീൽഡ് ചാനലുകളുടെ നവീകരണത്തിനായി 2018-19 സാമ്പത്തിക വർഷത്തിൽ ചിറ്റൂർപുഴ പദ്ധതിക്കായി 3 കോടി രൂപയും മലമ്പുഴ പദ്ധതിക്ക് 64 ലക്ഷം രൂപയും പോത്തുണ്ടി പദ്ധതിക്ക് 25 ലക്ഷം രൂപയും മംഗലം പദ്ധതിക്ക് 1.10 കോടി രൂപയും ചേരാമംഗലം പദ്ധതിക്ക് 2 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ചിറ്റൂർപുഴ പദ്ധതിയിൽ പ്രസ്തുത ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. മലമ്പുഴ, മംഗലം, പോത്തുണ്ടി, ചേരാമംഗലം പദ്ധതികളിൽ 85 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

കാഡാ പ്രവൃത്തികൾക്കായി 2019-20 സാമ്പത്തിക വർഷത്തിൽ ചിറ്റൂർപുഴ പദ്ധതിക്ക് 5 കോടി രൂപയും മലമ്പുഴ പദ്ധതിക്ക് 2.50 കോടി രൂപയും പോത്തുണ്ടി പദ്ധതിക്ക് 1.50 കോടി രൂപയും മംഗലം പദ്ധതിക്ക് 50 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്കായുള്ള DPR അംഗീകാരത്തിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. കൂടാതെ മൂവാറ്റുപുഴ പദ്ധതിയുടെ കാഡാ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 17 കർഷക സമിതികൾ രജിസ്റ്റർ ചെയ്യുന്ന നടപടി അന്തിമഘട്ടത്തിലാണ്. കൂടാതെ 10 കോടി രൂപ കാഡാ പദ്ധതിയുടെ പ്രവർത്തനത്തിന് അനുവദിച്ചിട്ടുണ്ട്. ആയതിൻപ്രകാരം ആദ്യഘട്ടമായി 3 കോടി രൂപയുള്ള 42 പ്രവർത്തനങ്ങൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുകയും അതിൽ 27 പ്രവൃത്തികൾ ത്വരിതപ്പെടുത്തുകയും ബാക്കിയുള്ളവയുടെ പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു.

**വിജയം കനാലിൽ നീരൊഴുക്ക് സുഗമമാക്കുന്നതിന് പദ്ധതി**

158 (5746) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓഖി ചുഴലിക്കാറ്റുമൂലം ചെല്ലാനം പഞ്ചായത്തിലെ വിജയം കനാലിൽ അടിഞ്ഞുകൂടിയ ചെളിയും മണ്ണും നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്നതിനായി സമർപ്പിച്ച 294.417 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

ഉത്തരം

28-6-2019-ലെ സ.ഉ. (സാധാ) നമ്പർ 459/2019/ജ.വി.വി. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

**ചേലക്കര മണ്ഡലത്തിലെ ദേവിച്ചിറ കുളം നവീകരണം**

159 (5747) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20-ലെ ബഡ്ജറ്റിൽ തുക അനുവദിച്ച, ചേലക്കര നിയോജകമണ്ഡലത്തിലെ വരവൂർ പഞ്ചായത്തിലെ ദേവിച്ചിറ കുളം നവീകരണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ പൂർത്തീകരിച്ചുവോ; അതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നവീകരണ പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) ചേലക്കര നിയോജകമണ്ഡലത്തിലെ ദേവിച്ചിറ കുളം നവീകരണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്. തുടർന്നുള്ള നടപടികൾ കൈക്കൊണ്ട് ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതിന് സാധ്യമാകുന്നതാണ്.

**കുളങ്ങളുടെ നവീകരണം**

160 (5748) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളങ്ങളുടെ നവീകരണത്തിനായി ജലവിഭവ വകുപ്പ് നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന എത്ര കുളങ്ങളുടെ സംരക്ഷണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നടത്തിയ നവീകരണ പ്രവൃത്തികളുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ജലസേചന വകുപ്പിൽ കുളങ്ങളുടെ നവീകരണത്തിനായി ഹരിത കേരളം പദ്ധതിക്കുകീഴിൽ റിനൊവേഷൻ ഓഫ് ടാങ്ക്സ് ആന്റ് പോണ്ട്സ് അണ്ടർ ഹരിത കേരളം, ഹരിത കേരളം-എം.ഐ. ക്ലാസ്സ്-1, ഹരിത കേരളം-എം.ഐ. ക്ലാസ്സ്-2 എന്നിവയിലും കൂടാതെ എം.ഐ. ക്ലാസ്സ്-1, എം.ഐ. ക്ലാസ്സ്-2 എന്നിവയിലും ഉൾപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ പരിധിയിൽ 2017-18-ൽ 2 കുളങ്ങളുടെയും 2018-19-ൽ ഒരു കുളത്തിന്റെയും നവീകരണത്തിനായി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടി പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കുളങ്ങളുടെ നവീകരണം**

161 (5749) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കൊയിലാണ്ടി നിയോജകമണ്ഡലം പരിധിയിലെ എത്ര കുളങ്ങളുടെ നവീകരണത്തിനാണ് മൈനർ ഇറിഗേഷൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയത്; വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര പദ്ധതികൾക്കാണ് ഇതുവരെ ഭരണാനുമതി ലഭിച്ചതെന്ന് അറിയിക്കുമോ;

(സി) സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കാനായി എസ്റ്റിമേറ്റുകൾ തയ്യാറാക്കിയ കുളങ്ങളുടെ പേരും എസ്റ്റിമേറ്റ് തുകയും ആയതിന്റെ ഇപ്പോഴത്തെ സ്റ്റാറ്റസും വ്യക്തമാക്കുന്ന പട്ടിക ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ 7 കുളങ്ങളുടെ നവീകരണത്തിന് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ നാണംചിറയുടെ പുനരുദ്ധാരണം.
2. കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ നമ്പി വീട്ടിൽ കുളത്തിന്റെ പുനരുദ്ധാരണം.
3. കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ തേവർ കുളത്തിന്റെ പുനരുദ്ധാരണം.
4. കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ കൊരയങ്ങാട് തെരു കുളത്തിന്റെ പുനരുദ്ധാരണം.
5. പയ്യോളി മുനിസിപ്പാലിറ്റിയിലെ കാപ്പിൻകര കുളത്തിന്റെ പുനരുദ്ധാരണം.
6. പയ്യോളി മുനിസിപ്പാലിറ്റിയിലെ ചൊവ്വവയൽ കുളത്തിന്റെ പുനരുദ്ധാരണം.
7. കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ നമ്പി വീട്ടിൽ കുളത്തിന്റെ നവീകരണം (ഭിത്തി കെട്ടി സംരക്ഷിക്കൽ)

(ബി) ആദ്യത്തെ ആറ് പ്രവൃത്തികൾ ഭരണാനുമതി നൽകി നടപ്പിലാക്കിയിട്ടുണ്ട്.

(സി)

| കുളത്തിന്റെ പേര് | തുക | നിലവിലെ അവസ്ഥ |
|---|---|---|
| കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ നമ്പി വീട്ടിൽ കുളത്തിന്റെ നവീകരണം (ഭിത്തി കെട്ടി സംരക്ഷിക്കൽ) | 30.00 ലക്ഷം രൂപ | ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**പയ്യന്നൂർ മണ്ഡലത്തിലെ കുളങ്ങളുടെ സംരക്ഷണം**

162 (5750) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരള മിഷനുമായി ബന്ധപ്പെട്ട് കുളങ്ങൾ സംരക്ഷിക്കാനും വിപുലപ്പെടുത്താനുമായി ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദീകരിക്കുമോ;

(ബി) എങ്കിൽ പയ്യന്നൂർ മണ്ഡലത്തിൽ ഇതിന്റെ ഭാഗമായി ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഹരിതകേരളം മിഷൻ ജലസംരക്ഷണ ഉപമിഷന്റെ (ജലസമൃദ്ധി) ലക്ഷ്യങ്ങളായ ജലസംരക്ഷണവും ജലസുരക്ഷയും ഉറപ്പാക്കുന്നതിനായി ജനപങ്കാളിത്തത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും വിവിധ വകുപ്പുകളുടെ സഹകരണത്തോടെയും നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.

ജലസേചന വകുപ്പിൽ കുളങ്ങളുടെ നവീകരണത്തിനായി, ഹരിത കേരളം ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണം എന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ എം.ഐ. ക്ലാസ്സ്-1 ഹരിത കേരളം, എം.ഐ. ക്ലാസ്സ്-II ഹരിത കേരളം എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിയും കുളങ്ങളുടെ നവീകരണം ഏറ്റെടുക്കാറുണ്ട്.

1034 തദ്ദേശഭരണ സ്ഥാപനങ്ങളിൽ നീർത്തട നടത്തം പൂർത്തിയാക്കി. 843 തദ്ദേശഭരണസ്ഥാപനങ്ങൾ നീർത്തട പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിൻപ്രകാരം ഈ പ്ലാനുകളിൽ ഉൾപ്പെട്ട പ്രവൃത്തികൾ മുൻഗണന തീരുമാനിച്ച് ഘട്ടംഘട്ടമായി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. വിവിധ സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനം സാധ്യമാക്കി കുളങ്ങളുടെ നിർമ്മാണവും നിലവിലുള്ള കുളങ്ങളുടെ നവീകരണവും ഈ പ്ലാനുകളെ അടിസ്ഥാനമാക്കി നിർവ്വഹിച്ചുവരുന്നു. ഹരിത കേരളം മിഷന്റെ ഭാഗമായി നാളിതുവരെ 13738 കുളങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ, 15381 കുളങ്ങൾ നവീകരിച്ചു. 147239 ഏക്കർ വൃഷ്ടിപ്രദേശ പരിപാലനം നിർവ്വഹിച്ചു.

(ബി) ഉണ്ട്. പയ്യന്നൂർ മണ്ഡലത്തിൽ പയ്യന്നൂർ മുനിസിപ്പാലിറ്റിയിൽ മുതിയാളം പൂഴിക്കുളത്തിന്റെ നവീകരണത്തിനായി 22.10 ലക്ഷം അടങ്കൽ തുക വരുന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ 2019-20 സാമ്പത്തിക വർഷത്തിൽ കരിവെള്ളൂർ പെരളം പഞ്ചായത്തിലെ എലത്തൂർ കുണ്ട് കുളത്തിന്റെ നവീകരണത്തിനായുള്ള ഭരണാനുമതി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കരുനാഗപ്പള്ളിയിലെ ജലസേചന പദ്ധതികൾ

163 (5751) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ചെറുകിട ജലസേചന വകുപ്പിന്റെ 2016 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെ ഭരണാനുമതി ലഭിച്ച പദ്ധതികളുടെ വിവരങ്ങൾ സംബന്ധിച്ച പട്ടിക ലഭ്യമാക്കുമോ; ഓരോ പദ്ധതിയുടെയും പ്രവർത്തന പുരോഗതി വിശദീകരിക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ള ചെറുകിട ജലസേചന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ടി.എസ്. കനാലിൽനിന്ന് കൃഷിയിടങ്ങളിലേയ്ക്ക് ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി നിർമ്മിച്ചിട്ടുള്ള പ്രധാന ഷട്ടറുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത വിഭാഗത്തിൽ എത്ര പദ്ധതികൾക്ക് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ&ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ടി.എസ്. കനാലിൽനിന്ന് കൃഷിയിടങ്ങളിലേയ്ക്ക് ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി നിർമ്മിച്ച ഷട്ടറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. ആയിരംതെങ്ങ് പാലത്തിന് തെക്കുവശം ഷട്ടർ
2. പള്ളിത്തോട് ഷട്ടർ
3. ഫിഷ് ഫാമിന് സമീപം ഷട്ടർ
4. പഞ്ചായത്ത് കടവ് ഷട്ടർ
5. പരിശ്ശേരി തോട് ഷട്ടർ
6. മാരൂർ താഴം ഷട്ടർ
7. വാഴക്കൂട്ടത്തിൽ കടവ് ഷട്ടർ
8. തുറയിൽ കടവ് ജംഗ്ഷന് ഇടത്തും വലത്തും ഷട്ടർ (2 എണ്ണം)

മേൽപ്പറഞ്ഞിരിക്കുന്നവയിൽ ക്രമ നമ്പർ 1-ഉം 2-ഉം കെ.എൽ.ഡി.സി. ആണ് നിർമ്മിച്ചിട്ടുള്ളത്.

പ്രസ്തുത വിഭാഗത്തിൽ എം.ഐ.ക്ലാസ്സ്- 2 കുലശേഖരപുരം പഞ്ചായത്തിൽ, ടി.എസ്. കനാലിൽനിന്ന് പള്ളിക്കൽ ആറിലോട്ട് ഉപ്പുവെള്ളം കയറാതെ സംരക്ഷിക്കുന്നതിനായി പന്നിത്തോടിന് കുറുകെ വി.സി.ബി.-യുടെ നിർമ്മാണം എന്ന ഒരു പദ്ധതിക്ക് 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ളത് പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തൃപ്പൂണിത്തുറ മണ്ഡലത്തിലെ കുളങ്ങളും ജലാശയങ്ങളും സംരക്ഷിക്കുന്നതിന് നടപടി

164 (5752) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ കുളങ്ങളും ജലാശയങ്ങളും വൃത്തിയാക്കി സംരക്ഷിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും പ്രൊപ്പോസൽ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) വളരെ പ്രാധാന്യമർഹിക്കുന്ന ഈ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ &ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## ഡാമുകളിലെ ചെളി നീക്കം ചെയ്യാൻ അനുമതി

165 (5753) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ഏതെല്ലാം ഡാമുകളിലെ ചെളി നീക്കം ചെയ്യാനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) നിലിവിൽ ചെളി നീക്കം ചെയ്യുന്ന പ്രവൃത്തികൾ ഏത് ഘട്ടംവരെയായി എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ജലസേചന വകുപ്പിന് കീഴിലുള്ള ചുള്ളിയാർ ഡാമിലെ ചെളി നീക്കം ചെയ്യുന്ന പ്രവൃത്തി പൈലറ്റ് പദ്ധതിയായി തെരഞ്ഞെടുത്ത് തുടർനടപടി എടുത്തുവരുന്നു.

(ബി) കേരളത്തിലെ ഡാമുകളിൽ അടിഞ്ഞുകൂടിയ എക്കലും മണലും നീക്കം ചെയ്യുന്നതിനായി ഒരു Standard Operating Procedure (SOP) സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത SOP-യിൽ പ്രതിപാദിച്ചിരിക്കുന്ന സാങ്കേതിക വിദ്യ ഉപയോഗിച്ച് പൈലറ്റ് പദ്ധതികളായി മംഗലം, ചുള്ളിയാർ എന്നീ ഡാമുകളിലെ ഡീസിൽറ്റിംഗ് നടത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മേൽ പദ്ധതികളുടെ DPR SOP പ്രകാരം രൂപീകരിച്ച് Empowered Committee അംഗീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഭൂതത്താൻകെട്ട് വിനോദസഞ്ചാര കേന്ദ്രത്തിൽ ഡാം റീഹാബിലിറ്റേഷൻ ഇംപ്രൂവ്മെന്റ് പ്രോഗ്രാം (ഡി.ആർ.ഐ.പി.) പദ്ധതി

166 (5754) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പ്രമുഖ ടൂറിസ്റ്റ് കേന്ദ്രമായ ഭൂതത്താൻകെട്ട് വിനോദസഞ്ചാരകേന്ദ്രത്തിൽ, ഡാം റീഹാബിലിറ്റേഷൻ ഇംപ്രൂവ്മെന്റ് പ്രോഗ്രാം (ഡി.ആർ.ഐ.പി.) പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൽ ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര തുകയുടെ പ്രൊപ്പോസലാണ് സമർപ്പിച്ചിട്ടുള്ളതെന്നും ഓരോ പദ്ധതിക്കും വേണ്ടി എത്ര തുക വീതമാണ് നീക്കിവയ്ക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലേക്കായി ഡാം സേഫ്റ്റി റിവ്യൂ പാനൽ (ഡി.എസ്.ആർ.പി.) രൂപീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഏറെ ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന ജില്ലയിലെ തന്നെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ ഭൂതത്താൻകെട്ടിൽ ടൂറിസം വികസനത്തിന് വലിയ സാധ്യതയുള്ള പ്രസ്തുത പദ്ധതി വേഗത്തിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഭൂതത്താൻകെട്ട് ബാരേജിൽ ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (ഡി.ആർ.ഐ.പി.) പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൽ താഴെപ്പറയുന്ന പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്:

| | | |
|---|---|---|
| 1 | ചെങ്കര മുതൽ ഭൂതത്താൻകെട്ട് ബാരേജ് വരെയുള്ള റോഡിന്റെ BM&BC വർക്ക് | 2.29 കോടി രൂപ |
| 2 | കമ്പിവേലി നിർമ്മാണം | 0.18 കോടി രൂപ |
| 3 | ഇൻഫർമേഷൻ സെന്റർ, ക്ലോക്ക് റൂം, ടോയ്‌ലെറ്റ് എന്നിവയുടെ നിർമ്മാണം | 0.26 കോടി രൂപ |
| 4 | പെരുമ്പാവൂർ IB-യുടെ നവീകരണം | 0.35 കോടി രൂപ |
| 5 | ടൂറിസം | 1.00 കോടി രൂപ |
| | ആകെ | 4.08 കോടി രൂപ |

(സി) ഉണ്ട്. രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലേക്കായി 7 പേരടങ്ങുന്ന ഡാം സേഫ്റ്റി റിവ്യൂ പാനൽ (ഡി.എസ്.ആർ.പി.) 27-4-2019-ലെ G.O. (Rt) No.293/2019/WRD പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ജൂലൈ ആദ്യവാരം മുതൽ ഡി.എസ്.ആർ.പി. അംഗങ്ങൾ ഡാമുകൾ സന്ദർശിച്ച് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) DRIP ഒന്നാംഘട്ട പദ്ധതിയുടെ കാലാവധി അവസാനിക്കുന്നത് 2020 ജൂൺ മാസത്തിലാണ്. അതിനുശേഷം മാത്രമേ രണ്ടാംഘട്ട പദ്ധതികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. 6 വർഷ കാലാവധിയുള്ള രണ്ടാംഘട്ട പദ്ധതി ഏപ്രിൽ 2020-ൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

## ഒറ്റപ്പാലം മുമ്പോർജിക്കടവിൽ സ്ഥിരം തടയണ

167 (5755) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ കരിമ്പുഴയിൽ ശ്രീകൃഷ്ണപുരം പഞ്ചായത്തതിർത്തിയിലുള്ള മുമ്പോർജിക്കടവിൽ സ്ഥിരം തടയണ നിർമ്മിക്കുന്നതിനായുള്ള നിർദ്ദേശം ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർക്ക് എന്നാണ് ലഭിച്ചത്; ആരാണ് നൽകിയത് വിശദാംശം നൽകാമോ;

(ബി) ടി നിർദ്ദേശത്തിന്മേൽ ഐ.ഡി.ആർ.ബി. എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം നൽകാമോ;

(സി) ഐ.ഡി.ആർ.ബി., വാട്ടർ അതോറിറ്റിക്ക് എന്നാണ് റിപ്പോർട്ട് നല്കിയത്; വാട്ടർ അതോറിറ്റി പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ?

ഉത്തരം

(എ-സി) ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഒരു നിർദ്ദേശവും ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി.-ക്ക് ലഭ്യമായിട്ടില്ല. കേരള വാട്ടർ അതോറിറ്റിക്ക് ഐ.ഡി.ആർ.ബി.-യിൽനിന്ന് ഒരു റിപ്പോർട്ടും നൽകിയിട്ടില്ല.

## തെക്കുമ്പാട് ദ്വീപിൽ മാർജിനൽ എർത്തൻ ബണ്ട്

168 (5756) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിലെ തെക്കുമ്പാട് ദ്വീപിന്റെ പടിഞ്ഞാറ് ഭാഗത്തായി മാർജിനൽ എർത്തൻ ബണ്ട് നിർമ്മിക്കുന്നതിനുവേണ്ടിയുള്ള പര്യവേക്ഷണ പ്രവൃത്തിക്ക് 3.13 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചെങ്കിലും തുടർനടപടികൾ ഉണ്ടായിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

ഈ പ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി മൂന്ന് തവണ ടെണ്ടർ ചെയ്തെങ്കിലും പ്രതികരണം ഉണ്ടായില്ല. നെഗോഷ്യേറ്റ് ക്വട്ടേഷൻ ക്ഷണിച്ചെങ്കിലും പ്രവൃത്തി പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല. പുതിയ കോസ്റ്റ് ഇൻഡക്സ് പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

**തോടുകൾ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കാൻ പദ്ധതി**

169 (5757) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലം പരിധിയിലെ ഏതെല്ലാം തോടുകൾക്കാണ് പാർശ്വഭിത്തികൾ കെട്ടി സംരക്ഷിക്കാനുള്ള എസ്റ്റിമേറ്റുകൾ മൈനർ ഇറിഗേഷൻ വിഭാഗം തയ്യാറാക്കിയിട്ടുള്ളത്;

(ബി) തോടുകളുടെ പേര്, എസ്റ്റിമേറ്റ് തുക, തൽസ്ഥിതി എന്നിവ കാണിക്കുന്ന വിവരങ്ങൾ പട്ടിക രൂപത്തിൽ ലഭ്യമാക്കാമോ;

(സി) വെള്ളപ്പൊക്കം ഉണ്ടാവുന്നതിനെ ലഘൂകരിക്കുന്നതിനായി തോടുകൾ സൈഡ് കെട്ടി സംരക്ഷിക്കാനും ആഴം വർദ്ധിപ്പിക്കാനും ആവശ്യമായ പ്രത്യേക പദ്ധതികൾ ജലവിഭവ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) ഈ സാമ്പത്തിക വർഷത്തിൽ ഇത്തരം പ്രവൃത്തികൾക്കായി കൂടുതൽ തുക നീക്കി വച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ തോടുകളുടെ പാർശ്വഭിത്തികൾ കെട്ടി സംരക്ഷണത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റുകളുടെ വിശദാംശം താഴെപ്പറയുന്നു.

| ക്രമ നമ്പർ | തോടുകളുടെ പേര് | തുക | തൽസ്ഥിതി |
|---|---|---|---|
| 1 | കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ തേവർ നിലം തോടിന്റെ സംരക്ഷണം. | 24.00 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ അരീക്കൽത്താഴെ തോടിന്റെ പാർശ്വസംരക്ഷണം | 10.26 ലക്ഷം | എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഫണ്ട് ലഭ്യതക്കനുസരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

(സി&ഡി) വെള്ളപ്പൊക്കം ഉണ്ടാകുന്നതിനെ ലഘൂകരിക്കുന്നതിനായി തോടുകൾ കെട്ടി സംരക്ഷിക്കാനും ആഴം വർദ്ധിപ്പിക്കാനും പ്രത്യേക പദ്ധതികൾ ഒന്നും നിലവിലില്ല. എന്നാൽ നിലവിലുള്ള പദ്ധതികളുടെ പരിപാലനം (2702-01-800-94-00-34-3NV) വെള്ളപ്പൊക്ക നാശംമൂലമുള്ള അറ്റകുറ്റപ്പണികൾ (2702-03-101-98-3 FD) എന്നീ നോൺ പ്ലാൻ സ്കീമുകളിൽ ഉൾപ്പെടുത്തി പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുക്കാറുണ്ട്. നടപ്പുസാമ്പത്തിക വർഷത്തിൽ ഈ ശീർഷകങ്ങളിൽ 43 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**പുല്ലാമലയിൽ നെയ്യാർ നദിയുടെ ബണ്ട് പുനർനിർമ്മാണം**

170 (5758) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ അമരവിള പുല്ലാമലയിൽ നെയ്യാർ നദിയുടെ ബണ്ട് തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ബണ്ട് പുനഃസ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എത്ര തുകയുടെ ഭരണാനുമതി ആണ് നൽകിയത് എന്ന് വ്യക്തമാക്കാമോ;

(ബി) ബണ്ട് തകർന്നത് കാരണം ആ പ്രദേശത്തെ ജനങ്ങൾക്ക് ഉണ്ടാകുന്ന വെള്ളപ്പൊക്ക ഭീഷണിയ്ക്ക് ഏതു തരത്തിലുള്ള അടിയന്തര പരിഹാരനടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) 2019 ഡിസംബറിന് മുൻപ് ബണ്ട് പുനഃസ്ഥാപിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ നടപടികൾ സംബന്ധിച്ച ജലസേചന വകുപ്പിലെ ഫയൽ നമ്പരും തീയതിയും വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മണ്ണ് പര്യവേക്ഷണം നടത്തുന്നതിന് 1,24,000 രൂപയുടെ സാമ്പത്തികാനുമതി നൽകുകയും ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി തിരുവനന്തപുരം ഇറിഗേഷൻ സൗത്ത് സബ് ഡിവിഷൻ കാര്യാലയത്തിലെ ഫയൽ നമ്പർ ഡി1/1110/2018 പ്രകാരം 5-3-2019-ൽ ടെണ്ടറും 6-6-2019-ൽ റീ-ടെണ്ടറും വിളിച്ചെങ്കിലും ആരും ടെണ്ടർ ഏറ്റെടുക്കാൻ തയ്യാറായില്ല. 19-6-2019-ൽ രണ്ടാമത്തെ റീ-ടെണ്ടർ ക്ഷണിച്ചു. അതനുസരിച്ച് ഈ പ്രവൃത്തി ഒരാൾക്ക് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഉടൻ മണ്ണ് പര്യവേക്ഷണം പൂർത്തിയാക്കുന്നതാണ്.

## കടലാക്രമണം

171 (5759) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജകമണ്ഡലത്തിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് കടലാക്രമണം ഉള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഉദുമ മണ്ഡലത്തിലെ കാപ്പിൽ, കൊപ്പൽ, ചെമ്പരിക്ക പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കണമെന്ന വർഷങ്ങളായുള്ള ആവശ്യത്തിന് നാളിതുവരെയായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ആധുനിക സംവിധാനത്തിൽ മത്സ്യത്തൊഴിലാളികളെ ഉപയോഗിച്ച് കടൽക്ഷോഭം തടയുന്നതിന് നടപടി സ്വീകരിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ) ഉദുമ നിയോജകമണ്ഡലത്തിൽ കണ്ണി-ജമ്മാകടപ്പുറം, കൊവ്വൽ കൊപ്പൽ-കാപ്പിൽ കടപ്പുറം എന്നിവിടങ്ങളിൽ രൂക്ഷമായ കടലാക്രമണത്തിൽ തെങ്ങുകളും മരങ്ങളും കടപുഴകി വീഴുകയും റോഡുകൾ തകരുകയും ചെയ്തിട്ടുണ്ട്. കോട്ടിക്കുളം കടപ്പുറത്ത് നിലവിലുള്ള കടൽഭിത്തിക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ബേക്കൽ കടപ്പുറത്ത് കടൽഭിത്തിയില്ല.

(ബി) ഉദുമ മണ്ഡലത്തിലെ കടൽഭിത്തിയുടെ പുനർനിർമ്മാണത്തിനായി താഴെപ്പറയുന്ന 2 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു:

1. ഉദുമ പഞ്ചായത്തിലെ കോട്ടിക്കുളം കടപ്പുറത്ത് സി.പി. 2672-നും സി.പി. 2675-നുമിടയ്ക്ക് 200 മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ പുനരുദ്ധാരണം- 95.5 ലക്ഷം രൂപ.
2. ഉദുമ പഞ്ചായത്തിലെ സി.പി. 2680-നും സി.പി. 2685-നുമിടയ്ക്ക് കാപ്പിൽ-കൊപ്പൽ-കൊവ്വൽ കടപ്പുറത്ത് 310 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മാണം- 220 ലക്ഷം രൂപ.

(സി) 15-6-2019-ലെ സ.ഉ. (എം.എസ്.) നമ്പർ 21/2019/ജ.വി.വ. പ്രകാരം ജിയോ ബാഗുകൾ ഉപയോഗിച്ചുള്ള അടിയന്തര കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് ജില്ലാ കളക്ടറുടെ നിരീക്ഷണത്തിൽ പഞ്ചായത്തുകളുടെയും ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകളുടെയും സഹകരണത്തോടെയും പ്രദേശവാസികളുടെ തൊഴിൽ പങ്കാളിത്തത്തോടെയും നടപ്പിലാക്കുന്നതിന് 22.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## കടലാക്രമണം ചെറുക്കുന്നതിനുവേണ്ടി സ്വീകരിച്ചുവരുന്ന മാർഗ്ഗങ്ങൾ

172 (5760) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ തീരമേഖലയിലുണ്ടാകുന്ന കടലാക്രമണത്തെ ചെറുക്കുന്നതിനുവേണ്ടി നിലവിൽ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദീകരിക്കാമോ;

(ബി) കടൽഭിത്തി നിർമ്മാണം, പുലിമുട്ട് നിർമ്മാണം, ജിയോ പ്രൊട്ടക്ഷൻ എന്നിവ ദീർഘകാലാടിസ്ഥാനത്തിൽ പ്രയോജനകരമല്ലാത്ത സാഹചര്യത്തിൽ ഡോ. വി. വി. വേലുക്കുട്ടി അരയൻ വിഭാവനം ചെയ്ത ലാന്റ്-റിക്ലമേഷൻ സംവിധാനത്തെ ഇതിനായി പ്രയോജനപ്പെടുത്തുമോ; വിശദീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതി കൊല്ലം ജില്ലയിൽ നീണ്ടകര മുതൽ കായംകുളം ഫിഷിംഗ് ഹാർബർ (അഴീക്കൽ) വരെയുള്ള ഭാഗത്ത് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കേരളത്തിലെ തീരമേഖലയിലുണ്ടാകുന്ന കടലാക്രമണത്തെ ചെറുക്കുന്നതിനും തീരദേശവാസികളുടെ സുരക്ഷിതത്വത്തിനും സംരക്ഷണത്തിനുമായി ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് കരിങ്കൽഭിത്തി/പുലിമുട്ടുകൾ നിർമ്മിക്കുകയും നിലവിലുള്ള കടൽഭിത്തി ബലപ്പെടുത്തുന്ന പ്രവൃത്തികളും നടപ്പിലാക്കിവരുന്നു. കൂടാതെ ജിയോ റ്റ്യൂബ് ഉപയോഗിച്ചുള്ള കടൽത്തീരസംരക്ഷണ പ്രവൃത്തികളും പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. കേരളത്തിലെ വിവിധ ഭാഗങ്ങളിൽ തകർന്നുപോയ കടൽഭിത്തികളുടെ പുനരുദ്ധാരണത്തിനായി 332.76 കോടി രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു. രൂക്ഷമായ കടലാക്രമണം തടയുന്നതിന് കരിങ്കല്ല് ഉപയോഗിച്ചുള്ള Rubble mount seawall നിർമ്മാണമാണ് അടിയന്തര പ്രവൃത്തിയായി നടപ്പിലാക്കിവരുന്നത്. എന്നാൽ അടുത്ത കാലങ്ങളിൽ ആവശ്യത്തിന് കരിങ്കല്ല് ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ആയതിനാൽ ഹ്രസ്വകാലാടിസ്ഥാനത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ജിയോബാഗുകളിൽ മണൽ നിറച്ച് അടിയന്തരമായി കടൽതീരത്തെ സംരക്ഷിച്ചുവരുന്നു.

(ബി&സി) കേരളത്തിലുണ്ടാകുന്ന കടലാക്രമണത്തെ ഫലപ്രദമായി തടയുന്നതിനും നഷ്ടപ്പെട്ട ഭൂമി വീണ്ടെടുക്കുന്നതിനും പുതിയൊരു കര സൃഷ്ടിച്ച് വികസനം സാധ്യമാകുന്നതിനുമായിട്ടാണ് ഡോ. വി. വി. വേലുക്കുട്ടി അരയൻ ലാൻഡ് റെക്ലമേഷൻ സ്കീം എന്ന പദ്ധതി അവതരിപ്പിച്ചത്. ഈ പദ്ധതി അനുസരിച്ച് ഒരു ഫർലോംഗ് വീതിയിൽ കടൽ നികത്തി ഒരു നീണ്ട കര ഇപ്പോഴുള്ള കടൽ തീരത്തോട് ചേർന്ന് നെടുനീളത്തിൽ സൃഷ്ടിക്കണം എന്നാണ് വിഭാവന ചെയ്യുന്നത്. ഇപ്രകാരം സൃഷ്ടിച്ചെടുത്ത ഭൂമി വിവിധ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുവാൻ സാധിക്കും എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ട്.

കടൽഭിത്തി നിർമ്മാണത്തിന് വലിയ കല്ലുകൾ ലഭിക്കുക പ്രയാസമായ ഈ കാലത്ത് കടൽക്ഷോഭ പ്രതിരോധത്തിന് മറ്റു മാർഗ്ഗങ്ങൾ തേടേണ്ടത് അനിവാര്യമാണ്. ആയതിനാൽ കടലാക്രമണത്തെ ഫലപ്രദമായി തടയുന്നതിനും കടലാക്രമണത്തിൽ ഭൂമി വീണ്ടെടുക്കുന്നതിനും ഡോ. വി. വി. വേലുക്കുട്ടി അരയൻ വിഭാവന ചെയ്ത ലാൻഡ് റെക്ലമേഷൻ സ്കീം എന്ന പദ്ധതിയെക്കുറിച്ച് ഈ മേഖലയിലെ വിദഗ്ധരെകൊണ്ട് വിശദമായ പഠനം നടത്തേണ്ടതുണ്ട്.

**പനത്തുറയിലെ കടലാക്രമണം**

173 (5761) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ കടൽതീരപ്രദേശമായ പനത്തുറയിലെ അതിരൂക്ഷമായ കടലാക്രമണം നിമിത്തം പ്രദേശവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പത്ത് പുലിമുട്ടുകൾ സ്ഥാപിക്കണം എന്ന വിദഗ്ധ നിർദ്ദേശം ഉണ്ടായിട്ടും രണ്ട് പുലിമുട്ടുകൾ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത് എന്നതിനാൽ എട്ട് പുലിമുട്ടുകൾ കൂടി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) തകർന്ന കടൽ ഭിത്തിക്ക് കഴിഞ്ഞ ഒമ്പത് വർഷമായി ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്യാത്തതുസംബന്ധിച്ച പ്രദേശവാസികളുടെ നിരന്തര പരാതിക്ക് ഉടനടി പരിഹാരം കണ്ടെത്തുവാൻ സർക്കാർ തയ്യാറാകുമോ ;

(ഡി) കടൽ ഭിത്തിയുടെ ഉയരം കൂട്ടി പ്രദേശവാസികളുടെ ജീവനും സ്വത്തിനും ഉണ്ടായിക്കൊണ്ടിരിക്കുന്ന നാശനഷ്ടം ഇല്ലാതാക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പനത്തുറയിൽ 8 പുലിമുട്ടുകളുടെ നിർമ്മാണം ഈ വർഷത്തെ ബഡ്ജറ്റിൽ അനുബന്ധം II-ൽ വാല്യം I-ൽ 783-ാം പേജിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി&ഡി) ശക്തമായ കടലാക്രമണം നേരിടുന്ന പനത്തുറക്കര പള്ളിയുടെ പിൻഭാഗത്തുള്ള സംരക്ഷണഭിത്തി ബലപ്പെടുത്തുന്നതിലേക്കായി 43,70,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർനടപടികൾ കൈക്കൊണ്ടുവരുന്നു.

**കടൽഭിത്തികളും പുലിമുട്ടുകളും നിർമ്മിക്കുന്നതിന് നടപടി**

174 (5762) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനംമൂലം തീരദേശമേഖലകളിൽ കടൽക്ഷോഭം രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ കടൽഭിത്തികളും പുലിമുട്ടുകളും നിർമ്മിക്കുന്നതിനും അതുവഴി തീരദേശവാസികളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) കടലാക്രണ ഭീഷണികളെ പ്രതിരോധിക്കാൻ സ്ഥിരമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(സി) കടൽഭിത്തികളും പുലിമുട്ടുകളും നിർമ്മിക്കുന്നതിൽ നേരിടുന്ന പ്രതിബന്ധങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) കടലാക്രമണത്തെ ചെറുക്കുന്നതിനുള്ള സ്ഥിരം സംവിധാനങ്ങളെന്ന നിലയിൽ, നിലവിലുള്ള കടൽഭിത്തികളുടെ പുനരുദ്ധാരണം, പുതിയ കടൽഭിത്തി നിർമ്മാണം, പുലിമുട്ടുകളുടെ നിർമ്മാണം, പരീക്ഷണാടിസ്ഥാനത്തിൽ ജിയോ റ്റ്യൂബ് ഉപയോഗിച്ചുള്ള പ്രവൃത്തികൾ എന്നിവ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

(സി) കരിങ്കല്ലുകളുടെ ക്ഷാമം, അനിയന്ത്രിതമായ വിലക്കയറ്റം, DSR-ലെ വിലക്കുറവ് എന്നിവ കല്ലുപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണത്തിലെ പ്രതിബന്ധങ്ങളാണ്. ജിയോട്യൂബ് ഉപയോഗിച്ചുള്ള പ്രവൃത്തി ചെയ്യുന്ന വിദഗ്ദ്ധ ഏജൻസികളുടെ കുറവും ടി നിർമ്മാണത്തിലെ പ്രതിബന്ധമാണ്.

## കടൽഭിത്തികൾ പുനർനിർമ്മിക്കുന്നതിനായി വലിയ കരിങ്കല്ലുകൾ

175 (5763) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽഭിത്തികൾ പുനർനിർമ്മിക്കുന്നതിനായി വലിയ കരിങ്കല്ലുകൾ വേണ്ടി വരുന്നതിനാൽ ടെണ്ടർ എടുക്കുവാൻ കരാറുകാർ മുന്നോട്ടുവരാത്ത കാര്യം ശ്രദ്ധയിൽവന്നിട്ടുണ്ടോ;

(ബി) വലിയ കല്ലുകളുടെ ക്ഷാമവും എസ്റ്റിമേറ്റ് തുകയിലെ കുറവും കാരണമാണ് കരാറുകാർ പ്രവൃത്തികൾ ഏറ്റെടുക്കാത്തത് എന്നത് പരിശോധനയിൽ വ്യക്തമായിട്ടുണ്ടോ;

(സി) ഇക്കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി പ്രവൃത്തികൾ നടപ്പിൽ വരുത്തുവാനായി സർക്കാർ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) ഉണ്ട്. കടൽഭിത്തി നിർമ്മാണത്തിനാവശ്യമായ കല്ലിന്റെ ലഭ്യതക്കുറവും കല്ലിന്റെ നിരക്കിലെ അന്തരംമൂലവും പ്രവൃത്തി ഏറ്റെടുക്കുവാൻ കരാറുകാർ തയ്യാറാകുന്നില്ല. ഇത് പരിഹരിക്കുന്നതിനായി കടൽഭിത്തി നിർമ്മാണത്തിനുള്ള കരിങ്കല്ലിന്റെ വില മാർക്കറ്റ് വിലയുടെ അടിസ്ഥാനത്തിൽ ഉയർത്തുന്നതിനുള്ള ഒരു ശിപാർശ പരിശോധിച്ചുവരുന്നു. കൂടാതെ മണൽ ലഭ്യമായിട്ടുള്ള കടൽത്തീരങ്ങളിൽ ബദൽ മാർഗ്ഗമെന്ന നിലയിൽ ജിയോ സിന്തറ്റിക് ട്യൂബ് ഉപയോഗിച്ചുള്ള തീരസംരക്ഷണ പ്രവൃത്തികൾ പരീക്ഷണാടിസ്ഥാനത്തിൽ നടത്തിവരുന്നു. കൂടാതെ ഹ്രസ്വകാലാടിസ്ഥാനത്തിൽ ജിയോ ബാഗുകൾ നിറച്ചുള്ള താൽക്കാലിക സംരക്ഷണ പ്രവൃത്തികളും നടത്തിവരുന്നു.

## കടൽഭിത്തികളുടെ പുനർനിർമ്മാണം

176 (5764) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല ഭാഗങ്ങളിലും കടലോര മേഖലയിൽ സ്ഥാപിച്ചിട്ടുള്ള കടൽഭിത്തികൾ രൂക്ഷമായ കടലാക്രമണത്തിൽ തകരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ അടിയന്തരമായി പുനഃസ്ഥാപിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) കടൽ ഭിത്തികൾ ശക്തിപ്പെടുത്താൻ പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; ഇതിലേക്കായി കൂടുതൽ തുക ഈ സാമ്പത്തികവർഷം നീക്കിവച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരളത്തിൽ തീരമേഖലയിലുണ്ടാകുന്ന കടലാക്രമണത്തെ ചെറുക്കുന്നതിനും തീരദേശവാസികളുടെ സുരക്ഷിതത്വത്തിനും സംരക്ഷണത്തിനുമായി ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലും തീര സംരക്ഷണ പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കാറുണ്ട്. കേരളത്തിലെ വിവിധ ഭാഗങ്ങളിൽ തകർന്നുപോയ കടൽഭിത്തികളുടെ പുനരുദ്ധാരണത്തിനായി 332.76 കോടി രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു. രൂക്ഷമായ കടലാക്രമണം തടയുന്നതിന് കരിങ്കല്ല് ഉപയോഗിച്ചുള്ള Rubble mount seawall നിർമ്മാണമാണ് അടിയന്തര പ്രവൃത്തിയായി നടപ്പിലാക്കി വരുന്നത്. എന്നാൽ അടുത്ത കാലങ്ങളിൽ ആവശ്യത്തിന് കരിങ്കല്ല് ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ആയതിനാൽ ഹ്രസ്വകാലാടിസ്ഥാനത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ജിയോ ബാഗുകളിൽ മണൽ നിറച്ച് അടിയന്തരമായി കടൽതീരത്തെ സംരക്ഷിച്ചുവരുന്നു. കൂടാതെ ജിയോ റ്റ്യൂബ് ഉപയോഗിച്ചുള്ള കടൽ തീര സംരക്ഷണ പ്രവൃത്തികളും ഇപ്പോൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. കടലാക്രമണം ഏറ്റവും രൂക്ഷമായ പ്രദേശങ്ങൾ തിരിച്ചറിഞ്ഞ് പ്രതിരോധത്തിന് ആവശ്യമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കി, ടി പ്രദേശങ്ങളുടെ ഫോട്ടോ സഹിതം, അനുമതിക്കായി യുദ്ധകാലാടിസ്ഥാനത്തിൽ നൽകുന്നതിന് എല്ലാ ഓഫീസർമാർക്കും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

കൂടാതെ, കടലാക്രമണം നേരിടുവാനായി അടിയന്തരമായി താൽക്കാലിക പ്രതിരോധ പ്രവർത്തനങ്ങൾക്കായി 15-6-2019-ലെ സ.ഉ. (സാധാ) നമ്പർ 21/2019/ജ.വി.വ. പ്രകാരം 22.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ഈ സാമ്പത്തിക വർഷം ഇതുവരെ അടിയന്തര തീരസംരക്ഷണ പ്രവൃത്തികൾക്ക് 859.32 ലക്ഷം രൂപയ്ക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്.

(സി) രൂക്ഷമായ കടലാക്രമണം നേരിടുന്ന തീരദേശ ജില്ലകളിലെ തീരപ്രദേശങ്ങളിൽ അടിയന്തര കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കായി 22.5 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

## പൊഴിയൂർ ഓഖി പാർക്കിന്റെ ടെണ്ടർ നടപടി

177 (5765) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ എം.എൽ.എ. -എ.ഡി.എസ്.-2018-19 പ്രകാരം ഭരണാനുമതി ലഭിച്ച പൊഴിയൂർ ഓഖി പാർക്കിന്റെ ടെണ്ടർ നടപടി പൂർത്തീകരിക്കാൻ കാലതാമസം എടുത്തത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ടെണ്ടർ നടപടി പൂർത്തീകരിച്ചാൽ നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ;

(സി) എം.എൽ.എ.ഫണ്ട് വിനിയോഗിച്ച് നടപ്പിൽ വരുത്തുന്ന പദ്ധതികൾക്ക് യഥാസമയം സാങ്കേതിക അനുമതി കൊടുക്കാതെ വൈകിപ്പിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 1-4-2019 മുതൽ പുതിയ നിരക്ക് നിലവിൽ വന്നതിനാൽ എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകുന്നതാണ്. കൂടാതെ ചെടികളുടെ വില വിവരങ്ങൾ 27-6-2019-ലാണ് ലഭിച്ചത്.

(ബി) ടെണ്ടർ നടപടി പൂർത്തീകരിച്ച് കരാറുകാരൻ കരാറിൽ ഒപ്പ് വയ്ക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

(സി) സാങ്കേതികാനുമതി നൽകുന്നതിന് കാലതാമസമുണ്ടായിട്ടില്ല. എന്നാൽ ചില സന്ദർഭങ്ങളിൽ റേറ്റ് റിവിഷൻ കൊണ്ട് എസ്റ്റിമേറ്റ് പുതുക്കേണ്ടതിനാലും മറ്റും കാലതാമസം ഉണ്ടാകാറുണ്ട്.

## മുട്ടിൽ കാപ്പിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം

178 (5766) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ മുട്ടിൽ കാപ്പിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിന് ചെറുകിട ജലസേചന വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി ലഭിച്ച ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(സി) ടി ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് എത്രയും വേഗം എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ മുട്ടിൽ കാപ്പിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് പുനർ നിർമ്മിക്കുന്നതിന് വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ ക്ഷണിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചാലുടൻ തന്നെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

(സി) ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഐ.ഡി.ആർ.ബി.-യിൽ നിന്നും ഡിസൈൻ ലഭ്യമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി ഉചിതമായ ശീർഷകത്തിൽ ഭരണാനുമതി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കേരള വാട്ടർ അതോറിറ്റിയിലെ ഒഴിവുകൾ**

179 (5767) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ നിലവിൽ എൽ.ഡി. ക്ലാർക്ക് മുതൽ മുകളിലേക്ക് എത്ര തസ്തികകളിൽ ഒഴിവുണ്ടെന്ന് അറിയിക്കുമോ; റവന്യൂ വിഭാഗത്തിൽ മാത്രം എത്ര തസ്തികകളിൽ ഒഴിവുണ്ടെന്ന് അറിയിക്കുമോ;

(ബി) ഒഴിവുകളുണ്ടായിട്ടും സ്ഥാനക്കയറ്റം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്ഥാനക്കയറ്റം നൽകാൻ നടപടി സ്വീകരിക്കുമോ; സ്ഥാനക്കയറ്റം നൽകരുതെന്ന് കോടതി ഉത്തരവ് നിലവിലുണ്ടോ എന്നറിയിക്കുമോ;

(സി) റവന്യൂ വിഭാഗത്തിലെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് വാട്ടർ അതോറിറ്റിയുടെ വരുമാനത്തെ ബാധിച്ചിട്ടുണ്ടോ;

(ഡി) മിനിസ്റ്റീരിയൽ വിഭാഗത്തിലെ ഒഴിവുകളിൽ സ്ഥാനക്കയറ്റം നൽകുന്നതിനായി വർഷം തോറും ഡി.പി.സി. ചേർന്ന് സെലക്ട് ലിസ്റ്റ് തയ്യാറാക്കാറുണ്ടോ; ഇല്ലെങ്കിൽ സെലക്ട് ലിസ്റ്റ് ഇല്ലാത്തതുമൂലം സ്ഥാനക്കയറ്റം നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാര നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിൽ നിലവിൽ എൽ.ഡി.ക്ലാർക്ക് മുതൽ മുകളിലേക്കുള്ള തസ്തികകളിലെ ഒഴിവുകൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | എൽ.ഡി.ക്ലാർക്ക് | 191 |
| 2 | യു.ഡി.ക്ലാർക്ക് | 14 |
| 3 | ഹെഡ് ക്ലാർക്ക് | 43 |
| 4 | ജൂനിയർ സൂപ്രണ്ട് | 3 |
| 5 | ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ | 4 |
| 6 | സീനിയർ സൂപ്രണ്ട്/റവന്യൂ ഓഫീസർ | 12 |
| 7 | അക്കൗണ്ട്സ് ഓഫീസർ | 4 |
| | ആകെ | 271 |

ഇതിൽ റവന്യൂ വിഭാഗത്തിലെ ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | എൽ.ഡി.ക്ലാർക്ക്/യു.ഡി.ക്ലാർക്ക് | 100 |
| 2 | ഹെഡ് ക്ലാർക്ക് | 13 |
| 3 | സീനിയർ സൂപ്രണ്ട്/റവന്യൂ ഓഫീസർ | 7 |
| | ആകെ | 120 |

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. WA No.994/2017-ഉം ബന്ധപ്പെട്ട കേസുക ളിന്മേലുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 12-10-2018-ലെ പൊതുവിധിയുടെ അടിസ്ഥാനത്തിൽ 2011 മുതലുള്ള വിവിധ തസ്തികകളുടെ സീനിയോറിറ്റി കണക്കാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. കൂടാതെ, പട്ടികജാതി/പട്ടികവർഗ്ഗ ജീവനക്കാരുടെ സ്ഥാനക്കയറ്റം പുനഃക്രമീകരിച്ച് സീനിയോറിറ്റി കണക്കാക്കേണ്ടതുമുണ്ട്. ഇവയിൽ തുടർനടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് അവശ്യം വേണ്ട തസ്തികകളിൽ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി ചേർന്ന് സ്ഥാനക്കയറ്റ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുന്നതാണ്. സ്ഥാനക്കയറ്റം നൽകരുതെന്ന് കോടതി ഉത്തരവ് നിലവിലില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മിനിസ്റ്റീരിയൽ വിഭാഗത്തിലെ ഒഴിവുകളിൽ സ്ഥാനക്കയറ്റം നൽകുന്നതിനായി വർഷംതോറും ഡി.പി.സി. ലിസ്റ്റുകൾ തയ്യാറാക്കാറുണ്ട്. എന്നാൽ മേൽ വിവരിച്ച കോടതി വ്യവഹാരങ്ങൾമൂലമുള്ള കാലതാമസം സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിലും നേരിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## മഞ്ചേരി മണ്ഡലത്തിലെ നെല്ലിക്കുത്ത്-വാഴൻകുട-കിഴക്കൻകുന്ന് വി.സി.ബി.-യുടെ നിർമ്മാണം

180 (5768) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ നെല്ലിക്കുത്ത്-വാഴൻകുട-കിഴക്കൻകുന്ന് വി.സി.ബി.യുടെ നിർമ്മാണവുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട ഡി. ബി. 2/288/2019, ഡബ്ല്യു 6/6211/2019/എഫ്.സി. എന്നീ ഫയലുകളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. മഞ്ചേരി മുനിസിപ്പിലാറ്റിയിലെ കാക്കാത്തോടിന്റെ കുറുകെ നെല്ലിക്കുത്ത് വാഴൻകുട കിടക്കൽകുണ്ട് വി.സി.ബി.-യുടെ നിർമ്മാണം എന്ന പ്രവൃത്തിയുടെ 65 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് എം.ഐ. ക്ലാസ്സ്-I-ൽ ഉൾപ്പെടുത്തി തയ്യാറാക്കിയിരുന്നെങ്കിലും പ്രസ്തുത ശീർഷകത്തിലെ തുക പ്രളയാനന്തര പ്രവൃത്തികൾക്കായി റീ അപ്രോപ്രിയേറ്റ് ചെയ്തതിനാൽ അടുത്ത സാമ്പത്തിക വർഷം മുൻഗണനാ ലിസ്റ്റിൽ സമർപ്പിക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 25-5-2019-ലെ കത്ത് നമ്പർ ഡിബി2-288/19 പ്രകാരം എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)-ക്ക് ലഭിച്ചിട്ടുണ്ട്.

(ബി) സർക്കാരിൽ സമർപ്പിച്ചിട്ടില്ല.

(സി) ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**അങ്കമാലി മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ**

181 (5769) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്കമാലി മണ്ഡലത്തിലെ ഏതെല്ലാം മേജർ/മൈനർ ഇറിഗേഷൻ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) അങ്കമാലി മണ്ഡലത്തിലെ ഏതെല്ലാം മേജർ/മൈനർ ഇറിഗേഷൻ പ്രവൃത്തികളാണ് പ്രളയത്തിൽ തകർന്നതെന്നും ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പുനർനിർമ്മിക്കാൻ ഫണ്ട് അനുവദിച്ചുവെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) 2019-20-ൽ ഭരണാനുമതിക്കായി ലഭിച്ച പ്രൊപ്പോസലുകൾ ഏതെല്ലാമാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) അനുബന്ധമായി* ചേർക്കുന്നു.

**ചടയമംഗലം മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ വിവിധ പദ്ധതികൾ**

182 (5770) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചടയമംഗലം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ടു നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

ചടയമംഗലം നിയോജകമണ്ഡലത്തിൽ ജലസേചന വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെയും കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധം* ആയി ചേർത്തിരിക്കുന്നു. ഇവ കൂടാതെ നിലമേൽ ഗ്രാമപഞ്ചായത്തിലെ കൊപ്പം, മാറാൻകുഴി എന്നിവിടങ്ങളിൽ കുഴൽക്കിണർ നിർമ്മാണം നടപ്പിലാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മലപ്പുറം നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾക്ക് ഭരണാനുമതി

183 (5771) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടതും മൈനർ/മേജർ ഇറിഗേഷൻ, കേരള വാട്ടർ അതോറിറ്റി എന്നീ വകുപ്പുകൾ മുഖേന നടപ്പിലാക്കേണ്ടതുമായ മലപ്പുറം നിയോജകമണ്ഡലത്തിലെ ഏതെങ്കിലും പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) 2018-19, 2019-20 വർഷങ്ങളിലെ ബഡ്ജറ്റിൽ ഉൾപ്പെട്ട ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട പ്രസ്തുത മണ്ഡലത്തിലെ പ്രവൃത്തികളുടെ പുരോഗതികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) 2019-20 വർഷത്തെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമായ മലപ്പുറം നിയോജകമണ്ഡലത്തിലെ കേരള വാട്ടർ അതോറിറ്റിയുടെ പ്രവൃത്തികളുടെ വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) 2018-19 വർഷത്തെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമായ മലപ്പുറം നിയോജകമണ്ഡലത്തിലെ കേരള വാട്ടർ അതോറിറ്റിയുടെ പ്രവൃത്തികളുടെയും ജലസേചന വകുപ്പിന്റെ പ്രവൃത്തികളുടെയും വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

മലപ്പുറം നിയോജകമണ്ഡലത്തിൽ ജലനിധി ഒന്നാംഘട്ടത്തിൽ നടപ്പിലാക്കിയ പദ്ധതികളിൽ ഇപ്പോൾ പ്രവർത്തനരഹിതമയ മുറയൂർ പഞ്ചായത്തിലെ 4 പദ്ധതികളും പൂക്കോട്ടൂർ പഞ്ചായത്തിലെ 4 പദ്ധതികളും പുൽപ്പറ്റ പഞ്ചായത്തിലെ 3 പദ്ധതികളും കേരള സർക്കാരിന്റെ സുസ്ഥിരതാ പദ്ധതിയുടെ ഭാഗമായി 2019-20 കാലയളവിൽ പുനരുദ്ധീകരിച്ച് പ്രവർത്തനക്ഷമമാക്കുവാൻ ലക്ഷ്യമിടുന്നുണ്ട്. ഈ പദ്ധതികൾക്കെല്ലാം തന്നെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷം തന്നെ നടത്തി പദ്ധതികൾ എല്ലാം പ്രവർത്തനക്ഷമമാക്കുന്നതാണ്.

2018-19 സാമ്പത്തിക വർഷം ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി മൊറയൂർ ഗ്രാമപഞ്ചായത്തിലെ തവളപ്പാറ പ്രദേശത്തുള്ള ഒരു ചെറുകിട കുടിവെള്ള പദ്ധതി (അടങ്കൽ തുക – 4,83,000 രൂപ) പൂർത്തീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷം മലപ്പുറം നിയോജകമണ്ഡലത്തിലെ പൂൽപ്പറ്റ ഗ്രാമപഞ്ചായത്തിലെ പൊലിയേടത്തുപറമ്പ് (41,730 രൂപ) പാലിശ്ശേരി പ്രദേശം (43,020 രൂപ), പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിലെ ആനപ്പാറ കളത്തിങ്കൽ മുക്ക് പ്രദേശം (49,900 രൂപ), ആശാരിപ്പുരയ്ക്കൽ കോളനി (35,650 രൂപ) എന്നിവിടങ്ങളിൽ ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി കുഴൽക്കിണർ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിലെ ആനപ്പാറ പള്ളിമുക്ക് (കുറുക്കൻകുന്ന്) പ്രദേശത്ത് ഒരു ചെറുകിട കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് 7,52,000 രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

**മാവേലിക്കര മണ്ഡലത്തിലെ ജലവിഭവ പദ്ധതികൾ**

184 (5772) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ജലവിഭവ വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ വാട്ടർ അതോറിറ്റി, മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, പമ്പ ഇറിഗേഷൻ, കല്ലട ഇറിഗേഷൻ എന്നീ ഇനങ്ങൾ തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക വ്യക്തമാക്കുമോ;

(സി) ഇവയിൽ പൂർത്തീകരിച്ചവ ഏതെല്ലാമെന്നും ആരംഭിക്കാനുള്ളവ ഏതെല്ലാമെന്നും പൂർത്തീകരിക്കാനുള്ളവ ഏതെല്ലാമെന്നും വിശദമാക്കുമോ;

(ഡി) അനുവദിക്കപ്പെട്ട ഏതെങ്കിലും പ്രവൃത്തികൾ ആരംഭിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത തടസ്സങ്ങൾ ഒഴിവാക്കി പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികളും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെയും മേജർ ഇറിഗേഷൻ പദ്ധതികളുടെയും വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

പദ്ധതി വിഭാഗം 2-ന്റെ കീഴിൽ പൂർത്തീകരിച്ച പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികളും വാർഷിക അറ്റകുറ്റപ്പണികളുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പമ്പ ഇറിഗേഷൻ

2016-17

പുനരുദ്ധാരണ പ്രവൃത്തികൾ - 8 എണ്ണം -72,93,988.00 രൂപ

വാർഷിക അറ്റകുറ്റപ്പണികൾ-6 എണ്ണം - 6,56,019.00 രൂപ

2017-18

പുനരുദ്ധാരണ പ്രവൃത്തികൾ - 4 എണ്ണം -26,16,142.00 രൂപ

വാർഷിക അറ്റകുറ്റപ്പണികൾ-16 എണ്ണം - 26,33,110.00 രൂപ

2018-19

പുനരുദ്ധാരണ പ്രവൃത്തികൾ - 2 എണ്ണം - 5,50,932.00 രൂപ

വാർഷിക അറ്റകുറ്റപ്പണികൾ-3 എണ്ണം - 8,54,542.00 രൂപ

എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

കല്ലട ഇറിഗേഷൻ

ജലവിതരണത്തിന് കനാൽ പുനരുദ്ധാരണ പ്രവൃത്തികൾ, ഷട്ടറുകളുടെ അറ്റകുറ്റപ്പണികൾ SDRF-ൽ ഉൾപ്പെടുത്തിയിട്ടുള്ള പുനരുദ്ധാരണ പ്രവൃത്തികളും കനാലിൽ അടിഞ്ഞുകൂടികിടക്കുന്ന അനുബന്ധ നിർമ്മിതികളിലേതുൾപ്പെടെ എക്കലും മണ്ണും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തികൾ.

മേൽപ്രവൃത്തികൾക്കായി 1,33,34,044 രൂപ അനുവദിച്ചിട്ടുണ്ട്.

കല്ലട ഇറിഗേഷന്റെ SDRF പ്രവൃത്തികൾ ഒഴികെ ബാക്കിയുള്ളവ പൂർത്തീകരിച്ചിട്ടുണ്ട്.

ഇടപ്പോൺ മുതൽ പാറ ജംഗ്ഷൻ വരെയുള്ള ഭാഗങ്ങളിലെ പൈപ്പ് മാറ്റിയിടൽ പ്രവൃത്തി (131 ലക്ഷം രൂപ) പി.ഡബ്ല്യൂ.ഡി.-യുടെ റോഡ് കട്ടിംഗ് അനുമതി ലഭിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

MLA-ADF 2017-18 മാവേലിക്കര മുനിസിപ്പാലിറ്റി ബസ് സ്റ്റാൻഡിന് മുൻവശം കോട്ടതോടിന്റെ പുനരുദ്ധാരണം, ചെട്ടിക്കുളങ്ങര പഞ്ചായത്തിൽ 12, 13 വാർഡിൽ പുഞ്ചക്കാട് തട്ടാവഴി തോടിന്റെ പുത്തൂർ മുതൽ ഇല്ലത്ത് കിഴക്ക് വരെയുള്ള ഭാഗത്തെ പാർശ്വഭിത്തി സംരക്ഷണം എന്നീ പ്രവൃത്തികളുടെ സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി നടപ്പാക്കാൻ കഴിയുന്നതാണ്.

## ചേലക്കരയിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

185 (5773) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ എണ്ണവും അവയുടെ പേരുവിവരങ്ങളും ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) ഇവയിൽ മോട്ടോറുകൾ പ്രവർത്തനക്ഷമമല്ലാത്ത ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ എണ്ണവും അവയുടെ പേരുവിവരങ്ങളും വ്യക്തമാക്കാമോ;

(സി) പ്രവർത്തനരഹിതമായ മോട്ടോറുകൾ ഒന്നാംവിള ഇറക്കുന്ന സമയത്തുതന്നെ സമയബന്ധിതമായി പ്രവർത്തനക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകുന്നതിനും, ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ചേലക്കര മണ്ഡലത്തിൽ നിലവിൽ 7 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുണ്ട്. അവയുടെ പേര് വിവരങ്ങൾ താഴെ കൊടുക്കുന്നു:

| ക്രമ നമ്പർ | ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ | പഞ്ചായത്ത് |
|---|---|---|
| 1. | അറക്കാമല | തിരുവില്വാമല |
| 2. | ഇട്ടിച്ചിരിക്കുണ്ട് | തിരുവില്വാമല |
| 3. | പാറക്കടവ് | തിരുവില്വാമല |
| 4. | പഴയന്നൂർ | പഴയന്നൂർ |
| 5. | ദേശമംഗലം | ദേശമംഗലം |
| 6. | പല്ലൂർ | ദേശമംഗലം |
| 7. | ചെറുതുരുത്തി | വള്ളത്തോൾനഗർ |

(ബി)

| ക്രമ നമ്പർ | ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ | ആകെ മോട്ടോർ | പ്രവർത്തനക്ഷമ മല്ലാത്ത മോട്ടോറുകൾ |
|---|---|---|---|
| 1. | അറക്കാമല | 3 | 2 |
| 2. | ഇട്ടിച്ചിരിക്കുണ്ട് | 4 | 3 |
| 3. | പാറക്കടവ് | 3 | 1 |
| 4. | പഴയന്നൂർ | 6 | 4 |
| 5. | ദേശമംഗലം | 2 | 1 |
| 6. | പല്ലൂർ | 2 | 1 |
| 7. | ചെറുതുരുത്തി | 2 | 1 |

(സി) പ്രവർത്തനരഹിതമായ മോട്ടോറുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

**കളമശ്ശേരിയിലെ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ**

186 (5774) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കളമശ്ശേരി നിയോജകമണ്ഡലത്തിൽ 2019-20 -ൽ ജലവിഭവ വകുപ്പ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോന്നിന്റെയും നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ വകുപ്പുമായി ബന്ധപെട്ട് നിലവിൽ നടന്നുവരുന്നതും ഇനി പൂർത്തീകരിക്കുവാൻ ശേഷിക്കുന്നതുമായ ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി അടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) കളമശ്ശേരി നിയോജകമണ്ഡലത്തിൽ 2019-20-ൽ ജലസേചന വകുപ്പ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം* ആയി ചേർത്തിരിക്കുന്നു.

ഇവ കൂടാതെ കളമശ്ശേരി HMT സ്റ്റോർ മുതൽ മെഡിക്കൽ കോളേജ് വരെ പഴയ 160 mm പി.വി.സി. മാറ്റി 200 mm DI പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി - 50 ലക്ഷം രൂപയും, കോട്ടപ്പുറം സബ് ബ്രാഞ്ച് കനാലിന്റെ ചെ.1450-1600

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മീറ്ററിലെ ചോർച്ച പരിഹരിക്കുന്നതിനുള്ള പ്രവൃത്തി-3 ലക്ഷം രൂപയുടെ പ്രവൃത്തിയും (2019-20 ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്) ഈ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ജലസേചന വകുപ്പുമായി ബന്ധപ്പെട്ട് നിലവിൽ നടന്നുവരുന്നതും ഇനി പൂർത്തീകരിക്കുവാൻ ശേഷിക്കുന്നതുമായ ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി അടക്കമുള്ള വിശദാംശങ്ങൾ അനുബന്ധം* ആയി ചേർത്തിരിക്കുന്നു. ടി മണ്ഡലത്തിലെ വാട്ടർ അതോറിറ്റിയുടെ ബന്ധപ്പെട്ട ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു:

1. കളമശ്ശേരി പമ്പ് ഹൗസിന്റെ നവീകരണ പ്രവൃത്തി - 28 ലക്ഷം രൂപ- 40 ശതമാനം പൂർത്തീകരിച്ചു.
2. തോപ്പിൽ പമ്പ് ഹൗസിൽ ഫ്ലോ മീറ്ററുകൾ സ്ഥാപിക്കുന്ന പ്രവൃത്തി (250 mm, 100mm) - 4.9 ലക്ഷം രൂപ- പ്രവർത്തന ഉത്തരവ് നൽകി.
3. യൂണിവേഴ്സിറ്റി പമ്പ് ഹൗസിലെയും നിലവിലുള്ള GL സമ്പിന്റേയും നവീകരണ പ്രവൃത്തി - 30 ലക്ഷം രൂപ- പ്രവർത്തന ഉത്തരവ് നൽകി.
4. പാലച്ചുവട് മുതൽ ദൈവത്താൻമുകൾ വരെയുള്ള 90 mm PVC പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി - 12 ലക്ഷം രൂപ – 100 ശതമാനം പൂർത്തീകരിച്ചു.
5. കളമശ്ശേരി മണ്ഡലത്തിലെ പറവൂർ ബ്രാഞ്ച് കനാലിന്റെ ചെ.12300-മീറ്റർ മുതൽ 12440 മീറ്റർ വരെയുള്ള ഭാഗത്ത് പ്രളയംമൂലം സംഭവിച്ച ചോർച്ചകൾ പരിഹരിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.-10.5 ലക്ഷം രൂപ.

മേൽ പ്രവൃത്തികൾ കൂടാതെ 2018-19-ലെ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ട താഴെപ്പറയുന്ന 2 പ്രവൃത്തികൾ കൂടി കളമശ്ശേരി മണ്ഡലത്തിൽ നിലവിൽ നടന്നുവരുന്നു.

1. Rectification works to preventing leakage near CH.11.50 km at Paravoor branch canal and reconstruction of damaged foot bridge and wing wall due to flood 2018 near ch.1.80 km of Karumalloor SBC-10 Lakhs.

മേൽ പ്രവൃത്തി 40 ശതമാനം പൂർത്തീകരിച്ചു. ടി പ്രദേശത്തുള്ള വെള്ളക്കെട്ട് തീരുന്ന മുറയ്ക്ക് അവശേഷിക്കുന്ന പ്രവൃത്തികൾ ചെയ്യുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2. Reconstruction of damaged flum due to flood in Kottappuram SBC near Ch. 4Km 2019 ഇലക്ഷൻ പ്രഖ്യാപിച്ച സാഹചര്യത്തിൽ 4-6-2019-ൽ കരാർ വച്ചിട്ടുണ്ട് (8 ലക്ഷം രൂപ).

പണിസ്ഥലം കൈമാറി മേൽ പ്രവൃത്തി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**ഒറ്റപ്പാലത്തെ കുടിവെള്ള പദ്ധതികൾ**

187 (5775) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പ്രധാനപ്പെട്ട കുടിവെള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; ഓരോ പദ്ധതിയും എന്നാണ് കമ്മീഷൻ ചെയ്തത് എന്ന് വ്യക്തമാക്കാമോ;

(ബി) ശ്രീകൃഷ്ണപുരം ശുദ്ധജലവിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിലുള്ള പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ)

| ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പ്രധാനപ്പെട്ട കുടിവെള്ള പദ്ധതികൾ | കമ്മീഷൻ ചെയ്ത തീയതി |
|---|---|
| 1. ഒറ്റപ്പാലം നഗര ശുദ്ധജല വിതരണ പദ്ധതി | 12-1-2016 |
| 2. ശ്രീകൃഷ്ണപുരം സമഗ്ര ശുദ്ധജല വിതരണ പദ്ധതി | 12-1-2016 |
| 3. കരിമ്പുഴ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി | 12-1-2016 |
| 4. അമ്പലപ്പാറ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി (ഒന്നാംഘട്ടം) | 5-3-2019 |
| 5 തച്ചനാട്ടുകര ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി | 1989 |

(ബി) ശ്രീകൃഷ്ണപുരം ശുദ്ധജലവിതരണ പദ്ധതിയിൽനിന്നും ശ്രീകൃഷ്ണപുരം, വെള്ളിനേഴി, പൂക്കോട്ടുകാവ്, കടമ്പഴിപ്പുറം പഞ്ചായത്തുകളിലായി 10091 കണക്ഷനുകളും 733 പൊതു ടാപ്പുകളുമാണുള്ളത്. പദ്ധതിയുടെ പ്ലാന്റ് കപ്പാസിറ്റി 11 ദശലക്ഷമാണെങ്കിലും ആദ്യ 15 വർഷത്തെ ഡിമാന്റ് 8 ദശലക്ഷം കണക്കാക്കി സ്ഥാപിച്ചിട്ടുള്ള പമ്പുകളാണുള്ളത്. നിലവിലെ കണക്ഷനുകളും ടാപ്പുകളിലുമായി ഏതാണ്ട് 7 ദശലക്ഷം ലിറ്റർ വെള്ളം വേണം. ഇക്കാരണത്താൽ വൈദ്യുത തകരാറുകൾമൂലമോ മറ്റോ പമ്പിംഗ് തടസ്സപ്പെടുമ്പോൾ പല മേഖലകളിലും ജലവിതരണം സാധിക്കാതെ വരുന്നു. ഇതിന് പരിഹാരമായി ഇടതടവില്ലാത്ത പവർ സപ്ലൈയോ കൂടുതൽ കപ്പാസിറ്റിയുള്ള പമ്പുസെറ്റുകളോ ആവശ്യമാണ്.

(സി) വൈദ്യുതി തകരാറുമൂലം കുടിവെള്ള വിതരണം തടസ്സപ്പെടുന്ന അവസരങ്ങളിൽ അത് അടിയന്തരമായി പരിഹരിച്ച് ജലവിതരണം കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുതുതായി പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തികൾ ഏറെ ആവശ്യപ്പെടുന്നുണ്ട്. എന്നാൽ പമ്പ് സെറ്റുകളുടെ അഭാവം ജലവിതരണത്തെ ബാധിക്കുന്നുണ്ട്. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ അതാത് പ്രദേശത്തേക്കുവേണ്ടി കൂടുതൽ കപ്പാസിറ്റിയുള്ള പമ്പ്സെറ്റുകൾ കൂടി ഉൾപ്പെടുത്താൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ആവശ്യമായ കപ്പാസിറ്റിയിലുള്ള പമ്പ് സെറ്റുകൾ സ്ഥാപിച്ചാൽ മാത്രമേ വിതരണശൃംഖല ദീർഘിപ്പിക്കുന്ന പ്രദേശത്ത് കുടിവെള്ളവിതരണം കാര്യക്ഷമമാകുകയുള്ളൂ. നിലവിൽ വാൽവുകൾ നിയന്ത്രിച്ച് എല്ലാ പ്രദേശങ്ങളിലും ജലവിതരണം നടത്തുന്നുണ്ട്. ഒറ്റപ്പാലം നഗര ശുദ്ധജല പദ്ധതിയിൽ പഴയ എ.സി. പൈപ്പുകൾ മാറ്റി പുതിയ പി.വി.സി./ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾക്കായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

## പെരിന്തൽമണ്ണ മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ

188 (5776) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ 2019-20-ൽ ജലവിഭവ വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണ്; ഓരോന്നിന്റെയും നിലവിലത്തെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ നിലവിൽ നടന്നുവരുന്നതും ഇനി പൂർത്തീകരിക്കേണ്ടതുമായ ഓരോ പ്രവൃത്തിയുടെയും നിലവിലത്തെ സ്ഥിതിയും മറ്റ് വിശദാംശവും ലഭ്യമാക്കുമോ?

ഉത്തരം

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ 2019-20-ൽ ജലസേചന വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ അനുബന്ധം ആയി ചേർക്കുന്നു.*

കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ

1. താഴെക്കോട്, ആലിപ്പറമ്പ് പഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതിയുടെ ഉത്പാദന ഘടകങ്ങളുടെ ബാക്കി ഘടകങ്ങൾ, ജലസംഭരണികൾ, വിതരണ ശൃംഖലകൾ എന്നിവ ആർ.കെ.ഐ.-യിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. - 28.75 കോടി രൂപ.
2. ഏലംകുളം കുടിവെള്ള പദ്ധതി-അലിഗർ മുസ്ലിം യൂണിവേഴ്സിറ്റി ക്യാമ്പസിലെ ജലവിതരണം മെച്ചപ്പെടുത്തൽ - സ്റ്റേറ്റ് പ്ലാൻ 2019-20-ൽ ഉൾപ്പെടുത്തുന്നതിനായി 43 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുകയുണ്ടായി.
3. ചെറുകാവ് WTP-ൽ KSEBL dedicated power line പ്രവൃത്തിക്കായി അധിക തുകയായി 76.00 ലക്ഷം രൂപയുടെ ഭരണാനുമതി 2019-20 സ്റ്റേറ്റ് പ്ലാനിൽ നൽകുകയുണ്ടായി.

പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ താഴെക്കോട് പഞ്ചായത്തിൽ ജലനിധി ഒന്നാംഘട്ടത്തിൽ നടപ്പിലാക്കിയ പദ്ധതികളിൽ ഇപ്പോൾ പ്രവർത്തനരഹിതമായ മൂന്ന് കുടിവെള്ള പദ്ധതികൾ കേരള സർക്കാരിന്റെ സുസ്ഥിരതാ പദ്ധതിയുടെ ഭാഗമായി 2019-20 കാലയളവിൽ പുനരുദ്ധീകരിച്ച് പ്രവർത്തനക്ഷമമാക്കുവാൻ ലക്ഷ്യമിടുന്നുണ്ട്. ഈ പദ്ധതികൾക്കെല്ലാം തന്നെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുവാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ജലനിധി രണ്ടാം ഘട്ടപദ്ധതിയുടെ ഭാഗമായി പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ മേലാറ്റൂർ ഗ്രാമപഞ്ചായത്തിൽ 29 കുടിവെള്ള പദ്ധതികൾ പണി പൂർത്തീകരിച്ച് ഗുണഭോക്തൃ സമിതികളെ എല്പിച്ചിട്ടുണ്ട്. 2446 കുടുംബങ്ങളിലെ 12400-ഓളം പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ നിലവിൽ നടന്നുവരുന്നതും ഇനി പൂർത്തീകരിക്കേണ്ടതുമായ ഓരോ പ്രവൃത്തിയുടെയും നിലവിലത്തെ സ്ഥിതി വ്യക്തമാക്കുന്ന ലിസ്റ്റ് അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തൃപ്പൂണിത്തുറയിലെ ജലവിഭവ പ്രവൃത്തികൾ

189 (5777) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേനയുള്ള എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന 2016-17 സംസ്ഥാന പദ്ധതിയിൽപ്പെടുത്തി ചൂണ്ടി മുതൽ മീനമ്പാറ വരെ പൈപ്പ് ലൈനുകൾ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തികൾക്കായി 1.92 കോടി രൂപയും 2017-18-ൽ മരട് മുനിസിപ്പാലിറ്റിയിൽ പൈപ്പ് ലൈനുകൾ നീട്ടി സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള പ്രവൃത്തികൾക്കായി 23.16 കോടി രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ എം.എൽ.എ./എ.ഡി.എസ്.-ൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

1. തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലെ വനിതാ പോലീസ് സെൽ റോഡിൽ ശുദ്ധജലവിതരണം. - 0.60 ലക്ഷം രൂപ.

2. തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലെ കിഴക്കേകോട്ട മുതൽ സ്റ്റാച്യൂ വരെ 160 മി.മീ. പി.വി.സി. പൈപ്പ് 360 മീറ്റർ നീളത്തിൽ സ്ഥാപിക്കുന്ന പ്രവൃത്തി - 18.50 ലക്ഷം രൂപ.

3. തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിൽപ്പെട്ട കിടങ്ങ് ഷാപ്പ്-പനക്കൽ അമ്പലം -കെ.ഇ.മണിയൻ മോനിപ്പള്ളി റോഡിൽ 160 മി.മീ./110 മി.മീ. പി.വി.സി. പൈപ്പ് 1125 മീറ്റർ നീളത്തിൽ സ്ഥാപിക്കുന്ന പ്രവൃത്തി - 38 ലക്ഷം രൂപ.

4. തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിൽ വാർഡ് 21-ൽ പുയിത്തറ കോളനിയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി - 12 ലക്ഷം രൂപ.

5. തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിൽ വാർഡ് 31-ൽ മോനിപ്പള്ളി - കല്ലുവച്ചക്കാട് റോഡിൽ 80 എം.എം. എ.സി. പൈപ്പ് മാറ്റി 110 മി.മീ. പി.വി.സി. പൈപ്പ് ലൈൻ - സ്ഥാപിക്കുന്ന പ്രവൃത്തി - 4.8 ലക്ഷം രൂപ.

(ബി) ചൂണ്ടി മുതൽ മീനമ്പാറ വരെ പൈപ്പ് ലൈനുകൾ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചു.

മരട് മുനിസിപ്പാലിറ്റിയിൽ പൈപ്പ് ലൈനുകൾ നീട്ടി സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള പ്രവൃത്തികളുടെ സ്ഥിതിവിവരം ചുവടെ ചേർക്കുന്നു:

ഈ പദ്ധതി 6 ഘടകങ്ങളാക്കി വിഭജിച്ച് പ്രാവർത്തികമാക്കിവരുന്നു. ഇതിൽ ഒന്നാമത്തെ ഘടകം (മരട് ഗ്രിഗോറിയൻ സ്കൂൾ റോഡിൽ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി) പൂർത്തീകരിച്ചു. രണ്ടാമത്തെ ഘടകം ( കൊച്ചി-മധുര റോഡിൽ പൈപ്പ് സ്ഥാപിക്കുന്ന ജോലി) - ടെണ്ടർ നടപടി പൂർത്തീകരിച്ചുവരുന്നു.

മൂന്നാമത്തെ ഘടകം (മരട് മുനിസിപ്പൽ റോഡിൽ പൈപ്പുകൾ സ്ഥാപിക്കുന്ന ജോലി - സോൺ-1) പൈപ്പ് സ്ഥാപിക്കുന്ന ജോലി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

നാലാമത്തെ ഘടകം വിഭജിച്ച് കുണ്ടന്നൂർ മുതൽ ക്രൗൺപ്ലാസ ഹോട്ടൽ വരെ പൈപ്പ് സ്ഥാപിക്കുന്ന ജോലി കുണ്ടന്നൂർ മേൽപ്പാല നിർമ്മാണ കമ്പനി വഴി പി.ഡബ്ല്യൂ.ഡി 2020 മാർച്ച് മാസത്തോടെ പൂർത്തീകരിക്കും. അതിന്റെ ബാക്കി ജോലികൾ മറ്റൊരു ഘടകമാക്കി അടങ്കൽ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ഇതിലെ അഞ്ചാമത്തേയും (മരട് മുനിസിപ്പൽ റോഡ് സോൺ -2) ആറാമത്തെയും ഘടകം (200 എം.എം.ഡി.ഐ. പൈപ്പ്, 160 എം.എം., പി.വി.സി. പൈപ്പ് NH 66A റോഡിൽ - നെട്ടൂർ മേഖല സോൺ 3 സ്ഥാപിക്കുന്ന പ്രവൃത്തി)-അടങ്കൽ തയ്യാറാക്കിവരുന്നു. ഇത് പൂർത്തീകരിക്കാൻ നാഷണൽ ഹൈവേയുടെ അനുമതി ആവശ്യമാണ്. ആയതു ലഭിക്കുന്നതനുസരിച്ച് മാത്രമേ ഈ ഘടകം പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ.

എം.എൽ.എ. എ.ഡി.എസ്.-ൽ ഉൾപ്പെടുത്തി അനുമതി ലഭ്യമായ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചു.

**ഭൂഗർഭ ജലം ചൂഷണം**

190 (5778) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം പ്രദേശങ്ങളിൽനിന്നാണ് വെള്ളം വൻതോതിൽ എടുക്കുന്നത് തടയണമെന്ന് കേന്ദ്ര ഭൂജല വകുപ്പ് നിർദേശിച്ചിരുന്നത്; വ്യക്തമാക്കുമോ;

(ബി) സംസ്ഥാന ഭൂഗർഭ ജലവിഭവ വകുപ്പ് വൻതോതിൽ വെള്ളമെടുക്കുന്ന ഏതെല്ലാം പ്രദേശങ്ങൾ കണ്ടെത്തിയിട്ടുണ്ട്; ഭൂഗർഭജലം ചൂഷണം ചെയ്ത സ്ഥാപനങ്ങൾ ഏതെല്ലാം; ഇവർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(സി) ഭൂഗർഭ ജലം ചൂഷണം തടയുന്നതിന് ജലവിഭവ വകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും സംയുക്തമായി പരിശോധനയുൾപ്പെടെയുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) കേന്ദ്ര ഭൂഗർഭ ജലവിഭവ വകുപ്പ് റെഡ് അലെർട്ട് പ്രഖ്യാപിച്ച പ്രദേശങ്ങളിൽ ഭൂഗർഭജലം മീറ്ററുകളോളം താഴ്ന്ന കാര്യം പരിശോധിക്കുമോ; കേരളത്തിൽ റെഡ് അലെർട്ട് പ്രഖ്യാപിച്ച സ്ഥലങ്ങൾ ഏതെല്ലാമാണ്; ഭൂഗർഭജലം താഴ്ന്ന സ്ഥലങ്ങൾ ഏതെല്ലാം; വ്യക്തമാക്കുമോ;

(ഇ) റെഡ് അലെർട്ട് പ്രഖ്യാപിച്ച സ്ഥലങ്ങളിലും ഭൂഗർഭജലം താഴ്ന്ന സ്ഥലങ്ങളിലും ബ്രൂവറികൾക്കും ഡിസ്റ്റിലറികൾക്കും അനുവാദം നൽകിയ കാര്യം വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; ഇത്തരത്തിൽ റെഡ് അലെർട്ട് പ്രഖ്യാപിച്ച സ്ഥലങ്ങളിൽ അനുവാദം നൽകിയ സ്ഥാപനങ്ങൾ ഏതെല്ലാം; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ഭൂജല വകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി പഠനങ്ങൾ നടത്തി തയ്യാറാക്കിയ 2017-ലെ ഗ്രൗണ്ട് വാട്ടർ റിസോഴ്സസ് ഓഫ് കേരള റിപ്പോർട്ട് പ്രകാരം പാലക്കാട് ജില്ലയിലെ ചിറ്റൂർ (Over exploited), കാസർഗോഡ് ജില്ലയിലെ കാസർഗോഡ്, പാലക്കാട് ജില്ലയിലെ മലമ്പുഴ (ക്രിട്ടിക്കൽ), കണ്ണൂർ ജില്ലയിലെ കണ്ണൂർ, പാനൂർ, തലശ്ശേരി, ഇടുക്കി ജില്ലയിലെ കട്ടപ്പന, നെടുങ്കണ്ടം, ഇളംദേശം, കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട്, കാറഡുക്ക, മഞ്ചേശ്വരം, കൊല്ലം ജില്ലയിലെ മുഖത്തല, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, കുന്നമംഗലം, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, കുറ്റിപ്പുറം, മലപ്പുറം, താനൂർ, തിരൂരങ്ങാടി, തിരൂർ, വേങ്ങര, പാലക്കാട് ജില്ലയിലെ പട്ടാമ്പി, തൃത്താല, തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ, ചിറയിൻകീഴ്, പാലശ്ശാല, നെടുമങ്ങാട്, പോത്തൻകോട്, തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ, മതിലകം, തളിക്കുളം എറണാകുളം ജില്ലയിലെ പാറക്കടവ് (സെമി ക്രിട്ടിക്കൽ) തുടങ്ങിയ 33 ബ്ലോക്കുകളിൽ നിന്നുമാണ് ഭൂജലം എടുക്കുന്നതിന് സംസ്ഥാനത്ത് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്.

(ബി) സംസ്ഥാന ഭൂജല വകുപ്പ് ജലചൂഷണം നടത്തുന്ന പ്രദേശങ്ങൾ കണ്ടെത്തിയിട്ടുണ്ട്. എറണാകുളം ജില്ലയിലെ ആലുവ മുനിസിപ്പാലിറ്റിയിലും പരിസര പ്രദേശങ്ങളിലും 12 സ്ഥലങ്ങളിലായി എറണാകുളം ജില്ലാ ഓഫീസ് മുഖേന പരിശോധന നടത്തുകയും ദുരന്തനിവാരണ സമിതിക്ക് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ അനധികൃത ജലചൂക്ഷണം തടഞ്ഞുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്കിലെ

ശ്രീ. സുദേവൻ, ശരവണ ഫ്യുവൽസ്, മണപ്പള്ളിക്കാവ്, ചിറ്റൂർ റോഡ് എന്ന സ്ഥാപനത്തിനെതിരെയും 5 വ്യക്തികൾ കുഴൽക്കിണറുകളിൽനിന്നും അനധികൃത ജലചൂഷണം നടത്തി ടാങ്കർ ലോറികൾ വഴി വില്പന നടത്തിയതിനും ഭൂജല വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, തിരുവനന്തപുരം ജില്ലയിൽ വിജ്ഞാപനം ചെയ്ത പ്രദേശമായ അതിയന്നൂർ ബ്ലോക്ക് പ്രദേശത്ത് വൻതോതിൽ ഭൂജലചൂഷണം നടത്തുന്ന വ്യക്തികൾക്കെതിരെ പിഴ ഈടാക്കി ഭൂജല ചൂഷണം നിർത്തിവയ്പ്പിച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. നിലവിൽ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) 2002 ആക്റ്റിലെ നിയമങ്ങൾ പ്രകാരമാണ് ഭൂജലചൂഷണവുമായി ബന്ധപ്പെട്ട പരാതികളിൽ ഭൂജല വകുപ്പ് നടപടി സ്വീകരിച്ചുവരുന്നത്.

(ഡി) കേന്ദ്ര ഭൂഗർഭ ജലവിഭവ വകുപ്പ് സംസ്ഥാനത്ത് ഏതെങ്കിലും പ്രദേശങ്ങളിൽ ഭൂജലവിതാനം താഴുന്നതിന്റെ പേരിൽ റെഡ് അലെർട്ട് പ്രഖ്യാപിച്ചതായി ഭൂജല വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) റെഡ് അലെർട്ട് പ്രഖ്യാപിച്ചതായുള്ള ഔദ്യോഗിക റിപ്പോർട്ട് കേന്ദ്ര ഭൂജല ബോർഡ് ഭൂജല വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. എന്നാൽ പാലക്കാട് ജില്ലയിലെ അമിതചൂഷിത ബ്ലോക്കായ ചിറ്റൂർ, ഗുരുതര ബ്ലോക്കുകളായ കാസർഗോഡ് ജില്ലയിലെ കാസർഗോഡ്, പാലക്കാട് ജില്ലയിലെ മലമ്പുഴ എന്നിവിടങ്ങളിലും കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക്, പാനൂർ ബ്ലോക്ക്, തലശ്ശേരി ബ്ലോക്ക്, ഇടുക്കി ജില്ലയിലെ കട്ടപ്പന, നെടുങ്കണ്ടം, ഇളംദേശം ബ്ലോക്കുകൾ, കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട്, കാറഡുക്ക, മഞ്ചേശ്വരം, കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്ക്, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, കുന്നമംഗലം, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, കുറ്റിപ്പുറം, മലപ്പുറം, താനൂർ, തിരൂരങ്ങാടി, തിരൂർ, വേങ്ങര, പാലക്കാട് ജില്ലയിലെ പട്ടാമ്പി, തൃത്താല, തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ, ചിറയിൻകീഴ്, പാറശ്ശാല, നെടുമങ്ങാട്, പോത്തൻകോട് ബ്ലോക്കുകൾ, തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ, മതിലകം, തളിക്കുളം ബ്ലോക്കുകൾ, എറണാകുളം ജില്ലയിലെ പാറക്കടവ് ബ്ലോക്ക് എന്നീ സെമിക്രിട്ടിക്കൽ ബ്ലോക്കുകളിലും ബ്രൂവറികൾക്കും ഡിസ്റ്റിലറികൾക്കും സംസ്ഥാന ഭൂജല അതോറിറ്റി നിലവിൽ അനുമതി നൽകിയിട്ടില്ല.

**സംസ്ഥാനത്തെ കുഴൽക്കിണറുകളുടെ വർദ്ധനവ്**

191 (5779) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുഴൽക്കിണറുകൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുഴൽക്കിണറുകളുടെ എണ്ണത്തിൽ ഉണ്ടാവുന്ന വർദ്ധനവ് മറ്റു കിണറുകളിൽ വെള്ളം താഴുന്നതിന് ഇടയാക്കുന്നുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും ആധികാരികമായ പഠനങ്ങൾ നടന്നിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഭൂഗർഭജലം ശോഷിച്ചുപോകാതെ സംരക്ഷിക്കുന്നതിന് വകുപ്പിന്റെ കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുഴൽക്കിണറുകളുടെ എണ്ണത്തിൽ ഉണ്ടാവുന്ന വർദ്ധനവ് മറ്റു കിണറുകളിൽ വെള്ളം താഴുന്നതിന് ഇടയാക്കുന്നത് സംബന്ധിച്ച് ഭൂജല വകുപ്പ് ആധികാരികമായ പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ അശാസ്ത്രീയമായ കുഴൽക്കിണർ നിർമ്മാണം, അടുത്തുള്ള ജലസ്രോതസ്സുകളുടെ ജലനിരപ്പിനെ ബാധിക്കാറുണ്ട്. ഇതുസംബന്ധിച്ച് വകുപ്പിന് ലഭിക്കുന്ന പരാതികളിൽ ശാസ്ത്രീയ പഠനം നടത്തി ഉചിതമായ നടപടി സ്വീകരിച്ചുവരുന്നു.

(സി) ഭൂജലവകുപ്പ് സുസ്ഥിര ഭൂജല സംരക്ഷണത്തിനായി ' ഭൂജല സംരക്ഷണവും കൃത്രിമ ഭൂജലസംപോഷണവും' എന്ന പ്ലാൻ പദ്ധതിയിൻ കീഴിൽ മേൽക്കൂര വഴിയുള്ള മഴവെള്ള കൊയ്ത്തിലൂടെ തുറന്ന കിണർ റീച്ചാർജ്, റീചാർജ് പിറ്റ്/റീചാർജ് ഷാഫ്റ്റ് തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. അനുയോജ്യമായ പ്രദേശങ്ങളിൽ മൈക്രോ വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ ചെറിയ തടയണകളുടെ നിർമ്മാണം, അടിയണകളുടെ നിർമ്മാണം തുടങ്ങിയവയുടെ നിർമ്മാണത്തിനുള്ള ഫീസിബിലിറ്റി സ്റ്റഡി എന്നിവ ജില്ലകളിൽ നടന്നുവരുന്നു. കുഴൽക്കിണറുകൾ വഴി കൃത്രിമ ഭൂജല സംപോഷണ സാധ്യതകൾ പരിശോധിക്കുന്നതിനായി ഓരോ ജില്ലയിലും 4 വീതം കുഴൽ കിണറുകൾ തെരഞ്ഞെടുത്ത് കൃത്രിമ ഭൂജലപരിപോഷണ പദ്ധതികൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാലാകാലങ്ങളിൽ ഭൂജല സമ്പത്ത് കണക്കാക്കുന്നതിന്റെ അടിസ്ഥാനത്തിൽ തരം തിരിക്കപ്പെട്ടിട്ടുള്ള അമിതചൂഷിത (over exploited), അതീവ ഗുരുതര (critical), ഗുരുതര (semi-critical) ബ്ലോക്കുകളിലെ പ്രദേശങ്ങളിലെ ഭൂജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് പ്രാധാന്യം നൽകികൊണ്ടാണ് കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നത്.

2018-19 സാമ്പത്തിക വർഷത്തിൽ ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും പദ്ധതിയിൻകീഴിൽ മേൽക്കൂര വഴി മഴവെള്ള കൊയ്ത്തിലൂടെ തുറന്ന കിണർ/റീചാർജ് പിറ്റ് വഴിയുള്ള 76 ഭൂജല സംപോഷണ പദ്ധതികൾ വിവിധ ജില്ലകളിലും 5 കുഴൽ കിണർ റീച്ചാർജ് പദ്ധതി കാസർഗോഡ് ജില്ലയിലും പൂർത്തീകരിച്ചിട്ടുണ്ട്.

2019-20 സാമ്പത്തികവർഷം ഭൂജല വകുപ്പിന് 450 ലക്ഷം രൂപ ഭൂജലസംപോഷണ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. വിവിധ ജില്ലകളിൽനിന്നും 340 ലക്ഷത്തോളം രൂപയുള്ള വിവിധ ഭൂജലസംപോഷണ പദ്ധതികളുടെ പ്രൊപ്പോസലുകൾ ഇതുവരെ അനുമതിക്കായി വകുപ്പിൽ ലഭ്യമായിട്ടുണ്ട്. ഇതിൽ 50-ഓളം പ്രൊപ്പോസലുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ബാക്കി പ്രൊപ്പോസലുകളുടെ സൂക്ഷ്മ പരിശോധന വകുപ്പിൽ പുരോഗമിച്ചുവരുന്നു.

**മഴവെള്ള സംഭരണത്തിനായി പദ്ധതികൾ**

192 (5780) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രൂക്ഷമായ ജലക്ഷാമം നേരിടുന്ന ചെങ്ങന്നൂർ മണ്ഡലത്തിൽ മഴവെള്ള സംഭരണത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

സംസ്ഥാനത്തെ മഴവെള്ള സംഭരണ പ്രവർത്തനങ്ങൾ ജലനിധിയുടെ ഭാഗമായ മഴകേന്ദ്രം വഴിയാണ് നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിൽനിന്നും അപേക്ഷ ക്ഷണിച്ചപ്പോൾ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലുള്ള ഗ്രാമ പഞ്ചായത്തുകൾ പ്രസ്തുത പദ്ധതിക്കായി അപേക്ഷ നൽകിയിട്ടില്ല. ആയതിനാൽ ഈ മണ്ഡലത്തിൽ 'മഴവെള്ള സംഭരണം - ഭൂജല പരിപോഷണം' പദ്ധതി നടപ്പിലാക്കിയിട്ടില്ല.

**ജലദൗർലഭ്യം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ**

193 (5781) ശ്രീ. ഐ. ബി. സതീഷ്:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. കെ. ബാബു:
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചനത്തിനും ഗാർഹികാവശ്യത്തിനുമായി,സംസ്ഥാനത്തെ വിവിധ ജലസ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിന് എത്രമാത്രം കഴിഞ്ഞിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ജല ലഭ്യത, ഉപയോഗം, ഭാവിയിലെ ആവശ്യകത എന്നിവ ഉൾപ്പെടുത്തി ദീർഘവീക്ഷണത്തോടുകൂടി ജലഉപയോഗം ക്രമപ്പെടുത്തുന്നതിനും ജലദൗർലഭ്യം പരിഹരിക്കുന്നതിനും കഴിയത്തക്കവിധം ഒരു ജനകീയ ജലബഡ്ജറ്റ് തയ്യാറാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ;

(സി) ജലവിഭവ വികസന-വിനിയോഗ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) ജലദൗർലഭ്യം പരിഹരിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നത്;വ്യക്തമാക്കുമോ?

ഉത്തരം

(എ) കുളങ്ങൾ, തടാകങ്ങൾ, റിസർവോയറുകൾ ഇവയിലെ ജലത്തിന്റെ ആകെ സംഭരണശേഷിയും ആവശ്യവും തമ്മിൽ തുലനം ചെയ്തുകൊണ്ടുള്ള പഠനം നടത്തിയിട്ടില്ല.

(ബി) ഉണ്ട്. നിലവിൽ തയ്യാറാക്കിയിട്ടുള്ള ഗ്രാമപഞ്ചായത്തുതല നീർത്തട പ്ലാനുകളിൽ ജല ബഡ്ജറ്റ് കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനത്തിൽ ജലസ്രോതസ്സുകളിൽ ലഭ്യമായ ജലത്തിന്റെ അളവ്, പ്രാദേശികമായി വിവിധ ആവശ്യങ്ങൾക്കുള്ള വെള്ളത്തിന്റെ ആവശ്യകത എന്നിവ പാലിച്ച് ജല ബഡ്ജറ്റ് തയ്യാറാക്കുന്നതിന് ഹരിത കേരളം മിഷൻ വിവിധ വകുപ്പുകളുമായി ചേർന്ന് ആലോചിക്കുന്നുണ്ട്.

(സി) സംസ്ഥാന സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക നയത്തിന്റെ ഭാഗമായി 1978-ൽ സ്ഥാപിതമായ ഗവേഷണ സ്ഥാപനമാണ് ജലവിഭവ വികസന വിനിയോഗ കേന്ദ്രം. ജലവിഭവ വികസനം, കാര്യക്ഷമമായ ജലവിനിയോഗം, ജലഗുണ നിലവാരം ഉറപ്പുവരുത്തൽ എന്നീ പ്രവൃത്തികളിലൂടെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുകയെന്നതാണ് സ്ഥാപനത്തിന്റെ കാതലായ ലക്ഷ്യം. ഉപരിതല ജലം, ഭൂഗർഭ ജലം, കാർഷിക ജലപരിപാലനം, ജലഗുണനിലവാരം കാലാവസ്ഥാ പരിസ്ഥിതി പഠനം, ഐസോട്ടോപ്പ് ഹൈഡ്രോളജി തുടങ്ങിയ ഗവേഷണ മേഖലകളിൽ 9 ശാസ്ത്രവിഭാഗങ്ങളിലായി സി.ഡബ്ല്യൂ.ആർ.ഡി.എം പ്രവർത്തിക്കുന്നു. കൂടാതെ, ജലവിഭവ മേഖലയിലെ സർക്കാർ ജീവനക്കാർക്കും മറ്റ് പാരിസ്ഥിതിക പ്രവർത്തകർക്കും കർഷകർക്കുമുള്ള പരിശീലന പരിപാടികളും ഇവിടെ നടന്നുവരുന്നു. ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിവിധ സർവ്വകലാശാലകളിലെ വിദ്യാർത്ഥികൾക്ക് ജലസംബന്ധമായ വിഷയങ്ങളിൽ ഗവേഷണ സൗകര്യവും സി.ഡബ്ല്യൂ.ആർ.ഡി.എം. ഒരുക്കുന്നു. ജലവിഭവ മേഖലയിലെ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കും കർഷകർക്കും പരിശീലനം നൽകുന്നതിനായി കേരളത്തിന്റെ വാട്ടർ ആന്റ് ലാന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന നിലയിൽ 1988 മുതൽ സി.ഡബ്ല്യൂ.ആർ.ഡി.എം പ്രവർത്തിച്ചുവരുന്നു. ജലവിഭവ വികസന വിനിയോഗവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വിദഗ്ധോപദേശം നൽകുന്ന ഒരു സ്ഥാപനമായും സി.ഡബ്ല്യൂ.ആർ.ഡി.എം പ്രവർത്തിക്കുന്നു. വർഷംതോറും ആയിരക്കണക്കിനു സന്ദർശകരെ ആകർഷിക്കുന്ന ജലപൈതൃക മ്യൂസിയവും സ്ഥാപനത്തിന്റെ ആസ്ഥാനത്ത് സ്ഥിതിചെയ്യുന്നു.

(ഡി) മഴക്കാലം കഴിഞ്ഞാൽ ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രവണത വർദ്ധിച്ചുവരികയാണ്. ഇത് മറികടക്കുന്നതിനും പ്രതിരോധിക്കുന്നതിനുമായി മഴവെള്ളം പരമാവധി സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതോടൊപ്പം പുഴകളിലും ചെറുതോടുകളിലും തടയണകളും റെഗുലേറ്ററുകളും നിർമ്മിച്ച് ജലസംഭരണവും ഭൂജലപോഷണവും നടത്തുന്ന പ്രവർത്തനങ്ങളും നിർവ്വഹിച്ചുവരുന്നു. ഇതോടൊപ്പം ജലഉപയോഗകാര്യക്ഷമത വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. സുസ്ഥിര ഭൂജല പരിപാലനത്തിനായി കൃത്രിമ ഭൂജല സംപോഷണ പ്രവൃത്തികളും നടപ്പാക്കിവരുന്നു. 2019-20 സാമ്പത്തിക വർഷം ഭൂജലസംരക്ഷണവും കൃത്രിമ ഭൂജലസംപോഷണവും പദ്ധതിയിൽ 450 ലക്ഷം രൂപ കൃത്രിമ ഭൂജലസംപോഷണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് അനുവദിച്ചിട്ടുണ്ട്. 315 വിവിധ പദ്ധതികൾ ജില്ലകളിൽ നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. ജലനിധി പദ്ധതിയുടെ ഭാഗമായി നദികളിൽ റെഗുലേറ്റർ 1, ചെക്ക് ഡാം 184, വെന്റഡ് ക്രോസ്സ് ബാർ 44, ഭൂമിയുടെ അടിയിലെ തടയണ 12, പുരപ്പുറ കിണർ പരിപോഷണം 1478, കോണ്ടൂർബണ്ട് 31, കുളം സംരക്ഷണം 6 എന്നിവ സ്ഥാപിച്ച് ഭൂജലപരിപോഷണം നടത്തുന്നു. മഴകേന്ദ്രം വഴി പുരപ്പുറ മഴവെള്ള സംഭരണികളും വ്യക്തിഗത കിണർ പരിപോഷണ പദ്ധതികളും നടപ്പിലാക്കിവരുന്നു. ജലനിധിയുടെ ഭാഗമായ മഴകേന്ദ്രം പ്ലാൻ/സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന മഴവെള്ള സംഭരണം ഭൂജലപരിപോഷണം പരിപാടിയിലെ 2 സുപ്രധാന പദ്ധതികളാണ് കിണർ റീച്ചാർജിംഗും മഴവെള്ളക്കൊയ്ത്തും. 2019-20 സാമ്പത്തിക വർഷം സംസ്ഥാനത്തെ 6 ജില്ലകളിലെ 10 ഗ്രാമപഞ്ചായത്തുകളിൽ മഴവെള്ളം സംഭരിച്ചുള്ള കിണർ റീച്ചാർജ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. മഴക്കൊയ്ത്തു പദ്ധതിയുടെ ഭാഗമായി 7 ജില്ലകളിലെ 10 ഗ്രാമപഞ്ചായത്തുകളിൽ 1000 വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കാൻ സഹായകരമായ സംഭരണികൾ നിർമ്മിക്കുവാൻ ജലനിധി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ, തിരുവനന്തപുരം നഗരത്തിലെ ഏതാനും സർക്കാർ സ്ഥാപനങ്ങളിലും വിദ്യാലയങ്ങളിലും വലിയ തോതിൽ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുന്നതിനും ഭൂഗർഭ ജലപരിപോഷണത്തിനും സഹായകരമായ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. വിവിധ ജലസേചന പദ്ധതികളുടെ അണക്കെട്ടുകളിൽ അവയുടെ സംഭരണ ശേഷിക്കനുസൃതമായി ജലം സംഭരിച്ചുവരുന്നുണ്ട്. കൂടാതെ ജലനഷ്ടം കുറയ്ക്കാനും ജലസേചനത്തിന് കൂടുതൽ ഭാഗങ്ങളിലേക്ക് ജലം എത്തിക്കുവാനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക ഉപയോഗപ്പെടുത്തി കനാൽ അറ്റകുറ്റപ്പണികൾ നടത്തുകയും പ്രളയത്തിൽ തകർന്ന് കനാൽ ഭാഗങ്ങൾ നേരെയാക്കുന്നതിനായി SDRF-ൽ ഉൾപ്പെടുത്തി പ്രവൃത്തികൾ ഏറ്റെടുക്കുവാനുമുള്ള നടപടികൾ

സ്വീകരിച്ചുവരുന്നുണ്ട്. ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ ജലവിഭവ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് പ്രാദേശിക ജലസ്രോതസ്സുകളുടെ പുനരുജ്ജീവനവും സംരക്ഷണവും നീർത്തടാടിസ്ഥാനത്തിൽ നടന്നുവരുന്നു. ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നീർത്തട പ്ലാനുകൾ തയ്യാറാക്കുന്നുണ്ട്. ഇതുകൂടാതെ നദി പുനരുജ്ജീവനവും പാറമടകൾ പോലെയുള്ള സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നതിനുള്ള പ്രവർത്തനവും നടന്നുവരുന്നു.

**കോട്ടയം ജില്ലയിലെ കുടിവെള്ള ക്ഷാമം**

194 (5782) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയം ജില്ലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ എന്തൊക്കെ പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിവരുന്നതെന്നും എന്തൊക്കെ പദ്ധതികളാണ് പരിഗണനയിലുള്ളതെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

കോട്ടയം ജില്ലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ കേരള വാട്ടർ അതോറിറ്റി ഇപ്പോൾ നടത്തിവരുന്നതും പരിഗണനയിൽ ഉള്ളതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

അവ കൂടാതെ, RKI (Re-build Kerala initiative)-ൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന സ്കീമുകൾക്ക് വിതരണ ശൃംഖല നിർമ്മിക്കുന്നതിനു വേണ്ടിയുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതികൾക്ക് ആവശ്യമായ ധനസ്രോതസ്സ് കണ്ടെത്തി ഭരണാനുമതി ലഭ്യമാക്കേണ്ടതുണ്ട്.

1. മണിമലയ്ക്കും അനുബന്ധ വില്ലേജുകൾക്കുമായുള്ള ശുദ്ധജലവിതരണ പദ്ധതി - 85 കോടി രൂപ.
2. എരുമേലി പഞ്ചായത്തിന് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ വിതരണശൃംഖല – 21 കോടി രൂപ.
3. കുമരകം - തിരുവാർപ്പ് കുടിവെള്ള പദ്ധതിയിൽ വിതരണ കുഴൽ സ്ഥാപിക്കൽ - 7 കോടി രൂപ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

4. കുമരകം പഞ്ചായത്തിനുവേണ്ടിയുള്ള ശുദ്ധജലവിതരണപദ്ധതി (വിപുലീകരണവും പുനഃസ്ഥാപിക്കലും) - 15 കോടി രൂപ.
5. അകലക്കുന്നം - മുത്തോലി പഞ്ചായത്തിലെ വിതരണശൃംഖല - 62 കോടി രൂപ.
6. അയർക്കുന്നം, കുരോപ്പട, പാമ്പാടി പഞ്ചായത്തുകളിലെ വിതരണശൃംഖല - 92 കോടി രൂപ.
7. കോട്ടയം മുനിസിപ്പാലിറ്റിയിലെ വിതരണശൃംഖല - വിജയപുരം, പുതുപ്പള്ളി, മീനാടം എന്നീ പഞ്ചായത്തുകൾക്കുള്ള വിതരണ ശൃംഖലയും ഉൾപ്പെടെ - 150 കോടി രൂപ.
8. വെണ്ടൂർ - വെളിയന്നൂരിനും സമീപ വില്ലേജുകൾക്കുമായുള്ള പദ്ധതി - 30 കോടി രൂപ.
9. വൈക്കത്തിനും സമീപം വില്ലേജുകൾക്കുമായുള്ള പദ്ധതി - 4 കോടി രൂപ.
10. ടി.വി. പുരം പഞ്ചായത്തിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതി - 8.95 കോടി രൂപ.
11. കടുത്തുരുത്തിയും അനുബന്ധ പഞ്ചായത്തുകൾക്കുമായുള്ള പദ്ധതി - കുറവിലങ്ങാട് പഞ്ചായത്തിലെ വിതരണശൃംഖല - 20 കോടി രൂപ.

ജലനിധി രണ്ടാംഘട്ട പദ്ധതിയുടെ ഭാഗമായി കോട്ടയം ജില്ലയിലെ 21 ഗ്രാമ പഞ്ചായത്തുകളിലായി 45611 കുടുംബങ്ങൾക്ക് കുടിവെള്ള വിതരണം നടത്തുന്നതിനായി 508 കുടിവെള്ള പദ്ധതികൾ നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരുന്നു. ആയതിൽ 31-5-2019 വരെയുള്ള കണക്കനുസരിച്ച് 503 പദ്ധതികൾ പണി പൂർത്തീകരിച്ച് തുടർ നടത്തിപ്പിനായി ഗുണഭോക്തൃ സമിതികളെ ഏല്പിച്ചിട്ടുണ്ട്. ബാക്കിയുള്ള 5 പദ്ധതികൾ പൂർത്തീകരണത്തിന്റെ അവസാനഘട്ടത്തിലാണ്.

കെ.ആർ.ഡബ്ല്യൂ.എസ്.എ.-യുടെ ഭാഗമായി പ്രവർത്തിക്കുന്ന 'മഴകേന്ദ്ര'-ത്തിന്റെ നേതൃത്വത്തിൽ സംസ്ഥാന പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന 'മഴവെള്ള സംഭരണം-ഭൂജലപരിപോഷണം' പദ്ധതിയുടെ ഭാഗമായി കോട്ടയം ജില്ലയിലെ 8 ഗ്രാമപഞ്ചായത്തുകളിലെ 1638 കുടുംബങ്ങൾക്ക് 10000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുവാൻ സഹായകരമായ മഴവെള്ള സംഭരണികൾ നിർമ്മിച്ചുനൽകിയിട്ടുണ്ട്. നടപ്പു സാമ്പത്തികവർഷവും കോട്ടയം ജില്ലയിലെ രണ്ട് ഗ്രാമപഞ്ചായത്തുകളിലെ 200 കുടുംബങ്ങൾക്കുകൂടി പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. 'ജലസൗഹൃദവിദ്യാലയം' പദ്ധതിയുടെ ആദ്യഘട്ടത്തിന്റെ ഭാഗമായി കോട്ടയം ജില്ലയിലെ 95 സർക്കാർ വിദ്യാലയങ്ങളിൽ 10000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണികൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്.

## മഴവെള്ളം സംഭരിച്ച് കുടിവെള്ളം നൽകാൻ പദ്ധതി

195 (5783) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഭിക്കുന്ന മഴവെള്ളം സംഭരിച്ച് കുടിവെള്ളമായി നൽകുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ:

(ബി) മഴവെള്ളം വ്യാവസായിക അടിസ്ഥാനത്തിൽ സംഭരിച്ച് വിപണനം നടത്തുന്നതിന് ജല അതോറിറ്റി മുഖേന നടപടി സ്വീകരിക്കുമോ; ഇതിനായി എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) ജലനിധിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന മഴകേന്ദ്രം സംസ്ഥാന പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന മഴവെള്ള സംഭരണം - ഭൂജലപരിപോഷണം പദ്ധതിയുടെ ഭാഗമായി 34 ഗ്രാമപഞ്ചായത്തുകളിലെ 7100 വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ ശേഷിയുള്ള ജലസംഭരണികൾ നിർമ്മിച്ച് നൽകുകയുണ്ടായി. പദ്ധതിയുടെ ആനുകൂല്യം കൂടുതലായും മലയോര തീര ഗ്രാമപഞ്ചായത്തുകൾക്കും ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങൾ ക്കമാണ് ലഭ്യമാക്കുന്നത്. ഈ സാമ്പത്തിക വർഷത്തിൽ 10 ഗ്രാമപഞ്ചായത്തുകളിലെ 1000 കുടുംബങ്ങൾക്ക് 10000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കാൻ ശേഷിയുള്ള സംഭരണികൾ പങ്കാളിത്താധിഷ്ഠിത മാതൃകയിൽ നിർമ്മിച്ചുനൽകുവാൻ ലക്ഷ്യമിടുന്നു. ജലസൗഹൃദ വിദ്യാലയം പദ്ധതിയുടെ ഭാഗമായി സംസ്ഥാനതലത്തിൽ 840 സർക്കാർ വിദ്യാലയങ്ങളിൽ 10000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുവാൻ സഹായകരമായ മഴവെള്ള സംഭരണികൾ നിർമ്മിച്ചുനൽകി. ഈ പദ്ധതിയിലൂടെ ഓരോ വ്യക്തിഗത കുടുംബങ്ങളിലുമായി 10000 ലിറ്റർ മഴവെള്ളം സംഭരിച്ച് കുടിവെള്ളമായി ഉപയോഗിക്കാൻ സാധ്യമാക്കുന്നുണ്ട്. തുടർന്നുവരുന്ന വർഷങ്ങളിലും ഈ പദ്ധതിയുടെ ആനുകൂല്യം കൂടുതൽ ഗ്രാമപഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കാനും ലക്ഷ്യമിടുന്നു. 2000-2008 കാലയളവിൽ നടപ്പിലാക്കിയ ജലനിധി ഒന്നാംഘട്ട പദ്ധതിയുടെ ഭാഗമായി 13304 മഴവെള്ള സംഭരണികൾ നിർമ്മിച്ച് ഗാർഹിക ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. 2012-2019 കാലയളവിൽ നടപ്പിലാക്കുന്ന ജലനിധി രണ്ടാംഘട്ട പദ്ധതിയുടെ ഭാഗമായി ഇതിനകം 10047 മഴവെള്ള സംഭരണികൾ നിർമ്മിച്ച് ഗുണഭോക്താക്കളെ ഏൽപ്പിച്ചിട്ടുണ്ട്.

(ബി) മഴവെള്ളം വ്യാവസായികാടിസ്ഥാനത്തിൽ സംഭരിച്ച് വിപണനം നടത്തുന്നത് സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റി നാളിതുവരെ പദ്ധതികളൊന്നും ആലോചിച്ചിട്ടില്ല.

**ശുദ്ധജലം പാഴായിപ്പോകാതിരിക്കാൻ പുതിയ പദ്ധതികൾ**

196 (5784) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴയുടെ അളവ് കുറഞ്ഞുവരുന്ന സാഹചര്യത്തിൽ ലഭ്യമായ ശുദ്ധജലം പാഴായിപ്പോകാതിരിക്കാൻ എന്തെങ്കിലും പുതിയ പദ്ധതികൾക്ക് സർക്കാർ രൂപം നൽകുമോ;

(ബി) ശുചിമുറിയിലെ പഴയ ഫ്ലഷിംഗ് സംവിധാനത്തിൽ ഒറ്റ ഫ്ലഷിൽ 13 മുതൽ 26 ലിറ്റർ വരെ വെള്ളം പാഴായിപ്പോകുന്നതായി ജലവകുപ്പ് നടത്തിയ പഠനത്തിൽ കണ്ടെത്തുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) ഫ്ലഷിംഗ് സംവിധാനം നവീകരിച്ച് സ്ഥാപിക്കുന്നതിലൂടെ പ്രതിവർഷം 60 ശതമാനത്തോളം ജലം പാഴാകുന്നത് ഒഴിവാക്കാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ;

(ഡി) നിലവിൽ കുടിവെള്ളത്തിനായി ഉപയോഗിക്കുന്ന വെള്ളത്തിന്റെ പല മടങ്ങ് വെള്ളം ഫ്ലഷിംഗിലൂടെ പ്രതിദിനം ചെലവാകുന്നുണ്ടോ ; എങ്കിൽ ഇത് നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരളത്തിന്റെ ഭൂപ്രകൃതി കാരണം മഴക്കാലത്ത് ലഭ്യമാകുന്ന ജലം നദികളിലൂടെ 48 മണിക്കൂറിനകം ഒഴുകി കടലിൽ എത്തിച്ചേരുന്നുണ്ട്. മതിയായ സംഭരണശേഷി കേരളത്തിലെ പല നദികൾക്കും ഇല്ല എന്നത് ഒരു സത്യമാണ്. പുതിയ അണക്കെട്ടുകൾ നിർമ്മിക്കുന്നതിന് പ്രായോഗികമായ ഒട്ടനവധി പ്രതിബന്ധങ്ങൾ നേരിടുന്നു. ആയതിനാൽ മഴക്കാലത്ത് നദികളിലൂടെ ഒഴുകിപ്പോകുന്ന ജലം പാഴായിപ്പോകാതിരിക്കാനായി നദികളെത്തന്നെ സംഭരണികൾ ആക്കി മാറ്റുവാനായി അനുയോജ്യമായ സ്ഥലങ്ങളിൽ തടയണകൾ നിർമ്മിക്കുവാനുള്ള പദ്ധതികൾ പരിഗണനയിലാണ്. ഇപ്രകാരം ഒരു പൈലറ്റ് പദ്ധതി തിരുവനന്തപുരം വാമനപുരം നദിയിൽ നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിച്ചുവരുന്നു. തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങൾക്കുവേണ്ടി ഉല്പാദിപ്പിക്കുന്ന ജലത്തിന്റെ 45-50 ശതമാനത്തോളം ജലം ചോർച്ചയിലൂടെയും മറ്റും പാഴായിപ്പോകുന്നതായി (നോൺ റവന്യൂ വാട്ടർ) പഠന റിപ്പോർട്ടുകൾ

സൂചിപ്പിക്കുന്നു. ആയതിന്റെ നിരക്ക് 20 ശതമാനത്തിലേക്ക് കുറച്ച് മേൽ നഗരങ്ങളിൽ 24X7 ജലവിതരണ സംവിധാനം ഏർപ്പെടുത്തുന്നതിന് എ.ഡി.ബി.-യുടെ ധനസഹായത്താൽ ഒരു കേരള അർബൻ വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പ്രോജക്ട് (KUWSIP) നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

ജലസ്രോതസ്സുകളുടെ സംരക്ഷണത്തോടൊപ്പം തന്നെ ജല മിതവ്യയത്തിലൂന്നിക്കൊണ്ടുള്ള ഒരു ജലവിനിയോഗ സംസ്കാരം ജനങ്ങളിൽ സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങളും ഹരിത കേരളം മിഷന്റെ ഭാഗമായി നടത്തിയിട്ടുണ്ട്.

ജലനിധി പദ്ധതിയുടെ ഭാഗമായി നദികളിൽ റെഗുലേറ്റർ-1, ചെക്ക് ഡാം-184, vented cross bar - 44, ഭൂമിയുടെ അടിയിലെ തടയണ (sub surface dyke)-12, പുരപ്പുറ കിണർ പരിപോഷണം - 1478, കോണ്ടൂർ ബണ്ട് - 31, കുളം സംരക്ഷണം - 6 എന്നിവ സ്ഥാപിച്ച് ഭൂജല പരിപോഷണം നടത്തുന്നു. കൂടാതെ ജലനിധി പദ്ധതി സ്രോതസ്സുകളിൽ കിണർ പരിപോഷണം, മഴക്കുഴികൾ എന്നിവ നിർമ്മിച്ച് ഭൂജല പരിപോഷണം നടത്തുന്നു.

KRWSA-യുടെ മഴകേന്ദ്രം മുഖേന വ്യക്തിഗത കുടുംബങ്ങൾക്ക് പുരപ്പുറ മഴവെള്ള സംഭരണികളും കിണർ പരിപോഷണവും ചെയ്തുവരുന്നു. തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകൾക്കും പുരപ്പുറ മഴവെള്ള പരിപോഷണ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി&സി) ഇത്തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടില്ല. ഫ്ലഷിംഗ് സംവിധാനം നവീകരിച്ച് ശുദ്ധജലം പാഴാകുന്നത് നിയന്ത്രിക്കുവാൻ സാധിക്കും. ജലനഷ്ടം കുറയ്ക്കാനുതകുന്ന തരത്തിലുള്ള ടാപ്പുകൾ, ഷവർ ഹെഡ്ഡുകൾ, ഫ്ലഷിംഗ് സിസ്റ്റനുകൾ തുടങ്ങിയവയുടെ ഉപയോഗം വ്യാപിപ്പിക്കേണ്ടതുണ്ട്.

(ഡി) നിലവിൽ കുടിവെള്ളത്തിനായി ഉപയോഗിക്കുന്ന വെള്ളത്തിന്റെ പല മടങ്ങ് വെള്ളം ഫ്ലഷിംഗിലൂടെ പ്രതിദിനം ചെലവാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് നിയന്ത്രിക്കുവാനായി സ്വീകരിക്കാവുന്ന നടപടികൾ അനുബന്ധമായി ചേർക്കുന്നു.*

ജലനിധി പദ്ധതി നടപ്പാക്കുന്ന പഞ്ചായത്തുകളിൽ ജലസാക്ഷരതാ പ്രവർത്തനങ്ങളിലൂടെ കുടിവെള്ളം നിയന്ത്രിതമായി ഉപയോഗിക്കുന്നത് സംബന്ധിച്ച് ഗുണഭോക്തൃ കുടുംബങ്ങൾക്ക് ബോധവത്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. ഫ്ലഷിംഗ് പോലുള്ള ആവശ്യത്തിന് പുനർചംക്രമണം നടത്തിയ ജലം ഉപയോഗിക്കുക വഴി ഉപയോഗിക്കുന്ന കുടിവെള്ളത്തിന്റെ അളവ് വലിയ തോതിൽ കുറയ്ക്കാൻ കഴിയും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാലപ്പഴക്കം ചെന്ന ജലവിതരണ പൈപ്പുകൾ

197 (5785) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിതരണം നടത്തുന്നതിനായി സ്ഥാപിച്ചിരുന്ന കാലപ്പഴക്കം ചെന്ന എല്ലാ പൈപ്പുകളും മാറ്റി സ്ഥാപിച്ചിട്ടുണ്ടോ വിശദമാക്കുമോ;

(ബി) ഇപ്പോൾ ജലവിതരണത്തിനായി സ്ഥാപിക്കുന്നത് ഏതുതരം പൈപ്പാണ്; പഴയ പ്രിമോ പൈപ്പുകൾ ഇപ്പോൾ എവിടെയെല്ലാം സ്ഥാപിച്ചിട്ടുണ്ട്; ഇവ പൂർണ്ണമായി മാറ്റിസ്ഥാപിക്കുന്നതിന് എത്ര കാലം വേണ്ടിവരും; വ്യക്തമാക്കുമോ;

(സി) ഗാർഹിക കണക്ഷനുകൾ കൂടുന്നതിനനുസരിച്ച് ഉയർന്ന പ്രദേശങ്ങളിലെ ജലവിതരണത്തിന്റെ തോത് കുറയുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; ഇതിന് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തിയിട്ടുണ്ടോ?

### ഉത്തരം

(എ) ഇല്ല. രാജഭരണകാലത്ത് സ്ഥാപിച്ച പൈപ്പുകൾ ഉൾപ്പെടെയുള്ളവയും പിന്നീട് പൊതുജനാരോഗ്യ വകുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ, കേരള വാട്ടർ അതോറിറ്റി എന്നിവ നടപ്പിലാക്കിയ പല പദ്ധതികളും പൂർണ്ണമായോ ഭാഗികമായോ ഇപ്പോഴും ഉപയോഗപ്പെടുത്തുന്നുണ്ട്. ആയതിനാൽത്തന്നെ കാലപ്പഴക്കം ചെന്ന ഇത്തരം പൈപ്പ്ലൈനുകൾ ഒന്നിച്ച് മാറ്റുന്നത് സാമ്പത്തിക ബാധ്യത വരുന്നതും സാങ്കേതിക സാധ്യതയില്ലാത്തതുമാണ്. അതുകൊണ്ട് ഇത്തരത്തിൽ കാലപ്പഴക്കം ചെന്നവയിൽ പഴയതും കേടായതുമായ പൈപ്പുകൾ വിവിധ ധനസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി ഘട്ടം ഘട്ടമായി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

1. സംസ്ഥാന ബഡ്ജറ്റിലെ പദ്ധതി വിഹിതത്തിൽ നിന്നും എല്ലാ വർഷവും "ഓപ്റ്റിമൈസേഷൻ" വിഭാഗത്തിൽ ഇത്തരം വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിവരുന്നു.

2. കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പദ്ധതിയായ 'അമൃത്' പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ഒൻപത് നഗരങ്ങളിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി കേരള ജല അതോറിറ്റിക്ക് ഭരണാനുമതി ലഭിച്ച 1050.86 കോടി രൂപയുടെ

പ്രവൃത്തികളിൽ 146.05 കോടി രൂപയുടെ പ്രവൃത്തികൾ കാലപ്പഴക്കം ചെന്ന പൈപ്പുകളും മോട്ടോറുകളും മാറ്റി പുതിയവ സ്ഥാപിച്ച് അതുവഴി ജലച്ചേർച്ച ഒഴിവാക്കുവാൻ വേണ്ടിയുള്ളതാണ്. ഈ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

3. 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗം പ്രകാരം നിലവിലുള്ള പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിയുടെ പതിനൊന്ന് സർക്കിൾ ഓഫീസുകളുടെ പരിധിയിൽ നടപ്പിലാക്കാനായി 433.33 കോടി രൂപയുടെ പ്രൊപ്പോസൽ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ഇവയിൽ പത്ത് സർക്കിളുകളിലെ പ്രൊപ്പോസലുകൾക്ക് 382.64 കോടി രൂപയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും ഈ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരികയുമാണ്. ബാക്കിയുള്ള കൊച്ചി സർക്കിളിന്റെ പ്രൊപ്പോസലുകൾ കിഫ്ബിയുടെ പരിഗണനയിലാണ്.

പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തി, എം.എൽ.എ., എം.പി. എന്നിവരുടെ ഫണ്ട് ലഭ്യമാക്കിയും പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) ഇപ്പോൾ ജലവിതരണത്തിനായി കേരള വാട്ടർ അതോറിറ്റി താഴെപ്പറയുന്ന പൈപ്പുകൾ സ്ഥാപിച്ചുവരുന്നു:

1. കാസ്റ്റ് അയൺ
2. ഡക്റ്റൈൽ അയൺ
3. മൈൽഡ് സ്റ്റീൽ
4. ഗാൽവനൈസ്ഡ് അയൺ
5. പി.വി.സി.
6. പി.ഇ. (പോളി എത്തിലീൻ - മീഡിയം ഡെൻസിറ്റി & ഹൈ ഡെൻസിറ്റി)

പഴയ പ്രിമോ പൈപ്പുകൾ ഇപ്പോൾ തിരുവനന്തപുരം, പത്തനംതിട്ട, തൃശ്ശൂർ, കൊച്ചി, കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നീ വാട്ടർ അതോറിറ്റി സർക്കിളുകളുടെ പരിധിയിൽ നിലവിലുണ്ട്.

മലപ്പുറം ജില്ലയിലെ തിരൂരിൽ പ്രിമോ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു.

പ്രിമോ പൈപ്പുകൾ പൂർണ്ണമായി മാറ്റിസ്ഥാപിക്കുവാൻ എത്രകാലം വേണ്ടി വരുമെന്ന് കൃത്യമായി കണക്കാക്കിയിട്ടില്ല. എന്നാൽ വിവിധ ഫണ്ടുകളുടെ ലഭ്യതക്കനുസരിച്ച് ഇവ മാറ്റിസ്ഥാപിക്കുന്നതിന് മുന്തിയ പരിഗണന നൽകിവരുന്നു.

(സി) ഉണ്ട്. ഇത് പരിഹരിക്കുവാൻ താഴെപ്പറയുന്ന മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു:

1. കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിലേക്ക് പൈപ്പുലൈനുകൾ നീട്ടി കുടിവെള്ളം എത്തിക്കുന്നു.
2. വാൽവുകൾ ക്രമീകരിച്ച് കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നു.
3. തദ്ദേശഭരണ സ്ഥാപനങ്ങൾ, റവന്യൂ വകുപ്പ് എന്നിവ മുഖാന്തരം ടാങ്കർ ലോറികൾ വഴി കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നു.
4. ടാങ്കർ ലോറികൾ വഴിയുള്ള കുടിവെള്ള വിതരണം സുഗമമാക്കുവാൻ വേണ്ടി ഹൈഡ്രന്റുകളും വെൻഡിംഗ് പോയിന്റുകളും സ്ഥാപിക്കുന്നു.
5. പൈപ്പുലൈനുകളിൽ ഉണ്ടാകുന്ന അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പരിഹരിച്ചും പമ്പ്, മോട്ടോർ, വാൽവ് എന്നിവയിലുണ്ടാകുന്ന തകരാറുകൾ അടിയന്തരമായി പരിഹരിച്ച് കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നു.
6. സാങ്കേതികമായി സാധ്യമായ സ്ഥലങ്ങളിൽ പൈപ്പുലൈനുകളിൽ ഇന്റർകണക്ഷൻ വർക്കുകൾ നടത്തി കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ കുടിവെള്ളം എത്തിക്കുന്നു.
7. പമ്പ് ഹൗസുകളുടെ സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പാക്കുവാൻവേണ്ടി താൽക്കാലിക തടയണകൾ സ്ഥാപിക്കുന്നു. ഇതുവഴി പമ്പിംഗ് മുടങ്ങാതെ നടത്തുവാൻ സാധിക്കുന്നു.
8. ജലലഭ്യതയുള്ള പദ്ധതികളിൽ പമ്പിംഗ് സമയം കൂട്ടി കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ കുടിവെള്ളം എത്തിക്കുന്നു.
9. ശുദ്ധജലക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ച് ശുദ്ധജല വിതരണം നടത്തുന്നു.
10. കെ.എസ്.ഇ.ബി.എൽ.-മായി ആലോചിച്ച് വൈദ്യുതി തടസ്സം ഒഴിവാക്കി പമ്പിംഗ് തുടർച്ചയായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

കൂടാതെ സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ നിലനിൽക്കുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിലേക്കായി കിഫ്ബി, അമൃത്, നബാർഡ്, സ്റ്റേറ്റ് പ്ലാൻ, എൻ.ആർ.ഡി.ഡബ്ല്യൂ.പി., നീതി ആയോഗ്, എം.എൽ.എ.-എ.ഡി.എഫ്. എന്നീ ഫണ്ടുകൾ വിനിയോഗിച്ച് പുതിയ കുടിവെള്ള പദ്ധതികൾ (ജലശുദ്ധീകരണ ശാലകളും വിതരണ ശൃംഖലകളും ഉൾപ്പെടെ) നടപ്പിലാക്കിവരുന്നു.

**കുടിവെള്ള വിതരണ പദ്ധതികൾ**

198 (5786) ശ്രീ. എം. സ്വരാജ്:
ശ്രീ. പി. ഉണ്ണി:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാവർക്കും കുടിവെള്ള ലഭ്യത ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ നടത്തിവരുന്ന കുടിവെള്ള വിതരണ പ്രവർത്തനത്തെ ശാക്തീകരിക്കുന്നതിനായി കിഫ്ബി വഴി നടത്തുന്ന പദ്ധതികൾ ഏതെല്ലാമാണ്; പുരോഗതി അറിയിക്കാമോ;

(ബി) കൊച്ചി കോർപ്പറേഷനിൽ സദാസമയവും കുടിവെള്ളം ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ പ്രഖ്യാപിച്ച പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; ജിക്ക സഹായത്തോടെ നടപ്പാക്കി വരുന്ന പദ്ധതികൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) 2016-17-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 10 മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കും എല്ലായ്പ്പോഴും കുടിവെള്ളം ലഭ്യമാക്കാനുള്ള സമഗ്ര പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ;

(ഡി) കുടിവെള്ള വിതരണ പദ്ധതികൾക്കായി ലഭിച്ചുവന്ന കേന്ദ്ര സഹായം നിലച്ചിട്ടുണ്ടോ; ഇത് കുടിവെള്ള വിതരണ പദ്ധതികളുടെ നിർമ്മാണ പുരോഗതിയെ ബാധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) കുടിവെള്ള ലഭ്യത ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ നടത്തിവരുന്ന കുടിവെള്ള വിതരണ പ്രവർത്തനത്തെ ശാക്തീകരിക്കുന്നതിനായി കിഫ്ബി വഴി നടത്തുന്ന പദ്ധതികളും അവയുടെ നിലവിലെ അവസ്ഥയും അനുബന്ധം *ആയി ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കൊച്ചി കോർപ്പറേഷനിൽ 24 x7 കുടിവെള്ള വിതരണ സംവിധാനം ഏർപ്പെടുത്തുന്നതിന് എ.ഡി.ബി-യുടെ ധനസഹായത്താൽ ഒരു പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ പദ്ധതിയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) എ.ഡി.ബി.യുടെ തന്നെ ഒരു കൺസൽട്ടന്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഇത് വാട്ടർ അതോറിറ്റി പരിശോധിച്ചുവരുന്നു.

ജിക്ക ധനസഹായത്തോടെ നടപ്പിലാക്കിവരുന്ന 5 പദ്ധതികളിൽ തിരുവനന്തപുരം, ചേർത്തല, പട്ടുവം എന്നീ പദ്ധതികൾ പൂർത്തീകരിച്ച് ജലവിതരണം നടത്തിവരുന്നു. മീനാട്, കോഴിക്കോട് പദ്ധതികളിലെ വിതരണ ശൃംഖല ഒഴികെയുള്ളവ പൂർത്തീകരിച്ച് ഭാഗികമായി കമ്മീഷൻ ചെയ്തു. വിതരണ ശൃംഖലയുടെ അവശേഷിക്കുന്ന പണികളിൽ മീനാടിന്റ 100 കിലോമീറ്ററും കോഴിക്കോടിന്റെ 378 കിലോമീറ്ററും 2020 ഏപ്രിൽ-ഓടുകൂടി പൂർത്തീകരിച്ച് ജലവിതരണം നടത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) 2016-17-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 10 മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കും എല്ലായ്പ്പോഴും കുടിവെള്ളം ലഭ്യമാക്കാനുള്ള സമഗ്ര പദ്ധതിയുടെ നിലവിലെ പുരോഗതി അനുബന്ധം* ആയി ചേർക്കുന്നു.

(ഡി) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയാണ് സംസ്ഥാനത്ത് കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിക്കായി ലഭിച്ചുവന്നിരുന്ന കേന്ദ്ര സഹായത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. എന്നാൽ കേന്ദ്ര സഹായം പൂർണ്ണമായും നിലച്ചിട്ടില്ല.

കേന്ദ്രവിഹിതത്തിൽ ഉണ്ടായ കുറവ് പ്രസ്തുത പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്ന കുടിവെള്ള പദ്ധതികളുടെ നിർവ്വഹണത്തെ ബാധിച്ചിട്ടുണ്ട്.

കേന്ദ്രവിഹിതത്തിലുണ്ടായ കുറവ് കാരണം കരാറുകാർക്ക് പൂർത്തീകരിച്ച പ്രവൃത്തികളുടെ വകയിൽ കൊടുത്തുതീർക്കുവാനുള്ള തുക ഭീമമായ കുടിശ്ശികയാവുകയും പദ്ധതിനിർവ്വഹണം തടസ്സപ്പെടുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല, ഇതുകാരണം ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ ഏറ്റെടുക്കാൻ കരാറുകാർ തയ്യാറാകാത്ത സ്ഥിതിയുമുണ്ടായി. മേൽ കാരണങ്ങളാൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഏറ്റെടുത്തതും എന്നാൽ നിർവ്വഹണം ആരംഭിക്കാത്തതുമായ 55 പദ്ധതികളുടെ ഭരണാനുമതി 2016-ൽ റദ്ദാക്കുകയുണ്ടായി. കൂടാതെ 2015-16 സാമ്പത്തിക വർഷത്തിനുശേഷം പുതിയ പദ്ധതികളൊന്നും ഏറ്റെടുക്കാനും സാധിച്ചിട്ടില്ല. നിലവിൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഏറ്റെടുത്തു പൂർത്തീകരിച്ച പ്രവൃത്തികൾക്കായി ഏകദേശം 120 കോടി രൂപ കരാറുകാർക്ക് കൊടുത്തുതീർക്കുവാനുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

199 (5787) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രോജക്ടുകളായ കാരോട്, അതിയന്നൂർ എന്നീ കുടിവെള്ള പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുന്നതിന് എന്തൊക്കെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; എത്ര കോടി രൂപയുടെ ഡി.പി.ആർ. ആണ് പൂർത്തീകരിച്ചത് എന്ന് വിശദമാക്കാമോ;

(ബി) കിഫ്ബി പ്രോജക്ടുകൾക്ക് ഭരണാനുമതി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) കാരോട് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചോ എന്ന് വ്യക്തമാക്കാമോ; ഭൂമിയുടെ മതിപ്പുവില എത്രയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കാരോട്, കുളത്തൂർ, ചെങ്കൽ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി (86 കോടി), അതിയന്നൂർ, കോട്ടുകാൽ പഞ്ചായത്തുകൾ (25 കോടി) എന്നിവയ്ക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതി എന്നിവയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. തുടർന്ന് കിഫ്ബി ആവശ്യപ്പെട്ടതനുസരിച്ച് എസ്റ്റിമേറ്റ് തുക പുതുക്കി കൊണ്ടുള്ള പ്രോജക്ട് റിപ്പോർട്ട് കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| നമ്പർ | പദ്ധതി | വിശദമായ പ്രോജക്ട് റിപ്പോർട്ടിൽ സമർപ്പിച്ച തുക | പുതുക്കിയ തുക (കോടി) |
|---|---|---|---|
| 1. | കാരോട്, കുളത്തൂർ, ചെങ്കൽ | 86 കോടി | 90.23 |
| 2. | അതിയന്നൂർ, കോട്ടുകാൽ | 25 കോടി | 25.52 |

(ബി) മേൽപ്പറഞ്ഞ കിഫ്ബി പദ്ധതികൾക്ക് ആവശ്യമായ ജലം നെയ്യാർ നദിയിൽനിന്നും ലഭ്യമാകുമോ എന്നതു സംബന്ധിച്ച ചില ആശങ്ക കിഫ്ബി പ്രകടിപ്പിച്ചിരുന്നു. ഇതുകാരണമാണ് ധനസഹായ അനുമതി ലഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നത്. സ്രോതസ്സിന്റെ ജല ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള വിശദാംശങ്ങൾ കേരള വാട്ടർ അതോറിറ്റി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

(സി) പദ്ധതിക്ക് തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുള്ളതിനാൽ പദ്ധതിയുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കുന്നതിനുള്ള പ്രാഥമിക നടപടിക്രമങ്ങൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## പാരമ്പര്യ ജലസ്രോതസ്സുകളുടെ സംരക്ഷണം

200 (5788) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത് എന്ന് അറിയിക്കാമോ ;

(ബി) ഒരു മണ്ഡലത്തിൽ ഒരു കുളം നവീകരിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പാറശ്ശാല നിയോജകമണ്ഡലത്തിൽ ഏത് കുളമാണ് നവീകരിച്ചത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ കാരക്കോണം ജംഗ്ഷനിൽ സ്ഥിതിചെയ്യുന്ന രണ്ടേക്കറോളം വിസ്തൃതിയുള്ള ഇരട്ടക്കുളം നാശത്തിന്റെ വക്കിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കുളം നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

### <u>ഉത്തരം</u>

(എ) കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി നടപടി എടുക്കാറുണ്ട്. ഇത്തരം സ്രോതസ്സുകൾ കമ്പിവേലി കെട്ടി സംരക്ഷിച്ചും മലിനീകരണത്തിനെതിരെയുള്ള പരസ്യ ബോർഡുകൾ സ്ഥാപിച്ചും സംരക്ഷിക്കുന്നതിനാൽ മനുഷ്യ ഇടപെടൽമൂലമുണ്ടാകുന്ന നശീകരണമുണ്ടാകാതെ ഇത്തരം സ്രോതസ്സുകൾ നിലനിൽക്കുന്നുണ്ട്. കുടിവെള്ള സ്രോതസ്സുകളായി ഉപയോഗപ്പെടുത്താൻ കഴിയുന്ന പരമ്പരാഗത സ്രോതസ്സുകൾ നവീകരിച്ച് ഉപയോഗപ്പെടുത്താൻ അതോറിറ്റി ശ്രമിക്കാറുണ്ട്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ ആനതാഴ്ചിറ, വണ്ടിച്ചിറ എന്നീ കുളങ്ങൾ അതോറിറ്റി ഇപ്പോൾ നവീകരിച്ച് കുടിവെള്ള സ്രോതസ്സായി ഉപയോഗപ്പെടുത്തുന്നു.

ജലസേചന വകുപ്പിൽ പാരമ്പര്യ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് കുളങ്ങളുടെയും ടാങ്കുകളുടെയും നവീകരണത്തിന് പ്രധാനമായി ഹരിത കേരളം പദ്ധതി നിലവിലുണ്ട്. കൂടാതെ പ്ലാൻ സ്കീമുകളായ എം.ഐ. ക്ലാസ്സ് 1, എം.ഐ. ക്ലാസ്സ് 2, എം.ഐ. ക്ലാസ്സ് 1 ഹരിത കേരളം, എം.ഐ. ക്ലാസ്സ് 2 ഹരിത കേരളം, എം.ഐ. പ്രോജക്ട് ഇൻ കാവേരി ബേസിൻ എന്നീ പദ്ധതികളിലും നോൺ പ്ലാൻ ശീർഷകങ്ങളായ എഫ്.സി, എഫ്.ഡി, പി.എം. എന്നീ പദ്ധതികളിലും ഉൾപ്പെടുത്തി ജലസ്രോതസ്സുകളുടെ സംരക്ഷണം നടപ്പിലാക്കാറുണ്ട്. ഇതുകൂടാതെ ഫണ്ടുകളുടെ ലഭ്യത അനുസരിച്ച് തോടിന്റെയും നദികളുടെയും പുനരുദ്ധാരണ പ്രവൃത്തികളും അടിഞ്ഞുകൂടുന്ന എക്കൽ നീക്കം ചെയ്യുക, പാർശ്വഭിത്തിയുടെ സംരക്ഷണം, മാലിന്യനിർമ്മാർജ്ജനം എന്നിവയും ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

ചിറ്റൂർപ്പുഴ പദ്ധതിയിലുൾപ്പെടുന്ന കമ്പാലത്തറ, കുന്നംപിടാരി, വെങ്കലക്കയം എന്നീ ഏരിയകളുടെ നവീകരണത്തിനായി പദ്ധതിരേഖ തയ്യാറാക്കിവരുന്നു.

ഹരിത കേരളം മിഷന്റെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളുടെയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുൾപ്പെടെയുള്ള വിവിധ ഏജൻസികളുടെയും പങ്കാളിത്തത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പാരമ്പര്യ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ജലസ്രോതസ്സുകളുടെ ശാസ്ത്രീയമായ പുനരുജ്ജീവനവും വൃഷ്ടിപ്രദേശ പരിപാലനവും ഉറപ്പുവരുത്തുന്നതിനായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും നീർത്തട പ്ലാനുകൾ തയ്യാറാക്കുന്നതിനായി സാങ്കേതിക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഈ സമിതികളുടെ നേതൃത്വത്തിൽ ഇതുവരെ 843 തദ്ദേശഭരണ സ്ഥാപനങ്ങളിലെ നീർത്തട പ്ലാനുകൾ തയ്യാറായിട്ടുണ്ട്. ഈ പ്ലാനുകളിൽ ഉൾപ്പെട്ട പ്രവൃത്തികൾ വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ നിർവ്വഹണവും ആരംഭിച്ചിട്ടുണ്ട്. ഹരിത കേരളം മിഷന്റെ ഭാഗമായി ഇതുവരെ 202 കിലോമീറ്റർ പുഴകളും 18138 കിലോ മീറ്റർ നീർച്ചാലുകളും പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. 15381 കുളങ്ങൾ നവീകരിച്ചു. 48936 കിണറുകളിൽ റീച്ചാർജിംഗും 147239 ഏക്കർ വൃഷ്ടിപ്രദേശ പരിപാലനവും നിർവ്വഹിച്ചിട്ടുണ്ട്.

പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന്റെ ഭാഗമായി സർക്കാർ/ അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ തുറന്ന കിണറുകളിലെ ജലവിതാനം മെച്ചപ്പെടുത്തുന്നതിനായി കൃത്രിമ ഭൂജല സംപോഷണ മാർഗ്ഗങ്ങൾ ഭൂജലവകുപ്പ് അവലംബിച്ചുവരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ ഭൂജലസംരക്ഷണവും കൃത്രിമഭൂജല സംപോഷണവും പദ്ധതിയിൻകീഴിൽ മേൽക്കൂര വഴി മഴവെള്ള

കൊയ്ത്തിലൂടെ തുറന്ന കിണർ/റീചാർജ് പിറ്റ് വഴിയുള്ള 76 ഭൂജലസംപോഷണ പദ്ധതികൾ വിവിധ ജില്ലകളിലും 5 കുഴൽക്കിണർ റീചാർജ് കാസർഗോഡ് ജില്ലയിലും പൂർത്തീകരിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ഭൂജല വകുപ്പിന് 450 ലക്ഷം രൂപ ഭൂജലസംപോഷണ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. വിവിധ ജില്ലകളുടെ 50-ഓളം പ്രൊപ്പോസലുകളിന്മേൽ അനുമതി നൽകിയിട്ടുണ്ട്. ബാക്കി പ്രൊപ്പോസലുകളിന്മേൽ സൂക്ഷ്മ പരിശോധന നടന്നുവരുന്നു.

ജലനിധി പദ്ധതികൾ നടപ്പിലാക്കുന്ന സ്ഥലങ്ങളിൽ പാരമ്പര്യ സ്രോതസ്സുകളെ ആശ്രയിച്ചാണ് ജലനിധി പദ്ധതികൾ ആവിഷ്കരിക്കുന്നത്. ഈ ജലസ്രോതസ്സുകളെ ഭൂജല പരിപോഷണം, തടയണകൾ, ചെക്ക് ഡാം, വി.സി.ബി. (vented cross bar), കുളം സംരക്ഷണം, മണ്ണുസംരക്ഷണം മുതലായ പദ്ധതികൾ നടപ്പിലാക്കി സംരക്ഷിക്കുന്നു. കൂടാതെ സ്വകാര്യ പൊതു കിണറുകൾ ഭൂജല പരിപോഷണം നടത്തി സംരക്ഷിക്കാനുള്ള പദ്ധതികളും ഏറ്റെടുക്കുന്നുണ്ട്.

(ബി) ഒരു മണ്ഡലത്തിൽ ഒരു കുളം എന്ന പദ്ധതി നിലവിലില്ല. എന്നാൽ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ പാറശ്ശാല മണ്ഡലത്തിൽ താഴെ പറയുന്ന കുളങ്ങൾ നവീകരിച്ചിട്ടുണ്ട്:

1. ആര്യൻകോട് പഞ്ചായത്തിലെ കീഴാറൂർ വാർഡിലെ മുക്കലംപോട് ചെരുതംപോട് പൊതുകുളം - (2012-13) – 5 ലക്ഷം
2. കൊല്ലയിൽ പഞ്ചായത്തിലെ തോട്ടിയമൂലക്കുളം - 2013 -14 - 5 ലക്ഷം
3. ഒറ്റശേഖരമംഗലം പഞ്ചായത്തിലെ ചടയമ്പ്രക്കോണം - 2013 -14 - 5 ലക്ഷം
4. കുന്നത്തുകാൽ പഞ്ചായത്തിലെ കാരക്കോണം വാർഡിലെ ഇരട്ടക്കുളം - 2013 -14 - 5 ലക്ഷം
5. വെള്ളറട പഞ്ചായത്തിലെ വെൺമരുത്തുകുളം - 2013 -14 - 5 ലക്ഷം
6. അമ്പൂരി പഞ്ചായത്തിലെ പൊതുകുളം - 5 ലക്ഷം 2013 -14 - ൽ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചുവെങ്കിലും പതിമൂന്നാം ധനകാര്യകമ്മീഷൻ അവാർഡ് പ്രവൃത്തികളിൽ ഉൾപ്പെടുത്തി നവീകരിച്ചു.
7. പാറശ്ശാല പഞ്ചായത്തിലെ ആര്യശ്ശേരി ചിറകുളം - 2013 -14 – 5.5 ലക്ഷം

(സി) കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ കാരക്കോണം ജംഗ്ഷനിൽ സ്ഥിതിചെയ്യുന്ന ഇരട്ടക്കുളം, ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി 2014-ൽ നവീകരിച്ചിരുന്നു. ഇപ്പോൾ പ്രസ്തുത കുളം കാടുപിടിച്ച് കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2019-20 വർഷത്തെ പ്രവൃത്തികളുടെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി പ്രസ്തുത കുളം വൃത്തിയാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കേരള വാട്ടർ അതോറിറ്റി പുനഃസംഘടന

201 (5789) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി എ.ഡി.ബി.-യിൽനിന്നും വായ്പ എടുത്ത് തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലെ കുടിവെള്ള വിതരണ പൈപ്പുകളും പമ്പ് ഹൗസുകളും മാറ്റുന്നതിനുള്ള പദ്ധതി പരിഗണനയിൽ ഉണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും വ്യവസ്ഥകളും എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി വൻകിട സ്വകാര്യ കമ്പനികൾ നിർമ്മിച്ച് ഓപ്പറേറ്റ് ചെയ്യുന്ന വ്യവസ്ഥ (ബി.ഒ.ടി.) പ്രകാരമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ പ്രസ്തുത വ്യവസ്ഥകൾ സർക്കാരിന്റെ പ്രഖ്യാപിത നയത്തിന് അനുസൃതമാണോ എന്നും വ്യക്തമാക്കാമോ;

(സി) കേരള വാട്ടർ അതോറിറ്റി പുനഃസംഘടന സംബന്ധിച്ച് ഐ.ഐ.എം.ബി. (IIMB) തയ്യാറാക്കിയ പ്രോസസ്സ് റീഎഞ്ചിനീയറിംഗ്, ഫിനാൻഷ്യൽ സസ്റ്റൈനബിലിറ്റി റിപ്പോർട്ടുകളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത റിപ്പോർട്ട് നിലവിലുള്ളപ്പോൾ കേരള വാട്ടർ അതോറിറ്റി പുനഃസംഘടന സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ സുശീൽ ഖന്നയെ നിയോഗിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) എ.ഡി.ബി -യുടെ ധനസഹായത്തോടെ തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ 24 x 7 ജലവിതരണ സംവിധാനം നടപ്പിലാക്കുന്നതിനുള്ള ഒരു പദ്ധതി പരിഗണനയിലുണ്ട്. ഈ പദ്ധതിയിൽ പ്രധാനമായും ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ താഴെപ്പറയും പ്രകാരമാണ്:

1. ഉൽപ്പാദന ഘടകങ്ങളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക.
2. കാലപ്പഴക്കം വന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കുക.
3. വിതരണ ശൃംഖലയെ വിവിധ മേഖലകളായി തിരിച്ച് ഡി.എം.എ (District Metering Area)കൾ സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമാക്കുകയും ജല ചോർച്ച നിയന്ത്രണത്തിൽ ആക്കുകയും ചെയ്യുക. പദ്ധതി പൂർത്തിയാകുമ്പോൾ നിലവിലെ ജലചോർച്ച ദേശീയ ബഞ്ച് മാർക്ക് നിലവാരമായ 20 ശതമാനത്തിൽ എത്തിക്കുവാനും ലക്ഷ്യമിടുന്നു.
4. മർദ്ദ നിയന്ത്രണ ഉപകരണങ്ങളും ഫ്ളോമീറ്ററുകളും എല്ലാ മേഖലകളിലും സ്ഥാപിക്കുക.
5. SCADA (Supervisory control and data acquisition) പോലെയുള്ള ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ജലവിതരണ സംവിധാനം നിയന്ത്രിക്കുക.
6. പഴയതും ചോർച്ചയുള്ളതുമായ സർവ്വീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക.
7. ഉപഭോക്തൃ വാട്ടർ മീറ്ററുകൾ മാറ്റി ഉന്നതനിലവാരമുള്ള മീറ്ററുകളും ബൽക്ക് കൺസ്യൂമേഴ്സിന് സ്മാർട്ട് മീറ്ററുകളും സ്ഥാപിക്കുക.
8. വിതരണ ശൃംഖലയുടെ സർവ്വേ നടത്തി GIS മാപ്പ് തയ്യാറാക്കുക.
9. ഐ.റ്റി അധിഷ്ഠിത എം.ഐ.എസ് -ലൂടെ കൃത്യമായ മാനേജ്മെന്റ് സംവിധാനങ്ങൾ ഉറപ്പാക്കുക.
10. 24x7 പദ്ധതി 7 വർഷത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

ഈ പദ്ധതി സംബന്ധിച്ച വ്യവസ്ഥകളൊന്നും തീരുമാനിച്ചിട്ടില്ല.

(ബി) മറ്റുള്ള ജലവിതരണ പദ്ധതികൾ നടപ്പിലാക്കുന്നതുപോലെ 24x7 ജലവിതരണ പദ്ധതിയും കോൺട്രാക്ടർ മുഖേനയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. എ.ഡി.ബി. സമർപ്പിച്ച ഡി.പി.ആർ.-ൽ പദ്ധതിയുടെ രൂപകൽപ്പന, നിർമ്മാണം, ഓപ്പറേഷൻ, മെയിന്റനൻസ് എന്നിവ കോൺട്രാക്ടറാണ് ചെയ്യുന്നത്. എന്നാൽ വാട്ടർ അതോറിറ്റി നേരിട്ട് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഒന്നും കോൺട്രാക്ടറെ ഏൽപ്പിക്കുന്നതല്ല. സർക്കാരിന്റെ പ്രഖ്യാപിത നയത്തിന് എതിരായിട്ട് പദ്ധതിയിൽ ഒന്നുംതന്നെ ചെയ്യുന്നില്ല.

(സി) കേരള വാട്ടർ അതോറിറ്റിയുടെ സ്ഥാപനശാക്തീകരണത്തിന്റെ ഭാഗമായി പ്രോസസ്സ് റീ-എഞ്ചിനീയറിംഗും ഫിനാൻഷ്യൽ റീ-എഞ്ചിനീയറിംഗും നടപ്പിലാക്കണമെന്ന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, ബാംഗ്ലൂർ ശിപാർശ ചെയ്തിരുന്നു.

മേൽ പറഞ്ഞ റിപ്പോർട്ട് സ്ഥാപന ശാക്തീകരണത്തിനായി വാട്ടർ അതോറിറ്റിയിൽ രൂപീകരിച്ച കമ്മിറ്റി വിലയിരുത്തുകയും താഴെപ്പറയുന്ന പ്രവൃത്തികൾ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം നടപ്പിലാക്കുകയും ചെയ്തു:

1. പദ്ധതികൾ നടപ്പിലാക്കുന്നത് പൂർണ്ണമായും പ്രോജക്ട് ഡിവിഷനുകളുടെ കീഴിലാക്കി. ഇതിനായി 16 പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ചു. ജല അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി അതോറിറ്റി നടപ്പാക്കുന്ന എല്ലാ മേജർ പദ്ധതികളും ഈ 16 പ്രോജക്ട് ഡിവിഷനുകളുടെ പരിധിയിലാക്കുകയും ചെയ്തു.

2. ജല അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി പൗരാവകാശരേഖ പ്രസിദ്ധീകരിച്ചു.

3. വാട്ടർ അതോറിറ്റിയുടെ പരിഷ്കരിച്ച വെബ്സൈറ്റ് തുറന്നു.

4. ഉപഭോക്തൃ സേവനത്തിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി.

5. പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി എല്ലാ സബ്ഡിവിഷനുകളിലും ഹെൽപ്പ് ഡസ്കുകൾ തുടങ്ങുന്നതിനുള്ള നടപടികൾ എടുത്തു.

6. അറ്റകുറ്റപ്പണികൾ കാലതാമസം ഒഴിവാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം നടപ്പിലാക്കി. അത് എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

7. വാട്ടർ അതോറിറ്റിയുടെ എല്ലാ ജില്ലകളിലെയും ആസ്തികൾ തിട്ടപ്പെടുത്തി മാപ്പിംഗ് നടത്തി കമ്പ്യൂട്ടറിലാക്കാനുള്ള പ്രവർത്തനം പുരോഗമിച്ചുവരുന്നു.

8. ജലഅതോറിറ്റി ഓഫീസുകൾ കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്ന നെറ്റ്‌വർക്ക് നടപ്പിലാക്കി. കേന്ദ്രീകൃത ബില്ലിംഗും (അബാക്കസ്), ഇ-പേമെന്റ് സംവിധാനവും കംപ്ലെയിന്റ് റിഡ്രസ്സൽ സിസ്റ്റവും - ടെണ്ടറിംഗും നടപ്പിലാക്കി.

(ഡി) ഐ.ഐ.എം.ബി (IIMB) നടത്തിയ പഠനം കേരള വാട്ടർ അതോറിറ്റിയുടെ സ്ഥാപന ശാക്തീകരണം സംബന്ധിച്ചായിരുന്നു.

1984-ൽ വാട്ടർ അതോറിറ്റി രൂപീകരിച്ചതിനുശേഷം അനവധി പദ്ധതികൾ നടപ്പിലാക്കുകയും വാട്ടർ കണക്ഷനുകൾ നൽകുകയും ചെയ്തെങ്കിലും ഇപ്പോഴും 25 വർഷം മുമ്പുള്ള സ്റ്റാഫ് പാറ്റേൺ മാത്രമേ നിലവിൽ ഉള്ളൂ. ഇത് നിലവിലുള്ള പദ്ധതികളെയും ഇപ്പോൾ നടപ്പിലാക്കിവരുന്ന കിഫ്ബി, അമൃത് തുടങ്ങിയ ബൃഹത്പദ്ധതികളെയും പരിപാലിക്കുന്നതിന് വളരെയധികം ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക ബാധ്യത കണക്കിലെടുത്ത് പുതിയ തസ്തികകളുടെ എണ്ണം പരമാവധി കുറയ്ക്കേണ്ടി വരുന്നതിനാലും നിലവിലുള്ള തസ്തികകൾ പുനഃക്രമീകരിക്കേണ്ടത് ആവശ്യമായി വന്നതുകൊണ്ടുമാണ് അതോറിറ്റിയുടെ പുനഃസംഘടനയെക്കുറിച്ച് ആലോചിക്കേണ്ടി വന്നത്. കൂടാതെ പുതിയ കാലഘട്ടത്തിലെ നവീന ആശയങ്ങൾ ജലഅതോറിറ്റിക്ക് ലഭ്യമാക്കുന്നതിനുവേണ്ടിയാണ് പുനഃസംഘടനയെക്കുറിച്ച് റിപ്പോർട്ട് നൽകാൻ സുശീൽ ഖന്നയെ നിയോഗിക്കാൻ തീരുമാനിച്ചത്.

## കേരള വാട്ടർ അതോറിറ്റിയിൽ പുതിയ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

202 (5790) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ പുതിയ സർക്കിൾ, സെക്ഷൻ, സബ്ഡിവിഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ നിലവിലുള്ള കേരള വാട്ടർ അതോറിറ്റിയുടെ വിവിധ ഓഫീസുകളുടെ വിശദാംശം നൽകുമോ;

(സി) ജോലിഭാരം കണക്കിലെടുത്തും പൊതുജനങ്ങൾക്ക് പെട്ടെന്ന് സേവനങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി പ്രസ്തുത ജില്ലയിൽ പുതിയ സെക്ഷൻ, സബ്ഡിവിഷൻ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

### ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിൽ പുതിയ സർക്കിൾ, സെക്ഷൻ, സബ്ഡിവിഷൻ ഓഫീസുകൾ ആരംഭിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ നിലവിലില്ല. എന്നിരുന്നാലും ഏതെങ്കിലും സർക്കിൾ ഓഫീസുകൾക്ക്

പരിധിയിൽ കൂടുതൽ ഡിവിഷൻ ഓഫീസുകൾ വരുമ്പോഴാണ് പുതിയ സർക്കിൾ ഓഫീസുകൾ രൂപീകരിക്കുന്നതിന് തീരുമാനിക്കുന്നത്. നിലവിലെ സബ് ഡിവിഷൻ ഓഫീസുകളുടെ അധികാരപരിധിയിൽ വരുന്ന വാട്ടർ കണക്ഷനുകളുടെ എണ്ണം, ജലവിതരണ പദ്ധതികളുടെ എണ്ണം, MLD കണക്കിലുള്ള ഉല്പാദനത്തിന്റെ അളവ്, പ്രസ്തുത പ്രദേശങ്ങളിലെ ജനസംഖ്യ എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ജലവിതരണം, പദ്ധതി നിർവ്വഹണം എന്നിവ സമയബന്ധിതമായി നടപ്പിലാക്കുവാൻവേണ്ടിയാണ് പുതിയ സെക്ഷൻ, സബ് ഡിവിഷൻ ഓഫീസുകൾ ആരംഭിക്കുന്നത്.

(ബി) മലപ്പുറം ജില്ലയിൽ കേരള വാട്ടർ അതോറിറ്റിക്ക് ഒരു സർക്കിൾ ഓഫീസും മൂന്ന് ഡിവിഷൻ ഓഫീസുകളും 6 സബ് ഡിവിഷൻ ഓഫീസുകളും 15 സെക്ഷൻ ഓഫീസുകളും ഉണ്ട്.

മലപ്പുറം പി.എച്ച് സർക്കിളിന് കീഴിലുള്ള ഡിവിഷൻ, സബ് ഡിവിഷൻ, സെക്ഷൻ ഓഫീസുകൾ ചുവടെ പറയുന്നു:

1. പി. എച്ച്. ഡിവിഷൻ, മലപ്പുറം

| നമ്പർ | സബ് ഡിവിഷൻ ഓഫീസുകൾ | സെക്ഷൻ ഓഫീസുകൾ |
|---|---|---|
| 1. | പി. എച്ച്. സബ് ഡിവിഷൻ, മലപ്പുറം | 1. പി. എച്ച്. സെക്ഷൻ-1, മലപ്പുറം |
| | | 2. പി. എച്ച്. സെക്ഷൻ-2, മലപ്പുറം |
| | | 3. പി. എച്ച്. സെക്ഷൻ, കൊണ്ടോട്ടി |
| 2. | പി. എച്ച്. സബ് ഡിവിഷൻ, മഞ്ചേരി | 1. പി. എച്ച്. സെക്ഷൻ, മഞ്ചേരി |
| | | 2. പി. എച്ച്. സെക്ഷൻ, അരീക്കോട് |
| | | 3. പി. എച്ച്. സെക്ഷൻ, നിലമ്പൂർ |
| 3. | പി. എച്ച് സബ് ഡിവിഷൻ, പെരിന്തൽമണ്ണ | 1. പി. എച്ച്. സെക്ഷൻ, പെരിന്തൽമണ്ണ |
| | | 2. പി. എച്ച്. സെക്ഷൻ, മങ്കട |
| | | 3. പി. എച്ച്. സെക്ഷൻ, വണ്ടൂർ |
| 4. | പി. എച്ച് സബ് ഡിവിഷൻ, പരപ്പനങ്ങാടി | പി. എച്ച്. സെക്ഷൻ, പരപ്പനങ്ങാടി |
| | | പി. എച്ച്. സെക്ഷൻ, തിരൂരങ്ങാടി |

2. പി. എച്ച്. ഡിവിഷൻ, എടപ്പാൾ

| നമ്പർ | സബ് ഡിവിഷൻ ഓഫീസുകൾ | സെക്ഷൻ ഓഫീസുകൾ |
|---|---|---|
| 1. | പി. എച്ച്. സബ് ഡിവിഷൻ, തിരൂർ | 1. പി. എച്ച്. സെക്ഷൻ, തിരൂർ |
| | | 2. പി. എച്ച്. സെക്ഷൻ, കോട്ടയ്ക്കൽ |
| 2. | പി. എച്ച്. സബ് ഡിവിഷൻ, പൊന്നാനി | പി. എച്ച്. സെക്ഷൻ, പൊന്നാനി |
| | | പി. എച്ച്. സെക്ഷൻ, എടപ്പാൾ |

3. പ്രോജക്റ്റ് ഡിവിഷൻ, മലപ്പുറം

(സി) നിലവിലെ സബ് ഡിവിഷൻ ഓഫീസുകളുടെ അധികാരപരിധിയിൽ വരുന്ന വാട്ടർ കണക്ഷനുകളുടെ എണ്ണം, ജലവിതരണ പദ്ധതികളുടെ എണ്ണം, MLD കണക്കിലുള്ള ഉല്പാദനത്തിന്റെ അളവ്, പ്രസ്തുത പ്രദേശങ്ങളിലെ ജനസംഖ്യ എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ജലവിതരണം, പദ്ധതി നിർവ്വഹണം എന്നിവയുടെ അടിസ്ഥാനത്തിൽ ആവശ്യമായ പഠനം നടത്തിയശേഷം ആവശ്യമെങ്കിൽ പരിഗണിക്കാവുന്നതാണ്.

## വാമനപുരം മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിയ പദ്ധതികൾ

203 (5791) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ വാമനപുരം നിയോജകമണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി വഴി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും എത്ര രൂപ വീതം ചെലവഴിച്ചു; വിശദവിവരങ്ങൾ നൽകാമോ;

(സി) നിലവിൽ ഭരണാനുമതി ലഭിച്ച് പൂർത്തീകരിക്കേണ്ട പദ്ധതികളുടെ വിശദവിവരങ്ങൾ അറിയിക്കാമോ;

(ഡി) വരും വർഷങ്ങളിൽ നടപ്പിലാക്കുന്നതിന് പരിഗണനയിലുള്ള പദ്ധതികളുടെ വിവരങ്ങൾ നൽകാമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം നിയോജകമണ്ഡലത്തിൽ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം അനുബന്ധം* ആയി ചേർക്കുന്നു.

(സി) അനുബന്ധം* ആയി ചേർക്കുന്നു.

(ഡി) 1. ആനാട്, കുറുപുഴ, പാലോട് വില്ലേജുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ മൂന്നാംഘട്ട പദ്ധതിയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

2. പെരിങ്ങമല, തെന്നൂർ വില്ലേജുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പ്രോജക്ട് പ്ലാനിംഗ്, ഡിസൈൻ വിഭാഗത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## പിറവം വാട്ടർ അതോറിറ്റി പ്രോജക്ട് ഡിവിഷൻ ഓഫീസിനുകീഴിൽ നിലവിലുള്ള പദ്ധതികൾ

204 (5792) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം വാട്ടർ അതോറിറ്റി പ്രോജക്ട് ഡിവിഷൻ ഓഫീസിനുകീഴിൽ നിലവിൽ എത്ര പദ്ധതികൾ നടന്നുവരുന്നുവെന്ന വിവരം ലഭ്യമാക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും ഇപ്പോഴത്തെ ഘട്ടവും പദ്ധതിയുടെ ഗുണഫലങ്ങൾ ലഭ്യമാകുന്ന പ്രദേശങ്ങളും സംബന്ധിച്ച വിവരം അറിയിക്കുമോ?

ഉത്തരം

(എ & ബി) പിറവം വാട്ടർ അതോറിറ്റി പ്രോജക്ട് ഡിവിഷൻ ഓഫീസിനുകീഴിൽ നിലവിൽ നബാർഡ്, കിഫ്ബി ധനസഹായത്തോടുകൂടിയുള്ള 8 പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ആരക്കുഴ-പാലക്കുഴ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള വിതരണ പദ്ധതിയുടെ (1350 ലക്ഷം രൂപ) ഘടകങ്ങളായ കിണർ, റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ/ഗ്രാവിറ്റി മെയിൻ, ഭൂതല ജലസംഭരണി, ഉന്നതതല സംഭരണി എന്നീ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. ശുദ്ധീകരണശാലയും അനുബന്ധ പ്രവൃത്തികളും പുരോഗമിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2. കോതമംഗലം മണ്ഡലത്തിൽ ഉൾപ്പെട്ട കുട്ടമ്പുഴ പഞ്ചായത്തിലെ ഇഞ്ചത്തൊട്ടിക്കുവേണ്ടിയുള്ള ചെറുകിട കുടിവെള്ള വിതരണ പദ്ധതി (92 ലക്ഷം രൂപ) കിണറും പമ്പ് ഹൗസും ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ഉന്നതതല സംഭരണി നിർമ്മിക്കൽ, വിതരണ ശൃംഖല സ്ഥാപിക്കൽ, പ്രഷർ ഫിൽറ്റർ, പമ്പ് സെറ്റ് എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾ - 40% പൂർത്തീകരിച്ചു. കുട്ടമ്പുഴ പഞ്ചായത്തിലെ ഇഞ്ചത്തൊട്ടി വാർഡിന് മുഴുവൻ ഈ പദ്ധതിയിലൂടെ കുടിവെള്ളം ലഭ്യമാകുന്നതാണ്.

3. കിഫ്ബി ധനസഹായത്തോടെയുള്ള മൂവാറ്റുപുഴ മണ്ഡലത്തിലെ പൈങ്ങോട്ടൂർ പഞ്ചായത്തിനുവേണ്ടിയുള്ള സമഗ്ര കുടിവെള്ളപദ്ധതി (2882 ലക്ഷം രൂപ) സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. പൈങ്ങോട്ടൂർ പഞ്ചായത്തിനുവേണ്ടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

4. കിഫ്ബി ധനസഹായത്തോടെയുള്ള പിറവം നഗര കുടിവെള്ള പദ്ധതി (276 ലക്ഷം രൂപ)- കക്കാട് ജലശുദ്ധീകരണശാല മുതൽ ഹോസ്പിറ്റൽ ജംഗ്ഷൻ വരെ 3350 മീറ്റർ നീളത്തിൽ കേടായ 350 എം.എം. എ.സി. പൈപ്പ് മാറ്റി 350 എം.എം. ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന ജോലി സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. പിറവം പഞ്ചായത്തിനുവേണ്ടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

5. കിഫ്ബി ധനസഹായത്തോടെയുള്ള കോതമംഗലം നഗര കുടിവെള്ള പദ്ധതി (73 ലക്ഷം രൂപ)- അമ്പലപ്പറമ്പ് മുതൽ വലിയപാറ വരെ കേടായ 300 എം.എം. എ.സി. പൈപ്പ് മാറ്റി 1000 മീറ്റർ 300 എം.എം. ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന ജോലി സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. കോതമംഗലം പഞ്ചായത്തിനുവേണ്ടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

6. കിഫ്ബി ധനസഹായത്തോടെയുള്ള പോത്താനിക്കാടിനും പല്ലാരിമംഗലത്തിനുംവേണ്ടിയുള്ള ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതി (180 ലക്ഷം രൂപ) – പോത്താനിക്കാട് പഞ്ചായത്തിൽ കേടായ 250 എം.എം. എ.സി. പൈപ്പ് മാറ്റി 250 എം.എം.ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന ജോലി സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. പോത്താനിക്കാട്, പല്ലാരിമംഗലം പഞ്ചായത്തുകൾക്കുവേണ്ടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

7. കിഫ്ബി ധനസഹായത്തോടെയുള്ള പിറവത്തിനും അനുബന്ധ പഞ്ചായത്തുകൾക്കുംവേണ്ടിയുള്ള കുടിവെള്ള പദ്ധതി (182 ലക്ഷം രൂപ) – കക്കാട് ജലശുദ്ധീകരണശാല മുതൽ പാഴൂർ സമ്പ് വരെ 2650 മീറ്റർ 250 എം.എം. എ.സി.

പൈപ്പ് മാറ്റി 250 എം.എം. ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന ജോലി - സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. എടക്കാട്ടുവയൽ, ആമ്പല്ലൂർ, ഉദയംപേരൂർ (ഭാഗികം), പിറവം (ഭാഗികം) എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

8. കിഫ്ബി ധനസഹായത്തോടെയുള്ള കോതമംഗലം നഗര കുടിവെള്ള പദ്ധതി - (176 ലക്ഷം രൂപ) ജവഹർ ജംഗ്ഷൻ മുതൽ മാതിരപ്പിള്ളി ജംഗ്ഷൻ വരെ 2000 മീറ്റർ നീളത്തിൽ കേടായ 300 എം.എം. എ.സി. പൈപ്പ് മാറ്റി 300 എം.എം. ഡി.ഐ പൈപ്പ് സ്ഥാപിക്കുന്ന ജോലി - സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. കോതമംഗലം പഞ്ചായത്തിനുവേണ്ടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

## വാട്ടർ അതോറിറ്റിയുടെ ഡിവിഷൻ ഓഫീസ്

205 (5793) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കേന്ദ്രമാക്കി വാട്ടർ അതോറിറ്റിയുടെ ഒരു ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

ഉത്തരം

കായംകുളം കേന്ദ്രമാക്കി ഒരു പുതിയ ഡിവിഷൻ ഓഫീസ് ആരംഭിക്കണമെന്ന ബഹുമാനപ്പെട്ട കായംകുളം എം.എൽ.എ.-യുടെ നിവേദനം പരിശോധിക്കുകയും ആലപ്പുഴ പി.എച്ച്. ഡിവിഷൻ വിഭജിച്ച് കായംകുളം ആസ്ഥാനമാക്കി ഒരു പുതിയ ഡിവിഷൻ ആരംഭിക്കേണ്ടതിന്റെ ആവശ്യകത കേരള വാട്ടർ അതോറിറ്റിയുടെ മദ്ധ്യമേഖലാ ചീഫ് എഞ്ചിനീയർ അറിയിക്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്ത് കേരള വാട്ടർ അതോറിറ്റിക്ക് സ്വന്തമായി സ്ഥലസൗകര്യം ഉണ്ടെന്ന വസ്തുത കണക്കിലെടുത്തും രണ്ട് ലക്ഷത്തിലേറെ വാട്ടർ കണക്ഷനുകൾ ഉള്ള ആലപ്പുഴ ഡിവിഷന്റെ ജോലിഭാരം കുറയ്ക്കുന്നതിനുമായി പ്രസ്തുത ഡിവിഷന്റെ കീഴിലുള്ള 5 സബ് ഡിവിഷനുകളിൽ നിന്നും മാവേലിക്കര, ഹരിപ്പാട് സബ് ഡിവിഷനുകൾ ചേർത്ത് കായംകുളത്ത് ഒരു ഡിവിഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യത്തിന്മേലുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## കുടിവെള്ള വിതരണ പദ്ധതികൾ

206 (5794) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ യു.ഐ.ഡി.എസ്.എസ്.എം.ടി.കുടിവെള്ള വിതരണ പദ്ധതി നഗരസഭയ്ക്ക് കൈമാറുന്നതിന് ആലോചിക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ വ്യവസ്ഥകൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലെ പൈപ്പുകൾ അസാധാരണമായി നിരന്തരം പൊട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) മുക്കം, കൊടുവള്ളി പ്രദേശങ്ങളിലെ കുടിവെള്ള വിതരണം പ്രസ്തുത നഗരസഭകൾക്ക് കൈമാറാൻ നടപടികളായിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ വ്യവസ്ഥകൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ;

(ഡി) കേരള വാട്ടർ അതോറിറ്റിക്ക് നഗരസഭകൾ അടക്കം തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകാനുള്ള കുടിശ്ശിക എത്രയെന്ന് വിശദമാക്കാമോ;

(ഇ) കേരള വാട്ടർ അതോറിറ്റിക്കുള്ള സർക്കാരിന്റെ നോൺ പ്ലാൻ ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പ്രസ്തുത പദ്ധതി നഗരസഭയ്ക്ക് കൈമാറുന്നതിന് ആലോചിക്കുന്നില്ല.

(ബി) ഉണ്ട്; 19.3 കി.മീ. റോ വാട്ടർ പമ്പിംഗ് മെയിൻ ഇട്ടതിൽ 1.5 കി.മീറ്റർ ഭാഗത്ത് പൊട്ടലുകൾ ഉണ്ട്. ഗ്യാരന്റി പിരീഡിൽ ആയതിനാൽ കരാറുകാരന്റെ ചെലവിൽ ലീക്ക് റെക്റ്റിഫിക്കേഷൻ നടത്തുകയും പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(സി) മുക്കം, കൊടുവള്ളി പ്രദേശങ്ങളിലെ കുടിവെള്ള വിതരണം പ്രസ്തുത നഗരസഭകൾക്ക് കൈമാറാൻ ഇതുവരെ നടപടികളായിട്ടില്ല.

(ഡി) കേരള വാട്ടർ അതോറിറ്റിക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകാനുള്ള കുടിശ്ശിക തുക ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ഗ്രാമപഞ്ചായത്ത് | - | 154.77 കോടി രൂപ |
| നഗരസഭ | - | 209.44 കോടി രൂപ |
| കോർപ്പറേഷൻ | - | 132.41 കോടി രൂപ |
| ആകെ | - | 496.62 കോടി രൂപ |

(ഇ) ഫണ്ടിന്റെ അപര്യാപ്തതമൂലം നിലവിൽ പരിഗണനയിലില്ല.

## പമ്പ് ഓപ്പറേറ്റർമാരെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് പരിഗണിക്കുന്നതിനുള്ള സ്പെഷ്യൽ റൂൾസ്

207 (5795) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിലെ പമ്പ് ഓപ്പറേറ്റർമാരെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് പരിഗണിക്കുന്നതിനായുള്ള നിർദ്ദേശങ്ങളടങ്ങിയ 2012-ലെ കരട് സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുന്നത് സംബന്ധിച്ച 2017-ലെ ഡബ്ല്യൂ പി(സി). 10988 നമ്പർ കേസിലെ 29-10-2018-ലെ ബഹു. ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചോയെന്ന് വെളിപ്പെടുത്തുമോ;

(ബി) ആരംഭിച്ചെങ്കിൽ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(സി) ഇത് എത്ര നാളിനകം നടപ്പിലാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) കേരള വാട്ടർ അതോറിറ്റി ടെക്നിക്കൽ സർവ്വീസ് ജീവനക്കാർക്കായി പിൻതുടരുന്ന റൂൾസിൽ കാലാനുസൃതമായ മാറ്റങ്ങൾ ആവശ്യമാണെന്ന കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ അഭ്യർത്ഥനപ്രകാരവും ഡബ്ല്യൂ.പി.(സി)10988/2017-ന്മേലുള്ള 29-10-2018-ലെ വിധിന്യായം ഉൾപ്പെടെയുള്ള ഏതാനും കോടതി വിധികൾ പ്രകാരവും പമ്പ് ഓപ്പറേറ്റർ ഉൾപ്പെടെയുള്ള ടെക്നിക്കൽ കാറ്റഗറിയിലെ ജീവനക്കാരുടെ യോഗ്യത, സ്ഥാനക്കയറ്റം എന്നിവ നിർണ്ണയിക്കുന്നതിനുള്ള പുതുക്കിയ കരട് കേരള വാട്ടർ അതോറിറ്റി ടെക്നിക്കൽ സർവ്വീസ് റൂൾസ് കേരള വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടുണ്ട്.

സർവ്വീസ് റൂൾസ് രൂപീകരണവുമായി ബന്ധപ്പെട്ട് പാലിക്കേണ്ട വ്യവസ്ഥകൾ സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് 19-7-2010-ൽ പുറപ്പെടുവിച്ച 11884/ആർ1/07/പി&എ.ആർ.ഡി. നമ്പർ

പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ മേൽ സൂചിപ്പിച്ച കരട് റൂളിന്മേൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനായി ജലവിഭവ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കേരള വാട്ടർ അതോറിറ്റിയിലെ സംഘടനകളുടെ ഒരു യോഗം 20-6-2019-ന് ചേർന്നിരുന്നു.

ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയാക്കിയശേഷം കേരള വാട്ടർ അതോറിറ്റി ടെക്നിക്കൽ സർവ്വീസ് റൂൾസിന് അന്തിമരൂപം നൽകി വിജ്ഞാപനം ചെയ്യുന്നതാണ്.

**ജലവിതരണ പദ്ധതിയുടെ പ്രവർത്തനം**

208 (5796) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കരവാരം - നഗരൂർ - പുളിമാത്ത് ജലവിതരണ പദ്ധതിയുടെ പ്രവർത്തനം ഏതു ഘട്ടത്തിലാണ് വിശദമാക്കുമോ?

<u>ഉത്തരം</u>

പ്രസ്തുത പദ്ധതിക്ക് 7-2-2019-ന് 81.81 കോടി രൂപയുടെ അനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായ ജലശുദ്ധീകരണശാലയുടെ നിർമ്മാണത്തിനായി താഴെപ്പറയുന്ന സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിനായി 6-4-2019-ൽ ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

- പുളിമാത്ത് വില്ലേജിലെ കുറ്റിമൂടിൽ 75 സെന്റ്
- സമ്പും പമ്പ്ഹൗസും നിർമ്മിക്കുന്നതിന് കരവാരം വില്ലേജിലെ പാവല്ല എന്ന സ്ഥലത്ത് 10 സെന്റ്
- ഉപരിതലജലസംഭരണികൾ നിർമ്മിക്കുന്നതിന് നഗരൂർ വില്ലേജിലെ പാറമുക്ക് എന്ന സ്ഥലത്ത് 25 സെന്റ്
- വെള്ളല്ലൂർ വില്ലേജിലെ നെല്ലിക്കുന്നിൽ 25 സെന്റ്
- കടൽകാണിപ്പാറയിൽ 15 സെന്റ്

കിണറും പമ്പ്ഹൗസും നിർമ്മിക്കുന്നതിന് വാമനപുരം വില്ലേജിലെ ആനാകുടിയെന്ന സ്ഥലത്ത് വാമനപുരം നദിയോട് ചേർന്ന് 25 സെന്റ് സ്ഥലവും ഉപരിതലജലസംഭരണി നിർമ്മിക്കുന്നതിന് വണ്ടിത്തടമെന്ന സ്ഥലത്ത് 15 സെന്റ് സ്ഥലവും സ്വകാര്യ വ്യക്തികളിൽ നിന്നും ഏറ്റെടുക്കേണ്ടതുണ്ട്.

പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി റോഡ് റിസ്റ്റോറേഷൻ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനായി ദേശീയപാത ബൈപ്പാസ് വിഭാഗത്തിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത അനുമതിയും ഭൂമിയും ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ചേലക്കര നിയോജകമണ്ഡലത്തിലെ കുളങ്ങൾ നവീകരിക്കാൻ നടപടി**

209 (5797) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ചേലക്കര നിയോജകമണ്ഡലത്തിലെ കളങ്ങൾ നവീകരിക്കുന്നതിന് ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ പേരുവിവരവും ഭരണാനുമതി തുകയും വ്യക്തമാക്കാമോ;

(ബി) കാർഷിക പ്രാധാന്യമുള്ളതും ജലലഭ്യതയുള്ളതുമായ നിരവധി കുളങ്ങൾ മതിയായ തോതിൽ നവീകരണം നടത്താത്തതുകൊണ്ട് നാശോന്മുഖമാകുന്നു എന്ന വസ്തുത കണക്കിലെടുത്ത് ചേലക്കര നിയോജകമണ്ഡലത്തിലെ കുളങ്ങൾ ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) സ്വീകരിക്കുമെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ ഹരിത കേരളം 2017-18 പദ്ധതിയിൽ ഉൾപ്പെടുത്തി 3 കുളങ്ങളുടെ നവീകരണത്തിന് അനുമതി നൽകി പണി പൂർത്തീകരിച്ചിട്ടുണ്ട്.

1. കുളങ്ങളുടെ നവീകരണം - വരവൂർ പഞ്ചായത്തിലെ ദേവച്ചിറകുളം - 10,68,500 രൂപ
2. പാഞ്ഞാൾ പഞ്ചായത്തിലെ ചാത്തൻകുളം - 2,51,000 രൂപ
3. പഴയന്നൂർ പഞ്ചായത്തിലെ എളനാട് കുതിരംകുളം - 64,000 രൂപ

ഹരിത കേരളം 2018-19 പദ്ധതിയിൽ ഉൾപ്പെടുത്തി 4 കുളങ്ങളുടെ നവീകരണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. വള്ളത്തോൾ നഗർ പഞ്ചായത്തിലെ പടിഞ്ഞാറെ മന്നാഴികുളം പുനരുദ്ധാരണം - 1,00,000 രൂപ

2. വള്ളത്തോൾ നഗർ പഞ്ചായത്തിലെ നെല്ലിക്കുളം പുനരുദ്ധാരണം - 1,00,000 രൂപ

3. പഴയന്നൂർ പഞ്ചായത്തിലെ രാമൻ ചെട്ടിക്കുളം പുനരുദ്ധാരണം - 2,12,000 രൂപ

4. ചേലക്കര പഞ്ചായത്തിലെ കൊരനാട്ടുകുളം പുനരുദ്ധാരണം - 2,00,000 രൂപ

(ബി & സി) ഹരിത കേരളം മിഷന്റെ ഭാഗമായി എല്ലാ പഞ്ചായത്തുകളിലും നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ കാർഷിക പ്രാധാന്യമുള്ളതും ജലലഭ്യതയുള്ളതുമായ കുളങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നവീകരണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. 2019-20-ലെ ഹരിത കേരളം പദ്ധതിയിലുൾപ്പെടുത്തി ചേലക്കര മണ്ഡലത്തിലെ കുളമ്പുക്കുളം (വള്ളത്തോൾ നഗർ പഞ്ചായത്ത്), ചാത്തൻകുളം (പഞ്ഞാൾ പഞ്ചായത്ത്) എന്നീ കുളങ്ങളുടെ നവീകരണ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പരിശോധിച്ചുവരുന്നു.

**മാവൂർ താത്തൂർപോയിൽ പമ്പിംഗ് സ്റ്റേഷൻ കാർഷികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് നടപടി**

210 (5798) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ താത്തൂർപോയിലിൽ കെ.ഡബ്ല്യു.എ. യുടെ പമ്പിംഗ് സ്റ്റേഷൻ ഉപയോഗശൂന്യമായി കിടക്കുകയാണെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുളിമാട് ട്രീറ്റ്മെന്റ് പ്ലാന്റിൽനിന്ന് ശുദ്ധീകരിച്ച വെള്ളം മാവൂർ ഗ്രാമപഞ്ചായത്തിലേക്ക് നേരിട്ട് വിതരണം ചെയ്യാൻ തുടങ്ങിയതിനാൽ ഈ പദ്ധതി കുടിവെള്ള വിതരണത്തിന് ആവശ്യമില്ലെന്നത് പരിഗണിച്ച് വരൾച്ചകാരണം കൃഷി നശിച്ചുകൊണ്ടിരിക്കുന്ന പ്രദേശങ്ങളിലേക്ക് വെള്ളമെത്തിക്കുന്നതിന് ഈ പദ്ധതി മൈനർ ഇറിഗേഷൻ വകുപ്പിനെ ഏൽപ്പിച്ചുകൊടുക്കാൻ സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) മാവൂർ താത്തൂർപോയിലിൽ കെ.ഡബ്ല്യു.എ.യുടെ പമ്പിംഗ് സ്റ്റേഷനിൽ നിലവിൽ പമ്പിംഗ് നിർത്തിവച്ചിട്ടുണ്ട്. മാവൂർ പഞ്ചായത്തിൽ കുളിമാട് പമ്പ് ഹൗസിൽ നിന്നുള്ള ജലം വിതരണം ചെയ്യുന്നു.

(ബി) ശുദ്ധീകരണശാലയോടുകൂടിയ കുടിവെള്ള പദ്ധതികൾ നിലവിൽ വന്നതുമൂലവും മറ്റേതെങ്കിലും കാരണങ്ങൾമൂലവും വാട്ടർ അതോറിറ്റി ഉപേക്ഷിച്ച പമ്പ് ഹൗസുകൾ വരൾച്ചാസമയത്തും മറ്റു അടിയന്തരഘട്ടങ്ങളിലും ബദൽ സ്രോതസ്സായി ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു. അടിയന്തരഘട്ടങ്ങളിൽ വാട്ടർ അതോറിറ്റിയുടെ സ്രോതസ്സായി ഉപയോഗപ്പെടുത്താനുള്ള സാധ്യത പരിശോധിച്ചശേഷം പ്രസ്തുത വിഷയത്തിൽ തീരുമാനമെടുക്കുന്നതാണ്.

### രാമൻകുളം വാട്ടർ സപ്ലൈ സ്കീം

211 (5799) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം എം.എൽ.എ.യുടെ 2017-18-ലെ ആസ്തിവികസന ഫണ്ടിൽ വകയിരുത്തിയ എടത്തുരുത്തി ഗ്രാമപഞ്ചായത്തിലെ രാമൻകുളം വാട്ടർ സപ്ലൈ സ്കീം പദ്ധതിക്ക് ഭരണാനുമതി ലഭിച്ച് ഒന്നരവർഷമായിട്ടും സാങ്കേതികാനുമതിയോ ടെണ്ടർ നടപടികളോ പൂർത്തീകരിക്കാതെ പദ്ധതി നീളുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്; അനന്തമായി നീട്ടികൊണ്ടുപോകുന്നത് ഉദ്യോഗസ്ഥരാണെങ്കിൽ അവർക്കെതിരെ നടപടി യെടുക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കയ്പമംഗലം " MLA SDF" ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന എടത്തുരുത്തി ഗ്രാമപഞ്ചായത്തിലെ രാമൻകുളം വാട്ടർസപ്ലൈ സ്കീമിനുള്ള ഭരണാനുമതി 11-9-2018-ൽ ജില്ലാ കളക്ടർ നൽകിയിട്ടുണ്ട്. തൃശ്ശൂർ ജില്ലാ കളക്ടറേറ്റിൽ നിന്നും പ്രസ്തുത ഉത്തരവ് മാർച്ച് 2019-ലാണ് പ്രവൃത്തി നടപ്പിലാക്കേണ്ട ഇരിങ്ങാലക്കുട ഡിവിഷനിൽ ലഭിച്ചത്. ഈ പ്രവൃത്തിയുടെ ഭരണാനുമതി തുക 72 ലക്ഷം രൂപയാണ്. മാർച്ച് 2019-ൽ ഭരണാനുമതി ലഭിച്ചപ്പോൾ മാതൃകാ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ദർഘാസ് ക്ഷണിക്കാൻ സാധിച്ചില്ല. ഈ പദ്ധതിയുടെ അടങ്കൽ അംഗീകരിച്ച് 20-7-2019-ന് ലഭിക്കത്തക്കവിധം ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് ഈ പ്രവൃത്തി നടപ്പാക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതാണ്.

## പത്തനംതിട്ട മുനിസിപ്പാലിറ്റിക്ക് അനുവദിച്ച തുക

212 (5800) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട മുനിസിപ്പാലിറ്റിക്ക് ഈ സർക്കാർ പൈപ്പ് മാറ്റി സ്ഥാപിക്കലിനും ജലലഭ്യത ഉറപ്പുവരുത്തുന്നതിനുമായി എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) മേൽപ്പറഞ്ഞ പ്രവൃത്തികളുടെ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കാമോ?

ഉത്തരം

(എ & ബി) പത്തനംതിട്ട മുനിസിപ്പാലിറ്റിയിൽ പൈപ്പ് മാറ്റി സ്ഥാപിക്കലിനും ജലലഭ്യത ഉറപ്പുവരുത്തുന്നതിനുമായി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഈ സർക്കാർ അനുവദിച്ച തുകയുടെ വിശദാംശങ്ങളും ടി പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതിയും അനുബന്ധമായി* ചേർക്കുന്നു.

## തൃപ്പൂണിത്തുറ മണ്ഡലത്തിലെ കുടിവെള്ള വിതരണ പ്രവൃത്തികൾ

213 (5801) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ മണ്ഡലത്തിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിലേക്കായി എന്തെല്ലാം പ്രവൃത്തികൾ നടത്തി വരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി ലഭിച്ചതും എന്നാൽ ആരംഭിക്കാത്തതുമായ പ്രവൃത്തികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) എന്നത്തേക്ക് ഈ പ്രവൃത്തികൾ പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ മണ്ഡലത്തിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിലേക്കായി ചെയ്തുവരുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എം.എൽ.എ. പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ

1. തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിൽപ്പെട്ട വനിതാ പോലീസ് സെൽ റോഡിൽ ശുദ്ധജലവിതരണം-0.6 ലക്ഷം

2. തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിൽ കിഴക്കേകോട്ട മുതൽ സ്റ്റാച്യൂ വരെ 160 എം.എം. പി.വി.സി. പൈപ്പ് 360 മീറ്റർ നീളത്തിൽ സ്ഥാപിക്കുന്ന പ്രവൃത്തി - 18.50 ലക്ഷം

3. തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിൽപ്പെട്ട കിടങ്ങ് ഷാപ്പ്- പനയ്ക്കൽ അമ്പലം- കെ.ഇ. മണിയൻ മോനിപ്പിള്ളി റോഡിൽ 160 മി.മീ./110 മി.മീ. പി.വി.സി. പൈപ്പ് 1125 മീറ്റർ നീളത്തിൽ സ്ഥാപിക്കുന്ന പ്രവൃത്തി - 38 ലക്ഷം

4. തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിൽ 21-ാം വാർഡിൽ പൂയിത്തറ കോളനിയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി - 12 ലക്ഷം

5. തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിൽ 31-ാം വാർഡിൽ മോനിപ്പിള്ളി - കല്ലുവച്ചകാട് റോഡിൽ 80 എം.എം. എ.സി. പൈപ്പ് മാറ്റി 110 മി.മീ. പി.വി.സി. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി - 4.6 ലക്ഷം

സംസ്ഥാന ഫണ്ട് ഉപയോഗിച്ച പ്രവൃത്തികൾ

1. മരട് മുനിസിപ്പാലിറ്റിയിൽ സംസ്ഥാന പദ്ധതി ഫണ്ട് ഉപയോഗിച്ച് പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന 6 പാക്കേജുകൾ ഉൾപ്പെട്ട പ്രവൃത്തി പുരോഗമിച്ചുവരുന്നു. (2316 ലക്ഷം രൂപ)

2. ചൂണ്ടി വിപുലീകരണ പദ്ധതി പൂർത്തീകരിച്ചു - 2801 ലക്ഷം

(ബി) ഇല്ല

(സി) ഇപ്പോൾ ചെയ്തുവരുന്ന പ്രവൃത്തികൾ മേയ് 2020-നകം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## കാസർഗോഡ് നഗരത്തിലെ ശുദ്ധജലവിതരണ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിന് നടപടി

214(5802) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നഗരത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ ശുദ്ധജലവിതരണം തുടങ്ങിയത് ഏത് വർഷത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏത് പദ്ധതി പ്രകാരമാണ് ഇതിന് തുടക്കം കുറിച്ചതെന്നും നാളിതുവരെ ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) കാസർഗോഡ് നഗരത്തിൽ ശുദ്ധജല വിതരണത്തിന് സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾക്ക് എത്ര വർഷത്തെ പഴക്കമുണ്ടെന്നും എത്ര രൂപ ചെലവഴിച്ചാണ് ഇത് സ്ഥാപിച്ചതെന്നും വ്യക്തമാക്കുമോ;

(ഡി) ഈ പൈപ്പുകളുടെ ബ്രാൻഡും ക്വാളിറ്റിയും എന്താണെന്ന് വിശദമാക്കാമോ ; ഇത് മാറ്റി കാലോചിതമായി പുതിയ പൈപ്പുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന് കണക്കാക്കുന്ന ചെലവ് എത്രയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് നഗരത്തിൽ കുടിവെള്ളം വിതരണം ചെയ്യുന്ന കാസർഗോഡ് കുടിവെള്ള പദ്ധതിയിൽ ശുദ്ധജലവിതരണം തുടങ്ങിയത് 1976-ലാണ്.

(ബി) എൽ.ഐ.സി. ഫണ്ട് ഉപയോഗിച്ച് 43 വർഷം മുമ്പ് പ്രവർത്തനം ആരംഭിച്ചു. എന്നാൽ കാസർഗോഡ് പി.എച്ച്. ഡിവിഷൻ ആ കാലഘട്ടത്തിൽ നിലവിലില്ലാത്തതിനാൽ നാളിതുവരെ ചെലവഴിച്ച തുകയെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമല്ല.

(സി) കാസർഗോഡ് നഗരത്തിൽ ശുദ്ധജല വിതരണത്തിന് സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾക്ക് മിക്കതിനും 44 വർഷത്തെ പഴക്കമുണ്ട്. ഇവ സ്ഥാപിക്കുന്നതിന് ചെലവഴിച്ച തുക സംബന്ധിച്ച് രേഖകൾ കൃത്യമായി ലഭ്യമല്ല.

(ഡി) പി.വി.സി. സി.ഐ, പ്രിമോ പൈപ്പുകളാണ് ഈ പദ്ധതിക്കുവേണ്ടി സ്ഥാപിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ വിപുലീകരണത്തിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ ടാങ്കുകൾ, ജലശുദ്ധീകരണശാല ഗ്രാവിറ്റി പൈപ്പുകൾ എന്നിവയുടെ പ്രവൃത്തികൾ KIIFB-യിൽ 76.00 കോടിക്ക് അനുമതി ലഭിച്ച കാസർഗോഡ് മുനിസിപ്പാലിറ്റിക്കും ചെമ്മനാട് പഞ്ചായത്തിനുമുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ പ്രോജക്ട് വിഭാഗത്തിന്റെ കീഴിൽ പുരോഗമിച്ചുവരുന്നു. രണ്ടാംഘട്ടത്തിൽ വിതരണ ശൃംഖലകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് കണ്ണൂർ പ്രോജക്ട് വിഭാഗത്തിന് തുക അനുവദിച്ചിട്ടുണ്ട്. ഈ പ്രവൃത്തി പൂർത്തിയായി ഡി.പി.ആർ. തയ്യാറാക്കിയാൽ മാത്രമേ ഇവയ്ക്ക് ആവശ്യമായ ചെലവ് കണക്കാക്കാൻ പറ്റുകയുള്ളൂ.

## അസംഘടിത മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ/സാമൂഹിക സുരക്ഷിതത്വം

215(5803) ശ്രീ. കെ. ദാസൻ:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അസംഘടിത മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ സുരക്ഷിതത്വവും സാമൂഹിക സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് വേതനം ഉറപ്പു വരുത്തുന്നതിനും സ്വകാര്യ മേഖലയിലെ തൊഴിലാളികൾക്ക് ബാങ്ക് വഴി വേതനം നൽകുന്നതിനുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(സി) അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ ഉടമയിൽ നിന്നും മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നേടിക്കൊടുക്കുന്നതിനും അവരുടെ തൊഴിൽ ഉയർച്ചയ്ക്കുള്ള സാധ്യതക്കുറവ് പരിഹരിക്കുന്നതിനും എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) അസംഘടിത തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തിയാണ് സർക്കാർ 2-2-2016-ലെ സ.ഉ.(അച്ചടി) നമ്പർ 24/2016/തൊഴിൽ നമ്പർ പ്രകാരം കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ ബോർഡിന് രൂപം നൽകിയത്. പ്രസ്തുത ബോർഡിൽ അംഗങ്ങളാകുന്നവർക്ക് പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം റിട്ടയർമെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബ പെൻഷൻ, അവശതാപെൻഷൻ, ചികിത്സാ ധനസഹായം, വിദ്യാഭ്യാസ ആനുകൂല്യം, പ്രസവ ആനുകൂല്യം, വിവാഹ ധനസഹായം മരണാനന്തര ധനസഹായം, അപകട ആനുകൂല്യം, വിവാഹ വായ്പാ ധനസഹായം, വീട് നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമുള്ള വായ്പാ ധനസഹായം, സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായം എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽനിന്നും നടപടി സ്വീകരിക്കാൻ വ്യവസ്ഥയില്ല. തൊഴിലാളികൾക്ക് തൊഴിലുടമയിൽ നിന്ന് നിയമപരമായി അർഹതപ്പെട്ട ആനുകൂല്യങ്ങൾ നേടിക്കൊടുക്കുന്നതിന് തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം സ്ഥാപനങ്ങളിൽ പരിശോധന നടത്തി നടപടി സ്വീകരിച്ചുവരുന്നു.

## തൊഴിൽ മേഖലയിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ

216 (5804) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിൽ മേഖലയിൽ നടപ്പിലാക്കിയ പരിഷ്ക്കാരങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) അതുമൂലം തൊഴിലാളികൾക്ക് പുതിയതായി ലഭിച്ച ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മിനിമം വേതനം നിശ്ചയിച്ചും പുതുക്കി നിശ്ചയിച്ചും 30 തൊഴിൽ മേഖലകളിൽ മിനിമം വേതന വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. വ്യവസായ ബന്ധസമിതികൾ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ആവാസ് പദ്ധതി, ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം, ഓൺലൈൻ സേവനങ്ങൾ, കോൾ സെന്റർ, ഗ്രേഡിംഗ് തുടങ്ങി തൊഴിൽ മേഖലകളിൽ നിരവധി പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് നിരവധി പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുകയും ആയതിൻപ്രകാരം സ്ഥാപനങ്ങളിൽ നടത്തുന്ന പരിശോധനകളിൽ തൊഴിലാളികൾക്ക് മിനിമം വേതനം, അധിക സമയജോലിക്കുള്ള ഓവർടൈം വേതനം, ആഴ്ച അവധി, ശമ്പളത്തോടുകൂടിയുള്ള ദേശീയ ഉത്സവ അവധി ദിനങ്ങൾ, സ്ത്രീ തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ, വിശ്രമവേളകളിൽ ഇരിക്കുവാനുള്ള സൗകര്യം, ഹോസ്റ്റൽ സൗകര്യം, വേതന സുരക്ഷാ പദ്ധതിമൂലം വേതന പരിരക്ഷ എന്നിങ്ങനെ നിരവധി ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഓൺലൈൻ സംവിധാനം

217 (5805) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി എത്ര പേർക്ക് നിമയനം നൽകിയെന്ന് വിശദമാക്കുമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഓൺലൈൻ വഴി പേര് രജിസ്റ്റർ ചെയ്യുന്നതിനും പുതുക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ ഈ സംവിധാനം നിലവിൽ വരുമെന്ന് വിശദീകരിക്കുമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ പുതുക്കേണ്ട കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് രജിസ്ട്രേഷൻ പുതുക്കാതെ പല കാരണങ്ങളാൽ രജിസ്ട്രേഷൻ ലാപ്സായി പോയ തൊഴിൽരഹിതർക്ക് അത് പുതുക്കുവാനുള്ള അവസരം ലഭ്യമാക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ (5/16 to 4/19) ആകെ 34878 (മുപ്പത്തിനാലായിരത്തി എണ്ണൂറ്റി എഴുപത്തിയെട്ട്) പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഓൺലൈൻ മുഖേന പേര് രജിസ്റ്റർ ചെയ്യുന്നതിനും പുതുക്കുന്നതിനും സംവിധാനം നിലവിൽ ഉണ്ട്. 2017 മേയ് 3 മുതൽ www.employment.gov.in എന്ന വെബ്സൈറ്റ് വഴി പ്രസ്തുത സേവനങ്ങൾ ലഭ്യമാണ്.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ പുതുക്കേണ്ട കാലാവധി നിശ്ചയിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ നടത്തിയശേഷം ഓരോ മൂന്ന് വർഷം കൂടുമ്പോഴും രജിസ്ട്രേഷൻ പുതുക്കൽ നടത്തേണ്ടതാണ്. SC/ST വിഭാഗങ്ങൾക്ക് ഒഴികെ മറ്റു വിഭാഗങ്ങൾക്ക് പുതുക്കേണ്ട മാസം കൂടാതെ തൊട്ടടുത്ത രണ്ട് മാസകാലാവധി കൂടി പുതുക്കൽ നടത്തുന്നതിനുള്ള ഗ്രേസ് പീരീഡ് ആയി അനുവദിച്ചിട്ടുണ്ട്. SC/ST ഉദ്യോഗാർത്ഥികൾക്ക് പുതുക്കേണ്ട മാസം കൂടാതെ ഒരു വർഷം കൂടെ പുതുക്കൽ നടത്തുന്നതിനുള്ള ഗ്രേസ് പീരീഡ് അനുവദിച്ചിട്ടുണ്ട്.

(ഡി) സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരം രജിസ്ട്രേഷൻ റദ്ദായിപ്പോയ തൊഴിൽരഹിതർക്ക് അത് പുതുക്കുവാനുള്ള അവസരം ലഭ്യമാക്കാറുണ്ട്. 2018 വർഷത്തിൽ 7-11-2018-ലെ സ.ഉ.(സാധാ) നമ്പർ 1279/2018/തൊഴിൽ പ്രകാരം 1-1-1998 മുതൽ 31-10-2018 വരെയുള്ള കാലയളവിൽ റദ്ദായ എംപ്ലോയ്മെന്റ് രജിസ്ട്രേഷനുകൾ പുതുക്കി നൽകുന്നതിന് 2018 നവംബർ 15 മുതൽ 2018 ഡിസംബർ 31 വരെ സമയം അനുവദിച്ച ഉത്തരവായിരുന്നു.

**ചിസ് പദ്ധതി**

218 (5806) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. കെ. രാജൻ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (ആർ.എസ്.ബി.വൈ.) - കോംപ്രഹെൻസീവ് ഹെൽത്ത് ഇൻഷ്വറൻസ് സ്കീം (ചിസ്) ചികിത്സാ പദ്ധതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ചിസ് പദ്ധതിയിൽ നൽകുന്ന ആരോഗ്യ പരിരക്ഷയുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഏതൊക്കെ വിഭാഗത്തിൽപ്പെട്ട ആൾക്കാരെയാണ് പ്രസ്തുത പദ്ധതിയിൽ അംഗങ്ങളാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പുതുതായി ഏതൊക്കെ വിഭാഗങ്ങൾക്കാണ് പ്രസ്തുത പദ്ധതിയിൽ അംഗത്വം നൽകിയതെന്നറിയിക്കുമോ;

(ഇ) ഈ പദ്ധതിയിൽ സൗജന്യ ചികിത്സ ലഭ്യമാകുന്നത് ഏതൊക്കെ വിഭാഗങ്ങൾക്കാണെന്നും ആയത് സംബന്ധിച്ച നിബന്ധനകളും അറിയിക്കുമോ;

(എഫ്) പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

**ഉത്തരം**

(എ & ബി) ചിസ് പദ്ധതി വഴി ഒരു കുടുംബത്തിന് 30,000 രൂപ വരെയുള്ള സൗജന്യ ആരോഗ്യ ചികിത്സ നൽകിവന്നിരുന്നു. സംസ്ഥാന സർക്കാർ പദ്ധതി കാലാനുസൃതമായി പരിഷ്കരിച്ച് 2019 ഏപ്രിൽ 1 മുതൽ കാരുണ്യ ആരോഗ്യ

സുരക്ഷാ പദ്ധതി എന്ന പുതിയ പദ്ധതി അവതരിപ്പിച്ചിരിക്കുന്നു. ഈ പദ്ധതി കേന്ദ്ര സർക്കാരിന്റെ ആയുഷ്മാൻ ഭാരത് - പ്രധാനമന്ത്രി ജെൻ ആരോഗ്യ യോജന പദ്ധതിയുമായി കൈകോർത്താണ് നടപ്പിലാക്കുന്നത്. ഒരു ഗുണഭോക്തൃ കുടുംബത്തിന് അഞ്ച് ലക്ഷം രൂപ വരെയുള്ള ചികിത്സ ഒരു വർഷം ലഭിക്കുന്നു. ചികിത്സ തെരഞ്ഞെടുത്ത സർക്കാർ/സ്വകാര്യ/സഹകരണ ആശുപത്രികൾ വഴി നടപ്പിലാക്കുന്നു. മാത്രമല്ല രാജ്യത്ത് ആയുഷ്മാൻ ഭാരത്-പ്രധാനമന്ത്രി ജെൻ ആരോഗ്യ യോജന പദ്ധതിയുമായി സഹകരിക്കുന്ന ആശുപത്രികളിലെല്ലാം ഗുണഭോക്താവിന് ചികിത്സ ലഭിക്കും.

(സി) പട്ടിക അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി പുതുതായി ചേർത്ത അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. കേരള കള്ള് ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ (പ്രീമിയം വിഹിതം ക്ഷേമനിധി ബോർഡ് നൽകുന്നത്).
2. ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിൽ അംഗങ്ങളായ തൊഴിലാളികൾ (ബോർഡിൽ നിന്നും ചികിത്സാ ആനുകൂല്യം ലഭിക്കാത്ത തൊഴിലാളികൾ)
3. ചെറുകിട പവർലൂം മേഖലയിലെ തൊഴിലാളികൾ.
4. കേരള അഡ്വക്കേറ്റ് ക്ലാർക്ക് ക്ഷേമനിധിയിലെ അംഗങ്ങൾ

എന്നിരുന്നാലും ചിസ് പദ്ധതി അവസാനിച്ച സാഹചര്യത്തിൽ പുതുതായി അംഗത്വ രജിസ്ട്രേഷൻ സ്വീകരിക്കുന്നില്ല.

(ഇ) ചിസ് പദ്ധതിയിൽ അംഗങ്ങളായി രജിസ്റ്റർ ചെയ്ത ചിസ് കാർഡ് നേടിയിട്ടുള്ളവർക്കാണ് 30,000 രൂപ വരെയുള്ള സൗജന്യ ചികിത്സ നൽകിയിരുന്നത്. സാധുതയുള്ള ചിസ് കാർഡ് കൈവശം ഉള്ളവർക്ക് ചിസ് പദ്ധതിയുടെ പരിഷ്കരിച്ച പതിപ്പായ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ അംഗമാകാവുന്നതാണ്.

(എഫ്) 30,000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസ് ആനുകൂല്യം മാത്രം നൽകിവന്നിരുന്ന ചിസ് പദ്ധതി കാലോചിതമായി പരിഷ്കരിച്ച് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയായി സർക്കാർ വികസിപ്പിച്ചിരിക്കുന്നു. പുതിയ പദ്ധതി വഴി അഞ്ച് ലക്ഷം രൂപയുടെ ചികിത്സാ സഹായം ലഭിക്കും. ചിസ് പദ്ധതിയിൽ ഒരു കുടുംബത്തിലെ അഞ്ച് പേർക്ക് മാത്രമാണ് പദ്ധതിയുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഗുണഭോക്താകുവാൻ സാധിക്കുക. എന്നാൽ പുതിയ പദ്ധതിയിൽ കുടുംബത്തിലെ എല്ലാവർക്കും പദ്ധതിയുടെ ഭാഗമാകാം. മാത്രമല്ല ഒരു കുടുംബത്തിന് ഒരു കാർഡ് മാത്രം നൽകിയിരുന്ന സ്ഥാനത്ത് ഇപ്പോൾ കുടുംബത്തിലെ എല്ലാ ഗുണഭോക്താക്കൾക്കും ഐഡന്റിറ്റി കാർഡ് ലഭിക്കുന്നു. കൂടാതെ ആശുപത്രിയിൽ ഗുണഭോക്താവിന് ചിസ് കാർഡ് നൽകിയാൽ മാത്രം ചികിത്സ ലഭിക്കുകയുള്ളൂ എന്ന അവസ്ഥയിൽനിന്നും വ്യത്യസ്തമായി ഗുണഭോക്താവിന് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഐ.ഡി. കാർഡ്/ഫോൺ നമ്പർ എന്നിവ സ്വീകരിച്ച് ചികിത്സ നൽകാൻ സാധിക്കും.

**പഠനത്തോടൊപ്പം തൊഴിൽ**

219 (5807) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠനത്തോടൊപ്പം തൊഴിൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ;

(ബി) എല്ലാ മേഖലയിലും നടപ്പാക്കാൻ കഴിയില്ലെങ്കിലും പരീക്ഷണാടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ;

(സി) തൊഴിൽ വകുപ്പ് ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ഉദ്ദേശിക്കുന്നുണ്ട്. പഠനത്തോടൊപ്പം തൊഴിൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഐ.ടി.ഐ.കളിൽ പ്രൊഡക്ഷൻ സെന്ററുകൾ ആരംഭിക്കുന്നുണ്ട്. ഇതിന്റെ പ്രാരംഭം എന്ന നിലയിൽ അരീക്കോട് ഗവ. ഐ.ടി.ഐ.യിൽ കാർപ്പെന്ററി ട്രേഡിൽ പ്രൊഡക്ഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്. പ്രൊഡക്ഷൻ സെന്ററിന്റെ ലക്ഷ്യം എന്നത് Earn While Learn എന്നാണ്. ഇതിലൂടെ ഐ.ടി.ഐ.യിൽ പഠനത്തോടൊപ്പം തന്നെ ഉൽപ്പന്ന നിർമ്മാണ പ്രവർത്തനങ്ങളിലെ പങ്കാളിത്തവും ഉറപ്പുവരുത്തുന്നു. സർക്കാരിന്റെ അനുമതിക്ക് വിധേയമായിട്ടാണ് ഈ സംരംഭം നടപ്പിലാക്കിവരുന്നത്. ഇതിന്റെ വിജയസാധ്യത വിലയിരുത്തി മറ്റ് ഐ.ടി.ഐ.കളിലും വ്യത്യസ്ത ട്രേഡുകളിൽ ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

## തൊഴിലാളി ക്ഷേമനിധികൾ

220 (5808) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ വരുന്ന വിവിധ തൊഴിലാളി ക്ഷേമനിധികളിൽ ഓരോന്നിനും എത്ര തൊഴിലാളികൾ അംഗങ്ങളായുണ്ടെന്ന് വ്യക്തമാക്കാമോ?

(ബി) വിവിധ തൊഴിലാളി ക്ഷേമനിധികളിൽ പ്രതിവർഷം എത്ര രൂപ വീതമാണ് തൊഴിലാളികളും തൊഴിലുടമകളും അംശാദായമായി അടയ്ക്കുന്നതെന്ന് അറിയിക്കാമോ;

(സി) ഓരോ ക്ഷേമനിധി ബോർഡിന്റെയും ബാങ്ക് നിക്ഷേപങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ-സി) അനുബന്ധം* ആയി ചേർക്കുന്നു.

## ക്ഷേമനിധി ബോർഡുകളുടെ ആധുനികവൽക്കരണം

221 (5809) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. പി. കെ. ശശി:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടത്തിവരുന്ന ആധുനീകരണ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) വിവിധ ക്ഷേമനിധി ബോർഡുകളെ ഏകീകരിച്ച് കാര്യക്ഷമമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ;

(സി) കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാപദ്ധതി പ്രകാരം അസംഘടിത മേഖലകളിലെ തൊഴിലാളികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; അതിനായുള്ള മാനദണ്ഡങ്ങൾ അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായി വിവിധ ബോർഡുകളിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കി വരികയാണ്. കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കുന്നതുവഴി രജിസ്ട്രേഷൻ, അംശദായം, ആനുകൂല്യ വിതരണം എന്നിവ സുതാര്യമാക്കുവാനും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കുവാനും സാധിക്കും. തൊഴിലാളികളുടെ വ്യക്തിഗത വിവരങ്ങൾ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം (AIIS) സോഫ്റ്റ്‌വെയർ മുഖേന ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം സുതാര്യമാക്കുന്നതിനായി സേവന സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നുണ്ട്. ഭരണച്ചെലവ് കുറയ്ക്കുന്നതിനും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ തൊഴിലാളികൾക്ക് ആനുകൂല്യം വിതരണം ചെയ്യുന്നതിനുമായി സമാനസ്വഭാവമുള്ള ക്ഷേമനിധി ബോർഡുകളും പദ്ധതികളും ലയിപ്പിക്കുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) സർക്കാർ പരിശോധിച്ചുവരുന്നു.

(സി) കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളാകുന്നവർക്ക് അർഹതയ്ക്കനുസരിച്ച് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പദ്ധതിയിൽ കുറഞ്ഞത് ഒരു വർഷമെങ്കിലും അംഗത്വം ഉള്ളവർക്ക് 60 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് അവരുടെ അംഗത്വ കാലയളവിന് ആനുപാതികമായി റിട്ടയർമെന്റ് ആനുകൂല്യം അനുവദിക്കുന്നതാണ്. ഇതിനായി 6-ാം നമ്പർ ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഒരു വർഷം തുടർച്ചയായി അംശദായം അടച്ച ഒരു വനിതാ അംഗത്തിന് പ്രസവ ധനസഹായമായി 15,000 രൂപ വരെ ലഭിക്കുന്നതാണ്. ഈ ആനുകൂല്യം ഒരംഗത്തിന് പരമാവധി രണ്ട് പ്രാവശ്യം മാത്രമേ ലഭിക്കുകയുള്ളൂ. പ്രസവ തീയതി മുതൽ 90 ദിവസത്തിനകം ഇതിനായി 1-ാം നമ്പർ ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഒരു വർഷം തുടർച്ചയായി അംശദായം അടച്ച അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കൾക്കും പദ്ധതിയിലെ വനിതാ അംഗങ്ങൾക്കും അവരുടെ വിവാഹത്തിന് സഹായമായി 10,000 രൂപ ലഭിക്കുന്നതാണ്. ഈ ആനുകൂല്യം ഒരംഗത്തിന് രണ്ട് തവണ മാത്രമേ ലഭിക്കുകയുള്ളൂ. കുടുംബത്തിലെ മാതാവും പിതാവും പദ്ധതിയിൽ അംഗങ്ങളാണെങ്കിൽ ഒരാൾക്ക് മാത്രമേ ഈ ആനുകൂല്യം ലഭിക്കുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ. വിവാഹ ധനസഹായത്തിന് 13-ാം നമ്പർ അപേക്ഷാ

ഫാറത്തിൽ സമർപ്പിക്കേണ്ടതാണ്. പദ്ധതിയിൽ അംഗമായിരിക്കെ 60 വയസ്സ് പൂർത്തിയാക്കി വിരമിക്കുന്നയാൾക്ക് ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീം പ്രകാരം അതത് കാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ പെൻഷൻ ലഭിക്കുന്നതാണ്. പെൻഷനുള്ള അപേക്ഷ 7-ാം നമ്പർ ഫോറത്തിലാണ് സമർപ്പിക്കേണ്ടത്. പദ്ധതിയിൽ കുറഞ്ഞത് 10 വർഷം അംശദായം അടച്ച് പെൻഷന് അർഹനായ അംഗം മരണമടഞ്ഞാൽ അയാളുടെ കുടുംബത്തിന് കുടുംബ പെൻഷനായി പ്രതിമാസം 300 രൂപ ലഭിക്കുന്നതാണ്. കുടുംബ പെൻഷനുള്ള അപേക്ഷ 8-ാം നമ്പർ ഫാറത്തിൽ സമർപ്പിക്കേണ്ടതാണ്. പദ്ധതിയിൽ കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശദായം ഒടുക്കിയ അംഗത്തിന് അപകടംമൂലം ജോലി ചെയ്യുവാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുന്നപക്ഷം സ്ഥിരവും പൂർണ്ണവുമായ ശാരീരിക അവശത 50 ശതമാനത്തിന് മുകളിലാണെങ്കിൽ, അവശതാ പെൻഷനായി പ്രതിമാസം 1,200 രൂപ ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതാണ്. ഇതിനായി മെഡിക്കൽ ബോർഡ് നൽകുന്ന ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. കൂടാതെ പദ്ധതി അംഗങ്ങളുടെ മക്കൾക്ക് വിവിധ കോഴ്സുകൾക്ക് 750 രൂപ മുതൽ 2,500 രൂപ വരെ വിദ്യാഭ്യാസ ആനുകൂല്യമായി പ്രതിവർഷം നൽകിവരുന്നു. കോഴ്സിൽ പ്രവേശനം കിട്ടി 60 ദിവസത്തിനകം വിദ്യാഭ്യാസ ആനുകൂല്യത്തിനുവേണ്ടി 11-ാം നമ്പർ ഫാറത്തിലുള്ള അപേക്ഷ രജിസ്റ്ററിംഗ് അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. അംഗം മരണമടഞ്ഞാൽ മരണാനന്തര ചെലവുകൾക്കായി 1,000 രൂപ നിധിയിൽനിന്നും ആശ്രിതന് ലഭിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 10 വർഷത്തിൽ കൂടുതൽ അംശദായം അടച്ച അംഗങ്ങൾക്ക് വിവാഹം, വീട് നിർമ്മാണം, സ്വയം തൊഴിൽ ചെയ്യൽ എന്നീ ആവശ്യങ്ങൾക്കായി 3 വർഷത്തിനുള്ളിൽ തിരിച്ചടയ്ക്കത്തക്ക വിധത്തിൽ പലിശരഹിത വായ്പയും അനുവദിക്കുന്നതാണ്.

**'ഫോട്ടോഗ്രാഫി -വീഡിയോഗ്രാഫി മേഖലയിൽ**
**തൊഴിലെടുക്കുന്നവരുടെ പ്രശ്നങ്ങൾ'**

222 (5810) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോട്ടോഗ്രാഫി-വീഡിയോഗ്രാഫി അനുബന്ധ മേഖലയിൽ തൊഴിലെടുക്കുന്നവർ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് പരിരക്ഷ ഉറപ്പുവരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആൾ കേരള ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷൻ സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(സി) ഇത് സംബന്ധിച്ച് ലേബർ കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ആൾ കേരള ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷൻ ലഭ്യമാക്കിയ നിവേദനത്തിന്മേൽ തൊഴിൽ, വിവര-പൊതുജന സമ്പർക്കം, സാംസ്കാരികം, പൊതു വിദ്യാഭ്യാസം എന്നീ വകുപ്പുകളാണ് നടപടി സ്വീകരിക്കേണ്ടത്. നിവേദനത്തിന്മേൽ തൊഴിൽ വകുപ്പ് നടപടി സ്വീകരിച്ചുവരുന്നതിനോടൊപ്പം തുടർനടപടിക്കായി മേൽ വകുപ്പുകൾക്ക് പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) റിപ്പോർട്ടിന്മേൽ കൈക്കൊള്ളാവുന്ന തീരുമാനം സർക്കാരിനെ അറിയിക്കുവാൻ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ബാർ തൊഴിലാളികളുടെ പുനരധിവാസം

223 (5811) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടും ജോലി ലഭിക്കാത്ത എത്ര മുൻ ബാർ തൊഴിലാളികളുണ്ട് എന്നറിയിക്കാമോ;

(ബി) ബാർ തൊഴിലാളികളുടെ പുനരധിവാസത്തിനായി മുൻസർക്കാർ നടപ്പിലാക്കിയ സെസ്സ് പ്രകാരം എത്ര കോടി രൂപയാണ് സമാഹരിച്ചത്; അതിൽ എത്ര കോടി രൂപ ബാർ തൊഴിലാളികളുടെ പുനരധിവാസത്തിനായി വിനിയോഗിച്ചു;

(സി) ബാറുകൾ തുറന്നിട്ടും ജോലി ലഭിക്കാത്ത തൊഴിലാളികൾക്ക് കോടതിയുടെ ഇടപെടൽമൂലം സർക്കാർ പുതുതായി പുനരധിവാസ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിനകം എത്ര പേർക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകി എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ബാർ ലൈസൻസ് നൽകിയിട്ടും ജോലി ലഭിക്കാത്ത 100 (നൂറ്) മുൻ ബാർ തൊഴിലാളികളുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്.

(ബി) 1058.89 കോടി രൂപയാണ് പ്രസ്തുത സെസ്സിലൂടെ സമാഹരിച്ചത്. 8,75,45,000 രൂപ (എട്ടുകോടി എഴുപത്തിയഞ്ച് ലക്ഷത്തി നാല്പത്തി അയ്യായിരം രൂപ മാത്രം) ബാർ തൊഴിലാളികളുടെ പുനരധിവാസത്തിന്റെ ഭാഗമായി സഹായധനമായി വിതരണം ചെയ്തിട്ടുണ്ട്.

(സി) തൊഴിൽ നഷ്ടപ്പെട്ട ബാർ തൊഴിലാളികളുടെ പുനരധിവാസത്തിനായി 30-1-2019-ലെ സ.ഉ (കൈ)നമ്പർ 06/2019/നി.വ. പ്രകാരം "സുരക്ഷാ സ്വയം തൊഴിൽ പദ്ധതി" രൂപീകരിച്ചിട്ടുണ്ട്. കോഴിക്കോട് ടൗൺ ഹാളിൽ വച്ച് പദ്ധതിയുടെ പ്രഖ്യാപനം 20-2-2019-ന് നടത്തിയിട്ടുണ്ട്.

(ഡി) പദ്ധതിയിലെ ചില വ്യവസ്ഥകളിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ലാത്തതിനാൽ നാളിതുവരെ ആർക്കും തുകയൊന്നും അനുവദിച്ചു നൽകിയിട്ടില്ല.

## ഫോട്ടോഗ്രാഫി-വീഡിയോഗ്രാഫി അനുബന്ധ മേഖലയിലെ ആനുകൂല്യങ്ങളും ക്ഷേമപദ്ധതികളും

224 (5812) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോട്ടോഗ്രാഫി-വീഡിയോഗ്രാഫി അനുബന്ധ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് സർക്കാർ നൽകി വരുന്ന ആനുകൂല്യങ്ങളും ക്ഷേമപദ്ധതികളും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഫോട്ടോഗ്രാഫി-വീഡിയോഗ്രാഫി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് സബ്സിഡി നിരക്കിൽ വായ്പ നൽകുന്ന പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഫോട്ടോഗ്രാഫി-വീഡിയോഗ്രാഫി അനുബന്ധ മേഖലയിൽ ജോലി ചെയ്യുന്നവരുടെ പരിരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഇവർക്ക് അംഗത്വം നൽകിവരുന്നുണ്ട്. പ്രസ്തുത അംഗങ്ങൾക്ക് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രസവാനുകൂല്യം, വിവാഹാനുകൂല്യം, വിദ്യാഭ്യാസാനുകൂല്യം, മരണാനന്തരധനസഹായം, മരണാനന്തരച്ചെലവ്, അബോർഷൻ ആനുകൂല്യം, ചികിത്സാധനസഹായം, പെൻഷൻ എന്നീ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

കൂടാതെ കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളാകുന്നവർക്ക് അർഹതയ്ക്കനുസരിച്ച് ചുവടെ ചേർക്കുന്ന ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പദ്ധതിയിൽ കുറഞ്ഞത് ഒരു വർഷമെങ്കിലും അംഗത്വം ഉള്ളവർക്ക് 60 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് അവരുടെ അംഗത്വ കാലയളവിന് ആനുപാതികമായി റിട്ടയർമെന്റ് ആനുകൂല്യം അനുവദിക്കുന്നതാണ്. ഒരു വർഷം തുടർച്ചയായി അംശദായം അടച്ച ഒരു വനിതാ അംഗത്തിന് പ്രസവധനസഹായമായി 15,000 രൂപ വരെ ലഭിക്കുന്നതാണ്. കൂടാതെ ഒരു വർഷം തുടർച്ചയായി അംശദായം അടച്ച അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെ വിവാഹത്തിനും പദ്ധതിയിലെ വനിതാ അംഗങ്ങൾക്കും അവരുടെ വിവാഹത്തിന് ധനസഹായമായി 10,000 രൂപ ലഭിക്കുന്നതാണ്. പദ്ധതിയിൽ അംഗമായിരിക്കെ 60 വയസ്സ് പൂർത്തിയാക്കി വിരമിക്കുന്നയാൾക്ക് ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീം പ്രകാരം അതത് കാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ പെൻഷൻ ലഭിക്കുന്നതാണ്. പദ്ധതിയിൽ കുറഞ്ഞത് 10 വർഷമെങ്കിലും അംശദായം അടച്ച് പെൻഷന് അർഹനായ അംഗം മരണമടഞ്ഞാൽ കുടുംബ പെൻഷനായി പ്രതിമാസം 300 രൂപ ലഭിക്കുന്നതാണ്. പദ്ധതിയിൽ കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശദായം ഒടുക്കിയ അംഗത്തിന് അപകടംമൂലം ജോലി ചെയ്യുവാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുന്നപക്ഷം സ്ഥിരവും പൂർണ്ണവുമായ ശാരീരിക അവശത 50 ശതമാനത്തിനുമുകളിലാണെങ്കിൽ അവശതാ പെൻഷനായി പ്രതിമാസം 1,200 രൂപ ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതാണ്. കൂടാതെ പദ്ധതി അംഗങ്ങളുടെ മക്കൾക്ക് വിവിധ കോഴ്സുകൾക്ക് 750 രൂപ മുതൽ 2,500 രൂപ വരെ വിദ്യാഭ്യാസാനുകൂല്യമായി പ്രതിവർഷം നൽകിവരുന്നു. 10 വർഷത്തിൽ കൂടുതൽ അംശദായം അടച്ച അംഗങ്ങൾക്ക് വിവാഹം, വീട് നിർമ്മാണം, സ്വയം തൊഴിൽ ചെയ്യൽ എന്നീ ആവശ്യങ്ങൾക്കായി 3 വർഷത്തിനുള്ളിൽ തിരിച്ചടയ്ക്കുന്ന വ്യവസ്ഥയിൽ പലിശരഹിത വായ്പയും അനുവദിക്കുന്നതാണ്. അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിലെ മുഴുവൻ അംഗങ്ങളേയും പ്രധാൻമന്ത്രി ജീവൻ ജ്യോതി ബീമാ യോജന (PMJJBY)-യിൽ ഉൾപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ 10 വർഷത്തിൽ കൂടുതൽ അംശദായം അടച്ച അംഗങ്ങൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് വേണ്ടി മൂന്ന് വർഷത്തിനുള്ളിൽ തിരിച്ചടയ്ക്കേണ്ട വ്യവസ്ഥയിൽ പലിശരഹിത വായ്പ അനുവദിക്കുന്നതാണ്.

## തുണിക്കടകളിലെയും സ്വർണ്ണക്കടകളിലെയും വനിതാജീവനക്കാരുടെ പ്രശ്നങ്ങൾ

225 (5813) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വൻകിട തുണിക്കടകളിലെയും സ്വർണ്ണക്കടകളിലെയും വനിതാ ജീവനക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തെല്ലാം ബുദ്ധിമുട്ടുകളാണ് അവർ അനുഭവിക്കുന്നത് എന്ന് വിശദമാക്കാമോ; അവ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദീകരിക്കുമോ;

(ബി) അവർക്ക് നിശ്ചയിച്ചിരിക്കുന്ന മിനിമം സേവന-വേതന വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കുവാനും തൊഴിൽ ചൂഷണത്തിൽനിന്നും അവരെ സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. വേതനത്തോടുകൂടിയ ആഴ്ച അവധി, ഓവർടൈം വേതനം, മിനിമം വേതനം, ജോലിസ്ഥലത്ത് ഇരിക്കുന്നതിനുള്ള സൗകര്യം, വിശ്രമ സ്ഥലം, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക ലാട്രിൻ/യൂറിനൽ സംവിധാനം ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ ക്രഷ് സൗകര്യം, സൗജന്യ താമസസൗകര്യം എന്നിവ സ്ത്രീ തൊഴിലാളികൾക്ക് ലഭ്യമാകുന്നില്ലെന്നുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥാപന പരിശോധനകൾ നടത്തുമ്പോൾ സ്ത്രീ ജീവനക്കാർക്ക് തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാ തലത്തിൽ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാരുടെ നേതൃത്വത്തിൽ ജില്ലാതല സ്ക്വാഡ് പരിശോധനകളും അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ഥാപന പരിശോധനകളും നടത്തിവരുന്നു. ജീവനക്കാർക്ക് സൗകര്യങ്ങൾ ലഭ്യമാകുന്നുണ്ടോയെന്ന് സ്ഥാപന പരിശോധനാവേളയിൽ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ ഉറപ്പുവരുത്താറുണ്ട്.

സംസ്ഥാനമൊട്ടാകെയുള്ള ടെക്സ്റ്റൈൽ മേഖലകളിൽ 11-6-2019-ന് നടന്ന സ്പെഷ്യൽ പരിശോധനയുടെ ഭാഗമായി 186 സ്ഥാപനങ്ങളിലും, ജ്വവലറി മേഖലയിൽ 13-6-2019-ൽ നടത്തിയ സ്പെഷ്യൽ പരിശോധനയിൽ 175 സ്ഥാപനങ്ങളിലും പരിശോധന നടത്തി. ടി പരിശോധനയിൽ വിവിധ തൊഴിൽ

നിയമലംഘനങ്ങൾ നടത്തിയവരെ കണ്ടെത്തുകയും ആയതിന് നോട്ടീസ് നൽകുകയും നിയമലംഘനങ്ങൾ പരിഹരിക്കുന്നതിന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള പരിശോധനകൾ തൊഴിൽ ചൂഷണത്തിൽനിന്നും പരിരക്ഷ നൽകുന്നതിന് സഹായകരമാണ്. ഉപരിയായി, അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന തൊഴിലാളികൾക്കുള്ള പരാതികൾക്കും ബുദ്ധിമുട്ടുകൾക്കും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്.

**ഇതര സംസ്ഥാന തൊഴിലാളികൾ**

226 (5814) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇതര സംസ്ഥാന തൊഴിലാളികൾക്ക് പാർപ്പിട സൗകര്യത്തിനും ചികിത്സയ്ക്കും അപകട ഇൻഷ്വറൻസിനുമായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ?

ഉത്തരം

തൊഴിൽ വകുപ്പിന്റെ കീഴിലുള്ള "ഭവനം ഫൗണ്ടേഷൻ കേരള" ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കിവരുന്ന ഭവനപദ്ധതിയാണ് "അപ്നാഘർ" . ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി ഹോസ്റ്റൽ രീതിയിലുള്ള മാതൃകാ പാർപ്പിട സമുച്ചയമാണ് ഈ പദ്ധതി വഴി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ആദ്യ പ്രോജക്ട് പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് പ്രവർത്തനമാരംഭിച്ചു. 620 തൊഴിലാളികൾക്ക് താമസസൗകര്യം ഇവിടെ ലഭ്യമാണ്. നിലവിൽ 596 പേർ താമസിക്കുന്നു. എറണാകുളം, കോഴിക്കോട് ജില്ലകളിൽ കൂടി ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് "ആവാസ്" എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ 387352 തൊഴിലാളികളാണ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. 15,000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നിലവിൽ ആവാസ് പദ്ധതി അഷ്വറൻസ്

മോഡിലേക്ക് മാറ്റിയിട്ടുണ്ട്. കൂടാതെ കുടിയേറ്റ തൊഴിലാളിക്ഷേമ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് പ്രസ്തുത പദ്ധതി പ്രകാരം ചികിത്സാ ധനസഹായം നൽകിവരുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ചികിത്സാ സഹായത്തിന്റെ പരിധി 2,000 രൂപയിൽനിന്ന് 20,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

## ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരം

227 (5815) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഇതര സംസ്ഥാന തൊഴിലാളികൾ വിവിധ മേഖലകളിലായി പണിയെടുക്കുന്നു എന്ന് വ്യക്തമാക്കുമോ ; ഇവരുടെ വിശദവിവരം ഉൾപ്പെടെയുള്ള കണക്ക് സർക്കാരിന്റെ കൈവശമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇതര സംസ്ഥാനങ്ങളിൽനിന്നെത്തുന്ന തൊഴിലാളികളുടെ വിവരം ശേഖരിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് എത്ര ഇതര സംസ്ഥാന തൊഴിലാളികൾ വിവിധ മേഖലകളിലായി പണിയെടുക്കുന്നു എന്ന് കൃത്യമായി കണക്കെടുത്തിട്ടില്ല. തൊഴിൽ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള ആവാസ് പദ്ധതിയിൻകീഴിൽ സംസ്ഥാനത്ത് 3,87,352 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ കുടിയേറ്റ തൊഴിലാളിക്ഷേമ പദ്ധതി പ്രകാരം 55,509 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുമുണ്ട്.

(ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡ് വിതരണവും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് 'ആവാസ്' എന്ന ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കിയിട്ടുണ്ട്.

## ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണം

228 (5816) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എത്ര ഇതര സംസ്ഥാന തൊഴിലാളികൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത് എന്നറിയിക്കാമോ?

ഉത്തരം

സംസ്ഥാനത്ത് ജോലി നോക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യപരിരക്ഷയും രജിസ്ട്രേഷനും ലക്ഷ്യമിട്ട് 'ആവാസ്' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൻകീഴിലുള്ള രജിസ്ട്രേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു. 'ആവാസ്' പദ്ധതി പ്രകാരം സംസ്ഥാനത്ത് നാളിതുവരെ 387352 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് പണിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ പൂർണ്ണമായ കണക്ക് ലഭ്യമായിട്ടില്ല.

**ഇതര സംസ്ഥാന തൊഴിലാളികൾ**

229 (5817) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനത്തുനിന്നും വരുന്ന തൊഴിലാളികളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എത്ര തൊഴിലാളികളാണ് കണക്ക് പ്രകാരം കേരളത്തിൽ ഉള്ളത്;

(ബി) ഇതര സംസ്ഥാനത്തുനിന്നും എത്തുന്നവർക്ക് എന്തെങ്കിലും പകർച്ചവ്യാധിയുണ്ടോ എന്ന് പരിശോധന നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും രോഗങ്ങൾ ഇവിടെ പടരാതിരിക്കാൻ പരിശോധനകൾ നടത്തുമോ;

(സി) ഇവർക്ക് ശുചിത്വമുള്ളതും ആരോഗ്യകരവുമായ താമസസ്ഥലങ്ങൾ ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യപരിരക്ഷയും രജിസ്ട്രേഷനും ലക്ഷ്യമിട്ട് 'ആവാസ്' പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ആവാസ് പദ്ധതിയിൻകീഴിൽ ഇതുവരെ 387352 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതര സംസ്ഥാനത്തുനിന്നും എത്തുന്ന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണാർത്ഥവും പകർച്ചവ്യാധികൾ തടയുന്നതിലേക്കുമായി മെഡിക്കൽ ക്യാമ്പുകൾ ആരോഗ്യ വകുപ്പുമായി സഹകരിച്ച് സംഘടിപ്പിക്കുകയും ലേബർ ക്യാമ്പുകളിലും ഇതരസംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥലങ്ങളിലും താമസസ്ഥലങ്ങളിലും ഇൻസ്പെക്ടർമാർ മുഖേന പരിശോധനകൾ നടത്താറുമുണ്ട്.

(സി) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള "ഭവനം ഫൗണ്ടേഷൻ കേരള" ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കിവരുന്ന ഭവന പദ്ധതിയാണ് "അപ്നാഘർ". ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി ഹോസ്റ്റൽ രീതിയിലുള്ള മാതൃകാ പാർപ്പിട സമുച്ചയമാണ് ഈ പദ്ധതി വഴി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ആദ്യ പ്രോജക്ട് പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് പ്രവർത്തനമാരംഭിച്ചു. എറണാകുളം, കോഴിക്കോട് ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## കോട്ടയ്ക്കൽ ചങ്കുവെട്ടി ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ നവീകരണം

230 (5818) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ ചങ്കുവെട്ടി ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ ശോചനീയാവസ്ഥയും അവിടെയുള്ള ജീവനക്കാരുടെ കുറവും പരിഹരിക്കുന്നതിനായി നൽകിയ 2682669/2018/ M(LBRD) നമ്പർ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഇ.എസ്.ഐ. ഡയറക്ടറേറ്റിലും ഭരണ വകുപ്പിലുമുള്ള ഫയലുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കോട്ടയ്ക്കൽ ഇ.എസ്.ഐ. ഡിസ്പെൻസറി (ചങ്കുവെട്ടി)യുടെ ശോചനീയാവസ്ഥയും ജീവനക്കാരുടെ കുറവും പരിഹരിക്കണമെന്ന് അഭ്യർത്ഥിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. (കോട്ടയ്ക്കൽ) സമർപ്പിച്ച നിവേദനം എഫ്2/87/18/തൊഴിൽ നമ്പർ ഫയലായി സർക്കാരിൽ പരിശോധിച്ചുവരുന്നുണ്ട്. ടി നിവേദനത്തിന്മേൽ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ആരാഞ്ഞ് 27-7-2018-ൽ എഫ്2/87/18/തൊഴിൽ നമ്പർ പ്രകാരം കത്ത് അയച്ചിരുന്നു. കോട്ടയ്ക്കൽ ഇ.എസ്.ഐ. ഡിസ്പെൻസറി നിലവിൽ പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിൽനിന്നും കുറച്ചുകൂടി സൗകര്യമുള്ള അനുയോജ്യമായ മറ്റൊരു വാടക കെട്ടിടം കണ്ടെത്തി നൽകുന്നതിന് ഇ.എസ്.ഐ. കോർപ്പറേഷൻ റീജിയണൽ ഡയറക്ടറോട് കോട്ടയ്ക്കൽ ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസറും ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറും അഭ്യർത്ഥിച്ചിരുന്നു. ഇ.എസ്.ഐ. കോർപ്പറേഷനുമായി ബന്ധപ്പെട്ട് വാടക കെട്ടിടം കണ്ടെത്തി ഡിസ്പെൻസറി മാറ്റുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുവാൻ ഇൻഷ്വറൻസ് മെഡിക്കൽ

സർവ്വീസസ് വകുപ്പ് ഡയറക്ടർക്ക് സർക്കാർ തലത്തിൽ നിർദ്ദേശം നൽകിയിരുന്നു. കോട്ടയ്ക്കൽ ഡിസ്പെൻസറിയുടെ നിലവിലെ സൗകര്യങ്ങൾ വിലയിരുത്തുന്നതിന് ഡിസ്പെൻസറി സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ മെഡിക്കൽ റഫറിയോട് ഇ.എസ്.ഐ. കോർപ്പറേഷൻ റീജിയണൽ ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. ടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. നിലവിൽ കോട്ടയ്ക്കൽ ഡിസ്പെൻസറിയിൽ അനുവദിച്ച 6 തസ്തികകളിലും സ്ഥിരം ജീവനക്കാർ ജോലി ചെയ്തുവരുന്നുണ്ട്.

(ബി) ഇതുസംബന്ധിച്ച് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറേറ്റിലെ ഫയലിന്റെ പകർപ്പുകളും സെക്രട്ടേറിയറ്റിലെ തൊഴിലും നൈപുണ്യവും വകുപ്പിലുള്ള ഫയലിന്റെ പകർപ്പുകളും അനുബന്ധം* ആയി ഉള്ളടക്കം ചെയ്യുന്നു.

## സ്വകാര്യ തൊഴിൽ മേഖലയിൽ മിനിമം വേതനം

231(5819) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള സ്വകാര്യ തൊഴിൽ മേഖലയിൽ അത് ഉറപ്പുവരുത്തുന്നതിന് വകുപ്പുതല ജാഗ്രത പുലർത്തുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പല മേഖലകളിലും മിനിമം വേതനം നൽകാതെയും പ്രോവിഡന്റ് ഫണ്ട്, ഇ.എസ്.ഐ. തുകകൾ വേതനത്തിൽനിന്നും പിടിച്ചിട്ടും യഥാസമയം ഒടുക്കാതെയുമിരിക്കുന്ന പ്രവണത നിലനിൽക്കുന്നത് പരിശോധനാ വിധേയമാക്കുന്നുണ്ടോ;

(സി) എങ്കിൽ ഇത്തരത്തിൽ എത്ര ലംഘനങ്ങളാണ് 2018-19 വർഷം തൊഴിൽ വകുപ്പ് കണ്ടെത്തി രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാരുടെ നേതൃത്വത്തിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നു. കൂടാതെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അസംഘടിത മേഖലയിൽ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്ന തിലേക്കുമായി വേതന സുരക്ഷാപദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ തൊഴിലാളികൾക്ക് നിശ്ചയിക്കപ്പെട്ട വേതനം അവരുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുന്നതോടൊപ്പം വേജ് സ്ലിപ്പും ഓൺലൈൻ ആയി ലഭ്യമാകുന്നു. ഇതുമൂലം തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് സ്ഥാപന പരിശോധന കൂടാതെ തന്നെ പരിശോധിക്കുന്നതിനും സാധിക്കുന്നു.

(ബി) സ്ഥാപന പരിശോധനാ വേളയിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. ഇ.എസ്.ഐ., ഇ.പി.എഫ്. ആനുകൂല്യങ്ങൾ ലഭ്യമാകാത്തത് സംബന്ധിച്ച പരാതികളിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയാത്തതിനാൽ പരാതികൾ ബന്ധപ്പെട്ട വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്.

(സി) 2018-19 കാലയളവിൽ മിനിമം വേതനം നടപ്പിലാക്കാത്ത 983 സ്ഥാപന ഉടമകൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്.

## സർക്കാർ മേൽനോട്ടത്തിൽ ഓൺലൈൻ ടാക്സി സർവ്വീസ്

232 (5820) ശ്രീ. എസ്. ശർമ്മ:
ശ്രീ. കെ. ദാസൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീമതി. വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ വാഹന അഗ്രഗേറ്ററായ യൂബർ പോലുള്ളവയുടെ തൊഴിലാളി ചൂഷണത്തിന് പരിഹാരമെന്ന നിലയിൽ സർക്കാർ മേൽനോട്ടത്തിൽ ഓൺലൈൻ ടാക്സി സർവീസ് ആരംഭിക്കുന്നത് സംബന്ധിച്ച മോട്ടോർ വാഹന തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നിർദ്ദേശം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) അഞ്ച് വർഷത്തിലൊരിക്കൽ പുതുക്കി നിശ്ചയിക്കേണ്ട മിനിമം വേതനം സമയബന്ധിതമായി പുതുക്കി നിശ്ചയിക്കാൻ നടപടിയെടുത്തിട്ടുണ്ടോ;

(ഡി) ഹോട്ടലുകൾ ഉൾപ്പെടെയുള്ള വാണിജ്യ സ്ഥാപനങ്ങളിലും കടകളിലും തൊഴിലെടുക്കുന്ന പതിമൂന്നരലക്ഷത്തോളം വരുന്ന പീടിക തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കാനായി നടത്തിവരുന്ന ഇടപെടലുകൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ സർക്കാർ നിയന്ത്രണത്തിൽ ഓൺലൈൻ ടാക്സി സർവ്വീസ് ആരംഭിക്കുന്നതിന്റെ സാധ്യത സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

(ബി) അസംഘടിത തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തിയാണ് സർക്കാർ 2-2-2016-ലെ സ.ഉ.(അച്ചടി)നമ്പർ 24/2016/തൊഴിൽ നമ്പർ പ്രകാരം കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ ബോർഡിന് രൂപം നൽകിയത്. ടി ബോർഡിൽ അംഗങ്ങളാകുന്നവർക്ക് പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം റിട്ടയർമെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധനസഹായം വിദ്യാഭ്യാസ ആനുകൂല്യം, പ്രസവാനുകൂല്യം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, അപകടാനുകൂല്യം, വിവാഹ വായ്പാ ധനസഹായം, വീട് നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമുള്ള വായ്പാ ധനസഹായം, സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായം എന്നീ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

(സി) മിനിമം വേതനം പുതുക്കി നിശ്ചയിക്കേണ്ട മേഖലകളിലെല്ലാം തന്നെ ആയത് പുതുക്കി നിശ്ചയിക്കുന്നതിലേക്കായി തെളിവെടുപ്പുകൾ നടത്തി സർക്കാരിന് ശിപാർശ നൽകുന്നതിനായി മിനിമം വേതന ഉപദേശക സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഹോട്ടലുകൾ ഉൾപ്പെടെയുള്ള വാണിജ്യ സ്ഥാപനങ്ങളിലും കടകളിലും സ്ഥാപന പരിശോധനാവേളയിൽ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ എന്ന് ഉറപ്പുവരുത്താറുണ്ട്. കൂടാതെ ടി മേഖലകളിൽ സ്ക്വാഡ് പരിശോധനയും നടത്താറുണ്ട്. കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ക്ഷേമനിധി ബോർഡിന്റെ പദ്ധതിയിൽ പരാമർശിച്ചിട്ടുള്ള പ്രസവാനുകൂല്യം, വിവാഹാനുകൂല്യം, വിദ്യാഭ്യാസാനുകൂല്യം, മരണാനന്തര ധനസഹായം, മരണാനന്തര ചെലവ്, അബോർഷനായാലുള്ള സഹായം, ചികിത്സാ ധനസഹായം, പെൻഷൻ, അംശദായം തിരികെ അനുവദിക്കൽ എന്നീ ആനുകൂല്യങ്ങൾ ഹോട്ടലുകൾ ഉൾപ്പെടെയുള്ള വാണിജ്യ സ്ഥാപനങ്ങളിലും കടകളിലും തൊഴിലെടുക്കുന്ന പീടിക തൊഴിലാളികൾക്ക് നൽകിവരുന്നുണ്ട്.

## കിളിമാനൂരിൽ ലേബർ ഓഫീസ്

233 (5821) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കിളിമാനൂരിൽ ലേബർ ഓഫീസ് ആരംഭിക്കുവാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

## ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി

234 (5822) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ, സ്വകാര്യ മേഖലകളിലായി എത്ര ഐ.ടി.ഐ.-കൾ പ്രവർത്തിക്കുന്നു; കഴിഞ്ഞ മൂന്ന് വർഷത്തിനിടെ എത്ര ഐ.ടി.ഐ.-കൾ പുതിയതായി സർക്കാർ മേഖലയിൽ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കേരളത്തിലെ ഏതൊക്കെ ഐ.ടി.ഐ.-കളെയാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്; ഇവിടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 99 സർക്കാർ ഐ.ടി.ഐ.കളും 288 സ്വകാര്യ ഐ.ടി.ഐ.കളും നിലവിലുണ്ട്. കഴിഞ്ഞ 3 വർഷത്തിനിടെ സർക്കാർ മേഖലയിൽ 17 പുതിയ ഐ.ടി.ഐ.കൾ ആരംഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ 12 ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ധനുവച്ചപുരം, കൊല്ലം, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, മലമ്പുഴ, കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ എന്നീ 10 സർക്കാർ ഐ.ടി.ഐ.കളെ കിഫ്ബിയിൽ നിന്നുള്ള സാമ്പത്തിക സഹായം ഉപയോഗിച്ചും, തിരുവനന്തപുരം ജില്ലയിലെ ഗവ. ഐ.ടി.ഐ. ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവ. ഐ.ടി.ഐ. കോഴിക്കോട് എന്നീ

ഐ.ടി.ഐ.-കളെ വകുപ്പിലെ തനത് ഫണ്ട് ഉപയോഗിച്ചുമാണ് രാജ്യാന്തര പദവിയിലേക്ക് ഉയർത്തുന്നത്. ടി 12 ഐ.ടി.ഐ.-കളുടെ നിലവാരം അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്തുന്നതിന് ഉതകുന്ന രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് അനുവദിച്ചിട്ടുള്ള ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്നത്.

**ഐ.ടി.ഐ.-കൾ രാജ്യാന്തര പദവിയിലേക്ക് ഉയർത്തുന്ന പദ്ധതി**

235 (5823) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.-കൾ രാജ്യാന്തര പദവിയിലേക്ക് ഉയർത്തുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) എത്ര കോടി രൂപയാണ് ഈ പദ്ധതിക്കായി വിനിയോഗിക്കുകയെന്നും ഏത് ഏജൻസിയിൽ നിന്നുമാണ് ഇതിനുള്ള ധനസഹായം ഉറപ്പാക്കിയിട്ടുള്ളതെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ-സി) ധനുവച്ചപുരം, കൊല്ലം, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, മലമ്പുഴ, കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ എന്നീ 10 സർക്കാർ ഐ.ടി.ഐ.-കളെ കിഫ്ബിയുടെ ധനസഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ.-കൾ ആക്കി മാറ്റുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി 10 ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിലേക്കായി 82.498 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. സാങ്കേതിക അനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കി കിഫ്ബി അനുവദിച്ച തുകയ്ക്കുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പ്രസ്തുത ഐ.ടി.ഐ.-കളിൽ ആരംഭിക്കുന്നതാണ്.

ഇതിനുപുറമേ തിരുവനന്തപുരം ജില്ലയിലെ ഗവ. ഐ.ടി.ഐ. ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവ.ഐ.ടി.ഐ. കോഴിക്കോട് എന്നിവയെ അന്താരാഷ്ട്ര നിലവാരത്തിലാക്കുന്നതിനുള്ള ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് യഥാക്രമം 5,23,58,914 രൂപയ്ക്കും 2,76,25,000 രൂപയ്ക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ രണ്ട് ഐ.ടി.ഐ.-യിലെയും പ്രവർത്തനങ്ങൾ സർക്കാർ ഫണ്ട് ഉപയോഗിച്ചാണ് നടപ്പിലാക്കുന്നത്. ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## കേണൽ നിരഞ്ജൻ സ്മാരക കരിമ്പുഴ സർക്കാർ ഐ.ടി.ഐ.-യിലെ കോഴ്സുകൾ

236 (5824) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കേണൽ നിരഞ്ജൻ സ്മാരക കരിമ്പുഴ സർക്കാർ ഐ.ടി.ഐ.-യിൽ ഏതെല്ലാം കോഴ്സുകൾ നിലവിലുണ്ടെന്നും ഓരോ കോഴ്സിനും എത്ര സീറ്റുകൾ വീതമാണുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) അപേക്ഷകരുടെ ബാഹുല്യം കണക്കിലെടുത്ത് കരിമ്പുഴ സർക്കാർ ഐ.ടി.ഐ.-യിൽ കൂടുതൽ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കേണൽ നിരഞ്ജൻ സ്മാരക കരിമ്പുഴ സർക്കാർ ഐ.ടി.ഐ.-യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, പ്ലംബർ എന്നീ ട്രേഡുകളിലായി 48 വീതം സീറ്റുകൾ നിലവിലുണ്ട്.

(ബി) കരിമ്പുഴ സർക്കാർ ഐ.ടി.ഐ.-യിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള ഭൗതിക സൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് ടി വിഷയം പരിശോധിക്കുന്നതാണ്.

## മണലൂർ ഐ.ടി.ഐ.-യുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ

237 (5825) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ ഐ.ടി.ഐ.യുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് നടന്നുവരുന്ന പ്രവൃത്തികൾ എന്തൊക്കെയാണ്;

(ബി) മണലൂർ ഐ.ടി.ഐ. -യ്ക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് സ്ഥല പരിമിതിയുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സമീപത്തുനിന്നും ഭൂമി വാങ്ങി മണലൂർ ഐ.ടി.ഐ.-യോട് ചേർക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) മണലൂർ ഐ.ടി.ഐ.-ക്കായി മൂന്ന് നിലയുള്ള കെട്ടിടമാണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്. ഇതിൽ ആദ്യഘട്ടമായി അനുവദിച്ച 1.3 കോടി (ഒരു കോടി മുപ്പത് ലക്ഷം) രൂപ ഉപയോഗിച്ച് മെക്കാനിക് മോട്ടോർ വെഹിക്കിൾ ട്രേഡ്

വർക്ക്ഷോപ്പ്, വെഹിക്കിൾ ഗ്യാരേജ്, സ്റ്റോർ റൂം എന്നിവയുടെ നിർമ്മാണം ഗ്രൗണ്ട് ഫ്ലോറിലും ഓഫീസ് റൂം, പ്രിൻസിപ്പാൾ റൂം, സ്റ്റാഫ് റൂം, രണ്ട് ക്ലാസ്സ് മുറികൾ, ലൈബ്രറി റൂം എന്നിവയുടെ നിർമ്മാണം ഒന്നാം നിലയിലും പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ഒന്നാം നിലയിലെ റൂമുകളുടെ ഫിനിഷിംഗ് വർക്കും രണ്ടാം നിലയുടെ നിർമ്മാണവുമാണ് ഇതിനായി അനുവദിച്ച 1.1 കോടി (ഒരു കോടി പത്തുലക്ഷം) രൂപ കൊണ്ട് നിർവ്വഹിക്കുന്നത്.

(ബി &സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മണലൂർ ഐ.ടി.ഐ.-യോട് ചേർന്ന് കിടക്കുന്ന ഭൂമി, മണലൂർ ഗ്രാമപഞ്ചായത്ത് വാങ്ങി വ്യാവസായിക പരിശീലന വകുപ്പിന് ലഭ്യമാക്കിയാൽ ആയത് വകുപ്പ് ഏറ്റെടുക്കുന്നതാണ്.

## വാണിയംകുളം ഐ.ടി.ഐ.-യുടെ നവീകരണം

238 (5826) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന വാണിയംകുളം ഐ.ടി.ഐ. -യുടെ നവീകരണത്തിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

വാണിയംകുളം ഐ.ടി.ഐ.-യുടെ നവീകരണവുമായി ബന്ധപ്പെട്ട് രണ്ടാംഘട്ട കെട്ടിടനിർമ്മാണത്തിനായി 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലായി ആകെ 2.7 കോടി (രണ്ട് കോടി എഴുപത് ലക്ഷം) രൂപ അനുവദിച്ച് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ സിവിൽ വർക്കുകളും ഇലക്ട്രിഫിക്കേഷനും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികളായ ചുറ്റുമതിൽ, വാച്ച്മാൻ ക്യാബിൻ, റോഡ്, കിണർ മുതലായവയുടെ നിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്. ആയതിലേക്കായി പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വാണിയംകുളം ഐ.ടി.ഐ.യിൽ പുതുതായി ഫിറ്റർ, ഇലക്ട്രീഷ്യൻ എന്നീ ട്രേഡുകൾ ആരംഭിക്കുന്നത് സംബന്ധിച്ച ശിപാർശ സർക്കാർ പരിശോധിക്കുന്നതാണ്.

## വ്യാവസായിക പരിശീലന വകുപ്പിൽ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് തസ്തികയിലെ അംഗബലം

239 (5827) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക പരിശീലന വകുപ്പിൽ നിലവിലുള്ള ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് തസ്തികകൾ എത്രയെന്നും ഏറ്റവും അവസാനമായി ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് തസ്തികയുടെ എണ്ണം വർദ്ധിപ്പിച്ച വർഷം ഏതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വർഷം സർക്കാർ, സ്വകാര്യ മേഖലകളിൽ ഉണ്ടായിരുന്ന ഐ.ടി.ഐ.-കളുടെയും ഐ.ടി.സി.-കളുടെയും എണ്ണം എത്രയെന്നും ഈ സ്ഥാപനങ്ങളിൽ പരിശീലനം നടത്തിവന്ന ട്രെയിനികളുടെ എണ്ണം എത്രയെന്നും വ്യക്തമാക്കുമോ;

(സി) 2019-20-ൽ സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും നിലവിലുള്ള ഐ.ടി.ഐ.-കളുടെ എണ്ണവും അവിടെ പരിശീലനം നടത്തി വരുന്ന ട്രെയിനികളുടെ എണ്ണവും എത്രയെന്നും വ്യക്തമാക്കുമോ;

(ഡി) ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് തസ്തികയിലുള്ള ഉദ്യോഗസ്ഥരുടെ ചുമതലകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഇ) വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ എണ്ണം ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് തസ്തികകൾ വകുപ്പിൽ നിലവിലുണ്ടെന്ന് കരുതുന്നുണ്ടോ; നിലവിലില്ലായെങ്കിൽ പ്രസ്തുത തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) വ്യാവസായിക പരിശീലന വകുപ്പിൽ നിലവിൽ 5 ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് തസ്തികകളുണ്ട്. 2008 ഡിസംബറിൽ ആണ് വ്യാവസായിക പരിശീലന വകുപ്പിൽ അവസാനമായി ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്/അസിസ്റ്റന്റ് ഡയറക്ടറുടെ ഒരു തസ്തിക ലോക ബാങ്ക് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അനുവദിച്ചത്. താൽക്കാലികമായി അനുവദിച്ച ടി തസ്തിക 2015-ൽ നിർത്തലാക്കി.

(ബി) 2008 വർഷത്തിൽ സർക്കാർ മേഖലയിൽ 47 ഐ.ടി.ഐ.-കളും സ്വകാര്യ മേഖലയിൽ 336 ഐ.ടി.ഐ.-കളും ഉണ്ടായിരുന്നു. 12180 ട്രെയിനികൾ സർക്കാർ മേഖലയിൽ പരിശീലനം നേടുകയുണ്ടായി. സ്വകാര്യ മേഖലയിലെ ട്രെയിനികളുടെ എണ്ണം വ്യക്തമാക്കുന്ന രേഖകൾ നിലവിൽ ലഭ്യമല്ല.

(സി)

| മേഖല | ഐ.ടി.ഐ.-കളുടെ എണ്ണം | പ്രവേശനം നൽകുന്ന ട്രെയിനികളുടെ എണ്ണം |
|---|---|---|
| സർക്കാർ മേഖല | 99 | 28030 |
| സ്വകാര്യ മേഖല | 298 | 26849 |

(ഡി) അധികാര പരിധിയിൽ വരുന്ന സർക്കാർ/സ്വകാര്യ ഐ.ടി.ഐ.കളിലെ ട്രെയിനിംഗ് അനുബന്ധ പ്രവർത്തനങ്ങളുടെ പരിശോധന നടത്തൽ, സർക്കാർ ഐ.ടി.ഐ.-കളിലെ പ്രവർത്തനക്ഷമമല്ലാത്ത ഉപകരണങ്ങളുടെ ലേല നടപടികൾ, സർക്കാർ ഐ.ടി.ഐ. വളപ്പിലെ ഫലവൃക്ഷങ്ങളുടെ ആദായം, ലേലം എന്നിവയുടെ മേൽനോട്ടം മുതലായവയാണ് ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് തസ്തികയിലെ ജീവനക്കാരുടെ ചുമതല. കൂടാതെ വകുപ്പ് മേധാവി നൽകുന്ന മറ്റ് ചുമതലകളും നിർവ്വഹിക്കേണ്ടതുണ്ട്.

(ഇ) ഇല്ല. ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് തസ്തിക വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## ധനുവച്ചപുരം ഐ.ടി.ഐ.-യെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തൽ

240 (5828) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനുവച്ചപുരം ഐ.ടി.ഐ.-യെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതിയുടെ തൽസ്ഥിതി അറിയിക്കാമോ;

(ബി) ആയതിലേക്കായി തയ്യാറാക്കിയ ഡി.പി.ആർ.-ന് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; പദ്ധതിക്കായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിലേക്കായി എസ്.പി.വി.-യെ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാനാകും എന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) ധനുവച്ചപുരം ഐ.ടി.ഐ.-യെ കിഫ്ബിയുടെ ധനസഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ. ആയി ഉയർത്തുന്നതിനുള്ള പദ്ധതി നിർവ്വഹണത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE)നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. KASE സമർപ്പിച്ച ഡി.പി.ആർ കിഫ്ബി അംഗീകരിക്കുകയും ധനുവച്ചപുരം ഐ.ടി.ഐ.-ക്ക് 11.359 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് സാങ്കേതിക അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. അനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കി കിഫ്ബി അനുവദിച്ച തുകയ്ക്കുള്ള നിർമ്മാണ പ്രവർത്തനങ്ങൾ 2019 ആഗസ്റ്റ് മാസത്തോടുകൂടി ധനുവച്ചപുരം ഐ.ടി.ഐ.യിൽ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ചെങ്ങന്നൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ഉദ്യോഗാർത്ഥികൾ**

241 (5829) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ എത്ര ഉദ്യോഗാർത്ഥികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ പുരുഷന്മാരുടെയും വനിതകളുടെയും എണ്ണം വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ വർഷം എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ചെങ്ങന്നൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ആകെ (2019 മേയ് 31 വരെ) 27,110 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| പുരുഷന്മാർ | - | 10,401 |
| സ്ത്രീകൾ | - | <u>16,709</u> |
| ആകെ | - | 27,110 (ഇരുപത്തിയേഴായിരത്തി ഒരുനൂറ്റി പത്ത്) |

(ബി) കഴിഞ്ഞ വർഷം ചെങ്ങന്നൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ആകെ 106 പേർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമനങ്ങൾ

242 (5830) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ നിലവിലുള്ള താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വിവിധ വകുപ്പുകളിലെ താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്താൻ നടപടി സ്വീകരിക്കുമോ ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മറികടന്ന് വിവിധ വകുപ്പുദ്യോഗസ്ഥർ നടത്തുന്ന അനധികൃത താൽക്കാലിക നിയമനങ്ങൾ തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ നടപടി സ്വീകരിക്കുമോ ;

(ഡി) താൽക്കാലിക നിയമനങ്ങൾ എത്ര കാലത്തേക്കാണ് നടത്താറുള്ളത്; ഇതിനുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ഇ) ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്യാത്തത് കൊണ്ടാണോ എക്സ്ചേഞ്ച് വഴിയല്ലാതെ ചില നിയമനങ്ങൾ നടന്നത്; വിശദമാക്കാമോ ?

ഉത്തരം

(എ) ചില ഓഫീസുകളിലെ നിയമനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എല്ലാ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ്. സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/ബോർഡുകൾ/കമ്പനികൾ/കോർപ്പറേഷനുകൾ/സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിക്ക് പുറത്ത് വരുന്ന ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമായിരിക്കേണ്ടതാണെന്നും ഇതിന് വിപരീതമായി പ്രവർത്തിക്കുന്ന വകുപ്പ് മേധാവികൾക്കും/തലവന്മാർക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും വിവിധ സ്ഥാപനങ്ങളിൽ സി.എൻ.വി. ആക്ട് പ്രകാരമുള്ള പരിശോധന നടത്തുമ്പോഴോ

അനധികൃതനിയമനം സംബന്ധിച്ച് പരാതി ലഭിക്കുമ്പോൾ നടത്തുന്ന പരിശോധനയിലോ അനധികൃത നിയമനങ്ങൾ നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത താത്കാലിക നിയമനങ്ങൾ റദ്ദ് ചെയ്ത് ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുന്നതിന് ഉദ്യോഗദായകന് കർശന നിർദ്ദേശം നൽകുകയും ആവശ്യമായ തുടർനടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്.

(ഡി) KS & SSR rule 9 (എ) (1) പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള താത്കാലിക നിയമനങ്ങൾ 180 ദിവസത്തേക്കാണ് നടത്തേണ്ടത്. സംസ്ഥാനസർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാസ്ഥാപനങ്ങൾ/ കമ്പനികൾ/ കോർപ്പറേഷനുകൾ/ബോർഡുകൾ/സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ എല്ലാവിധ താത്കാലിക നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിച്ച് നിയമനം നടത്തണമെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്. അപ്രകാരം ഒഴിവുകൾ അറിയിക്കുമ്പോൾ പ്രായപരിധി, വിദ്യാഭ്യാസ യോഗ്യത, സംവരണം, സീനിയോറിറ്റി, മറ്റു മാനദണ്ഡങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഒഴിവുകൾ പൂൾ ചെയ്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പരിപാലിച്ചു പോരുന്ന കമ്മ്യൂണൽ റൊട്ടേഷൻ റോസ്റ്റർ അനുസരിച്ച് ബുക്ക് ചെയ്ത് ജില്ലാതല സർക്കുലേഷൻ നടത്തി യോഗ്യരായ ഉദ്യോഗാർത്ഥികളുടെ നാമനിർദ്ദേശപ്പട്ടിക ഉദ്യോഗദായകർക്ക് നൽകുന്നു. ആയതിൽ നിന്നും ഉദ്യോഗദായകൻ ടെസ്റ്റ്/ഇന്റർവ്യൂ നടത്തി യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നു.

(ഇ) വിവിധ വകുപ്പുകളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും ഉദ്യോഗദായകർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കുന്ന ഒഴിവുകളിൽ സീനിയോറിറ്റി, വിദ്യാഭ്യാസ യോഗ്യത, പ്രായം, മുൻഗണന, സാമുദായിക സംവരണം തുടങ്ങി നിലവിലുള്ള സർക്കാർ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്ത് ലിസ്റ്റ് നൽകുകയാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ചെയ്യുന്നത്. ചില ഉദ്യോഗദായകരെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിക്കാതെ താൽക്കാലിക നിയമനങ്ങൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും വിവിധ സ്ഥാപനങ്ങളിൽ സി.എൻ.വി. ആക്ട് പ്രകാരമുള്ള പരിശോധന നടത്തുമ്പോഴോ അനധികൃത നിയമനം സംബന്ധിച്ച് പരാതി ലഭിക്കുമ്പോൾ നടത്തുന്ന പരിശോധനയിലോ അനധികൃത നിയമനങ്ങൾ നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത താത്കാലിക നിയമനങ്ങൾ റദ്ദ് ചെയ്ത് ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുന്നതിന് ഉദ്യോഗദായകന് കർശന നിർദ്ദേശം നൽകുകയും ആവശ്യമായ തുടർനടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്.

## സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക്

243 (5831) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് ദേശീയ ശരാശരിയായ 6.1 ശതമാനത്തിനേക്കാൾ നാലര ശതമാനം കൂടി 10.67 ശതമാനമായി ഉയർന്നിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഇതുവരെ എത്ര പേർ തൊഴിലിനായി പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) വ്യവസായ സംരംഭകർ സംസ്ഥാനത്തേക്ക് കടന്നുവരാൻ മടിക്കുന്നതും കാർഷിക മേഖലയിലേക്ക് പുതുതലമുറയെ ആകർഷിക്കാൻ കഴിയാത്തതും തൊഴിലവസരങ്ങൾ കുറയുന്നതിന് കാരണമാവുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) എങ്കിൽ സംസ്ഥാനത്ത് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ എന്തൊക്കെ നൂതന സംരംഭങ്ങൾക്ക് തുടക്കം കുറിക്കുമെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) ഉണ്ട്. ഉയർന്ന സാക്ഷരതാനിരക്കും വിദ്യാഭ്യാസരംഗത്തെ പുരോഗതിയുംമൂലം സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് തൊഴിലില്ലായ്മ നിരക്ക് ഉയരുന്നതിന് കാരണമായിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നാളിതുവരെ (31-5-2019) തൊഴിലിനായി ആകെ 35,65,672 (മുപ്പത്തിയഞ്ച് ലക്ഷത്തി അറുപത്തി അയ്യായിരത്തി അറുന്നൂറ്റി എഴുപത്തിരണ്ട്) ഉദ്യോഗാർത്ഥികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) കേരളത്തിൽ ജനസാന്ദ്രത കൂടുതലായതിനാലും വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സ്ഥലപരിമിതി കൊണ്ടും അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും നമ്മുടെ സംസ്ഥാനത്ത് തൊഴിലില്ലായ്മ വർദ്ധിക്കുവാൻ കാരണമായിട്ടുണ്ട്. അതോടൊപ്പം കൃഷിയിടങ്ങളുടെ കുറവും തൊഴിലവസരം കുറയുന്നതിന് കാരണമായിട്ടുണ്ട്.

(ഡി) നൂതന തൊഴിലവസരങ്ങൾ കണ്ടെത്തി ആയതിന് തൊഴിലന്വേഷകരെ പ്രാപ്തരാക്കുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ നൈപുണ്യ പരിശീലനം നൽകുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകളും കരിയർ സംബന്ധമായ എല്ലാ പ്രശ്നങ്ങൾക്കും ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് കരിയർ ഡെവലപ്മെന്റ് സെന്ററുകളും മോഡൽ കരിയർ സെന്ററുകളും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുപുറമെ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്ററുകൾ എന്നിവ മുഖേന ജോബ്ഫെയർ/പ്ലേസ്മെന്റ് ഡ്രൈവ് കൂടാതെ മേഖലാടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറുകളും സംഘടിപ്പിച്ചുവരുന്നുണ്ട്.

## തൊഴിലില്ലായ്മ വേതന വിതരണം

244 (5832) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തൊഴിലില്ലായ്മ വേതനം വിതരണം ആരംഭിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് ഉത്തരവുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) തൊഴിലില്ലായ്മ വേതനത്തിനുള്ള അർഹതാ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) തൊഴിലില്ലായ്മ വേതനത്തിന് അപേക്ഷിക്കാനുള്ള വരുമാന പരിധി എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഇ) തൊഴിലില്ലായ്മ വേതനം ലഭ്യമാകാൻ ഓരോ തവണയും താമസം, വരുമാനം, ജോലി എന്നിവ സംബന്ധിച്ച് പരിശോധിക്കേണ്ടതുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) 1982 നവംബർ 12-നാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തൊഴിലില്ലായ്മ വേതന വിതരണ പദ്ധതി ആരംഭിച്ചത്. ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി&ഡി) വിദ്യാർത്ഥി അല്ലാത്തതും എസ്.എസ്.എൽ.സി.-യോ തത്തുല്യ പരീക്ഷയോ പാസ്സായവരും വാർഷിക കുടുംബവരുമാനം 12,000 രൂപയിലും പ്രതിമാസ വ്യക്തിഗത വരുമാനം 100 രൂപയിലും കവിയാത്തവരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 18 വയസ്സിനുശേഷം തുടർച്ചയായി മൂന്ന് വർഷം തൊഴിലൊന്നും ലഭിക്കാതെ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ നിലനിർത്തുന്നവരും മുപ്പത്തി അഞ്ച് വയസ്സ് കഴിയാത്തതുമായ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽരഹിത വേതനത്തിന് അപേക്ഷിക്കാവുന്നതാണ്. പട്ടികജാതി-പട്ടികവർഗ്ഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷ പാസ്സാകണമെന്നില്ല. അവർ ടി പരീക്ഷ എഴുതിയിരുന്നാൽ മതിയാകും. അംഗപരിമിതരായ അപേക്ഷകർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 18 വയസ്സിനുശേഷം തുടർച്ചയായി രണ്ട് വർഷത്തെ സീനിയോറിറ്റിയും പട്ടികജാതി/പട്ടികവർഗ്ഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് തുല്യമായ വിദ്യാഭ്യാസ യോഗ്യതയും മതിയാകുന്നതാണ്.

(ഇ) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

## യുവജനങ്ങൾക്കായി മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ

245 (5833) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനങ്ങളുടെ തൊഴിലില്ലായ്മ നിരക്ക് വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യുവജനങ്ങൾക്ക് ഉൽപ്പാദനപരമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) യുവജനങ്ങൾക്ക് മികച്ച തൊഴിലവസരങ്ങൾ കണ്ടെത്തുവാൻ നിലവിലുള്ള തൊഴിൽദായക പദ്ധതികളും നൈപുണ്യവികസന പരിപാടികളും പുനഃക്രമീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2015-ൽ കേരളത്തിന്റെ തൊഴിലില്ലായ്മ നിരക്ക് 12.5 ശതമാനമായിരുന്നു. നിലവിൽ അത് 10.67 ശതമാനമായി കുറഞ്ഞിട്ടുണ്ട്. എന്നാൽ ദേശീയ ശരാശരിയായ 6.1 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ തൊഴിലില്ലായ്മ നിരക്ക് കൂടുതലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി&സി) എംപ്ലോയ്മെന്റ് വകുപ്പുമായി ബന്ധപ്പെട്ട് നിരവധി സ്വയംതൊഴിൽ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. യുവജനങ്ങൾക്ക് മികച്ച തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കുന്ന തൊഴിൽദായക/പരിശീലന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. എംപ്ലോയബിലിറ്റി സെന്റർ
2. മോഡൽ കരിയർ സെന്റർ
3. നിയുക്തി മെഗാ ജോബ് ഫെയർ

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന നടപ്പിലാക്കിവരുന്ന നൈപുണ്യവികസന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ)
2. അക്രെഡിറ്റേഷൻ
3. കൗശൽ കേന്ദ്രങ്ങൾ
4. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ

എംപ്ലോയ്മെന്റ് വകുപ്പ് നടപ്പിലാക്കിവരുന്ന നൈപുണ്യ വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. എംപ്ലോയബിലിറ്റി സെന്ററുകൾ
2. കരിയർ ഡെവലപ്മെന്റ് സെന്റർ
3. സ്റ്റേറ്റ് ജോബ് പോർട്ടൽ
4. സ്കിൽ രജിസ്ട്രി

## ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിൽ ഇൻസ്പെക്ടർ തസ്തിക

246 (5834) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിൽ ഇൻസ്പെക്ടർമാരുടെ തസ്തിക സൃഷ്ടിക്കൽ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ കണക്കനുസരിച്ച് സംസ്ഥാനത്ത് 157 ഇൻസ്പെക്ടർമാർ ആവശ്യമുണ്ടെന്നും എന്നാൽ നിലവിൽ 24 പേർ മാത്രമേയുള്ളൂവെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) നിലവിൽ 24 ഇൻസ്‌പെക്ടർമാർ വകുപ്പിൽ ജോലി നോക്കിവരുന്നു. ഇൻസ്‌പെക്ടർമാരുടെ എണ്ണം സംബന്ധിച്ച് ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ കണക്ക് സൂചിപ്പിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## വ്യാജ പരാതി അടിസ്ഥാനമാക്കി എക്സൈസ് കേസുകൾ

247 (5835) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരപരാധികളായ ആളുകളെ വ്യാജ പരാതിയുടെ അടിസ്ഥാനത്തിൽ ചാരായം ഉണ്ടാക്കിയതായി ആരോപിച്ച് എക്സൈസ് സംഘം ജയിലിൽ അടയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ;

(ബി) കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽപ്പെട്ട ആരെയെങ്കിലും വ്യാജപരാതിയുടെ അടിസ്ഥാനത്തിൽ ചാരായം ഉണ്ടാക്കിയതായി ആരോപിച്ച് എക്സൈസ് സംഘം ജയിലിൽ അടച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ നാട്ടുകാർ ആക്ഷൻ കൗൺസിൽ രൂപീകരിച്ച് നിരപരാധിയായ ആളെ വിട്ടയക്കണം എന്നാവശ്യപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മീനച്ചിൽ താലൂക്കിൽപ്പെട്ട ആരെയും വ്യാജപരാതിയുടെ അടിസ്ഥാനത്തിൽ ചാരായം ഉണ്ടാക്കിയതായി ആരോപിച്ച് ജയിലിൽ അടച്ചിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## എക്സൈസ് വകുപ്പിൽ ക്രൈംബ്രാഞ്ച് രൂപീകരണം

248 (5836) ശ്രീ. അനിൽ അക്കര:
ശ്രീ. റോജി എം. ജോൺ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരകമായ പുതിയ ലഹരി വസ്തുക്കൾ രാജ്യാന്തര മാഫിയ വഴി കേരളത്തിലേക്ക് വൻതോതിലെത്തുന്നുവെന്നും അന്വേഷണം പൂർത്തിയാകാതെ കേസ്സുകൾ കെട്ടിക്കിടക്കുന്നുവെന്നും ആക്ഷേപമുള്ള സാഹചര്യത്തിലും എക്സൈസ് വകുപ്പിൽ ക്രൈംബ്രാഞ്ച് രൂപീകരണം നീണ്ടുപോകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) എക്സൈസ് കമ്മീഷണർ ഇതുസംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് നൽകിയിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ക്രൈംബ്രാഞ്ച് രൂപീകരണത്തെ നിയമ വകുപ്പും എക്സൈസ് വകുപ്പും തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടോ;

(ഡി) എക്സൈസ് വകുപ്പിൽ ക്രൈംബ്രാഞ്ച് രൂപീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) മയക്കുമരുന്നടക്കമുള്ള നിരോധിത ലഹരിവസ്തുക്കൾ കണ്ടെത്തിയതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ തുടരന്വേഷണം വളരെ സൂക്ഷ്മതയോടും ഗൗരവത്തോടെയും നടത്തേണ്ടതുണ്ട്. കേസ് രജിസ്റ്റർ ചെയ്യുന്നതിലും തുടരന്വേഷണം നടത്തുന്നതിനും ബഹുമാനപ്പെട്ട സുപ്രീം കോടതി ചില മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ചുകൊണ്ടുള്ള ഒരു നിർദ്ദേശമാണ് എക്സൈസ് ക്രൈംബ്രാഞ്ച് രൂപീകരണവുമായി ബന്ധപ്പെട്ട് എക്സൈസ് കമ്മീഷണർ സമർപ്പിച്ചിട്ടുള്ളത്. സംസ്ഥാനാടിസ്ഥാനത്തിൽ അന്വേഷണ അധികാരമുള്ള ഒരു പ്രത്യേക ക്രൈംബ്രാഞ്ച് എക്സൈസ് വകുപ്പിൽ രൂപീകരിക്കുന്നതിന് ഇത്തരത്തിൽ സമർപ്പിച്ചിട്ടുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എക്സൈസ് ക്രൈംബ്രാഞ്ച് വിഭാഗം രൂപീകരിക്കുന്നതിന് തത്വത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

## റെയിൽവേ സ്റ്റേഷനുകളിൽ എക്സൈസ് ഔട്ട്പോസ്റ്റ്

249 (5837) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രധാനപ്പെട്ട റെയിൽവേ സ്റ്റേഷനുകളിൽ എക്സൈസ് വകുപ്പ് ഔട്ട്പോസ്റ്റ് ആരംഭിക്കുവാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## പഞ്ചനക്ഷത്ര ഹോട്ടലുകളിലെ കള്ള് വിൽപ്പന

250 (5838) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചനക്ഷത്ര ഹോട്ടലുകളിൽ കള്ള് വിൽക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഇതുപ്രകാരം എത്ര പഞ്ചനക്ഷത്ര ഹോട്ടലുകൾ ലൈസൻസിന് അപേക്ഷിച്ചുവെന്നും എത്ര പേർക്ക് അനുവദിച്ചുവെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2017-18-ലെ മദ്യ നയത്തിൽ ത്രീ സ്റ്റാറിനും അതിന് മുകളിലും ക്ലാസ്സിഫിക്കേഷനുള്ള ഹോട്ടലുകൾക്ക് ശുദ്ധമായ കള്ള് വിതരണം ചെയ്യുന്നതിന് അനുവാദം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച് അബ്കാരി നിയമത്തിലും വിദേശമദ്യ ചട്ടങ്ങളിലും ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇതുപ്രകാരം പഞ്ചനക്ഷത്ര ഹോട്ടലുകൾ അപേക്ഷ സമർപ്പിച്ചിട്ടില്ല.

## ലഹരിക്കെതിരെ കായിക ലഹരി സന്ദേശം

251 (5839) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിക്കെതിരെ കായിക ലഹരി എന്ന സന്ദേശവുമായി ജില്ലകളിൽ ഫുട്ബോൾ മത്സരം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ ജില്ലകളിൽ ഇതിനകം മത്സരം നടത്തി; ഇതിനായി എന്ത് തുക ചെലവഴിച്ചു; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. പഞ്ചായത്തുതല കേരളോത്സവ മത്സര വിജയികളെ പങ്കെടുപ്പിച്ചുകൊണ്ട് എക്സൈസ് റേഞ്ച് സർക്കിൾ തലത്തിൽ 14 ജില്ലകളിലും ഫുട്ബോൾ മത്സരങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇതിനായി ആകെ 25,35,000 രൂപ (ഇരുപത്തഞ്ച് ലക്ഷത്തി മുപ്പത്തി അയ്യായിരം രൂപ) ചെലവഴിച്ചിട്ടുണ്ട്.

## മയക്കുമരുന്ന് കേസ്സിലെ തൊണ്ടിമുതലുകൾ

252 (5840) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്ന് കേസ്സിലെ തൊണ്ടിമുതലുകൾ നശിപ്പിക്കുന്നതിനുള്ള നടപടിക്രമം എന്താണ് എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കേസ്സുകളിലെ തൊണ്ടിമുതലുകൾ നശിപ്പിക്കാതെ എക്സൈസ് ഓഫീസുകളിൽ നശിപ്പിച്ചതായി രേഖപ്പെടുത്തി കോടതികളെ കബളിപ്പിക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൂടുതൽ കേസ്സുകൾ പിടിച്ചുവെന്ന് രേഖയുണ്ടാക്കുവാൻ, നശിപ്പിക്കാത്ത മയക്കുമരുന്നും മറ്റും പുതിയ കേസ്സുകളിൽ തൊണ്ടിയായി കാണിച്ച് പ്രതികളെ കിട്ടിയില്ലായെന്ന് റിപ്പോർട്ട് തയ്യാറാക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഇത് സംബന്ധിച്ച് വകുപ്പുതലത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയോ; പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്താണ് എന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) 1985-ലെ NDPS Act, സെക്ഷൻ 52 എ പ്രകാരമുള്ള ചട്ടങ്ങൾ പാലിച്ചാണ് നിലവിൽ മയക്കുമരുന്ന് കേസ്സിലെ തൊണ്ടി മുതലുകൾ നശിപ്പിക്കുന്നത്. ആയതിന്റെ ഭാഗമായി മജിസ്ട്രേറ്റ് നിയമാനുസരണം സാക്ഷ്യപ്പെടുത്തിയ ഇൻവെന്ററി പ്രകാരമുള്ള തൊണ്ടിവകകൾ നശിപ്പിക്കുന്നതിലേക്കായി ഓരോ എക്സൈസ് ഡിവിഷനിലും എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, എക്സൈസ് സ്പെഷ്യൽ സ്ക്വാഡ് സർക്കിൾ ഇൻസ്പെക്ടർ എന്നിവർ ഉൾപ്പെട്ട ഡിസ്പോസൽ കമ്മിറ്റി നിലവിലുണ്ട്. ഓരോ മാസവും ഡിസ്പോസൽ കമ്മിറ്റി ചേരുകയും നശിപ്പിക്കേണ്ട മയക്കുമരുന്നുകൾ നശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കണ്ടെത്തിയിട്ടില്ല.

(ഡി) ബാധകമല്ല.

## വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ബോധവത്കരണം

253 (5841) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ-കോളേജ് കേന്ദ്രീകരിച്ച് ലഹരി മാഫിയ നടത്തുന്ന ഇടപെടൽ തടയാൻ വകുപ്പിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടികൾ നടത്താറുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് പി.ടി.എ.-യെയും പ്രാദേശിക ഗവൺമെന്റിനെയും രാഷ്ട്രീയ പാർട്ടി പ്രതിനിധികളെയും കൂട്ടിയോജിപ്പിച്ച് വിപുലമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. 2016 ഒക്ടോബർ മാസം ആരംഭിച്ച 'വിമുക്തി' ലഹരി വർജ്ജന മിഷന്റെ ഭാഗമായി എക്സിക്യൂട്ടീവ് കമ്മിറ്റി, ഗവേണിംഗ് ബോഡി, ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റികൾ, തദ്ദേശഭരണ സ്ഥാപനതല കമ്മിറ്റികൾ, വാർഡുതല കമ്മിറ്റികൾ എന്നിവ രൂപീകരിക്കുകയും ടി കമ്മിറ്റികൾ വിമുക്തി മിഷന്റെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. വിദ്യാർത്ഥികളിൽ ലഹരിക്കെതിരായ ചിന്താഗതി വളർത്തിയെടുക്കുക എന്ന ലക്ഷ്യം മുൻനിർത്തി സ്കൂൾ/കോളേജ് തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുകയും സംസ്ഥാനത്തുടനീളം വിദ്യാലയങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ, പി.ടി.എ., സ്കൂൾ ഡെവലപ്മെന്റ് കമ്മിറ്റി എന്നിവരുടെ സഹകരണത്തോടെ വിദ്യാർത്ഥികൾക്കായി എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും മറ്റ് വിദഗ്ദ്ധരായ ഫാക്കൽറ്റികളുടെ സേവനം പ്രയോജനപ്പെടുത്തിയും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കായി ലഹരി വിരുദ്ധ ബോധവൽക്കരണ പ്രചരണാർത്ഥം സംസ്ഥാനമൊട്ടാകെ റെയിഞ്ച് അടിസ്ഥാനത്തിൽ ഉപന്യാസരചന, ചിത്രരചന, കയ്യെഴുത്ത് മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന, പ്രസംഗമത്സരം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

## തൊഴിലാളികൾക്ക് കള്ളുഷാപ്പുകൾ നടത്തുവാൻ അനുമതി

254 (5842) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാറുകാർ ലൈസൻസ് ഏറ്റെടുക്കുവാൻ വിസമ്മതിക്കുന്ന കള്ളുഷാപ്പുകൾ തൊഴിലാളികളുടെ കമ്മിറ്റികൾക്ക് ഏറ്റെടുത്ത് നടത്തുവാൻ അനുമതി നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഈ വർഷം എത്ര ഷാപ്പുകൾക്കാണ് ഇപ്രകാരം അനുമതി നൽകിയത്;

(സി) പാലക്കാടൻ കള്ളിന്റെ മറവിൽ വ്യാജക്കള്ള് വ്യാപകമായി ഒഴുക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയോ; അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അനുമതി നൽകിയിട്ടുണ്ട്.

(ബി) 315 കള്ളുഷാപ്പുകൾക്ക്

(സി&ഡി) പാലക്കാട് ജില്ലയിൽ ഇതുസംബന്ധിച്ച് ആക്ഷേപങ്ങൾ ലഭിച്ചിട്ടുണ്ട്. ആയതിൽ ഇതുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണം നടത്തിയിട്ടുണ്ട്. ജില്ലയിലെ ചെത്ത് തോട്ടങ്ങളിലും കള്ള് കൊണ്ടുപോകുന്ന വാഹനങ്ങളിലും നിരന്തരം പരിശോധനകൾ നടത്തുകയും മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബുകൾ, മേഖലാ രാസപരിശോധന കേന്ദ്രങ്ങൾ എന്നിവ മുഖേന കള്ളുസാമ്പിളുകളുടെ പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്.

പാലക്കാടുനിന്നും കൊണ്ടുപോകുന്ന കള്ള് പരിശോധിക്കുന്നതിലേക്കായി പാലക്കാട് ജില്ലയിലെ പറളി, ആലത്തൂർ എന്നിവിടങ്ങളിൽ ചെക്കിംഗ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ട്. ഇത്തരം പരിശോധനകളിൽനിന്നും വ്യാപകമായി വ്യാജ കള്ള് ഉണ്ടാക്കി അയയ്ക്കുന്നുവെന്ന ആരോപണം ശരിയല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്.

**ബാറുകൾക്ക് നിലവിലുള്ള ദൂരപരിധി**

255 (5843) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽനിന്നും ആരാധനാലയങ്ങളിൽനിന്നും ബാറുകളുടെ നിലവിലുള്ള ദൂരപരിധി എത്രയാണ് എന്ന് വെളിപ്പെടുത്താമോ;

(ബി) പഞ്ചനക്ഷത്ര ഹോട്ടലുകൾ, ഹെറിറ്റേജ് ഹോട്ടലുകൾ എന്നിവയ്ക്ക് ദൂരപരിധിയിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കള്ള് ഷാപ്പുകൾക്ക് വിദ്യാലയങ്ങളിൽ നിന്നും ആരാധനാലയങ്ങളിൽ നിന്നും എത്ര ദൂരപരിധിയാണ് നിലവിൽ നിഷ്കർഷിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) മൂന്ന് സ്റ്റാർ ബാർ ഹോട്ടലുകളുടെ ദൂരപരിധി 200 മീറ്ററും നാല് സ്റ്റാറും അതിന് മുകളിലുമുള്ള ഹോട്ടലുകളുടെ ദൂരപരിധി 50 മീറ്ററും ആകുന്നു.

(ബി) അബ്കാരി നിയമപ്രകാരം ഇത്തരം ഹോട്ടലുകളിലെ ബാറുകൾക്ക് 50 മീറ്റർ ദൂരപരിധിയാണ് നിലവിലുള്ളത്.

(സി) കള്ള് ഷാപ്പുകൾക്ക് വിദ്യാലയങ്ങളിൽനിന്നും ആരാധനാലയങ്ങളിൽ നിന്നും ദൂരപരിധി 400 മീറ്ററാണ്.

**മദ്യനയത്തിലെ മാറ്റങ്ങൾ**

256 (5844) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ 2014-15 കാലയളവിലെ മദ്യനയത്തിൽനിന്ന് വ്യത്യസ്തമായി ഈ സർക്കാർ മദ്യനയത്തിൽ കൊണ്ടുവന്ന മാറ്റങ്ങൾ എന്തൊക്കെയാണ്;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം ടു സ്റ്റാർ പദവിയുള്ള എത്ര ഹോട്ടലുകൾക്ക് ത്രീ സ്റ്റാർ പദവി നേടിയതിന്റെ അടിസ്ഥാനത്തിൽ ബാർ ലൈസൻസ് നൽകിയിട്ടുണ്ട്;

(സി) പതിനായിരത്തിൽ കൂടുതൽ ജനസംഖ്യയുള്ള പഞ്ചായത്തുകളെ നഗരമേഖലയായി കണക്കാക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ദേശീയ സംസ്ഥാന പാതകൾ കടന്നുപോകുന്ന പഞ്ചായത്തുകളിൽ പൂട്ടിപ്പോയ ബാറുകൾ വീണ്ടും തുറക്കുന്നതിന് സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ ഇതിലൂടെ എത്ര ബാറുകൾ തുറന്നു; വ്യക്തമാക്കുമോ;

(ഡി) വിനോദ സഞ്ചാരമേഖലകളിലെ പഞ്ചായത്തുകൾക്ക് ഇളവ് നൽകിയതിലൂടെ പൂട്ടിപ്പോയ എത്ര ബാറുകൾ വീണ്ടും തുറന്നുവെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാരിന്റെ നിലവിലെ മദ്യനയത്തിൽ ത്രീസ്റ്റാറും അതിന് മുകളിലും പദവിയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുവാനും ബാറുകളുടെ പ്രവർത്തനസമയം കുറയ്ക്കുവാനും മദ്യം ഉപയോഗിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി 21 വയസ്സിൽനിന്നും 23 വയസ്സായി ഉയർത്തുന്നതിനും ബാർ ലൈസൻസ് ഫീസ് 23 ലക്ഷം രൂപയിൽനിന്നും 28 ലക്ഷം രൂപയായി

വർദ്ധിപ്പിക്കുന്നതിനും തീരുമാനമെടുത്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്. കൂടാതെ സമ്പൂർണ്ണ മദ്യനിരോധനം പ്രായോഗികമല്ലായെന്ന വിവിധ പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ശക്തമായ ലഹരി വർജ്ജന ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ ലഹരിയുടെ ആവശ്യകത കുറച്ചുകൊണ്ടുവരിക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ വ്യാപകമായി നടത്തിവരികയും ചെയ്യുന്നു. കള്ള് വ്യവസായവുമായി ബന്ധപ്പെട്ട് തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവരുടെ തൊഴിലും ജീവിത സുരക്ഷിതത്വവും സംരക്ഷിക്കുവാനും പ്രസ്തുത മേഖലയിൽ നൂതന പദ്ധതികൾ ആവിഷ്ക്കരിക്കുവാനും ലക്ഷ്യമിട്ട് ടോഡി ബോർഡ് രൂപീകരിക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(ബി) 100

(സി) ഉണ്ട്. പഞ്ചായത്ത് മേഖലയിലുള്ള പൂട്ടിപ്പോയ നാല് ബാറുകൾ തുറന്നിട്ടുണ്ട്.

(ഡി) വിനോദസഞ്ചാര മേഖലകളിലെ പഞ്ചായത്തുകൾക്ക് ഇളവ് നൽകിയതിലൂടെ പൂട്ടിപ്പോയ ബാറുകൾ വീണ്ടും തുറന്നിട്ടില്ല.

## കശുവണ്ടി വികസന കോർപ്പറേഷന് മദ്യ ഉല്പാദന അനുമതി

257 (5845) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുമാങ്ങയിൽനിന്നും (ഫെനി) മദ്യം ഉല്പാദിപ്പിക്കുന്നതിന് കശുവണ്ടി വികസന കോർപ്പറേഷൻ അനുമതി തേടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) കശുവണ്ടി വികസന കോർപ്പറേഷൻ അനുമതി തേടിയിട്ടില്ല.

## വിദേശ മദ്യ ഷാപ്പുകളിലെ വിജിലൻസ് പരിശോധന

258 (5846) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷന്റെ വിദേശ മദ്യ ഷാപ്പുകളിൽ വിജിലൻസ് പരിശോധന നടത്തിയിരുന്നോ;

(ബി) പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയാണ്;

(സി) വിജിലൻസ് റിപ്പോർട്ടിന്റെ വെളിച്ചത്തിൽ എക്സൈസ് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ ?

ഉത്തരം

(എ-സി) കേരള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 29-4-2019-ൽ കെ.എസ്.ബി.സി.-യുടെ 48 എഫ്.എൽ.01 ചില്ലറ വില്പനശാലകളിൽ മിന്നൽ പരിശോധന നടത്തിയിരുന്നു. ടി മിന്നൽ പരിശോധനയുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പിന്റെ കണ്ടെത്തലുകൾ അടങ്ങിയ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല.

**വിദേശ നിർമ്മിത വിദേശ മദ്യത്തിന്റെ വില്പന**

259 (5847) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദേശ നിർമ്മിത വിദേശ മദ്യത്തിന്റെ വില്പന കൂടുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) നിലവിൽ എത്ര കമ്പനികളാണ് വിദേശമദ്യം വിതരണം ചെയ്യുന്നത് എന്നറിയിക്കാമോ;

(സി) ബെവ്കോ പ്രസ്തുത കമ്പനികൾക്ക് എത്ര ബ്രാന്റുകൾ വിതരണം ചെയ്യുന്നതിനുള്ള അനുമതിയാണ് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ)20-8-2018 മുതൽ കെ.എസ്.ബി.സി.-യുടെ ചില്ലറ വില്പനശാലകളിൽ വിദേശ നിർമ്മിത വിദേശ മദ്യം/വിദേശ നിർമ്മിത വൈൻ എന്നിവയുടെ വില്പന ആരംഭിച്ചു. ടി തീയതിക്ക് ശേഷമുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| മാസം | വിറ്റുവരവ് തുക (കോടി രൂപയിൽ) |
|---|---|
| 2018 ആഗസ്റ്റ് (20-8-2018 മുതൽ) | 0.45 |
| സെപ്റ്റംബർ 2018 | 1.08 |
| ഒക്ടോബർ 2018 | 2.65 |
| നവംബർ 2018 | 3.27 |
| ഡിസംബർ 2018 | 5.07 |
| ജനുവരി 2019 | 4.07 |
| ഫെബ്രുവരി 2019 | 4.47 |
| മാർച്ച് 2019 | 4.60 |
| ആകെ | 25.66 |

2019-20 വിദേശ നിർമ്മിത വിദേശ മദ്യ വില്പന

| മാസം | വിറ്റുവരവ് തുക (കോടി രൂപയിൽ) |
|---|---|
| ഏപ്രിൽ 2019 | 5.65 |
| മേയ് 2019 | 4.78 |
| ആകെ | 10.43 |

(ബി) വിദേശ നിർമ്മിത വിദേശ മദ്യം/വിദേശ നിർമ്മിത വൈൻ എന്നിവയുടെ വിതരണത്തിനായി കെ.എസ്.ബി.സി. തെരഞ്ഞെടുത്ത 17 കമ്പനികളിൽ 11 കമ്പനികൾ കെ.എസ്.ബി.സി.-ക്ക് മദ്യവിതരണം നടത്തുന്നുണ്ട്.

(സി) ആകെയുള്ള 17 വിദേശ നിർമ്മിത വിദേശ മദ്യ വിതരണ കമ്പനികളിൽനിന്നും 227 ബ്രാൻഡുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 80 ബ്രാൻഡുകൾ മാത്രമാണ് കെ.എസ്.ബി.സി. മുഖേന വില്പന/വിതരണം ചെയ്യുന്നത്.

## ബാർ ഹോട്ടലുകൾക്ക് വിദേശ മദ്യം വാങ്ങുന്നതിന് ലൈസൻസ്

260 (5848) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർ സ്റ്റാർ, ഫൈവ് സ്റ്റാർ ബാർ ഹോട്ടലുകൾക്ക് കസ്റ്റം ബോണ്ടഡ് വെയർഹൗസുകളിൽനിന്നും വിദേശ നിർമ്മിത മദ്യം നേരിട്ട് വാങ്ങുന്നതിന് ലൈസൻസ് പുനഃസ്ഥാപിച്ച് നൽകിയിട്ടുണ്ടോ;

(ബി) ബിവറേജസ് കോർപ്പറേഷൻ വില്പനശാല വഴി എഫ്.എം.എഫ്.എൽ. വിറ്റഴിക്കുവാനുള്ള തീരുമാനം ഏത് സാഹചര്യത്തിലാണ് മാറ്റിയതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഫോർ സ്റ്റാർസ്, ഫൈവ് സ്റ്റാർ ബാർ ഹോട്ടലുകൾക്ക് കസ്റ്റംസ് ബോണ്ടഡ് വെയർഹൗസുകളിൽനിന്നും വിദേശ നിർമ്മിത മദ്യം നേരിട്ട് വാങ്ങുന്നതിന് നിശ്ചിത വാർഷിക ഫീസ് അടയ്ക്കുന്നതിന് വിധേയമായി അനുമതി നൽകുവാൻ നിയമത്തിൽ വ്യവസ്ഥയുണ്ട്. വിദേശ മദ്യ ചട്ടത്തിലെ ഈ വ്യവസ്ഥ റദ്ദാക്കിയിരുന്നില്ല.

(ബി) ബിവറേജസ് കോർപ്പറേഷൻ വില്പനശാല വഴി എഫ്.എം.എഫ്.എൽ. വിറ്റഴിക്കുവാനുള്ള തീരുമാനം മാറ്റിയിട്ടില്ല. ബിവറേജസ് കോർപ്പറേഷൻ വില്പനശാലകൾ വഴി വിദേശ നിർമ്മിത വിദേശ മദ്യം നിലവിൽ വിറ്റുവരുന്നുണ്ട്.

## ബെവ്കോ സ്ഥാപനങ്ങളിൽ ബയോമെട്രിക് ഹാജർ സംവിധാനം

261 (5849) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബെവ്കോ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഹാജർ രേഖപ്പെടുത്തുന്നതിന് ബയോമെട്രിക് ഹാജർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനായി എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കെ.എസ്.ബി.സി.-യുടെ ഹെഡ് ഓഫീസിൽ ബയോമെട്രിക് ഹാജർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 1,97,075 രൂപ (ഒരു ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി എഴുപത്തിയഞ്ച് രൂപ) ചെലവായിട്ടുണ്ട്. കോർപ്പറേഷന്റെ 23 വെയർഹൗസുകളിൽ കൂടി ബയോമെട്രിക് ഹാജർ സംവിധാനം വ്യാപിപ്പിക്കുന്നതിലേക്കുള്ള നടപടി പുരോഗമിച്ചുവരുന്നു.

## ബിവറേജസ് കോർപ്പറേഷനിലെ കമ്പ്യൂട്ടർ പ്രോഗ്രാം-കം-ഓപ്പറേറ്റർ തസ്തികയുടെ യോഗ്യത

262 (5850) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലെ കമ്പ്യൂട്ടർ പ്രോഗ്രാം-കം-ഓപ്പറേറ്റർ തസ്തികയിലേക്ക് പി.എസ്.സി. 2013-ൽ പരീക്ഷയും 2019-ൽ ഇന്റർവ്യൂവും നടത്തിയശേഷം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാനൊരുങ്ങുന്ന സമയത്ത് യോഗ്യതയിൽ ഭേദഗതി വരുത്തിയത് ഏത് സാഹചര്യത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കോർപ്പറേഷനിൽ ഇപ്പോൾ ജോലി ചെയ്യുന്ന പി.ജി.ഡി.സി.എ. യോഗ്യതയുള്ള ചില ഉദ്യോഗസ്ഥർ ഉദ്യോഗക്കയറ്റത്തിനായി നടത്തുന്ന ശ്രമങ്ങളുടെ ഭാഗമാണോ ഈ യോഗ്യതയിലെ ഭേദഗതി എന്ന് വിശദമാക്കാമോ;

(സി) ഈ റാങ്ക് ലിസ്റ്റിൽ ഇടം നേടുവാൻ സാധ്യതയുള്ള ഭൂരിഭാഗം വ്യക്തികൾക്ക് ഇനി ഒരു പി.എസ്.സി.പരീക്ഷ എഴുതാനുള്ള സാഹചര്യം ഇല്ലാത്ത സാഹചര്യത്തിൽ ഇവരുടെ ആശങ്കകൾ ദൂരീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ ?

### ഉത്തരം

(എ-സി) പബ്ലിക് സർവ്വീസ് കമ്മീഷന്റെ 21-8-2013-ലെ AIII(1) 1298/95/CW(2) നമ്പർ കത്ത് പ്രകാരം കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികയുടെ യോഗ്യത നിലവിലുള്ള കെ.എസ്.ബി.സി. സർവ്വീസ് റൂൾ പ്രകാരമുള്ള 3 വർഷത്തെ പരിചയ യോഗ്യതയ്ക്ക് പകരം വ്യക്തമായ കമ്പ്യൂട്ടർ യോഗ്യതകളായ DCA, PGDCA ഇവയിൽ അനുയോജ്യമായ യോഗ്യത നിഷ്കർഷിച്ചുകൊണ്ട് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. നിലവിലുള്ള യോഗ്യത ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ കെ.എസ്.ബി.സി. കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികയിൽ പി.എസ്.സി. ഇപ്പോൾ പ്രസിദ്ധീകരിച്ച റാങ്ക് പട്ടികയിൽ നിന്നും നിയമന ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത തസ്തികയിൽ നിയമന ഉത്തരവ് നൽകുന്നതാണ്. നിലവിൽ ടി തസ്തികയിൽ 42 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ബിവറേജസ് കോർപ്പറേഷൻ വഴി വിദേശ നിർമ്മിത വിദേശമദ്യം

263 (5851) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷൻ വഴി വിദേശ നിർമ്മിത വിദേശമദ്യം വിൽക്കുന്നതിന് അനുമതി നൽകിയിരുന്നോ;

(ബി) അതിനായി മദ്യവിതരണ കമ്പനികളെ തെരഞ്ഞെടുത്തത് ടെണ്ടർ നടപടികളിലൂടെയാണോ; അതിൽ എത്ര കമ്പനികൾ പങ്കെടുത്തു; വ്യക്തമാക്കുമോ;

(സി) ഏതൊക്കെ കമ്പനികളെയാണ് തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കുമോ;

(ഡി) 2018 ആഗസ്റ്റ് 20 മുതൽ 2019 മേയ് 31 വരെ എത്ര കുപ്പി വിദേശനിർമ്മിത വിദേശമദ്യമാണ് വിറ്റഴിഞ്ഞത് എന്നും ഇതിലൂടെ സർക്കാരിന് ലഭിച്ച വരുമാനം എത്രയാണ് എന്നും വെളിപ്പെടുത്താമോ;

(ഇ) ഇതിൽ ഏറ്റവും കൂടുതൽ മദ്യം വിറ്റത് ഏത് കമ്പനിയുടേതാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നൽകിയിട്ടുണ്ട്.

(ബി) അതെ. വിദേശ നിർമ്മിത വിദേശമദ്യം, വിദേശ നിർമ്മിത വൈൻ എന്നിവ വിതരണം ചെയ്യുന്നതിനും വിൽക്കുന്നതിനുംവേണ്ടി റേറ്റ് കോൺട്രാക്ട് ഓഫറുകൾ കേരള ഗവൺമെന്റിന്റെ ഇ-ടെണ്ടർ പോർട്ടൽ (etenders.kerala.gov.in) മുഖാന്തരം ക്ഷണിച്ചിരുന്നു. അതുപ്രകാരം 17 വിദേശ നിർമ്മിത മദ്യം/വിദേശ നിർമ്മിത വൈൻ വിതരണക്കാർ ഓഫറുകൾ നൽകുകയും അവരുടെ ഓഫറുകൾ എല്ലാം കോർപ്പറേഷൻ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) 20-8-2018 മുതൽ 31-5-2019 വരെ 223426 കുപ്പി വിദേശ നിർമ്മിത വിദേശ മദ്യം/വിദേശ നിർമ്മിത വൈൻ എന്നിവ വിറ്റിട്ടുണ്ട്. ഈ വിൽപ്പനയിലൂടെ സർക്കാരിന് 36.09 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ഇ) ഇൻഡോ സ്പിരിറ്റ് ഡിസ്ട്രിബ്യൂഷൻ ലിമിറ്റഡ് എന്ന വിതരണക്കാരാണ് ഏറ്റവും കൂടുതൽ കുപ്പി വിദേശ നിർമ്മിത വിദേശ മദ്യം വിറ്റിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ബിവറേജസ് വില്പനശാലകളിൽ പി.ഒ.എസ്.

264 (5852) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് വില്പനശാലകളിലെ പണമിടപാട് പി.ഒ.എസ്. വഴിയാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വില്പനശാലകളിൽ പി.ഒ.എസ്. മെഷീൻ സ്ഥാപിക്കുവാൻ ഏതൊക്കെ ബാങ്കുകളുമായിട്ടാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്;

(സി) ബിവറേജസ് കോർപ്പറേഷന്റെ ചില്ലറ വില്പന ശാലകളിലെ ശരാശരി പ്രതിദിന വരുമാനം എത്ര രൂപയാണ് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. പഞ്ചാബ് നാഷണൽ ബാങ്ക്

2. എച്ച്.ഡി.എഫ്.സി. ബാങ്ക്

3. സിറ്റി യൂണിയൻ ബാങ്ക്

(സി) ഏകദേശം 31.63 കോടി രൂപ.

## ബിവറേജസ് കോർപ്പറേഷന്റെ ആദായനികുതി

265 (5853) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷന്റെ ബാങ്ക് അക്കൗണ്ട് 2019 മാർച്ച് മാസം ആദായനികുതി വകുപ്പ് മരവിപ്പിച്ച സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണ് എന്ന് വെളിപ്പെടുത്താമോ;

(ബി) ബിവറേജസ് കോർപ്പറേഷൻ എത്ര ലക്ഷം രൂപയാണ് ആദായനികുതിയായി അടയ്ക്കുവാൻ ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റ് 2019 മാർച്ച് മാസത്തിൽ കോർപ്പറേഷന്റെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ചിരുന്നു. കേന്ദ്ര ഗവൺമെന്റ് ഫിനാൻസ് ആക്ട് 2014-ൽ ഒരു പുതിയ സെക്ഷൻ 40(a)(iib) പ്രകാരം ഉൾപ്പെടുത്തുകയും ആയതുവഴി റോയൽറ്റി, ലൈസൻസ് ഫീ, സർവ്വീസ് ഫീ,

പ്രിവിലേജ് ഫീ, സർവ്വീസ് ചാർജ്ജ് തുടങ്ങി സംസ്ഥാന ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും നേരിട്ടോ അല്ലാതെയോ ചുമത്തുന്ന ലെവികൾക്ക് ഒന്നും തന്നെ ഇൻകം ടാക്സ് ഇളവിന് അർഹത ഇല്ലായെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചു. ഈ ഭേദഗതിയുടെ വെളിച്ചത്തിൽ 2014-15 അസെസ്സ്മെന്റ് വർഷം മുതൽ കോർപ്പറേഷന്റെ താഴെ പറയുന്ന ചെലവുകൾ ഇൻകം ടാക്സ് ഇളവിന് ബാധകമല്ലാത്തവിധമാണ് ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റ് അസെസ്സ്മെന്റ് ചെയ്തുവരുന്നത്.

1. സെയിൽസ് ടാക്സിന് മുകളിലുള്ള സർചാർജ്
2. ടേൺ ഓവർ ടാക്സസ്
3. ലൈസൻസ് ഫീ
4. ഷോപ്പ് റെന്റൽ /കിസ്റ്റ്
5. ഗാലനേജ് ഫീ

| ക്രമ നമ്പർ | അസെസ്സ്മെന്റ് വർഷം | തുക (രൂപയിൽ) |
|---|---|---|
| 1 | 2014-15 | 4,30,05,99,970 |
| 2 | 2015-16 | 3,61,21,29,640 |
| 3 | 2016-17 | 5,46,71,89,262 |
| | ആകെ | 13,37,99,18,872 |

(ബി) ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റ് 13,37,99,18,872 രൂപയുടെ ഒരു ഡിമാന്റ് 2014-15, 2015-16, 2016-17 എന്നീ അസസ്സ്മെന്റ് വർഷങ്ങളുടെ അസെസ്സ്മെന്റിന്റെ ഭാഗമായി തരികയുണ്ടായി. എന്നാൽ മേൽപ്പറഞ്ഞ പേമെന്റുകൾ എക്സിക്യൂട്ടീവ് ലെവികൾ അല്ലാത്തതിനാൽ ഡിമാൻഡ് ചെയ്ത ഈ തുക തർക്ക വിഷയം എന്ന നിലയിൽ കോർപ്പറേഷൻ അടയ്ക്കാതെ അപ്പീൽ ഫയൽ ചെയ്യുകയാണുണ്ടായത്.

## മദ്യത്തിന്റെ വെയർഹൗസ് മാർജിൻ

266 (5854) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന് വെയർഹൗസ് മാർജിൻ ആയി ഈടാക്കുന്ന തുക എത്ര ശതമാനമാണ്;

(ബി) വിദേശ നിർമ്മിത വിദേശ മദ്യത്തിന് വെയർഹൗസ് മാർജിനായി ഈടാക്കുന്ന തുക എത്ര ശതമാനമാണ് എന്നറിയിക്കാമോ?

ഉത്തരം

(എ) 8% (എട്ട് ശതമാനം)

(ബി) 5% (അഞ്ച് ശതമാനം)

**പൂജപ്പുരയിലെ വിദേശ മദ്യഷോപ്പ് സംബന്ധിച്ച എതിർപ്പ്**

267(5855) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിൽപ്പെട്ട പൂജപ്പുരയിൽ ഒരു വിദേശ മദ്യഷോപ്പ് അനുവദിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) വിദേശമദ്യ ഷോപ്പ് അനുവദിക്കുന്ന കാര്യത്തിൽ പ്രദേശത്തെ സാംസ്കാരിക/ സാമൂഹിക സംഘടനകൾ എതിർപ്പ് ഉന്നയിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രദേശവാസികളുടെ എതിർപ്പ് മാനിച്ച് ഈ തീരുമാനം പുനഃപരിശോധിക്കുവാൻ തയ്യാറാകുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പൂജപ്പുരയിൽ ഒരു ഫോർ സ്റ്റാർ ഹോട്ടലിന് FL-3 ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

(ബി&സി) നിലവിലുള്ള അബ്കാരി നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി എക്സൈസ് കമ്മീഷണറുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് FL-3 ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഈ വിഷയവുമായി ബന്ധപ്പെട്ട് നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

**വിദേശമദ്യ ഔട്ട്‌ലെറ്റുകളിലെ ക്രമക്കേടുകൾ**

268 (5856) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര വിദേശ മദ്യ ഔട്ട്‌ലെറ്റുകളിൽ 2019 ഏപ്രിൽ 29 -ന് ഒരേസമയം വിജിലൻസ് മിന്നൽ പരിശോധന നടത്തിയെന്നറിയിക്കുമോ;

(ബി) മാസപ്പടി, തുക വെട്ടിപ്പ്, മറിച്ചു വില്പന തുടങ്ങി എന്തൊക്കെ ഗുരുതരമായ ക്രമക്കേടുകൾ പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയതായാണ് എക്സൈസ് വകുപ്പിനെ അറിയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അതിൻപ്രകാരം ജീവനക്കാർക്കെതിരെ എക്സൈസ് വകുപ്പ് കർശനമായ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിചെയ്യുന്ന എത്ര ജീവനക്കാർക്കെതിരെ എക്സൈസ് വകുപ്പ് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ഇ) എക്സൈസ് വകുപ്പ് 2018-19 സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ മദ്യമാണ് കേരളത്തിൽ വിറ്റത്; വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ-ഡി) കേരള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 29-4-2019-ൽ കെ.എസ്.ബി.സി.-യുടെ 48 എഫ്.എൽ.01 ചില്ലറ വിൽപ്പനശാലകളിൽ മിന്നൽ പരിശോധനകൾ നടത്തിയിരുന്നു. ടി മിന്നൽ പരിശോധനകളുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പിന്റെ കണ്ടെത്തലുകൾ അടങ്ങിയ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല.

(ഇ) 14,508.10 കോടി രൂപ (പതിനാലായിരത്തി അഞ്ഞൂറ്റി എട്ട് കോടി പത്ത് ലക്ഷം രൂപ).

**വിദേശ നിർമ്മിത വിദേശമദ്യം വിൽക്കുന്നതിന് ലൈസൻസ്**

269 (5857) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിൽ വിദേശ നിർമ്മിത വിദേശമദ്യം വിൽക്കുന്നതിന് ബിവറേജസ് കോർപ്പറേഷൻ/കൺസ്യൂമർഫെഡിന് പുറമെ ആർക്കൊക്കെയാണ് ലൈസൻസ് നൽകിയിട്ടുള്ളത്; വിശദമാക്കുമോ?

<u>ഉത്തരം</u>

ബിവറേജസ് കോർപ്പറേഷൻ/കൺസ്യൂമർഫെഡിന് പുറമേ ബാർ (FL3 ലൈസൻസ്), ക്ലബ്ബ് (FL4&4A ലൈസൻസ്), എയർപോർട്ട് ലോഞ്ച് (FL7 ലൈസൻസ്), ബിയർ ആന്റ് വൈൻ പാർലറുകൾ (FL11 ലൈസൻസ്) എന്നീ സ്ഥാപനങ്ങൾക്ക് വിദേശമദ്യ ചട്ടപ്രകാരം വിദേശനിർമ്മിത വിദേശ മദ്യം വിൽക്കുന്നതിന് അനുമതിയുണ്ട്.

## പുതുതായി അനുവദിച്ച ബാർ ലൈസൻസ്

270 (5858) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി എത്ര ബാർ ലൈസൻസ് നല്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) ബാർ ലൈസൻസിനുള്ള എത്ര അപേക്ഷകൾ തീർപ്പുകല്പിക്കാനുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 139 ബാറുകൾക്ക് പുതുതായി ലൈസൻസ് നൽകിയിട്ടുണ്ട്.

(ബി) അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) ലൈസൻസിനുള്ള 8 അപേക്ഷകൾ തീർപ്പ് കൽപ്പിക്കുവാനായി സർക്കാരിൽ അവശേഷിക്കുന്നുണ്ട്.

## ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന് അധിക എക്സൈസ് തീരുവ

271(5859) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിറ്റഴിക്കുന്ന ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്, പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനത്തിന് പണം കണ്ടെത്തുവാൻ ഏർപ്പെടുത്തിയ അധിക എക്സൈസ് തീരുവയിലൂടെ എന്ത് തുക സമാഹരിച്ചു;

(ബി) ഇതിലൂടെ എന്ത് തുകയാണ് സമാഹരിക്കുവാൻ ലക്ഷ്യമിട്ടിരുന്നത്; പ്രസ്തുത എക്സൈസ് തീരുവയിലെ വർദ്ധനവ് വേണ്ടെന്ന് വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതൽ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനത്തിന് പണം കണ്ടെത്തുന്നതിന്റെ ഭാഗമായി 18-8-2018 മുതൽ 30-11-2018 വരെ ഐ.എം.എഫ്.എൽ.-ന്റെ എക്സൈസ് തീരുവ വർദ്ധിപ്പിച്ചിരുന്നു. ഇതുപ്രകാരം 309.90 കോടി രൂപ സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വർദ്ധിപ്പിച്ച എക്സൈസ് ഡ്യൂട്ടി നിരക്കുകൾ 1-12-2018 മുതൽ നിർത്തലാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ നികുതി വർദ്ധനവ്

272 (5860) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിന് ശേഷമുള്ള പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കും പുനരധിവാസ പ്രവർത്തനങ്ങൾക്കും വേണ്ടിയുള്ള ഫണ്ട് ശേഖരണത്തിനായി ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ വില്പനനികുതി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം വർദ്ധനവാണ് നടത്തിയത്;

(ബി) എന്നുമുതലാണ് ഈ വർദ്ധനവ് വരുത്തിയത്; ഇതിലൂടെ എത്ര കോടി രൂപ സമാഹരിക്കുവാൻ കഴിയുമെന്നാണ് വിലയിരുത്തുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പുനരധിവാസ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ഫണ്ട് ശേഖരിക്കുന്നതിനായി ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ വില്പന നികുതി വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ അധിക വിഭവ സമാഹരണത്തിന്റെ ഭാഗമായി മദ്യത്തിന് 2 ശതമാനം നികുതി വർദ്ധനവ് വരുത്തിയത് 1-4-2019 മുതലാണ്. ഇതിലൂടെ 37 കോടി രൂപ അധിക വരുമാനം ലഭിച്ചിട്ടുണ്ട്.

## മയക്കുമരുന്ന് മാഫിയകളെക്കുറിച്ച് അന്വേഷണം

273 (5861) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേക്ക് കോടികളുടെ മയക്കുമരുന്ന് കടത്തുന്ന മാഫിയകളെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കൊച്ചിയിൽനിന്ന് പാഴ്സൽ സർവ്വീസ് വഴി ഇരുന്നൂറ് കോടിയുടെ എം.ഡി.എം.എ. കടത്തുവാൻ ശ്രമിച്ചത് എക്സൈസ് സംഘത്തിന്റെ ഇടപെടൽമൂലം പിടികൂടുവാൻ സാധിച്ചിട്ടുണ്ടോ; ഇതിന് പിന്നിലുള്ള വൻ ശക്തികൾ ആരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) മയക്കുമരുന്ന് മാഫിയകളെ കുറിച്ച് കുറ്റമറ്റ രീതിയിൽ അന്വേഷിക്കുന്നതിനും അവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനും സാധിക്കുന്നുണ്ടോ; വിശദമാക്കുമോ?

## ഉത്തരം

(എ) എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തുന്നതിന്റെ ഫലമായും സംസ്ഥാനത്തൊട്ടാകെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിയതിന്റെ ഫലമായും സമീപ കാലയളവിൽ നിരവധി മേജർ മയക്കുമരുന്ന് കേസ്സുകൾ കണ്ടെടുത്തിട്ടുണ്ട്.

(ബി) സാധിച്ചിട്ടുണ്ട്. ടി കേസ്സിൽ കണ്ണൂർ സ്വദേശി പ്രശാന്ത് കുമാറിനെ അറസ്റ്റ് ചെയ്ത് നടപടി സ്വീകരിക്കുകയും ഈ കേസ്സിലെ മുഖ്യ പ്രതിയെന്ന് കരുതുന്ന ചെന്നൈ സ്വദേശി അലിയെന്നയാളെ കണ്ടെത്തുന്നതിനായി അന്വേഷണം ഊർജ്ജിതപ്പെടുത്തിയിട്ടുമുണ്ട്.

(സി) ഉണ്ട്. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും ഇക്കാര്യത്തിൽ പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. മയക്കുമരുന്ന് കേസ്സിലുൾപ്പെട്ട പ്രതികൾക്ക് നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കത്തക്ക രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. ടിയാളുകളുടെ സ്വത്ത് കണ്ടുകെട്ടുന്നതടക്കമുള്ള നടപടികളും സ്വീകരിച്ചിട്ടുള്ളതാണ്. അന്താരാഷ്ട്ര ബന്ധമുള്ള കള്ളക്കടത്തുകാർ ഉൾപ്പെട്ട കേസ്സുകളിൽ കേന്ദ്രസർക്കാരിന്റെ നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ, സെൻട്രൽ ഐ.ബി. എന്നീ ഏജൻസികളുടെ സഹായം തേടിയിട്ടുണ്ട്.

## നിരോധിത പുകയില ഉത്പന്നങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി

274 (5862) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് നിരോധിത പുകയില ഉത്പന്നങ്ങൾ എത്തിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ രസഹ്യനിരീക്ഷണവും "ഓപ്പറേഷൻ ഭായി" എന്ന പേരിൽ പ്രത്യേക പരിശോധനകളും നടത്തിവരുന്നുണ്ട്. ഇപ്രകാരം നടത്തുന്ന പരിശോധനകളിൽ നിരോധിത പുകയില ഉൽപ്പന്നങ്ങളും കഞ്ചാവ് അടക്കമുള്ള മറ്റ് ലഹരിവസ്തുക്കളും കണ്ടുപിടിച്ച് കുറ്റക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്തേക്ക് നിരോധിത പുകയില ഉൽപ്പന്നങ്ങൾ കടത്തിക്കൊണ്ടുവരുന്നത് കണ്ടുപിടിക്കുന്നതിന് ട്രെയിനുകളിൽ ആർ.പി.എഫ്., റെയിൽവേ പോലീസ് എന്നിവരുമായി ചേർന്ന് പരിശോധനകൾ നടത്തുന്നുണ്ട്. ചെക്ക്പോസ്റ്റുകളിലും ഇത്തരത്തിലുള്ള ലഹരിവസ്തുക്കളുടെ കടത്ത് തടയുന്നതിനുള്ള ഊർജ്ജിത പരിശോധനകൾ നടന്നുവരുന്നു. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും ഇതര സംസ്ഥാനത്തൊഴിലാളികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചുവരുന്നുണ്ട്.

**കാസർഗോഡ് ജില്ലയിൽ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത കേസ്സുകൾ**

275 (5863) ശ്രീ. എൻ. എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പ് കാസർഗോഡ് ജില്ലയിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് ഈ കേസ്സുകൾ രജിസ്റ്റർ ചെയ്തതെന്നും ഓരോ കേസ്സിലും എത്ര പ്രതികളുണ്ടെന്നും അറിയിക്കാമോ;

(സി) ഈ കേസ്സുകളുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത ലഹരിവസ്തുക്കൾ ഏതൊക്കെയാണെന്നും പ്രതികൾക്ക് ശിക്ഷ ലഭിച്ചതും ലഭിക്കാത്തതുമായ കേസ്സുകൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ഡി) ശിക്ഷിക്കപ്പെടാതെ കേസ്സുകൾ വെറുതെ വിട്ടിട്ടുണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ഇ) ആരൊക്കെയാണ് ഈ കേസ്സുകളിലെ പ്രതികളെന്ന് വിദ്യാർത്ഥികൾ, ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ളവർ തുടങ്ങിയവ തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പ് കാസർഗോഡ് ജില്ലയിൽ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ വിവരം മണ്ഡലം തിരിച്ച് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | നിയോജകമണ്ഡലത്തിന്റെ പേര് | രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം |
|---|---|---|
| 1 | ഉദുമ | 330 |
| 2 | തൃക്കരിപ്പൂർ | 337 |
| 3 | ഹോസ്ദുർഗ് | 916 |
| 4 | മഞ്ചേശ്വരം | 1646 |
| 5 | കാസർഗോഡ് | 823 |
| | ആകെ | 4052 |

(ബി) അബ്കാരി ആക്ട് പ്രകാരം 3652 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 2218 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുമുണ്ട്. എൻ.ഡി.പി.എസ്. ആക്ട് പ്രകാരം 400 കേസ്സുകൾ രജിസ്റ്റർ ചെയ്തു. 344 പ്രതികളെ അറസ്റ്റ് ചെയ്തു.

(സി) രജിസ്റ്റർ ചെയ്ത കേസ്സുകളിൽ പിടിച്ചെടുത്ത ലഹരി വസ്തുക്കളുടെ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തൊണ്ടി | അളവ്/കി.ഗ്രാം/ലിറ്റർ |
|---|---|---|
| 1 | കഞ്ചാവ് | 496.043 കി.ഗ്രാം |
| 2 | IMFL (കേരളം) | 7236.51 ലിറ്റർ |
| 3 | IMFL (അന്യസംസ്ഥാനം) | 9231.27 ലിറ്റർ |
| 4 | ബിയർ | 173.59 ലിറ്റർ |
| 5 | സ്പിരിറ്റ് | 133 ലിറ്റർ |
| 6 | വാഷ് | 19449 ലിറ്റർ |
| 7 | ചാരായം | 239.589 ലിറ്റർ |
| 8 | വൈൻ | 20 ലിറ്റർ |

അബ്കാരി, എൻ.ഡി.പി.എസ്. കേസ്സുകളിലായി 1182 കേസ്സുകൾ ശിക്ഷിച്ചിട്ടുണ്ട്. 32 കേസ്സുകൾ വെറുതെ വിട്ടിട്ടുണ്ട്.

(ഡി) വിവിധ നടപടിക്രമങ്ങളിലെ പോരായ്മ ചൂണ്ടിക്കാട്ടി അതാത് നീതിപീഠങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് പ്രകാരമാണ് 32 കേസ്സുകൾ വെറുതെ വിട്ടിട്ടുള്ളത്.

(ഇ) രജിസ്റ്റർ ചെയ്ത കേസ്സുകളിൽ പ്രതികളായി വിദ്യാർത്ഥികളില്ല. ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള 34 പേർ പ്രതികളായിട്ടുണ്ട്.

**മയക്കുമരുന്ന് കേസ്സുകൾ**

276 (5864) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 ജൂൺ മുതൽ 2016 മേയ് വരെ സംസ്ഥാനത്ത് മയക്കുമരുന്നുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(ബി) 2016 ജൂൺ മുതൽ 2019 മേയ് വരെ സംസ്ഥാനത്ത് മയക്കുമരുന്നുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) 4848 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 2016 ജൂൺ മുതൽ 2019 മേയ് വരെ സംസ്ഥാനത്ത് മയക്കുമരുന്നുമായി ബന്ധപ്പെട്ട് 18868 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസ്സുകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 1426 |
| 2 | കൊല്ലം | 1692 |
| 3 | പത്തനംതിട്ട | 720 |
| 4 | ആലപ്പുഴ | 1831 |
| 5 | കോട്ടയം | 1282 |
| 6 | ഇടുക്കി | 1427 |

| (1) | (2) | (3) |
|---|---|---|
| 7 | എറണാകുളം | 2330 |
| 8 | തൃശ്ശൂർ | 1812 |
| 9 | പാലക്കാട് | 1463 |
| 10 | മലപ്പുറം | 1630 |
| 11 | കോഴിക്കോട് | 579 |
| 12 | വയനാട് | 1077 |
| 13 | കണ്ണൂർ | 1199 |
| 14 | കാസർഗോഡ് | 400 |
| | ആകെ | 18868 |

**എക്സൈസ് ജനമൈത്രി സ്ക്വാഡ്**

277 (5865) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി എക്സൈസ് ജനമൈത്രി സ്ക്വാഡ് ഓഫീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ;

(ബി) പട്ടികവർഗ്ഗ കോളനികൾ കൂടുതലുള്ള താലൂക്കുകളിൽ പ്രസ്തുത സ്ക്വാഡുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) എക്സൈസ് വകുപ്പിൽ കാലപ്പഴക്കം ചെന്ന വാഹനങ്ങൾക്ക് പകരം പുതിയ വാഹനങ്ങൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ&ബി) നിലവിൽ പരിഗണനയിലില്ല.

(സി) എക്സൈസ് വകുപ്പിൽ കാലപ്പഴക്കം ചെന്ന വാഹനങ്ങൾക്ക് പകരം പുതിയ 70 വാഹനങ്ങൾ വാങ്ങുന്നതിന് ഭരണാനുമതി നൽകി മേൽ നടപടി സ്വീകരിച്ചുവരുന്നു.

**ചാലക്കുടി എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്**

278 (5866) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്ക് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ച് വർഷങ്ങൾ പിന്നിട്ടിട്ടും ചാലക്കുടിയിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വനം, തോട്ടം മേഖലകൾ ഉൾപ്പെടുന്ന വിസ്തൃതമായ ചാലക്കുടി താലൂക്ക് മേഖലയിൽ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ചാലക്കുടിയിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം സജീവ പരിഗണനയിലാണ്.

**കൊണ്ടോട്ടിയിൽ എക്സൈസ് ഓഫീസ്**

279 (5867) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്കിൽ എക്സൈസ് വകുപ്പിന് ഒരു ഓഫീസ് ഇല്ലാത്തതിനാലുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) കൊണ്ടോട്ടി താലൂക്കിൽ എക്സൈസ് ഓഫീസ് സ്ഥാപിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള പ്രൊപ്പോസൽ പരിഗണനയിൽ ഉണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) കോഴിക്കോട് ജില്ലയോട് അതിർത്തി പങ്കിടുന്ന വാഴയൂർ, വാഴക്കാട് പ്രദേശങ്ങളിൽ എക്സൈസ് ഉദ്യോഗസ്ഥർക്ക് എത്തിച്ചേരുവാൻ ബുദ്ധിമുട്ടുകൾ നേരിട്ടിട്ടും കൊണ്ടോട്ടിയിൽ ഓഫീസ് ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) കൊണ്ടോട്ടി ഉൾപ്പെടെ പുതുതായി രൂപീകരിച്ച 8 താലൂക്കുകളിൽ എക്സൈസ് സർക്കിൾ ഓഫീസ് സ്ഥാപിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**പത്തനംതിട്ടയിൽ എക്സൈസ് ടവർ**

280 (5868) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പത്തനംതിട്ടയിൽ എക്സൈസ് ടവർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഉത്തരം

പത്തനംതിട്ട പോലീസ് ചീഫിന്റെ ആഫീസ് പ്രവർത്തിച്ചിരുന്ന ശ്രീ. തോമസ് മാത്യുവിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് വസ്തുവും ആയതിൽ ഉൾപ്പെടുന്ന രണ്ട് കെട്ടിടങ്ങളും വിലയ്ക്ക് വാങ്ങുന്നതിന് അനുമതി ലഭ്യമാക്കുന്നതിനായി സ്റ്റേറ്റ് ലെവൽ എംപവേഡ് കമ്മിറ്റി പ്രൊപ്പോസൽ സമർപ്പിക്കുകയും ആയതിൽ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങളുടെ വില മൂല്യ നിർണ്ണയം കൂടുതലായതിനാൽ പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ച് നിലവിൽ മാറ്റിവച്ചിട്ടുള്ളതാകുന്നു.

## വിമുക്തിയിൽ ഒക്യൂപേഷണൽ തെറാപ്പിസ്റ്റ്

281 (5869) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവരെ ബോധവൽക്കരിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും വേണ്ടി ലഹരി വർജ്ജന മിഷന്റെ ഭാഗമായി നടപ്പിലാക്കിയ വിമുക്തി പദ്ധതിയിൽ ഒക്യൂപേഷണൽ തെറാപ്പിസ്റ്റിനെ ഉൾപ്പെടുത്തിയാൽ പ്രസ്തുത പദ്ധതി കാര്യക്ഷമമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയിൽ ഒക്യൂപേഷണൽ തെറാപ്പിസ്റ്റിനെ ഉൾപ്പെടുത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ;

(സി) കേരളത്തിലെ സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളിലും നിംഹാൻസ് പോലുള്ള സ്ഥാപനങ്ങളിലും ഡീ-അഡിക്ഷൻ പ്രവർത്തനങ്ങൾക്കായി ഒക്യൂപേഷണൽ തെറാപ്പിസ്റ്റുകളെ നിയോഗിച്ചിട്ടുള്ളതുപോലെ വിമുക്തി പദ്ധതിയിൽ ഇവരെ നിയോഗിക്കുന്നതിനായി എക്സൈസ് വകുപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) മദ്യത്തിനും മയക്കുമരുന്നതിനും അടിമപ്പെട്ടവരെ ബോധവത്കരിക്കുന്നതിനും ചികിത്സിക്കുന്നതിനുമായി 3 കൗൺസിലിംഗ് സെന്ററുകളും എല്ലാ ജില്ലകളിലുമായി 14 ഡീ-അഡിക്ഷൻ സെന്ററുകളും വിമുക്തി മിഷന്റെ ഭാഗമായി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. കൂടാതെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. വിമുക്തി പദ്ധതിയുടെ ഭാഗമായി ഒക്യൂപേഷണൽ തെറാപ്പിസ്റ്റിനെ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ആദിവാസി ഊരുകളിലെ വിമുക്തി മിഷൻ പ്രവർത്തനം

282 (5870) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ ഇടയിൽ മദ്യ ഉപഭോഗം വർദ്ധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ആദിവാസി ഊരുകളിൽ കുടുംബശ്രീ മുഖേന ലഹരി വിമുക്തി മിഷൻ പ്രവർത്തനം നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതുമൂലം പ്രസ്തുത മേഖലയിൽ ഉണ്ടായിട്ടുള്ള മാറ്റം എന്താണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. ആദിവാസികളുടെ ഇടയിൽ മദ്യത്തിന്റെ ഉപഭോഗം ഉള്ളതായി കണ്ടെത്തിയ പ്രദേശങ്ങളിൽ എക്സൈസ് വകുപ്പ് ജനമൈത്രീ സ്ക്വാഡുകൾ രൂപീകരിച്ച് മിക്ക മേഖലകളിലും കുടുംബശ്രീ പ്രവർത്തകരുടെ സഹായത്താൽ ബോധവത്കരണ ആശയങ്ങൾ അടങ്ങിയ ലഘുലേഖകൾ വിതരണം നടത്തിയിട്ടുണ്ട്. ഊരുകളിൽ മദ്യത്തിന്റെ ഉപഭോഗം കുറച്ചുകൊണ്ടുവരുന്നതിനായി ഊരുകൾ ദത്തെടുക്കൽ, സ്പോർട്സ് കിറ്റ് വിതരണം, ഗ്രന്ഥശാലകൾ രൂപീകരിക്കൽ, ബോധവത്കരണ ക്ലാസ്സുകൾ നൽകൽ എന്നിവയിലൂടെ മേഖലയെ തൊഴിൽപരമായും കായികമായും ഉദ്ധരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ബോധവത്കരണത്തിലൂടെ മദ്യത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് അറിവ് നലകുന്നതിനുള്ള പ്രവർത്തനങ്ങളും വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ നടന്നുവരുണ്ട്.

(സി) ഇതുമൂലം ആദിവാസി വിഭാഗങ്ങൾക്കിടയിലെ പഠനം പാതിവഴിയിലുപേക്ഷിച്ച വിദ്യാർത്ഥികളെ കണ്ടെത്തി വിദ്യാലയങ്ങളിൽ തിരികെ എത്തിക്കുവാനും തദ്വാരാ അവർ ലഹരി ഉപയോഗത്തിലേക്കോ മറ്റ് സാമൂഹ്യ വിരുദ്ധ നടപടികളിലേക്കോ പോകാതെ സംരക്ഷിക്കുവാനും കഴിഞ്ഞിട്ടുണ്ട്. മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി 74 വിദ്യാർത്ഥികളെ ഇപ്രകാരം വിദ്യാലയങ്ങളിൽ തിരികെയെത്തിക്കാൻ സാധിച്ചിട്ടുണ്ട്. അതിശക്തമായ ബോധവത്കരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിയതിന്റെ ഫലമായി ഈ മേഖലയിലെ മദ്യ ഉപഭോഗം കുറച്ചുകൊണ്ടുവരുന്നതിന് സാധിച്ചിട്ടുമുണ്ട്.

## മയക്കുമരുന്നുകളുടെ ഉപയോഗം തടയാൻ വിമുക്തി പ്രവർത്തനങ്ങൾ

283 (5871) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വിമുക്തി പ്രവർത്തനങ്ങൾക്കായി എത്ര രൂപ ചെലവഴിച്ചു; വിമുക്തി പ്രവർത്തന ഫണ്ടായി ത്രിതല പഞ്ചായത്തുകൾക്ക് നല്കിയ തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടോ; നഗരസഭ, പഞ്ചായത്ത് തലങ്ങളിൽ വിമുക്തി പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിന് പഞ്ചായത്ത് തലത്തിലും വാർഡുതലത്തിലും കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) നിലവിൽ എക്സൈസ് ഡിപ്പാർട്ട്മെന്റ് അല്ലാതെ മറ്റേതെങ്കിലും ഡിപ്പാർട്ട്മെന്റുകൾ വിമുക്തി പ്രവർത്തനം ഏറ്റെടുത്ത് നടത്തുന്നുണ്ടോ; അയ്യായിരത്തിന് താഴെമാത്രം ജീവനക്കാരുള്ള എക്സൈസ് വകുപ്പ് മാത്രം വിചാരിച്ചാൽ വിമുക്തി പ്രവർത്തനം വിജയിക്കുമോയെന്ന് അറിയിക്കുമോ;

(സി) എക്സൈസ് വകുപ്പിലെ താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥരായ പ്രിവന്റീവ് ഓഫീസർമാരും സിവിൽ എക്സൈസ് ഓഫീസർമാരുമാണ് വിമുക്തി പ്രവർത്തനം കാര്യക്ഷമമായി ചെയ്തുവരുന്നത് എന്നിരിക്കെ, പ്രതിവർഷം രണ്ടരക്കോടി രൂപയിലേറെ ശമ്പളയിനത്തിൽ മാത്രം ചെലവഴിച്ച് പതിനാല് അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരെ നിയമിക്കാനും അവർക്കായി ഡ്രൈവർമാരടക്കം വാഹനം അനുവദിക്കാനും ശ്രമം നടത്തുന്നതുകൊണ്ട് പ്രയോജനമുണ്ടോ എന്നറിയിയ്ക്കാമോ;

(ഡി) പൊതുജനങ്ങളുടെ ഇടയിൽ ഇറങ്ങിച്ചെന്ന് പ്രവർത്തിക്കുന്നതിന് താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥരുടെ എണ്ണമല്ലേ വർദ്ധിപ്പിക്കേണ്ടതെന്ന് പരിശോധിക്കാമോ;

(ഇ) കുട്ടികളുടെ ഇടയിൽ മയക്കുമരുന്നുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പതിനെട്ട് വയസ്സിന് താഴെയുള്ള കുട്ടികൾക്കായി സർക്കാർ ഉടമസ്ഥതയിൽ പ്രത്യേക ചികിത്സാസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; പല രോഗങ്ങൾക്കുമുള്ള മരുന്നുകൾ ഓൺലൈൻ വഴി വാങ്ങി മയക്കുമരുന്നായി ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) ഭിന്നശേഷിക്കാരായ കുട്ടികളെയും മുതിർന്നവരെയുമുൾപ്പെടെ ഉപയോഗിച്ച് ലഹരി വസ്തുക്കൾ വിപണനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ജി) വിമുക്തി മിഷൻ ബ്രാൻഡ് അംബാസിഡറായി നിയമിച്ച സച്ചിൻ തെൻഡുൽക്കറിനെ കേരളത്തിൽ ഏതെങ്കിലും വിമുക്തി പ്രോഗ്രാമിൽ പങ്കെടുപ്പിച്ചിട്ടുണ്ടോ; വിമുക്തിയിൽ ഏത് തരത്തിലാണ് ഇദ്ദേഹത്തെ ഉപയോഗിക്കുന്നത് എന്നറിയിക്കാമോ; ഈ സർക്കാർ അധികാരമേറ്റശേഷം വിമുക്തി മിഷൻ എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വിമുക്തി പ്രവർത്തനങ്ങൾക്കായി 23,68,30,878 രൂപ ചെലവഴിച്ചു. ത്രിതല പഞ്ചായത്തുകൾക്ക് നൽകിയ തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. നിലവിലുള്ള അംഗങ്ങൾ മുഖേന നഗരസഭ, പഞ്ചായത്ത് തലങ്ങളിൽ വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുവരുന്നുണ്ട്. ജില്ലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ മാനേജർമാരെ നിയമിച്ചിട്ടുണ്ട്. ജില്ലാതല കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇല്ല. മറ്റ് ഡിപ്പാർട്ട്മെന്റുകളെയും ബഹുജനസംഘടനകളെയും സഹകരിപ്പിച്ചുകൊണ്ട് വിമുക്തി പ്രവർത്തനങ്ങൾ വിജയത്തിലെത്തിക്കാൻ എക്സൈസ് വകുപ്പിന് കഴിയുന്നുണ്ട്.

(സി) പ്രിവന്റീവ് ഓഫീസർമാർക്കും സിവിൽ എക്സൈസ് ഓഫീസർമാർക്കും പുറമേ വകുപ്പിലെ എക്സൈസ് കമ്മീഷണർ മുതൽ താഴേക്കുള്ള എല്ലാ ഉദ്യോഗസ്ഥരും വിമുക്തിയുടെ വിവിധ ബോധവത്കരണ പ്രവർത്തനങ്ങളിൽ കാര്യക്ഷമമായി ഏർപ്പെടുന്നുണ്ട്. ജില്ലയിലെ താഴെത്തട്ടിലുള്ള വിമുക്തി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ചുമതല ജില്ലാതലത്തിൽ നിർവ്വഹിക്കുന്നതിനാണ് അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരുടെ പുതിയ തസ്തിക അനുവദിച്ച് വിമുക്തി മിഷന്റെ ജില്ലാ മാനേജർമാരായി നിയമിച്ചിട്ടുള്ളത്.

(ഡി) വിമുക്തി മിഷന്റെ പ്രവർത്തനങ്ങളിൽ എല്ലാ തട്ടിലുമുള്ള ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്തി വരുന്നുണ്ട്.

(ഇ) ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ പ്രത്യേകമായി ചികിത്സയും കൗൺസലിംഗും ആവശ്യമുള്ള കുട്ടികൾക്ക് നിലവിലുള്ള ഡി-അഡിക്ഷൻ/കൗൺസലിംഗ് സെന്ററുകൾ വഴി ഈ സൗകര്യം നൽകുന്നുണ്ട്. മരുന്നുകൾ ഓൺലൈൻ വഴി വാങ്ങി മയക്കുമരുന്നായി ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) വിമുക്തി മിഷന്റെ ഏതെങ്കിലും പ്രോഗ്രാമിൽ അദ്ദേഹം ഇതുവരെ പങ്കെടുത്തിട്ടില്ല. എന്നാൽ അദ്ദേഹത്തിന്റെ ചിത്രങ്ങൾ പ്രചരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നുണ്ട്.

"വിമുക്തി" മിഷൻ രൂപീകരിച്ചത് ഈ സർക്കാർ അധികാരമേറ്റശേഷമാണ്. വിമുക്തിക്ക് കീഴിൽ 14 ജില്ലകളിലും ഡീ-അഡിക്ഷൻ സെന്റർ, മൂന്ന് മേഖലാ കൗൺസലിംഗ് സെന്റർ എന്നിവ പ്രവർത്തിച്ചുവരുന്നു. കൗൺസലിംഗിന് ബന്ധപ്പെടാൻ ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുണ്ട്. അഡ്വാൻസ് ട്രെയിനിംഗ് സെന്റർ നിർമ്മാണം അവസാനഘട്ടത്തിലാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ഡീ-അഡിക്ഷൻ സെന്ററിന് സ്ഥലമെടുപ്പിനുള്ള നടപടികൾ നടന്നുവരുന്നു. കൂടാതെ, വിപുലമായ ബോധവൽക്കരണ സന്ദേശ പ്രചരണ പരിപാടികൾ നടത്തിവരുന്നു.

## എക്സൈസ് വകുപ്പിലെ വനിതാ പ്രാതിനിധ്യം

284 (5872) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ വനിതാ പ്രാതിനിധ്യം നിലവിൽ എത്ര ശതമാനമാണ്; അത് വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) വിമുക്തി മിഷന് പുതുതായി എത്ര തസ്തികകളാണ് അനുവദിച്ചത്; ഇതുമൂലം ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത എത്രയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) എക്സൈസ് വകുപ്പിൽ വനിതാ പ്രാതിനിധ്യം നിലവിൽ 17 ശതമാനമാണ്. ആയത് വർദ്ധിപ്പിക്കുന്ന കാര്യം തത്കാലം പരിഗണനയിലില്ല.

(ബി) വിമുക്തി മിഷനുവേണ്ടി 8-2-2019-ലെ ഉത്തരവിലൂടെ 31 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതുമൂലമുള്ള ഭരണ ചെലവുകളിലേക്കായി പ്രതിവർഷം 2.57 കോടി രൂപയുടെ അധികബാധ്യത ഉണ്ടാകുന്നതാണ്.

## എക്സൈസ് സ്പെഷ്യൽ സ്ക്വാഡ്

285 (5873) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഉത്തര, ദക്ഷിണ, മധ്യ മേഖലകളിൽ സ്പെഷ്യൽ സ്ക്വാഡ് പ്രവർത്തിച്ചിരുന്നോ എന്നറിയിക്കാമോ;

(ബി) എങ്കിൽ ഇവരിൽ നിക്ഷിപ്തമായിരുന്ന ഉത്തരവാദിത്വങ്ങൾ എന്തായിരുന്നു എന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത സ്പെഷ്യൽ സ്ക്വാഡ് പിരിച്ചുവിട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ ദക്ഷിണ, മദ്ധ്യ, ഉത്തര മേഖലകളിൽ സ്പെഷ്യൽ സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു.

(ബി)

i. അബ്കാരി, എൻ.ഡി.പി.എസ്. കുറ്റകൃത്യങ്ങളെ സംബന്ധിച്ചുള്ള രഹസ്യ വിവരങ്ങൾ ശേഖരിച്ച് നടപടി കൈക്കൊള്ളുക.

ii. എക്സൈസ് കമ്മീഷണർക്ക് ലഭിക്കുന്ന അബ്കാരി, എൻ.ഡി.പി.എസ്. കുറ്റകൃത്യങ്ങളെ സംബന്ധിച്ചുള്ള രഹസ്യ വിവരങ്ങളിന്മേൽ തുടർ നടപടി കൈക്കൊള്ളുക.

iii. ലൈസൻസ് സ്ഥാപനങ്ങൾ പരിശോധിക്കുക.

iv. എക്സൈസ് കമ്മീഷണറുടെ നിർദ്ദേശാനുസരണം എക്സൈസ് ചെക്ക് പോസ്റ്റുകളുടെ നിയന്ത്രണം ഏറ്റെടുക്കുക.

v. ലഭ്യമാകുന്ന വിവരങ്ങളും എടുക്കുന്ന കേസ്സുകളും റെയിഞ്ച്, സർക്കിൾ ഓഫീസുകൾക്ക് കൈമാറുക തുടങ്ങിയവയാണ് ഉത്തരവാദിത്വങ്ങൾ.

(സി) സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. കാലാകാലങ്ങളിൽ സ്ക്വാഡുകളിലെ ഉദ്യോഗസ്ഥരെ പുനർ വിന്യസിക്കാറുണ്ട്.

## പത്തനംതിട്ട ജില്ലയിൽ എക്സൈസ് ഓഫീസുകൾ

286 (5874) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ എത്ര എക്സൈസ് ഓഫീസുകളുണ്ട്; ഇവിടെ സിവിൽ എക്സൈസ് ഓഫീസർ തസ്തിക എത്രയാണ് അനുവദിച്ചിട്ടുള്ളത് എന്ന് ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ജില്ലയിൽ എത്ര ഒഴിവുകളാണ് ഈ തസ്തികയിൽ ഉള്ളത്; ഈ തസ്തികയ്ക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(സി) ആദിവാസി മേഖലയിൽ ആരംഭിക്കുന്ന ജനമൈത്രി എക്സൈസ് ഓഫീസ് പത്തനംതിട്ട ജില്ലയിൽ തുടങ്ങുന്നതിന്റെ ഭാഗമായി റാന്നി അടിച്ചിപ്പുഴയിൽ ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിൽ 17 എക്സൈസ് ഓഫീസുകളുണ്ട്.

| ക്രമ നമ്പർ | ഓഫീസ് | തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | എക്സൈസ് ഡിവിഷൻ ഓഫീസ്, പത്തനംതിട്ട | 2 |
| 2 | ഇ.ഇ&എ.എൻ.എസ്.എസ്., പത്തനംതിട്ട | 15 |
| 3 | എക്സൈസ് സർക്കിൾ ഓഫീസ്, പത്തനംതിട്ട | 5 |
| 4 | എക്സൈസ് സർക്കിൾ ഓഫീസ്, അടൂർ | 5 |
| 5 | എക്സൈസ് സർക്കിൾ ഓഫീസ്, തിരുവല്ല | 5 |
| 6 | എക്സൈസ് സർക്കിൾ ഓഫീസ്, മല്ലപ്പള്ളി | 5 |
| 7 | എക്സൈസ് സർക്കിൾ ഓഫീസ്, റാന്നി | 5 |
| 8 | എക്സൈസ് റെയിഞ്ച് ഓഫീസ്, പത്തനംതിട്ട | 13 |
| 9 | എക്സൈസ് റെയിഞ്ച് ഓഫീസ്, കോന്നി | 16 |
| 10 | എക്സൈസ് റെയിഞ്ച് ഓഫീസ്, അടൂർ | 15 |
| 11 | എക്സൈസ് റെയിഞ്ച് ഓഫീസ്, തിരുവല്ല | 14 |
| 12 | എക്സൈസ് റെയിഞ്ച് ഓഫീസ്, മല്ലപ്പള്ളി | 13 |
| 13 | എക്സൈസ് റെയിഞ്ച് ഓഫീസ്, റാന്നി | 16 |
| 14 | എക്സൈസ് റെയിഞ്ച് ഓഫീസ്, ചിറ്റാർ | 10 |
| 15 | കെ.എസ്.ബി.സി.,പത്തനംതിട്ട | 2 |
| 16 | ടി.എസ്.സി., തിരുവല്ല | 3 |
| 17 | ഇ.ഐ.ആന്റ് ഐ.ബി. പത്തനംതിട്ട | സിവിൽ എക്സൈസ് ഓഫീസർ തസ്തിക നിലവിലില്ല. |

(ബി) 33 ഒഴിവുകൾ നിലവിലുണ്ട്. ഈ തസ്തികയ്ക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

നക്ഷത്രചിഹ്നമിടാത്ത 5662-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 A.M.]

# II അറിയിപ്പ്

## ചീഫ് വിപ്പ് നിയമനം

മി. സ്പീക്കർ: ശ്രീ. കെ. രാജൻ 2019 ജൂൺ 28 മുതൽ ഗവൺമെന്റ് ചീഫ് വിപ്പായി നിയമിതനായ വിവരം ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിക്കുന്നു. അദ്ദേഹത്തിന് എല്ലാവിധ അഭിനന്ദനങ്ങളും നേരുന്നു.

# III പ്രത്യേക പരാമർശം

## റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുന്നതിലുണ്ടായ കാലതാമസം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. വി. പി. സജീന്ദ്രൻ ക്രമപ്രശ്നമായി ഉന്നയിച്ചൊരു കാര്യമാണ് എനിക്ക് പറയാനുള്ളത്. വിഴിഞ്ഞം തുറമുഖ പദ്ധതിയെക്കുറിച്ച് അന്വേഷിക്കാൻ നിയോഗിച്ച റിട്ടയേർഡ് ജസ്റ്റിസ് ശ്രീ. സി. എൻ. രാമചന്ദ്രൻ നായർ കമ്മീഷൻ റിപ്പോർട്ട് 31-12-2018-നാണ് സർക്കാരിന് സമർപ്പിച്ചത്. കമ്മീഷൻ ഓഫ് എൻക്വയറി ആക്ടിലെ സെക്ഷൻ 3(4) പ്രകാരം പ്രസ്തുത റിപ്പോർട്ട് ജൂൺ 30-ന് മുൻപ് ആക്ഷൻ ടേക്കൺ റിപ്പോർട്ട് ഉൾപ്പെടെ സർക്കാർ സഭയിൽ സമർപ്പിക്കേണ്ടതാണ്. ശ്രീ. വി. പി. സജീന്ദ്രൻ ഇത് ക്രമപ്രശ്നമായി ഉന്നയിച്ചപ്പോൾ സമയബന്ധിതമായി പ്രസ്തുത റിപ്പോർട്ട് സഭയിൽ വയ്ക്കുമെന്നാണ് ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രി പറഞ്ഞത്. 30 ജൂൺ 2019-നായിരുന്നു റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി. ഇന്ന് 2019 ജൂലൈ 2 ആയി. ഇതുവരെ പ്രസ്തുത റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വച്ചിട്ടില്ല. ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രി അന്ന് നൽകിയ ഉറപ്പ് ലംഘിച്ചിരിക്കുകയാണ്. അടിയന്തരമായി ഈ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച കാര്യത്തിൽ ആവശ്യമായ നടപടി ഉണ്ടാകും.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, പ്രസ്തുത വിഷയത്തിന് കഴിഞ്ഞ തവണ മറുപടി പറഞ്ഞതാണ്. റിപ്പോർട്ട് യഥാസമയം സഭയുടെ മുൻപിൽ സമർപ്പിക്കുന്നതാണ്.

മി. സ്പീക്കർ: അന്വേഷണ കമ്മീഷൻ റിപ്പോർട്ടുകൾ സഭയിൽ യഥാസമയത്ത് സമർപ്പിക്കാതിരിക്കുന്നത് പുതിയ കാര്യമല്ല. പക്ഷേ, റിപ്പോർട്ട് കൃത്യമായി സഭയിൽ വയ്ക്കണമെന്ന ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ആവശ്യം അംഗീകരിച്ചുകൊണ്ട് അത് ഷെഡ്യൂൾ ചെയ്തിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അറിയിച്ചിരിക്കുകയാണ്. ഇക്കാര്യത്തെക്കുറിച്ച് ഇനി ചർച്ചയില്ല.

# IV പ്രമേയം

## സമ്മേളന ദിവസം റദ്ദ് ചെയ്യുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സഭയുടെ നടപ്പു സമ്മേളനത്തിന്റെ കലണ്ടർ ഭാഗികമായി ഭേദഗതി ചെയ്ത് 2019 ജൂലൈ 5-ാം തീയതി നിശ്ചയിച്ചിട്ടുള്ള സഭാസമ്മേളനം ഒഴിവാക്കാൻ ഈ സഭ തീരുമാനിക്കുന്നുവെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

# V അടിയന്തരപ്രമേയം

## സ്വാശ്രയ മെഡിക്കൽ ഫീസ്

മി. സ്പീക്കർ: സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ, ഡെന്റൽ കോഴ്സുകളിലേക്കുള്ള ഫീസ് നിർണ്ണയിക്കുന്നതിൽ കാലതാമസം വരുത്തി മെഡിക്കൽ പഠനം അനിശ്ചിതത്വത്തിലാക്കിയ സർക്കാർ നടപടിമൂലം വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. എസ്. ശിവകുമാർ, എം. ഉമ്മർ, അനൂപ് ജേക്കബ്, ഡോ. എൻ. ജയരാജ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഇതിൽ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങളൊന്നും ശരിയല്ല. കഴിഞ്ഞ മൂന്ന് വർഷമായി കേരളത്തിലെ മെഡിക്കൽ അലോട്ട്മെന്റ് കുറ്റമറ്റ രീതിയിലും ബഹുമാനപ്പെട്ട സുപ്രീം കോടതിയും കേന്ദ്ര ഗവൺമെന്റും നിർദ്ദേശിച്ചിട്ടുള്ളതുപോലെ സമയബന്ധിതമായും പൂർത്തിയാക്കിയിട്ടുണ്ട്. 2017-ലെ മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ആക്ടിനെ ചോദ്യം ചെയ്തുകൊണ്ടുള്ള റിട്ട് പെറ്റീഷനിൽ 2-11-2017-ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഒരു വിധി പുറപ്പെടുവിച്ചു. കഴിഞ്ഞ നിയമത്തിൽ പ്രവേശന സമിതിയും ഫീസ് നിർണ്ണയ സമിതിയും ഒരുമിച്ചായിരുന്നു. അത് വലിയ കമ്മിറ്റിയാണ്. അതിനെ രണ്ട് കമ്മിറ്റിയായി വേർതിരിക്കണമെന്ന ഉത്തരവാണ് കോടതി പുറപ്പെടുവിച്ചത്. പ്രസ്തുത കോടതി

ഉത്തരവനുസരിച്ച് നിലവിലുള്ള കമ്മിറ്റി സ്പ്ളിറ്റ് ചെയ്ത് രണ്ട് കമ്മിറ്റികളാക്കാനുള്ള നടപടിക്രമത്തിലേക്ക് കൃത്യമായി സർക്കാർ കടന്നിട്ടുണ്ട്. ലാ ഡിപ്പാർട്ട്മെന്റിൽനിന്ന് ഇതിനാവശ്യമായ നിയമോപദേശവും ഉന്നയിച്ച സംശയങ്ങൾക്ക് മറുപടി നൽകാനെടുത്ത സമയവും മാത്രമേ ഇതിനായി വന്നിട്ടുള്ളൂ. കൃത്യമായി രണ്ട് കമ്മിറ്റികളായി വേർതിരിച്ചുകൊണ്ട് ഓർഡിനൻസ് പുറപ്പെടുവിക്കാനാണ് ആദ്യം നിശ്ചയിച്ചത്. അത്തരത്തിൽ കൃത്യസമയത്ത് ഓർഡിനൻസ് പുറപ്പെടുവിക്കുകയും ഓർഡിനൻസിന് അനുവാദം തേടി ബഹുമാനപ്പെട്ട ഗവർണറെ സമീപിച്ച അവസരത്തിൽ ഇലക്ഷൻ ഡിക്ലയർ ചെയ്തിരുന്നതിനാൽ ബഹുമാനപ്പെട്ട ഗവർണർ ഇലക്ഷൻ കമ്മീഷന്റെ അംഗീകാരം കൂടി നേടണമെന്ന് നിർദ്ദേശിച്ചു. ഇലക്ഷൻ കമ്മീഷന്റെ അംഗീകാരം ലഭിക്കുന്നതിന് തടസ്സങ്ങളുണ്ടാകില്ലെന്നും അത്തരത്തിൽ അംഗീകാരം ലഭിച്ചശേഷം ഓർഡിനൻസ് പുറപ്പെടുവിക്കുന്നതാണ് നല്ലതെന്നും ബഹുമാനപ്പെട്ട ഗവർണർ അറിയിച്ചതനുസരിച്ച് ഇലക്ഷൻ കമ്മീഷന്റെ അനുവാദത്തിന് സമർപ്പിച്ചു. ഇലക്ഷൻ കമ്മീഷൻ അത് പരിശോധിച്ചശേഷം അനുവാദം നൽകിയെങ്കിലും ഇലക്ഷൻ ഡിക്ലയർ ചെയ്തിരുന്നു. മാത്രമല്ല അപ്പോഴേക്കും നിയമസഭാ സമ്മേളനവും പ്രഖ്യാപിച്ചിരുന്നു. നേരത്തെ ഇലക്ഷൻ ഡിക്ലയർ ചെയ്തതിനാൽ ഓർഡിനൻസ് പുറപ്പെടുവിക്കാൻ സാധിച്ചില്ല. അതുകഴിഞ്ഞ് നിയമമാക്കി മാറ്റാൻ ശ്രമിച്ചപ്പോൾ നിയമസഭാ സമ്മേളനം പ്രഖ്യാപിച്ചതിനാൽ ഓർഡിനൻസ് പുറപ്പെടുവിക്കാൻ സാധിച്ചില്ല. പക്ഷേ, നിയമസഭാ സമ്മേളനത്തിന്റെ ആദ്യദിനം തന്നെ ബില്ലായി ഇത് സഭയിൽ അവതരിപ്പിക്കുന്നതിനുള്ള അനുവാദം തേടിയിരുന്നു. 13-6-2019-ന് ബിൽ ആയി ഇവിടെ അവതരിപ്പിക്കുകയും ചെയ്തു. പ്രതിപക്ഷത്തിന്റെയടക്കം പിന്തുണയോടുകൂടി ഐകകണ്ഠ്യേന ആ ബിൽ പാസ്സാക്കുകയും നിയമമാക്കി മാറ്റുകയും ചെയ്തു. അതനുസരിച്ച് നോട്ടിഫിക്കേഷൻ ആയി, കമ്മിറ്റി രൂപീകരിച്ചു. രണ്ട് കമ്മിറ്റികൾ ഇപ്പോൾ നിലവിൽ വന്നുകഴിഞ്ഞു. ഇനി ആ കമ്മിറ്റി ഫീസ് ഫിക്സ് ചെയ്യണം. പ്രസ്തുത കമ്മിറ്റി അതിനുവേണ്ടിയുള്ള തയ്യാറെടുപ്പ് നടത്തുകയാണ്. ആദ്യഘട്ട അലോട്ട്മെന്റ് 8-7-2019 മുതൽ 12-7-2019 വരെയാണ് നടത്തുന്നത്. അപ്പോഴേക്കും ഫീസ് ഫിക്സ് ചെയ്യും. എന്തെങ്കിലും കാരണവശാൽ ഫീസ് ഫിക്സ് ചെയ്തുവരുന്നത് തടസ്സപ്പെട്ടാൽ വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ ഗവൺമെന്റ് ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ട്. പുതിയ ഫീസ് ഫിക്സ് ചെയ്തുവരാൻ കാലതാമസം നേരിടുന്നുവെങ്കിൽ കഴിഞ്ഞ വർഷത്തെ ഫീസിൻപ്രകാരം അലോട്ട്മെന്റ് നടത്തുവാനും ഫീ റഗുലേറ്ററി കമ്മിറ്റി ഫീസ് ഫിക്സ് ചെയ്യുമ്പോൾ പ്രസ്തുത ഫീസ് എത്രയായാലും അതൊടുക്കുവാൻ തങ്ങൾ സന്നദ്ധരാണെന്ന് കാണിച്ചുകൊണ്ടുള്ള അഫിഡവിറ്റ് വിദ്യാർത്ഥികളിൽനിന്നും വാങ്ങിയ ശേഷം അലോട്ട്മെന്റ് നടത്തുവാനും തീരുമാനിച്ചു. കോടതിയേയും

ഇക്കാര്യം അറിയിക്കുകയാണ്. അതിനാൽ ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുള്ള അലോട്ട്മെന്റ് തീയതിയിൽത്തന്നെ കൃത്യമായും അലോട്ട്മെന്റ് നടത്തുന്നതാണ്. കഴിഞ്ഞവർഷവും അതിന് മുൻവർഷവും വളരെ കൃത്യമായിട്ടാണ് അലോട്ട്മെന്റ് നടത്തിയത്. കേരളമാണ് കൃത്യസമയത്ത് അലോട്ട്മെന്റ് പൂർത്തിയാക്കിയ സംസ്ഥാനം. അതിനാൽ ഈ വിഷയത്തെ സംബന്ധിച്ച് അടിയന്തര പ്രമേയത്തിന്റെ ഒരു ആവശ്യകതയുമില്ല. 8-ാം തീയതി അലോട്ട്മെന്റ് നല്ല രീതിയിൽ നടത്തും. നേരത്തെ കോടതിയെ സമീപിക്കാൻ ഒരുങ്ങിയതായിരുന്നെങ്കിലും ഇതിനായി മാനേജ്മെന്റുകളും സഹകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ചിരിക്കുന്ന ഫീസ് സർക്കാർ അംഗീകരിക്കും. ആ ഫീസ് അനുസരിച്ചായിരിക്കും നിയമനം നടത്തുകയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഒരുതരത്തിലുള്ള ആശങ്കയ്ക്കും ഇടയില്ലാത്ത അവസ്ഥയാണുള്ളത്. അതിനാൽ ഈ അടിയന്തരപ്രമേയത്തിന് ഒരു വിധത്തിലുള്ള സാധ്യതയുമില്ലെന്നാണ് പറയാനുള്ളത്.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് എം.ബി.ബി.എസ്., ഡെന്റൽ കോഴ്സുകളിലേക്കുള്ള അഡ്മിഷനെ സംബന്ധിച്ച അനിശ്ചിതത്വത്തെക്കുറിച്ച് നിയമസഭ വിശദമായി ചർച്ച ചെയ്യണമെന്നുള്ളതാണ് എന്റെ ആവശ്യം. ഇവിടെ ബഹുമാന്യയായ മന്ത്രി പറഞ്ഞ മറുപടി സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണ്. അഡ്മിഷൻ സമയബന്ധിതമായി പൂർത്തീകരിക്കുമെന്ന് ബഹുമാന്യയായ മന്ത്രി ഇവിടെ പറയുകയുണ്ടായി. സമയബന്ധിതമായി പൂർത്തീകരിച്ചില്ലെങ്കിൽ കുട്ടികൾ മുഴുവൻ അവതാളത്തിലാകും. ഇവിടെ അതല്ല പ്രശ്നം. ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ സമയബന്ധിതമായി പാലിച്ചിട്ടില്ലെന്നുള്ളതാണ് ഏറ്റവും പ്രധാന പ്രശ്നം. ഇനി ഒരാഴ്ചയേ ഉള്ളൂ. സർക്കാരിന്റെ പിടിപ്പുകേടും മുൻകൂട്ടി തീരുമാനമെടുക്കാത്തതുംമൂലം നൂറുകണക്കിന് വിദ്യാർത്ഥികളും രക്ഷിതാക്കളും ഇന്ന് ആശങ്കാകുലരാണ്. ഇത്തരത്തിൽ ഏതെങ്കിലുമൊരു കാലഘട്ടത്തിൽ സംഭവിച്ചിട്ടുണ്ടോ? അഞ്ച് വർഷം കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റ് വളരെ സ്മൂത്തായി അഡ്മിഷൻ പ്രോസസ്സ് നടത്തിയതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാവപ്പെട്ട വിദ്യാർത്ഥികൾക്ക് മെഡിക്കൽ വിദ്യാഭ്യാസം അപ്രാപ്യമായിരിക്കുന്ന സാഹചര്യമാണുണ്ടായിട്ടുള്ളത്. ഈ വർഷം ജൂൺ 5-ന് നീറ്റ് പരീക്ഷയുടെ റിസൽട്ട് വന്നു. ഒരു മാസമാകാൻ പോകുകയാണ്. പ്രവേശനത്തിനുള്ള പ്രാരംഭ നടപടികൾപോലും ഇതുവരെ ആരംഭിച്ചിട്ടില്ല. എത്ര സീറ്റുകളിലേക്ക് അഡ്മിഷൻ നടക്കുമെന്നോ, ഫീസ് എത്രയാണെന്നോ, ഏത് കോളേജിൽ അഡ്മിഷൻ ലഭിക്കുമെന്നോ ഉള്ള വിവരം ഉയർന്ന റാങ്ക് കരസ്ഥമാക്കിയ

വിദ്യാർത്ഥികൾക്കുപോലും അറിയാത്ത സ്ഥിതിവിശേഷമാണ്. ഇത്രയും അനിശ്ചിതത്വം ഒരു കാലഘട്ടത്തിലുമുണ്ടായിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മെഡിക്കൽ വിദ്യാഭ്യാസരംഗം വളരുകയല്ല, തളരുകയാണ്. സർക്കാരിന്റെ ആത്മാർത്ഥതയില്ലായ്മയും പിടിപ്പുകേടുമാണ് ഇതിന് പ്രധാന കാര്യം. മറ്റാരെയും കുറ്റപ്പെടുത്താൻ കഴിയില്ല. 2017-ൽ ഈ സർക്കാർ 'കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും)' ഭേദഗതി ബിൽ കൊണ്ടുവന്നു. ഇതുപ്രകാരം സംസ്ഥാനത്ത് 2017-ലും 2018-ലും അഡ്മിഷൻ നടന്നു. അന്ന് നിശ്ചയിച്ച ഫീസുതന്നെ വളരെക്കൂടുതലാണെന്ന ആക്ഷേപമുണ്ടായിരുന്നു. ഉയർന്ന ഫീസ് നിശ്ചയിച്ചതിന്റെ പേരിൽ അർഹതയുണ്ടായ എത്രയോ വിദ്യാർത്ഥികൾ എം.ബി.ബി.എസ്.-ന് അഡ്മിഷൻ ലഭിക്കാതെ കണ്ണീരോടെ തിരികെപ്പോയത് സംസ്ഥാനത്ത് നമ്മൾ കണ്ടതാണ്. 2017-ലെ ഈ നിയമം അപാകത നിറഞ്ഞതാണെന്ന് ബഹുമാനപ്പെട്ട കോടതിയും കണ്ടെത്തി. ഫീസ് നിശ്ചയിക്കുന്നതിനും പ്രവേശന മേൽനോട്ടത്തിനും വേണ്ടി ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി സർക്കാർ ആ ബിൽ കൊണ്ടുവന്നത് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ച കാര്യമാണ്. യഥാർത്ഥത്തിൽ ഒരു കാര്യത്തെക്കുറിച്ചും ഒരാലോചനയോ ശരിയായ നിയമ പരിശോധനയോ ഇല്ലാതെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കൊണ്ടുവന്ന നിയമമായതുകൊണ്ടാണ് ബഹുമാനപ്പെട്ട കോടതി അത് തള്ളിക്കളയുന്ന സ്ഥിതിവിശേഷമുണ്ടായത്. ആ കമ്മിറ്റിയെടുത്ത തീരുമാനങ്ങളിൽ നമ്മുടെ വിദ്യാർത്ഥികൾ ബുദ്ധിമുട്ടനുഭവിക്കുന്ന ഒരു സ്ഥിതിയുമുണ്ടായി. 2017-ലെ നിയമത്തിനെതിരെ മാനേജ്മെന്റുകൾ സമർപ്പിച്ച കേസ്സിലാണ് ബഹുമാനപ്പെട്ട ഹൈക്കോടതി ആക്ടിലെ വ്യവസ്ഥകൾ റദ്ദ് ചെയ്തത്. ഒരാലോചനയുമില്ലാതെ കൊണ്ടുവന്നതാണ്. പ്രവേശനം നിയന്ത്രിക്കുന്നതും ഫീസ് നിയന്ത്രിക്കുന്നതും രണ്ട് വ്യത്യസ്ത കാര്യങ്ങളായതിനാൽ രണ്ടിനും പ്രത്യേക കമ്മിറ്റികളാകുന്നതാണ് ഉചിതമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചു. ഈ നിരീക്ഷണം ഉൾക്കൊണ്ടുകൊണ്ട് പുതിയ നിയമം കൊണ്ടുവന്നിരുന്നുവെങ്കിൽ ഈ കാലതാമസമുണ്ടാകുമായിരുന്നോ? 2017-ലാണ് ഇത് മാറ്റണമെന്ന് ബഹുമാനപ്പെട്ട കോടതി നിർദ്ദേശിച്ചത്. 2019-ൽ ഫീസ് നിശ്ചയിക്കുന്നത് റദ്ദാക്കി.

അതുപോലെ ഇതുമായി ബന്ധപ്പെട്ടുള്ള രണ്ട് കമ്മിറ്റികൾ വേണമെന്ന് പറഞ്ഞു. അങ്ങനെയുള്ള സാഹചര്യത്തിൽ ഈ ഗവൺമെന്റ് എന്താണ് ചെയ്തത്? 2017-ലെ മെഡിക്കൽ ബില്ലിനെ ചലഞ്ച് ചെയ്ത് സമർപ്പിച്ച ഹർജിയിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 2-11-2017-ലെ വിധിയിൽ പ്രവേശന

മേൽനോട്ടത്തിനും ഫീസ് നിർണ്ണയിക്കുന്നതിനും രണ്ട് കമ്മിറ്റികളാകാമെന്ന് പറഞ്ഞിരുന്നതാണ്. ഇവർ എന്തുകൊണ്ട് 2019 വരെ ഇത് വൈകിപ്പിച്ചു; സ്വാശ്രയ മാനേജ്മെന്റുകളെ സഹായിക്കുന്നതിന് വേണ്ടിയല്ലേ ഈ ഗവൺമെന്റ് ഇത്തരത്തിലുള്ള നിലപാടെടുത്തത്? 2017-ലെ കോടതി വിധിയിൽ പറഞ്ഞിരിക്കുന്നത് അഡ്മിഷൻ നടപടിക്രമങ്ങൾ ആറ് മാസത്തിനുമുമ്പ് പൂർത്തീകരിക്കണമെന്നാണ്. എന്നുപറഞ്ഞാൽ നീറ്റ് മെറിറ്റനുസരിച്ച് കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കും. അപ്പോൾ ഫീസ് തീരുമാനിക്കണ്ടേ? അതല്ലേ ഏറ്റവും പ്രധാന കാര്യം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യങ്ങൾ ശ്രദ്ധിക്കണമെന്നാണ് പറയുന്നത്. ആയിരക്കണക്കിന് കുട്ടികളുടെ ഭാവിയുടെ പ്രശ്നമാണ്. 2017-ൽ ബഹുമാനപ്പെട്ട കോടതി കൊണ്ടുവന്ന നിയമം നടപ്പിലാക്കാൻ 2019 വരെ എന്തിന് കാത്തിരുന്നു? ഇതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയണം.

2017 നവംബർ 2-ന് ബഹുമാനപ്പെട്ട ജസ്റ്റിസ് രാജാ വിജയരാഘവൻ വി. യുടെ വിധിയിൽ പറയുന്നത് " The Fee Fixation Regulatory Committee functions and its function is supposed to end long before actual admission process starts.' എന്നാണ്. എന്നുപറഞ്ഞാൽ ആറ് മാസത്തിനുമുമ്പ് ഇതിന്റെ തീരുമാനമെടുത്തു വയ്ക്കണമെന്നാണ്. ഗവൺമെന്റ് അക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിച്ചില്ല. കുട്ടികളെ മനഃപൂർവ്വം കണ്ണീരിലാഴ്ത്തുന്നതിനുവേണ്ടിയുള്ള നടപടികളല്ലേ സ്വീകരിച്ചിരിക്കുന്നത്? 2017-ൽ ഇതുസംബന്ധിച്ച ഹർജിയിന്മേൽ 28-2-2019-ലെ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിയമസഭയിൽ ബിൽ കൊണ്ടുവന്നു. അപ്പോൾ രണ്ട് മാസത്തിനകം ഫീസ് നിർണ്ണയിക്കണമെന്ന് ബഹുമാനപ്പെട്ട കോടതി പറഞ്ഞു. ആ വിധിയുടെ പകർപ്പ് എന്റെ കയ്യിലുണ്ട്; ബഹുമാനപ്പെട്ട ജസ്റ്റിസ് കെ. സുരേന്ദ്ര മോഹന്റെ വിധിയിൽ " ........pass fresh orders in the matter of in accordance with law as expeditiously as possible and at any rate within a period of two months from the date of receipt of copy of this judgment." എന്നാണ്. എന്നുവച്ചാൽ ഈ ജഡ്ജ്മെന്റ് ലഭിച്ച് രണ്ട് മാസത്തിനകം തീരുമാനമെടുക്കണമെന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞത്. എന്തുകൊണ്ടാണ് ഗവൺമെന്റ് തീരുമാനമെടുക്കാത്തത്? ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിട്ടും തീരുമാനമെടുത്തിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് 'ഇലക്ഷൻ ഡിക്ലയർ ചെയ്തു' എന്നാണ്. ഇലക്ഷൻ ഡിക്ലയർ ചെയ്തുവെന്ന് പറയുമ്പോൾ ആയിരക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവിയെ ബാധിക്കുന്ന ഒരു പ്രശ്നം സംബന്ധിച്ച് ഹൈക്കോടതി വിധി ഉള്ളപ്പോൾ എന്തുകൊണ്ട് കേന്ദ്ര ഇലക്ഷൻ കമ്മീഷനെ സമീപിച്ച് ഉത്തരവ് വാങ്ങിയില്ല? എന്ത് ഉത്തരവാദിത്വമാണ് ഈ ഗവൺമെന്റിനുള്ളത്! സാധാരണ

പ്രശ്നങ്ങൾക്കുപോലും ഇലക്ഷൻ കമ്മീഷനെ സമീപിക്കുമ്പോൾ ഗവൺമെന്റിന് അനുമതി നൽകും. 3500 വിദ്യാർത്ഥികളുടെ ഭാവിയെ നിശ്ചയിക്കുന്ന ഒരു പ്രശ്നം സംബന്ധിച്ച് രണ്ട് മാസത്തിനകം തീരുമാനമെടുക്കണമെന്ന് പറഞ്ഞപ്പോൾ ഗവൺമെന്റ് അത് ചെയ്തോ? ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ തീരുമാനമെടുത്തില്ലല്ലോ. ഇപ്പോൾ പറയുന്നതെന്താണ്; ഇന്നലെ കമ്മിറ്റി കൂടിയപ്പോൾ എടുത്ത തീരുമാനം എന്താണ്? ഒരു മുൻധാരണയുടെ അടിസ്ഥാനത്തിലാണ് ഇന്നലത്തെ ചർച്ച നടത്തിയിരിക്കുന്നത്. സ്വാശ്രയ മാനേജ്മെന്റുകൾ പറയുന്നത് 'അവർ സഹകരിക്കാം' എന്നാണ്. അവർക്ക് സഹകരിക്കാതിരിക്കാൻ കഴിയുമോ; അവർക്ക് അഡ്മിഷൻ നടത്തണ്ടേ? പക്ഷേ, ഫീസ് ഉയർത്താനുള്ള എല്ലാ സാഹചര്യങ്ങളും ഒരുക്കിയതിനുശേഷമാണ് ഇന്നലത്തെ ചർച്ച നടന്നിരിക്കുന്നത്. ഇന്ന് പത്രമാധ്യമങ്ങളിൽ വന്നിരിക്കുന്നത് "ഫീസ് പുതുക്കുമെന്നുള്ള സർക്കാരിന്റെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ മാനേജ്മെന്റുകൾ സഹകരിക്കാൻ തീരുമാനിച്ചിട്ടുണ്ട് എന്നാണ്. ഇത് മലയാള മനോരമ പത്രത്തിൽ വന്നിരിക്കുന്ന വാർത്തയാണ്. ഫീസ് നിർണ്ണയ സമിതി പിന്നീട് നിശ്ചയിക്കുന്ന ഫീസ് നൽകാമെന്ന് വിദ്യാർത്ഥികളിൽനിന്നും ബോണ്ടെഴുതി വാങ്ങി. കഴിഞ്ഞ വർഷത്തെ ഫീസ് പ്രകാരം പ്രവേശനം നടത്താനാണ് ഈ ചുരുങ്ങിയ സമയത്തുള്ള സർക്കാരിന്റെ ഉത്തരവ്. സാങ്കേതിക പിഴവുകൾ ചൂണ്ടിക്കാട്ടി കഴിഞ്ഞ വർഷത്തേതുതന്നെ ബഹുമാനപ്പെട്ട കോടതി ക്യാൻസൽ ചെയ്തിരിക്കുകയാണ്. അപ്പോൾ എന്ത് ഉത്തരവാദിത്വമാണ് ഈ ഗവൺമെന്റിനുള്ളത്? ഇവിടെ കഴിഞ്ഞ വർഷത്തെ ഫീസ് എത്രയാണ്? 2016-17-ൽ 4.15 ലക്ഷം രൂപ, 2017-18-ൽ 4.80 ലക്ഷം രൂപ, 2018-19-ൽ 5.54 ലക്ഷം രൂപ. സുപ്രീംകോടതി വിധി വന്നു. ബഹുമാനപ്പെട്ട മന്ത്രി പറയുന്നു, ഞാൻ അത് സമ്മതിക്കുന്നു. പക്ഷേ, യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് 1,35,000 ആയിരുന്നത് അഞ്ച് വർഷക്കാലംകൊണ്ട് 1,85,000 രൂപയേ ആയിട്ടുള്ളൂ. 10% ഓരോ വർഷവും ഉയർത്തി. യു.ഡി.എഫ് സർക്കാർ അതിനായി ഇടപെടലുകൾ നടത്തി അതിനുവേണ്ടിയുള്ള നടപടിക്രമങ്ങളിലൂടെയും ചർച്ചകളിലൂടെയും പ്രശ്നങ്ങൾ പരിഹരിച്ചു. കഴിഞ്ഞ വർഷം ബഹുമാനപ്പെട്ട കോടതി തന്നെ തള്ളിക്കളഞ്ഞ ഫീസ് ഘടനവച്ച് ഈ വർഷം അഡ്മിഷൻ നടത്തുന്നു. എന്ത് യുക്തിയാണുള്ളത്? ഇപ്പോൾ ഫീസ് ഉയർത്തിയാൽ 2016-17 മുതൽ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾക്ക് ഫീസ് കൊടുക്കണ്ടേ; ഇപ്പോൾ മാനേജ്മെന്റ് ചോദിച്ചിരിക്കുന്നതെന്താണ്? ഇപ്പോഴത്തെ അഡ്മിഷന് വിദ്യാർത്ഥികളുടെ മേൽ ഒരു ബോണ്ട് വച്ചതിനുശേഷം മാനേജ്മെന്റ് കഴിഞ്ഞ വർഷത്തെ ഫീസിന്മേൽ അഡ്മിഷൻ നടത്താമെന്ന് പറയുന്നു. രണ്ടും മൂന്നും വർഷമായി പഠിക്കുന്ന വിദ്യാർത്ഥികൾ ഇനി ഈ ബോണ്ട് എഴുതി നൽകണ്ടേ? ഫീസ് ഇത്രയും

ഉയർന്നതുകൊണ്ട് പഠിക്കുവാൻ നിവൃത്തിയില്ലാതെ നീറ്റ് ലിസ്റ്റിലുള്ള ധാരാളം കുട്ടികൾ കഴിഞ്ഞ വർഷം എന്റെയടുത്ത് വന്നിരുന്നു. ഒന്നും ചെയ്യാൻ കഴിയാത്ത സാഹചര്യം വന്നിരിക്കുന്നു. തീർച്ചയായും സ്വാശ്രയ മാനേജ്മെന്റുകളുമായി ഒത്തുകളിച്ചു. അവസാന സമയം എന്താണ് സംഭവിച്ചത്? ഫീസ് റെഗുലേറ്ററി കമ്മിറ്റിയെ വയ്ക്കാനുള്ള സമയമില്ല. ഈ മാസം എട്ടാം തീയതിക്ക് മുമ്പായി ഏത് മാനേജ്മെന്റുമായി എങ്ങനെയാണ് ചർച്ച നടത്തുന്നത്. അത്തരത്തിലുള്ള ഒരു സാഹചര്യമുണ്ട്.

അന്യസംസ്ഥാന വിദ്യാർത്ഥികൾക്ക് 15% സീറ്റ് നൽകണമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയുണ്ട്. അന്യസംസ്ഥാനങ്ങളിലെ വിദ്യാർത്ഥികൾക്ക് 15% സീറ്റ് നൽകിയാൽ സംസ്ഥാനത്തുള്ളവർക്ക് അത്രയും സീറ്റ് കുറയുകയാണ് ചെയ്യുന്നത്. ആകെയുള്ള സീറ്റുകളിൽ 15% എൻ.ആർ.എ. സീറ്റുകളാണ്. ബാക്കിയുള്ള 85%-ത്തിൽ നിന്ന് 15% കുറയുമ്പോൾ 70% സീറ്റ് മാത്രമേ സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് കിട്ടുകയുള്ളൂ. ഈ ഗവൺമെന്റ് അക്കാര്യത്തിൽ റിവിഷൻ പെറ്റീഷൻ കൊടുക്കാത്തത് എന്തുകൊണ്ടാണ്? അന്യസംസ്ഥാനത്തെ കുട്ടികളിൽനിന്നും കൂടുതൽ ഫീസ് വാങ്ങിയതിനെക്കുറിച്ച് ഒരു തീരുമാനവുമെടുത്തില്ല. എങ്ങനെയാണ് ഫീസ്, എങ്ങനെയാണ് റാങ്ക് ലിസ്റ്റ് ഇതിനെക്കുറിച്ചൊന്നും ഒരു പരിഗണനയുമില്ലെന്ന് മാത്രമല്ല ഇതിനുവേണ്ടി റിവിഷൻ പെറ്റീഷനും കൊടുത്തിട്ടില്ല. നമ്മുടെ സംസ്ഥാനത്ത് ഇതിനെക്കുറിച്ചൊന്നും ഗൗരവമായി യാതൊരുവിധ ചർച്ചകളും നടക്കുന്നില്ല. ഇക്കാര്യത്തിൽ ആറ് മാസത്തിനകം തീരുമാനമെടുക്കണമെന്ന് കോടതി പറഞ്ഞു. സഭയിൽ വന്ന ബില്ലിന്റെ പേരിൽ രണ്ട് മാസത്തിനകം തീരുമാനമെടുക്കണമെന്ന് പറഞ്ഞിട്ടുപോലും ഒരു തീരുമാനവുമെടുത്തില്ല. കേരളത്തിലെ ആരോഗ്യ-വിദ്യാഭ്യാസ മേഖല ഒരു പ്രവർത്തനവുമില്ലാതെ കുത്തനെ പുറകോട്ട് പോവുകയാണ്. നീതി ആയോഗിന്റെ റിപ്പോർട്ടിൽ കേരളം ഒന്നാം സ്ഥാനത്താണെന്ന് ഇവിടെ പറഞ്ഞു. കുറേക്കാലമായി കേരളം ഒന്നാം സ്ഥാനത്താണ്.

<u>മി. സ്പീക്കർ</u>: മെഡിക്കൽ വിദ്യാഭ്യാസമാണ് അങ്ങയുടെ അടിയന്തരപ്രമേയം.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, 2015-16-ൽ വളർച്ചാനിരക്ക് 76.56% ആയിരുന്നത് ഇപ്പോൾ 74% ആണ്. 2% വളർച്ചാനിരക്ക് കുറഞ്ഞു. ഡോ. ഇക്ബാലിന്റെ ഒരു ലേഖനത്തിൽ ഇവിടെയുള്ള പകർച്ചവ്യാധികളെ കുറിച്ച് നീതി ആയോഗിൽ ഉൾപ്പെടുത്തിയില്ലെന്ന് വായിച്ചു.

<u>മി. സ്പീക്കർ</u>: ഇത് മെഡിക്കൽ വിദ്യാഭ്യാസമാണ്. ആരോഗ്യ മേഖല സംബന്ധിച്ച ചർച്ചയല്ല.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, കമ്മ്യൂണിക്കബിൾ ഡിസീസിനെക്കുറിച്ചും നോൺ കമ്മ്യൂണിക്കബിൾ ഡിസീസിനെക്കുറിച്ചും പഠനം നടത്തിയിട്ടില്ല. ഞാൻ സൂചിപ്പിച്ചത്, മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത്, പൊതുവായി ആരോഗ്യരംഗത്ത് മുന്നോട്ട് പറക്കുന്ന പക്ഷിയായിരുന്ന കേരളം ഇപ്പോൾ ഹമ്മിംഗ് ബേർഡിനെപ്പോലെ പുറകോട്ട് പറക്കുകയാണ്. 2015-16-ൽ ഇൻസ്റ്റിറ്റ്യൂഷണൽ ഡെലിവറി 92% ആയിരുന്നു.

<u>മി. സ്പീക്കർ</u>: പ്ലീസ് ....കൺക്ലൂഡ്...

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, ആർദ്രം പദ്ധതിയെപ്പറ്റി പറയുന്നു, ഫസ്റ്റ് റഫറൽ യൂണിറ്റ് 2015-ൽ 120.9 ആയിരുന്നത് 107-ആയി കുറഞ്ഞു. എല്ലാ മേഖലയിലും പുറകോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ വർഷം ഒന്നാം റാങ്കിന് 95 മാർക്ക് കിട്ടിയപ്പോൾ ഇത്തവണ 91 മാർക്കാണ്.

<u>മി. സ്പീക്കർ</u>: പ്ലീസ്.... കൺക്ലൂഡ്. അങ്ങ് എഴുതിത്തന്ന പ്രമേയത്തെക്കുറിച്ച് സംസാരിക്കു.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, നീറ്റ് പരീക്ഷയിൽ മിടുക്കരായ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് എന്ത് നീതിയാണ് കേരളത്തിലെ ഗവൺമെന്റ് നൽകുന്നത്? ഇവിടെ കോടതികൾ പറഞ്ഞാൽ കേൾക്കില്ല, സമയബന്ധിതമായി കാര്യങ്ങൾ ചെയ്യില്ല. ഇമേജ് ബിൽഡിംഗിനായി പ്രവർത്തനങ്ങൾ നടക്കുന്നതിനുപകരം സമയബന്ധിതമായി കാര്യങ്ങൾ ചെയ്യാൻ ആരോഗ്യ വകുപ്പുമന്ത്രിക്ക് നിർദ്ദേശം കൊടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ വിനയപൂരസ്സരം അഭ്യർത്ഥിക്കുകയാണ്. വിദ്യാർത്ഥികളുടെ ഭാവിയെ സംബന്ധിച്ച പ്രശ്നത്തിന് പരിഹാരം കാണുക. അവർ കനൽ എരിയുന്ന മനസ്സുമായി നടക്കുകയാണ്. എന്ത് ചെയ്യും? സമയബന്ധിതമായി ചെയ്യണമെങ്കിൽ ആറ് മാസത്തിനകം നടപ്പിലാക്കണം. 8-ാം തീയതിക്കുമുമ്പ് നടപ്പിലാക്കേണ്ടതാണ്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് എന്റെ അഭിപ്രായം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): സർ, മെഡിക്കൽ പ്രവേശനം വളരെ കൃത്യമായി നടക്കുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട അംഗത്തിന്റെ മനസ്സിൽ കനൽ എരിയുന്നുണ്ടോ എന്ന് എനിക്കറിയില്ല. കാരണം, ഇത് വളരെ വ്യക്തമായി പറഞ്ഞതാണ്. ...(ബഹളം)... മറുപടി അവർക്ക് കേൾക്കേണ്ടെങ്കിൽ ഞാൻ പറഞ്ഞു പോകാം. ഇതിൽ ആദ്യം മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ടതല്ലാത്തൊരു വിഷയം ഉന്നയിച്ചത് ക്ലാരിഫൈ ചെയ്യാം. നീതി

ആയോഗിന്റെ റിപ്പോർട്ടനുസരിച്ച് കേരളം ഒന്നാമത് എത്തിയിരിക്കുകയാണ്. അതിലെ പോയിന്റ് കുറഞ്ഞു എന്നാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞത്. ഞങ്ങളും പരിശോധിച്ചു നോക്കി, എല്ലാ കാര്യത്തിലും ഒന്നാമത് എത്തിയിരിക്കുന്നു. 2017-18-ലെ നിലവാരം പരിശോധിച്ചിട്ടാണ് തീരുമാനം എടുത്തിരിക്കുന്നത്. അതൊക്കെ ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് ഉണ്ടായിട്ടുള്ള തീരുമാനമാണ്. T.B patients-ന്റെ എണ്ണം കാൽക്കുലേറ്റ് ചെയ്തു കൊടുത്തതിൽ ഒരു ഡബ്ലിംഗ് ഉണ്ടായിട്ടുണ്ട്; അതാണ് പോയിന്റിന്റെ കുറവ് പരിശോധിച്ചതിൽനിന്നും മനസ്സിലായിട്ടുള്ളത്. ഞങ്ങൾ അത് ക്ലിയർ ചെയ്തുകൊടുത്തിരിക്കുകയാണ്. അതുംകൂടി അംഗീകരിച്ചുവരുമ്പോൾ നാല് പോയിന്റ് കൂടാനാണ് സാധ്യത. അതുകൊണ്ട് ശതമാനം കുറഞ്ഞുകണ്ട് ആഹ്ലാദിക്കുകയൊന്നും വേണ്ട. നമ്മളെല്ലാവരും ചേർന്ന് നടത്തിയ പ്രവർത്തനത്തിന്റെ ഭാഗമായാണ് ഒന്നാമത് എത്തിയത്. ഞങ്ങൾ മാത്രം നടത്തിയ പ്രവർത്തനത്തിന്റെ ഭാഗമാണെന്ന് അവകാശപ്പെടുന്നില്ല. ഒന്നുകിൽ ബഹുമാനപ്പെട്ട എം.എൽ.എ.-ക്ക് ഇപ്പോഴത്തെ അലോട്ട്മെന്റ് സിസ്റ്റത്തിൽ വന്ന മാറ്റത്തെക്കുറിച്ച് അറിവില്ലായ്മയുണ്ട്. അല്ലെങ്കിൽ അറിഞ്ഞുകൊണ്ട് അറിയില്ലെന്ന് നടിക്കുന്നതാണ്. ഇവിടെ എന്താണ് സംഭവിച്ചത്?

2016-17 മുതൽ നീറ്റ് മെരിറ്റും സെൻട്രലൈസ്ഡ് അലോട്ട്മെന്റുമാണുള്ളത്. സ്വാശ്രയ കോളേജുകൾ പലതും തുടങ്ങിയത് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്താണ്. അതൊന്നും ആരും നിഷേധിക്കില്ല. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരിക്കുമ്പോൾ 50:50 എന്നൊരു അനുപാതം വന്നു. എന്തായിരുന്നു അതിന്റെ സംവിധാനം? 50 ശതമാനം സീറ്റിൽ, ഏറ്റവും കുറഞ്ഞ ഫീസിൽ പഠിപ്പിക്കുകയും ബാക്കി 50 ശതമാനത്തിൽ ഉയർന്ന ഫീസ് ഈടാക്കി മാനേജ്മെന്റ് കോമ്പൻസേറ്റ് ചെയ്തുകൊണ്ടിരിക്കുകയുമാണ്. നമുക്ക് വിരോധവുമില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴും അതിനെ അട്ടിമറിക്കാൻ തയ്യാറായില്ല. ഞങ്ങളും 50:50 അനുപാതം അംഗീകരിച്ചു. പിന്നീട്, 50 ശതമാനം സീറ്റിലെ 20 ശതമാനം സീറ്റിന് 25,000 രൂപയും ബാക്കി 30 ശതമാനത്തിന് അല്പംകൂടി ഉയർന്ന നിലവാരത്തിലുള്ള ഫീസും നിശ്ചയിക്കാൻ തീരുമാനിച്ചു. 2016-17-ൽ ഈ ഗവൺമെന്റ് വളരെ ചുരുങ്ങിയ ഫീസിൽ പഠിപ്പിക്കാൻ തീരുമാനിച്ചതനുസരിച്ച് മെഡിക്കൽ കോളേജുമായി ഒരു കൺസെഷൻ എഗ്രിമെന്റ് ആദ്യ വർഷമുണ്ടാക്കി. നിരവധി ചർച്ചകൾ നടന്നു, എല്ലാ സീറ്റിലും 15,00,000 രൂപ ഫീസ് വേണമെന്ന് അവർ ആവശ്യപ്പെട്ടു. കാരണം, അവർക്ക് കുറച്ച് ആവലാതിയുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് കൺസെഷൻ എഗ്രിമെന്റ് ഉണ്ടാക്കുമ്പോഴും എത്ര കോളേജുകളുമായാണ്

എഗ്രിമെന്റുണ്ടാക്കിയത്? ശ്രീ. വി. എസ്. ശിവകുമാർ മന്ത്രിയായിരുന്ന കാലത്ത് ആറ് കോളേജുകളാണ് എഗ്രിമെന്റിൽ ഒപ്പിട്ടത്. ബാക്കി കോളേജുകളിലൊക്കെ അവർക്ക് തോന്നിയതുപോലെ ഫീസ് നിശ്ചയിക്കുകയായിരുന്നു. ഒരു കോടി രൂപയും രണ്ട് കോടി രൂപയും ക്യാപിറ്റേഷൻ ഫീസ് വാങ്ങിയത് രക്ഷിതാക്കൾക്കും കുട്ടികൾക്കും നാട്ടുകാർക്കും അറിയാവുന്ന കാര്യമാണ്. ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ എന്നെനിക്കറിയില്ല. അന്ന് മെഡിക്കൽ വിദ്യാഭ്യാസ മേഖല വലിയൊരു കച്ചവട കേന്ദ്രമായി നടത്തുകയും വലിയ ചൂഷണവും ക്യാപിറ്റേഷൻ ഫീസും വാങ്ങുകയുമാണ് ചെയ്തത്. എന്നാൽ, 2016-17-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴാണ് നീറ്റ് മെരിറ്റ് എന്നൊരു സംവിധാനം നിലവിൽ വന്നത്. അതുകൊണ്ട് നമുക്കെല്ലാവർക്കും ഒന്നേ കരണീയമായിട്ടുള്ളൂ; നീറ്റ് മെരിറ്റ് അനുസരിച്ച് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുക. പക്ഷേ, 2016-17-ൽ മാനേജ്മെന്റുമായി ചർച്ച നടത്തി കൺസെഷൻ എഗ്രിമെന്റുണ്ടാക്കിയിരുന്നു. ബഹുമാനപ്പെട്ട മെമ്പർ ഓർക്കേണ്ടത്, 20 കോളേജുകളുമായി എഗ്രിമെന്റുണ്ടാക്കിയിട്ടുള്ളത് കേരള ചരിത്രത്തിലെ റെക്കോർഡായിരുന്നു. 25,000 രൂപ ഫീസ് കൊടുത്ത് പഠിക്കാവുന്ന കുട്ടികളുടെ എണ്ണത്തിൽ ഇരട്ടി വർദ്ധനവാണുണ്ടായത്. അതെല്ലാവരും അംഗീകരിച്ച വസ്തുതയാണ്. വെറുതെ പ്രശ്നമുണ്ടാക്കാനായി ബഹളം വച്ച് കാര്യം നേടാമെന്ന് വിചാരിക്കണ്ട; വസ്തുതാപരമായി അംഗീകരിക്കണം. കൺസെഷൻ എഗ്രിമെന്റുമായി കോടതിയെ സമീപിച്ച സമയത്ത് ചിലർ കേസ് കൊടുത്തു. 2016-17-ൽ എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്തുകൊണ്ട് ഈ എഗ്രിമെന്റ് അംഗീകരിക്കാമെന്ന് കോടതി പറഞ്ഞു. എന്നാൽ, അടുത്തവർഷം മുതൽ കൺസെഷൻ എഗ്രിമെന്റ് ഇല്ല; അത് അംഗീകരിക്കില്ല; നീറ്റ് മെരിറ്റ് അനുസരിച്ച് എല്ലാ സീറ്റിലും അഡ്മിറ്റ് ചെയ്യണം; ഡിഫറൻഷ്യൽ ഫീസും എഗ്രിമെന്റും പാടില്ല എന്നുപറഞ്ഞു. ഇതൊന്നും മനസ്സിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ പറഞ്ഞിട്ട് കാര്യമില്ല. ഇത്തരം കാര്യങ്ങളെല്ലാം ദിനപ്പത്രത്തിൽ വായിച്ച് മനസ്സിലാക്കണം. എന്നിട്ടും ഈ ഗവൺമെന്റ് എന്ത് ചെയ്തു? എഗ്രിമെന്റ് സിസ്റ്റം നിലനിർത്താൻ കഴിയുമോ? അലോട്ട്മെന്റ് റെഗുലറൈസ് ചെയ്യാൻ ഒരു നിയമം കൊണ്ടുവരാൻ സാധിക്കുമെന്ന് കരുതിയാണ് നിയമസഭയിൽ 2017-ലെ 15-ാം നമ്പർ ആക്ട് കൊണ്ടുവരുന്നത്. അതിലെ 17-ാം ക്ലോസിൽ കൺസെഷൻ എഗ്രിമെന്റിന്റെ ക്ലോസുകൂടി ഉൾപ്പെടുത്തി. കാരണം, 25,000 രൂപയ്ക്ക് വിദ്യാർത്ഥികൾക്ക് പഠിക്കേണ്ട സീറ്റ് നിലനിർത്തണം. എഗ്രിമെന്റ് ഉണ്ടെങ്കിൽ മാത്രമേ ഗവൺമെന്റിന് ഫീസ് നിശ്ചയിക്കാൻ അധികാരമുള്ളൂ. കൺസെഷൻ എഗ്രിമെന്റ് ഇല്ലെങ്കിൽ ഗവൺമെന്റിന് ഫീസ് നിശ്ചയിക്കാൻ അധികാരമില്ല. അതുകൊണ്ട് നമ്മളൊരു നിയമം കൊണ്ടുവന്നു. ആ നിയമത്തെ പ്രതിപക്ഷാംഗങ്ങളാരും എതിർത്തിട്ടില്ല. ആ നിയമം കേരള നിയമസഭ പാസ്സാക്കി.

എന്നാൽ ഇതുമായി മാനേജ്മെന്റ് കോടതിയിൽ പോയി. മാനേജ്മെന്റിന്റെ സ്വഭാവം ഇതുതന്നെയാണ്, ഇടയ്ക്കിടയ്ക്ക് ഫീസ് വർദ്ധിപ്പിക്കണമെന്ന് പറഞ്ഞ് അവർ കോടതിയിൽ പോകും. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത്, പല ഘട്ടങ്ങളിലും എല്ലാ കേസ്സിലും മാനേജ്മെന്റാണ് ജയിച്ചുകൊണ്ടിരുന്നത്. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വളരെ ശക്തമായി കോടതി ഇടപെട്ടതിന്റെ ഭാഗമായി മാനേജ്മെന്റിനെ എളുപ്പം ജയിച്ചുപോകാൻ അനുവദിച്ചിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശത്തോടുകൂടി കോടതിയിൽ ശക്തമായി ചലഞ്ച് ചെയ്തതിന്റെ ഭാഗമായി മാനേജ്മെന്റിന് അനുകൂലമായി വിധിവരുന്ന സമ്പ്രദായം അവസാനിപ്പിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്.

പക്ഷേ, 2017-18-ൽ കൺസെഷൻ എഗ്രിമെന്റ് ഇല്ല. 17-ാം നമ്പർ ക്ലോസ് ഗവൺമെന്റ് റദ്ദാക്കിയതുകൊണ്ട് എഗ്രിമെന്റ് സാധിക്കില്ല. ഏത് ഗവൺമെന്റിന്റെ മുന്നിലും കരണീയമായിട്ടുള്ളത് ഏകീകൃത ഫീസ് നിശ്ചയിക്കുക എന്നുള്ളതാണ്. ഏകീകൃത ഫീസ് നിശ്ചയിക്കേണ്ടത് ഗവൺമെന്റ് അല്ല; ഫീ റെഗുലേറ്ററി കമ്മിറ്റിയാണ്. അതുകൊണ്ട് ഞങ്ങൾ പറഞ്ഞു, ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസാണ് ഗവൺമെന്റ് അംഗീകരിക്കുക. ഫീ റെഗുലേറ്ററി കമ്മിറ്റി ഫീസ് നിശ്ചയിക്കുന്നത് കോടതിയുടെ ഗൈഡ്‌ലൈൻസ് അനുസരിച്ചാണ്. അവർക്കാണ് അതിനുള്ള ഉത്തരവാദിത്വം. ഫീ റെഗുലേറ്ററി കമ്മിറ്റി കഴിഞ്ഞ വർഷം നിശ്ചയിച്ച ഫീസ് ഈ ഗവൺമെന്റ് അംഗീകരിച്ചു. പക്ഷേ, ഇതിനിടയിൽ ഒരു സംഭവമുണ്ടായി, കമ്മിറ്റി നിശ്ചയിക്കുന്ന സമയത്ത് ഫീ റെഗുലേറ്ററി കമ്മിറ്റിയുടെ കാലാവധി കഴിഞ്ഞതിനാൽ നമ്മൾ ഓർഡിനൻസ് കൊണ്ടുവന്നിരുന്നു. ആ ഓർഡിനൻസിൽ അഡ്മിഷൻ, ഫീ റെഗുലേറ്ററി എന്നീ രണ്ട് കമ്മിറ്റികൾ ഒറ്റ കമ്മിറ്റിയായി വന്നു. അത് എന്തെങ്കിലുമൊരു ബുദ്ധിമുട്ടുണ്ടാക്കുന്നതിന് വേണ്ടിയല്ല. മുമ്പുണ്ടായ കോടതിയുടെ ചില വിധികളിൽ രണ്ട് കമ്മിറ്റിയിലെയും അംഗങ്ങൾ ഒന്നാകുന്നതിന് വിരോധമില്ലെന്ന് പറഞ്ഞിരുന്നു. അതുപോലെ രണ്ട് വ്യത്യസ്ത തീരുമാനങ്ങളെടുക്കേണ്ട കമ്മിറ്റി ആയതുകൊണ്ട് ഒരു കമ്മിറ്റി കൂടിക്കഴിഞ്ഞിട്ട് മറ്റൊരു കമ്മിറ്റി കൂടിയാൽ മതി. രണ്ട് ഉത്തരവാദിത്വമാണ്. ഒന്ന്, ജൂഡീഷ്യൽ നേച്ചറും മറ്റേത് അഡ്മിനിസ്ട്രേറ്റീവ് നേച്ചറുമാണ്. നിയമ വകുപ്പിൽനിന്നും ഞങ്ങൾക്ക് ലഭിച്ച ഉപദേശം രണ്ടിന്റെയും അംഗങ്ങളും അദ്ധ്യക്ഷനും ഒന്നാവാം എന്നാണ്. അങ്ങനെയാണെങ്കിൽ ഇതുരണ്ടുംകൂടി ഒരു കമ്മിറ്റിയാക്കുകയും ആദ്യം ഒരു പർപ്പസിനുവേണ്ടി യോഗം ചേരുകയും പിന്നീട് മറ്റൊന്നിനുവേണ്ടി ചേരുകയും ചെയ്താൽ മതിയാകും. അതുകൊണ്ടാണ് രണ്ട് കമ്മിറ്റികളെയും യോജിപ്പിച്ച് ഒരു കമ്മിറ്റിയാക്കിയത്.

അതിൽ ഒരു ദുരുദ്ദേശ്യമുണ്ടായിട്ടും കാര്യമില്ല, ഒരു ദുരുദ്ദേശ്യവും ഉണ്ടായിരുന്നുമില്ല. ആ കമ്മിറ്റി നിശ്ചയിച്ച ഫീസിനെ ചോദ്യം ചെയ്തുകൊണ്ടാണ് ഫീസ് കുറവാണെന്ന് മാനേജ്മെന്റ് കോടതിയിൽ വാദിച്ചത്. പക്ഷേ, കോടതി അവസാനത്തെ വിധി പറഞ്ഞത് 28-2-2019-ലാണ്. അതിനുമുമ്പ് ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ, 2017 നവംബറിലെ കോടതിവിധിയിൽ ജംബോ കമ്മിറ്റി പറ്റില്ലെന്ന് കോടതി ചൂണ്ടിക്കാണിച്ചിരുന്നു. ഈ കമ്മിറ്റി സ്പ്ലിറ്റ് ചെയ്യുന്നതാണ് ഉചിതമെന്നാണ് കോടതി പറഞ്ഞത്. നിർബന്ധമായും സ്പ്ലിറ്റ് ചെയ്യണമെന്നല്ല കോടതി പറഞ്ഞത്. ഞങ്ങളുടനെതന്നെ ഈ കമ്മിറ്റി സ്പ്ലിറ്റ് ചെയ്ത് രണ്ട് കമ്മിറ്റിയാക്കുന്നതിനുള്ള തീരുമാനമെടുത്തു. അതാണ് മറുപടി പറഞ്ഞപ്പോൾ ഞാൻ ആദ്യം പറഞ്ഞത്. അതിൽ ചില കാര്യങ്ങൾ കൂട്ടിച്ചേർക്കുന്നതും ഒഴിവാക്കുന്നതും സംബന്ധിച്ച് നിയമ വകുപ്പിൽനിന്നും ചോദിച്ച സംശയങ്ങൾക്ക് മറുപടി പറഞ്ഞ് ഈ കമ്മിറ്റി രണ്ടായി സ്പ്ലിറ്റ് ചെയ്യാനുള്ള സമയമുണ്ടായിരുന്നു എന്നായിരുന്നു. നടപടിക്രമങ്ങൾക്കെടുത്ത സമയമല്ലാതെ ഒട്ടും വൈകിയിട്ടില്ല. നിയമ വകുപ്പിൽനിന്ന് അതിനുള്ള അംഗീകാരം ലഭിച്ച ഉടൻ ഞങ്ങൾ ഈ കമ്മിറ്റി സ്പ്ലിറ്റ് ചെയ്യുന്നതിന് തീരുമാനമെടുക്കുകയും സഭാസമ്മേളനം ഇല്ലാതിരുന്നതിനാൽ ഒരു ഓർഡിനൻസുവഴി അതംഗീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. ആ ഓർഡിനൻസ് ക്യാബിനറ്റ് പാസ്സാക്കി ഗവൺമെന്റിനെ സമീപിക്കുമ്പോഴേക്കും ഇലക്ഷൻ വിജ്ഞാപനം വന്നിരുന്നു. ഇലക്ഷൻ പ്രഖ്യാപിച്ചുകഴിഞ്ഞതുകൊണ്ട് ബഹുമാനപ്പെട്ട ഗവർണർ ഇലക്ഷൻ കമ്മീഷന്റെ പെർമിഷൻ തേടാൻ പറഞ്ഞിരുന്നു. ഇലക്ഷൻ കമ്മീഷന്റെ പെർമിഷൻ വേണ്ടിവരില്ലെന്നാണ് ആദ്യം കരുതിയത്. കാരണം, നേരത്തെയുള്ള ഒരു ക്ലാരിഫിക്കേഷൻ മാത്രമല്ലേയുള്ളൂ. പക്ഷേ, അതുംകൂടി എടുത്തിട്ടാകാമെന്ന് തീരുമാനിച്ചു. ഇലക്ഷൻ കമ്മീഷൻ അംഗീകാരം തരുന്നതിന് മടിച്ചിട്ടുമില്ല. ഇലക്ഷൻ കമ്മീഷനെ സമീപിച്ചിട്ടില്ലെന്നൊക്കെയാണ് ഇവിടെ പറഞ്ഞത്. ഞാൻ വളരെ വ്യക്തമായി തീയതി ചൂണ്ടിക്കാണിച്ചതന്നെ, ഞങ്ങൾ എപ്പോഴാണ് ഇലക്ഷൻ കമ്മീഷനെ സമീപിച്ചതെന്ന് പറഞ്ഞിട്ടുണ്ട്. ഇലക്ഷൻ കമ്മീഷൻ അനുവാദം തന്നപ്പോഴേക്കും ഇവിടെ വേറൊന്നും ചെയ്യാൻ നിവൃത്തിയുണ്ടായിരുന്നില്ല. പിന്നീട് നിയമമായി ഇത് നിയമസഭയിൽ കൊണ്ടുവരാനാണ് തീരുമാനിച്ചത്. അത് നിയസഭ കൂടുമ്പോഴേ സാധിക്കുകയുള്ളൂ. നിയമസഭ കൂടാൻ നിശ്ചയിച്ചതുകൊണ്ട് ഓർഡിനൻസ് പിന്നീട് re-promulgate ചെയ്യാനും സാധിച്ചിരുന്നില്ല. അതുകൊണ്ട് നിയമസഭ ചേരാൻ തീരുമാനിച്ചയുടൻതന്നെ വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടാകരുതെന്നുകരുതി ആദ്യത്തെ ദിവസംതന്നെ നിയമസഭയിൽ അത് കൊണ്ടുവന്നു. 13-ാം തീയതിയോടുകൂടി ബിൽ കൊണ്ടുവന്നു. ബിൽ ഡ്രാഫ്റ്റ് ചെയ്ത്

നേരത്തെ വച്ചിരുന്നു. നിയമസഭ കൂടേണ്ട താമസം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിൽ ഒരു ദിവസംപോലും താമസംവരാതെ ആദ്യത്തെ ദിവസംതന്നെ സഭയിൽ അവതരിപ്പിക്കുകയും സബ്ജക്ട് കമ്മിറ്റി യോഗം ചേരുകയും ചെയ്തു. 13-ാം തീയതി ബിൽ പാസ്സാക്കി ആക്ട് നിലവിൽവന്നു. ആക്ട് വന്നയുടൻതന്നെ കാലവിളംബമില്ലാതെ കമ്മിറ്റികളുടെ നോട്ടിഫിക്കേഷനാകുകയും കമ്മിറ്റികളെല്ലാം നിലവിൽ വരികയും ചെയ്തു. രണ്ട് മാസത്തിനുള്ളിൽ ഫീസ് നിശ്ചയിച്ച് നൽകണമെന്ന് കോടതി പറഞ്ഞിരുന്നു. ഞങ്ങൾ ഇക്കാര്യങ്ങളെല്ലാം കോടതിയെ അറിയിച്ചു. ഇതിനിടയിൽ ഇലക്ഷൻ പ്രഖ്യാപിച്ചതും പെരുമാറ്റച്ചട്ടം വന്നതും അതുകൊണ്ട് ഓർഡിനൻസാക്കാൻ കഴിയാതിരുന്നതുമെല്ലാം കോടതിയെ അറിയിച്ചിട്ടുണ്ട്. അതിനിടയിൽ ഒരു സേവിംഗ് ക്ലാസ് എന്ന നിലയിൽ മാത്രമാണ് വച്ചത്. ഞങ്ങൾക്ക് അങ്ങനെ യഥാർത്ഥത്തിൽ വയ്ക്കേണ്ട കാര്യമില്ല. കാരണം, അപ്പോഴേക്കും ഫീസ് ഫിക്സ് ചെയ്യും. ഇത് ഓർഡറായി കഴിഞ്ഞയുടൻതന്നെ ഫീ റെഗുലേറ്ററി കമ്മിറ്റി ചേരുന്നുണ്ട്. ഇന്നലെ ചേർന്നുവെന്നാണ് ഇവിടെ പറഞ്ഞത്, പക്ഷേ, ഇന്നലെയല്ല ചേർന്നിട്ടുള്ളത്. കമ്മിറ്റി ചേർന്ന് ഫീസ് ഫിക്സ് ചെയ്യുന്നുണ്ട്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഇവിടെ അങ്ങ് പറഞ്ഞ ഉത്തരത്തിൽ അവ്യക്തതയുണ്ട്. ശ്രീ. വി. എസ്. ശിവകുമാർ പറഞ്ഞതുപോലെ 2017 നവംബറിലെ വിധിയിൽ കോടതി പറയുന്നത് '.....We may also point out here that, while the function of the Fee Regulatory Committee is quasi judicial, the function of Admission Regulatory Committee is more administrative. Their aims, objects and obligations are different and, therefore, they cannot be clubbed in the manner in which it has been done......' എന്നാണ്. 2017-ൽ പറഞ്ഞിട്ട് എന്തുകൊണ്ട് ഇത്രയും താമസമുണ്ടായി?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഞാനതാണ് പറഞ്ഞുവരുന്നത്. 2017-ലെ വിധിയനുസരിച്ചാണ് കമ്മിറ്റി സ്പ്ലിറ്റ് ചെയ്യാൻ നമ്മൾ തീരുമാനിച്ചത്. അതിനുമുമ്പുള്ള കാര്യമൊക്കെ ഞാൻ പറഞ്ഞു. അതിൽ അവ്യക്തതയുണ്ടാകില്ലെന്ന് വിചാരിക്കുന്നു. ... (ബഹളം)..

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മിനിസ്റ്റർ പറയട്ടെ.. പ്ലീസ്. അങ്ങ് അവസാനിപ്പിക്കൂ.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, അവസാനിപ്പിക്കാം...... (ബഹളം).... ഞാൻ ഇതുതന്നെയാണ് പറഞ്ഞത്. ഇക്കാര്യത്തിൽ പ്രശ്നമുണ്ടാക്കണമെന്നുവച്ചാൽ അത് പ്രശ്നം തന്നെയാണ്. കാര്യങ്ങൾ മനസ്സിലാക്കിയാൽ പ്രശ്നമുണ്ടാകില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവെങ്കിലും

അത് മനസ്സിലാക്കുമെന്നാണ് ഞാൻ കരുതുന്നത്. ഞാൻ ഇതൊന്നും മറച്ചുവച്ചിട്ടില്ല. 2017 നവംബറിലാണ് കോടതി വിധിയുണ്ടായത്. ആ വിധിയുണ്ടായ ഉടൻതന്നെ നിയമം ഭേദഗതി ചെയ്ത് രണ്ട് കമ്മിറ്റികളാക്കി മാറ്റാൻ തീരുമാനമെടുത്തിരുന്നു. ആ തീരുമാനം ഞാൻ പറഞ്ഞു. ഇതിൽ ഒരു സ്കോളർഷിപ്പ് വിദ്യാർത്ഥികൾക്ക് കൊടുക്കാനുള്ള തീരുമാനമുണ്ടായിരുന്നു, അത് കൂട്ടിച്ചേർക്കണോ വേണ്ടയോയെന്നുള്ള നിയമോപദേശം തേടി. നിയമ വകുപ്പുമായി ബന്ധപ്പെട്ട് നിയമോപദേശം ലഭിച്ചയുടൻ ഞങ്ങളിത് സ്പ്ലിറ്റ് ചെയ്യാനുള്ള തീരുമാനമെടുത്ത് ഓർഡിനൻസ് ഡ്രാഫ്റ്റ് ചെയ്തിരുന്നു. അതിനൊരു നിശ്ചിത സമയമെടുക്കും. ആ സമയം കഴിഞ്ഞ് നേരത്തെ ഇലക്ഷൻ പ്രഖ്യാപിക്കുന്നതിനുമുമ്പ് ഓർഡിനൻസിന് അനുവാദം ലഭിച്ചിരുന്നുവെങ്കിൽ ഈ പ്രശ്നമുണ്ടാകുമായിരുന്നില്ല. ആ ഇടവേളയിൽ ഫീസ് ഫിക്സ് ചെയ്യാം. പക്ഷേ, ഇലക്ഷൻ അതിനിടയിൽ വന്നതുകൊണ്ട് നമുക്ക് ആ സമയത്ത് ഓർഡിനൻസ് ഇറക്കാൻ സാധിച്ചില്ല. എന്നാൽ ഇലക്ഷൻ കഴിഞ്ഞയുടൻ ലഭിച്ച ആദ്യത്തെ സന്ദർഭത്തിൽ അത് ബില്ലാക്കി നിയമസഭയിലേക്ക് കൊണ്ടുവന്നു. ഇതെല്ലാം പറഞ്ഞിട്ടുള്ള കാര്യമാണ്. ഇനി ഇവരാരെങ്കിലും ആഗ്രഹിക്കുന്നതുപോലെയോ, അങ്ങനെ ആഗ്രഹിക്കുന്നുണ്ടോയെന്ന് എനിക്ക് അറിയില്ല, അലോട്ട്മെന്റ് പ്രോസസ്സിന് ഒരു കുഴപ്പവും സംഭവിക്കില്ല. ഈ കഴിഞ്ഞ മൂന്ന് വർഷക്കാലവും ഏറ്റവും തൃപ്തികരമായി അലോട്ട്മെന്റ് പൂർത്തിയാക്കി. പിന്നെ, ഞങ്ങൾ ഫീസ് വർദ്ധിപ്പിച്ചുവെന്ന് പറഞ്ഞല്ലോ....(ബഹളം)....

മി. സ്പീക്കർ: പ്ലീസ്.. പ്ലീസ്..

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള (Non Keralites -II, (NK-II) 15 ശതമാനം വിദ്യാർത്ഥികൾക്ക് അലോട്ട്മെന്റ് നൽകണമെന്ന് എം.സി.ഐ. നിർദ്ദേശിച്ചിരുന്നു. കേരളമാണ് ഏറ്റവുമവസാനം ഈ തീരുമാനം അംഗീകരിച്ചത്. എന്തുകൊണ്ട് ഈ തീരുമാനം അംഗീകരിക്കുന്നില്ല എന്നുപറഞ്ഞ് മാനേജ്മെന്റ് അതിനും കോടതിയിൽപ്പോയി. നിർബന്ധമായും ഇത് അംഗീകരിക്കണമെന്നും അല്ലെങ്കിൽ ഭരണഘടനാലംഘനമാകുമെന്നാണ് കോടതി പറഞ്ഞത്.

പത്രവാർത്തകളെല്ലാം ഇവിടെയുണ്ട്. ഇതരസംസ്ഥാന കാര്യങ്ങളിൽ മന്ത്രി പറഞ്ഞ കാര്യമെന്നുപറഞ്ഞ് പത്രത്തിൽ കൊടുത്തിട്ടുണ്ട്. 'സ്വകാര്യ മെഡിക്കൽ സീറ്റ്, കോടതിയിൽ ഒന്നുകൂടി അഭ്യർത്ഥന നടത്തു'മെന്ന് മന്ത്രി - പത്രങ്ങൾ അന്ന് പ്രസിദ്ധീകരിച്ചതാണ്. പക്ഷേ, ഞങ്ങൾ അഭ്യർത്ഥന നടത്തിയാലും ഭരണഘടനാവിരുദ്ധമായി വരും, കോടതി കർശനമായും പറഞ്ഞത് 15 ശതമാനം സീറ്റ് മറ്റ് സംസ്ഥാനങ്ങളിലെ കുട്ടികൾക്ക് കൊടുക്കണമെന്നാണ്. ഞങ്ങൾ ഫീസ്

വർദ്ധിപ്പിച്ചുവെന്ന് പറഞ്ഞല്ലോ. 15 ശതമാനം സീറ്റ് N.K.II-വിന് അനുവദിച്ചതിന്റെ പിറ്റേന്നത്തെ മലയാള മനോരമ പത്രത്തിന്റെ കോപ്പിയാണിത് (പത്രത്തിന്റെ കോപ്പി ഉയർത്തിക്കാണിച്ചു). മറ്റേതെങ്കിലും പത്രമാണെങ്കിൽ ഇവർ വിശ്വസിക്കില്ലെന്ന് കരുതിയാണ് ഞാൻ മലയാള മനോരമ പത്രം ക്വാട്ട് ചെയ്യുന്നത്. 'സ്വാശ്രയ മെഡിക്കൽ സീറ്റ് - അവസരം കുറയുന്നത് കേരള വിദ്യാർത്ഥികൾക്ക് എന്നുപറഞ്ഞാണ് തലക്കെട്ട്. എന്നിട്ട് അതിൽ 'മറ്റ് പല സംസ്ഥാനങ്ങളെയും അപേക്ഷിച്ച് കേരളത്തിലെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഫീസ് കുറവായതിനാൽ അവിടെനിന്ന് വിദ്യാർത്ഥികളുടെ ഒഴുക്ക് കേരളത്തിലേക്ക് ഉണ്ടാകും' എന്നുപറയുന്നത് ഇവിടെ ഫീസ് കൂടിയിട്ടാണോ? നീറ്റ് മെരിറ്റ് വന്നതിനുശേഷമുള്ള അഡ്മിഷൻ പ്രോസെസ്സ് മനസ്സിലാക്കാതെ കണ്ണടച്ച് ഇരുട്ടാക്കുന്ന ഒരു സമീപനമാണിത്. കഴിഞ്ഞ വർഷം പറഞ്ഞു, അഡ്മിഷൻ കുളമായിയെന്ന്. കൃത്യസമയത്തിനുള്ളിൽ അഡ്മിഷൻ പൂർത്തിയാക്കി മറ്റേത് സംസ്ഥാനത്തുള്ളതിനെക്കാളും കുറഞ്ഞ ഫീസിൽ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകി. എന്നിട്ട് അവസാനം പറഞ്ഞത് സ്പോട്ട് അഡ്മിഷനിൽ വലിയ കോഴ വാങ്ങാൻ അവസരമുണ്ടെന്നാണ്. സ്പോട്ട് അഡ്മിഷൻ യു.ഡി.എഫ്. ഭരണത്തിന്റെ ഒരുകാലത്തും നന്നായി നടന്നിരുന്നില്ല. ആ സ്പോട്ട് അഡ്മിഷനിൽ കൃത്യമായി അലോട്ട്മെന്റ് പ്രോസെസ്സ് പൂർത്തിയാക്കി അതിൽ എൻ.ആർ.ഐ. സീറ്റിൽ ബാക്കിവന്നതുകൂടി ജനറൽ സീറ്റിൽ മെർജ് ചെയ്ത് കേരളം മാതൃക കാണിച്ചു. ഇതാദ്യമായിട്ടാണ് ഇത്രയും ധീരമായ തീരുമാനമെടുക്കുന്നതെന്ന് പിറ്റേന്ന് പത്രങ്ങളെല്ലാം അഭിനന്ദിച്ചുകൊണ്ട് എഴുതി. വ്യാമോഹം മനസ്സിൽ സൂക്ഷിച്ചുകൊള്ളൂ, ഇത്തവണത്തെ അലോട്ട്മെന്റും പറഞ്ഞ ദിവസം കൃത്യമായി നടക്കുമെന്ന് എല്ലാ രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും ഉറപ്പുണ്ട്. ഇപ്പോൾ എല്ലാത്തിനും മാർഗ്ഗനിർദ്ദേശമുണ്ടെന്ന് രക്ഷിതാക്കൾ എന്നെ കാണുമ്പോൾ പറയാറുണ്ട്. മുൻകാലങ്ങളിൽ ഇങ്ങനെയായിരുന്നില്ല, അനിശ്ചിതത്വമായിരുന്നു. എന്നാൽ ഇപ്പോൾ വളരെ വ്യക്തമായ ഗൈഡ്‌ലൈനുണ്ട്. അലോട്ട്മെന്റ് തീയതി നിശ്ചയിച്ച സമയത്തുതന്നെ നടക്കുന്നുണ്ട്. അതിൽ മാറ്റമൊന്നും വരുത്തുന്നില്ല. ഈ അലോട്ട്മെന്റും പറഞ്ഞ തീയതിയിൽ കൃത്യമായി പൂർത്തിയാക്കും. ഫീ റെഗുലേറ്ററി കമ്മിറ്റി അംഗീകരിക്കുന്ന ഫീസ് ഞങ്ങൾ അംഗീകരിക്കും. ആ ഫീസിനെക്കുറിച്ച് ഞാൻ ഇപ്പോൾ പറയുന്നത് ശരിയല്ല. അത് ക്വാസി ജുഡീഷ്യൽ ബോഡിയാണ്. മറ്റെല്ലാ വ്യാമോഹവും മനസ്സിൽ സൂക്ഷിച്ചാൽ മതി. മറ്റ് സംസ്ഥാനങ്ങളേക്കാൾ കുറഞ്ഞ ഫീസിലാണ് കേരളം നീറ്റ് മെരിറ്റ് വന്നതിനുശേഷം അഡ്മിഷൻ നടത്തുന്നത് എന്നതിന് ഈ പത്രവാർത്തകൾ തെളിവാണ്. അവരെല്ലാം പഠിച്ചിട്ടാണ് എഴുതുന്നത്. അതുകൊണ്ട് എത്ര ബഹളം വച്ചാലും സത്യത്തെ മാറ്റിനിർത്താൻ സാധിക്കില്ല. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി സത്യത്തെ കുരിശിലേറ്റുകയാണ് ചെയ്തത്. വിദ്യാർത്ഥികളെ കണ്ണുനീർ കുടിപ്പിക്കാതെയും രക്ഷകർത്താക്കളെ തീ തീറ്റിക്കാതെയും സ്വാശ്രയ മെഡിക്കൽ പ്രവേശനം നടത്തില്ലെന്ന പ്രതിജ്ഞയാണ് ഈ സർക്കാരെടുത്തിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിലേറിയശേഷം എല്ലാ വർഷവും കുട്ടക്കുഴപ്പവും വിദ്യാർത്ഥികളുടെ നിലവിളിയുമില്ലാതെ സ്വാശ്രയ പ്രവേശനം നടത്തിയിട്ടില്ല. ഇത് യാദൃശ്ചികമായി സംഭവിക്കുന്നൊരു കാര്യമല്ല. മനഃപൂർവ്വമായി സ്വാശ്രയ മുതലാളിമാർക്ക് കൊള്ളലാഭമുണ്ടാക്കാനാണ് ഈ കുട്ടക്കുഴപ്പം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. കലങ്ങിയ വെള്ളത്തിലേ മീൻ പിടിക്കാൻ കഴിയുകയുള്ളൂ. അതിനുവേണ്ടി വെള്ളം കലക്കുകയാണ് സർക്കാർ ചെയ്തത്. പഴയതുപോലെയല്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. പഴയതുപോലെയല്ലെന്ന് എല്ലാവർക്കും അറിയാം. കാരണം, ഇപ്പോൾ നീറ്റ് വന്നുകഴിഞ്ഞതോടുകൂടി ഇതിനൊരു സുതാര്യത വരികയും വലിയതോതിൽ ട്രാൻസ്പരൻസി ഇൻഫ്യൂസ് ചെയ്യുകയും ചെയ്തൊരു കാലഘട്ടമാണ്. നീറ്റിൽനിന്നുമാത്രമേ പ്രവേശനം നടത്താവൂ എന്ന് സുപ്രീംകോടതി വിധിച്ചതോടെ സ്വാശ്രയ മെഡിക്കൽ പ്രവേശനത്തെ ശുദ്ധീകരിക്കാൻ സർക്കാരിന് ലഭിച്ച ഒരു സുവർണ്ണാവസരമാണ് ബഹുമാനപ്പെട്ട മന്ത്രീ, നിങ്ങൾ പാഴാക്കിയിരിക്കുന്നത്. മിടുക്കർ മാത്രം മെഡിസിന് ചേരുന്ന അവസ്ഥ വന്നു, തലവരിപ്പണവും ക്യാപ്പിറ്റേഷൻ ഫീസുമെല്ലാം അന്ത്യമാവുകയും ചെയ്തു. ആ സുവർണ്ണാവസരത്തെ കള്ളക്കളിയിലൂടെയും കാര്യക്ഷമതയില്ലായ്മയിലൂടെയും നഷ്ടപ്പെടുത്തിയിരിക്കുന്നു എന്നതാണ് ഗുരുതരമായ ആരോപണമായി പ്രതിപക്ഷത്തിന് മുന്നോട്ടുവയ്ക്കാനുള്ളത്. മാനേജ്മെന്റുകൾക്ക് ക്യാപ്പിറ്റേഷൻ ഫീ വാങ്ങാൻ കഴിയാത്തതുകൊണ്ട് ആ നഷ്ടം നികത്തിക്കൊടുക്കുകയും കുട്ടികളുടെ ഫീസ് ഉയർത്തിക്കൊടുക്കുകയുമാണ് വിപ്ലവം പ്രസംഗിക്കുന്ന സർക്കാർ ചെയ്തത്. തലവരിക്കും ക്യാപ്പിറ്റേഷൻ ഫീസിനും അംഗീകാരം നൽകിയ സർക്കാരാണിത്. കഴിഞ്ഞ യു.ഡി.എഫ് സർക്കാർ ഭരണം ഒഴിയുമ്പോൾ 20 ശതമാനം മെരിറ്റ് സീറ്റിൽ, സർക്കാർ കോളേജുകളിലെ ഫീസ് മാത്രമായിരുന്നു. ശേഷിക്കുന്ന 30 ശതമാനം മെരിറ്റ് സീറ്റിൽ 1,85,000 രൂപയായിരുന്നു ഫീസ്. 35 ശതമാനം

മാനേജ്മെന്റ് സീറ്റിൽ 8,50,000 രൂപയും 15 ശതമാനം എൻ.ആർ.ഐ.-ക്ക് 12,00,000 രൂപയും ആയിരുന്നു ഫീസ്. ഇന്ന് എത്രയാണ് ഫീസ്? ശ്രീ. വി. എസ്. ശിവകുമാർ ഇവിടെ ഉന്നയിച്ചത് ഫീസിന്റെ കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി സൗകര്യപൂർവ്വം അക്കാര്യം മാറ്റിവച്ചു. അതിനുള്ള ഉത്തരം പറഞ്ഞതേയില്ല. ഇവിടത്തെ പ്രശ്നം അലോട്ട്മെന്റുമായി ബന്ധപ്പെട്ടതല്ല. കോളേജിൽ പഠിക്കാൻ പോകുന്ന വിദ്യാർത്ഥികൾക്ക് എത്ര ഫീസ് കൊടുക്കണമെന്ന് അറിയില്ല. കഴിഞ്ഞ തവണ അഞ്ച് ലക്ഷം രൂപ ഫീസ് വാങ്ങി, ആറ് ലക്ഷം രൂപ ബാങ്ക് ഗ്യാരന്റി കൊടുത്തു. ആ കേസ് ഇപ്പോൾ സുപ്രീംകോടതിയിൽ ആണ്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ആ ഫീസ് ഘടന കോടതി ക്യാൻസൽ ചെയ്തിരിക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കറിയില്ല എത്ര രൂപ ഫീസ് കൊടുക്കണമെന്ന്. ഇപ്പോൾ അവരോട് ബോണ്ട് വയ്ക്കാൻ പറയുകയാണ്. അതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. 2019 ജനുവരിയിൽ കേരള ഹൈക്കോടതി ജസ്റ്റിസ് കെ. സുരേന്ദ്ര മോഹന്റെ വിധിയിൽ പ്രത്യേകം പറയുന്നുണ്ട്. 2019 ഫെബ്രുവരിയിൽ ഫീസ് ഫിക്സ് ചെയ്യണമെന്ന വിധി ഉണ്ടായിരുന്നു. ആ വിധിയെ കാറ്റിൽപ്പറത്തിയ സർക്കാരാണിത്. അങ്ങനെയാണ് വിദ്യാർത്ഥികൾക്ക് പ്രയാസം നേരിടേണ്ടിവന്നത്. ഇന്നിപ്പോൾ അഡ്മിഷന് പോകുന്ന കുട്ടികൾക്ക് എത്ര ഫീസ് കൊടുക്കണമെന്ന് അറിയില്ല. ഇപ്പോൾ മാനേജ്മെന്റ് 12-ഉം 18-ഉം ലക്ഷം രൂപയാണ് ചോദിക്കുന്നത്. ഇന്നലെ ബഹുമാനപ്പെട്ട മന്ത്രിയുമായി ചർച്ച നടത്തിയെന്നും അവരെല്ലാം അംഗീകരിച്ചുവെന്നും പറഞ്ഞു. അപ്പോൾ നിങ്ങൾ തമ്മിലൊരു ധാരണയുണ്ടാക്കിയിട്ടുണ്ടല്ലേ? ഇത്തവണ കൂടുതൽ ഫീസ് അവർക്ക് വാങ്ങിക്കൊടുക്കാമെന്ന ധാരണയുണ്ടാക്കിയിട്ടുണ്ടോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്; മാനേജ്മെന്റുകൾ കൂടുതൽ പണം ചോദിക്കും. അതവരുടെ ലക്ഷ്യമാണ്. കഴിഞ്ഞ രണ്ട് വർഷത്തെ ഫീസ് കുടിശ്ശിക എവിടെനിന്ന് കൊടുക്കുമെന്ന് വിദ്യാർത്ഥികൾക്കറിയില്ല. ഈ സർക്കാർ അധികാരത്തി ലേറിയതുമുതൽ മാനേജ്മെന്റുകളുമായി ഒത്തുകളിക്കുകയായിരുന്നു. യു.ഡി.എഫ്. സർക്കാർ അഞ്ച് വർഷംകൊണ്ട് മെരിറ്റ് സീറ്റിൽ ആകെ വർദ്ധിപ്പിച്ചത് 47,000 രൂപ മാത്രമാണ്. എന്നാൽ ഇടതുസർക്കാർ ഒറ്റവർഷംകൊണ്ട് കൂട്ടിയത് 65,000 രൂപയാണ്. പിന്നെ അത് അഞ്ചര ലക്ഷം രൂപയായി ഉയർത്തിക്കൊടുത്തു. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 1,85,000 രൂപയായിരുന്ന മെരിറ്റ് ഫീസാണ് ഇപ്പോൾ 6.5 ലക്ഷം രൂപയായി ഉയർത്തിയിരിക്കുന്നത്. ഇതാണോ

പാവപ്പെട്ടവരോടുള്ള മമത? ഇനിയും ഫീസ് കൂട്ടാൻ വേണ്ടിയാണ് ഇപ്പോൾ ഉണ്ടാക്കിയിരിക്കുന്ന എഗ്രിമെന്റ്. 12 ലക്ഷവും 18 ലക്ഷവും പത്രസമ്മേളനത്തിലൂടെ അവർ ആവശ്യപ്പെടുകയാണ്. ആ നിലയിൽ വൻതോതിലുള്ള വർദ്ധനവ് ഫീസിലുണ്ടാക്കിയാൽ അത് ബാധിക്കുന്നത് ഈ സംസ്ഥാനത്തെ പാവപ്പെട്ട വിദ്യാർത്ഥികളെയല്ലേ?

സർക്കാരിന്റെ പിടിപ്പുകേടും നോട്ടക്കുറവും കള്ളക്കളിയുംകൊണ്ടുണ്ടായ പ്രതിസന്ധിയാണ് ഇപ്പോൾ കാണുന്നത്. ഫീസ് നിർണ്ണയ സമിതിയായ ജസ്റ്റിസ് രാജേന്ദ്രബാബു കമ്മിറ്റി കഴിഞ്ഞ രണ്ട് വർഷങ്ങളിൽ നിശ്ചയിച്ച ഫീസ് ഹൈക്കോടതി ഈ വർഷം ഫെബ്രുവരി മാസം 28-ാം തീയതി റദ്ദാക്കി. കാരണം, ക്വാറം ഇല്ലാതെയാണ് ജസ്റ്റിസ് രാജേന്ദ്രബാബു കമ്മിറ്റി ഫീസ് നിശ്ചയിച്ചത്. അത് കോടതി കണ്ടെത്തി. ഞങ്ങളുടെ കുറ്റംകൊണ്ടാണോ; നിയമമുണ്ടാക്കുമ്പോൾ പരിശോധിക്കേണ്ടത് സർക്കാരല്ലേ? സർക്കാർ പരിശോധിക്കാത്തതുകൊണ്ട് കോടതിയത് റദ്ദാക്കി. ഇതെങ്ങനെ സംഭവിച്ചുവെന്ന് അന്വേഷിച്ചപ്പോഴാണ് സർക്കാരിന്റെ നിരുത്തരവാദിത്വം നമുക്ക് പൂർണ്ണമായും മനസ്സിലാകുന്നത്. രണ്ടുവർഷം മുമ്പ് 2017 നവംബർ 3-ന് ഹൈക്കോടതി ഒരു വിധി പ്രഖ്യാപിച്ചു. ഈ സർക്കാർ കൊണ്ടുവന്ന സ്വാശ്രയ നിയമത്തിലെ ചില വകുപ്പുകൾ റദ്ദാക്കുകയും ചിലത് ശരിവച്ചുകൊണ്ടുമായിരുന്നു ആ ഉത്തരവ്. അതിന്റെ കോപ്പി എന്റെ കയ്യിലുണ്ട്, ഞാൻ വായിക്കുന്നില്ല. അന്ന് കോടതി പല വകുപ്പുകളും റദ്ദാക്കിയ കൂട്ടത്തിൽ ഫീസ് നിർണ്ണയ സമിതിയുടെ ക്വാറം നാലായി നിശ്ചയിച്ച വ്യവസ്ഥയും റദ്ദാക്കിയിരുന്നു. പക്ഷേ, സർക്കാർ അത് ശ്രദ്ധിച്ചില്ല. അതിനെക്കുറിച്ച് ആലോചിച്ചില്ല. അശ്രദ്ധകൊണ്ടാണോ മനഃപൂർവ്വമാണോ സംഭവിച്ചതെന്ന് എനിക്കറിയില്ല. കോടതി റദ്ദാക്കിയിട്ടും അതേ ക്വാറം വച്ചാണ് രണ്ട് വർഷവും ഫീസ് നിർണ്ണയിച്ചത്. ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദാക്കിയ വകുപ്പുപയോഗിച്ച് രണ്ട് വർഷവും ഫീസ് നിർണ്ണയിക്കാനുള്ള വിവേകമില്ലായ്മ കാണിച്ച ഗവൺമെന്റാണിത്. അത് കണ്ടെത്തിയാണ് ഹൈക്കോടതി ഇപ്പോൾ രണ്ട് വർഷത്തെയും കമ്മിറ്റി നിശ്ചയിച്ച ഫീസ് ഘടന അസാധുവാക്കിയത്. മതിയായ ക്വാറം ഇല്ലെന്നാണ് കോടതി വിധിച്ചത്. ക്വാറത്തിന് നാലുപേർ മതിയെന്ന വ്യവസ്ഥ കോടതി റദ്ദാക്കിയതോടെ യോഗം ചേരുന്നതിന് പത്തുപേരും വേണമെന്ന അവസ്ഥ സംജാതമായി. ഇതുമറികടക്കാൻ വ്യവസ്ഥയുണ്ടാക്കാൻ 2017 മുതൽ രണ്ട് വർഷം സമയമുണ്ടായിട്ടും നിങ്ങൾ എന്തുകൊണ്ട് ചെയ്തില്ല എന്നുള്ള പ്രസക്തമായ ചോദ്യമാണ് ഇവിടെ വരുന്നത്. രണ്ടുവർഷത്തിനിടയിൽ ക്വാറം നിശ്ചയിച്ച് നിയമം കൊണ്ടുവരാമായിരുന്നല്ലോ; എത്ര അശ്രദ്ധമായിട്ടാണ് നിങ്ങൾ സ്വാശ്രയ ഫീസ് നിശ്ചയിക്കുന്നതെന്ന് ഇതിൽനിന്നും വളരെ വ്യക്തമല്ലേ;

ഈ വർഷം ഫെബ്രുവരി 28-നാണ് ക്വാറമില്ലാത്തതിനാൽ ഫീസ് ഘടന റദ്ദാക്കി ഹൈക്കോടതി ഉത്തരവിട്ടത്. അപ്പോഴെങ്കിലും നിങ്ങൾക്കൊരു ഓർഡിനൻസ് കൊണ്ടുവരാമായിരുന്നു. പതിവുപോലെ നിങ്ങൾ അതും താമസിപ്പിച്ചു. അപ്പോൾ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽവന്നു. പിന്നീട് കഴിഞ്ഞ മാസമാണ് പുതിയ ബിൽ ഇവിടെ കൊണ്ടുവന്നത്. ഞങ്ങൾ അതിനെ എതിർത്തോ; യുനാനിമസ്സായി പാസ്സാക്കിയില്ലേ; കാരണം, കേരളത്തിലെ വിദ്യാർത്ഥികളുടെ പ്രശ്നമായതുകൊണ്ട് വേഗതയിൽ പാസ്സാക്കട്ടെയെന്നുകരുതിയാണ് ഞങ്ങൾ സമ്മതിച്ചത്. അത് പാസ്സാക്കി. പക്ഷേ, കഴിഞ്ഞ ശനിയാഴ്ചയാണ് വീണ്ടും ഫീസ് നിർണ്ണയ കമ്മിറ്റി മേൽനോട്ട സമിതിയെ നിശ്ചയിച്ചത്. അപ്പോഴേക്കും ഈ വർഷത്തെ പ്രവേശന നടപടികൾ തുടങ്ങേണ്ട കാലം കഴിഞ്ഞു.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, കഴിഞ്ഞ വർഷത്തെ ഫീസ് ഘടന ഹൈക്കോടതി റദ്ദാക്കിയിട്ടും ഇപ്രാവശ്യത്തെ നീറ്റ് റിസൽട്ട് പുറത്തുവന്നിട്ടും നീറ്റിൽ റാങ്ക് കിട്ടിയ വിദ്യാർത്ഥികളുടെ ഫോട്ടോവരെ പത്രങ്ങളിൽ വന്നിട്ടും ഈ വർഷത്തെ ഫീസ് ഘടനയെക്കുറിച്ചുള്ള ചർച്ച തുടങ്ങാനോ മേൽനോട്ട സമിതിയെ നിശ്ചയിക്കാനോ സർക്കാർ തയ്യാറായിട്ടില്ല എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, തീർച്ചയായും. അതുതന്നെയാണ് ഇവിടത്തെ പ്രശ്നം. ഈ ഗവൺമെന്റിന്റെ കാര്യക്ഷമതയില്ലായ്മയുടെ മറ്റൊരു ഉദാഹരണമാണ് ഞാൻ പറയുന്നത്. ഇല്ലാത്തൊരു കേന്ദ്രസർക്കാർ നിർദ്ദേശത്തിന്റെ പേരിൽ മൂന്ന് തവണ ഉത്തരവ് മാറ്റിയിറക്കേണ്ടിവന്ന ഗതികേടാണ് ഈ സർക്കാരിനുണ്ടായത്. കേന്ദ്ര ഗവൺമെന്റ് പറഞ്ഞ മുന്നോക്ക സമുദായങ്ങൾക്കുള്ള 10 ശതമാനം റിസർവേഷൻ എല്ലാ കോളേജുകൾക്കും ഇവർ കൊടുത്തു. സർക്കാർ കോളേജുകൾക്കുമാത്രമേ കൊടുക്കാവൂ എന്നാണ് കേന്ദ്ര ഗവൺമെന്റ് പറഞ്ഞത്. മൂന്നുതവണ ഉത്തരവ് മാറ്റി ഇറക്കിയതിന്റെ റെക്കാർഡാണിത്. ഇതാണോ കാര്യക്ഷമത; 2017-ൽ ഫീസ് നിർണ്ണയ സമിതിയും മേൽനോട്ട സമിതിയും രൂപീകരിക്കുന്നതിന് പുറപ്പെടുവിച്ച ഓർഡിനൻസ് വ്യവസ്ഥയിൽ പത്തംഗ സമിതിയായിരുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): സർ, ഒരു ക്ലാരിഫിക്കേഷൻ നടത്തേണ്ടതുണ്ട്. ഇപ്പോൾ പറഞ്ഞ 10 ശതമാനം സീറ്റ് വർദ്ധനവിനെക്കുറിച്ച് ആദ്യം ഞങ്ങൾക്കൊരു കമ്മ്യൂണിക്കേഷൻ വന്നത്, 10 ശതമാനം സീറ്റ് വർദ്ധിക്കുന്നുവെന്ന് മെഡിക്കൽ കോളേജുകൾക്ക് വിവരം കൊടുക്കണമെന്നാണ്. അതനുസരിച്ച് എല്ലാ മെഡിക്കൽ കോളേജുകൾക്കും വിവരം കൊടുത്തു. അപ്പോൾ

ചില സംസ്ഥാനങ്ങൾ സംശയം ചോദിച്ചു, ഇത് പ്രൈവറ്റ് കോളേജുകൾക്കും കൊടുക്കാൻ കഴിയുമോയെന്ന്; സർക്കാർ കോളേജുകൾക്ക് മാത്രമാണ് എന്നൊരു ക്ലാരിഫിക്കേഷൻ അപ്പോൾ എം.സി.ഐ.-ൽനിന്നും വന്നു. ആദ്യത്തെ റിപ്പോർട്ടനുസരിച്ച് ഞങ്ങൾ എല്ലാ കോളേജുകൾക്കും ആപ്ലിക്കേഷനുള്ള നിർദ്ദേശം കൊടുത്തു. രണ്ടാമത് സർക്കാർ കോളേജുകൾക്ക് മാത്രമാണെന്ന് നിർദ്ദേശം വന്നപ്പോൾ ഞങ്ങൾ വീണ്ടും അത് ഗവൺമെന്റ് കോളേജുകൾക്ക് മാത്രമാണെന്ന് നിർദ്ദേശം കൊടുത്തു. അവസാനം 25-6-2019-ന് വീണ്ടും എം.സി.ഐ.-ൽ നിന്ന് നിർദ്ദേശം വന്നിരിക്കുകയാണ്. അതിൽ പറയുന്നത് ആപ്ലിക്കേഷൻ കൊടുക്കേണ്ടത്, '…..additional seats under EWS (Economically Weaker Sections) quota to the colleges which are being run by Government controlled Societies, Municipal Bodies, Public Private Partnership and under Self-Financing mode,…'; ഈ പത്ത് ശതമാനം സീറ്റ്; '….. provide reservation of seats for SC/ST/OBC, implement reservation guidelines of State;.... charge fee fixed by the State Government….' ഇത് അംഗീകരിക്കുകയാണെങ്കിൽ എല്ലാവരോടും അല്ലെ ചെയ്യാനാണ് പറഞ്ഞിട്ടുള്ളത്. ഈ പറഞ്ഞതിലൊന്നും ഒരു സാംഗത്യവുമില്ല. കേന്ദ്ര നിർദ്ദേശം വരുമ്പോൾ ഞങ്ങൾക്ക് ഓർഡർ കൊടുക്കേണ്ടിവരും. ഇതൊന്നും മനസ്സിലാക്കാതെ യാതൊരു അടിസ്ഥാനവുമില്ലാതെ കാര്യങ്ങൾ പറയരുത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇങ്ങനെയൊരു നിയമം പാസ്സാക്കിയത് പാർലമെന്റാണ്. ആ സമയത്ത് എം.സി.ഐ.-യിൽനിന്നും നിങ്ങൾ ക്ലാരിറ്റിയുണ്ടാക്കേണ്ടതായിരുന്നു. അത് ചെയ്യാതിരുന്നതിന്റെ ഫലമായാണ് ഇത്തരത്തിലുള്ള ഉത്തരവുകൾ മാറിമാറി വന്നത്. മൂന്ന് ഉത്തരവുകളാണ് ഇറങ്ങിയിട്ടുള്ളത്. എന്തുകൊണ്ട് എം.സി.ഐ.-യുമായും കേന്ദ്ര ഗവൺമെന്റുമായും ബന്ധപ്പെടാൻ കഴിഞ്ഞില്ല? ഇതെല്ലാം വിദ്യാർത്ഥികളിലുണ്ടാക്കുന്ന ആശങ്കയെപ്പറ്റിയാണ് ഞാൻ പറഞ്ഞത്. 2017-ൽ ഫീസ് നിർണ്ണയ കമ്മിറ്റിയും മേൽനോട്ട സമിതിയും രൂപീകരിച്ചുകൊണ്ട് പുറപ്പെടുവിച്ച ഓർഡിനൻസിൽ 10 അംഗ സമിതി എന്നായിരുന്നു പറഞ്ഞിരുന്നത്. എന്നാൽ സർക്കാർ ഉത്തരവിറക്കി രൂപീകരിച്ചത് അഞ്ചംഗ സമിതിയാണ്. അന്ന് കോടതി വിധി വരികയും കമ്മിറ്റി നിശ്ചയിച്ച ഫീസ് ഘടന അസാധുവാക്കുകയും ചെയ്തു. അതിനെത്തുടർന്നാണ് അഞ്ചംഗ സമിതിയെ പത്തംഗ സമിതിയായി വികസിപ്പിച്ച് ഉത്തരവിറക്കിയത്. അതാണ് വീണ്ടുമിപ്പോൾ അഞ്ചാകുന്നത്. ഇവിടെ മൂഷിക സ്ത്രീ വീണ്ടും മൂഷിക സ്ത്രീയായിരിക്കുകയാണ്. ഈ സർക്കാർ എന്തെല്ലാമാണ് ചർച്ച ചെയ്ത് കൂട്ടുന്നത്. പത്തംഗ സമിതിയെ വച്ചു, പിന്നെ അഞ്ചാക്കി, വീണ്ടുമത് പത്താക്കി. ഇപ്പോൾ

വീണ്ടും അഞ്ചാക്കുന്നു. ഇപ്പോഴത്തെ അവസ്ഥ ദയനീയമാണ്. 2017-18 വർഷത്തെ ഫീസ് ഘടന കോടതി റദ്ദാക്കി. കഴിഞ്ഞ രണ്ട് വർഷത്തേയും ഫീസ് ഘടന റദ്ദാക്കി. കഴിഞ്ഞ വർഷത്തെ ഫീസിൽ അലോട്ട്മെന്റ് നടത്താനാണ് ഇത്തവണ പറയുന്നത്. അതും ബോണ്ട് വച്ച് നടത്താനാണ് പറയുന്നത്. സുപ്രീംകോടതി റദ്ദാക്കിയ ഫീസ് ഘടന വച്ച് ഇത്തവണയും അലോട്ട്മെന്റിനുള്ള ഫീസ് നിർണ്ണയിക്കാൻ പറഞ്ഞാൽ അത് എങ്ങനെയാണ് പ്രാവർത്തികമാകുന്നത്; നിലവിലില്ലാത്ത ഫീസ് ഘടന വച്ച് അടുത്ത വർഷത്തെ പ്രവേശനം നടത്താമെന്ന് സർക്കാർ പറയുന്നത് എങ്ങനെ നിലനിൽക്കും? സ്വാശ്രയ മാനേജ്മെന്റുകൾക്ക് കോടതിയിൽ പോയി കൊള്ളലാഭമുണ്ടാക്കാനുള്ള വഴികളാണ് നിങ്ങൾ തുറന്നുകൊടുത്തിരിക്കുന്നത്. മാനേജ്മെന്റുകൾ 10 ലക്ഷവും 18 ലക്ഷവും ചോദിക്കുകയാണ്. അതിനുള്ള ആസൂത്രിതമായ നീക്കമാണ് നടക്കുന്നതെന്ന് സംശയിക്കേണ്ടിവരും. അതിനുവേണ്ടി സ്വാശ്രയ പ്രവേശനം ഇത്തവണയും കലക്കുകയെന്നുള്ളത് സർക്കാരിന്റെ അജണ്ടയായി മാറുകയാണ്. സ്വാശ്രയ വിദ്യാഭ്യാസത്തിനെതിരെ രക്തരൂക്ഷിതമായി സമരം ചെയ്ത് നൂറുകണക്കിന് വിദ്യാർത്ഥികളുടെ തലപൊട്ടിച്ച ഇടതുമുന്നണി സ്വാശ്രയ മുതലാളിമാർക്കു വേണ്ടി ദാസ്യവേല ചെയ്യുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. അവർക്ക് കോടതിയിലൂടെ എളുപ്പത്തിൽ അനുകൂല വിധി സമ്പാദിക്കാനുള്ള മാർഗ്ഗങ്ങൾ നിങ്ങൾ ചെയ്തുകൊടുത്തു കൊണ്ടിരിക്കുകയാണ്. അതിന് കേരള ആരോഗ്യസർവ്വകലാശാലയും കൂട്ടുനിൽക്കുന്നു. ആരോഗ്യസർവ്വകലാശാല സംബന്ധിച്ച് വലിയതോതിലുള്ള അഴിമതി ആരോപണങ്ങൾ ഉയർന്നുവന്നു കൊണ്ടിരിക്കുന്നു. വി.സി.-യല്ല, പി.വി.സി.-യാണ് കാര്യങ്ങൾ തീരുമാനിക്കുന്നത്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ഇവിടെ അവർക്ക് കൂടുതൽ ഫീസ് ലഭ്യമാക്കാനുള്ള കുരുട്ടുവിദ്യകളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി കൂത്തുപറമ്പിലെ എം.എൽ.എ. ആണ്. കൂത്തുപറമ്പിലെ രക്തസാക്ഷികളോട് നിങ്ങൾ ചെയ്യുന്ന അനീതിയാണ് ഇതെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുന്ന സമയത്തുതന്നെ പറഞ്ഞു, ഇപ്പോൾ കഴിഞ്ഞ വർഷത്തെ ഫീസനുസരിച്ച് പ്രവേശിക്കുക, ബോണ്ട് തരണം, ബോണ്ടിൽ ഫീസ് നിർണ്ണയ സമിതി എന്ത് തീരുമാനിക്കുന്നുവോ ആ ഫീസ് "എത്രയായാലും" എന്നൊരു പദം

പറയുകയുണ്ടായി. എത്രയായാലും കൊടുക്കാൻ തയ്യാറാണെന്ന സമ്മതത്തോടുകൂടിയാണ് കയറേണ്ടത്. അതിന്റെ അർത്ഥം എന്താണ്? ഇപ്പോൾ വിദ്യാർത്ഥികൾ കയറാൻ പോകുന്ന, ഏത് ഫീസാണ് കൊടുക്കേണ്ടതെന്ന് അവർക്കറിയില്ല. കാരണം, ആ ഫീസ് കോടതി റദ്ദ് ചെയ്തതാണ്. ഇനി എത്രയാണ് കൊടുക്കേണ്ടതെന്നും അറിയില്ല. അപ്പോൾ കുട്ടികൾ പ്രവേശിച്ച് കഴിഞ്ഞാൽ അവരുടെയും കുടുംബത്തിന്റെയും ആധിയെന്താണ്; എന്തായിരിക്കും ഫീസ് എന്നതിനെക്കുറിച്ച് ധാരണയില്ലാതെ ഒരു കോളേജിൽ പഠിക്കേണ്ടി വരുന്നതിന്റെ അവസ്ഥ നമ്മളൊന്ന് ആലോചിക്കണം. ഇവിടെ പറഞ്ഞതുപോലെ നീറ്റ് വന്നത് അനുഗ്രഹമല്ലേ? ശ്രീ. എ. കെ. ആന്റണി സ്വാശ്രയ കോളേജുകൾ പ്രഖ്യാപിക്കുന്ന സമയത്ത് ഇങ്ങനെയുള്ള നിയമങ്ങളില്ല. രണ്ട് സ്വാശ്രയം സമം ഒരു ഗവൺമെന്റ് മെഡിക്കൽ കോളേജ് എന്നുള്ള തത്വത്തിൽ സദുദ്ദേശ്യത്തോടെയാണ് അദ്ദേഹം സ്വാശ്രയ കോളേജുകൾ കൊണ്ടുവന്നത്. പക്ഷേ, ഇപ്പോൾ ഈ പറഞ്ഞ ഫീസിന്റെ ഹൈക്ക് നോക്കിക്കഴിഞ്ഞാൽ, നീറ്റ് എന്നുപറയുന്ന സൗകര്യം ലഭിച്ചിട്ടും മാനേജ്മെന്റുകൾക്കുവേണ്ടി അവരിപ്പോൾ പറഞ്ഞുവച്ചിരിക്കുന്നത് 9, 10, 11 ലക്ഷം രൂപയാണ്. ബോണ്ട് അനുസരിച്ച് ഞങ്ങളിത് കൊടുക്കാൻ തയ്യാറാണെന്ന് വിദ്യാർത്ഥി പറഞ്ഞു കഴിഞ്ഞാൽ അതിന്റെ അർത്ഥം സ്വാശ്രയ മാനേജ്മെന്റുകൾ പറയുന്നതെന്തും അംഗീകരിച്ച് കൊടുക്കണമെന്നുള്ള അവസ്ഥയിലേക്ക് വരികയല്ലേ? 2017-ൽ കോടതി വിധിയുണ്ടായിട്ടും നിയമ വകുപ്പിൽനിന്നും മറുപടി വരാൻ രണ്ട് വർഷം വൈകിയതാണെന്നാണ് ഇവിടെ പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും നിയമ വകുപ്പ് സെക്രട്ടറിയും ആരോഗ്യ വകുപ്പ് സെക്രട്ടറിയും ഒരു മേശയ്ക്ക് ചുറ്റും ഇരുന്നുകഴിഞ്ഞാൽ ഓൺ ദി സ്പോട്ട് ഡിസിഷൻ എടുക്കാൻ സാധിക്കുന്ന ഒരു കാര്യം രണ്ട് വർഷത്തേക്ക് നീട്ടിക്കൊണ്ട് പോയിട്ടുണ്ടെങ്കിൽ സ്വാശ്രയ മേഖലയിൽ പഠിക്കുന്ന വിദ്യാർത്ഥികളെക്കുറിച്ച് എത്ര ഉത്തരവാദിത്വമുണ്ട്? സർക്കാരിനും മാനേജ്മെന്റിനും ഇത് പ്രശ്നമില്ല, പ്രശ്നം കുട്ടികൾക്കാണ്. ഇപ്പോൾത്തന്നെ ആരോഗ്യ സർവ്വകലാശാലയും അഡ്മിഷൻ കമ്മിറ്റിയും തമ്മിലുള്ള പ്രശ്നമില്ലേ. ഓപ്ഷൻ കൊടുക്കുമ്പോൾ ആരോഗ്യ സർവ്വകലാശാല ഓപ്ഷൻ കൊടുക്കരുതെന്ന് പറയുന്ന എട്ട് കോളേജുകൾക്കുകൂടി ഓപ്ഷൻ കൊടുക്കാൻ തീരുമാനിച്ചു. അതിലൂടെ ആരോഗ്യ സർവ്വകലാശാലയും അഡ്മിഷൻ കമ്മിറ്റിയും സർക്കാരും തമ്മിലുള്ള ശീതസമരം നിലനിൽക്കുന്നുവെന്നാണ് ബോധ്യപ്പെടുത്തുന്നത്. അപ്പോൾ എല്ലാ മേഖലയിലും പ്രശ്നം സങ്കീർണ്ണമാണ്. വിദ്യാർത്ഥികളെയും അവരുടെ രക്ഷിതാക്കളെയും സംബന്ധിച്ചിടത്തോളം അങ്ങേയറ്റം ദൗർഭാഗ്യകരമായ ഒരു അവസ്ഥ സ്വാശ്രയ മേഖലയിൽ വന്നിരിക്കുന്നു. സമയം വെറുതെ നഷ്ടപ്പെടുത്തി കുറ്റകരമായ അനാസ്ഥ

കാണിച്ച് കുട്ടികളെ അവതാളത്തിലാക്കിയശേഷവും ഞങ്ങളൊന്നും ചെയ്തിട്ടില്ലെന്നുള്ള ധാരണ വരുത്താൻ ശ്രമിക്കുന്നത് ദൗർഭാഗ്യകരമാണ്. ഈ വിഷയം ചർച്ച ചെയ്യാമായിരുന്നു. അതിന് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, സർക്കാരിന്റെ അനാസ്ഥമൂലം സ്വാശ്രയ മെഡിക്കൽ പ്രവേശനം പ്രതിസന്ധിയിലായിരിക്കുന്ന സ്ഥിതിവിശേഷമാണ് സംസ്ഥാനത്തുണ്ടായിരിക്കുന്നത്. 2017-ൽ ചെയ്യേണ്ട കാര്യം 2019-ൽ ചെയ്യാൻ ശ്രമിക്കുന്ന സർക്കാർ നടപടി എത്രമാത്രം അനാസ്ഥയുടെ തെളിവാണെന്ന് സഭയിൽ ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞതിൽനിന്ന് വ്യക്തമാകുകയാണ്. ഇത്തരം സാഹചര്യങ്ങൾ തിരുത്തപ്പെടേണ്ടതാണ്. വിദ്യാർത്ഥികളുടെ ഭാവിവച്ച് പന്താടുന്ന അവസ്ഥ ഏത് കാരണം കൊണ്ടുണ്ടായാലും അംഗീകരിക്കാൻ കഴിയില്ല. വിദ്യാർത്ഥികളും രക്ഷിതാക്കളും ഒരുപോലെ ആശങ്കയിലാകുന്ന സ്ഥിതിവിശേഷം ഇവിടെ ഉണ്ടായിരിക്കുകയാണ്. ഉയർന്ന ഫീസ് ഈടാക്കുന്ന നടപടിയുണ്ടായിട്ടും അതംഗീകരിച്ചുകൊടുക്കുന്ന സമീപനത്തിന് സർക്കാർ കൂട്ടുനിൽക്കുന്നു എന്നുള്ളത് ദൗർഭാഗ്യകരമാണ്. വിദ്യാർത്ഥികളുടെ ഭാവി പന്താടുന്ന, അവരെ ആശങ്കയിലാക്കുന്ന ഈ നടപടിയുമായി ബന്ധപ്പെട്ട് പ്രതിപക്ഷമുന്നയിച്ച അടിയന്തരപ്രമേയം ചർച്ച ചെയ്യേണ്ടതായിരുന്നു. അതിന് തയ്യാറാകാത്ത നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങളും വാക്കൗട്ടിൽ പങ്കുചേരുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, തെരഞ്ഞെടുപ്പ് ഡിക്ലയർ ചെയ്തതുകാരണം കൃത്യമായ സന്ദർഭത്തിൽ ഓർഡിനൻസ് ഇറക്കാൻ സാധിച്ചില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഗവൺമെന്റിന്റെ നിരുത്തരവാദപരമായ സമീപനമെന്ന രീതിയിലേ ആ മറുപടിയെ കാണാൻ കഴിയുകയുള്ളൂ. കോടതി റദ്ദാക്കിയ ഫീസ് ഘടനയിൽ ഇന്ന് ബോണ്ട് വയ്ക്കേണ്ട സ്ഥിതിയിലേക്ക് വിദ്യാർത്ഥികൾ നീങ്ങുകയാണ്. എത്ര ഫീസ് നൽകണം എന്നത് സംബന്ധിച്ച് യാതൊരു വ്യക്തതയുമില്ല. സ്വാശ്രയ മാനേജ്മെന്റുകൾക്ക് കൊള്ളലാഭം ഉണ്ടാക്കുവാനുള്ള ഒരു വേദി ഇവിടെ സംജാതമായിരിക്കുന്നു. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അതുണ്ടാകുന്നുവെന്നത് ഗുരുതരമായ വീഴ്ചയാണ്. ഇത് ആശങ്കയുണ്ടാക്കിയിട്ടുണ്ട് എന്നുള്ളതിൽ ഒരു സംശയവുമില്ല. രക്ഷിതാക്കളെയും

വിദ്യാർത്ഥികളെയും സംബന്ധിച്ച് വലിയൊരു അവ്യക്തത നിലനിൽക്കുകയാണ്. ആ ആശങ്ക വർദ്ധിതമായ രീതിയിൽ മുന്നോട്ട് പോകുകയാണ്. ആരോഗ്യ സർവ്വകലാശാല കുത്തഴിഞ്ഞ രീതിയിൽ നിൽക്കുകയാണ്. അതിവിടെ ഏറ്റവും പ്രധാനമായും ചൂണ്ടിക്കാണിക്കപ്പെടേണ്ട ഒന്നാണ്. ആരോഗ്യ സർവ്വകലാശാലയുടെ അഡ്മിനിസ്ട്രേറ്റീവ് രംഗം അപ്പാടെ കുത്തഴിഞ്ഞ് നിൽക്കുന്നു. സ്വാശ്രയ മാനേജ്മെന്റുകളുടെ ദല്ലാളുകളായി അവരിന്ന് അധഃപതിക്കുന്ന കാഴ്ചയാണ് നമ്മുടെ മുന്നിലുള്ളത്. സമയോചിതമായി ഗവൺമെന്റ് ഉണർന്ന് പ്രവർത്തിക്കാത്തതിന്റെ തിക്തഫലമാണ് ഇന്ന് അനുഭവിക്കുന്നത്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.

പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)

## VI ശ്രദ്ധ ക്ഷണിക്കൽ

### (1) ചെല്ലാനം ഫിഷിംഗ് ഹാർബർ

ശ്രീ. കെ. ജെ. മാക്സി: സർ, ചെല്ലാനം പഞ്ചായത്തിലെ ജനങ്ങളുടെ ജീവിതം ഇന്ന് പരിതാപകരമായ അവസ്ഥയിലാണ്. ഈ വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് വേണ്ടിയാണ് ഞാൻ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നത്. 17.5 കി.മീ. നീളവും 1.5 കി.മീ. വീതിയിലും ഭൂമിശാസ്ത്രപരമായി നീളത്തിൽ കിടക്കുന്ന ഈ പഞ്ചായത്തിന്റെ ഒരു വശം അറബിക്കടലും മറുവശം കായലുമാണ്. ഈ പഞ്ചായത്തിലെ ജനസംഖ്യയിൽ 70 ശതമാനവും മത്സ്യത്തൊഴിലാളികളും കൂലിപ്പണിക്കാരും കർഷകത്തൊഴിലാളികളും രണ്ട് ശതമാനം വരുന്ന ഇതര വിഭാഗവുമാണ്. പഞ്ചായത്തിന്റെ തീരപ്രദേശം നിരന്തരം കടലാക്രമണം ഉണ്ടായിക്കൊണ്ടിരിക്കുന്ന മേഖലയാണ്. 35 വർഷത്തിലധികമായി ഈ പഞ്ചായത്തിന്റെ തീരപ്രദേശത്തെ കടൽഭിത്തി ബലപ്പെടുത്തിയിട്ടില്ലെന്ന കാര്യം നാം മനസ്സിലാക്കണം. അവിടെ വർഷങ്ങളോളമുണ്ടായിരുന്ന എം.പി.-മാരും എം.എൽ.എ.-മാരും ഈ മേഖലയിൽ യാതൊന്നും ചെയ്തിട്ടില്ല എന്നുള്ളത് എടുത്തുപറയേണ്ടതുണ്ട്. 2017 ഡിസംബർ മാസത്തിലുണ്ടായ ഓഖി ചുഴലിക്കാറ്റിന്റെ ഭാഗമായി ഈ പഞ്ചായത്തിലെ 500-ഓളം വീടുകളാണ് വെള്ളത്തിനടിയിൽ പോയത്. രണ്ട് പേരുടെ ജീവൻ നഷ്ടപ്പെടുകയുണ്ടായി. അത്തരമൊരു സന്ദർഭം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് കടൽഭിത്തി സംരക്ഷിക്കുന്നതിന് എട്ട് കോടിയോളം രൂപ അനുവദിക്കുകയുണ്ടായി. എന്നാൽ

ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് പദ്ധതികളുമായി മുന്നോട്ട് പോയപ്പോൾ ഉദ്യോഗസ്ഥരുടെയും വർക്ക് ഏറ്റെടുത്ത കോൺട്രാക്ടറുടെയും അനാസ്ഥയുണ്ടായി. അതോടെ ജിയോ ട്യൂബ് എന്ന പുതിയ സംവിധാനം പ്രായോഗികമായി കൊണ്ടുവരാൻ കഴിഞ്ഞില്ല. കഴിഞ്ഞ ജൂൺ മാസം വീണ്ടും കടലാക്രമണമുണ്ടായതിന്റെ ഭാഗമായി ജനങ്ങൾ വലിയ പ്രക്ഷോഭം നടത്തി. ഇവിടെ സഭാസമ്മേളനം ചേരുന്ന സമയമായിരുന്നു അത്. മത്സ്യബന്ധന വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയും ജലവിഭവ വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയും എം.എൽ.എ. ശ്രീ. എസ്. ശർമ്മയും ഇടപെട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു. ആ യോഗത്തിന്റെ ഫലമായി അവിടെ ജിയോബാഗ് നിറച്ചുള്ള താത്കാലിക സംവിധാനങ്ങൾ ചെയ്തിട്ടുണ്ട്. എന്നാൽ കടൽഭിത്തിയും പുലിമുട്ടും നിർമ്മിക്കുകയാണ് ശാശ്വത പരിഹാരം. പുലിമുട്ട് സ്ഥാപിച്ചാൽ തീരം സംരക്ഷിക്കപ്പെടുകയും മത്സ്യത്തൊഴിലാളികൾക്ക് സംരക്ഷണം ലഭിക്കുകയും ആ പഞ്ചായത്തിലെ ജനങ്ങൾ വർഷങ്ങളായി അനുഭവിക്കുന്ന ദുരിതത്തിൽ നിന്ന് രക്ഷപ്പെടാനും സാധിക്കും. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്താണ് അവിടെ ഫിഷിംഗ് ഹാർബർ വരുന്നത്. ധാരാളം മത്സ്യത്തൊഴിലാളികളുള്ള ഈ പ്രദേശത്ത് നൂറുകണക്കിന് മത്സ്യബന്ധന യാനങ്ങളാണ് ഈ ഹാർബറുമായി ബന്ധപ്പെട്ട് വരുന്നത്. അന്നത്തെ ഗവൺമെന്റിന്റെ ഭരണകാലത്ത് ഹാർബറിന് രൂപം നൽകിയെങ്കിലും അതിന്റെ വികസന പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് നയാപൈസ ഹാർബറിനുവേണ്ടി നൽകിയില്ലെന്നാണ് മനസ്സിലാക്കേണ്ടത്. എന്നാൽ നൂറുകണക്കിന് വള്ളങ്ങൾ മത്സ്യവുമായി വരുന്ന ഹാർബറിൽ ഡ്രഡ്ജിംഗ് നടത്തേണ്ടത് അത്യാവശ്യമാണ്.

ഹാർബറിലേക്ക് പോകുന്ന റോഡുകളുടെ സ്ഥിതി പരിതാപകരമാണ്. നല്ല റോഡുകൾ നിർമ്മിക്കേണ്ടതുണ്ട്. മത്സ്യം ലേലം ചെയ്യേണ്ട ഷെഡ്ഡുകൾ, തൊഴിലാളികളുടെ വിശ്രമകേന്ദ്രം എന്നിവ സ്ഥാപിക്കേണ്ടതുണ്ട്. ഇത്തരം പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല. ഹാർബറിന്റെ സ്ഥിതി മെച്ചപ്പെടുത്തേണ്ടതുണ്ട്. പ്രസ്തുത ഗ്രാമപഞ്ചായത്തിലെ ഏക വ്യവസായ മേഖലയാണ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് കൊണ്ടുവന്ന ഹാർബർ. അതുപോലെ തീരപ്രദേശവുമായി ബന്ധപ്പെട്ടുള്ള ഉപ്പത്തക്കാട് തോടും വിജയം കനാലും എക്കലും മണ്ണും അടിഞ്ഞ് നിറഞ്ഞുകിടക്കുകയാണ്. കടലേറ്റം ഉണ്ടാകുമ്പോൾ വെള്ളം ഒഴുകിപ്പോകേണ്ടത് ഈ തോടുകളിലൂടെയാണ്. അവിടെ കനാൽ കയ്യേറ്റവുമുണ്ട്. കയ്യേറ്റം ഒഴിവാക്കി കനാൽ വൃത്തിയാക്കേണ്ടത് അത്യാവശ്യമാണ്. തീരദേശമേഖലയിലെ ഈ പഞ്ചായത്തിൽ 13

പാടശേഖരങ്ങളാണുള്ളത്. പ്രസ്തുത പാടശേഖരങ്ങളിൽ വർഷങ്ങൾക്കുമുമ്പ് 'ഒരു നെല്ലും ഒരു മീനും' എന്ന പദ്ധതി കൊണ്ടുവന്നിരുന്നു. ഇപ്പോൾ മീൻ വളർത്തൽ നടക്കുന്നുണ്ട്. എന്നാൽ, നെല്ല് പദ്ധതി നടക്കുന്നില്ല. പൊക്കാളി കൃഷിക്ക് സാധ്യതയുള്ള പ്രദേശമാണ്. കൃഷി വകുപ്പിൽനിന്നും ആവശ്യമായ സഹായം ലഭിക്കേണ്ടതുണ്ട്. പാടശേഖരങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ശ്രമമുണ്ടാകണം.

ചെല്ലാനത്ത് ഒരു പി.എച്ച്.സി. മാത്രമാണുള്ളത്. അതിൽ കിടത്തി ചികിത്സിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം. ആർക്കെങ്കിലും അസുഖം വന്നാൽ ആശുപത്രിയിലെത്തിക്കാൻ കിലോമീറ്ററുകൾ യാത്ര ചെയ്യണം. കണ്ണമാലി കേന്ദ്രീകരിച്ച് വില്ലേജ് ആഫീസ് ആരംഭിക്കണം. ആലപ്പുഴ ജില്ലയോട് ചേർന്നുള്ള പ്രദേശമായതുകൊണ്ട് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റും ആരംഭിക്കണം. ചെല്ലാനം പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വ്യവസായ നഗരിയായ എറണാകുളം ജില്ലയുടെ തെക്ക് പടിഞ്ഞാറൻ ഭാഗത്തായി ആലപ്പുഴ ജില്ലയോട് ചേർന്നുള്ള ഏറ്റവും പിന്നോക്കം നിൽക്കുന്ന ഈ മത്സ്യഗ്രാമത്തെ സംരക്ഷിക്കുന്നതിനുള്ള നടപടികൾക്കുവേണ്ടി സർക്കാരിന്റെ ശ്രദ്ധക്ഷണിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

11.00 A.M.]

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം ചെല്ലാനം ഹാർബറും അനുബന്ധ റോഡുകളുമാണ്. പറഞ്ഞുവന്നപ്പോൾ ഇറിഗേഷൻ, കൃഷി, ട്രാൻസ്പോർട്ട്, റവന്യൂ തുടങ്ങി എല്ലാ വിഷയങ്ങളും അദ്ദേഹം പരാമർശിച്ചു. എല്ലാത്തിനും മറുപടി പറയാൻ എനിക്ക് സാധിക്കില്ല. ഇറിഗേഷന്റെ കാര്യത്തിൽ ഇന്നലെ ജലവിഭവ വകുപ്പുമന്ത്രി മറുപടി പറഞ്ഞിരുന്നു. ടെണ്ടർ ചെയ്ത എട്ട് കോടി രൂപയുടെ വർക്ക് സമയത്ത് തീർന്നില്ലെന്നത് ഒരു വസ്തുതയാണ്. അദ്ദേഹം പറഞ്ഞിട്ടുള്ള രണ്ട് തോടുകളിലെ മണ്ണ് ഡ്രഡ്ജ് ചെയ്ത് തൊഴിലാളികൾ തന്നെ ഫിൽ ചെയ്ത് താത്കാലിക പരിഹാരം ഏർപ്പെടുത്താമെന്ന് വന്നതോടുകൂടി ആ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയും. ചെല്ലാനം പ്രദേശത്ത് ഗവൺമെന്റ് ചെയ്യുന്ന കാര്യങ്ങളും ജനങ്ങളുടെ സഹകരണവും പങ്കാളിത്തവുംവേണ്ട കാര്യവും സൂചിപ്പിക്കാം.

ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ ഒന്നാംഘട്ട പ്രവർത്തനത്തിന് സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി 7-9-2007-ലെ 579/10 ജി.ഒ. നമ്പരായി എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് 500 ലക്ഷം രൂപയുടെയും 4-1-2010-ലെ ജി.ഒ.നമ്പർ 13/10 പ്രകാരം നബാർഡ് ആർ.ഐ.ഡി.എഫ്.-15-ൽ രണ്ടാംഘട്ട വികസനത്തിലുൾപ്പെടുത്തി 29.9 കോടി രൂപയുടെയും ഭരണാനുമതി നൽകിയിരുന്നു. TRP (Transport Recovery Project) സഹായ പദ്ധതിയിൽ തുടങ്ങിയ ഒന്നാംഘട്ടത്തിന് 546.36 ലക്ഷം രൂപ ചെലവായി. നബാർഡ് ധനസഹായത്തോടുകൂടി തുടങ്ങിയ രണ്ടാംഘട്ട പദ്ധതിക്ക് 20.93 കോടി രൂപയും ചെലവായി. ഒന്നും രണ്ടും ഘട്ടങ്ങളിലായി തെക്കേ പുലിമുട്ട് 570 മീറ്റർ നീളവും വടക്കേ പുലിമുട്ട് 150 മീറ്റർ നീളവും പൂർത്തീകരിച്ചിട്ടുണ്ട്. വാർഫ്, ഓക്ഷൻ ഹാൾ, ലോക്കർ റൂം, നെറ്റ് മെൻഡിംഗ് ഷെഡ്, ടോയ്‌ലെറ്റ് ബ്ലോക്ക്, ക്യാന്റീൻ, ഡോർമിറ്ററി, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് തുടങ്ങിയ അനുബന്ധ ഘടകങ്ങളും ഡ്രഡ്ജിംഗ് പ്രവൃത്തിയുമാണ് പൂർത്തീകരിക്കാനുള്ളത്. ഇതെല്ലാം പൂർത്തീകരിക്കാൻ സാധിക്കാത്തതുകൊണ്ട് RIDF (Rural Infrastructure Development Fund) 15-ൽ ഉൾപ്പെട്ട പദ്ധതിക്കുള്ള സാമ്പത്തിക സഹായം 31-3-2016-ൽ നബാർഡ് നിർത്തലാക്കി. അത് 2010-ൽ അനുവദിച്ചതാണ്. ഇതിന്റെ കാലാവധി അഞ്ച് വർഷമാണ്. ഇക്കാര്യങ്ങൾ 2016 വരെയും ചെയ്യാൻ സാധിക്കാത്തതുകൊണ്ട് 31-3-2016-ൽ നബാർഡിന്റെ സാമ്പത്തിക സഹായം നിർത്തുകയുണ്ടായി. പക്ഷേ, ഞാൻ കഴിഞ്ഞ ഗവൺമെന്റിനെ കുറ്റം പറയുന്നില്ല. ആ ഗവൺമെന്റ് തന്നെ 2012-ൽ ഹാർബറിലേക്കുള്ള റോഡിന് ഭൂമിയേറ്റെടുക്കാൻ നെഗോഷ്യബിൾ പർച്ചേസ് അനുസരിച്ച് ഉത്തരവിറക്കിയിരുന്നു. എന്നാൽ ഹാർബറിലേക്ക് വരുന്ന റോഡിനുള്ള ഭൂമി വില നിശ്ചയിച്ചതിലുണ്ടായ തർക്കംമൂലം ഏറ്റെടുക്കാൻ കഴിയാതെ പോയി. ജനങ്ങളുമായി ചർച്ച ചെയ്ത് ഏറ്റെടുക്കാൻ സാധിച്ചില്ലെങ്കിൽ അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കൽ നടപടി സ്വീകരിക്കാതിരുന്നതിനാലാണ് അക്കാലത്ത് ഹാർബർ പൂർത്തീകരിക്കാൻ കഴിയാതെ പോയത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 2017-18 സാമ്പത്തിക വർഷത്തിൽ നബാർഡ് പദ്ധതിയിൽ RIDF-23-ൽ ഉൾപ്പെടുത്തി ചെല്ലാനം ഫിഷിംഗ് ഹാർബറിന്റെ ശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിന് 3-1-2010-ലെ 10/2018/മത്സ്യത്തൊഴിലാളി വകുപ്പ് ഉത്തരവ് പ്രകാരം 1037 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും 700 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകി. പ്രീ ക്വാളിഫിക്കേഷൻ ദർഘാസ് നടപടി ഇപ്പോൾ പൂർത്തീകരിച്ചിട്ടുണ്ട്. സൈറ്റിലേക്കുള്ള അപ്രോച്ച് റോഡ്, കൾവെർട്ട് എന്നിവയ്ക്ക് 120 ലക്ഷം രൂപയ്ക്കുള്ള സാങ്കേതികാനുമതിയും നൽകി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

ചെല്ലാനം മത്സ്യബന്ധന തുറമുഖം പൂർത്തീകരിക്കുന്നതിന് 171.3 ആർ സ്ഥലം നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഏറ്റെടുക്കാൻ സർക്കാർ ഉത്തരവ് നൽകിയെങ്കിലും അതിന് സാധിച്ചില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം അപ്രോച്ച് റോഡിന്റെ പുതിയ അലൈൻമെന്റ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് കേരള സർക്കാർ 13 കോടി രൂപയുടെ ഭരണാനുമതി 31-1-2018-ലെ സർക്കാർ ഉത്തരവുപ്രകാരം നൽകി. 141.911 ആർ സ്ഥലമാണ് ഏറ്റെടുക്കാനുള്ളത്. ടി സ്ഥലം ഏറ്റെടുക്കുന്നതിന് ജില്ലാ കളക്ടർക്ക് ആർ.ആർ. പാക്കേജിലുൾപ്പെടുത്തി നൽകിയ അപേക്ഷയ്ക്ക് ലാന്റ് റവന്യൂ കമ്മീഷണർ 5-12-2018-ൽ അനുമതി നൽകുകയുണ്ടായി. ഇതുവരെ 97.27 ആർ സ്ഥലം റവന്യൂ വകുപ്പിൽനിന്നും കൈമാറി ലഭിച്ചിട്ടുണ്ട്. ബാക്കി വരുന്നതിന് പണം ലഭിച്ചു. എന്നാൽ വീണ്ടും അവിടെ പ്രമാണം കൊടുക്കാതെ തർക്കം ഉന്നയിക്കുകയാണ്. പണം കോടതിയിൽ കെട്ടിവച്ച് സ്ഥലം നിർബന്ധമായി ഏറ്റെടുക്കാനാണ് ഗവൺമെന്റ് ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്നത്. അതുകൊണ്ട് കരാർ വച്ച് അവിടെ നിർമ്മാണം തുടങ്ങിക്കഴിഞ്ഞു. ജനങ്ങൾ സ്ഥലം കൊടുക്കാതെയുണ്ടാക്കുന്ന അനാവശ്യമായ തടസ്സംമൂലം വർഷങ്ങളുടെ കാലതാമസമെടുക്കുന്നു എന്നതാണ് വസ്തുത. ഒരു വശത്ത് സ്ഥലം കൊടുക്കാതിരിക്കുകയും മറ്റൊരു വശത്ത് ഹാർബർ പൂർത്തീകരിച്ചില്ലെന്ന് പറഞ്ഞ് കലാപമുണ്ടാക്കുകയും ചെയ്യുന്നു. രണ്ടുംകൂടി ഒരുമിച്ച് ചേരില്ല. അതുകൊണ്ട് ജനങ്ങളുടെ കൂടി സഹായം ഇക്കാര്യത്തിൽ ഉറപ്പാക്കേണ്ടതുണ്ട്.

പിന്നീട് അദ്ദേഹം പറഞ്ഞത് ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് റോഡ് നിർമ്മാണം സംബന്ധിച്ചാണ്. ഹാർബറിലേക്കുള്ള റോഡിനുകൂടിയാണ് ഈ സ്ഥലം. സ്ഥലമില്ലാതെ റോഡ് നിർമ്മിക്കാൻ സാധിക്കില്ല. തർക്കംമൂലം വടക്കുഭാഗത്ത് ലഭിക്കാത്തതുകൊണ്ട് തെക്ക് ഭാഗത്തേക്ക് മാറ്റിയാണ് ലാന്റ് അക്വയർ ചെയ്തിട്ടുള്ളത്. രണ്ടുവശത്തും ലഭിച്ച സ്ഥലം ഇപ്പോൾ ഉപയോഗിക്കാനും ഇനിയും ആവശ്യമുള്ളത് നിർബന്ധമായി അക്വയർ ചെയ്യാനുമാണ് തീരുമാനിച്ചിട്ടുള്ളത്. റവന്യൂ വകുപ്പിൽനിന്നും ഇനിയും കൈമാറി കിട്ടാനുള്ള 46.68 ആർ സ്ഥലം ഏറ്റെടുക്കാനുള്ള ഊർജ്ജിത നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ആ പഞ്ചായത്തിൽ മാത്രം 11 റോഡുകളാണ് അനുവദിച്ചിട്ടുള്ളത്. റോഡുകളുടെ ലിസ്റ്റ് വായിക്കുന്നില്ല, അത് മെമ്പർക്ക് കൊടുക്കാം, അദ്ദേഹത്തിന് അറിയാവുന്നതാണത്. അദ്ദേഹം നിർദ്ദേശിച്ചതനുസരിച്ചാണ് ആ 11 റോഡുകൾ ഇപ്പോൾ ടെണ്ടർ ചെയ്തിരിക്കുന്നത്. ആകെ 823.1 ലക്ഷം രൂപയുടെ വർക്കാണ് ഈ മൂന്ന് വർഷത്തിനിടയിൽ ചെയ്തിട്ടുള്ളത്. റോഡിന്റെ കാര്യത്തിൽ റെക്കോർഡ്

വികസന പ്രവർത്തനമാണ് നടന്നിട്ടുള്ളത്. ഇത്തരത്തിൽ നിരവധി വികസന പ്രവർത്തനങ്ങളാണ് ഫിഷറീസ് വകുപ്പ് ഹാർബർ ഡിപ്പാർട്ട്മെന്റുമായി ചേർന്ന് ഏറ്റെടുത്തിട്ടുള്ളത്. അത് മനസ്സിലാക്കി പ്രഖ്യാപിച്ച കാര്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ അവിടെയുള്ള ജനങ്ങളെക്കൂടി ഇതിൽ പങ്കാളികളാക്കാൻ ബഹുമാനപ്പെട്ട എം.എൽ.എ. മുൻകയ്യെടുക്കണമെന്നാണ് പറയാനുള്ളത്.

ശ്രീ. കെ. ജെ. മാക്സി: സർ, ഓഖി ദുരന്തമുണ്ടായ സന്ദർഭത്തിൽ എന്റെ മണ്ഡലമായ കൊച്ചിയിൽ രണ്ട് പേരുടെ ജീവൻ നഷ്ടപ്പെടുകയുണ്ടായി. അതിൽ റിക്സൺ എന്നയാളിന്റെ ഭാര്യക്ക് തൊഴിൽ നൽകാമെന്ന് പറഞ്ഞുവെങ്കിലും ഇതുവരെ നൽകിയിട്ടില്ല. അക്കാര്യത്തിൽ നടപടിയുണ്ടാകണം. ഞാൻ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുമ്പോൾ പഞ്ചായത്തിന്റെ സമഗ്ര വികസനമാണ് അതിൽ ചൂണ്ടിക്കാണിച്ചിരുന്നത്. മറുപടി ഇങ്ങനെയാണ് വന്നത്, അതുകൊണ്ടാണ് ചോദിച്ചത്.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഞാൻ ആദ്യമേ പറഞ്ഞു, സമഗ്ര വികസനം ഫിഷറീസ് ഡിപ്പാർട്ട്മെന്റിന് മാത്രമായി ചെയ്യാൻ സാധിക്കുന്നതല്ല. ഗതാഗത വകുപ്പും മറ്റ് പല വകുപ്പുകളുമുണ്ട്. ബന്ധപ്പെട്ട എല്ലാ വകുപ്പുകളുമായി ചർച്ച ചെയ്യാൻ അവസരമൊരുക്കാം. ഓഖിയുമായി ബന്ധപ്പെട്ട് 42 പേർക്കാണ് തൊഴിൽ കൊടുത്തിട്ടുള്ളത്. കേരളത്തിലെ തീരദേശപോലീസ് സേനയിൽ ബാക്കി 170 പേർക്ക് നിയമനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. വയസ്സും മറ്റും പരിഗണിച്ചാണ് നൽകിയിട്ടുള്ളത്. മറ്റ് കാര്യങ്ങൾ നമുക്ക് ചെയ്യാൻ കഴിയില്ല. ഇക്കാര്യത്തിൽ എന്താണെന്നുള്ളത് പരിശോധിച്ച് അർഹതയുള്ളതാണെങ്കിൽ പരിഗണിക്കാം.

## (2) പ്രവാസികൾക്ക് വോട്ടവകാശം

ഡോ. എം. കെ. മുനീർ: സർ, ഏതൊരു മനുഷ്യന്റെയും നിലനിൽപ്പിനും വളർച്ചയ്ക്കും ഒഴിച്ചുകൂടാനാകാത്ത ഏറ്റവും അടിസ്ഥാനപരവും അദൃശ്യവും പരസ്പരാശ്രിതവും സാർവ്വത്രികമായി അംഗീകരിക്കപ്പെട്ടതുമായ അവകാശമാണ് മനുഷ്യാവകാശം. മനുഷ്യൻ താമസിക്കുന്ന സ്ഥലമേതെന്നു പരിഗണിക്കാതെതന്നെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. പല കാരണങ്ങളാൽ കുടിയേറുന്ന പൗരന് വോട്ടവകാശം നിഷേധിക്കപ്പെടുന്നത് ഒരർത്ഥത്തിൽ മനുഷ്യാവകാശ ധ്വംസനം തന്നെയാണ്. സ്വന്തം നിലനിൽപ്പിനുവേണ്ടിയാണ് പ്രവാസജീവിതം തെരഞ്ഞെടുക്കുന്നത്. ചിലപ്പോൾ വിദ്യാഭ്യാസത്തിനു വേണ്ടിയായിരിക്കാം അല്ലെങ്കിൽ തൊഴിലിനുവേണ്ടിയായിരിക്കാം. അങ്ങനെ

പോകുന്നവർ ഭാരതീയ പൗരനല്ല എന്ന് നമുക്ക് പറയാൻ സാധിക്കില്ല. സ്വന്തം രാജ്യത്ത് നേരിട്ട് ഹാജരാകാതെതന്നെ വോട്ട് ചെയ്യാനുള്ള അവകാശം പ്രവാസികൾക്ക് ലഭ്യമാക്കേണ്ടതുണ്ട്. ഇത് വിനിയോഗിക്കുന്നതിനായി ബഹുമാനപ്പെട്ട സുപ്രീംകോടതി പല കേസ്സുകളും പരിഗണിച്ചിട്ടുണ്ട്. പ്രവാസികൾക്ക് പോസ്റ്റൽ ബാലറ്റ് അല്ലെങ്കിൽ ഓൺലൈൻ വോട്ടിംഗ് സൗകര്യം മുഖേന വോട്ടവകാശം അനുവദിക്കണമെന്നാവശ്യപ്പെട്ട് യു.കെ.യിൽ ജോലി ചെയ്യുന്ന പ്രവാസികൾ 2013 ഫെബ്രുവരിയിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഹർജി സമർപ്പിച്ചു. Nagender Chindam and others Vs. Union of India. രണ്ടാമത്തേത്, വിദേശത്ത് ജോലി ചെയ്യുന്ന തങ്ങളുടെ പൗരന്മാർക്ക് വോട്ടവകാശം വിനിയോഗിക്കുന്നതിനും പോസ്റ്റൽ ബാലറ്റ് നൽകുന്ന യു.കെ., കാനഡ തുടങ്ങിയ രാജ്യങ്ങളുടെ ഉദാഹരണം ചൂണ്ടിക്കാട്ടി Naresh Kumar Hanshey and others Vs. Union of India എന്ന കേസ്സിലെ ഹർജിക്കാർ പ്രവാസി ഭാരതീയർക്ക് വോട്ടവകാശം വേണമെന്ന ആവശ്യം ഉന്നയിച്ചു. Dr. Shamsheer V. P. Vs. Union of India and others എന്ന കേസ്സിൽ പ്രമുഖ പ്രവാസി മലയാളിയായ ഡോ. ഷംസീർ സമർപ്പിച്ച ഹർജിയിൽ എംബസികളിൽ വോട്ട് രേഖപ്പെടുത്തൽ, പോസ്റ്റൽ വോട്ടിംഗ്, പ്രോക്സി വോട്ടിംഗ്, വിവിധ രാജ്യങ്ങളിൽ ഉപയോഗിച്ചുവരുന്ന ഇലക്ട്രോണിക് വോട്ടിംഗ് തുടങ്ങി വിവിധ രൂപങ്ങളിലുള്ള വോട്ടിംഗ് സമ്പ്രദായം മുഖേന പ്രവാസികൾക്ക് വോട്ടവകാശം നൽകുന്ന കാര്യം പരിഗണിക്കണമെന്ന് അപേക്ഷിച്ചിരുന്നു. ഈ വിഷയത്തിൽ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രവാസികൾക്ക് സ്വന്തം നിയോജകമണ്ഡലത്തിൽ നേരിട്ടെത്താതെ വോട്ട് ചെയ്യുന്നതിന് ഇ-വോട്ടിംഗ് അല്ലെങ്കിൽ പ്രോക്സി വോട്ടിംഗ് മുഖേന വോട്ടവകാശം അനുവദിക്കാമെന്ന് അഭിപ്രായപ്പെട്ടു. പ്രോക്സി വോട്ടിംഗുമായി ബന്ധപ്പെട്ട ബിൽ ലോക്സഭ അംഗീകരിച്ചതായി ശ്രദ്ധയിൽ വന്നിട്ടുണ്ട്. പക്ഷേ, കേരളത്തെ സംബന്ധിച്ചിടത്തോളം കേരള പഞ്ചായത്ത് രാജ് ആക്ടിൽ 21 (എ) എന്നൊരു വകുപ്പ് എഴുതിച്ചേർത്ത് 1950-ലെ ജനപ്രാതിനിധ്യ ആക്ടിലെ 20 (എ) വകുപ്പിൽ പറഞ്ഞ പ്രകാരമുള്ള ഏതൊരു ഭാരത പൗരനും അയാളുടെ പാസ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന താമസസ്ഥലം സ്ഥിതി ചെയ്യുന്ന നിയോജക മണ്ഡലത്തിലേക്കുള്ള വോട്ടർ പട്ടികയിൽ സമ്മതിദായകനായി രജിസ്റ്റർ ചെയ്യാൻ അവകാശമുണ്ടായിരിക്കുന്നതാണ് എന്നൊരു ഭേദഗതി വരുത്തിയിട്ടുണ്ട്. അതിൻപ്രകാരം ഭാരതത്തിന് പുറത്ത് താമസിക്കുന്ന ഏതൊരു പൗരനും അദ്ദേഹത്തിന്റെ പേര് വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താനുള്ള അവകാശമുണ്ട്. ഈ രാജ്യത്തെ പൗരത്വം സ്വീകരിക്കുന്ന സാഹചര്യത്തിൽ അപ്രകാരമുള്ള ആളിന്റെ

പേര് അയാളുടെ പാസ്പോർട്ടിൽ സൂചിപ്പിക്കുന്ന കേരളത്തിലെ താമസസ്ഥലത്തെ അദ്ദേഹത്തിന്റെ മണ്ഡലത്തിൽ രജിസ്റ്റർ ചെയ്യാനുള്ള അവകാശം പഞ്ചായത്ത് രാജ് ഭേദഗതിയിലൂടെയുണ്ടാക്കി. ഈ സാഹചര്യത്തിൽ എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് 2020-ൽ വരുമ്പോൾ ഇക്കാര്യത്തിൽ കേരള ഗവൺമെന്റിന് തീരുമാനമെടുക്കാവുന്നതാണ്. കാരണം, തെരഞ്ഞെടുപ്പ് കമ്മീഷൻ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ പറഞ്ഞിട്ടുണ്ട്, സുപ്രീംകോടതിയും അത് അംഗീകരിച്ചതാണ്. നമുക്ക് പ്രോക്സി വോട്ടാണോ വേണ്ടത് എന്നുള്ളത്; മിക്കവാറും പ്രോക്സി വോട്ടായിരിക്കും. കാരണം ലോക്സഭ പ്രോക്സി വോട്ടിന് മുൻതൂക്കം കൊടുത്തു കൊണ്ട് ബില്ലാക്കാനാണ് ആഗ്രഹിക്കുന്നത്. കഴിഞ്ഞ തവണ എല്ലാ കക്ഷികളെയും വിളിച്ച് ഇക്കാര്യത്തിൽ ഒരു സമന്വയമുണ്ടാക്കാൻ നമ്മൾ ശ്രമിച്ചിരുന്നു. പ്രവാസികൾക്ക് വോട്ട് ചെയ്യാനുള്ള അവരുടെ അവകാശം, അത് കേരള ത്തിലാകട്ടെ ആദ്യം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് 2020-ലെ തദ്ദേശഭരണ തെരഞ്ഞെടുപ്പിൽ അത്തരത്തിലൊരു മാർഗ്ഗം സ്വീകരിച്ച്, ഇവിടെ വരാതെ പ്രവാസികൾക്ക് ആദ്യമായി വോട്ട് ചെയ്യാനുള്ള അവകാശം നൽകണം. പ്രവാസികൾക്കുവേണ്ടി ലോക കേരള സഭയടക്കം രൂപീകരിച്ച സാഹചര്യത്തിൽ അവർക്കുവേണ്ടി അനുകൂലമായൊരു മറുപടി അങ്ങയിൽ നിന്ന് പ്രതീക്ഷി ക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നിലവിലെ വ്യവസ്ഥകൾ അനുസരിച്ച് വോട്ട് ചെയ്യുന്നതിന് സമ്മതിദായകന്റെ ശാരീരിക സാന്നിധ്യം പോളിംഗ് സ്റ്റേഷനിൽ ആവശ്യമാണ്. ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് ചൂണ്ടിക്കാണിച്ചതുപോലെ പ്രോക്സി വോട്ടിംഗുമായി ബന്ധപ്പെട്ട ചില നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ഇക്കാര്യത്തിൽ നിയമനിർമ്മാണം വേണ്ടതായി വരും. നിർദ്ദിഷ്ട നിയമനിർമ്മാണത്തിനുമുമ്പായി ഇത്തരത്തിൽ വോട്ട് രേഖപ്പെടു ത്തുമ്പോൾ വോട്ടർ പട്ടിക തയ്യാറാക്കൽ, വോട്ടർമാരുടെ ഐഡന്റിറ്റി, തെരഞ്ഞെടുപ്പിന്റെ രഹസ്യസ്വഭാവം ഇവ സംബന്ധിച്ച വ്യക്തമായ മാർഗ്ഗരേഖകൾ ആവശ്യമുണ്ട്. ഇതിനായി ബന്ധപ്പെട്ട വകുപ്പുകളുമായും അതോടൊപ്പം വിവിധ രാഷ്ട്രീയ കക്ഷികളുമായും ചർച്ചകൾ നടത്തേണ്ടതുണ്ട്. സുതാര്യത ഉറപ്പുവരുത്തി പ്രവാസികൾക്ക് നിഷ്പക്ഷമായ രീതിയിൽ വോട്ടവകാശം നിർവ്വഹിക്കുന്നതിന് കുറ്റമറ്റ സംവിധാനങ്ങൾ ഒരുക്കേണ്ടതുണ്ട്. ഇവ സംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് തെരഞ്ഞെടുപ്പ് നടത്തിപ്പ് ചട്ടങ്ങളിലും ഭേദഗതി ആവശ്യമായി വരും. ഇത്തരത്തിൽ ഒരു തീരുമാനം കൈക്കൊള്ളുന്നതിനുമുമ്പ് വിവിധ തലത്തിലുള്ള ചർച്ചകളും കൂടിയാലോചനകളും ആവശ്യമാണ്. ഇക്കാര്യങ്ങൾ എങ്ങനെ നടപ്പാക്കാനാകുമെന്നുള്ള ആലോചനകൾ നമുക്ക് നടത്താം.

ഡോ. എം. കെ. മുനീർ: സർ, സേനാംഗങ്ങൾക്ക് പ്രോക്സി വോട്ടിംഗ് സാധിക്കുന്നുണ്ട്. അതിന്റെ ഒരു മോഡൽ നമുക്ക് എടുക്കാവുന്നതാണ്. സേനാംഗങ്ങൾക്ക് ഫിസിക്കലായി വന്ന് വോട്ട് ചെയ്യാൻ സാധിക്കാത്തതു കൊണ്ടാണ് പ്രോക്സി വോട്ട് അനുവദിച്ചിട്ടുള്ളത്. അതേമാർഗ്ഗം സ്വീകരിച്ചു കൊണ്ട് അങ്ങ് പറഞ്ഞതുപോലെ അതിനുള്ള ഒരു ചർച്ച ആരംഭിച്ച് 2020-ൽ തദ്ദേശഭരണ തെരഞ്ഞെടുപ്പാകുമ്പോഴേക്കും അത് ആരംഭിക്കുന്നതിനുവേണ്ടി സർക്കാർ മുൻകയ്യെടുക്കുമോ?

ശ്രീ. പിണറായി വിജയൻ: ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ ചർച്ചകൾക്ക് മുൻകയ്യെടുക്കുന്നതാണ്.

# VII സബ്മിഷൻ

## (1) ചിറയ്ക്കൽപടി-ഉളിക്കടവ് റോഡ്

ശ്രീ. കെ. വി. വിജയദാസ്: സർ, അട്ടപ്പാടിയിലേക്ക് പ്രവേശിക്കാനുള്ള ഏക റോഡാണ് മണ്ണാർക്കാട്-ചിന്നത്തടാകം റോഡ്. ചുരം റോഡായതുകൊണ്ട് മണ്ണിടിച്ചിലും മലയിടിച്ചിലും കാരണം മാർഗ്ഗതടസ്സം ഉണ്ടാകുന്നത് സാധാരണയാണ്. ഇത് അന്തർ സംസ്ഥാന റോഡായതുകൊണ്ട് ആയിരക്കണക്കിന് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. ഈ റോഡിന് സമാന്തരമായി കോങ്ങാട് മണ്ഡലത്തിലെ ചിറയ്ക്കൽപടിയിൽനിന്നും പൂഞ്ചോല-ഉളിക്കടവ് വഴി അഗളിയിൽ എത്തിച്ചേരുന്ന വിധത്തിൽ റോഡ് നിർമ്മിച്ചാൽ 22 കിലോ മീറ്റർ ദൂരം കുറഞ്ഞുകിട്ടുക മാത്രമല്ല, മലയിടിച്ചിലും മണ്ണിടിച്ചിലുംമൂലമുള്ള തടസ്സങ്ങളും എന്നെന്നേക്കുമായി ഇല്ലാതാകുകയും ചെയ്യും. അതിൽ അഞ്ചര കിലോമീറ്റർ ദൂരം വനം വകുപ്പിന്റെ അധീനതയിലാണ്. രണ്ടരകിലോമീറ്റർ ദൂരത്തിൽ നിലവിൽ റോഡുണ്ട്. ബാക്കിവരുന്ന മൂന്ന് കിലോമീറ്ററിൽ രണ്ട് കിലോമീറ്റർ പുൽമേടുകളും ഒരു കിലോമീറ്റർ മരങ്ങളുള്ള സ്ഥലവുമാണ്. അഞ്ചരകിലോമീറ്റർ ദൂരം വരുന്ന വനഭൂമിക്ക് പകരം അട്ടപ്പാടിയിൽ ഭൂമി വനം വകുപ്പിന് വിട്ടുകൊടുക്കാൻ ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾ സന്നദ്ധമാണെന്ന് സർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടുമുണ്ട്. ആയതുകൊണ്ട് ഈ റോഡ് യാഥാർത്ഥ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):സർ, ശ്രീ. കെ. വി. വിജയദാസ് നിർദ്ദേശിച്ച മണ്ണാർക്കാട്-ചിറയ്ക്കൽപടിയിൽ നിന്നുള്ള ബദൽ റോഡിന് 29 കിലോമീറ്റർ ദൈർഘ്യം വരും. ഇതിൽ ചിറയ്ക്കൽപടിയിൽനിന്നും പൂഞ്ചോല വരെയും പാറവളവ് മുതൽ അഗളി വരെയുമുള്ള രണ്ടുഭാഗത്തും പൊതുമരാമത്ത് റോഡുണ്ട്. പാറവളവ് മുതൽ കുറുക്കൻകുണ്ട് വരെ

മൺ റോഡാണ്. പൂഞ്ചോല മുതൽ കുറുക്കൻകുണ്ട് വരെ പുതുതായി നിർമ്മിക്കേണ്ടതുണ്ട്. ഈ ഭാഗം പൂർണ്ണമായും വനം വകുപ്പിന്റെ അധീനതയിലാണ്. ഇത് ഏകദേശം 2.6 കി. മീറ്റർ ചുരം റോഡുമാണ്. ഏഴ് വർഷം മുമ്പുള്ള ബഡ്ജറ്റിൽ പ്രസ്തുത പ്രവൃത്തിക്കായി 60 ലക്ഷം രൂപ അനുവദിച്ചെങ്കിലും വനം വകുപ്പിന്റെ എതിർപ്പുമൂലം ഇന്നുവരെ യാഥാർത്ഥ്യമായില്ല. ആ എതിർപ്പ് ഇപ്പോഴും തുടരുകയാണ്. ഇതുസംബന്ധിച്ച് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. പാറവളവ് മുതൽ പൂഞ്ചോല വരെ 6 കി.മീറ്റർ വനപ്രദേശവും അതിൽ നാല് കി.മീറ്റർ നിബിഡ നിത്യഹരിത വനവുമാണ്. പ്രസ്തുത റോഡ് നിർമ്മാണത്തിനായി ധാരാളം മരം മുറിക്കേണ്ടി വരുമെന്നും മണ്ണൊലിപ്പിനും മണ്ണിടിച്ചിലിനും സാധ്യതയുണ്ടെന്നും പരിസ്ഥിതി പ്രാധാന്യവും ജൈവസമ്പത്തുമുള്ള സൈലന്റ് വാലി വനമേഖലയെയും നിത്യഹരിത ഭൂമിയായ മുത്തിക്കുളം റിസർവ് വനത്തെയും ഒന്നിപ്പിക്കുന്ന ഈ ഭാഗം വന്യജീവികളുടെ വിഹാരകേന്ദ്രമാണെന്നും ചൂണ്ടിക്കാട്ടി റോഡ് നിർമ്മാണത്തിനുള്ള അനുമതി നിഷേധിച്ചിരിക്കുകയാണ്. പൊതുമരാമത്ത് വകുപ്പിന് ഇതിൽ കൂടുതലായി ഒന്നും ചെയ്യാൻ സാധിക്കില്ല. ജനപ്രതിനിധികൾ ഇക്കാര്യം വനം വകുപ്പുമായി ടേക്കപ്പ് ചെയ്ത് പരിഹാരം കാണുകയാണ് വേണ്ടത്. പൊതുമരാമത്ത് വകുപ്പും കൂടെയുണ്ടാകും. എങ്കിൽ മാത്രമേ സാക്ഷാത്കരിക്കാൻ കഴിയുകയുള്ളൂ. കഴിഞ്ഞ ഏഴ് വർഷമായി നടക്കാതിരിക്കുന്ന കാര്യമാണ്.

## (2) അപ്രോച്ച് റോഡ്

ശ്രീ. സി. മമ്മൂട്ടി: സർ, തിരൂർ നിയോജകമണ്ഡലത്തിലെ തിരൂർ ടൗണിലുള്ള റെയിൽവേ ഓവർ ബ്രിഡ്ജിന് സമാന്തരമായി നിർമ്മിച്ചിട്ടുള്ള റെയിൽവേ ഓവർബ്രിഡ്ജിന്റെയും ബൈപ്പാസിൽ മുത്തൂരിലുള്ള റെയിൽവേ മേൽപ്പാലങ്ങളുടെയും പണി പൂർത്തീകരിച്ച് രണ്ട് വർഷം കഴിഞ്ഞെങ്കിലും നാളിതുവരെയായി അപ്രോച്ച് റോഡ് നിർമ്മാണത്തിനുവേണ്ടി സമർപ്പിച്ചിരുന്ന പ്രൊപ്പോസലുകൾക്ക് ഫണ്ട് അനുവദിച്ചിട്ടില്ല. അടുത്ത സാമ്പത്തിക വർഷം പരിഗണിക്കുന്നതിനായി റഫർ ചെയ്യുന്നുവെന്നാണ് പറഞ്ഞിരിക്കുന്നത്. ഇതേത്തുടർന്ന് തിരൂർ പട്ടണത്തിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്ക് രൂക്ഷമാണ്. വളരെ പ്രധാനപ്പെട്ടതും ടൗണിലുള്ള പണി പൂർത്തിയായതുമായ തിരൂർ പാലത്തിന്റെ ആർ.ഒ.ബി.യുടെ അപ്രോച്ച് റോഡിനും പൊൻമുണ്ടം ബൈപ്പാസ് മുത്തൂർ ആർ.ഒ.ബി.യുടെ അപ്രോച്ച് റോഡിനും സമർപ്പിച്ചിട്ടുള്ള പ്രവൃത്തിയുടെ ഫയൽ അങ്ങയുടെ മുന്നിലുണ്ട്. അതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. കാരണം, ചമ്രവട്ടംപാലം ഉദ്ഘാടനം ചെയ്തതോടുകൂടി അമിതമായ വാഹനപ്പെരുപ്പം കാരണം എപ്പോഴും കൺജസ്റ്റഡ്

ട്രാഫിക്കാണ്. അങ്ങേയ്ക്ക് തിരൂർ വരുമ്പോൾ അറിയാൻ സാധിക്കും. എപ്പോഴും ടൗൺ കൺജസ്റ്റഡായതുമൂലം വാഹനങ്ങൾക്ക് മുന്നോട്ട് പോകാൻ കഴിയാത്ത അവസ്ഥയാണ്. പാലം പണി പൂർത്തിയായി രണ്ട് വർഷം കഴിഞ്ഞിരിക്കുകയാണ്. അപ്രോച്ച് റോഡുകളുടെ നിർമ്മാണത്തിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, രണ്ട് റെയിൽവേ ഓവർ ബ്രിഡ്ജുകളിലേക്കുള്ള അപ്രോച്ച് റോഡിന്റെ കാര്യമാണ് ശ്രീ. സി. മമ്മൂട്ടി ഉന്നയിച്ചിരിക്കുന്നത്. അതിൽ തിരൂർ-പൊൻമുണ്ടം ബൈപ്പാസ് ആർ.ഒ.ബി. റെയിൽവേയുടെ സേഫ്റ്റി വർക്ക് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിരുന്നതാണ്. അത് വളരെ മുമ്പാണ്. പ്രസ്തുത പ്രവൃത്തിക്കായി 21,95,00,000 രൂപയാണ് കണക്കാക്കിയിട്ടുള്ളത്. ആ പ്രവൃത്തി പൂർത്തിയായിയെന്ന് പറയുന്നത് ശരിയല്ല. റെയിൽവേയുടെ ഭാഗത്തുള്ള സ്പാൻ മാത്രമാണ് പൂർത്തിയായിട്ടുള്ളത്. ബാക്കി ഭാഗത്തുള്ള സ്പാനുകളും അപ്രോച്ച് റോഡുകളും പൂർത്തിയാക്കാനുണ്ട്. അതിനുവേണ്ടി ബഡ്ജറ്റിൽ മതിയായ ഫണ്ടുമില്ല. പ്രസ്തുത പ്രവൃത്തിക്കായി 21.95 കോടി രൂപയാണ് കണക്കാക്കിയിട്ടുള്ളത്. 2018-19 സാമ്പത്തിക വർഷത്തിൽ 12,10,000 രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ആകെ തുകയുടെ 20 ശതമാനം ഇല്ലാത്തതുകൊണ്ട് സ്വാഭാവികമായും ഭരണാനുമതി നൽകാൻ കഴിയില്ല. ധനകാര്യ വകുപ്പുമായി ചർച്ച ചെയ്ത് പ്രസ്തുത പ്രവൃത്തിക്കുള്ള ബഡ്ജറ്റ് തുക 20 ശതമാനമാക്കി ഉയർത്തി ഭരണാനുമതിയിലേക്ക് നീങ്ങാവുന്നതാണ്. രണ്ടാമത്തേതും ഏകദേശം അങ്ങനെ തന്നെയാണ്. അവിടെ സ്പാനുകൾ പൂർത്തിയായിട്ടുണ്ട്. അപ്രോച്ച് റോഡിന് 2,90,00,000 രൂപ വേണം. പക്ഷേ, 100 രൂപയുടെ ബഡ്ജറ്റ് പ്രൊവിഷൻ മാത്രമാണുള്ളത്. 100 രൂപയുടെ ബഡ്ജറ്റ് പ്രൊവിഷൻ ആയിരക്കണക്കിനാണുള്ളത്. അതൊന്നും അനുവദിക്കില്ല, അനുവദിക്കാൻ സാധിക്കുകയുമില്ല. പ്രസ്തുത പ്രവൃത്തിയുടെ സ്പാൻ പൂർത്തിയായതാണ്. രണ്ടാമത്തേതുമാത്രം പണിതാൽ മതി. ഇതിന് എ.എസ്. ലഭിക്കണമെങ്കിൽ 20 ശതമാനം തുക വേണം. ഇക്കാര്യം സംബന്ധിച്ച് ധനകാര്യ വകുപ്പുമായി ചർച്ച നടത്തി. രണ്ടാമത്തെ പ്രവൃത്തിക്കായി 2,90,00,000 രൂപ മതിയാകും. ഒരു സ്പെഷ്യൽ ഓർഡറുണ്ടെങ്കിൽ പ്രവൃത്തി നടക്കുന്നതാണ്. ആദ്യത്തെ പ്രവൃത്തിക്ക് കുറച്ചധികം തുക ആവശ്യമാണ്. അക്കാര്യം വേറെ ചർച്ച ചെയ്യാം. രണ്ട് അപ്രോച്ച് റോഡുകളും ആവശ്യമാണ്. അതിന്റെ പ്രയാസം മനസ്സിലാകുന്നുണ്ട്. പി.ഡബ്ല്യൂ.ഡി.ക്ക് എ.എസ്. നൽകണമെങ്കിൽ 20 ശതമാനം തുക വേണം. പ്രസ്തുത തുക ധനകാര്യ വകുപ്പ് ബഡ്ജറ്റിൽ അനുവദിച്ചിട്ടില്ല. അത് ചർച്ച ചെയ്ത് പരിഹാരം കാണണമെന്നാണ് പറയാനുള്ളത്.

## (3) പാലങ്ങളുടെ പുനർനിർമ്മാണം

ശ്രീ. അനൂപ് ജേക്കബ്: സർ, പിറവം നിയോജകമണ്ഡലത്തിലെ വടവെട്ടി, ഇടയാർ പാലങ്ങൾ ഒറ്റവരി ഗതാഗതം മാത്രം സാധ്യമായവയാണ്. രണ്ട് പാലങ്ങൾ സ്ഥിതി ചെയ്യുന്ന റോഡുകൾ ബി.എം. & ബി.സി. നിലവാരത്തിലാണ്. അതുകൊണ്ട് വാഹനങ്ങൾ വളരെ വേഗതയിൽ ഒറ്റവരി ഗതാഗതമാകുന്ന പാലത്തിൽ അപകടങ്ങൾ സ്ഥിരമായുണ്ടാകുന്നു. കാലപ്പഴക്കത്താൽ ഈ രണ്ട് പാലങ്ങളും അപകടാവസ്ഥയിൽ എത്തി നിൽക്കുകയാണ്. അത് പുതുക്കിപ്പണിയുന്നതിന്റെ അനിവാര്യതയാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. 2018-19-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ അപകടാവസ്ഥയിലായ 185 പാലങ്ങൾ പുതുക്കിപ്പണിയുമെന്ന് പറഞ്ഞതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. ഈ രണ്ട് പാലങ്ങളുടെയും അപകടസ്ഥിതി കണക്കാക്കി പുനർനിർമ്മിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പിറവം-കക്കാട് റോഡിലെ വടവെട്ടി പാലത്തിന്റെയും കൂത്താട്ടുകുളം- ഇടയാർ പിറവം റോഡിൽ സ്ഥിതി ചെയ്യുന്ന ഇടയാർ പാലത്തിന്റെയും കാര്യമാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. പാലങ്ങൾ പുതുക്കി പണിയേണ്ട തരത്തിൽ അപകടകരമാണെന്നുള്ളത് സംബന്ധിച്ച് പരിശോധിച്ചതിനു ശേഷം ആ വകുപ്പിൽപ്പെടുത്തി പ്രൊസീഡ് ചെയ്യാൻ സാധിക്കും. ഇപ്പോൾ ഉന്നയിച്ച വിഷയത്തിൽ 100 രൂപയുടെ ബഡ്ജറ്റ് പ്രൊവിഷൻ മാത്രമാണുള്ളത്. അതുപോലെ ആയിരക്കണക്കിന് പ്രൊവിഷൻസാണുള്ളത്. പാലം നിർമ്മിക്കേണ്ടത് അത്യാവശ്യമാണെങ്കിൽ ബഡ്ജറ്റ് പ്രൊപ്പോസൽ കൊടുക്കുമ്പോൾ മുൻഗണനയിൽ കൊടുക്കണം. നമ്മൾ കൊടുക്കുന്ന എല്ലാ പ്രൊപ്പോസലുകളും 100 രൂപയുടെ ടോക്കൺ പ്രൊവിഷനിൽ ഉൾപ്പെടുത്തി വരും. ഇത് അടിയന്തരമായി പുതുക്കി പണിയേണ്ട തരത്തിൽ അപകടാവസ്ഥ യിലാണെങ്കിൽ അത് സീരിയസായി പരിശോധിക്കാം. അവിടെ നൂറ് രൂപയുടെ പ്രശ്നമൊന്നും വരുന്നില്ല. അക്കാര്യം ഞാൻ അന്വേഷിക്കാം. ഇത് സംബന്ധിച്ച് പരിശോധന നടത്തി വേണ്ട കാര്യങ്ങൾ ചെയ്യാം. നൂറ് രൂപയുടെ ബഡ്ജറ്റ് പ്രൊവിഷനുള്ളതുകൊണ്ട് എ.എസ്. ലഭിക്കില്ല. അത് മുൻഗണനയിൽ കൊടുക്കുന്നതിനുവേണ്ടി തുടർന്നുള്ള നടപടികളിലേക്ക് പോകേണ്ടതായി വരും. പാലം തകർന്ന് ആളുകൾ മരിക്കാൻ പാടില്ല. അതിന് നമുക്ക് വേറെ ഫണ്ട് നോക്കാം. ഇങ്ങനെയുള്ള കാര്യങ്ങൾക്ക് തത്കാലം പണം വയ്ക്കാതെ തന്നെ ഡി.പി.ആർ. വരുന്ന മുറയ്ക്ക് പണം നൽകുമെന്ന് 2017-18-ൽ ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്താവനയുണ്ടായിരുന്നു.

പൊതുമരാമത്ത് വകുപ്പ് കൊടുത്ത 29 പ്രൊപ്പോസലുകൾക്ക് പണം ലഭിച്ചില്ലെങ്കിലും പണം ലഭിക്കുമെന്നുള്ള ഉറപ്പുള്ളതുകൊണ്ട് അത് നമുക്ക് വാങ്ങാമെന്ന് പ്രതീക്ഷിക്കാം.

## (4) പ്രളയദുരിതാശ്വാസ അപേക്ഷകൾ

ശ്രീ. പി. ടി. തോമസ്: സർ, "നിങ്ങൾ ഒരു കാര്യം ചെയ്യുന്നതിനുമുമ്പ് നിങ്ങൾ ജീവിതത്തിൽ കണ്ടുമുട്ടിയിട്ടുള്ള ഏറ്റവും ദരിദ്രനായ മനുഷ്യന്റെ ദൈന്യതയാർന്ന മുഖം നിങ്ങൾ ഓർമ്മിക്കണം. ഓരോ ഫയലിലും ഓരോ ജീവിതമാണ്" - മഹാത്മജിയുടെ പ്രസിദ്ധമായ ഈ വാക്കുകൾ ഈ സർക്കാർ പ്രത്യേകം ഓർമ്മിക്കണം. കഴിഞ്ഞ ദിവസം എറണാകുളം കളക്ടറേറ്റിലെ ശുചിമുറിക്ക് സമീപം പത്ത് ചാക്കുകളിൽ കെട്ടി ഉപേക്ഷിക്കപ്പെട്ട നിലയിൽ പ്രളയ ദുരിതാശ്വാസത്തിൽപ്പെട്ടവരുടെ സഹായത്തിനുള്ള ആയിരക്കണക്കിന് അപേക്ഷകൾ കണ്ടെത്തുകയുണ്ടായി. രജിസ്റ്റേർഡ് തപാലിൽ വന്ന ആയിരക്കണക്കിന് അപേക്ഷകളിൽ ഒന്നുപോലും പൊട്ടിച്ച് നോക്കിയിരുന്നില്ല. മലയാള മനോരമ ദിനപ്പത്രം റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഈ വിഷയത്തിൽ സ്വമേധയാ കേസ്സെടുക്കുകയുണ്ടായി. ലോകം മുഴുവൻ ഉറ്റുനോക്കിയ മനുഷ്യനിർമ്മിതമായ പ്രളയത്തെത്തുടർന്ന് ദുരിതക്കയത്തിലകപ്പെട്ട നിരാലംബരുടെ അപേക്ഷകൾ ഇങ്ങനെ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തുന്നതിലൂടെ പ്രളയകാര്യത്തിൽപ്പോലും ഈ സർക്കാർ പുലർത്തുന്ന വീഴ്ചകളുടെ ആഴത്തെയാണ് സൂചിപ്പിക്കുന്നത്. അപേക്ഷയുടെ സ്ഥിതി ഇതാണെങ്കിൽ അപേക്ഷിച്ച പാവപ്പെട്ടവന്റെ അവസ്ഥ എന്തായിരിക്കും. രണ്ട് ഉദാഹരണങ്ങൾ ഞാൻ ചൂണ്ടിക്കാണിക്കാം. എറണാകുളം ജില്ലയിലെ കുട്ടമ്പുഴ പഞ്ചായത്തിൽ കുട്ടമ്പുഴ വില്ലേജിൽ വലിയപറമ്പിൽ, മണികണ്ഠൻചാലിൽ ശ്രീമതി ബേബി ബാലൻ എന്ന സ്ത്രീ പ്രളയമുണ്ടായ സമയത്ത് ജീവിക്കാൻവേണ്ടി വീട്ടുജോലിക്ക് പോയതാണ്. രാഷ്ട്രീയ പകപോക്കലിന്റെ പേരിൽ അവർക്ക് സഹായം നൽകിയില്ല. ശ്രീമതി ബേബി ആ സമയത്ത് വീട്ടിലില്ലായിരുന്നുവെന്ന ന്യായം പറഞ്ഞാണ് സഹായം കൊടുക്കാത്തത്. ഇക്കാര്യം കാണിച്ച് വീണ്ടും ജില്ലാ കളക്ടർക്ക് നൽകിയ അപേക്ഷകളിലൊന്ന് ചാക്കിൽക്കെട്ടി പോയതാകാനിടയുണ്ടെന്ന് സംശയിക്കുകയാണ്. മറ്റൊരുദാഹരണം, ഇടുക്കി ജില്ലയിലെ ഉപ്പുതോട് വില്ലേജിൽ രാജമുടി മുകളേൽവീട്ടിൽ മിനി സിജോ സമാനമായൊരു അപേക്ഷ ഇടുക്കി കളക്ടറേറ്റിൽ നൽകിയിരുന്നു. അതിന്റെ ഗതിയും ഇങ്ങനെയായിരിക്കുമോയെന്ന് ഞാൻ സംശയിക്കുന്നു. എറണാകുളം കളക്ടറേറ്റിൽ ചാക്കിൽക്കെട്ടി ശുചിമുറിയിൽ തള്ളിയതുപോലെ കേരളത്തിലെ പതിനാല് കളക്ടറേറ്റുകളിലും അന്വേഷിച്ചാൽ സമാനമായ ചാക്കുകെട്ടുകൾ

കണ്ടെത്താൻ കഴിയുമെന്ന് ഞാൻ സംശയിക്കുകയാണ്. കള്ളസിൽ കിടക്കുന്ന അപേക്ഷയുടെ അവസ്ഥ കണ്ടിട്ട്, സഹായം ഇപ്പോൾ വരുമെന്ന് കാത്തിരിക്കുന്ന ദരിദ്രനാരായണന്മാരുടെ ദുരവസ്ഥകൂടി ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കണം. ഇത് ആവർത്തിക്കാതിരിക്കാൻ ശക്തമായ നടപടിയുണ്ടാകണം. ഇക്കാര്യത്തെ സംബന്ധിച്ച് വ്യക്തതയുള്ള മറുപടിയും ശക്തമായ തീരുമാനവും ഞാൻ പ്രതീക്ഷിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട അംഗം വളരെ ഗൗരവമായ വിഷയമായിട്ടാണ് ഇത് അവതരിപ്പിച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ ഇങ്ങനെയൊരു അപേക്ഷ ഇപ്പോൾ കെട്ടിക്കിടക്കുന്നില്ല. അദ്ദേഹം പറഞ്ഞ കാര്യങ്ങളെക്കുറിച്ച് വളരെ കൃത്യമായി ഞാൻ പറയാം. കഴിഞ്ഞ ദിവസങ്ങളിൽ ഇതിനെക്കുറിച്ച് ആവർത്തിച്ച് പറഞ്ഞതാണ്. ജനുവരി മാസം 31-ാം തീയതിവരെയെങ്കിലും ഇത് സംബന്ധിച്ച എല്ലാ അപേക്ഷകളും സ്വീകരിക്കണമെന്ന് കോടതി നിർദ്ദേശിച്ചു. അതനുസരിച്ച് ജനുവരി 31 വരെയുള്ള എല്ലാ അപേക്ഷകളിലും തീരുമാനമെടുത്തു. അതിനുശേഷം കളക്ടർമാരുടെ പേരിൽ സാധാരണ തപാലിലും രജിസ്റ്റേർഡ് തപാലിലും അയച്ചിട്ടുള്ള അപ്പീലുകൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് ഇപ്പോൾ തിരിച്ചയച്ചിരിക്കുകയാണ്. ഇത് തദ്ദേശഭരണ സ്ഥാപനങ്ങളിലെ സാങ്കേതിക വിദഗ്ദ്ധരുൾപ്പെടെ ഉള്ളവരാണ് പരിശോധിക്കേണ്ടത്. അതിന്റെ അടിസ്ഥാനത്തിൽ 28-6-2019, 29-6-2019 എന്നീ തീയതികളിൽ എല്ലാ അപേക്ഷകളും പരിശോധിക്കുന്നതിനുവേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് തിരിച്ചു കൊടുത്തിരിക്കുകയാണ്. അത് സംബന്ധിച്ചുള്ള വിശദമായ അന്വേഷണം തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടത്തുകയും അർഹരായ എല്ലാവർക്കും സഹായം ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കാനുമാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

2018-ലെ അതിരൂക്ഷമായ പ്രളയദുരന്തത്തിൽ നഷ്ടപ്പെട്ടതും കേടുപാടുകൾ സംഭവിച്ചതുമായ വീടുകളുടെ പുനർനിർമ്മാണത്തിനായി ഡിജിറ്റൽ അടിസ്ഥാനത്തിൽ വിവരശേഖരണം തദ്ദേശഭരണ സ്ഥാപനതല എഞ്ചിനീയർമാരും അവരെ സഹായിക്കാനായി രൂപീകരിക്കുന്ന പ്രാദേശിക സാങ്കേതിക വിദഗ്ദ്ധരും അടങ്ങുന്ന പാനലിനെ ഏല്പിക്കേണ്ടതാണെന്നും അവർ നേരിട്ട് നടത്തുന്ന പരിശോധനയുടെയും നാശനഷ്ട വിലയിരുത്തലിന്റെയും അടിസ്ഥാനത്തിൽ നിശ്ചയിക്കുന്ന നഷ്ടപരിഹാരം അനുവദിക്കുകയും ചെയ്യുന്നതാണെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. നഷ്ടപരിഹാരം അനുവദിക്കുന്ന വിഷയത്തിൽ തർക്കമുണ്ടായാൽ അപ്പീൽ നൽകുന്നതിനായി ജില്ലാ കളക്ടർമാരെ

അപ്പലേറ്റ് അതോറിറ്റിയായി നിയമിച്ചിട്ടുള്ളതും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം അപ്പീൽ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2019 ജനുവരി 31 ആയി നിജപ്പെടുത്തുകയും ചെയ്തിരുന്നു. അപ്രകാരം പ്രളയവുമായി ബന്ധപ്പെട്ട് വീടുകളുടെ നാശനഷ്ടത്തിന്റെ അപ്പീലുകൾ സ്വീകരിക്കുകയും ആയത് പരിശോധനയ്ക്കായി സാങ്കേതിക വിദഗ്ദ്ധരായ എഞ്ചിനീയർമാർക്ക് നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ എല്ലാവർക്കും ധനസഹായം അനുവദിച്ചിട്ടുള്ളതുമാണ്. എന്നാൽ 1-2-2019 മുതൽ പ്രളയവുമായി ബന്ധപ്പെട്ട് വീടുകളുടെ നാശനഷ്ടത്തിനുള്ള തുക അനുവദിക്കുന്നതിന് സാധാരണ തപാലിലും രജിസ്റ്റേർഡ് തപാലിലും കളക്ടറേറ്റിൽ ലഭിച്ച അപേക്ഷകൾ ഭദ്രമായി സൂക്ഷിച്ചുവച്ചിരുന്നു. 21-6-2019-ലെ സർക്കാർ ഉത്തരവുപ്രകാരം 30-6-2019 വരെ അപ്പീലുകൾ നൽകുന്നതിന് സമയം അനുവദിച്ചതിനെത്തുടർന്ന് എറണാകുളം ജില്ലയിൽ ലഭിച്ചിരുന്ന അയ്യായിരത്തിൽപ്പരം അപേക്ഷകൾ 28-6-2019, 29-6-2019 എന്നീ തീയതികളിലായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ എത്തിക്കുകയും അപ്പീൽ തീർപ്പാക്കുന്നതിന് ക്രമീകരണം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയതിൽ സാങ്കേതിക പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## (5) പാർശ്വഭിത്തി നിർമ്മാണം

ശ്രീ. പി. കെ. ബഷീർ: സർ, 2018 ആഗസ്റ്റ് മാസം 18-നുണ്ടായ പ്രകൃതിക്ഷോഭത്തിലും ഉരുൾപൊട്ടലിനെ തുടർന്നുണ്ടായ അതിശക്തമായ മഴവെള്ളപ്പാച്ചിലിലും എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ചാലിയാർ പഞ്ചായത്തിലെയും അരീക്കോട് പഞ്ചായത്തിലെയും വിവിധ പ്രദേശങ്ങൾ ഉൾപ്പെട്ട ചാലിയാർ പുഴയുടെയും കുറുവം പുഴയുടെയും ഇരുകരകളിലെയും പാർശ്വഭിത്തി നശിച്ചിരിക്കുകയാണ്. ചാലിയാർ പഞ്ചായത്തിലെ നമ്പൂരിപ്പൊട്ടിയിൽ കുറുവം പുഴ ഗതിമാറി ഒഴുകുകയും ഇരുകരകളിലെയും പാർശ്വഭിത്തിയടക്കം ഒലിച്ചുപോകുകയും നിരവധി വീടുകൾക്ക് നാശനഷ്ടം സംഭവിക്കുകയും ചെയ്തു. അതുപോലെ അരീക്കോട് പഞ്ചായത്തിലെ അരീക്കോട് പാലം മുതൽ വെസ്റ്റ് പത്തനാപുരം വരെയുള്ള ചാലിയാർ പുഴയുടെ സംരക്ഷണഭിത്തി പൂർണ്ണമായും നശിച്ചു. അതുകൊണ്ടുതന്നെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് ചാലിയാർ പഞ്ചായത്തിലെ കുറുവം പുഴയ്ക്കും അരീക്കോട് പഞ്ചായത്തിലെ അരീക്കോട് പാലം മുതൽ വെസ്റ്റ് പത്തനാപുരം വരെ ചാലിയാർ പുഴയ്ക്കും പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, 2018 ആഗസ്റ്റിലുണ്ടായ പ്രകൃതിക്ഷോഭത്തിൽ നാശനഷ്ടമുണ്ടായ ചാലിയാർ പുഴയിലെ നമ്പൂരിപ്പൊട്ടി പാലത്തിന് താഴെയുള്ള വീടുകളുടെ സംരക്ഷണത്തിന് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് (SDRF)-ൽ ഉൾപ്പെടുത്തി 23.52 ലക്ഷം രൂപയുടെ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. അരീക്കോട് പാലം മുതൽ വെസ്റ്റ് പത്തനാപുരം വരെയുള്ള ഭാഗത്ത് ചാലിയാർ പുഴയുടെ വലതുകരയ്ക്ക് ഏകദേശം 20 മീറ്ററോളം ഉയരമുണ്ട്. ഈ ഭാഗത്ത് വെസ്റ്റ് പത്തനാപുരം ഭാഗത്തേക്കുള്ള റോഡിന്റെ 300 മീറ്ററോളം സംരക്ഷണഭിത്തി 2018 ആഗസ്റ്റിലെ വെള്ളപ്പൊക്കത്തിൽ ഇടിഞ്ഞുപോയിട്ടുണ്ട്. പുഴയിൽ എപ്പോഴും എട്ടര മീറ്ററോളം ഉയരത്തിൽ വെള്ളം നിൽക്കുന്നതിനാലും റോഡിന് വീതി കുറവായതിനാലും ഈ ഭാഗം സംരക്ഷിക്കുന്നതിന് കോൺക്രീറ്റ് സംരക്ഷണഭിത്തി നിർമ്മിക്കേണ്ടിവരും. ആയതിലേക്ക് ഏകദേശം രണ്ട് കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇത് നവകേരള നിർമ്മിതിയിൽ അനുവദിക്കുന്ന തുക ഉപയോഗിച്ച് നടപ്പാക്കുന്ന കാര്യം പരിഗണനയിലാണ്.

ശ്രീ. പി. കെ. ബഷീർ: സർ, ചാലിയാർ പഞ്ചായത്തിൽ കുറവം പുഴ ഗതിമാറി ഒഴുകിയതാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അതിനായി എന്ത് ചെയ്യാൻ കഴിയുമെന്നുള്ളത് അടിയന്തരമായി പരിശോധിച്ച് നടപടി സ്വീകരിക്കാൻ ശ്രമിക്കാം.

## (6) പ്രത്യേക എഞ്ചിനീയറിംഗ് വിഭാഗം

ശ്രീ. അനിൽ അക്കര: സർ, സംസ്ഥാന പ്ലാൻ ഫണ്ടിന്റെ ഏതാണ്ട് 30 ശതമാനത്തിലധികം തുക പട്ടികജാതി/പട്ടികവർഗ്ഗ മേഖലയ്ക്കുവേണ്ടിയാണ് ചെലവഴിക്കുന്നത്. അതിൽത്തന്നെ ഏതാണ്ട് 20-25 ശതമാനം, ചിലപ്പോൾ 40 ശതമാനത്തോളം തുക പശ്ചാത്തല സൗകര്യങ്ങൾക്കുവേണ്ടിയാണ് പലപ്പോഴും ചെലവഴിക്കേണ്ടിവരുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷവും അതിനുമുമ്പും സംസ്ഥാനത്ത് ഏറ്റവും മാതൃകാപരമായി പട്ടികജാതി മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് അംബേദ്കർ ഗ്രാമവികസന പദ്ധതി. പട്ടികജാതി കോളനികളിൽ അത് നല്ല രീതിയിലുള്ള മാറ്റങ്ങളുണ്ടാക്കിയിട്ടുണ്ട്. പക്ഷേ, കഴിഞ്ഞ കാലങ്ങളിൽ തുടങ്ങിയ പദ്ധതികളും ഇപ്പോഴത്തെ പല പദ്ധതികളും ചില ഏജൻസികളെയാണ് ഏല്പിക്കുന്നത്. നിർമ്മിതികേന്ദ്രം പോലെയുള്ള സ്ഥാപനങ്ങൾ പദ്ധതികൾ നന്നായി നടത്തുന്നവയാണ്. പക്ഷേ, മറ്റ് പല ഏജൻസികളും നേരിട്ട് ചെയ്യുന്നതിനുപകരം അതിനാവശ്യമായ എഞ്ചിനീയറിംഗ് വിഭാഗവും മറ്റ് നടപടികളും വീണ്ടും ടെണ്ടർ ചെയ്യുകയാണ്. അതുമായി ബന്ധപ്പെട്ട്

ധാരാളം സാമ്പത്തിക നഷ്ടം ഈ മേഖലയ്ക്കാണുണ്ടാകുന്നത്. അതുപോലെ പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവിടങ്ങളിലെ പട്ടികജാതി മേഖലകളിൽ വരുന്ന റോഡുകളും പാലങ്ങളുമായി ബന്ധപ്പെട്ട പദ്ധതികളൊക്കെ നടപ്പിലാക്കാൻ എഞ്ചിനീയറിംഗ് വിഭാഗത്തിന് വലിയ താല്പര്യമാണ്. പക്ഷേ, പഞ്ചായത്തുകളിലെ പാവപ്പെട്ട ആളുകളുടെ വീട് റിപ്പയറിംഗിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും അതിന്റെ അളവെടുക്കുന്നതിനും റിപ്പോർട്ട് കൊടുക്കുന്നതിനും എഞ്ചിനീയറിംഗ് വിഭാഗത്തിന് താല്പര്യമില്ല. ഇത് ഗുരുതരമായ പ്രശ്നമാണ്. ഒരു പഞ്ചായത്തിലെ ഇരുന്നൂറോ മുന്നൂറോ വീടുകൾ റിപ്പയർ ചെയ്യുന്നതിന് ആദ്യം റഫ് എസ്റ്റിമേറ്റ് എടുക്കാനും അതിനുശേഷം അതിന്റെ വാല്യുവേഷൻ കൊടുക്കാനും പഞ്ചായത്തുകളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന് താല്പര്യമില്ല. അതുകൊണ്ട് സാധാരണക്കാരായ പട്ടികജാതി കുടുംബങ്ങൾക്കുള്ള പല പദ്ധതികൾക്കും അനാവശ്യമായ കാലതാമസമുണ്ടാകുന്നു. സെന്റേജ് ചാർജും മറ്റുമായി ബന്ധപ്പെട്ട് വലിയ തുക ആ മേഖലയ്ക്ക് കിട്ടാതെ മറ്റിടങ്ങളിലേക്ക് പോകുകയാണ്. നമ്മുടെ സംസ്ഥാനത്ത് മാതൃകാപരമായി എൽ.എസ്.ജി.ഡി-യുടെ നേതൃത്വത്തിൽ എഞ്ചിനീയറിംഗ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ മേഖലയിലെ അടിസ്ഥാന വികസനത്തിനാവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിനും ടെണ്ടർ ചെയ്യുന്നതിനും അവ പൂർത്തീകരിക്കുന്നതിനുമായി പുതിയൊരു എഞ്ചിനീയറിംഗ് വിഭാഗം ഈ വകുപ്പിനുകീഴിൽ കൊണ്ടുവരണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. അതിന് സംസ്ഥാന ഗവൺമെന്റിന് പ്രത്യേക താല്പര്യമുണ്ടാകുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ശ്രീ. അനിൽ അക്കര ഇവിടെ സൂചിപ്പിച്ച കാര്യം അർത്ഥവത്താണ്. ബഡ്ജറ്റിന്റെ 11-12 ശതമാനം മാത്രമേ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ളൂ; 30 ശതമാനമൊന്നുമില്ല. അതിൽ 45 ശതമാനം തദ്ദേശഭരണ സ്ഥാപനങ്ങൾ ക്കുള്ളതാണ്. ഇതിൽ നീക്കിവച്ചതിന്റെ 50 ശതമാനം മാത്രമേ നമുക്ക് കിട്ടുകയുള്ളൂ. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കീഴിലുള്ള ഹോസ്റ്റലുകൾ, എം.ആർ.എസ്.-കൾ, നഴ്സറി സ്കൂളുകൾ, ഐ.ടി.ഐ.-കൾ, Pre Examination Training Centres (PETC), ഏകാദ്ധ്യാപക വിദ്യാലയങ്ങൾ, വിജ്ഞാൻവാടികൾ, സാമൂഹ്യ പഠനമുറികൾ തുടങ്ങിയവയുടെ കെട്ടിടങ്ങളും സങ്കേതങ്ങളിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങളും ഇപ്പോൾ നടത്തിവരുന്നത് പൊതുമരാമത്ത് വകുപ്പിലെയോ തദ്ദേശഭരണ സ്ഥാപനങ്ങളിലെയോ എഞ്ചിനീയർമാരാണ്. ചില പ്രവൃത്തികൾ സർക്കാർ അംഗീകൃത ഏജൻസികളെയും ഏല്പിച്ചുകൊടുക്കുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിന് സ്വന്തമായി ഒരു എഞ്ചിനീയറിംഗ് വിഭാഗമുണ്ടെങ്കിലും എടുത്തുപറയാവുന്ന പ്രവൃത്തികളൊന്നും ഏറ്റെടുത്ത് പൂർത്തീകരിക്കാൻ അവർക്ക് കഴിയുന്നില്ല. സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികളും ഭവനനിർമ്മാണത്തിന്റെ മേൽനോട്ടവുമാണ് ഈ വിഭാഗം മുഖ്യമായും ചെയ്തുവരുന്നത്. ഭവനനിർമ്മാണം ഇനി 'ലൈഫ് മിഷൻ' മുഖേനയാണ് നടപ്പിലാക്കുന്നത്. അതുകൊണ്ട് ഒരു സ്ഥിരം എഞ്ചിനീയറിംഗ് സംവിധാനം ഇതിനാവശ്യമില്ല. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന അംബേദ്കർ ഗ്രാമം, കോർപ്പസ് ഫണ്ട് മുതലായ പദ്ധതികളുടെ ഭാഗമായി പ്രോജക്ട് തീരുന്നതുവരെ ഓരോ ജില്ലയിലും പദ്ധതിയുടെ മോണിറ്ററിംഗിനായി സിവിൽ എഞ്ചിനീയറിംഗ് ബിരുദധാരിയായ ഒരാളെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് സംവിധാനത്തെ എല്ലാ പ്രോജക്ടുകളിലും ഫലപ്രദമായി ഉപയോഗിക്കുന്ന കാര്യം എങ്ങനെയാണ് സാധിക്കുക എന്നത് സംബന്ധിച്ചും പരിശോധിക്കും.

## (7) ചിറ്റാരി - കണ്ടിവാതുക്കൽ റോഡ്

ശ്രീ. ഇ. കെ. വിജയൻ: സർ, ട്രൈബൽ ഡിപ്പാർട്ട്മെന്റ് 2015-16 വാർഷിക പദ്ധതിയിലുൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ നാദാപുരം മണ്ഡലത്തിലെ വാണിമേൽ ആദിവാസി കോളനിയിലെ ചിറ്റാരി-കണ്ടിവാതുക്കൽ റോഡ് നിർമ്മാണത്തിന് 2.42 കോടി രൂപ അനുവദിച്ചു. ഇതിന്റെ പ്രവൃത്തി കേരള കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് ഏറ്റെടുത്തത്. അവർ അത് സബ് കോൺട്രാക്ട് കൊടുത്താണ് പ്രവർത്തനം നടത്തിയത്. നാളിതുവരെയായിട്ടും ആകെ ചെയ്ത പ്രവൃത്തി സോളിംഗ് മാത്രമാണ്. ഇപ്പോൾ പ്രസ്തുത പ്രവൃത്തി അവസാനിപ്പിച്ചതുപോലയാണ്. വാഹനങ്ങൾക്ക് മാത്രമല്ല വഴിയാത്രക്കാർക്കു പോലും നടക്കാൻ കഴിയാത്ത അവസ്ഥയാണ് ഇന്നുള്ളത്. 'വെളുക്കാൻ തേച്ചത് പാണ്ടായി' എന്ന മട്ടിലാണ് കാര്യങ്ങൾ. ഈ റോഡിന്റെ പണി പൂർത്തീകരിക്കാൻ ആവശ്യമായ നടപടിയുണ്ടാകണമെന്ന് ആവശ്യപ്പെടുന്നു. അതുപോലെ വാണിമേൽ ഗ്രാമപഞ്ചായത്തിലെ പന്നിയേരി, മാടാചേരി, കുറ്റല്ലൂർ, നരിപ്പറ്റ ഗ്രാമപഞ്ചായത്തിലെ വായാട് എന്നീ ആദിവാസി കോളനികളിലെ സമഗ്ര വികസന പദ്ധതിയും ഇതുപോലെയാണ്. ഇതിന്റെ പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത് FIT Ltd. (Forest Industries Travancore Ltd) എന്ന പൊതുമേഖലാസ്ഥാപനമാണ്. കരാർ മറിച്ച് നൽകിയതിലൂടെ ഒരു പ്രവൃത്തിയും നടക്കാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. 5 തവണ ഇതുമായി ബന്ധപ്പെട്ട് യോഗം വിളിച്ചു ചേർത്തിട്ടുണ്ട്. ഒരു യോഗത്തിൽ FIT Ltd.ന്റെ പ്രതിനിധികൾ

പങ്കെടുത്തിരുന്നു. ഒരു യോഗം കോളനിയിൽ ചേർന്നപ്പോൾ ജില്ലാ കളക്ടറും പങ്കെടുത്തിരുന്നു. എന്നാൽ FIT Ltd.-ന്റെ പ്രതിനിധികൾ പങ്കെടുത്തിരുന്നില്ല. കോൺട്രാക്ടർ സമയബന്ധിതമായി പണി പൂർത്തീകരിക്കുമെന്ന് പറഞ്ഞെങ്കിലും പണം കിട്ടിയിട്ടില്ലെന്നും അദ്ദേഹം പറയുന്നുണ്ട്. ഈ കോളനിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് നന്നായി അറിയാവുന്നതാണ്. ഒരു വർഷംമുമ്പ് അദ്ദേഹം കുടുംബസമേതം ഓണസദ്യ ഉണ്ണാനെത്തിയത് ആ കോളനിയിലാണ്. കോളനി നിവാസികളുടെ പ്രശ്നങ്ങളെല്ലാം ബഹുമാനപ്പെട്ട മന്ത്രിയോട് അവർ നേരിട്ട് പറയുകയും ചെയ്തതാണ്. അവിടത്തെ വികസന പദ്ധതികൾ ആകെ താളംതെറ്റിയ അവസ്ഥയിലാണ്. ആയതിനാൽ ആദിവാസി മേഖലയിലെ ടി വിഷയങ്ങൾ അടിയന്തരമായി പരിഹരിക്കണമെന്ന് ഉന്നയിക്കുകയാണ്. FIT Ltd. എന്ന സ്ഥാപനം ഏറ്റെടുത്ത എല്ലാ പ്രവൃത്തികളുടെയും അവസ്ഥ ഇതാണെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ആദിവാസി മേഖലയുമായി ബന്ധപ്പെട്ട ഇത്തരം പ്രവർത്തനങ്ങൾ മേലിൽ അവരെ ഏല്പിക്കാതിരിക്കാനും ഈ പണി എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനുള്ള നടപടിയുണ്ടാകണമെന്നും ഞാൻ ആവശ്യപ്പെടുകയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ചിറ്റാരി - കണ്ടിവാതുക്കൽ റോഡ് പ്രവൃത്തിയുടെ രണ്ട് പാർട്ട് ബില്ലുകൾ മാറി നൽകുന്നതിലുണ്ടായിട്ടുള്ള സാങ്കേതിക തടസ്സംമൂലമാണ് പ്രവൃത്തി തടസ്സപ്പെട്ടത്. തുക മാറി നൽകുന്നതിനുള്ള തടസ്സങ്ങൾ ഇപ്പോൾ നീക്കിയിട്ടുണ്ട്. ബില്ലുകൾ ഉടൻതന്നെ മാറി നൽകി പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അഡീഷണൽ ട്രൈബൽ സബ് പ്ലാനിൽ ഉൾപ്പെടുത്തിയാണ് വാണിമേൽ ഗ്രാമപഞ്ചായത്തിലെ പന്നിയേരി, കുറ്റല്ലൂർ, മാടാഞ്ചേരി, നരിപ്പറ്റ ഗ്രാമപഞ്ചായത്തിലെ വായാട് എന്നീ പട്ടികവർഗ്ഗ കോളനികളുടെ വികസന പദ്ധതി നടപ്പിലാക്കുന്നത്. ശ്രീ. ഇ. കെ. വിജയൻ സൂചിപ്പിച്ചതുപോലെ FIT Ltd. എന്ന സ്ഥാപനമാണ് ഇതിന്റെ നിർവ്വഹണ ഏജൻസി. പന്നിയേരി കോളനി വികസന പദ്ധതിയുടെ അടങ്കൽ തുകയായ 1,77,00,000 രൂപയിൽ 51,73,000 രൂപയുടെ പ്രവൃത്തികളും കുറ്റല്ലൂർ കോളനിയുടെ അടങ്കൽ തുകയായ 2,00,08,000 രൂപയിൽ 1,47,00,000 രൂപയുടെ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. മാടാഞ്ചേരി കോളനിയിൽ അടങ്കൽ തുകയായ 202 ലക്ഷം രൂപയിൽ 46 ലക്ഷം രൂപയുടെ പ്രവൃത്തിയാണ് പൂർത്തീകരിച്ചത്. എന്നാൽ ഊരുകൂട്ട തീരുമാനപ്രകാരം കുടിവെള്ള പദ്ധതിയുടെ സ്ഥലം മാറ്റേണ്ടി വന്നതിനാൽ വായാട് കോളനിയുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. ഊരുകൂട്ടത്തിന്റെ നിർദ്ദേശപ്രകാരം മേൽപ്പറഞ്ഞ കോളനികളുടെ

പദ്ധതികൾ പുനഃക്രമീകരിക്കേണ്ടത് ആവശ്യമായി വന്നിരിക്കുകയാണ്. FIT Ltd. സമർപ്പിച്ച പുതുക്കിയ പദ്ധതിക്ക് ഉടനെ അംഗീകാരം നൽകും. ഈ കോളനിയിൽ ഞാൻ പോയി കാര്യങ്ങൾ ബോധ്യപ്പെട്ടിട്ടുള്ളതാണ്. നമ്മുടെ പല പദ്ധതികളും ചില പൊതുമേഖലാ സ്ഥാപനങ്ങൾക്കാണ് നൽകിയത്; പഴയ ഗവൺമെന്റിന്റെ അതേ ഏജൻസികൾക്ക് തന്നെയാണ് നൽകിയത്. പുതിയ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ ഏജൻസികളിൽ പലതും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ജില്ലാ കളക്ടർ പല സ്ഥലത്തും യോഗം വിളിച്ചതിനെത്തുടർന്ന് കുറച്ച് പുരോഗതി ഉണ്ടായതാണ്. പല ഏജൻസികളും കുറേക്കൂടി കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. FIT Ltd.ന്റെ കാര്യം പറഞ്ഞത് ശരിയാണ്. യഥാർത്ഥത്തിൽ ഈ പൊതുമേഖലാ സ്ഥാപനം ഒരു ശാപമായി മാറിയിരിക്കുകയാണ്. ആദിവാസി ഊരുകളിലെ പണി കൃത്യമായി ഏറ്റെടുക്കുന്നതിനും അത് പൂർത്തീകരിക്കുന്നതിനും വലിയ അമാന്തമാണ് ഈ ഏജൻസിയുടെ ഭാഗത്തുനിന്നുണ്ടാകുന്നത്. ഇക്കാര്യം ഗൗരവപൂർവ്വം ആലോചിക്കുന്നതായിരിക്കും.

## (8) ഓട്ടോ- ടാക്സി തൊഴിലാളി ക്ഷേമനിധി

ശ്രീ. രാജു എബ്രഹാം: സർ, മോട്ടോർ തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കണമെന്നുള്ള ആവശ്യം ഗവൺമെന്റിന്റെ മുന്നിൽ ക്ഷേമനിധി ബോർഡ് സമർപ്പിച്ചിട്ടുണ്ട്. ഓട്ടോ തൊഴിലാളികളുടെ ക്ഷേമ പെൻഷൻ 1,200 രൂപയിൽനിന്ന് 2,000 രൂപയായി വർദ്ധിപ്പിക്കുക, അപകടംമൂലമുള്ള ചികിത്സ 50,000 രൂപയായി ലിമിറ്റ് ചെയ്തത് ഒരു ലക്ഷം രൂപയാക്കി ഉയർത്തുക, പെൻഷൻ ലഭിക്കാനുള്ള കാലദൈർഘ്യം 10 വർഷം എന്നുള്ളത് 8 വർഷമാക്കി കുറയ്ക്കുക തുടങ്ങി നിരവധി ആവശ്യങ്ങളാണ് ക്ഷേമനിധി പരിഷ്കരണവുമായി ബന്ധപ്പെട്ട് സമർപ്പിച്ചിരിക്കുന്നത്. ഇത് സർക്കാരിന് യാതൊരു ബാധ്യതയും വരുത്തുന്ന കാര്യങ്ങളല്ല; സർക്കാർ അനുമതിയാണ് ഇവിടെ ആവശ്യം. ഇതിന് സർക്കാർ അനുമതി അടിയന്തരമായി നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് ശ്രീ. രാജു എബ്രഹാം ഇവിടെ ഉന്നയിച്ചത്. തൊഴിലാളികൾക്ക് നൽകേണ്ട ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനും ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിനും തൊഴിലുടമ-തൊഴിലാളി അംശദായം വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് കണ്ടതിനാൽ തൊഴിലുടമ-തൊഴിലാളി അംശദായത്തിൽ

നിലവിലുള്ള നിരക്കിൽനിന്നും വർദ്ധനവ് വരുത്തി പുതുക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇതിനോടൊപ്പം ക്ഷേമനിധിയിൻകീഴിലുള്ള പദ്ധതികൾ കൂടുതൽ ആകർഷകമാക്കുന്നതിനും തൊഴിലാളികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ബോർഡ് നൽകിയ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. പദ്ധതിപ്രകാരം കൂടുതൽ ആകർഷകമായി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിലേക്കായി 1991-ലെ കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികളെ ഉൾപ്പെടുത്തി 2005-ലെ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി ഭേദഗതി വരുത്തുന്നതിന് ബോർഡ് പഠന സമിതി അംഗീകരിച്ച നിർദ്ദേശം സർക്കാർ വിശദമായി പരിശോധിക്കുകയും പ്രസ്തുത നിർദ്ദേശം XIV-ാം കേരള നിയമസഭയിൽ ബിൽ നമ്പർ 49 ആയി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ബിൽ നിയമസഭ പാസ്സാക്കുന്ന മുറയ്ക്ക് ഓട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി പദ്ധതി പരിഷ്കരിക്കപ്പെട്ട 2005-ലെ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയുടെ ഭാഗമാക്കുന്നതാണ്. നിലവിൽ പദ്ധതിയിൽ അപാകതകളുള്ളതായി സർക്കാർ കരുതുന്നില്ല. എങ്കിലും എന്തെങ്കിലും അപാകതകളോ തിരുത്തലുകൾ ആവശ്യമായി വരികയോ ചെയ്താൽ ആയത് പരിശോധനയ്ക്ക് വിധേയമാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

## (9) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

<u>ശ്രീ. വി. ജോയി</u>: സർ, വർക്കല നിയമസഭാ മണ്ഡലത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓഫീസ് വേണമെന്നത് ദീർഘകാലത്തെ ഒരു ആവശ്യമാണ്. വർക്കല താലൂക്ക് രൂപീകരിച്ചിട്ട് 5 വർഷം കഴിയുകയാണ്. ഒരു താലൂക്ക് കേന്ദ്രമെന്നുള്ള പരിഗണനയും ലഭിച്ചിട്ടില്ല. ഇപ്പോൾ വന്നിരിക്കുന്ന പ്രധാന പ്രശ്നം, രണ്ട് എക്സ്ചേഞ്ചുകളിലേക്കാണ് വർക്കല നിയമസഭാ മണ്ഡലത്തിലെ തൊഴിൽ രജിസ്റ്റർ ചെയ്യേണ്ട ചെറുപ്പക്കാർ പോകേണ്ടത്. വർക്കല മുനിസിപ്പാലിറ്റി, വെട്ടൂർ, ഇടവ, ചെമ്മരുതി, ഇലകമൺ എന്നീ പഞ്ചായത്തിലെ ആളുകൾ ഏതാണ്ട് 18 കിലോ മീറ്റർ മുതൽ 21 കിലോമീറ്റർ വരെ അകലെയുള്ള ആറ്റിങ്ങൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലാണ് പേര് രജിസ്റ്റർ ചെയ്യുന്നതിനും മറ്റു കാര്യങ്ങൾക്കും പോകേണ്ടത്. അതുപോലെ നാവായിക്കുളം, പള്ളിക്കൽ, മടവൂർ പഞ്ചായത്തിലെ ആളുകൾ ഏതാണ്ട് 11-12 കിലോമീറ്റർ അകലെയുള്ള കിളിമാനൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലാണ് പോകേണ്ടത്. ഇത്രയും വലിയൊരു പ്രശ്നമാണ് ഞങ്ങൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് താലൂക്ക് കേന്ദ്രം എന്നുള്ള നിലയിലെങ്കിലും ഈ രണ്ട് എക്സ്ചേഞ്ചുകളിൽ ആളുകൾ

പോകുന്നതിനുള്ള പ്രയാസവും ദുരിതവും മനസ്സിലാക്കി ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, വർക്കല ആസ്ഥാനമായി ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കുന്ന കാര്യം സർക്കാർ തലത്തിൽ വിശദമായി പരിശോധിച്ചിട്ടുള്ളതാണ്. ശ്രീ. വി. ജോയി 13-10-2017-ന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കുന്നതിന് ബഡ്ജറ്റ് വിഹിതം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നിവേദനവും നൽകിയിരുന്നു. എന്നാൽ പുതിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആരംഭിക്കുന്നതിന് ബഡ്ജറ്റിൽ വിഹിതം അനുവദിച്ചിരുന്നില്ല. വർക്കലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കുന്നതിന് ഒമ്പത് പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന ഒരു നിർദ്ദേശം എംപ്ലോയ്മെന്റ് ഡയറക്ടർ സമർപ്പിച്ചിരുന്നു. എന്നാൽ ടി നിർദ്ദേശം തൽക്കാലം പരിഗണിക്കാൻ കഴിയുമായിരുന്നില്ല. ഈ വസ്തുതകൾ പരിഗണിച്ച് വർക്കലയിൽ പുതുതായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കുന്ന നിർദ്ദേശം നിരസിച്ചിട്ടുള്ളതും ഇക്കാര്യം ബഹുമാനപ്പെട്ട എം.എൽ.എ.-യെ അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ വർക്കല ആസ്ഥാനമാക്കി ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല. ഭാവിയിൽ ഇക്കാര്യം ഗവൺമെന്റിന്റെ പരിഗണനയിൽ വരുന്നതാണ്.

## (10) കായികാദ്ധ്യാപക നിയമനം

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കേരളത്തിലെ പൊതു കലാലയങ്ങളിൽ കായികാദ്ധ്യാപകരെ നിയമിക്കണമെന്ന ആവശ്യമാണ് എനിക്ക് ഉന്നയിക്കാനുള്ളത്. കേരളത്തിലെ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മറ്റെല്ലാ വിഷയങ്ങളിലും കാലോചിതമായി തസ്തിക നിർണ്ണയ മാനദണ്ഡങ്ങൾ പുനഃക്രമീകരിച്ചിട്ടും കായികാദ്ധ്യാപകർക്കുമാത്രം 60 വർഷം പഴക്കമുള്ള കെ.ഇ.ആർ. (കേരള എഡ്യൂക്കേഷൻ റൂൾസ്) മാനദണ്ഡമാണ് നിലവിലുള്ളത്. വിദ്യാർത്ഥികൾക്ക് ആരോഗ്യ കായികവിദ്യാഭ്യാസവും കായിക പരിശീലനവും നൽകുന്നതിനും മത്സരത്തിൽ പങ്കെടുപ്പിക്കുന്നതിനും നമ്മുടെ പൊതുവിദ്യാലയങ്ങളിൽ കായികാദ്ധ്യാപകരില്ലാത്ത ഒരു സ്ഥിതിയാണ് ഇപ്പോഴുള്ളത്. യു.പി./എച്ച്.എസ്.എസ്. അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കുറച്ച് സ്ഥിരം കായികാദ്ധ്യാപകരെ നിയമിക്കണമെന്നതാണ് എന്റെ പ്രധാന ആവശ്യം. ഹയർ സെക്കണ്ടറി സ്കൂളുകളിൽ സ്ഥിരം കായികാദ്ധ്യാപകരെ

നിയമിക്കണം. എൽ.പി./യു.പി./എച്ച്.എസ്.എസ്.-ൽ സ്ഥിരം കായിക അദ്ധ്യാപകർ ഉണ്ടാകണം. അതിന്റെ വിദ്യാഭ്യാസ യോഗ്യത കാലോചിതമായി പരിഷ്കരിക്കേണ്ടതായിട്ടുണ്ട്. യു.പി. വിഭാഗത്തിൽ 2103 കുട്ടികൾക്കും എച്ച്.എസ്.എസ്. വിഭാഗത്തിൽ 1100 കുട്ടികൾക്കും ഓരോ കായികാദ്ധ്യാപകർ എന്നതാണ് ഇപ്പോഴത്തെ അനുപാതം. വരാൻ പോകുന്ന ഖാദർ കമ്മീഷൻ റിപ്പോർട്ടിലും ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് മതിയായിട്ടുള്ള പ്രാതിനിധ്യം ഇല്ല. അതിനുവേണ്ട പ്രാധാന്യം കൊടുക്കുന്നില്ല. സംസ്ഥാനത്തെ കായികാദ്ധ്യാപക തസ്തിക സ്പെഷ്യൽ ലിസ്റ്റിൽനിന്നും മാറ്റി ജനറൽ വിഭാഗത്തിൽ ഉൾപ്പെടുത്തണം. അത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. നമ്മുടെ സ്കൂളുകളിൽ 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ ആരോഗ്യ കായിക പഠനം നിർബന്ധമാക്കണം. നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടിയുണ്ടാകണം. ഹൈസ്കൂളുകളിൽ കായികാദ്ധ്യാപകർ നിലവിലില്ലാത്ത സാഹചര്യത്തിൽ അക്കാര്യത്തിൽ ഗവൺമെന്റ് ഇടപെടണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. ബഹുമാന്യരായ കായിക വകുപ്പ് മന്ത്രിയെയും മുഖ്യമന്ത്രിയെയും പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയെയും നിലവിലുള്ള റാങ്ക് ലിസ്റ്റിലുള്ളവർ വന്നുകാണുകയുണ്ടായി. കേരളത്തിൽ കായിക സംസ്കാരം വളർത്തിയെടുക്കേണ്ടത് നമ്മുടെ നാടിന്റെ ആവശ്യമാണ്. കേരളം മാത്രം കായികരംഗത്ത് പുറകിലേക്ക് പോകാൻ പാടില്ല. അതുകൊണ്ട് യു.പി. മുതൽ ഹയർ സെക്കണ്ടറി വരെയുള്ള കുട്ടികളെ പരിശീലിപ്പിക്കുന്നതിന് നടപടിയുണ്ടാകണം. നാളെ വൈകിട്ട് 3.00 മണിക്ക് സെൻട്രൽ സ്റ്റേഡിയത്തിൽ എം.എൽ.എ.-മാരും പത്രക്കാരും തമ്മിൽ ക്രിക്കറ്റ് മൽസരം നടക്കുകയാണ്. ഞങ്ങളെല്ലാം അതിൽ പങ്കെടുക്കുന്നുണ്ട്.

മി. സ്പീക്കർ: അക്കാര്യം അധികം ആളുകളെ അറിയിക്കേണ്ട.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, നമ്മുടെ കുട്ടികൾക്ക് ഇത്തരം അവബോധം ഉണ്ടാകണം. മുമ്പ് കബഡിയും ഖോ ഖോയും ഉണ്ടായിരുന്നു. ഇപ്പോൾ അതൊന്നും സ്കൂളുകളിൽ കാണാൻ കഴിയുന്നില്ല. കുട്ടികളിൽനിന്നും കായിക സംസ്കാരം അന്യംനിന്നുപോകുകയാണ്. അതിന്റെ ഫലമായി കഞ്ചാവും മയക്കുമരുന്നും ഉപയോഗിക്കുന്നു.

മി. സ്പീക്കർ: ഇപ്പോഴും നാഷണൽ ഗെയിംസിൽ കേരളമാണ് ഒന്നാം സ്ഥാനത്തെന്ന കാര്യം അറിയാമോ?

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, അത് ഉൾക്കൊണ്ടുകൊണ്ടു തന്നെയാണ് പറയുന്നത്. അങ്ങ് നല്ലൊരു പ്രൊഫസറാണ്. നല്ല എനർജറ്റിക്കായി പ്രവർത്തിക്കുന്നൊരു മന്ത്രിയാണ്. അതുകൊണ്ട് അങ്ങ് ഇതിന് പരിഹാരം കാണണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, യു.പി. സ്കൂളിലോ ഹൈസ്കൂളിലെ യു.പി. വിഭാഗത്തിലോ അഞ്ഞൂറോ അതിൽ കൂടുതലോ വിദ്യാർത്ഥികളുണ്ടെങ്കിൽ ഒരു സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തിക അനുവദിക്കാമെന്ന വ്യവസ്ഥയുള്ളത് കെ.ഇ.ആർ. അദ്ധ്യായം 23 ചട്ടം 6 ബി (2) (എ)-യിലാണ്. കെ.ഇ.ആർ. അദ്ധ്യായം 23 ചട്ടം 6 (4) ന്റെ മൂന്നാമത്തെ പ്രൊവൈസോപ്രകാരം ഹൈസ്കൂൾ വിഭാഗത്തിൽ ആഴ്ചയിൽ അഞ്ച് പിരീഡുകളെങ്കിലും ലഭ്യമാകുന്ന സ്പെഷ്യലിസ്റ്റ് വിഷയങ്ങൾക്ക് ഒരു ഫുൾടൈം സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തിക അനുവദിക്കാം. കായികാദ്ധ്യാപക തസ്തികയ്ക്ക് രണ്ടാമത്തെ പോസ്റ്റ് അനുവദിക്കാൻ ഇപ്പോൾ വ്യവസ്ഥകളില്ല. യു.പി. വിഭാഗത്തിൽ കുട്ടികളുടെ എണ്ണത്തിന്റെയും ഹൈസ്കൂൾ വിഭാഗത്തിൽ പിരീയഡിന്റെയും അടിസ്ഥാനത്തിലാണ് കായികാദ്ധ്യാപക തസ്തിക ഉൾപ്പെടെയുള്ള സ്പെഷ്യലിസ്റ്റ് വിഷയങ്ങൾക്ക് ഫുൾടൈം സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തിക അനുവദിക്കാൻ കെ.ഇ.ആർ-ൽ വ്യവസ്ഥയുള്ളത്. ഒന്നുകിൽ കുട്ടികളുടെ എണ്ണം/പിരീഡ് അടിസ്ഥാനമാക്കി ഈ മാനദണ്ഡത്തെ ഏകീകരിക്കുന്നതിന് വിശദമായ പഠനം ആവശ്യമുണ്ട്. യു.പി./ഹൈസ്കൂൾ തലത്തിൽ കായികാദ്ധ്യാപക നിയമനത്തിനുള്ള യോഗ്യതകളിൽ ഇപ്പോൾ വ്യത്യാസമൊന്നുമില്ല. രണ്ട് വിഭാഗങ്ങളിലെയും തസ്തികകൾക്ക് ഒരേ ശമ്പള സ്കെയിലുമാണ്. വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ കായികാദ്ധ്യാപക നിയമനം ക്രമീകരിക്കുന്നതിനെ സംബന്ധിച്ചും ഹയർ സെക്കണ്ടറി സ്കൂളുകളിലെ കായികാദ്ധ്യാപക ക്രമീകരണം സംബന്ധിച്ചും പൊതുവിദ്യാഭ്യാസ ഡയറക്ടർ എസ്.സി.ഇ.ആർ.ടി-യുമായി ചേർന്ന് പരിശോധിച്ചുവരികയാണ്. കഴിയുന്നത്ര വിദ്യാലയങ്ങളിൽ കായികാദ്ധ്യാപക തസ്തിക അനുവദിച്ച് കായികാദ്ധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാരിനും ഡിപ്പാർട്ട്മെന്റിനും തുറന്ന മനസ്സാണുള്ളത്. ഇക്കാര്യം ഗൗരവമായി പരിശോധിക്കാം.

12.00 Noon]

## VIII റിപ്പോർട്ട് സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി I-ന്റെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ലെ അംഗമായ ഞാൻ 2018 ഏപ്രിൽ 1 മുതൽ

2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നു.

(2) സബ്ജക്റ്റ് കമ്മിറ്റി II-ന്റെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി II-ന്റെ അദ്ധ്യക്ഷനായ ഞാൻ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നു.

(3) സബ്ജക്റ്റ് കമ്മിറ്റി III-ന്റെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ജലവിഭവം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി III-ന്റെ അദ്ധ്യക്ഷനായ ഞാൻ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നു.

(4) സബ്ജക്റ്റ് കമ്മിറ്റി VII-ന്റെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VII-ന്റെ അദ്ധ്യക്ഷനായ ഞാൻ 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നു.

(5) സബ്ജക്ട് കമ്മിറ്റി XI-ന്റെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ അദ്ധ്യക്ഷനായ ഞാൻ 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നു.

(6) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുപ്പത്തിയേഴ് മുതൽ നാൽപ്പത്തിയൊന്ന് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മുപ്പത്തിയേഴ് മുതൽ നാൽപ്പത്തിയൊന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(7) പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്

ശ്രീ. എ. പ്രദീപ്കുമാർ: സർ, പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(8) സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാ രുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പത്താമത് റിപ്പോർട്ട്

ശ്രീമതി പി. അയിഷാ പോറ്റി: സർ, സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ പത്താമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

# IX ക്രമപ്രശ്നം

## കിഫ്ബിയുമായി ബന്ധപ്പെട്ട ധനവിനിയോഗം

ശ്രീ. എം. ഉമ്മർ: സർ, കിഫ്ബി ആക്ടിലെ 7(i) വകുപ്പുപ്രകാരം സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ മുതൽക്കൂട്ടുന്ന മോട്ടോർ വാഹന നികുതിയുടെയും പെട്രോളിയം സെസ്സിന്റെയും തുക ഒന്നാം വർഷം 10 ശതമാനമായും രണ്ടാം വർഷം 20 ശതമാനമായും അഞ്ചാം വർഷം 50 ശതമാനമായും ഉയരുകയാണ്. 29-1-2019 വരെ മോട്ടോർ വാഹന നികുതി 2001 കോടി രൂപയും പെട്രോളിയം സെസ്സ് 1371 കോടി രൂപയുമാണ്. ഇതുവരെ ആകെ 3372 കോടി രൂപ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും കിഫ്ബിയിലേക്ക് മാറിയിട്ടുണ്ട്. അത് 5 വർഷം പൂർത്തിയാകുമ്പോൾ ഏതാണ്ട് പത്തു-പന്ത്രണ്ടോളം കോടിയിലധികം രൂപയാകാൻ സാധ്യതയുണ്ട്. ഈ പണം കൈമാറുന്നത് 5-10-2018-ൽ കിഫ്ബി പുറപ്പെടുവിച്ച ജി.ഒ. പ്രകാരമാണ്. എസ്ക്രൂ മെക്കാനിസം വഴി 5475-98-നോൺപ്ലാൻ-വോട്ടഡ് എന്ന അക്കൗണ്ടിലേക്ക് ഇന്ന് ഫണ്ട് വന്നാൽ നാളെത്തന്നെ മാറത്തക്ക രീതിയിൽ ക്രമീകരണം നടത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിനോടൊന്നും എനിക്ക് വിയോജിപ്പില്ല. ഇത്രയധികം തുക കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും കിഫ്ബിയിലേക്ക് മാറുമ്പോൾ അത് ഒരു കമ്മിറ്റിയിലും ചർച്ച ചെയ്യപ്പെടുന്നില്ല. അത് സബ്ജക്ട് കമ്മിറ്റിയിൽ വരുമ്പോൾ, പ്രത്യേകിച്ച് എടുത്തുനോക്കുമ്പോൾ അതിന്റെ ഹെഡ്ഡിൽ കിഫ്ബി എന്ന് കാണാൻ കഴിയുന്നില്ല. അത് പലവക സാമ്പത്തിക സർവ്വീസുകളിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. പലവക സാമ്പത്തിക സർവ്വീസുകളെന്ന് ധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തിയാൽ ഈ ഫണ്ടിന്റെ സുതാര്യത ഇല്ലാതാകും. കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് സബ്ജക്ട് കമ്മിറ്റിയിലേക്ക് വരുമ്പോൾ, പ്രത്യേക അക്കൗണ്ടിലേക്കോ കിഫ്ബിയിലേക്ക് ചെലവഴിച്ചതോ ആയ തുക ചർച്ച ചെയ്യപ്പെടാതെ പോകുകയാണ്. സാധാരണ ഗതിയിൽ ഇത് ഗില്ലറ്റിൻ ചെയ്യുകയാണ്. പലവകയിൽ വരുന്ന ഭീമമായ തുക റൂൾസ് ഓഫ് പ്രൊസീഡ്യുവർ 143(2) പ്രകാരം ഒരിടത്തും ചർച്ച ചെയ്യാതെ അപ്രോപ്രിയേഷൻ ബില്ലിലൂടെ പാസ്സാക്കിക്കൊടുക്കുകയാണ്. എന്നുപറഞ്ഞാൽ ഭരണഘടനയുടെ അടിസ്ഥാനത്തിൽ വന്നിട്ടുള്ള ഭീമമായ കൺസോളിഡേറ്റഡ് ഫണ്ട് ചർച്ച ചെയ്യപ്പെടാതെ നമ്മുടെ സഭ ഗില്ലറ്റിൻ ചെയ്ത് പോകുകയാണ്. മാത്രമല്ല ഇതിൽ ഒരു ഫിഡിലിറ്റി സർട്ടിഫിക്കറ്റ് കിഫ്ബി ഹാജരാക്കുന്നുണ്ട്. കിഫ്ബി ആക്ട് പ്രകാരം ഓരോ ആറ് മാസം കൂടുമ്പോഴും അക്കൗണ്ട് സംബന്ധമായ ഫിഡിലിറ്റി സർട്ടിഫിക്കറ്റ് സഭ മുമ്പാകെ വയ്ക്കണമെന്നുണ്ട്. അത് എവിടെയാണ് ചർച്ച ചെയ്യപ്പെടുന്നത്? മറ്റ് നിരവധി രേഖകൾ വയ്ക്കുന്ന കൂട്ടത്തിൽ ഫിഡിലിറ്റി

സർട്ടിഫിക്കറ്റും വച്ചുപോകുന്നു. ഇത്രയും ഭീമമായ തുക കൺസോളിഡേറ്റ് ഫണ്ടിൽനിന്നും കൊടുക്കുമ്പോൾ ഈ സഭയിലോ സബ്ജക്ട് കമ്മിറ്റിയിലോ അതിനുശേഷം നിയമസഭാ സമിതിയിലോ ചർച്ച ചെയ്യുന്നില്ല. ഇതിൽ ആഡിറ്റ് നടക്കുന്നില്ല. കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നുള്ള തുകയാണെങ്കിൽ കിഫ്ബിയുടെ അക്കൗണ്ട് പരിശോധിക്കുന്ന സി.&എ.ജി. അത് പരിശോധിക്കേണ്ടതാണ്. നമ്മുടെ ഭരണഘടനയുടെ ആക്ട് 149 പ്രകാരം കൺസോളിഡേറ്റഡ് ഫണ്ടിന്റെ ആഡിറ്റ് നടത്തേണ്ടത് സി.&എ.ജി.യുടെ അവകാശത്തിൽപ്പെട്ടതാണ്. സി.&എ.ജി. ആഡിറ്റ് ചെയ്യണമെന്നുള്ളത് കിഫ്ബി ആക്ടിലോ അതുമായി ബന്ധപ്പെട്ട പദ്ധതിയിലോ പറയുന്നില്ല. ആകെ ആഡിറ്റ് നടത്തുന്നത് ചാർട്ടേർഡ് അക്കൗണ്ടന്റാണ്. ഇത്രയും ഭീമമായ തുക സംസ്ഥാന ഗവൺമെന്റിൽനിന്നും കൊടുക്കുമ്പോൾ വെറുമൊരു ചാർട്ടേർഡ് അക്കൗണ്ടന്റ് മാത്രം ആഡിറ്റ് ചെയ്താൽ മതിയോ? ഇത്രയും വലിയ തുക കൈമാറുന്നത് സബ്ജക്ട് കമ്മിറ്റികളുടെയോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട ഏതെങ്കിലും ധനകാര്യ കമ്മിറ്റികളുടെയോ പരിഗണനയ്ക്ക് പോകുന്നില്ല. സാധാരണഗതിയിൽ നിയമസഭ വോട്ട് ചെയ്ത് പാസ്സാക്കുന്ന തുകകളെല്ലാം സബ്ജക്ട് കമ്മിറ്റിയിൽ വരികയും അതിനുശേഷം അത് സ്ക്രൂട്ടണിക്കുവേണ്ടി വീണ്ടും സഭയിൽ വരികയും ചെയ്യുന്നു. പിന്നീട് ഇത് നിയമസഭയുടെ ഫിനാൻഷ്യൽ കമ്മിറ്റികളായ പി.എ.സി-യിലോ എസ്റ്റിമേറ്റ്സ് കമ്മിറ്റിയിലോ പി.യു.സി-യിലോ വരണം. ഈ കേസിൽ അതൊന്നും വരുന്നില്ല. നിയമസഭയ്ക്ക് അക്കൗണ്ടബിലിറ്റിയില്ലാതെ ഇത്രയുമധികം തുക കൊടുക്കുന്നത് നിയമത്തിനും ഭരണഘടനയ്ക്കും ചട്ടങ്ങൾക്കും വിരുദ്ധമാണ്. അതുകൊണ്ട് ഇത് ഗൗരവമായെടുത്ത് നിയമസഭ മുമ്പാകെയും അതുമായി ബന്ധപ്പെട്ട സമിതികൾ മുമ്പാകെയും ചർച്ച ചെയ്യാനും ആഡിറ്റ് നടത്താനുമുള്ള സംവിധാനമുണ്ടാക്കണം. അതിനുള്ള നിർദ്ദേശങ്ങൾ നൽകണമെന്നാണ് എനിക്ക് പറയാനുള്ളത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പെട്രോളിയം സെസ്സും മോട്ടോർ വാഹന നികുതിയുടെ ഒരു വിഹിതവും എല്ലാ വർഷവും കിഫ്ബിക്ക് സർക്കാരിൽനിന്ന് നൽകുന്നുണ്ട്. കിഫ്ബി ആക്ടിൽ 7-ാം വകുപ്പിലെ 3-ാം ഉപവകുപ്പ് പ്രകാരം നിയമസഭ സമയാസമയങ്ങളിൽ പാസ്സാക്കുന്ന നിയമപ്രകാരമുള്ള ധനവിനിയോഗം വഴി ആക്ടിൽ വിവക്ഷിക്കുന്ന ആവശ്യങ്ങൾക്ക് സർക്കാർ ഗ്രാന്റ്, അഡ്വാൻസ്, വായ്പ എന്നിവ കിഫ്ബി ഫണ്ടിനായി നൽകാവുന്നതാണ് എന്ന് വ്യവസ്ഥയുണ്ട്. ആയതിനാൽ നിയമസഭ അംഗീകരിക്കുന്ന വ്യവസ്ഥകൾ പ്രകാരമേ ഗ്രാന്റ്, അഡ്വാൻസ്, വായ്പ എന്നിവ കിഫ്ബിക്കായി സർക്കാരിന് നൽകാനാവൂ. ഭേദഗതി

ചെയ്ത കിഫ്ബി ആക്ടിലെ സെക്ഷൻ 6 (സി) പ്രകാരം നിധിയുടെ എല്ലാ നിക്ഷേപങ്ങളും ഈ ആക്ടിലെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് അനുസൃതമാണെന്നും ബോർഡിലെ നിധി വകമാറ്റി ചെലവഴിക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനായി ഒരു ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷൻ (FTAC) രൂപീകരിച്ചിട്ടുണ്ട്. ടി കമ്മീഷൻ ഭൂരിപക്ഷം അംഗങ്ങളുടെയും അംഗീകാരത്തോടെ ആക്ടിലെയും പദ്ധതികളിലെയും വ്യവസ്ഥകൾക്ക് അനുസൃതമായി കിഫ്ബി തുകകളുടെ വിനിയോഗവും മിച്ചമുള്ള തുകകളുടെ നിക്ഷേപവും നടത്തുന്നുവെന്ന് സാക്ഷ്യപ്പെടുത്തി ഓരോ ആറ് മാസത്തിലും ഫിഡിലിറ്റി സർട്ടിഫിക്കറ്റ് നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ വകുപ്പ് 3-ലെ 8-ാം ഉപവകുപ്പ് പ്രകാരം ബോർഡിന്റെ ധനാഗമ മാർഗ്ഗങ്ങളും അവയുടെ വിനിയോഗവും സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റും ആക്ടിൽ വ്യവസ്ഥ ചെയ്തപ്രകാരം ബോർഡിന്റെ ധനം ഉദ്ദേശിക്കപ്പെട്ട ആവശ്യങ്ങൾക്കായി ഫലപ്രദമായി ഉപയോഗിച്ചിട്ടുണ്ടെന്നുള്ളതും മിച്ചമുള്ള ധനം കൈകാര്യം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കി FTAC പുറപ്പെടുവിക്കുന്ന ഫിഡിലിറ്റി സർട്ടിഫിക്കറ്റും സംസ്ഥാന വാർഷിക ബഡ്ജറ്റിന്റെ അവതരണത്തോടൊപ്പം നിയമസഭയുടെ മേശപ്പുറത്ത് സർക്കാർ വയ്ക്കണമെന്ന് നിഷ്കർഷിക്കുന്നു. ബഡ്ജറ്റ് രേഖയോടൊപ്പം എല്ലാ നിയമസഭാംഗങ്ങൾക്കും ഇത് ലഭ്യമാണ്.

ഇതോടൊപ്പം കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 1971-ലെ ഡി.പി.സി. ആക്ട് സെക്ഷൻ 14(1) പ്രകാരം സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്നുള്ള ധനാഗമമുള്ള ഏത് സ്ഥാപനവും ഓഡിറ്റിന് സ്വമേധയാ വിധേയമാക്കാൻ സി. ആന്റ് എ.ജി.-ക്ക് അധികാരമുണ്ട്. ഇപ്രകാരം കിഫ്ബിയുടെ സമ്മതം എ.ജി.-യെ അറിയിക്കുകയും തുടർന്ന് നിലവിൽ കിഫ്ബിയുടെ പരിശോധന എ.ജി.യുടെ നേതൃത്വത്തിൽ നടന്നുവരികയുമാണ്. പ്രസ്തുത ഓഡിറ്റ് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് ബഹുമാനപ്പെട്ട നിയമസഭയുടെ ധനകാര്യ കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

ഇതിനുപുറമേ ആക്ടിലെ 15, 16 എന്നീ വകുപ്പുകൾ പ്രകാരം കിഫ്ബിയുടെ വാർഷിക റിപ്പോർട്ടും നിയമപരമായി ഓഡിറ്റ് ചെയ്യപ്പെട്ട വാർഷിക കണക്കുകളും ബന്ധപ്പെട്ട ആഡിറ്റ് റിപ്പോർട്ട് സഹിതം എല്ലാവർഷവും നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്. അപ്രകാരം മേശപ്പുറത്തുവച്ച കടലാസുകളുടെ സമിതി, പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി എന്നിവയുടെ പരിശോധനയ്ക്ക് വിധേയമാകുന്നതാണ്. കിഫ്ബിയുടെ 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ട് സഹിതമുള്ള വാർഷിക കണക്കുകളും വാർഷിക റിപ്പോർട്ടുകളും ഫിഡിലിറ്റി സർട്ടിഫിക്കറ്റിനൊപ്പം നിയമസഭയിൽ സമർപ്പിച്ചിട്ടുള്ളതാണ്. 2018-19-ലെ ടി രേഖകൾ താമസിയാതെ സമർപ്പിക്കുന്നതാണ്.

കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്റ്റിൽ വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം മേൽ വിവരിച്ച സംവിധാനങ്ങളും പ്രക്രിയകളും നിലവിലുള്ളതിനാൽ കിഫ്ബിയുടെ എല്ലാ വരവുകളും ചെലവുകളും പ്രവർത്തനങ്ങളും നിയമസഭയുടെയും ബന്ധപ്പെട്ട നിയമസഭാ സമിതികളുടെയും പരിശോധനകൾക്ക് വിധേയമായിട്ടുള്ളതിനാൽ പ്രസ്തുത ക്രമപ്രശ്നം നിലനിൽക്കുന്നില്ലെന്ന് അറിയിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, വളരെ ഗൗരവമായ വിഷയമാണ് ഇവിടെ ഉന്നയിച്ചത്. ഇത് ഉന്നയിക്കുന്നതിനുവേണ്ടി നോട്ടീസ് തയ്യാറാക്കിയിരുന്നതാണ്. 654 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളെ കുറിച്ചാണ് ഇന്നലെ ഈ സഭ സ്ക്രൂട്ടിണി നടത്തി ചർച്ച ചെയ്തത്. 3372 കോടി രൂപയാണ് കിഫ്ബിയിലേക്ക് പോകുന്നത്. ഈ തുക നിയമസഭയുടെ സ്ക്രൂട്ടിണിക്ക് വിധേയമാകാതെ യഥാർത്ഥത്തിൽ കിഫ്ബിയിലേക്ക് പോകുന്നുവെന്നത് പ്രധാനപ്പെട്ട ഭരണഘടനാ പ്രശ്നമാണ്. ആർട്ടിക്കിൾ 203, 204 എന്നിവ നിയമസഭയുടെ സ്ക്രൂട്ടിണിയെക്കുറിച്ചുള്ളതാണ്. ആന്വൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് വയ്ക്കുമ്പോഴും ആർട്ടിക്കിൾ 204 അനുസരിച്ച് അപ്രോപ്രിയേഷന്റെ സമയത്ത് നടക്കുന്ന സ്ക്രൂട്ടിണിയും വളരെ പ്രധാനമാണ്. ഇത്രയും ഭീമമായ തുകയാണ് നിയമസഭയുടെ സ്ക്രൂട്ടിണിക്ക് വിധേയമാകാതെ പോകുന്നത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഫിഡിലിറ്റി സർട്ടിഫിക്കറ്റ് വയ്ക്കുന്നതും ഇതിന്റെ കൂടെ സ്റ്റേറ്റ്മെന്റ് വയ്ക്കുന്നതും ഒന്നും നിലനിൽക്കുന്നതല്ല. ഇത് കിഫ്ബിയുടെ അമെന്റ്മെന്റ് ചർച്ച നടന്ന സമയത്തുതന്നെ ഞങ്ങൾ സൂചിപ്പിച്ചതാണ്. ഭരണഘടനാ വിരുദ്ധമായിട്ടാണ് കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും ഇത്രയും ഭീമമായ തുക സ്ക്രൂട്ടിണിക്ക് വിധേയമാക്കാതെ ഉപയോഗിക്കുന്നത് എന്നത് ബഹുമാനപ്പെട്ട ചെയർ ഗൗരവപൂർവ്വം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: കിഫ്ബിയുമായി ബന്ധപ്പെട്ട ധനവിനിയോഗത്തെ സംബന്ധിച്ച് ശ്രീ. എം. ഉമ്മർ വിശദമായി എഴുതി നൽകുകയും ഇവിടെ ഉന്നയിക്കുകയും ചെയ്ത ക്രമപ്രശ്നവും അതിന്മേൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നൽകിയ വിശദീകരണവും ചെയർ സൂക്ഷ്മമായി കേൾക്കുകയുണ്ടായി. ഇക്കാര്യത്തിൽ വിശദമായ പരിശോധന ആവശ്യമുണ്ട് എന്നാണ് ചെയറിന് തോന്നുന്നത്. ഇക്കാര്യത്തിൽ അടങ്ങിയിരിക്കുന്ന നിയമപ്രശ്നവും നടപടിക്രമങ്ങളിലെ സങ്കീർണ്ണതകളും പരിശോധിച്ച് വിശദമായ റൂളിംഗ് പിന്നീട് നൽകുന്നതാണ്.

# X നിയമനിർമ്മാണകാര്യം

## 2019-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2019-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2019-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. ജനപക്ഷ നടപടികൾ പ്രാവർത്തികമാക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രായോഗിക നടപടികളുടെ ധനവിനിയോഗത്തെക്കുറിച്ചാണ് ഈ ബില്ലിൽ പറയുന്നത്. അതിനാലാണ് ഞാൻ പിന്തുണയ്ക്കുന്നത്. ആഗോള മൂലധനത്തിന്റെ കടന്നുകയറ്റവും കോർപ്പറേറ്റുകളുടെ അഴിഞ്ഞാട്ടവും യഥേഷ്ടം നടക്കുന്ന ഈ കാലയളവിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്തും അതിന്റെ പ്രതിഫലനങ്ങളുണ്ടാവുക സ്വാഭാവികമാണ്. ഉത്പാദന വ്യവസ്ഥയും പരമ്പരാഗത വ്യവസായങ്ങളും ശാസ്ത്രീയമായി പുനഃസ്ഥാപിക്കണമെന്നതാണ് ഇടതുപക്ഷ നിലപാട്. ആ നിലപാടിന്റെ പ്രയോഗവത്കരണത്തിലേക്ക് വിരൽ ചൂണ്ടുന്നതാണ് ഈ ധനവിനിയോഗ ബിൽ. നാം ഇപ്പോൾ നവകേരളം കെട്ടിപ്പടുക്കാനുള്ള തീവ്രശ്രമത്തിലാണ്. പ്രളയത്തിൽ തകർന്ന വീടുകൾ പുനർനിർമ്മിക്കുക എന്നതിൽ മാത്രമല്ല നവകേരള നിർമ്മാണത്തിലാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി വിശ്വസിക്കുന്നത്.

ഉത്പാദന വ്യവസ്ഥയുടെ പുനരുദ്ധാരണത്തിനായിരിക്കണം പശ്ചാത്തല സൗകര്യവികസനം എന്നതാണ് ഇടതുപക്ഷ കാഴ്ചപ്പാട്. അടിസ്ഥാന വികസനമെന്നത് ഞങ്ങളെ സംബന്ധിച്ചിടത്തോളം കേവല വ്യവസായമല്ല. ഉത്പാദകരെയും ഉത്പാദക വർഗ്ഗങ്ങളെയും അവഗണിച്ചു കൊണ്ടുള്ള വികസനം സുസ്ഥിരമാകില്ല എന്ന് ഞങ്ങൾക്കറിയാം. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. സർക്കാരിന്റെ കോർപ്പറേറ്റ് പ്രീണന നയങ്ങളും കുത്തഴിഞ്ഞ സാമ്പത്തിക മാനേജ്മെന്റും കാരണം ഇന്ത്യൻ സാമ്പത്തികരംഗം തകർന്നടിഞ്ഞിരിക്കുകയാണ്.

അപ്പോഴും ഈ കൊച്ചു കേരളത്തിന്റെ സാമ്പത്തികമേഖല തകരാതെ നിലനിർത്തുന്നുണ്ട്. അഴിമതിയുടെ തോത് കുറച്ചുകൊണ്ടുവരാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ അഴിമതി പൂർണ്ണമായും ഇല്ലാതാക്കാൻ ഇനിയും ഏറെ പ്രയത്നിക്കേണ്ടതുണ്ട്. ക്രമസമാധന പാലനത്തിന്റെ കാര്യത്തിലും കേരളം ഏറെ മെച്ചപ്പെട്ടിട്ടുണ്ട്. എന്നാൽ പോലീസ് സേനയെക്കുറിച്ച് ഈയിടെ ഉയർന്നുവന്നിട്ടുള്ള ചില ആക്ഷേപങ്ങൾ ഗൗരവത്തിലെടുക്കുകയും അത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള കർശന നടപടിയിലേക്ക് കടക്കുകയും വേണം. ഒറ്റപ്പെട്ട സംഭവങ്ങളുടെ അടിസ്ഥാനത്തിലല്ല ഒരു വകുപ്പിനെ ഈ സഭ വിലയിരുത്തേണ്ടത്. പോലീസിന് ജുഡീഷ്യൽ അധികാരം കൂടി ലഭിക്കുകയാണെങ്കിൽ എന്തെല്ലാം ദുരിതങ്ങളാണ് ഉണ്ടാകുക എന്ന സൂചനയിലേക്ക് കണ്ണുതുറക്കാൻ ഈ സഭാ സംഭവങ്ങൾ നിമിത്തമാവുകയുണ്ടായി. ഇത് പറയുമ്പോൾ ഒരു കാര്യം അർദ്ധശങ്കയ്ക്ക് ഇടനൽകാതെ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. പോലീസിന് ജുഡീഷ്യൽ അധികാരം നൽകാനുള്ള തീരുമാനമെടുത്തത് ഉമ്മൻ ചാണ്ടി സർക്കാരായിരുന്നു. ആ തീരുമാനം നടപ്പിലാക്കാൻ ഇടതുപക്ഷ സർക്കാർ തീരുമാനിച്ചിട്ടില്ല.

നമ്മുടെ ആശുപത്രികൾ എത്രയോ മെച്ചപ്പെട്ടിരിക്കുന്നു. അടിസ്ഥാന സൗകര്യം, ആതുരസേവകരുടെ എണ്ണം, കാര്യക്ഷമത, പകർച്ചവ്യാധികളെ നേരിടുന്നതിൽ കാണിച്ച ജാഗ്രത എന്നിവയിലെല്ലാം കേരളം നമ്പർ വൺ തന്നെ. തൊഴിലാളി-കർഷകാദി ജനവിഭാഗങ്ങളുടെ മുന്നേറ്റവും അതിലൂടെയുള്ള സാമ്പത്തിക ഭദ്രതയുമാണ് നമുക്ക് ആശ്രയിക്കാവുന്നത്. പ്രളയത്തിൽ മുങ്ങിയ ഘട്ടത്തിൽപ്പോലും കേരളത്തിലേക്കുള്ള സാമ്പത്തിക സ്രോതസ്സുകൾ എല്ലാം അടച്ചുകളഞ്ഞ കേന്ദ്ര സർക്കാരിനെ നമുക്ക് വലിയ തോതിൽ ആശ്രയിക്കാനാകില്ല. വിദേശ മൂലധനത്തെയും കോർപ്പറേറ്റുകളെയും നമുക്ക് ആശ്രയിക്കാനാകില്ല. കോൺഗ്രസിന്റെ ഉദാരവൽക്കരണ നയങ്ങൾക്കും നരേന്ദ്ര മോദി ഗവണ്മെന്റിന്റെ കോർപ്പറേറ്റ് വാഴ്ച്ചയ്ക്കും ബദലുണ്ടെന്ന് പ്രഖ്യാപിച്ചത് ഇന്ത്യയിലെ ഇടതുപക്ഷമാണ്. ആ ഇടതുപക്ഷം ഭരിക്കുന്ന കേരളത്തിൽ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ ഒന്നൊന്നായി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്ന ധനവിനിയോഗ ബില്ലിനെ പിന്തുണയ്ക്കേണ്ടത് ഓരോ കേരളീയന്റെയും കടമയാണെന്ന് ഞാൻ കരുതുന്നു.

ഭരണനേട്ടങ്ങളുടെ അവകാശികളായിരിക്കെത്തന്നെ പിഴവുകളുടെയും കോട്ടങ്ങളുടെയും ഉത്തരവാദിത്വത്തിൽനിന്ന് ഭരണകൂടങ്ങൾക്ക് ഒഴിഞ്ഞു മാറാനാകില്ല. ചില കാര്യങ്ങളിൽ പിഴവ് സംഭവിച്ചിട്ടുണ്ടെന്നത് വ്യക്തമാണ്. പിഴവുകൾക്ക് ഉത്തരവാദികളായ ജീവനക്കാരെ ശിക്ഷിക്കുകയും ചെയ്തിട്ടുണ്ട്. അത്തരം സംഭവങ്ങൾ ഉണ്ടാകില്ലെന്ന് ഉറപ്പുവരുത്താൻ ജനപ്രതിനിധികൾക്കും

ഉത്തരവാദിത്വമുണ്ട്. തങ്ങളുടെ വീഴ്ചകളിൽനിന്നും ആർക്കും വിട്ടുനിൽക്കാനാകില്ല. എന്നാൽ ഒറ്റപ്പെട്ട ഇത്തരം സംഭവങ്ങൾ പർവ്വതീകരിച്ച് രാഷ്ട്രീയ മുതലെടുപ്പ് നടത്താനുള്ള കോൺഗ്രസിന്റെയും ബി.ജെ.പി.-യുടെയും നീക്കം അപലപനീയമാണ്. യു.ഡി.എഫ്. ഭരണകാലത്ത് നടന്ന ഉരുട്ടിക്കൊലയുടെയും കയ്യേറ്റങ്ങളുടെയും സ്ത്രീവിരുദ്ധ പ്രവർത്തനങ്ങളുടെയും അഴിമതിയുടെയും കണക്കുകൾ ഞാൻ ഇവിടെ എണ്ണിപ്പറയുന്നില്ല. ഇത് അതിനുള്ള വേദിയുമല്ല. മികച്ച രീതിയിൽ കേരളത്തിന്റെ പുനരുദ്ധാരണത്തിന് വഴി വെട്ടുന്നതാണ് ഈ സർക്കാരിന്റെ ധനവിനിയോഗ ബിൽ; ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. പിഴവുകൾ ഉണ്ടെങ്കിൽ അത് തിരുത്തണമെന്നാണ് ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ഗവൺമെന്റിനോട് പറഞ്ഞത്. കഴിഞ്ഞ മൂന്ന് വർഷക്കാലം സാമ്പത്തിക രംഗത്ത് പിഴവുകൾ മാത്രം വരുത്തിവച്ച ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ധനവിനിയോഗ ബില്ലാണിത്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി എല്ലാ കാര്യങ്ങളെയും ലാഘവത്തോടുകൂടി കാണുകയും ഈ സഭയിൽ മാത്രമല്ല, ജനങ്ങളോടും പറയുന്ന കാര്യങ്ങളിൽ ഞാനാണ് ശരിയെന്ന് സ്ഥാപിക്കാൻ എപ്പോഴും ശ്രമിക്കുന്ന ആളുമാണ്. അങ്ങയുടെ ശ്രദ്ധയിലേയ്ക്ക്, 'സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇതിൽനിന്നും സംസ്ഥാനത്തെ കരകയറ്റാൻ മറ്റാരും ഏറ്റെടുക്കാത്തതായ ദൗത്യം എന്റെ സർക്കാർ ഇന്ന് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി കേരള ജനത നിയമസഭയിലൂടെ അംഗീകരിച്ച വാർഷിക പദ്ധതികളുടെ നടപ്പാക്കൽ വാസ്തവത്തിൽ സ്തംഭിച്ചിരിക്കുകയാണ്. മൂന്ന് വർഷത്തെ വാർഷിക പ്ലാൻ ബഡ്ജറ്റുകളിൽ പ്രഖ്യാപിക്കപ്പെട്ട നിരവധി പദ്ധതികളുടെ യഥാർത്ഥ ചെലവ് നിയമസഭ അംഗീകരിച്ച ബഡ്ജറ്റിന്റെ 60-70 ശതമാനം മാത്രമായിരുന്നു.' ഞാൻ ഇത് വായിക്കുമ്പോൾ ചിലപ്പോൾ തോന്നും നിങ്ങളുടെ ഈ ഗവൺമെന്റിന്റെ കാര്യമാണ് സൂചിപ്പിച്ചതെന്ന്. അല്ല. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിനെക്കുറിച്ചും സംസ്ഥാന ഗവർണറെക്കൊണ്ട് അങ്ങ് ആദ്യത്തെ പ്രസംഗത്തിൽ വായിപ്പിച്ചതാണ്. ഇപ്പോൾ ഇത് വായിച്ചതിനുകാരണം, അങ്ങ് ഇറക്കിയ ധവളപത്രത്തിന്റെ ആദ്യ വരികളിലും ഗവർണറുടെ ഈ വാക്കുകളാണുള്ളതെന്നതിനാലാണ്. മൂന്ന് വർഷത്തെ വാർഷിക പ്ലാനുകളുടെ കാര്യം സൂചിപ്പിച്ചു. ഇതേ ധവളപത്രത്തിൽ അങ്ങ് സൂചിപ്പിച്ച മറ്റൊരു കാര്യം, ഫണ്ടിന്റെ പിൻബലം ഉറപ്പാക്കാതെയാണ് യു.ഡി.എഫ്. ഗവൺമെന്റ് എല്ലാ പദ്ധതികളും നടപ്പാക്കിയത് എന്നാണ്. എവിടെനിന്ന് ഫണ്ട് ലഭിക്കുമെന്ന് ചിന്തിക്കാതെ സ്വന്തം ഇഷ്ടപ്രകാരം കാര്യങ്ങൾ നടത്തിയെന്നുള്ളതാണ്

അങ്ങയുടെ ധവളപത്രത്തിൽ രണ്ടാമതായി പറയുന്ന കാര്യം. "ഫണ്ടിന്റെ പിൻബലം ഉറപ്പാക്കാതെയാണ് പദ്ധതികളും പ്രോജക്ടുകളും പ്രഖ്യാപിച്ചിരുന്നത്. പ്രഖ്യാപിച്ച പ്രോജക്ടുകളുടെ കണക്കുകളുടെയും യഥാർത്ഥത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെയും വിടവ് നികത്തുന്നതിന് അധിക വിഭവ സമാഹരണത്തിനുള്ള നടപടി മാത്രം നിർദ്ദേശിച്ചു. എന്നാൽ ആ അധികവിഭവ സമാഹരണം നേടുന്ന കാര്യത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് പരിപൂർണ്ണ പരാജയമായി" എന്നാണ് അങ്ങ് പറഞ്ഞത്.

കെ. എം. മാണി ഇന്ന് നമ്മോടൊപ്പമില്ല. കഴിഞ്ഞ ഗവൺമെന്റിലെ അധികവിഭവ സമാഹരണത്തെക്കുറിച്ചും നികുതി പിരിവിനെക്കുറിച്ചും ബഡ്ജറ്റിന്റെ പിന്തുണയില്ലാതെ പ്രോജക്ടുകൾ അനുവദിക്കുന്നതിനെക്കുറിച്ചും വാർഷിക പ്ലാനുകൾ 70 ശതമാനത്തിന് മുകളിൽ പോകുന്നില്ലെന്നും പറഞ്ഞ് എന്തെല്ലാം വിമർശനങ്ങളാണ് നടത്തിയത്. അങ്ങ് ഈ ധവളപത്രമെടുത്ത് വായിച്ചുനോക്കണം. മൂന്ന് വർഷക്കാലം അങ്ങ് നടത്തിയ പ്രവർത്തനങ്ങൾ എന്തായിരുന്നു, ഈ പറഞ്ഞ കാര്യങ്ങളിൽ ഏതെങ്കിലും ഒന്നിനോട് നീതി പുലർത്താൻ അങ്ങേക്ക് കഴിഞ്ഞോ;ഇക്കാര്യത്തിൽ കഴിഞ്ഞ ഗവൺമെന്റ് ചെയ്തത് തെറ്റാണെങ്കിൽ ആ ഗവൺമെന്റിന് ജീവപര്യന്തമാണ് ശിക്ഷയെങ്കിൽ അങ്ങേക്ക് കൊലക്കയർ കിട്ടുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അത്രമാത്രം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലേക്ക് സംസ്ഥാനത്തെ നയിച്ചിട്ട് ഇവിടെ ഒന്നും സംഭവിച്ചിട്ടില്ല, എല്ലാം ശാന്തമാണെന്ന് പറയുന്ന അങ്ങയുടെ ഈ ചിരിയുണ്ടല്ലോ, ഇതിലാണ് അങ്ങ് കാര്യങ്ങളെല്ലാം കൊണ്ടുപോകുന്നത്. ഡോ. ടി. എം. തോമസ് ഐസക് പ്രത്യേക ഗവേഷണം നടത്തുകയാണ്. 'കുറച്ചുകാലം കുറെയേറെ ആളുകളെ വിഡ്ഢികളാക്കാം, കുറെയേറെ കാലം കുറച്ച് ആളുകളെ വിഡ്ഢികളാക്കാം, എന്നാൽ എല്ലാക്കാലത്തും എല്ലാവരെയും വിഡ്ഢികളാക്കാൻ കഴിയില്ല' എന്നൊരു ചൊല്ലുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി എല്ലാക്കാലത്തേക്കും എല്ലാവരെയും വിഡ്ഢികളാക്കാനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

2400 കോടി രൂപയുടെ സ്ഥാനത്ത് 1800 കോടി രൂപയാണ് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് ഏറ്റവും ഒടുവിൽ പിരിച്ചെടുത്തത്, 600 കോടി രൂപ പിരിച്ചെടുത്തില്ല എന്നാണ് അങ്ങ് പറഞ്ഞത്. ഇപ്പോൾ പിരിവിന്റെ കാര്യത്തിൽ എന്താണ് സ്ഥിതിയെന്ന് അങ്ങ് പറയണം. ജി.എസ്.ടി.യെക്കുറിച്ച് അങ്ങ് ഒരുപാട് പ്രതീക്ഷ വച്ചു. ജി.എസ്.ടി.യിലൂടെ വലിയ ഫണ്ട് വരുമെന്ന് അതേ സീറ്റിലിരുന്ന് അങ്ങ് പറഞ്ഞു. ഞങ്ങൾ കുറെ ആശങ്കകൾ പറഞ്ഞു. ബി.ജെ.പി. ഗവൺമെന്റ് ഇത് നടപ്പാക്കുമ്പോൾ ജി.എസ്.ടി. കൗൺസിലിൽ ഇതിനെ ഏറ്റവും കൂടുതൽ പിന്തുണച്ചത് അങ്ങാണ്. ഇത് ബുദ്ധിമുട്ടുണ്ടാക്കുമെന്ന ആശങ്ക ഞങ്ങൾ അന്നും പറഞ്ഞു. പിന്നീട് ഓരോ പ്രാവശ്യവും ജി.എസ്.ടി.യെ തള്ളിപ്പറയുകയും

ഓരോ വർഷവും ജി.എസ്.ടി.യിലൂടെ ലഭിച്ച നികുതി വളരെ കുറവാണെന്ന് അങ്ങേക്ക് സമ്മതിക്കേണ്ടിയും വന്നു. വേണ്ട തയ്യാറെടുപ്പ് നടത്തിയില്ലെന്നതാണ് അതിന് അങ്ങ് പറയുന്ന ഒരു കാരണം. ജി.എസ്.ടി. വരുമെന്നുള്ളത് ഏറ്റവും നന്നായി അറിയുന്ന ആൾ അങ്ങല്ലേ; അങ്ങ് അതിനൊരു തയ്യാറെടുപ്പ് നടത്താതെ പണം പിരിച്ചെടുക്കുന്ന കാര്യത്തിൽ വലിയ വീഴ്ച വരുത്തി. വീഴ്ച വരുത്തിയ പണം ഈ വർഷം പിരിച്ചെടുക്കുമെന്നാണ് പറയുന്നത്. മൂന്ന് വർഷക്കാലംകൊണ്ട് ചെയ്യാൻ കഴിയാത്ത കാര്യം ഇനി അങ്ങ് ചെയ്യുമെന്ന് പറഞ്ഞാൽ എങ്ങനെ വിശ്വസിക്കാൻ കഴിയും; പദ്ധതികൾക്കുള്ള പണം വർഷംതോറും വേണ്ടരീതിയിൽ ചെലവഴിച്ചില്ലെന്നാണ് കഴിഞ്ഞ ഗവൺമെന്റിനെക്കുറിച്ച് അങ്ങ് പറഞ്ഞത്. അങ്ങ് സ്വന്തം മനഃസാക്ഷിയോട് ചോദിക്കണം, കഴിഞ്ഞ വർഷം പ്ലാൻ ഫണ്ടിന്റെ ചെലവ് എത്രയാണെന്നുള്ളത് എക്സ്പെൻഡിച്ചർ നോക്കണം. 20 ശതമാനം പ്ലാൻ കട്ട് പറഞ്ഞത് ഞാൻ അംഗീകരിക്കുന്നു. ബാക്കി വരുന്ന 80 ശതമാനത്തിൽ എത്ര പണം ചെലവഴിച്ചുവെന്ന് അങ്ങ് പറയണം. സ്പിൽ ഓവർ വർക്കുകൾക്ക് പണം കൊടുത്തത് ഒഴിച്ചാൽ കഴിഞ്ഞ വർഷത്തെ പദ്ധതി ചെലവെന്നുപറയുന്നത് നാമമാത്രമാണ്. കഴിഞ്ഞ ഗവൺമെന്റിനെ വിമർശിച്ച അങ്ങയുടെ ഭാഗത്തുനിന്നും ഇതൊക്കെ പരിഹരിക്കാൻ യാതൊരു രീതിയിലുള്ള താൽപ്പര്യവും ഉണ്ടായില്ല. പഞ്ചായത്തുമായി ബന്ധപ്പെട്ട കാര്യം ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് പറയുന്നില്ല. അങ്ങ് ഇന്നലെ ഇവിടെ സംസാരിച്ചപ്പോഴും പറഞ്ഞത് എന്താണ്; ക്യൂവിൽ നിൽക്കുന്ന 833 കോടി രൂപയുടെ 20 ശതമാനം നിങ്ങൾ വർദ്ധിപ്പിച്ചോളൂ, ഞങ്ങൾ തരുമെന്നാണ്. എന്തിനാണ് വളഞ്ഞ് മൂക്ക് പിടിക്കുന്നത്. നിലവിലുള്ള പ്ലാൻ ഫണ്ട് എത്രയാണോ അത് പൂർണ്ണമായും നടത്തിക്കോളൂ, ക്യൂവിലുള്ള 833 കോടി രൂപ അധികമായി നിങ്ങൾക്ക് നൽകുമെന്ന് അങ്ങ് പറഞ്ഞാൽ പ്ലാൻ റിവൈസ് ചെയ്യേണ്ട കാര്യമുണ്ടോ; ഒരു ഭാഗത്തുനിന്നും 20 ശതമാനം കൂടുതൽ കൊടുക്കുമെന്ന് പറയുന്നു, തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ഉത്തരവിറക്കുന്നു, നിലവിലുള്ള പ്ലാൻ റിവൈസ് ചെയ്ത് പുതിയ പ്ലാൻ കൊണ്ടുവരണമെന്ന് പറയുന്നു. ഇതിന്റെ വല്ല കാര്യവുമുണ്ടോ; നിങ്ങൾ നിങ്ങളുടെ പ്ലാനുമായി മുന്നോട്ടു പോയിക്കോളൂ, കഴിഞ്ഞ ക്യൂവിൽ കൊടുക്കേണ്ട പണം അനുവദിക്കുമെന്ന് പറഞ്ഞാൽ പ്ലാൻ റിവൈസ് ചെയ്യേണ്ട കാര്യം വരുമോ; പണം കൊടുക്കാൻ കഴിയില്ലെന്ന് അങ്ങേക്ക് ഉറപ്പാണ്. കഴിഞ്ഞ വർഷം കൊടുക്കാൻ കഴിയാത്ത ഒരു ഗവൺമെന്റിന് എവിടെ നിന്നെടുത്താണ് ഈ വർഷം കൊടുക്കാൻ കഴിയുക. കഴിഞ്ഞ ഗവൺമെന്റിനെക്കുറിച്ചാണ് അങ്ങ് പ്രധാനമായും പറഞ്ഞത്. കിഫ്ബിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. ബഡ്ജറ്റിന്റെ പിൻബലമില്ലാതെയാണ് യു.ഡി.എഫ്. ഗവൺമെന്റ് എല്ലാം പ്രഖ്യാപിച്ചതെന്ന് അങ്ങ് പറഞ്ഞല്ലോ; കിഫ്ബിയുടെ പിൻബലമെന്താണ്?

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

അൻപതിനായിരം കോടി രൂപ ചെലവഴിക്കാൻ അങ്ങ് പ്രഖ്യാപിക്കുമ്പോൾ എന്താണ് അതിന്റെ പിൻബലം? റോഡ് ഫണ്ട് ബോർഡ് സെസ്സും പെട്രോൾ സെസ്സും ഉൾപ്പെടെ രണ്ട് സെസ്സുകൾ ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് അങ്ങ് പറഞ്ഞു. ഈ രണ്ട് സെസ്സുകൾ മാത്രം ഉപയോഗിച്ച് എങ്ങനെയാണ് അൻപതിനായിരം കോടി രൂപയുടെ പ്രഖ്യാപനം നടത്താൻ കഴിയുക? ലോകത്ത് ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിനല്ലാതെ ഒരു ഭരണാധികാരിക്കും അതിന് കഴിയില്ല. എന്ത് പിൻബലമാണുള്ളത്? ഗൾഫ് രാജ്യങ്ങളിൽനിന്നും പണം ഒഴുകുമെന്നാണ് അന്ന് അങ്ങ് പറഞ്ഞത്. എത്ര പണമാണ് ഗൾഫ് രാജ്യങ്ങളിൽനിന്നും അങ്ങേക്ക് ലഭിച്ചത്? ഞാൻ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. അവസാനം മസാല ബോണ്ടിൽ അഭയം തേടേണ്ട സ്ഥിതിവന്നു. പലിശ കൂടുതൽ കൊടുക്കേണ്ടിവരുന്ന ഒരു സാഹചര്യമുണ്ടാകാൻ പോകുന്നു എന്നാണ് കഴിഞ്ഞ പ്രാവശ്യം പറഞ്ഞ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം. എക്സ്പെൻഡീച്ചർ റിവ്യൂ കമ്മിറ്റിയുടെ റിപ്പോർട്ട് അങ്ങ് കണ്ടുകാണുമെന്നാണ് കരുതുന്നത്. അങ്ങാണ് ആ റിപ്പോർട്ട് ആദ്യം വായിക്കുന്നത്, എന്താണ് അതിൽ പറയുന്നത്. 2011-ൽ ഏതാണ്ട് 7 ശതമാനം മാത്രം കൊടുത്തിരുന്ന പലിശ കഴിഞ്ഞവർഷം 24 ശതമാനത്തിൽ എത്തിയിരിക്കുകയാണ്. പെൻഷനും ശമ്പളത്തിനും പുറമേ പലിശയും കൂടി കൊടുത്തുകഴിയുമ്പോൾ മറ്റ് വികസന പ്രവർത്തനങ്ങൾക്ക് പണമില്ലാത്ത സാഹചര്യം വരും. പണം എവിടെ നിന്നെടുത്താണ് വികസന പ്രവർത്തനം നടത്തുന്നത്? അങ്ങ് പറയുന്നത് 50000 കോടിരൂപ പല ഭാഗത്തുനിന്നും കടം വാങ്ങുന്നതിനുള്ള തീവ്രശ്രമത്തി ലാണെന്നാണ്. അത് ഈ രാജ്യത്തെ എവിടെ കൊണ്ടെത്തിക്കുമെന്ന് അങ്ങ് മറുപടിയിൽ പറയണം. ഇത്രയും രൂപ പലിശ കൊടുത്താൽ നമുക്ക് താങ്ങാൻ കഴിയില്ലെന്നാണ് അങ്ങ് മുമ്പ് പറഞ്ഞത്. പറഞ്ഞ കാര്യങ്ങൾക്കെല്ലാം വിരുദ്ധമായിട്ടുള്ള കാര്യങ്ങളാണ് അങ്ങ് ചെയ്തുകൊണ്ടിരിക്കുന്നത്. ഞാൻ അതാണ് സൂചിപ്പിച്ചത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ മൂന്ന് ശതമാനമായി കടം നിയന്ത്രിക്കണമെന്ന് ധവളപത്രത്തിൽ പറഞ്ഞു. പക്ഷേ, 2017-18-ൽ അത് 3.6 ശതമാനമായി വർദ്ധിച്ചു. അങ്ങേക്ക് അതറിയാം. റവന്യൂ കമ്മി സീറോയിൽ എത്തിക്കുമെന്ന് പറഞ്ഞെങ്കിലും 2017-18-ലെ റവന്യൂ കമ്മി 2.6 ശതമാനമാണ്. ഇപ്പോൾ അത് മൂന്ന് ശതമാനത്തിലേക്കെത്തി. ചെയ്യുമെന്നുപറഞ്ഞ കാര്യങ്ങൾ ചെയ്തില്ലെന്ന് മാത്രമല്ല, അതിന് വിപരീതമായാണ് ഈ മൂന്ന് വർഷവും അങ്ങ് പ്രവർത്തിച്ചത്. ഏറ്റവും പ്രധാനപ്പെട്ട കാര്യം അതിലെ പലിശയാണ്. പലിശ ഇപ്പോൾ 24 ശതമാനമാണ്. ഈ പലിശയും ഇപ്പോൾ വാങ്ങുന്ന കടവുംകൂടി വന്നുകഴിഞ്ഞാൽ എന്തായിരിക്കും സ്ഥിതി? നമ്മൾ കടം വാങ്ങുന്നതിന്റെ പരിധി

കേന്ദ്രം വെട്ടിക്കുറച്ചുവെന്ന് പറയുന്നുണ്ട്. ബഡ്ജറ്റുമായി ബന്ധപ്പെട്ട കാര്യങ്ങളിലാണ് അത് വരുന്നത്. ബഡ്ജറ്റിന് പുറത്ത് വരുമാനം എവിടെനിന്ന് വരുന്നുവെന്ന് ആലോചിക്കാതെ പദ്ധതികൾ പ്രഖ്യാപിച്ച് പിന്നീട് അതിനുവേണ്ടി പണം കണ്ടെത്താൻ ലോക ബാങ്കിന്റെയും മറ്റ് ബാങ്കുകളുടെയും കാലുപിടിച്ച് എത്ര കൂടിയ പലിശയ്ക്കാണെങ്കിലും പണം കടം വാങ്ങുന്ന സാഹചര്യം വരികയും ചെയ്താൽ നാലോ അഞ്ചോ വർഷം കഴിഞ്ഞ് കേരളത്തിൽ അധികാരത്തിൽ വരുന്ന ഗവൺമെന്റ്, ഏത് ഗവൺമെന്റായാലും അതിന് ഒരിഞ്ച് മുന്നോട്ട് പോകുവാൻ കഴിയുമോ? കേരളത്തിലെ ജനങ്ങളെയും ഈ ഗവൺമെന്റിനെയും അങ്ങ് വഞ്ചിച്ചു കൊണ്ടിരിക്കുകയാണ്. പ്രധാനമായും കിഫ്ബിക്ക് ഇപ്പോൾ ഏതാണ്ട് 2150 കോടി രൂപ പുതിയ മസാല ബോണ്ടുകൾ വഴി കളക്ട് ചെയ്യുമെന്നാണ് ഇവിടെ പറഞ്ഞത്. അത് ഏതാണ്ട് ധാരണയായി. 2,150 കോടി രൂപ നിങ്ങൾ കടം വാങ്ങി. അഞ്ച് വർഷം കഴിയുമ്പോൾ 3195 കോടി രൂപ തിരിച്ചടയ്ക്കണമെന്നാണ് അങ്ങ് തന്നെ നൽകിയ മറുപടിയിൽ പറയുന്നത്. അതായത് 1,045 കോടി രൂപ അഞ്ച് വർഷത്തെ പലിശയായി അടയ്ക്കണം. പ്രതിവർഷം 200 കോടി രൂപയാണ് പലിശയിനത്തിൽ കൊടുക്കേണ്ടിവരുന്നത്. അതുകൂടാതെ താങ്കൾ ലോക ബാങ്കിൽനിന്നും നവകേരള നിർമ്മിതിക്കുവേണ്ടിയും വാങ്ങിക്കൂട്ടിക്കൊണ്ടിരിക്കുന്നു. ഇതിനൊക്കെ പലിശ കൊടുക്കേണ്ടതാണ്. ഇൻകം ജനറേറ്റ് ചെയ്യുന്ന പ്രോജക്ടുകളാണെങ്കിൽ സംശയമില്ല അതിൽനിന്നും നമുക്ക് വരുമാനമുണ്ടാകും. ഇൻകം ജനറേറ്റ് ചെയ്യുന്ന പ്രോജക്ടുകളായി കിഫ്ബിയിൽ എന്താണുള്ളത്? സിനിമാ തിയേറ്ററുകളാണോ; അവിടെ ഇൻകം ജനറേറ്റ് ചെയ്തുകൊണ്ട് 50,000 കോടി രൂപ തിരിച്ചടയ്ക്കാൻ അങ്ങേക്ക് കഴിയുമോ? നവകേരള മതിലിന് സ്മാരകം പണിതാൽ എങ്ങനെയാണ് അത് ഇൻകം ജനറേറ്റ് ചെയ്യുന്ന പ്രോജക്ടുകളാകുന്നത്? ഭീകരമായ സാമ്പത്തിക അരാജകത്വത്തിലേക്ക് കേരളത്തെ കൊണ്ടെത്തിക്കുന്നതിനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. 31-3-2016-ലെ സംസ്ഥാന ആളോഹരി കടം 47,116 രൂപയായിരുന്നു. മൂന്നുവർഷങ്ങൾക്കുശേഷം ഇന്നത് 69,690 രൂപയാണ്. ഇപ്പോഴത്തെ ജനറേഷനെ മാത്രമല്ല അടുത്ത ജനറേഷനെക്കൂടി സാമ്പത്തികമായി കടക്കാരനാക്കുന്ന സാഹചര്യത്തിലേക്ക് കൊണ്ടുപോകുകയാണ് അങ്ങ് ചെയ്യുന്നത്. ഇനി ഇവിടെ വികസനം നടക്കണ്ടേയെന്ന് അങ്ങ് വളരെ ലാഘവത്തോടെ പറയുകയാണ്. ഇവിടെ ഇത്രയും പണം കൊണ്ടുവന്ന് ഇന്നത്തെ സാമ്പത്തിക മാന്ദ്യത്തെ അതിജീവിക്കുന്നതിനുള്ള ഒരു പ്രോജക്ടായി മാറുകയാണ് എന്നാണ് മറുപടി പറയുന്നത്. അങ്ങനെയൊരു ഗവൺമെന്റിന് സാധിക്കുമോ? അങ്ങനെയാണെങ്കിൽ 1957-ലെ ഇ.എം.എസ്. ഗവൺമെന്റിന് പത്തൻപത് കൊല്ലം കഴിഞ്ഞുള്ള കാര്യങ്ങൾ മുന്നിൽക്കണ്ട് അത്രയും രൂപ കടം വാങ്ങി പദ്ധതികൾ

നടപ്പാക്കിയതിനുശേഷം പിന്നീട് മാറിമാറി വരുന്ന ഗവൺമെന്റുകൾ അതിന്റെ കടം വീട്ടുന്ന പണി ചെയ്താൽ പോരേ? അങ്ങനെയല്ല; കാലാനുസൃതമായാണ് പദ്ധതികൾ നടപ്പിലാക്കേണ്ടത്. വികസനം ആവശ്യമാണ്. അത് കാലാനുസൃതമായി മാറ്റണം. കടം വാങ്ങി ഇത്രയും വലിയ കടബാധ്യതയിലേക്ക് കേരളത്തെ തള്ളിവിട്ട്, ഇനി വരുന്ന ഗവൺമെന്റിന് പലിശയും ശമ്പളവും പെൻഷനും കൊടുക്കാൻ വായ്പയെടുക്കേണ്ട ഗതികേടിലേക്ക്, കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് കേരളത്തെ അങ്ങ് കൊണ്ടെത്തിച്ചിരിക്കുകയാണ്. ഇത് എന്തുമാത്രം ഗുരുതരമായ സാമ്പത്തിക പ്രശ്നങ്ങളാണ് നമ്മുടെ സംസ്ഥാനത്ത് ഭാവിയിൽ ഉണ്ടാക്കാൻ പോകുന്നതെന്ന് പ്രധാനമായി അറിയാവുന്ന കേരളത്തിലെ ആദ്യത്തെ ആൾ അങ്ങാണ്. പക്ഷേ, അക്കാര്യം അങ്ങേക്ക് അറിയാമായിരുന്നിട്ടും ഈ സഭയിൽ വന്ന് യാതൊരു പ്രശ്നവുമില്ല, എല്ലാം ശരിയാകുമെന്ന് പറയുകയാണ്. അങ്ങേക്കറിയാം ഒന്നും ശരിയാകില്ലെന്ന്; മൂന്ന് വർഷംകൊണ്ട് ഒന്നും ശരിയായില്ലെന്ന് അങ്ങ് ഇന്നലെ പറഞ്ഞു. ശ്രീ. വി. ഡി. സതീശൻ ഇന്നലെ സംസാരിച്ചപ്പോൾ അങ്ങ് പറഞ്ഞത്; ഞങ്ങളുടെ കാൽക്കുലേഷൻ തെറ്റി, കുറേ കാര്യങ്ങൾ പ്രതീക്ഷിച്ചു, നികുതി വന്നിട്ടില്ല, അതുപോലെ മറ്റ് കാര്യങ്ങളൊന്നും വേണ്ടതുപോലെ നേടാൻ കഴിഞ്ഞിട്ടില്ല എന്നാണ്. ഈ ധവളപത്രത്തിലെ കാര്യങ്ങൾക്ക് അങ്ങ് മറുപടി പറയുമ്പോൾ അതൊന്ന് പറയണം. അതിൽ ഏതെങ്കിലും ഒന്നിനോട് നീതിപുലർത്താൻ കഴിഞ്ഞിട്ടുണ്ടോയെന്ന് പരിശോധിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. ഇതുമായി ബന്ധപ്പെട്ട് പട്ടികജാതി/പട്ടികവർഗ്ഗ ഡയറക്ടറേറ്റ് ഇറക്കിയ ഒരുത്തരവ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പരിശോധിക്കേണ്ടതാണ്. ഒൻപത്, പത്ത് ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് കൊടുക്കുമ്പോൾ രണ്ടരലക്ഷം രൂപ വരുമാന പരിധിവച്ച് ഉത്തരവിറക്കിയിരിക്കുകയാണ്. എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് അത്തരത്തിലുള്ള സാമ്പത്തിക പിന്നോക്കാവസ്ഥയല്ല, കേരളത്തിലെയും ഇന്ത്യയിലെയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഇത്തരത്തിലുള്ള ഒരാനുകൂല്യം നൽകാനുള്ള സാഹചര്യമൊരുക്കിയത്. എസ്.സി/എസ്.ടി. വിഭാഗങ്ങൾക്കുള്ള പിന്തുണയെന്ന് പറയുന്നത് അവരുടെ സാമൂഹിക പിന്നോക്കാവസ്ഥയാണ്. അതുകൊണ്ട് രണ്ടരലക്ഷം രൂപവരെ വരുമാനമുള്ള കുടുംബത്തിലെ കുട്ടികൾക്ക് മാത്രമേ ഒൻപത്, പത്ത് ക്ലാസ്സുകളിൽ സ്കോളർഷിപ്പ് കൊടുക്കുകയുള്ളൂ എന്നാണ് പുതിയ ഉത്തരവിൽ പറഞ്ഞിരിക്കുന്നത്. ഈ സ്കോളർഷിപ്പ് കൊടുക്കാൻ തുടങ്ങിയത് 2012-13 വർഷത്തിലാണെന്ന കാര്യം അങ്ങേക്കറിയാം. കേന്ദ്ര ഗവൺമെന്റ് ഇത്തരത്തിൽ ഒരു ഗൈഡ്‌ലൈൻ ഇറക്കിയിട്ടുണ്ട്. പക്ഷേ, 2012-13-ൽ ആ ഗൈഡ്‌ലൈൻ വന്നപ്പോൾ നമ്മൾ അത്

ഫോളോ ചെയ്തിട്ടില്ല. 2016-17 വരെ അങ്ങയുടെ ഗവൺമെന്റിന്റെ ഭരണകാലത്ത് ഉൾപ്പെടെ സ്കോളർഷിപ്പ് കൊടുത്തുകൊണ്ടിരുന്നു. എന്തിനാണ് അത് ഇപ്പോൾ ഫോളോ ചെയ്യുന്നത്? ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന മാർഗ്ഗത്തിൽ എത്ര കുട്ടികൾക്ക് കൊടുക്കുന്നുണ്ട്? എല്ലാ വർഷവും കിട്ടിക്കൊണ്ടിരിക്കുന്നതാണ്. ഇപ്പോൾ ഈ ഉത്തരവ് ഇറക്കിയതിനുപിന്നിൽ ഉദ്യോഗസ്ഥരുടെ താല്പര്യം തന്നെയാണ്. ഈ ഉത്തരവില്ലെങ്കിലും നമുക്ക് ഈ പണം ലഭ്യമാകും. കാരണം, കഴിഞ്ഞ 6 വർഷമായി നമുക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്നതാണ്. അതുകൊണ്ട് അത് പരിശോധിക്കാനും രണ്ടര ലക്ഷം രൂപവരെ വരുമാനമുള്ള, എസ്.സി/എസ്.ടി. വിഭാഗത്തിൽപ്പെടുന്നതുമായ ഒൻപത്, പത്ത് ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കു മാത്രമേ സ്കോളർഷിപ്പ് ലഭിക്കൂ എന്ന ഉത്തരവ് പിൻവലിക്കുന്നതിനുമുള്ള നടപടി അങ്ങ് സ്വീകരിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീമതി സി. കെ. ആശ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. നവകേരള മിഷന്റെ വിജയഗാഥയാണ് കഴിഞ്ഞ മൂന്ന് വർഷമായി കേരളം കണ്ടുകൊണ്ടിരിക്കുന്നത്. എന്നാൽ ഇപ്പോൾ ഇവിടെ സംസാരിച്ച ശ്രീ. എ. പി. അനിൽ കുമാർ പറയുന്നതുകേട്ടാൽ കഴിഞ്ഞ മൂന്ന് വർഷംകൊണ്ടാണ് ഈ സാമ്പത്തിക പ്രശ്നങ്ങളും കടബാധ്യതകളുമെല്ലാം ഉണ്ടായതെന്ന് തോന്നും. അവർതന്നെ സ്വയം വിമർശനാത്മകമായി ചിന്തിക്കേണ്ട ഒരു വിഷയമുണ്ട്. ഇടതുപക്ഷ സർക്കാർ അധികാരത്തിലേറുമ്പോൾ ഖജനാവ് കാലിയായിരുന്നു. അതെങ്ങനെയാണ് കാലിയായതെന്ന് പരിശോധിക്കുമ്പോൾ, പാലാരിവട്ടം പാലം ഉൾപ്പെടെയുള്ള വികസനമല്ലേ നിങ്ങൾ നടത്തിയത്. ആ പാലം ഉൾപ്പെടെയുള്ള അഴിമതികളുടെ നേർക്കാഴ്ചകൾ നമ്മുടെ മുന്നിലുണ്ട്. അതോടൊപ്പം കോട്ടയം ജില്ലയിൽ വികസനത്തിന്റെ ഒരു മറുവശം അല്ലെങ്കിൽ തലതിരിഞ്ഞ വികസനത്തിന്റെ മുഖമുദ്രയായി ഒരു ആകാശ നടപ്പാത പണിത് വച്ചിട്ടുണ്ട്. അതുപോലെയുള്ള വികലമായ വികസനവും അഴിമതിയും കെടുകാര്യസ്ഥതയും വികസന മുരടിപ്പുംകൊണ്ട് ഏറ്റവും മോശമായ ഒരന്തരീക്ഷത്തിലാണ് ഇടതുപക്ഷ സർക്കാർ കേരളത്തിൽ മൂന്ന് വർഷങ്ങൾക്കുമുമ്പ് അധികാരത്തിലേറിയത്. എന്നാൽ മലയാളി സമൂഹത്തിൽ ഏറ്റവും നല്ല സ്വാധീനം ചെലുത്തി, അവരുടെ കാര്യങ്ങൾ ഏറ്റവും നന്നായി കണ്ടറിഞ്ഞ് അവരുടെ വിഷയങ്ങളിൽ ഏറ്റവും നന്നായി ഇടപെട്ട് കഴിഞ്ഞ മൂന്ന് വർഷക്കാലമായി ഇടതുപക്ഷ സർക്കാർ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ജനങ്ങൾക്ക് ശുഭപ്രതീക്ഷയാണ് ഈ സർക്കാരിലുള്ളത് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഉൾക്കാഴ്ചയും ഇച്ഛാശക്തിയുമുള്ള ഭരണാധികാരികൾ ആ പ്രതീക്ഷകൾക്ക് ചിറകുകൾ നൽകിയിരിക്കുകയാണ്.

ജനപങ്കാളിത്തത്തോടെയുള്ള കേരളത്തിന്റെ വികസന മാതൃക ആഗോളതലത്തിൽ ശ്രദ്ധേയമാണ്. ജനങ്ങളുടെ ആവശ്യങ്ങൾക്കും പ്രതീക്ഷകൾക്കുമൊത്ത് സർക്കാർ നയപരിപാടികൾ രൂപീകരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സുസ്ഥിരവും സമഗ്രവുമായ വികസനം ലക്ഷ്യമിടുന്ന നാല് ദൗത്യങ്ങളാണ് ഇക്കഴിഞ്ഞ മൂന്ന് വർഷമായി ഏറ്റവും ഭംഗിയായി കേരളത്തിന്റെ മണ്ണിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ജലവിഭവം, മാലിന്യസംസ്കരണം, ജൈവകൃഷി, പൊതുവിദ്യാഭ്യാസം, ആരോഗ്യം, ഭവനരഹിതർക്ക് കിടപ്പാടം നിർമ്മിച്ചുനൽകൽ തുടങ്ങിയ ഒട്ടേറെ പദ്ധതികളാണ് നാല് കർമ്മ പദ്ധതികളിലൂടെ കേരളത്തിൽ നടപ്പിലാക്കി വരുന്നത്. ഈ മേഖലകളിലെല്ലാംതന്നെ മിഷനുകൾ രൂപീകരിച്ച് ഏറ്റവും ഭംഗിയായി നടപ്പിലാക്കുന്നതിൽ നമുക്ക് അഭിമാനിക്കാമെന്ന് ഞാനിവിടെ സൂചിപ്പിക്കുകയാണ്. ഇതാണ് കേരളത്തിന്റെ മോഡൽ. അല്ലാതെ മുൻസർക്കാർ ചെയ്തതുപോലുള്ള വികലമായ വികസനമല്ല കേരളം മോഡലാക്കേണ്ടത്. ആഭ്യന്തര വളർച്ചാനിരക്കിലുപരി മനുഷ്യപുരോഗതിക്ക് ഊന്നൽ നൽകുന്ന ബദൽ വികസന മാതൃകയാണ് മൂന്ന് വർഷമായി ഇടതുപക്ഷ സർക്കാർ കേരളത്തിൽ നടപ്പിലാക്കുന്നത്. മേൽപ്പറഞ്ഞ മിഷനുകൾക്ക് പുറമേ, പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന ഹൈവേകൾ, റോഡുകൾ, പാലങ്ങൾ, മേൽപ്പാലങ്ങൾ എന്നിവയും നിർമ്മിച്ചിട്ടുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ പണിതതു പോലെയുള്ള മേൽപ്പാലങ്ങളല്ല, അത് പ്രത്യേകം ശ്രദ്ധിക്കണം. അത് പരിശോധിക്കാവുന്നതാണ്. നല്ല രണ്ട് മേൽപ്പാലങ്ങൾ അതിന് തൊട്ടടുത്ത് നിർമ്മിക്കുന്നുണ്ട്. അത്തരത്തിലുള്ള വലിയ മാറ്റം നമുക്ക് ഈ മേഖലയിൽ കാണാൻ സാധിക്കുന്നുണ്ട്.

ഗതാഗത സംവിധാനങ്ങളിൽ നവീന ആശയങ്ങൾ ആവിഷ്കരിച്ച് മുന്നോട്ട് പോകുന്നൊരു സർക്കാരാണ് നമുക്കുള്ളത്. അതിൽ ജലഗതാഗതത്തെക്കുറിച്ച് എടുത്തുപറയേണ്ടതുണ്ട്. കാരണം, ഇന്ത്യയിലെ ആദ്യത്തെ സോളാർ ബോട്ട് കേരളത്തിലാണ് കൊണ്ടുവന്നത്. പ്രസ്തുത സോളാർ ബോട്ട് വൈക്കം-തവണക്കടവ് റൂട്ടിൽ വിജയകരമായ രീതിയിൽ സർവ്വീസ് നടത്തിവരുന്നു. അതോടൊപ്പം വൈക്കത്തുനിന്നും എറണാകുളത്തേക്ക് അതിവേഗ ദീർഘദൂര ബോട്ടുകൾ നല്ല രീതിയിൽ സർവ്വീസ് നടത്തിവരുന്നു. നൂതന ആശയങ്ങൾ ആവിഷ്കരിച്ച് ജലഗതാഗത രംഗത്ത് പുത്തനുണർവ് നൽകിയാണ് ഈ സർക്കാർ മുന്നോട്ട് പോകുന്നത്. ഇതിനെല്ലാം ആവശ്യമായ സാമ്പത്തിക ഉറവിടം ഇപ്പോൾ ഇവർ എതിർക്കുന്ന കിഫ്ബി വഴിയും മറ്റുമാണ് കണ്ടെത്തുന്നതെന്നുള്ള കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾക്ക് ബോധ്യമുണ്ടോയെന്ന് എനിക്കറിയില്ല.

ഐ.ടി. വികസനം, സമ്പൂർണ്ണ വൈദ്യുതീകരണം, വൈദ്യുതി വകുപ്പ് നടത്തിയ ശ്ലാഘനീയ പ്രവർത്തനങ്ങൾ, സാംസ്കാരിക കേന്ദ്രങ്ങൾ, മൃഗസംരക്ഷണ വകുപ്പിന്റെയും ക്ഷീരവികസന വകുപ്പിന്റെയും ആഭിമുഖ്യത്തിൽ നടത്തിയ പദ്ധതികൾ, ക്ഷീരഗ്രാമം പദ്ധതി, കേരളത്തിന്റെ ക്ഷീരമേഖലയിൽ കൊണ്ടുവന്നിട്ടുള്ള വലിയ മാറ്റങ്ങൾ, നമുക്ക് ആവശ്യമുള്ള പാലും പാലുൽപ്പന്നങ്ങളും നൂറ് ശതമാനവും കേരളത്തിൽത്തന്നെ ഉൽപ്പാദിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ എന്നിവയെല്ലാം ഈ അവസരത്തിൽ എടുത്തുപറയേണ്ട കാര്യങ്ങളാണ്. ഇതിന് ആനുപാതികമായാണ് ഊർജ്ജോൽപ്പാദനത്തിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നത്.

44 നദികളുള്ള കേരളത്തിൽ ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യത വളരെ കുറവായിരിക്കുന്ന സാഹചര്യത്തിൽ എല്ലാ മണ്ഡലങ്ങളിലേക്കും കിഫ്ബി വഴി കുടിവെള്ള പദ്ധതികൾ അനുവദിക്കുകയും പദ്ധതികൾ ആവിഷ്കരിച്ച് നല്ല രീതിയിൽ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയുമാണ്.

പത്തും പതിമൂന്നും പ്രാവശ്യം വിമാനം കയറി അവധി വാങ്ങി വരാനല്ല നമ്മുടെ ബഹുമാന്യനായ ഭക്ഷ്യവകുപ്പുമന്ത്രി ശ്രമിക്കുന്നത്. വകുപ്പിൽ ആർജ്ജവത്തോടെ കാര്യങ്ങൾ നടപ്പിലാക്കി അദ്ദേഹം ഏറ്റവും നല്ല മാതൃകയായി മാറുകയാണ്. കഴിഞ്ഞ ദിവസം അദ്ദേഹത്തിന്റെ വകുപ്പിന് ഏറ്റവും പ്രധാനപ്പെട്ടൊരു അവാർഡ് ഉൾപ്പെടെ വാങ്ങിയെടുക്കാനാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തി നല്ല രീതിയിൽ മുന്നോട്ട് പോകുന്നത് നമുക്ക് കാണാനാകും.

സാമൂഹ്യ സുരക്ഷിതത്വവും അതോടൊപ്പം പരമ്പരാഗത തൊഴിലും വ്യവസായങ്ങളും സംബന്ധിച്ച് ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതികളാണ് ഈ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ളത്. ഇന്നലെ ഡോ. ടി. എം. തോമസ് ഐസക് ഈ സഭയിൽ വൈക്കം കയറിന്റെ മാഹാത്മ്യത്തെക്കുറിച്ച് സംസാരിച്ചു. അതിൽ എനിക്ക് വളരെയധികം സന്തോഷം തോന്നി. കഴിഞ്ഞ മൂന്ന് വർഷങ്ങൾക്ക് മുമ്പുവരെ വൈക്കം കയറുമായി ബന്ധപ്പെട്ട തൊഴിലാളികളൊക്കെ പട്ടിണിയിലായിരുന്നു. അസംസ്കൃത വസ്തുവായ ചകിരിക്കുവേണ്ടി നാട്ടിൻപുറങ്ങളിൽത്തന്നെ പച്ചത്തൊണ്ട് സംസ്കരിച്ച് അവരുടെ സൊസൈറ്റികളിൽത്തന്നെ കയർ ഉൽപ്പാദിപ്പിക്കുന്നതിനുള്ള യന്ത്ര സംവിധാനങ്ങൾ ഒരുക്കി. സോളാർ സിസ്റ്റം വഴി അവർക്ക് ആവശ്യമുള്ള വൈദ്യുതി എത്തിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഉൾപ്പെടെ നൽകി വൈക്കം കയറിനെ ഏറ്റവും നല്ല രീതിയിൽ കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ കയർ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു. ഇതെല്ലാം ഈ സർക്കാരിന്റെ എടുത്തുപറയേണ്ട നേട്ടങ്ങളാണ്.

അഞ്ച് വർഷത്തേക്ക് 50,000 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി വഴി പ്രഖ്യാപിക്കുകയും ബഡ്ജറ്റ് ഉൾപ്പെടെയുള്ള സാമ്പത്തിക സ്രോതസ്സുകൾ വഴി ഈ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യും. അഞ്ച് വർഷത്തേക്കുള്ള 50,000 കോടി രൂപയുടെ പദ്ധതികൾ ഇവിടെ പ്രഖ്യാപിച്ചപ്പോൾ, ഇതെല്ലാം അവർക്ക് ആവശ്യമുണ്ടെങ്കിലും കേവലം മലർപ്പൊടിക്കാരന്റെ സ്വപ്നം മാത്രമാണെന്നാണ് പറയുന്നത്. ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ വാരിക്കോരി കൊടുക്കുന്നുണ്ട്. അത് രണ്ട് കയ്യും നീട്ടിവാങ്ങിയശേഷം സർക്കാരിനെ അടച്ചാക്ഷേപിച്ച് പോകുന്ന നിങ്ങളുടെ കാര്യത്തിൽ ലജ്ജ തോന്നുന്നുണ്ട്. എൽ.ഡി.എഫ്. സർക്കാരിന്റെ 1000 ദിനങ്ങൾക്കുള്ളിൽ കിഫ്ബിയിൽ മാത്രം 42,363 കോടി രൂപയുടെ 533 സ്വപ്നപദ്ധതികൾക്കാണ് പ്രവർത്തനാനുമതി നൽകി പ്രവർത്തനപഥത്തിൽ എത്തിച്ചത്. പ്രളയവും അതിവൃഷ്ടിയുംമൂലം സമാനതകളില്ലാത്ത പ്രകൃതി ദുരന്തമാണുണ്ടായത്. 483 സഹോദരങ്ങളുടെ ജീവൻ അപഹരിച്ച ഈ പ്രകൃതിക്ഷോഭം വിവിധ മേഖലകളിൽ 25,000 കോടി രൂപയിലധികം വരുന്ന നാശനഷ്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. നഷ്ടപ്പെട്ട വീടുകളുടെയും കാർഷിക വിളനാശത്തിന്റെയും കണക്കുകളൊന്നും ഈ വൈകിയ വേളയിൽ പറയാൻ ആഗ്രഹിക്കുന്നില്ല. ഏതാണ്ട് 70000 കിലോമീറ്ററോളം റോഡ് ശൃംഖല തുടങ്ങി നമ്മുടെ നിരവധി മേഖലകളെ തകർത്തുകൊണ്ട് പ്രളയം കടന്നുപോയപ്പോൾ അതിന്റെ പേരിൽ വിലപിച്ചിരിക്കുവാനല്ല ഈ സർക്കാർ ശ്രമിച്ചത്. അതിൽനിന്നും കരകയറുന്നതിനുള്ള പ്രവർത്തനങ്ങൾ ജനകീയമായി ഏറ്റെടുത്തു. കാർഷികരംഗത്തെയും മറ്റെല്ലാ മേഖലകളെയും തിരിച്ചുപിടിക്കുന്നതിന് ആർജ്ജവം കാണിക്കുകയും ആ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്ത സർക്കാരാണ് നമ്മോടൊപ്പമുള്ളത്. ആ പ്രവർത്തനങ്ങളെയെല്ലാം മുക്തകണ്ഠം പ്രശംസിക്കുന്നതിന് ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

ഓരോ വകുപ്പും പ്രളയാനന്തര പുനർനിർമ്മാണത്തിൽ നടത്തിയ പ്രവർത്തനങ്ങളെ കണ്ടിട്ടും കണ്ടില്ലെന്ന് നടിക്കുന്ന പ്രതിപക്ഷത്തിന്റെ രീതി ശരിയല്ലെന്ന് പറയാൻ ഞാൻ ഈ സന്ദർഭത്തിൽ ആഗ്രഹിക്കുന്നു. പ്രളയംമൂലമുണ്ടായ നഷ്ടങ്ങൾക്ക് പരിഹാരം കാണുക എന്നതിലുപരി പ്രകൃതി ദുരന്തങ്ങൾക്ക് തകർക്കാൻ കഴിയാത്ത കേരളത്തെ സൃഷ്ടിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. എന്നാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളം വിഭവ സമാഹരണത്തിൽ എന്നും പിന്നിലായിരുന്നു. ചെറിയ സംസ്ഥാനം എന്നതിനൊപ്പം പരിമിതമായ സാഹചര്യങ്ങളേയുള്ളൂവെന്നതും വിഭവസമാഹരണത്തിന് വിഘാതമായിരുന്നു. ആ ഘട്ടത്തിൽ കിഫ്ബിയുടെ മസാല ബോണ്ട് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ഔദ്യോഗികമായി ലിസ്റ്റ് ചെയ്യപ്പെട്ടപ്പോൾ സംസ്ഥാനത്തിന്റെ

വിഭവസമാഹരണത്തിന് പുതിയൊരു അവസരം കൂടിയാണ് തുറന്നുകിട്ടിയത്. സംസ്ഥാനത്തിന് അർഹമായ കേന്ദ്രസഹായം നിഷേധിക്കുമ്പോഴും അതിജീവന പുനർനിർമ്മാണമെന്ന ലക്ഷ്യത്തിലേക്കുള്ള സർവ്വവഴിയും തുറന്ന് രാജ്യത്തിനാകെ അനുകരിക്കാവുന്ന ഇടപെടലുകൾ നടത്തി മുന്നേറുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു.

സർക്കാർ ഏറ്റവും നന്നായി പ്രവർത്തനങ്ങൾ നടത്തുമ്പോഴും നടപടിക്രമങ്ങളിലെ സങ്കീർണ്ണതകളും ചില ഉദ്യോഗസ്ഥരുടെ നിഷേധാത്മക സമീപനവും കാരണം പല പദ്ധതികളും ഉദ്ദേശിക്കുന്ന വേഗത്തിൽ നടപ്പിലാക്കുവാൻ സാധിക്കുന്നില്ല. ആയതിനാൽ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഗവൺമെന്റിന്റെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പ്രിയപ്പെട്ട വൈക്കം മെമ്പർ പറഞ്ഞ കാര്യങ്ങളൊക്കെ നടപ്പിലായോ എന്ന് മനസ്സിലാക്കാൻ ഈ സർക്കാരിന്റെ പ്രോഗ്രസ്സ് റിപ്പോർട്ട് വായിച്ചുനോക്കുന്നത് നല്ലതായിരിക്കും. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുടെ സാമ്പത്തിക വിശകലനങ്ങളും അതിന്റെ ചർച്ചയുമാണ് നടന്നുകൊണ്ടിരിക്കുന്നത്. പ്രതീക്ഷിച്ച വരുമാനം ലഭിച്ചില്ലെന്ന് അങ്ങും സമ്മതിക്കുന്നു. സംസ്ഥാനം കടത്തിലേക്ക് തന്നെയാണ് പോകുന്നതെന്ന് കൃത്യമായി പറഞ്ഞുകൊണ്ടിരിക്കുന്നു. ബഡ്ജറ്റിൽ 1.15 ലക്ഷം കോടി രൂപ പ്രതീക്ഷിച്ചത് ലഭിച്ചില്ല. Fiscal deficit 3 ശതമാനത്തിൽ നിന്ന് 3.75 ശതമാനമാക്കി ഉയർത്തിയതും പ്രയാസകരമായ അവസ്ഥാവിശേഷമാണ്. 2019-20-ലെ ജി.ഡി.പി. 8,75,514 കോടി രൂപയിൽ എത്തിനിൽക്കുന്ന അവസ്ഥയിലാണ്. ജി.എസ്.ടി.-യിൽ നിന്നും പ്രതീക്ഷിച്ച 30 ശതമാനം ലഭിച്ചില്ല, അത് വളരെ പരിതാപകരമായ അവസ്ഥയാണ്. മാർക്കറ്റിൽനിന്ന് സ്വരൂപിക്കാവുന്ന തുകയേക്കാൾ കൂടുതൽ കടമെടുത്ത് ഇന്ന് ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. അതേസമയം കഴിഞ്ഞ വർഷത്തേതുപോലെ നോൺപ്ലാൻ ഗ്രാന്റ് നൽകാൻ കഴിയില്ലെന്ന് ഇപ്പോൾ ധനകാര്യ വകുപ്പ് പറയുകയും ചെയ്യുന്നു. അങ്ങനെ ബഡ്ജറ്റിൽ പറഞ്ഞ കാര്യങ്ങൾ മറ്റ് വകുപ്പുകൾക്ക് നൽകില്ലെന്ന് പറയുമ്പോൾ എങ്ങനെയാണ് ആ വകുപ്പുകൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുകയെന്ന് പരിശോധിച്ചിട്ടുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. റവന്യൂ ഡെഫിസിറ്റ് ഉയർന്നുകൊണ്ടിരിക്കുന്നു, കടം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. 2016-ലെ ധവളപത്രത്തിന്റെ കണക്ക് ശ്രീ. എ. പി. അനിൽ കുമാർ ഇവിടെ സൂചിപ്പിച്ചു. 2016-ലെ ധവളപത്രം ഇറക്കിയപ്പോൾ ഉണ്ടായിരുന്ന കടം 15,533 കോടി രൂപയായിരുന്നത് 2019-ൽ 2,38,588.78

കോടി രൂപയായി വർദ്ധിച്ചിരിക്കുന്ന ഒരു അവസ്ഥാവിശേഷമാണെന്നുള്ളത് 1-7-2019-ലെ ഒരു ചോദ്യത്തിന് നൽകിയ മറുപടിയിലൂടെ വ്യക്തമായി നമുക്ക് കാണാൻ സാധിക്കുന്നതാണ്. കേരളം വല്ലാത്തൊരു കടക്കെണിയിലേക്ക് പോകുന്നു. എങ്ങനെ കരകയറും എന്നതിനെക്കുറിച്ച് ആലോചിക്കുന്നത് പോലുമില്ലെന്ന പരിതാപകരമായ ഒരവസ്ഥയുണ്ട്. ബഹുമാന്യനായ മുഖ്യമന്ത്രി വിദേശരാഷ്ട്രങ്ങളിൽ പോയി മസാല ബോണ്ട് പുറപ്പെടുവിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി. അങ്ങനെ പോകുമ്പോഴും ഇതിന്റെയൊക്കെ അടിസ്ഥാനപരമായ ഒരു രാഷ്ട്രീയ ധൂർത്ത് അവസാനിപ്പിക്കാനുള്ള നിലപാട് ഏത് ഭാഗത്തുനിന്നാണെങ്കിലും ഏത് ഭരണകൂടങ്ങളാണെങ്കിലും നടപ്പിലാക്കിയില്ലെങ്കിൽ കേരളത്തെ രക്ഷിക്കാൻ കഴിയുകയില്ലെന്ന് സ്വാഭാവികമായും ധനവിദഗ്ദ്ധൻ എന്ന നിലയ്ക്ക് അങ്ങേക്ക് അറിയാമായിരിക്കും. രാഷ്ട്രീയ-ധന ധൂർത്ത് അവസാനിപ്പിക്കാനുള്ള നടപടി സ്വീകരിച്ചില്ലെങ്കിൽ കേരളം ഇന്ന് കാണുന്നതിൽനിന്ന് പരിതാപകരമായ അവസ്ഥയിൽ ചെന്നെത്തും. ഫ്രാൻസിലെ സാമ്പത്തിക വിദഗ്ദ്ധനായ തോമസ് പിക്കെറ്റിയുമായി അങ്ങും ബഹുമാന്യനായ മുഖ്യമന്ത്രിയുമൊക്കെ ചർച്ച നടത്തി. ഇവിടത്തെ കാര്യങ്ങളൊക്കെ വിശദീകരിച്ചു. അദ്ദേഹം ഇങ്ങോട്ടു വന്ന് അത് പഠിച്ച് വിശകലനം നടത്തി റിപ്പോർട്ട് സമർപ്പിക്കാമെന്നൊക്കെ പറയുകയും ചെയ്തു. അദ്ദേഹം വന്നാലും നമ്മൾ ഇവിടെ ചെലവ് ചുരുക്കുകയും വരുമാനം കൂട്ടുകയും ചെയ്യാതെ ഏത് തരത്തിലുള്ള പരിഹാരമാണ് കാണാൻ കഴിയുക?

കേരളത്തിന്റെ ഭാവി ആശങ്കയിലാക്കുന്ന റിപ്പോർട്ടുകളാണ് രാജ്യാന്തര സാമ്പത്തിക ഏജൻസിയായ ക്രിസിൽ പ്രസിദ്ധീകരിച്ചത്. സാമ്പത്തിക വളർച്ച, വിലക്കയറ്റം, ധനക്കമ്മി എന്നിവ ഇന്ത്യയിൽ ഏറ്റവും കൂടുതൽ മോശമായി പ്രകടമാകുന്നത് കേരളത്തിലാണെന്ന് പറഞ്ഞിരിക്കുകയാണ്. കഴിഞ്ഞ വർഷം ദേശീയ വളർച്ചാ നിരക്ക് 6.7 ശതമാനമായിരുന്നുവെങ്കിൽ കേരളത്തിന്റെ വളർച്ചാ നിരക്ക് 5 ശതമാനമായി കുറഞ്ഞു. അതിന് മുൻപുണ്ടായിരുന്ന 7.4 ശതമാനത്തിൽ നിന്നാണ് 5 ശതമാനത്തിലേക്ക് വളർച്ച കുറഞ്ഞതെന്ന് നമുക്ക് അറിയാവുന്നതാണ്. അങ്ങനെ ധനകാര്യമേഖലയിൽ വല്ലാത്തൊരു പ്രതിസന്ധി നിറഞ്ഞ കാലഘട്ടത്തിലൂടെയാണ് കേരളം കടന്നുപോകുന്നത്. അത് പരിഹരിക്കാനാവശ്യമായ എന്ത് നിലപാടാണ് സാമ്പത്തിക മേഖലയിൽ അങ്ങ് സ്വീകരിക്കുന്നതെന്ന് കേരളം ഉറ്റുനോക്കിക്കൊണ്ടിരിക്കുകയാണ്. ധനകാര്യ വകുപ്പിൽനിന്ന് പൊതുമേഖലാ സ്ഥാപനങ്ങളുടെ ജനറൽ ബോഡിയിൽ അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പരിശോധിക്കാൻ ആവശ്യമായ ചില നടപടികളും കാര്യങ്ങളുമൊക്കെയുണ്ടായിരുന്നു. അത് ഒഴിവാക്കി 24-12-2018-ലെ 505/2018

നമ്പർ ഉത്തരവുപ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളുടെ ആന്വൽ ആഡിറ്റ് സ്റ്റേറ്റ്മെന്റിനെക്കുറിച്ച് അതാത് സ്ഥാപനങ്ങളുടെ വാർഷിക ജനറൽ ബോഡിയിൽ സമർപ്പിക്കുന്നതിനുവേണ്ടി ധനകാര്യ വകുപ്പ് നൽകിക്കൊണ്ടിരുന്ന കമന്റ്സ് നിർത്തലാക്കാൻ പറഞ്ഞിരിക്കുകയാണ്. അതുകൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളിൽ, ഉദ്യോഗസ്ഥ മേഖലകളിലാണെങ്കിലും അതിന്റെ ഭരണസമിതി മേഖലകളിലാണെങ്കിലും ഉണ്ടാകുന്ന ധൂർത്ത് കാണുവാനോ പൊതുജനത്തിന് അറിയാനോ അല്ലെങ്കിൽ ഉത്തരവാദപ്പെട്ടവർക്ക് അറിയാനോ ആവശ്യമായ സമയവും സന്ദർഭവും നഷ്ടപ്പെടുകയാണ്. നിക്ഷേപകരെ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് ease of doing business തുടങ്ങി. അതിന്റെ പരിതാപകരമായ അവസ്ഥാവിശേഷം സംബന്ധിച്ചാണ് ആന്തൂരിലടക്കമുള്ള കാര്യങ്ങളിൽ നമ്മൾ പറഞ്ഞുകൊണ്ടിരിക്കുന്നത്.

സാമ്പത്തികമായ പ്രതിസന്ധി മറികടക്കാനും വളർച്ചയുടെ വേഗം കൂട്ടാനും പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തണമെന്നതിന് യാതൊരു സംശയവുമില്ല. നികുതി പിരിവ് വർദ്ധിപ്പിക്കണം. നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ പ്രഖ്യാപിച്ച ആംനെസ്റ്റി സ്കീം ഫലപ്രദമാകണമെങ്കിൽ അതിനൊരു ട്രിബ്യൂണലിന് രൂപം നൽകണം. എങ്കിൽ മാത്രമേ അത് പൂർത്തീകരിക്കാനും പ്രാവർത്തികമാക്കാനും കഴിയൂ എന്നുള്ള കാര്യം അങ്ങ് പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ഉൽക്കണ്ഠപ്പെടുമ്പോൾത്തന്നെ ഒരുപാട് സ്ഥാപനങ്ങൾ വല്ലാത്ത ധൂർത്ത് കേരളത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത് നമുക്ക് കാണാം. സാക്ഷരതാ മിഷനിലെ കോടിക്കണക്കിന് രൂപയാണ് ആവശ്യമില്ലാതെ ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഏകദേശം 232.9 കോടി രൂപയാണ് നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ കടം ഒരവസരത്തിൽ കുത്തനെ കൂടുന്നു. കടം നിയന്ത്രിക്കണമെന്ന് എക്സ്പെൻഡീച്ചർ റിവ്യൂ കമ്മിറ്റി ആവശ്യപ്പെട്ടിരിക്കുന്ന സന്ദർഭമാണിത്. കേരളത്തിന്റെ കടം കൂടുകയും റവന്യൂ വരുമാനം കുറയുകയും ചെയ്യുന്ന ഈ അവസ്ഥയിൽ അത് പരിഹരിക്കാൻ ആവശ്യമായ നിലപാട് അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഗവൺമെന്റ് പ്രസ്സുമായി ബന്ധപ്പെട്ട് വകയിരുത്തിയിരിക്കുന്ന ചെലവ് 700 ലക്ഷം രൂപയാണ്. അച്ചടി വകുപ്പിനാവശ്യമായ സ്റ്റിച്ചിംഗ് മെഷീൻ വാങ്ങിയ കമ്പനി കരിമ്പട്ടികയിലാണെന്ന് അറിഞ്ഞുകൊണ്ടുതന്നെ അങ്ങനെയുള്ള ഉപകരണം വാങ്ങുകയും അത് തീർത്തും പ്രവർത്തിപ്പിക്കാൻ കഴിയാതെ നഷ്ടത്തിൽ നിൽക്കുകയും ചെയ്യുന്ന അവസ്ഥാവിശേഷം കേരളത്തിന്റെ പ്രസ്സുകളിലുണ്ടെന്ന് സൂചിപ്പിക്കാൻകൂടി ഞാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്.

ധനകാര്യ സ്റ്റേറ്റ്മെന്റിനെക്കുറിച്ച് പലരും ഇവിടെ സൂചിപ്പിച്ചു. വനിതാമതിലിനുവേണ്ടി 50 കോടി രൂപ ചെലവഴിക്കാൻ തീരുമാനിച്ചിരുന്നു. സർക്കാരിന്റെ പ്രഥമ മുൻഗണന ഭരണനിർവ്വഹണത്തിനോ രാഷ്ട്രീയത്തിനോ പ്രളയദുരിതാശ്വാസത്തിനോ പ്രകടനത്തിനോ ഏതിനാണെന്ന് കേരള ഹൈക്കോടതി ഇതിനെ അടിസ്ഥാനമാക്കി ചോദിക്കുകയാണ്. മാതൃഭൂമി ദിനപ്പത്രത്തിൽ കഴിഞ്ഞ ഒരാഴ്ചയായി വന്നുകൊണ്ടിരുന്ന 'കേരളം കടക്കെണിയിലേക്ക്' എന്ന ലേഖനത്തിൽ വളരെ കൃത്യമായി പറയുകയാണ്. ആ ഒരർത്ഥത്തിൽ കേരളത്തിലെ സാമ്പത്തിക രംഗത്തെ വല്ലാത്തൊരു പ്രയാസത്തിലേക്ക് കൊണ്ടുപോകുന്ന അവസ്ഥാവിശേഷമുണ്ടാകുകയാണ്.

മൂന്ന് വർഷം പിന്നിട്ട ഈ സർക്കാരിന്റെ പ്രോഗ്രസ്സ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ 600 കാര്യങ്ങൾ നടപ്പിലാക്കുമെന്ന് പറഞ്ഞുവെങ്കിലും അതിന്റെ അവസാനത്തിൽ 600 കാര്യങ്ങളും നടപ്പിലാക്കാൻ ആവശ്യമായ സഹായ സഹകരണങ്ങൾ തേടിക്കൊണ്ടുള്ള ഒരു ഉപസംഹാരമാണ് കാണുന്നത്. ഇന്നും നടപ്പിലാക്കാൻ കഴിയാത്ത ഒട്ടേറെ പദ്ധതികളാണ് ആ പ്രോഗ്രസ്സ് റിപ്പോർട്ടിൽ വ്യക്തമായി പറഞ്ഞിട്ടുള്ളത്. മുഴുവൻ തോട്ടം തൊഴിലാളികളേയും ബി.പി.എൽ. ആക്കുമെന്നും കോൺട്രിബ്യൂട്ടറി പെൻഷൻ ഇല്ലാതാക്കുമെന്നും പറഞ്ഞിരുന്നു; കശുവണ്ടി ഫാക്ടറികളെ ഏറ്റെടുക്കുമെന്ന് പറഞ്ഞിരുന്നു; നിയമലംഘനം നടത്തിയ തോട്ടങ്ങൾ തിരിച്ചുപിടിച്ച് ഭൂരഹിതർക്ക് വിതരണം ചെയ്യുമെന്ന് പറഞ്ഞിരുന്നു; അങ്ങനെ ഒരുപാട് കാര്യങ്ങളുണ്ട്. ഞാനത് വായിക്കുന്നില്ല, ലിസ്റ്റ് ഏറെയാണ്. അങ്ങനെ പറഞ്ഞ കാര്യങ്ങളൊന്നും നടപ്പിലാക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല.

തൊഴിലില്ലായ്മ കേരളത്തിൽ കൂടിക്കൊണ്ടിരിക്കുന്നു, കേരളത്തിലെ തൊഴിൽരഹിതരുടെ എണ്ണം 38.75 ലക്ഷം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കേരളം അഴിമതിയിലേക്കും സാമ്പത്തിക പ്രയാസത്തിലേക്കും നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇസ്രായേലിൽനിന്ന് ഒരു വാർത്ത കേട്ടിരുന്നു. ഇസ്രായേലിലെ പ്രധാനമന്ത്രിയുടെ ഭാര്യ വീട്ടിൽ പാചകക്കാരികൾ ഉണ്ടായിട്ടും അവർ റെസ്റ്റോറന്റുകളിൽനിന്നും ഭക്ഷണം വാങ്ങി. അത് വലിയ അഴിമതിയാണെന്ന് പറഞ്ഞ് അവർക്കെതിരെ 10 ലക്ഷം രൂപ പിഴയടയ്ക്കണമെന്ന നിലപാട് കോടതി സ്വീകരിച്ചു. ഇസ്രായേലിനെ ഒരുമിച്ച് എതിർക്കുന്ന നിലപാടാണ് നമുക്കുള്ളത്, പക്ഷേ, ആ അർത്ഥത്തിൽ കേരളത്തിലും അഴിമതി നടന്നുകൊണ്ടിരിക്കുകയാണ്. ഈ സഭയിൽ മലയാളം സർവ്വകലാശാലയുടെ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടും അമൃത് പദ്ധതിയുമായി ബന്ധപ്പെട്ടും അഴിമതിയുടെ ഒരുപാട്

കാര്യങ്ങൾ സൂചിപ്പിച്ചു. കേരളത്തിൽ ജനകീയാസൂത്രണം നടപ്പിലാക്കി. കേരളത്തിൽ അധികാര വികേന്ദ്രീകരണം നടത്തി മുന്നോട്ട് പോകുന്നുവെന്ന് പറയുന്ന സർക്കാർ, അങ്ങ് തന്നെയാണ് അതിനുമുൻപിൽ നിന്നത്. ജനകീയാസൂത്രണം നടപ്പിലാക്കിയ സർക്കാർ അധികാര കേന്ദ്രീകരണവും അഴിമതി വികേന്ദ്രീകരണവും നടത്തുന്ന അവസ്ഥയിലേക്ക് എത്തിച്ചത് വളരെ പരിതാപകരമായ ഒരവസ്ഥാവിശേഷമാണ്.

ഇന്നത്തെ ദിവസത്തിന്റെ പ്രത്യേകത എന്നുപറയുന്നത്, അഭിമന്യുവിനെ കൊലപ്പെടുത്തിയതിന്റെ ഒന്നാം വാർഷികം ആഘോഷിക്കുന്ന ദിവസമാണ്. അദ്ദേഹത്തിന്റ പേരിൽ വീടുണ്ടാക്കി, സിനിമയുണ്ടാക്കി, അദ്ദേഹത്തിന് എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കാൻ ആവശ്യമായ പിരിവുകളൊക്കെ നടത്തി മുന്നോട്ട് പോകുമ്പോഴും അഭിമന്യുവിന്റെ കൊലപാതകികളെ പിടികൂടാനുള്ള ഒരു നടപടിയും ഇതുവരെ ഉണ്ടായിട്ടില്ലെന്നത് പ്രയാസകരമായ അനുഭവമായി നിലനിൽക്കുകയാണ്. കേരളത്തിലെ പൊതുജനം നിരന്തരം നേരിടുന്ന പ്രശ്നങ്ങളെല്ലാം പകൽവെളിച്ചം പോലെ നമ്മുടെ മുൻപിൽ തെളിഞ്ഞുകിടന്നിട്ടും അതിനെയൊന്നും പരിഗണനയ്ക്കെടുക്കാതെ വിവാദങ്ങളിലേക്ക് മാത്രം പോകുന്ന സർക്കാരിനെയാണ് നമുക്ക് കാണാൻ സാധിക്കുന്നത്.

കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പരിണിത ഫലം ഇടതുപക്ഷ ജനാധിപത്യമുന്നണി അനുഭവിക്കുകയുണ്ടായി. മനുഷ്യർ വിലക്കയറ്റത്തിൽ പൊറുതിമുട്ടുമ്പോൾ നവോത്ഥാനത്തെക്കുറിച്ചാണ് നിങ്ങൾ പറഞ്ഞു കൊണ്ടിരുന്നത്. ഇവിടെ ദാരിദ്ര്യത്തിന്റേയും തൊഴിലില്ലായ്മയുടെയും വലിയ മുന്നേറ്റമുണ്ടാകുമ്പോൾ ശബരിമലയിൽ സ്ത്രീകളെ കയറ്റുന്നതിനെക്കുറിച്ചാണ് നിങ്ങൾ സംസാരിച്ചുകൊണ്ടിരുന്നത്. ഇവിടെ അടിസ്ഥാനപരമായ ഒട്ടേറെ പ്രശ്നങ്ങളിൽ നിന്ന് വഴുതിമാറി, ഇവിടത്തെ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് മുന്നോട്ടുപോകുന്ന അവസ്ഥാവിശേഷം കേരളത്തിൽ ഉണ്ടാകുന്നുവെന്നത് പരിതാപകരമാണ്. കേരളത്തിൽ ഗവൺമെന്റിനും മുഖ്യമന്ത്രിക്കും വെളിച്ചം കാണണമെന്നുണ്ടെങ്കിൽ, പുറത്തേക്ക് പോകണമെന്നുണ്ടെങ്കിൽ, വലിയ ദുരന്തങ്ങൾ ഉണ്ടാകണമെന്ന അവസ്ഥാവിശേഷമാണുള്ളത്. കേരളത്തിലെ സൈബർ സഖാക്കൾ അടക്കം നിപയേയും പ്രളയത്തേയുമൊക്കെ ആഘോഷപൂർവ്വം കൊണ്ടാടി അതുമായി ബന്ധപ്പെട്ട് നടക്കുന്ന പരിപാടികളെ പ്രചരിപ്പിക്കുകയെന്ന നിലപാടിലേക്ക്, കേരളത്തെ ആ ഒരു തലത്തിലേക്ക് മുന്നോട്ട് കൊണ്ടുപോകുന്ന അവസ്ഥാവിശേഷം ഉണ്ടാകുകയാണ്.

രണ്ട് കാര്യങ്ങൾ കൂടി പറയാനുണ്ട്. വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെയില്ലെങ്കിലും ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുണ്ട്, എച്ച്.എസ്.എ. സോഷ്യൽ സയൻസ്, പി.എസ്.സി. റാങ്ക് ലിസ്റ്റ് മലപ്പുറം ജില്ലയിൽ നിലവിലുണ്ടെങ്കിലും അവർക്ക് അഡ്വൈസ് മെമ്മോ കൊടുക്കാതെ, നിയമിക്കാതിരിക്കുന്ന സാഹചര്യം നിലനിൽക്കുകയാണ്. ആയിരക്കണക്കിനാളുകൾ അധിക പോസ്റ്റുകളിൽ നിയമിതരായി. അവർക്ക് പോസ്റ്റിംഗ് നൽകാതെ, ഉന്നതവിദ്യാഭ്യാസ മേഖലകളിൽ അവരെ നിയമിക്കാതെ, അവർക്ക് ശമ്പളം കൊടുക്കാതെ വന്ന സാഹചര്യത്തിൽ അദ്ധ്യാപകർ സമരരംഗത്തേക്ക് ഇറങ്ങാൻ പോകുന്ന ഒരവസ്ഥയുണ്ട്. ഫിസിക്കൽ സയൻസ് രംഗത്ത് അവരുടെ ബി.എഡ്.-ന്റെ ക്വാളിഫിക്കേഷൻ പി.എസ്.സി. അംഗീകരിക്കാൻ സാധിക്കുകയില്ലെന്ന് പറഞ്ഞ് പുതിയൊരു നിയമം കൊണ്ടുവന്ന് സ്കൂളുകളിൽ ജോലിക്ക് കയറിയവരെപ്പോലും ജോലിയിൽ പ്രവേശിപ്പിക്കാതെ ഒരു ഓർഡർ ഗവൺമെന്റ് ഇറക്കിയിരിക്കുകയാണ്. നിയമ വകുപ്പിലെ ലീഗൽ അസിസ്റ്റന്റുമാരുടെ റാങ്കലിസ്റ്റ് ഉണ്ടായിട്ടും നിയമിക്കാതെ തടഞ്ഞ് വച്ചിരിക്കുകയാണ്. ഇങ്ങനെ കേരളത്തിലെ ജനാധിപത്യ വ്യവസ്ഥിതിയെ തകർത്തുകൊണ്ട്, ജനങ്ങളുടെ വൈകാരിക പ്രശ്നങ്ങളെ പരിഗണിക്കാതെ മുന്നോട്ട് പോകുന്ന ഗവൺമെന്റിന്റെ ധനകാര്യ ബില്ലിനെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

1.00 P.M.]

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. നാളെ പൊതു അവധിയല്ലെങ്കിലും സെന്റ് തോമസ് ദിനമായതിനാൽ സഭ ചേരുന്നതല്ല; വർഷങ്ങളായി സെന്റ് തോമസ് ദിനത്തിൽ സഭ ചേരുന്നില്ല. ക്രിസ്തുദേവന്റെ ഉയിർത്തെഴുന്നേല്പിന് ശേഷം അദ്ദേഹത്തിന്റെ ശിഷ്യന്മാരിലൊരാളായ വിശുദ്ധ തോമാശ്ലീഹ ഇന്ത്യയിൽ വന്നുവെന്നും ഏഴരപ്പള്ളികൾ സ്ഥാപിച്ചുവെന്നും വിശ്വസിക്കപ്പെടുകയാണ്. നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിയുടെ പേരിലുമുണ്ട് ഒരു തോമസ്, എന്റെ പേരിലുമുണ്ട്, ഇവിടെ ശ്രീ. പി. ടി. തോമസ് ഉണ്ട്, സി. എഫ്. തോമസുണ്ട്, ശ്രീ. തോമസ് ചാണ്ടിയുണ്ട്. തോമസ് എന്ന പേരിന് ഒരു വിശേഷണമുണ്ട്; അത് 'Doubting Thomas' എന്നാണ്. തോമസ് എന്നപേരിനോട് ചേർത്ത് 'സംശയാലുവായ തോമസ് ' എന്ന് പരക്കെ പറയാൻ കാരണം, ക്രിസ്തുദേവൻ ഉയിർത്തെഴുന്നേറ്റത് വിശ്വസിക്കാൻ അദ്ദേഹത്തിന്റെ ശിഷ്യനായിരുന്ന തോമാശ്ലീഹ തയ്യാറായില്ല എന്നതുകൊണ്ടാണ്. ക്രിസ്തുദേവൻ മരണപ്പെട്ടത് കുരിശിൽ ആണികളാൽ തറയ്ക്കപ്പെട്ടാണല്ലോ,

ആ ആണിപ്പഴുതിൽ കൈവിരലിട്ടു നോക്കിയല്ലാതെ ഞാൻ വിശ്വസിക്കില്ല എന്നാണ് അന്ന് വിശുദ്ധ തോമാശ്ലീഹ പറഞ്ഞത്. തോമാശ്ലീഹയുടെ മുമ്പിൽ ക്രിസ്തുദേവൻ പ്രത്യക്ഷപ്പെട്ടപ്പോൾ "എന്റെ കർത്താവും എന്റെ ദൈവവുമായുള്ളോവേ...." എന്നുപറഞ്ഞുകൊണ്ട് അദ്ദേഹം പശ്ചാത്താപം നടത്തി. സംശയാലുവായ തോമാശ്ലീഹയുടെ അവസ്ഥയിലാണ് ഇവിടത്തെ പ്രതിപക്ഷം എന്നുപറഞ്ഞാൽ അത് തോമാശ്ലീഹയോട് ചെയ്യുന്ന ഏറ്റവും വലിയ അനീതിയായിരിക്കും. കാരണം, ആണിപ്പഴുതിൽ കയ്യിടാൻ അവസരം കൊടുത്തപ്പോൾ "എന്റെ കർത്താവും എന്റെ ദൈവവുമായുള്ളോവേ...." എന്നുപറഞ്ഞുകൊണ്ട് പശ്ചാത്തപിക്കാൻ വിശുദ്ധ തോമാശ്ലീഹ തയ്യാറായി.

ഇന്നിവിടെ പ്രസംഗിച്ച ശ്രീ. എ. പി. അനിൽ കുമാർ പ്രധാനമായും പറഞ്ഞത് കിഫ്ബിയുടെ സ്രോതസ്സ് എന്താണ് എന്ന സംശയമാണ്. ഞാൻ കുറച്ചുനാൾ കേരളത്തിന്റെ ജലവിഭവ വകുപ്പുമന്ത്രിയായിരുന്നു. ആ സമയത്ത് എറണാകുളം ജില്ലയിൽ ഒരു വലിയ കുടിവെള്ള പദ്ധതി ഉദ്ഘാടനം ചെയ്യാൻ പോയിരുന്നു. കിഫ്ബിയെ ഏറ്റവുമധികം വിമർശിച്ച് ഈ സഭയിലും സഭയ്ക്കുപുറത്തും പ്രസംഗിക്കുന്ന പ്രതിപക്ഷത്തെ ഒരംഗത്തിന്റെ മണ്ഡലത്തിലാണ് പോയത്. അവിടെയുള്ള കുടിവെള്ള പദ്ധതി കിഫ്ബി പദ്ധതി വഴിയാണ് നടപ്പാക്കിയത്. അങ്ങനെ അനുഭവങ്ങൾ മുന്നിൽ വന്നതിനുശേഷവും വിശ്വസിക്കാതിരിക്കുന്ന ആളുകളെ 'Doubting Thomas' എന്ന് പറഞ്ഞാൽ അത് തോമാശ്ലീഹയോട് ചെയ്യുന്ന വലിയ അനീതിയാണെന്ന് ഞാൻ പറയുകയാണ്.

വളരെ ദുർഘടമായ സാമ്പത്തിക അവസ്ഥ നിലനിൽക്കുമ്പോഴും ഈ മൂന്ന് കൊല്ലക്കാലത്തിനിടയിൽ അതിനെ അതിജീവിച്ച് നിരവധി നിർമ്മാണ പ്രവൃത്തികളും വികസന പ്രവർത്തനങ്ങളും ഏറ്റെടുക്കാൻ കഴിഞ്ഞ സംസ്ഥാന ഗവൺമെന്റിന്റെ ധനവിനിയോഗ ബില്ലാണ് നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ധനകാര്യ വകുപ്പുമന്ത്രിയോടൊപ്പം സാംസ്കാരിക വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലനും ഇപ്പോൾ സഭയിലുണ്ട്. സാംസ്കാരിക വകുപ്പ് ഈ സംസ്ഥാനത്ത് ഫലപ്രദമായി പ്രവർത്തിക്കുന്നത് എങ്ങനെയാണെന്ന് കഴിഞ്ഞ മൂന്നുകൊല്ലക്കാലത്തെ പ്രവർത്തനംകൊണ്ട് തെളിയിച്ചുകഴിഞ്ഞു. കേരളത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് ഭരിച്ചിരുന്ന കാലത്ത് പ്രവർത്തിച്ചതിനേക്കാൾ മെച്ചപ്പെട്ട രൂപത്തിൽ ഓരോ വകുപ്പും പ്രവർത്തിക്കുന്നുണ്ട്. ഒരു വകുപ്പുപോലും 2011-2016 കാലഘട്ടത്തേക്കാൾ താഴോട്ട് പോകാതെ അതിനേക്കാൾ മുകളിൽമാത്രം പ്രവർത്തിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് ഉണ്ടായിരിക്കുന്നത്.

ഇവിടെയുള്ള ആശുപത്രികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുന്നു. ആർദ്രം പദ്ധതിയിലൂടെയും കിഫ്ബിയുടെ നിരവധി പ്രവർത്തനങ്ങളിലൂടെയും സാധാരണക്കാരന് ചികിത്സയ്ക്ക് ആശ്രയമാകുന്ന രൂപത്തിൽ നമ്മുടെ ആതുരാലയങ്ങൾ മാറുന്നു; നമ്മുടെ റോഡുകൾ മെച്ചപ്പെടുന്നു; സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു; ഇതെല്ലാം ബഡ്ജറ്റിനകത്തും പുറത്തും നിന്നാണ് ചെയ്യുന്നത്. പൊതുവിദ്യാഭ്യാസമേഖല ഉയിർത്തെഴുന്നേൽക്കുന്ന കാലഘട്ടമാണിത്. ലക്ഷക്കണക്കിന് ആളുകൾക്ക് പട്ടയം കൊടുക്കാൻ കഴിഞ്ഞു. ഞാൻ ജലവിഭവ വകുപ്പുമന്ത്രിയായിരുന്ന രണ്ടരക്കൊല്ലംകൊണ്ട് 9,600 കോടി രൂപയുടെ കുടിവെള്ള പദ്ധതികൾ കിഫ്ബിയിലൂടെയും മറ്റുപദ്ധതികളിലൂടെയും ഏറ്റെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒരു കാലഘട്ടത്തിലും അത്രയും പദ്ധതികൾ ഇവിടെ ഏറ്റെടുത്തിട്ടില്ല. കാർഷിക മേഖലയുൾപ്പെടെ സമസ്ത മേഖലകളിലും വളർച്ചയുണ്ടായി. പ്രളയത്തെ അതിജീവിക്കാൻ അസൂയാവഹമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച ഗവൺമെന്റാണിത്. പ്രളയത്തിന്റെ കാരണത്തെ സംബന്ധിച്ച് കഴിഞ്ഞ ദിവസങ്ങളിൽ ഞാൻ പറഞ്ഞത് ആവർത്തിക്കുന്നില്ല. പക്ഷേ, പ്രളയമുണ്ടായതിനുശേഷം പ്രവർത്തിക്കാൻ കഴിയുന്നതിന്റെ പരിധിക്കും അപ്പുറത്തേക്ക് കടക്കാൻ കഴിഞ്ഞ ഒരു ഗവൺമെന്റാണിത്.

ഇവിടെ പ്രസംഗത്തിൽ ചില സൂചനകൾ വന്നു, ഒഴിവാക്കേണ്ട ചില സംഭവങ്ങൾ ഈ സംസ്ഥാനത്തുണ്ടായി. പ്രധാനമായും ഇടുക്കി ജില്ലയിലുണ്ടായ ഒരു മരണത്തെ സംബന്ധിച്ച് പറഞ്ഞു. ഞാൻ കഴിഞ്ഞ ദിവസം പ്രസംഗിച്ചത് അടിയന്തരാവസ്ഥയുടെ വാർഷിക ദിനത്തിലായിരുന്നു. അടിയന്തരാവസ്ഥ ക്കാലത്ത് രാജൻ എന്നൊരു എഞ്ചിനീയറിംഗ് വിദ്യാർത്ഥി കൊലചെയ്യപ്പെട്ടപ്പോൾ സ്വീകരിച്ച സമീപനമാണോ ഈ ഗവൺമെന്റ് സ്വീകരിച്ചത്? ഇന്നത്തെ ഗവൺമെന്റും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വളരെ വ്യക്തമായി പറഞ്ഞു.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, അന്നത്തെ മുഖ്യമന്ത്രി രാജിവച്ചില്ലേ?

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, അന്നത്തെ മുഖ്യമന്ത്രി രാജിവച്ചത് എപ്പോഴാണെന്ന് ഞാൻ പറയാം ....(ബഹളം)... ശരിയാണ് അന്നത്തെ മുഖ്യമന്ത്രി രാജിവച്ചു. രാജൻ എന്നൊരാളെ കസ്റ്റഡിയിൽ എടുത്തിട്ടില്ലായെന്ന കള്ളസത്യവാങ്മൂലമാണ് കോടതിയിൽ കൊടുത്തതെന്ന് ഹൈക്കോടതി പറഞ്ഞപ്പോഴാണ് അന്നത്തെ മുഖ്യമന്ത്രി രാജിവച്ചത്. എന്നാൽ ഇന്നത്തെ മുഖ്യമന്ത്രി പറഞ്ഞത് അരുതാത്തത് സംഭവിച്ചിരിക്കുന്നുവെന്നാണ്. ....(ബഹളം)...

<u>ശ്രീ. പി. ടി. തോമസ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ. രാജൻ സംഭവത്തിൽ മുൻ മുഖ്യമന്ത്രിയായിരുന്ന കെ. കരുണാകരൻ പറഞ്ഞതിനെക്കുറിച്ച് അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. രാജ്കുമാർ എന്ന പ്രതിയെ 12-ാം തീയതി ഉച്ചയ്ക്ക് മൂന്നര മണിക്ക് കസ്റ്റഡിയിലെടുത്തെങ്കിലും ശ്രീ. പിണറായി വിജയൻ എന്ന മുഖ്യമന്ത്രി പറഞ്ഞത് 15-ാം തീയതിയാണെന്നാണ്. അങ്ങനെയാണെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി രാജിവയ്ക്കേണ്ടേ; സഭയിൽ പറഞ്ഞതല്ലേ; ചെയർ കേട്ടതല്ലേ? ....(ബഹളം)...... 12-ാം തീയതി കസ്റ്റഡിയിലെടുത്തിട്ട് 15-ാം തീയതി എന്നുപറഞ്ഞത് അതിലും വലിയ കളവാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പോയിന്റ് ഓഫ് ഓർഡറാണോ...

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, തെറ്റിദ്ധാരണാജനകമായ പ്രസ്താവനയാണ് നടത്തിയിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ സംസാരിക്കുന്നത്, ഉദ്യോഗസ്ഥ സംവിധാനത്തിൽനിന്നും ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഇവിടെ അതല്ല വിഷയം, കെ. കരുണാകരൻ ഇങ്ങനെ സഭയിൽ പ്രസ്താവന നടത്തിയതിന്റെ പേരിലാണ് രാജിവച്ചത് എന്നൊരു ധ്വനി അദ്ദേഹം പറഞ്ഞതിലുണ്ട്. കോടതിയിൽ കള്ളസത്യവാങ്മൂലം കൊടുത്തതിന്റെ പേരിലാണ് കെ. കരുണാകരന് രാജിവയ്ക്കേണ്ടി വന്നത്.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, അങ്ങ് റൂളിംഗ് കൊടുക്കേണ്ടതായ പോയിന്റ് ഓഫ് ഓർഡർ വിഷയങ്ങൾ ഇതിനകത്തില്ല. ഇവിടെ പ്രസക്തമായ വിഷയം, രാജനെ കസ്റ്റഡിയിലെടുക്കുമ്പോൾ കെ. കരുണാകരൻ കേരളത്തിന്റെ മുഖ്യമന്ത്രി ആയിരുന്നില്ല, ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നു. അതിനുശേഷം 1977-ൽ മുഖ്യമന്ത്രിയായി അധികാരത്തിൽ വന്നതിനുശേഷം കോടതിയിൽ കൊടുത്ത സത്യവാങ്മൂലത്തിൽ 'ഇങ്ങനെയൊരു വിദ്യാർത്ഥിയെ ഞങ്ങൾ കസ്റ്റഡിയിലെടുത്തിട്ടേയില്ല' എന്നുപറഞ്ഞത് കള്ളസത്യവാങ്മൂലമാണെന്ന് കോടതി കണ്ടെത്തിയപ്പോഴാണ് കള്ളം പറഞ്ഞ മുഖ്യമന്ത്രി രാജിവയ്ക്കേണ്ട സ്ഥിതിവിശേഷമുണ്ടായത്; ആ ചരിത്രത്തിലേക്കല്ല ഞാൻ പോകുന്നത്. ഇവിടെ വ്യത്യസ്തമായ സമീപനമാണുള്ളത്. ഇത്തരം കാര്യങ്ങൾ ഒഴിവാക്കേണ്ടതാണ്; രാജ്കുമാറിന്റെ മരണത്തെ ഞങ്ങൾ ന്യായീകരിക്കുന്നില്ല. പക്ഷേ, കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരുമെന്ന് ആർജ്ജവത്തോടെ പറഞ്ഞ മുഖ്യമന്ത്രിയാണ് കേരളത്തിലുള്ളത്. അന്നത്തെ മുഖ്യമന്ത്രിയുടെ ശബ്ദമല്ല നമ്മൾ ഇവിടെ കേട്ടത്. ഇവിടെയുള്ള പൊതുകാര്യങ്ങളിൽ പ്രതിപക്ഷം സ്വീകരിക്കുന്ന നിഷേധാത്മക നിലപാട് മാറ്റണം.

നമുക്കെല്ലാം രാഷ്ട്രീയമുണ്ട്. നമ്മൾ രാഷ്ട്രീയമായി തെരഞ്ഞെടുപ്പുകളിൽ ഏറ്റുമുട്ടുന്നവരാണ്. പക്ഷേ, സാലറി ചാലഞ്ച് പോലുള്ള പൊതുവായ വിഷയങ്ങളെ എന്തിനാണ് എതിർത്തത്? ഒരു കാരണവശാലും ഈ നാട്ടിലെ സർക്കാർ ജീവനക്കാർ പണം കൊടുക്കരുതെന്ന് പ്രതിപക്ഷ അനുകൂല സംഘടനകൾ പറയുന്ന സാഹചര്യമുണ്ടായത് എന്തുകൊണ്ടാണ്; നമ്മുടെ നാടിന്റെ വലിയൊരു പ്രശ്നത്തെയല്ലേ അഡ്രസ്സ് ചെയ്യാൻ ശ്രമിച്ചത്; വിദേശത്തുനിന്നും പണം സ്വീകരിക്കുന്നതിനെയും മന്ത്രിമാർ വിദേശത്ത് പോകുന്നതിനെയും നിങ്ങൾ എന്തുകൊണ്ടാണ് എതിർത്തത്? ആന്തൂർ സംഭവവും നിർഭാഗ്യകരമാണ്. എന്നാൽ അതിന്റെ പശ്ചാത്തലത്തിൽ ലോക കേരളസഭയിൽനിന്നും രാജിവച്ചത് ശരിയായില്ല. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ അഭ്യർത്ഥനയോട് നിങ്ങൾ നിഷേധാത്മക നിലപാട് സ്വീകരിച്ചിട്ടില്ല എന്നതിൽ ഞങ്ങൾ അഭിനന്ദിക്കുകയാണ്. നമുക്ക് ഇങ്ങനെ പൊതുവായ കാര്യങ്ങളിൽ ഒരുമിച്ച് നിൽക്കാൻ കഴിയണം.

പാർലമെന്റ് തെരഞ്ഞെടുപ്പ് എന്നത് ലോകത്തിലെ അവസാന തെരഞ്ഞെടുപ്പൊന്നുമല്ല. ഈ നാട്ടിൽ അതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പുകളിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി തിരികെ അധികാരത്തിൽ വരുമെന്ന വ്യക്തമായ സൂചന നൽകുന്ന ഫലപ്രഖ്യാപനമാണ് ഉണ്ടായിരിക്കുന്നത്. അങ്ങനെ മുന്നോട്ടുപോകാൻ തന്നെയാണ് ഈ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. കർണാടകത്തിൽ നമ്മൾ ഒരുമിച്ചല്ലേ? വർഗ്ഗീയശക്തികളെ എതിർക്കാൻ നമ്മൾ ഒരുമിച്ച് നിൽക്കേണ്ടവരാണ്. എന്നാൽ കേരളത്തിൽ നിങ്ങൾ സ്വീകരിച്ച സമീപനം എന്താണ്? ബി.ജെ.പി.-ക്ക് അൽപ്പം വോട്ടുകൂടിയാലും വേണ്ടില്ല ഞങ്ങൾക്ക് സീറ്റുകിട്ടണമെന്ന നിലപാടല്ലേ നിങ്ങൾ സ്വീകരിച്ചത്? ആ നിലപാട് അപകടകരമാണ്. ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റി ജനപക്ഷത്തുനിന്ന് പ്രവർത്തിക്കുന്ന ഗവൺമെന്റ് ഒരു തെരഞ്ഞെടുപ്പിൽ തോറ്റു. വെള്ളിയാഴ്ച ക്രൂശിക്കപ്പെടുന്ന സത്യം ഞായറാഴ്ച ഉയിർത്തെഴുന്നേൽക്കും. ജനപക്ഷ നിലപാടുകളുമായി കേരള ഗവൺമെന്റ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണെന്നു പറഞ്ഞുകൊണ്ട് നിർത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ചിറ്റയം ഗോപകുമാർ]

ശ്രീ. കെ. ദാസൻ: സർ, 2019-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിനെ ഞാൻ പിന്തുണയ്ക്കുന്നു. ധനവിനിയോഗത്തെ സംബന്ധിച്ചും ധനാഭ്യർത്ഥനകളെ സംബന്ധിച്ചും നിയമസഭയിൽ നടന്ന ചർച്ചകളും

പ്രതിപക്ഷത്തിന്റെ ഇടപെടലും ശ്രദ്ധിക്കുമ്പോൾ എന്റെ മനസ്സിൽ ഓടിയെത്തുന്നത് ഞാൻ സ്കൂളിൽ പഠിച്ചിരുന്നപ്പോൾ ടീച്ചർ പറഞ്ഞുതന്ന ഒരു കഥയാണ്. ധാരാളം മീനുകളുള്ള ഒരു കുളത്തിൽ സുഭിക്ഷനായി ജീവിച്ചിരുന്ന ഒരു കൊക്കിന്റെ കഥ. കുളത്തിൽനിന്നും ആവോളം മീനുകളെ കോരിയെടുത്ത് ആഘോഷപൂർവ്വം ജീവിച്ചിരുന്ന ഒരു കൊക്ക് വയസ്സായപ്പോൾ അദ്ധ്വാനിക്കാനാകാതെ പ്രയാസമനുഭവിക്കുന്ന നാളുകളിൽ ഒരു സൂത്രം പ്രയോഗിച്ചു. ഒരു ദിവസം വിഷണ്ണനായി കുളത്തിലേക്ക് സഹതാപപൂർവ്വം നോക്കിനിന്ന കൊക്കിനോട് എന്തുപറ്റിയെന്ന് മീനുകളെല്ലാം വന്ന് അന്വേഷിച്ചു. അപ്പോൾ കൊക്ക് പറഞ്ഞത്, മനുഷ്യർ ഈ കുളം പൂർണ്ണമായും നികത്താൻ പോകുകയാണ്. ഇനി നിങ്ങൾ ഇവിടെ ഒന്നും ചെയ്യാൻ കഴിയാതെ ചത്തൊടുങ്ങും; അതാണെന്റെ ദുഃഖമെന്നാണ്. കാര്യം മനസ്സിലാക്കിയ മീനുകൾ ഈ അപകടത്തിൽനിന്ന് രക്ഷപ്പെടാൻ എന്താണ് മാർഗ്ഗമെന്ന് അന്വേഷിച്ചപ്പോൾ കൊക്ക് പറഞ്ഞു: ഞാനതിന് ഒരുപായം പറഞ്ഞുതരാം. കുറച്ചുപേരെ എന്റെ കൊക്കിൽ കൊത്തിയെടുത്ത് തൊട്ടടുത്തുള്ള കുളത്തിലേയ്ക്ക് മാറ്റാം. ഇതുകേട്ട് സന്തുഷ്ടരായ മത്സ്യങ്ങൾ അടുത്ത കുളത്തിലേക്ക് കൊണ്ടുപോകുമെന്നുള്ള പ്രതീക്ഷയിൽ കൊക്കിന്റെ കൊക്കിൽ കയറിയിരുന്നു. പക്ഷേ, കൊക്ക് ഈ മത്സ്യങ്ങളെ ഒരു പാറയുടെമേൽ കൊണ്ടുവച്ച് തിന്നുകയാണ് ചെയ്തത്. കുറച്ചുകഴിഞ്ഞ് കുളത്തിലുണ്ടായിരുന്ന ഞണ്ടിനെയും കൊത്തിയെടുത്ത് പാറയുടെ അടുത്തേയ്ക്ക് നീങ്ങുകയുണ്ടായി. അവിടെ എത്തിയപ്പോൾ എവിടെയാണ് ആ കുളം; എവിടെയാണ് എന്റെ മത്സ്യക്കൂട്ടുകാർ എന്ന് ഞണ്ട് ചോദിച്ചപ്പോൾ പാറയുടെ മടക്കിൽ വീണുകിടക്കുന്ന മുള്ളുകളെ കാണിച്ചുകൊണ്ട് ഒരു പൊട്ടിച്ചിരിയോടുകൂടി കൊക്ക് പറഞ്ഞത് 'ദേ കിടക്കുന്നു നിന്റെ കൂട്ടുകാർ, ഇതുതന്നെയാണ് നിന്റേയും ഗതി' എന്നാണ്. ഇത് കേട്ടയുടൻ ഞണ്ട് തന്റെ കാലുകൾ ഉപയോഗിച്ച് കൊക്കിന്റെ കഴുത്തറുത്തു. അറുത്തെടുത്ത കഴുത്തുമായി കുളത്തിൽ പോയി അവശേഷിക്കുന്ന കൂട്ടുകാരോട് ചതിയൻ കൊക്കിനോട് പകരം ചോദിച്ച കഥ പറഞ്ഞു.

പുത്തൻ സാമ്പത്തികനയം നടപ്പിലാക്കിയതിലൂടെ പട്ടിണിയും ദാരിദ്ര്യവും പരിവട്ടവുമായി കഴിയേണ്ടി വന്നിരുന്ന ഇന്ത്യയിലെ പാവപ്പെട്ട ജനങ്ങൾ ഈ കഥയിലെ ഞണ്ടിനെപ്പോലെ ചതിയൻ കൊക്കിന്റെ കഴുത്തിൽ പിടിച്ചതായാണ് കോൺഗ്രസിന് അനുഭവപ്പെട്ടത്. കോൺഗ്രസിന്റെ കഴുത്തിന് പിടിച്ചപ്പോഴാണ് നിങ്ങൾ ഇന്ത്യയിൽ 52 സീറ്റുകളിൽ ഒതുങ്ങിപ്പോയത്. ജനരോഷം തടുക്കാനാകാതെ ആർത്തിരമ്പി വന്ന മുന്നേറ്റത്തിനിടയിലാണ് നിങ്ങൾക്ക് പരാജയമുണ്ടായിരിക്കുന്നത്. ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന നരസിംഹ

റാവുവിന്റെ കാലത്താണ് നവ ഉദാരവത്കരണനയം നടപ്പിലാക്കിയത്. ഡോ. മൻമോഹൻ സിംഗിന്റെ കാർമ്മികത്വത്തിൽ പുത്തൻ സാമ്പത്തികനയം, അത് നവകോളനിവത്കരണത്തിന് പരവതാനി വിരിച്ചപ്പോൾ ഇത് അപകടത്തിലേക്കുള്ള പോക്കാണെന്ന് മുന്നറിയിപ്പ് നൽകാൻ ഈ രാജ്യത്തെ മതേതരശക്തികളും ഇടതുപക്ഷവും മുന്നോട്ടുവന്നിരുന്നു. എന്നാൽ ആഭ്യന്തര കമ്പോളത്തെ തുറന്നുവിട്ട് എല്ലാ താരിഫുകളും വെട്ടിച്ചുരുക്കി ആഗോളവത്കരണത്തിന് വഴിയൊരുക്കുകയായിരുന്നു. അതുവഴി ലോകത്തിന്റെ നാനാഭാഗത്തുനിന്നുള്ള ഉല്പന്നങ്ങൾ ഇന്ത്യൻ കമ്പോളത്തിലേക്ക് എത്തിച്ചേർന്നു. അതോടെ ആഭ്യന്തരവിപണി മത്സരത്തിൽ പിടിച്ചുനിൽക്കാനാകാതെ തകർന്നടിയുന്ന കാഴ്ചയാണ് നാം കണ്ടത്. കാർഷികവിളകൾക്ക് വിലയില്ലാതായി; കർഷകർ വ്യാപകമായി ആത്മഹത്യ ചെയ്യുന്ന സാഹചര്യമൊരുങ്ങി; പരമ്പരാഗത വ്യവസായങ്ങൾ സമ്പൂർണ്ണ നഷ്ടത്തിലേക്ക് കൂപ്പുകുത്തി; ചെറുകിടവ്യാപാരം പ്രതിസന്ധിയിലേക്ക് തള്ളപ്പെട്ടു; ചുരുക്കത്തിൽ സാധാരണക്കാർ കൂടുതൽ വിഷമഘട്ടത്തിലായി. അതോടെ ഒരുപിടി പുത്തൻ സമ്പന്നർ രാജ്യത്ത് തടിച്ചുകൊഴുക്കുന്ന കാഴ്ചയാണ് നമ്മുടെ രാജ്യം ദർശിച്ചത്. ഈ ദുരവസ്ഥ ഇന്ത്യക്ക് സമ്മാനിച്ചത് കോൺഗ്രസിന്റെ നവ ഉദാരവത്കരണ നയമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സാമ്പത്തിക നയത്തിന്റെ കാര്യത്തിൽ നിങ്ങളും സംഘപരിവാറും ഒരേ നാണയത്തിന്റെ ഇരുവശങ്ങളാണ്. അത് തെളിയാൻ അധികനാളുകൾ വേണ്ടിവന്നില്ല. അവർ നിങ്ങൾ നടപ്പിലാക്കിയ നവലിബറൽ സാമ്പത്തികനയം പ്രാവർത്തികമാക്കുന്നതിനോട് നിങ്ങളോടുതന്നെ മത്സരിക്കുകയാണ് ചെയ്തത്. ഉദാരവത്കരണം, സ്വകാര്യവത്കരണം, ആഗോളവത്കരണം എന്നീ മൂന്ന് ആരക്കാലുകളാൽ പടുത്തുയർത്തിയ ഇന്ത്യയിലെ പുതിയ സാമ്പത്തികനയം എല്ലാ മേഖലകളേയും തകർത്തെറിയുന്ന കാഴ്ചയാണ് നാം കാണുന്നത്. പൊതുയിടങ്ങളെ ഇല്ലാതാക്കി. അതിന്റെ അനന്തരഫലമായി വർഗ്ഗീയ തീവ്രത ഇന്ത്യൻ മണ്ണിൽ വേരുറപ്പിക്കുന്ന കാഴ്ചയും നമ്മൾ കാണുന്നു. വർഗ്ഗീയചിന്തയുടെ വൈകാരികതയെ ഊറ്റിക്കുടിച്ചാണ് സംഘ്പരിവാർ ദേശത്തിന്റെ അധികാരം കൈക്കലാക്കിയിട്ടുള്ളത്. അതേ കളിയാണ് ശബരിമലയുടെ പേരിൽ നിങ്ങൾ കേരളത്തിൽ പരീക്ഷിച്ചത്. ആ പരീക്ഷണത്തിൽ നിങ്ങൾ താൽക്കാലിക നേട്ടങ്ങൾ കൊയ്തെങ്കിലും ഈ വിജയങ്ങൾ നീർക്കുമിളകളെപ്പോലെയാകുന്ന കാഴ്ചയാണ് ഇപ്പോൾ കേരളത്തിലെ പഞ്ചായത്ത്-നഗരസഭ-ബ്ലോക്ക് ഇലക്ഷന്റെ ഫലങ്ങളിൽ കാണുന്നത്. കേന്ദ്രത്തിൽ നിങ്ങൾ നടപ്പിലാക്കിയിട്ടുള്ള സാമ്പത്തിക നയങ്ങളുടെ തുടർച്ചയായി കഴിഞ്ഞ ഉമ്മൻചാണ്ടി സർക്കാർ കേരളത്തിൽ നടപ്പാക്കിയ പരിഷ്കരണത്തിന്റെ

ഭാഗമായാണ് കേരളം വലിയൊരു സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നീങ്ങിയതെന്നുള്ള യാഥാർത്ഥ്യം നാം കാണേണ്ടതായിട്ടുണ്ട്. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ മുന്നോട്ട് പോക്കിനുള്ള അവസാനത്തെ ആണിയുംകൂടി തറച്ചിട്ടാണ് ആ ഗവൺമെന്റ് ഇറങ്ങിപ്പോയിട്ടുള്ളത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ അഞ്ച് വർഷത്തെ ധനകാര്യ നിർവ്വഹണത്തിന്റെ നിലവാരത്തകർച്ച എത്രമാത്രം ഭീകരമായിരുന്നുവെന്ന് അന്നത്തെ ക്യാഷ് ബാലൻസ് പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയും. റിസർവ് ബാങ്കിന്റെ 2016-മാർച്ച് 31-ലെ കണക്കുപ്രകാരം നിശ്ചയിച്ച നീക്കിയിരിപ്പ് തുക 1,644 കോടി രൂപയാണ്. യഥാർത്ഥത്തിൽ സർക്കാർതലത്തിലും ട്രഷറിതലത്തിലും കരാറുകാർക്കും മറ്റുള്ളവർക്കും കൊടുക്കാൻ ബാക്കിയുള്ളത്, തടഞ്ഞുവച്ചത് 1,500 കോടി രൂപയാണ്. സംസ്ഥാനത്ത് നെഗറ്റീവ് ബാലൻസ് നിലനിന്നിരുന്നുവെന്നും പോസിറ്റീവ് ബാലൻസുള്ളതായി ചിത്രീകരിച്ച് കേരളത്തിൽ ആ രീതിയിൽ വഞ്ചനാപരമായ നിലപാട് സ്വീകരിക്കുകയാണ് അന്ന് ആ സർക്കാർ ചെയ്തിരുന്നതെന്നും മനസ്സിലാക്കാൻ സാധിക്കും. കൃത്യമായി അത് പെരുപ്പിച്ചുകാട്ടിയാണ് ഈ നീക്കിയിരിപ്പുണ്ടെന്ന് അന്ന് കേരളത്തിലെ ജനങ്ങളോട് പറഞ്ഞത്. എന്നാൽ പിണറായി സർക്കാർ അധികാരത്തിൽ വന്നശേഷം കൊടുക്കാനുള്ള മുഴുവൻതുകയും കൊടുത്തുതീർത്ത് കടബാധ്യതയിൽ നിന്ന് രക്ഷിക്കാനാവശ്യമായ തീവ്ര പ്രവർത്തനങ്ങളാണ് കേരളത്തിൽ നടത്തിയത്. യഥാർത്ഥത്തിൽ നെഗറ്റീവായി ഉയർന്നുവന്നിരുന്ന ക്യാഷ് ബാലൻസ് ഈ സംസ്ഥാനത്ത് 10,000 കോടി രൂപയ്ക്ക് മുകളിൽ ആയിരുന്നുവെന്നത് നാം കാണേണ്ടതാണ്. എന്നാൽ അടിയന്തരവും ഹ്രസ്വവുമായിട്ടുള്ള ബാധ്യതകളെല്ലാം ഈ സർക്കാർ ഏറ്റെടുത്ത് വലിയൊരു ദൗത്യം ഇവിടെ നിർവ്വഹിച്ചിരിക്കുകയാണ്. തികഞ്ഞ സാമ്പത്തിക അച്ചടക്കത്തിലൂടെയും കൃത്യമായ ആസൂത്രണത്തിലൂടെയും പടിപടിയായി കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ പ്രതീക്ഷാനിർഭരമായ അവസ്ഥയിലേക്ക് നയിച്ച ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന്റേയും ഈ പ്രവർത്തനങ്ങൾക്കാകെ ചുക്കാൻ പിടിക്കുന്ന കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെയും ഇടപെടലുകൾ ഇന്റൻസീവ് കെയർ യൂണിറ്റിൽ ജീവന്റെ തുടിപ്പിനുവേണ്ടി യാചിച്ചുകഴിയുന്ന രോഗിക്ക് പുതുജീവൻ തിരിച്ചുനൽകുന്ന മൃതസഞ്ജീവനിയായി മാറിയിട്ടുണ്ട്.

ബാധ്യതകളാൽ നട്ടംതിരിയുന്ന സർക്കാരിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് മറ്റ് മാർഗ്ഗങ്ങളില്ലെന്ന തിരിച്ചറിവിൽ നിന്നാണ് ന്യൂജെൻ ഫിനാൻഷ്യൽ ഇൻസ്ട്രുമെന്റുകളെ കളത്തിലിറക്കി പരീക്ഷിക്കാൻ

സർക്കാർ ശ്രമിച്ചത്. സാമ്പത്തിക രംഗത്ത് കേരളത്തിൽ ഇന്നോളം കണ്ടിട്ടില്ലാത്ത നവീന ആശയം കിഫ്ബി വഴി നടപ്പിലാക്കാൻ ശ്രമിച്ചപ്പോൾ അത് ഉട്ടോപ്യൻ ആശയം, തുഗ്ലക് പരിഷ്കാരം എന്നെല്ലാം കളിയാക്കിയവർ എന്റെ മുന്നിൽ ഇരിക്കുന്നുണ്ട്. യുവതുർക്കികൾ വിമർശന ശരങ്ങളുമായി പാഞ്ഞുവന്ന് സ്വന്തം നിലയും വിലയും ഇല്ലാതാക്കി എന്നതൊഴിച്ചാൽ മറ്റൊന്നും നേടാനായിട്ടില്ല. മാത്രമല്ല, ഒളിഞ്ഞും തെളിഞ്ഞും മന്ത്രി ഓഫീസുകൾ കയറിയിറങ്ങി ഞങ്ങളുടെ മണ്ഡലത്തിലെ കിഫ്ബി പദ്ധതി എന്തായിയെന്ന് അന്വേഷിക്കുന്നതിലൂടെയാണ് ഇക്കാര്യങ്ങൾ നടപ്പിലാക്കാൻ ശ്രമിച്ച് സായൂജ്യമടഞ്ഞത്.

സേവന മേഖലയിൽനിന്നും ഘട്ടംഘട്ടമായി പിൻവലിയുന്ന ഉദാരവത്കരണനയം ഈ രാജ്യത്ത് മുന്നോട്ടുവച്ചത് കോൺഗ്രസിന്റെ കേന്ദ്രഗവൺമെന്റാണ്. എന്നാൽ ജനപങ്കാളിത്തത്തോടുകൂടി ഒരു ബദൽ സമീപനം ഈ രാജ്യത്ത് അഭിലഷണീയമായതുകൊണ്ട് ഒരു കാഴ്ചപ്പാട് രൂപപ്പെടുത്തി എടുക്കുകയാണ് കേരള ഗവൺമെന്റ് ചെയ്തിട്ടുള്ളത്. അതിൽ ഏറ്റവും പ്രധാനമാണ് ആരോഗ്യ മേഖലയിൽ അന്താരാഷ്ട്ര ശ്രദ്ധ പിടിച്ചുപറ്റാൻ കഴിയുന്ന രീതിയിൽ നീതി ആയോഗിന്റെ റിപ്പോർട്ട് ഇപ്പോൾ പുറത്തുവന്നിട്ടുള്ളത്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നെല്ലാം വ്യത്യസ്തമായി കേരളം മുന്നിലേക്ക് വന്നു എന്നുള്ളതാണ് മനസ്സിലാകുന്നത്. കേന്ദ്ര ഗവൺമെന്റ് നയം ഇപ്പോൾ കേരളത്തിലെ ജനങ്ങൾക്ക് സാമ്പത്തിക പ്രതിസന്ധിയാണ് പ്രധാനമായി സൃഷ്ടിച്ചത്. എന്നാൽ കേരളത്തിലെ കർഷകരെ രക്ഷിക്കാൻ സർക്കാർ പരമാവധി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ കർഷക ജനതയ്ക്ക് ആശ്വാസമാകുന്ന നിരവധി പ്രവർത്തനങ്ങൾ സർക്കാർ മുന്നോട്ടുവച്ചിട്ടുണ്ട്. കാർഷികോൽപ്പന്നങ്ങളുടെ ആദായകരമായ വില നിശ്ചയിക്കുന്നതിനും പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത നേടുന്നതിനും സർക്കാർ ശ്രമിച്ചിട്ടുണ്ട്. വിലക്കുറവിൽ നട്ടെല്ലൊടിയുന്ന കാപ്പി കർഷകർക്ക് ആശ്വാസ ധനസഹായം നൽകിയിട്ടുണ്ട്. ഇങ്ങനെ അന്താരാഷ്ട്ര നിലവാരത്തിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് കേരളത്തിൽ നടപ്പിലാക്കിയത്.

ഈ പഞ്ചവത്സര പദ്ധതിക്കാലത്ത് കൃഷിഭൂമിയുടെ വിസ്തൃതി മൂന്ന് ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കാൻ കഴിഞ്ഞുവെന്നത് അഭിമാനകരമായ നേട്ടമാണ്. നെൽകൃഷിയുടെ ഭാഗമായി കൊയിലാണ്ടി നിയോജകമണ്ഡലം ഉൾക്കൊള്ളുന്ന വെളിയന്നൂർചല്ലിയിൽ കഴിഞ്ഞ 40 വർഷത്തിനിടയിൽ ചരിത്രം തിരുത്തിക്കുറിച്ചുകൊണ്ട് തരിശായിക്കിടന്നിരുന്ന നിലം ജനപങ്കാളിത്തത്തോടെ കൃഷിയോഗ്യമാക്കിയത് കേരളത്തിന്റെ കാർഷിക മേഖലയ്ക്ക് കൊയിലാണ്ടി-

പേരാമ്പ്ര നിയോജകമണ്ഡലങ്ങളുടെ സംഭാവനയാണ്. അഭിമാനകരമായ ഈ നേട്ടം നമുക്ക് തുടരേണ്ടതുണ്ട്. അപ്രതീക്ഷിതമായി പെയ്ത മഴയിൽ വെളിയന്നൂർചല്ലിയിൽ സംഭവിച്ച കൃഷി നാശം പരിഗണിച്ച് കർഷകർക്കും കർഷക കൂട്ടായ്മകൾക്കും പാടശേഖര സമിതികൾക്കും മതിയായ നഷ്ടപരിഹാരം നൽകാൻ സാങ്കേതിക കുരുക്കുകളാലുണ്ടായ കാലതാമസം അവസാനിപ്പിച്ച് ആ നയം നടപ്പാക്കാൻ ആവശ്യമായ കാര്യങ്ങൾ ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. ചെയർമാൻ: യെസ്.....പ്ലീസ് കൺക്ലൂഡ്.....

ശ്രീ. കെ. ദാസൻ: സർ, നിലവിൽ എല്ലാ വിഭാഗത്തിൽപ്പെട്ട നികുതിദായകർക്കും ആംനെസ്റ്റി സ്കീം പ്രഖ്യാപിച്ചിട്ടുണ്ട്. എങ്കിലും കെ.ജി.എസ്.ടി. (കേരള ജനറൽ സെയിൽസ് ടാക്സ്) വിഭാഗത്തിൽപ്പെട്ട നികുതിദായകർക്ക് അത് ബാധകമാക്കിയിട്ടില്ല. കെ.ജി.എസ്.ടി.യിൽപ്പെടുന്ന നികുതിദായകർക്കുകൂടി ഇത് ബാധകമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മി. ചെയർമാൻ: പ്ലീസ്..... അങ്ങയുടെ പ്രസംഗം ചുരുക്കണം.

ശ്രീ. കെ. ദാസൻ: സർ, ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഒരു മിനിറ്റുകൂടി എനിക്ക് അനുവദിച്ചാൽ മതി. കൊയിലാണ്ടി ട്രഷറി പ്രവർത്തിക്കുന്ന കെട്ടിടം നൂറ് വർഷമെങ്കിലും പഴക്കമുള്ളതും ചോർന്നൊലിക്കുന്നതും പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലുമുള്ളതാണ്. ആ കെട്ടിടം പുതുക്കിപ്പണിയാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് നാല് കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അവിടെ ട്രഷറി നിർമ്മിക്കാനാവശ്യമായ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അതിന് അനുവാദം നൽകണമെന്നുകൂടി ഞാൻ അപേക്ഷിക്കുകയാണ്. അതുപോലെ, കൊയിലാണ്ടിയിൽ നന്തി ഭാഗത്ത് കെ.എസ്.എഫ്.ഇ.-യുടെ ഒരു ശാഖകൂടി ആവശ്യമായി വന്നതിനാൽ അതിനുള്ള അനുവാദംകൂടി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇവിടെ അവതരിപ്പിച്ച ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുന്നു. 2019 ജൂലൈ 1 ഈ ഗവൺമെന്റിന്റെ കരിദിനമാണ്. പാവപ്പെട്ടവന്റെയും സാധാരണ ജനവിഭാഗത്തിന്റെയും രോഗചികിത്സയ്ക്ക് അത്താണിയായിരുന്ന കാരുണ്യ ബെനവലന്റ് സ്കീമിന് അന്ത്യം കുറിക്കപ്പെട്ട ദിനമാണ് ജൂലൈ 1. പ്രിയപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കാരുണ്യ ചികിത്സാ പദ്ധതിയുടെ മരണമണിയാണ് സത്യത്തിൽ മുഴക്കിയത്. അങ്ങ് ധനകാര്യ വകുപ്പിന്റെ ഭരണം തുടങ്ങി ഓരോ വർഷം കഴിയുന്തോറും യു.ഡി.എഫ്. ഗവൺമെന്റിന്റെ ഈ കുഞ്ഞിനെ, കെ. എം. മാണിയുടെ ഈ വത്സലസന്തതിയെ ഇഞ്ചിഞ്ചായി കൊല്ലുകയായിരുന്നു. ഇന്നലെയായിരുന്നു ആ കുഞ്ഞിന്റെ ദയാവധം

നടന്നത്. ഒത്തിരി വേദനയുണ്ട്. ലോട്ടറി വകുപ്പ് ജീവകാരുണ്യ പദ്ധതി ഏറ്റെടുക്കുന്നതിലെ മുൻകരുതലുകൾ എന്തൊക്കെയായിരുന്നുവെന്ന് കെ. എം. മാണിയുടെ നിലപാടുകൾ ആദ്യം മുതലേ ശ്രദ്ധിച്ചാൽ കാണാൻ കഴിയും. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിൽ അങ്ങ് ധനകാര്യ വകുപ്പുമന്ത്രി ആയിരുന്ന സമയത്ത് ഞാനും ശ്രീ. തോമസ് ചാഴികാടൻ, ശ്രീ. ജോസഫ് എം. പുതുശ്ശേരി, ശ്രീ. പി. സി. ജോർജ് എന്നിവർ നൽകിയ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടി വളരെ ശ്രദ്ധേയമാണ്. ഇപ്രകാരം ഒരു ഭാഗ്യക്കുറിയുടെ സമ്മാനം കൈപ്പറ്റാത്ത വകയിൽ ലഭിച്ചിട്ടുള്ളതും ലഭിച്ചേക്കാവുന്നതുമായ അധിക വരുമാനം നിർദ്ധനരായ രോഗികളുടെ ചികിത്സയ്ക്കായി വിനിയോഗിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ എന്ന ചോദ്യത്തിന് 'അങ്ങനെ ഒരു പരിഗണനയില്ല' എന്നാണ് മറുപടി നൽകിയത്. 2006 മുതൽ 2008 വരെ ഓരോ വർഷവും ലോട്ടറിയിൽനിന്ന് ലഭിക്കുന്ന ആനുകൂല്യമല്ലാതെ പണം കൈപ്പറ്റാത്തതിന്റെ കണക്കെടുത്ത് പരിശോധിച്ചപ്പോൾ ഏകദേശം 75 കോടി രൂപയുണ്ടായിരുന്നു. ആ തുക ചികിത്സയ്ക്ക് ഒരു ചില്ലിക്കാശുപോലുമില്ലാത്ത പാവപ്പെട്ട രോഗികൾക്കുവേണ്ടി മാറ്റിവയ്ക്കാൻ മനഃസാക്ഷി കാണിക്കുമോ എന്നാണ് ഞങ്ങൾ അന്ന് ചോദിച്ചത്. നിർദ്ധനരായ രോഗികൾക്കുവേണ്ടി ആ തുക മാറ്റിവയ്ക്കാൻ അങ്ങ് അന്ന് തയ്യാറായില്ല. അതിനുശേഷം ആ രോഗികൾക്കുവേണ്ടി ഒരു പൂവ് ചോദിച്ചപ്പോൾ ഒരു വസന്തമെന്ന നിലയിലാണ് 2011-12-ലെ ബഡ്ജറ്റിലൂടെ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കെ. എം. മാണി കാരുണ്യ പദ്ധതി കൊണ്ടുവന്നത്. ആ പദ്ധതി നിലനിർത്തേണ്ടതാണ്. അതേപ്പറ്റി പുനരാലോചിക്കണം. പദ്ധതിക്കാവശ്യമായ തുക ബഡ്ജറ്റിൽ നിന്നോ ട്രഷറിയിൽ നിന്നോ കണ്ടെത്തേണ്ടി വരുന്നില്ല. അതിനുവേണ്ടിയാണ് കാരുണ്യ ലോട്ടറി ആരംഭിച്ചത്. ഈ കാലയളവിനുള്ളിൽത്തന്നെ 1,39,831 രോഗികൾക്ക് സഹായം നൽകാൻ കഴിഞ്ഞു. 1,158.64 കോടി രൂപ വിതരണം ചെയ്തു. ഒരു തലത്തിലും ഗവൺമെന്റിന് യാതൊരുവിധ ബന്ധവുമില്ലാത്ത തുകയാണത്. രണ്ട് ലക്ഷം രൂപ വരെയാണ് ചികിത്സാ ധനസഹായം നൽകിയിരുന്നത്. എ.പി.എൽ. വിഭാഗമാണെങ്കിലും ബി.പി.എൽ. വിഭാഗമാണെങ്കിലും മൂന്ന് ലക്ഷം രൂപവരെ വരുമാന പരിധി യുള്ളവർക്ക് ഇതിന്റെ അപേക്ഷ കൊടുക്കാനും തുക ലഭ്യമാക്കാനും സാധിച്ചിരുന്നു. ആശുപത്രി അക്കൗണ്ടുകളിലേക്കാണ് ഈ തുക കൈമാറിയിരുന്നത്. സുതാര്യത നിലനിർത്തിക്കൊണ്ടുതന്നെയാണ് ഈ സ്കീം കൊണ്ടുവന്നത്.

അങ്ങ് ഉദ്ദേശിക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് യാതൊരു വിമുഖതയും കാണിക്കേണ്ടതില്ല. പക്ഷേ, ഈ പദ്ധതികളെ തമ്മിൽ കൂട്ടിച്ചേർക്കരുത്. ഇൻഷ്വറൻസ് പ്രീമിയത്തിന്റെ ആനുകൂല്യം ലഭിക്കുന്നവർക്കാണ്

ആനുകൂല്യങ്ങൾ ലഭ്യമാകുന്നത്. ഒരു കുടുംബത്തിന് അഞ്ച് ലക്ഷം രൂപ വരെയാണ് ഇൻഷ്വറൻസ് ഉറപ്പാക്കുന്നത്. അതിന് 1,671 രൂപയുടെ പ്രീമിയം അടയ്ക്കണം. സർക്കാർ ഈ പ്രീമിയം അടയ്ക്കുമെന്നാണ് മനസ്സിലാക്കുന്നത്. പക്ഷേ, ഇതിനാവശ്യമായ ഭീമമായ തുക എവിടെ നിന്ന് സമാഹരിക്കും? ഏകദേശം ഒരു കോടിയോളം വരുന്ന ആളുകൾക്ക് ചികിത്സാ സഹായവുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിൽ പോകേണ്ടിവരുന്നു. 1,671 രൂപ വച്ച് എത്ര കോടി രൂപ പ്രീമിയമായി കണ്ടെത്തേണ്ടിവരും? സ്വകാര്യ ഇൻഷ്വറൻസ് കമ്പനിയുടെ ഇടപെടലിനെക്കുറിച്ച് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. സാധാരണക്കാർക്ക് ആനുകൂല്യം ലഭിക്കുന്നതിലെ കാലതാമസമൊക്കെ ഇതിൽ വലിയ വിഷയമായി ഭവിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. അതുകൊണ്ട് തീർച്ചയായും ഈ വിഷയത്തിൽ അങ്ങ് പുനർചിന്തനം നടത്തണം. ഈ സ്കീം നിലനിർത്തണം. ഇരുപത്തിനാല് മണിക്കൂർകൊണ്ട് പാവപ്പെട്ട ഒരാൾക്ക് ചികിത്സയ്ക്കാവശ്യമായ തുക കൈമാറാൻ കഴിയുന്ന യാതൊരു പ്രതിബന്ധങ്ങളുമില്ലാത്ത സ്കീമാണിത്.

ഇന്നലെയുണ്ടായ സംഭവം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കട്ടപ്പന മുനിസിപ്പാലിറ്റിയിലെ കല്ലുകുന്നിൽ താമസിക്കുന്ന പതിനെട്ട് വയസ്സുള്ള ഫസീലാ സലിം എന്ന കുട്ടി ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജിയിൽ അഡ്മിറ്റായി ഓപ്പറേഷന് ആവശ്യമായ രേഖകളുമായി വന്നു. അവിടെ വന്ന് എല്ലാം റെഡിയായി. കാരുണ്യ പദ്ധതിക്കാവശ്യമായ അപേക്ഷാഫാറം പൂരിപ്പിക്കാൻ ചെന്നപ്പോൾ ഈ പദ്ധതിക്ക് ഇനി ഇവിടെനിന്ന് ഇത്തരം ഫോമുകൾ കൊടുക്കേണ്ടതില്ല എന്ന് പറഞ്ഞതുകേട്ട് കരഞ്ഞുകൊണ്ടുവന്ന ആ കുട്ടിയുടെ അമ്മയെയും സഹോദരിയെയും കാണാനിടവന്നു. ലോട്ടറി ഓഫീസുകളിൽ നൂറുകണക്കിന് ആളുകളുടെ ദയനീയമായ കരച്ചിലും വേദനയും കാരുണ്യയുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് ഇത്തരത്തിലുള്ളവർക്ക് പെട്ടെന്നുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ മറ്റൊരു മാർഗ്ഗവുമില്ലാതെയാണ് ഇത് നടപ്പിലാക്കാൻ തീരുമാനിച്ചത്. അതിനാൽ കാരുണ്യ പദ്ധതി നിലനിർത്തുകതന്നെ വേണം.

കെ. എം. മാണി നടത്തിയ പ്രസംഗം, അദ്ദേഹത്തിന്റെ വാക്കുകളാണ്. "കാരുണ്യ പദ്ധതി നിർത്തലാക്കിയത് വലിയ സങ്കടകരമാണ്. കുഞ്ഞിനെ കൊന്ന് അമ്മയുടെ മുന്നിലിടുമ്പോൾ അമ്മയ്ക്കുണ്ടാകുന്ന ദുഃഖം പോലെയാണിത്. ഞാൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ കൊണ്ടുവന്ന പദ്ധതിയാണിത്. കാരുണ്യ പദ്ധതി ഇൻഷ്വറൻസ് പദ്ധതിയിൽ ലയിപ്പിച്ചിരിക്കുകയാണ്. ഒരു ശിപാർശയുമില്ലാതെ മാരകരോഗങ്ങൾക്ക് ഏതൊരാൾക്കും രണ്ട് ലക്ഷം രൂപവരെ കിട്ടുന്ന സഹായമായിരുന്നു. ഇൻഷ്വറൻസ് പദ്ധതിയിൽ ലയിപ്പിച്ചു കഴിഞ്ഞാൽ ആ

രൂപ വാങ്ങിയെടുക്കാൻ എത്രയോ നടപടിക്രമങ്ങളുണ്ട്. അത്രയും സങ്കീർണ്ണമാണ്. ഒരാവശ്യവുമില്ലാതെ ഇൻഷ്വറൻസ് പദ്ധതിയിൽ ലയിപ്പിച്ചിരിക്കുകയാണ്. കാരുണ്യ പദ്ധതി നിലനിർത്തിക്കൊണ്ടുതന്നെ ഇൻഷ്വറൻസിന്റെ ആനുകൂല്യങ്ങൾ പാവപ്പെട്ടവർക്ക് വേറെ കൊടുക്കാം. അതുകൊണ്ട് 140 എം.എൽ.എ.-മാരുടെയും അഭിപ്രായംകൂടി ഇക്കാര്യത്തിൽ ആരായണം. അനുകൂലമാണെങ്കിലും പ്രതികൂലമാണെങ്കിലും അത് നടപ്പാക്കണം. കാരുണ്യ പദ്ധതി നിർത്തലാക്കി ഇൻഷ്വറൻസ് പദ്ധതിയിൽ ലയിപ്പിക്കണമെന്ന് ആരെങ്കിലും പറയുമെന്ന് എനിക്ക് തോന്നുന്നില്ല. ഇതൊക്കെ വളരെ തെറ്റായ നടപടിയാണ്. അതുകൊണ്ട് കാരുണ്യ പദ്ധതി നിലനിർത്തണമെന്ന് ഞാൻ ആവശ്യപ്പെടുന്നു" കെ. എം. മാണി ഈ നിയമസഭയിൽ നടത്തിയ അവസാന പ്രസംഗമാണിത്. കാരുണ്യ പദ്ധതി തീർച്ചയായും ആ നിലയിൽത്തന്നെ കാണാനും സാധുക്കൾക്ക് അതിന്റെ പ്രയോജനം ലഭിക്കാനും തീർച്ചയായും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണമെന്ന് ഒരിക്കൽക്കൂടി അപേക്ഷിക്കുന്നു. കാരുണ്യ ലോട്ടറിയുടെ ഫണ്ട് എന്തിനുവേണ്ടി ഇനി ഉപയോഗിക്കാൻ സാധിക്കും? ആ ലോട്ടറിയിൽനിന്ന് ലഭിക്കുന്ന ധനം തീർച്ചയായും പാവപ്പെട്ടവർക്കുവേണ്ടി സുതാര്യമായി, മറ്റ് നൂലാമാലകളിൽപ്പെടാതെ നേരിട്ട് ലഭിക്കാനാവശ്യമായ നടപടിയാണ് കൈക്കൊള്ളേണ്ടത്.

ഇടുക്കി പാക്കേജിനെ സംബന്ധിച്ച് ഒരു കാര്യംകൂടി പറയട്ടെ. വലിയൊരു പ്രളയം മുക്കിക്കളഞ്ഞ ജില്ലയാണ് ഇടുക്കി. ധാരാളം ആളുകൾ വലിയ പീഡകൾ സഹിക്കുന്ന ഒരു സ്ഥിതിവിശേഷം അവിടെയുണ്ട്. വീടുകൾ നഷ്ടപ്പെട്ടവർ, പൂർണ്ണമായും തകർന്ന റോഡുകൾ, തകർന്ന കാർഷിക മേഖല എന്നിവയാണ് അവിടെ കാണാൻ സാധിക്കുന്നത്. 5,000 കോടി രൂപയുടെ ഇടുക്കി പാക്കേജ് അങ്ങ് പ്രഖ്യാപിച്ചതിൽ വളരെയേറെ സന്തോഷമുണ്ട്. തകർന്ന റോഡുകളുടെയും കൃഷിയിടങ്ങൾ നഷ്ടപ്പെട്ടവരുടെയും കാര്യത്തിൽ ഇടുക്കി പാക്കേജിന്റെ ഭാഗമായി എന്താണ് സമയബന്ധിതമായി ചെയ്യാൻ കഴിയുക? കാർഷിക മേഖലയിൽ ചെറുതും വലുതുമായ ദുരിതമനുഭവിക്കുന്നവരുണ്ട്. ചെറുകിട കർഷകർക്ക് വായ്പ തിരിച്ചടയ്ക്കാൻ കഴിയില്ല. അതിനാൽ സാധാരണക്കാരായ ചെറുകിട കർഷകരെ സംരക്ഷിക്കാൻ, ആ പാക്കേജിന്റെ ഭാഗമായി അവരുടെ ലോണുകൾ എഴുതിത്തള്ളാൻ ഗവൺമെന്റ് തയ്യാറാകേണ്ടതുണ്ട്. ഇന്നത്തെ സ്ഥിതിവിശേഷമനുസരിച്ച് ആ പാക്കേജിനെക്കുറിച്ചുള്ള രൂപരേഖപോലും നമുക്ക് പൂർണ്ണമായും അറിയാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഇക്കാര്യങ്ങളിൽ തീർച്ചയായിട്ടും അങ്ങയുടെ ശ്രദ്ധയുണ്ടാകണം. ഇന്ന് കിഫ്ബിയുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ ഇടുക്കി നിയോജകമണ്ഡലത്തിലുണ്ട്. അതിനൊക്കെ

ഇപ്പോഴും സമഗ്രമായ റിപ്പോർട്ടുകൾ സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല. നിങ്ങൾ പരിശ്രമിക്കുന്നുണ്ടെങ്കിലും അക്കാര്യങ്ങൾ വേഗത്തിലാക്കി ആ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

പ്രളയക്കെടുതിയിൽ ധാരാളം ആളുകൾ മരിച്ച ജില്ലയാണ് ഇടുക്കി. ഈ നിയോജകമണ്ഡലത്തിൽത്തന്നെ 250 പേർ മരിച്ചു. ആറ് പേരുടെ മൃതദേഹം ഇനിയും കണ്ടുകിട്ടിയിട്ടില്ല. അതിനുള്ള നഷ്ടപരിഹാരത്തുക നൽകുന്നതിനുള്ള ചില നിയമപ്രശ്നങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഓഖി ദുരന്തം വന്നപ്പോൾ ഒരു സ്പെഷ്യൽ ഉത്തരവിലൂടെ ഇത്തരം കുടുംബങ്ങൾക്ക് ധനസഹായം നൽകാൻ കഴിഞ്ഞു. ആ വിഷയത്തിലും ഒരു തീരുമാനമുണ്ടാകണം. അതോടൊപ്പംതന്നെ ക്യാമ്പുകളിൽ താമസിച്ചവരുടെ കാര്യം തീർച്ചയായും പരിഗണിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

2018-ലെ കാലവർഷക്കെടുതിയിൽ ഇടുക്കി ജില്ലയിൽ 217 ക്യാമ്പുകളിൽ ഏതാണ്ട് 10630 കുടുംബങ്ങളാണ് അധിവസിച്ചത്. പ്രളയം ബാധിച്ച 33835 ആളുകളിൽ 4447 പേർക്ക് മാത്രമാണ് പതിനായിരം രൂപയുടെ ആനുകൂല്യം ലഭിച്ചത്. അക്കാര്യം വളരെ വ്യക്തമായി അങ്ങയുടെ റിപ്പോർട്ടിൽത്തന്നെ പറയുന്നുണ്ട്. "മണ്ണിടിച്ചിൽ മുഖാന്തരവും വെള്ളം കയറിയതുമൂലവും ഉണ്ടായിട്ടുള്ള വിഷയത്തിന്റെ ഭാഗമായിട്ടാണ് ആളുകളെ മാറ്റിപ്പാർപ്പിച്ചതെങ്കിൽ തീർച്ചയായിട്ടും അവർക്ക് പതിനായിരം രൂപയുടെ ആനുകൂല്യത്തിന് അർഹതയുണ്ട്" എന്ന്. അത് പുനഃപരിശോധിക്കണം. ആ കുടുംബങ്ങൾക്ക് ലഭിക്കുന്ന ഒരാനുകൂല്യമാണത്. അത് നിഷേധിക്കാൻ ഇടവരരുത്.

കോ-ഓപ്പറേറ്റീവ് ബാങ്കുകൾ വലിയ ദുരിതത്തിലാണ്. അവരുടെ വിഷമം കാണാതിരിക്കാൻ നിർവ്വാഹമില്ല. പ്രാഥമിക സഹകരണ സംഘങ്ങൾ വഴി കർഷകർ എടുത്തിരിക്കുന്നതും 7% പലിശ ഉൾപ്പെടെ തിരിച്ചടയ്ക്കുന്നതുമായ കാർഷിക വായ്പകളിൽ കൃത്യമായ തിരിച്ചടവ് വ്യവസ്ഥകൾ പാലിക്കുന്നവർക്ക് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള 3% പലിശയിളവ് നൽകുന്നുണ്ട്. 1-4-2013 മുതൽ 3% പലിശയിളവിന് അർഹരായ വായ്പക്കാരുടെ പലിശയിനത്തിൽ ബാക്കി നിൽക്കുന്ന 4% പലിശത്തുക സംസ്ഥാന ഗവൺമെന്റ് നൽകാമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ കേരളത്തിലെ സഹകരണ ബാങ്കുകൾക്ക് 4% പലിശയിളവ് പ്രഖ്യാപിച്ച കാലയളവിൽ ഒരു വർഷത്തെ തുക മാത്രമാണ് നൽകിയിട്ടുള്ളത്. അതിനുശേഷം 31-3-2019 വരെയുള്ള 5 വർഷക്കാലയളവിൽ 4% പലിശയിളവ് ഇതുവരെ ലഭ്യമായിട്ടില്ല. 4% പലിശ സബ്സിഡിയിനത്തിൽ ഇടുക്കി ജില്ലയിലെ സഹകരണ ബാങ്കുകൾക്ക് മാത്രം 25

കോടിയോളം രൂപ ലഭിക്കാനുണ്ട്. ഇത് തീർച്ചയായും പരിശോധിക്കണം. അത് ആ കർഷകരെയും പ്രാഥമിക സഹകരണ സംഘങ്ങളെയും സംബന്ധിച്ചിടത്തോളം വലിയ ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്.

പ്രകൃതിക്ഷോഭത്താൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന ഇടുക്കി ജില്ലയെ സംബന്ധിച്ചിടത്തോളം കടാശ്വാസ കമ്മീഷനുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കുറേക്കൂടി ജാഗ്രത പുലർത്താനും കൂടുതൽ സ്ഥലങ്ങളിൽ സിറ്റിംഗ് നടത്താനും അങ്ങ് നടപടി സ്വീകരിക്കണം. ആ നിലയിൽ ഒരിക്കൽക്കൂടി ഞാൻ ആവശ്യപ്പെടുന്ന കാര്യമാണ് കാരുണ്യ പദ്ധതി. പാവപ്പെട്ടവന്റെ കണ്ണുനീരിന്റെ, ദുഃഖത്തിന്റെ, വേദനയുടെ വിഷയമാണ്. അത് തീർച്ചയായും പുനഃപരിശോധിക്കണം. ആർക്കും ഒരു ലയബിലിറ്റിയും ഇല്ലാത്തതാണ്. കെ. എം. മാണിയുടെ പേരിൽ ഈ നിയമസഭയിൽ അദ്ദേഹത്തിന്റെ റഫറൻസ് നടത്തിയപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ വാക്കുകൾ കടമെടുത്തുകൊണ്ടുതന്നെ പരിശോധിക്കണം. 55 വർഷക്കാലം പൊതുരംഗത്തുനിന്ന് ഈ നിയമസഭയുടെ ഭാഗമായി പ്രവർത്തിച്ച ഒരു വ്യക്തിയെ ഓർത്തിരിക്കാൻ കഴിയുന്ന ആ വലിയൊരു കാര്യം ഒരിക്കലും തച്ചുടച്ച് കളയാതെ പുനഃപരിശോധന നടത്തി നിലനിർത്തണമെന്ന് ഒരിക്കൽ കൂടി വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. സി. കൃഷ്ണൻ</u>: സർ, കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിനെ ഞാൻ പൂർണ്ണമായും അംഗീകരിക്കുന്നു. എൽ.ഡി.എഫ്. ഗവൺമെന്റ് മൂന്ന് വർഷം പൂർത്തിയാക്കി നാലാം വർഷത്തിലേക്ക് കടന്നിരിക്കുകയാണ്. പ്രകടന പത്രികയിൽ നൽകിയ വാഗ്ദാനങ്ങൾ തെരഞ്ഞെടുപ്പുകാലത്ത് മാത്രം നിലനിൽക്കുന്നതാണെന്ന് പ്രഖ്യാപിച്ച രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഗവൺമെന്റുമുള്ള ഒരു നാടാണ് നമ്മുടേത്. എന്നാൽ പ്രതികൂല സാഹചര്യത്തിലും ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ അതിവേഗം നടപ്പിലാക്കി മുന്നോട്ടുപോകുന്ന ഗവൺമെന്റാണ് ഇവിടെയുള്ളത്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഒന്നാം വർഷം പ്രകടനപത്രികയിൽ മുന്നോട്ടുവച്ച 30 കാര്യപരിപാടികളുടെയും പ്രോഗ്രസ്സ് റിപ്പോർട്ട് ജനങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുകയുണ്ടായി. രണ്ടാം വർഷം പ്രകടനപത്രികയിലെ 600 കാര്യപരിപാടികളുടെ പ്രോഗ്രസ്സ് റിപ്പോർട്ട് ജനങ്ങൾക്ക് മുമ്പാകെ അവതരിപ്പിച്ചു. ഇതിൽ 550 പരിപാടികളും പൂർത്തിയാക്കുകയോ അല്ലെങ്കിൽ തുടക്കം കുറിക്കുകയോ ചെയ്തു എന്ന വിവരം പ്രോഗ്രസ്സ് റിപ്പോർട്ടിൽ വിശദമാക്കിയിട്ടുണ്ട്. ഇതിനുമുമ്പുള്ള ഒരു ഗവൺമെന്റിന്റെ ഭരണകാലത്തും ഇത്ര കാര്യക്ഷമമായും സമയബന്ധിതമായും പ്രകടനപ്പത്രികയിലെ കാര്യങ്ങൾ നടപ്പിലാക്കി ജനങ്ങളുടെ മുമ്പാകെ അവതരിപ്പിച്ച അനുഭവം കേരളത്തിൽ ഉണ്ടായിട്ടില്ല. അത് എൽ.ഡി.എഫ്. ഗവൺമെന്റിന് മാത്രം

അവകാശപ്പെടാവുന്ന ഒന്നാണ്. അതുപോലെതന്നെ 5 വർഷം പൂർത്തിയാക്കുമ്പോൾ 50,000 കോടി രൂപ ചെലവഴിച്ച് അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കുമെന്ന് പ്രഖ്യാപിക്കുക മാത്രമല്ല, കിഫ്ബിയിലൂടെ ആ പദ്ധതികൾ ഓരോന്നോരോന്നായി നടപ്പിലാക്കി മുന്നോട്ടുപോകുകയാണ് ചെയ്യുന്നത്. 43,730 കോടി രൂപയുടെ പദ്ധതികൾക്ക് ഇതിനകം അനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. ആ പദ്ധതികളിലൂടെയുള്ള വികസന പ്രവർത്തനങ്ങൾ നടക്കാത്ത ഏതെങ്കിലും ഒരു ജില്ലയോ പ്രദേശമോ കേരളത്തിലുണ്ടെന്ന് പറയാൻ സാധിക്കില്ല. വികസനമെന്നത് ഏതെങ്കിലുമൊരു ഭാഗത്ത് മാത്രമുള്ളതല്ല; സർവ്വതല സ്പർശിയാണ്. ആ ലക്ഷ്യം വച്ചുകൊണ്ടുള്ള വികസന പ്രവർത്തനങ്ങളാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്.

ഞാൻ ഓർക്കുന്നത് യു.ഡി.എഫ്. ഗവൺമെന്റിന്റെ 5 വർഷക്കാലത്തെക്കുറിച്ചാണ്. അവഗണനയുടെയും വിവേചനത്തിന്റെയും കയ്പുനീര് കുടിക്കേണ്ടിവന്ന ജനങ്ങളായിരുന്നു എന്റെ മണ്ഡലത്തിലുണ്ടായിരുന്നത്. എന്റേത് മാത്രമല്ല മറ്റ് പല മണ്ഡലങ്ങളിലും അങ്ങനെയായിരുന്നു. ആ ഘട്ടത്തിൽ മണ്ഡലത്തിലെ വികസന കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നിയമസഭാ സമ്മേളനം നടക്കുമ്പോൾ നിരാഹാര സമരം നടത്തേണ്ടിവന്ന ഒരു ഗതികേടാണ് അന്ന് എനിക്ക് വന്നത്. എന്നാൽ ആ കാലം മാറി. ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ എല്ലാ മേഖലയിലും പരിമിതികൾ ഉണ്ടെങ്കിൽപ്പോലും വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു. അതുകൊണ്ടുതന്നെ വികസനത്തിന്റെ മധുരം നുകർന്നുകൊണ്ട് സന്തോഷത്തോടുകൂടി മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റിന്റെ പിന്നിൽ അണിനിരക്കുന്ന ജനങ്ങളെ എവിടെയും നമുക്ക് കാണാൻ സാധിക്കും.

ഒരു കാലത്ത് നഷ്ടത്തിൽനിന്നും നഷ്ടത്തിലേക്ക് കൂപ്പുകുത്തിയിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഒന്നിനുപിറകേ ഒന്നായി ലാഭകരമായി പ്രവർത്തിച്ച് മുന്നോട്ടുപോകുന്ന കാഴ്ച ഇവിടെ കാണാൻ സാധിക്കുന്നുണ്ട്. സംസ്ഥാനത്ത് ലക്ഷക്കണക്കിനാളുകൾ ഉപജീവനം നടത്തുന്ന പരമ്പരാഗത വ്യവസായങ്ങൾക്ക് സംസ്ഥാന സർക്കാരിന്റെ പ്രകടനപത്രികയിലും അതുപോലെ ബഡ്ജറ്റ് പ്രസംഗത്തിലുമെല്ലാം പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. അതിന്റെ ഭാഗമായി കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽപ്പെട്ട കൈത്തറി, ഖാദി, കയർ, കശുവണ്ടി തുടങ്ങിയ മേഖലകളിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഗവൺമെന്റ് മുന്നോട്ടുവന്നിട്ടുണ്ട്. ഈ മേഖലകളിലെല്ലാം ഒരു പുത്തൻ ഉണർവ് ഇന്ന് കാണാൻ സാധിക്കും.

ഒക്ടോബർ 2 ഗാന്ധിജയന്തിയാണ്. ഗാന്ധിജിയുടെ 150-ാം ജന്മദിനം രാജ്യവ്യാപകമായി ആചരിക്കുകയാണ്. ഇവിടെയും ചില പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. ഈ സന്ദർഭം ഖാദിയുടെ പ്രചരണത്തിനുകൂടി ഉപയോഗപ്പെടുത്തണം എന്ന് ഞാൻ അഭിപ്രായപ്പെടുകയാണ്. ഗാന്ധിജിയും ഖാദിയും തമ്മിലുള്ള ബന്ധം പ്രത്യേകിച്ച് പറയേണ്ട കാര്യമില്ലല്ലോ? ഗാന്ധിജിയുടെ പാദസ്പർശമേറ്റ മണ്ണാണ് പയ്യന്നൂർ. ഖാദി പ്രചരണവും ഉപ്പ് സത്യാഗ്രഹവുമെല്ലാം നടന്ന കേന്ദ്രമാണത്. ഇതിന്റെ ഭാഗമായി അവിടെ ഗാന്ധി സ്മൃതി മ്യൂസിയം സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിന് മുൻകയ്യെടുത്ത തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയെ പ്രത്യേകമായി അഭിനന്ദിക്കുകയാണ് .

മഹാത്മാ ഗാന്ധിയുടെ 150-ാം ജന്മദിനത്തിന്റെ ഭാഗമായി ഖാദി പ്രചരണത്തിന് മുൻതൂക്കം നൽകുന്നൊരു പദ്ധതി ഈ ഗവൺമെന്റും അതുപോലെ വ്യവസായ വകുപ്പും മുന്നോട്ടുവയ്ക്കണം. നേരത്തെ എൽ.ഡി.എഫ്. ഗവൺമെന്റ് ഖാദിക്കും കൈത്തറിക്കും പ്രത്യേക പരിഗണന നൽകിയിരുന്നു. ഇപ്പോൾ കൈത്തറിയിൽ യൂണിഫോം ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നത് ഇത്തരം മേഖലകളെ ഊർജ്ജസ്വലമാക്കാൻ സഹായകരമായിട്ടുണ്ട്. ആ ഘട്ടത്തിൽ അന്നത്തെ ഗവൺമെന്റ് കേരളീയർ ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഖാദി അല്ലെങ്കിൽ കൈത്തറി വസ്ത്രം ധരിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. അത് നടപ്പിലാക്കാനുള്ള നിർദ്ദേശം വീണ്ടും ഉണ്ടാകണം. എല്ലാവർക്കും അത് സ്വീകാര്യവുമാണ്. നമ്മുടെ എം.എൽ.എ.-മാരും മന്ത്രിമാരും ഉൾപ്പെടെയുള്ളവർ ഇതിന്റെ പ്രചരണത്തിന്റെ ഭാഗമായി ഒരു ദിവസമെങ്കിലും ഖാദി വസ്ത്രം ധരിച്ച് സഭയിൽ വന്നാൽ അതൊരു സന്ദേശമായിരിക്കും. അതുപോലെ, സ്കൂൾ യൂണിഫോം പദ്ധതിയിൽ ഖാദിയെക്കൂടി ഉൾപ്പെടുത്തിയാൽ ഉൽപ്പാദനം വർദ്ധിക്കുകയും ആ മേഖലയിൽ പണിയെടുക്കുന്നവരുടെ രക്ഷയ്ക്ക് സഹായകമാകുകയും ചെയ്യും. അത്തരമൊരു പദ്ധതികൂടി നടപ്പിലാക്കണം എന്ന് ഞാൻ നിർദ്ദേശിക്കുകയാണ്.

നാല്പത് വർഷത്തിനിടയിൽ ഏറ്റവും കൂടുതൽ തൊഴിലില്ലായ്മ നേരിട്ട വർഷമാണ് ഇതെന്ന് ഔദ്യോഗികമായി കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുകയാണ്. സ്ഥിരം തൊഴിലെന്നത് ഒരു സ്വപ്നം മാത്രമാണ്. തൊഴിൽരഹിതരെ സംബന്ധിച്ചിടത്തോളം അതൊരു കിട്ടാക്കനിയാണ്. എന്നാൽ സംസ്ഥാനത്ത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ഒരു

ലക്ഷത്തിലധികം പേർക്ക് പി.എസ്.സി. മുഖേന തൊഴിൽ നൽകാൻ സാധിച്ചുവെന്നുമാത്രമല്ല ഈ പ്രതിസന്ധിക്കിടയിലും 20000 തസ്തികകൾ സൃഷ്ടിച്ച് തൊഴിൽരഹിതരായ യുവതീ-യുവാക്കൾക്ക് തൊഴിലവസരങ്ങൾ നൽകാൻ സാധിച്ചിട്ടുണ്ട്. തൊഴിൽവകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുമ്പോൾ ഇപ്പോഴത്തെ തൊഴിൽ വകുപ്പിനെയും ഗവൺമെന്റിനെയുമാണ് തൊഴിലാളികൾ ഏറെ പ്രശംസിക്കുന്നത്. ഇരുപതോളം മേഖലകളിൽ ലഭ്യമാക്കിയിട്ടുള്ള മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിന് ഗവൺമെന്റ് തീരുമാനിച്ചു. പുതുക്കി നിശ്ചയിക്കുക മാത്രമല്ല അക്കാര്യങ്ങൾ പരിശോധിച്ച് മിനിമം കൂലി നടപ്പിലാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരികയാണ്. പരമ്പരാഗത മേഖലയിൽ ഏറ്റവും കുറഞ്ഞ കൂലി ലഭിക്കുന്നവർക്ക് മിനിമം കൂലി ലഭ്യമാക്കുന്നതിനാണ് മുൻ എൽ.ഡി.എഫ്. ഗവൺമെന്റ് ഇൻകം സപ്പോർട്ട് സ്കീം കൊണ്ടുവന്നത്. ആ തുക പടിപടിയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ വർഷവും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ഇൻകം സപ്പോർട്ട് സ്കീം കാലോചിതമായി പരിഷ്കരിക്കണമെന്നും മിനിമം കൂലി ലഭിക്കാത്ത മേഖലകളിൽ യഥാസമയത്തുതന്നെ അത് കൂലിയായി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്.

സംസ്ഥാനത്ത് കൂടുതലും സ്ത്രീ തൊഴിലാളികളാണ്. ആശാ വർക്കർമാർ, അങ്കണവാടികളിലെ ജീവനക്കാർ, സ്കൂളുകളിലെ പാചക തൊഴിലാളികൾ, പാലിയേറ്റീവ് നഴ്സ് തുടങ്ങിയവരുടെ കാര്യങ്ങളിലും എൽ.ഡി.എഫ്. ഗവൺമെന്റ് പ്രത്യേക ശ്രദ്ധ പതിപ്പിക്കുകയും ചില ആനുകൂല്യങ്ങൾ നൽകി അവരെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട് എന്നുള്ളത് സന്തോഷകരമായ കാര്യമാണ്. ഇത്തരത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റ് വിവിധ മേഖലകളിൽ വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുകയാണ്.

കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ജനങ്ങൾക്ക് നിരവധി സൗകര്യങ്ങളൊരുക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടു പോകുകയാണ്. ഈ ഗവൺമെന്റിന്റെ ഇത്തരം പ്രവർത്തനങ്ങൾ ഇനിയും മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നിർദ്ദേശങ്ങൾ അടങ്ങിയതാണ് ഇവിടെ അവതരിപ്പിച്ച ധനവിനിയോഗ ബിൽ എന്നു പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഐ. ബി. സതീഷ്: സർ, ഒരു സെൻ കഥയുണ്ട്. ബുദ്ധനാകാൻ ആഗ്രഹിച്ച ശിഷ്യൻ ഗുരുവിനെ തേടിയെത്തി. അദ്ദേഹം ശിഷ്യനോട് ഒന്നും പറഞ്ഞില്ല പകരം ചെയ്തത് സമീപത്തുണ്ടായിരുന്ന ഒരു കല്ലെടുത്ത് മറ്റൊരു

കല്ലിലുരച്ചു. ഈ പ്രക്രിയ ദീർഘനേരം തുടർന്നു. ശിഷ്യൻ ചോദിച്ചു 'അങ്ങ് എന്താണ് ചെയ്യുന്നത്, കല്ലുരച്ചാൽ കണ്ണാടിയാകുമോ' എന്ന്. അതുപോലെ ഇവർക്ക് ഒരു ക്രിയാത്മക പ്രതിപക്ഷമാകാൻ കഴിയില്ലായെന്നത് കേരളം കണ്ടുകൊണ്ടിരിക്കുകയാണ്. കല്ലുരച്ചാൽ കണ്ണാടിയാകില്ലായെന്നതുപോലെ വിമോചനസമരത്തിന് നേതൃത്വം നൽകിയ കോൺഗ്രസിന് കേരളത്തിലെ ക്രിയാത്മക പ്രതിപക്ഷമാകാൻ ആകില്ലായെന്ന് വർത്തമാനകാല സംഭവങ്ങൾ തെളിയിക്കുകയാണ്. കേരളം ഒരിഞ്ചുപോലും വികസിക്കരുത് എന്ന ദുശ്ശാഠ്യമാണ് പ്രതിപക്ഷത്തെ നയിക്കുന്നത്. അത് സാലറി ചലഞ്ചിന്റെ കാര്യത്തിൽ നമ്മൾ കണ്ടു.

<u>മി. ചെയർമാൻ</u>: സഭ അല്പ നേരത്തേയ്ക്ക് നിർത്തിവച്ചിരിക്കുന്നു.

(ശ്രീമതി സി. കെ. ആശ സഭയിൽ വീണതിനെത്തുടർന്ന് അടിയന്തര വൈദ്യസഹായം നൽകുന്നതിനായി 1.47-ന് നിർത്തിവച്ച സഭ 01.49-ന് പുനരാരംഭിച്ചു.)

<u>മി. ചെയർമാൻ</u>: ചർച്ച തുടരാം.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, സാലറി ചലഞ്ചിന്റെയും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെയും കേരള ബാങ്കിന്റെയും കാര്യത്തിലൊക്കെ ഇന്ന് കേരളം അർഹിക്കാത്ത തരത്തിലുള്ള നിഷേധാത്മകതയാണ് നിർഭാഗ്യവശാൽ പ്രതിപക്ഷം പ്രകടിപ്പിക്കുന്നത്. ഇവിടെ കേരളം കൈവിട്ടുപോയ ആറ് പതിറ്റാണ്ടിനെ വീണ്ടെടുക്കാൻ ശ്രമിക്കുകയാണ്. കേരളം സവിശേഷമായ ഒരു നാടാണ്.

'പച്ചയാം വിരിപ്പിട്ട സഹ്യനിൽ തല വച്ചും

സ്വച്ഛാബ്ധിമണൽത്തിട്ടാം പാദോപധാനം പൂണ്ടും'

കിടക്കുന്ന കേരളം കേവലം ഒരു സംസ്ഥാനമെന്നതിനപ്പുറം പ്രകൃതി വിഭവങ്ങളാൽ, മാനവശേഷിയാൽ, സംസ്കാരത്താൽ പ്രബുദ്ധതയാലൊക്കെ സമ്പന്നമായിരുന്നു. ആ കേരളത്തിന് ആറ് പതിറ്റാണ്ടുകൊണ്ട് കയ്യടക്കാൻ കഴിയുന്ന നേട്ടങ്ങൾ കൈവരിക്കാൻ കഴിയാതെപോയത് എന്തുകൊണ്ടാണ്? ചരിത്രത്തിന്റെ കുമ്പസാരക്കൂട്ടിൽ കയറിനിന്ന് വലതുപക്ഷ കോൺഗ്രസ് നേതൃത്വം വിമോചന സമരത്തെക്കുറിച്ച് പറഞ്ഞത് എന്റെ പിഴ, എന്റെ പിഴ, എന്റെ വലിയ പിഴയെന്നാണ്. ആ വിമോചന സമരം സൃഷ്ടിച്ച ഒരു സാമൂഹ്യ അന്തരീക്ഷമുണ്ട്. ജാതിമത സാമുദായിക ശക്തികളുടെ കേന്ദ്രീകരണം രാഷ്ട്രീയത്തിൽ ഇടപെടാൻ തുടങ്ങുന്നത് അവിടെനിന്നാണ്. അതുമാത്രമല്ല, വോട്ട് രാഷ്ട്രീയം ലാക്കാക്കി അവർ

നടത്തിയ സമീപനം മാത്രമല്ല കേരളത്തിന്റെ വളർച്ചയെ മുന്നിലേക്ക് നയിക്കുമായിരുന്ന പലതും ഇല്ലാതായി. സാമൂഹ്യബോധവും ദേശാഭിമാനവും ഉൾക്കൊണ്ട് ചലിക്കുന്ന സിവിൽ സർവ്വീസ് എന്ന ലക്ഷ്യത്തോടെയാണ് ഒന്നാം ഭരണപരിഷ്കാര കമ്മീഷന്റെ ശിപാർശകളുണ്ടായത്. അത് മുന്നോട്ട് കൊണ്ടുപോകാൻ ആ ഗവൺമെന്റിനെ പിരിച്ചുവിട്ടതിലൂടെ സാധ്യമാകാതെപോയി. ഐ.എ.എസ്. പോലെ ഉന്നതോദ്യോഗ സർവ്വീസ് കേരളത്തിൽ വേണമെന്നുള്ളതാണ് രണ്ടാം ഭരണപരിഷ്കാര കമ്മീഷൻ (വെള്ളോടി കമ്മീഷൻ) പറഞ്ഞ ഒരു കാര്യം. ഇടത് തുടർഭരണമില്ലാതെ പോയതും യു.ഡി.എഫ്. ഭരണകാലത്ത് തഴച്ചുവളർന്ന അഴിമതിയുമാണ് കേരളത്തെ വികസനത്തിന്റെ ഉന്നതങ്ങളിൽ എത്തിക്കുന്നതിന് തടസ്സമായി നിന്നത്. അവസരവാദത്തിന്റെ തോണിയിലാണ് വലതുപക്ഷത്തിന്റെ യാത്ര. അധികാരത്തോടുള്ള ആർത്തി മാത്രമാണ് അവർക്ക് ആദർശം. മതനിരപേക്ഷിതവും അഴിമതിരഹിതവും വികസിതവുമായ ഒരു കേരളം സാധ്യമാക്കാനുള്ള ഇച്ഛാശക്തിയും നിശ്ചയദാർഢ്യവുമാണ് പിണറായി വിജയൻ സർക്കാരിന്റെ മുഖമുദ്ര.

സ്വയം സംസാരിക്കുന്ന നവകേരളത്തിന്റെ നയരേഖകൾ നമ്മുടെ മുന്നിലുണ്ട്. ആരോഗ്യം, വൈദ്യുതി, ഫിഷറീസ്, വ്യവസായം, സഹകരണം, വിവരസാങ്കേതികവിദ്യ, പൊതുമരാമത്ത്, വിനോദസഞ്ചാരം എന്നീ നയങ്ങൾ കേരളത്തിലുണ്ട്. അവ നൽകുന്ന വെളിച്ചവും ഊർജ്ജവുമാണ് കേരളത്തെ മുന്നോട്ട് നയിക്കുന്നത്. പരിസ്ഥിതിയെ സംബന്ധിച്ച ഒരു ധവളപത്രം ഇന്ന് കേരളത്തിന്റെ മുന്നിലുണ്ട്. 'തണ്ണീർ തണ്ണീർ' എന്ന നിലവിളികൾ ചെന്നൈ പട്ടണത്തിൽ ഉയരുമ്പോൾ ചെന്നൈയും കേരളവും തമ്മിലും തമിഴരും മലയാളിയും തമ്മിലും വലിയ അകലമില്ലായെന്ന ഞെട്ടിപ്പിക്കുന്ന യാഥാർത്ഥ്യം നാം ഓരോരുത്തരും തിരിച്ചറിയേണ്ടതുണ്ട്. ടീം വർക്കിന്റെ മികവും ഉൾക്കാഴ്ചയും ആസൂത്രണ വൈദഗ്ദ്ധ്യവുമുള്ള ഒരു നേതൃത്വത്തിന്റെ കീഴിൽ കേരളം മുന്നോട്ട് പോകുകയാണ്. വോട്ട് രാഷ്ട്രീയത്തിനപ്പുറം മനുഷ്യജീവിതത്തെ സ്പർശിക്കുന്ന ഒരു സമീപനം ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിൽ കാണാൻ സാധിക്കുന്നുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ഭരണത്തിൻകീഴിൽ ട്രാൻസ്ജെൻഡറുകളെ തുല്യപദവിയിലേക്ക് ഉയർത്താൻ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായ സമീപനം സ്വീകരിക്കാൻ കേരളത്തിന് കഴിഞ്ഞു. അന്യസംസ്ഥാന തൊഴിലാളികൾ അതിഥി തൊഴിലാളികളെന്ന നിലയ്ക്ക് ആദരിക്കപ്പെട്ടതും അവർക്കായി 'അപ്നാ ഘർ' ഒരുക്കിയതും വ്യാപാരശാലകളിൽ ഇരിക്കാൻ ഇടമില്ലാതെയും പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിയാതെയും അടക്കിപ്പിടിച്ച അടിവയറുമായി കഴിഞ്ഞിരുന്ന സഹോദരിമാർക്ക് ഇരിക്കാൻ

ഇരിപ്പിടവും മറ്റ് സംവിധാനങ്ങളും ഒരുക്കിയതും ഈ സർക്കാരിന്റെ ഭരണകാലത്താണ്. വോട്ട് രാഷ്ട്രീയത്തിനപ്പുറം മനുഷ്യന്റെ ജീവിതം തിരിച്ചറിയാൻ കഴിയുകയെന്നത് ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ സവിശേഷതയാണ്. ആ സവിശേഷതയുടെ സാന്ത്വനമാണ് ഇന്ന് കേരളം അനുഭവിച്ചു കൊണ്ടിരിക്കുന്നത്.

ജനാധിപത്യത്തിൽ ഭരണപക്ഷവും പ്രതിപക്ഷവുമുണ്ട്. ചട്ടുലമായി പ്രവർത്തിക്കുന്ന ഭരണപക്ഷവും ക്രിയാത്മകമായി ഇടപെടുന്ന പ്രതിപക്ഷവും ഇന്നത്തെ ഇന്ത്യൻ ജനാധിപത്യം ആവശ്യപ്പെടുന്നുണ്ട്; പ്രത്യേകിച്ച് കേരളം പോലുള്ള ഒരു സംസ്ഥാനത്ത്. എതിർപ്പിന്റെ സ്വരം തന്നെയാണ് എപ്പോഴും പ്രതിപക്ഷത്തുനിന്നും നാം കേൾക്കുന്നത്. അതിന് നാടിനോട് കടപ്പാട് ഉണ്ടാകുമോ; അത് ആത്മവഞ്ചനയുടേതും നിഷേധാത്മകതയുടേതുമാകാം. നിർഭാഗ്യവശാൽ ഇന്ന് നാം കാണുന്നത് എന്താണ്? തെരഞ്ഞെടുപ്പിൽ വിജയിച്ചുവെന്ന് ഊറ്റം കൊള്ളുന്നവരാണ് ഇന്നത്തെ പ്രതിപക്ഷം. തെരഞ്ഞെടുപ്പിൽ അവർ വിജയിച്ചു. എന്നാൽ, തെരഞ്ഞെടുപ്പിനുശേഷം പരാജയപ്പെട്ട നേതൃത്വമാണവർ.

കേരളത്തിൽ മക്കളെ സ്നേഹിക്കുന്ന മുഴുവൻ രക്ഷകർത്താക്കളും വിദ്യാർത്ഥി സമൂഹവും ഒരുമിച്ച് പ്രവേശനോത്സവം ആഘോഷിക്കാൻ തീരുമാനിച്ചപ്പോൾ അതിൽ പങ്കെടുക്കരുതെന്ന് യു.ഡി.എഫ്. നേതൃത്വം ആഹ്വാനം ചെയ്തു. അഭിമാനകരമെന്ന് പറയട്ടെ, അത് ചെവിക്കൊള്ളാൻ പ്രാദേശിക രാഷ്ട്രീയ നേതൃത്വം തയ്യാറായില്ലായെന്നത് കേരളത്തെ സംബന്ധിച്ച് പ്രതീക്ഷ നൽകുന്നതാണ്. എന്റെ മണ്ഡലത്തിലുൾപ്പെടെ പലയിടത്തും കോൺഗ്രസിന്റെ പഞ്ചായത്ത് പ്രസിഡന്റുമാരും ജനപ്രതിനിധികളും അടക്കമുള്ളവർ നേതൃത്വത്തിന്റെ ആഹ്വാനത്തെ തിരസ്കരിച്ച് പ്രവേശനോത്സവത്തെ നാടിന്റെ ഉത്സവമാക്കാൻ അണിനിരന്നുവെന്നത് അഭിമാനകരമായ വസ്തുതയാണ്. 'മണിച്ചിത്രത്താഴ്' എന്ന സിനിമയിൽ നാഗവല്ലിയുടെ മാനസികാവസ്ഥയെക്കുറിച്ച് പറയുന്ന ഒരു രംഗമുണ്ട്. അല്ലെങ്കിൽ 'അന്യൻ' എന്ന സിനിമയിൽ വിക്രം എന്ന നടന്റെ മൂന്ന് കഥാപാത്രങ്ങളുണ്ട്. അതുപോലെ അവിശ്വസനീയമായ വേഗത്തിലാണ് ഇവരുടെ നിറം മാറുന്നത്.

ഇവിടെ കിഫ്ബിയെ എതിർക്കുകയും സംസ്ഥാനത്തിനുപുറത്ത് കിഫ്ബിയുടെ നേട്ടത്തെക്കുറിച്ച് "അത് ഞങ്ങളാണ് ഇവിടെ കൊണ്ടുവന്നതെന്ന് " അഭിമാനിക്കുകയും ചെയ്യുന്നു. ഇന്നലെ നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ വിജയിച്ച എം.പി.പോലും കിഫ്ബിയുടെ അവകാശവാദം ഉന്നയിച്ച് ഫ്ലക്സുകൾ നിരത്തുന്ന കാഴ്ച നമ്മൾ കണ്ടതാണ്. എന്റെ നിയോജകമണ്ഡലമായ കാട്ടാക്കടയ്ക്കടുത്താണ് അരുവിക്കര മണ്ഡലത്തിലെ 'കോട്ടൂർ ആന പരിപാലന

കേന്ദ്രം' സ്ഥിതി ചെയ്യുന്നത്. ഇന്നത്തെ ധനകാര്യ വകുപ്പുമന്ത്രി പ്രതിപക്ഷത്തായിരുന്നപ്പോഴാണ് അത്തരം ഒരു കേന്ദ്രത്തിന് സാധ്യതയുണ്ടെന്ന് തിരിച്ചറിഞ്ഞത്. ഞാൻ അതിലേക്ക് കടക്കുന്നില്ല. എന്തായാലും അവിടെയൊരു ആന പരിപാലനകേന്ദ്രം വന്നു. എം.എൽ.എ.-യുടെ അവകാശവാദത്തെ നമുക്ക് അംഗീകരിക്കാം. ഇന്നലെ നടന്ന തെരഞ്ഞെടുപ്പിൽ വിജയിച്ച എം.പി-യുടെ ഫ്ലക്സ് ബോർഡുകൾ നാടായനാട് മുഴുവൻ പരക്കുകയാണ്. കിഫ്ബിയെയും പ്രവേശനോത്സവത്തെയും എതിർക്കുകയാണ്. തെരഞ്ഞെടുപ്പിൽ ജയിച്ചിട്ടും രാഷ്ട്രീയത്തിൽ പരാജയപ്പെട്ടുപോയ നേതൃത്വമായി യു.ഡി.എഫ്. നിലനിൽക്കുകയാണ്. എനിക്ക് ചില നിർദ്ദേശങ്ങളുണ്ട്. പുതിയ കാലത്തിന്റെ സവിശേഷതകൾ ഉൾക്കൊണ്ട് മുന്നോട്ടുപോകാൻ ശ്രമിക്കുന്ന ഒരു ഗവണമെന്റാണിത്. ചില കാര്യങ്ങളിൽ സാധ്യമായ സമീപനങ്ങളും ഇടപെടലുകളും സ്വീകരിക്കണമെന്ന അഭ്യർത്ഥനകൂടി ഞാൻ മുന്നോട്ട് വയ്ക്കുകയാണ്. ഇന്ന് ലോകവ്യാപാരത്തിൽ മൊത്തം വാർഷിക വിറ്റുവരവിന്റെ 18 ശതമാനവും നടക്കുന്നത് ഓൺലൈൻ സൈറ്റുകൾ വഴിയുള്ള വിൽപ്പനയിലൂടെയാണ്. ഓൺലൈൻ വിൽപ്പനയുടെ കഴിഞ്ഞ 20 വർഷത്തെ സ്ഥിതിവിവരക്കണക്ക് പരിശോധിച്ചാൽ ഈ കുതിപ്പ് എത്ര വേഗത്തിലാണെന്നത് കൃത്യമായി മനസ്സിലാക്കാൻ സാധിക്കും. കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള നിരവധി സ്ഥാപനങ്ങളെ ഏകീകരിച്ചുകൊണ്ട് അവരുടെ ഉൽപ്പന്നങ്ങൾക്ക് സർക്കാരിന്റെ തന്നെ ഉടമസ്ഥതയിലുള്ള ഒരു ഇ-കൊമേഴ്സ് സൈറ്റ് വഴി ഓൺലൈൻ വ്യാപാരം സാധ്യമാക്കാൻ കഴിയുമോയെന്നുള്ള അന്വേഷണം നടത്തുകയും കഴിയുമെങ്കിൽ അത് സാധ്യമാക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ എല്ലാ പ്രദേശങ്ങളിലും സ്ത്രീ പദവി സംബന്ധിച്ച് പഠനം നടത്തുകയും അതിൽ നിന്ന് ലഭ്യമാകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ജെൻഡർ റിസോഴ്സ് സെന്ററുകൾ ശക്തിപ്പെടുത്തുകയും അനുബന്ധ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുമോയെന്ന് ആലോചിക്കേണ്ടതുമുണ്ട്.

ദീർഘകാലമായി നമ്മൾ ഉന്നയിച്ചുകൊണ്ടിരിക്കുന്നതാണ് റിസർവോയറുകളിലെ മണൽ നിക്ഷേപം. നമുക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്നവിധത്തിൽ അത്യന്താധുനിക യന്ത്ര സംവിധാനങ്ങളുടെ സഹായത്തോടുകൂടി മണൽ വീണ്ടെടുക്കാൻ കഴിയുമോ, കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ കിണർ റീ-ചാർജിംഗ് നിർബന്ധമാക്കാനുള്ള സമീപനം സ്വീകരിക്കാൻ കഴിയുമോ തുടങ്ങിയ കാര്യങ്ങളെക്കുറിച്ചുകൂടി ആലോചിക്കണം. തീർച്ചയായും ഭാവി തലമുറയുടെ പ്രതീക്ഷയായി മാറിയ പിണറായി വിജയൻ സർക്കാർ അവതരിപ്പിച്ച ധനവിനിയോഗ ബില്ലിനെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

2.00 P.M.]

<u>ശ്രീ. പി. ഉണ്ണി</u>: സർ, ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കഴിഞ്ഞ മൂന്ന് വർഷങ്ങൾക്കപ്പുറം കേരളം ഭരിച്ച യു.ഡി.എഫ്. ഗവൺമെന്റ് അധികാരമൊഴിയുമ്പോൾ സംസ്ഥാനത്തിന് താങ്ങാൻ കഴിയാത്ത കടഭാരമായിരുന്നു ഉണ്ടായിരുന്നത്. വായ്പയെടുക്കുന്നതിനുള്ള അവസരംപോലും പൂർണ്ണമായും അടച്ചിട്ടാണ് അവർ കളമൊഴിഞ്ഞുപോയത്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു ദിവസംപോലും ട്രഷറികൾ അടയ്ക്കേണ്ടി വന്നിട്ടില്ല എന്നത് വലിയ കാര്യമാണ്. പ്രതിസന്ധികൾക്കിടയിലും കേരളത്തിന്റെ വികസന മേഖലയിൽ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കിഫ്ബിയിലൂടെ സാധ്യമാകുന്നുണ്ട്. സംസ്ഥാനത്ത് 140 ഹൈടെക് വിദ്യാലയങ്ങൾ, നാടെങ്ങും നിർമ്മാണ പ്രവർത്തനങ്ങൾ, ഫണ്ട് മൊബിലൈസേഷൻ, മഹനീയമാതൃക, ജോലി, കൂലി, സംതൃപ്തരായ തൊഴിലാളികൾ, എല്ലാ മേഖലയിലും പുത്തൻ ഉണർവ് തുടങ്ങി പ്രതിസന്ധിയെ അതിജീവിച്ച് തലയുയർത്തി നിൽക്കുന്ന കേരളത്തെ ആത്മാഭിമാനത്തോടെ കാണുകയാണ്. സംസ്ഥാനത്തിന്റെ ചരിത്രത്തിലാദ്യമായി ഒരു സർക്കാർ അതിന്റെ പ്രോഗ്രസ്സ് റിപ്പോർട്ട് ജനങ്ങൾക്കുമുമ്പിൽ അവതരിപ്പിക്കുകയുണ്ടായി. 2016 മേയ് 24 മുതൽ 2019 മേയ് 21-വരെയുള്ള പ്രവർത്തനം സംബന്ധിച്ച് ഫുൾ എ-പ്ലസ് നേടി സർക്കാർ മുന്നോട്ടുപോകുകയാണ്. സമ്പത്തിന്റെ സന്തുലിതമായ വിതരണം ഉറപ്പുവരുത്തുന്ന, സമഗ്ര വികസനത്തിലൂടെ ഒരു നവകേരളം സൃഷ്ടിക്കുവാനുള്ള മഹനീയ പ്രവർത്തനം നടത്തുന്ന പ്രിയപ്പെട്ട മന്ത്രിമാരെയും അതിന് നേതൃത്വം നൽകുന്ന മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെയും എത്ര പ്രശംസിച്ചാലും അധികമാവില്ല.

50,000 കോടി രൂപയുടെ അടിസ്ഥാന സൗകര്യ പദ്ധതികൾ കിഫ്ബിവഴി നടപ്പാക്കുന്നു എന്നത് അത്യന്തം സന്തോഷകരമായ കാര്യമാണ്. നല്ലൊരു സാമ്പത്തിക മാനേജ്മെന്റിൽ ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണയുള്ളതാണ്. അപ്പോഴേക്കും ട്രഷറികൾ പൂട്ടുമെന്ന് വ്യാമോഹിച്ച് അവയ്ക്കുചുറ്റും വട്ടമിട്ടുപറന്ന പ്രതിപക്ഷ സുഹൃത്തുക്കൾ നിരാശരായി എന്നതിൽക്കവിഞ്ഞ് ഒന്നും സംഭവിച്ചിട്ടില്ല. പകൽ ട്രഷറികളൊന്നും അടയ്ക്കാത്തതിനാൽ രാത്രികാലങ്ങളിൽ പൂട്ടിക്കിടക്കുന്നതുകണ്ട് സന്തോഷിച്ചവരാണ് ഇന്നത്തെ പ്രതിപക്ഷം.

കേന്ദ്ര സർക്കാരിന്റെ വികലമായ സാമ്പത്തികനയം നമ്മെ പ്രതിസന്ധിയിലാക്കിയെന്നത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തുറന്നു സമ്മതിക്കുന്നു എന്നത് അദ്ദേഹത്തിന്റെ ശുദ്ധ മനസ്സിന്റെ അളവുകോലായി ഞാൻ

കാണുന്നു. ഇന്ത്യയിലാകെ മാതൃകയായി മൂന്ന് വർഷം പൂർത്തിയാക്കിയ ഈ സർക്കാരിന്റെ ധനവിനിയോഗ ബില്ലിനെയാണ് ഞാൻ പിന്തുണയ്ക്കുന്നത്. ക്രമസമാധാനപാലനം, അഴിമതി നിർമ്മാർജ്ജനം, ആരോഗ്യപരിപാലനം മുതലായ വ്യത്യസ്ത മേഖലങ്ങളിൽ തുടർച്ചയായ വർഷങ്ങളിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനത്ത് എന്ന ബഹുമതിയോടെയാണ് ഈ സർക്കാർ മൂന്ന് വർഷം പൂർത്തിയാക്കുന്നത്. ലോകമെമ്പാടുമുള്ള പ്രവാസികളായ മലയാളികൾക്ക് കേരളത്തിന്റെ വികസന പ്രക്രിയയിൽ പങ്കാളികളാകുന്നതിന് അംഗീകാരം നൽകിയ സർക്കാരാണിത്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, പോയിന്റ് ഓഫ് ഓർഡർ, പ്രസംഗത്തിന്റേതല്ല, ചട്ടം 153 അനുസരിച്ച് ധനവിനിയോഗ ബിൽ 2.00 മണിക്ക് വോട്ടിനിടണമെന്നാണ് വ്യവസ്ഥ. നിലവിൽ അത് വേവ് ചെയ്തിട്ടില്ല. അതിന്റെ കാരണം അറിയണം. ഇപ്പോൾ ഓർഡറിലല്ല സഭ പോകുന്നത്.

<u>മി. ചെയർമാൻ</u>: അത് പരിശോധിക്കാം.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, 2 മണികഴിഞ്ഞ് മുന്നോട്ട് പോകണമെങ്കിൽ ചട്ടം വേവ് ചെയ്യണം. എന്നാൽ മാത്രമേ മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ.

<u>മി. ചെയർമാൻ</u>: ചട്ടം വേവ് ചെയ്യാം. സഭയുടെ കൺസെന്റോടെ തുടരാം.

<u>ശ്രീ. പി. ഉണ്ണി</u>: സർ, സ്വന്തമായി ഭൂമിയില്ലാത്ത ഒരു ലക്ഷത്തിലധികം കുടുംബങ്ങൾക്കാണ് ഈ സർക്കാർ പട്ടയം നൽകിയത്. അവരെ ഭൂമിയുടെ നേരവകാശികളാക്കി മാറ്റി എന്നത് വലിയ കാര്യമാണ്. ഭവനരഹിതർ ഇല്ലാത്ത കേരളം എന്ന മഹത്തായ ലക്ഷ്യം കൈവരിക്കുന്നതിനായി അക്ഷീണം പ്രവർത്തിക്കുകയാണ് ഈ ഗവൺമെന്റ്. 2018 ഫെബ്രുവരിയിലെ കണക്കനുസരിച്ച് പാലക്കാട് ജില്ലയിൽമാത്രം സ്വന്തമായി സ്ഥലമുള്ള 13323 ഭവനരഹിതരാണുള്ളത്. അവിടെ 16699 കുടുംബങ്ങൾക്ക് വീട് നൽകാൻ ധാരണയായി. നവകേരളം അഭിമുഖീകരിക്കുന്ന ഒരു ജീവൽപ്രശ്നമായ സ്വന്തമായി ഒരു പാർപ്പിടമുണ്ടാകുക എന്നത് ലക്ഷ്യത്തിലെത്തുന്നുവെന്ന സന്തോഷം ഞാൻ പ്രകടിപ്പിക്കുന്നു. ഈ വികസന കാഴ്ചപ്പാട് പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്ന തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്ക് എന്റെ അഭിനന്ദനത്തിന്റെ പൂച്ചെണ്ടുകൾ അർപ്പിക്കുകയാണ്. ലൈഫ് മിഷൻ പദ്ധതിയിലൂടെ സംസ്ഥാനത്തെ 86192 കുടുംബങ്ങൾക്ക് സ്വന്തമായി വീട് നൽകുന്ന പദ്ധതി ആരംഭിച്ചുകഴിഞ്ഞു. ഇതിൽ ഓരോ കുടുംബത്തിനും 4 ലക്ഷം രൂപ അനുവദിക്കും. അതിലൂടെ കേരളത്തിൽ സ്വന്തമായി വീടില്ലാത്ത ഒരാളും ഉണ്ടാകരുതെന്ന മഹത്തായ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനാണ് സർക്കാർ പ്രവർത്തിക്കുന്നത്. അതിനുവേണ്ടിയാണ് മുന്നോട്ടു പോകുന്നത്. അഭിമാനത്തോടുകൂടി എടുത്തുപറയാൻ കഴിയുന്ന ഒരു വിഷയമാണിത്.

വിദ്യാഭ്യാസ മേഖലയെക്കുറിച്ച് പറയുകയാണെങ്കിൽ, അതിന് ആയിരംനാവ് വേണം എന്ന അവസ്ഥയാണുള്ളത്. സംസ്ഥാനത്ത് അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന ഒരൊറ്റ വിദ്യാലയംപോലും ഇന്നില്ലായെന്നത് പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്. പൊതു വിദ്യാഭ്യാസ മേഖലയിൽ സർക്കാരിന്റെ പ്രവർത്തനങ്ങളുടെ മികവുതന്നെയാണിത്. ഇപ്പോൾ അൺ-എയ്ഡഡ് മേഖലയിൽനിന്ന് ടി.സി. വാങ്ങിയും വാങ്ങാതെയും വിദ്യാർത്ഥികൾ സർക്കാർ വിദ്യാലയങ്ങളിലേക്ക് വരികയാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം കേരളത്തിലെ വിദ്യാഭ്യാസ മേഖലയിലാകമാനം വസന്തം വിരിയിച്ചി രിക്കുകയാണ്. വിദ്യാർത്ഥികളും അദ്ധ്യാപകരും പി.ടി.എ.യും വിഭവ സമൃദ്ധമായ സദ്യ ഉണ്ണുന്നതുപോലെ ഉത്സവ അന്തരീക്ഷമാണ് വിദ്യാലയങ്ങളിൽ കണ്ടുവരുന്നത്. സംതൃപ്തിയുടെ പര്യായമായി പൊതുജനം ഇത് വിലയിരുത്തുകയാണ്. തേങ്ങലുകളും ദീർഘനിശ്വാസങ്ങളും ഉയർന്നിരുന്ന സ്റ്റാഫ് റൂമുകളിൽനിന്ന് സന്തോഷം പങ്കിടുന്ന സംതൃപ്തരായ അദ്ധ്യാപകരെ നമുക്കിന്ന് കാണാൻ കഴിയുന്നു. യു.ഡി.എഫ്.ന്റെ ഭരണകാലത്ത് ജൂൺ-ജൂലൈ മാസങ്ങളിൽ സംരക്ഷിക്കപ്പെടാതെപോയ അദ്ധ്യാപകരുടെ യാത്രയയപ്പുകൾ ആയിരുന്നുവെങ്കിൽ, ഇന്ന് വിദ്യാർത്ഥികൾ വർദ്ധിച്ചതിന്റെ ഫലമായി പുതുതായി നിയമനം ലഭിച്ച അദ്ധ്യാപകർ ജോലി ചെയ്യുന്ന സന്തോഷകരമായ ഒരവസ്ഥയാണുള്ളത്. വിദ്യാഭ്യാസമേഖലയിലെ ഉണർവ്വിന് വിദ്യാസമ്പന്നനും സംസ്കാര സമ്പന്നനും പ്രിയങ്കരനുമായ നമ്മുടെ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥിനെ ഞാൻ അഭിനന്ദിക്കുകയാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം കേരളീയ വിദ്യാഭ്യാസത്തെ അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കുന്നതിനാണ് ലക്ഷ്യ മിടുന്നത്. ഓണത്തിനുമുമ്പ് സംസ്ഥാനത്തെ 1 മുതൽ 7 വരെയുള്ള ക്ലാസ്സുകൾ ഹൈടെക്കായി മാറും. എന്റെ നിയോജകമണ്ഡലത്തിലെ 108 വിദ്യാലയങ്ങളിലെ 122 ഒന്നാം ക്ലാസ്സുകൾ ഒന്നാന്തരമാക്കുക എന്ന ലക്ഷ്യം കൈവരിച്ച് ഹൈടെക് വിദ്യാഭ്യാസമായി ആരംഭത്തിൽത്തന്നെ മാറിക്കഴിഞ്ഞു. എം.എൽ.എ.യുടെ ഫണ്ടിൽനിന്ന് ഒന്നേകാൽ കോടി രൂപയാണ് ഇതിനുവേണ്ടി ചെലവഴിച്ചത്. ഒന്നാംക്ലാസ്സിലെ പഠനം, കഷ്ടപ്പെട്ട് പഠിക്കലല്ല, ഇഷ്ടപ്പെട്ട് പഠിക്കലാണ് എന്ന അനുഭവം യാഥാർത്ഥ്യമാക്കിയിരിക്കുകയാണ്. ഒന്നാം ക്ലാസ്സുകളിൽ ഒരുദിവസംപോലും മുടങ്ങാതെ കുട്ടികൾ എത്തുന്നുവെന്നുള്ളത് അതുൾപ്പെടെയുള്ള മികവിന്റെ സംഘാടകർക്ക് ഏറ്റവുമധികം സന്തോഷകരമായ ഒരു കാര്യമാണ്. സംസ്ഥാനത്തെ സർക്കാർ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കുന്നതിനായി കിഫ്ബിയിൽനിന്നും 2,038 കോടി രൂപയാണ് അനുവദിച്ചത്. അത് മുൻസർക്കാർ അവഗണിച്ച പൊതുവിദ്യാഭ്യാസ മേഖലയി

ലാണെന്നതും നമ്മൾ ഓർക്കേണ്ടതുണ്ട്. ആര് തടുത്താലും പൊതുവിദ്യാലയങ്ങളിൽ വസന്തം വിരിയിക്കുമെന്ന ഉറച്ച കാൽവയ്പുകളുമായി അതിവേഗം മുന്നേറുന്ന സർക്കാരിന് 100-ൽ 100 മാർക്കും നൽകാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. കിഫ്ബി ധനസഹായം ലഭിക്കാത്ത സ്കൂളുകളുടെ പശ്ചാത്തലസൗകര്യ വികസനത്തിന് 170 കോടി രൂപയും അക്കാദമിക് മികവിന് 32 കോടി രൂപയും അനുവദിക്കുകവഴി ഈ സർക്കാർ പൊതുവിദ്യാഭ്യാസത്തിനൊപ്പമാണ് എന്ന സന്ദേശം ഉറപ്പിക്കുകയാണ് ചെയ്യുന്നത്.

പ്രളയം തകർത്ത കേരളത്തെ പുനർനിർമ്മിക്കുന്നതിനായി 1,000 കോടി രൂപ റീബിൽഡ് കേരളയിൽ വകയിരുത്തിയിട്ടുണ്ടെന്നത് പുനരധിവാസം ഒരു യാഥാർത്ഥ്യമാക്കുമെന്ന ഇച്ഛാശക്തിയെയാണ് വെളിവാക്കുന്നത്. കാർഷിക മേഖലയെയും ചെറുകിട വ്യവസായ മേഖലയെയും പുനർനിർമ്മിക്കുന്നതിന് പുനരധിവാസ വായ്പാ പദ്ധതി നടപ്പിലാക്കുമെന്ന് പറഞ്ഞ് 11,000 കോടി രൂപയുടെ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഭവനരഹിതരുടെ ആശാകേന്ദ്രമായ ലൈഫ് പദ്ധതിയുടെ മൂന്നാംഘട്ടത്തിന് 1,296 കോടി രൂപയാണ് അനുവദിച്ചത്. എല്ലാവർക്കും പാർപ്പിടമെന്നത് യാഥാർത്ഥ്യമാകും. കേന്ദ്ര സർക്കാരിന്റെ ചില നടപടികൾ, ചില സാമ്പത്തികനയങ്ങൾ കുനിൻമേൽ കുരു എന്ന അവസ്ഥ സംജാതമാക്കിയിട്ടുണ്ട്. ഇതിനെയെല്ലാം അതിജീവിച്ചാണ് നാം മുന്നോട്ടുപോകുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ഏതാണ്ട് 54,000 കോടി രൂപയുടെ വികസന പദ്ധതികൾ കിഫ്ബി വഴി നടപ്പാക്കുന്നു. ഇത് സാമ്പത്തിക മേഖലയിലുണ്ടാക്കുന്ന ഉണർവ് നിലവിലെ സാമ്പത്തിക മുരടിപ്പിന് മറുമരുന്നാകുമെന്നതിൽ സംശയമില്ല. ഇതുവരെ 43,731 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞുവെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ വ്യക്തമാക്കുകയുണ്ടായി. കാരുണ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള വരുമാന പരിധി രണ്ടര ലക്ഷം രൂപയിൽ നിന്നും മൂന്ന് ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചത് ധാരാളം അപേക്ഷകർക്ക് ഗുണം ചെയ്യുമെന്ന് ഞാൻ കരുതുന്നു. കാരുണ്യ പദ്ധതി നിർത്തലാക്കിയെന്ന് കളവ് പ്രചരിപ്പിക്കുന്നവർക്ക് കണ്ണുതുറന്ന് കാണുന്നതിനുള്ള അവസരമാണിത്. സർഫാസി നിയമത്തിന്റെ പരിധിയിൽനിന്നും 5 സെന്റിൽ കവിയാത്ത ഭൂമിയും വീടും ഉള്ളവരെ ഒഴിവാക്കുന്നതിന് നമ്മുടെ നിയമസഭ 2017 ആഗസ്റ്റ് 21-ാം തീയതി പ്രമേയം പാസ്സാക്കിയിരുന്നു. ഇതിന് അനുകൂലമായൊരു മറുപടി കേന്ദ്ര

സർക്കാർ സ്വീകരിച്ചില്ലെന്നാണ് അറിയുന്നത്. അത് അടിയന്തരമായി ഉണ്ടാകുന്നതിന് സമ്മർദ്ദം ചെലുത്തുവാൻ ആവശ്യമായ ഇടപെടലുകൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, തനതുവർഷത്തെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്ന് തുക പിൻവലിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന കേരള ധനവിനിയോഗ (2-ാം നമ്പർ) ബില്ലിനെ ഞാൻ പിന്താങ്ങുകയാണ്. സമകാലിക യാഥാർത്ഥ്യങ്ങളെ തിരിച്ചറിഞ്ഞും അവയെ അഭിമുഖീകരിക്കുവാൻ നിശ്ചയദാർഢ്യത്തോടെ പദ്ധതികൾ ആസൂത്രണം ചെയ്തും തയ്യാറാക്കി എന്നതാണ് ഡോ. ടി. എം. തോമസ് ഐസക്കിന്റെ ബഡ്ജറ്റിന്റെ പ്രത്യേകതയും സവിശേഷതയും. ഈ സർക്കാർ അധികാരമേറ്റപ്പോൾ സാമ്പത്തിക പ്രതിസന്ധി രൂക്ഷമായിരുന്നു. കഴിഞ്ഞ മന്ത്രിസഭയിൽ അംഗമായിരുന്ന ശ്രീ. എ. പി. അനിൽ കുമാർ സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. കഴിഞ്ഞ സർക്കാർ ശൂന്യമാക്കിയ ഖജനാവിനെ സംബന്ധിച്ചും ധവളപത്രത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. അതിനുശേഷവും സാമ്പത്തിക പ്രതിസന്ധി ഉടലെടുക്കുന്നതിന് ആവശ്യമായ സാഹചര്യങ്ങൾ നമ്മുടെ മുന്നിൽ വന്നു. അതിന്റെ ഉത്തരവാദി എൽ.ഡി.എഫ്. ആണോ? നോട്ട് നിരോധനം നമ്മുടെ സാമ്പത്തിക മേഖലയെ വലിയ രീതിയിൽ തകർത്തുവെന്നുള്ളത് പ്രതിപക്ഷവും അംഗീകരിക്കുന്ന കാര്യമാണ്. അതുപോലെയുള്ള കാര്യമാണ് സ്വാഭാവികമായും ഒരു ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ ജി.എസ്.ടി.യിലൂടെ കൂടുതൽ വരുമാനം ലഭിക്കുമെന്ന പ്രതീക്ഷ ഒരു സാമ്പത്തിക ശാസ്ത്രജ്ഞനെ സംബന്ധിച്ചിടത്തോളം സ്വാഭാവികമാണ്. എന്നാൽ ഒരു മുന്നൊരുക്കവുമില്ലാതെ ജി.എസ്.ടി. നടപ്പിലാക്കിയതിന്റെ പ്രത്യാഘാതങ്ങൾ കേരളത്തിന്റെ സാമ്പത്തികവ്യവസ്ഥയും അനുഭവിക്കേണ്ടി വന്നുവെന്ന യഥാർത്ഥ്യം നമ്മുടെ മുന്നിലുണ്ട്. ആരാണ് മുന്നൊരുക്കം നടത്താത്തത്; കേന്ദ്ര ഗവൺമെന്റല്ലേ?

സാമ്പത്തിക പ്രതിസന്ധിക്കുശേഷം മഹാപ്രളയമുണ്ടായി. പ്രളയകാലത്തെ സമീപനമല്ല പിന്നീട് പ്രതിപക്ഷം സ്വീകരിച്ചത്. അതുസംബന്ധിച്ച ചർച്ച ഇവിടെ നടന്നതാണ്. ഒരു നിഷേധാത്മക സമീപനം പിന്നീട് സ്വീകരിച്ചു. പ്രളയാനന്തര കേരളത്തെ പുനർസൃഷ്ടിക്കുന്നതിന് സഹായിക്കാൻ ബാധ്യതപ്പെട്ട കേന്ദ്ര സർക്കാർ കടുത്ത ദ്രോഹമാണ് ചെയ്തത്. അതിനെതിരെ ഒറ്റക്കെട്ടായിനിന്ന് ചെറുക്കുവാൻ ബാധ്യതപ്പെട്ട കേരളത്തിലെ യു.ഡി.എഫ്. നിഷേധാത്മക സമീപനത്തിലേക്കാണ് വഴുതിപ്പോയതെന്നത് നമ്മൾ കാണണം. സാലറി ചലഞ്ചിന്റെ കാര്യത്തിലും അതുപോലെ വിദേശസഹായം വാങ്ങാൻ പാടില്ലെന്ന് കേന്ദ്രം തീരുമാനിച്ചപ്പോഴും പ്രതിപക്ഷം അതിനൊപ്പം നിൽക്കാൻ തയ്യാറാകുകയാണ് ചെയ്തത്. ഇത്തരം

സാഹചര്യങ്ങളാണ് സാമ്പത്തിക പ്രതിസന്ധിയെ മൂർദ്ധന്യാവസ്ഥയിലെത്തിത്. എന്നാൽ ഈ സാമ്പത്തിക പ്രതിസന്ധിയിലും അസ്ഥപ്രജ്ഞരായി നിൽക്കുകയല്ല, മറിച്ച് ഭാവനാപൂർണ്ണമായി, യാഥാർത്ഥ്യബോധത്തോടുകൂടി കാര്യങ്ങൾ പ്ലാൻ ചെയ്യുകയാണ് എൽ.ഡി.എഫ്. ഗവൺമെന്റ് ചെയ്തത്. അതിന് നേതൃത്വം നൽകുവാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് കഴിഞ്ഞുവെന്നുള്ളത് ശ്ലാഘനീയം തന്നെയാണ്.

പ്രളയകാലത്ത് നമുക്കൊരു പുതിയ സന്ദേശം നൽകാൻ സാധിച്ചു. കേരളം ഒറ്റക്കെട്ടായി നിന്ന് ആ മഹാദുരന്തത്തെ നേരിട്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതിപക്ഷനേതാവിനേയും കൂട്ടി ദുരിതമേഖലകളെല്ലാം സന്ദർശിച്ചത് നമ്മൾ കണ്ടതാണ്. അത് ലോകത്തിനും കേരളത്തിനും നല്ലൊരു സന്ദേശമാണ് നൽകിയത്. എല്ലാവരും ഒന്നിക്കാനൊരു സാഹചര്യമൊരുക്കുകയാണ് ചെയ്തത്. എന്നാൽ പ്രളയാനന്തരം അതെല്ലാം മാറി. പ്രളയം മനുഷ്യസൃഷ്ടിയാണെന്നുള്ള തെറ്റായ പ്രചരണമാണ് യു.ഡി.എഫ്. നടത്തിയത്. കേന്ദ്ര ഗവൺമെന്റിന്റെ ദ്രോഹങ്ങളും ഇത്തരം സമീപനങ്ങളുമൊക്കെയുണ്ടായിട്ടും അതിനെയെല്ലാം അതിജീവിച്ച് മുന്നോട്ട് പോകുവാനാണ് ഈ ഗവൺമെന്റ് തയ്യാറായിട്ടുള്ളത്. അങ്ങനെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. അതിനെ കണ്ടില്ലെന്ന് നടിക്കുന്നൊരു സമീപനമാണ് പൊതുവിലുള്ളത്.

ബഡ്ജറ്റും വരവും ചെലവുമെല്ലാം എല്ലാക്കാലത്തുമുള്ളതാണ്. റവന്യൂ വരുമാനവും റവന്യൂ ഇതരവരുമാനവും ചെലവുകളുമൊക്കെ ക്രമീകരിക്കുന്നതാണ് ബഡ്ജറ്റ്. പക്ഷേ, എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം തമ്മിൽ വ്യത്യാസമുണ്ട്. ഞങ്ങൾക്ക് ചില മുൻഗണനകളുണ്ട്. അതുകൊണ്ടാണ് ക്ഷേമപെൻഷനുകൾ വർദ്ധിപ്പിക്കാനും ഏത് പ്രതിസന്ധിയിലും അത് കൃത്യമായി വിതരണം ചെയ്യാനും ഞങ്ങൾ മുതിരുന്നത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്തെ സ്ഥിതി ഇതായിരുന്നില്ല. ക്ഷേമപെൻഷനുകൾ രണ്ട് വർഷം കുടിശ്ശികയായിരുന്നു. അന്ന് കേവലം 600 രൂപയായിരുന്ന ക്ഷേമപെൻഷൻ 1,200 രൂപയാക്കി വർദ്ധിപ്പിച്ചു. ഏകദേശം 50 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന ആ ക്ഷേമപെൻഷൻ ഏത് പ്രതിസന്ധിയിലും മുടക്കം കൂടാതെ വിതരണം ചെയ്യുന്നു. അതാണ് ഞങ്ങളുടെ മുൻഗണന. എന്തുകൊണ്ടെന്നാൽ ഞങ്ങൾ പാവപ്പെട്ടവർക്കൊപ്പമാണ്. യു.ഡി.എഫ്.-ന്റെ ഭരണകാലത്തെ അവസ്ഥ അതായിരുന്നില്ല. അക്കാലത്തെ മറ്റ് ക്ഷേമപ്രവർത്തനങ്ങൾ പരിശോധിച്ചാലും നമുക്കത് മനസ്സിലാകും.

ഞങ്ങളുടെ പ്രധാനപ്പെട്ട മൂന്ന് കർമ്മ പദ്ധതികളിലൊന്നാണ് ഹരിത കേരളം. ഹരിത കേരളത്തിലൂടെ ജലസംരക്ഷണം ലക്ഷ്യമിടുകയാണ്. ഇന്ന് കേരളത്തിൽ ജലസംരക്ഷണത്തിന് വലിയ മാതൃകകൾ തന്നെയുണ്ട്. തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കടയിൽ, നേരത്തെ സംസാരിച്ച എന്റെ സ്നേഹിതൻ ശ്രീ. ഐ. ബി. സതീഷ് നേതൃത്വം കൊടുക്കുന്ന, 'ജലസമൃദ്ധി'യെന്ന പദ്ധതി ഇന്ന് ലോകശ്രദ്ധ പിടിച്ചുപറ്റിയിരിക്കുകയാണ്. ഈ ജില്ലയിലെതന്നെ കിള്ളിയാറിന്റെ ശുചീകരണത്തിൽ ബഹുമാന്യനായ പ്രതിപക്ഷനേതാവുൾപ്പെടെ യു.ഡി.എഫ്.-ന്റെ നേതൃത്വത്തിലുള്ള പലരും പങ്കെടുത്തതാണ്. അത് വിജയകരമായി പൂർത്തിയാക്കാൻ ഞങ്ങൾക്ക് കഴിഞ്ഞു. വരട്ടാർ പുനരുദ്ധരിച്ചു. ഇത്തരത്തിൽ കേരളത്തിൽ ധാരാളം മാതൃകകൾ സൃഷ്ടിക്കുകയാണ്. ലോകം ഇത് ശ്രദ്ധിക്കുകയാണ്. എന്നാൽ പ്രതിപക്ഷം ഇതെല്ലാം കണ്ടില്ലെന്ന് നടിക്കുകയല്ലേ ചെയ്യുന്നത്.

കേന്ദ്രീകൃത മാലിന്യ നിർമ്മാർജ്ജനം, വികേന്ദ്രീകൃത മാലിന്യ നിർമ്മാർജ്ജനം എന്നിങ്ങനെ പുതിയ പദ്ധതികൾ ആവിഷ്കരിച്ചാൽ മാത്രമേ ഗ്രാമങ്ങൾപോലും പട്ടണവത്കരിക്കുന്ന കേരളത്തിൽ പരിഹാരമുണ്ടാകൂ എന്ന ദീർഘവീക്ഷണത്തോടുകൂടിയ കാഴ്ചപ്പാടാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്.

വേസ്റ്റ് ടു എനർജി പ്ലാന്റിനായി തെരഞ്ഞെടുക്കപ്പെട്ട കേരളത്തിലെ 7 കേന്ദ്രങ്ങളിലൊന്ന് എന്റെ മണ്ഡലത്തിലെ പെരിങ്ങമ്മലയാണ്. ഈ പ്രഖ്യാപനം വന്നയുടൻതന്നെ അതിനെതിരെ സമരം പൊട്ടിപ്പുറപ്പെട്ടു. ആ സമരത്തിന് രണ്ട് മുഖങ്ങളുണ്ട്. സമരത്തിന്റെ മറവിൽ നടത്തുന്ന ഗവൺമെന്റ് വിരുദ്ധ പ്രചാരവേലകൾ. മലയോര ഹൈവേ പോകുന്നത് ഈ പഞ്ചായത്തിലൂടെയാണ്, മലയോര ഹൈവേ കൊണ്ടുവരുന്നത് മാലിന്യം യഥേഷ്ടമെത്തിക്കാനാണെന്നുള്ള പ്രചരണം നടത്തുന്നു. ഇത്തരം പ്രചരണത്തിന്റെ മുന്നിൽ നിൽക്കുന്നത് യു.ഡി.എഫ്. ആണ്. മലയോര ഹൈവേ സാധ്യമാക്കാൻ സ്ഥലമേറ്റെടുക്കുന്നതിന് സംയുക്തമായി ഗുണഭോക്താക്കളെയും ജനപ്രതിനിധികളെയും വിളിക്കാൻ ഞാനും എന്റെ സുഹൃത്തും തൊട്ടടുത്ത മണ്ഡലത്തിലെ ജനപ്രതിനിധിയുമായ ശ്രീ. കെ. എസ്. ശബരീനാഥനും ഒന്നിച്ചു നീങ്ങുകയാണ്. ഇതിനായി ഒന്നിച്ച് നീങ്ങുമ്പോൾ ശ്രീ. കെ. എസ്. ശബരീനാഥന്റെ അനുയായികൾ പ്രചരിപ്പിക്കുന്നത് മലയോര ഹൈവേ കൊണ്ടുവരുന്നത് മാലിന്യമെത്തിക്കാനാണെന്നാണ്. കിഫ്ബി പദ്ധതിയിലൂടെ ഏകദേശം 50 കോടി രൂപ മുടക്കി പാലോട് മുതൽ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ പൊൻമുടിക്ക് താഴെ ബ്രൈമൂർ വരെ ഒരു റോഡ് പൂർത്തീകരിച്ചിരിക്കുകയാണ്. ആ റോഡ് വരുന്നത് മാലിന്യം കൊണ്ടുവരാനാണെന്നാണ് പ്രചരിപ്പിക്കുന്നത്. ഇതൊരു ഇരട്ടത്താപ്പാണ്.

എന്നാൽ അവിടത്തെ പരിസ്ഥിതി പ്രവർത്തകർ ഉന്നയിക്കുന്ന ഒരു പ്രധാനപ്പെട്ട കാര്യമുണ്ട്. ആ പ്രദേശം പശ്ചിമഘട്ടത്തിലെ പ്രകൃതിലോല പ്രദേശമാണ്. അതുപോലെ അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വിന്റെ ഭാഗവുമാണ്. ജൈവവൈവിദ്ധ്യങ്ങളുടെ മേഖലയാണ്. സ്വാഭാവികമായും ഇത്തരമൊരു പ്ലാന്റിന് അനുയോജ്യമല്ലായെന്നുള്ള പരിസ്ഥിതി പ്രവർത്തകരുടെ കാഴ്ചപ്പാടിനെ ഗൗരവമായി ഗവൺമെന്റ് പരിഗണിക്കണം. അവിടെ stake holders-ന്റെ ഒരു യോഗം ചേരണമെന്ന് കളക്ടറും വ്യവസായ വികസന കോർപ്പറേഷന്റെ പ്രതിനിധികളും നമ്മുടെ ശാസ്ത്ര ഉപദേഷ്ടാവ് ശ്രീ. എം. സി. ദത്തനും ചേർന്ന് തീരുമാനിച്ചു. സ്ഥലം സന്ദർശിക്കുമെന്ന് പറഞ്ഞെങ്കിലും സന്ദർശിക്കുവാൻ ആരും തയ്യാറായില്ല. T.B.G.R.I. (Tropical Botanical Garden and Research Institute) പോലെ ഈ രംഗത്ത് ഗവേഷണം നടത്തുന്ന സ്ഥാപനങ്ങളും അവിടെയുണ്ട്. ഇത്തരം സ്ഥാപനങ്ങളെ ഉപയോഗിച്ചുകൊണ്ട് അത് സംബന്ധിച്ച സന്ദർശനവും സാധ്യതാപഠനവും നടത്താൻ തയ്യാറാകണമെന്ന അഭ്യർത്ഥന മുന്നോട്ടു വയ്ക്കുകയാണ്. ഇത്തരത്തിൽ ഒരു പ്ലാന്റ് വരുന്നതിന് അനുയോജ്യമല്ലാത്ത അവസ്ഥ കണ്ടെത്താൻ കഴിഞ്ഞാൽ തീർച്ചയായും അവിടെനിന്നും മാറ്റി അനുയോജ്യമായ മറ്റൊരുസ്ഥലം കണ്ടെത്താൻ ഗവൺമെന്റ് മുൻകയ്യെടുക്കണം. ഈ പ്രശ്നത്തിന്റെ മറവിൽ ജനവിഭാഗങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ അവിടെ ഒരുകൂട്ടം ആളുകൾക്ക് കഴിയുന്നുണ്ട്. ആ തെറ്റിദ്ധാരണ ഗവൺമെന്റിന് ഗുണം ചെയ്യുന്ന ഒന്നല്ല. അതിനാൽ കഴിയുമെങ്കിൽ പ്രസ്തുത പ്ലാന്റ് അവിടെനിന്ന് മാറ്റിസ്ഥാപിക്കാനുള്ള നിലപാടിലേക്ക് ഗവൺമെന്റ് എത്തിച്ചേരണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

കാർഷിക രംഗത്താണ് നമുക്ക് വലിയ മുന്നേറ്റങ്ങളുണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളത്. അതുപോലെ വ്യാവസായിക രംഗത്ത് പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം ലാഭകരമായി മുന്നോട്ടുപോകുകയാണ്. ഏത് രംഗമെടുത്ത് പരിശോധിച്ചാലും അത് കാണാൻ കഴിയും. പൊതുവിദ്യാഭ്യാസ രംഗം ധാരാളം ചർച്ച ചെയ്തിട്ടുള്ള വിഷയമാണ്, കൂടാതെ കേരള ബാങ്കിന്റെ രൂപീകരണം. ഭാവി കേരളം മുന്നിൽകണ്ടുകൊണ്ടുള്ള കർമ്മ പദ്ധതികളും പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ കഴിയുന്നുവെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ നേട്ടം. ഒരു ലക്ഷത്തിലധികം പേർക്ക് പട്ടയം കൊടുത്തു. ഒരു ലക്ഷംപേർക്ക് സർക്കാർ ജോലി കൊടുത്തു. പുതിയ തസ്തികകൾ സൃഷ്ടിച്ചു. ആദിവാസി മേഖലയിൽ ഒരു കുടുംബത്തിലെ ഒരാൾക്ക് ജോലിയെന്ന സങ്കൽപ്പത്തിലേക്ക് നമ്മൾ നീങ്ങുകയാണ്. ഇതൊന്നും കാണാതെ പോകുന്ന പ്രതിപക്ഷത്തിന്റെ നിലപാട് ക്രിയാത്മകമല്ല, നിഷേധാത്മകമാണെന്ന് പറഞ്ഞാൽ ആരെ കുറ്റം പറയാൻ കഴിയും.

ശബരിമലയാണ് എല്ലാകാലത്തും എടുത്തുപ്രയോഗിക്കുന്ന ഒരു കാര്യം. ഇപ്പോൾ ശബരിമലയിൽ ഒരു വിഷയവുമില്ല. അവിടത്തെ രാഷ്ട്രീയ ലാക്കോടെയുള്ള ഇടപെടൽ മതിയാക്കിയപ്പോൾ ശബരിമലയിൽ തീർത്ഥാടകർ യഥേഷ്ടം പോകുന്നുണ്ട്. ശബരിമല വികസനത്തിനുവേണ്ടി 739 കോടി രൂപയാണ് ഈ ഗവൺമെന്റ് മാറ്റിവച്ചത്. പ്രളയാനന്തരം നഷ്ടപ്പെട്ട റോഡുകളെല്ലാം പൊതുമരാമത്ത് വകുപ്പ് പുനർനിർമ്മിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പ്രശംസ പിടിച്ചുപറ്റിയിരിക്കുകയാണ്. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ വൈകാരികത ആളിക്കത്തിച്ച് രാഷ്ട്രീയ മുതലെടുപ്പ് നടത്തുവാനുള്ള പരിശ്രമം ഭാവി കേരളത്തിന് ഉതകുന്നതല്ലെന്ന് മനസ്സിലാക്കുവാനുള്ള വിവേകം പ്രതിപക്ഷത്തിനുണ്ടാകണം എന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടു. ചരിത്രം പരിശോധിച്ചാൽ പലപ്പോഴും തെരഞ്ഞെടുപ്പിൽ വിജയിക്കുകയും പരാജയപ്പെടുകയുമൊക്കെ ചെയ്തിട്ടുണ്ട്. അതിനോടുള്ള സമീപനമെന്താണ്? ഞങ്ങൾ തെരഞ്ഞെടുപ്പ് പരാജയത്തെ അംഗീകരിക്കുന്നു. ഞങ്ങൾ മുന്നണിയും പാർട്ടികളും കൂടി. ഞങ്ങൾക്കു പറ്റിയ തെറ്റെന്താണെന്ന് കണ്ടുപിടിക്കുവാനുള്ള നീക്കങ്ങളും തിരുത്തുന്നതിനാവശ്യമായ നിലപാടുകളും സ്വീകരിക്കുന്നു. എന്നാൽ കോൺഗ്രസിന്റെ സ്ഥിതിയെന്താണ്? നാഥനില്ലാത്ത അവസ്ഥയായില്ലേ; മുങ്ങിത്താഴാൻ പോകുന്ന കപ്പലിൽനിന്ന് കപ്പിത്താൻ ചാടി രക്ഷപ്പെട്ടു പോകുന്ന അവസ്ഥയിലല്ലേ കോൺഗ്രസ് ഇന്ന് നിൽക്കുന്നത്. കോൺഗ്രസിന് ഒരു എ.ഐ.സി.സി. പ്രസിഡന്റിനെ തെരഞ്ഞെടുക്കുവാൻ കഴിയുന്നുണ്ടോ? എത്ര ഗതികേടിലാണ് കോൺഗ്രസ് പോകുന്നത്. വടക്കേ ഇന്ത്യയിലെ വിവിധ ഭാഗങ്ങളിലെ കോൺഗ്രസിന്റെ സ്ഥിതി നിങ്ങൾ പരിശോധിച്ചു നോക്കൂ. കർണാടകയിൽ ഇപ്പോഴും രണ്ട് കോൺഗ്രസ് എം.എൽ.എ.-മാർ രാജിവച്ച് ബി.ജെ.പി.-യിൽ ചേർന്നുകഴിഞ്ഞു. മറ്റുള്ളവർ ബി.ജെ.പി.-യിലേക്ക് ചേക്കേറാൻ കാത്തുനിൽക്കുകയാണ്. അവശേഷിക്കുന്ന തുരുത്തുകൾപോലും നഷ്ടപ്പെടുന്ന രൂപത്തിലേക്ക് കോൺഗ്രസ് മാറിപ്പോയെങ്കിൽ, അതിന്റെ പാഠങ്ങൾ പഠിക്കാൻ നിങ്ങൾക്ക് കഴിയാതെ പോകുന്നുവെങ്കിൽ സ്വയം വിമർശനം നടത്തേണ്ടതാരാണ്? ചരിത്രം പരിശോധിച്ചാൽ വലതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങളാകെ പലപ്പോഴും അധികാരത്തിനുവേണ്ടി സേച്ഛാധിപത്യത്തിലേക്ക് നീങ്ങിയിട്ടുണ്ടെന്ന് നമുക്കറിയാനാകും. അടിയന്തരാവസ്ഥ അതാണ് തെളിയിക്കുന്നത്. 1957-ലെ ഗവൺമെന്റിനെ പിരിച്ചുവിടുമ്പോൾ കോൺഗ്രസ് സ്വീകരിച്ച നിലപാട് അതാണ്. ഇപ്പോൾ നമുക്ക് ഭീഷണി ബി.ജെ.പി. ആണ്. അപ്രഖ്യാപിത അടിയന്തരാവസ്ഥയുമായി ബി.ജെ.പി. നമ്മുടെ മുന്നിൽ നിൽക്കുന്നു. അതിനെതിരെ ഒന്നിച്ചു നിൽക്കേണ്ടത് ആവശ്യമാണ്. പോരാട്ട വേദികളിൽ കോൺഗ്രസ് ഇത്രയധികം ദുർബ്ബലപ്പെട്ടാൽ, അതിൽ നിന്ന് പാഠങ്ങൾ പഠിക്കാൻ

തയ്യാറാകാതെ വന്നാൽ ഇനിയും നിങ്ങളുടെ അവസ്ഥ മോശമാകും. ഈ താൽക്കാലിക വിജയത്തിൽ അഹങ്കരിച്ചുപോകരുത് എന്നാണ് സൂചിപ്പിക്കാനുള്ളത്. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഈ പരാജയത്തിൽ നിന്ന് പാഠം ഉൾക്കൊണ്ട് മുന്നോട്ട് വരിക തന്നെ ചെയ്യും. ഒരു കവിതകൂടി വായിച്ച് ഞാൻ അവസാനിപ്പിക്കുകയാണ്.

'ഈ വിഭിന്ന ദശാസന്ധി തീർക്കാൻ
കാലമേറെ കടന്നു ചെന്നാലും
ഹാ! വരുന്നിതാ ഞങ്ങൾ കരത്തിൽ
ശോണിതം വീണൊരു കൊടിയേന്തി
ആകുലർ ഞങ്ങൾ കാമ്യകാലത്തിൽ
കാവ്യനീതി രചിക്കുവാനായ്'

കാമ്യകാലത്തിൻ കാവ്യനീതി രചിക്കുവാൻ ഞങ്ങൾ ചെങ്കൊടിയേന്തി വരികതന്നെ ചെയ്യും. ഈ കവിതയെഴുതിയത് മറ്റാരുമല്ല, ഈ മന്ത്രിസഭയിലെ അംഗം ശ്രീ. ജി. സുധാകരനാണ് എന്നുപറഞ്ഞുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ഒന്നുകൂടി പിന്താങ്ങി ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി. ദിവാകരൻ: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ ശക്തമായി പിന്തുണയ്ക്കുകയാണ്. നമ്മുടെ പ്രതിപക്ഷ സുഹൃത്തുക്കളിൽ പലരേയും എന്റെ പ്രസംഗ സമയത്ത് കാണാനില്ല. അവരെയെല്ലാം ബഹുമാനപ്പെട്ട ചെയർ ക്ഷണിച്ചാൽ തരക്കേടില്ല. എല്ലാവരും പുറത്ത് നിൽക്കുകയാണ്. ശ്രീ. കെ. സി. ജോസഫും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുമുള്ളതുകൊണ്ട് സഭയിൽ മുഴുവൻ പ്രതിപക്ഷമുള്ളതായി കണക്കാക്കുന്നു. നിങ്ങൾ രണ്ടുപേരുമാണല്ലോ അതിന്റെ ആളുകൾ.

മുതലാളിത്ത സമ്പദ്ഘടന ഗുരുതരമായ പ്രതിസന്ധിയിൽ അകപ്പെട്ടിരിക്കുകയാണ്. ആഗോളവ്യാപകമായ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചത് കേരളത്തിന്റെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയാണെന്ന് ഇവിടെയുള്ള പ്രസംഗങ്ങൾ കേട്ടാൽ തോന്നും. അദ്ദേഹത്തിന്റെ ചില ബില്ലുകളും നിയമങ്ങളുമാണ് ഈ കുഴപ്പമുണ്ടാക്കിയതെന്നാണ് ഇവരെല്ലാം പ്രസംഗിച്ചുകൊണ്ടിരിക്കുന്നത്. ലോകത്തിൽ നടക്കുന്ന സംഭവഗതികൾ ഇവർ അറിയുന്നുണ്ടോ? യൂറോപ്യൻ രാജ്യങ്ങൾതന്നെ ആഭ്യന്തര കലാപത്തിലാണ്. സാമ്പത്തിക പ്രതിസന്ധിയാണ്. തൊഴിലില്ലായ്മ സമരങ്ങളുടെ വേലിയേറ്റമാണ്. അധികാര കേന്ദ്രങ്ങൾ പിടിച്ചടക്കുകയാണ്. നിങ്ങൾ അത് കാണണ്ടേ. നിങ്ങളിത് അറിയണ്ടേ, നിങ്ങൾ വായിക്കണ്ടേ; ഈ ലോകം എങ്ങോട്ടാണ് പോകുന്നത്;

മുതലാളിത്ത സമ്പദ്ഘടനയുടെ ചീഞ്ഞ് നാറിയ വശങ്ങളിലേക്ക് പോകുന്നു. ദുരിതസമ്പൂർണ്ണമാണ് ലോകജനതയുടെ ജീവിതം. പല സംഭവങ്ങളും പത്രങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. മുതലാളിത്ത വ്യവസ്ഥയുടെ ആത്യന്തിക ഫലമായി ജനജീവിതം ദുസ്സഹമായി തീരുകയാണ്. മഹാനായ കാറൽ മാർക്സിന്റെ കണ്ടെത്തലുകളടങ്ങുന്ന ദാസ് ക്യാപ്പിറ്റൽ എവിടെ എന്നാണ് വാൾമാർട്ട് ക്യാപ്ചറിനു പോയവർ ചോദിച്ചത്. 'എവിടെ ദാസ് ക്യാപ്പിറ്റൽ ഞങ്ങൾക്കറിയണം, എന്താണതിൽ പറഞ്ഞിരിക്കുന്നത്.' ഇതാണ് യൂറോപ്പ്. നിങ്ങളുടെ ഒരു കാലത്തെ സ്വർഗ്ഗരാജ്യമായിരുന്ന അമേരിക്കയുടെ ഗതിയെന്താണ്? അമേരിക്ക ആഭ്യന്തര കലാപത്തിന്റെയും തൊഴിലില്ലായ്മയുടെയും വിലക്കയറ്റത്തിന്റെയും നടുവിലാണിപ്പോൾ. വലിയ പ്രക്ഷോഭങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. ഭരണമാറ്റം ഡെൻമാർക്കിൽ നിന്ന് തുടങ്ങിയിരിക്കുകയാണ്. ഇതറിയാതെ ഇവിടെ നിയമസഭ കൂടിയിട്ട് എല്ലാ കുഴപ്പങ്ങളും ഇവിടെയിരിക്കുന്ന അഞ്ചാറ് ആളുകളുടേതാണ്, നിങ്ങളെല്ലാം സർവ്വഗുണ സമ്പന്നരാണ് എന്നുള്ള സമീപനം ശ്രീ. പി. ടി. തോമസ് മാറ്റണം. നമ്മളെല്ലാവരും കൂടിച്ചേർന്ന് സൃഷ്ടിച്ചതാണ് ഈ ദുരന്തം. നിങ്ങൾക്കതിൽ ഉത്തരവാദിത്വമുണ്ട്. മുതലാളിത്ത വ്യവസ്ഥിതി കെട്ടിപ്പടുത്തതിന്റെ ഒന്നാംപ്രതി കോൺഗ്രസുകാരാണ്. നിങ്ങൾ ജവഹർലാൽ നെഹ്റുവിന്റെ കാലത്ത് പറഞ്ഞതെന്താണ്; മിക്സഡ് ഇക്കോണമിയെന്നാണ്. എവിടെപ്പോയി അത്? നരസിംഹ റാവുവിന്റെ കാലത്തെവിടെ മിക്സഡ് ഇക്കോണമി? മിക്സഡ് ഇക്കോണമി എന്നുപറഞ്ഞാൽ സോഷ്യലിസവും മുതലാളിത്തവും ചേർന്നതാണ്. ഇപ്പോൾ സോഷ്യലിസ്റ്റ് ഇക്കോണമിയുമില്ല, ക്യാപിറ്റലിസ്റ്റ് ഇക്കോണമിയുമില്ല. അറുവഷളായ കോർപ്പറേറ്റ് ഇക്കോണമിയാണ് ഇന്ന് ഇന്ത്യയെ നയിക്കുന്നത്. ഇവർ അതറിയുന്നില്ല. ഇവിടെ റിലയൻസിനെക്കുറിച്ച് വലിയ പരാതി വന്നു. ഇന്ത്യൻ രാഷ്ട്രീയ രംഗത്തെ കച്ചവടത്തിന് റിലയൻസിനെ കൊണ്ടുവന്നതാരാണ്? ശ്രീ. മുകേഷ് അംബാനിയെന്നും ശ്രീ. അനിൽ അംബാനിയെന്നുമുള്ള പേരുകൾ എന്നാണ് ഇന്ത്യയിൽ കേൾക്കാൻ തുടങ്ങിയത്; യു.പി.എ.യുടെ രണ്ടാം ഗവൺമെന്റിന്റെ ഭരണകാലത്താണ്, കൽക്കരി കുംഭകോണത്തിലും 2-ജി സ്പെക്ട്രത്തിലുമാണ്. അവർ അന്നുമുതലാണ് ഇന്ത്യയിലെ രാഷ്ട്രീയ രംഗത്ത് വലിയ ഇടപെടലുകൾ ആരംഭിച്ചത്. ഇപ്പോൾ അംബാനിയും ശ്രീ നരേന്ദ്ര മോദിയും കൂടിച്ചേരുന്ന ഒരു കോർപ്പറേറ്റ് കമ്പനിയാണ് ഇന്ത്യ ഭരിക്കുന്നത്. ആ കമ്പനിക്കെതിരായി ഒരക്ഷരം നിങ്ങളൊരാൾപോലും ഒരൊറ്റ പ്രസംഗത്തിലും പറഞ്ഞിട്ടില്ല. ശ്രീ. നരേന്ദ്ര മോദിയാണ് ഇനി വരാൻ പോകുന്ന ഏറ്റവും വലിയ വിനാശം, നമ്മുടെ രാജ്യത്തിന്റെ മതേതരത്വം തകർക്കുകയാണ്, തൊഴിലില്ലായ്മ

സൃഷ്ടിക്കുകയാണ്, ഇവർ ജനങ്ങളെ വഞ്ചിച്ചവരാണ്, തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ ലംഘിച്ചവരാണ്, ഇവർക്കെതിരായ വലിയ ജനരോഷം ഉയരണം എന്ന് ഒരാൾപോലും പറയാത്തതെന്താണ്?

ശ്രീ. പി. ടി. തോമസ്: സർ, മുതിർന്ന അംഗം ശ്രീ. സി. ദിവാകരൻ കോൺഗ്രസിന്റെ സാമ്പത്തിക നയങ്ങളടക്കമുള്ള കാര്യങ്ങൾ പറയുകയാണല്ലോ; സി.പി.ഐ.-ക്കും കോൺഗ്രസിനും തമ്മിൽ സാമ്യമുണ്ട്. അതിലൊന്ന് അടിയന്തരാവസ്ഥക്കാലത്ത് ഒന്നിച്ച് കഴിഞ്ഞുവെന്നുള്ളതാണ്. പിന്നീട് കേന്ദ്രത്തിൽ കോൺഗ്രസിന്റെ സഖ്യം വേണമെന്നായിരുന്നു നിങ്ങളുടെ നേതാവിന്റെ തീരുമാനം. പക്ഷേ, അത് നടന്നില്ല. ശ്രീ. അനിൽ അംബാനിയടക്കമുള്ളവരുടെ കാര്യങ്ങൾ ഇവിടെ പറഞ്ഞുവല്ലോ. ഈ ഗവൺമെന്റ് കഴിഞ്ഞ കാലങ്ങളിൽ സമരം ചെയ്ത വേൾഡ് ബാങ്കിനെയും എ.ഡി.ബി.യേയും കെട്ടിപ്പിടിച്ചാണ് ഇപ്പോൾ നിൽക്കുന്നതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. ദിവാകരൻ: സർ, നമുക്ക് രണ്ടുപേർക്കുംകൂടി കെട്ടിപ്പിടിക്കാം. ശ്രീ. പി. ടി. തോമസ് എന്റെ സമയം നഷ്ടപ്പെടുത്താനുള്ള ഇടപെടലാണ് നടത്തുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് വഴങ്ങാതിരുന്നാൽ മതി.

ശ്രീ. സി. ദിവാകരൻ: സർ, എന്റെ മര്യാദകൊണ്ട് വഴങ്ങുന്നതാണ്. എപ്പോഴും ചോദിക്കരുത്. സി.പി.ഐ.(എം).നോട് കോൺഗ്രസിന് വിരോധം വന്നത് എന്നാണ്? 62 എം.പി.-മാർ അഞ്ച് കൊല്ലം ശ്രീ. മൻമോഹൻ സിംഗിന് പിന്തുണ കൊടുത്തതിന്റെ സംഭവബഹുലമായ ചരിത്രം ആരാണ് പറഞ്ഞിരിക്കുന്നത്? ശ്രീ. മൻമോഹൻ സിംഗിന്റെ പ്രസ്സ് സെക്രട്ടറിയായ ശ്രീ. സഞ്ജയ ബാറു. ഞങ്ങൾ ശ്രീ. മൻമോഹൻ സിംഗിന്റെ പ്രൈം മിനിസ്റ്റർ ഓഫീസിലും ശ്രീമതി സോണിയ ഗാന്ധിയുടെ വീട്ടിലും ഒരു ദിവസം രണ്ട് തവണ എ.കെ.ജി. സെന്ററിലും പൊയ്ക്കൊണ്ടിരുന്നു, അങ്ങനെയാണ് ഈ ഗവൺമെന്റിനെ അഞ്ച് കൊല്ലം നിലനിർത്തിയതെന്ന് ശ്രീ. സഞ്ജയ് ബാറു എഴുതിയിട്ടുണ്ട്. അതിനുശേഷം രണ്ടാം യു.പി.എ. ഗവൺമെന്റിന്റെ ഭരണകാലത്താണ് കോൺഗ്രസിന്റെ നാശം ആരംഭിച്ചത്. നിങ്ങൾ ഞങ്ങളുടെ മുന്നണി വിട്ട്, ഇടതുപക്ഷത്തിന്റെ പിൻതുണ പിൻവലിച്ച അന്ന് തുടങ്ങിയ നാശമാണ്. ശ്രീ. പി. ടി. തോമസ് ഡൽഹിയിൽ മന്ത്രിയായിരിക്കേണ്ട ആളാണ്. പിന്നെ ഇവിടെ ഇരിക്കേണ്ട കാര്യമെന്താണ്? നിങ്ങളുടേത് തലതിരിഞ്ഞ അന്ധമായ നയങ്ങളാണ്. നിങ്ങളുടെ നയവും ബി.ജെ.പി.യുടെ നയവും

ഒന്നുതന്നെയാണ്. ഒരു നാണയത്തിന്റെ രണ്ട് വശങ്ങൾ. അതാണ് ഞങ്ങൾക്ക് ബുദ്ധിമുട്ട്. ഇവിടെ റവന്യൂ കമ്മി ഗുരുതരമായി കൂടുന്നു. അത് കേരളത്തിന്റെ പ്രതിഭാസമല്ല. നമ്മുടെ ദേശീയ പ്രതിഭാസമാണ്.

റവന്യൂ കമ്മിയിലെ ഫിസ്കൽ ഡെഫിസിറ്റിനെക്കുറിച്ച് ഇന്നലെ കേന്ദ്ര ഗവൺമെന്റ് പുറത്തുവിട്ടിരിക്കുന്നത് ഇങ്ങനെയാണ്. Full year target of fiscal deficit is 52%. ചെലവുകൾ കൂടുകയും കമ്മി കുറയുകയും ചെയ്യുന്നത് കേരളത്തിൽ മാത്രമല്ല ഇന്ത്യയിലൊട്ടാകെയുള്ള പ്രതിഭാസമാണ്. കിഫ്ബി ഇല്ലായിരുന്നുവെങ്കിൽ ഇന്നത്തെ നരേന്ദ്ര മോദി ഗവൺമെന്റിൽനിന്ന് എന്ത് സാമ്പത്തിക സഹായമാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്? കേരളത്തിൽനിന്നും 19 പേരെ ജയിപ്പിച്ചുകൊണ്ടുപോയി ഡൽഹിയിൽ ചെന്നിറങ്ങിയപ്പോൾ നിങ്ങൾക്കുണ്ടായ അനുഭവമെന്താണ്? കേരളത്തിന് ലഭിച്ചുകൊണ്ടിരുന്ന പാവപ്പെട്ടവരുടെ അര ലിറ്റർ മണ്ണെണ്ണ വെട്ടിക്കുറച്ചു. കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കാൻ 19 പേരില്ലേ? തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം ലേലത്തിൽ വച്ചു. തിരുവനന്തപുരത്തെ ഹിന്ദുസ്ഥാൻ ലാറ്റക്സിന്റെ ഓഹരി വിറ്റു. നിങ്ങൾ അതിനെയൊക്കെ എതിർക്കുമോ? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ കേൾക്കാൻ കൂടിയാണ് ഞാനിത് പറയുന്നത്. നിങ്ങൾക്ക് അതിനെ എതിർക്കാനുള്ള ശക്തിയുണ്ടോ? നിങ്ങൾ എന്തിന് അവിടെ പോയി? കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ പോയവർ അതിന്റെ ആരാച്ചാരായി. എല്ലാവരും സൂക്ഷിക്കണം.

ഇവിടെനിന്നും എൽ.ഡി.എഫ്.-നെ തോൽപ്പിച്ച് 19 യു.ഡി.എഫ്. അംഗങ്ങൾ പാർലമെന്റിൽ പോയത് നല്ല കാര്യമാണ്. ജയിച്ച് പോയവരെയെല്ലാം ഞങ്ങൾ അഭിനന്ദിക്കുന്നു. ഞാനും നിങ്ങളാൽ തോൽപ്പിക്കപ്പെട്ട ഒരാളാണ്. എനിക്ക് അതിൽ വിഷമമില്ല. എന്നെ തോൽപ്പിച്ച ആളുടെ യോഗ്യത എനിക്കറിയാം. അതിവിടെ ചർച്ച ചെയ്യേണ്ടതില്ല. എന്താണ് അവിടെ സംഭവിച്ചത്? നിങ്ങൾ ജയിപ്പിച്ച കർണാടകത്തിലെ 11 എം.എൽ.എ.-മാരെ കാണാനില്ല. മൂന്ന് പേർ കാലുമാറി. കർണാടക ഗവൺമെന്റ് വീഴാൻ പോവുകയാണ്. നിങ്ങൾ അതിനെക്കുറിച്ചോർത്ത് ദുഃഖിക്കണം. കേരളത്തിൽ നിന്ന് പോകുന്ന എം.പി.-മാർ സൂക്ഷിക്കണം. കാരണം, ഇനി ഇതിൽ ഗതിയില്ലെന്നൊരു തോന്നലുണ്ട്. പരാതി പറയാൻ കഴിയുന്നത് ശ്രീ. രാഹുൽ ഗാന്ധിയോടായിരുന്നു. നിങ്ങളെ കാണുമ്പോൾ അദ്ദേഹം 100 മൈൽ സ്പീഡിൽ ഓടുകയാണ്. കാരണമായി അദ്ദേഹം പറഞ്ഞത്, 'ഞാൻ ബി.ജെ.പി.യുടെ 'ചൗക്കീദാർ ചോർ ഹെ' എന്നു വിളിച്ച് സമരം ചെയ്തപ്പോൾ എന്റെ കൂടെ ഒരു സീനിയർ നേതാവും ഇല്ലായിരുന്നുവെന്നാണ്.' ഇപ്പോൾ നിങ്ങൾ 'ചൗക്കീദാർ ചോർ ഹെ ' വിളിക്കുന്നുണ്ടോ? ഇവിടെനിന്നും പോയ 19 പേർ പാർലമെന്റിൽ 'യെ ചൗക്കീദാർ

ചോർ ഹെ' എന്ന് വിളിക്കാത്തത് എന്തുകൊണ്ടാണ്? അടിക്കുന്നെങ്കിൽ അടിക്കട്ടെ. അപ്പോൾ നിങ്ങൾ പാർലമെന്റിന് വെളിയിൽ ആളിനെ പറ്റിക്കാൻ വിളിച്ചതല്ലേ? അടികിട്ടും. ഇവിടെ പറയുന്ന ഏതെങ്കിലുമൊരു വാചകം നിങ്ങൾ പാർലമെന്റിൽ പറഞ്ഞാൽ അവിടെനിന്നും നിങ്ങൾ വെളിയിൽ വരില്ല. ഇവിടെ നമുക്കെല്ലാവരേയും പരസ്പരം അറിയാം. അതുകൊണ്ട് നമുക്ക് എന്തും പറയാം.

നമ്മുടെ രാജ്യം എങ്ങോട്ടാണ് പോകുന്നത്? കേരളത്തിന്റെ സ്ഥിതിയെന്താണ്? ഞങ്ങൾ കഷ്ടിച്ച് പിടിച്ചുനിൽക്കുകയാണ്. നീരവ് മോദി, വിജയ് മല്ല്യ എന്നിവരെക്കുറിച്ച് നിങ്ങൾ പാർലമെന്റിൽ അന്വേഷിക്കുന്നുണ്ടോ? നോട്ട് നിരോധനത്തെക്കുറിച്ച് ആരെങ്കിലും ഒരക്ഷരം പറഞ്ഞോ; എന്തിനാണ് നോട്ടുനിരോധനം നടത്തിയത്? മുതലാളിമാർക്ക് അവരുടെ ബ്ലാക്ക് മണി വൈറ്റ് ആക്കാനാണ്. നിങ്ങൾക്ക് ഇവിടെ ചോദിക്കാം. ഇവിടെ അസംബ്ലിയിൽ ചോദിച്ചാൽ ആളുകൾ അറിയില്ലേ?

നിങ്ങളുടെ ശക്തമായ എതിർപ്പുണ്ടായിട്ടും ജി.എസ്.ടി., നിപ, പ്രളയം, ഓഖി എന്നിവയെല്ലാം ഈ ഗവൺമെന്റ് സ്വന്തം കാലിൽ നിന്നുകൊണ്ട് നേരിട്ടു. എല്ലാവർക്കും വീട് കൊടുത്തില്ലെന്നും ഭൂമിയായില്ലെന്നും നിങ്ങൾക്ക് കുറേ പരാതികൾ കാണും. എൽ.ഡി.എഫ്. സർക്കാരിന്റെ ലക്ഷ്യം എല്ലാവർക്കും ഭൂമി, വീട്, കുടിവെള്ളം, തൊഴിൽ എന്നിവ കൊടുക്കുക എന്നുള്ളതാണ്. നിങ്ങൾ ഞങ്ങളെ വെറുതെ വിടണം. ഒരു കാര്യവും ചെയ്യാൻ സമ്മതിക്കാതെ അടിസ്ഥാനരഹിതമായ കാര്യങ്ങളാണ് ഇവിടെ പറയുന്നത്. ശ്രീ. വി. ഡി. സതീശനെ എനിക്ക് വലിയ ബഹുമാനമാണ്. താങ്കളെ പോലുള്ള ആളുകൾ ഉണ്ടയില്ലാത്ത വെടി വയ്ക്കരുത്. നിയമസഭയുടെ സംരക്ഷണമില്ലാതെ പുറത്തുപോയി തെളിയിക്കാനോ ജുഡിഷ്യറിയെ സമീപിക്കാനോ മറ്റേതെങ്കിലും വഴികൾക്കായി ശ്രമിക്കാനോ കഴിയാതെ കയ്യടിക്കുവേണ്ടി, പത്രത്തിൽ വാർത്ത വരാൻവേണ്ടി കൂടെക്കൂടെ ഒരോ അഴിമതി ആരോപണങ്ങളെക്കുറിച്ച് പറയുന്നത് മോശമല്ലേ. എന്തിനാണ് അഴിമതി ആരോപണം; എന്ത് തെളിവാണ് നിങ്ങളുടെ കയ്യിലുള്ളത്?

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : പ്ലീസ്......സമയം കഴിഞ്ഞു.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, അവസാനിപ്പിക്കാം. ശ്രീ. പി. ടി. തോമസ് നടത്തിയ പ്രസംഗത്തിന് മറുപടി പറയാതെ പോകുന്നത് ശരിയല്ല. അദ്ദേഹം നമ്മളെപ്പറഞ്ഞത് പോരാതെ പാവപ്പെട്ട ചൈനാക്കാരെക്കുറിച്ചും പറഞ്ഞു. വല്ല കാര്യവുമുണ്ടോ? "ഇന്ത്യ ചൈന - ഭായി ഭായി" എന്ന മുദ്രാവാക്യം ആരാണ് ഇവിടെ വിളിച്ചത്? അത് കോൺഗ്രസുകാരുടെ പ്രധാനമന്ത്രിയാണ്. ചൈനയ്ക്ക് നമ്മുടെ

യാതൊരു സഹായവും ആവശ്യമില്ല. ചൈന അവരുടേതായ രാജ്യമാണ്, അവരുടേതായ സിസ്റ്റമുണ്ട്. ഇന്ന് ലോകത്ത് സാമ്രാജ്യത്വത്തിലൂടെ അമേരിക്കയെ നേരിടാൻ കഴിയുന്ന ഏക രാജ്യം ചൈനയാണ്. താങ്കൾ കൊറിയയെക്കുറിച്ച് പറഞ്ഞുവല്ലോ, കൊറിയയുടെ മുമ്പിൽ ഡോണാൾഡ് ട്രംപ് ഡാൻസ് ചെയ്ത് നിൽക്കുകയാണ്. നിങ്ങൾ ആക്ഷേപിച്ച കൊറിയയുടെ നേതാവിന്റെ മുമ്പിൽ അമേരിക്കൻ പ്രസിഡന്റ് പോവുകയാണ്. വിദേശ രാജ്യങ്ങളെക്കുറിച്ച് പറയേണ്ട വല്ല കാര്യവുമുണ്ടോ? ഈ ഗവൺമെന്റ് വളരെ മോശമാണെന്ന് ഇവർ പറയുന്നു. 140 നിയോജകമണ്ഡലങ്ങളിൽ ഇവിടെ ഇരിക്കുന്ന മന്ത്രിമാരുടെയും എം.എൽ.എ.മാരുടേയും പടം വയ്ക്കാത്ത ഒരു മണ്ഡലവുമില്ല. വീരശൂരപരാക്രമി ശ്രീ. പിണറായി വിജയന്റെ പടം വലിയ കട്ടൗട്ടിലാണ് വച്ചിരിക്കുന്നത്. ഇവിടെ ജ്വലിക്കുന്ന ആളുകൾ, തീജ്വാലകൾ. മണ്ഡലത്തിൽപ്പോയി ശ്രീ. പിണറായി വിജയന്റെയും ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെയും ഡോ. ടി. എം. തോമസ് ഐസക്കിന്റെയും പടം വയ്ക്കും. നിങ്ങൾ വയ്ക്കണമെന്നാണ് പറയുന്നത്. ഗവൺമെന്റ് മോശമാണെങ്കിൽ പടം വയ്ക്കുന്നത് എന്തിനാണ്? ഞാനും മുമ്പ് എന്റെ മണ്ഡലത്തിൽ ശ്രീ. ഉമ്മൻ ചാണ്ടിയുടെ പടം വച്ചിട്ടുണ്ട്. ഞാൻ അന്തസ്സായി അത് പറഞ്ഞിട്ടുമുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്കൊരു അപേക്ഷയുണ്ട്. ശ്രീ. ഡി. കെ. മുരളി പറഞ്ഞ മാലിന്യ പ്ലാന്റ് എന്റെ മണ്ഡലവുമായി ബന്ധമുള്ളതാണ്. അക്കാര്യത്തിൽ സഹായിക്കണം. കിഫ്ബിയെ എനിക്ക് ഇഷ്ടമാണ്. എന്റെ മണ്ഡലത്തിലുള്ള ഒരു പ്രശ്നം അങ്ങ് പരിഹരിക്കണം. നിയമസഭയിൽ ഞാനെല്ലാം തുറന്നുപറയുന്നില്ല. ഞാൻ നിങ്ങൾക്കുവേണ്ടി വാദിക്കുന്ന ഒരാളും ഇടതുപക്ഷക്കാരനായതുകൊണ്ടും തുറന്നുപറയുന്നില്ല. നിങ്ങളത് ചെയ്യരുത്, അത് പൊതു ആവശ്യമാണ്. പരിഗണിക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ ധനസ്ഥിതി അനുദിനം വഷളായിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഫെബ്രുവരിയിൽ ഒരു ലക്ഷം രൂപയിലധികമുള്ള ബില്ലുകൾ അപ്രഖ്യാപിതമായി ഈ സംസ്ഥാനത്തിന്റെ ട്രഷറികളിൽനിന്നും മാറാത്ത ഒരു സ്ഥിതിയായിരുന്നു. ഇന്ന് തീയതി രണ്ടായി. ഈ ചർച്ച ഇവിടെ നടക്കുമ്പോൾ പുറത്ത് കേൾക്കുന്നത് ഒന്നാം തീയതി ലഭിക്കുന്ന ശമ്പളം ഈ മാസം കൃത്യമായി കിട്ടിയിട്ടില്ല എന്നുള്ളതാണ്. ആ രീതിയിലുള്ള ആശങ്കകൾ സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ സംബന്ധിച്ചിടത്തോളം ഉയർന്നുകൊണ്ടിരിക്കുകയാണ്. ധനക്കമ്മി വർദ്ധിക്കുന്നു. വരവും ചെലവും തമ്മിലുള്ള അന്തരം അനുദിനം കൂടിക്കൊണ്ടിരിക്കുന്നു. ഏത് റിപ്പോർട്ട് പരിശോധിച്ചാലും സംസ്ഥാന ധനസ്ഥിതി അനുദിനം വഷളായിക്കൊ

ണ്ടിരിക്കുന്നത് കാണാം. സി. ആന്റ് എ.ജി.യുടെ റിപ്പോർട്ടുപ്രകാരം ധനവിനിയോഗത്തിലുള്ള ഒരുപാട് ന്യൂനതകൾ ആ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇവിടെ ധനക്കമ്മി കൂടുന്നു. അതിനിടയിൽ ജി.എസ്.ടി. വന്നതിലൂടെ നമ്മളാദ്യം അതിനെ സ്വാഗതം ചെയ്തതാണെങ്കിലും പ്രതീക്ഷിത നികുതി വരുമാനം വരുന്നില്ല എന്ന പ്രതിസന്ധി ഒരു ഭാഗത്തുണ്ട്. ഏതാനും സമയം കഴിയുമ്പോൾ, കിഫ്ബിയിലേക്കുള്ള തിരിച്ചടവുകൂടി വരുമ്പോൾ ഈ പ്രതിസന്ധി കൂടുകയാണ് ചെയ്യുന്നത്. ഈ ധനപ്രതിസന്ധികൾക്കിടയിലും ഇവിടെ പലരും വിശദീകരിച്ചതുപോലെ ഭരണത്തിന്റെ ധൂർത്തിന് യാതൊരു കുറവുമില്ല. വനിതാമതിൽതന്നെ ഒരു ധൂർത്താണ്. അതിന് കോടികളാണ് ചെലവഴിച്ചത്. അതിന്റെ രാഷ്ട്രീയമായ തിരിച്ചടി ലഭിച്ചുകഴിഞ്ഞു. വനിതാ മതിലിൽ 50 ലക്ഷം ആളുകൾ പങ്കെടുത്തു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, വനിതാമതിലിനുവേണ്ടി പത്തുപൈസപോലും ഗവൺമെന്റ് ചെലവഴിച്ചിട്ടില്ല. ഇത് കുറേക്കാലമായി നിങ്ങൾ പറയുന്നു. എന്തിനാണ് ഇങ്ങനെ ഹൗസിനെ മിസ്‌ലീഡ് ചെയ്യുന്നത്?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വനിതാമതിലിന്റെ ചെലവ് ഇതിലുണ്ടല്ലോ; ഞാനത് വിശദീകരിച്ച് പറയാം. അത് തെരഞ്ഞെടുപ്പിൽ വലിയ മെച്ചമാകും. 50 ലക്ഷം വനിതകൾ പങ്കെടുത്തു. ആ 50 ലക്ഷം വനിതകളും ബന്ധപ്പെട്ടവരും വോട്ടുചെയ്താൽത്തന്നെ ഞങ്ങൾ ഈ തെരഞ്ഞെടുപ്പിൽ വലിയ നേട്ടമുണ്ടാക്കുമെന്ന് പറഞ്ഞു. അത് തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ കണ്ടു. തെരഞ്ഞെടുപ്പ് കൺവെൻഷനിൽ ഞാനും ചില സ്ഥലങ്ങളിലൊക്കെ പ്രസംഗിച്ച സമയത്ത് വനിതാ മതിലിനെക്കുറിച്ച് പറയുമ്പോൾ ചില സ്ത്രീകൾ വളരെ നാണത്തോടുകൂടി 'ഞങ്ങളും അറിയാതെ അതിൽ പോയിരുന്നു. അതിന്റെ നിലപാടിനോടുള്ള യോജിപ്പു കൊണ്ടൊന്നുമല്ല, കുടുംബശ്രീക്കാരും മറ്റുപലരും നിർബന്ധിച്ചപ്പോൾ പോയതാണ് എന്നാണ് പറഞ്ഞത്. പക്ഷേ, അവരുടെയൊക്കെ വോട്ട് ലഭിച്ചത് ഐക്യജനാധിപത്യ മുന്നണിക്കായിരുന്നു. കാരണം അവരുടെ വിശ്വാസം സംരക്ഷിക്കാൻ ഐക്യജനാധിപത്യ മുന്നണിക്കേ കഴിയൂ എന്നാണ് നമുക്ക് കാണാൻ കഴിയുന്നത്. ഇപ്പോൾ ആ മതിലിന് നാട്ടുനീളെ സ്മാരകങ്ങളുണ്ടാക്കാൻ പണം നീക്കിവയ്ക്കുകയാണ്. ഇതൊരു ധൂർത്തല്ലേ; നിങ്ങൾ സത്യത്തിൽ സന്തോഷത്തോടെ ചെയ്യേണ്ട സ്മാരകമല്ല അത്. ഇടതുപക്ഷ മുന്നണി ചെയ്ത ഏറ്റവും വലിയ രാഷ്ട്രീയ അബദ്ധമായിരുന്നു ആ നടപടി. അത് ആ ദുരന്തത്തെ ഓർമ്മപ്പെടുത്തുന്ന സ്മാരകങ്ങളായിരിക്കും. അതിന് അനുബന്ധമായി നടന്ന

കാര്യങ്ങളൊക്കെ ആ ദുരന്തത്തിന്റെ ഓർമ്മയിലേക്കാകും ശ്രദ്ധ ക്ഷണിക്കുന്നത്. വനിതാമതിൽ സത്യത്തിൽ നിങ്ങൾക്കൊരു ദുരന്തമാണ്. അതിന് സ്മാരകമുണ്ടാക്കാൻ പോകുന്നത് അത്ര നല്ലതല്ല എന്ന ഞാൻ ഓർമ്മപ്പെടുത്തുകയാണ്.

അനാവശ്യമായി വാഹനങ്ങൾ വാങ്ങുന്ന കാര്യം ഇവിടെ സൂചിപ്പിച്ചു. ഒരു ഗവൺമെന്റിന് രണ്ടാഘോഷം. തെരഞ്ഞെടുപ്പിനുമുമ്പ് ഒരു വകുപ്പ് നോക്കിയപ്പോൾ 1000 ദിവസം പൂർത്തിയായി. സാധാരണ നമ്മൾ ആഘോഷിക്കുന്നത് ഒന്നാം വർഷം, രണ്ടാം വർഷം, മൂന്നാം വർഷം, നാലാം വർഷം എന്നിങ്ങനെയാണ്. തെരഞ്ഞെടുപ്പിനുമുമ്പ് 1000 ദിവസം പൂർത്തിയായതും തെരഞ്ഞെടുപ്പുകഴിഞ്ഞ് 3 വർഷം പൂർത്തിയായതും എന്നിങ്ങനെ എന്തെല്ലാം മായാജാലങ്ങളാണ്; ഇതിനൊക്കെ സംസ്ഥാന ഖജനാവിൽനിന്നാണ് പണം ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ ധനക്കമ്മി നികത്താൻ കടമെടുക്കാം എന്നൊരു അവസ്ഥയുണ്ടായിരുന്നു. ഇപ്പോൾ അതിനും കേന്ദ്രത്തിന്റെ പിടിവീഴുകയാണ്. പഴയതുപോലെ കടമെടുക്കാൻ കഴിയാത്തവിധം കാര്യങ്ങൾ വരികയാണ്. വീണ്ടും പ്രതിസന്ധി കൂടുകയാണ്.

എന്നാൽ ഈ പ്രതിസന്ധികൾക്കിടയിൽ നമ്മൾ കാണേണ്ട ഒരു കാര്യം സംസ്ഥാനത്തിന്റെ ഭരണരംഗത്ത് മാറ്റമുണ്ടാക്കാനായി ഭരണപരിഷ്കാര കമ്മീഷനെ നിയമിച്ചിട്ടുണ്ട് എന്നതാണ്. ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ അദ്ധ്യക്ഷനായ ഭരണപരിഷ്കാര കമ്മീഷൻ മൂന്ന് റിപ്പോർട്ടുകൾ നമ്മുടെ ഗവൺമെന്റിന്റെ മുമ്പിൽ സമർപ്പിച്ചു. എന്തെങ്കിലുമൊരു നടപടി അക്കാര്യത്തിൽ സ്വീകരിച്ചോ? ഇത് കേവലമൊരു തമാശയായി മാറുകയാണ്. എന്തായിരുന്നു റിപ്പോർട്ടുകളുടെ ഉള്ളടക്കം? വിജിലൻസിനെ കാര്യക്ഷമമാക്കൽ; സംസ്ഥാനത്തെ ഉദ്യോഗസ്ഥരെ കാര്യക്ഷമമാക്കൽ; നിയമം നടപ്പാക്കൽ എന്നിങ്ങനെ മൂന്ന് റിപ്പോർട്ടുകളാണ് ഭരണപരിഷ്കാര കമ്മീഷൻ മുന്നോട്ടുവച്ചത്. ഉദ്യോഗസ്ഥരെ കാര്യക്ഷമമാക്കാൻ നിങ്ങളുടെ യൂണിയൻ തന്നെ വിചാരിച്ചാൽ മതി, പല തരത്തിലുള്ള കഥകൾ പുറത്തുവരുന്നുണ്ട്. ഏറ്റവും ചുരുങ്ങിയത് അതിനുവേണ്ടി ഒരു യോഗമെങ്കിലും വിളിക്കണ്ടേ; ഇത് നടപ്പാക്കുന്നതിൽ എന്തെങ്കിലും ആത്മാർത്ഥയുണ്ടെങ്കിൽ, ഭരണപരിഷ്കാര കമ്മീഷന്റെ ശിപാർശകൾ നടപ്പിലാക്കാൻ ഈ സമയംവരെ നിങ്ങളൊരു യോഗം വിളിച്ചിട്ടില്ല. പക്ഷേ, ഈ സഭ കാണേണ്ടത് അതിനുവേണ്ടി 8 കോടി രൂപയാണ് മൂന്ന് കൊല്ലംകൊണ്ട് നമ്മുടെ ഖജനാവിൽനിന്ന് ചെലവഴിച്ചത് എന്നതാണ്. ഇത് എന്തൊരു വ്യായാമമാണ്? ഇനിയും ഈ ഭരണപരിഷ്കാര കമ്മീഷനുമായി മുന്നോട്ടുപോകണോ? ശ്രീ. വി. എസ്. അച്ചുതാനന്ദന് എന്തെങ്കിലും സ്ഥാനം

നൽകുന്നതിനോ സൗകര്യം ഏർപ്പെടുത്തുന്നതിനോ ഞങ്ങൾ എതിരല്ല; ഇതുപറയുമ്പോൾ അങ്ങനെ ധരിക്കരുത്. ഇതിനകം 8 കോടി രൂപ ചെലവഴിച്ചു. നാളെ ചവറ്റുകൊട്ടയിലേക്ക് പോകാനുള്ള ഒരു റിപ്പോർട്ടാണ്. ഇനിയും ഒരു പക്ഷേ, ഈ രണ്ട് വർഷത്തിനിടയിൽ റിപ്പോർട്ടുകൾ പലതും വന്നേയ്ക്കാം. പക്ഷേ, യാതൊരു കാര്യവുമില്ലാത്ത, പ്രയോജനവുമില്ലാത്ത പാഴ്‌വേലയല്ലേ? അറിഞ്ഞുകൊണ്ടാണ് ഈ പാഴ്‌ച്ചെലവുകൾ നടത്തുന്നത്.

സംസ്ഥാനം കടംകയറി മുന്നോട്ടുപോകുകയാണ്. പലിശച്ചെലവ് കൂടുകയാണ്. ഇതൊരു ആപത്‌സൂചനയാണ്. എക്സ്‌പെൻഡീച്ചർ ആന്റ് റിവ്യൂ കമ്മിറ്റിയുടെ ധന ഉത്തരവാദിത്വ നിയമപ്രകാരം അവർ താക്കീത് ചെയ്യുകയാണ്. കടത്തിന് നൽകുന്ന പലിശ 2010-11-ൽ റവന്യൂ ചെലവിന്റെ 7 ശതമാനമായിരുന്നുവെങ്കിൽ 2017-18-ൽ എത്തിയപ്പോൾ റവന്യൂ ചെലവിന്റെ 24.78 ശതമാനമായി. ഇങ്ങനെ പോയാൽ നമ്മളെവിടെ എത്തും? ശ്രീ. മുരുകൻ കാട്ടാക്കട പറഞ്ഞതുപോലെ 'പലിശപ്പട്ടിണി പടികയറുമ്പോൾ പുറകിലെ മാവിൽ കയറുകൾ കാണാം' എന്ന അവസ്ഥയിലേക്ക് സംസ്ഥാനത്തെ കൊണ്ടുപോകുകയാണ്. ഇതൊക്കെ സംസ്ഥാനത്തിന്റെ നിലനിൽപ്പുമായി ബന്ധപ്പെട്ട് ഞങ്ങൾക്കുള്ള ആശങ്കകളാണ്.

കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി ആരംഭിച്ചു. എന്തൊക്കെ വാഗ്ദാന ങ്ങളായിരുന്നു. പ്രവാസി ചിട്ടിക്കുവേണ്ടി നിങ്ങൾ പരസ്യം ചെയ്തത് 5.5 കോടി രൂപയാണ്. എന്നാൽ ഇതുവരെ പിരിച്ചത് 3.5 കോടി രൂപ. പിന്നെ പ്രവാസി കളോടുള്ള സ്നേഹം നമ്മൾ ഈ സഭയിൽ ചർച്ച ചെയ്തുകൊണ്ടി രിക്കുകയാണല്ലോ; ആന്തൂരിൽ നമ്മളത് കണ്ടതാണ്. അതുകൊണ്ടുതന്നെ ഇന്ന് ലോക കേരളസഭയിൽനിന്നും പ്രവാസി സംഘടനകളൊക്കെ രാജിവച്ചു കൊണ്ടിരിക്കുകയാണ്. ഓരോ ദിവസവും പത്രമെടുത്തുനോക്കുമ്പോൾ രാജികൾ കാണുകയാണ്. പാറയിൽ സാജൻ നിങ്ങളുടെ പ്രവാസി സമീപനത്തിന്റെ ഒരു രക്തസാക്ഷിയാണ്. ഇവിടെ പ്രവാസികൾ ധാരാളമായി തിരിച്ചുവരുന്നു. അവരുടെ കയ്യിൽ ചെറിയ നിക്ഷേപങ്ങളൊക്കെയുണ്ട്. പക്ഷേ, അവർക്ക് വിശ്വസിക്കാവുന്ന ഒരു പദ്ധതി കാണിച്ചുകൊടുക്കാൻ ഈ മൂന്ന് വർഷത്തിനിടയിൽ ഗവൺമെന്റിന് സാധിച്ചോ? ഇനിയും പ്രവാസികളുടെ നിക്ഷേപം നമുക്ക് ലഭിക്കും. പക്ഷേ, വരുമാനദായകമായി അതുപയോഗപ്പെടുത്താൻ സാധിക്കണം. അക്കാര്യത്തിൽ സർക്കാരിന്റെ വലിയ പരാജയമാണ് കാണാൻ കഴിയുന്നത്. ഇവിടെ സി.പി.ഐ.(എം)-നെ സംബന്ധിച്ചിടത്തോളം കണ്ടകശ്ശനിയാണ്. ആന്തൂർ സംഭവം നമ്മളിവിടെ ചർച്ച ചെയ്തു. നേതാക്കളുമായി ബന്ധപ്പെട്ട് നിരവധി വിവാദങ്ങളുയർന്നുവരുന്നു. ഞാൻ അതിലേക്കൊന്നും പോകുന്നില്ല. ശ്രീമതി പി. കെ. ശ്യാമളയ്ക്ക് വീഴ്ചപറ്റിയില്ലെന്നാണ് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി

ഇവിടെ പറഞ്ഞത്. കണ്ണൂരിൽ സഖാവ് ജയരാജൻ പറയുന്നത് ശ്യാമളയ്ക്ക് വീഴ്ചപറ്റിയെന്നാണ്. ഇപ്പോൾ സഖാക്കൾ ചോദിക്കുന്നത് ഏത് ജയരാജൻ പറഞ്ഞതാണ് ശരിയെന്നാണ്. എന്താണ് ഇന്ന് കണ്ണൂരിലെ സ്ഥിതി; ഒരു പി. ജെ. ആർമി വന്നിരിക്കുകയാണ്. പി. ജെ. എന്നുപറഞ്ഞാൽ പി. ജയരാജൻ ആർമി. സമൂഹ മാധ്യമങ്ങളിൽ വലിയ പോരാട്ടമാണ് അവർ നടത്തിക്കൊണ്ടിരിക്കുന്നത്. ഒരു നേതാവിന് അനുകൂലമായി കുറച്ച് അനുയായികളുണ്ടായാൽ, അല്ലെങ്കിൽ ഒരു യോഗത്തിൽ കുറച്ച് കരഘോഷമുണ്ടായാൽ അദ്ദേഹത്തെ വലിയ നേതാക്കൾ ഒറ്റപ്പെടുത്തി അക്രമിക്കുന്ന ഒരു രീതി ലോകത്ത് ഏതെങ്കിലുമൊരു പാർട്ടിയിലുണ്ടെങ്കിൽ അത് കേരളത്തിലെ സി.പി.ഐ.(എം)-ൽ മാത്രമേ കാണുകയുള്ളൂ. ഒരാൾക്ക് ജനപ്രീതി ഉയർന്നുവരുമ്പോൾ അയാളോട് ഒരു ഗർവ് വച്ചുകൊണ്ടുള്ള പോരാട്ടം പുതിയ കാര്യമൊന്നുമല്ല.

കോഴിക്കോട്ടൊരു മഹാസമ്മേളനത്തിൽ സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാടിരിക്കുമ്പോൾ എം.വി.ആർ.-ന് കരഘോഷം കുറച്ച് കൂടുതൽ കിട്ടിയതുകൊണ്ടാണ് അദ്ദേഹത്തിന്റെ പുറത്തേക്കുള്ള വഴി സുഗമമായതെന്ന് ചരിത്രം വായിച്ചാൽ നമുക്ക് മനസ്സിലാകും. ശ്രീമതി കെ. ആർ. ഗൗരിയമ്മയ്ക്കും അതുതന്നെയാണ് സംഭവിച്ചത്. ശ്രീ. പി. ജയരാജൻ എം.വി.ആർ-ന്റെയും ശ്രീമതി കെ. ആർ. ഗൗരിയമ്മയുടെയും പാതയിലാണെന്ന് പറയാൻ അധിക രാഷ്ട്രീയ ബുദ്ധിയൊന്നും വേണ്ട. അതുകൊണ്ടാണ് ശ്രീ. പി. ജയരാജൻ ഇപ്പോൾ ബിംബമായിക്കൊണ്ടിരിക്കുന്നത്. സ്വന്തമായി സി.ഡി.വേണ്ട, പാട്ട് വേണ്ട, സ്വയം മഹത്വവൽക്കരിക്കണ്ട എന്ന് അദ്ദേഹത്തോട് പാർട്ടി ആദ്യമേ പറഞ്ഞതാണ്. പക്ഷേ, അണികൾ അതുകേട്ടില്ല. പി. ജെ. ആർമിയുമായി മുന്നോട്ടുപോകുകയാണ്. പക്ഷേ, ശ്രീമതി കെ. ആർ. ഗൗരിയമ്മയും എം.വി.ആർ.-ഉം പോയതുപോലെ ആയിക്കൊള്ളണമെന്നില്ല. അന്നത് താങ്ങാനുള്ള കരുത്ത് സി.പി.ഐ.(എം)നുണ്ടായിരുന്നു. ഇന്ന് കോട്ടകൊത്തളത്തിൽ, കണ്ണൂരിൽ ശ്രീ. പി. ജയരാജൻ കുറേ ആളുകളേയും കൊണ്ടേപോകൂ. അന്നത് താങ്ങാനുള്ള കരുത്ത് ഒരു പക്ഷേ പാർട്ടിക്കുണ്ടാകണമെന്നില്ല. അതുകൂടി ഞാൻ ഓർമ്മപ്പെടുത്തുകയാണ്. വ്യക്തിപൂജ അവസാനിപ്പിക്കണമെന്നാണ് അദ്ദേഹത്തിന് കൊടുത്ത നിർദ്ദേശം. അദ്ദേഹംതന്നെ പറഞ്ഞു, എന്റെ പേരിൽ ഫെയ്സ്ബുക്കിൽ പോസ്റ്റിടണ്ട, എന്നെ മഹത്വവൽക്കരിക്കണ്ട എന്ന്. പക്ഷേ, അണികൾ അവസാനിക്കുന്നില്ല. അണികൾ ആ വഴിയിലൂടെതന്നെ മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ കണ്ണൂരിൽ നടക്കുന്നത് വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദമാണ്. ഈ രണ്ട് കൂട്ടരും തമ്മിലുള്ള വൈരുദ്ധ്യങ്ങളുടെ പോരാട്ടം. അതിനാണ് പുതിയ കമ്മ്യൂണിസ്റ്റ് ചേരിയിൽ വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദം എന്ന് പറയാൻ കഴിയുന്നത്.

ഇവിടെ സാന്ദർഭികമായി ഒരു കാര്യം സൂചിപ്പിക്കാം. ഇവിടത്തെ ചർച്ചകളിൽ മലപ്പുറം ജില്ലയുടെ പുതിയ അവകാശികളെക്കുറിച്ചൊക്കെ പറഞ്ഞു. 1967-ൽ മുസ്ലീം ലീഗും കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി ബന്ധത്തിലായിരുന്നു. ആ മന്ത്രിസഭയിൽ രണ്ട് കാര്യങ്ങൾക്കായിരുന്നു ഞങ്ങളുടെ ഡിമാന്റ്. ഒന്ന്, മലപ്പുറം ജില്ല വേണം. അത് വളരെ സ്വാഭാവികമായൊരു നിർദ്ദേശമായിരുന്നു. 50 വർഷം മുമ്പുള്ള കാര്യമാണ്. ജില്ല വേണമെന്ന് ആവശ്യപ്പെട്ടപ്പോൾ തരാമെന്ന് പറഞ്ഞു. രണ്ടാമത്തെ ഡിമാന്റ് കോഴിക്കോട് സർവ്വകലാശാല വേണമെന്നതായിരുന്നു. ബഹുമാനപ്പെട്ട മന്ത്രി ഡോ. കെ. ടി. ജലീൽ ഇവിടെ മലപ്പുറം ജില്ലയുടെ പിതൃത്വത്തെക്കുറിച്ച് സംസാരിച്ചു. ഒന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. കമ്മ്യൂണിസ്റ്റ് ഇതിഹാസമായിട്ടുള്ള ശ്രീമതി കെ. ആർ. ഗൗരിയമ്മ ഇന്നും ജീവിച്ചിരിപ്പുണ്ട്. അവരുടെ ആത്മകഥയുണ്ട്. അന്നത്തെ റവന്യൂ മിനിസ്റ്ററായിരുന്ന ശ്രീമതി കെ. ആർ. ഗൗരിയമ്മ ഏത് സാഹചര്യത്തിലാണ് മലപ്പുറം ജില്ല അനുവദിച്ചതെന്നും അതിന് മാർക്സിസ്റ്റ് പാർട്ടിയിൽനിന്ന് അവർക്ക് കേൾക്കേണ്ടിവന്ന പഴിയും ഇ.എം.എസ്.ന്റെ വിരോധവുമൊക്കെ ആത്മകഥയിൽ വ്യക്തമാക്കുന്നുണ്ട്. ഒരാവർത്തി ഡോ. കെ. ടി. ജലീൽ അത് വായിക്കുന്നത് നന്നായിരിക്കും എന്ന് പറയാൻ ആഗ്രഹിക്കുകയാണ്. കാലിക്കറ്റ് യൂണിവേഴ്സിറ്റി ഞങ്ങൾ തന്നതല്ലേ എന്നാണ് പിന്നെ പറഞ്ഞത്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ സ്ഥാപകൻ സി. എച്ച്. മുഹമ്മദ് കോയയുടെ പുത്രൻ ഡോ. എം. കെ. മുനീർ ഇവിടെ ഇരിക്കുമ്പോൾ ആ പണി ഡോ. കെ. ടി. ജലീൽ ചെയ്യുമെന്ന് ഞങ്ങൾ കരുതിയില്ല. ഡോ. കെ. ടി. ജലീലിന്റെതന്നെ പഴയ പ്രസംഗമുണ്ട്. എന്താണ് ആ പഴയ പ്രസംഗം; കലാശാലയുടെ പിതാവായ സി. എച്ച്. മുഹമ്മദ് കോയയെക്കുറിച്ച് ഡോ. കെ. ടി. ജലീൽ നടത്തിയ പ്രസംഗങ്ങളുണ്ട്. അതൊരു പ്രാവശ്യം കേട്ടാൽ മതി. അതിന് മറുപടി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

ഇവിടെ ചില ഇടതുപക്ഷ സ്നേഹിതർ സംസാരിക്കുമ്പോൾ തോന്നും തെരഞ്ഞെടുപ്പിൽ അവരാണ് ജയിച്ചതെന്നും ഞങ്ങൾ തോറ്റുവെന്നും. ആ രീതിയിലാണ് അവരുടെ സംസാരം. കോൺഗ്രസിനെക്കുറിച്ച് നിങ്ങൾ എന്തൊക്കെ പറഞ്ഞാലും ശരി, ഇന്നും പത്ത് കോടിയിൽപ്പരം വോട്ട് നേടിയ ഒരു രാഷ്ട്രീയ പാർട്ടിയാണ് ഇന്ത്യയിൽ കോൺഗ്രസ്. ആറ് സംസ്ഥാനങ്ങളിൽ ഇന്നും മുഖ്യമന്ത്രിമാരുള്ള പാർട്ടിയാണ് കോൺഗ്രസ്. ബി.ജെ.പി. തോറ്റാൽ അവരെ ജനാധിപത്യത്തിന് മടുക്കും. അതിലൊന്നും ഒരു തർക്കവും വേണ്ട. ബി.ജെ.പി.യെ ജനത്തിന് മടുത്താൽ ഒരു ബദൽ കോൺഗ്രസല്ലാതെ മറ്റൊന്നുമില്ല. നിങ്ങളെപ്പോലെ പാർലമെന്റിന്റെ മൂലയിൽ ചുരുങ്ങിയ മൂന്നംഗങ്ങളായി കോൺഗ്രസ് മാറിയിട്ടില്ല എന്നുകൂടി മനസ്സിലാക്കേണ്ടതുണ്ട്. അതുപോലെ

ചിലരൊക്കെ സംസാരിച്ചപ്പോൾ മുസ്ലിം ലീഗിനെതിരെയും ചിലത് പറഞ്ഞു. അത് ഇത്രയേയുള്ളൂ. മലബാർ മേഖലയിൽ ചില എസ്.എൽ.വി. (സ്ഥിരം ലീഗ് വിരോധികൾ)-കളുണ്ട്. അവരുടെ പ്രതിനിധികളായിട്ടാണ് ഇവരൊക്കെ വന്നിട്ടുള്ളത്. അവർക്ക് ഇതൊക്കെ പറയാതെ ഉറക്കം വരില്ല. അവരുടെ നിലനിൽപ്പിന്റെകൂടി പ്രശ്നമാണ്. അവിടെനിന്നുകൊണ്ട് ഞങ്ങളെ തെറിപറയുകയെന്നതാണ് അവരുടെ പണി. എന്നാൽ മാത്രമേ അവർക്ക് അവിടെ മാർക്കറ്റുണ്ടാകുകയുള്ളൂ. ഇതൊരു മാർക്കറ്റിംഗാണ്. എസ്.എൽ.വി.-കൾ ഒരു കാര്യം മനസ്സിലാക്കണം. നിങ്ങളിതൊക്കെ പറഞ്ഞിട്ടും ഈ തെരഞ്ഞെടുപ്പിൽ ഏറ്റവും ഉന്നതിയിൽ നിൽക്കുന്നൊരു രാഷ്ട്രീയ പാർട്ടി ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗല്ലേ. മലപ്പുറം ജില്ലയിൽ മാത്രം യു.ഡി.എഫ്.-ന് ആറ് ലക്ഷം വോട്ട് അധികമാണ്. ഡോ. കെ. ടി. ജലീൽ പൊന്നാനിയിൽ ചുവപ്പിക്കാൻ വന്നല്ലോ. അവിടെ രണ്ട് ലക്ഷം വോട്ടിനാണ് ഞങ്ങൾ ജയിച്ചത്.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ്... സമയം കഴിഞ്ഞു.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ശ്രീ. എൻ. ഷംസുദ്ദീൻ ഇടതുപക്ഷ ജനാധിപത്യമുന്നണിയെയും സി.പി.ഐ.(എം)നെയുമൊക്കെ ശക്തമായി ആക്രമിച്ചുകൊണ്ടാണ് സംസാരിച്ചത്. ഇപ്പോൾ ലീഗിന്റെ മഹത്വം പറഞ്ഞ് സംസാരിക്കുകയാണ്. അങ്ങ് സംസാരിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്ന ഈ സമയം ബി.ജെ.പി.യുടെ സമയമല്ലേ? ഈ നിയമസഭയിലെ ബി.ജെ.പി.-യുടെയും എൻ.ഡി.എ.-യുടെയും പ്രതിനിധികളിൽനിന്നും എഴുതി വാങ്ങിയിട്ടുള്ള സമയം ഉപയോഗിച്ചിട്ടല്ലെ അങ്ങ് പ്രസംഗിക്കുന്നത്; ഇതല്ലേ ലീഗിന്റെ മഹത്വം?......(ബഹളം)......

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, .......(ബഹളം)..... ഞാൻ ചോദിക്കട്ടെ, ഈ നിയമസഭയിൽ പത്തുപതിനേഴ് ദിവസമായി നടക്കുന്ന ഡിമാന്റ് ഡിസ്കഷനുകളിൽ എത്രയോ തവണ ശ്രീ. പി. സി. ജോർജ് നിങ്ങൾക്കനുകൂലമായി വോട്ട് ചെയ്തിട്ടുണ്ടല്ലോ. ആ വോട്ട് വേണ്ടായെന്ന് നിങ്ങൾ പറഞ്ഞോ? ......(ബഹളം)...... സ്പീക്കർ തെരഞ്ഞെടുപ്പിൽ ശ്രീ. ഒ. രാജഗോപാൽ നിങ്ങൾക്കാണ് വോട്ട് ചെയ്തത്. അത് ഞാൻ ക്ലിയർ ചെയ്യാം. രാവിലെ ശ്രീ. പി. സി. ജോർജ് ഇതുവഴി കടന്നുപോകുമ്പോൾ ഞാനിവിടെയിരുന്ന് എന്റെ പ്രസംഗത്തിന്റെ നോട്ട് തയ്യാറാക്കുകയായിരുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു, ഞാൻ പോകുകയാണ്, എന്റെ സമയം ആർക്കാണ് വേണ്ടതെന്ന് ചോദിച്ചു. അപ്പോൾ എന്റെ അടുത്തിരിക്കുന്ന ശ്രീ. പി. ഉബൈദുള്ള പറഞ്ഞു, എന്നാൽ ഇയാൾക്ക് കൊടുത്തേക്കുവെന്ന്. അപ്പോൾതന്നെ ശ്രീ. പി. സി. ജോർജ് എഴുതി

കൊടുക്കുകയും ചെയ്തു. .....(ബഹളം)......... അല്ലാതെ അത് ബി.ജെ.പി.-യുടെ സമയമല്ല. ......(ബഹളം).......ഇതൊക്കെ കേവലം സാങ്കേതികമാണ്. ഇവിടെ സ്പീക്കർ തെരഞ്ഞെടുപ്പിൽ നിങ്ങൾ വോട്ടുവാങ്ങിയവരാണ്, ഓരോ ദിവസവും ശ്രീ. പി. സി. ജോർജിന്റെ വോട്ടുവാങ്ങുന്നവരാണ്, നിങ്ങൾക്കനുകൂലമായി പറയുമ്പോൾ ശ്രീ. പി. സി. ജോർജിനുവേണ്ടി കയ്യടിക്കുന്നവരാണ്. ഞങ്ങൾക്ക് ശ്രീ. പി. സി. ജോർജുമായിട്ടോ ശ്രീ. ഒ. രാജഗോപാലുമായിട്ടോ ഒരു ലോഹ്യവുമില്ല. നിയമസഭയുടെ സമയത്തിന്റെ ക്രമീകരണമൊക്കെ പറഞ്ഞ് വളരെ ദുർബ്ബലമായ വാദമാണ് എന്റെ സ്നേഹിതർ അപ്പുറത്തുനിന്ന് ഉയർത്തുന്നത്. ...(ബഹളം)...

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. എം. വിൻസെന്റ്: സർ, ബി.ജെ.പി. പരാജയപ്പെട്ട് കോൺഗ്രസ് ജയിക്കണമെന്നും ബി.ജെ.പി. പരാജയപ്പെട്ടാൽ കോൺഗ്രസാണ് അധികാരത്തിൽ വരുന്നതെന്നും അങ്ങ് പ്രസംഗത്തിൽ ആവർത്തിച്ചുപറഞ്ഞു. ആരിൽനിന്നും സമയം വാങ്ങി ബി.ജെ.പി.ക്കെതിരെ സംസാരിക്കുമെന്നത് ജനാധിപത്യത്തിൽ ആവശ്യമല്ലേ? .......(ബഹളം).....

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഒരു തർക്കവുംവേണ്ട. ഞങ്ങളുടെ പോരാട്ടം സംഘ്പരിവാറിനെതിരെയാണ്, ബി.ജെ.പി.-ക്കെതിരെയാണ്. നിങ്ങളെപ്പോലെ ബി.ജെ.പി.യുമായി കോംപ്രമൈസ് ചെയ്യുന്ന പൈതൃകം ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിനില്ല. എന്റെ നേതാവ് സി. എച്ച്. മുഹമ്മദ് കോയ പറഞ്ഞിട്ടുള്ളത് 'അവർ ബഹറിൽ മുസല്ലയിട്ട് നമസ്കരിച്ചാലും ആർ.എസ്.എസ്.-നെ വിശ്വസിക്കുന്ന പ്രശ്നമില്ലെന്നാണ്'. കേവലം സൗഹൃദത്തിന്റെ പേരിൽ ശ്രീ. പി. സി. ജോർജ് സമയം തന്നപ്പോൾ അതൊരു ബി.ജെ.പി. ബന്ധമായിട്ടോ ബി.ജെ.പി. സൗഹൃദമായിട്ടോ പറയുന്നത് വളരെ ബാലിശമാണെന്നു മാത്രമേ എനിക്ക് സൂചിപ്പിക്കാനുള്ളൂ. ......(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ്..ഞാൻ മൈക്ക് ഓഫ് ചെയ്യും.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബഹളം വയ്ക്കാതിരിക്കാൻ പറയണം. ബഹളം വയ്ക്കാതിരുന്നാൽ ഞാൻ പറഞ്ഞ് അവസാനിപ്പിക്കാം.

(മൈക്ക് ഓഫ്).

3.00 P.M.]

ശ്രീ. റ്റി. വി. രാജേഷ്: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. ലോക്സഭാ തെരഞ്ഞെടുപ്പിൽ ബി.ജെ.പി.-യുടെ വോട്ട് വാങ്ങിയവർ ഇപ്പോൾ നിയമസഭയിൽ ഇടതുപക്ഷത്തെ വിമർശിക്കാൻ ബി.ജെ.പി. നേതാവായ ശ്രീ. ഒ. രാജഗോപാലിന്റെ സമയം വാങ്ങിയിരിക്കുകയാണ്. ഇവരുടെ അപാര തൊലിക്കട്ടിക്ക് മുന്നിൽ നമസ്കാരം പറയാൻ മാത്രമാണ് ഞാൻ ഈ അവസരം ഉപയോഗിക്കുന്നത്.

ശ്രീ. പി. ടി. തോമസ്: സർ, .... ബഹു. സ്പീക്കർ തെരഞ്ഞെടുപ്പിൽ നിങ്ങൾ ശ്രീ. ഒ. രാജഗോപാലിന്റെ വോട്ട് വാങ്ങിയില്ലേ?

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ ഇവിടെ യു.ഡി.എഫ്. നേതാക്കളുടെ പ്രസംഗം ശ്രദ്ധിച്ച് കേൾക്കുകയായിരുന്നു.

ശ്രീ. പി. ടി. തോമസ്: സർ, ...(മൈക്ക് ഓഫ്)... ...(ബഹളം)...

ശ്രീ. റ്റി. വി. രാജേഷ്: സർ, എന്റെ സമയം നഷ്ടമാകുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, നിയമസഭയിലെ ബി.ജെ.പി. അംഗം അദ്ദേഹത്തിന് ഇഷ്ടപ്പെട്ടയാൾക്ക് വോട്ട് ചെയ്തതാണത്. അതുപോലെയാണോ ഒരു നിയമസഭാകക്ഷിയുടെ സമയം വാങ്ങി പ്രസംഗിക്കുന്നത്. ബി.ജെ.പി.യുടെ സമയമാണ്, ആർ.എസ്.എസ്.-ന്റെ സമയമാണത്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഇതിലൊന്നും ഒരത്ഭുതവുമില്ല. ഇവർ തമ്മിൽ പ്രഥമദൃഷ്ട്യാ അകൽച്ചയിൽ ആണെങ്കിലും അന്തർധാര സജീവമാണെന്ന് വ്യക്തമാക്കുന്നതാണ് ഈ ഒത്തുകളി. സംശയമുണ്ടോ? മുണ്ടുപൊക്കി നോക്കിയാൽ കാക്കി നിക്കർ കാണാവുന്ന ചിലർ അപ്പുറത്തിരിക്കുന്നുണ്ട്. പേര് ഞാൻ ഇപ്പോൾ ഏതായാലും വെളിപ്പെടുത്തുന്നില്ല.

ശ്രീ. എം. സ്വരാജ്: സർ, എല്ലാ ദിവസവും അടിയന്തര പ്രമേയത്തിനുശേഷം ശ്രീ. പി. ടി. തോമസും ശ്രീ. ഒ. രാജഗോപാലുമെല്ലാം ഒരുമിച്ചാണ് വാക്കൗട്ട് നടത്തുന്നത്. അതിന്റെയൊരു തുടർച്ചയായിട്ടാണോ ഈ സമയം വാങ്ങലിനെ അങ്ങ് കാണുന്നത്?

ശ്രീ. റ്റി. വി. രാജേഷ്: സർ, തീർച്ചയായും. നേരത്തേ സംസാരിച്ച മുസ്ലിം ലീഗ് അംഗത്തോട് എനിക്ക് പറയാനുള്ള ഒരു കാര്യം, ഇക്കഴിഞ്ഞ മുസ്ലിം ലീഗിന്റെ റാലിയിൽ ശ്രീ. രാഹുൽ ഗാന്ധിയെയാണ് കൊണ്ടുവന്നത്. അടുത്ത മുസ്ലിം

ലീഗിന്റെ റാലിക്ക് നിങ്ങൾ മദ്ധ്യപ്രദേശ് മുഖ്യമന്ത്രി കമൽനാഥിനെത്തന്നെ കൊണ്ടുവരണം. കാരണമെന്താണെന്ന് അറിയാമോ; അവിടെ ഗോഹത്യയുടെ പേരിൽ മൂന്ന് മുസ്ലീം സഹോദരന്മാരെ UAPA (Unlawful Activities (Prevention) Act) പ്രയോഗിച്ച് ജയിലിൽ അടച്ചിരിക്കുകയാണ്. പതിനായിരം ഗോശാല തുടങ്ങിയിരിക്കുകയാണ്. അപ്പോൾ നിങ്ങളുടെ യോഗത്തിൽ പ്രസംഗിക്കാൻ ഏറ്റവും യോഗ്യൻ മധ്യപ്രദേശ് മുഖ്യമന്ത്രിയായ, ആർ.എസ്.എസ്.-ന്റെ നയങ്ങൾ അപ്പടി നടപ്പാക്കുന്ന ശ്രീ. കമൽനാഥാണ്.

നേരത്തെ സംസാരിച്ച യു.ഡി.എഫ്. അംഗം ശ്രീ. എ. പി. അനിൽ കുമാർ, കിഫ്ബിക്ക് സാമ്പത്തിക പിൻബലമുണ്ടോ, ലോകത്ത് ഏതെങ്കിലുമൊരു ധനകാര്യ വകുപ്പുമന്ത്രി ഇത്തരമൊരു കാര്യം നടപ്പിലാക്കുമോ എന്ന് ചോദിച്ചു. എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത്, കിഫ്ബി എന്നുപറയുന്നത് ഇൻകം ജനറേറ്റ് ചെയ്യുന്ന ഒരു പദ്ധതി തന്നെയാണ്. എന്താണ് സംശയം? ഇത് വാഹന വായ്പ അല്ലെങ്കിൽ വീട് വായ്പ പോലെയുള്ള ഒരു സ്കീം ലോൺ അല്ലെന്ന കാര്യം നിങ്ങൾക്ക് അറിയാത്തതല്ല. നമുക്കറിയാം ഇത് എങ്ങനെയാണ് ഇൻകം ജനറേറ്റ് ചെയ്യാൻ പോകുന്നതെന്ന്. കിഫ്ബിയിലെ 42,306 കോടി രൂപയുടെ പദ്ധതികൾക്ക് അപ്രൈസൽ ബോർഡ് അംഗീകാരം നൽകാൻ പോകുകയാണ്. ഇതിൽ പൊതുമരാമത്ത് വകുപ്പിൽമാത്രം 10,491 കോടി രൂപയാണ്. വ്യവസായ സംരംഭം തുടങ്ങണമെങ്കിൽ അതിന് നല്ല റോഡുകളും അടിസ്ഥാന പശ്ചാത്തല സൗകര്യവുമാണ് ആവശ്യം. 10,491 കോടി രൂപ റോഡുകൾക്കും പാലങ്ങൾക്കും മേൽപ്പാലങ്ങൾക്കും മലയോര ഹൈവേക്കും തീരദേശ ഹൈവേക്കുമാണ്. പിന്നെ മികച്ച ആശുപത്രികളാണ് ഇവിടെ നിർമ്മിക്കാൻ പോകുന്നത്. നല്ല ആശുപത്രി സ്ഥാപിച്ചാൽ അതിന്റെ ഗുണം ഈ നാട്ടിലെ ജനങ്ങൾക്കാണ്. സ്വാഭാവികമായും ആരോഗ്യ മേഖലയിൽ ചെലവഴിക്കേണ്ടി വരുന്ന തുക കുറയുമ്പോൾ അത് നമ്മുടെ നാട്ടിൽ വികസനത്തിന് സഹായകരമായിത്തീരും. മറ്റൊന്ന് വ്യവസായ പാർക്കാണ്. കൂടുതൽ തൊഴിലവസരം സൃഷ്ടിക്കാനാണ് വ്യവസായ പാർക്ക്. ഇവിടെ ഗ്രോത്ത് കോറിഡോർ വരാൻ പോകുന്നു, പെട്രോ കെമിക്കൽ പാർക്ക് വരാൻ പോകുന്നു. അതിനുവേണ്ടി കിഫ്ബിയിൽ 12,000 കോടി രൂപയാണ് മാറ്റിവച്ചത്. ഇത് ഇൻകം ജനറേറ്റ് ചെയ്യുന്ന പദ്ധതിയല്ലേ; അല്ലെന്ന് പറയാൻ നിങ്ങൾക്ക് കഴിയുമോ? പിന്നെ ടൂറിസം പദ്ധതി വരാൻ പോകുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും കൂടുതലാളുകൾക്ക് തൊഴിൽ നൽകാൻ കഴിയുന്നവയാണ് ടൂറിസം മേഖലയിലെ പദ്ധതികൾ. 300 കോടി രൂപ ചെലവ് വരുന്ന ഉത്തര മലബാറിലെ മലനാട് റിവർ ക്രൂയ്സ് ടൂറിസം പ്രോജക്ട് ഇൻകം ജനറേറ്റ് ചെയ്യുകയല്ലേ; പതിനായിരക്കണക്കിന് ആളുകൾക്ക് തൊഴിൽ

കൊടുക്കുന്ന പദ്ധതിയല്ലേ; റൈസ് പാർക്ക്, ഇൻകം ജനറേറ്റ് ചെയ്യുന്ന പദ്ധതിയല്ലേ; റബ്ബർ പാർക്ക്, ഇൻകം ജനറേറ്റ് ചെയ്യുന്ന പദ്ധതിയല്ലേ. കേരളത്തിന്റെ ഊർജ്ജ പ്രതിസന്ധി പരിഹരിക്കാൻ 15 പ്രോജക്റ്റുകൾ കിഫ്ബിയിലുണ്ട്. ഈ 15 പ്രോജക്റ്റുകൾക്കുമായി 5,200 കോടി രൂപയാണ്. ഇത് കേരളത്തെ സംബന്ധിച്ചിടത്തോളം വ്യവസായത്തിന് അത്യാവശ്യമല്ലേ. 68 കുടിവെള്ള പദ്ധതികളാണ് കിഫ്ബിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ 68 പദ്ധതികൾക്കുമായി 3,489 കോടി രൂപ സർക്കാർ ചെലവഴിച്ചു. കിഫ്ബിയിൽ ഏതെങ്കിലുമൊരു പദ്ധതി നടപ്പിലായോ എന്ന് ചോദിച്ചവരുണ്ട്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇരിക്കുന്നുണ്ട്. ഞാൻ വായിക്കാം, കോട്ടയം മുനിസിപ്പാലിറ്റിക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം - ഒന്നാം ഘട്ടം 77% പണികൾ പൂർത്തീകരിച്ചു. ഒന്നും നടന്നിട്ടില്ല എന്നല്ലേ പറഞ്ഞത്. ഞാൻ വേണമെങ്കിൽ ഇരിക്കാം, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറയട്ടെ, നടന്നിട്ടില്ലെങ്കിൽ പറഞ്ഞാൽ മതി. രണ്ടാം ഘട്ടം, ടെണ്ടർ നടപടി പൂർത്തീകരിച്ചു. ഇനി അപ്പുറത്തിരിക്കുന്ന ശ്രീ. എൻ. എ. നെല്ലിക്കുന്ന് എന്തെല്ലാമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കുറിച്ചും ഈ ഗവൺമെന്റിനെക്കുറിച്ചും പരിഹസിച്ചത്. എന്റെ സുഹൃത്ത് കൂടിയായ അംഗത്തിന്റെ കാസർഗോഡ് മുനിസിപ്പാലിറ്റിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ പിണറായി സർക്കാർ വരേണ്ടി വന്നില്ലേ. എന്താണ് സ്ഥിതി? ആ മുനിസിപ്പാലിറ്റിക്കും ചെമ്മനാട് പഞ്ചായത്തിനും വേണ്ടിയുള്ള കുടിവെള്ള പദ്ധതി ഒന്നാം ഘട്ടം 98% പൂർത്തിയായി. രണ്ടാം ഘട്ടം 70% പൂർത്തിയായില്ലേ; മൂന്നാം ഘട്ടം 70% പൂർത്തീകരിച്ചില്ലേ; നാലാം ഘട്ടം ഭൂമി ഏറ്റെടുക്കൽ പ്രക്രിയ ത്വരിതഗതിയിൽ നടക്കുകയാണ്. നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ ?

ഇവിടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ച് പറഞ്ഞല്ലോ. ഞാൻ ലിസ്റ്റെടുത്ത് നോക്കി. 12 സ്കൂളുകൾക്കായി 22 കോടി രൂപ അടിച്ചെടുത്തത് ആരാണ്; ശ്രീ. കെ. എസ്. ശബരീനാഥൻ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് 6 സ്കൂളുകൾക്കായി 12 കോടി രൂപയുടെ കിഫ്ബി പ്രോജക്ട്. ശ്രീ. വി. ടി. ബൽറാമിന്റെ തൃത്താല നിയോജകമണ്ഡലത്തിൽ 11 സ്കൂളുകൾക്ക് 29 കോടി രൂപ. തിരൂരങ്ങാടിയിൽ മുൻമന്ത്രി ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ മണ്ഡലത്തിൽ 8 സ്കൂളുകൾക്ക് 22 കോടി രൂപ. ഈ ലിസ്റ്റിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് 18 സ്കൂളുകൾക്കായി 36 കോടി രൂപ കിട്ടിയ ഏറനാട് എം.എൽ.എ. ശ്രീ. പി. കെ. ബഷീറാണ്. കൂടുതൽ പേരുടെ ലിസ്റ്റ് വായിക്കണമെങ്കിൽ വായിക്കാം. എന്തിനാണ് നിങ്ങൾ കിഫ്ബിയെ എതിർക്കുന്നത്? കേരള ഗവൺമെന്റിന്റെ പദ്ധതികളുടെ വിശദാംശങ്ങളിലേക്ക് പോയാലോ? ഉമ്മൻ ചാണ്ടി സർക്കാരിന്റെ ഭരണകാലത്തെ

സ്ഥിതിയെന്താണ്? മൂലധനച്ചെലവ് മരവിച്ചുപോയ സ്ഥിതിയായിരുന്നില്ലേ? ഇപ്പോൾ ആ സ്ഥിതി മാറി കേരളത്തിൽ 53.34% വർദ്ധനവിലൂടെ സർവ്വകാല റെക്കോർഡ് ഉണ്ടായിരിക്കുന്നു. റവന്യൂ കമ്മിയെയും ധന കമ്മിയെയും സംബന്ധിച്ചാണ് നിങ്ങൾ വല്ലാതെ ആശങ്കപ്പെട്ടത്. അത് കാര്യമായി കുറച്ചുകൊണ്ടുവരാൻ, സമ്പദ്ഘടനയെ ശക്തിപ്പെടുത്താനുള്ള സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. പ്രതിസന്ധി വന്നാൽ ചെലവ് ചുരുക്കുകയാണോ വേണ്ടത്? ചെലവ് ചുരുക്കുകയല്ല, അത് വർദ്ധിപ്പിക്കണം. അതാണ് ഉത്തേജക പാക്കേജ്. ഒരു സ്റ്റിമുലസ് പാക്കേജാണ് കിഫ്ബി എന്നുപറയുന്നത്. ബഡ്ജറ്റിന് പുറമേ പണം കണ്ടെത്താൻ സർക്കാർ നടത്തുന്ന സമീപനം നാളെ എല്ലാ ലോകരാജ്യങ്ങൾക്കും മികച്ച മാതൃകയായി തീരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇപ്പോൾ നമ്മുടെ രാജ്യത്തെ തൊഴിലില്ലായ്മ നിരക്ക് കുത്തനെ വർദ്ധിക്കുകയാണ്. കേന്ദ്രത്തിൽ എന്താണ് സ്ഥിതിയെന്ന് നിങ്ങൾക്കറിയാമല്ലോ. എല്ലാ റിപ്പോർട്ടും വന്നു. പക്ഷേ, ഇവിടെ എന്താണ് സ്ഥിതി? മൂന്ന് വർഷംകൊണ്ട് പി.എസ്.സി. മുഖേന 102103 പേരെ നിയമിച്ചു. 20,000 തസ്തികകൾ പുതുതായി സൃഷ്ടിച്ചു. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് എത്ര തസ്തികകളാണ് സൃഷ്ടിച്ചത്? അവിടെ യുവ എം.എൽ.എ.മാരുണ്ടല്ലോ; യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് അഞ്ച് വർഷംകൊണ്ട് സൃഷ്ടിച്ച പുതിയ തസ്തികകൾ 4500. എൽ.ഡി.എഫ്.-ന്റെ ഭരണകാലത്ത് മൂന്ന് വർഷംകൊണ്ട് സൃഷ്ടിച്ചത് 20,000 തസ്തികകൾ. ചെറുകിട വ്യവസായ മേഖലയിൽ പുതിയ സംരംഭങ്ങൾ ഉണ്ടാകാൻ പോകുന്നു. സംരംഭകത്വവുമായി ബന്ധപ്പെട്ട് ഇവിടെ ചില കാര്യങ്ങൾ പറഞ്ഞല്ലോ. ആന്തൂരിലുണ്ടായ ആത്മഹത്യ ദൗർഭാഗ്യകരമാണ്. സംസ്ഥാനത്ത് പലയിടങ്ങളിലും ഇത്തരത്തിലുള്ള ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. അത് പരിഹരിക്കാനുള്ള ആത്മാർത്ഥമായ നടപടിയാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, ഇപ്പോൾ സെക്രട്ടറിയിൽ കൂടുതൽ അധികാരമുണ്ട്, സെക്രട്ടറിയുടെ അധികാരം പരിമിതപ്പെടുത്തുമെന്ന്. ട്രിബ്യൂണൽ ഇപ്പോൾ ഒന്നാണ്, അത് മൂന്നാക്കി മാറ്റും. സംരംഭകർക്ക് ease of doing business-ന്റെ പശ്ചാത്തലത്തിൽ തടസ്സങ്ങളില്ലാതിരിക്കാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുമെന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്തെ സ്ഥിതി എന്തായിരുന്നുവെന്ന് നമ്മൾ ഓർക്കണ്ടേ. ഒരു സംരംഭക ആ ഗവൺമെന്റിനെ സമീപിച്ചപ്പോൾ അപ്പുറത്തിരിക്കുന്ന അന്നത്തെ ഭരണപക്ഷം ഗ്രൂപ്പുഭേദമെന്യേ സ്വീകരിച്ച സമീപനം എന്തായിരുന്നുവെന്ന് നിങ്ങൾ ഓർക്കണ്ടേ. നാണംകെട്ട സംഭവ പരമ്പരകൾ കൊണ്ട് കേരളത്തിന്റെ പൊതുരംഗത്ത് ഏൽപ്പിച്ച ആഘാതത്തെക്കുറിച്ച് സംസാരിക്കാൻ ആരെങ്കിലും തയ്യാറുണ്ടോ. നിങ്ങൾ നിയോഗിച്ച ശിവരാജൻ കമ്മീഷൻ റിപ്പോർട്ടുണ്ടല്ലോ. ശ്രീ. പി. ടി. തോമസ്

കെ.പി.സി.സി. യോഗത്തിൽ ഒരു ആവശ്യമുന്നയിക്കണം. ജസ്റ്റിസ് ജി. ശിവരാജൻ കമ്മീഷൻ റിപ്പോർട്ട് കെ.പി.സി.സി. യോഗത്തിൽ വായിച്ച് ചർച്ച ചെയ്യാനുള്ള ആർജ്ജവം നിങ്ങൾക്കുണ്ടോ. നിങ്ങൾ ഇങ്ങോട്ടേക്ക് ഒരു വിരൽ ചൂണ്ടുമ്പോൾ മൂന്ന് വിരലുകൾ നിങ്ങൾക്കെതിരാണെന്ന കാര്യം മറന്നുപോകരുത്. ഇടയ്ക്കിടയ്ക്ക് എഴുന്നേറ്റ് സഭാനടപടികൾ തടസ്സപ്പെടുത്തുന്ന ശ്രീ. പി. ടി. തോമസിനോട് എനിക്ക് പറയാനുള്ളത് മലർന്ന് കിടന്ന് തുപ്പരുത് എന്നാണ്.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഏകജാലക സംവിധാനമുൾപ്പെടെ വ്യവസായ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങളെപ്പറ്റി എല്ലാവർക്കുമറിയാം. നിങ്ങളുടെ ഗവൺമെന്റിന്റെ ഭരണകാലത്തും ഏകജാലക സംവിധാനമുണ്ടായിരുന്നു. അത് എന്തിനുവേണ്ടിയായിരുന്നു? വ്യവസായികൾക്ക് സൗകര്യമൊരുക്കാനോ സംരംഭകരുടെ തടസ്സങ്ങൾ നീക്കാനോ അല്ല മന്ത്രിമാരുടെ വീട്ടിൽ ഏകജാലകം ഉണ്ടായിരുന്നത്. പണം അപഹരിക്കാനായിരുന്നു. സ്വന്തം വീട്ടിൽ കൗണ്ടർ തുടങ്ങി തടിച്ചുകൊഴുത്ത മുൻമന്ത്രിമാർ, നമുക്കറിയാമല്ലോ പണം കൊണ്ട് വികസിച്ച മന്ത്രിമാർ, സമ്പത്ത് വികസിപ്പിച്ച മന്ത്രിമാർ, അക്കൗണ്ട് വികസിപ്പിച്ച മന്ത്രിമാർ, മുൻനിരയിൽ നിൽക്കുന്നവരുടെ പേര് ഞാൻ പറയണോ?

കഴിഞ്ഞ ദിവസം ഒരു എം.എൽ.എ. എഴുന്നേറ്റ് അഴിമതി ആരോപണം ഉന്നയിച്ചു. കുറച്ചു ദിവസമായി അഴിമതി ആരോപണം ഉന്നയിക്കുന്നു. എന്നാൽ, അഴിമതി ആരോപണം ഉന്നയിച്ചശേഷം ഇരിക്കുമ്പോൾ തന്നെ അത് ആവിയായിപ്പോകും. അതാണ് ഇവരുടെ അഴിമതിയാരോപണത്തിന്റെ പ്രശ്നം. കാരണം, ഉന്നയിക്കുന്നതിൽ ഒരു വസ്തുതയില്ല. ഇന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി വന്നിട്ടുണ്ട്. മലയാള സർവ്വകലാശാലയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ഇവിടെ ആരോപണം ഉന്നയിച്ച എം.എൽ.എ.യുടെ ഒത്താശയോടുകൂടി ചിലർ സുപ്രീംകോടതിയെ സമീപിച്ചു. സുപ്രീംകോടതി ആ കേസ് തള്ളിയിരിക്കുകയാണ്. മുസ്ലീം ലീഗുകാർ മനസ്സിലാക്കിയോ, അവിടെ എല്ലാവരും ഇരിക്കുന്നുണ്ടല്ലോ, ആർക്കെങ്കിലും ചോദിക്കാനുണ്ടെങ്കിൽ ഞാൻ വഴങ്ങാൻ തയ്യാറാണ്. നാല് വർഷമായി ഈ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ടതിന്റെ കഥ, തിരക്കഥ, സംഭാഷണം, സംവിധാനം ഇവ ആരാണ് നിർവ്വഹിച്ചത്? മുസ്ലീം ലീഗ് അല്ലേ?

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, പോയിന്റ് ഓഫ് ഓർഡർ.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ഞാൻ ഒരു കാര്യം കൂടി ചോദിക്കട്ടെ.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.. ശ്രീ. റ്റി. വി. രാജേഷ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ ഇരിക്കാം. ഇത് കംപ്ലീറ്റ് ചെയ്യട്ടെ. മുസ്ലീം ലീഗ് കൈകാര്യം ചെയ്ത ഒരു വിഷയം ലോകത്ത് ഏത് പിഴിയൽ വീരന്റെ കയ്യിൽ കിട്ടിയാലും ഒരു തുള്ളിനീരുപോലും ഊറ്റിയെടുക്കാൻ ബാക്കിയുണ്ടാവില്ല എന്ന കാര്യം ആർക്കാണ് അറിയാത്തത്. നഗരവികസനത്തിന്റെ കാര്യത്തിൽ ഉന്നയിച്ച ആരോപണത്തിൽ ഉറച്ചുനിന്നാൽ അത് ആർക്കെതിരായിട്ടാണ് വരിക, അപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട മുൻമന്ത്രിക്കെതിരായിട്ടാവും വരിക. അദ്ദേഹത്തിന്റെ ഭരണകാലത്താണ് അത് തുടങ്ങിവച്ചതെന്ന് നിങ്ങൾ മനസ്സിലാക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. റ്റി. വി. രാജേഷ്, പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ വഴങ്ങാം.

ശ്രീ. സി. മമ്മൂട്ടി: സർ, ഇവിടെ മലയാളം സർവ്വകലാശാലയ്ക്കുവേണ്ടി ഭൂമിയെടുക്കുന്നതുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിൽ കേസ് കൊടുത്തത് ഞാൻ ബന്ധപ്പെട്ടിട്ടാണെന്ന് രേഖയിൽ കാണാം. ഇല്ലാത്ത വസ്തുതകൾ പറയരുത്.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, മലയാളം സർവ്വകലാശാലയുടെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിൽ പോയവരോട് പറമ്പ് കച്ചവടത്തിന്റെ കാര്യം പറഞ്ഞ് ഇങ്ങോട്ട് വരണ്ടെന്ന പറഞ്ഞ് ആ കേസ് സുപ്രീംകോടതി തള്ളിയ വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. റ്റി. വി. രാജേഷ്: സർ, തീർച്ചയായും. അഴിമതി ആരോപണം ഉന്നയിച്ച ശ്രീ. ഫിറോസ് ഇപ്പോൾ എവിടെയാണെന്ന് ആർക്കും അറിയില്ല. നാണംകെട്ട് അദ്ദേഹം മാധ്യമങ്ങളെപ്പോലും സമീപിക്കാൻ സാധിക്കാത്ത അവസ്ഥയിലാണ്. നേരത്തെ അവിടെ ചിലർ ആരോപണം ഉന്നയിച്ചിരുന്നുവെന്നാണ് ഞാൻ പറഞ്ഞത്, പേര് പറഞ്ഞിട്ടില്ല. പിന്നെ ആരോപണം ഉന്നയിച്ചത് ആരാണെന്ന് രേഖയിലുണ്ട്, അത് പരിശോധിക്കാം.

കഴിഞ്ഞ രണ്ടുമൂന്ന് ദിവസമായി പോലീസ് മർദ്ദനത്തെക്കുറിച്ചാണ് പറയുന്നത്. പാറശ്ശാല ശ്രീജീവ് ലോക്കപ്പിൽ വച്ച് മരണമടഞ്ഞത് യു.ഡി.എഫ്. ഭരണകാലത്തല്ലേ? ആ കേസിൽ ആർക്കെങ്കിലുമെതിരെ കേസ്സെടുക്കാൻ അന്നത്തെ ഗവൺമെന്റ് തയ്യാറായോ? ആ കുടുംബത്തിന് 10 ലക്ഷം രൂപ കൊടുത്തത് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോഴാണ്. രണ്ട് മുൻ ആഭ്യന്തര വകുപ്പുമന്ത്രിമാരുണ്ടല്ലോ അപ്പുറത്ത്, മാങ്ങാട്ട്പള്ളി സിബി കേസ് അവർക്ക്

ഓർമ്മയില്ലേ? കോട്ടയത്ത്, മദ്യപിച്ചെന്ന് പറഞ്ഞ് കസ്റ്റഡിയിലെടുത്ത് പോലീസ് സ്റ്റേഷനിൽ വച്ച് ഭീകരമായി മർദ്ദിച്ചു. എന്നിട്ട് മലമൂത്ര വിസർജ്ജനം നടത്തിയെന്ന് പറഞ്ഞ് പ്രായമായ അച്ഛനെയും അമ്മയെയും പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തി ക്ലീൻ ചെയ്യിപ്പിച്ചു. ആരുടെ ഭരണകാലത്ത്? യു.ഡി.എഫ്-ന്റെ ഭരണകാലത്ത്. മർദ്ദനമേറ്റെന്ന പോലീസ് റിപ്പോർട്ടുണ്ടായിരുന്നു. എസ്.ഐ-ക്കെതിരെ നടപടിയെടുത്തു, അറസ്റ്റുണ്ടായോ, ആരെയെങ്കിലും പുറത്താക്കിയോ? ഒന്നും ചെയ്യാൻ തയ്യാറായില്ല. കെവിൻ കേസ്സിന്റെ കാര്യത്തിൽ തന്നിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയതിന് പോലീസുകാരനെ പുറത്താക്കി.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. റ്റി. വി. രാജേഷ്, പ്ലീസ് കൺക്ലൂഡ്. നാല് മിനിട്ട് അധികമെടുത്തു.

ശ്രീ. റ്റി. വി. രാജേഷ്: സർ, വാരാപ്പുഴ കേസ്സിൽ സി.ഐ. മുതൽ താഴോട്ടുള്ളവർക്കെതിരെ കേസ്സെടുത്തല്ലോ, എസ്.ഐ.ക്കെതിരെ കൊലക്കുറ്റത്തിന് കേസ്സെടുത്തല്ലോ. 9 പോലീസുകാരെ പ്രോസിക്യൂട്ട് ചെയ്യാൻ അനുമതി കൊടുത്തല്ലോ, ഫോർട്ട് പോലീസ് സ്റ്റേഷനിൽ ഉദയകുമാറിനെ ഉരുട്ടിക്കൊന്നത് ആരുടെ ഭരണകാലത്താണ്? കേരളത്തെ ഞെട്ടിച്ച കിരാതമായ ആ മനുഷ്യക്കുരുതിയുമായി ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ അന്നത്തെ സർക്കാർ തയ്യാറായോ? അവരെയൊക്കെ വെള്ളപൂശാനാണ് തയ്യാറായത്. ഇവിടെ ധാരാളം അനുഭവങ്ങൾ നമ്മുടെ മുന്നിലുണ്ട്. ഇടുക്കി സംഭവവുമായി ബന്ധപ്പെട്ട് തെറ്റ് ചെയ്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നിലപാട് സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. താത്കാലിക രാഷ്ട്രീയ ലാഭമുണ്ടാക്കാനുള്ളതാണ് ജുഡീഷ്യൽ അന്വേഷണം. ഞങ്ങളെ സംബന്ധിച്ചിടത്തോളം താത്കാലികമായ രാഷ്ട്രീയ ലാഭമല്ല. തെറ്റ് ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർ സേനയിൽ ഉണ്ടായിരിക്കില്ലെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്. കഴിഞ്ഞ മൂന്ന് വർഷമായി കേരളത്തിന്റെ സാമ്പത്തികരംഗം തികച്ചും തകർച്ചയിലാണ്. ഇതിനെ അതിജീവിക്കുന്നതിനുള്ള ഒരു നടപടിയും സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടാകുന്നില്ല. കേന്ദ്ര സർക്കാരിന്റെ നയം കാഷ്‌ലെസ് ഇക്കോണമിയാണ്. പണമിടപാടുകൾ ഓൺലൈനായോ കാർഡുകൾ മുഖേനയോ നടത്തുക എന്നതാണ്

കേന്ദ്രസർക്കാരിന്റെ കാഷ്‌ലെസ് ഇക്കോണമിയുടെ നയം. കേരള സർക്കാരാണ് മറ്റൊരു അർത്ഥത്തിൽ പൂർണ്ണമായും ഇത് നടപ്പിലാക്കിയത്. പൂർണ്ണമായും കാഷ്‌ലെസ് ആയത് കേരളത്തിലെ ട്രഷറികളും ധനകാര്യ വകുപ്പുമാണ്. ഒന്നിലും പണമില്ല. ചുരുക്കത്തിൽ നോട്ടുരഹിത സമ്പദ്ഘടന മൂന്ന് വർഷത്തിനുള്ളിൽ നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. അതിന് പ്രത്യേകമായി ധനകാര്യ വകുപ്പിനെ അഭിനന്ദിക്കേണ്ടതാണ്. തകർന്നടിഞ്ഞ സാമ്പത്തിക രംഗത്തെ ഉത്തേജിപ്പിക്കുന്നതിന് ഈ സർക്കാർ ഒരു നടപടിയും സ്വീകരിക്കുന്നില്ല. നാല് പ്രധാന ഘടകങ്ങളാണ് സാമ്പത്തികരംഗത്തെ പ്രതിസന്ധി അതിജീവിക്കാൻ സഹായിക്കുന്നത്. ആദ്യത്തേത് സ്വകാര്യ നിക്ഷേപമാണ്. നമ്മുടെ അയൽ സംസ്ഥാനങ്ങളായ കർണാടകയും തമിഴ്നാടും ഇക്കാര്യത്തിൽ ബഹുദൂരം മുന്നിലാണ്. പക്ഷേ, കേരളത്തിന്റെ സ്ഥിതിവിശേഷം നമുക്കെല്ലാവർക്കും അറിയുന്നതാണ്. നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുന്നതിനുവേണ്ടി നമ്മളെടുത്ത നടപടികൾ എവിടെ നിൽക്കുന്നുവെന്ന് ഗവൺമെന്റ് ആലോചിക്കണം. നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കണമെന്ന കാര്യത്തിൽ കേരളത്തിലെ യു.ഡി.എഫ്. സർവ്വാത്മനാ പിന്തുണച്ചതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വൈസ് ചെയർമാനായും എം.എൽ.എ-മാരെല്ലാവരും പങ്കെടുത്തുകൊണ്ടും സജീവ പിന്തുണയാണ് നൽകിയത്. നിക്ഷേപകരെ ആകർഷിക്കുന്നതിലുള്ള ഇപ്പോഴത്തെ സ്ഥിതിവിശേഷം മനസ്സിലാക്കണം. അതിനുവേണ്ടിയുള്ള നിഷ്പക്ഷമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

അതുപോലെ സാമ്പത്തിക രംഗത്തെ ഉത്തേജിപ്പിക്കുന്നതിനുള്ളതാണ് സംസ്ഥാനത്തിന്റെ പൊതുനിക്ഷേപം. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുനിക്ഷേപ മേഖലയിൽ കാര്യമായി എന്താണ് ചെയ്തിട്ടുള്ളത്? ഓഖിയും പ്രളയവും ഒരു പരിധിവരെ ശബരിമല വിഷയവും. ഒരു വർഷത്തോളം അതിന്റെ പുകിലായിരുന്നു. ഇവയെല്ലാം നാടിന്റെ വികസനത്തെ പിറകോട്ടടിച്ചില്ലേ? മൂന്ന് വർഷക്കാലമായി ഗവൺമെന്റിന്റെ പ്രവർത്തനത്തെ ബാധിച്ചില്ലേ? എല്ലാത്തിനും മറുപടിയായി കിഫ്ബിയെന്ന് അങ്ങ് പറയുന്നു. കിഫ്ബിയില്ലാതെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നടത്തിയ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് ജനങ്ങൾ ബോധവാന്മാരാണ്. പല പദ്ധതികളും വിതച്ച്, വളമിട്ട്, വലുതാക്കിയത് യു.ഡി.എഫ്. സർക്കാരാണ്. കൊയ്യുക എന്ന പ്രക്രിയ മാത്രമാണ് എൽ.ഡി.എഫ്. സർക്കാർ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

റീബിൽഡ് കേരളയുടെ സ്ഥിതിയെന്താണ്? പദ്ധതികൾ പ്രഖ്യാപിക്കുന്നുവെന്നല്ലാതെ ഒന്നും നടപ്പിലാകുന്നില്ല. യു.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ മുഴുവൻ ജനോപകാരപ്രദമായതും സംസ്ഥാനത്തിന് വരുമാനം ലഭിക്കുന്നതുമായിരുന്നു. ഉദാഹരണത്തിന് വിഴിഞ്ഞം പോർട്ട്, കണ്ണൂർ എയർപോർട്ട്, കൊച്ചി മെട്രോ, തൊഴിൽ മേഖലയിൽ പ്രയോജനമുണ്ടാകുന്ന സ്മാർട്ട് സിറ്റി തുടങ്ങി റിട്ടേൺസ് ലഭിക്കുന്ന പദ്ധതികൾക്കാണ് കൂടുതൽ തുക ചെലവഴിച്ച് നടപ്പിലാക്കിയത്.

ഈ സർക്കാർ കിഫ്ബിയെ മാത്രം ആശ്രയിച്ച് മുന്നോട്ടുപോകുകയാണ്. അതിനുള്ള ഫണ്ട് ഭാവിയിൽ സംസ്ഥാനത്തെ വൻകടക്കെണിയിലാക്കുമെന്ന് ഇവിടെയെല്ലാവരും സൂചിപ്പിച്ചു. അതിൽ യാതൊരു സംശയവുമില്ല. മസാല ബോണ്ടിനെ സംബന്ധിച്ച് ഇന്ന് രാവിലെ ശ്രീ. എ. പി. അനിൽ കുമാർ സൂചിപ്പിച്ചതാണ്. അതുവഴി ഇതുവരെ ലഭിച്ചത് 2,150 കോടി രൂപയാണ്. മസാല ബോണ്ടിന്റെ പലിശ 9.723 ശതമാനമാണ്. 5 വർഷം കഴിയുമ്പോൾ തിരികെ നൽകേണ്ടത് 3,195.23 കോടി രൂപയാണ്. അതായത് 2,150 കോടി രൂപയ്ക്ക് 5 വർഷത്തേക്ക് ആയിരത്തിൽപ്പരം കോടി രൂപ പലിശ നൽകണം. ഇത് എവിടെനിന്ന് നൽകുമെന്നുള്ളതിനെക്കുറിച്ച് അങ്ങ് പറയുന്നില്ല. 50,000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുമെന്നാണ് ഇവിടെ പ്രഖ്യാപിച്ചത്. 50,000 കോടി രൂപയ്ക്ക് 5 വർഷം കഴിയുമ്പോൾ 9.5 ശതമാനം പലിശ വച്ച് 24,000 കോടി രൂപ ആ ഇനത്തിൽ വേണ്ടിവരും. ഇത് എവിടെ നിന്ന് കൊടുക്കും, തിരിച്ചടയ്ക്കുന്നതിന് എന്തുമാർഗ്ഗമാണ് അങ്ങ് സ്വീകരിച്ചിട്ടുള്ളത്? സംസ്ഥാനത്തിന്റെ ഭാവിയെക്കുറിച്ച് ചിന്തിക്കുന്ന ഒരു ധനകാര്യ വകുപ്പുമന്ത്രി ഈ കാലഘട്ടത്തിന്റെ കാര്യങ്ങളെക്കുറിച്ച് മാത്രം ചിന്തിച്ചാൽ മതിയോ? സംസ്ഥാനത്തിന്റെ ഭാവി എങ്ങനെ മുന്നോട്ടുപോകുമെന്നതിനെക്കുറിച്ച് ആലോചിക്കണ്ടേ? കടത്തിന് പുറത്ത് കടങ്ങൾ അടിച്ചേൽപ്പിക്കുകയാണ്. ലൈഫ് പദ്ധതിയിലും അതുതന്നെയാണ് സംഭവിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പുറത്ത് ഈ കടം ഏൽപ്പിച്ചിരിക്കുകയാണ്. തകർന്നടിഞ്ഞ സമ്പദ്ഘടനയെ കൂടുതൽ തകർച്ചയിലാക്കുന്നതിനും സംസ്ഥാനത്തെ വൻകടക്കെണിയിലാക്കുന്നതിനും മാത്രമേ ഇത് ഉപകരിക്കുകയുള്ളൂ. ഈ നൂറ്റാണ്ട് കണ്ട ഏറ്റവും വലിയ പ്രളയത്താൽ മുങ്ങിയ കേരളത്തിലെ ജനങ്ങൾ അടുത്തതായി മുങ്ങുന്നത് കടക്കെണിയിലായിരിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഈസ്റ്റ് ഇന്ത്യാ കമ്പനി ഇന്ത്യയിൽ വന്നാണ് ഇന്ത്യൻ പരമാധികാരം പിടിച്ചെടുത്തത്. കമ്മ്യൂണിസ്റ്റ് സർക്കാർ ലണ്ടനിൽ വച്ചാണ് കേരളത്തെ പണയപ്പെടുത്തിയിരിക്കുന്നത്. അത്തരത്തിലുള്ള സമീപനത്തോടെയാണ് ഇവിടെ മുന്നോട്ടുപോകുന്നത്. ശ്രീ. റ്റി. വി. രാജേഷ് സംസാരിച്ചപ്പോൾ കിഫ്ബി വഴി

42,306 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുന്നുവെന്ന് പറഞ്ഞു. കിഫ്ബിക്ക് ആകെപ്പാടെ കിട്ടിയത് എത്ര രൂപയാണ്? 7,665 കോടി രൂപ മാത്രമാണെന്ന് നിയമസഭയിൽ അങ്ങ് തന്നെ എന്റെ ചോദ്യത്തിന് മറുപടിയായി പറഞ്ഞിട്ടുണ്ട്. അതുപോലെ കൊട്ടിഘോഷിച്ച പ്രവാസി ചിട്ടി വഴി 1,000 കോടി രൂപയാണ് പ്രതീക്ഷിച്ചത്. എന്നാൽ 8.298 കോടി രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. 7,600 കോടി രൂപയും 8 കോടി രൂപയും വച്ച് ഈ 50,000 കോടി രൂപയുടെ പ്രവൃത്തികൾ ഇനി എങ്ങനെ നടപ്പിലാക്കും? ഗവൺമെന്റ് മൂന്ന് വർഷം പൂർത്തീകരിച്ചുകഴിഞ്ഞു. ഇനി രണ്ട് വർഷം മാത്രമേയുള്ളൂ. 50,000 കോടി രൂപയുടെ ഫണ്ട് വരുമെന്ന പ്രതീക്ഷയിൽ എ.എസ്. നൽകിയ പദ്ധതികളുടെ അവസ്ഥയെന്താകും? എന്റെ നിയോജകമണ്ഡലത്തിലുള്ള അട്ടക്കുളങ്ങര ഫ്ലൈ ഓവറിനും ശംഖുംമുഖം മുതൽ വേളി വരെയുള്ള റോഡിനും ഡി.പി.ആർ. തയ്യാറാക്കിയിട്ടില്ല. എന്നാൽ ആ പദ്ധതികൾക്കൊക്കെ എ.എസ്. കൊടുത്തിരിക്കുകയാണ്. അപ്പോൾ ഈ പദ്ധതികളൊന്നും നടക്കാത്ത തരത്തിലേക്ക് കാര്യങ്ങൾ പോകുന്നുവെന്നതാണ് ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്.

പ്രളയംമൂലം കാർഷിക-വ്യാവസായിക മേഖലയ്ക്കുണ്ടായ തകർച്ചയിൽ നിന്ന് കരകയറുന്നതിന് സർക്കാർ ഒന്നും തന്നെ ചെയ്യുന്നില്ല. വാഗ്ദാനങ്ങൾക്ക് ഒരു ക്ഷാമവുമില്ല. ഇത് ആഭ്യന്തര ഉപഭോഗത്തെയും കാര്യമായി ബാധിച്ചിട്ടുണ്ട്. വിദേശ വിപണിയിലേക്കുള്ള ഉല്പാദന സേവന കയറ്റുമതിയും തകർച്ചയെ നേരിടുകയാണ്. ദുരന്തങ്ങൾമൂലം ടൂറിസം മേഖല തകർന്നിരിക്കുന്നു. ഇത് പരിഹരിക്കാനുള്ള ആത്മാർത്ഥ ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ല. പ്രളയം ഉണങ്ങാത്ത മുറിവുകൾ കേരളത്തിന് നൽകിയെങ്കിലും വർദ്ധിതവീര്യത്തോടുകൂടി പുതിയ കേരളം കെട്ടിപ്പടുക്കാൻ തയ്യാറായ കേരള ജനതയെ പരാജയപ്പെടുത്തുന്ന നടപടികളാണ് എൽ.ഡി.എഫ്. സർക്കാരിന്റെ പുനർനിർമ്മാണം. പുനർനിർമ്മാണമല്ല, ഇലക്ഷൻ പ്രളയത്തിൽ ഒലിച്ചുപോയ സി.പി.ഐ.(എം)-നെ പുനർനിർമ്മിക്കുന്ന പ്രക്രിയയാണ് ഇന്ന് എൽ.ഡി.എഫ്. സർക്കാർ ഏറ്റെടുത്തിരിക്കുന്നത്.

ധനകാര്യ വകുപ്പിന്റെ മാർഗ്ഗരേഖപ്രകാരം ഫെബ്രുവരി മാസത്തോടെ പദ്ധതി തുകയുടെ 85% ചെലവ് ചെയ്യണമെന്ന് പറഞ്ഞിട്ടുണ്ട്. ബാക്കി 15% മാത്രമാണ് മാർച്ച് മാസത്തിൽ നടത്തേണ്ടത്. എന്നാൽ 2016-17 മുതൽ ഫെബ്രുവരിയിൽ 56%, മാർച്ചിൽ 84.1%. ശരാശരി 55% മാത്രമേ ഇവിടെ പദ്ധതിയിനത്തിൽ ചെലവഴിച്ചിട്ടുള്ളൂ. മാർച്ച് വരെ നോക്കിയാലും ശരാശരി 80%. പ്രളയം വന്നപ്പോൾ

20% വെട്ടിച്ചുരുക്കി. യഥാർത്ഥത്തിൽ 60% തുക പോലും സംസ്ഥാനത്ത് ചെലവഴിച്ചിട്ടില്ല എന്നുള്ള ഒരു ദുഃഖസത്യം നമ്മുടെ മുന്നിൽ നിൽപ്പില്ലേ; മാർഗ്ഗരേഖ എന്താണെങ്കിലും പണവും ഉത്തരവും നൽകാതെ പദ്ധതിയിനത്തിൽ എങ്ങനെ ചെലവഴിക്കാൻ കഴിയും?

റവന്യൂ വരുമാനത്തിലും ഗണ്യമായ കുറവാണ് സംഭവിച്ചിട്ടുള്ളത്. 2018-19-ൽ പ്രതീക്ഷിച്ചത് 1,06,000 കോടി രൂപ. ലഭിച്ചത് 91387.69 കോടി രൂപ. 10,000 കോടി രൂപയുടെ കുറവ് സംഭവിച്ചു. റവന്യൂ കളക്ഷൻ ഊർജ്ജിതമായി നടക്കുന്നില്ല. അതുപോലെ പ്രളയ സെസ്സിന്റെ കാര്യത്തിൽ ഇവിടെയെല്ലാവരും പറയുന്നത് ജനങ്ങളുടെമേൽ അധികഭാരം അടിച്ചേൽപ്പിച്ചിരിക്കുയാണെന്നാണ്. അത് ഒഴിവാക്കണം. ജി.എസ്.ടി. മുഖേന ലഭിക്കേണ്ട നികുതി കൃത്യമായി കളക്ട് ചെയ്യാതിരിക്കുമ്പോഴാണ് അധിക നികുതി സെസ്സായി അടിച്ചേൽപ്പിക്കാൻ പോകുന്നത്. One Nation, One Tax എന്ന ജി.എസ്.ടി. കൺസെപ്റ്റിനുപകരം One Nation, One Tax plus Flood Cess എന്ന ദുരവസ്ഥയിലേക്ക് ഈ ഗവൺമെന്റ് കേരളത്തെ കൊണ്ടെത്തിച്ചിരിക്കുകയാണ്.

2017-18-ൽ സ്വർണ്ണത്തിന്റെ വില്പനയിൽ നികുതിയായി 629 കോടി രൂപ ലഭിച്ചു. 2018-19-ൽ അത് 220 കോടി രൂപയായി കുറഞ്ഞു. എന്താണ് കാരണം? അതിൽത്തന്നെ 400 കോടി രൂപയുടെ കുറവില്ലേ, അത് പിരിച്ചെടുത്തുകൂടേ? കേരളത്തിലെ ജൂവല്ലേഴ്സ് അസോസിയേഷന്റെ കണക്കനുസരിച്ച് സ്വർണ്ണ വ്യാപാരമേഖലയിൽ 2 ലക്ഷം കോടി രൂപയുടെ കച്ചവടം നടക്കുന്നുണ്ടെന്നാണ് പറയുന്നത്. 40,000 കോടി രൂപയുടെ കച്ചവടത്തിൽ ലഭിക്കുന്നത് 629 കോടി രൂപ; അത് ലഭിച്ചു. 2 ലക്ഷം കോടി രൂപയ്ക്ക് ലഭിക്കേണ്ട നികുതി 4,000 കോടി രൂപയാണ്. അത് എന്തുകൊണ്ട് പിരിക്കുന്നില്ല? അത് പിരിച്ചെടുത്താൽ ഈ 600 കോടി രൂപ പാവപ്പെട്ടവന് അധിക സെസ്സായി ഏർപ്പെടുത്തുന്നത് ഒഴിവാക്കാമായിരുന്നില്ലേ? അപ്പോൾ അത് പിരിക്കാതെയാണ് പ്രളയ സെസ്സ് ഏർപ്പെടുത്തുന്നതിനുള്ള നടപടിയുമായി അങ്ങ് മുന്നോട്ടുവരുന്നത്. 2016-ലെ ധവളപത്രത്തിൽ അങ്ങ് പറഞ്ഞു, ഇവിടെ ശ്രീ. എ. പി. അനിൽ കുമാറും രാവിലെ സൂചിപ്പിച്ചതാണ്. നികുതി പിരിവ് 10 ശതമാനത്തിൽ നിന്നും 20.2 ശതമാനമായി വർദ്ധിപ്പിക്കുമെന്ന്. 10 ശതമാനത്തിൽ കൂടുതൽ നികുതി വരുമാനം വർദ്ധിപ്പിക്കുവാൻ ഇതുവരെ കഴിഞ്ഞില്ല. നികുതി പിരിക്കണ്ടേ. വൻകിട നികുതി കുടിശ്ശിക പിരിക്കുന്നതിന് ടാക്സ് ഹോളിഡേ ഏർപ്പെടുത്തിയ സർക്കാർ വൻകിട പദ്ധതികൾക്കും ഇതുവഴി ഹോളിഡേ പ്രഖ്യാപിച്ചിരിക്കുകയാണ്.

ശബരിമല വിഷയവുമായി ബന്ധപ്പെട്ട് പാർലമെന്റ് ഇലക്ഷന്റെ ജനവിധി ഉൾക്കൊണ്ട് ആചാര സംരക്ഷണത്തിന് ആവശ്യമായ നടപടി സംസ്ഥാന സർക്കാർ സ്വീകരിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പി

ക്കാനുള്ളത്. പാർലമെന്റിൽ ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ സ്വകാര്യ ബിൽ കൊണ്ടുവന്നപ്പോൾ കേന്ദ്ര നിയമം വരട്ടെ ഞങ്ങൾ നടപ്പിലാക്കാമെന്ന് ദേവസ്വം വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. അത് ആത്മാർത്ഥത യുള്ളതാണെങ്കിൽ ശബരിമല വിഷയവുമായി ബന്ധപ്പെട്ട് നിയമസഭ ഒരു പ്രമേയം പാസ്സാക്കണം. കേന്ദ്രസർക്കാർ അതിനുവേണ്ടി ഒരു നിയമം കൊണ്ടുവരണം. ആചാരങ്ങളും അനുഷ്ഠാനങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടി നമ്മുടെ സഭ തന്നെ ഒരു പ്രമേയം പാസ്സാക്കി കേന്ദ്ര സർക്കാരിന് അയയ്ക്കണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. സംസ്ഥാന ഗവൺമെന്റിന് നിയമം കൊണ്ടുവരാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുടെ അഭിപ്രായം അനുസരിക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കു വാനുള്ളത്. യുവതീപ്രവേശനത്തിനുള്ള സർക്കാർ നയം കാരണം ദേവസ്വം ബോർഡ് സാമ്പത്തികമായി തകർന്നിരിക്കുകയാണ്. ശബരിമല വരുമാനംകൊണ്ട് മാത്രമാണ് 1200-ൽപ്പരം ക്ഷേത്രങ്ങൾ നിലനിൽക്കുന്നത്. അവയുടെ പ്രവർത്തനം നിലയ്ക്കാൻ പോകുകയാണ്. ശബരിമല വരുമാനം കുറഞ്ഞതിനാൽ ദൈനംദിന പ്രവർത്തനങ്ങൾക്കുപോലും തടസ്സമുണ്ടാകുന്നുണ്ട്. ദേവസ്വം ബോർഡിനുണ്ടായ നഷ്ടം കണക്കാക്കി ആവശ്യമായ ധനസഹായം നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ശബരിമല ക്ഷേത്രം പൂർണ്ണമായും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ളതാണ്. ശബരിമല വികസനത്തിന്റെ പേരിൽ കമ്മിറ്റികളോ അതോറിറ്റികളോ രൂപീകരിക്കാനുള്ള ശ്രമം സ്വയംഭരണ സ്ഥാപനമായ ദേവസ്വം ബോർഡിന്റെ അധികാരത്തിന്മേലുള്ള കടന്നുകയറ്റമാണ്. വികസനത്തിന് ആരും എതിരല്ല, അവിടെ ഹൈപവർ കമ്മിറ്റിയുണ്ട്. ആ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശം അനുസരിച്ചിട്ടുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. അതുകൊണ്ട് അത്തരത്തിലുള്ള സാഹചര്യം ഒഴിവാക്കി സ്വയംഭരണ സ്ഥാപനത്തിന്റെ അധികാരങ്ങളിലേക്ക് കടന്നുകയറാനുള്ള ശ്രമം ഒഴിവാക്കേണ്ടതാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഇന്നത്തെ ദിവസത്തിന് ഒരു പ്രത്യേകതയുണ്ട്. മഹാരാജാസ് കോളേജിൽ കൊല്ലപ്പെട്ട അഭിമന്യുവിന്റെ ഒന്നാം രക്തസാക്ഷി ദിനമാണ്. ഇവിടെ പോലീസിന്റെ നടപടികളെ ആവേശപൂർവ്വം ന്യായീകരിച്ച് സംസാരിക്കുന്ന ശ്രീ. റ്റി. വി. രാജേഷിനോ ശ്രീ. എം. സ്വരാജിനോ ശ്രീ. എ. എൻ. ഷംസീറിനോ ആ ചെറുപ്പക്കാരനെ കൊന്ന കേസ്സിലെ ഒന്നാം പ്രതിയെ പിടിക്കണമെന്ന് പോലീസിനോടോ വകുപ്പുമന്ത്രിയോടോ ആവശ്യപ്പെടാനുള്ള ആർജ്ജവമില്ല എന്ന് അങ്ങേക്ക് തോന്നുന്നുണ്ടോ; അതോ ഇനി ആ ജോലിയും നിവിൻ പോളിയും ടൊവിനോ തോമസും ദുൽഖർ സൽമാനും സിനിമകളിലൂടെ ഏറ്റെടുക്കേണ്ടി വരുമോ; എന്താണ് അങ്ങയുടെ അഭിപ്രായം?

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, അങ്ങ് പറഞ്ഞ കാര്യത്തോട് ഞാൻ യോജിക്കുകയാണ്. ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് തീരദേശ മേഖലയുടെ വികസനത്തിനായി 2000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചു. എന്നാൽ അതിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനോ അതിനുവേണ്ടി ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനോ സംസ്ഥാന സർക്കാർ ഇതുവരെ തയ്യാറായില്ല. തീരദേശ മേഖലയിലെ പ്രശ്നങ്ങൾ എല്ലാവർക്കുമറിയാം. 2000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചപ്പോൾ എല്ലാവരും വളരെയധികം സന്തോഷിച്ചു. പക്ഷേ, അതനുസരിച്ചുള്ള യാതൊരു നടപടിക്രമങ്ങളുമായിട്ടില്ല.

ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റ് പറഞ്ഞ നിരവധി വാഗ്ദാനങ്ങൾ ഇനിയും നടപ്പിലാക്കേണ്ടതുണ്ട്. കടലിൽ പോകാൻ കഴിയാത്തവർക്ക് 5 ലക്ഷം രൂപയും പരിക്കുപറ്റിയവർക്ക് രണ്ട് ലക്ഷം രൂപയും ധനസഹായം നൽകുമെന്ന് പറഞ്ഞെങ്കിലും ആർക്കും കൊടുത്തിട്ടില്ല. കടം എഴുതിത്തള്ളുമെന്ന് പറഞ്ഞെങ്കിലും ആരുടെയും കടം എഴുതിത്തള്ളിയിട്ടില്ല. ശ്രീ. എസ്. ശർമ്മ ഇന്നലെ പ്രസംഗിച്ചപ്പോൾ എല്ലാവർക്കും ജോലി കൊടുത്തുവെന്ന് പറഞ്ഞു. ഓഖി ദുരന്തത്തിൽ 151 പേരാണ് മരണപ്പെട്ടത്. അതിൽ 40 പേരുടെ ആശ്രിതർക്കാണ് താൽക്കാലിക ജോലി നൽകിയത്. അതിൽ 4 പേർ ജോലി ഉപേക്ഷിക്കുകയും ചെയ്തു. ബിരുദവും ബിരുദാനന്തര ബിരുദവും നേടിയിട്ടുള്ള അവരുടെ കുട്ടികൾക്ക് ജോലി നൽകുന്നതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. അതൊന്നും ചെയ്യാതെ ജോലി കൊടുത്തുവെന്ന് പറഞ്ഞിട്ട് കാര്യമില്ല. തീരദേശമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടിയുണ്ടാകണം.

തിരുവനന്തപുരം നഗരത്തെ സംബന്ധിച്ച ഒന്നുരണ്ട് കാര്യങ്ങൾകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആറ്റുകാൽ ടൗൺഷിപ്പ് - തിരുവനന്തപുരത്തെ ഏകദേശം മുപ്പതോളം വാർഡുകളുടെ സമഗ്ര വികസനത്തെ ലക്ഷ്യമാക്കുന്ന പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഡി.പി.ആർ. പോലും തയ്യാറാക്കിയിട്ടില്ല. ബഡ്ജറ്റിൽ അങ്ങ് പ്രഖ്യാപിച്ച കാര്യം നടപ്പിലാക്കണം. തിരുവനന്തപുരത്ത് ഒരു മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. കോർപ്പറേഷൻ വികേന്ദ്രീകരണ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പല സ്ഥലങ്ങളിൽ കുറേയധികം കാര്യങ്ങൾ ചെയ്യുന്നുണ്ട്. പക്ഷേ, ഒന്നും ഫലപ്രദമല്ല. ഡെങ്കിപ്പനി ആയാലും മറ്റ് രോഗങ്ങളായാലും ഏറ്റവും കൂടുതലുള്ളത് തലസ്ഥാനനഗരിയിലാണ്. അത് പരിഹരിക്കുന്നതിനുള്ള നടപടി എന്ന രീതിയിൽ കേന്ദ്രീകൃതമായ

രണ്ടോമൂന്നോ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണം. ഹരിത കേരളം, നവകേരളം പദ്ധതി ഉൾപ്പെടെ ധാരാളം കാര്യങ്ങൾ പറയുന്നുണ്ട്. ഇതൊന്നും പ്രാവർത്തികമാക്കി വിജയത്തിലേക്ക് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടില്ലെന്നുള്ളത് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുകയാണ്. ഈ കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഞാൻ നിർത്തുന്നു.

## XI വ്യക്തിപരമായ വിശദീകരണം

### പ്രീ-മെട്രിക് സ്കോളർഷിപ്പുമായി ബന്ധപ്പെട്ട ആരോപണം

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പ്രീ-മെട്രിക് സ്കോളർഷിപ്പുമായി ബന്ധപ്പെട്ട് 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം ലഭ്യമാകുന്നതിന് തടസ്സമാകുന്ന രൂപത്തിലുള്ള ഉത്തരവ് പട്ടികജാതി/ പട്ടികവർഗ്ഗ വകുപ്പിൽനിന്നും കൊടുത്തുവെന്ന ആക്ഷേപം ശ്രീ. എ. പി. അനിൽ കുമാർ ഉന്നയിച്ചത് വസ്തുതാവിരുദ്ധമാണ്. 1-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെയുള്ള എല്ലാ പട്ടികജാതി വിദ്യാർത്ഥികൾക്കും ഇപ്പോൾ ലംപ്സം ഗ്രാന്റ് നൽകുന്നുണ്ട്. അതിന് വരുമാനപരിധി ബാധകമല്ല. 1-ാം ക്ലാസ്സ് മുതൽ 8-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് എന്ന പേരിൽ 2000 രൂപ അധിക സഹായം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നൽകുന്നുണ്ട്. അതിനും വരുമാന പരിധിയില്ല. എന്നാൽ 9, 10 ക്ലാസ്സുകളിലെ കുട്ടികൾക്ക് മാത്രമായി കേന്ദ്ര ഗവൺമെന്റ് നേരിട്ട് നടപ്പാക്കുന്ന പ്രീ-മെട്രിക് സ്കോളർഷിപ്പിനാണ് രണ്ടരലക്ഷം രൂപ വാർഷിക വരുമാന പരിധി നിശ്ചയിച്ചത്. പ്രസ്തുത പദ്ധതി 2012-ൽ ആരംഭിച്ചപ്പോൾ രണ്ട് ലക്ഷം രൂപയായിരുന്നു വരുമാനപരിധി നിശ്ചയിച്ചിരുന്നതെങ്കിൽ 2017-ൽ അത് രണ്ടരലക്ഷം രൂപയാക്കി ഉയർത്തുകയാണ് ചെയ്തത്. അന്നുമുതൽ ഈ അപേക്ഷകൾക്കൊപ്പം വരുമാനം സംബന്ധിച്ച സർട്ടിഫിക്കറ്റ് അല്ലെങ്കിൽ അഫിഡവിറ്റ് നിർബന്ധമാണ്. അത് ഇപ്പോഴും തുടരുകയാണ്. ഈ സർക്കാർ ഒരു പുതിയ ഉത്തരവും പുറപ്പെടുവിച്ചിട്ടില്ല. കേന്ദ്ര ഗവൺമെന്റ് 2012-ലും 2017-ലും പുറപ്പെടുവിച്ച ഗൈഡ്‌ലൈനിൽ പറഞ്ഞിട്ടുള്ളത്, 'The scholarship will be paid to the students whose parents/guardian's income from all sources does not exceed 2,50,000 per annum' എന്നാണ്. ഇതിന്റെ ഭാഗമായി യു. ഡി. എഫ്.

സർക്കാർ അധികാരത്തിലിരുന്ന സമയത്ത് ഒരു സാക്ഷ്യപത്രം രൂപപ്പെടുത്തി. സ്വയം തൊഴിൽ, പ്രൈവറ്റ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന രക്ഷിതാക്കൾ എന്നിവർ 50 രൂപ പത്രത്തിൽ ഹാജരാക്കേണ്ട സാക്ഷ്യപത്രത്തിന്റെ മാതൃകയാണിത് (സാക്ഷ്യപത്രം ഉയർത്തിക്കാട്ടി). ഇതിനുപകരം വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് നൽകിയാലും മതിയാകും. സർക്കാർ/അർദ്ധ സർക്കാർ ജീവനക്കാർ ഈ സാക്ഷ്യപത്രം നൽകേണ്ടതില്ല. പകരം, സ്ഥാപനമേധാവി നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഇപ്പോൾ സാക്ഷ്യപത്രം മാത്രം കൊടുത്താൽ മതി, വരുമാന സർട്ടിഫിക്കറ്റ് നൽകണമെന്ന നിർബന്ധമില്ല. ഇതിൽ ഏതെങ്കിലും ഒന്ന് കൊടുത്താൽ മതി. ഈ സാക്ഷ്യപത്രം കൊടുക്കുന്നത് 9, 10 ക്ലാസ്സുകളിലെ കുട്ടികൾക്ക് പ്രത്യേക സ്കോളർഷിപ്പ് കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കുന്നതിനുവേണ്ടിയാണ്.

9, 10 ക്ലാസ്സുകളിലെ കുട്ടികൾക്ക് സംസ്ഥാന ഗവൺമെന്റ് 920 രൂപ ലംപ്സം ഗ്രാന്റായി കൊടുക്കുന്നുണ്ട്. അതിനുപുറമേയാണ് പത്ത് മാസം 150 രൂപ വച്ച് സ്റ്റൈപെന്റും 750 രൂപ ബുക്ക് അലവൻസുമായി പ്രതിവർഷം 2250 രൂപ വച്ച് കേന്ദ്ര ഗവൺമെന്റ് കൊടുക്കുന്നത്. കേന്ദ്രത്തിൽനിന്ന് ആ തുക ലഭിക്കണമെങ്കിൽ ഈ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ അഫിഡവിറ്റ് കൊടുക്കണം. ഇതുമായി ബന്ധപ്പെട്ട് വരുമാന സർട്ടിഫിക്കറ്റിന് പകരം അഫിഡവിറ്റ് മാത്രം കൊടുത്താൽ മതി. സംസ്ഥാന ഗവൺമെന്റ് 930 രൂപ ലംപ്സം ഗ്രാന്റായി കൊടുക്കുന്നതാണ്. അതിനെ ഇത് ഒരു രൂപത്തിലും ബാധിക്കുന്നതല്ല.

പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന് വരുമാന സർട്ടിഫിക്കറ്റ് ആവശ്യമാണ്. കാരണം, രണ്ടരലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബത്തിലെ കുട്ടികൾക്ക് പൂർണ്ണ ആനുകൂല്യം കേന്ദ്ര ഗവൺമെന്റ് നൽകുകയാണ്. പോസ്റ്റ് മെട്രിക്കിൽ പഠിക്കുന്ന കുട്ടികൾക്ക് ഇവിടെ ചെലവഴിക്കുന്ന തുകയുടെ 50 ശതമാനത്തോളം തുക കേന്ദ്ര ഗവൺമെന്റ് നൽകുന്നുണ്ട്. രണ്ടരലക്ഷം രൂപയുടെ വരുമാന സർട്ടിഫിക്കറ്റ് ഗവൺമെന്റ് കൊടുക്കണം. രണ്ടരക്ഷം രൂപ വരുമാന പരിധിവച്ചത് അതിനാണ്. കേന്ദ്ര സഹായം ലഭിക്കണമെങ്കിൽ വരുമാന സർട്ടിഫിക്കറ്റ് കാണിക്കേണ്ടി വരും. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുമായി ബന്ധപ്പെട്ട് ആദ്യം തന്നെ വരുമാന സർട്ടിഫിക്കറ്റ് കൊടുക്കുന്നുണ്ട്. ഇത് പുതിയ സംഭവമല്ല, പഴയ ഗവൺമെന്റിന്റെ തുടർച്ചയാണ്. ഒരു രൂപത്തിലും 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾ വരുമാന സർട്ടിഫിക്കറ്റ് കൊടുക്കണമെന്ന് നിർബന്ധമില്ല. ഇവിടെ ഒരു നിർദ്ദിഷ്ട ഫോറത്തിൽ പൂരിപ്പിച്ച് കൊടുത്താലും മതിയാകും. തെറ്റിദ്ധാരണ മാറ്റുന്നതിനുവേണ്ടിയാണ് ക്ലാരിഫിക്കേഷൻ എന്ന വിധത്തിൽ ഞാൻ സൂചിപ്പിച്ചത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, അങ്ങ് സൂചിപ്പിച്ചതുപോലെ, കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് 2012-13-ലാണ് പദ്ധതി തുടങ്ങുന്നത്. ഇതേ രീതിയിലാണ് 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നത്. അത് സെൻട്രലി സ്പോൺസേർഡ് സ്കീമാണ്. ഇപ്പോൾ റീസന്റായാണ് നിങ്ങൾ ഓർഡർ ഇറക്കിയത്. കേരളത്തിൽ ആറേഴ് വർഷം ഈ ഉത്തരവില്ലാതെ സ്കോളർഷിപ്പ് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ നല്കിയിരുന്നു. ഇപ്പോൾ എന്തിനാണ് ഒരുത്തരവ് പുറപ്പെടുവിച്ചത് എന്നാണ് ചോദിക്കുന്നത്. അതില്ലാതെ നൽകാൻ കഴിയുമല്ലോ?

ശ്രീ. എ. കെ. ബാലൻ: സർ, വാർഷിക വരുമാനം 2,50,000 രൂപയിൽ കൂടുതലാകാൻ പാടില്ലെന്നുള്ള ഗൈഡ്‌ലൈനിനെ അടിസ്ഥാനപ്പെടുത്തി അദ്ദേഹത്തിന്റെ ഭരണകാലഘട്ടത്തിൽ രൂപപ്പെടുത്തിയ സാക്ഷ്യപത്രമാണ് എന്റെ കയ്യിലുള്ളത്. അതുതന്നെയാണ് ഇപ്പോഴുമുള്ളത്. ഇതിനപ്പുറം വേറെയൊന്നുമില്ല. ഈ സാക്ഷ്യപത്രം നൽകിയാൽ ലഭിക്കുന്ന ഉപകാരമെന്ന് പറയുന്നത്, 2250 രൂപ സ്പെഷ്യലായി കേന്ദ്രത്തിൽനിന്നും ലഭിക്കും എന്നതാണ്. സാക്ഷ്യപത്രം മാത്രം പൂരിപ്പിച്ച് കൊടുത്താൽ മതി. Scheduled Caste Development Department Application form for claiming Scholarship to 9th & 10th class SC Students. ഇത് ഇവരുടെ ഭരണകാലത്ത് ഇറക്കിയ ഫോറം ആണ്. ഞങ്ങളുടെ ഭരണകാലത്ത് പുതുക്കിയൊന്നും കൊണ്ടുവന്നിട്ടില്ല. ഒരു പ്രത്യേക ഉത്തരവുമില്ല.

ശ്രീ. എ. പി. അനിൽ കുമാർ: സർ, നിലവിലുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പറയുന്നത്.

ശ്രീ. എ. കെ. ബാലൻ: സർ, വരുമാന സർട്ടിഫിക്കറ്റ് വേണമെന്ന ഉത്തരവില്ല. ആ ഉത്തരവിൽ പറയുന്നത്, രക്ഷകർത്താവിന്റെ വിവരങ്ങൾ- പേര്, വിഭാഗം, ജാതി, തൊഴിൽ, രക്ഷകർത്താവുമായുള്ള ബന്ധം, കുടുംബത്തിന്റെ വാർഷിക വരുമാനം തുടങ്ങിയവ നൽകുക എന്നതാണ്. 9, 10 ക്ലാസ്സുകളിലെ സ്കോളർഷിപ്പ് 2,50,000 രൂപയിൽ താഴെ വരുമാന പരിധിയുള്ള വിദ്യാർത്ഥികൾക്ക് മാത്രമാണ് അനുവദിക്കുന്നത്.

ഇതിൽ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് ഞങ്ങളാരും പറഞ്ഞിട്ടില്ല. നിങ്ങളുടെ സാക്ഷ്യപത്രത്തിൽ രണ്ട് ഓപ്ഷൻ വച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഒരുത്തരവും ഇറക്കിയിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർക്ക് പരിശോധിക്കണമെങ്കിൽ രേഖകൾ ഞാൻ മേശപ്പുറത്തുവയ്ക്കാം.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, 2012-ലാണ് ഉത്തരവ് വരുന്നത്, പ്രത്യേകിച്ച് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ 9, 10 ക്ലാസ്സുകളിലെ കുട്ടികളുടെ ഡ്രോപ് ഔട്ട് പരിഹരിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്നതാണ്. കേരളത്തിൽ ആദ്യമായാണ് എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുള്ള ഏതെങ്കിലും വിധത്തിലുള്ള സ്കോളർഷിപ്പും മറ്റ് ആനുകൂല്യങ്ങളും വരുന്നത്. അത് വരുമാനത്തിന്റെ അടിസ്ഥാനത്തിലാണെന്ന് പറയുമ്പോൾ സാമ്പത്തികമായ പിന്നോക്കാവസ്ഥയല്ല, സാമൂഹിക പിന്നോക്കാവസ്ഥയാണ്. ആ വ്യത്യാസമാണ് ഗവൺമെന്റ് ഉത്തരവിലൂടെ വരുത്തിയിട്ടുള്ളതെന്നാണ് ഞാൻ പറയുന്നത്. ഇതില്ലാതെ തന്നെ ചെയ്യാൻ കഴിയുമെന്ന് മാത്രമേ പറയുന്നുള്ളൂ. വേറെ തർക്ക ത്തിനില്ല.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഈ വകുപ്പ് കൈകാര്യം ചെയ്ത ശ്രീ. എ. പി. അനിൽ കുമാർ ഇങ്ങനെ പറയരുത്. വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരുത്തരവും ഈ ഗവൺമെന്റ് ഇന്നുവരെ പ്രസിദ്ധീകരിച്ചിട്ടില്ല. പ്രീ-മെട്രിക് സ്കോളർഷിപ്പുമായി ബന്ധപ്പെട്ടുള്ള ആനുകൂല്യം ലഭിക്കണമെങ്കിൽ നിങ്ങൾ പ്രസിദ്ധീകരിച്ച ഫോറം ഇപ്പോൾ പൂരിപ്പിക്കണമെന്ന് മാത്രമേ പറയുന്നുള്ളൂ. വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് ആരും പറയുന്നില്ല. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന് നിങ്ങളുടെയും ഞങ്ങളുടെയും ഭരണകാലത്ത് വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണം. കാരണം, വരുമാന പരിധി രണ്ടരലക്ഷം രൂപയ്ക്ക് മുകളിലുള്ളവർക്ക് സ്കോളർഷിപ്പ് സംസ്ഥാന സർക്കാരും രണ്ടരലക്ഷം വരെയുള്ളവർക്ക് പരിപൂർണ്ണമായി കേന്ദ്ര സർക്കാരുമാണ് നൽകുന്നത്. കേന്ദ്രത്തിൽ നിന്ന് തുക ലഭിക്കണമെങ്കിൽ ഈ കണക്ക് നമ്മൾ നൽകണം. കണക്ക് നൽകുമ്പോൾ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടി വരും. കാലാകാലമായി പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന് വരുമാന സർട്ടിഫിക്കറ്റ് വാങ്ങാറുണ്ട്. 9, 10 ക്ലാസ്സുകളിൽ വരുമാന സർട്ടിഫിക്കറ്റ് വാങ്ങാറില്ല. ഒരു സാക്ഷ്യപത്രം മാത്രം മതി. യു.ഡി.എഫ്-ന്റെ ഭരണകാലഘട്ടത്തിലാണ് ഇത് കൊണ്ടുവന്നത്. ഇപ്പോഴും 9, 10 ക്ലാസ്സുകളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കാൻ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന ഉത്തരവോ സർക്കുലറോ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് പോയിട്ടില്ല.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഞാൻ ഇക്കാര്യം ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുമായി സംസാരിച്ചു. അദ്ദേഹം പറഞ്ഞത്, പണ്ടുമുതലേ കേന്ദ്ര ഗവൺമെന്റ് വരുമാന സർട്ടിഫിക്കറ്റ് ആവശ്യപ്പെ ടാറുണ്ടായിരുന്നെങ്കിലും സംസ്ഥാന ഗവൺമെന്റ് അത് ഗൗരവത്തിലെടുത്ത് മുന്നോട്ട് പോയിട്ടില്ലെന്നാണ്. കാരണം, അല്ലെങ്കിൽ അത് സംവരണത്തിന് എതിരാണ്. പെർഫോർമയിൽ ഉണ്ടെങ്കിൽപ്പോലും അത് കണക്കാക്കാതെയാണ് മുന്നോട്ടു പോകുന്നത്. അതാണ് അങ്ങ് ശ്രദ്ധിക്കേണ്ടത്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ഇങ്ങനെ പറയുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. കേന്ദ്രത്തിൽ നിന്ന് നമുക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ലഭിക്കണമെങ്കിൽ കണക്ക് കൊടുക്കണം. അതിനുവേണ്ടി വരുമാന സർട്ടിഫിക്കറ്റ് കൊടുക്കുന്നുണ്ട്. പ്രീ-മെട്രിക് സ്കോളർഷിപ്പിന് അതിന്റെ ആവശ്യമില്ല.

## നിയമനിർമ്മാണകാര്യം (തുടർച്ച)

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എ. പി. അനിൽ കുമാറിന് എന്റെ ചിരിയോട് ഇത്ര അലർജിയുണ്ടെന്നുള്ളത് ഇപ്പോഴാണ് എനിക്ക് മനസ്സിലായത്. കാര്യം പറയുമ്പോൾ ഞാൻ ചിരിക്കുന്നത് എന്തിനാണെന്നാണ് അദ്ദേഹത്തിന്റെ ചോദ്യം. ഞാൻ വിമർശനങ്ങളെ അലക്ഷ്യമായി എടുക്കുന്നുവെന്നാണ് അദ്ദേഹം സംശയിക്കുന്നത്. ഒരിക്കലുമില്ല, വിമർശനങ്ങളെ ഗൗരവത്തിലെടുക്കുന്ന തിനുവേണ്ടിയാണ് ഞാൻ മസിലുപിടിക്കാതെ നിങ്ങളെ നോക്കി ചിരിച്ച് വർത്തമാനം പറയുന്നത്. അതുകൊണ്ട് അതിനെക്കുറിച്ച് തെറ്റിദ്ധാരണയൊന്നും വേണ്ട. ശ്രീ. എ. പി. അനിൽ കുമാറും ശ്രീ. വി. എസ്. ശിവകുമാറുമൊക്കെ ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾ വളരെ ഗൗരവത്തിൽത്തന്നെ എടുക്കുകയാണ്.

ശ്രീ. വി. എസ്. ശിവകുമാർ വളരെ അർത്ഥവത്തായിട്ടുള്ള മാക്രോ ഇക്കണോമിക് ഫോർമുലയെക്കുറിച്ച് പറഞ്ഞു. മാന്ദ്യം എങ്ങനെയുണ്ടാകുന്നു? സ്വകാര്യ നിക്ഷേപം, പൊതുനിക്ഷേപം, ഉപഭോഗം, കയറ്റുമതി എന്നിവയാണ് നാല് ഘടകങ്ങൾ. നമ്മുടെ നാട്ടിലുണ്ടാകുന്നതും ഇവിടെ വിൽക്കാൻ വരുന്നതുമായ ചരക്കുകൾക്ക് തുല്യമായിട്ടുള്ളതാണ് ഈ നാല് ഘടകങ്ങൾ. ഒന്നുകിൽ നിക്ഷേപത്തിനോ അല്ലെങ്കിൽ ഉപഭോഗത്തിനോ അതുമല്ലെങ്കിൽ കയറ്റുമതിക്കോ വാങ്ങണം. അങ്ങനെ വാങ്ങിക്കഴിഞ്ഞാൽ നമ്മുടെ കൈവശമുള്ള ചരക്കുകളെല്ലാം വിറ്റുപോകും, അടുത്ത വർഷം കൂടുതൽ ഉല്പാദനം നടക്കും. ഏതെങ്കിലും കാരണവശാൽ ഈ പറഞ്ഞ നാലെണ്ണത്തിൽ ഇടിവുവന്നാൽ അത്രയും ചരക്ക് വിൽക്കാതെ കെട്ടിക്കിടക്കും. എന്തിനൊക്കെയാണ് ഇടിവ് വന്നത്? പൊതുനിക്ഷേപത്തിൽ ഇടിവ് വന്നിട്ടില്ല. സാമ്പത്തിക ബുദ്ധിമുട്ടൊക്കെ ഉണ്ടെന്നുള്ളത് ശരിയാണ്. 2016-17-ൽ 102 ശതമാനവും 2017-18-ൽ 113 ശതമാനവുമാണ് പ്ലാൻ എക്സ്പെൻഡീച്ചർ. 2018-19-ൽ 20 ശതമാനം ഒഴിവാക്കിയിട്ടുപോലും താൽക്കാലിക കണക്കുപ്രകാരം 76 ശതമാനമാണ്. ആ 20

ശതമാനം ഒഴിവാക്കിയാൽ 93 ശതമാനമാണ് പ്ലാൻ എക്സ്പെൻഡീച്ചർ. മാത്രമല്ല, സർക്കാരിന്റെ മൊത്തം ചെലവ് നോക്കിയാൽ ഈ കാലയളവിൽ ശരാശരി 15 ശതമാനം വച്ച് ചെലവുകൾ വർദ്ധിച്ചിട്ടുമുണ്ട്. പൊതുനിക്ഷേപത്തിൽ വന്നിട്ടുള്ള ഇടിവല്ല. പക്ഷേ, സ്വകാര്യ ഉപഭോഗത്തിൽ ഇടിവ് വന്നിട്ടുണ്ട്. എന്നാൽ, റിയൽ എസ്റ്റേറ്റ് പോലെയുള്ള സ്വകാര്യ നിക്ഷേപത്തിൽ ഇടിവ് വന്നിട്ടുണ്ട്. അതിനെന്താണ് കാരണം? ഇന്ത്യയിലെ സാമ്പത്തിക മാന്ദ്യം മാത്രമല്ല, സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഗൾഫ് പ്രതിസന്ധിയിലുള്ള ആശങ്കമൂലം പണം ചെലവാക്കുന്നതിനും നിക്ഷേപം നടത്തുന്നതിനും ആളുകൾ മടിക്കുന്നു. ഇത് തുടങ്ങിയിട്ട് ഏതാനും വർഷങ്ങളായി. നാണ്യവിളകളുടെ വിലയിലും ഇടിവ് വന്നിട്ടുണ്ട്. അതിന്റെ ഫലമായി ടോട്ടൽ സപ്ലൈയേക്കാൾ കുറവാണ് നമ്മുടെ അഗ്രഗേറ്റ് ഡിമാന്റ്. ടോട്ടൽ സപ്ലൈയേക്കാൾ എത്രയാണ് കുറവെന്ന് കൃത്യമായി പറയാൻ കഴിയില്ല. അഗ്രഗേറ്റ് ഡിമാന്റ് കുറവാണ്. ഇതിന്റെ ഫലമായി വളർച്ച മന്ദീഭവിച്ചിട്ടുണ്ട്. ഇങ്ങനെയൊരു സാഹചര്യത്തിൽ എന്ത് ചെയ്യണമെന്നാണ് ഞാൻ ബഹുമാനപ്പെട്ട മെമ്പറോട് ചോദിക്കുന്നത്. അങ്ങ് മറുപടി പറയാൻ തയ്യാറാണെങ്കിൽ ഞാൻ ഇരിക്കാം.

ശ്രീ. വി. എസ്. ശിവകുമാർ: സർ, കേരളത്തെ സംബന്ധിച്ചിടത്തോളം പ്രളയവും ഓഖിയും ശബരിമല വിഷയവും വന്നതുകൊണ്ടാണ് ഈ പ്രശ്നങ്ങളുണ്ടായത്. അതിനെ അതിജീവിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് പദ്ധതികളൊന്നും ആവിഷ്കരിക്കുന്നില്ല. സ്വകാര്യ നിക്ഷേപത്തിൽ ഇന്ന് സംസ്ഥാനത്തുണ്ടായിട്ടുള്ള സ്ഥിതിവിശേഷത്തെക്കുറിച്ച് അങ്ങേക്ക് അറിയാവുന്നതാണ്. അതിനെ യു.ഡി.എഫ്. ശക്തമായി പിന്തുണച്ചതാണ്. അതിനുവേണ്ടി കരുത്തുറ്റ പ്രവർത്തനങ്ങളുമായി ഗവൺമെന്റ് മുന്നോട്ട് പോകണം. ഇക്കാര്യത്തെക്കുറിച്ച് എന്നേക്കാൾ കൂടുതൽ കാര്യങ്ങൾ അങ്ങേയ്ക്ക് അറിയാവുന്നതാണ്. ഇക്കാര്യങ്ങളിൽ വ്യക്തതയോടും സമയബന്ധിതമായും നടപടികൾ ആവിഷ്കരിച്ച് മുന്നോട്ട് പോകണമെന്നാണ് ഞാൻ പറഞ്ഞത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഒരു സർക്കാർ ചെയ്യേണ്ടത് എന്താണെന്ന് ചോദിച്ചാൽ, ഞാൻ സാമ്പത്തിക ശാസ്ത്രം പഠിപ്പിക്കാം. നിങ്ങളുടെ മൊത്തം ഡിമാന്റ് സപ്ലൈയേക്കാൾ 20 ശതമാനം കുറവ് വന്നുവെന്നിരിക്കട്ടെ. ആ 20 ശതമാനത്തിന് സർക്കാർ കൂടുതൽ മുതൽ മുടക്കണം. സർക്കാരിന് ഭയപ്പെടേണ്ട കാര്യമില്ല. സർക്കാരിന് നാളെ ലാഭം എത്രകിട്ടുമെന്ന് നോക്കേണ്ട കാര്യമില്ല. ഇതാണ് മൻമോഹൻ സിംഗ് സർക്കാർ ഭരിച്ചപ്പോൾ ചെയ്തത്. ഫിസ്കൽ ഡെഫിസിറ്റ് മൂന്ന് ശതമാനമായിരുന്നത് ആറ് ശതമാനമായി വർദ്ധിപ്പിച്ചില്ലേ; നേരെ ഇരട്ടിയാക്കിയില്ലേ? ഇതാണ് ഉത്തേജകമെന്ന് പറയുന്നത്. ഇന്ത്യയിലെ മറ്റ്

സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി കേരളത്തിൽ ഓഖിയും പ്രളയവും വന്നു. പക്ഷേ, അതോടൊപ്പം ഗൾഫിൽനിന്നുള്ള പണത്തിന്റെ വരുമാനം ഇടിയുന്നു. ഉപഭോഗ ചെലവ് ആളുകൾ നിയന്ത്രിക്കുന്നു. ഈ വിടവ് സംസ്ഥാന സർക്കാർ നേരിട്ട് ഇടപെട്ട് നികത്തണം. അതാണ് മാക്രോ ഇക്കണോമിക് സൊല്യൂഷൻ. അതെങ്ങനെ ചെയ്യും? അതാണ് ധനകാര്യ ചലഞ്ചെന്ന് പറയുന്നത്. ഒരു സംസ്ഥാനത്തിന് ഫിസ്കൽ ഡെഫിസിറ്റിന്റെ മുകളിലേക്ക് പോകാൻ കഴിയില്ല. ഇപ്പോഴുണ്ടായിരിക്കുന്ന പ്രശ്നം എന്താണ്? യു.ഡി.എഫ്. സർക്കാരായാലും എൽ.ഡി.എഫ്. സർക്കാരായാലും മുൻകാലങ്ങളിൽ ഫിസ്കൽ ഡെഫിസിറ്റ് മൂന്ന് ശതമാനംവച്ച് കേന്ദ്രം അനുവദിക്കുന്നു. പക്ഷേ, പബ്ലിക് അക്കൗണ്ടുവഴി വർദ്ധനവ് വന്നാൽ പരിഗണിക്കാറില്ല. പബ്ലിക് അക്കൗണ്ടിൽ ജീവനക്കാരുടെ ശമ്പള പരിഷ്കരണം വന്നിട്ടുണ്ടെങ്കിൽ അതിന്റെ കുടിശ്ശികയെല്ലാം കൊടുക്കുന്നതുകൊണ്ട് അത് ഉയരും. പക്ഷേ, അത് നോക്കാറില്ല. അതല്ലെങ്കിൽ ജനങ്ങൾ പണം ഡെപ്പോസിറ്റ് ചെയ്യുന്നു. അത് പരിഗണിക്കാറില്ല. എന്നാൽ 2016-17-ൽ കേന്ദ്ര സർക്കാർ ഇത്തരത്തിൽ 6,000 കോടി രൂപ വർദ്ധിച്ചിട്ടുണ്ടെന്നു പറഞ്ഞ് നമ്മുടെ ഫിസ്കൽ ഡെഫിസിറ്റ് സീലിംഗിൽ കുറവ് ചെയ്യുകയാണ്. എത്ര കുറയ്ക്കുമെന്ന് അറിയില്ല. ഈ പാദത്തിൽ 6,000 കോടി രൂപ പ്രതീക്ഷിച്ച നമുക്ക് 4,000 കോടി രൂപ മാത്രമേ അനുവദിക്കുന്നുള്ളൂ. കഴിഞ്ഞ പാദത്തിൽ 6,000 കോടി രൂപ കിട്ടിയതാണ്. ഇങ്ങനെയാണെങ്കിൽ ഇനിയുള്ള പാദങ്ങളിൽ 6,000 കോടി രൂപയാണ് കുറവ് ചെയ്യാൻ പോകുന്നത്. എന്നുവച്ചാൽ നമ്മുടെ പബ്ലിക് അക്കൗണ്ടുവഴി ഇത് നടത്താൻ കഴിയില്ല. പിന്നെ എന്താണ് ചെയ്യുക? ഇവിടെയാണ് കിഫ്ബി വരുന്നത്, യാതൊരു സംശയവുമില്ല.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, എന്താണ് ചെയ്യേണ്ടതെന്നാണ് അങ്ങ് ചോദിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഉത്തരവാദിത്വം അങ്ങേക്കാണ്. കേന്ദ്ര ഗവൺമെന്റ് മൂന്ന് ശതമാനം കുറച്ചതും മറ്റ് കാര്യങ്ങളും അങ്ങ് സൂചിപ്പിച്ചു. കഴിഞ്ഞ ഗവൺമെന്റ് മാറിയപ്പോൾ അങ്ങ് പ്രതിപക്ഷത്തെ നോക്കി എന്താണ് പറഞ്ഞത്? ഇത്തരമൊരു വീഴ്ച വന്നപ്പോൾ നികുതി സമാഹരിക്കുന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് വലിയ വീഴ്ച വരുത്തി എന്നാണ് പറഞ്ഞത്. ആ വീഴ്ചയല്ലേ അങ്ങും വരുത്തിക്കൊണ്ടിരിക്കുന്നത്. ഈ സംസ്ഥാനത്ത് അങ്ങയുടെ ഉത്തരവാദിത്വം നിറവേറ്റാത്തതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതങ്ങ് തിരിച്ചറിയണമെന്നാണ് ഞങ്ങൾ പറയുന്നത്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, നമ്മുടെ സംസ്ഥാനത്തെ ധനസ്ഥിതിയുടെ അസന്തുലിതാവസ്ഥ ആരംഭിച്ചത് 1980-കളിലാണെങ്കിലും രൂക്ഷമായത് 1990-കളിലാണ്. 1990-കളുടെ അവസാനം അത് അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയായി മാറി. പിന്നീടുള്ള 13 വർഷം, ആന്റണി

സർക്കാരിന്റെ കാലമെടുത്താലും അതിനുശേഷം വന്ന വി. എസ്. സർക്കാരിന്റെ കാലമെടുത്താലും ഫിസ്കൽ കൺസോളിഡേഷന്റെ കാലമാണ്. എന്നുവച്ചാൽ റവന്യൂ കമ്മി, ധന കമ്മി എന്നിവയിൽ ചില ഏറ്റക്കുറച്ചിലുകൾ വരുമെങ്കിലും അത് ചില വർഷങ്ങളിൽ കുറഞ്ഞു വരികയായിരുന്നു. യു.ഡി.എഫ്. സർക്കാരിന്റെ ആദ്യത്തെ രണ്ട് വർഷക്കാലം അത് തുടർന്നുപോയി. ആന്റണി സർക്കാരിന്റെ ഭരണകാലത്ത് അന്നത്തെ പ്രതിസന്ധിയുടെ മുന്നിൽ ചെലവ് കർശനമായി ചുരുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. അവസാന വർഷമായപ്പോൾ തെരഞ്ഞെടുപ്പിനുമുമ്പ് അതിൽനിന്ന് പിൻവാങ്ങേണ്ടിയും വന്നു. അങ്ങനെ ഫിസ്കൽ കൺസോളിഡേഷൻ നടന്നു. വി. എസ്. സർക്കാരിന്റെ ഭരണകാലത്ത് റവന്യൂ 20 ശതമാനമായി ഉയർത്തിയിട്ടും ചെലവ് ചുരുക്കൽ ഉണ്ടായില്ല. 20 ശതമാനം വച്ച് വരുമാനം വർദ്ധിച്ചാൽ സർക്കാരിന്റെ ചെലവ് അല്പംപോലും ഉയരുകയുമില്ല; ഫിസ്കൽ കൺസോളിഡേഷൻ നടക്കുകയും ചെയ്യും. നിങ്ങളുടെ ആദ്യത്തെ രണ്ട് വർഷം അങ്ങനെ പോയി. മൂന്നാം വർഷം എന്തുസംഭവിച്ചു? അതാണ് ക്യാബിനറ്റ് നോട്ടിനെക്കുറിച്ച് പറഞ്ഞതും ശ്രീ. കെ. സി. ജോസഫ് ഇന്നലെ എന്നോട് ചോദിച്ചതും. അന്ന് ഉദ്യോഗസ്ഥർ പറഞ്ഞ പ്രതിവിധിയൊന്നും ഞങ്ങളും അംഗീകരിക്കുന്നില്ല. എന്നാൽ അതിരൂക്ഷമായ പ്രതിസന്ധിയിലേയ്ക്ക് പോയപ്പോൾ റവന്യൂ വരുമാനം 20 ശതമാനം ഉയർന്നുകൊണ്ടിരുന്നത് 10 ശതമാനമായി. പിന്നീട് ആ 10 ശതമാനത്തിൽത്തന്നെ നിന്നു. ഇക്കാര്യമാണ് ധവളപത്രത്തിൽ ചൂണ്ടിക്കാണിച്ചത്. അതായത്, റവന്യൂ വരുമാനം 20 ശതമാനത്തിലേക്ക് ഉയർത്തുന്നതിന് ജി.എസ്.ടി. നമ്മളെ സഹായിക്കുമെന്നുള്ള പ്രതീക്ഷയാണ് ചൂണ്ടിക്കാണിച്ചത്. എന്നാൽ ആ പ്രതീക്ഷ അസ്ഥാനത്തായതുകൊണ്ട് ഇത് അസന്തുലിതാവസ്ഥയിൽ നിൽക്കുന്നു. കേരളത്തിൽ പ്രതിസന്ധി മൂർച്ഛിക്കുകയാണ്. അപ്പോൾ ഫിസ്കൽ കൺസോളിഡേഷനൊക്കെ കഴിഞ്ഞ് എല്ലാം കൃത്യമായതിനുശേഷം നമുക്ക് ഈ മാന്ദ്യത്തെ നേരിടാമെന്ന് തീരുമാനിച്ചിരുന്നെങ്കിൽ സമ്പദ്ഘടന എവിടെപ്പോയി നിൽക്കും? അതുകൊണ്ട് ഫിസ്കൽ കൺസോളിഡേഷനുള്ള നടപടികൾ ശക്തമായി എടുക്കുന്നതി നോടൊപ്പംതന്നെ ഈ മാന്ദ്യത്തിന് പ്രതിവിധിയായി പൊതുനിക്ഷേപം ഉയർത്തണം. അതിനുള്ള ഭഗീരഥപ്രയത്നമാണ് കിഫ്ബിയിലൂടെ നടത്തുന്നത്.

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, അങ്ങ് വലിയ സാമ്പത്തികശാസ്ത്രം പറയുകയാണ്. ഇന്ന് ജൂലൈ 2 ആണ്. ജൂലൈ 1-ന് ജീവനക്കാരുടെ സാലറി കൊടുക്കേണ്ടതാണ്. ഇന്ന് സർക്കാർ ജീവനക്കാരുടെ ട്രഷറി മുഖേനയുള്ള സാലറി കൊടുക്കാൻ പണം ക്രെഡിറ്റിലില്ല. കുളിപ്പിച്ചുകുളിപ്പിച്ച് കുഞ്ഞിനെയില്ലാ താക്കുന്നതുപോലെയാണിത്. ആദ്യമായിട്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇതിന് അങ്ങേക്ക് എന്ത് ഉത്തരമാണ് തരാനുള്ളത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, അത് ചോദിക്കാൻ ഞാൻ കാത്തിരിക്കുകയായിരുന്നു. ഇവിടെ ശ്രീ. എൻ. ഷംസുദ്ദീൻ ഇക്കാര്യം സൂചിപ്പിച്ചു. അതിനുള്ള ഉത്തരം ഇതാണ്, കൃത്യമായി പറഞ്ഞ ഡേറ്റ് പ്രകാരം ജീവനക്കാരുടെ ട്രഷറി അക്കൗണ്ടിലേക്കുള്ള പണം ട്രാൻസ്ഫർ ചെയ്യപ്പെട്ടിട്ടുണ്ട്. ട്രഷറി അക്കൗണ്ടിൽനിന്ന് ജീവനക്കാരുടെ ബാങ്ക് അക്കൗണ്ടിലേക്കുള്ള ട്രാൻസ്ഫർ അവർ ആവശ്യപ്പെട്ട പ്രകാരം ചെയ്യണം. അതിന് തടസ്സം നേരിട്ടു. തടസ്സം നേരിട്ടത് കേരളത്തിൽ മാത്രമല്ല, റിസർവ് ബാങ്കിന്റെ സെർവറിലുള്ള പ്രശ്നംമൂലം മറ്റുപല സംസ്ഥാനങ്ങളിലും ഇതേ റിപ്പോർട്ടുകൾ തന്നെ വന്നുകൊണ്ടിരിക്കുകയാണ്. എത്രയും പെട്ടെന്ന് അതിനുള്ള പ്രതിവിധി കാണുമെന്ന് റിസർവ് ബാങ്ക് അറിയിച്ചിട്ടുണ്ട്. ശമ്പളം മുടങ്ങിയെന്ന് പറഞ്ഞ് അതിനപ്പുറത്തേക്കൊന്നും വായിക്കേണ്ട.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് 1990 മുതലുള്ള രണ്ടുമൂന്ന് പതിറ്റാണ്ടുകാലത്തെ കണക്ക് പറഞ്ഞു. അങ്ങ് പറഞ്ഞത് തെറ്റാണ്. 1990-കളുടെ തുടക്കത്തിൽ കേരളത്തിന്റെ ചരിത്രത്തിൽ ബെസ്റ്റ് ഫിസ്കൽ ഇൻഡിക്കേറ്റേഴ്സാണ് കാണിക്കുന്നത്. അത് എവിടെവച്ചാണ് മോശമായത്? 1990-കളുടെ അവസാനത്തിൽ ശിവദാസമേനോൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന സമയത്താണ് ഏറ്റവും മോശമായിട്ടുള്ള അവസ്ഥയിലേക്ക് പോയത്. ഞാൻ ഇന്നലെ സൂചിപ്പിച്ചതു പോലെ, അതിനുശേഷം കേരളത്തിന്റെ ധനസ്ഥിതി ഏറ്റവും ദുഷ്കരമായ ഒരു ഘട്ടത്തിലേക്ക് കൂപ്പുകുത്തുന്നത് ഈ സമയത്താണ്. അതിനുസമാനമായ ഒരു റിസെഷനിലേക്കും വലിയ പ്രശ്നങ്ങളിലേക്കും പ്രതിസന്ധിയിലേക്കുമാണ് പോകുന്നത്. ഒരു വശത്ത് ഇതൊന്നും ഇല്ലായെന്ന് പറയുമ്പോൾ മറുവശത്ത് ഉണ്ടെന്ന് പറയുകയാണ്. എന്നിട്ട് ഡോ. മൻമോഹൻ സിംഗ് നടത്തിയ സ്റ്റിമുലസ് പാക്കേജിനെയാണ് താരതമ്യം ചെയ്തത്. അങ്ങ് ഇപ്പോൾ നടത്തുന്ന കിഫ്ബിക്ക് 'സ്റ്റിമുലസ് പാക്കേജ്' എന്ന് പേരിട്ടിരിക്കുകയാണ്. ഡോ. മൻമോഹൻ സിംഗ് നടത്തിയ സ്റ്റിമുലസ് പാക്കേജിൽ കറക്ടായ ഫോക്കസ് ഏരിയ ഉണ്ടായിരുന്നു. എന്നാൽ ഈ പ്രോജക്ടുകളിലൊന്നും ഒരു ഫോക്കസുമില്ലാതെ, തോന്നിയതുപോലെ കൊട്ടുത്തിരിക്കുകയാണ്. ഒരു ഉദാഹരണം ഞാൻ പറയാം. കേരളത്തിലെ ഒരു എം.എൽ.എ.-ക്ക് ആദ്യം 8 റോഡുകൾ കൊടുത്തു. അദ്ദേഹം അത് വലിയ പ്രോജക്ടാണെന്നു പറഞ്ഞ് ആ 8 റോഡുകളും സ്വീകരിച്ചില്ല. ബുദ്ധിമാനായ എം.എൽ.എ. ആ 8 റോഡുകളെല്ലാംകൂടി എഴുതി ഒരു പ്രോജക്ടാക്കി കൊടുത്തു. അപ്പോൾ അത് സ്വീകരിച്ചു. ഇങ്ങനെ കാര്യമായ സ്ക്രൂട്ടിണിയില്ലാതെ നടത്തുന്ന സ്റ്റിമുലസ് പാക്കേജ് ഡോ. മൻമോഹൻ സിംഗ് നടത്തിയ സ്റ്റിമുലസ് പാക്കേജുമായി ദയവുചെയ്ത് താരതമ്യം ചെയ്യരുത്. അങ്ങനെ ചെയ്യുന്നത് ശരിയാണോയെന്നാണ് എന്റെ ചോദ്യം?

<u>മി. സ്പീക്കർ</u>: സഭയിൽ നടന്ന ചർച്ചയ്ക്ക് മറുപടി പറഞ്ഞതിനുശേഷം അങ്ങ് ചോദ്യങ്ങൾക്ക് വഴങ്ങുന്നതാണ് ഉചിതം.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, അങ്ങ് പറഞ്ഞതുപോലെ ചെയ്യാം. .....(ബഹളം)...

<u>മി. സ്പീക്കർ</u>: അദ്ദേഹം ചർച്ചയ്ക്ക് മറുപടി പറഞ്ഞശേഷം ചോദ്യങ്ങൾക്ക് വഴങ്ങാമെന്നാണ് പറഞ്ഞത്. ഞാൻ തടസ്സപ്പെടുത്തിയിട്ടില്ല, നിങ്ങൾ തെറ്റിദ്ധരിക്കേണ്ട. .....(ബഹളം)... ശ്രീ. വി. ഡി. സതീശൻ, അങ്ങനെ പറഞ്ഞ് പോകേണ്ട, 3 മണിക്കൂർ നേരത്തെ ചർച്ചയ്ക്ക് അദ്ദേഹം മറുപടി പറഞ്ഞതിനുശേഷം നിങ്ങളുടെ ചോദ്യത്തിന് വഴങ്ങുന്നതാണ് നല്ലതെന്നാണ് പറഞ്ഞത്. അതിൽ തെറ്റില്ല; അത് ശരിയാണ്. 3 മണിക്കൂർ നേരത്തെ ചർച്ചയ്ക്ക് മറുപടി പറഞ്ഞശേഷം നിങ്ങൾക്ക് ഇടപെടാമെന്നാണ് പറഞ്ഞിട്ടുള്ളത്. ചർച്ചയ്ക്ക് മറുപടി പറയാൻ അദ്ദേഹത്തിനെ അനുവദിക്കു.

മുഖ്യമന്ത്രി <u>(ശ്രീ. പിണറായി വിജയൻ)</u>: സർ, അങ്ങ് പറഞ്ഞതാണ് ശരിയായ നിലപാട്. മൂന്നുമണിക്കൂർ സമയം ചർച്ച നടക്കുകയാണ്. ആ ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് മറുപടി പറയുക. മറുപടി പറഞ്ഞ് തുടങ്ങുമ്പോൾത്തന്നെ 5-ഉം 10-ഉം മിനിട്ട് വച്ച് ഓരോ അംഗവും ചോദ്യങ്ങൾ ചോദിക്കുകയാണ്. ആ രീതി ശരിയല്ല. ഒരു വിഷയം പറഞ്ഞു കഴിഞ്ഞതിനുശേഷം അതുമായി ബന്ധപ്പെട്ട എന്തെങ്കിലുമുണ്ടെങ്കിൽ ക്ലാരിഫൈ ചെയ്യുന്നതാണ് നല്ലത്. അത് ബഹുമാനപ്പെട്ട മന്ത്രിയും ബന്ധപ്പെട്ട എല്ലാ അംഗങ്ങളും ശ്രദ്ധിക്കുന്നത് നല്ലതുതന്നെയാണ്.

പ്രതിപക്ഷനേതാവ് <u>(ശ്രീ. രമേശ് ചെന്നിത്തല)</u>: സർ, സാധാരണ ഗതിയിൽ പാർലമെന്റിലാണെങ്കിലും നിയമസഭയിലാണെങ്കിലും ഒരു മന്ത്രി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അംഗങ്ങൾ ചോദ്യങ്ങൾ ചോദിക്കുന്നതിൽ ഒരു തെറ്റുമില്ല. തന്നെയുമല്ല, ഇവിടെ ചോദിച്ച ചോദ്യങ്ങളൊന്നും അസാംഗത്യമോ അപ്രസക്തമോ ആയവ അല്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയാൻ കഴിവുള്ള ആളാണ്, അദ്ദേഹം മറുപടി പറയുന്നുമുണ്ട്. ഇതൊരു ഡിസ്കഷനാണ്; അല്ലാതെ ആരെയും മോശമായി പറഞ്ഞിട്ടില്ല. അക്കാദമിക് ഡിസ്കഷൻ എന്നുള്ള നിലയിലാണ് അദ്ദേഹം അതെടുത്തത്. അദ്ദേഹം വഴങ്ങുകയും ചെയ്തതാണ്. ...(ബഹളം).....

മി. സ്പീക്കർ: നിങ്ങൾ ഇൻസൽട്ടിംഗ് എന്നുപറയുമ്പോൾ, ചർച്ചയിൽ പങ്കെടുത്തവരോട് അഭിപ്രായം പറയാതിരിക്കുന്നത് ഇൻസൽട്ടിംഗ് അല്ലേ?

ശ്രീ. പിണറായി വിജയൻ: സർ, ഡിസ്കഷൻ എന്നത് ചോദ്യോത്തരമല്ല. ഡിസ്കഷന്റെ ഘട്ടത്തിൽ ആവശ്യമായ വ്യക്തത വരുത്താൻ ചോദ്യങ്ങളാകാം. എന്നാൽ, മറുപടിയുടെ ഘട്ടത്തിൽ ചോദ്യോത്തരമില്ല. .....(ബഹളം).... ഇത് ശരിയായ രീതിയല്ല.

മി. സ്പീക്കർ: നിങ്ങൾ ദയവായി മനസ്സിലാക്കു. ചോദ്യം ചോദിക്കേണ്ടെന്നോ ഡിബേറ്റ് വേണ്ടെന്നോ ഇവിടെയാരും പറഞ്ഞിട്ടില്ല. .....(ബഹളം).... പ്ലീസ്... ഒരു മിനിറ്റ് ശ്രദ്ധിക്കു.. വഴങ്ങാൻ തയ്യാറുള്ള മന്ത്രിയോട് ചോദ്യം ചോദിക്കുന്നതിൽ തെറ്റില്ല. ഇവിടെ പാർട്ടികളെ പ്രതിനിധീകരിച്ച് 3 മണിക്കൂർ ചർച്ച നടത്തിയതിനുശേഷം അതിന് മറുപടി പറയാൻ അദ്ദേഹത്തിനെ അനുവദിക്കണമെന്നാണ് പറഞ്ഞത്; അതിൽ ഒരു തെറ്റുമില്ല. നിങ്ങൾ ചർച്ച നടത്തിയതിന് മറുപടി വേണ്ടേ; ചർച്ചയിൽ പങ്കെടുത്തവരെ ഇൻസൽട്ട് ചെയ്യുന്നതല്ലേ ഇത്? ....(ബഹളം)...

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങ് ഫലപ്രദമായ ഒരു ഡിസ്കഷൻ എന്തിനാണ് തടസ്സപ്പെടുത്തുന്നത്; ഇവിടെ ബഹുമാനപ്പെട്ട മന്ത്രി വഴങ്ങിയതുകൊണ്ടല്ലേ? പല ഘട്ടങ്ങളിലും മന്ത്രിമാർ വഴങ്ങാറില്ല, ആരും ചോദിക്കാറുമില്ല. ഇവിടെ ഡോ. ടി. എം. തോമസ് ഐസക് വഴങ്ങുന്നതു കൊണ്ടാണ് ചോദിക്കുന്നത്. അദ്ദേഹം മറുപടി പറയാൻ കഴിവുള്ളയാളാണ്. ഒരു ഫലപ്രദമായ ചർച്ചയ്ക്ക് അങ്ങ് എന്തിനാണ് തടസ്സം നിൽക്കുന്നത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി തടസ്സം നിൽക്കുന്നത് എനിക്ക് മനസ്സിലാകും. അങ്ങ് അതിനെ പ്രോത്സാഹിപ്പിക്കുകയല്ല ചെയ്യേണ്ടത്?

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, 3 മണിക്കൂർ നേരത്തെ ചർച്ച ഫലപ്രദമല്ലേ; ആ ചർച്ചയിൽ പങ്കെടുത്തവർക്ക് മറുപടി നൽകേണ്ട ആവശ്യമില്ലേ? അദ്ദേഹം ഓരോരുത്തരും ഉന്നയിച്ച കാര്യങ്ങൾക്ക് മറുപടി പറഞ്ഞുകൊണ്ടിരിക്കുകയാണ്. ആ മറുപടിക്കുശേഷം ഇടപെട്ട് നിങ്ങൾക്ക് ചോദ്യങ്ങൾ ചോദിക്കാമെന്നാണ് ഞാൻ പറഞ്ഞത്. .....(ബഹളം).... കഴിഞ്ഞ 5 വർഷത്തെ കാര്യം ഇപ്പോൾ പറഞ്ഞിട്ട് കാര്യമില്ല. (.....ബഹളം...) ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യത്തിന് സഭയിൽ മറുപടി വരണം. അതിനുശേഷം ചോദ്യങ്ങൾ

ചോദിക്കാം. രാവിലെ മുതൽ ഈ ചർച്ച ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന അദ്ദേഹത്തിന് അതിന് മറുപടി പറയണ്ടേ? മറുപടി പറഞ്ഞുകഴിഞ്ഞാൽ ശ്രീ. വി. ഡി. സതീശന്റെ ചോദ്യത്തിന് ഉത്തരം പറയും. ആദ്യം ക്ഷമയോടുകൂടി ചർച്ചയിൽ പങ്കെടുത്തവർക്കുള്ള മറുപടി കേൾക്കൂ; അതിനുശേഷം നിങ്ങൾ ചോദ്യം ചോദിക്കൂ. അത്രയല്ലേ പറഞ്ഞുള്ളൂ.

4.00 P.M.]

ഡോ. ടി. എം. തോമസ് ഐസക്: സർ, സ്റ്റിമുലസ് പാക്കേജായി നടപ്പിലാക്കുന്ന കിഫ്ബി പദ്ധതിയെക്കുറിച്ച് ചില അതിബുദ്ധിമാന്മാർ ചോദിക്കുമ്പോൾ നൽകുന്ന പ്രോജക്ടുകളുടെ കൂട്ടമാണെന്ന രീതിയിലുള്ള വിമർശനങ്ങൾ വന്നു. കിഫ്ബി വഴി നടപ്പിലാക്കിയ പ്രധാനപ്പെട്ട പ്രോജക്ടുകൾ ഓരോന്നും പരിശോധിക്കാം. വൈദ്യുതി ഉൽപ്പാദനത്തിൽ കേരളം സ്വയം പര്യാപ്തമാകണമെന്ന് നമ്മൾ പണ്ടൊക്കെ പറയുമായിരുന്നു. എന്നാൽ നാഷണൽ ഗ്രിഡ് വന്നതിന്റെ പശ്ചാത്തലത്തിൽ അതിന് പ്രസക്തിയില്ലാതായി. പുറത്തുനിന്നും വൈദ്യുതി സുഗമമായി വാങ്ങാം. ഏറ്റവും ചെലവ് കുറഞ്ഞ താപവൈദ്യുതി നിലയങ്ങൾ നിർമ്മിക്കാൻ സാധിക്കുന്ന എവിടെയോ അവിടെ ഉണ്ടാക്കട്ടെ, അവിടെനിന്നും വൈദ്യുതി വാങ്ങിയാൽ മതി. പക്ഷേ, മാറിയ സാഹചര്യത്തിൽ നമുക്ക് എന്താണ് വേണ്ടത്; ട്രാൻസ്മിഷൻ ലൈൻസ് വേണം. അതിന് ചെറിയ ചെലവല്ല, 6,000 കോടി രൂപയാണ് വേണ്ടത്. ട്രാൻസ്ഗ്രിഡ് 2.0 സ്ഥാപിക്കുന്നതാണ്. ഇത് വീണ്ടുവിചാരമില്ലാതെ നടപ്പിലാക്കിയതാണോ; വളരെ കൃത്യമായ സ്ട്രാറ്റജിയുടെ അടിസ്ഥാനത്തിലല്ലേ നടപ്പിലാക്കിയത്; ഇപ്പോൾ പെട്രോ കെമിക്കൽ വ്യവസായ പാർക്കിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നു. കൊച്ചി റിഫൈനറിയുടെ എക്സ്പാൻഷൻ കഴിഞ്ഞു. അതിന്റെ down stream industries വരണമെങ്കിൽ അവിടെയൊരു പാർക്ക് അനിവാര്യമാണ്. അതിനല്ലേ നമ്മൾ ശ്രമിക്കുന്നത്; കണ്ണൂർ എയർപോർട്ടടക്കമുള്ള വൻകിട നിക്ഷേപങ്ങളുടെ പൂർണ്ണവിനിയോഗം വരണമെങ്കിൽ അതിനോട് ബന്ധപ്പെട്ട് വ്യവസായ പാർക്കുകൾ വരണം. അതിനല്ലേ നമ്മൾ ശ്രമിക്കുന്നത്; ആരോഗ്യമേഖലയിൽ മുടക്കിയ പണം ഇന്ന് കേരളത്തിലെ എല്ലാവരും അംഗീകരിക്കുന്നില്ലേ; നമ്മുടെ ആരോഗ്യമേഖല മെച്ചപ്പെട്ടുവെന്നത് അതിന്റെ തെളിവല്ലേ? പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് മുടക്കിയ 3000-4000 കോടി രൂപയുടെ എത്രയോ മടങ്ങ് സാമൂഹ്യ നേട്ടങ്ങൾ സൃഷ്ടിച്ചുകഴിഞ്ഞു. തീരദേശ ഹൈവേ വരാൻ പോകുന്ന ടൂറിസം സ്പൈസസ് റൂട്ട് പദ്ധതിയുമായി ബന്ധപ്പെടുത്തി ചിന്തിച്ചു നോക്കൂ.

ബഹുമാനപ്പെട്ട എം.എൽ.എ.-മാർ മുന്നോട്ടുവച്ച ചില ഒറ്റപ്പെട്ട പ്രോജക്ടുകളും കാര്യങ്ങളുമുണ്ടാകും. ഇതിന്റെ ലിങ്കേജ് ഇഫക്ടീവ് ഇംപാക്ട് നോക്കി തന്നെയാണ് കിഫ്ബി പദ്ധതിയിലൂടെ പ്രോജക്ടുകൾ തെരഞ്ഞെടുത്തിരിക്കുന്നത്. ആ ഒരു തന്ത്രത്തിന്റെ ഭാഗമായിട്ടാണ് ഇത് ഉയർത്തിയിട്ടുള്ളത്. ഇതിന്റെ പലിശയെക്കുറിച്ചാണ് വീണ്ടും വീണ്ടും ചോദിക്കുന്നത്, ഇത്രയും തന്നെ പലിശ വരും. അഞ്ച് വർഷം കഴിഞ്ഞ് ഈ പദ്ധതികൾ നടപ്പിലാക്കിയാൽ ഇപ്പോഴത്തെ പലിശയേക്കാൾ കൂടുതലായിരിക്കും. അവയൊക്കെ ഇന്ന് നടപ്പാക്കിക്കഴിഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ ഗുണഫലങ്ങൾ ഇന്നുതന്നെ ലഭിക്കും, പത്തോ ഇരുപതോ വർഷം കാത്തിരിക്കേണ്ട കാര്യമില്ല. അങ്ങനെയുള്ള മാറ്റം കേരളത്തിൽ വരുന്നുണ്ടോ എന്നാണ് ചിന്തിക്കേണ്ടത്.

ശ്രീ. വി. എസ്. ശിവകുമാർ സ്വകാര്യ നിക്ഷേപത്തെക്കുറിച്ച് ചോദിക്കുകയുണ്ടായി. നിസാൻ കമ്പനി, ടോറസ് ഇൻവെസ്റ്റ്മെന്റ്, എച്ച്. ആർ. ബ്ലോക്ക്, സ്പേസ് ആൻഡ് എയ്റോ സെന്റർ ഓഫ് എക്സലൻസ്, ടെക് മഹീന്ദ്ര, ഏണസ്റ്റ് ആൻഡ് യംഗ് എന്ന പ്രമുഖ കൺസൽട്ടിംഗ് കമ്പനി, മാനേജ്ഡ് സർവ്വീസസ് സെന്റർ, ടൊറോനെറ്റ്, എയർബസ്, ഓമെന്റ് റിയാലിറ്റി മേഖലയിലെ യൂണിറ്റി എന്ന സിംഗപ്പൂർ കമ്പനി, ഇന്റൽ കോർപ്പറേഷൻ, ഫ്യൂജിത്സു, ഹിറ്റാച്ചി തുടങ്ങിയ നിക്ഷേപകരെക്കുറിച്ച് എന്റെ ബഡ്ജറ്റ് പ്രസംഗത്തിന്റെ തുടക്കത്തിൽ പറഞ്ഞിട്ടുണ്ട്. കേരളത്തിലെ ഏത് കാലത്താണ് ഇതുപോലെ ഇന്നവേറ്റീവായിട്ടുള്ള frontier വ്യവസായങ്ങൾ ആരംഭിച്ചിട്ടുള്ളത്? വലിയ കമ്പനികളായിട്ടല്ല, 5000, 10000 ചതുരശ്രഅടിയുള്ള വ്യവസായങ്ങൾ. ഇവയൊക്ക പല മേഖലകളിലും നടക്കുന്ന മാറ്റമാണ് കാണിക്കുന്നത്. അതുകൊണ്ട് 50,000 കോടി രൂപ അങ്ങനെയങ്ങ് ചെലവാക്കുകയല്ല. നമ്മുടെ കൺമുമ്പിൽ ഇതിന്റെ മാറ്റങ്ങൾ കണ്ടുതുടങ്ങിയിരിക്കുകയാണ്. ഇതിന്റെ കടം എങ്ങനെ തിരിച്ചടയ്ക്കും എന്നതാണല്ലോ പ്രധാന ചോദ്യം. നിയമസഭ അംഗീകരിച്ച തുക മാത്രം മതി, അതിനപ്പുറം വേണ്ട. നിയമസഭ പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ മോട്ടോർ വാഹന നികുതിയുടെ 50 ശതമാനവും പെട്രോ സെസ്സും നൽകിയാൽ മാത്രംമതി ഇതിന്റെ പലിശ അടയ്ക്കാൻ സാധിക്കും. ഈ 50,000 കോടി രൂപയുടെ പലിശയടക്കം തിരിച്ചടയ്ക്കാൻ സാധിക്കുമെന്നതിന്റെ vicious circle model ഞാൻ നിയമസഭയിൽ വിതരണം ചെയ്തല്ലോ; FTAC-ന്റെ (Fund Trustee and Advisory Commission) ആദ്യത്തെ റിപ്പോർട്ടിൽ അത് കൃത്യമായി അംഗീകരിച്ചിട്ടുണ്ട്. നിങ്ങളാരും അത് ചോദ്യം ചെയ്തിട്ടില്ലല്ലോ; പിന്നെ എന്തിനാണ് വീണ്ടും വീണ്ടും പറയുന്നത്; അത്തരത്തിൽ തിരിച്ചടവിനുള്ള മാർഗ്ഗങ്ങൾ ഉറപ്പുവരുത്തി ഇന്ന് നേരിടുന്ന സാമ്പത്തിക മാന്ദ്യത്തിൽനിന്നും നമ്മുടെ സമ്പദ്ഘടനയെ ഉയർത്തുക എന്ന സമീപനമാണ് കൈക്കൊണ്ടിട്ടുള്ളത്.

ചർച്ചയിൽ ആവർത്തിച്ചുവന്ന വിഷയങ്ങളെക്കുറിച്ച് വിശദമായ മറുപടിക്ക് ഒരുങ്ങുന്നില്ല. പ്രളയ സെസ്സിനെക്കുറിച്ചുള്ള ചോദ്യത്തിന്റെ ഉത്തരം വളരെ ലളിതമാണ്. നിങ്ങളുടെ ഭരണകാലത്ത് രണ്ട് പ്രാവശ്യം VAT നികുതി ഒരു ശതമാനം വച്ച് വർദ്ധിപ്പിച്ചില്ലേ; പ്രളയം ഉണ്ടായിട്ടാണോ വർദ്ധിപ്പിച്ചത്. നികുതി അധികാരമെല്ലാം കേന്ദ്രത്തിന് അടിയറവച്ചു, സംസ്ഥാനത്തിന് അധികാരമില്ല എന്നല്ലേ ജി.എസ്.ടി. വന്നപ്പോൾ എല്ലാവരും വിമർശിച്ചത്. പ്രളയം പോലെ ദുരന്തങ്ങളുണ്ടാകുമ്പോഴുള്ള പ്രതിസന്ധി ഘട്ടത്തിലെങ്കിലും സംസ്ഥാനത്തിന് അധിക വരുമാനം ലഭിക്കുന്നതിന് നികുതി ഒരു ശതമാനം വർദ്ധിപ്പിക്കാമെന്നൊരു അവകാശം ലഭിച്ചുകഴിഞ്ഞാൽ സന്തോഷിക്കുകയല്ലേ വേണ്ടത്? അതിനുപകരം നിങ്ങൾ ബി.ജെ.പി.യുടെ മുദ്രാവാക്യമായ ' One Nation One Tax' എന്ന് പറയുകയാണ്. ഞാൻ അങ്ങനെ പറഞ്ഞതായി നിങ്ങൾ കേട്ടിട്ടുണ്ടോ?.... (ബഹളം)....

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ജി. എസ്. ടി.യെ ആദ്യം സപ്പോർട്ട് ചെയ്തത് അങ്ങല്ലേ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, അല്ല. നിങ്ങളുടെ ധനകാര്യ വകുപ്പുമന്ത്രി എംപവേർഡ് കമ്മിറ്റിയുടെ ചെയർമാനായി പ്രവർത്തിച്ചിരുന്നല്ലോ? വേണമെങ്കിൽ അതിനുമുമ്പുള്ള കമ്മിറ്റികളുടെ മിനിറ്റ്സ് എടുത്ത് നോക്കിക്കോളൂ. ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ one nation one tax അല്ല, ഒരു ബാൻഡ് വേണം. ആ ബാൻഡിനുള്ളിൽ നികുതി നിരക്ക് എത്രയാണെന്ന് തീരുമാനിക്കാൻ സംസ്ഥാനങ്ങൾക്ക് അധികാരം വേണമെന്ന നിലപാടാണ് ഇടതുപക്ഷ സർക്കാർ സ്വീകരിച്ചത്. One nation one tax എന്നുപറഞ്ഞാൽ എങ്ങനെയാണ് ഒരു ശതമാനം നികുതി വർദ്ധിപ്പിക്കുന്നതെന്ന് നിങ്ങൾ ഇപ്പോൾ ചോദിക്കുകയാണ്. ഇതൊക്കെ അർത്ഥമില്ലാത്ത കാര്യങ്ങളാണ്.

കുടിശ്ശിക പിരിക്കുന്നതിനെക്കുറിച്ച് പറഞ്ഞു; കഴിഞ്ഞ വർഷം കുടിശ്ശിക പിരിക്കുന്നതിന് നോട്ടീസ് അയയ്ക്കാൻ തയ്യാറായപ്പോഴാണ് പ്രളയം വന്നത്. അപ്പോൾ അത് നിർത്തിവച്ചു. ഇന്നിപ്പോൾ തെരഞ്ഞെടുപ്പും കഴിഞ്ഞിരിക്കുന്നു. അതിനുള്ള നടപടിയിലേക്ക് നീങ്ങുകയാണ്. ഊർജ്ജിതമായി കുടിശ്ശിക പിരിക്കുന്നതിനുള്ള ഏർപ്പാടുണ്ടാകും.

കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് ചെയ്യാത്ത കാര്യം ഈ നാലാം വർഷം ചെയ്യുമെന്ന് എന്ത് ഉറപ്പാണുള്ളതെന്നാണ് ശ്രീ. എ. പി. അനിൽ കുമാറിന്റെ ചോദ്യം. ഈ മൂന്ന് വർഷം ഇല്ലാതിരുന്ന ഒരു സാഹചര്യം വന്നിട്ടുണ്ട്. എന്താണെന്ന് ചോദിച്ചാൽ Annual return കിട്ടുകയാണ്. Annual return ഇല്ലാതെ

ആരെങ്കിലും excess input credit എടുത്തിട്ടുണ്ടോയെന്നോ sales turn over surplus ചെയ്തിട്ടുണ്ടോയെന്നോ under valuation ഉണ്ടെന്നോ പറയാൻ സാധിക്കുകയില്ല. പല കച്ചവടക്കാരുടെയും കണക്കുകൾ തമ്മിൽ ഒത്തുനോക്കണ്ടേ. ജി.എസ്.ടി. ചെയ്യുന്നത് അതാണ്. ഒരു കച്ചവടക്കാരൻ വിൽക്കുന്നത് മറ്റൊരു കച്ചവടക്കാരൻ വാങ്ങുന്നതിന് സമമാണ്. വാങ്ങുന്ന ആൾക്ക് നികുതി നൽകിയിട്ടുണ്ടെങ്കിൽ input credit-ന് കണക്ക് വയ്ക്കണം. അത് ഒത്തുനോക്കണമെങ്കിൽ നമുക്ക് ഇതിന്റെ annual return വേണം. കാത്തിരുന്ന് കാത്തിരുന്ന് ആഗസ്റ്റ് മാസം annual return വരികയാണ്. നിങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ പ്രതീക്ഷിത വരുമാനത്തിൽ നിന്നും 16 ശതമാനം താഴെയാണ് നമ്മുടെ നികുതി വരുമാന വർദ്ധന. ആ ചോർന്നുപോയ നികുതി, Annual return scrutiny വഴി കണ്ടുപിടിക്കാൻ സാധിക്കുമെന്നാണ് ഞങ്ങൾ കരുതുന്നത്. അതിനുവേണ്ടി data analytics ഉപാധികളെയൊക്കെ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. കൺസൽട്ടന്റുമാരെ നിയോഗിച്ചിട്ടുമുണ്ട്. ഇത് ചെയ്യുന്നതിനായി നാളെ നികുതി ഉദ്യോഗസ്ഥരുടെ സമ്മേളനം കൂടാനിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ ഊർജ്ജിത പ്രവർത്തനങ്ങൾ നടക്കുകയാണ്. രണ്ടാമതായി, ഈ വർഷത്തെ വരുമാനം 14 ശതമാനമെങ്കിലും ഉയരുമെന്ന് ഉറപ്പുവരുത്താൻ പുതുതായി എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരിക്കുകയാണ്. നമ്മുടെ ബോർഡറുകളിൽ surveillance സ്ഥാപിക്കും. മൂന്നാമതായി, ഇനിമേൽ റിട്ടേൺസ് സമയത്ത് നൽകിയില്ലെങ്കിൽ നടപടിയുണ്ടാകും. ഇത്രയും ആയിക്കഴിഞ്ഞാൽ നമ്മൾ കോമ്പൻസേഷൻ ലെവലിലേക്ക് എത്തും. അപ്പോൾ നമ്മൾ പിരിക്കുന്ന കുടിശ്ശിക കോമ്പൻസേഷനിൽ തട്ടിക്കിഴിച്ച് പോകുകയില്ല; അസ്സൽ വർദ്ധനയായി മാറും. ഇതാണ് ബഡ്ജറ്റിൽ വളരെ വിശദമായി ഞാൻ പറഞ്ഞത്. അതാണ് ഇപ്പോൾ നടപ്പിലാക്കാൻ പോകുന്നത്.

ശ്രീ. റോഷി അഗസ്റ്റിന് ഇപ്പോഴും പ്രയാസം കാരുണ്യ പദ്ധതിയെക്കുറിച്ചാണ്. ഞാൻ അതിന്റെ കാര്യങ്ങൾ വിശദീകരിച്ചുകഴിഞ്ഞതാണ്. ഇനി ലോട്ടറി വരുമാനം എന്തുചെയ്യുമെന്നുള്ളതാണ് അദ്ദേഹത്തിന്റെ ചോദ്യം. ലോട്ടറി വരുമാനം പൂർണ്ണമായും പുതിയ കാരുണ്യ ആരോഗ്യ പദ്ധതിക്കുവേണ്ടിയായിരിക്കും ചെലവഴിക്കുന്നത്. നേരത്തെ 300-350 കോടി രൂപയാണ് കാരുണ്യ പദ്ധതിക്കുവേണ്ടി ചെലവഴിക്കുന്നത്. ഇപ്പോൾ പ്രീമിയം മാത്രം 560 കോടി രൂപ വരും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, .............

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ സംസാരിച്ചതിനുശേഷം അങ്ങേയ്ക്ക് ചോദിക്കാനുള്ള അവസരം തരാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ഞാൻ ആവശ്യമില്ലാതെ ചോദിക്കുന്നതല്ല. കാരുണ്യ പദ്ധതിയെക്കുറിച്ച് ഇവിടെ പറഞ്ഞു.

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കൂ...

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കാരുണ്യ പദ്ധതി നിർത്തിയിട്ട് പുതിയൊരു ഇൻഷ്വറൻസ് പദ്ധതി വരുന്നുവെന്ന് പറഞ്ഞു. കാരുണ്യ സ്കീമും ഇൻഷ്വറൻസ് സ്കീമും രണ്ടാണ്. ഇൻഷ്വറൻസ് സ്കീമിൽ ഒരു വ്യക്തി ഇൻഷ്വർ ചെയ്താൽ ആറ് മാസത്തിനുശേഷമാണ് അതിന്റെ പ്രയോജനം ലഭിക്കുന്നത്. കാരുണ്യ സ്കീമിലാണെങ്കിൽ അസുഖം വരുന്ന സമയത്ത് ലോട്ടറി ഓഫീസർക്ക് അപേക്ഷ കൊടുത്താൽ മതി. കാരുണ്യ പദ്ധതി വഴി ഓപ്പറേഷന് രണ്ട് ലക്ഷം രൂപവരെ ലഭിക്കുകയാണ്.

മി. സ്പീക്കർ: അങ്ങ് ഹൗസിന്റെ ഓർഡറിൽ പ്രശ്നം വരുത്തുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ സ്കീം നിർത്തലാക്കിയാൽ നാട്ടിലെ പട്ടിണിപ്പാവങ്ങൾക്ക് വലിയ പ്രയാസമുണ്ടാകുമെന്നുള്ളതാണ് പ്രധാന പ്രശ്നം. .......(മൈക്ക് ഓഫ്)......

മി. സ്പീക്കർ: അങ്ങ് പറയുന്നതിൽ പോയിന്റ് ഓഫ് ഓർഡർ എന്താണ്?

ഒരു ചട്ടം പറഞ്ഞുകൊണ്ട് എഴുന്നേൽക്കുകയും മറ്റൊരു ചട്ടമനുസരിച്ച് സംസാരിക്കുകയും ചെയ്യുന്ന രീതിയാണ് അങ്ങ് ചെയ്യുന്നത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങ് സൂചിപ്പിച്ചതുപോലെ ഇൻഷ്വറൻസിന് ആറ് മാസമൊന്നും കാത്തിരിക്കേണ്ട കാര്യമില്ല. അക്രഡിറ്റഡായിട്ടുള്ള ഏത് ആശുപത്രിയിൽ ചെന്നാലും അപ്പോൾത്തന്നെ ചികിത്സ സൗജന്യമായി ലഭിക്കും. അതിനുള്ള ഇൻഷ്വറൻസ് ആനുകൂല്യം കമ്പനിയിൽനിന്നും വാങ്ങുകയെന്നത് ആശുപത്രിയുടെ ചുമതലയാണ്. അതുകൊണ്ട് ഒരു തടസ്സവുമുണ്ടാകുന്നില്ല. സർക്കാർ അക്രെഡിറ്റഡ് ആശുപത്രിയിൽ ചെന്നാൽ അവിടെ ചികിത്സ ഉറപ്പാണ്. ചികിത്സാചെലവ് ഇൻഷ്വറൻസ് കമ്പനിയിൽനിന്നും വാങ്ങുന്നു. .......(ബഹളം)...... ബഹുമാനപ്പെട്ട അംഗങ്ങൾ അവിടെ ഇരിക്കണം. ഞാൻ സംസാരിച്ചതിനു ശേഷം നിങ്ങൾക്ക് അവസരം തരാം........(ബഹളം)...... 2019-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അപേക്ഷിക്കുന്നു.

മി. സ്പീക്കർ: 2019-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

മി. സ്പീക്കർ : 2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

മി. സ്പീക്കർ : 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, 2019-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : 2019-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീ. കെ. ബാബു
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. സി. ദിവാകരൻ
13. ശ്രീ. എൽദോ എബ്രഹാം

14. ശ്രീ. ജോർജ് എം. തോമസ്
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. സി. കെ. ഹരീന്ദ്രൻ
17. ഡോ. കെ. ടി. ജലീൽ
18. ശ്രീ. ജെയിംസ് മാത്യു
19. ശ്രീ. ജി. എസ്. ജയലാൽ
20. ശ്രീ. ഇ. പി. ജയരാജൻ
21. ശ്രീ. വി. ജോയി
22. ശ്രീ. ഒ. ആർ. കേളു
23. ശ്രീ. സി. കൃഷ്ണൻ
24. ശ്രീ. കെ. കൃഷ്ണൻകുട്ടി
25. ശ്രീ. കെ. കുഞ്ഞിരാമൻ
26. ശ്രീ. കോവൂർ കുഞ്ഞുമോൻ
27. ശ്രീ. മാത്യു ടി. തോമസ്
28. ശ്രീ. കെ. ജെ. മാക്സി
29. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
30. ശ്രീ. എ. സി. മൊയ്തീൻ
31. ശ്രീ. മുഹമ്മദ് മുഹസിൻ. പി
32. ശ്രീ. എം. മുകേഷ്
33. ശ്രീ. ഡി. കെ. മുരളി
34. ശ്രീ. സി. കെ. നാണു
35. ശ്രീ. എം. നൗഷാദ്
36. ശ്രീ. യു. ആർ. പ്രദീപ്
37. ശ്രീ. എ. പ്രദീപ്കുമാർ
38. ശ്രീ. കെ. ഡി. പ്രസേനൻ

39. ശ്രീമതി യു. പ്രതിഭ
40. ശ്രീ. പുരുഷൻ കടലുണ്ടി
41. ശ്രീ. പി. ടി. എ. റഹീം
42. ശ്രീ. എം. രാജഗോപാലൻ
43. ശ്രീ. കെ. രാജൻ
44. ശ്രീ. ആർ. രാജേഷ്
45. ശ്രീ. റ്റി. വി. രാജേഷ്
46. ശ്രീ. കെ. രാജു
47. ശ്രീ. രാജു എബ്രഹാം
48. ശ്രീ. ആർ. രാമചന്ദ്രൻ
49. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
50. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
51. ശ്രീ. മുല്ലക്കര രത്നാകരൻ
52. പ്രൊഫ. സി. രവീന്ദ്രനാഥ്
53. ശ്രീ. സജി ചെറിയാൻ
54. ശ്രീ. എസ്. ശർമ്മ
55. ശ്രീ. സി. കെ. ശശീന്ദ്രൻ
56. ശ്രീ. വി. ശശി
57. ശ്രീ. ഐ. ബി. സതീഷ്
58. ശ്രീ. ബി. സത്യൻ
59. ശ്രീ. എ. എൻ. ഷംസീർ
60. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
61. ശ്രീ. ജി. സുധാകരൻ
62. ശ്രീ. വി. ആർ. സുനിൽ കുമാർ
63. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

64. ശ്രീ. കെ. സുരേഷ് കുറുപ്പ്
65. ശ്രീ. എം. സ്വരാജ്
66. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
67. ശ്രീ. പി. തിലോത്തമൻ
68. ശ്രീ. തോമസ് ചാണ്ടി
69. ഡോ. ടി. എം. തോമസ് ഐസക്
70. ശ്രീ. പി. ഉണ്ണി
71. ശ്രീമതി വീണാ ജോർജ്ജ്
72. ശ്രീ. കെ. വി. വിജയദാസ്
73. ശ്രീ. ഇ. കെ. വിജയൻ
74. ശ്രീ. പിണറായി വിജയൻ
75. ശ്രീ. എൻ. വിജയൻ പിള്ള

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. വി. ടി. ബൽറാം
10. ശ്രീ. കെ. സി. ജോസഫ്
11. ശ്രീ. പി. ജെ. ജോസഫ്
12. ശ്രീ. കെ. എൻ. എ. ഖാദർ
13. ശ്രീ. സി. മമ്മൂട്ടി

14. ശ്രീ. മോൻസ് ജോസഫ്
15. ഡോ. എം. കെ. മുനീർ
16. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
17. ശ്രീ. ഉമ്മൻ ചാണ്ടി
18. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
19. ശ്രീ. രമേശ് ചെന്നിത്തല
20. ശ്രീ. കെ. എസ്. ശബരീനാഥൻ
21. ശ്രീ. എൻ. ഷംസുദ്ദീൻ
22. ശ്രീ. വി. ഡി. സതീശൻ
23. ശ്രീ. ഷാഫി പറമ്പിൽ
24. ശ്രീ. വി. എസ്. ശിവകുമാർ
25. ശ്രീ. സണ്ണി ജോസഫ്
26. ശ്രീ. പി. ടി. തോമസ്
27. ശ്രീ. പി. ഉബൈദുള്ള
28. ശ്രീ. എം. ഉമ്മർ
29. ശ്രീ. എം. വിൻസെന്റ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 75

പ്രതികൂലിക്കുന്നവർ - 29

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ.... ഓർഡർ....സഭ ഇപ്പോൾ പിരിയുന്നതും ജൂലൈ 4-ാം തീയതി രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 ജൂലൈ മാസം 4-ാം തീയതി വ്യാഴാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.18-ന് പിരിഞ്ഞു.)